മംഗളോദയം.

൧൦൯൩

൧-ാം പുസ്തകം | വൃശ്ചികമാസം | ലക്കം ൧

വിഷയാനുക്രമണിക.

संस्कृतलेखनविषयाः ।

മംഗളോദയം.

൧൦൮൩

പുസ്തകം ൧ | വൃശ്ചികമാസം | ലക്കം ൧

മംഗളം.

പൃത്ഥ്വീവിദിതന്നാപുതളളിയപുരാംഗനാനാം
കോൽത്തൊരാടപ്പിറവികാലിന്നപാട്ടുകേട്ട്
കാൽത്താളമൂർത്തൃതചികാളിയളിപ്പാംഗേ
ക്കൂത്താടുമായർകലദൈവതമാശ്രയാമഃ

ദീപാതിലകം.

പ്രസ്താവന.

ഇളകിക്കിടക്കുന്ന പൂഴി പറപ്പിക്കുവാൻ ഒരു മന്ദമാരുതനാണെങ്കിൽ മതി. കുടിക്കിടക്കുന്ന കന്നു കൊടുങ്കാറ്റുകൊണ്ടും കുലുങ്ങുന്നതല്ല. ഒറ്റപ്പെട്ടാൽ സമുദായമില്ല; ജാതിയുമില്ല. തമ്മിൽ തമ്മിൽ ഇണക്കമില്ലെങ്കിൽ ലോകവുമില്ല. ഇച്ചുറ്റുമുളള തേനീച്ചകളുടെ പ്രയത്നത്തിന്റെ ഫലമാണ് നാം അനുഭവിക്കുന്ന തേൻ. ശരീരവാൻ ഒരു ദിവസം കൊണ്ടല്ല ആകാരഗൌരവം മുതലായതിൽ കൊണ്ടുവന്നിട്ടുളളത്. യോഗബലം, ഉത്സാഹശക്തി, സ്ഥിരപ്രയത്നം ഇവയുടെ യോഗമാണ് വിജയത്തിന്റെ ബീജം. ഈ തത്വം അറിയാതെ യാതൊന്നും കൊണ്ടല്ലെങ്കിലും അനുഷ്ഠാനം ചെയ്യുന്ന ഉദ്യമം ഫലമുളളതായിത്തീരുന്നതല്ല.

പ്രയത്നങ്ങൾ തന്നെ ഉദ്ദേശത്തിന്റെ വ്യത്യാസംപോലെ പല വിധത്തിലുണ്ട്— സ്വാർത്ഥം, സ്വാർത്ഥപരാർത്ഥം, പരാർത്ഥസ്വാർത്ഥം, പരാർത്ഥം. ഇതിൽ ഒന്നാമത്തെതു നികൃഷ്ടവും സുലഭവും നാലാമത്തേത് ഉൽകൃഷ്ടവും ദുർല്ലഭവുമാകുന്നു. സ്വാർത്ഥത്തെ മുൻനിർത്തി പരാർത്ഥമായി യത്നിക്കുന്നവരുടെ തൃക്കൈകൾ ഇവരെക്കൊണ്ടുണ്ടാകാവുന്ന ഉപകാരത്തിന്റെ ശക്തിയിൽ കവിഞ്ഞതാണ് നില്ക്കുന്നത്. പരാർത്ഥം പ്രധാനമാക്കി പ്രയത്നിച്ചു സ്വാർത്ഥവും കൂടി കരസ്ഥമാക്കുന്നവരെയാണ് ലോകത്തിൽ ഗുണവാൻ എന്ന പേരിന് അർഹനായി ഗണിച്ചുപോരുന്നത്. സാധാരണ ലോകത്തിൽ സകല ഗുണങ്ങളും തികഞ്ഞിട്ട് ഏതെങ്കിലും ഒന്നുണ്ടെങ്കിൽ മറ്റ് ഇതുവരെ

പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിട്ടില്ല. പ്രാണനെ ഉപേക്ഷിച്ച പാമ്പിനെ കടിച്ച ധീരതയോ ഒന്നോ നാടകത്തിൽ കേട്ടിട്ടുള്ളതല്ലാതെ നാട്ടകത്തിൽ കണ്ടിട്ടില്ല. കാഷായവസ്ത്രം ധരിച്ച മോഷണം ചെയ്യുന്ന വങ്കന്മാരെ കാട്ടിൽ കടന്നാലും കണ്ടു കിട്ടുന്നതാണ്. യശസ്സിന്റെയോ മറ്റു വല്ലതിന്റെയോ ലാഭത്തിലുള്ള ലോഭമാത്രംകൊണ്ട്, അന്യന് ഉപകാരമായേക്കുമെന്ന നിലയിൽ നാമി ച്ചിച്ച ധനവ്യയം ചെയ്യുന്ന കൂട്ടരാണ് ചേതമില്ലാത്ത ഉപകാരം ചെയ്തു ധാടികൊണ്ടു ധർമ്മിഷ്ഠന്മാരായിത്തീരുന്നത്. അന്നം കൊടുത്തു പുണ്യം സമ്പാദിക്കുന്ന സജ്ജനങ്ങൾക്ക് അറിയാതെകണ്ട് ഒരുപായമുണ്ടാകുന്നതുകൊണ്ട് അവരുടെ ഗുണത്തിൽ കൂടുതലല്ലാതെ കാര്യമൊന്നും വരുവാനില്ല. എല്ലാ കല്പവൃക്ഷവും കച്ചകപടമായിരിക്കണമെന്നുമെന്നില്ല. സദുദ്ദേശത്തോടു കൂടി തുടങ്ങുന്ന ഒരു പ്രകാരമുള്ള ഒരേർപ്പാട് ജനങ്ങൾക്ക് ഉപകാരത്തെ ചെയ്തുകൊണ്ടു വല്ല ആദായവും ഉണ്ടാക്കിയ്ക്കുന്നതെങ്കിൽ അതും ധർമ്മവിഷയത്തിലേയ്ക്കു ധനവ്യയം ചെയ്യുന്ന കൂട്ടത്തിലായിരിക്കും. ഈ വാസ്തവം മനസ്സിൽ കരുതി, മലയാളഭാഷാഭിവൃദ്ധിയേയും മലയാളികളായ സംസ്കൃതപണ്ഡിതന്മാരുടെ നഷ്ടപ്രായമായി കിടക്കുന്ന വൈദുഷ്യപാടവത്തിന്റെ പ്രതിഷ്ഠയേയും പുരസ്കരിച്ചുകൊണ്ടു കേരളത്തിൽ കേളികേട്ട 'കേരളകല്പദ്രുമ'മുദ്രാലയം കയ്യേറ്റു നടത്തിവരുന്ന 'മംഗളോദയം' കമ്പനി 'മംഗളോദയ'മാസികയുടെ കൈകാര്യകർത്തൃത്വം വഹിച്ചിരിക്കുന്ന ഈ അവസരത്തിൽ ഒരു മാസികയുടെ ശ്രേയസ്സിനും ലോകപ്രചാരത്തിനും വേണ്ടുന്ന സാമഗ്രികൾ, ഒന്നൊഴികെ മറ്റു സകലതും തികഞ്ഞിട്ടുണ്ട്. ഈ സാമഗ്രികളെല്ലാം പത്രപ്രവർത്തകന്മാർക്ക് സാദ്ധ്യമാവുന്നതാകുന്നു. എന്നാൽ ലേഖകന്മാരുടെ സഹായത്തോടു കൂടാത്ത മാസിക പ്രാണനോടു കൂടാത്ത ശരീരംപോലെ ഏതാണ്ടൊരു നിശ്ചലമായിത്തീരുകയേ ഉള്ളൂ. ഒട്ടു ശോഭി നിവൃത്തിപ്പാനുള്ള ലേഖനങ്ങൾ നിറഞ്ഞ മാസികകൾക്കുള്ള ഫലപ്രാപ്തിയും അധികാരിയെ ദൈവംപോലെ ലഭിക്കപ്പെടുന്നതാണ്.

ആഡംബരം കൂടാതെ അഭിരുചി ജനിപ്പിക്കുന്ന വിഷയങ്ങൾ നിറഞ്ഞ ഒരു മാസിക, എന്നെന്നേയ്ക്കും നിലനിൽക്കണമെങ്കിൽ ലേഖകന്മാർ അടിമപ്പെടാതെ യാതൊരു നിവൃത്തിയും കാണുന്നില്ല. എഴുത്തെന്ന വേല ഉപജീവനമാർഗ്ഗമായാലേ അതൊരു തൊഴിലായിത്തീരുകയുള്ളൂ. തൊഴിലായിത്തീർന്നാലേ വൃത്തിയും വെടിപ്പും വേണ്ടു വരികയുള്ളൂ. മലയാളമാസികകളിലെല്ലാം പത്രങ്ങളിലെല്ലാം ഗദ്യപദ്യങ്ങൾ എഴുതുന്നതു മറ്റുള്ള തൊഴിലുകളെപ്പോലെ കൂലി വല്ല തൊഴിലായി വരുന്നതുവരെ ലേഖനങ്ങളുടെ വരുതിയ്ക്കോ പൊറുതിയും ഉണ്ടാകുന്നതല്ല.

'മംഗളോദയം' കമ്പനി, മലയാളത്തിൽ ഉത്തമമായ ഒരു മാസിക നടത്തി നല്ല പേർ സമ്പാദിക്കണമെന്നല്ലാതെ മാസികാപ്രവർത്തനത്തിൽനിന്ന് ലാഭമൊന്നും ഇച്ഛിക്കുന്നില്ല. മാസികയുടെ ഈ മൂന്നാമത്തെ വയസ്സിൽ അതിന്റെ ഉടുപ്പും നടപ്പും നന്നാക്കുവാൻ ചെയ്യുന്ന ചിലവുകളിൽ ഒന്നാമതായി ഗണിച്ചിട്ടുള്ളത് ഉത്തമങ്ങളായ ലേഖനങ്ങൾക്ക് പ്രതിഫലം നിശ്ചയിക്കുകയാണ്. വിഷയത്തിന്റെ വെടിപ്പും ആശയത്തിന്റെ തികവും വാചകത്തിന്റെ വടിവും കൂടിയിണങ്ങിയിട്ടുള്ള ലേഖനങ്ങൾക്ക് അർഹമായ സമ്മാനം ലേഖനങ്ങളുടെ അവസാനത്തിൽ കൊടുക്കുന്നതാകുന്നു. അതുകൊണ്ട് വരുവാൻപോകുന്ന ഫലം കാലഗതിയു — ഗഭാവവും ആരംഭിച്ചിരിക്കട്ടെ.

മലയാളഭാഷ.



അടുത്ത ചില കാലങ്ങളായിട്ടു മലയാളഭാഷയ്ക്കു പല മാററങ്ങളും അതിവേഗത്തിൽ ഉണ്ടായിത്തുടങ്ങി വരുന്നതെന്നു ഭാഷാഭിമാനികളായ പലൎക്കും അറിയാവുന്നതാണ്. എന്നാൽ ഇപ്രകാരം അഭിവൃദ്ധി എന്നു വിചാരിച്ചു വരുന്നതു മുഴുവനും വാസ്തവത്തിൽ അഭിവൃദ്ധിയാണോ എന്നും ന്യൂനതകൾ എന്നു വെച്ചു തള്ളിക്കളയുന്നതു മുഴുവനും ന്യൂനതകളാണോ എന്നും പരിഷ്കരണോദ്യമങ്ങൾ വല്ലതും കാട്ടാനക്കുട്ടികളിക്കുന്നുണ്ടോ എന്നും ഈ ഭാഷാപോഷണത്തിങ്കൽ കണ്ണു പിടിക്കാതെ ക്ഷമയോടു കൂടി ആലോചിച്ചു നോക്കുന്നവർ വളരെ ആളുകൾ ഉണ്ടാകമോ ആവോ. ഭാഷാവിഷയത്തിലെന്നു മാത്രമല്ല എല്ലാ വിഷയത്തിലും ലോകത്തിൽ നിന്നു ഒഴിഞ്ഞു നിഷ്പക്ഷമായി ആലോചിച്ചു അഭിപ്രായങ്ങളെ മാറിത്തു പുറപ്പെടുവിക്കുന്നവരാണ് ശാശ്വതമായ ഗുണം ചെയ്തു കാണുന്നത്. പരിഷ്കാരങ്ങളെല്ലാം അവരിൽ നിന്നാണ് പുറപ്പെടുന്നത്. ആ വക അഭിപ്രായങ്ങളേ കാലാന്തരത്തിൽ നിലനില്ക്കുകയുള്ളൂ.

മലയാളഭാഷയിൽ വാചകരീതികൾ ദിനംപ്രതി മാറിക്കൊണ്ടാണിരിക്കുന്നത്. പല പുതിയ വാക്കുകളും ഭാഷയിൽ കടന്നുകൂടുന്നുണ്ട്. കടത്തിക്കൂട്ടുന്നുമുണ്ട്. ഭാഷയ്ക്കു വരുന്ന ഈ മാററങ്ങൾ മിക്കതും ഇംഗ്ലീഷുഭാഷാപരിജ്ഞാനമുള്ള ഭാഷാഭിമാനികളിൽനിന്നാണെന്നു വളരെ സംശയിപ്പാനില്ലാത്ത ഒരു സംഗതിയുമാണ്. ഇതിൽ പച്ചമലയാളികൾ വേണ്ട കൊള്ളുന്നതെന്നു പറവാൻ തരമില്ല. നഗരഭാഷ നാട്ടുഭാഷയായിത്തീരുന്നവെങ്കിൽ അന്നു നാട്ടു മുഴുവൻ നഗരമാകാതെ നിവൃത്തിയുള്ളതല്ല. അന്യദിക്കുകളിൽ നാട്ടുഭാഷയും നഗരഭാഷയും ഇണങ്ങിച്ചേൎന്ന നാട്ടുഭാഷയുടെ പരിണാമമായിട്ടാണ് കാലത്തിന്നനുസരിച്ചു ഒരു പരിഷ്കൃതഭാഷാസമ്പ്രദായം ഉണ്ടാകുന്നത്. എന്നാൽ മലയാളത്തിൽ ഇതിന്നു ഒരു വ്യത്യാസം ഉണ്ട്. നഗരഭാഷ നാട്ടുഭാഷയുടെ പരിണാമമായിട്ടല്ല. മിക്കവാറും ഇംഗ്ലീഷു ഭാഷയുടെ പകൎപ്പും സംസ്കൃതഭാഷയുടെ ചായയും ആയിട്ടാണ് കണ്ടു വരുന്നത്. പുതിയ വാക്കുകളുടെ ആവിർഭാവവും അങ്ങിനെതന്നെ. ഈ പകൎപ്പുഭാഷ അസ്സൽഭാഷയെ മുഴുവനും വിഴുങ്ങുന്നതിന്നു മുമ്പായി ഇപ്രകാരം മലയാളഭാഷയ്ക്കു വന്ന മാററത്തിനൊരു മാററം ഉണ്ടായാൽ കൊള്ളാമെന്നു ഞങ്ങൾക്കു ആഗ്രഹമുണ്ട്.

പഴയ മലയാളഭാഷയിൽ വാക്കിലും വാചകരീതിയിലും സ്വീകരിക്കാമെന്നു തോന്നുന്ന ഭാഗങ്ങൾ കൈക്കൊണ്ടു കഴിച്ചു പോരാതെ വരുന്നതു കടം വാങ്ങുകയോ സൃഷ്ടിക്കുകയോ ചെയ്യുന്നത് അധികം നന്നായിരിക്കും. ഇതു തീൎച്ചപ്പെടുത്തുവാൻ വേണ്ട അറിവും പ്രയത്നിക്കുവാൻ വേണ്ട ക്ഷമയും ഇല്ലായ്കകൊണ്ടോ പരിഷ്കാരഭ്രമത്തിൽ അധികം മുഴുകിപ്പോയതുകൊണ്ടോ വളരെ ആളുകൾ ഈ വിഷയത്തിൽ പ്രവേശിച്ചു കാണുന്നില്ല. അതു നിമിത്തം അനേകം പഴയ കവിതകളുടെ സ്വാരസ്യവും വാചകങ്ങളുടെ പുഷ്ടിയും കാണാതെ പോകുന്നുണ്ട്. പ്രഖ്യാതന്മാരായവരുടെ വിളംബരത്തിന്റെ

ഉദാഹരണം ഇക്കാലത്തു കണികാണ്മാൻപോലും ഇല്ല. ഭാഷാപ്രാട്ട്, ഉണ്ണുനീലിസന്ദേശം മുതലായവയുടെ സ്വാരസ്യം അത്രമാത്രം കാണാതായിത്തുടങ്ങി. ഈരടിപ്പും മണിപ്രവാളവും ഒപ്പമായി ഗർഭഗൃഹവും പ്രതിബിംബങ്ങളുമായിത്തുടങ്ങി. എന്നു മാത്രമല്ല ഈ വകയിൽ ഭാരിച്ചിയും കൂടിത്തുടങ്ങി. അനേകം ഗ്രന്ഥങ്ങളും പല ദോഷങ്ങളും ഉള്ള പഴയ ഭാഷയെ ഞങ്ങളോടു കൂടി ഒന്നു പരിശോധിച്ചു നോക്കുന്നതായാൽ ഇതിന്റെ വാസ്തവം എല്ലാവർക്കും അറിവാൻ കഴിയുന്നതാണ്.

സാഹിത്യവിഷയത്തിൽ പ്രാചീനഭാഷാകവിതകളിൽ കാണുന്നതു് പ്രയോഗങ്ങളും അർത്ഥപുഷ്ടിയും സ്വാരസ്യവും നവീനകവിതകളിൽ ഉള്ളതാണെന്നു സഹൃദയന്മാർ പലരും പറഞ്ഞുവരുന്നുണ്ട്. ഇതു ശരിയും പാഠഭേദം മോശമല്ലായാ ഒരു [illegible] അന്നും ഇന്നും ഉള്ള കവിതകളിൽ കടന്നു ചിന്തിച്ചു നോക്കിയാൽ അറിയാവുന്നതാണ്. അതുതന്നെ എന്നാണ് [illegible] വെളിവാക്കുന്നതും സൂക്ഷ്മങ്ങളായ ഭേദങ്ങളെ വേർതിരിച്ചു കാണിക്കുന്നതും സന്ദർഭത്തിനു യോജിക്കുന്നതും ആയ ചില പദങ്ങളും പ്രത്യയങ്ങളും വേണ്ടിടത്തിൽ വേണ്ടതുപോലെ പ്രയോഗിക്കുന്ന കാര്യത്തിലുള്ള നിഷ്കർഷ് അന്നും ഇന്നും വളരെ വ്യത്യാസം കാണുന്നുണ്ട്.

'കളിവാക്കുകൾപറയുന്നതുമവൾ-
[illegible]
[illegible]
[illegible].'

എന്നും [illegible] കോഴിയിൽ [illegible] ഈ സാഹിത്യ[illegible] 'ഉള്ളിൽ [illegible] കടമിഴി കടാക്ഷിച്ചു [illegible]' എന്ന കൺ കളിയാടി നടന്നാ 'സാഭിപ്രായം സാനുരാഗ[illegible] സാകൂതകടാക്ഷത്തിൽ വിക്ഷിപ്പിത്തനെ' എന്ന കണ്ണിൽ കടാക്ഷിച്ചോ വർണ്ണിക്കുന്നതായാൽ 'കൺകോണു നോക്കി'യാലത്ര സുഖമാകുന്നതല്ല.

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible].'

ഇതിലുള്ള മാതിരി പ്രത്യയപ്രയോഗങ്ങൾ ഇപ്പോൾ കാണാറേ ഇല്ല. '[illegible]' എന്നതുകൊണ്ട് ഒരു [illegible] ഉണ്ടാകുന്നതുമല്ല. '[illegible]' എന്നു തുടങ്ങി [illegible] മലയാളപദങ്ങളും, ഇംഗ്ലീഷിൽ സൈന്യങ്ങളുടെ [illegible] 'മിലിറ്ററി ഡിവിഷൻസ്' മുതലായ വാക്കുകൾക്ക് [illegible] 'കൊറ്റും കോളും' എന്നു തുടങ്ങിയുള്ള മറ്റു പദങ്ങളും ഇക്കാലത്ത് ഏറെ നടപ്പില്ലാതായിത്തീർന്നിരിക്കുന്നു.

ചെൽവുതാക, വല്ലുവൻ, പുണർന്താവു, കാണ്മനോ, താരനോ, വാരവൃതോ മുതലായി പ്രാർത്ഥന, ഉൽകടേച്ഛ ഇടങ്ങിയ ഭാവവിശേഷങ്ങളെ കാണിക്കുന്ന ക്രിയാപദങ്ങളും, അല്ലീ, വല്ലീ, അന്നോ മുതലായ സാഹിത്യപ്രസ്ഥാനത്തിന്റെ രൂപങ്ങളും, മേനോർ,[1] വെണ്ണോർ,[2] മേനിക്കൊടി,[3] ഈരടിപ്പും, മാരാളി, പൂടപ്പ്

1 മന്ത്രം. 2 ശത്രു. 3 കൊടി.

ങ്ങം മുതലായ യൌഗികശബ്ദങ്ങളും, തറ വാൻ,[1] കൊൾ[2] മുതലായ നാമവിശേഷണങ്ങളും തള്ളിക്കളയുന്നതുകൊണ്ടല്ല കസ്സിക്കുള്ളതു കളഞ്ഞതു കടം വാങ്ങേണ്ടിവരുന്നത്. പരിഷോട്, ജാഗകോട്, വിരഹോട്, നാലമോട്, വടിവോട്, തരമോട്, തിറമോട്, ചിതമോട് ഈ വക സാത്മകപങ്ങൾ അനുസ്ഥാനത്തിലുപയോഗിച്ച നിരത്ഥകങ്ങളായിത്തീർന്ന പാദപൂരണത്തിന മാത്രമായി ശേഷിച്ചിരിക്കുന്നു. ഈ സ്ഥാനഭ്രംശം നിമിത്തം ഒരു കാലത്തു നല്ല സ്ഥിതിയിൽ നല്ലവരോടു കൂടി സഹവാസം ചെയ്തു പ്രസിദ്ധി നേടിയ ഈ ജാതി പദങ്ങളെ ഉല്പന്നസംസ്കാരകന്മാർ ഭാഷപ്പെടുകയാൽ മലയാളഭാഷാലോകത്തിൽ നിന്ന് ഭ്രഷ്ടിപ്പായിച്ചു തുടങ്ങിയിരിക്കുന്നു. അവർക്കു വിധി ഒന്നിലും, കണ്ടവർ വിധി ഒന്നിലും; കണ്ടു സീതയെ, സീതയെക്കണ്ടു; പാരി, പാറിപ്പോയി; കണ്ടു, കണ്ടേട്ടി; ഇങ്ങിനെയുള്ള വാചകങ്ങളിലും വാക്കുകളിലും ഇവങ്ങളായിക്കിടക്കുന്ന ഭാവഭേദങ്ങളെ സൂക്ഷ്മമായി ആലോചിക്കാതെ ഗദ്യങ്ങളും പദ്യങ്ങളും വാരിക്കോരിച്ചൊരിഞ്ഞു നാടൊക്കെ കലക്കിയിരിക്കുന്നു.

രസത്തിന് അനുഗുണങ്ങളായ അലങ്കാരങ്ങളുടെ ശുദ്ധിയും സ്ഥാനത്തിന്നനുസരിച്ച വിന്യാസക്രമവും കല്പനാശക്തിയുടെ പുഷ്ടിയും സ്വാധീനവും ആധുനികകവിതകളിൽ അപൂർവ്വം ചിലതിൽ മാത്രമേ നിഷ്കർഷിച്ചുകാണുന്നുള്ളു.

‘മന്ദാകാരമായിത്തപ്പുമഞ്ഞുതൻ പാരിലാകെ
 ഇന്ദ്രനീലപ്പൊണ്ണിനെക്കെട്ടിപ്പൊ-
ട്ടുന്നനെപ്പൊട്ടിപ്പാകിക്കിടന്നിരുന്ന-
 ശ്ശൂന്യപരിഭവമാകെ
നിർമ്മലമൊരുവർണ്ണമാനംതാനിരിയ്ക്കവേ
 യാചിച്ചിരിക്കുന്ന ശേഷം
യവനമെങ്ങും കൃത്യമായപാകിതനിവാസ-
 മഹാപർവതങ്ങളെപോലെ.’
‘നീൾത്താനിദ്രപിടിവലെച്ചിതറായൽ
 മേഘമലപിരിച്ചു.
നാൽത്താർവലയിൽക്കയറിവരുന്നാൾ
 കരതലമിരുപാദം
പിടിച്ചുകൊള്ളുക നഷ്ടകിനാക്കളെ
 ചേർപ്പാനുള്ളുപദേശം
മുറിഞ്ഞാൽക്കരിമേഘനിവപോലെ-
 നാഗമെല്ലാമൊളിച്ചു.’

ഇങ്ങിനെ യുദ്ധയാത്രയും സന്ധ്യാസമയവർണ്ണനവും ആലങ്കരിക്കുന്ന പദ്യത്തെ—

അരികിലിരിപ്പവരാരുമില്ലെന്നുറപ്പിച്ചുള്ളം
പൊരിഞ്ഞിളകാനതിന്നിരിവിച്ചിപ്പുറം
ചൊരിഞ്ഞുകൊണ്ടിരുന്ന പാവമനസ്സിനെ തന്നിൽ
കരകവിഞ്ഞൊഴുകുന്ന കണ്ണീരുകളോടെ.
ഉന്നിൽക്കണ്ടതെല്ലാം വെയിലിലലിയും
 വെള്ളക്കപ്പമേഘമായിത്തീർന്നൾ
പിന്നെപ്പുറംതെല്ലൊന്നണിഞ്ഞിരിക്കവേ.
 മുല്ലപ്പൂക്കളോടിപ്പോലെ
എന്നുള്ളിലായിപ്പിന്നെക്കരിഞ്ഞകിനാക്കളെ
 ചിപ്പുകൾക്കുള്ളിലൊതുക്കി.
നാനാമല്ലികസൌരഭ്യാദികൾ പരിമളം
 മേഘമാലപോലെയായൽ.

ഇങ്ങിനെ വർണ്ണിച്ചാൽ അതിലുള്ള രസം ബീഭത്സരസം തന്നെ.

രസഭാവങ്ങളെ അനുഭാവാദികളെക്കൊണ്ടു കണ്ടപോലെ അനുഭവപ്പെടുത്തുന്ന കാര്യത്തിൽ പണ്ടത്തെ കവികൾ സ്വീകരിച്ചിരുന്ന വഴി ഇക്കാലത്തുള്ള കവിലോകത്തിൽ മിക്കതും പുറമ്പോക്കായിട്ടാണ് കിടക്കുന്നത്.

‘നീലാരമണീയസന്ധിമെല്ലച്ചൊരിച്ചു നാലും
മേഘപ്പരപ്പിനിടയിൽ മുഴുകൂടായിനില്ലാ
എന്നിവള്ളനിലപാർത്ഥനപ്പൊൻതിനങ്ങളുമാറെ
മകരന്ദിമെഴുകിയിരിക്കൊല്ലുമാരെ.’

എന്നു വർണ്ണിച്ചിട്ടുള്ള ‘ശാന്തി’ എന്ന വിരഹിണീവർണ്ണനയെത്തന്നെ—

1 പുലരി, 2 ഭേദം.

ചിന്നിപ്പരക്കചിതറിനരകിക്കെട്ടുപൊൻകണംപോലും-
തരിതതസ്പൃക്ഷറിയുമൊക്കെനവാമെഴുചിന്നമോടം
എന്നല്ലാതാരറിയുസ്വനനിഷയുപൊഴുതരികിപ്പുകിളി-
മന്ദസ്മരങ്ങൾപോലെ വലിവിശകനോരാപ്പമായിട്ടിരി
ട്ടും.

എന്നു വർണ്ണിക്കുന്നതായാൽ ആ കവിയുടെ കവിതയിൽ മാത്രമേ സഹൃദയന്മാർക്ക് അരതി ജനിക്കപ്പെടുകയുള്ളൂ. വിരഹിണിയുടെ മേശയിലെക്കു് അതു തിരിഞ്ഞുനോക്കാതെ ഇല്ലു.


'മുല്ലമൊട്ടുകൾപോലും കല്ലുകളുടെ തലയിലെടുത്തും' ഇപ്പോഴുള്ള ആധാരങ്ങളിൽ കടന്നുകൂടുന്ന ആവശ്യമില്ലെങ്കിലും 'ആറു ചോടം വഴിയും നീർ ചോടം ചാലു'മായിട്ടു അതിനെ തിരിക്കുന്നതിന്റെ ശംഗി ഉന്നം കാണേണമെന്നില്ല. 'അനന്തത്ത അകോടിക്കണക്കുമ്പോ'ളുള്ള ആ ഭയമം ഇടയിലൂടെ തല്ലി ശുഷ്കത്തിലെക്കു ചെല്ലുമ്പോഴും ഉണ്ടാകുന്നതല്ല. നീട്ടി വലിച്ചു സംബന്ധമില്ലാതെ എഴുതുന്ന പല ഭാഷ അറിയാത്തവന്റെ പകർത്തുന്നതല്ല അതെല്ലാം പറയുന്നത്. ആ വാചകത്തിന്റെ ജീവൻ കളയുന്നതു ശരിയല്ലെന്നു മാത്രമേ ഇവിടെ അഭിപ്രായപ്പെടുന്നുള്ളൂ. ഒടിച്ചുപിടിച്ച ചില വാക്കുകളും ഇടംപിടിച്ച ചില വാചകങ്ങളും സ്ഥലം പുറപ്പെടുവിക്കുന്ന ചില പൊടിക്കൈകളും ഇപ്പോഴുള്ള വാചകങ്ങളിൽ മുങ്ങിത്തപ്പിയാൽ കൂടി കണ്ടുകിട്ടുമോ എന്നു സംശയമാണ്. മലയാളഭാഷയുടെ മർമ്മം നോക്കാതെ നിഘണ്ടു മടിയിൽവെച്ചു ഭാഷാന്തരപ്പെടുത്തിയാൽ ഇംഗ്ലീഷ് വാചകങ്ങളുടെ ജീവൻ ഒരു കാലത്തും സ്വയമേവ വരുന്നതല്ല. 'എം. ഒ. പാർത്ഥസാരഥി അയ്യങ്കാരുടെ ആ ഗ്രന്ഥത്തിന്റെ ചോട്ടിൽ ഒരു പ്രേശസ്ത ഭാഷയല്ല.' 'അദ്ദേഹം ആചാരവും നീതിയും നിലയും കലമ്മേലും മര്യാദയും പള്ളിയും വീടുകളും തിണ്ണയും കളിയും കഴിവതെന്തു നിർമ്മേചിക്കവാനും കുലം വരുന്നു വെച്ചുണ്ടാനും അവരവർക്ക് ഓരോ പ്രവൃത്തികളും ആചാരങ്ങളും ഭാഷകളും വേഷങ്ങളും അതാതു കാലത്തിനു തക്കവണ്ണം കല്പിച്ചിരിപ്പു' എന്ന് ആചാര്യസ്വാമികൾ വിധിച്ചിട്ടുള്ളതിനു വിരോധമായി ഭാഷകളും വേഷങ്ങളും, കാലവും കോലവും നോക്കാതെ അനാവശ്യമായി മാറി മറിച്ച് എഴുതുന്നതു വഴിപോലെ ആലോചിച്ചു വേണ്ട ഒരു സംഗതിയാണ്. 'നാട്ടുഭാഷാരീതിയായി എഴുതിവെച്ചുവെങ്കിൽ മറ്റൊരു നാട്ടിലുള്ളവർ വിട്ടു കളയാതെ നോക്കുകയും ഉദ്ധരിക്കണം' എന്ന് ഒരു ഗ്രന്ഥത്തിൽ കാണുന്നുണ്ട്. ആ സ്ഥിതിക്കു നാട്ടുഭാഷയും സംസ്കൃതഭാഷയും തമ്മിൽ എഴുതിവെച്ചുവെന്നായാൽ ഒരു കണ്ണുങ്കിലും വേണ്ടേണ്ടതല്ലേ? വിട്ടു കളയേണ്ടത് ഏതു നാട്ടിലായിരുന്നാലും മാത്രമേ ആലോചിക്കേണ്ടതുള്ളൂ. കേരളഭാഷാലോകത്തിൽ കലാപം കൊഴുത്തുതുടങ്ങി. ഗദ്യപദ്യപ്രവാഹത്തിൽ കലാശിവശമായി.

'മണ്ണാന്തി, ചാടിക്കേൾപ്പിച്ചാറ്, കേസ്' ഈ വക ചേരിപ്പിരികളും തീരട്ടെ, 'സമരത്തിനൊരുങ്ങി, സഹായം കൊടുത്തു, ശ്രദ്ധയോടെ, കണ്ണുകൊണ്ടു കടിച്ചു' മുതലായ ശത്രുക്കളെയും അകത്തി, അങ്കവും ചുങ്കവും വിലയും വാശിയും നാട്ടുകം നടപ്പാക്കി, ആഴിച്ചുഴിയിലകപ്പെട്ട ശേഷം കുന്നുപർവ്വതം കേരളഭാഷയെ കേടുപാടുകളും പോക്കി പോയ പൊന്നും പുലർന്നു അടിയാണെ കൊള്ളട്ടെ.

ശോകശൈലം

(ഇംഗ്ലീഷിൽ നിന്നെടുത്തത്)

'ഈ ലോകത്തിലുള്ള മനുഷ്യരുടെ സങ്കടങ്ങളെല്ലാം കൂടി ശേഖരിച്ച് കൂട്ടി പിന്നീടു സമഭാഗമായി അവരുടെ ഇടയിൽ തന്നെ വിഭജിച്ചുകൊടുക്കുന്നതായാൽ ഓരോരുത്തർക്ക് മുമ്പുണ്ടായിരുന്നതിലധികമുണ്ടാക' കെന്നാണ് സോക്രട്ടീസ്സ് എന്ന പ്രസിദ്ധനായ ജ്ഞാനിയുടെ അഭിപ്രായം. ഇക്കാര്യത്തിൽ ഹോറെസ്സ് എന്ന വിദ്വാന്റെയും അഭിപ്രായവും ഇതു തന്നെയാണ്; എങ്കിലും ആയാൾ ഒരു പടവു കടന്നിട്ടാണ് നില്ക്കുന്നത്. 'നാം ഇപ്പോൾ നിവൃത്തിയില്ലാതെ അനേകം സങ്കടങ്ങളനുഭവിച്ചു വരുന്നെങ്കിലും ഒരുവന്റെ സ്ഥിതിയും മറ്റൊരുവന്റെ സ്ഥിതിയും തമ്മിൽ മാറ്റം ചെയ്യുന്നതായാൽ ഇപ്പോൾ മുമ്പുണ്ടായിരുന്നതു തന്നെയാണ് നല്ലതെന്നു ക്ഷണവേഗത്തിൽ ബോദ്ധ്യമാകും' എന്നാകുന്നു ആയാൾ പറയുന്നത്. ഈ രണ്ടഭിപ്രായങ്ങളെപ്പറ്റിയും മനോരാജ്യം വിചാരിച്ചുകൊണ്ട് ഒരു ദിവസം ഞാനെന്റെ കസേരമേൽ ഇരിക്കുന്നതിന്നിടയിൽ അറിയാതെ ഒന്നു മയങ്ങിപ്പോയി. ഈ മയക്കത്തിൽ ഞാൻ താഴെ വിവരിക്കുംപ്രകാരം ഒരു സ്വപ്നം കാണുകയും ചെയ്തു.



'ഭൂമിയിലുള്ള എല്ലാ മനുഷ്യരും അവരവർക്കുള്ള സങ്കടങ്ങളെല്ലാം ഒരു ദിക്കിൽ കൊണ്ടുവന്നു കൂട്ടട്ടെ' എന്നു സ്വർഗ്ഗലോകത്തുനിന്നു ദേവേന്ദ്രൻ ഒരു വിളംബരം. ഈ ആവശ്യത്തിലേക്ക് ഒരു വലിയ മൈതാനം അവിടുന്നു തന്നെ കല്പിച്ചു നിശ്ചയിച്ചിരിക്കുന്നു. ഞാൻ ഈ മൈതാനത്തിന്റെ നടുവിലാണ് നില്ക്കുന്നത് എന്നാണ് എനിക്കു തോന്നിയത്. മനുഷ്യരെല്ലാം അവരവർ വളരെ കാലമായി സഹിച്ചു വെച്ചിട്ടുള്ള ദുഃഖങ്ങളെല്ലാം കെട്ടി മാറാപ്പാക്കിയെടുത്തുകൊണ്ടുവന്ന് ആ മൈതാനത്തിൽ ഒരു ദിക്കിൽ കൊണ്ടുവന്നു കൂട്ടിത്തുടങ്ങി. ഈ ശോകരാശി പിന്നെപ്പിന്നെ വലിച്ച് മേഘമാർഗ്ഗം കവിയുമാറുയരമുള്ള ഒരു വലിയ കുന്നായിത്തീർന്നു.

അവിടെ കൂടിയിരുന്ന ആളുകളുടെ കൂട്ടത്തിൽ ജനങ്ങളെക്കൊണ്ട് അവരവരുടെ 'സങ്കടങ്ങളെല്ലാം ആ മൈതാനത്തിൽ കൊണ്ടുകൂട്ടിക്കുന്ന കാര്യത്തിൽ വളരെ ഉത്സാഹിച്ചുകൊണ്ട് ഒരു സ്ത്രീയുണ്ടായിരുന്നു. ഇവൾ വളരെ മെലിഞ്ഞിട്ടാണ്. വളരെ ഇരുണ്ടിരിക്കുന്ന വസ്ത്രമാണ് ധരിച്ചിരിക്കുന്നത്. ഈ വസ്ത്രത്തിന്മേൽ അനേകം ഭൂതപ്രേതപിശാചങ്ങളുടെ ചിത്രം തുന്നിച്ചേർത്തിട്ടുണ്ട്. വസ്ത്രം കാറ്റുകൊണ്ടിളകുന്ന സമയം ഈ ഭയങ്കരരൂപങ്ങളെല്ലാം ഒന്നായിക്കാണപ്പെടുന്നു. അവളുടെ കയ്യിൽ ചെറിയ സാധനങ്ങളെ വളരെ വലുതാക്കിക്കാട്ടുന്ന ഒരു ഭൂതക്കണ്ണാടിയും ഉണ്ടായിരുന്നു. അവളുടെ മുഖഭാവം ഒട്ടും പ്രസന്നമായിട്ടല്ല തോന്നിയത്. അന്വേഷണത്തിൽ അവളുടെ പേര് 'മായ'യെന്നാണെന്നെനിക്കു മനസ്സിലായി. 'ഇവളാണ് മുമ്പിൽ ചാടിവീണ് എല്ലാവരെയും അതിൽ കൈക്കൊള്ളുന്നത്', അവരവരുടെ ഭാണ്ഡമെല്ലാം കെട്ടുന്നതിൽ സഹായിച്ച്, അതെല്ലാം അ

വരവരെക്കൊണ്ടുതന്നെ ശേഖരിപ്പിച്ചു നിശ്ചയിച്ച സ്ഥലത്തു കൊണ്ടുകൂട്ടിയിരുന്നത്.

ഈ അവസരത്തിൽ ഓരോ ഭാണ്ഡങ്ങളും ഓരോരുത്തർ കൊണ്ടുവരുന്ന ആളുകളെയും കണ്ടിട്ട് എനിക്കു വളരെ നേരംപോക്കു തോന്നി. ഒരാൾ ആരും അറിയാതെ ഭാവിച്ച് ഒരു വലിയ കമ്പിളിയിൽ പൊതിഞ്ഞ് ഒരു ഭാരം കൊണ്ടുവന്ന് ആ കൂട്ടത്തിലിട്ടു. ആയാൾ അത്ര ഗൂഢമായി വെച്ചിട്ടുള്ള ആ ഭാരം എന്തായിരുന്നു? ആയാളുടെ ദാരിദ്ര്യം തന്നെ. വേറെ ഒരാൾ കല്ലുപോലായി കിതച്ചുകൊണ്ടും ദീർഘമായി നിശ്വസിച്ചുകൊണ്ടും ഒരു ഭാണ്ഡം അവിടെ കൊണ്ടിട്ടു. നോക്കിയപ്പോൾ അതെന്താണെന്നോ? ആയാളുടെ ഭാര്യ.

പിന്നെ അവിടെ വന്നിരുന്ന കൂട്ടത്തിൽ അസംഖ്യം കാമുകന്മാരുണ്ടായിരുന്നു. ഇവർ അവരവരെ വല്ലാതെ കഷ്ടത്തിലാക്കിയിരുന്ന ഓരോ കാമിനിമാരുടെ തീക്ഷ്ണങ്ങളായ കടാക്ഷങ്ങളെക്കൊണ്ടും ഓരോരോ വിലാസങ്ങളെക്കൊണ്ടും [illegible] തിക്കി നിറച്ചിട്ടുള്ള വലിയ ഭാണ്ഡങ്ങളെടുത്തുകൊണ്ടാണ് വന്നിരുന്നത്. എന്നാൽ ഇവരുടെ കാര്യത്തിൽ എനിക്കുള്ളതു തോന്നിയതു മറ്റൊന്നല്ല; എന്തെന്നുവെച്ചാൽ ഇവരുടെ ദീർഘശ്വാസവും മുഖഭാവവും കണ്ടാൽ ഈ ഭാരങ്ങൾ ഇവരുടെ ഏറ്റവും പൊട്ടുന്ന പൊട്ടിപ്പോകുമെന്നു തോന്നുമെങ്കിലും ഈ വക്കത്തിലൊരാൾക്കെങ്കിലും തന്റെ ഭാരം ആ കൂട്ടത്തിലേയ്ക്കു വലിച്ചെറിഞ്ഞു കളയാമെന്നു തോന്നിയില്ല. അതിനായി ഇവർ വളരെ ശ്രമിച്ചുവെങ്കിലും ഒടുവിൽ ഒട്ടും സമ്മതമില്ലാതെ നിലച്ചു തലയും കുനിഞ്ഞ് അവരവർ കൊണ്ടുവന്ന ഭാരമെടുത്തുംകൊണ്ടു വന്നവഴിയെ തന്നെ മടങ്ങിപ്പോകയും ചെയ്തു. ഒരു കൂട്ടം വൃദ്ധസ്ത്രീകൾ വന്നു തങ്ങളുടെ ചുളിവുകളെല്ലാം വലിച്ചെറിഞ്ഞു; അനേകം യുവാക്കൾ വന്നു വെയിൽകൊണ്ടു നിറം മങ്ങിയ തങ്ങളുടെ തൊലി അവിടെ അഴിച്ചുവെച്ചു. കനംവെച്ചതായ മൂക്കു വളരെ; ചുണ്ട് അസംഖ്യം; കെട്ടുപോയ പല്ലുകൾ കണക്കില്ലാതോളം; ഇതെല്ലാം അവിടെ കിടന്നിരുന്ന കുന്നുകളെല്ലാം മൂടിക്കഴിഞ്ഞു. കൂമ്പാരത്തിൽ വലിയതായ ഭാഗമൊക്കെ കൊണ്ടുവന്നതു നല്ലവണ്ണം നോക്കിയപ്പോൾ ദേഹത്തിന്റെ കൂനായിരുന്നു. ഇതവൻ വളരെ സന്തോഷത്തോടുകൂടി അവിടെ കൊണ്ടിട്ടിരുന്നു. ഇതിനെ അന്നവിടെക്കൂടിയ പരിഹാസത്തിനു മതിയാകാത്ത ഭാഗവും മനുഷ്യരുടെ ദൈവവുമായ ദോഷങ്ങളായിരുന്നുവെന്നു പറയുന്നതിൽ സ്പഷ്ടമായി. അനേകം വ്യാധികളും ഈ കൂട്ടത്തിൽ ഉപേക്ഷിച്ചിരുന്നില്ല. എന്നാൽ അവയിലധികവും മനുഷ്യർ ആലോചിച്ചുണ്ടായതല്ലാതെ അവർ വാസ്തവത്തിൽ അനുഭവിച്ചിരുന്നവയായിരുന്നില്ല. പിന്നെ മനസ്സിനെത്തെല്ലാമുള്ള കെട്ടുകൾ ഏറ്റവും വന്നിട്ടുണ്ടായിരുന്നു. ഇവരെല്ലാം സൌന്ദര്യം ഭീഷണിപ്പെടുത്തുന്ന രസികന്മാരായിരുന്നതിനാൽ അവരുടെ ഓരോന്നിനേക്കാൾ എനിക്കു കൂടുതൽ അധികം ഉണ്ടായി നോക്കിയപ്പോൾ അവർക്കെല്ലാം സ്വന്തം കൂട്ടങ്ങളായിരുന്നു. അതുകൊണ്ട് അതെല്ലാംകൂടി കെട്ടിക്കൊണ്ടുവന്നിരിക്കയാണെന്നാണ് എനിക്കു തോന്നിയത്. ഈ അവസരത്തിൽ എല്ലാംകൂടി താന്താങ്ങളുടെ ദുർഗുണങ്ങളും പാപങ്ങളും അംഗദോഷങ്ങളും ഉപേക്ഷിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നത്. എ

ഒരാളുടെയും ഒരു പാപകർമ്മംപോലും ആ കൂട്ടത്തിൽ ഉപേക്ഷിച്ചിട്ടില്ലെന്നു കണ്ടതിൽ എനിക്കു അതിയായ ആശ്ചര്യം തോന്നി.

മഹാപാപിയായ ഒരുവൻ ഒരു ഭാണ്ഡവും എടുത്തുകൊണ്ടവിടെ വരികയുണ്ടായി. അവൻ തൻെറ പാപകർമ്മങ്ങളെല്ലാം കെട്ടിയെടുത്തു പശ്ചാത്താപത്തോടെ അവിടെ കൊണ്ടിടുവാൻ വന്നിരിക്കയാണെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ പരിശോധനയിൽ അവൻ തൻെറ കുറ്റങ്ങളൊന്നും ഉപേക്ഷിപ്പാൻ തയ്യാറില്ലെന്നും അതുകൾക്കു പകരം താഴ്മയായ പാപിയുള്ള പശ്ചാത്താപത്തെ മാത്രമാണ് ഭാണ്ഡം കെട്ടിക്കൊണ്ടു വന്നിരിക്കുന്നതെന്നും ഞാൻ കണ്ടു. ഒരു ക്രൂരൻ വന്നു തനിക്കുള്ള സങ്കടത്തിനെല്ലാം കാരണം തനിക്കു് ആദ്യമുണ്ടായിരുന്ന വിനയമാണെന്നു കരുതി അതവിടെ ഇടുകയും സത്യമായും സങ്കടകാരണമായ തൻെറ ക്രൂരതയെ മടക്കിക്കൊണ്ടു പോകയും ചെയ്തു.

മേൽപറഞ്ഞപ്രകാരം മനുഷ്യരെല്ലാം അവരവരുടെ ഭാണ്ഡം നിക്ഷേപിച്ച ദിക്കിൽ കൊണ്ടുപോയി കൂട്ടിക്കഴിഞ്ഞപ്പോൾ ഇക്കാര്യത്തിൽ ആദ്യംമുതൽ അത്യുത്സാഹമായി നടന്നിരുന്ന 'മായ'യെന്ന പിശാചി ഞാൻ കേവലം ഒരു കാണിയുടെ നിലയിൽ ഉദാസീനനായി നില്ക്കുന്നതു കണ്ടിട്ട് എൻെറ അരികെ എത്തി. അവൾ അടുത്തെത്തിയപ്പോഴേക്കു തന്നെ എനിക്കു വലിയ സുഖക്കേടായി. എങ്കിലും അവൾ താമസമെന്യേ ഒരു ഭൂതക്കണ്ണാടി എൻെറ മുഖത്തിനു നേരെ പിടിച്ചു. എൻെറ മുഖം അതിൽ പ്രതിബിംബിച്ചപ്പോഴേക്കു് ഈ മുഖം വളരെ നീളം കറുത്തു വീർത്തു എനിക്കൊണ്ടെന്നാണെന്നു് എനിക്കു തോന്നി. ഇതു കണ്ടപ്പോൾ എനിക്കു നന്ന മുഷിഞ്ഞു; വേഷക്കാരുടെ വേഷം അഴിച്ചിടുംപോലെ ഞാനെൻെറ മുഖരൂപം അഴിച്ചു വലിച്ചെറിയുകയും ചെയ്തു. ഭാഗ്യവശാൽ ഒരാൾ എൻെറ അരികെത്തന്നെ നിന്നിരുന്നു. അദ്ദേഹത്തിൻെറ മുഖത്തിനു നീളം അല്പം കൂടുതലായിരുന്നുവെച്ച് അല്പസമയം മുമ്പു് ആ ശോകശൈലത്തിന്മേലെല്ലാം വലിച്ചെറിഞ്ഞിട്ടു ഉണ്ടായിരുന്നതു്. വാസ്തവം പറയുന്നതായാൽ ആ മുഖത്തിൻെറ നീളം കൊണ്ടു കാഴ്ച വളരെ തോന്നുകയും ചെയ്തു. എന്തെന്നാൽ ആ താടി തന്നെ എൻെറ മുഖമെല്ലാം കൂടിയെടുത്താലും നീണ്ടതായിരുന്നു. ഞങ്ങൾക്കിരുവർക്കും ഒരുപോലെ സങ്കടത്തിനു പ്രതിവിധിചെയ്യുവാൻ സന്ദർഭം കിട്ടിയെന്നു മാത്രമല്ല, സകലരുടെയും സങ്കടമെല്ലാം അവിടെ പ്രദർശിപ്പിച്ചതുകൊണ്ട് എല്ലാവർക്കും ഒന്നുകിൽ തൻെറ സങ്കടത്തിനു പകരമോ ആശ്വാസത്തിലും മാറിയെടുക്കാൻ ഇടവന്നു.

ഇങ്ങിനെ സകല ജനങ്ങളെയും ഉപദ്രവിച്ചിരുന്ന സങ്കടങ്ങളിൽ നിന്നു് ചന്നം വന്നു കണ്ടതിൽ എനിക്കു് സന്തോഷം തോന്നി. എല്ലാവരും ആ കൂമ്പാരത്തിൻെറ നാലുപുറവും നിന്നു് ശൈലമായിത്തീർന്ന പദാർത്ഥങ്ങളെ ഉറ്റുനോക്കിക്കൊണ്ടു തുടങ്ങി. ആ സമയത്ത് എല്ലാവരും അതുവരെയ്ക്കും ഒന്നിനും സുഖമാണെന്നു കരുതി ഇരുന്നിരുന്ന സകല വസ്തുക്കളും അതാതവർ ചെയ്തിട്ടുള്ളവരായാൽ ശോകങ്ങളുടെ നില നിന്ദ്യങ്ങളായി ആ ശോകശൈലത്തിന്മേൽ കൂട്ടത്തിൽ കിടക്കുന്നതു കണ്ടു. എന്നാൽ ഇക്കാലം ഇവരെ അനുഭവിച്ചിരുന്നവർക്കിനെ ഉപേക്ഷിക്കുവാനായിത്തീർന്ന അർത്ഥം മനസ്സിലായിട്ടുണ്ടായി.

അനന്തരം ഞങ്ങൾ അവിടെ കൂട്ടിയിരുന്ന സങ്കേതസ്ഥലത്തെപ്പറ്റിയുള്ള ഓരോ മനോരാജ്യങ്ങളിൽ തീരെ മഗ്നന്മാരായി നില്പായപ്പോൾ ദേവേന്ദ്രന്റെ ഒരാജ്ഞയതായ കല്പന വന്നു. 'എല്ലാവരും വേണമെങ്കിൽ അവരവർ അവിടെ കൊണ്ടിരുന്ന നിർഭാഗ്യത്തിനുപകരം വേറെ ഏതെങ്കിലും ഒരു നിർഭാഗ്യം തിരഞ്ഞെടുത്തുകൊണ്ടു പോയിക്കൊട്ടെ' എന്നായിരുന്നു ഈ കല്പന. പിന്നെയും മായയുടെ പ്രസ്താവമായി. അവരാ ബദ്ധജാഗ്രതയായി സങ്കടങ്ങളെല്ലാം കന്നൊന്നായി വേർതിരിച്ച് ഓരോന്നോരോന്നുൾ പരിശോധിച്ചു തുടങ്ങി. അതു സമയമുണ്ടായ തിരക്ക വർണ്ണിപ്പാൻ പ്രയാസം. എന്നാൽ ഞാൻ കണ്ടതു ഞാൻ പറയാം. ഒരു വയോവൃദ്ധൻ തനിക്കുണ്ടായിരുന്ന ഒരു ശൂലവേദന ആ ശോകങ്ങളുടെ കൂട്ടത്തിൽ കൊണ്ടിട്ടിരുന്നു. മറ്റൊരുവൻ തനിക്കു കിടയാത്ത ഒരു മകനെയും ആ കൂട്ടത്തിൽ ഉപേക്ഷിച്ചിരുന്നു. ശൂലവേദനക്കാരനു സന്തതിയുണ്ടായാൽ കൊള്ളാമെന്നായിരുന്നു മോഹം. ഇവൻ മറ്റവൻ ഉപേക്ഷിച്ച മകനെ തിരഞ്ഞെടുത്തു. ഈ ക്രമംകെട്ട ചെറുക്കൻ ആ വയസ്സന്റെ താടിപിടിച്ചു വലിച്ചു വേദനപ്പെടുത്തിത്തുടങ്ങിയെന്നു മാത്രമല്ല വൃദ്ധന്റെ തല തന്നെ അടിച്ചുപൊളിച്ചു കളയുവാനുള്ള ഭാവമായി. ഇപ്രകാരം കുടുക്കിൽപ്പെട്ട വൃദ്ധൻ നാലുപുറവും മിഴിച്ചു നോക്കുമ്പോൾ ആ കുട്ടിയുടെ അച്ഛൻ ശൂലവേദന സഹിപ്പാൻവയ്യാതെ വയറും പിടിച്ചുകൊണ്ടു നേരെത്തന്നെ വരുന്നതു കണ്ടു. 'തന്റെ മകനെ താൻ തന്നെ എടുത്തുകൊള്ളൂ. എന്റെ ശൂലവേദന എനിക്കു തന്നെ തന്നേക്കൂ. എന്നാൽ മതി' എന്നായി വയസ്സൻ മറ്റവനോട്. എന്നാൽ രണ്ടാമതും അവനവൻ മനഃപൂർവ്വമായി തിരഞ്ഞെടുത്ത ബുദ്ധിമുട്ടിൽ നിന്നു പിൻവലിപ്പാൻ തരമില്ലാതാവുകയും ചെയ്തു. ഇതുപോലെ അന്യന് അടിമയായിരുന്ന വേറെ ഒരുവൻ തന്റെ അടിമസ്ഥാനം ത്യജിച്ച് അതിനുപകരം മറ്റൊരുത്തന്റെ ഐശ്വര്യം തിരഞ്ഞെടുത്തു. എന്നാൽ അതിനുശേഷം അവന്റെ മുഖത്തുണ്ടായ വൈരൂപ്യം കണ്ടാൽ തന്നെ അവൻ ചെയ്ത മാറ്റംകൊണ്ട് അവന്നു വലിയ ലാഭമൊന്നും ഉണ്ടായിട്ടില്ലെന്നു ബോദ്ധ്യപ്പെടും. ഒരുവൻ മഹാവ്യാധി കളഞ്ഞു ദാരിദ്ര്യം തിരഞ്ഞെടുത്തു; മറ്റൊരുവൻ അതിയായ ബുഭുക്ഷയുപേക്ഷിച്ച് അരോചകം സ്വീകരിച്ചു; മൂന്നാമതൊരുവൻ ദേഹപ്പീഡ വെടിഞ്ഞു മനോവേദന കൈക്കൊണ്ടു. ഈ വക കൈമാറ്റങ്ങളെല്ലാം കണ്ടിട്ടെനിക്കു ബഹുരസമായിത്തീർന്നു.

അവിടെയുണ്ടായിരുന്ന സ്ത്രീകളും തങ്ങളുടെ സൗന്ദര്യമൊന്നിച്ചു കാരണമായിത്തീർന്ന അനേകം എണ്ണങ്ങൾ ആ അവസരത്തിൽ കൈമാറ്റം ചെയ്യുകയുണ്ടായി. ക അവർ ധാരാളം കാപ്രസാദങ്ങളുള്ളവരായിരുന്നു. മേലെല്ലാം കുരുവുണ്ടാവുന്നതിലും ഭേദമാണ് നരയെന്നു വിചാരിച്ച് അവൾ വേരായത്തിയുപേക്ഷിച്ചു നരച്ച തലമുടിയെടുത്തു തലയണിഞ്ഞുതുടങ്ങി. മറ്റൊരുവൾക്ക് തന്റെ മദ്ധ്യത്തിനു വണ്ണം അല്പം അധികമാണെന്നു തോന്നി. അവൾ അതു വലിച്ചെറിഞ്ഞു വേറെ ഒരുവൾ കളഞ്ഞതായ വളഞ്ഞ പുറമെടുത്തു. മൂന്നാമതൊരുത്തി തന്റെ വിരൂപമായ മുഖം കളഞ്ഞു പകരം വേശ്യാവൃത്തിയംഗീകരിച്ചു. എന്നാൽ പലരും താമസംകൂടാതെ ഇവർക്കെല്ലാവർക്കും അവരവർ മനസ്സായി തിരഞ്ഞെടുത്ത ദോഷങ്ങൾക്കും മേൽ മുമ്പുണ്ടായിരുന്നവയാണെന്നു നല്ലവണ്ണം ബോദ്ധ്യ

ന്നില്ല. ഇതുപോലെ തന്നെയാണ് അന്ന വിലവെച്ചു് ഒരു മോഷം കിട്ടി മകനായമോഷം സ്വീകരിച്ചിട്ടുള്ള സകല ജനങ്ങൾക്കും ഉണ്ടായ അനുഭവമെന്നാണെനിക്കു തോന്നിയത്. എന്നാൽ അതങ്ങിനെയായതു ദൈവകല്പനയാൽ നമുക്കു സംഭവിക്കുന്ന കഷ്ടതകൾ ഒരിക്കലും നമ്മുടെ ശക്തിയെ അതിക്രമിക്കാനിടയില്ലെന്നുള്ളതുകൊണ്ടോ, അതല്ലെങ്കിൽ പരിചയംകൊണ്ടെല്ലാ സങ്കടങ്ങളും നമുക്കു സുസഹ്യമായിത്തീരുമെന്നുള്ളതുകൊണ്ടോ എന്നു് എനിക്കിനിയും തീർച്ചയായിട്ടില്ല.

ഞാൻ മുമ്പുപറഞ്ഞ കള്ളൻ തന്റെ കുറ്റമേല്പിച്ചു് അതിന്നുപകരം അശ്ശേരിയെ നാടീനമാണ് ഒക്കെക്കൊണ്ടത്. എന്നാൽ കുറ ചെയ്തപ്പോൾ അവൻ കൃഷ്ണാധികം സ്വാധീനനായി എങ്കിലും പിന്നത്തെ അവന്റെ നിലയാലോചിക്കുമ്പോൾ എനിക്കവന്റെ നേരെ കഷ്ടം തോന്നാതിരിക്കുന്നില്ല. ആ കുറ്റമേല്പിച്ച കുറ് സ്വന്തവെ ദ്രോഹിയായിരുന്ന ദൈവമാണെന്നതാണ്. ഇവൻ ആ കുറ്റം തലയാലൂം പൊറുതിയി ല്ലുന്ന ചുമലുകളുംകൊണ്ടു മുമ്പുതന്നെ കല ശ്ശലായി ഇരിക്കുന്ന ഒരു കൂട്ടം പെണ്ണുങ്ങളുടെ ഇടയിൽ പോയി നടന്ന നടത്തം വിചാരിക്കുമ്പോൾ അവന്റെ നേരെയും എനിക്കു ദയ തോന്നാതിരിക്കുന്നില്ല.

ഇതിനിടയിൽ എനിക്കുണ്ടായ അനുഭവവും പറയാതിരിപ്പാൻ പാടില്ലല്ലൊ. ദീർഘവൃത്തനായ എന്റെ ചങ്ങാതി എന്റെ സ്വഭാവവും തിരഞ്ഞെടുത്തു. അതിന്റെ ശേഷം അവന്റെ ദേഹം കണ്ടപ്പോൾ ആ മുഖം മുമ്പ് എന്റേതായിരുന്നുവല്ലൊ എന്നു വിചാരിച്ചു് എനിക്കു തന്നെ ലജ്ജസഹിപ്പാൻ വയ്യാതായി. കാര്യം കഠോ ചീത്തയായി എന്നു് അവർക്കും വി

ശേഷം വന്നു എന്നു മാത്രമല്ല ലക്ഷണക്കേട് അവരോടുക്ക് അവരുടെയും മുഖത്തു നോക്കുവാൻ വയ്യാതാവുകയും ചെയ്തു. അവരുടെ ദീർഘദർശിയായിട്ടെല്ലാ ഞാൻ അവ ളെ ഉടുത്തത്. അതുകൊണ്ട് എനിക്കും പ രാതിക്ക് ഒട്ടുമൊന്നും ഉണ്ടായില്ല. എന്നെ നാൽ ഞാൻ വല്ലപ്പോഴും എന്റെ മെ റി തൊട്ടുവനായി പറയത്തക്കവണ്ണം എ ന്റെ കണ്ണുകൾക്കിരയായി അവന്റെ പു ണ്യാളുകളെ എടുത്തുകളഞ്ഞു. എന്നു മാത്രമല്ല എന്റെ കുഞ്ഞു മുമ്പത്തെക്കാൾ വളരെ അധികം ഇരിച്ചു വരുന്നതുകൊണ്ടു ഞാൻ എപ്പോഴെങ്കിലും വല്ല ആവശ്യത്തിനും ഒക്ക മുഖത്തു വ്യാപരിപ്പിക്കുവാൻ തുടങ്ങി യാൽ അപ്പോഴൊക്കെയും അതു മുറുകി ത ട്ടി വേദനപ്പെടുക എന്നായി. ഇതുപോലെ തന്നെ കടുക്കിൽപ്പെട്ട തൊലുകൾ എ ന്റെ അരികെത്തന്നെ നിന്നിരുന്നു. ഇതി ലൊരുവന്ന ഇരുമ്പുചെരുപ്പിൽ വളരെ മെ ലിഞ്ഞു വിരിഞ്ഞു ആകൃതിക്കേടില്ലാത്ത ഒരു ജോടി കാലുകളും മറ്റൊരുവന്നു നാടൻ തടി ച്ചു പുറത്തോട്ടു വളഞ്ഞ ഒരു ജോടി കാലുക ളുമാണുണ്ടായിരുന്നത്. ഇവർ ഇരു തമ്മിൽ മാറ്റം ചെയ്തു. അതിന്റെശേഷം ഈ ര ണ്ടുവിൽ പറഞ്ഞവനെ കണ്ടാൽ ഒരു കുട്ടി തെച്ചക്കാലിന്മേൽ കയറി നടക്കുകയാണെ ന്നാണ് തോന്നുക. അവന്റെ കാലുകളെ കൊണ്ടു അവന്റെ അടിയിലേക്കു നോക്കു മ്പോൾ അവനു തന്നെ തല തിരിഞ്ഞുതുട ങ്ങി. മറ്റൊരുവന്നു വളഞ്ഞ കാലുകൊണ്ടു ന ടക്കുവാൻ ശീലമില്ല. വിചാരിച്ചാൽ ആ വിചാരിച്ച ദിക്കിലെത്താതെയിട്ട് അവൻ കിടന്നു വട്ടംചുറ്റിത്തുടങ്ങി. അവർ ഒരു നേരമ്പോക്കുകാരനായിരുന്നു. അതുകൊണ്ടു ഞാൻ എന്റെ കണ്ണിലുണ്ടായിരുന്ന ഒരു പു രൽ കരട് ദൂരത്താക്കി കിടന്ന് നിലത്തു ത

ച്ചിട്ട് അയാളോട് ആ നില്ക്കുന്ന ദിക്കിൽ നിന്നു ഞാൻ വരച്ച ഒരു വരയിൽ കൂടി കട്ടും വളയാതെ പോയി ആ പൂമെത്തയെടുത്തു കൊണ്ടുവന്നാൽ അയാൾക്ക് ഒരു കപ്പി കന്നാന്തരം കല്പിപ്പാൻ കണ്ണുനാലു വാങ്ങി കൊടുക്കാമെന്നു വീരവാദം പറക തന്നെ ഉണ്ടായി.

എന്തിനു വളരെ പറയുന്നു? ആ രാത്രിസമയം മുഴുവൻ ഞാനവിടെ കൂടിയിരുന്നു ആളുകൾ തമ്മിൽ വിളിച്ചുകൂട്ടുന്നു എന്നു പറഞ്ഞാൽ മതിയല്ലോ. അതിനുശേഷം ഒരു നേരത്തെക്ക് അവരവർ തന്നെ തിരഞ്ഞെടുത്ത ഓരോ ഭാരം ചുമപ്പാൻ വച്ചതിട്ട് മാരെയാണ് കാട്ടിയിരുന്ന വൈപുത്യങ്ങളും പ്രാകൃതാവസ്ഥയും ആലോചിച്ചാൽ 'കഷ്ടം' എന്നു മാത്രം പറയുവാനേ തോന്നുന്നുള്ളൂ. ആ മൈതാനത്തിൽ എവിടെ നോക്കിയാലും ചിറുപിറുക്കലും ആവലാധിയും നിലവിളിയും ബഹളത്താലവും അല്ലാതെ വേറെയൊന്നുമില്ല. ഇതു കണ്ടു ദയതോന്നി ഒടുവിൽ മഹേന്ദ്രൻ 'എല്ലാവരും അവരവരുടെ പുതിയ ഭാരങ്ങളും മുമ്പത്തെ ദിക്കിൽതന്നെ കൊണ്ടുപോയി കൂട്ടിക്കൊള്ളട്ടെ' എന്നു കല്പിച്ചു. എല്ലാവരും അവരവർക്കു ജന്മസിദ്ധങ്ങളായ ഭാരങ്ങളെ തന്നെ വീണ്ടും എടുത്തുകൊള്ളട്ടെ എന്നു വിചാരിച്ചിട്ടാണതിനെയൊരു കല്പനയുണ്ടായത്. ഈ കല്പന സകലരും പറയുവാൻ വയ്യാത്ത സന്തോഷത്തോടെ അനുസരിച്ചു. അതിന്റെശേഷം മഹേന്ദ്രനെയല്ലാം ഇതിനെ കഴുതയിൽ ചാടിച്ചു മായയോട് അവിടെനിന്നു പോകുവാൻ കല്പനയായി. ആ സമയത്തു ആകൃതിയിലും പ്രകൃതിയിലും അവളിൽനിന്നു ഒട്ടുപ്പിട്ടു വേറെയായ ഭഗവതിയെയാണ് നിയമിച്ചത്. ഈ ഭഗവതിയുടെ മുഖഭാവം എല്ലായ്പ്പോഴും സന്തോഷവും പ്രസന്നതയും ഉള്ളതും വ്യാപാരങ്ങൾ എല്ലാം ഒട്ടു പല്ലവിപ്പെടാത്തവയും ആയിരുന്നു. ഇഷ്ടു ഈ ഭഗവതിയുടെ കണ്ണ് എത്രയധികം കാന്തിയുള്ളവയെന്നു പറവാൻ മിന്നിയിരുന്നു. 'ശ്രദ്ധ' യെന്നാണ് ഈ ഭഗവതിയുടെ പേർ എന്നു ഞാൻ അന്വേഷിച്ചറിഞ്ഞു. ഇവളും ആ ശോകക്കാരിയുടെ ദിക്കിൽ പോയി നിന്നപ്പോഴേക്ക് എന്തൊരാശ്ചര്യം! ആ ഭാരങ്ങൾ ചുരുങ്ങിത്തുടങ്ങി. ചുരുക്കിപ്പറഞ്ഞാൽ അതുണ്ടായിരുന്നതിൽ മൂന്നിലൊന്നു കുറഞ്ഞു. അതിന്റെ ശേഷം അവൾ ഓരോരുത്തർക്കായി മുമ്പുണ്ടായിരുന്ന പ്രത്യേക ഭാരം എടുത്തു കൊടുത്തുതുടങ്ങി. പ്രാരബ്ധം അതാതാളുകൾക്കു കൊടുക്കുമ്പോൾകൂടി തന്നെ അതതിനെയാണ് ഒന്നോടുകൂടി സമാധാനമെന്നു് അവരെ ഉപദേശിക്കുകയും ചെയ്തിരുന്നു. ഒടുവിൽ എല്ലാവരും തങ്ങളുടെ തിരഞ്ഞെടുത്തുകൊണ്ടു ദൈവം തങ്ങൾക്കു സാക്ഷിയായല്ലോ എന്നു വിചാരിച്ചു സന്തോഷസന്തോഷപൂർണ്ണരായി സ്വഗൃഹങ്ങളിലേക്കു തന്നെ മടങ്ങിപ്പോം ചെയ്തു.

ഈ സ്വപ്നത്തിൽ നിന്നെനിക്കു മനുഷ്യാവസ്ഥയെപ്പറ്റി പലതും ഗ്രഹിച്ചിടവന്നു. എനിക്കു എന്റെ നിർഭാഗ്യത്തെപ്പറ്റി വലിയ നിർവ്വേദത്തിനു യാതൊരു അവകാശവും ഇല്ലെന്നു നല്ല ബോദ്ധ്യമായി. മറ്റുള്ളവരുടെ സങ്കടങ്ങളെ ശരിയായി യാതൊരു ആൾക്കാർക്കും അറിവാൻ തരമില്ലാത്തതിനാൽ യാതൊരുത്തരും അന്യന്റെ സുഖത്തെപ്പറ്റി അസൂയപ്പെടേണ്ടതില്ലെന്നും ഇതിൽനിന്നു ഞാൻ മനസ്സിലാക്കി. ഇനിമേലാൽ ഞാൻ എന്റെ സങ്കടങ്ങളെ കഴിക്കുകയും സ്വഭാഗ്യത്തെ അധികം എന്നു വിചാരിച്ചുകൊള്ളാമെന്നു മനസ്സിലുറപ്പിക്കുകയും ചെയ്തു.

കെ. സി. വീരരായൻ

ജലപാതത്തിന്റെ മുകളിൽനിന്ന് നോക്കുന്നതി നാൽ സപ്തമോ വെള്ളം ഇറ്റിറ്റു വീണുകൊ ണ്ടിരിക്കും.

5 കൈലാസം — 20226 അടി ഉയരത്തിൽ ഹിമാലയത്തിന്റെ മുകളിൽ ഉള്ള ഒരു പുണ്യസ്ഥലം. അധികം വിചാരിച്ച സാധാരണ തീർത്ഥയാത്രക്കാർ ഇവിടേക്ക് വളരെ പോകാറില്ല. എന്നാൽ അനേകം ഭിക്ഷുക്കൾ കൈലാസത്തിങ്കൽ ഈശ്വരനെ സേവിച്ചുകൊണ്ടു കാലം കഴിച്ചുകൂട്ടുന്നുണ്ട്. മാനസസരസ്സും അവിടെ യടുത്താണ്.

6 കോണാരക് — ജഗന്നാഥത്തുനിന്ന 19 മൈൽ വടക്കുപടിഞ്ഞാറ് ഒരു ദിവാകരക്ഷേത്രം. സാംബൻ, ശ്രീകൃഷ്ണന്റെ പത്നിമാരെയൊക്കെ ദുഷ്ടമായി കാമിച്ചു. അതുനിമിത്തം നാരദൻ സാംബനെ 'കുഷ്ഠരോഗിയായിപ്പോകട്ടെ' എന്നു ശപിച്ചു. അതിന്റെ മോചന ശാപമോക്ഷത്തിനായി സൂര്യപ്രതിഷ്ഠ കഴിച്ചു പ്രത്യക്ഷനമസ്കാരംകൊണ്ട് ആരോഗ്യവാനായിത്തീർന്ന പുണ്യസ്ഥലമാണിത്. സൂര്യനിലയം വിശേഷകാഴ്ചയാണ് ഉണ്ടാക്കിക്കൊടുത്തത്.

7 മഥുര — ഈ പട്ടണം യമുനാ നദിയുടെ വലത്തുഭാഗത്താണ്. മഥുരയിൽ ദ്വാരകാധീശം എന്നു പറയുന്ന പ്രദേശമാണ് മുഖ്യമായിട്ടുള്ളത്. യമുനയുടെ അരമൈൽ താഴത്ത് വിശ്രാന്തഘട്ടം എന്ന ഒരു സ്ഥലമുണ്ട്. ഇവിടെ വെച്ചാണ് ശ്രീകൃഷ്ണൻ കംസവധം ചെയ്തതിന്റെ ശേഷം വിശ്രമിച്ചത്. നാഗ്രാം ഇതും കാണാവുന്നതാണ്. അവിടെ പാൽക്കടവും കടമ്പും ഗോപസ്ത്രീകൾ കൂടെ ക്കായി കളിയാടിയ ഭിത്തിയിൽ കളിച്ചുവന്ന പഴയ ഇടങ്ങൾ കാണിച്ചുകൊണ്ടുവരുന്നുണ്ട്. മധുരയിൽ കളിയുണ്ടായാൽ മുമ്പിൽ ഗോവർദ്ധനത്തിലേയ്ക്കാണ് പോകുക. മധുരയിൽനിന്ന് 5 മൈൽ വടക്കാണ് വൃന്ദാവനം. അവിടെ അനേകം ക്ഷേത്രങ്ങളുണ്ട്. ഹരിദ്വാരം കഴിഞ്ഞാൽ പിന്നെ മധുരയാണ് വൈഷ്ണവരുടെ പ്രധാന പുണ്യസ്ഥലം. 'ഘട്ട' എന്നു പറയുന്ന കടവുകളിലെ കല്ലുകെട്ടിയ കളങ്ങൾ ആണ് അവിടങ്ങളിൽ സാധാരണയായ കാഴ്ചകൾ.

8 ഗംഗോത്തരി — ഉത്തരദേശത്തു ഗിരിനിരകളുടെ മദ്ധ്യത്തിൽ ഒരു മലമുകളിലുള്ള ക്ഷേത്രത്തിനാണ് ഗംഗോത്തരി എന്നു പറയുന്നത്. ഗംഗയുടെ മൂലമായ 'ഗംഗാസാഗര'വും ഗംഗയുടെ ഉൽപ്പത്തിസ്ഥാനമായ 'ഗംഗോത്തരി'യും ഏറ്റവും പുണ്യപ്പെട്ട സ്ഥലങ്ങളാണ്. ഹിന്ദുക്കളായ തീർത്ഥയാത്രക്കാർക്ക് 'ഗംഗോത്തരി'യാണ് യാത്രയുടെ പരമാവധി. ഇവിടെ അടുത്തു ഭവനങ്ങളൊന്നുമില്ല. അതുകൊണ്ടു ഗംഗാജലം എടുത്തുകൊണ്ട് ഉടനെ തിരിച്ചുപോരേണ്ടതല്ലാതെ ആരും അവിടെ താമസിക്കാറില്ല.

9 ബദരീനാഥം — ഹിമാലയത്തിന്റെ ഒരു കൊടുമുടിയാണിത്. 23210 അടി ഉയരമുണ്ട്. കൊൽക്കത്തി പോകുന്നതായാൽ ഉത്തരദേശിക്കാർക്ക് ഹരിദ്വാരമാണ് അടുത്ത സ്റ്റേഷൻ. ... 'കാത്ഗോഡ' സ്റ്റേഷനാണ്. അവിടെനിന്നു മുകളിലേക്ക് കനിവോ എടുത്തുകൊണ്ടുപോകണം അല്ലെങ്കിൽ നടന്നുപോകണം. ബദരീനാഥക്ഷേത്രത്തിൽ വിഷ്ണുവാണ് മൂർത്തി. അളകനന്ദ നദിയുടെ അടിവാരത്തിൽ

ന്ന് എഴുന്നള്ളി കൊണ്ടുവന്ന സാക്ഷാൽ പരമശിവൻ തന്നെ പ്രതിഷ്ഠിച്ചിട്ടുള്ളതാണ്. ക്ഷേത്രത്തിന്റെ അടുത്തു തന്നെ ഒരു കുളമുണ്ട്. അതിലേക്ക് എല്ലാകാലത്തും ഒരു വ്യാഘ്രമുഖത്തിൽനിന്ന് ചുടുവെള്ളം ഒലിച്ചുകൊണ്ടിരിക്കും. ഇവിടത്തെ ശാന്തിക്കാരനെ 'റാവൽ' എന്നാണ് പറയുക. ഇവിടെ സത്രം അനേകമുണ്ട്.

10 ഭദ്രാചലം | ശ്രീരാമഭഗവാൻ ഗോദാവരി കടന്നത് ഇവിടെയാണ്. മദിരാശിസംസ്ഥാനത്തു ഗോദാവരി ഡിസ്ട്രിക്ടിലാണിത്. രാജമഹേന്ദ്രത്തുനിന്ന 104 മൈലുണ്ട്. ഇവിടെ രാമചന്ദ്രക്ഷേത്രത്തിൽ ഋഷിപ്രതിഷ്ഠയാണ്. ശ്രീരാമനവമി മഹോത്സവം കെങ്കേമവുമാണ്.

ഭാരതവർഷത്തിൽ ഉത്തരഖണ്ഡത്തിലുള്ള ചില പുണ്യസ്ഥലങ്ങളും ദക്ഷിണഖണ്ഡത്തിൽ ഒരു പുണ്യക്ഷേത്രവും മാത്രമേ ഇതിനുമേൽ ചുരുക്കി വിവരിച്ചിട്ടുള്ളൂ. കാശി മുതലായി പലതും പറവാനുള്ള പുണ്യക്ഷേത്രങ്ങളും ഹരിദ്വാരത്തിനു സമീപം ശകുന്തളയുടെ ജന്മഭൂമിയായ കണ്വാശ്രമം മുതലായ അനേകം വിശേഷാദികളും ഉത്തരഖണ്ഡത്തിലുള്ള മറ്റു പുണ്യസ്ഥലങ്ങളും വർണ്ണിക്കുന്നതായാൽ അവസാനമില്ല.

അയനചലനം



ആര്യന്മാരുടെ ശാസ്ത്രങ്ങളിൽവെച്ച് പ്രധാനമായി ഒന്നായ ജ്യോതിശ്ശാസ്ത്രം വളരെ വിപുലമായും ഗഹനമായും ഇരിക്കുന്നതെങ്കിലും അതിന്റെ പ്രധാന ഭാഗങ്ങൾ ഇന്നിന്നതാണെന്നു തീർച്ചപ്പെടുത്തുവാൻ നമുക്ക കഴികയില്ല. എന്നാൽ ഇതിൽനിന്ന് ഏറ്റവും ലളിതമായ ഒരു ഭാഗമായ ജാതകം പ്രശ്നം മുഹൂർത്തം ഈ വകയിൽ ചേർന്നതായ ഭാഗം ഭൂഷണമാക്കി ഉദരപൂരണാർത്ഥം ജ്യോതിഷ്യന്മാരെന്ന അഭിമാനത്തോടുകൂടി നടക്കുന്നവർ ഏറ്റവും ചുരുക്കമല്ല. ഈ സമ്പ്രദായക്കാർ കേരളത്തിലും അസംഖ്യമായുണ്ട്. ഇവരാൽ നിർദ്ദേശിക്കപ്പെടുന്ന കാര്യങ്ങളിൽ നൈപുണ്യം അപരിഹാര്യമായി വന്നാലുംകൊണ്ടു നവീനന്മാരായ പാശ്ചാത്യ പണ്ഡിതന്മാരും അവരുടെ സഹജീവികളും യുക്തിയുക്തങ്ങളായി ഗ്രഹഗോളങ്ങളെക്കുറിച്ച് ചില അറിവിനെ പറയുന്നതിൽ ഉദിച്ച സാരമായ ശാസ്ത്രത്തെ പര്യാലോചന ചെയ്യാതെ വിരുദ്ധന്മാരായി പലപരിഹാസവും വിസ്തരിച്ചുകളയുന്നതിനാൽ ആ ഭാഗങ്ങളെപ്പറ്റി കരാ ആലോചിച്ച് ഒരു ഗ്രന്ഥം എഴുതുവാൻ ശ്രമിക്കുന്നത് അനൗചിത്യമാവില്ല. ഈ വിശ്വാസത്തിന്മേൽ നാം ശ്രമിക്കയുംവേണം. അതിനു മുമ്പ് ഏതാനം ചില ഭാഗങ്ങൾ എഴുതി പത്രികകളിലൂടെ പ്രസിദ്ധപ്പെടുത്തിയാൽ അതിൽ ഗുണദോഷങ്ങളെ അഭിജ്ഞന്മാരുടെ വാദപ്രതിവാദങ്ങളും അറിയാമെന്നു വിചാരിച്ചു ചില ഭാഗങ്ങളെ പ്രതിപാദിക്കുന്നു.

പാശ്ചാത്യപണ്ഡിതന്മാർ സൂര്യൻ കേന്ദ്രസ്ഥിതനായ ഗ്രഹ സമൂഹത്തിന്റെ

മദ്ധ്യവർത്തിയാണെന്നും ശുക്രൻ, ബുധൻ, കുജൻ, ഗുരു, ശനി മുതലായ ഗ്രഹങ്ങളും ഭൂമിയും സൂര്യനെ ചുററി സഞ്ചരിക്കുന്നവയാണെന്നും ചന്ദ്രൻ ഭൂമിയുടെ ഉപഗ്രഹമാണെന്നും അതു ഭൂമിയെ ചുററുന്നു എന്നും ഭൂമി പമ്പരംപോലെ തിരിയുന്നുണ്ടെന്നും മററും യുക്തിയുക്തമായി പറകയും, ആര്യന്മാർ ഭൂമി നിശ്ചലയാണെന്നും സൂര്യാദിഗ്രഹങ്ങൾ മേഷാദികളിൽ പൂർവ്വഗത്യാ പോയ്ക്കൊണ്ടിരിക്കുന്നു എന്നും ഭചക്രത്തെ പ്രവഹവായു നിത്യം പശ്ചിമാഭിമുഖമായി തിരിച്ചുകൊണ്ടിരിക്കുന്നു എന്നും മററും പറകയും ചെയ്യുന്നു. പാശ്ചാത്യപണ്ഡിതന്മാരോടു മിക്കതും യോജിച്ചും ചില ആര്യപണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. എന്നാൽ നാം ആലോചിച്ചാൽ ഈ കാര്യത്തിൽ വളരെ വിശേഷിപ്പാനില്ലെന്നും ഗ്രഹങ്ങളുടെ ഗതികളും സ്ഥിതികളും സൂക്ഷ്മമായി അറിയേണ്ടുന്ന സൂത്രങ്ങൾ നമ്മുടെ കയ്യിൽ ഇരിക്കുന്ന ഗ്രന്ഥങ്ങളിൽ അന്തർഭവിച്ചു കിടക്കുന്ന മുമ്പത്തെ തത്വങ്ങളെ കണ്ടെത്തുവാൻ സാധിക്കാതെ ഇരുവിഷമിച്ചു കിടക്കുന്ന ആധുനികജ്യോതിഷ്യന്മാരുടെ ബുദ്ധിശക്തിയെ മാത്രം കണ്ടു ഇങ്ങിനെ ക്കേണതിരിക്കുന്നാണ് തോന്നുന്നത്. പാശ്ചാത്യപണ്ഡിതന്മാർ ഗ്രഹസ്ഥിതികളെ സൂക്ഷ്മപ്പെടുത്തുന്ന സമ്പ്രദായങ്ങളെക്കുറിച്ച് എത്രയുമാതിരികൾ ഉപയോഗിക്കുന്നു എന്നു നിശ്ചയമില്ല. എന്നാൽ ആര്യന്മാരായ നാം ഗ്രഹങ്ങൾക്കു മധ്യമഗതിയെ കണ്ടെത്തി അതുപ്രകാരമുള്ള മധ്യമങ്ങളെ വരുത്തി ജ്യാക്കളെവെച്ചു സ്ഫുടിക്കുന്നു. ഇതിൽ മന്ദോച്ചമെന്ന മാത്രം സൂര്യചന്ദ്രന്മാർക്കും ബാക്കി ഗ്രഹങ്ങൾക്കു ശീഘ്രോച്ചമെന്നും കൂടി ചില ഉച്ചന്മാരെയും സ്വീകരിക്കുന്നു. തൈലഗ്യാദിഗണിതത്തിൽ വേറെയും ചിലത് ഉപയോഗിക്കുന്നു. കുജാദിഗ്രഹങ്ങൾക്കു വക്രഗതിയെ കണക്കാക്കുന്നു. ഇവക മാർഗ്ഗങ്ങളെ ഒരോന്ന സൂക്ഷ്മമായി പര്യാലോചിക്കുന്നതായാൽ മുമ്പറഞ്ഞ ഉദ്ദേശം തെററെന്നാണ് എന്റെ വിശ്വാസം.

കെ. വി.

(തുടരും)

ഹിന്ദുമതത്തിന്റെ

ആധുനികാവസ്ഥ.



യൂറോപ്പു മുതലായ ഭൂഖണ്ഡങ്ങളിലെ പൂർവ്വനിവാസികൾ കാട്ടാളനിർവ്വിശേഷം വില്ലും അമ്പും ധരിച്ചു ഘോരാരണ്യങ്ങളിൽ ഇരതേടി നടന്നു വന്യമൃഗങ്ങളേയും ഫലമൂലങ്ങളേയും ഭക്ഷിച്ചു ജീവധാരണം ചെയ്തിരുന്ന പുരാതനകാലത്തുതന്നെ ഇന്ത്യയിലെ ആര്യന്മാരായിരുന്ന നമ്മുടെ പൂർവ്വികന്മാർ മാനസികപരിഷ്കാരം നിമിത്തം എല്ലാവരാലും സ്തുത്യർഹന്മാരായിരുന്നു. ജനനമരണപ്രചോദകമായിരിക്കുന്ന ഈ പ്രപഞ്ചത്തിന്റെ സ്ഥൂലമായും സൂക്ഷ്മമായും ഇരിക്കുന്ന തത്വം എന്ത്? ആ തത്വം ബാഹ്യമായും ആന്തരമായും എങ്ങിനെ ശക്തിയുടെ ആശ്രയത്തിൽ ഇരിക്കുന്നു? ആ ശക്തിയും മനുഷ്യനുമായി വല്ല സംബന്ധവും

ളുണ്ടോ? മനുഷ്യരുടെ ജീവിതംകൊണ്ടുള്ള പ്രയോജനം എന്ത്? ജീവിതത്തെ സഫലമായി കഴിച്ചുകൂട്ടുന്നതിനുള്ള ഉത്തമമായ മാൎഗ്ഗം ഏത്? ഈ വിധം അത്യഗാധങ്ങളായിരിക്കുന്ന വിഷയങ്ങളുടെ തത്വങ്ങളെ കണ്ടുപിടിക്കുന്നതിൽ സദാസമയവും അവരുടെ ബുദ്ധിയെ ഉപയോഗിച്ചുകൊണ്ടിരുന്നു. പ്രകൃതിയുടെ കൃത്രിമമായ രാമണീയകത്താൽ വശീകൃതന്മാരായിരുന്ന ആ പ്രാചീന ഋഷീശ്വരന്മാർ, വളരെക്കാലത്തേക്ക് അവരുടെ തപശ്ശക്തി പുഷ്ടമാക്കിക്കൊണ്ടിരുന്നതിന്റെ ശേഷം, ചരാചരാത്മകമായിരിക്കുന്ന ഈ പ്രപഞ്ചം സൂക്ഷ്മാവസ്ഥയിൽ അനിത്യമാണെന്നും, നിത്യമായും നിൎവ്വികാരമായും ഇരിക്കുന്ന ഒരു പരമാത്മാവിന്റെ ഇച്ഛാമാത്രത്തിനാലാണ് ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെടുന്നതെന്നും, ആ പരമാത്മാവിന്റെ ചൈതന്യം ബ്രഹ്മാദിപിപീലികാപൎയ്യന്തമുള്ള സകലജീവികളിലും ഉണ്ടെന്നും, ജ്ഞാനമാത്രമായ ആ ബ്രഹ്മചൈതന്യത്തിൽ ജീവാത്മാവിനെ ലയിപ്പിക്കുന്നതിനു ശ്രമിക്കുക എന്നുള്ളതാണ് ജീവിതോദ്ദേശ്യം എന്നും, ആ ഉദ്ദേശത്തെ നിറവേറ്റുന്നതിനുള്ള മാൎഗ്ഗം വിശ്വാസം ആണെന്നും അവർ അറിഞ്ഞു. വിശ്വാസത്തെ പ്രബലപ്പെടുത്തുന്നതിനും നമ്മുടെ ജീവിതയാത്ര ആ ദൈവവിശ്വാസത്തിൽ നിന്നും തെറ്റിത്തിരിഞ്ഞുപോകാതെയിരിക്കുന്നതിനും പ്രത്യേകമായി ചില നിബന്ധനകളെ അവർ ഏൎപ്പെടുത്തി. നമ്മുടെ വിശ്വാസത്തിനും കൎമ്മങ്ങൾക്കും അടിസ്ഥാനമായി നിൽക്കുന്ന ആ നിബന്ധനകളത്രെ മതം. എന്നാൽ മതം എന്നുള്ള ലോകമെങ്ങും വ്യാപിച്ചു കാണപ്പെടുന്നു. നാം അധിവസിച്ചുവരുന്ന ഈ ഭൂഖണ്ഡത്തിൽ അനേകരാജ്യങ്ങളും അവിടെയെല്ലാം ജനങ്ങളും ഉണ്ട്. ഏതെങ്കിലും ഒരു മതത്തിൽ ഉൾപ്പെട്ടവരായിട്ടല്ലാതെ മനുഷ്യരെയും കാണുകയില്ല. അതിനാൽ മതം എന്നതു ലോകവൃത്തിയെ ആശ്രയിച്ചിരിക്കുന്നു എന്നു പറയുവാൻ ചില ന്യായങ്ങളും ഉണ്ട്. വൃത്തി രണ്ടുപ്രകാരമാകുന്നു. ഒന്നു മാനസികവും മറ്റൊന്നു കായികവും ആകുന്നു. കായികവൃത്തി ബാഹ്യമായും സ്ഥൂലമായും ഇരിക്കുന്നതാകയാൽ അതിന്റെ അന്യോന്യഗ്രഹണം അത്ര ദുസ്സാധ്യമല്ല. മാനസികവൃത്തി അന്യോന്യഗ്രഹണത്തിനു സാധാരണയായി വിഷയീഭവിക്കുന്നില്ല. അഥവാ ഭവിക്കുന്നുവെങ്കിൽ അതു കായികവൃത്തിയിൽ നിന്നുള്ള അനുമാനം മാത്രമേ ആകുന്നുള്ളൂ. ഒരു ഭൂഖണ്ഡത്തിലോ ഒരു സമുദായത്തിലോ കായികവൃത്തിക്കു പരസ്പരസാദൃശ്യം ഇല്ലാതെ വരുമ്പോൾ അവിടത്തെയോ അവരുടെയോ മാനസികവൃത്തിയെയും, മതവിശ്വാസത്തെയും സംബന്ധിച്ച് ഐകമത്യപ്പെടുത്തി കല്പിക്കുന്നതിൽ സംശയം വരാം. എന്നാൽ ഹിന്ദുമതസ്ഥന്മാരായ ഇൻഡ്യാനിവാസികളുടെ കായികവൃത്തിയും പുരാതനകാലത്തെ അപേക്ഷിച്ചു പരസ്പരസാദൃശ്യമില്ലാതെ വിവിധങ്ങളായ മാറ്റങ്ങളിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നു. അതുനിമിത്തം മതജീവിതത്തിന്റെ കേന്ദ്രസ്ഥാനമായ വിശ്വാസം എന്ന

യത്തിലും പരസ്പരവിശ്വാസത്തിനു മാൎഗ്ഗമില്ലാത്ത നിലയിൽ വന്നു കൂടിയിരിക്കുന്നു. എന്തെന്നാൽ സംവത്സരങ്ങൾക്കു മുമ്പിൽ ഭസ്മം, രുദ്രാക്ഷം, കാഷായവസ്ത്രം, ജട മുതലായവയെ ധരിച്ചു സഞ്ചരിക്കുന്ന ഒരാളെ ഹിന്ദുമതത്തിൽ ഉൾപ്പെട്ട പരമഭക്തൻ എന്നും, ഒരു തൊപ്പി, കോട്ടു, ബൂട്ട്സ്, മുതലായവയും ധരിച്ചു അതുകൂടിയും ഉള്ള ഒരാളെ ഒരു ക്രിസ്ത്യൻ എന്നും വിശ്വസിക്കാമായിരുന്നു. ഇക്കാലത്ത് അങ്ങിനെ വിശ്വസി

ളുന്നതു പരമാനന്ദമായി വരാനാണു്. 'ഉദരനിമിത്തം ബഹുകൃതവേഷം' എന്നു് രസികർ പറഞ്ഞിട്ടുള്ളതുപോലെ, ഭസ്മരുദ്രാക്ഷകാഷായവസ്ത്രാദികളെ ധരിച്ചവരിൽ ചിലർ ഉദരപൂരണാർത്ഥം വേഷമാത്രത്തെ മാത്രമായി സ്വീകരിക്കുന്നവരായും പൂർവ്വമത ലാംഛനങ്ങളെ ധരിച്ചവരിൽ ചിലർ ഹിന്ദുമതത്തിന്റെ സൂക്ഷ്മമായ തത്വത്തെ പൂർണ്ണമായി ധരിച്ചു തന്റെ ജീവിതത്തെ അതുപ്രകാരം കഴിച്ചുകൂട്ടുന്നവരായും ഇരിക്കാം. ഇതു് എന്റെ അനുഭവത്തിൽ വന്നിട്ടുള്ള കഥ വാസ്തവമാകുന്നു. അതുകൊണ്ടു പ്രധാനമായി മാനസികവൃത്തിയെത്തന്നെ ആശ്രയിച്ചിരിക്കുന്ന മതാചാരത്തിന്റെ താല്പാലികസ്ഥിതിയുടെ തത്വത്തെക്കുറിച്ചു യഥാർത്ഥത്തിൽ നിന്നും സ്വല്പംപോലും ഒരാളെ ഉപദേശിക്കു എന്നുള്ളതു് അസംഭവമായിട്ടുള്ളതാണു്. എങ്കിലും 'യഥാശക്തി മഹാഫലം' എന്നുള്ള പ്രമാണത്തെ അനുസരിച്ചു സ്വല്പമായ ചില വിവരങ്ങളെ മാത്രം താഴെ എഴുതിക്കൊള്ളുന്നു.

മതം എന്നുവച്ചാൽ എന്താണു്? മതവും മനുഷ്യനും തമ്മിൽ വല്ല സംബന്ധവും ഉണ്ടോ? ഇതുകൊണ്ടു നമുക്കുള്ള പ്രയോജനം എന്തു്? എന്നുള്ളതിനെക്കുറിച്ചു സ്വല്പം ആലോചിക്കാം. നമ്മുടെ ജീവിതയാത്രയിൽ പുരോഗാമിയായി നിന്നു സുഖകരമായ മാർഗ്ഗത്തെയും അതിൽക്കൂടിയുള്ള സഞ്ചാരസമ്പ്രദായത്തെയും ആ സഞ്ചാരവൃത്തി നിമിത്തം താല്ക്കാലികമായി നമുക്കുണ്ടാകുന്ന സമാധാനസമ്പത്തിനെയും ഈ മാർഗ്ഗമധ്യേ നൈസർഗ്ഗികമായി വന്നുകൂടാവുന്നവയും സൂക്ഷ്മവിവേചനാശക്തിയാൽ ലംഘിക്കപ്പെടാവുന്നവയും സുഖസഞ്ചാരത്തിന പ്രതികൂലികളും ആയ നാനാവിധവിഘ്നസ്ഥാനങ്ങളെയും അവയുടെ സാമീപ്യത്താൽ ആകസ്മികമായി നമ്മെ ബാധിക്കുന്നവയായ ആപത്തുകളെയും സ്വാഭാവികദോഷത്താൽ ആ വിഘ്നസ്ഥാനങ്ങളിൽ അകപ്പെട്ടിരിക്കുന്നവർ അവയിൽ നിന്നും വിട്ടുമാറി സുഖപ്രദാവസ്ഥയിൽ പ്രവേശിക്കുന്നതിനുള്ള മാർഗ്ഗത്തെയും ഈ യാത്രയുടെ ഉദ്ദേശം എന്തെന്നും, ഉദ്ദിഷ്ടസ്ഥാനം എന്തെന്നും, അതിന്റെ സൽഗുണം എന്തുമാത്രം എന്നും അതിനെ പ്രാപിച്ചാൽ ഉണ്ടാകുന്ന ഫലം ഇന്നതെന്നും ആ ഫലം സനാതനമോ നശ്വരമോ എന്നും നമ്മോടു ഉപദേശിച്ചുകൊണ്ടിരിക്കുന്ന ഒരു ഉപദേഷ്ടാവാകുന്നു 'മതം മതം' എന്നു വ്യവഹരിക്കപ്പെടുവന്നതു്. അതുനിമിത്തം മനഃപ്രവൃത്തിയോടുകൂടി മതശബ്ദവും ഇടവിടാതെ സംബന്ധിച്ചുകൊണ്ടിരിക്കുന്നു.

മതം എന്ന പദത്തിന്റെ രൂഢിയായ അർത്ഥം ഇപ്രകാരം പറയപ്പെട്ടപ്രകാരമാണെങ്കിലും ഒരു മാർഗ്ഗത്തെ പല മാർഗ്ഗവന്മാർ എന്നപോലെ ആ അർത്ഥത്തെത്തന്നെ നാനാവിധപ്രകാരേണ രൂപാന്തരപ്പെടുത്തി ഓരോ മാർഗ്ഗക്കാർ ഘോഷിച്ചുവരുന്നതു നിമിത്തം ലോകത്തിൽ ഇപ്പോൾ അനേകവിധ മതങ്ങൾ ഉള്ളതായി വ്യവഹരിച്ചും അപ്രകാരം ആചരിച്ചും വരുന്നു എന്നുമാത്രമല്ല, അവരവരാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന മതം തന്നെയാണു് ശ്രേഷ്ഠം എന്നും സത്യം എന്നും വിശ്വസിക്കുകയും, അന്യമതം നികൃഷ്ടവും അസത്യവും ആകുന്നു എന്നു ദുഷിച്ചു പറയുകയും ചെയ്യുന്നു. 'നിങ്ങളുടെ മതത്തെ ഉപേക്ഷിച്ചു ഞങ്ങളുടെ മതത്തെ സ്വീകരിക്കുവിൻ' എന്നുള്ള പാതിരിമാരുടെ ഉപദേശം തന്നെ ഇപ്പറഞ്ഞ സംഗതിക്കു ദൃഷ്ടാന്തമാണു്. അവർ ഇതിനും പുറമെ ദ്രവ്യവ്യയം കൂടി ചെയ്തുവരുന്നുണ്ടു്. എന്നാൽ ഹിന്ദുക്കൾ അപ്രകാരം ഉപദേശം ന

ങ്ങളുംകൊണ്ടു ധനവ്യയം ചെയ്യേണ്ട ചെയ്യുന്നില്ല. എന്നാൽ അവക്കു കാര്യത്തിനു മുടക്കമെന്നു പറയാം. മനുഷ്യരുടെ ഈ ചാപല്യം എപ്പോഴും ഉണ്ടായിരുന്നതും എപ്പോഴും ഉണ്ടായിരിക്കുന്നതും ആയിരിക്കും. ഈ വക കാര്യങ്ങളെക്കൊണ്ടു മതവും മനുഷ്യജീവിതവും തമ്മിൽ ഒരു സാക്ഷികമായ ഒരു സംബന്ധം ഉണ്ടെന്നും മതം മനുഷ്യരുടെ ഐഹികാമുഷ്മികങ്ങളായ അനേകസംസ്കാരവിഷയോപദേശിയായ അതാതുവിഷയങ്ങളെ മാറ്റുന്ന സൂക്ഷ്മോപദേശം ചെയ്യുന്ന പക്ഷം എല്ലാ മതങ്ങൾക്കും സാമാന്യമായ ഒരു കർത്തവ്യം നിർവഹിക്കുന്നു, അതാതുമതങ്ങൾ സമൂഹത്തിൽ എത്രമാത്രം ആദരവും മതത്തിനു ണ്ടെന്നു അതിൽ ചെറുകഥയും സ്ഥിരീകരി ക്കുന്നും സാധിക്കുന്നതെല്ലാം. എന്നാൽ പ്രകൃതം അനുസരിച്ച് ഹിന്ദുമതത്തെ സംബന്ധിച്ചിടത്തോളം കെട്ടുപിണഞ്ഞ ഒരു സാമ്പ്രദായികമായ എളുപ്പവഴി ഇരിക്കുന്നു എന്നാലോചിക്കാം.

ഹിന്ദുക്കളുടെ വൈദികപാരമ്പര്യത്തിനാധാരമായ സകല സ്വധർമ്മങ്ങൾക്കും കാരണമായതും പ്രപഞ്ചസൃഷ്ടി, സ്ഥിതി, നാശം, കർമ്മകാണ്ഡം, ജ്ഞാനകാണ്ഡം, കർമ്മമാർഗ്ഗം എന്ന തുടങ്ങിയുള്ള അനേകം വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതുമായ ഗ്രന്ഥം വേദം ആകുന്നു. ഋക്, യജുസ്സ്, സാമം, അഥർവ്വം ഇങ്ങനെ വേദത്തെ നാലായി നാം വിഭജിച്ചു വ്യാസൻ എന്ന മഹർഷിയാണ് കാലം മുതൽക്കാണു വേദത്തെ നാലായി തിരിച്ചതു മഹാനായ വേദവ്യാസൻ എന്നുള്ള നാമധേയം അദ്ദേഹത്തിനുണ്ടായതും ഈ അവസരത്തിൽ സ്മരണീയമാണ്. സൃഷ്ടികാലത്തിൽ ബ്രഹ്മചൈതന്യമായ ആ നിർവ്വികല്പബ്രഹ്മത്തിൽ നിന്നു പ്രണവരൂപമായി ഒരു നാദം ഉണ്ടായിരുന്നവന്നും സകല ശ്രുതികളും പദാർത്ഥങ്ങളും ആ നാദത്തിൽനിന്നു പ്രകാശിച്ചുവെന്നും സനാതനധർമ്മപ്രതിപാദകങ്ങളായ ആ ശ്രുതികൾതന്നെ അംഗോപാംഗങ്ങളോടു കൂടി ചതുർദ്ദശവിദ്യാസ്ഥാനങ്ങളായും ഹിന്ദുമതത്തിന്റെ ആകപ്പാടെ സനാതനധർമ്മത്തിന്റെ അടിസ്ഥാനങ്ങളായും തീർന്നിരിക്കുന്നുവെന്നും ഹിന്ദുക്കൾ ശ്രുതികളെ ആദരിക്കുന്നു. ആ സനാതനധർമ്മത്തിനു പ്രവൃത്തി എന്നും നിവൃത്തി എന്നും രണ്ടു ലക്ഷണങ്ങൾ ഉണ്ട്. ആവരണ്ടും വേദാദികളായ ചതുർദ്ദശവിദ്യകളിൽനിന്നും ഗ്രാഹ്യങ്ങളാകുന്നു. യാഗഹോമാദികർമ്മാനുഷ്ഠാനം പ്രവൃത്തിലക്ഷണവും വിഷയവൈരാഗ്യത്തോടുകൂടി ആത്മവിചാരം ചെയ്യുന്നതു നിവൃത്തിലക്ഷണവും ആകുന്നു. ഋക്, യജുസ്സ്, സാമം, അഥർവ്വം ഇങ്ങനെ നാലു വേദങ്ങളും ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ് ഇങ്ങനെ ആറ് അംഗങ്ങളും ന്യായശാസ്ത്രം, ധർമ്മശാസ്ത്രം, അഷ്ടാദശപുരാണം മീമാംസാശാസ്ത്രം ഇങ്ങനെ നാല് ഉപാംഗങ്ങളും കൂടി ചതുർദ്ദശവിദ്യാസ്ഥാനങ്ങളായി തീർന്നിരിക്കുന്നു. ഉപക്രമം മുതൽ മീമാംസാശാസ്ത്രങ്ങൾ പൂർവ്വകാണ്ഡം വരെയുള്ള പഠിക്കുന്ന വിദ്യകളും പ്രവൃത്തിലക്ഷണധർമ്മത്തെയും ഉത്തരമീമാംസയാകുന്ന (ബ്രഹ്മകാണ്ഡം) ഉപനിഷത്തു നിവൃത്തിലക്ഷണധർമ്മത്തെയും നമ്മെ പഠിപ്പിക്കുന്നു. ഇവയിൽ പ്രവൃത്തിലക്ഷണധർമ്മം നമ്മുടെ പൂർവ്വികന്മാരുടെ പ്രകൃതിസിദ്ധമായ രുചിയെ അനുസരിച്ച് അവരാൽ അനുഷ്ഠിക്കപ്പെട്ടുവന്നിരുന്ന കർമ്മങ്ങളുടെ പ്രകാരാന്തരത്തിൽ കുതിച്ചുചാട്ടി നിർമിതം ചെയ്യുന്നവ, യാഗങ്ങൾ, ദാനങ്ങളും മുതലായി അനേകംമാതൃകങ്ങളോടു കൂടി നടന്നുകൊണ്ടിരിക്കുന്നു. എങ്കിലും നിവൃത്തിലക്ഷണമായ സനാതന

ധർമ്മത്തിന്റെ അനന്യസാധാരണമായ ഈ തത്ത്വത്തെ യാതൊരു മതവും പരിഗണിച്ചിട്ടില്ല; പറയുന്നില്ല. എന്നാൽ പ്രകൃതിയുടെ പാരമ്പര്യത്തിന് അധീനന്മാരായി ലോകവ്യാപാരങ്ങളിൽ പെട്ടിരിക്കുന്ന മനുഷ്യജീവികൾക്ക് പെട്ട പ്രവൃത്തിലക്ഷണധർമ്മത്തെയും അവരുടെ ക്ഷേമത്തിനായി ഉപദേശിച്ചിട്ടുള്ള വചനമാണ്.

'നഹി കശ്ചിത് ക്ഷണമപി
ജാതു തിഷ്ഠത്യകർമ്മകൃത്
കാര്യതേ ഹ്യവശഃ കർമ്മ
സർവ്വഃ പ്രകൃതിജൈർഗുണൈഃ' (ഭ. ഗീ)

എന്നുള്ള ന്യായേന പ്രവൃത്തി ലക്ഷണധർമ്മത്തിൽ നിന്നും തെറ്റിയാൽ ക്ഷേമമുണ്ടാകുവാൻ വിചാരിക്കുന്നതു സാധിക്കുന്നു. മനുഷ്യരിൽ സ്വതന്ത്രമായി വളരെ കാലമായി പലതരം പ്രവൃത്തി ലക്ഷണധർമ്മത്തിന്റെ പ്രയോജനങ്ങളെയും പ്രകൃതത്തിന്റെ വിഷയമായിരിക്കുന്ന ഹിന്ദുമതത്തിന്റെ ഈ രംഗത്തിലുള്ള പരിമാണത്തെയും കുറിച്ച് ആലോചിക്കാം.

പ്രവൃത്തി ലക്ഷണധർമ്മത്തെ കർമ്മകാണ്ഡം എന്ന വ്യവസ്ഥാനിയമം. കർമ്മം നിഷ്കാമമെന്നും സകാമമെന്നും രണ്ടു പ്രകാരമാകുന്നു. സകാമകർമ്മം മുമുക്ഷുക്കളാൽ ആചരിക്കപ്പെടുന്ന വൈദികധർമ്മപുരാണങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും പ്രത്യേകം വിവരിച്ചിരിക്കുന്നു. നിഷ്കാമകർമ്മം ആരാലും സ്വീകാര്യമാണെന്നും ഒട്ടെല്ലാ പ്രമാണങ്ങളും ഘോഷിക്കുന്നു. എന്നാൽ ഇതരന്മാരായ പാശ്ചാത്യവിദ്യാഭ്യാസപരിഷ്കാരികൾക്ക്, ഈ നിഷ്കാമയോഗവും കൂടി, കൃഷ്ണവശം, ഭഗവാന്റെ ഗീതയിൽ മുതലായ ഗ്രന്ഥങ്ങളിൽ കാണുന്ന പരിശുദ്ധബുദ്ധിയും തന്മൂലം വലുതായ സന്തോഷമെന്നതും, മറ്റു കർമ്മങ്ങളെ ആശ്രയിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ ഉൾപ്പെടുന്ന വ്യവസ്ഥയിൽ

പ്രവൃത്തികളെ ലോകത്തിൽ വർദ്ധിപ്പിച്ച് മനുഷ്യസമുദായത്തെ പരിഷ്കരിക്കുന്നതിൽ അതിപ്രധാനമായി ശ്രമിച്ചിട്ടുള്ള പ്രധാന സംസ്കൃതഗ്രന്ഥങ്ങളെല്ലാം ഈ സമുദായത്തിലുണ്ട്. അതിൽ സകാമകർമ്മവും നിഷ്കാമകർമ്മവും ഉൾപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെ ഏതു ഘട്ടത്തിലും നിഷ്കാമകർമ്മങ്ങളുടെ അനുഷ്ഠാനക്രമത്തിന്റെ വ്യവസ്ഥയെ കുറിച്ചുള്ള വിവരണങ്ങളും അവക്ക് ഒരു സംഗ്രഹം ഉണ്ടെന്നുള്ളതും ആശ്ചര്യം. മനുഷ്യരുടെ സകല പ്രവൃത്തികളും മനോവികാരത്തെ ആശ്രയിച്ചിരിക്കുന്നു. ആ മനസ്സ് ജീവാത്മാവിന്റെ ചൈതന്യത്താൽ ജീവിക്കുന്നു; ജീവൻ ശരീരത്തിന്റെ ആരോഗ്യത്തെ ആശ്രയിക്കുന്നു. ശരീരം ആഹാരനിദ്രാദികളെ ആശ്രയിക്കുന്നു. ആഹാരാദികൾ ധനാദിവസ്തുക്കളെ ആശ്രയിക്കുന്നു. ധനം കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായ വ്യവസായവൃത്തികളെ ആശ്രയിക്കുന്നു. ആ വൃത്തി വിദ്യാഭ്യാസത്തെ ആശ്രയിക്കുന്നു. വിദ്യാഭ്യാസം നിർദിഷ്ടം ഇങ്ങനെ അവിരാമമായും അനുപ്രവൃത്തിയായും പ്രവൃത്തികളുടെ അവസാനമില്ലാതെ നിൽക്കുന്നു. അതുപോലെ വൈദികധർമ്മാനുസാരികളായ ശാസ്ത്രങ്ങൾക്ക് ഉപയുക്തമായ വിധത്തിൽ കർമ്മങ്ങളും ഉപാസനകളും ചെയ്യുന്നതിനുള്ള രീതി നമുക്ക് നിർദ്ദേശിക്കുന്നു; വിധിനിഷേധങ്ങൾ അറിയുന്നു; വിധിയെ സ്വീകരിക്കുകയും നിഷേധത്തെ ത്യജിക്കുകയും ചെയ്യുന്നു; അതു നിമിത്തം നമ്മുടെ കർമ്മങ്ങൾ നിഷ്കാമമായി ചെയ്യപ്പെടുന്നു; നിഷ്കാമകർമ്മങ്ങൾ മനശ്ശുദ്ധി ഉണ്ടാക്കുന്നു; മനശ്ശുദ്ധിയാൽ ജ്ഞാനം ലഭിക്കുന്നു; ജ്ഞാനം മോക്ഷത്തിനു ആത്മോപാസന ചെയ്യുന്നു; ആ ആത്മോപാസന അനാഗതമായ

പരകാനാരത്തെ പ്രമാണം ചെയ്യുന്നു. അപ്പോഴേ നാം മനുഷ്യജീവിതോദ്ദേശം സാധിച്ചവരായിത്തീരുന്നു. അതുകൊണ്ടു സനാതനധർമ്മമായ വേദവിധി പ്രകാരം നമ്മുടെ ജീവിതയാത്രയെ കഴിച്ചുകൂട്ടുന്നതിന് ഉപയുക്തമായ നിഷ്ഠാകർമ്മത്തിന്റെ അനുഷ്ഠാനത്തിനു പാകമായ വിദ്യാഭ്യാസം ലഭിക്കേണ്ടതു വിശേഷമായി തീരുന്നതല്ലോ.

(തുടരും)

ശിവള്ളി പി. നാരായണൻനമ്പൂരി.

ബ്രഹ്മരക്ഷസ്സ്

പൃഥ്വീന്നിട്ടംവെരികളെല്ലാമിച്ചു
മന്ത്രാണപാൽപ്പ്രഭവത്തിന്മേൽ
പാന്താതിടപ്പൂവിയിരുന്നവച്ചു
വന്താവിശേഷങ്ങളിലൊന്നത്രെ ചൊല്ലാം. ൧

പീഠാതിവിരൻപരിപാലിവച്ചും
പോരാടിവയോട്ടകമൂടിച്ചപോലും
ശോഭാകൃതിബ്രഹ്മണനാമഹസ്താൽ
തീരാതതായ് ത്തീർന്നിട്ടുമായനാട്ടിൽ. ൨

തന്നാട്ടിലുമ്മപ്പട്ടകാച്ചുരാഗം
മൊന്നായ്പവനംപോലെ കീർത്തിയെന്നു
മന്നായഴിച്ചുള്ള ഗതാഗതങ്ങൾ
കൊന്നായ്ജനാംക്രൂരകയാണു ചട്ടം. ൩

താനെന്ത്രതായുർബ്ബടമാസമെത്തു
വന്നെത്തിപോൽബ്രഹ്മണരാക്ഷസൻ താൻ
പിൻതോട്ടത്തിലൂയവനായഴിച്ചു
ചെപണ്ണാരെത്താട്ടമടലോടെതിന്നും. ൪

ഉത്തുംഗനിദ്രായകമ്പോതിരെത്തു
ചെയ്തുള്ളവന്തെല്ലാമതിക്രൂരമായി
കണ്ണെത്തുന്നന്തിയിലും നാട്ടുകാർ
നാട്ടുകൾ പ്രപഞ്ചകളുമൊത്തിരി ൫

രാത്രാവിലെബ്രഹ്മണനാലെ പേരെ
ത്വരിതമായിന്നരുവേഷം
വൈകാതുതിപ്പിച്ചരാക്ഷസനായ
രാത്രായിനാശകിലുമൊന്നുപോലെ. ൬

തോഴർക്കുകപ്പാൻ സ്വപനാകുലിവിട്ടു
കൈകാലുമായ്പ്പാരമതാകുരുതാലു
താമസമായിത്തുടർന്നവശ്ശവച്ചു
ജീവാനുമെല്ലിച്ചിതുരുതാപൻ. ൭

ശാന്തിക്കരിശാലിമംഗളപ്പിടും
ശാന്തിപ്പോരെപ്പോലതത്തൃക്കിടി
പീനതിക്കെട്ടുഭയവിരതാച്ചാർ
മാനികെടിച്ചിട്ടുമവിടന്താൻ. ൮

തമ്പേപ്പട്ടകുളവടത്തിനായി
ഉണ്ണമ്പൊർചട്ടികമ്പോളെത്തുമ്പോൾ
താൻ പച്ചകല്ലാക്കവിള്ളുതിട്ടായി
മുൻപേത്തിവിബ്രഹ്മണരാക്ഷസൻ. ൯

വേദംജപിച്ചും ശിവനാമമൂർത്തിച്ചും
ബോധംനിന്നും പടിയാമപ്പോളിച്ചും
സാധനാടിച്ചും നാമജപ്പിടിച്ചും
ബാധകെടിച്ചും തയിരംകെടിച്ചും. ൧൦

ഉള്ളനോത്ഥാതിരിമിരെത്തിട്ടനാ
തള്ളുരുൾകരെമെതമൊന്നുപോലെ
വെക്കംജയപ്പട്ടമിരുത്തുവീഴ്‌
തങ്കംപിടിച്ചാശങ്ങാളുതിന്നു. ൧൧

വിരസ്യമെന്നേപലമന്ത്രവാദി
വിരക്തിബ്രഹ്മണരാക്ഷസൻ
നേരിട്ടുമാത്രമുട്ടനാട്ടുകാലം
നേരിട്ടതിൽപ്പോവതമൊന്നുമെന്നു. ൧൨

[illegible]
[illegible]
[illegible]
[illegible] ൧൩

[illegible]
[illegible]
[illegible]
[illegible] ൧൪

[illegible]
[illegible]
[illegible]
[illegible] ൧൫

[illegible]
[illegible]
[illegible]
[illegible] ൧൬

[illegible]
[illegible]
[illegible]
[illegible] ൧൭

[illegible]
[illegible]
[illegible]
[illegible] ൧൮

[illegible]
[illegible]
[illegible]
[illegible] ൧൯

[illegible]
[illegible]
[illegible]
[illegible] ൨൦

[illegible]
[illegible]
[illegible]
[illegible] ൨൧

[illegible]
[illegible]
[illegible]
[illegible] ൨൨

[illegible]
[illegible]
[illegible]
[illegible] ൨൩

[illegible]
[illegible]
[illegible]
[illegible] ൨൪

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] ൨൫

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ഒരു കഥ

[illegible]

പരമേശ്വരൻ— [illegible]

സ്ത്രീ [illegible]

[illegible]

സ്ത്രീ— [illegible]

[illegible] 'പരമേശ്വരാ!, പരമേശ്വരാ!' എന്ന വിളി [illegible]

[illegible]

[illegible]

[illegible]

വൃദ്ധ— [illegible]

[illegible]

വൃദ്ധ— [illegible]

[illegible]

വൃദ്ധ— കുട്ടിയുടെ പേര് എന്താണ്?

കുട്ടി— [illegible]

വൃദ്ധ— എവിടേക്കാണ് പോകുന്നത്?

കുട്ടി— [illegible]

വൃദ്ധ— [illegible]

[illegible]

കുട്ടി— [illegible]

വൃദ്ധ— [illegible]

കുട്ടി— [illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

കസ്തൂരി— നിങ്ങൾ എവിടുന്നാണ് വരുന്നത്?
പര— എടപ്പാളുന്നിന്
കസ്തൂരി— [illegible] സ്വന്തം നാട്?
പര— [illegible]

[illegible]

[illegible]

എ. കെ. പി.

മംഗളോദയം
ഫാവ്യന്ന

പുസ്തകം ൩.	ധനുമാസം	ലക്കം ൧.

മംഗളം.

പൃഥ്വതാമിൽവിപുലമായ്‌വിവിധമാംവിജ്ഞാനമാരോപരി.
സ്ഥിരപ്രാഭവമാത്മമാതാനിലയിൽക്കെട്ടുറ്റാനുകൊണ്ടതിനെ
സിദ്ധപ്രകൃതമെപ്രാഗ്യുവജനനാട്ടിൽഇങ്ങണിക്കുവാൻ
ബദ്ധശ്രദ്ധമിന്നഭിമുഖരാമാർക്കെമ്പ്രിംശുഭമേ.

യുവജനം

ലോകത്തിലുള്ള മറ്റുള്ള ജീവികളെക്കാൾ ശ്രേഷ്ഠത മനുഷ്യന്മാരെന്നുള്ളതു നിസ്തർക്കമാണല്ലൊ. വിശേഷബുദ്ധി മുതലായ ഗുണങ്ങളെ ദൈവം സൃഷ്ടിയിൽ തന്നെ മനുഷ്യനു കൊടുത്തിട്ടുള്ളത്, സ്വാതന്ത്ര്യത്തെക്കാൾ മഹത്തായ കാര്യം ഇവരാൽ കർത്തവ്യമായിട്ടുണ്ടെന്നുള്ളതിലേക്ക്, ഒരു നല്ല തെളിവാകുന്നു. ഈ ഉൽകൃഷ്ടജീവിതത്തിന്നാവശ്യമായ എല്ലാ ഉപകരണങ്ങളുടെയും പുഷ്ടിവരുന്ന കാലമാണ് യൗവനം.

മനുഷ്യന് ഇതരജീവികളെക്കാൾ ശ്രേഷ്ഠതയുണ്ടെന്നും, ആ ശ്രേഷ്ഠതയ്ക്കു കാരണം ബുദ്ധിവൈചിത്ര്യമാണെന്നും വന്നതു കൊണ്ടു തന്നെ, മനുഷ്യരുടെ ബുദ്ധിശക്തിയെ അപേക്ഷിച്ചതാണ് ലോകത്തിന്റെ അഭിവൃദ്ധിയും, സുഖിക്കുവാനിരിക്കുന്നതെന്നും, മനുഷ്യസൃഷ്ടിയിൽ ജഗൽകർത്താവിനുള്ള മുഖ്യോദ്ദേശ്യങ്ങളിൽ ഇതുമാതെന്നും, സ്പഷ്ടമാകുന്നുണ്ട്.

എല്ലാകാര്യവും, പ്രത്യേകിച്ചു മഹൽകാര്യങ്ങളും സാധിക്കുന്നതിന്നു, ബുദ്ധിശക്തി പ്രധാനാവശ്യമാണെന്നു തീർച്ചതന്നെ. ആ ശക്തി എന്നാൽ കായികശക്തിയെ അനുസരിച്ചാണിരിക്കുക. ഇതിനെ മനോമയമായ സംബന്ധിച്ചിരിക്കുന്ന കായികമാനസികശക്തികളെ ആശ്രയിച്ചുള്ള ഉത്സാഹശക്തി മാത്രമേ ഉൽകർഷത്തെയുമായിരിക്കുന്നുള്ളു. മേൽകാണിച്ച ശക്തിത്രയത്തിന്റെ സഹായമില്ലാതെയുള്ള ഉൽകർഷം മിക്ക സമയവും മനോരാജ്യത്തിൽ തന്നെ പര്യവസാനിക്കാനേ നിവൃത്തിയുള്ളൂ.

ഈ വിഷയത്തിൽ മറ്റൊ മനുഷ്യന്റെ

യും ജീവിതത്തെ, ഒരു രാജാവിന്റേതിനോടുപമിയ്ക്കാം. ഒരു രാജാവിനു സ്വാതന്ത്ര്യത്തിന്നും, രക്ഷയ്ക്കും ആവശ്യമായത്— പ്രഭുശക്തി— (ധനം, സൈന്യം, ബന്ധുബലം, ആജ്ഞാശക്തി മുതലായത്) മന്ത്രശക്തി— (ഉത്തമമന്ത്രികൾ, കാൎയ്യബോധം, ആലോചനാശക്തി മുതലായവ) ഉത്സാഹശക്തി— (ആപൽധൈൎയ്യം, കൃത്യനിഷ്ഠ, സാഹസശീലം, ഔദാൎയ്യം മുതലായവ) എന്നീ ശക്തിത്രയമാകുന്നു. ഇവയെ അനുസ്യൂതമാക്കി പ്രവൃത്തിക്കുന്ന നൃപൻ, രാജ്യത്തിന്നും, തനിക്കും ഉൽകൎഷമുളവാക്കിത്തീരുന്നു. അതുപോലെ തന്നെ മുൻപറഞ്ഞ കായികം, മാനസികം, ഉത്സാഹം എന്ന ശക്തിത്രയത്തിന്റെ അവിരതസമ്മേളനമാകുന്ന ഒരു ഗ്രാമത്തിന്റെയോ, ജനസമുദായത്തിന്റെയോ, ഒരു രാജ്യത്തിന്റെയോ ഉന്നതിയ്ക്കും നിദാനം.

ഈ ഗുണങ്ങളുടെ യോജിപ്പും, പുഷ്ടിയും ഉണ്ടാവേണ്ടതും ഉണ്ടാവാവുന്നതും പ്രായേണ യുവജനങ്ങളിലാണെന്നും, നിരക്ഷേപമാകുന്നു. അതിനാൽ അവരാകുന്നു ഭാവിയായ ഉൽകൎഷത്തിന്റെയും, സമുദായക്ഷേമത്തിന്റെയും, ലൌകികപരിഷ്കാരങ്ങളുടെയും 'ഉത്തമബീജം' എന്നോ 'വിത്തുകൾ' എന്നോ പറയുന്നതു വാസ്തവവും ഉചിതവുമായിരിക്കും.

യുവജനങ്ങളെന്നോ ചെറുപ്പക്കാർ എന്നോ കേൾക്കുമ്പോൾ, പ്രായം ചെന്നവർ പ്രായേണ ഒരു പുച്ഛരസത്തോടെ നോക്കി ചിരിക്കുന്നതു കാണാം. എന്നാൽ അവരുടെ കഴിഞ്ഞുപോയ ചെറുപ്പത്തെ ഓൎത്തു വ്യസനിയ്ക്കുകയും, ആ കാലത്തെ ഓരോ കൗതുകാവസ്ഥകളെ ഓൎത്തു രസിയ്ക്കുകയും ചെയ്യാത്ത ഒരൊറ്റ വയോധികനെയെങ്കിലും കാണ്മാൻ ഞെരുക്കമാണെന്നുള്ള സംഗതി തന്നെ, യുവജനങ്ങൾക്ക് ഒരു പ്രത്യേകമാഹാത്മ്യമുണ്ടെന്നുള്ളതിന്ന് ഒരു നല്ല തെളിവാകുന്നു.

ഇത്രയും പറഞ്ഞതുകൊണ്ടു മനുഷ്യജീവിതത്തിൽ യുവജനങ്ങൾ ശ്രേഷ്ഠമായ ഒരു സ്ഥാനത്തെയാണലങ്കരിയ്ക്കുന്നതെന്നു ഇവിടെ ചുരുക്കത്തിൽ വിവരിച്ചിട്ടുണ്ടെന്നു വിചാരിയ്ക്കുന്നു.

ഇനി ചെറുപ്പക്കാർ അവരുടെ ഈ സ്ഥാനത്തെ ഉചിതമായിത്തന്നെയാണോ ഉപയോഗിയ്ക്കുന്നതെന്നും അല്പം ആലോചിയ്ക്കുന്നത് അപ്രകൃതമാവാൻ തരമില്ല.

ഈ വിഷയത്തിലേർപ്പെടുന്നവർ പ്രായേണ ഈ ഘട്ടത്തിലെത്തുമ്പോൾ, ഉദ്വേഗത്തോടും വ്യസനത്തോടുംകൂടി, അവരുടെ വിമർശനം മാറുന്നവരുടെ മർമ്മഭേദകമായും ദുസ്സഹവുമായും തീരാതിരിക്കാനാതിനമവേണ്ടി, കഴിയുന്നതും ചുരുക്കിക്കളയുവാൻ നിർബന്ധിതന്മാരാകുന്നുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. പൊതുജനങ്ങളുടെ ഇടയിൽ അവരെപ്പററി ഒരു ദുരഭിപ്രായം തോന്നിച്ചു വെച്ചിട്ടുള്ള യുവജനങ്ങൾ തന്നെയാണ് ഇതിന്നുത്തരവാദികൾ.

ഈ വിഷയത്തിൽ പ്രായേണ യുവജനങ്ങളെ കറപ്പെടുത്തുന്ന സംഗതികൾ പ്രധാനമായി താഴെ പറയുന്നവയാകുന്നു.

ഒന്നാമത്- ആലസ്യം. (സ്വകൃത്യനിൎവ്വഹണത്തിലുള്ള ഉദാസീനത്വം.) ഇതു നിമിത്തം അതാതു കൃത്യങ്ങളെ അതാതവസരത്തിൽ നിറവേറ്റാൻ സാധിക്കാതെയും, ക്രമേണ യാതൊരു കൃത്യങ്ങളിലും ഉദ്ദേശ്യനിൎവ്വഹണശക്തിയും ഇല്ലാതെയും ആയിത്തീരുന്നു. അവനെ ആലസ്യം ഒരു ഭാരമായി തോന്നുന്നു.

[illegible]

വൃദ്ധിമാസാദ്യ [illegible]
[illegible]
[illegible]
[illegible]
[illegible][1]

എന്നുള്ള വാക്യങ്ങളിലടങ്ങിയ തത്വത്തെ ലേശവും ആലോചിക്കാതെ താല്ക്കാലികസുഖത്തിനും ആലോചനാശൂന്യതക്കും വെണ്ടി അലസന്മാരായി കഴിച്ചുകൂട്ടുന്ന ഇവൎക്കാണ് വാൎദ്ധക്യദശയിൽ ചെറുപ്പം വേഗത്തിൽ കഴിഞ്ഞുപോയതിനെ ഓൎത്ത് വ്യസനിപ്പാനിട വരുന്നത്. പ്രത്യുത—യൗവനത്തിൽ കൃത്യനിഷ്ഠയോടും ശ്രദ്ധയോടും കൂടി, നേരിടുന്ന എല്ലാ തടസ്ഥങ്ങളോടും മല്ലിട്ട ജയിച്ച്, സാമൎത്ഥ്യങ്ങളെ ഉത്തമരീതിയിൽ നിൎവ്വഹിക്കുന്നവൎക്ക്, വാൎദ്ധക്യത്തിൽ തൃപ്തിയെയും ആനന്ദത്തെയും അനുഭവിച്ചുകൊണ്ടും, തങ്ങളുടെ ആയുഷ്കാലത്തെ കഴിയുന്നതും ലോകോപകാരികളാക്കിത്തീൎത്തിട്ടുണ്ടെന്ന സമാധാനപ്പെട്ടും, പ്രകൃതി വിലാസങ്ങളെ കണ്ടു രസിക്കുന്നതിനല്ലാതെ, ഒരിക്കലും പശ്ചാത്താപത്തിന്നിടയാകുന്നതല്ല. വാൎദ്ധക്യത്തിനനുസരിച്ചുള്ള ക്ഷീണമോ ഉത്സാഹക്കുറവോ അവരെ ക്രമത്തിലധികം ബാധിച്ച്, ജീവിതം ഒരു ഭാരമാണെന്നുള്ള വിചാരത്തിന്നു വഴിയാക്കുന്നില്ല.

രണ്ടാമത്— മേൽപറഞ്ഞ ദോഷത്തിന്നു സമമായും വാസ്തവത്തിൽ അതിനെക്കാൾ ദോഷകരമായുമിരിക്കുന്ന ഉന്മേഷം —അല്ലെങ്കിൽ തന്റെ മനോനം, സ്ഥിതി ഇവയെ ഉള്ളതിലധികമായി വിചാരിച്ച് ഉന്മേഷിക്കുന്ന സ്വഭാവം ആകുന്നു. ഇത് അഹംഭാവത്തിന്റെ ഒരു വകഭേദം മാത്രമാണ്. ഇതു ചെയ്യുന്ന അനൎത്ഥത്തിന്നു കണക്കില്ല. മറ്റുള്ള ദോഷങ്ങൾ എത്രതന്നെ ഉണ്ടായാലും ഒന്നു ക്ലേശിച്ചാൽ ഒരുവനെ നന്നാക്കിത്തീൎക്കാൻ സാധിക്കും. അഹംഭാവികാരം നേരെയാവാനാണ് പ്രയാസം. ഈ വകക്കാരുടെ അറിവും വിചാരവും തന്നെയാണ് ശരി എന്നുള്ള ബോധം ഇവരെ ശരിക്കപ്പോ വിടുന്നില്ല. അതു നിമിത്തം,

[illegible],
[illegible],
[illegible]
[illegible][2]

എന്നുള്ള നീതിവാക്യത്തെ ആലോചിക്കാതെ, ഇതരന്മാരോടുപദേശിക്കുവാൻ പുറപ്പെടുന്നവരുടെ യത്നം പലപ്പോഴും കുടം കമിഴ്ത്തി വെച്ചു വെള്ളം ഒഴിക്കുന്നതുപോലെ നിഷ്ഫലമായിത്തീരുന്നതിൽ ഒട്ടും ആശ്ചൎയ്യപ്പെടുവാനില്ലെങ്കിലും ധാരാളം വ്യസനിക്കുവാനവകാശമുണ്ട്.

മൂന്നാമത്— അല്ലെങ്കിൽ അവസാനമായി കവിഞ്ഞുള്ള ആഡംബരപ്രസക്തി— ഇതിനെ ഈ ലേഖനത്തിന്ന് ഒരു സംബന്ധമായും, അതിന്റെ ഒരു ബാഹ്യചിഹ്നമായും വിചാരിക്കാം. ചെറുപ്പക്കാരുടെ ഒരുങ്ങുള്ള ഭ്രമങ്ങൾക്ക് ഇതു സാമാന്യത്തിലധികം പുഷ്ടി വരുത്തുന്നതാണ്.

യുവജനങ്ങളെ പലപ്പോഴും ആക്ഷേപപാത്രങ്ങളാക്കിത്തീൎക്കുന്ന സ്വഭാവങ്ങളിൽ ഒട്ടും നിസ്സാരമല്ലാത്തതാകുന്ന പരിഷ്കാരഭ്രമം— ഇത് ഒരു ദോഷം തന്നെയെന്നാണ് പറയേണ്ടത്. കാലത്തിനും സ്ഥിതിക്കും അനുസരിച്ച് ആകൃതിക്കു ചില ഭേദഗതി വരുത്തേണ്ടത് അത്യാവശ്യം തന്നെ. അത് അവരവരുടെ സൌകൎയ്യത്തെ അപേക്ഷിച്ച് രാജ്യത്തിൽ പല വിധത്തിലായിരിക്കുവാനുള്ളതാകുന്നു. അതിൽ ആരും ഒരിക്കലും എതിൎപ്പെടുത്തുവാനുണ്ടെന്നും തോന്നുന്നില്ല. എന്നാൽ— ആ ആകൃതിയെക്കൊണ്ടുമാത്രം പരിഷ്കൃതന്മാരായിത്തീരുന്ന പല ചെറുപ്പക്കാരെയും കാണാ

നിടയുള്ളതെന്നു പ്രസ്താവിക്കാതിരിപ്പാൻ നിവൃത്തിയില്ല. വാസ്തവത്തിൽ— പരിഷ്കാരം എന്നുവെച്ചാൽ വിദ്യാഭ്യാസം മുതലായതുകൊണ്ടു സിദ്ധിക്കുന്ന മാനസിക പരിഷ്കാരമെന്നും, ബാഹ്യങ്ങളായ പരിഷ്കാരങ്ങൾ അതിനെ മോടി പിടിപ്പിക്കുവാൻ മാത്രമേ ഉപകരിക്കുന്നുള്ളുവെന്നും, മാത്രമാണ് ഈ മതിരിക്കാരോടുപദേശിക്കുവാനുള്ളത്. മാനസികപരിഷ്കാരം കേവലം സിദ്ധിക്കാത്ത ഒരുവന്റെ പരിഷ്കാരമോടികൾ വിരൂപമായ ദേഹത്തിൽ അണിഞ്ഞ ആഭരണങ്ങളെപ്പോലെയോ, ശവം മൂടപ്പെട്ട അലങ്കാരപ്പെട്ടിയോ ആകുന്നു. വില്ലന്മാരെ പകിട്ടിയാക്കാമെങ്കിലും, അടുത്തു സൂക്ഷ്മമായി പരിശോധിക്കുമ്പോൾ കേവലം പുറത്തെ യിപ്പോവുന്നതിനൊപ്പമാണ്. അപ്പോൾ ഇവർ പരിഷ്കൃതന്മാരുടെയും സാധാരണന്മാരുടെയും പരിഹാസത്തിന്ന് ഒരുപോലെ പാത്രമായി തീരുന്നതും അസാധാരണമല്ല.

ഈ ലോകം നശ്വരവും സ്വപ്നതുല്യമിഥ്യവുമാകുന്നു. അതിന്റെ ഗതി ഗഹനമായിരിക്കുന്നു. ഇതിൽ മനുഷ്യജന്മം സുകൃതമാത്രസിദ്ധവും ദുർല്ലഭവുമാകുന്നു. സമയം ക്ഷണപ്രഭാചഞ്ചലവും, ജീവകാലം ക്ഷണഭംഗുരവുമാണ്. ഇങ്ങിനെ യുവാവായി നാനാവ്യവസായങ്ങളിലും ഐഹികങ്ങളായ താൽക്കാലിക സുഖങ്ങളിലും മുഴുകി ലോലനായി കഴിഞ്ഞുകൂടുന്നവനെ, നാമൊരു വങ്കഭ്രാന്തനായും നിരുത്സാഹനായും കാണാം. ഈ ചാഞ്ചല്യ കാലത്തിനിടക്ക് ഒരുവന്നുണ്ടാവുന്ന സുഖദുഃഖങ്ങൾ മിക്കവാറും അവന്റെ പ്രവൃത്തികളെ ആശ്രയിച്ചു തന്നെ ഉത്ഭവിക്കുന്നവയാകുന്നു. ലോകത്തിൽ നടക്കുന്ന യാതൊരു കാര്യവും കാര്യകാരണസംബന്ധത്തെ അതിക്രമിക്കുന്നില്ലെന്നുള്ളതുകൊണ്ടു തന്നെ, ഒരുവന്നു വർത്തമാനകാലത്തിലുണ്ടാവുന്ന സുഖദുഃഖാവസ്ഥകൾ ഭൂതകാലത്തിലെ പ്രവൃത്തികളുടെ ഫലമാണെന്നും, അപ്പോഴത്തെ കർമ്മങ്ങളുടെ ഫലമാണ് ഭാവികാലത്തിൽ അനുഭവിക്കാനിടവരുന്നതെന്നും സ്പഷ്ടമാവുന്നുണ്ടല്ലോ. ജീവിതകാലത്തെ ധർമ്മനിഷ്ഠമായി കഴിച്ചുകൂട്ടുന്നതിൽ ആരും അനാസ്ഥയുണ്ടാവാൻ തരമില്ല. എന്നതുകൊണ്ടുതന്നെ സുഖജീവിതത്തിനാവശ്യമായതു ശ്രമിക്കേണ്ടതെന്നും വരുന്നു, സുഖം എന്നത്, സത്കൃത്യങ്ങളെ ശരിയായി നിർവ്വഹിച്ചിട്ടുണ്ടെന്നുള്ള കൃതകൃത്യതയും, തൽഫലത്തെ അനുഭവിക്കുന്നതിൽ നിന്നു മനസ്സിന്നുണ്ടാവുന്ന ആഹ്ലാദവും തന്നെ.

പ്രധാനമായി അസംതൃപ്തി, അസൂയ തുടങ്ങി ദുർഗ്ഗുണങ്ങളാകുന്ന ഇതിന്റെ വിരോധികൾ. മേൽപറഞ്ഞ ദുർഗ്ഗുണപിശാചികളുടെ അധീനത്തിൽ പെടാതെ സുഖമായി ജീവിക്കാനുള്ള മാർഗ്ഗമാലോചിക്കുന്നതു ആവശ്യാവസരമാകുന്ന ഭയാവഹമാകുന്നു.

ഈ ലോകം മുഴുവൻ ഒരു രംഗഭൂമിയാണെന്നും, ഇതിലെ നിവാസികൾ അതിൽ മാറിമാറി നാടകങ്ങളിലഭിനയിക്കുന്ന വിവിധ നടന്മാരാണെന്നും വിചാരിക്കുക. അതല്ലെങ്കിൽ— ഈ ലോകത്തെ ഒരു യുദ്ധഭൂമിയായും, ലോകയാത്രയെ പലതരത്തിലുള്ള അനവധി അപകടസൈന്യങ്ങളോടു നേരിടേണ്ടി വരുന്ന ഒരു ഭയങ്കര യുദ്ധമായും സങ്കല്പിക്കുക. യുക്തമായത ആ നാടകത്തിൽ പല വേഷവുമെടുത്തു പല ഭാഗവും ഭംഗ്യും നടിപ്പാൻ അഭ്യസിക്കുന്ന നടന്മാരാണെന്നോ, ലോകയാത്രായുദ്ധത്തിലേർപ്പെട്ടു കഷ്ടപ്പെടുന്ന ഭടന്മാരാണെന്നോ വിചാരിക്കുക.

ഭാവിയിലിരിക്കുന്ന അവരുടെ അഭിനയം കാണികൾക്ക് രസപ്രദമായും ലോകയാത്ര ജയമായും കലാശിക്കുന്നത്, ആത്മ

ഞത അഭ്യാസത്തിന്നനുസരിച്ച മാത്രമാണ്. ഈ ലോകനാടകത്തിൽ കിട്ടുന്ന നല്ല പേരും, ലോകയാത്രയിൽ കിട്ടുന്ന ജയവും ആണല്ലോ 'സംതൃപ്തി' എന്നും 'സുഖം' എന്നും മറ്റും പറയുന്നത്. ഇതിന്റെ പരമാവസ്ഥയിലുള്ള ഒരു വികാരം തന്നെയാകുന്നു വേദാന്തികൾ 'മോക്ഷം മോക്ഷം' എന്ന വ്യവഹരിച്ചു വരുന്നതും. അതിനാൽ ഇതിനെയെല്ലാമുള്ള ആയുസ്സാലത്തെ സുഖമാക്കിത്തീർക്കാൻ ശ്രമിക്കുന്നുണ്ടെന്നു മുഖ്യമായതും യോഗ്യമായശയമാകുന്നു എന്ന വെളിപ്പെടുന്നു.

ഇനി ആലോചിപ്പാനുള്ളത്, ധൈര്യനാമം ജീവിതത്തെ സുഖകരവും ലോകോപകാരപ്രദമാക്കിത്തീർക്കുന്നതെങ്കിൽ ഏതുവിധമാണ് വർത്തിക്കുന്നത് എന്നതിനെപ്പറ്റിയാണ്.

ഒരു രാജാവിന്റെ പ്രഭുശക്തി മുതലായവയുടെ ഫലം പൂർണ്ണമായും നിസ്സംശയമായും അനുഭവിക്കുന്നമെങ്കിൽ സന്ധി, വിഗ്രഹം മുതലായ ചില ഗുണങ്ങളുടെ ആവശ്യം ഒഴിച്ചുകൂടാത്തിരിക്കുന്നു. എന്നതുപോലെ തന്നെ ഒരുവന്റെ കായികശക്തി മുതലായ ശക്തിത്രയത്തിന്റെ ഫലവും പൂർണ്ണമായും നിർബ്ബാധമായും അനുഭവിക്കുന്നമെങ്കിൽ ചില ഗുണങ്ങൾ അവശ്യം ഉണ്ടായിരിക്കണം.

അവയിൽ പ്രധാനസ്ഥാനത്തെ അർഹിക്കുന്നതാകുന്നു ധൈര്യം. ഒരു ശാന്തശീലൻ അവർ ഏർപ്പെടുന്ന കാര്യങ്ങളിൽ വരാവുന്ന വിഘ്നങ്ങളെ തടുക്കുന്നതിനുള്ള ഉപായങ്ങളെ കൂടി ആലോചിക്കുകയും, അതിനെ ആ കൃത്യത്തിൽ വരാവുന്ന തടസ്ഥങ്ങളെല്ലാം നീക്കിയതിനു ശേഷം അധികം താമസം കൂടാതെ സാധിക്കുമെന്ന കണ്ടാൽ ഉത്സാഹത്തോടെ യത്നിച്ച ഫലം നേടുകയും ചെയ്യുന്നു. എന്നാൽ ഈ ഗുണം ഇല്ലാത്തവർ വല്ല കാര്യങ്ങളിൽ സാഹസമായി ഏർപ്പെടുകയും, ഉപായത്തെക്കുറിച്ചന്നെ അപായവും ചിന്തിക്കാത്തതു നിമിത്തം, ഇച്ഛാഭംഗത്തോടുകൂടി പിന്മാറേണ്ടിവരികയും, അതു നിമിത്തം മേലിൽ പല കാര്യങ്ങളിലും ഏർപ്പെടുന്നതിന് അധീരനായിപ്പോകുകയും ചെയ്യുന്നു. എന്നു തന്നെയല്ല ഒരു സാഹസികൻ ആലോചന കൂടാതെ പലതിലും ഏർപ്പെടുകയും, അപായചിന്ത ചെയ്യാത്തതിനാൽ ഒടുവിലും ധൈര്യവും മനസ്സമാധാനവും ഇല്ലാതെ ഉഴലുകയും ചെയ്യുമ്പോൾ, ശാന്തശീലൻ തന്റെ കാര്യത്തിലുള്ള വിഘ്നങ്ങൾക്ക് പ്രതിവിധി കണ്ടുപിടിച്ചിരിക്കയാൽ സാധിക്കുമെന്നുള്ള ഉത്സാഹം, തന്മൂലം എപ്പോഴും ധൈര്യത്തോടും, മനസ്സമാധാനത്തോടും കൂടിയിരിക്കുന്നു.

ക്ഷമാഗുണത്തെ ആശ്രയിച്ചിരിക്കുന്ന ഇതു, ലൌകിക കാര്യങ്ങളിൽ ഏർപ്പെടുന്നവർക്കു മുഖ്യമായി വേണ്ടുന്നതായ ഒരു ഗുണമാകുന്നു സഹനശീലം. ഈ ഒരു ഗുണത്തിന്റെ അഭാവം നിമിത്തം പലരും പല കാര്യങ്ങളിലും ഏർപ്പെടാതെ തന്നെ കഴിയുന്നുണ്ട്. ഇവർ ഒരോന്നിനെ ശ്രമിക്കുന്നതിനു മുമ്പേ തന്നെ അതിൽ വരാവുന്ന ആപത്തുകളെപ്പറ്റി ആവശ്യത്തിലധികം ശങ്കിക്കുകയും, അപകടങ്ങളെങ്കിലും സഹിക്കുന്നതിന്ന ശക്തിയില്ലാത്ത അല്ലെങ്കിൽ ശക്തിയില്ലെന്ന വിചാരിച്ച്, മനോരാജ്യത്തിൽ തന്നെ പിന്മാറുകയും ചെയ്യുന്നു. ഈ സ്വഭാവം അലസത എന്ന നാശകരവ്യാധിയുടെ ഒരു പോഷകദ്രവ്യമായി തീരുന്നു സാധാരണയാണ്. എന്നാൽ ഈ സഹനശീലമുള്ളവരാകട്ടെ—

'കചിത്കഃപൃത്ഥ്വീശയ്യഃ കചിദപി ച പര്യങ്കശയനഃ,
കചിച്ഛാകാഹാരീ, കചിദപി ച ശാല്യോദനരുചിഃ
കചിൽകന്ഥാധാരീ, കചിദപി ച ദിവ്യാംബര-
ധരോ
മനസ്വീ കാര്യാർത്ഥീ ഗണയതി ന ദുഃഖം ന ച സുഖം.'

എന്നു പറഞ്ഞ മാതിരി ക്ലേശങ്ങളെ ഗണ്യമാക്കാതെ കാര്യം നേടുന്നു.

സ്വാത്മമാഹാത്മ്യം ഈ വിഷയത്തിലും ഒട്ടും അപ്രധാനമല്ലാത്തതാകുന്നു. ഏതൊരു കൃത്യത്തിലും സ്വാത്മവിചാരം കടന്നു കൂടിട്ടുണ്ടെങ്കിൽ അവന്നു ക്ഷമയും, സഹനശീലവും തീരെ ഉണ്ടാവാൻ തരമില്ല. അതു നിമിത്തം കാര്യസാദ്ധ്യത്തിന്നും പല ദോഷങ്ങളും സംഭവിക്കുന്നതുമാകുന്നു. എന്നു തന്നെയല്ല ഒരു ഉദ്യമത്തിന്റെ ഫലം മുഴുവൻ സ്വകീയമായി തീരണമെന്ന പ്രയത്നം. ഒരു ദാനത്തിൽ പങ്കു കൊള്ളുവാനോ, അതിനെ കൊണ്ടാടുവാനോ, ആളുകളും ചുരുങ്ങും- ലോകം മുഴുവൻ തന്റെ ശത്രുക്കളാണെന്നായിരിക്കും ഈ അവസ്ഥയിൽ അവന്റെ വിചാരം. ഈ സ്വാത്മവിചാരത്തിന്റെ ഒരു പരിണാമമോ പരമാവസ്ഥയോ ആകുന്നു 'അസൂയ' എന്നു പറയുന്നതായാൽ ശരിയായിരിക്കാം.

മേൽപറഞ്ഞ സ്വാത്മമാഹാത്മ്യത്തിനെ നിലനിറുത്തുന്നതും, എല്ലാവിധ ദോഷങ്ങളേയും ക്ഷമയോടെ സഹിക്കുന്നതിനു സഹനശീലവും മനസ്ഥൈര്യവും നൽകി നമ്മുടെ ഉദ്യമങ്ങളിൽ സഹായിക്കുന്നതുമായ ഒരു പ്രധാനഗുണമാകുന്നു സമഭാവന.

ഈ ഗുണത്തിന്റെ ശക്തിയാൽ ഒരുവന് തനിക്കോ അന്യർക്കോ സംബന്ധിച്ച് എല്ലാകൃത്യങ്ങളിലും ഏർപ്പെടേണ്ടതായ ധൈര്യവും, അതിനു വേണ്ടിവരുന്ന എല്ലാവിധം വൈഷമ്യങ്ങളേയും സഹിക്കുന്നതിനു സഹനശീലവും, ക്ഷമയുമുണ്ടാകയും, ഉദ്ദിഷ്ടഫലം അനായാസേന കരസ്ഥമാകയും, ലോകത്തു സുഖമായി ജീവിക്കുന്നതിനിടവരികയും ചെയ്യുന്നതാകുന്നു.

ഈ വക ഗുണങ്ങളെ സമ്പാദിക്കാൻ ശ്രമിക്കയാകുന്നു ഒരു ബാലന്റെ കൃത്യം. ഇവയെ സമ്പാദിച്ച് നിലനിർത്തി, പോഷിപ്പിച്ച്, ലോകോപകാരമാക്കി തീർക്കുകയാകുന്നു ഒരു യുവാവിന്റെ കർത്തവ്യകർമ്മം.

ഈ കർത്തവ്യകർമ്മങ്ങൾ അറിവാനും, അതിനെ നിർവഹിക്കുന്നതിലുള്ള ഉത്സാഹവും, ശക്തിയും, ഉൽകൃഷ്ടവിദ്യാഭ്യാസം കൊണ്ടുണ്ടാവേണ്ടതാകുന്നു. എന്നു പറഞ്ഞതുകൊണ്ടുതന്നെ 'വിദ്യാഭ്യാസ'മെന്നും അതിന്റെ 'ഉദ്ദിഷ്ടഫല'മെന്നും പറയുന്നതു മേൽപ്പറഞ്ഞ ഗുണങ്ങളുടേയും കർത്തവ്യകർമ്മങ്ങളനുഷ്ഠാനത്തിന്റെയും സമ്പാദനമാണെന്നും പറഞ്ഞു കഴിഞ്ഞു.

അല്ലാതെ കേവലം ഒന്നോ അധികമോ ഭാഷകളിലുള്ള ചില പുസ്തകങ്ങളെയും പാഠപുസ്തകങ്ങളെത്തന്നെയുമോ പഠിച്ചതുകൊണ്ടുമാത്രം ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചിരിക്കുന്നതായി വിചാരിപ്പാൻ പാടില്ല.

പാഠശാലകളിലെ ഗ്രന്ഥങ്ങളിൽനിന്ന കിട്ടുന്ന അറിവു നിസ്സാരമെന്നല്ല പറയുന്നത്. അവ മാത്രം വിഷയങ്ങളിൽ ശാസ്ത്രീയമായി ഉണ്ടാവേണ്ടുന്ന ജ്ഞാനത്തെ തരുന്നു. അതു മുഖ്യാവശ്യംതന്നെ. പക്ഷെ അതുകൊണ്ടു തൃപ്തിപ്പെടരുത്.

'ആശാന്റെ സർവ്വ ചെലവുമായ്
ലോക [illegible]
അനേക [illegible] ഒരു വാക്കും
[illegible] പാഠികകൾ'

എന്നാണ് ലോകതത്ത്വനിപുണനായ ഒരു മഹാൻ പറഞ്ഞിരിക്കുന്നത്. ലോകം ഗ്ര

സ്ഥലങ്ങളിൽ നിന്നു കിട്ടിയ ജ്ഞാനത്തിന്റെ പ്രയോഗപരീക്ഷാസ്ഥാനമാണ്. അതുവിശേഷമാണ് അതിന്റെ വില മതിക്കപ്പെടുന്നത്. ശാസ്ത്രീയമായ ജ്ഞാനത്തെ ലൌകികമായ ജ്ഞാനത്തോടും, നിത്യാനുഭവത്തോടും സംഘടിപ്പിക്കുന്നതിലാണ് അതു കാതി ത്സരോദിക്കുന്നതു്, പുതിയ മാതിരി തത്വങ്ങളുടെ ജ്ഞാനം ഉദിക്കുന്നതും. ലോകത്തിലുള്ളതിൽ എറ്റവും വലിയ ഉപദേഷ്ടാവു പ്രകൃതിതന്നെയാണ്.

ഈ ലോകത്തിലെ ചരാചരങ്ങളും, നിത്യാനുഭവത്തിൽ വരുന്ന സംഗതികളും തന്നെയാണ് പ്രകൃതി എന്നുവെച്ചാൽ.

ഈശ്വരന്റെ മഹിമാവിലാസമായ ഈ പ്രകൃതിയുടെ വിദ്യാപാഠശാല വിശിഷ്ടമാണ്, വിദ്യുച്ഛക്തി മുതലായ ഓരോ ശില്പശക്തികൾ മനുഷ്യരുടെ കൃത്യനിർവ്വഹണത്തിനു പരികരികളായതെന്നാലോചിക്കുമ്പോൾ പ്രകൃതിയുടെ മാഹാത്മ്യം വെളിപ്പെടും.

ആകാശത്തിൽ നിന്നു് തെളുതെളെ വെള്ളം വീഴുന്നതായി നാം കാണുന്നു. അതു് അങ്ങിനെതന്നെ ഒരു പുല്ലിൽ പോയി വീണു എന്നു വിചാരിക്കുക. അതുകണ്ടാൽ ഒരു പ്രകൃതിശാസ്ത്രജ്ഞൻ ഇതിന്റെ ആകർഷണശക്തിമുതലായ തത്വങ്ങളെപ്പറ്റി ആലോചിപ്പാൻ തുടങ്ങുന്നു. ഒരു വേദാന്തി അതിന്റെ അവിടത്തെ ശാശ്വതമല്ലാത്ത സ്ഥിതിയെക്കണ്ടു് അതിനെ മനുഷ്യജീവിതത്തിന്റെ നിസ്സാരതയെ ഉപമിക്കുന്നതിനായി ഉപയോഗപ്പെടുത്തും. അല്ലെങ്കിൽ ഒരിക്കൽ നീരാവിയായിരുന്ന അതു ജലമായി പരിണമിച്ചു മറു ജലാംശത്തോടു ചേർന്നു വർദ്ധിക്കുകയും, വീണ്ടും നീരാവിയായി മാറുകയും ചെയ്യുന്നതിനെ പറ്റി ആലോചിച്ചു്, പ്രാപഞ്ചികാവസ്ഥയോ ആത്മഭേദാത്മഭാവങ്ങളെയോ ഉപമിപ്പാൻ തുടങ്ങും. ഒരു കവി പച്ചപ്പുല്ലിൽ വെച്ച മുത്തുമണിയാണെന്നോ മറ്റോ ഉൽപ്രേക്ഷിച്ചു അലങ്കാരസമൃദ്ധിയെ കാണിപ്പാൻ നോക്കും. ഇങ്ങിനെ ഓരോ വിഷയത്തിൽ അഭിനിവേശമുള്ളവർ അതാതിനനുസരിച്ചു ജ്ഞാനത്തെ, മേൽപറഞ്ഞ ഒരു തുള്ളിവെള്ളം കൊണ്ടു സമ്പാദിക്കാൻ ശ്രമിക്കുന്നു. എന്നാൽ ഒരു സ്വസ്ഥനായ കുട്ടി അതപ്പുറത്തിൽ ഒരു നിമിഷ ഷി ഇതിൽ യാതൊന്നും തന്നെ കാണുന്നില്ല. എല്ലാതത്വജ്ഞാനികളും കവികളും എന്നുവേണ്ട അതാതുവിഷയത്തിൽ പ്രസിദ്ധി നേടീട്ടുള്ള എല്ലാവരും ഈ പ്രകൃതിവിലാസത്തിന്റെ സഹായം നിമിത്തമാണ് ആ നിലയിലെത്തീട്ടുള്ളതെന്നു നിശ്ചയമാകുന്നു.

പുസ്തകങ്ങളിൽ നിന്നു കിട്ടുന്ന ശാസ്ത്രീയമായ അറിവിനെക്കാൾ പലപ്പോഴും പ്രകൃതിയെ സംബന്ധിച്ചുള്ള ഉപദേശങ്ങൾ ശക്തികൂടിയവയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

പക്ഷെ ഇപ്പോഴും ഉൽകൃഷ്ടനിലയിൽ എത്തീട്ടുള്ളവരുടെ ഇടയിൽ, ശാസ്ത്രീയമായ വിദ്യാഭ്യാസത്തിനു പുറമെ പ്രകൃതിബോധം മുതലായവയെക്കൊണ്ടു ലൌകികമായ ജ്ഞാനം സമ്പാദിക്കുവാൻ ശ്രമിക്കുക ഒരു പ്രധാനകൃത്യമായിട്ടാണ് വെച്ചിട്ടുള്ളതെന്നും പറയേണ്ടതില്ലല്ലൊ.

പൌരാണികകാലത്തെ തീർത്ഥയാത്രകളുടെയും മറ്റും പ്രധാനോദ്ദേശ്യവും ലൌകികജ്ഞാനസമ്പാദനമായിരിക്കണമെന്നു വിചാരിക്കുന്നതിൽ വല്ല അബദ്ധമുണ്ടെന്നു തോന്നുന്നില്ല.

അതിനാൽ ശാസ്ത്രീയമായും ലൌകികമായും ഉള്ള വിദ്യാഭ്യാസം കൊണ്ടു കർത്തവ്യജ്ഞാനം സിദ്ധിച്ചു ജീവിതത്തെ

അവരവരും മാതൃഭൂമിക്കും ഉപകാരകന്മാരാകുന്നതാണ് യുവജനങ്ങളുടെ കർത്തവ്യകർമ്മം. ഈ കർത്തവ്യകർമ്മത്തെ നന്നാക്കിത്തീർക്കുന്നവർ വാർദ്ധക്യത്തിൽ യൗവ്വനക്ഷയത്തെപ്പററി പശ്ചാത്താപത്തിനും കഷ്ടത്തിനും ഇടവരുന്നതല്ല. അവരവരും തങ്ങളുടെ സമുദായത്തിനും സ്വരാജ്യക്കാരും ഉൽകർഷത്തിനും, അഭിമാനത്തിനും ഹേതുവായിത്തീരുകയും ചെയ്യും.

ഈ വിഷയത്തെപ്പററി ഇതുവരെ പറഞ്ഞത് ഒരു ഇംഗ്ലീഷുകവി ഒരവസരത്തിൽ ഒരു യുവാവിനു കൊടുത്ത ഏതാനും ഉപദേശശ്ലോകങ്ങളുമായി ചേർത്ത ഈ ഉപന്യാസത്തെ ഉപസംഹരിക്കാം.

'ചിന്തയില്ലാതെ ചിലപ്പോഴൊരു വാക്കു, ചില
കാര്യങ്ങളും ചെയ്യുകയെന്നുള്ള-
ളുണ്ടാകുമെന്നാകിലതുമാതിരിയല്ലാ-
തുള്ളതെല്ലാം
നിന്നുടെ ബുദ്ധിയിലുള്ളതു ശരിയാകണമെന്നു
ഞാനാശിക്കുന്നു
വേണ്ടതെല്ലാം ചെയ്യുവാൻ നിനക്കു നല്ല
ശക്തിയുണ്ടാകട്ടെ.

ആശ്വാസപ്രദമായ നന്മകൾ നിനക്കുണ്ടാകട്ടെ
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]'

ചി. കേശവമേനോൻ.

കേളികേട്ട നമ്പൂതിരിമാർ

ഈ തലവാചകത്തിൽ കവികൾ, പണ്ഡിതന്മാർ, അദ്ധ്യാത്മികൾ, രാജ്യതന്ത്രജ്ഞന്മാർ, മന്ത്രവാദികൾ, വൈദ്യന്മാർ, ജ്യോത്സ്യന്മാർ, തപസ്വികൾ, പരമഹംസന്മാർ ഇങ്ങിനെ പലവിധത്തിലും പ്രസിദ്ധി നേടിയ നമ്പൂതിരിമാരുടെ ചുരുങ്ങിയ വിവരങ്ങളെങ്കിലും കഴിയുന്നേടത്തോളം ശേഖരിച്ചു പ്രസിദ്ധപ്പെടുത്തണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇതിൽ പറയുന്ന പല സംഗതികളും പ്രസിദ്ധങ്ങളാണെങ്കിലും അവയെ രേഖപ്പെടുത്തി വെയ്ക്കുന്നതു ഞങ്ങളുടെ ഉദ്ദേശങ്ങളിൽ ഒന്നാണ്. ഈ വിഷയത്തിൽ അറിവുള്ളവരെല്ലാം അതാതു വിവരങ്ങൾ അറിവു തന്നു ഞങ്ങളെ സഹായിപ്പാൻ അപേക്ഷിക്കുന്നു. ഇതിൽ ചേർത്ത കവികളുടെ വിവരം അറിയിച്ചുതന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ഞങ്ങൾ കൃതജ്ഞതാപൂർവ്വം അഭിനന്ദിക്കുകയും ചെയ്യുന്നു.

മം. പ.

൧ കവികൾ.

[illegible] വാസുദേവഭട്ടതിരി } ഇദ്ദേഹത്തെ യമകവിയെന്നും കവിമതല്ലജനെന്നും തിരിച്ചും കവിച്ചും പറയാം. പെരുമനത്തു തിരുവുള്ളകാവിൽ ശാസ്താവിന്റെ വരം കൊണ്ടു കവിയായിത്തീർന്ന ഇദ്ദേഹം ചേരമാൻ പെരുമാളുടെ സദസ്യനായിരുന്നു. പാണിനിസൂത്രങ്ങൾക്കെല്ലാം ഉദാഹരണമായി 'വാസുദേവവിജയം' എന്നൊരു കാവ്യവും അതിന്റെ വ്യാഖ്യാനവും ഉണ്ടാക്കീട്ടുണ്ട്. എ

അതുമാത്രമല്ല 'യുധിഷ്ഠിരവിജയം' എന്ന പ്രസിദ്ധമായ യമകകാവ്യം നിർമ്മിച്ചതും ഇദ്ദേഹമാണ്. ഈ നമ്പൂതിരിയുടെ ഗ്രന്ഥങ്ങൾ പലതും തന്നെ കാശ്മീരദേശത്തുപോലും പ്രചാരം സിദ്ധിച്ചിരുന്നു എന്ന് 'കാവ്യമാല' തെളിയിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ വംശക്കാർ അന്നുമുതൽ ഇന്നുവരെ തിരുവള്ളിക്കാവിൽ ശാന്തിക്കാരാണ്.

തോലൻ എന്ന പ്രസിദ്ധനായ നീലകണ്ഠൻ നമ്പൂതിരി

ഇദ്ദേഹത്തിന്റെ ഇല്ലം കൊച്ചിശ്ശീമയിൽ ഉൾപ്പെട്ട 'ഐരാണിക്കുളം' എന്ന ദേശത്തായിരുന്നു. ചേരമാൻ പെരുമാളുടെ സദസ്യനായിരുന്ന ഈ സരസൻ അന്നുള്ള കവികളുടെ യമകങ്ങളെപ്പറ്റി പരിഹസിച്ചുംകൊണ്ട്—

"[illegible]
[illegible]
[illegible]
[illegible]"

എന്നും, ദ്വാദശാക്ഷരങ്ങളെയും നിരർത്ഥകപദപ്രയോഗത്തെയും കളിയാക്കിക്കൊണ്ട്—

"[illegible]
[illegible]
[illegible]
[illegible]"

എന്നും, മറ്റും ചില ശ്ലോകങ്ങളുണ്ടാക്കീട്ടുള്ളതു സുപ്രസിദ്ധമാകുന്നു. ഈ കവിവീരൻ 'തോലകാവ്യം' എന്നൊരു കഥാകാവ്യമുണ്ടാക്കീട്ടുണ്ട്. അതിൽ എല്ലാ ശ്ലോകങ്ങളും അനുക്രമേണ സംഘടിപ്പിച്ചിട്ടുണ്ടെന്നു മാത്രമല്ല ഒരൊറ്റ നിരർത്ഥകപദംപോലും പ്രയോഗിച്ചിട്ടില്ല. ഉദാഹരണത്തിന് ഒരു ശ്ലോകം കാണിക്കാം.

"[illegible]
[illegible]
[illegible]
[illegible]"

ഈ കവിയുടെ സാമർത്ഥ്യം സംസ്കൃതകവിതയിലെന്നപോലെ ഭാഷാകവിതയിലും [illegible] പ്രകാശിക്കുന്നുണ്ട്. ചാക്യാന്മാർ കൂടിയാട്ടങ്ങളിൽ ഉപയോഗിച്ചുവരുന്ന സംസ്കൃതഭാഷാശ്ലോകങ്ങളിൽ അധികവും തോലന്റെ പേരിലുള്ളവയാണ്. കൂത്തു പറയുന്നതിലേയ്ക്കു വേണ്ടി ഇദ്ദേഹം ഹാസ്യരസപ്രധാനങ്ങളായ പദ്യങ്ങൾ [illegible] നിർമ്മിച്ചിട്ടുള്ളത്. നാഗാനന്ദം, സുഭദ്രാധനഞ്ജയം, തപതീസംവരണം മുതലായി മലയാളത്തിൽ കൂടിയാട്ടത്തിൽ നടിച്ചുവരുന്ന പ്രാചീനനാടകങ്ങളിലെല്ലാം നായകന്റെ സംസ്കൃതശൃംഗാരശ്ലോകങ്ങൾക്കു പ്രതിശ്ലോകങ്ങളെന്നപോലെ വിദൂഷകന്റെ വകയ്ക്കു ചില ഹാസ്യശ്ലോകങ്ങളും കൊടുത്തിട്ടുണ്ട്.

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

എന്നതിനു പകരം

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

പ്രാകൃതചൂർണ്ണികകൾക്ക അർത്ഥമായിട്ടും പല ഭാഷാശ്ലോകങ്ങളുണ്ടാക്കീട്ടുണ്ട്.

[illegible]
[illegible]

അവരവൎക്കും മററുള്ളവൎക്കും ഉപകാരകന്മാരാക്കിത്തീൎക്കുന്നതാണ് യുവജനങ്ങളുടെ കൎത്തവ്യകൎമ്മം. ഈ കൎത്തവ്യകൎമ്മങ്ങളെ നന്നാക്കിക്കൂടിക്കഴിഞ്ഞവൎക്ക് വാൎദ്ധക്യത്തിൽ യൌവ്വനകാലത്തെപ്പററി പശ്ചാത്താപത്തിനും കുണ്ഠിതത്തിനും ഇടവരുന്നതല്ല. അവരവൎക്കും അന്യന്മാരുടെ സമുദായത്തിനും സ്വരാജ്യക്കാൎക്കും ഉൽകൎഷത്തിനും, അഭിമാനത്തിനും ഹേതുഭൂതന്മാരായിത്തീരുകയും ചെയ്യും.

ഈ വിഷയത്തെപ്പററി ഇത്രയും പറഞ്ഞ് ഒരു ഇംഗ്ലീഷ്കവി ഒരവസരത്തിൽ ഒരു യുവാവിനു കൊടുത്ത ഏതാനും ഉപദേശശ്ലോകങ്ങളെക്കൂടി ചേൎത്ത് ഈ ഉപന്യാസത്തെ ഉപസംഹരിക്കാം.

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible].

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible].'

വി. കോമൻമേനോൻ.

കേളികേട്ട നമ്പൂതിരിമാർ

ഈ തലവാചകത്തിൽ കവികൾ, പണ്ഡിതന്മാർ, അഭ്യാസികൾ, മന്ത്രതന്ത്രജ്ഞന്മാർ, മന്ത്രവാദികൾ, മഹാന്മാർ, ശാസ്ത്രജ്ഞന്മാർ, തപസ്വികൾ, പരമഭക്തന്മാർ ഇങ്ങിനെ പലവിധത്തിലും പ്രസിദ്ധി നേടിയ നമ്പൂതിരിമാരുടെ ചുരുങ്ങിയ വിവരമെങ്കിലും കഴിയുന്നേടത്തോളം ശേഖരിച്ചു പ്രസിദ്ധം ചെയ്യണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇതിൽ പറയുന്ന പല സംഗതികളും പ്രസിദ്ധങ്ങളാണെങ്കിലും അവയെ രേഖപ്പെടുത്തിവെയ്ക്കുന്നതു ഞങ്ങളുടെ ഉദ്ദേശങ്ങളിൽ ഒന്നാണ്. ഈ വിഷയത്തിൽ അറിവുള്ളവരെല്ലാം അതാതു വിവരങ്ങൾ അറിവു തന്നു ഞങ്ങളെ സഹായിപ്പാൻ അപേക്ഷിക്കുന്നു. ഇതിൽ ചേൎത്ത കവികളുടെ വിവരം അയച്ചുതന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ഞങ്ങൾ കൃതജ്ഞതാപൂൎവ്വം അഭിനന്ദിക്കുകയും ചെയ്യുന്നു.

മം. പ.

൧. കവികൾ.

വാസുഭട്ടതിരി [illegible] — ഇദ്ദേഹത്തെ യമകകവികളിൽ ആദികവിയെന്നും തീൎച്ചയായും പറയാം. പെരുമനത്തു തിരുവള്ളക്കാവിൽ ശാസ്താവിന്റെ വരം കൊണ്ടു കവിയായിത്തീൎന്ന ഇദ്ദേഹം ചേരമാൻ പെരുമാളുടെ സദസ്യനായിരുന്നു. പാണിനിസൂത്രങ്ങൾക്കെല്ലാം ഉദാഹരണമായി 'വാസുദേവീയം' എന്നൊരു കാവ്യവും അതിന്റെ വ്യാഖ്യാനവും ഉണ്ടാക്കീട്ടുണ്ട്. എ

ൻമാത്രമല്ല 'യുധിഷ്ഠിരവിജയം' എന്ന പ്രസിദ്ധമായ യമകകാവ്യം നിർമ്മിച്ചതും ഇദ്ദേഹമാണ്. ഈ നമ്പൂതിരിയുടെ ഗ്രന്ഥങ്ങൾ പണ്ടേതന്നെ കാശ്മീരദേശ്യന്മാർപോലും പ്രചാരം സിദ്ധിച്ചിരിക്കുന്നു എന്ന 'കാവ്യമാല' തെളിയിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ വംശക്കാർ അന്നുമുതൽ ഇന്നേവരെ തിരുവള്ളക്കാവിൽ ശാന്തിക്കാരാണ്.

[illegible]

ഇദ്ദേഹത്തിന്റെ ഇല്ലം കൊച്ചിശ്ശീമയിൽ ഉൾപ്പെട്ട 'കൊരണ്ടാട്ടിരത്താറ്' എന്ന ദേശത്തായിരുന്നു. ചേരമാൻ പെരുമാളുടെ സമകാലികനായിരുന്ന ഈ വാസുദേവൻ അന്നുള്ള കവികളുടെ യമകങ്ങളെപ്പറ്റി പരിഹസിച്ചുകൊണ്ട്—

"[illegible]
[illegible]
[illegible]
[illegible]"

എന്നും, ഭൂതാനുപാതത്തെയും നിരർത്ഥകപദപ്രയോഗത്തെയും കളിയാക്കിക്കൊണ്ട്—

"[illegible]
[illegible]
[illegible]
[illegible]"

എന്നും, മറ്റും ചില ശ്ലോകങ്ങളുണ്ടാക്കീട്ടുള്ളതു സുപ്രസിദ്ധമാകുന്നു. ഈ കവിവീരൻ '[illegible]കാവ്യം' എന്നൊരു മഹാകാവ്യമുണ്ടാക്കീട്ടുണ്ട്. അതിൽ എല്ലാ ശ്ലോകങ്ങളും അനുപ്രാസക്രമേണ സംഘടിപ്പിച്ചിട്ടുണ്ടെന്നു മാത്രമല്ല ഒരൊറ്റ നിരർത്ഥകപദംപോലും പ്രയോഗിച്ചിട്ടില്ല. ഉദാഹരണത്തിന് ഒരു ശ്ലോകം കാണിക്കാം.

"[illegible]
[illegible]
[illegible]
[illegible]"

ഈ കവിയുടെ സാമർത്ഥ്യം സംസ്കൃതകവിതയിലെന്നപോലെ ഭാഷാകവിതയിലും അത്യാദരത്തോടെ പ്രകാശിച്ചിരുന്നു; ചാക്യാന്മാർ കൂടിയാട്ടങ്ങളിൽ ഉപയോഗിച്ചുവരുന്ന സംസ്കൃതഭാഷാശ്ലോകങ്ങളിൽ അധികവും ഇദ്ദേഹത്തിന്റെ കൃതികളാണ്. കൂത്തു പറയുന്നതിലേയ്ക്കു വേണ്ടി ഇദ്ദേഹം ഹാസ്യരസപ്രധാനങ്ങളായ പദ്യങ്ങൾ കുറച്ചൊന്നുമല്ല നിർമ്മിച്ചിട്ടുള്ളത്. നാഗാനന്ദം, സുഭദ്രാധനഞ്ജയം, തപതീസംവരണം മുതലായി മലയാളത്തിൽ കൂടിയാട്ടത്തിൽ നടിച്ചുവരുന്ന പ്രാചീനനാടകങ്ങളിലെല്ലാം നായകന്റെ സംസ്കൃതശ്ലോകങ്ങൾക്കു പ്രതിശ്ലോകങ്ങളെന്നപോലെ വിദൂഷകന്റെ വകയ്ക്കു ചില ഹാസ്യശ്ലോകങ്ങൾ കൊടുത്തിട്ടുണ്ട്.

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

എന്നതിനു പകരം

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

പ്രാകൃതച്ചാർത്തികകളും [illegible] പല ഭാഷാശ്ലോകങ്ങളുണ്ടാക്കീട്ടുണ്ട്.

[illegible]
[illegible]

പാലും കൊണ്ടിനിയുമതാ
ചിലപ്പെൺകൊടിയെന്നീമാതൃനാം.

സംഗീതത്തിനു വേണ്ടുന്ന എല്ലാ ഉപകരണങ്ങളെക്കുറിച്ചും വർണ്ണിച്ചിട്ടുള്ള ശ്ലോകങ്ങൾ ഈ വിധത്തിന്റെ വകയാണ്.

'[illegible]
[illegible]
[illegible]
[illegible]'

ഈ വക മിക്ക മാഹാത്മ്യങ്ങളെല്ലാം ഇന്നത്തെ കവികൾ ഉപയോഗിച്ചുവരുന്ന ഭാഷാരീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. അതിലെ ഭാഷയ്ക്കുമില്ലതാനും. തോലന്റെ ഭാഷ അന്നത്തെ നാഗര (കൊടുങ്ങല്ലൂർ) ഭാഷയാണ്. അതു തന്നെ നാട്ടുഭാഷയായിത്തീർന്നു. ശങ്കരൻ, കണ്ണൻ മുതലായുള്ള പ്രസിദ്ധമായ നാടകകവികൾക്ക് ഈ തോലനാണ് മാർഗ്ഗപ്രദർശകൻ. അവരാരും ഒരു പുതിയ ഭാഷാരീതി കണ്ടുപിടിച്ചിട്ടില്ലെന്നുള്ള വാസ്തവം കൂടിയാട്ടം കണ്ടിട്ടുള്ളവർക്കെല്ലാം അറിയാവുന്നതാണ്.

ശക്തിഭദ്രൻ } ഇദ്ദേഹം ചെങ്ങന്നൂർ ഗ്രാമത്തിലെ ഒരു പോറ്റിയാണ്. തിരുവല്ലായിൽ സമുദായവുമായിരുന്നു. പൂജ കർമ്മം മാത്രം അടിയന്തരങ്ങൾക്കും എന്നു വന്നാലും ഭാരതീയം വരാതിരിക്കില്ലാത്ത ആ ക്ഷേത്രത്തിൽ ഗ്രാമസമയങ്ങളുംപോലും ഉച്ചപ്പൂജ നമസ്കാരങ്ങളും ഒന്നായ പതിവുണ്ട്. അതിനു മടിച്ചു പുലാപ്പിള്ളി നമ്പൂതിരിയെ ശപിച്ച് അധഃപതനം വരുത്തി അമ്പലവാസിയാക്കിത്തീർത്തുകൊണ്ട് ഇദ്ദേഹം നല്ല തപശ്ശക്തിയുള്ള ബ്രാഹ്മണനായിരുന്നെന്നുള്ളത് ഇതിലൂടെ. ശ്രീശങ്കരാചാര്യസ്വാമികളുടെ ശിഷ്യന്മാരാൽ അദ്ദേഹത്തിനും പണ്ഡിതനമാണെന്നുള്ളതും നിൽക്കട്ടെ. 'ഉന്മാദവാസവദത്ത' (മന്ത്രാങ്കം മുതലായത് അടങ്ങിയ ഒരു ശ്ലൃകാവ്യം), 'ആശ്ചര്യചൂഡാമണി' നാടകം എന്നിവയുണ്ടാക്കിയ ഒരു മഹാകവിയാണ്. ഉദ്ദേഹത്തിന്റെ ഈ നാടകത്തെ ആചാര്യസ്വാമികൾപോലും 'ഭവനാഭൂതി' എന്നു പ്രശംസിച്ചിരിക്കുന്നു. ഇദ്ദേഹം ഉണ്ടാക്കിയ ശ്ലൃകാവ്യങ്ങളെല്ലാം ഇന്നും ക്ഷേത്രങ്ങളിൽ ചാക്യന്മാരും കൂത്തും ചാക്യാന്മാർ അഭിനയിച്ചുവരുന്നുണ്ട്.

പുനം അല്ലെങ്കിൽ കോഴിപ്പൂതി ഒരു തൻ നമ്പൂതിരി } സാമൂതിരി മഹാരാജാവിന്റെ സദസ്യന്മാരായ പതിനെട്ടര കവികളിൽ അരക്കവിയാണ് ഈ പുനം നമ്പൂതിരി. ശേഷം കവികളെ പറ്റിച്ചിരുന്ന ഉദ്ദണ്ഡശാസ്ത്രികൾപോലും 'പുനമേ പുനഃ പുനരാസ്തു മമ' എന്നു പ്രശംസിച്ചിട്ടുള്ള കവിയാണ്. ആ ഉദ്ദണ്ഡൻ തോന്നാൻ വേണ്ട കവിതകൾ ഇദ്ദേഹത്തിനുണ്ടായിരുന്നു എന്ന് 'തരിത്തണ്ടിക്കടന്നേയ്' എന്ന ശ്ലോകം തന്നെ തെളിയിക്കുന്നുണ്ട്. ഇദ്ദേഹത്തിന്റെ ശൃംഗാരഭാഷിതമുള്ള കവിതാരീതി മേൽപറഞ്ഞ ചാക്യത്തിന്റെ രീതിയിൽ നിന്നു വിലക്ഷണമാണ്. ഭാഷയിൽ അക്കാലത്തെ കോലത്തു നാട്ടുഭാഷയാണ് അധികം ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് ഇപ്പോൾ നടപ്പില്ലാത്ത ചില വാക്കുകൾ അതിൽ കാണും എങ്കിലും ഇത്ര അലങ്കാരഭംഗിയും സരസതയും ഉള്ള ഒരു കവിത മലയാളഭാഷയിൽ വേറെ കാണുവാൻ പ്രയാസം. പക്ഷെ തന്റെ കവിമാർഗ്ഗത്തിൽ നിന്നു കൃതിയിലേയ്ക്കു പ്രതിഫലിച്ചിട്ടുണ്ടെന്ന് അതു വായിക്കുന്നവർക്കെല്ലാം അനുഭവപ്പെടുന്നതാണ്. തളിപ്പറമ്പത്തു വെച്ച് പാഠകം പറയുന്ന സമ്പ്രദായം ആരംഭിച്ച കാലത്തു 'ചെല്ലൂർ മാഹാത്മ്യം' മുതലായ മാഹാത്മ്യപ്രബന്ധങ്ങൾ ഉണ്ടാക്കിയതും ഇദ്ദേഹമാണെന്നു ചിലരുടെ പക്ഷമുണ്ട്. ആ വക ഗ്രന്ഥങ്ങൾ 'വേദാന്തീതപ്രഥിതമപഹസ്ത്യം കവീന്ദ്രാ'

എന്നു ഉള്ളണ്ടവർ പറഞ്ഞിട്ടുള്ള ശങ്കരകവിയുടെയാണെന്നു ചിലർ പറയുന്നു. ശങ്കരകവിയും പുനവും ഒന്നാണെന്നു വേറെ ചിലരും സിദ്ധാന്തിയ്ക്കുന്നു. എന്തെങ്കിലും കവിനാമം പുറത്തുകാണിയ്ക്കാത്ത ആ വക ഗ്രന്ഥങ്ങൾ കേളികേട്ട ചില നമ്പൂരിക്കവികളുടെ കൃതികളാണെന്നു തീച്ചതന്നെ.

മഴമംഗലത്തു ശങ്കരൻനമ്പൂരി } ഭാഷാപ്രബന്ധനിർമ്മാണവിഷയത്തിൽ ഏറ്റവും കേളികേട്ട കവിയാണു് ഇദ്ദേഹം. ഭാഷാനൈഷധചമ്പു, രാജരത്നാവലീയം, ബാണയുദ്ധം മുതലായ പ്രശസ്തപ്രബന്ധങ്ങളുടെ കവി ഇദ്ദേഹമാണു്. ഈ പ്രബന്ധങ്ങളിലെ ഗദ്യരീതി പിടിച്ചുതന്നെ പൂന്തിന്നിപ്പാട്ടു ഞെക്കിത്തിരുകയും മാത്രമല്ല. മംഗലമാണം, കൊടിയവിരഹം മുതലായ സംസ്കൃതകൃതികളുണ്ടാക്കിയതും ഈ നമ്പൂരിതന്നെ. മതിലു പുറത്തു് അത്താഴ്ചൽ വെച്ചു മുറുക്കിക്കൊണ്ടു സൌന്ദര്യലഹരി ചൊല്ലി ഊരകത്തു് അമ്മതിരുവടിയുടെ തിരുവുടയാടയിൽ ഇപ്പൽ കാണിച്ചതും മതനായ ഈ മഹാകവിയാണു്. ഇദ്ദേഹത്തിൻ്റെ ഗദ്യമയഗാഥ, പുനംനമ്പൂരിയുടെ കൃഷ്ണഗാഥ; തുഞ്ചൻ്റെ കിളിപ്പാട്ടു് ഇവയുടെ വൃത്തരീതികളിലെ കാലക്രമം പിടിച്ചാണു് കുഞ്ചൻ തുള്ളൽപ്പാട്ടുകളിലെ രീതികളുണ്ടാക്കിട്ടുള്ളതു്.

മേപ്പത്തൂർ നാരായണഭട്ടതിരി } ഇദ്ദേഹം 'നാരായണീയം' എന്ന ഭാഗവതസംഗ്രഹസ്തോത്രം നിർമ്മിച്ചു ഗുരുവായൂരപ്പൻ്റെ അനുഗ്രഹംകൊണ്ടു ദുസ്സാദ്ധ്യമായ രോഗശമനം വരുത്തിയതുമുതൽക്കാണു് കേളികേട്ടു തുടങ്ങിയതു്. ചാക്യാന്മാർ പ്രബന്ധം പറയുവാൻ തക്കവണ്ണം അനേകം കഥാപ്രബന്ധങ്ങൾ ഇദ്ദേഹം ഉണ്ടാക്കീട്ടുണ്ടു്. അധികവും ഭാരതഭാഗവതസംബന്ധകഥകളെയാണു് ഈ കവി ലഘുചമ്പുക്കളാക്കിട്ടുള്ളതു്. ഇവയുടെ സാരസ്യം അന്യാദൃശം തന്നെയാണു്. വ്യാകരണോദാഹരണമായ ധാതുപാഠം അനുസരിച്ചു് ഇദ്ദേഹം 'ധാതുകാവ്യം' എന്നൊരു കാവ്യമുണ്ടാക്കീട്ടുണ്ടു്.

> ഉദാഹൃതം പാണിനിസൂത്രമണ്ഡലം
> പ്രാഗ്വാസുദേവേന തദൂർദ്ധ്വതോ മയാ
> ഉദാഹരിഷ്യന്ത്യധുനാ ക്രമാദിമേ
> ധാതൂൻക്രമേണൈവ ഹി മാധവാശ്രയാൻ,

എന്നാണു് ഇതിലെ പ്രതിജ്ഞ. ഭാഗവതത്തിൽ പറഞ്ഞ ശ്രീകൃഷ്ണകഥയുടെ ശേഷമാണു് ഈ കാവ്യത്തിലെ കഥ. പൂരാടം പിറന്ന പുരുഷൻ എന്ന പ്രസിദ്ധനായ അമ്പലപ്പുഴ രാജാവിൻ്റെ ആജ്ഞപ്രകാരം ഭാരതം വായിപ്പാൻ കൂട്ടിക്കൊണ്ടു പോയപ്പോൾ കൂട്ടിവായന ശീലമുണ്ടോ എന്നു ചോദിച്ചതിനുത്തരമായി—

> 'മീമാംസാശാസ്ത്രമത്തേഭം ഉദ്ധൃതാനാം ദുരീതി
> ശീലമൊന്നില്ലശാസ്ത്രേഷു കൂട്ടുമുക്കുവായിട്ടില്ല'

എന്നു രാജാവിൻ്റെ കയ്യില്ലാതെയും കൂടി ഒപ്പോൾ കൂട്ടിവായിച്ചു ബോദ്ധ്യനായിത്തീർന്നതും പിന്നീടു രാജകല്പനപ്രകാരം തന്നെ നൂറുപത്തു ദിവസംകൊണ്ടു 'പ്രക്രിയാസർവ്വസ്വം' എന്ന ഗംഭീരമായ വ്യാകരണഗ്രന്ഥം നിർമ്മിച്ചതും ഈ കവി തന്നെയാകുന്നു. ഇദ്ദേഹത്തിനു ചെറുപ്പം മുതൽക്കേ പരൽപ്പേരിടുവാനുള്ള സാമർത്ഥ്യം വേറെയായിരുന്നു. തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയുടെ അടുക്കൽ ചില കുട്ടികൾ ഗണിതം പഠിയ്ക്കുമ്പോൾ ഒരു സംഖ്യയ്ക്കു സമാനമായി പ്രകാശിപ്പിച്ച 'ബാലകഷ്ടം സൌഖ്യം' എന്നും, 'ലിംഗവ്യാധി സഹ്യാ' എന്നും ചൊല്ലീട്ടും പിഷാരടിയുടെ ശകാരം കേട്ടു പിന്നീടു പിഷാരടിയുടെ അടുക്കൽ തന്നെ പഠിച്ചു വിദ്വാനായിത്തീർന്നിട്ടും നാരായണീയാവസാനത്തിൽ

കലിദിനസംഖ്യ 'ആയുരാരോഗ്യസൗഖ്യം' എന്നതാക്കിയും പ്രക്രിയാസർവ്വസ്വത്തിന്റെ പ്രാരംഭാവസാന ദിവസങ്ങളെ കണക്കാക്കി പ്രകൃതത്തിനു യോജിപ്പിച്ച് 'യതഃ ഫലപ്രസൂസ്യാൽ, കൃതഭാഗധേയോ ദ്ധ്യം ശൈലൂഷ്യാൽഗുണനാം' എന്നു പ്രതിജ്ഞ ചെയ്തും, മാമാങ്കത്തിലെ വെള്ളപ്പൊക്കത്തെ കുറിച്ച് എല്ലാവരും സ്മാരകമായിട്ട് 'നദീപ്ലവസാദൃശം തദ്വ്യസനം പണ്ടാരുനിന്നാൽ കടിയാൽ നാരായണനാമ്നാ പ്രായശ്ചിത്തനാം' എന്നിങ്ങനെ പാദത്തോടും മേൽപോട്ടും കീഴ്പ്പോട്ടും ചേരിട്ട കലിദിനസംഖ്യകൊണ്ടു തന്നെ ശ്ലോകം പൂരിപ്പിച്ചും അപ്പിപ്പുരെ എടക്കോട്ട അമ്പലത്തിൽ വാരത്തിനു കൂടിയിരുന്ന ഓത്തന്മാർ പരിഹസിച്ചുള്ള ദിമിത്തം തൊടിപ്പ അതിന്റെ മാത്തിലുള്ള ഉറപ്പു വെളിപ്പെടുത്തികൊണ്ട് ഋഗ്വേദത്തിലെ അട്ടത്തോവുള്ള സൂക്തങ്ങളുടെ കണക്ക കാണിക്കുന്ന പദ്യം പേക്ഷമാത്രമായ 'സൂക്തശ്ലോകമാല' ശ്രീ ലക്ഷ്മീഭഗവതിയുടെ സ്തോത്രമായി നിർമ്മിച്ചും മറ്റും ഇദ്ദേഹത്തിന്റെ ഈ വാസനാബലം നിമിത്തമാകുന്നു. ഇദ്ദേഹം വിദ്ഗുമക്കിട്ടുള്ള ശിവഭേദഹിയാമാൻ മാവിദ്ദുകരോ എന്ന തോന്നമാറു 'ഭസ്മനിഷേധം' എന്നൊരു ഗ്രന്ഥമുണ്ടാക്കിയെന്നും പക്ഷേ ഭട്ടതിരിമാരിൽ ഒരു വിദ്വാൻ 'ഇന്ന നാരായണന്റെ ഭസ്മനിഷേധം ഖണ്ഡിച്ചു ഗ്രന്ഥം ചുട്ടിട്ടാണ് ഭസ്മമി' എന്നു പ്രതിജ്ഞ ചെയ്തു കാര്യം നടത്തിയതെന്നും കേട്ടിട്ടുണ്ട്. എന്നാൽ ഈ മഹാകവി വലിയ വിദൂഷകനായിരുന്നു നിശ്ചയം തന്നെ. 'മുദ്രാരാക്ഷം' എന്ന ഹാസ്യരസപ്രധാനമായ ഒരു ഭാണ കവിത ഇദ്ദേഹം ഉണ്ടാക്കിട്ടുണ്ടത്രെ. ഋഗ്വേദത്തിലെ താണവും ഇദ്ദേഹത്തിന്റെയാണെന്ന പറയുന്നു.

[illegible] } ഈ സന്ദേശകവിയ്ക്കു ഗ്രന്ഥം കിട്ടിപ്പോന്നുണ്ടാക്കിയത്. ഇദ്ദേഹത്തിന്റെ കവിതാരീതി ഇങ്ങനെയാണെന്നു കണ്ടാണ് 'മാധികം' അനുകരിച്ചിട്ടുള്ളത്.

[illegible]
[illegible]
[illegible]
[illegible]

എന്നുള്ള ഉപസംഹാരശ്ലോകംകൊണ്ട് ഈ നാലുതിരിപ്പാട്ടിലെ സൌരഭ്യം വെളിപ്പെടുന്നു. മലയാളത്തിന്റെ മധ്യഭാഗത്തുള്ള ഇല്ലങ്ങളിലെല്ലാം ഈ ദേശത്തിനു നല്ല പ്രചാരമുണ്ട്.

[illegible] } ഇദ്ദേഹത്തിന്റെ സരസങ്ങളായ ചില ശ്ലോകങ്ങളാണ് സഹൃദയന്മാരെ ആകർഷിച്ചുകാണുന്നത്. കോഴിക്കോട്ട തളിയിൽ 'സഭ്യത്തിൽ' എന്ന അമ്പലവാസിയെന്നതിൽ താമസിച്ചുവരുന്ന ദിവസങ്ങളിൽ ഇന്ദ്രലോകത്തെ കഥയും സാമൂതിരിപ്പാട്ടിലെ സ്തുതിയുമായ ഓരോ ശ്ലോകങ്ങൾ ഇദ്ദേഹം സാമൂതിരിപ്പാട്ടിലേയ്ക്കു സമർപ്പിച്ചുവന്നിരുന്നു

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]'
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]'

ഈ വക രാജവർണ്ണനാശ്ലോകങ്ങൾക്കു പുറമേ പലതരത്തിലുള്ള ഒറ്റശ്ലോകങ്ങളും ധാരാളം ഉണ്ടാക്കിട്ടുണ്ട്.

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible].'

ഏറാട്ടിലൊരു വി } ഈ നമ്പൂതിരിയുടെ കവി
ഷ്ണു നമ്പൂതിരി } തസ്വരൂപവും പ്രബന്ധ

ത്തിനേക്കാൾ അധികം രസികന്മാരുടെ ഇടയ്ക്കു പ്രസിദ്ധങ്ങളായിട്ടുള്ളത് ഒറ്റശ്ലോകങ്ങളാണ്.

[illegible]
[illegible]
[illegible]
[illegible].

എന്ന ശ്ലോകംകൊണ്ട് ഉണ്ണിനമ്പൂതിരിമാരെയൊക്കെ മാത്ര പെരുക്കിട്ടുണ്ട്;

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible].'

എന്നു ഹേമന്തം വർണ്ണിച്ചു കലാശേഷപ്പെട്ട മാത്രമാ സ്വാദ വാങ്ങിട്ടു;

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible].'

എന്ന രാജശേഖരന്മാരുടെ ഗൌരവം ശ്ലാഘ്യപ്പെടുത്താതെ തന്നെ ഒരു ശ്ലോകം വീര ശൃംഖല വാങ്ങിട്ടും കേളികേട്ട കവിവീരൻ ഇദ്ദേഹമാണ്.

കേശവൻ. കരിങ്ങ } ഈ കവിപുംഗവന്റെ
മ്പിള്ളി നമ്പൂതിരിപ്പാട } ....

കാവ്യം വളരെ പ്രസിദ്ധമാണ്. കലിവർഷം മുപ്പത്തിരണ്ടാം പതിനഞ്ചാം ശതകത്തിൽ ചെമ്പകശ്ശേരി രാജ്യത്തുണ്ടായിരുന്ന ഒരു കാര്യത്തെപ്പറ്റിയാണ് ഇതിലെ വിഷയം. ഇദ്ദേഹം നല്ല പണ്ഡിതനാണ്. ഒന്നും പഠിക്കുന്ന കാലത്തു മനസ്സിലാക്കാൻ വയ്യാത്ത ഒരു വിഷയം ഇദ്ദേഹം ഉറക്കം ഉണർന്നതിനാൽ തല നിലത്തു മുട്ടിപ്പോയി. ഉടനെ ഇദ്ദേഹത്തിന് ആവേശം കണ്ടിട്ട് —

'[illegible]
[illegible]
[illegible]
[illegible].'

എന്ന ഒരു വരി പറഞ്ഞതിനാൽ പിന്നീട് വിദ്യാഭ്യാസം വേണ്ടിവന്നില്ല എന്നു പ്രസിദ്ധിയുണ്ട്.

പൂന്തോട്ടത്തു നമ്പൂതിരി, വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്, മകൻനമ്പൂതിരിപ്പാട് മുതലായി അടുത്തകാലത്തുണ്ടായിരുന്ന കവികളെപ്പറ്റി അധികമൊന്നും വിട്ടിട്ടില്ലാത്തതിനാൽ പ്രത്യേകിച്ച് എഴുതുന്നില്ല.

പൂന്താനത്തു ബ്രാഹ്മണൻ നമ്പൂരി } സന്താനഗോപാലം പാന, ജ്ഞാനപ്പാന മുതലായ ചില

കൃതികളുണ്ടാക്കിയ ഇദ്ദേഹത്തെപ്പറ്റി പല കഥകളും കേട്ടിട്ടുണ്ട്. മേൽപ്പത്തൂർ ഭട്ടതിരിപോലും ഇദ്ദേഹത്തെ ബഹുമാനിച്ചിരുന്നു.

തിരുമംഗലത്തു നാരായണൻ നമ്പൂതിരി — ഇദ്ദേഹം 'സുഭദ്രാഹരണം' എന്നൊരു മഹാകാവ്യമുണ്ടാക്കീട്ടുണ്ട്. ഭട്ടികാവ്യം പോലെ വ്യാകരണസൂത്രോദാഹരണപ്രായവും അതിസരസവുമായ ഒരു ശാസ്ത്രകാവ്യമാണ് അത്. ഈ ഗ്രന്ഥകാരൻ പതിനെട്ടരക്കവികളിൽ ഉൾപ്പെട്ട ഒരു യോഗ്യനാണ്.

വസുമതീമാനവിക്രമം, ലക്ഷ്മീമാനവേദം മുതലായ നാടകങ്ങളുണ്ടാക്കിയ പല സംസ്കൃതകവികളുടെയും ഉണ്ണുനീലിസന്ദേശം, ചന്ദ്രോത്സവം, കാമദഹനം മുതലായ പ്രബന്ധങ്ങൾ ഉണ്ടാക്കിയ ഭാഷാകവികളുടെയും പേരുവിവരം തിരിച്ചറിയുന്നില്ല.

വില്വമംഗലത്തു ചെറിയ സ്വാമിയാർ — ഇദ്ദേഹം 'സിരിചിണ്ഹം' (ശ്രീചിഹ്നം) എന്നൊരു പ്രാകൃതകാവ്യമുണ്ടാക്കീട്ടുണ്ട്. വിഷയം ശ്രീകൃഷ്ണകഥയാണ്. പ്രാകൃതസൂത്രങ്ങളുടെ ഗണപാഠങ്ങളുടെ ക്രമം തെറ്റാതെ ഉദാഹരണം കൊടുത്തുകൊണ്ടും [illegible] വിടാതെകണ്ടും കഥ കൊണ്ടുപോയ ഈ കാവ്യം വളരെ വിശേഷപ്പെട്ടതാണ്.

ശ്രീശങ്കരാചാര്യസ്വാമികൾ — ആചാര്യസ്വാമികളുടെ കവിതകൾ മിക്കതും ഭക്തിരസപ്രധാനങ്ങളായ സ്തോത്രങ്ങളാണ്. ശൃംഗാരാദിനവരസങ്ങളും അംഗങ്ങളായി വിളങ്ങിക്കൊണ്ടും ഭക്തിരസം പ്രവഹിപ്പിച്ചുകൊണ്ടും അർത്ഥാലങ്കാരങ്ങളും ശബ്ദാലങ്കാരങ്ങളും നിറഞ്ഞു പ്രകാശിപ്പിച്ചുകൊണ്ടും കവിതകൾ തന്നെത്താൻ മുഴിച്ചിട്ടുള്ള കവികളിൽ ആചാര്യസ്വാമികൾ അദ്വിതീയനാണെന്നല്ലാതെ മറ്റൊന്നും പറവാൻ തോന്നുന്നില്ല. പഞ്ചസ്തവത്തിൽ ദേവിയുടെ മാഹാത്മ്യം പറഞ്ഞുപോകുന്നത്—

'[illegible]
[illegible]
[illegible]
[illegible]' എന്നായി.

[illegible]ഗത്തിൽ ശ്രീശങ്കരകവി കവി[illegible] [illegible] [illegible] മ[illegible]ത്—

[illegible]
[illegible]
[illegible]
[illegible]

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

അയനചലനം

സാധാരണയായി ഇപ്പോൾ അതിസൂക്ഷ്മങ്ങളായ ദിനരാത്രിപ്രമാണങ്ങൾ വരുത്തുന്നതിലും ഗ്രഹണം, മൌഢ്യം മുതലായ ഗണിതങ്ങളിലും പ്രത്യേകമായി പ്രകാശിപ്പിച്ചു വരുന്നതായ അയനചലനം കേരളത്തിൽ 'ദൃക്' എന്നും 'പരഹിത'മെന്നും രണ്ടുവിധത്തിൽ വ്യത്യാസപ്പെട്ട പഞ്ചാംഗങ്ങളിൽ എഴുതികാണുന്നുണ്ടല്ലോ. എന്നാൽ ഇതുകളെ വരുത്തുന്ന സമ്പ്രദായഭേദങ്ങളും ക്രമങ്ങളും ആലോചിച്ചാൽ [illegible] സമ്പ്രദായം ഏവരെയും ആശ്രയിച്ചപ്പെട്ടതായിരിക്കയില്ല. അയനചലനത്തിന്റെ ഗതിഭേദമുണ്ടെന്നും മാറ്റം പ്രത്യക്ഷമായി സമ്മതിക്കുന്ന ഇപ്പോഴത്തെ പഞ്ചാംഗഗണിതക്കാർ കൊല്ലംതോറും നാലുതെറ്റ വിലി വർദ്ധിപ്പിച്ചു കൂട്ടുന്നു. ഈ അയനചലന

ത്തിന് ഇവർ യാതൊരു ദിഗ്ഭേദവും ചെയ്യാത്ത സ്ഥിതിക്ക് ഇങ്ങിനെ വർദ്ധിപ്പിച്ചു കൂട്ടിയാൽ കാലാന്തരത്തിൽ പലതുള്ളി പെരുവെള്ളമെന്നപോലെ വല്ലാത്ത വർദ്ധിച്ചു വളരെ അസംബന്ധമായിപ്പോകുമെന്നും അങ്ങിനെ കുറെ കഴിയുമ്പോൾ സൂര്യഗതി തന്നെ ഖണ്ഡിക്കേണ്ടതായിത്തീരുന്നതാണെന്നും വിചാരിച്ചിട്ടില്ലെങ്കിലും ഇതിന്റെ കാരണത്തെപ്പറ്റി വിചിന്തനം ചെയ്യുന്നതിനു സംഗതിയുള്ളതാണ്. അയനചലനം സംഭവിച്ചു സൂര്യൻ ഗോളാന്തത്തിൽ എത്തുന്ന ദിവസം വിഷുവദ്ദിനമാകുമെന്നും, അന്നു ദിനരാത്രികൾ സമങ്ങളായി വരുമെന്നും നിരക്ഷവൃത്തത്തിൽ മദ്ധ്യാഹ്നച്ഛായ ശങ്കുവിൽ ലയിക്കുന്നതും, മറ്റു ധ്രുവങ്ങളിലെ ഭേദംപോലെ മദ്ധ്യാഹ്നച്ഛായ മാറ്റദിക്കിലേക്കു വർദ്ധിച്ചുവരുമെന്നും നമുക്ക് അറിവുള്ള സംഗതികളാണല്ലോ. ഈ ആലോചനയിൽ ദിനരാത്രികൾ ഉണ്ടാവുന്നത് എങ്ങിനെ എന്നും ഇതിന്റെ ഭേദങ്ങൾ ഉണ്ടാകുന്നത് എങ്ങിനെ എന്നും ഇത് എത്രത്തോളം വരുമെന്നും ആണ് അറിയേണ്ടത്. ഇതിൽ ദിനരാത്രികൾ ഉണ്ടാകുന്നതെങ്ങനെ ഈ അവസരത്തിൽ ലേഖനദൈർഘ്യം ശങ്കിച്ചു നിർത്തിവെക്കുന്നു. അപക്രമമണ്ഡലത്തിന്റെ സ്ഥിതി നിരക്ഷവൃത്തത്തിൽ നിന്നു ഭേദിച്ചുള്ളതുകൊണ്ടാണ് അയനങ്ങളിലും ദിനരാത്രികൾ ഭേദിച്ചുവരുന്നത് എന്നു സാമാന്യം ജ്യോതിഷ്യന്മാർ സമ്മതിക്കുന്നു. അപക്രമമെന്നതു സൂര്യസഞ്ചാരവൃത്തമാണ്, നിരക്ഷവൃത്തമെന്നതു ഭൂമദ്ധ്യമാണ്. ഈ രണ്ടു വൃത്തങ്ങളുടെയും സമ്പാതം മേഷത്തിന ആദികാലത്തു കന്യാന്ത്യവും മീനാന്ത്യവുമായിട്ടാണ് വന്നിട്ടുള്ളത്. ഭൂമി സൂര്യനെ ചുറ്റുന്നതിൽ ഉണ്ടാവുന്ന വൃത്താകാരമായും ആകർഷണമേന്മാലും ഈ നിരക്ഷവൃത്തത്തിൽ നിന്നു രണ്ടു ധ്രുവങ്ങളിലേക്കും ഈ അപക്രമം ഭേദ്യത്യാസം പോലെ ചെരിഞ്ഞു കിടക്കുന്നതിനാൽ രണ്ടു ധ്രുവങ്ങളിലും അയനാന്തങ്ങളായി വരുന്നതും, ഒരു ധ്രുവത്തിലെ ദിനവർദ്ധനത്തിൽ മറ്റേ ധ്രുവത്തിൽ രാത്രിവർദ്ധനമായും ഇവ ഭേദംപോലെ വ്യത്യാസപ്പെട്ടു വരുന്നു. കന്യാന്ത്യത്തിലും മീനാന്ത്യത്തിലും സമ്പാതം ചെയ്യുവാനിരുന്ന നിരക്ഷാപക്രമവൃത്തങ്ങൾ ക്രമേണ ഭേദപ്പെട്ട് ഇപ്പോൾ ഇരുപതിന്റെ തിയ്യതിയോളം കീഴ്പട്ടു നീങ്ങിയിരിക്കുന്നു. ഇത് ഏതൊരു ഗതിയാലാണ് സംഭവിച്ചത്. ഇത് എത്രത്തോളം സംഭവിക്കും? ഇതു സൂര്യന്റെ ഗതിയാലാണ്. സൂര്യൻ നിശ്ചലനാണെന്നു സ്ഥാപിച്ചു നാം സൂര്യന്റെ ഗതിയാലെന്നു പറയുമ്പോൾ വായനക്കാർ ശങ്കിച്ചേക്കാം. പക്ഷെ ഭൂമിയും ഗ്രഹഗോളങ്ങളും സൂര്യനെ ചുറ്റുന്നു എന്നു പറഞ്ഞ മാതിരിതന്നെ സൂര്യനും മറ്റൊരു ആധാരത്തെ ചുറ്റിക്കൊണ്ടിരിക്കുന്നു എന്നാണ് സൂക്ഷ്മം. ഈ സൂക്ഷ്മത്തെ കണ്ടുപിടിച്ച നമ്മുടെ പൂർവികന്മാരുടെ ബുദ്ധിശുദ്ധി എന്നാൽ ആശ്ചര്യകരമെന്നെ പറവാനുള്ളൂ. ഇതുകൾ വരുത്തുന്ന കണക്കുകൾ വഴിയെ മറ്റൊരവസരത്തിൽ.

കെ. വി.

കാമദഹനം

[illegible]

[illegible]

[illegible]

കഷ്ടംകഷ്ടംവിശന്നപാമരശതികൾചുററാ-
ടലാമാടിച്ചുചെന്നാ-
ലൊന്നെപ്പൊമ്മോള്ളുപോലുംകനിവിനൊട്
കൊടാൎക്കാണെന്തടാ! ദൈവമേയം.

പല്ലുംതേച്ചോതമുഷ്ടത്തിലങ്ങുകാൺ-
പോകുന്നതെന്തെന്തെടോ!
നില്ലെന്നോട്പറഞ്ഞുപോപ്രഭുഷാറി-
നാമള്ളിതോടാഞ്ഞി
താല്ലേപാണ്ടപറഞ്ഞതിന്നതല്ലേ-
ണിപ്പോൾവിശേഷിച്ചുക-
റില്ലല്ലോതവകാന്തനെന്നുചിലര-
ക്കിച്ചൂന്നിടിന്നോവാ.

ചൊന്നയെല്ലാവരുന്നാമ്മാടൊരുവെപ്പിട്ടുപ്പു
മറീചതിച്ചെന്നനാന്
മിണ്ടിപ്പൊക്കുട്ടുപോരെണ്ടകിലിടുകണ്ണി-
ല്ലേപ്പോളെന്സാംമയത്ത
പണ്ടിക്കണോരവെഞ്ചിപ്പിടിയിൽനോവിക്കെ
ട്ടക്കണ്ണരമത്രവല്ലുനാം
നാലെയിൽതങ്ങേണ്ടപ്പോഴിടനിലവുല
കൊടണന്തിമാനിപ്രയോഗം.

ഹാകഷ്ടം!കാരിന്നീന്നിമിത്തമലകൊതികൊ-
ണ്ടിന്നാമൂന്നടന്നു
താകാശീതാശ്രുബിന്ദുക്കളൊട്സുരുമമിഷോ
വക്രാരമനോപൂക്കണ്ണൻ
ക്ഷീകുതംകാക്കമാംസാസ്വാധികൾമൂഴ്വനിതെ
ന്നേത്തുമോത്തിലയന്നം
പോകട്ടേക്കീഴിലേടംമതിമതിമാമ
കഗ്രമൃഡംഭെപോ.
ലപ്പോകന്മയ്മൂതേടോ!കണ്ണീനിലാ-
വാവാൻകണ്ടകൃത്യം
കൽരം പണ്ടുപലിച്ചിത്തതിയവ്വാ-
ലക്കുന്നലെന്തന്തടോ!
ഇപ്പോഴ്പ്പാപുറമെന്നമതലമില
താഹാരമെന്ത്യപ്പം
കപ്പിക്കാണ്ടുകണ്ടിലതവഞ്ഞാം
തൊഴാമിപ്പിച്ചിടിനാൻ.
താരംതരാംവരികമമന്നാദിഷ ഞ്ഞപെണ്ണേ
ചാരസ്മിതകിഞ്ചിചിലകഴിച്ചുപോന്ന്
ഉരരാപംചെയിക്കാന്നത്തെളിന്തുകാ
(ണൊ-
നാരാംതാഅവതാത്തുപാല്ലുമെല്ല.

ചരിത്രസാമഗ്രികൾ

(ഇന്ത്യ)

ഇന്ത്യാചരിത്രസംബന്ധമായ വിഷയങ്ങളെ സമ്പാദിക്കേണ്ട മാൎഗ്ഗങ്ങളെപ്പററിയാണ് ഈ സന്ദൎഭത്തിൽ നിരൂപിക്കുന്നത്. അവയെയെല്ലാം സാമാന്യേന താഴെ കാണിക്കുംപ്രകാരം വിഭാഗം ചെയ്തുകൊണ്ടു വിവരിക്കുന്നു.

1 ലിഖിതങ്ങൾ—(1) ശിലാസ്തംഭങ്ങൾ, സ്തൂപങ്ങൾ, ക്ഷേത്രങ്ങൾ, പാറ കുഴിച്ചുണ്ടാക്കീട്ടുള്ള ചില വിഹാരങ്ങൾ, വലിയ വിഗ്രഹങ്ങളുടെ പീഠങ്ങൾ എന്നിവയിന്മേൽ കൊത്തീട്ടുള്ള എഴുത്തുകൾ (2) ഭസ്മപാത്രങ്ങളിന്മേലും ഇഷ്ടിക മുതലായതിന്മേലുമുള്ള എഴുത്തുകൾ. (3) ചെമ്പ്, വെള്ളി, ഇരിമ്പ്, പിച്ചള, സ്വൎണ്ണം എന്നീ ലോഹങ്ങളെക്കൊണ്ടുള്ള തകിടുകളിൽ കൊത്തീട്ടുള്ള എഴുത്തുകൾ. (4) രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും വംശാവലികൾ, സന്ന്യാസിമാരുടെയുമുള്ള പട്ടാവലികൾ,

(5) രേഖപ്പെടുത്തീട്ടുള്ള ഐതിഹ്യങ്ങൾ. (6) ഓരോ ഗ്രന്ഥകാരന്മാർ തങ്ങളുടെ ഗ്രന്ഥങ്ങടെ ആദിയിൽ കൊടുത്തിട്ടുള്ള അവതാരികകൾ, അവയുടെ അവസാനത്തിൽ കൊടുത്തിട്ടുള്ള ചില വിവരങ്ങൾ, എന്നിവയെല്ലാമീ വിഭാഗത്തിൽ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞവയെല്ലാം ഭാരതഖണ്ഡത്തിൽ പല പ്രദേശങ്ങളിലായി കിടക്കുന്ന ഇവയെല്ലാം പല ഭാഷകളിലായിരിക്കുന്നതല്ലാതെ എഴുതപ്പെട്ടിട്ടുള്ളത്. എന്നാൽ ആ വക രേഖകളെ ആസകലം വായിച്ചു നോക്കിയും മനസ്സിലാക്കി അവയെ ഭാഷാന്തരം ചെയ്യുന്നതിനു സമർത്ഥന്മാരായ വിദ്വാന്മാരുണ്ട്. അങ്ങിനെയുള്ള രേഖകളെ സമ്പാദിച്ചു ഭാഷാന്തരം ചെയ്തു പ്രസിദ്ധപ്പെടുത്തുന്നതിന് ഇന്ത്യാഗവർമ്മെണ്ട് ഓരോ സംസ്ഥാനങ്ങളിൽ ആ വിഷയത്തിൽ നിപുണന്മാരായവരുടെ അദ്ധ്യക്ഷത്തിൽ ഓരോ ഡിപ്പാർട്ടുമെണ്ടുകൾ ഏർപ്പെടുത്തീട്ടുണ്ട്. അവയവർ തങ്ങളുടെ പരിശോധനയുടെ ഫലങ്ങളെ ഓരോ വർഷത്തെ റിപ്പോർട്ടു മുഖേന പ്രസിദ്ധപ്പെടുത്തി റിക്കാർഡായി വെക്കുന്നു. ഗ്രന്ഥങ്ങളായിട്ടുള്ളവയെ എല്ലാം അവിടവിടങ്ങളിലുള്ള ഗ്രന്ഥശാലകളിൽ സൂക്ഷിച്ചു ഗവർമ്മെണ്ടു ചിലവിന്മേൽ അവയെ പണ്ഡിതന്മാരെക്കൊണ്ട് ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്യിച്ചു പ്രസിദ്ധപ്പെടുത്തുന്നു. മേൽപറഞ്ഞ ശിലാലിഖിതങ്ങളുടെ പകർപ്പുകളും അനേകം താമ്രശാസനങ്ങളും വേദശാസ്ത്രപുരാണേതിഹാസാദിഗ്രന്ഥങ്ങളും മറ്റും ഇപ്പോൾ ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, റഷ്യ, ഇറ്റലി മുതലായ യൂറോപ്പുരാജ്യങ്ങളിലെ പ്രധാനനഗരങ്ങളിൽ ഉള്ള മ്യൂസിയങ്ങളിൽ പാവകതായി ശേഖരിക്കപ്പെട്ടിട്ടുണ്ട്. അവിടങ്ങളിൽ ഇപ്പോൾ ധാരാളമായിത്തീർന്നിരിക്കുന്ന സംസ്കൃതപണ്ഡിതന്മാർ അതാതു ഗവർമ്മെണ്ടിന്റെ ആവശ്യപ്രകാരവും, പിന്നെ സ്വകാര്യമായിട്ടും, ആ വക റിക്കാർട്ടുകളെ പരിശോധിച്ച് അതാതു ഭാഷയിൽ തർജ്ജമ ചെയ്ത് ഇന്ത്യാചരിത്രസംബന്ധമായ പല സംഗതികളെയും വെളിപ്പെടുത്തി വരുന്നു, ആ വക സംഗതികളെ, അവർ മാസികകൾ വഴിയും ഗ്രന്ഥങ്ങൾ മുഖേനയും പ്രസിദ്ധം ചെയ്തും വരുന്നു. അതിനാൽ ഭാരതത്ത് അധികം വിലമതിക്കുന്നതു പാശ്ചാത്യപണ്ഡിതന്മാരാണെന്നും, അവയെ വേണ്ടപോലെ ഉപയോഗിക്കുന്നതിനുള്ള സാമർത്ഥ്യം അവർക്കാണ് അധികമെന്നും ഇതുകൊണ്ടു തെളിയുന്നതാണ്. ഇപ്രകാരം നോക്കുന്നതായാൽ മേൽപറഞ്ഞ യൂറോപ്യഭാഷകളിലേക്കു തർജ്ജമ ചെയ്യപ്പെടാതെകണ്ട് നമ്മുടെ വിലപിടിച്ച ഗ്രന്ഥങ്ങൾ ഒന്നും അവശേഷിച്ചില്ല എന്നു പറവാൻ പാടില്ലെങ്കിലും വളരെ ചുരുക്കമാണ് എന്നു ധാരാളം പറയാവുന്നതാണ്. അതുകൊണ്ടു നമുക്കിതായി ശേഷിക്കുന്ന ആ വക ഗ്രന്ഥങ്ങളെയും മറ്റു റിക്കാർട്ടുകളെയും യൂറോപ്യന്മാർ സ്വരാജ്യങ്ങളിലേക്കു കടത്തിട്ടുള്ളതിനെപ്പറ്റി പരിഭവിക്കുന്നതിനു പകരം അവർ അവയുടെ മാഹാത്മ്യത്തെ അറിഞ്ഞ് ഓരോ സംഗതികളെ എല്ലാവർക്കും അറിയുന്നതിന്നായി പ്രസിദ്ധം ചെയ്യുന്ന കാര്യത്തിൽ നാം അവരോടു കൃതജ്ഞതയോടുകൂടിയിരിക്കയാണ് വേണ്ടത്.

2. നമ്മുടെ ഇന്ത്യാരാജ്യത്തു പല ദിക്കുകളിലായി ജീർണ്ണമായിട്ടും അല്ലാതെയും കിടക്കുന്ന ഗുഹകളും വിചിത്രപ്പണിയോടു കൂടിയവയുമായ ക്ഷേത്രാദികൾ, ബുദ്ധമതത്തിന് ഉൽകർഷം വന്ന കാലത്തു പല മഹാന്മാരുടെയും പല സംഭവങ്ങളുടെയും സ്മാരകമായി പണി ചെയ്യപ്പെട്ടിട്ടുള്ള സ്തൂപവിഹാരാദികൾ എന്നിങ്ങനെയുള്ള കെ

ലൗകിക കെട്ടിടങ്ങളുടെ പുറഭാഗങ്ങളിൽ വേല ചെയ്യപ്പെട്ടിട്ടുള്ള വിചിത്രങ്ങളായ കൊത്തുപണികൾ, ചിത്രമെഴുത്തുകൾ, ലോഹംകൊണ്ടും ശിലകൊണ്ടും ഉണ്ടാക്കപ്പെട്ടിട്ടുള്ള വിഗ്രഹങ്ങൾ—ഇവയെല്ലാം വേറെ തരമായി വിഭജിച്ചുവരുന്നതാണ്. ചില പാശ്ചാത്യപണ്ഡിതന്മാർ അവരുടെ ആയുസ്സു മുഴുവനും ഈ വക വിഷയങ്ങളിലാണ പരിശ്രമിച്ചു വരുന്നത്. മേൽപറഞ്ഞ കെട്ടിടങ്ങളിൽ ചിലത് അധികം ജീർണ്ണമായ നിലയിലും ചിന്നഭിന്നമായി അവിടവിടങ്ങളിൽ കിടക്കുന്നവയും നികത്തപ്പെട്ടുപോകുന്നവയുമായ കൊത്തുപണി വേലകൾ ചെയ്യപ്പെട്ടിട്ടുള്ള ശിലകൾ, വിഗ്രഹങ്ങൾ, എന്നിവയെല്ലാം, കണ്ടുകിട്ടിയേടത്തോളം, യൂറോപ്പു രാജ്യങ്ങളിലെ മ്യൂസിയങ്ങളിലും ഇന്ത്യയിലെ പ്രധാനനഗരങ്ങളിലുള്ള മ്യൂസിയങ്ങളിലും കലാവിദ്യാശാലകളിലും മറ്റുമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. കൊത്തുപണി ചിത്രമെഴുത്തു മുതലായ വിദ്യകളിൽ നിപുണന്മാരും ചരിത്രവിഷയത്തിൽ വാസനയുള്ളവരുമായ പാശ്ചാത്യകലാശില്പന്മാർ, പണ്ട് ഇന്ത്യയിലുണ്ടായിരുന്ന ശില്പികളുടെ പ്രയോഗങ്ങളായ മേൽപറഞ്ഞ വിചിത്രങ്ങളായ പണികളെയെല്ലാം ആസകലം കാലഭേദങ്ങളെ അനുസരിച്ചു തരംതിരിച്ചു ക്രമപ്പെടുത്തി പരിശോധിക്കുന്നതിനായി ഇന്ത്യാരാജ്യത്തെ ഉത്തരഖണ്ഡം, മദ്ധ്യഖണ്ഡം, ദക്ഷിണഖണ്ഡം എന്നിങ്ങനെ സൗകര്യത്തിനു മൂന്നാക്കി വിഭജിച്ചിരിക്കുന്നു [ഇന്ത്യാചരിത്രസംബന്ധമായ വിഷയങ്ങളെ ഗവേഷണം ചെയ്തു സമ്പാദിക്കുന്ന കാര്യത്തിൽ പ്രയത്നം ചെയ്യുന്ന എല്ലാ വിദ്വാന്മാരും സ്വസ്വവിഷയങ്ങളെ ക്രമപ്പെടുത്തുന്നതിൽ ഇവ്വിധം തന്നെയാണ് പ്രവൃത്തിച്ചു വരുന്നത്]. ഇതിന്റെ ശേഷം ഓരോ ഖണ്ഡത്തിലുമുള്ള പണികളെയെല്ലാം വേർതിരിക്കുന്നു. പിന്നെ അതാതിലുള്ളവയെ കാലാനുസരണം തരം തിരിക്കുന്നു. ഈ മൂന്നു ഖണ്ഡങ്ങളിൽ ഓരോ കാലങ്ങളിലായി പണി ചെയ്യപ്പെട്ടിട്ടുള്ള നാനാവിധ ശില്പവേലകൾക്ക തങ്ങൾക്കാലങ്ങളിൽ വൃദ്ധിക്ഷയങ്ങൾ എത്രത്തോളമുണ്ടായിട്ടുണ്ടെന്നറിയുന്നു. അനന്തരം മൂന്നു ഖണ്ഡങ്ങളിലും ഒരേ കാലത്തുണ്ടായ വേലകളെ താരതമ്യപ്പെടുത്തി നോക്കിയതിന്റെ ശേഷം അവയ്ക്കുള്ള പരസ്പരസംബന്ധത്തെ കണ്ടുപിടിക്കുന്നു. ഇറ്റലി, ഗ്രീസ്, പാർസ്യ എന്നീ മറുരാജ്യങ്ങളിൽ അതാതു കാലത്തുണ്ടായിട്ടുള്ള ശില്പവേലകൾക്കും ഇന്ത്യയിലെ ശില്പവേലകൾക്കും തമ്മിൽ എന്തെല്ലാം സംബന്ധമാണുള്ളത് എന്നും, ഇതരദേശീയന്മാരുടെ സഹായം ഈ വിഷയത്തിൽ ഇന്ത്യാക്കാർക്കു എത്രത്തോളമുണ്ടായിട്ടുണ്ടെന്നും, അപ്രകാരം തന്നെ ഇവരുടെ സഹായം അവർക്കുണ്ടായിട്ടുണ്ടെന്നും മറ്റുമുള്ള സംഗതികളെല്ലാം അവർ ചൂഴ്ന്നു നോക്കുന്നു. ഇപ്രകാരം നിഷ്പക്ഷമായി കൂടി പരിശോധിച്ചു കണ്ടുപിടിച്ചിട്ടുള്ള സംഗതികളെ മുൻപ്രസ്താവിച്ച പ്രകാരം തന്നെ മാസിക മുഖേനയും ഗ്രന്ഥങ്ങൾ മൂലമായും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു.

8 നാണ്യങ്ങൾ—ചില കേമന്മാർ ഇന്ത്യയിൽ പലേടങ്ങളിലായി ചിന്നിച്ചിതറിക്കിടക്കുന്ന വിവിധനാണ്യവിശേഷങ്ങളെ വളരെ പണിപ്പെട്ടു സമ്പാദിക്കുന്നു. അവയെ മുകളിൽ പ്രസ്താവിച്ച പ്രകാരം തന്നെ, കാലഭേദങ്ങളെ അനുസരിച്ചു തരം തിരിക്കുന്നു. ഏതെല്ലാം രാജാക്കന്മാരുടെ കാലത്താണ് അവയെല്ലാമൊന്നിച്ചു പ്രചാരമുണ്ടായിരുന്നത് എന്ന് അവയിലുള്ള എഴുത്തുകളെക്കൊണ്ടും മുദ്രകളെക്കൊണ്ടും മനസ്സിലാക്കുന്നു.

നാണ്യങ്ങൾ എവിടെയെല്ലാം ലോഹങ്ങളെക്കൊണ്ട്, ഏതെല്ലാം രൂപത്തിൽ, ഏതെല്ലാം ആകൃതികളിൽ, ഏതെല്ലാം മുദ്രകളോടും അക്ഷരങ്ങളോടും കൂടി, ആണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത് എന്ന സംഗതികളെ ധരിക്കുന്നു. അവയിൽനിന്ന് അനേകം ചരിത്രസംബന്ധമായ തത്വങ്ങളേയും അവർ കണ്ടുപിടിക്കുന്നു. ഇന്ത്യയിൽനിന്നു സമ്പാദിക്കപ്പെട്ടിട്ടുള്ള അവരുടെ നാണ്യശേഖരത്തിൽ അന്യരാജ്യക്കാരുടെ നാണ്യങ്ങളെല്ലാമുണ്ടെന്ന് അവർ തെളിയിച്ചിരിക്കുന്നു. ആ അന്യരാജ്യക്കാരോടിട്ട് ഇന്ത്യക്കാർ വ്യാപാരം നടത്തിയിരുന്നുവെന്ന് അവർ അതിൽനിന്നൂഹിക്കുന്നു. അവരുടെ ചരിത്രങ്ങളിൽനിന്നു കിട്ടുന്ന തെളിവുകളെക്കൊണ്ട് ആ വക ഊഹങ്ങളെ സമ്പാദിക്കുകയും ചെയ്യുന്നു. അതിനുപുറമെ, പലവിധത്തിലുമുള്ള നാണ്യങ്ങളുടെ നിർമ്മാണത്തിൽ പുരാതന ഇന്ത്യയിലെ കലാവിദഗ്ദ്ധന്മാർ പ്രയോഗിച്ചിരുന്ന കലാകൗശലത്തെ സൂക്ഷ്മമായി പരിശോധിക്കുന്നതിൽനിന്ന് ഓരോ ലോഹങ്ങളെക്കൊണ്ടു വിശേഷമായ പണിത്തരങ്ങളെ ചെയ്യുന്നതിൽ അവർക്കുണ്ടായിരുന്ന സാമർത്ഥ്യമെന്തായിരുന്നുവെന്ന തത്വത്തെ കണ്ടറിയുന്നതിനും ഇടവരുന്നു. ഇങ്ങിനെ അസംഖ്യതത്വങ്ങൾ നാണ്യപരിശോധനത്തിൽനിന്ന് ആ വിഷയത്തിൽ കുശലന്മാരായിട്ടുള്ളവർ കണ്ടുപിടിക്കുന്നുണ്ട്. അവർ തങ്ങളുടെ പ്രയത്നഫലത്തെ മാസികകളിലേയ്ക്കു ലേഖനമെഴുതിട്ടും, പുസ്തകമെഴുതിട്ടും, പ്രസിദ്ധം ചെയ്തുവരുന്നു.

4 ഇന്ത്യയിൽ പുരാതനകാലം മുതൽക്ക് ഓരോ കാലങ്ങളിലായി പണി ചെയ്യപ്പെട്ടിട്ടുള്ള, അത്ഭുതകരങ്ങളായും മനോഹരങ്ങളായും അതിശയിക്കത്തക്ക കല്പനാശക്തിയെ പ്രയോഗിച്ചിട്ടുള്ളതായുമിരിക്കുന്ന ഓരോ കൊത്തുവേലകൾ ഉദാഹരണത്തിന്, ഹിന്ദുക്കളുടെ ക്ഷേത്രാദികൾ, ബുദ്ധമതക്കാരുടേയും ജിനമതക്കാരുടേയും ക്ഷേത്രസ്തൂപവിഹാരചൈത്യാദികൾ, ഒറ്റപ്പാറ കുഴിച്ച വിചിത്രവേലകളോടുകൂടി പണിചെയ്യപ്പെട്ടിട്ടുള്ള ക്ഷേത്രവിഹാരാദികൾ, പിന്നെ ഏറ്റവും ആധുനികമായ കാലങ്ങളിൽ മുസൽമാന്മാരുടെ ഉൽകൃഷ്ടകാലത്തു പല ദിക്കുകളിലായി പണിചെയ്യപ്പെട്ടിട്ടുള്ള പള്ളികൾ, കൊട്ടാരങ്ങൾ, കോട്ടകൾ, ശവകുടീരങ്ങൾ ഇവയെല്ലാം ഈ ഇനത്തിൽ ഉൾപ്പെടുന്നു. മേൽകാണിച്ചിട്ടുള്ള ഒന്നും രണ്ടും വിഭാഗങ്ങളിൽ ആ വക കെട്ടിടങ്ങളുടെ പുറഭാഗങ്ങളിൽ കൊത്തിട്ടുള്ള വിചിത്രങ്ങളായ പലവക രൂപങ്ങളെപ്പറ്റിയും, ചിത്രങ്ങളെപ്പറ്റിയും മാത്രമാണ് നിരൂപിച്ചിട്ടുള്ളത്. ഈ ഭാഗത്തിൽ ആ വക കെട്ടിടങ്ങളെപ്പറ്റിത്തന്നെയാണ് പറയുവാൻ പോകുന്നത്. പാശ്ചാത്യന്മാരുടെ ഉള്ളിൽ ചരിത്രവിഷയമായിട്ടു പലവിധ സംബന്ധങ്ങളെ ഉളവാക്കുന്നതായും, ശാസ്ത്രത്തിനും നമ്മുടെ ചിത്തത്തിനു വിസ്താരത്തെയും ആനന്ദത്തെയും ആശ്ചര്യത്തെയും സൗന്ദര്യത്തെയും പിന്നെയും അനേകം ഉൽകൃഷ്ടവികാരങ്ങളേയുമുണ്ടാക്കുന്നതായുള്ള നാനാപ്രകാരത്തിലിരിക്കുന്ന ആ വക കൊത്തുവേലകൾ ഇന്ത്യയിൽ പല ദിക്കുകളിലുമായി ഇപ്പോഴും നില്ക്കുന്നതു കാണാവുന്നതാണ്. അവയ്ക്കു പുറമെ ഓരോ അനേകം കെട്ടിടങ്ങൾ പകുതി ഇടിഞ്ഞുപൊട്ടിക്കിടക്കുന്നതായിട്ടും കാണാം. മറ്റു ചിലത് ഒട്ടുമുക്കാലും ഇടിഞ്ഞവസ്ഥയെ പ്രാപിച്ചുകിടക്കുന്നതായിട്ടും കാണുന്നുണ്ട്. ഇവയ്ക്കുപുറമെ, ഓരോ അനവധി ഇടിഞ്ഞപ്പോയ കെട്ടിടങ്ങളെയും, ചിലപ്പോൾ പട്ടണം മുഴുവനും, സംഗതിവശാൽ ചില പ്രദേശം കിളയ്ക്കുന്ന സമയത്തു ഭൂഗർഭത്തിൽ ക

ച്ചെടുക്കുന്നതാവും, ആ വക പാത്രങ്ങളിൽ ഗവേഷണങ്ങൾ ചിലവിനെന്നൽ അവ കൂടികിടക്കുന്ന മണ്ണുനീക്കി അവയെ വേണ്ടപോലെ സൂക്ഷിക്കേണ്ടതായുമുള്ള സംഗതികളും ധാരാളമാകുന്നു. എന്നുതന്നെയല്ല ഇന്ത്യാഗവൺമെണ്ട് ഈ ആവശ്യത്തിലേക്ക് 'ആർക്കിയാലോജിക്കൽ ഡിപ്പാർട്ടുമെണ്ട്' എന്നൊന്നു നിയമിക്കുകതന്നെ ചെയ്തിട്ടുണ്ട്. അങ്ങിനെയുള്ള ഡിപ്പാർട്ടുമെണ്ടുകൾ ഇപ്പോൾ ഇന്ത്യയിൽ ഒട്ടു മിക്ക പ്രധാനസംസ്ഥാനങ്ങളിലും ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആ വക ഡിപ്പാർട്ടുമെണ്ടുകളുടെ ആധിപത്യത്തിൽ പുരാതനകാലംമുതൽക്ക് ഓരോ കാലങ്ങളിലായി പണിചെയ്യപ്പെട്ടിട്ടുള്ളവയും ഇന്നത്തെ നിലയിൽ പോഷണാവശ്യമായ കെട്ടിടങ്ങളെയും സ്ഥാനങ്ങളെയും സ്തൂപങ്ങളെയും കേടുവരാതെ നിലനിർത്തുന്നതിൽ വേണ്ടവണ്ണം നിഷ്കർഷിക്കയും, എത്രതന്നെ ജീർണ്ണാവസ്ഥയിൽ കിടക്കുന്നവയായ കെട്ടിടങ്ങൾ തീർത്തു സൂക്ഷിക്കയും, പിന്നെ കാലാന്തരംകൊണ്ടു നശിച്ചു മണ്ണു മൂടിപ്പോയതു വന്നു കൂടി കിടക്കുന്ന ചിലതിനെ കിളച്ചു മണ്ണുനീക്കി കണ്ടെടുത്തു സൂക്ഷിക്കയും, ചെയ്തുവരുന്നു. ലാർഡ് കർസൺ വൈസ്രായിയായിരുന്ന കാലത്താണ് ഈ കാര്യത്തിൽ കുറെ അധികം നിഷ്കർഷയുണ്ടായിട്ടുള്ളത്. അതിനാൽ, അദ്ദേഹത്തിന്റെ രാജ്യഭാരത്തെപ്പറ്റി ഇന്ത്യയിലുള്ള വർത്തമാനപത്രങ്ങൾ പലതരത്തിലും പറയുന്നുണ്ടെങ്കിലും ഈ ഒരു കാര്യത്തിൽ ഇന്ത്യക്കാരായ നാമെല്ലാവരും കർസൺപ്രഭുവിനോടു നിശ്ചയമായിട്ടും കൃതജ്ഞന്മാരായിരിക്കേണ്ടതാകുന്നു. കാപ്റ്റൻ ജെയിംസ് ഫർഗ്ഗൂസൻ എന്ന യോഗ്യൻ 'ഇന്ത്യയിലെ മരാമത്തുവേലകൾ' എന്നു തലവാചകംവെച്ച് അസംഖ്യം ചിത്രങ്ങളോടുകൂടി ഒരു വലിയ പുസ്തകമെഴുതി പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ട്. (ഇതിന്റെ ഒന്നാംപതിപ്പിന്റെ ഒന്നു ഇവിടെ ലൈബ്രറിയിൽ കാണുകയുണ്ടായി) അതിൽ അദ്ദേഹം പല പല പഴങ്കെട്ടിടങ്ങളെ ഈ വിഷയത്തെ വേണ്ടപോലെ വിമർശനം ചെയ്തു ശാസ്ത്രരീതിയിൽ യുക്തിയുക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ബുദ്ധമതക്കാരുടെ ഉൽകർഷകാലത്ത് ഓരോ രാജാക്കന്മാർ അവരുടെ ആചാര്യന്മാരുടെ ഓർമ്മക്കായിട്ടും അല്ലെങ്കിൽ ഓരോ സംഭവങ്ങളുടെ സ്മാരകമായിട്ടും മറ്റും പണിചെയ്യിച്ചിട്ടുള്ള, കൃഷ്ണാനദീതീരത്തുള്ള 'അമരാവതി' സ്തൂപം, മദ്ധ്യഇന്ത്യയിൽ ഭോപ്പാൽരാജ്യത്തുള്ള പ്രസിദ്ധമായ 'സാഞ്ചി' സ്തൂപം, പ്രയാഗയിൽനിന്നു വളരെ അകലെയല്ലാത്ത 'ഭാർഹുത്' സ്തൂപം, കാശിക്കു സമീപമുള്ള 'സാർനാഥ്' സ്തൂപം എന്നിവയെയും, ഹൈദരാബാദ് രാജ്യത്തുള്ള 'അജന്ത', 'എല്ലോറ' എന്നിങ്ങിനെയുള്ള ഗുഹകളിൽ പണിചെയ്യപ്പെട്ടിട്ടുള്ള വിഹാരങ്ങളെയും ചൈത്യങ്ങളെയും, ഹിന്ദുരാജാക്കന്മാരുടെ ഉൽകർഷകാലത്തുണ്ടായിട്ടുള്ള കാശി, ജഗന്നാഥപുരി, മഹാബലിപുരം, ശ്രാവണബൽഗോള, ശ്രീരംഗം, മധുര, രാമേശ്വരം, എന്നീ സ്ഥലങ്ങളിലുള്ള മഹാക്ഷേത്രങ്ങളെയും, മദ്ധ്യഇന്ത്യയിൽ രജപുത്രരാജാക്കന്മാരുടെയും സിക്കരാജാക്കന്മാരുടെയും കാലത്തു കെട്ടപ്പെട്ടിട്ടുള്ള 'ഉദയപ്പൂർ', 'അജ്മീർ', 'അമൃതസർ' മുതലായ രാജ്യങ്ങളിൽ കാണപ്പെടുന്ന രാജധാനികളെയും, പിന്നെ മുസൽമാൻ രാജാക്കന്മാരുടെ കാലത്ത് ഡൽഹി, ആഗ്ര, ബീജാപ്പൂർ, ശ്രീരംഗപട്ടണം മുതലായ പല പട്ടണങ്ങളിലും കെട്ടപ്പെട്ടിട്ടുള്ളതായി കാണുന്ന രാജധാനികൾ, പള്ളികൾ, ശവകുടീരങ്ങൾ മുതലായവയെയും— ഇങ്ങിനെ ഒത്തവട്ടക്ക് ഉദ്ദേശം ആയിരത്തഞ്ഞൂറു സം

ഗിക നിൎമ്മിതിയും വടക്കേ അറ്റംകൊണ്ടു കിഴക്കുപടിഞ്ഞാറ് ഏകദേശം അത്രതന്നെ വിസ്താരവുമുള്ള ഇന്ത്യാരാജ്യത്തിൽ പല ഭാഗങ്ങളിലായി കാണപ്പെടുന്ന പലവിധ മതങ്ങളേയും—മേൽപറഞ്ഞ ഫർഗൂസൻ എന്ന മഹാൻ അദ്ദേഹത്തിന്റെ പുസ്തകത്തിൽ കാലദേശങ്ങളെ അനുസരിച്ചു തരംതിരിച്ചു ക്രമപ്പെടുത്തുകയും, അവയെ ഓരോന്നിനേയും പരിശോധിച്ചിട്ട് ഇന്ത്യയിൽ അതാതു കാലത്ത് അതാതു ഭാഗത്തുള്ള ശില്പികൾ ഏതെല്ലാം തച്ചുശാസ്ത്രസമ്പ്രദായങ്ങളെയാണ് അനുവൎത്തിച്ചിട്ടുള്ളതെന്നും, പണ്ടു വളരെ ഔന്നത്യം പ്രാപിച്ചിട്ടുള്ള പേൎഷ്യ, ഗ്രീസ്, ഇറ്റലി എന്നീ രാജ്യങ്ങളിലുള്ള ശില്പശാസ്ത്രസമ്പ്രദായത്തെ ഇന്ത്യാക്കാർ ഏതെല്ലാം കാൎയ്യത്തിൽ സ്വീകരിച്ചിട്ടുണ്ടെന്നും, ഇന്ത്യാക്കാരുടെ മതാചാരരീതിയും മേൽപറഞ്ഞ അന്യരാജ്യങ്ങളിലുള്ളവരുടെ മതാചാരരീതിയും തമ്മിൽ ഏതെല്ലാം കാൎയ്യത്തിലാണ് സാമ്യമുള്ളതെന്നും, ഏതെല്ലാത്തിലാണ് വ്യത്യാസമുള്ളതെന്നും, ഇന്ത്യയിൽ പല രാജ്യങ്ങളിൽ പല കാലത്തായിട്ടുണ്ടായിട്ടുള്ള കെട്ടിടങ്ങൾ ഏതെല്ലാം രാജാക്കന്മാരുടെ കാലത്താണ് പണിചെയ്യപ്പെട്ടിട്ടുള്ളതെന്നും, അവയുടെ നിൎമ്മാണത്തിൽ തത്തൽകാലങ്ങളിലുള്ള പലതരം ശില്പികൾ സ്വസാമൎത്ഥ്യങ്ങളിൽ എത്രത്തോളമാണ് ഉന്നതിയെ പ്രാപിച്ചിട്ടുള്ളതെന്നും മറ്റുമുള്ള പലവിധ സംഗതികളെ നിരൂപിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ പിന്നെ ഈ വിഷയത്തിൽത്തന്നെ പരിശ്രമിക്കുന്ന പല ആധുനികപണ്ഡിതന്മാരും തദ്വിഷയമായി വേറെയും അനേകം സംഗതികളെ കണ്ടുപിടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളതായി കാണുന്നു.

(തുടരും)

കെ. എം.

യോഗിയാതിരിപ്പാട്

കാതൽ ചൂഴവിലസുംവ്യൂഹമൊരു
പ്രായമാംശിവപുരംമണിയും
ആശ്രമതിരുക്കളിലാംഗമിരുന്നായ്
മായയുംമകറ്റമൊത്തമഹേശൻ.

ഇരിയോഗബലശാലിയാമല്ലോ.
ശ്രേഷ്ഠയോഗിവരനിപ്പിലിവപൂരിൻ
ക്ഷാത്രധനോരമോധവിക്കാമ്
ശ്രീപരണ്ടുപേരിയാധികാരം.

ദേവദേവനെന്നിദാനവുമോരാം
സേവചെയ്തശിവകരമിൽമുമ്പർ
ദേവതാതതാങ്ങിനിനാൽമുപ്പും
കേവലമോഹമകറ്റിനാവിശ്ശും.

തൻകരത്തിലവരൊത്തിരുമോഹം.
തികലോത്തമസിയലതശേനം
തങ്കമാംഗവിളിവാൽമുനിസാക്ഷാൽ
ശങ്കരൻവരമാംനിധിലബ്ധിം.

ഏവമുള്ളതധനാഗമയന്ത്രം
കൈവരത്തിലെന്നയോഗിവരിഷ്ഠൻ
ആവലുംപുളുമ്പൻപതിത്രമാവും
ദേവദേവനിലയത്തിനപുറം

അമ്പലംപണിളുചാറിനകത്തും
മുമ്പട്ടുമിതിലെപോലപുറത്തും.
കമ്പമാമതിൽഗോപുരമുയും
വമ്പനൂട്ടിയിൽനാലുപുറത്തും.

ചോദ്യചാതുരമൊതാതിരിതേഷ-
കാട്ടാട്ടിതടവായാഴകോടെ,
കേട്ടചോദ്യങ്ങളൊന്നതവസാന-
പൂർവ്വവൃത്തമൊട്ടതീർത്തിളമാറ്റം.
വാഴ്ചപാട്ടമഴകാമ്പടിമാറ്റി-
പ്പോലെകിട്ടുകളിൽ കരയേറാൻ
നാഴ്വികകളിലുംചിറകെട്ടി
പ്പോലുചോറ്റുകൾ പൂട്ടിപ്പൂണ്ടി.
നാട്ടുകാഴ്ചവനാംപണിതെല്ലാം
കുട്ടചേർന്നുകടിപാഴ്ച്ചയതിന്നും
കേട്ടവണ്ണമപടിപ്പോവുമതിൻ
നീട്ടവന്നുനമിച്ചുനിയമിച്ചു-
പ്പൂകലോസനയിലിരിതിനാപാകാൻ
പാകമാമ്പടിവനാവലമാഗം
ലോകതൃപ്തമൊക്കിയുദാരം-
ലോകനാതനിൽ വിമതേതിനയോഗി,
ഉത്തമംശിവപൂരത്തിനമേതേ-
പ്പത്തമംഗളമമോറിയയോഗ്യർ
സന്തതംകലശമാട്ടുവതിന്നും
സന്തതംകൃത്യതിയുള്ളിലുറച്ചു
തന്ത്രശാസ്ത്രമതുപോലെശിവനാ-
മന്ത്രപൂതകലശാളതമാടാൻ
മന്ത്രമാമ്പൊഴുതതിൽ ചിലവിദ്വം
തന്ത്രിമുഖ്യർചിലരങ്ങുതുടങ്ങി.
മുത്തതാളുമിടവാടിനബാലം
മുത്തതാളുവികടംതുടമ്പോടം
പുത്തംവംശമതുയോഗിനകാറി-
പ്പെൺതണപ്പൊതുവാൾക്കവകാശം
നീളമേച്ചിലതസ്ഥലമെത്തും-
മാളണാണർമതിന്നബലിയർ
അളമൊന്നപിഴതീർത്തുപിടിക്ക-
മ്പോളതിൽ ഗ്രുതിപിഴക്കിലസാദ്ധ്യം.
ഞാൻപ്രമാണമിഹതാൻമകനെന്നും
താൻപുറത്തിവിടെഞാൻപ്രളയെന്നും
സാമ്പ്രതംകലശമേകഴിയില്ലാ
താൻപുറപ്പെടുകിലില്ലിവനെന്നും.

തങ്ങളിൽ കലശപൂജയതിന്നാ-
മംഗലക്രിയയടങ്ങിനകത്തിൽ
തിങ്ങലായുടവൃതങ്ങിനടപ്പി.
സാംഗമംഗമൊത്തണ്ണമനല്പം.
'ചോദ്യനോക്കിയവരെപ്പൂവോടം
തീർത്തുകിട്ടുവതിനാപ്പണികൊണ്ടും
ചോദ്യമേകലശമൊന്നിലുമില്ലം
നേർത്തുയോഗിവരനാമെല്ലാമതൈര്യം
യോഗിയാർനിലയിലിങ്ങിനെയിപ്പ്ര-
മാഗിയായതിനിവിപ്രതിനാകാം
ത്യാഗിയായയാഴകെണ്ണമൊന്നാമവൈ-
രാഗിയായുമകപുരാതിന്നകാം.
പൂന്നയോഗിയകതാരിലുറച്ചു.
ഒട്ടനാരുമറിയാതൊരവേലിൽ
മനമെ തനിലവിട്ടുനടന്നു
സ്വന്തദേവിതപുന്നനിലാവിൽ.
മാലകത്തുവടിയിലെപ്പെട്ടവരെക്കെ-
പ്പാലമെന്നുമതിനാത്തിലിരുമ്പിൽ
കാലമെന്നുനടകൊൾവൊതപ്പലൻ
മേലകത്തുമൊതമെട്ടിലടുത്തു.
തിങ്ങളെന്നടനനെയാപ്പത്തൊട്ടു-
ന്നാരക്ഷിയവർതങ്ങളിൽനോക്കി
നേരറിഞ്ഞുകിഴവൻകഥയെന്തെ-
ന്നാരമന്ദ്രനൊട്ടചൊല്ലിതുചോദ്യം.
പണ്ടുകണ്ടറിയുമെന്നൊരുമാവം
കൊണ്ടുകാര്യഗതിയുള്ളതുയോഗി
ഉണ്ടതിൽകൊണ്ടവനായിവെച്ചൂത്തു-
കൊണ്ടമോകമൊന്നുനോറിയിച്ചു.
ഉമ്പർകോനടയനാട്ടിലെഴുന്നാൾ-
കൊമ്പനാനയെമത്തുകപോലും
കമ്പമില്ലകലശോത്സവമപ്പോൾ
സ്സമ്പമോടിതനടത്തിയവർത്താൻ.
പിന്നിതോരാവമൊപ്പിരാമന്തു
മുന്നിനിൽപ്പുകടയോർക്കലവിട്ടു
വന്നിലക്കിലിവനാശനമിട്ട
പിന്നിലിപ്പോഴികയാണാധുനാഞാൻ.

സ്വാതന്ത്ര്യനാശജവികതിനിമിത്തം
തിന്മയാത്രയുമാചരിച്ചോർ
യാത്രമംഗളനിലയ്ക്കുവചിച്ചോർ
മാത്രമേകിട്ടുകനഗ്രഹമിപ്പോൾ
എന്നയോഗിവരനോതിയതോടെ
തന്നോടപൃച്ഛ്യ ചെന്നിലയിലിണങ്ങി
നന്ദനന്ദജളമായമുണ്ടായ
യോഗനായകളുന്നതശാലിക്കും
'സന്നിധാനതിലയാത്രയോർ
മാതഭിവന്ദനാനന്ദപായി
ചെയ്തുസന്തവചിന്തനാന്തരാളം
തൻപരസ്വാമികളുടെ ശാസ്ത്രം".
നിരന്തരമതിവന്നാകമുള്ളപ്പോ
ഴുണ്ണട്ടിയുമടച്ചരകണ്ണൻ
നിര കന്നാമവിവന്നാണിയോൻതീ
ച്ചുതാൻപോനസാദ്ധ്യയുതിപ്പം
പാട്ടിലാണ്ടിവരാനക്കവലതെ
നിട്ടിയിലൊന്നുപാരത്തായച്ചവർ
കാട്ടിലെറിമാവായിട്ടുതെയ്യും
കുട്ടിയോഗിവരനിയുപഭേദം
പ്രീതിമനസ്സുനിങ്ങതിരിപ്പോ
പ്പാതിവ്രത്യസ്ഥമതനിനായോഗി
ഇതിയോട്ടുന്നിളകത്തമതോത്തം
ഇതിഇതനസമ്പൂർണമതാനൻ.
ഗർഭ്ഭസാമർത്ഥ്യവാതളുതീരെ
സ്സുപ്രോതവുതമോന്നിലാക്കി
ശ്രേഷ്ഠതന്നാടനൊപ്പുലർകാലം
തിട്ടതിച്ചുശിവപ്പുതവിരാമാൽ.
നാഥനുതയിയവക്കവടക്കെ
ണ്ടാകനൊത്തൊഴിവതിനാതവമ്പർ
ജാതവോദമധമഭൂചനവണ്ണമി
പ്രീതമായമൊടുയോഗിയൊരോതി.
കേവലമുള്ളികലമേത്തിരാവിപ്പും
കകവമത്തിടുകയിപ്പുവിരോത്താൾ.

കേവലംപരമയച്ചുകൊടുക്കാൻ
ഭാവമില്ലിതിനിനികൊരരാസ്യം.
താന്ത്രികാത്മകനുരക്കൊടുപ്പാൻ
മാന്ത്രികപ്രകരമോർമതിരെയങ്കിൽ.
ഞാൻതികച്ചുതുന്നാധുണ്ടുവിധാ
ഇന്നിലെന്നുമവരംപറയില്ലേ ?
എന്നകക്കയിലെയോമനക്കുലം
നിന്നുസമ്മതമുരച്ചുതിരിച്ചു.
വന്നപടിതന്നരുകക്ഷിയിൽമുമ്പർ
നന്നയോഗമിതിനാടിപ്പോതെ.
ഇന്നലെക്കാനിവാശിവഴക്കിൽ
ച്ചെന്നവച്ചുപരഞ്ഞുവെച്ചിരിപ്പോരാണ്.
ഒന്നാമാകോയിപ്പറിതാഞ്ഞാൻ
തന്നടങ്ങിയവിട്ടുധികാരം.
കുന്നാർക്കവതിരളുതിരക്കിൽ
കൂടടത്തൊരിക്കക്ഷിയെഴക്കം
തീരയാറുകലശങ്ങളുമോതി.
തീരവസകലയോഗവുമൊന്നു.
നിഷേധിച്ചുവിലസത്തിൽനടന്നു
വിശേഷിച്ചുതനിലയ്ക്കുമിരക്കം
കാട്ടുകാട്ടിടമതത്തെ വപുംതെ.
ലീലപരപ്പിണവഴിച്ചു കഴിഞ്ഞു.
യോഗികതക്കനിട്ടുള്ളിയപുത്രർ
യോഗിയാതിരികളിൽപ്പരമാഢ്യർ
ത്യാഗിയിസ്തുതശിവപ്പണവിദ്യാ
ഭാഗിയോമൊടുവിൽമോക്ഷമുമൊന്നു.
തൃക്കനാപ്പുരമകതിവരാൽപ്പ
തൃക്കനാക്കിയോമയോഗിവരൻറെ
ശിക്ഷയാമശിവപ്പുരനടപ്പ്
ണിക്കമാന്യമഗ്രാമങ്ങളിലിന്നം.
വിസ്മയംപുലയിലുന്നിലതാവാ
സ്ന്യധാരണമിതിക്കുധ്യാം
ഇസ്സുദാചരണമാന്യമണമ്പോ.
സസ്സുധാമശിവമതിയിലാനം.

ഹിന്ദുമതത്തിൻെറ

ആധുനികാവസ്ഥ

ഇനി ആലോചിപ്പാനുള്ളതു പാശ്ചാത്യവിദ്യാഭ്യാസം ചെയ്യുവരാകട്ടെ, അല്ലാത്തവരാകട്ടെ, മേൽപറഞ്ഞ സനാതനധർമ്മാദ്ദർശത്തെ എത്രമാത്രം അനുസരിക്കുന്നു എന്നുള്ളതിനെക്കുറിച്ചാകുന്നു.

കാശ്യപൻ, വസിഷ്ഠൻ, വേദവ്യാസൻ തുടങ്ങിയുള്ള പൂജ്യപാദന്മാരുടെ ജന്മഭൂമിയായ ഇന്ത്യാരാജ്യത്തെയാണ് ഹിന്ദുമതസ്ഥന്മാരുടെ പ്രധാനസ്ഥാനമായി ഗണിച്ചുവരുന്നത്. ഈ ഉപഖണ്ഡത്തിൽ അനേകരാജ്യങ്ങളും അവിടെ ഒക്കെയും ഹിന്ദുമതസ്ഥന്മാരും ഉണ്ട്. അവരിൽ ആകപ്പാടെയുള്ള സനാതനധർമ്മപ്രകടനത്തിൻെറ തൽകാലികസ്ഥിതിയെപ്പററി സാർവ്വത്രികമായ ഒരു പര്യാലോചനചെയ്യുന്നതിനു, ഞാൻ ഇപ്പോൾ ശ്രമിക്കുന്നില്ല. കേരളത്തിൽ അധിവസിച്ചുപോരുന്ന ഹിന്ദുക്കളെയും സനാതനധർമ്മാദ്ദർശത്തിൽ അവർക്കുള്ള അനുവർത്തനത്തിൻെറ ന്യൂനാധികസ്ഥിതിയെയും കാരണങ്ങളെയും കുറിച്ചു മാത്രം സ്വല്പം ആലോചിക്കും.

കേരളത്തിൽ ഹിന്ദുമതസ്ഥന്മാർ എന്നു പറയപ്പെടാവുന്നവരായി അനേകവർഗ്ഗക്കാർ അധിവസിച്ചുവരുന്നുണ്ട്. ചുരുക്കം ചില മഹാശയന്മാരൊഴികെ മററുള്ളവരിൽ സ്വകീയധർമ്മാചരണമായി കല്പിക്കപ്പെട്ടിരിക്കുന്ന ആ സനാതനധർമ്മത്തിൻെറ പ്രകടനം എത്രത്തോളമുണ്ടെന്നു തീർച്ചപ്പെടുത്തുവാൻ ശ്രമിക്കുന്നതിനേക്കാൾ സൌകര്യമുള്ളതും വാസ്തവവും ആയിരിക്കുന്നതു ആ പ്രകടനം വളരെ ക്ഷീണമായി ഇരിക്കുന്നു എന്നു പറയുന്നതാണ്. ഔത്സുക്യമുള്ളവരായ നമ്മുടെ സനാതനധർമ്മത്തിൻെറ സൂക്ഷ്മതത്വപ്രകാരം ആലോചിക്കുമ്പോൾ സർവ്വാന്തര്യാമിയായിരിക്കുന്ന ഈശ്വരൻ ലോകത്തിൻെറ ആശ്രയസ്ഥാനവും മനുഷ്യർ സകലവസ്തുക്കളോടും ഐകമത്യത്തോടും സഹോദരസ്നേഹത്തോടും അനുവർത്തിക്കേണ്ടവരും ആണെന്നു സ്പഷ്ടമാകുന്നു. എന്നാൽ നമ്മുടെ അനുഭവം ആ പ്രകാരമല്ലെന്നു മാത്രമല്ല അതിൻെറ വിപരീതങ്ങളായ സ്വാർത്ഥതല്പരതയേയും അനൈകമത്യത്തെയും ശത്രുബുദ്ധിപൂർവ്വമായ മാത്സര്യത്തെയും ആണ് നാം അനുഭവിച്ചുവരുന്നത്. ഇതു വാസ്തവം തന്നെയോ എന്നു സംശയിക്കുന്നപക്ഷം നമ്മുടെ പബ്ലിക് ആപ്പീസുകളെയും, കോടതികളെയും, സാമാജികന്മാരോടുകൂടി നടത്തുന്ന ചില സഭകളെയും, മലയാളിസമുദായത്തെയും, പരദേശികസമൂഹത്തെയും, മലബാറിലെ മിക്ക വർത്തമാനപത്രങ്ങളെയും, ചില ഗ്രാമസ്ഥന്മാരുടെ പുറന്തിണ്ണകളെയും, ഈശ്വരനാമോച്ചാരണത്തിനെന്ന നാട്യത്തിൽ നടത്തപ്പെടുന്ന ജനസ്ഥലങ്ങളെയും, ദേവീദേവാരാധനമെന്നുദ്ദേശിച്ചു നടത്തപ്പെട്ടുവരുന്ന കൊട്ട്, കാവു, എതിരേല്പ്പ് മുതലായവയെയും ഒന്നു നോക്കുക! ഈ സ്ഥലങ്ങളിലും വിഷയങ്ങളിലും പ്രാധാന്യേന അങ്കുരിച്ചുകൊണ്ടിരിക്കുന്നത് അനൈകമത്യം, കലഹം, പരദ്രോഹചിന്തനം, കക്ഷിപിടിത്തം, അസത്യം, പരാജയം, ദുരഭിമാനം, സ്വാർത്ഥപ്രതിപത്തി മുതലായ ദുർഗ്ഗുണസമൂഹം തന്നെയായിരിക്കും. ഇതു നിമിത്തം സനാതനധർമ്മത്തിൻെറ സൂക്ഷ്മതത്വം എന്നല്ല സ്ഥൂലമായ ത

പദേശവും ഗ്രഹിക്കുക എന്നതു നമ്മുടെ ആളുകളിൽ കുറഞ്ഞിരിക്കുന്നതെന്നു സ്പഷ്ടമായി കാണാവുന്നതാണ്.

എന്നാൽ ഇനിയും മേൽപറയപ്പെട്ട ദുർണ്ണയപന്ഥാവിൽ സഞ്ചാരം ചെയ്യാത്ത സംസ്കാരചിത്തന്മാരായിരിക്കുന്ന ചിലരും ഇല്ലെന്നില്ല. പക്ഷേ അവരിലും സനാതനധർമ്മത്തിന്റെ ആദിമരൂപമായ പ്രവൃത്തിലക്ഷണത്തിന്റെ അല്പാംശമെങ്കിലും പ്രകാശിക്കുന്നില്ലെന്നുതന്നെ പറയാം. എന്തെന്നാൽ മതഗ്രന്ഥപാരായണമോ വിധിരൂപങ്ങളായ ശ്രൗതസ്മാർത്തങ്ങളോ ധർമ്മാസക്തിയോ ഈശ്വരവിശ്വാസമോ പരോപകാരതൽപരതയോ സാധാരണയായി അവരിലും കാണപ്പെടുന്നില്ല. ഇപ്രകാരം വരുന്നതിനുള്ള കാരണം എന്താണെന്നുള്ളതിനെപ്പറ്റി കൂടി സ്വല്പം ആലോചിക്കാം.

ആദ്യം പറയപ്പെട്ട സാംഗോപാംഗവേദങ്ങളായ പതിനാലു വിദ്യാസ്ഥാനങ്ങളും അവയുടെ ഉൾപ്പിരിവുകളും ശാഖോപശാഖകളും കൂടിയുള്ള മതഗ്രന്ഥങ്ങൾ അസംഖ്യങ്ങളായിട്ടുണ്ട്. ഇവയൊക്കെയും ആദികാലത്തിൽ സമഗ്രമായി എഴുതപ്പെട്ടിരിക്കുന്നതു സംസ്കൃതഭാഷയിലാണ്. പിന്നീട് അല്പാല്പമായി തമിഴ്, തെലുങ്ക്, കന്നഡ, ഇംഗ്ലീഷ് എന്നീ ഭാഷകളിലും പകർത്തപ്പെട്ടിട്ടുണ്ട്. മലയാളഭാഷയിൽ സനാതനധർമ്മപ്രതിപാദകങ്ങളായ ഗ്രന്ഥങ്ങൾ ധാരാളമായി എഴുതപ്പെട്ടിട്ടില്ലെന്നല്ല മിക്കവാറും ഇല്ലെന്നുതന്നെ വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു.

കേരളീയന്മാർ എത്രയോ ശതവർഷങ്ങൾക്കിപ്പുറം മുതൽ സംസ്കൃതഭാഷാഭ്യസനത്തിൽ വിമുഖന്മാരോ അലസന്മാരോ ആയിട്ടാണ് തീർന്നിരിക്കുന്നത്. ഇക്കാലങ്ങളിൽ പാണ്ഡിത്യം ഉണ്ടായിരുന്നാലും അതുകൊണ്ടുമാത്രം നമ്മുടെ മതഗ്രന്ഥങ്ങളെ സംബന്ധിച്ച സമഗ്രമായിട്ടല്ല സാമാന്യമായിട്ടെങ്കിലും ഒരു ജ്ഞാനം സമ്പാദിക്കുന്നത് അശക്യമാകുന്നു. അതുനിമിത്തം നമ്മുടെ മതഗ്രന്ഥങ്ങളെ ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും അവയിലടങ്ങിയിരിക്കുന്ന സാരാംശങ്ങളെ ഗ്രഹിക്കുന്നതിനും ആ വിഷയത്തിൽ അല്പമായ അംശമെങ്കിലും നമുക്കുണ്ടാകുന്നതിനും മാർഗ്ഗമില്ലാതെ തീർന്നിരിക്കുന്നു. മറിച്ച് ഗ്രന്ഥപരിജ്ഞാനം ഒരുവിധം സമ്പാദിച്ചുവെന്നിരിക്കട്ടെ; എന്നാൽതന്നെ ആ ജ്ഞാനത്തെ സൂക്ഷ്മരൂപേണ ഉപയോഗപ്പെടുത്തി സനാതനധർമ്മപന്ഥാവിൽ കൂടി ജീവിതയാത്ര ചെയ്യുക എന്നുള്ളത് ഏറ്റവും ദുസ്സാധ്യമായിട്ടാണ് ഇരിക്കുന്നത്. എന്തെന്നാൽ നമ്മുടെ ഹിന്ദുമതത്തിൽ തന്നെ വൈഷ്ണവം, ശൈവം, ശാക്തേയം, അദ്വൈതം, വിശിഷ്ടാദ്വൈതം, സാംഖ്യം എന്നിങ്ങനെ അനേകപിരിവുകൾ കല്പിക്കപ്പെട്ടിരിക്കുന്നു. സനാതനധർമ്മത്തിന്റെ സൂക്ഷ്മസ്വരൂപമാകുന്ന വേദാന്തമതത്തെ ഒഴിച്ചു നോക്കിയാൽ മറ്റുള്ളവയെല്ലാം ആത്മാഭിമാനത്തോടുകൂടി അതാതിനെ ഉൽകൃഷ്ടമാക്കിയും മറ്റുള്ളവയെ നികൃഷ്ടമാക്കിയും പ്രലപിച്ചുകൊണ്ടിരിക്കുന്നു എന്നു തോന്നിപ്പോകും. തന്നിമിത്തം സാധാരണ മനുഷ്യബുദ്ധിക്ക് ഒരു മതത്തിലും സ്ഥായിയായ ഒരു വിശ്വാസം ഉറയ്ക്കാതെ വരുന്നു. ആദ്യന്മാർ ഇപ്രകാരമുള്ള ഭേദങ്ങളെ കല്പിക്കാനുണ്ടായ കാരണവും അവരുടെ ഉദ്ദേശവും മറ്റും അസ്പഷ്ടമായിട്ടില്ലെന്നുള്ള പരമാർത്ഥം സൂക്ഷ്മജ്ഞാനികളായ മതാചാര്യന്മാരിൽ നിന്നു ഗ്രഹിച്ചുവെങ്കിൽ മാത്രമേ ഈ വിഷയത്തിൽ സാമാന്യബുദ്ധിക്കു സമാധാനവും പ്രവൃത്തിയും ലഭിക്കുകയുള്ളൂ.

നാട്ടുകാരുടെ ഈ പ്രകാരമുള്ള മതാചാര്യന്മാരോ ഉപദേഷ്ടാക്കളോ സദ്‌ഗുരുപ്രവർത്തകന്മാരായി ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. സനാതന ധർമ്മത്തിന്റെ കർമ്മകാണ്ഡത്തിൽ ഉപജീവിക്കേണ്ടവരായ സാധാരണമനുഷ്യർ തങ്ങളുടെ മതഗ്രന്ഥങ്ങളിൽ എന്തിനെയാണ് വിശ്വസിക്കേണ്ടതെന്നും ആചരിക്കേണ്ടതെന്നും നിശ്ചയമില്ലാതെ അന്ധവിശ്വാസികളായി തീർന്നിരിക്കുന്നു. എന്നു മാത്രമല്ല ഉപദേഷ്ടാക്കളും നിരന്തരപരിശ്രമികളും ആയ ഇതരമതസ്ഥന്മാരുടെ വാഗ്‌ജാലത്തിൽ അകപ്പെട്ടു സ്വമതത്തെ ഉപേക്ഷിക്കുന്നതിനും അന്യമതത്തിനു വശംവദരായിത്തീരുന്നതിനും സംഗതി വരികകൂടി ചെയ്യുന്നു. ഈ ന്യൂനത കേവലം ബ്രാഹ്മണാദിവർണ്ണങ്ങളുമായി സംസർഗ്ഗവും സഹവാസവും ഇല്ലാതെ അകന്നുകിടക്കുന്നവരായ പുലയർ, പറയർ, കുറവർ, മുതലായ ചില നിർഭാഗ്യന്മാരെയാണ് അധികം ബാധിച്ചുകൊണ്ടിരിക്കുന്നത്. ഇതിനു ദൃഷ്ടാന്തം ഈ മലയാളത്തിലെ സെൻസസ്സ് റിപ്പോർട്ട് (ജനസംഖ്യ റിപ്പോർട്ട്) തന്നെ മതി. മുമ്പിൽ എടുത്ത സെൻസസ്സിലെ ഹിന്ദുക്കളുടെ സംഖ്യയിൽനിന്ന് ഒടുവിൽ എടുത്ത സെൻസസ്സു പ്രകാരം 64000 ആളുകൾ ഹിന്ദുമതത്തിൽനിന്ന് ക്രിസ്തുമതത്തിൽ ചേർന്നിട്ടുള്ളതായിക്കാണാം.

മലബാറിൽ അനേകം സി. എം. എസ്സ്. കോളേജുകളും ഹൈസ്കൂളുകളും മിഡിൽസ്കൂളുകളും ഏർപ്പെടുത്തിട്ടുണ്ട്. അവിടെ ഒക്കെയും ക്രിസ്തുമതഗ്രന്ഥങ്ങളെക്കൂടി പാഠപുസ്തകമായി വെക്കുകയും വിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്തുവരുന്നു. ഹിന്ദുബാലന്മാരുടെ മനസ്സിലുറപ്പിച്ചു വരേണ്ടുന്ന സ്കൂളുകളിലും ഹിന്ദുമതത്തിന്റെ സൂക്ഷ്മസ്വരൂപഗ്രഹണത്തിനുപയുക്തമായ ഏതെങ്കിലും ഒരു പുസ്തകത്തെ പാഠവിഷയമാക്കുകയോ പഠിപ്പിക്കുകയോ ചെയ്തുവരുന്നില്ലെന്നുള്ളത് നമ്മെ അധികമായി വ്യസനിപ്പിക്കുന്നു. സനാതനധർമ്മത്തിന്റെ സൂക്ഷ്മാർത്ഥബോധമോ ചിരപരിചിതമായ വിശ്വാസമോ ഇല്ലാത്തവർക്ക് ആ ധർമ്മത്തിൽ ആസക്തിയും പ്രയോജനവും അതിനായിട്ടുള്ള പരിശ്രമവും ലഭിക്കാതിരിക്കുന്നതു കൂടാതെ സ്വമതാനുഗാമികളുടെ ഏതു സംഗതിയെപ്പറ്റിയും കണ്ണടച്ചു വിശ്വസിക്കുന്നതിന് ഇടവരുത്തുകയും ചെയ്യുന്നുണ്ട്. അതിന്റെ കാരണം അന്ധപരമ്പരയെന്നപോലെ ദുർവിശ്വാസങ്ങളും അവയെ അനുവർത്തിക്കുന്ന നാനാവിധ ദുഷ്ടാചാരങ്ങളും ഉത്ഭവിച്ച് അനേകകാലമായി വേരുപിടിച്ച് ഉറച്ചുകിടക്കുന്ന അവരുടെ ഹൃദയക്ഷേത്രം ഇരുട്ടുകൊണ്ടും മലിനപ്പെട്ടിരിക്കുന്നതാണ്.

മനുഷ്യരുടെ സകല ശ്രേയസ്സുകൾക്കും അധോഗതിക്കും കാരണമായിത്തീരുന്നതു വിധിനിഷേധകർമ്മങ്ങളിൽ അപരിജ്ഞാനപൂർവമായുള്ള പ്രവൃത്തിയാകുന്നു. ഈ തത്വത്തെ മനസ്സിലാക്കാതെ വിധിപോലെ വരുമെന്നും, ഈശ്വരൻ വെച്ചതുപോലെ വരുമെന്നും, എന്നിങ്ങിനെയുള്ള അലസബുദ്ധിയോടുകൂടി അനേകം ആളുകളും ജീവിതയാത്ര ചെയ്യുന്നു. അങ്ങിനെയുള്ളവരായ വിദ്വാന്മാരും ഇതിലധികമായി കാണാനുണ്ട്. "ഉദ്ധരേദാത്മനാത്മാനം" എന്നുള്ള ഭഗവദ്വാക്യപ്രകാരം തന്നിൽ അടങ്ങിയിരിക്കുന്ന ധർമ്മത്തിനനുസരിച്ചു നടന്നാൽ സ്വന്തം സനാതനധർമ്മത്തിൽ ഉപജീവിക്കുന്നവരുള്ള സകല മനുഷ്യർക്കും സാധ്യമായിട്ടുള്ളതുതന്നെയാണ്.

നമ്മുടെ മതാചാര്യന്മാരായി വല്ലവരും ഉണ്ടെങ്കിൽ അവരും മതോപജീവിക

ളും തമ്മിൽ വ്യത്യാസം ഒരു അകലപ്പോലെ കൂടിയിരിക്കുന്നു. എന്തെന്നാൽ ആചാര്യന്മാരുടെ ബുദ്ധി പുരാതനസമ്പ്രദായത്തിൽ തന്നെ ഇരിക്കുന്നു. മതാചാരികളുടെ ബുദ്ധി മിക്കവാറും പാശ്ചാത്യവിദ്യാഭ്യാസം മൂലമായയിൽ നിന്നും ഒരു പുതിയ സമ്പ്രദായത്തിൽ വളർന്നു വരുന്നു. എന്നാൽ ആ വളർച്ച സനാതനധർമ്മത്തോട് അല്പമെങ്കിലും യോജിക്കാതെയാണിരിക്കുന്നത്. ഇപ്രകാരം സനാതനധർമ്മത്തിന്റെ ന്യൂനതയുള്ള കാരണങ്ങൾ പരിഹരിക്കത്തക്കവിധമല്ലാതെ മിത്രം അധികമായിരിക്കുന്നു.

സമുദായാഭ്യുദയത്തെ ഉദ്ദേശിച്ചിട്ടേർപ്പെട്ടിരിക്കുന്ന സകലരും ഈ വിഷയത്തിൽ പ്രത്യേകം ഉന്നിവെക്കേണ്ടതാണ്. ഈ കാലത്തിൽ ഹിന്ദുമതസ്ഥന്മാരായി അനേകവർഗ്ഗക്കാരുണ്ടെങ്കിലും സകലത്തിനും ആസ്ഥാനം മലയാളബ്രാഹ്മണരിൽ അടങ്ങിയിരിക്കുന്നു. വിശിഷ്യ മറ്റുള്ളവരെ അപേക്ഷിച്ചു മതവിശ്വാസത്തിൽ നമ്പൂതിരിസമുദായം മുന്നണിയിൽ നിന്നു സകലകാര്യങ്ങളും പ്രവർത്തിക്കുന്നുവെങ്കിൽ സാമുദായികമായി നടക്കേണ്ടിയിരിക്കുന്ന ഈ ന്യൂനതയെ പരിഹരിക്കുന്നതിനു വളരെ എളുപ്പമുള്ളതാകുന്നു.

ശിവള്ളി ചി. നാരായണൻ നമ്പൂതിരി.

ചില ന്യായങ്ങൾ

1 അന്ധഗോലാംഗൂലന്യായം } ഒരു വികൃതിയുടെ ഉപദേശം കേട്ടു വാലുള്ള കാളയുടെ വാൽ പിടിച്ചു വഴിയറിവാൻ ശ്രമിച്ച കണ്ണില്ലാത്ത ഒരുവൻ അനർത്ഥം അനുഭവിക്കേണ്ടിവന്നു എന്ന സംഭവത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ന്യായം, കണ്ണടച്ചു കാര്യങ്ങളിൽ പ്രവേശിച്ച് ആപത്തനുഭവിക്കുന്ന സമ്പ്രദായത്തെയാണ് കാണിക്കുന്നത്.

2 അന്ധപംഗുന്യായം } കണ്ണില്ലാത്ത അന്ധന്റെ തോളിൽ ഇരിക്കുന്ന മുടന്തനും നടപ്പാനും വഴികാണ്മാനും പരസ്പരം സഹായികളായിത്തീരുന്നു. അപ്രകാരം പ്രത്യേകമായി സാധിപ്പാൻ കഴിയാത്ത കാര്യങ്ങളെ യോജിച്ചു സാധിക്കുന്ന സമ്പ്രദായത്തെയാണ് ഈ ന്യായം കാണിക്കുന്നത്.

3 അന്ധഹസ്തിന്യായം } നാലു കുരുടന്മാർ കൂടി ആനയുടെ ആകൃതി അറിവാൻ പുറപ്പെട്ടു. ഒരാൾ കാലും മറ്റൊരാൾ വാലും വേറൊരാൾ തുമ്പിക്കയ്യും നാലാമൻ ചെവിയും മാത്രം തൊട്ടുനോക്കീട്ട് ആന തൂണുപോലെയെന്നും, കയറുപോലെയെന്നും, പാമ്പുപോലെയെന്നും, മുറംപോലെയെന്നും തീർച്ചയാക്കി. ഇപ്രകാരം ഒരു വസ്തുവിന്റെ അല്പം ഭാഗം മാത്രം ഗ്രഹിച്ച് അതിന്റെ പൂർണ്ണസ്വഭാവം ഗ്രഹിച്ചുവെന്ന് അഭിമാനിക്കുന്ന സമ്പ്രദായത്തെയാണ് ഈ ന്യായം കാണിച്ചു കളിയാക്കുന്നത്.

4 അശോകവനികാന്യായം } അശോകവനികയോടു തുല്യങ്ങളായി വേറെയും ഉദ്യാനങ്ങൾ ലങ്കയിലുണ്ടായിരുന്നുവെങ്കിലും അശോകവനികയിലാണ് രാവണൻ സീതയെ കൊണ്ടാക്കിയത്. അപ്രകാരം തുല്യങ്ങളിൽ ഒന്നു തിരഞ്ഞെടുക്കുന്നതിനു സ്വേച്ഛയാണ് പ്രമാണം എന്ന വിഷയ

ത്തിൽ ചേരുന്നതിന്നവകാശമില്ല എന്ന സമ്പ്രദായത്തെ ഈ ന്യായം കാണിക്കുന്നു.

5 ഉഷ്ട്രകണ്ടകന്യായം } ഒട്ടകം വളരെ പ്രയാസപ്പെട്ടു മുള്ളു തിന്നുന്നു. അതുകൊണ്ടു ഫലമോ വളരെ സ്വല്പം. ഉപയോഗത്തിന്റെ സന്ദർഭം സ്പഷ്ടം.

6 കദംബഗോളകന്യായം } കദംബമരത്തിന്മേൽ എല്ലാ ഭാഗത്തും ഒപ്പമാണ് പൂവുണ്ടാകുന്നതു്. ഒരുമിച്ചു ഉണ്ടാവുന്ന എന്ന സംഗതികളിൽ ഈ ന്യായം പ്രവർത്തിക്കുന്നു.

7 കണ്ഠകങ്കണന്യായം } കങ്കണമെന്നതിന്നു അതായതു കൈവള എന്നർത്ഥമായിരിക്കെ, കങ്കണം എന്നു പ്രയോഗിക്കുന്നതു കൊണ്ടു കഴുത്തിന്മേൽ കിടക്കുന്ന കൈവള എന്നർത്ഥം കാണിക്കുന്നു. ഈ ന്യായത്തിന്റെ ഉപയോഗം പ്രായേണ ബോധ്യവിഷയത്തിലായിരിക്കും.

8 കാകാക്ഷിന്യായം } കാക്കയ്ക്കു രണ്ടു കണ്ണിനും കൂടി ദൃഷ്ടി ഒന്നേ ഉള്ളു. അതിനെ ആവശ്യംപോലെ ഓരോ പുറത്തെ ചക്ഷുർഗോളത്തിലേയ്ക്കാക്കുന്നു. ഒരു പുറം കാണുമ്പോൾ മറ്റേപ്പുറം കാണില്ല. അപ്രകാരം ഒരു വസ്തു ആവശ്യംപോലെ രണ്ടു പദാർത്ഥങ്ങളിലും ചേരുന്നതായി കാണിക്കുന്നതിൽ ഈ ന്യായം പ്രവർത്തിക്കുന്നു. മദ്ധ്യമണിന്യായം രണ്ടുപുറത്തുള്ളതിനോടും ഒരു സമയത്തുതന്നെ ചേരുന്ന സമ്പ്രദായമാണ്. പ്രകൃതന്യായപ്രകാരം ഒരുപുറത്തുള്ളതിനോടു ചേരുമ്പോൾ മറുപുറത്തുള്ളതിനോടു ചേരുന്നില്ല. ഇതാണ് ഭേദം.

9 കൂർമ്മാംഗന്യായം } ആമയ്ക്കു അതിന്റെ തല മുതലായ അംഗങ്ങളെ ആവശ്യംപോലെ നീട്ടുവാനും ചുരുക്കുവാനും (ഉള്ളിലേയ്ക്കു വലിപ്പാനും പുറത്താക്കുവാനും) കഴിയും. സന്ദർഭം സ്പഷ്ടം.

10 കൈമുതികന്യായം } സ്വല്പമായതിപ്പുറമായതിന്നു അധികമാവുന്നതാണ് എന്നിതിനെ അർത്ഥസിദ്ധതയെക്കാണിക്കുന്നതാണ് ഈ ന്യായം. പിന്നെപ്പറയണോ, പിന്നെയെന്ത് ഇത്യാദി ശബ്ദങ്ങളെക്കൊണ്ടാണ് ഇതിനെ മലയാളത്തിൽ പ്രതിപാദിക്കുന്നതു്. ഉദാഹരണം:—

കാളുംവിഷമഹോഗ്രഫണിതൻ തലയിലേറി
കാളുന്നതീയഴലമാറാതെരിവൊന്നാൽ
ചീളെന്നൊഴിപ്പതിനു ശക്തനവൻ.
മാളായിടാതസുരസഞ്ചയമെന്നു പിന്നെ!

11 ഖലേകപോതന്യായം } നെല്ലുണക്കുന്ന കളത്തിൽ പ്രാവുകളെല്ലാം ഒന്നായി ഒരേസമയത്തുതന്നെ വന്നുചേരുന്നു. അപ്രകാരം ഏകകാലത്തിൽ തന്നെ അനേകവസ്തുക്കൾ ഒരു വസ്തുവിൽ ചേരുന്ന സംഗതികളിൽ ഈ ന്യായം പ്രവർത്തിക്കുന്നു. കദംബഗോളകന്യായപ്രകാരം അനേകവസ്തുക്കളിൽ ഒരു കാര്യം ഏകകാലത്തുണ്ടാവുകയാണ്. പ്രകൃതന്യായപ്രകാരം ഒരു വസ്തുവിനെ അനേകവസ്തുക്കൾ ഏകകാലത്ത് ആശ്രയിക്കുകയാകുന്നു.

12 ഗുഡജിഹ്വികാന്യായം } ശർക്കരയും നാവും കൂടിച്ചേർന്നാൽ മധുരമാണെല്ലാ ഫലം. അപ്രകാരം ഉചിതസമ്മേളനംകൊണ്ടുണ്ടാകുന്ന സൽഫലത്തെ കാണിക്കുന്നതിലാണ് ഈ ന്യായത്തിന്റെ പ്രവൃത്തി.

13 ചാലനീന്യായം } ആലി മുതലായതു മുറത്തിൽ ഇട്ടു ചേറുമ്പോഴും കിടക്കുന്നതു മറ്റൊരിടത്തേക്കും താഴെയുള്ളതു ഇങ്ങോട്ടും നീങ്ങുന്നു. എങ്ങോട്ടെങ്കിലും മാറാതെ നിൽക്കും. സന്ദർഭം സ്പഷ്ടം.

14 ദഗ്ധപത്രന്യായം } പിലാവില മുതലായതു കത്തിക്കരിഞ്ഞാലും ആ കരിഞ്ഞതിന്റെ ആകൃതിയിൽ

തന്നെ ഇരിക്കുന്നു. എന്നാൽ അപ്പോഴും ഇവ യാതൊന്നല്ല കരിയാകുന്നതെന്നാണ് അറിയുന്നത്. ഇതിനെ ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ടുള്ള ഈ ന്യായം ആകാരം മാറിയില്ലെങ്കിലും ഗുണം മാറുവാൻ വിരോധമില്ലെന്നു കാണിക്കുന്നു.

15 ദണ്ഡചക്രാദിന്യായം — ഘടം എന്ന ഒരു വസ്തുവിനെ ഉണ്ടാക്കിപ്പ് കുശവൻ, കോട്ടി, വടി, ചക്രം മുതലായതെല്ലാം കാരണങ്ങളാണ്. ഈ ന്യായം മിക്കവും കാര്യകാരണഭാവത്തെപ്പറ്റി വിവരിക്കുന്ന സന്ദർഭങ്ങളിലേ പ്രവർത്തിക്കയുള്ളൂ.

16 ദണ്ഡാപൂപന്യായം — ഒരു കോലിന്മേൽ തന്നെ കനിഷ്ഠികം അപ്പം ഒന്നായി കത്തിച്ചിരിക്കുന്നതിനെ ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ട് ഒരു പ്രവൃത്തികൊണ്ടു തന്നെ അനേകം സമാനകാര്യങ്ങളെ ഓരോന്നോരോന്നായി ക്രമത്തിൽ നിർവഹിക്കുന്ന സമ്പ്രദായത്തെ ഈ ന്യായം കാണിക്കുന്നു. അല്ലെങ്കിൽ അപ്പം കോർത്തു വെച്ചിരിക്കുന്ന കോലിന്റെ തല എലി കടിച്ചതു കണ്ടിട്ട് അപ്പം കൊണ്ടുപോയതും എലിയാണെന്നൂഹിക്കുന്നപ്രകാരം വിശേഷലക്ഷണംകൊണ്ട് സാമാന്യത്തെ ചേർത്തറിയുന്ന സമ്പ്രദായത്തെ ഈ ന്യായം കാണിക്കുന്നു. രണ്ടുവിധം സന്ദർഭങ്ങളിലും പ്രയോഗമുണ്ട്.

17 പങ്കപ്രക്ഷാളനന്യായം — 'പ്രക്ഷാളനാദ്ധി പങ്കസ്യ ദൂരാദസ്പർശനം വരം' മേൽ ചളിയാക്കീട്ട് കഴുകിക്കളയുവാൻ പുറപ്പെടുന്നതിനെക്കാൾ നല്ലതു അത്രം തന്നെ ചളിയാക്കാതിരിക്കുന്നതാണ്. സാരം സ്പഷ്ടം.

18 ഊർണ്ണനാഭന്യായം — എട്ടുകാലൻ താൻ തന്നെ നൂലുണ്ടാക്കുന്നു; താൻ തന്നെ വല കെട്ടുന്നു; താൻ തന്നെ ആ വല നശിപ്പിക്കുന്നു. ഈ സമ്പ്രദായം ദൃഷ്ടാന്തമായിട്ടുള്ള സംഭവങ്ങളിൽ ഈ ന്യായം പ്രയോഗിക്കും.

19 ബീജാങ്കുരന്യായം — അണ്ടിയോ മൂത്തത് മാവോ മൂത്തത് എന്നു തീർച്ചപ്പെടുത്തുവാൻ സാധിക്കാത്തതിനാൽ അതിനെ പ്രവാഹരൂപമായി അനാദിത്വം കല്പിച്ചിരിക്കുന്നു. അപ്രകാരം പരസ്പരസാപേക്ഷങ്ങളിൽ ഈ ന്യായം പ്രവർത്തിക്കുന്നു.

20 കൂപമണ്ഡൂകന്യായം — എന്റെ അമരപ്പുറത്തിന്റെ ചോട്ടിൽ പോയാലേ സകലതും അറിയുള്ളൂ എന്ന നാട്ടുകാർ മലയാളിയുടെ പഴഞ്ചൊല്ലായിട്ട് ശംഖു വിളി കേട്ടാൽ മാത്രമേ നേരം അറിയുള്ളൂ എന്ന സ്ഥിതിയിൽ ഒരു സംസ്കൃതക്കാരനെ ഗോചരിക്കുന്നു. അയാളാണ് ഈ ന്യായത്തിലെ ദൃഷ്ടാന്തത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

21 സ്ഥാലീപുലാകന്യായം — ദ്രുവന്റെ കലത്തിലുള്ള വറ്റി നിലത്തു കണ്ടുവെച്ചാൽ ചില സമയം വിചാരിച്ചിട്ടുള്ളതു തന്നെ കാണും. ചില സമയം തെറ്റിപ്പോകും. സാരം സ്പഷ്ടം.

22 സൂചീകടാഹന്യായം — അല്പമാത്രം പണിയുള്ള സൂചി ഉണ്ടാക്കിയതിനുശേഷമാണ് അധികം പണിയുള്ള കടാഹം (കിടാരം) ഉണ്ടാക്കുവാൻ തുടങ്ങുന്നത്. അപ്രകാരം എളുപ്പമുള്ളതു മുമ്പിൽ ചെയ്യേണമെന്ന സംഗതിയിൽ ഈ ന്യായം പ്രവർത്തിക്കുന്നു.

ഞങ്ങളുടെ വായനശാല.

തിരുവിതാംകൂർ മഹാരാജവംശാവലി

മാററം മടിയന്മാൎക്കുകൂടി മനസ്സിലാകത്തക്ക വിധം കൊടുക്കുന്നതാണെന്നായിരിക്കെ ലോകസ്ഥിതിയുടെ മാററം മഹാന്മാരെ സൃഷ്ടിക്കുന്നു എന്ന പറയേണ്ടതില്ലല്ലൊ. ലോകപരിവൎത്തനാവസ്ഥയുടെ ചരിത്രം അറിയേണ്ടതാവശ്യമാണെന്നറിവു വൎദ്ധിക്കുന്നതു്. ചരിത്രതന്ത്രത്തിന്റെ സൂത്രകാരന്മാർ അതാതു കാലത്തെ കവീന്ദ്രന്മാരാണ്. വിശേഷം വിവിധമാണെങ്കിലും അതു വിശേഷിച്ചും ഭരിക്കുന്ന രാജാക്കന്മാരിൽതന്നെ. കേരളത്തിലെ ഓരോ രാജാക്കന്മാരുടെ വംശാവലിയെങ്കിലും സമ്പാദിച്ചാൽ നന്നായിരിക്കുമെന്നു ഞങ്ങൾക്കുണ്ടായിരുന്ന ആഗ്രഹത്തെ അത്യന്തമായി അനുകൂലിച്ചു സഹായിച്ച ഗ്രന്ഥകൎത്താക്കളുടെ ഈ പുസ്തകം എല്ലാംകൊണ്ടും നമ്മുടെ ആവശ്യത്തിന്ന അനുഗുണ്യമായ ഉപകരണമായിത്തീരുമെന്നുള്ളതിന്ന സംശയമില്ല. കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ചിന്തനാരത്നമായ ഈ ഉദ്ദേശം കേരളചരിത്രത്തിന്ന ഇതു സഹായിച്ചതു് ഏററവും ഉചിതമായി. തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ വംശാവലി ഈ വിഷയത്തിൽ എല്ലാംകൊണ്ടും ഒന്നാമതായി നില്ക്കുന്നതുമാണല്ലൊ.

കഥാരത്നമാല

ദ്വിതീയഗുച്ഛകം

മനുഷ്യൎക്ക ബാല്യവും യൌവനവും വാൎദ്ധക്യവും മററും ദേഹത്തിനൊപ്പം ഉണ്ടാകുന്നതിനെ അനുഭവിക്കുന്നതാണല്ലൊ. വിദ്യാഭ്യാസം മുതലായ ഉദ്ദേശ്യപ്രവൃത്തിവാൎദ്ധക്യാവസ്ഥ മനുഷ്യൎക്ക് എന്നും വ്യാപിച്ചിരിക്കുന്ന ഒരുപാധിയാണെന്നുള്ളതിന്നും സംശയമില്ല. നാമറിയാതെ നമ്മിൽ പ്രകാശിപ്പിക്കുന്ന തത്വങ്ങളെയും പഠിപ്പിക്കുന്ന ഒരു വിദ്യാശാലയാണ് ലോകം. സ്വയം കുട്ടിയുടെ നിലയിൽ കയറിയ ആ അവസ്ഥയിൽ കുറച്ചില വിഷയങ്ങൾ പഠിക്കേണ്ടതുണ്ടല്ലൊ. ഇങ്ങനെ ചെറുപ്പക്കാരെ ഉദ്ദേശിച്ചു പഠിപ്പിക്കുന്ന ചില വിഷയങ്ങളാണ് കഥാരത്നമാലയുടെ ദ്വിതീയഗുച്ഛകത്തിലുള്ളത്. മലയാളത്തിലെ പ്രശസ്തമാസികകളിൽ നിന്നെടുത്ത വിവിധകഥാഭാഗങ്ങളുടെ സമാഹാരം തന്നെയാണ് ഈ ദ്വിതീയഗുച്ഛകത്തിലും ക്രമപ്പെടുത്തി ചേൎത്തിട്ടുള്ളത്. ബി. വി. ബുക്ക്ഡിപ്പോ പ്രവൎത്തകന്മാരുടെ പ്രയത്നഫലങ്ങളിലൊന്നാണിതും എന്നു പറഞ്ഞാൽ ഇതിന്റെ ഗുണദോഷനിരൂപണമായി.

പദ്യപാഠാവലി.

ചെറിയ ചെറിയ കുട്ടികൾക്ക് അറിഞ്ഞു വായിച്ചു രസിക്കുവാൻ തക്കതാണിതു്. പല കവികളും പല രീതിയിൽ പാട്ടുകളും ചെറുപദ്യങ്ങളുമായി ലളിതപദങ്ങളോടെ നിൎമ്മിച്ചിട്ടുള്ള കവിതകളാണിതിലുള്ളതു്. ഈ തരത്തിൽ നാലു പുസ്തകമാണ് ഞങ്ങൾക്കു കിട്ടീട്ടുള്ളതു്. ഇതിൽ ചില കൃതികളുടെ കവികൾ ഞെളിഞ്ഞു സങ്കല്പവിദ്യകൊണ്ടു കളിത്തം സ്വീകരിച്ചാൽ അധികം നന്നായിരുന്നു എന്നു ചിലർ പറയുമായിരിക്കാം. 'മാമ്പഴത്തിങ്കൽകിടന്നു' വീട്ടിൽനിന്നു സ്കൂളിലേക്കു കടക്കുമ്പോൾ വന്നാപ്പൊഴും ഉണ്ടായ അത്യന്തം വീഴ്ചകളാണെന്ന മാറ ചിലരും പറഞ്ഞേക്കാം.

गुरुवायुपुरेशभुजंगस्तोत्रम्

महन्मन्दिरावास मांगल्यमूर्ते
जगन्नाथ गोविन्द विष्णो मुरारे ।
भवद्भक्तिरन्तःस्फुरन्ती नराणां
परानन्दपीयूषमूर्तं ददाति ॥ १

इयं भक्तिरेका त्वहो कामधेनु-
श्चतुर्धा विभज्यानुगृह्णाति लोकान् ।
यथा पायितास्त्वत्परप्रेमदुग्धं
मनुष्याः पुनर्दैवभूयं लभन्ते ॥ २

जगत्यार्तलोकैस्तथाऽर्थार्थिभिर्वा
विजिज्ञासुभिर्ज्ञानिभिश्चाच्युत त्वम् ।
चतुर्धा जनैर्नित्यमाराध्यसेऽन्त-
र्भवन्तं नृणां भावयत्येव भक्तिः ॥ ३

ननु प्रत्यहं वातरोगातुरांगा-
स्तथाऽन्ये जना वायुगेहेश विष्णो ।
भवन्तं भजन्तो लभन्ते किलान्ते
ह्यरोगाश्च संसाररोगाच्च मुक्तिम् ॥ ४

कविर्भट्टनारायणोऽग्रे भजंस्त्वां
महन्नाथ निर्माय नारायणीयम् ।
विरुग्णः कृता 'वायुरारोग्यसौख्यं'
प्रपेदे किलान्ते च संसारमुक्तिम् ॥ ५

चलच्चन्द्रकोत्सङ्गकेशं विराज-
न्मणीकुण्डलोद्भासिगण्डप्रदेशम् ।
स्मितार्द्रं सिताक्षं मुखं सन्मुखं ते
भजन्तो रुजं रोगिणो विस्मरन्ति ॥ ६

श्रिया कौस्तुभेनापि वत्सेन हार-
श्रिया चाऽभितोदारदोरन्तरालम् ।
गदाशंखचक्राब्जहृद्यं वपुस्ते
भजन्तोऽर्थमर्थार्थिनोऽर्घ्यं लभन्ते ॥ ७

नवाश्वत्थपत्रोपमास्योदरान्त-
र्निविष्टोरुविश्वाण्डषण्डं त्वदंगम् ।
स्फुरत्पीतकौशेयमन्तश्चिरन्त-
द्विचिन्त्यैव जिज्ञासवोऽन्ते रमयन्ते ॥८

नमद्देवदैत्यर्षिशीर्षैर्विमृष्टं
समस्तागमश्रीलशीर्षे निविष्टम् ।
समं ज्ञानिनो युग्मरूपं पदन्ते
समन्तात् समालोक्य हृष्यन्ति सिद्धाः ॥९

घनश्यामलं कोमलं ते स्वरूपं
मनःकल्पितं भावयन्तो हि भक्ताः ।
पुरो वीक्ष्य भूयो नमन्त स्तुवन्त-
श्चिरोद्दिष्टमानन्दमाश्वेव यान्ति ॥ १०

हरे कृष्ण वातालयेशाच्युत त्वां
परेऽपि स्मरन्त्येव मध्याश्रिताश्च ।
चिरेणोऽत्तभक्तिप्रसंगाः पुनः किं
परेशेदृशी ते महिम्नां समृद्धिः ॥ ११

भवद्द्वेषदा साऽरिषड्वर्गबाधा
भवद्योजिता चेत् परा योगविद्या ।
तथा ह्याश्रितास्त्वत्पदं लोकयात्रा-
मनेके जनाश्शाश्वतीं सिद्धिमापुः ॥ १२

शिशुप्रीणनं दुग्धचौर्यादिवृत्तं
विटप्रीणनं गोपिकाजारताद्यम् ।
भटप्रीणनं मल्लयुद्धादि भूम-
न्नहो सर्वमावर्जनं लौकिकानाम् ॥ १३

विधिज्ञप्रियं राजसूयादिवृत्तं
नयज्ञप्रियं दौत्यकृत्यादि यत्नन् ।
प्रियो योगिनां विश्वरूपादियुक्त-
स्स योगात्मकः पार्थगीतोपदेशः ॥ १४

अहो कृष्ण या या विचित्रा कथा ते
जगन्नाथ सेयं जगत्तत्त्वविद्या ।
इमां स्मारयंस्तत्तद्दशोचितानां
गुरुस्त्वं मरुद्गेहवासी विभासि ॥ १५

जगत्प्राणरूपी गुरुर्मारुतो यो
जनानां जगत्यत्र चेष्टान्तरेषु ।
तमास्थाय भो तत्त्वमप्यन्तरात्मा
स्फुटं मारुतागारवासी विभासि ॥ १६

गुरुस्त्वं महन्नाथ सर्वत्र सर्व-
प्रसंगेषु सर्वज्ञ सर्वस्वरूपी ।
यदेवं जगच्चेतयंश्चेतनात्मा
बहिश्चान्तरप्येकभावो विभासि ॥ १७

स्वयं निर्गुणो निर्विकारो निरीहो
नियन्त्याऽमनाऽमानमानन्दकन्दम् ।
मरुन्मन्दिराधीश मायामयस्त्वं
गुरुर्विश्वलीलाविलासी विभासि ॥ १८
प्रपञ्चेऽत्र मायामयस्वीयतन्त्रे
त्रिमूर्तिस्त्रिभिस्त्वं गुणैर्जीवजालम् ।
वितत्य स्वयं वर्तसे मारुतेश
त्र्यवस्थस्त्रिधामाऽसि तत्त्वं विभासि ॥ १९
सुषुप्तिं शिलादिष्वनुस्यूतशक्तिः
पुनः स्वप्नरूपां च वृक्षादिकेषु ।
चिरं जाग्रतीं मानुषादिष्ववस्थां
वितन्वंस्त्रिधा वायुगस्त्वं विभासि ॥ २०
भवानेकतन्त्रे ।विना त्वां न किञ्चित्
भवानेव सर्वत्र सर्वात्मनाऽऽस्ते ।
भवत्तत्त्वबोधाय वातेश योगी-
भवन्तं भजन्तो वितन्द्रा मुनीन्द्राः ॥ २१
अरूपस्सरूपोऽप्यकर्मा सकर्मा-
स्त्वनेकोऽपि नैकोऽसि नैकोऽसि कोऽसि ।
मरुन्नाथ स त्वं मरुद्भिर्विशेषो
जगद्व्याप्य तिष्ठन्नदृश्योऽसि चित्रम् ॥ २२
शरीरेण वाचा धिया वा यथावत्
सपर्यां न ते कोऽपि कर्तुं समर्थः ।
तथापि त्वदीयानुभावानुभूतिं
विना वायुगेहेश कः स्तोतुमीष्टे ॥ २३
परन्तु त्वदीयात्मभव्यं प्रपञ्चं
न पश्यन्ति लोकेऽत्र सन्तोऽप्यसन्तः ।
जगत्प्राणनाथ त्वनर्थाप्तिहेतु-
स्त्वया मायया मोहितास्मोऽयं यत् ॥ २४
भवत्तत्त्वचिन्तानुसन्धानकर्त्री
मरुन्नाथ भक्तिस्त्वयि प्रस्तुता चेत् ।
न तस्याऽस्ति मायामयाज्ञानबाधा
स वै कल्पते तत्त्वबोधोदयाय ॥ २५
विरक्तिर्ममाऽस्तां भवत्पादसेवा-
प्रसङ्गे गुरुस्सा हि वातालयेश ।
भवत्सेवयोद्यास्तु दूरं विपत्तिं
भवेयं भवद्भक्तिलेशांशभागी ॥ २६

मुरारे पुनर्मा दुराशापिशाची
दुनोतु स्वयं दूरविस्तारघोरा ।
ततश्च त्वदभ्यर्थनापूरिताश-
श्चरेयं चिरं हन्त सिद्धार्थकल्पः ॥ २७
अभीष्टाधिकर्तुर्विभो ते महत्त्वं
मुहुश्चिन्तयंस्तस्य जिज्ञासुभावम् ।
पठेयं गुरुभ्यो भवत्तत्त्वलेश-
श्चरेय चर्चां विरक्तिप्रसक्ताम् ॥ २८
विरक्तिं विभूत्यैहिकेभ्यस्सुखेभ्यो
विनाशप्रसङ्गेन दुःखप्रदेभ्यः ।
विमुच्ये विमुक्तः क्रमानुक्रमेण
स्थिरात्मैव नैर्द्वन्द्वभावो भवेयम् ॥ २९
भवत्तत्त्वनिष्णातबुद्धिर्मुरारे
मरुन्नायक प्राज्ञोऽहं यदा स्याम् ।
तदा मे विशुद्धे मनस्यञ्जलीका
भवद्भक्तिकल्पद्रुलता भवित्री ॥ ३०
मदीयं समस्तं त्वदीयं विजानन्
निकामैव सर्वत्र नाहं ममत्वम् ।
तवास्मीति हि त्वन्ममत्वे निबद्ध-
स्त्वदीयो विदूरेऽप्यदूरे चरेयम् ॥ ३१
जगत्यत्र सर्वत्र पश्यन् विभो त्वां
त्वयीदृश्य पश्यन् जगत् सर्वमेव ।
त्वमेवाहमस्मीति संभाव्य भूयं
स्थिरात्मा भजेयं परां भक्तिसिद्धिम् ॥ ३२
यथा कालनेमिर्यथा पौण्ड्रको वा
यथा नारदश्श्रीशुकश्शंकरो वा ।
यथा नन्दचण्डालको वा तथाऽहं
भवद्भावसाम्राज्यभागी भवेयम् ॥ ३३
जगत्प्राणनाथस्त्वयं विष्णुरस्मी-
त्यहं भावयन्नस्मि मुक्तोऽस्मि सोऽहम् ।
सदानन्दसंविन्मयज्योतिरात्मा
विलीये परं निष्कळब्रह्मराशौ ॥ ३४

समाप्तम्



മഹാമഹോപാദ്ധ്യായ ശ്രീ കിഴിമംഗലത്തു നരവത്തു
നാരായണൻ നമ്പൂതിരിപ്പാട്



മഹാമഹോപാദ്ധ്യായ ശ്രീ കൊടുങ്ങല്ലൂർ വലിയ
ഗോദവർമ്മ തമ്പുരാൻ

മംഗളോദയം
ഫാല്ഗുന

പുസ്തകം ൩	[illegible]	ലക്കം ൩

മംഗളം

നാനാശാസ്ത്രേതിഹാസാദികളൊരുനിലയെത്തന്നെ നാനാപ്രകാരം
[illegible]
[illegible]
മാനാതീതം മനസി തെളിഞ്ഞെപ്പൊഴും തോന്നിടേണം.

ഭാവന



പ്രത്യക്ഷമായി കാണുന്ന ലോകമെല്ലാം മിഥ്യയാണെന്നു വേദാന്തികൾ യുക്തിബലംകൊണ്ടു വ്യവസ്ഥാപിക്കുന്നു. ജ്യോതിശ്ശാസ്ത്രക്കാർ, പലവിധം പ്രത്യക്ഷങ്ങളേയും യുക്തികൊണ്ടു ശരിപ്പെടുത്തുന്നു. കർമ്മങ്ങൾക്കു പ്രാധാന്യം കല്പിക്കുന്ന മീമാംസകന്മാർ, കർമ്മകോടിയുടെ പ്രാബല്യംകൊണ്ടു ലോകത്തെ നിലനിർത്തി വരുന്നു. ശബ്ദപ്രാമാണ്യവാദികളായ വൈയാകരണന്മാർക്കു ശബ്ദസ്ഫോടത്തിന്റെ വൈലക്ഷണ്യം അവലംബിച്ചുകൊണ്ടു തങ്ങളുടെ സിദ്ധാന്തത്തിന്ന് അടിസ്ഥാനമിടുന്നു. അനുമാനപ്രാമാണ്യത്തെ പരീക്ഷിച്ചറിയുന്ന നൈയായികന്മാർ, പല ദൃഷ്ടാന്തങ്ങളിലും അനുമാനവ്യാപാരത്തിന്ന് അവർ കൊടുത്തിട്ടുള്ള ശക്തികൊണ്ടു ജയിച്ചുപോരുന്നു. സാഹിത്യശാസ്ത്രക്കാർ ലക്ഷണാവ്യാപാരംകൊണ്ട് അവരുടെ പക്ഷപാതമായ രസാസ്വാദം നിറവേറ്റുവാൻ സംഗതിയാക്കിത്തീർക്കുന്നു. ഇങ്ങിനെ സാംഖ്യന്മാർ, പാതഞ്ജലന്മാർ, പൌരാണികന്മാർ, താന്ത്രികന്മാർ, വൈദ്യന്മാർ മുതലായ പല ശാസ്ത്രകർത്താക്കന്മാരും അവരവരുടെ സിദ്ധാന്തം സ്ഥാപിക്കുന്നതിൽ ഒരോ വിധം വ്യാപാരത്തിനാണ് പ്രാധാന്യം കല്പിച്ചിട്ടുള്ളത് എങ്കിലും സൂക്ഷ്മമായ പര്യാലോചിച്ചാൽ അവയെല്ലാം ഒന്നാണെന്നു കാണാം.

ശാസ്ത്രീയവിഷയങ്ങളെന്നല്ല ലൌകികവിഷയങ്ങളും യുക്തിയുക്തങ്ങളാണെങ്കിൽ

മാത്രമേ ഏതദംഗമാണ്ണായിത്തീരുള്ളൂ എന്ന സംഗതി ആരും ഗ്രഹിക്കാത്തതല്ല. അതിനാൽ ഏതു മാതിരി സിദ്ധാന്തവും നിലനിൽക്കേണമെങ്കിൽ അതിന്നുള്ള യുക്തി സർവ്വഥാ അപരിഹാര്യമായിരിക്കേണമെന്നുള്ളതു നിർവ്വിവാദമാണല്ലോ. ലോകശാസ്ത്രാന്തർഗതങ്ങളായ മറ്റൊ യുക്തികളുടേയും സ്വരൂപത്തെപ്പററി നല്ലവണ്ണം ചുഴിഞ്ഞു നോക്കുന്നതായാൽ അവ അസാദ്ധ്യങ്ങളാണെന്നും ചില യുക്തികൾ നേർവഴിക്കും ചിലതു വളഞ്ഞ വഴിക്കും വ്യാപരിച്ചുകൊണ്ടു കാർയ്യം നേടുന്നവയാണെന്നും അനുഭവപ്പെടുന്നതാണ്. എന്നാൽ ഈ വിധയുക്തികൾ പലതുമുണ്ടാവാം പല വഴിക്കുമുണ്ടാവാതെ നില്ലാതെ പലവിധത്തിൽ ഉണ്ടാകുന്നതല്ലുന്നുള്ള വാസ്തവം വെളിപ്പെടുമ്പോൾ മാത്രമാണ് അവയെല്ലാം ഏതൽക്കാര്യത്തിന്നു അനുമാപകങ്ങളാവിന്? അല്ലെങ്കിൽ അനുമാനത്തിന്ന തണയാണ് യുക്തിയെന്ന പറയുന്നതെന്നും അറിവാൻ സാധിക്കുന്നത്. അപ്പോൾ സർവ്വശാസ്ത്രസിദ്ധാന്തങ്ങളിലും അനുമാനമാണ് പ്രധാനമായി നില്ക്കുന്നതെന്നും ബോദ്ധ്യമായിത്തീരും. അനുഭവസ്ഥിതി നോക്കിയാൽ പ്രത്യക്ഷത്തേക്കാൾ പ്രാമാണ്യവും മാഹാത്മ്യവും കാണേണ്ടതായിട്ടുള്ള ഈ അനുമാനം ശാസ്ത്രസിദ്ധാന്തപ്രകാരം പ്രത്യക്ഷത്തെ ദൃഢപ്പെടുത്തുന്നതിനോ ബലപ്പെടുത്തുന്നതിനോ മതിയാകുന്നത് എങ്ങിനെയാണെന്നാണ് ഇനി ആലോചിക്കേണ്ടത്. വസ്തുസ്വഭാവത്തെ അനുസരിച്ച് ആദ്യത്തിൽ അനുമാനം കൊണ്ടുണ്ടാകുന്ന ജ്ഞാനത്തിന്ന പ്രത്യക്ഷജ്ഞാനത്തേക്കാൾ പ്രാബല്യം വളരെ കുറവു തന്നെയാണ്. ഈ ശക്തിക്കുറവു കണ്ടു ക്ഷമയില്ലാത്തതിനാണ് വസ്തുവിചാരശീലന്മാരുടെ നിലയിലിരിക്കുന്ന ചില നവീനപണ്ഡിതന്മാർ അനുമാനത്തെ പലവിധത്തിലും തരം തിരിച്ചു ചിലതിന്ന പ്രാമാണ്യം തന്നെ വരുത്തേണ്ടുമെന്നു വാദിക്കുന്നത്. പക്ഷെ അല്പം ക്ഷമയോടുകൂടി ആലോചിക്കുന്നതായാൽ ആദ്യത്തിലുള്ള ശക്തിക്കുറവു തന്നെ പിന്നെയും ജ്ഞാനസമയം വർദ്ധിപ്പിക്കുന്നവെന്നും അപ്പോൾ, ഉദാഹരിച്ചതിന്റെ വസ്തുവിന്റെ മറ്റൊ അംശങ്ങളിലുമുള്ള വിശേഷങ്ങളെയും ആ വക വിശേഷങ്ങളിൽ സാരമേച്ഛിച്ചു കിടക്കുന്ന അവാന്തരങ്ങളെയും മറ്റൊന്നായി ഗ്രഹിപ്പാനും അതു നിമിത്തം പിന്നെയും ജ്ഞാനം വർദ്ധിപ്പാനും സംഗതി വരുന്നവെന്നും അവ്യക്തമായ ജ്ഞാനം കൊണ്ടു തൃപ്തിപ്പെടുന്നതു മനസ്സിന്റെ ലക്ഷണമാകയാൽ അതിനെ അടിസ്ഥാനപ്പെടുത്തി തരം തിരിക്കുന്നതു ശരിയല്ലെന്നും ഉള്ള തത്വം വെളിപ്പെടുന്നതാണ്. ഇങ്ങിനെ പ്രത്യക്ഷംകൊണ്ട് അറിയാത്തതായ അനേകവിശേഷങ്ങളെയും അനുമാനം കൊണ്ടു ക്രമത്തിൽ ഗ്രഹിക്കുമ്പോൾ അതിന്ന ശക്തി വർദ്ധിക്കുകയും ആ വക ശക്തികൾ പ്രത്യക്ഷത്തിൽ കൂടി വ്യാപിച്ചു തുടങ്ങുകയും പ്രത്യക്ഷജ്ഞാനം ആ ശക്തിക്കു കീഴടങ്ങി അവ തമ്മിൽ ഉണ്ടായിരുന്ന ഭേദം തീരെ ഇല്ലാതാകുകയും ചെയ്യുന്നു. ലൌകികവ്യവഹാരത്തിൽ മാത്രം പരിചയമുള്ള ഒരുവൻ ഒരു പുസ്തകം കാണുമ്പോൾ കടലാസ്സുകൾ, ലിപികൾ മുതലായി അതിലടങ്ങിയ അല്പം ചിലതിനെ മാത്രമാണ് വേർതിരിച്ചു ഗ്രഹിക്കുന്നത്. ആ പുസ്തകം തന്നെ ഒരു ശാസ്ത്രപരിചിതന്റെ ദൃഷ്ടിയിൽ പെടുമ്പോൾ പുസ്തകം, രൂപം, രൂപത്വം, പുസ്തകത്വം, ലിപി, ലിപിത്വം, ലിപിരൂപം ഇവ തമ്മിലുള്ള സംബന്ധങ്ങൾ, അവയുടെ ഭേദങ്ങൾ, ജ്ഞാനം പ്രയത്നം മുതലായതിന്റെ പല മാതിരി വിഷയതകൾ ഇങ്ങി

ഏതുതരം സാമാന്യധർമ്മങ്ങളേയും അപ്രകാരം അനേകം വിശേഷധർമ്മങ്ങളേയും വേർതിരിച്ചു കാണേണ്ടിവരുന്നു. ഈ യുക്തി കൊണ്ടുതന്നെയാണ് അനേകാനേകസംസ്കാരമായ മനസ്സും അനേകിതാത്മത്തിന്റെ വീണ്ടുമുള്ള പര്യാലോചന എന്ന നിദിധ്യാസനവും പ്രത്യക്ഷകാരണമാണെന്നു വേദശാസ്ത്രങ്ങൾ വ്യവസ്ഥാപിച്ചിരിക്കുന്നത്. ചുരുക്കിപ്പറയുന്നതായാൽ ഏതെങ്കിലും ഒരു വിഷയത്തെ നാം ആദ്യമായി ഗ്രഹിക്കുമ്പോഴും അന്യനെ ഗ്രഹിപ്പിക്കുമ്പോഴും അതിനെപ്പറ്റി പ്രസംഗിക്കുകയോ പ്രബന്ധം എഴുതുകയോ ചെയ്യുമ്പോഴും നമുക്ക് ആ വിഷയത്തിലുള്ള ജ്ഞാനത്തിന്റെ ശക്തി ക്രമത്തിൽ കൂടിവരികയും മുമ്പു കാണാത്തതായ അനേകം തത്വങ്ങൾ അതിൽ തെളിഞ്ഞിട്ടുണ്ടെന്ന് ഒടുവിൽ കണ്ടെത്തുവാൻ വരികയും ചെയ്യുന്നതു തന്നെ ഇതിനു ദൃഷ്ടാന്തമാണ്. ഇപ്രകാരം ഒരു വിഷയത്തെപ്പറ്റി വീണ്ടുംവീണ്ടുമുള്ള ജ്ഞാനാവൃത്തിക്കു നിദിധ്യാസനം എന്നു പറയുന്നതു തന്നെയാണ് ഭാവന. ഈ ഭാവനയിലുൾപ്പെട്ട ജ്ഞാനങ്ങൾക്കു ക്രമത്തിൽ ദൃഢത കൂടിവരുന്നതുകൊണ്ടുതന്നെ മുമ്പുമുമ്പുണ്ടായിട്ടുള്ള ജ്ഞാനങ്ങളിൽ സംശയസ്ഥലം അധികമധികം ഉണ്ടായിരിക്കുമെന്നും ആ സംശയസ്ഥലങ്ങളാണ് ജിജ്ഞാസയെ വർദ്ധിപ്പിക്കുന്നതെന്നും സംശയസ്ഥലം കുറയുംതോറും ഭാവനയ്ക്കു ശക്തിയും തന്നിമിത്തം മനസ്സന്തുഷ്ടിയും വർദ്ധിക്കുമെന്നും സിദ്ധമായല്ലോ. ഈ തത്വത്തെ തന്നെയാണ്—

*'നാസ്തി ബുദ്ധിരയുക്തസ്യ ന ചായുക്തസ്യ ഭാവനാ
ന ചാഭാവയതഃ ശാന്തിരശാന്തസ്യ കുതഃ സുഖം.'

എന്നു ഗീതയിൽ പ്രതിപാദിച്ചിട്ടുള്ളത്.

സകല സംസാരവ്യവഹാരങ്ങൾക്കും കാരണങ്ങളായിത്തീരുന്ന രാഗം, ദ്വേഷം, കോപം, അഹങ്കാരം മുതലായ മനോവൃത്തികളും നാനാ വിധത്തിലുള്ള പ്രവൃത്തികളും മറ്റു ജീവസ്ഥിതി തുടങ്ങിയ ഗുണങ്ങളും എന്നു വേണ്ട പ്രപഞ്ചം മുഴുവനും ഉണ്ടാകുന്നതിനും നിലനിൽക്കുന്നതിനും ഭാവന തന്നെ കാരണമാണെന്നു ലോകരീതിയിൽ നിന്നു തന്നെ ഗ്രഹിക്കാവുന്നതാകയാൽ വേദാന്തികൾ പ്രപഞ്ചത്തിനും മുക്തിക്കും കാരണമാണെന്നു സ്ഥാപിച്ചുകാണുന്ന മായ എന്നും അവിദ്യ എന്നും സങ്കല്പിച്ചിരിക്കുന്ന ചിത്ത് ഈ ഭാവനയാണെന്നു പറയുന്നതു യുക്തിയുക്തമാണല്ലോ. ജ്യോതിഷികളുടെ മാനസശക്തി ഭാവനയാണെന്ന് അതിന്റെ സ്വരൂപവിവരണംകൊണ്ടു തന്നെ സ്പഷ്ടമാകയാൽ വേറെ പറയേണ്ടതില്ല. 'ചോദനാലക്ഷണോർത്ഥോ ധർമ്മഃ' എന്ന ജൈമിനിസൂത്രത്തിലെ ചോദനാപദത്തിനു ഭാവനാവിശേഷമാണെന്നും ലോകത്തെ നിലനിർത്തുന്നതായ സകലധർമ്മവും അതിലുൾപ്പെട്ടിരിക്കുന്നുവെന്നും മീമാംസകന്മാർ തന്നെ പറഞ്ഞിട്ടുണ്ട്. ഇതിനെ നാനാ ശാസ്ത്രങ്ങളേയും അനുസരിച്ചു പ്രത്യേകം വിവരിക്കുന്നതായാൽ വിസ്താരം അധികമായിത്തീരുന്നതുകൊണ്ടു ചുരുക്കത്തിൽ മറ്റൊരു വഴിക്ക് ആലോചിക്കാം.

* അയുക്തസ്യ ബുദ്ധിർനാസ്തി—ചിത്തശുദ്ധിയില്ലാത്തവനു ബുദ്ധിയില്ല. അവ്യക്തജ്ഞാനംകൊണ്ടു തൃപ്തിപ്പെടുന്നതു മനസ്സിന്റെ ലക്ഷണമാണെന്നർത്ഥം. അയുക്തസ്യ ഭാവനാ നാസ്തി—ചിത്തശുദ്ധിയില്ലാത്തവനു ഭാവനയില്ലാത്തത്. ചിത്തശുദ്ധിക്കു ഭാവന കാരണമാണെന്ന് അറിയുക. അഭാവയതഃ ശാന്തിർനാസ്തി—ഭാവനയില്ലാത്തവനു സംശയനിവൃത്തിരൂപമായ ശമം ഉണ്ടാകയില്ല. അശാന്തസ്യ കുതഃ സുഖം—സംശയനിവൃത്തിയില്ലാത്തവനു സുഖം എവിടെനിന്നുണ്ടാകും? സംശയം ഉള്ളിടത്തോളം കാലം സംശയനിവൃത്തിയില്ലാത്തവനു സുഖമുണ്ടാകുന്നതല്ലെന്ന ഭാവം.

സൎവ്വശാസ്ത്രങ്ങളേയും വിവൎത്തവാദം, ഉല്പത്തിവാദം, പരിണാമവാദം ഇങ്ങിനെ മൂന്നു തരത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മായാശക്തിനിമിത്തം ആത്മാവു തന്നെ മിത്ഥ്യാരൂപമായ പ്രപഞ്ചത്തിന്റെ ആകൃതിയിൽ തോന്നുകയാണെന്നു പറയുന്ന വേദാന്തികൾ വിവൎത്തവാദികളാകുന്നു. പ്രപഞ്ചമെല്ലാം, ഒരോ കൎത്തൃവ്യാപാരംകൊണ്ടുണ്ടായതാണെന്നും ആ കൎത്താവാണ് ആത്മാവെന്നും പറയുന്ന മീമാംസകന്മാരും നൈയായികന്മാരും ഉല്പത്തിവാദികളാണ്. ഇവരുടെ പക്ഷത്തിലും ലോകവ്യവഹാരങ്ങളെന്നു പറഞ്ഞുവരുന്ന വ്യാപാരങ്ങളും അതിനു കാരണങ്ങളായ രാഗദ്വേഷലോഭാദിഗുണങ്ങളും വ്യാപൃതപ്രപഞ്ചവും ഭാവനകൊണ്ടു തന്നെയാണുണ്ടാകുന്നത്. ലോകമെല്ലാം പ്രകൃതി എന്ന ഒരു ശക്തിയുടെ പരിണാമമാണെന്നു വാദിക്കുന്ന സാംഖ്യന്മാരും, യോഗശാസ്ത്രകാരന്മാരും, ശൈവന്മാരും, പാശുപതന്മാർ മുതലായ ശൈവവൈശേഷികരും, ലോകം ആത്മപരിണാമമാണെന്നു വാദിക്കുന്ന വൈഷ്ണവന്മാരും, രാമാനുജാദികളായ വൈഷ്ണവവൈശേഷികരും പരിണാമവാദികളുടെ കൂട്ടത്തിൽ പെട്ടവരാണ്. ഇവരെല്ലാവരും പ്രകൃതിഗുണമെന്നോ ആത്മഗുണമെന്നോ പറയുന്ന വാസനാവിശേഷമായ ഭാവനയെ തന്നെയാണ് പരിണാമകാരണമായി പരിഗണിച്ചിട്ടുള്ളത്. വൈയാകരണന്മാർ, സാഹിത്യകാരന്മാർ, വൈദ്യന്മാർ മുതലായവർ വേദാന്താനുസാരികളും മാന്ത്രികന്മാർ പ്രായേണ സാംഖ്യവേദാന്തപാതഞ്ജലങ്ങളെ അനുസരിക്കുന്നവരും ആകയാൽ അവൎക്കും ഭാവന തന്നെയാണ് ശരണം.

ഇത്രയും പറഞ്ഞതുകൊണ്ടു ശാസ്ത്രസിദ്ധാന്തങ്ങളെല്ലാം ഭാവന എന്ന ഒന്നിനെത്തന്നെയാണ് അവലംബിച്ചിരിക്കുന്നതെന്നായല്ലൊ. ഇനി ലൌകികവ്യവഹാരത്തെക്കുറിച്ചും അല്പം ആലോചിച്ചുനോക്കാം. ഒരാളെപ്പററിയോ ഒരു സംഗതിയെപ്പററിയോ നാം ഏതെങ്കിലും ഒരു സ്ഥിതിയിൽ എത്രത്തോളം വിചാരിക്കുന്നുവോ ആ ആളെയോ സംഗതിയെയോ അത്രത്തോളം ആ സ്ഥിതിയിൽ അധികമധികം ചേൎക്കുവാൻ തന്നെ നമുക്കു കാരണമായിത്തീരുന്നു. നമ്മുടെ വിചാരത്തിന്റെ സംഖ്യയെയും ശക്തിയെയും അനുസരിച്ചു സ്നേഹം ക്രമേണ വൎദ്ധിച്ചുകാണുന്നതു ചുരുക്കം. ലോകത്തിന്റെ മിത്ഥ്യാചിന്തയുള്ള കാരണം പ്രധാനമായി ഇതു തന്നെയാണ്. അതിനു വസ്തുക്കളിൽ ദോഷാധിക്യവും ഇതരവസ്തുക്കളിൽ ഗുണാധിക്യവും ഉദാസീനങ്ങളിൽ സമത്വവും എന്നുവേണ്ട ഇന്നതു ഗുണമെന്നും ഇന്നതു ദോഷമെന്നും ഉള്ള ഭേദങ്ങളെത്തന്നെയും ഈ ഭാവനയാണ് കാട്ടിത്തരുന്നത്. ആനയെ പടലാക്കുന്നതും പടലിനെ ആനയാക്കുന്നതും ഇതുതന്നെയാണ്. ഇതില്ലെങ്കിൽ അച്ഛനും അമ്മയും മക്കളും ബന്ധുക്കളും ശത്രുക്കളും സ്വാമിയും ഭൃത്യനും എല്ലാം ഒരു നിലയിൽ തന്നെ. ഇതുകൊണ്ടു സകലവസ്തുസമൂഹങ്ങളും ഭാവനയെ ആശ്രയിച്ചുകൊണ്ടിരിക്കുന്നതെന്നാണ് സൎവ്വശാസ്ത്രങ്ങളും ലോകങ്ങളും നമ്മെ ഗ്രഹിപ്പിക്കുന്നത്. ലോകത്തിൽ ഈ വിഷ്ണുപുരാണവചനം നോക്കുക—

'ത്രിവിധാ ഭാവനാ വിപ്ര വിശ്വമേതന്നിബോധമേ
ബ്രഹ്മാഖ്യാ കൎമ്മസംജ്ഞാ ച തഥാ ചൈവോഭയാത്മികാ
(തിക

ബ്രഹ്മഭാവാത്മികാ ഹ്യേകാ കൎമ്മഭാവാത്മികാ പരാ
ഉഭയാത്മികാ ചൈവാന്യാ ത്രിവിധാ ഭാവ ഭാവനാ
(ന'

എ. കെ. പി.

മഹാമഹോപാദ്ധ്യായന്മാർ

പുതിയ വർഷാരംഭത്തിലോ ഇന്ത്യാചക്രവർത്തിയുടെ തിരുനാൾദിവസമോ രാജ്യത്തിനു ചെയ്തിട്ടുള്ള ഉപകാരത്തേയും ഓരോരോ വിഷയങ്ങളിലുള്ള പാണ്ഡിത്യത്തേയും അടിസ്ഥാനപ്പെടുത്തി അനേകം സ്ഥാനമാനങ്ങൾ പലർക്കും കൊടുത്തുവരുന്നുണ്ട്. ഇതിൽ അധികപക്ഷം ആളുകളുടേയും പ്രധാനഗുണങ്ങളെല്ലാം മിക്കവരും അറിഞ്ഞിരിക്കും. ഇവക മാന്യന്മാർ ഇവർ സ്ഥാനമാനങ്ങൾക്കർഹരായതെന്നുള്ള കാരണങ്ങളും ആലോചിക്കാവുന്നതായിരിക്കും. എന്നാൽ ഇതിൽ അപൂർവ്വം ചിലരെ അവരുടെ നാട്ടുവിട്ടു പുറമെയുള്ളവർ അത്ര അറിഞ്ഞിരിക്കയില്ല. അതിന്നു വേണ്ടുന്ന ഘോഷം ഇല്ലാത്തതുകൊണ്ടോ അല്ലെങ്കിൽ അവരുടെ പ്രവൃത്തികൾ ലോകസാമാന്യം അറിയത്തക്കവണ്ണമുള്ളതല്ലാത്തതുകൊണ്ടോ ആയിരിക്കുന്നു.

'ന ശൃണ്വന്തി യാന്തിഹ തേ മനസ്വിനോ
വസന്തി ഗൂഢം വചസാമഗോചരാ
പയോനിധേരന്തരമേവ കേവലം
ഭജന്ത്യുദ്വ്യാ മണയോ മഹാർഘ്യാഃ.'

ഇന്ത്യാചക്രവർത്തിയുടെ അടുത്തു കഴിഞ്ഞ തിരുനാളവസരത്തിൽ മഹാമഹോപാദ്ധ്യായസ്ഥാനത്തിന്ന് അർഹന്മാരായി തീർന്നിട്ടുള്ള കിള്ളിമംഗലത്തു നടുവത്തു നാരായണൻ നമ്പൂതിരിപ്പാടും, കൊടുങ്ങല്ലൂർ വലിയ ഗോദവർമ്മ (ഭട്ടൻ) തമ്പുരാനും അപ്രകാരമുള്ള അജ്ഞാതന്മാരിൽ ഒട്ടും അപ്രധാനന്മാരല്ല. ഈ അവസരത്തിങ്കലേക്കു കൂടി അവരുടെ ജീവചരിത്രത്തിന്റെ രത്നച്ചുരുക്കം പ്രത്യേകം പ്രത്യേകം താഴെ ചേർക്കുന്നു.

കിള്ളിമംഗലത്തു നടുവത്തു നാരായണൻ നമ്പൂതിരിപ്പാട്.

ഇദ്ദേഹത്തിന്റെ ജനനം ൧൦൩൦-ാമാണ്ട് മീനമാസത്തിലാണ്. കൊച്ചിരാജ്യത്തു പ്രധാനന്മാരായ ബ്രാഹ്മണകുലത്തിൽപെട്ട ഒരാളാണ്. ഇദ്ദേഹം ഉണ്ടായപ്പോൾ അച്ഛന്നു നാല്പത്തെട്ടു വയസ്സായി. അദ്ദേഹം സംസ്കൃതത്തിൽ നല്ല പണ്ഡിതനായിരുന്നു. ശബ്ദാർത്ഥരൂപം എന്ന വ്യാകരണഗ്രന്ഥം മലയാളത്തിൽ അക്കാലത്തു നടപ്പായതേ ഉള്ളൂ. അതുനിമിത്തം വ്യാകരണപാഠത്തിൽ ആളുകൾക്ക് ക്ലേശമേറെയായിരുന്നു. ഇല്ലത്തൂർ വിഷ്ണുക്ഷേത്രത്തിൽ മേൽശാന്തിയായിരുന്ന വ്യാകരണാചാര്യർ എന്ന പ്രസിദ്ധനായ ഗുരുവിന്റെ അത്യുത്തമശിഷ്യന്മാരിൽ ഒരാളായിരുന്നു അച്ഛൻനമ്പൂതിരിപ്പാട്. അദ്ദേഹം വ്യാകരണത്തിൽ വളരെ പാണ്ഡിത്യവും സമ്പാദിച്ചു. മകൻനമ്പൂതിരിപ്പാട്ടിലെ വിദ്യാഭ്യാസകാര്യത്തിൽ പിതാക്കന്മാർ സാധാരണ ശ്രദ്ധവെക്കുന്ന കൂട്ടത്തിലല്ല അച്ഛൻനമ്പൂതിരിപ്പാട് മനസ്സിരുത്തിയിരുന്നത്. അച്ഛനിൽനിന്നു മകനു പാരമ്പര്യവഴിക്കുകൂടി ഈ വ്യാകരണവാസന സിദ്ധിച്ചിട്ടുണ്ട്.

സാധാരണ നാട്ടുനടപ്പുപ്രകാരം നമ്പൂതിരിമാരുടെ ഇടയിൽ അഞ്ചു വയസ്സു പ്രായമായാൽ എഴുത്തിനു വെച്ച് അക്ഷരങ്ങളും ഉരുവായി അമരകോശവും, സിദ്ധരൂപവും, ഒന്നോ രണ്ടോ സർഗ്ഗം കാവ്യവും പഠിച്ചുകഴിയുമ്പോഴേക്കു ഉപനയനത്തിന്റെ കാലമായി. ഉപനയനം കഴിഞ്ഞാൽ പിന്നെ വേദാദ്ധ്യയനം തുടങ്ങും. സമാവർത്തനം കഴിയുന്നതുവരെ വേദാദ്ധ്യയനമേ

ഉള്ളു. അതു കഴിഞ്ഞാൽ ഉപരിപാഠത്തിന്നു മോഹമുള്ളവർ പണ്ഡിതന്മാരായ ഗുരുക്കന്മാരുടെ അടുക്കൽ ചെന്നു പഠിച്ചു താമസിക്കും. നമ്മുടെ മഹാമഹോപാദ്ധ്യായന്റെ ആദ്യകാലങ്ങളിൽ വിശേഷന്മാരായ ഗുരുക്കന്മാരും പഠിപ്പാൻ മോഹമുള്ള ശിഷ്യന്മാരും ഒട്ടും അപൂർവ്വമായിരുന്നില്ല.

ഇദ്ദേഹത്തിന്നു വിദ്യയിലുള്ള ഇച്ഛ വർദ്ധിക്കുവാൻ ചില അസാധാരണകാരണങ്ങളുണ്ടായിരുന്നു. അച്ഛന്റെ വൈദുഷ്യത്തെപ്പറ്റി മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അദ്ധ്യാപനം ബാല്യത്തിലും യൌവനത്തിലും കഴിഞ്ഞുകൂടി. എന്നാലും കോഴിക്കോട്ട് മലയാളപണ്ഡിതനായ കണ്ടർക്കാരിയവരുടെ അമ്മാമൻ ശങ്കരാചാര്യനാണ് ഇദ്ദേഹത്തിന്റെ ആദ്യത്തെ ഗുരു. ഏഴു വയസ്സിൽ ഉപനയനം കഴിഞ്ഞു വേദാദ്ധ്യയനം തുടങ്ങി. അതോടുകൂടിത്തന്നെ കാവ്യപാഠവും നടന്നിരുന്നു. പതിനാറാമത്തെ വയസ്സോടു കൂടി വേദാദ്ധ്യയനവും സമാവർത്തനവും കഴിഞ്ഞു. ഇദ്ദേഹത്തെ രഘു ചൊല്ലിച്ചിട്ടുള്ള ചിറ്റൂർ തെക്കേ മഠത്തിലേക്ക് സന്യസിച്ച പെരുമലയൂർ നമ്പൂതിരിയാണ്. നമ്പൂതിരിപ്പാട്ടിലെ കാവ്യപാഠത്തിൽനിന്നുണ്ടായ സംസ്കൃതജ്ഞാനം ഉപരിപാഠത്തിൽ പ്രതിപത്തിയുണ്ടാക്കിച്ചില്ല. സംസ്കൃതംപഠിക്കുവാനുള്ള മോഹംകൊണ്ട് ഇദ്ദേഹം കൂടല്ലൂർ മനക്കൽ താമസം തുടങ്ങി. കൂടല്ലൂർമന വിദ്വാന്മാർ കേളികേട്ടിട്ടുള്ള ഒരു വംശമാണെന്നു മലയാളത്തിലൊക്കെ സുപ്രസിദ്ധമാണല്ലോ. ഇന്നും ആ ഗൃഹം വൈദുഷ്യത്തിന്റെ ഇരിപ്പിടമാണ്. അന്നത്തെക്കാലത്തു സംസ്കൃതംപഠിക്കുവാൻ ആഗ്രഹമുള്ളവർ കൂടല്ലൂർ മനക്കൽ ചെന്നു താമസിക്കുകയാണ് പതിവ്. എത്രതന്നെ ആളുകൾ അവിടെ ചെന്നാലും അവരെക്കൊക്കെ ഭക്ഷണം, തേച്ചുകുളി മുതലായി ആവശ്യംവേണ്ട ചിലവുകളെല്ലാം കൊടുത്തു പഠിപ്പിക്കുക പതിവായിരുന്നു. അറിവിന്റെ അവസ്ഥപോലെ വിദ്യാർത്ഥികളിൽ പല കിടക്കാരും പല മാതിരി വിദ്യകൾ പഠിക്കുന്നവരും ഉണ്ടായിരുന്നു.

൭. നമ്മുടെ മഹാമഹോപാദ്ധ്യായൻ ആദ്യം വാസുദേവൻ നമ്പൂതിരിപ്പാട്ടിലെ ശിഷ്യനായിട്ടാണ് കൂടിയത്. അദ്ദേഹത്തിന്റെ അടുക്കൽ ഒന്നാമധ്യായം ഒരു സർഗ്ഗം പഠിച്ചു. എന്നാൽ ആദ്യത്തിൽ തന്നെ വ്യാകരണമാണ് തന്റെ പ്രത്യേകപാഠവിഷയമായിട്ട് സ്വീകരിച്ചത്. കൌമുദി, മനോരമ, ശബ്ദേന്ദുശേഖരം ഏതാനും ഭാഗങ്ങളും കുഞ്ഞുനമ്പൂതിരിപ്പാട്ടിലേയും, കാവുനമ്പൂതിരിപ്പാട്ടിലേയും, കണ്ടിക്കാവുനമ്പൂതിരിപ്പാട്ടിലേയും അടുക്കൽ പഠിച്ചതിന്നു. കടമക്കാലം കൂടല്ലൂർ താമസിച്ച് അവിടെ താമസം മതിയാക്കുന്നതിന്നു മുമ്പു വ്യാകരണത്തിൽ നൈപുണ്യം നേടി. കോഴിക്കോട്ട തളിയിൽ താനത്തിന്ന് അർഹനായിത്തീർന്നു. ഇതിന്റെ ശേഷം ഇല്ലിവർച്ചത്തൂർ താമസം തുടങ്ങി, കൂടല്ലൂർ കണ്ടിക്കാവുനമ്പൂതിരിപ്പാട്ടിലെ അടുക്കൽ പരിഭാഷേന്ദുശേഖരം മുഴുവനാക്കി. കണ്ടിക്കാവുനമ്പൂതിരിപ്പാട് അന്നു ഗ്രാമസഭമഠത്തിൽ പഠിപ്പിച്ചു താമസിക്കുകയായിരുന്നു. ഒരു കൊല്ലംകൊണ്ട് അദ്ദേഹത്തിന്റെ അടുക്കൽ ശബ്ദേന്ദുശേഖരം പഠിച്ചു വൈയാകരണന്മാരിൽ സർവ്വസമ്മതനായിത്തീർന്നു. അതിന്റെ ശേഷം അനേകകാലം തർക്കം പഠിച്ചു. എന്നാൽ അദ്ധ്യാപനത്തിന്നും വ്യാകരണപരിശ്രമത്തിന്നു സമയം മതിയാകാതിരുന്നതു കൊണ്ടൊന്നും ആ ശാസ്ത്രം തന്നെ സ്വീകരിച്ചു വ്യാകരണശാസ്ത്ര

നിഷ്കർഷയായിട്ടു നോക്കിത്തുടങ്ങി. അക്കാലത്ത് ശാസ്ത്രത്തിന് അനുയോജിതയുണ്ടായിരുന്നില്ല. വ്യാകരണമാത്രം പഠിപ്പതിനു ഉടനെ ചൊവ്വന്നൂർ സഭാമഠത്തിൽ ശാസ്ത്രത്തിലെ വ്യാകരണമെന്നതിരിയായി നിശ്ചയിച്ചു.

ചൊവ്വന്നൂർ എന്നു പറയുന്ന സ്ഥലം കുന്നംകുളത്തുനിന്നു മൂന്നു നാഴിക വടക്കു കിഴക്കാണ്. അവിടെ യാത്രായ ബാധവും ഇല്ലാത്തതുകൊണ്ടു വിദ്യാഭ്യാസത്തിന് ഇതു നല്ലതായിട്ടു ഏകാന്തമായ സ്ഥലമായിരുന്നില്ല. ഇവിടെ ഗ്രന്ഥമന്യായമാക്കാതെ ചിലവിനു കൊടുത്തു പഠിപ്പിക്കുന്ന ഒരു ക്രമം ഉണ്ട്. കാലകാലമായി ക്ഷയിച്ചുകിടന്നിരുന്ന ഈ പുരാതനസഭാമഠം ഗവർമ്മെണ്ടിൽ ദിവാൻ ശങ്കരവാര്യരവർകളുടെയും കൊടുക്കൽ സാമൂതിരിപ്പാട്ടിലേയും സഹായംകൊണ്ടു കുട്ടഞ്ചേരി നമ്പൂരിപ്പാട്ടിലെ ഉത്സാഹത്തിന്മേൽ വീണ്ടും ഉൽകൃഷ്ടസ്ഥിതിയെ പ്രാപിച്ചു. ശാസ്ത്ര സംബന്ധിച്ച ഗ്രന്ഥങ്ങൾ എല്ലാം തേടിപ്പിടിച്ചു വരുത്തുകയും കാര്യങ്ങൾ വഴിപോലെ നോക്കി നടത്തുകയും ചെയ്തു. സാമൂതിരിപ്പാട്ടു കൊല്ലത്താൽ ൩൦൦ ഉറുപ്പിക ചിലവിലേക്കു വകകൊടുക്കുവാൻ സമ്മതിച്ചു. കൊച്ചി രാജാവിന്റെ തിട്ടൂരപ്രകാരമാണ് പഠിപ്പിക്കുവാനുള്ള ആളുകളെ തിരഞ്ഞെടുത്തിരുന്നത്. ഒരു ശാസ്ത്രം പഠിപ്പിക്കുവാൻ ഒരു വിദ്വാനെ നിയമിച്ചിരുന്നു. മുപ്പതു കൊല്ലത്തോളം ഇതു നല്ല നിലയിൽ നടന്നു. വിദ്യാർത്ഥികളും ധാരാളം ഉണ്ടായിരുന്നു. പഠിപ്പിക്കുന്നവരെ ഏൽപ്പിക്കുന്ന കാര്യത്തിൽ ഏതോ ചില വ്യവഹാരങ്ങൾ നിമിത്തം സാമൂതിരിപ്പാട്ടു കൊടുക്കാറുള്ള പണം നിർത്തൽചെയ്തു. ക്രമേണ അതിനോടുകൂടെ കൊച്ചിസർക്കാരിൽ നിന്നും മാസിക കാര്യങ്ങളിൽ പ്രവേശിച്ച് ഉറുപ്പികമാസംതോറും കൊടുത്തുവെച്ചു. മാസവകയായിട്ട് ഇപ്പോൾ കൊല്ലത്താൽ ഒരായിരം ഉറുപ്പികയോളം മുതലെടുപ്പുള്ളതായ സത്രങ്ങളുണ്ട്. ഇതു കൂടാതെ ഗ്രന്ഥങ്ങളുടെയും ശിഷ്യന്മാരുടെയും ചിലവിലേക്ക് വകനിശ്ചയിച്ചിരിക്കുന്നുണ്ട്. പ്രധാനാദ്ധ്യാപകനാണ് കാര്യം നോക്കുന്നത്. ശാസ്ത്രം വരെ ചിലവുകൾക്ക് കൊല്ലംതോറും കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ തൃക്കൈയിൽ നിന്നു കണക്ക വാങ്ങാറുമുണ്ട്.

കൊടുങ്ങല്ലൂർ വലിയ ഗോദവർമ്മ (ഭട്ടൻ) തമ്പുരാൻ.

ഇദ്ദേഹത്തിന്റെ ജനനം ൧൦൨൫-ാമാണ്ടിലാണ്. കൊടുങ്ങല്ലൂർ രാജ്യം ഒരു സ്വതന്ത്രനാട്ടായിരുന്ന കാലങ്ങളിലും സാമൂതിരി വാഴുംകാലത്തും എന്നു മാത്രമല്ല ഇതിനെത്തുടർന്നും കാലം മുതൽ തന്നെ ചരിത്രപ്രസിദ്ധമാകുന്നു. കൊടുങ്ങല്ലൂർ രാജവംശം വൈദുഷ്യത്തിന്റെ വാസസ്ഥലമാണ്. അതുകൊണ്ട് ഇപ്പോൾ മഹാമഹോപാദ്ധ്യായപദത്തെ വഹിക്കുന്ന വലിയ ഗോദവർമ്മത്തമ്പുരാൻ കോവിലകത്തുള്ള വിദ്യാഭ്യാസത്തിനു വേണ്ടുന്ന സകല സൗകര്യങ്ങളും ഉണ്ടായിരുന്നു. ഇന്നും വിദ്യ അഭ്യസിപ്പിക്കുന്നതിൽ തൽപരന്മാരും വിദ്വാന്മാരുമായ കാരണവന്മാരെ അനുസരിച്ചു പ്രവർത്തിക്കേണ്ടുന്ന ഭാരം മാത്രമേ ഇദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. കുട്ടിക്കാലം ഗുരുകുലംപോലെ കൊടുങ്ങല്ലൂർ കോവിലകത്തു വിദ്യാർത്ഥികളെ ചിലവിനുകൊടുത്തു താമസിപ്പിക്കാറുണ്ട്. ഈ ജീവചരിത്രത്തിലെ നായകനായ ബാലവിദ്യാർത്ഥിയുടെ ബുദ്ധിവൈഭവം ചെറുപ്പത്തിൽ തന്നെ പ്രകാശിച്ചിരുന്നു. കോവിലകത്ത് അന്ന തർക്കത്തിനെക്കാൾ വ്യാകരണത്തിനായിരുന്നു

പ്രാധാന്യമുണ്ടായിരുന്നത്. കോവിലകത്തു താമസിച്ചു പഠിച്ചിരുന്ന കാലംകൊണ്ടും ഉണ്ണി ശാസ്ത്രികൾ ഒരു കേമനായ വൈയാകരണനായിരുന്നു. ഗോദവർമ്മതമ്പുരാൻ അദ്ദേഹത്തിന്റെ ഇഷ്ടശിഷ്യനുമായിരുന്നു. ഇദ്ദേഹം വ്യാകരണത്തിലും സംസ്കൃതസാഹിത്യസാമാന്യത്തിലും അല്പകാലംകൊണ്ടുതന്നെ നൈപുണ്യം സമ്പാദിച്ചു. അതിന്റെ ശേഷം അദ്വിതീയനായ ഒരു വിദ്യാർത്ഥിയുടെ നിലയിൽ ഏറ്റവും ഉൽകൃഷ്ടമായ ഒരു വിദ്യയിൽ ഗാഢമായ അറിവു സമ്പാദിച്ചുകൊണ്ടു ശോഭമാനനായിത്തന്നെ കാലം കഴിച്ചുകൂട്ടണമെന്ന മോഹം അദ്ദേഹത്തിൽ ചെറുപ്പകാലത്തുതന്നെ അങ്കുരിച്ചു. വിദ്യാഭ്യാസത്തിന്നു കോവിലകത്തുള്ള സൌകര്യത്തിന്നു പുറമെ ഇട്ടുണ്ണിത്തമ്പാൻ കൊല്ലംതോറും നടത്തിവരുന്ന "സദസ്സു" നിമിത്തം പല മഹാപണ്ഡിതന്മാരോടുകൂടിയുള്ള സഹവാസത്തിന്നും സംഗതിയായി. ഇട്ടുണ്ണിത്തമ്പാൻ സദസ്സിന്നു പോകുന്ന ശാസ്ത്രജ്ഞന്മാരിൽ പലരും പോകുംവഴി കൊടുങ്ങല്ലൂർ കയറിപ്പോവുക പതിവായിരുന്നു. സത്സംഗംകൊണ്ടു ബുദ്ധിവികാസംവരുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. ഈ ഗുണം ഗോദവർമ്മതമ്പുരാന്നു ധാരാളം സിദ്ധിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ ഇദ്ദേഹം പ്രകൃത്യാ അശക്തനും വാതരോഗിയുമായതുകൊണ്ടു ഇച്ഛപോലെ പഠിക്കുന്നതിൽ പലപ്പോഴും തടസ്ഥങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ഇതൊന്നും ശ്രദ്ധാതെ ഇട്ടുണ്ണിത്തമ്പുരാനും, തർക്കത്തിൽ അതിനിപുണനായിരുന്ന തിരുപ്പു ഏളയതമ്പുരാൻ തിരുമനസ്സിലേയും തർക്കത്തിലും വ്യാകരണത്തിലും ഒരുപോലെ നിപുണനായ ഇപ്പോഴത്തെ വലിയതമ്പുരാൻ തിരുമനസ്സിലേയും അടുക്കെ താമസിച്ചുവന്നിരുന്നു. ഈ തമ്പുരാക്കന്മാർ ഇദ്ദേഹത്തെ കേവലം ശിഷ്യനായോ മാത്രമല്ല മിത്രമായേന കൂടി ആദരിച്ചു പോന്നിരുന്നു. ഇദ്ദേഹം കൊടുങ്ങല്ലൂർ താമസിച്ചുവന്ന കാലത്തുതന്നെ വ്യാകരണം ഉപരിപാഠമെല്ലാം കഴിച്ചിട്ടുണ്ട്. എങ്കിലും തർക്കത്തിൽ ഇദ്ദേഹത്തിനുള്ള ഒരു പ്രതിപത്തി വേറെയായിരുന്നു. അതു കണ്ടിട്ടു തമ്പുരാക്കന്മാർ തർക്കത്തിലുള്ള ആദ്യപാഠമെല്ലാം കഴിച്ചുകൊടുത്തു. അതിന്റെ ശേഷം മരിച്ചുപോയ മഹാമഹോപാദ്ധ്യായൻ ഗോപാലാചാര്യരുടെ അടുക്കൽ പഠിപ്പാനാക്കി. ഇദ്ദേഹത്തിനൊപ്പമെ അന്നത്തെ കാലത്തിലൊന്നും ഒരു നൈയായികൻ ഉണ്ടായിട്ടില്ലെന്നു തീർച്ച പറയാം. ഗോപാലാചാര്യർ പിന്നീടു കൊടുങ്ങല്ലൂർ താമസമാക്കി അവിടെയുള്ള തമ്പുരാക്കന്മാരെ പഠിപ്പിക്കുവാൻതുടങ്ങി. ഇരുപതു വയസ്സാകുന്നതുവരെ ഗോദവർമ്മ തമ്പുരാൻ തർക്കത്തിൽ വഴിപോലെ പരിശ്രമിച്ചു അസാധാരണമായ നൈപുണ്യം സമ്പാദിച്ചു. അതിന്റെ ശേഷം വേദാന്തത്തിലും ധർമ്മശാസ്ത്രങ്ങളിലും മറ്റുംകൂടെ ഒരു സംബന്ധമായ മറു വിഷയങ്ങളിലും അദ്ദേഹം സമ്പാദിച്ചിട്ടുള്ള അറിവെല്ലാം തനിച്ചുണ്ടാക്കീട്ടുള്ളതാണ്. എന്നാൽ തർക്കമാണ് അദ്ദേഹത്തിന്റെ സ്വന്തം ശാസ്ത്രമായി വെച്ചിട്ടുള്ളത്. ഇദ്ദേഹവും കിളിമംഗലത്തു നാരായണൻനമ്പൂതിരിപ്പാടുമാണ് ധർമ്മശാസ്ത്രസംബന്ധമായ വല്ല സംശയവും വന്നാൽ മലയാളക്കരയിലുള്ളവർ ആലോചിക്കാറുള്ള പണ്ഡിതന്മാർ.

ഗോദവർമ്മ തമ്പുരാന്നു ഇപ്പോൾ അമ്പത്താറു വയസ്സായി. ഗ്രന്ഥങ്ങളാണ് ഇദ്ദേഹത്തിന്റെ ഉറ്റ ബന്ധുക്കൾ. ഗ്രന്ഥങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടും ഏതെങ്കിലുമൊന്നും ശിഷ്യരെ പഠിപ്പിച്ചുകൊണ്ടുമാണ കാലക്ഷേപം. ഇദ്ദേഹത്തിന്നു അനേകം ശിഷ്യന്മാരുണ്ട്. അവരിൽ ചിലർ പാഠശാലകളിലും സർക്കാർ സ്കൂളുകളിലും സ്വകാര്യസ്കൂളുകളിലും പണ്ഡിതന്മാരായിരുന്നിട്ടുണ്ട്.

(തുടരും)

ലോകരഹസ്യം*

കാലം എന്നു പറയുന്നത് അറിവുള്ള നീതിയും സ്വാതന്ത്ര്യവും ഉള്ള ഒരു കർത്താവാണല്ലോ. കാലം എന്തെന്തിനെയാണു ചെയ്യിക്കാത്തത്; എന്തെന്തിനെയാണു കേൾപ്പിക്കാത്തത്, എന്തെന്തിനെയാണ് ചെയ്യാത്തത്?

സുന്ദരവനം എന്നു പേരായ ഒരു കാടുണ്ടായിരുന്നു. ആ കാട്ടിന്റെ പ്രസിദ്ധി നാട്ടിലെല്ലാം പരന്നിരുന്നു. ആ കാട്ടിൽ പണ്ടേയായിട്ട് അനേകം നരികൾ കഴിഞ്ഞുകൊണ്ടുപോന്നിരുന്നു. കാലവൈഭവത്താൽ എല്ലാടത്തും നാഗരികതത്വത്തിന്റെ ആവിർഭാവം ഉണ്ടായതോടുകൂടി ആ കാട്ടിലുള്ള യോഗ്യരായ നരികളും തങ്ങളുടെ ഉന്നതോന്നതമാഭിവൃദ്ധിക്കുവേണ്ടി അശ്രാന്തമായ പരിശ്രമം ചെയ്യുവാൻ. ഗതാനുഗതികത്വം ലോകസ്വഭാവമാണല്ലോ. സമുദായത്തിന്റെ ഉന്നതിക്കുവേണ്ടി ഈ കാലത്തു മുഖ്യമായി ചെയ്യുവതായതു സഭകൂടുകയും സഭകളിൽ ഉപന്യാസങ്ങൾ എഴുതി വായിക്കുകയും പ്രസംഗങ്ങൾ ചെയ്യുകയും ആണല്ലോ. അതുപ്രകാരം നരികളും ആ കാട്ടിൽ വലുതായ ഒരു സഭ കൂടുവാൻ നിശ്ചയിച്ചു. സഭ കൂടുവാൻ നിശ്ചയിച്ച സമയത്തു തന്നെ എല്ലാവരും വന്നുചേർന്നു. ഈ സംഗതിയിൽ അവർ മാതൃകയായവരുടെ രീതിയെ അനുസരിച്ചില്ല. തങ്ങളുടെ കൃത്യങ്ങളെല്ലാം അവർ നിശ്ചിതസമയത്തിൽ തന്നെ ചെയ്തിരുന്നു. ഉടനെ അവിടെ അനേകവിധവൃക്ഷങ്ങളെക്കൊണ്ടു പ്രശോഭിതമായ ആ സുന്ദരവനത്തിന്റെ മദ്ധ്യത്തിൽ സമതലപ്രായമായ ഒരു വിശേഷസ്ഥലത്തു ഭയങ്കരാകൃതികളായ അനേകം മാതിരിയിലുള്ള നരികൾ തങ്ങളുടെ ദംഷ്ട്രങ്ങളുടെ പ്രഭകളാൽ ആ വനം മുഴുവനും പ്രകാശിപ്പിച്ചുംകൊണ്ടു കൂട്ടംകൂട്ടമായി വന്നിരുന്നു. എല്ലാവരും ഐകമത്യത്തോടുകൂടി തങ്ങളുടെ ജാതിയിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനും വയോവൃദ്ധനും ആയ അമിതോദരൻ എന്നവനെ സഭാനായകനായി അദ്ധ്യക്ഷസ്ഥാനത്തിൽ ഇരുത്തി. അവൻ സന്തോഷത്തോടു നന്ദിപറഞ്ഞു വാലു ചുരുട്ടി അതിന്മേൽ ഇരുന്ന സഭാകൃത്യങ്ങളെ ആരംഭിച്ചു. ആദ്യമായി സഭ്യന്മാരുടെ നേരെ നോക്കി അവൻ ഇപ്രകാരം പറഞ്ഞു—

'വ്യാഘ്രവംശത്തിന് അലങ്കാരഭൂതന്മാരും മഹാശയന്മാരും ആയ മാന്യസദസ്യരേ! ഇന്നു നമുക്ക് ഒരു സുദിനമാണ്. കാട്ടിൽ വസിക്കുന്നവരും മാംസം മത്സ്യം മുതലായതു ഭക്ഷിക്കുന്നവരും വ്യാഘ്രമഹർഷിയുടെ വംശത്തിൽ ജനിച്ചവരും ആയ നമ്മുടെ വംശത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടതായ ഏർപ്പാടുകളെപ്പറ്റി ആലോചിപ്പാൻ വേണ്ടിയാണല്ലോ ഇവിടെ ഇന്നു സഭ കൂടിയിരിക്കുന്നത്. സ്വഭാവികമായും വിരുദ്ധന്മാരും ആയ മറ്റുള്ള ജന്തുക്കളും നമുക്കു ഐകമത്യമില്ലെന്നും നമ്മൾ സ്വാതന്ത്ര്യരായും ഏകാന്തവാസികളും സജാതിയിലെ അംഗങ്ങളുമായി കൂടിക്കഴിവാൻ താല്പര്യമില്ലാത്തവരും ആണെന്നും നാമെ

* ബങ്കിംചന്ദ്രചട്ടോപാദ്ധ്യായർ എന്ന മഹാൻ ബംഗാളിഭാഷയിൽ എഴുതീട്ടുള്ള 'ലോകരഹസ്യം' എന്ന കൃതിയുടെ ഏതാനും ഭാഗത്തിന്റെ തർജ്ജിമയാണ് പ്രസ്തുതലേഖനം.

ഘോഷിക്കുന്നു. ഈ അപവാദത്തിന്നു ലേശമെങ്കിലും അടിസ്ഥാനമില്ലാത്തതും അത് അന്യായമായിട്ടുള്ളതും ആകുന്നു എന്നു ഞാൻ നിസ്സംശയം പറയുന്നു. ഇതു ഭാരതവർഷത്തിൽ താമസിക്കുന്ന മനുഷ്യരുടെ ഒരു ദുസ്സ്വഭാവമാണ്. ഇത് ഒരിക്കലും നമ്മുടെ സ്വഭാവമല്ല. അവർ അതിനെ നമ്മുടെ മേൽ ചുമത്തുന്നു. അതല്ലാതെ അവർ വേറെ എന്തു ചെയ്യും? അവരുടെ സകല പ്രവൃത്തികളിലും പ്രകാശിച്ചുകാണുന്ന ഈ സ്വഭാവത്തെ മാറ്റാൻ അവർക്ക് അസാദ്ധ്യമായിട്ടുള്ളതാണ്. ഇങ്ങിനെയാണെങ്കിലും ആവട്ടെ. നമ്മുടെ മേൽ ആരോപിക്കപ്പെടുന്ന ദോഷം നമ്മിൽ ഉണ്ടെങ്കിലാവട്ടെ ഇല്ലെങ്കിലാവട്ടെ, പക്ഷം അതിനെപ്പറ്റി പറയുമ്പോൾ പ്രത്യക്ഷസ്വഭാവം സംഭവിച്ച് ആ അപവാദം വർദ്ധിക്കുന്നതാണല്ലോ. അതിന്റെ പരിഹാരത്തിനുള്ള മാർഗ്ഗത്തെ ബുദ്ധിമാന്മാരാൽ അവശ്യം ആലോചിക്കപ്പെടേണ്ടതാണ്. അടിസ്ഥാനമില്ലാത്തതാണെങ്കിലും ഈ അപവാദത്തിനെ തീരെ ഇല്ലായ്മചെയ്യാൻ വേണ്ടിയാണു നാം ഈ സഭ കൂടിയിരിക്കുന്നത്. നമ്മുടെ ശത്രുക്കളുടെ ഇടയിൽ കൂടി ഈ അപവാദത്തിന്റെ പ്രചാരം ഇല്ലാതാക്കുവാൻ വേണ്ടുന്ന ഏർപ്പാടുകൾ നാം ചെയ്യണം. നമ്മുടെ ശത്രുക്കളെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടി നാം നിരന്തരം പ്രയത്നം ചെയ്യുന്നതായാൽ നമ്മെപ്പോലെ ബുദ്ധിമത്വവും യോഗ്യതയും ഉള്ളവർ ഇനി വിരളമായിരിക്കുമെന്നാണ് എന്റെ വിശ്വാസം. ഈ സംഗതിയിൽ നിങ്ങൾക്കു ലേശംപോലും സംശയം വേണ്ട. ദിവ്യസന്ദേശവും സമ്പാദിച്ചുകൊണ്ടു ഉദ്ദേശിച്ച പ്രവൃത്തി ച്ചുവരുന്നവരും പരമസുഖത്തോടുകൂടി പരമാത്മാവിനെ ഭജിക്കുന്നവരും കൊണ്ട് അദ്ധ്യാത്മചിന്ത കഴിച്ചുവരുന്നവരും സൽസ്വഭാവത്തോടും സർവ്വജ്ഞതയോടും കൂടി കാര്യങ്ങൾ നടത്തിച്ചുവരുന്നവരും ആയ നമ്മുടെ ഭരണാധിസ്ഥിതി വരുത്തി നമ്മെ അനുഗ്രഹിക്കുന്നതാണെന്നു ഞാൻ ഉറപ്പിക്കുന്നതോടും പരമേശ്വരനോടുകൂടെ പരമേശ്വരനെ പ്രാർത്ഥിക്കുന്നു. (സദസ്യരായ നരികളുടെ വാലുകളുടെ ചടചടശബ്ദംകൊണ്ട് ആ കാട് മുഴങ്ങി)

അല്ലയോ സഹൃദയന്മാരേ! നാം ഇപ്പോൾ സഭ കൂടിയിരിക്കുന്നതിന്റെ ഉദ്ദേശത്തെപ്പറ്റി ഞാൻ അല്പം പ്രസ്താവിക്കാം. ഈ സുന്ദരവനത്തിൽ നിവസിക്കുന്ന നരികളുടെ ഇടയിൽ ഒരു കാലമായി വിദ്യാഭ്യാസം തീരെ ഇല്ലാതായിപ്പോയിരിക്കുന്നു എന്നു നിങ്ങൾക്ക് എല്ലാവർക്കും അറിയാവുന്ന സംഗതിയാണല്ലോ. നാം എല്ലാവരും നല്ല വിദ്വാന്മാരായി തീരണമെന്ന് എനിക്കു വലിയ ആഗ്രഹമുണ്ട്. ഇക്കാലത്തു മറ്റെല്ലാവരും വിദ്വാന്മാരായി ഭവിച്ചിരിക്കുന്നു. അപ്രകാരം എന്തുകൊണ്ടു നമുക്കും വിദ്വാന്മാരായി തീർന്നുകൂടാ? വിദ്യാഭിവൃദ്ധിയെപ്പറ്റി ചിന്തിപ്പാൻ വേണ്ടിയാണ് ഈ സഭ കൂടിയിരിക്കുന്നത്. ഇതിന്നു നിങ്ങൾ എല്ലാവരും അനുകൂലിക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു.[3]

സഭാനാഥൻ ഇങ്ങിനെ പറഞ്ഞു തന്റെ സ്ഥാനത്ത് ഇരുന്നപ്പോൾ സഭാവാസികളെല്ലാവരും 'ഹൂ ഊ ഹു ഊ' എന്നിങ്ങിനെ ശബ്ദം പുറപ്പെടുവിച്ച് ആ അഭിപ്രായത്തെ അനുമോദനം ചെയ്തു. അതിന്നു ശേഷം യഥാക്രമം ചില പ്രബന്ധങ്ങൾ സഭയിൽ വായിക്കുകയും സദസ്യന്മാർ അവരെ അനുമോദിച്ച് അവരുടെ പ്രബന്ധങ്ങളെ സ്വീകരിക്കുകയും ചെയ്തു. സദസ്യന്മാർ അനുമോദിക്കുന്നതോടും അവരുടെ പ്രസംഗങ്ങളും ദീർഘിച്ചുതുടങ്ങി. അവരുടെ വാക്കുകൾക്കു വ്യാകരണശുദ്ധിയും അലങ്കാരശൈലിയും

ട്ടമായിരുന്നു. അവരുടെ ശബ്ദം ഏറ്റവും മധുരമായിരുന്നു. അവരുടെ ഒച്ചകൊണ്ട് ആ വനം മുഴുവനും നടുങ്ങി.

സഭയുടെ മറവുള്ള കൃത്യങ്ങൾ അവസാനിപ്പതിന്റെ ശേഷം സഭാമുഖ്യൻ പിന്നെയും ഇങ്ങിനെ പറഞ്ഞു—'സോദരന്മാരേ! ഈ സമാജത്തിൽ വ്യാഘ്രാഗ്രേസരൻ എന്ന പേരുള്ള ഒരു പ്രസിദ്ധപണ്ഡിതനായ വ്യാഘ്രാചാര്യൻ അധിവസിക്കുന്നുണ്ടെന്നു നിങ്ങൾക്ക് മുമ്പുതന്നെ അറിവുള്ള സംഗതിയാണല്ലോ. ആ മഹാൻ എന്റെ പ്രാർത്ഥനയനുസരിച്ച് ഈ സദസ്സിൽ ഈ രാത്രിയിൽ മനുഷ്യചരിത്രസംബന്ധമായ ഒരു പ്രബന്ധം വായിക്കുന്നതാണ്.' മനുഷ്യൻ എന്ന പേര് കേട്ട മാത്രയിൽ സഭാവാസികളിൽ ചിലർക്ക് കലശലായ വിറപ്പു തോന്നിയെങ്കിലും അവിടെ മനുഷ്യന്റെ വട്ടം കൂടം കാണാഞ്ഞതിനാൽ അവരെല്ലാവരും വിറപ്പ് അടക്കി ശാന്തന്മാരായി ഇരുന്നു. പിന്നെ സഭാമുഖ്യൻ ആജ്ഞാനുസൃത്യം വ്യാഘ്രാഗ്രാചാര്യനോടു പ്രബന്ധം വായിക്കാൻ പറഞ്ഞു. അദ്ദേഹം ഉപന്യാസപീഠത്തിൽ കയറി അതിഗംഭീരമായ സ്വരത്തിൽ പ്രബന്ധം വായിക്കാൻ തുടങ്ങി.

'മഹാനായ സഭാനാഥാ! മാന്യസദസ്യരേ! സകലലോകത്തിലെ കാംക്ഷിക്കുന്ന വാനരമഹാനായ നമ്മുടെ സഭാമുഖ്യന്റെ കല്പനപ്രകാരം ദൈവസൃഷ്ടികളായ ജന്തുക്കളെ അധികരിച്ച് ഞാൻ എഴുതീട്ടുള്ള ഒരു പ്രബന്ധമാണ് ഇപ്പോൾ വായിക്കാൻ തുടങ്ങുന്നത്. ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ജന്തുക്കളെ നാല്ക്കാലികളായിട്ടും രണ്ടു കാലുള്ളവയായിട്ടും ഇങ്ങിനെ രണ്ടു തരമായി വിഭജിക്കാം. മനുഷ്യർ രണ്ടു കാലുള്ള ജന്തുക്കളിൽ പെട്ടവരാണ്. അവർക്ക് ചിറകുകൾ ഇല്ലാത്തതിനാൽ അവരെ പക്ഷിവർഗ്ഗത്തിൽനിന്നു വേർതിരിക്കാവുന്നതാണ്. വിശേഷിച്ച് നാല്ക്കാലിജന്തുക്കൾക്കും മനുഷ്യർക്കും തമ്മിൽ വളരെ സാദൃശ്യമുള്ളതായി കാണുന്നുണ്ട്.

നാല്ക്കാലിജന്തുക്കൾക്ക് ഉള്ളതുപോലെ തന്നെ മനുഷ്യർക്കും അവയവങ്ങളും സന്ധിബന്ധങ്ങളും ഉണ്ട്. മനുഷ്യർക്കും നാല്ക്കാലികൾക്കും തമ്മിലുള്ള സാധർമ്മ്യം ഹേതുവായിട്ട് അവരെയും പശു എന്ന ശബ്ദംകൊണ്ടു നിർദ്ദേശിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. മനുഷ്യരും നാല്ക്കാലികളും തമ്മിൽ അല്പാല്പമായ ഭേദമില്ലാതില്ല.

നാല്ക്കാലികളിൽ വെച്ചു വാനരന്മാരാണ് മനുഷ്യരോട് ഏറ്റവും സാദൃശ്യമുള്ളതായി കാണുന്നത്. ഓരോ ജാതി ജന്തുക്കളുടെ അവയവങ്ങൾ ക്രമേണ ഉൽകർഷം പ്രാപിച്ച് കാലാന്തരത്തിൽ ആ ജാതി ജന്തുക്കൾ വേറെ ഒരു ജാതി ജന്തുക്കളായി തീരുന്നു എന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം അനുസരിച്ച് മനുഷ്യജന്തുക്കളും കാലത്തിന്റെ മഹത്തായ വൈഭവംകൊണ്ടു വാലുള്ളവരായിത്തീർന്ന് ക്രമേണ വാനരന്മാരായി തീരുമെന്നാണ് എന്റെ ബലമായ വിശ്വാസം.

മനുഷ്യവർഗ്ഗമാണ് ഭക്ഷിപ്പാൻ എളുപ്പമുള്ളതും ഏറ്റവും സ്വാദോടു കൂടിയതും എന്നു നിങ്ങൾക്ക് അറിവുള്ളതാണല്ലോ. (ഈ വാക്കുകൾ കേട്ട മാത്രയിൽ തന്നെ വാനരന്മാരെല്ലാവരുടെയും നാവുകളിൽ വെള്ളംനിറയുകയും മനഃകല്പിതമായ ആ വിശേഷഭക്ഷണത്തിന്റെ സ്വാദ് അവർ അനുഭവിക്കുകയും ചെയ്തു.) അവരെ എളുപ്പത്തിൽ പിടിച്ചു കൊല്ലുന്നതിനാൽ നമുക്ക് സാധിക്കുന്നതാണ്. മൃഗങ്ങളെപ്പോലെ കാട്ടുവാൻ ഇവറ്റക്കു സാമർത്ഥ്യമില്ല; പോത്തുകൾ മുതലായ ജന്തുക്കളെപ്പോലെ ഇവറ്റക്ക് കൊമ്പു

കളോ, ശക്തിയോ ഇല്ല. ജഗദീശ്വരൻ ഈ പ്രപഞ്ചം സൃഷ്ടിച്ചിരിക്കുന്നതു വ്യാഘ്രജാതിയുടെ സുഖാനുഭവത്തിനു വേണ്ടിയാണെന്നുള്ളതിനു ലേശം സംശയമില്ല. പിടിക്കാൻ ഏറ്റവും എളുപ്പമുള്ളതും ഏറ്റവും രുചികരവുമായ മനുഷ്യപശുവിനു വേഗത്തിൽ ഓടുവാനുള്ള ശക്തിയും അതുമാത്രമല്ല സ്വരക്ഷക്കുള്ള സാമർത്ഥ്യവും ദൈവം കൊടുക്കാതിരുന്നതു നമ്മുടെ സൌകര്യത്തിനു വേണ്ടിയാണ്. നഖം, കൊമ്പു, ദംഷ്ട്രം മുതലായവയുടെ കൂടാതെയും വേഗത്തിൽ ഓടുവാനുള്ള ശക്തി ഇല്ലാതെയും അത്ഭുതമായും കോമളമായുമുള്ള ശരീരത്തോടും കൂടി ഈ മനുഷ്യജാതിയെ ദൈവം സൃഷ്ടിച്ചതു വ്യാഘ്രജാതിയുടെ ഭക്ഷണാർത്ഥം മാത്രമാണെന്നു സ്പഷ്ടമാണ്. വളരെ സൂക്ഷ്മമായി ആലോചിച്ചിട്ടും ഈ ഒരു കാര്യമൊഴിച്ചു മനുഷ്യജാതിയെക്കൊണ്ടു വേറെ ഒരു പ്രയോജനവും ഞാൻ കാണുന്നില്ല.

ഇതിനൊക്കെയുള്ള കാരണങ്ങൾകൊണ്ടും വിശേഷിച്ചു മനുഷ്യജാതിയുടെ മാംസത്തിന്റെ മാർദ്ദവവിശേഷംകൊണ്ടും ആസ്വാദ്യതകൊണ്ടും മനുഷ്യജാതി നമ്മുടെ പ്രേമഭാജനമായി ഭവിച്ചതിൽ ആശ്ചര്യമില്ലല്ലോ. എന്നാൽ മനുഷ്യജാതിക്കും നമ്മുടെ നേരെയുള്ള പ്രതിബദ്ധാനാദരത്തോടെ ക്രമേണ വർദ്ധിച്ചുവരുന്നതിനുള്ള സംഗതി വളരെ ഖേദജനകമായിരിക്കുന്നു.

ഞാൻ പറയുന്നതിൽ നിങ്ങൾക്കു വിശ്വാസം വരുന്നില്ലെങ്കിൽ എനിക്കു് അനുഭവസിദ്ധമായ ഒരു സംഗതി ഞാൻ ഇവിടെ പ്രസ്താവിക്കാം. ഞാൻ വളരെക്കാലം ഓരോ ദിക്കുകളിൽ സഞ്ചരിച്ചു വളരെ അറിവു സമ്പാദിച്ചിട്ടുണ്ടെന്നുള്ള സംഗതി നിങ്ങൾക്കു് അറിയാമല്ലോ. 'യസ്തു സഞ്ചരതേ ദേശാൻ.........തസ്യ വിസ്താരിതാ ബുദ്ധിഃ തൈലബിന്ദുരിവാംഭസി.' (ദേശസഞ്ചാരം ചെയ്തിട്ടുള്ളവന്റെ ബുദ്ധി വെള്ളത്തിൽ വീണ എണ്ണത്തുള്ളിപോലെ വിശാലതയെ പ്രാപിക്കുന്നു) എന്നുള്ള തത്വം ശരിയാണെന്നു് എനിക്കു് അനുഭവസിദ്ധമായിരിക്കുന്നു. ഈ സുന്ദരവനത്തിന്റെ വടക്കോട്ടുള്ള ദേശങ്ങളിലാണ് ഞാൻ സഞ്ചരിച്ചിട്ടുള്ളത്. അവിടെ പശുക്കളും മനുഷ്യർ മുതലായ സാധു ജന്തുക്കളാണ് താമസിച്ചുവരുന്നതു്. അവിടെ താമസിക്കുന്ന മനുഷ്യർ രണ്ടു വിധത്തിലുള്ളവരാണ്. ഒരു കൂട്ടർ കറുത്ത മനുഷ്യരും മറ്റുള്ളവർ വെളുത്ത മനുഷ്യരും ആണ്. ഒരിക്കൽ ഞാൻ ആ ദിക്കിലേക്കു വിഷയകർമ്മത്തിനു വേണ്ടി പോയി.'

ശ്രദ്ധാലുവായ മഹാദംഷ്ട്രൻ എന്ന പേരായ ഒരു വ്യാഘ്രം ഇതു കേട്ടപ്പോൾ 'ഈ വിഷയകർമ്മം എന്നതു് എന്താണ്' എന്നു ചോദിച്ചു. അതിന് ഉപന്യാസകൻ ഇപ്രകാരം ഉത്തരം പറഞ്ഞു—'വിഷയകർമ്മം എന്നതു് ആഹാരാന്വേഷണമാകുന്നു. ഇപ്പോഴത്തെ പരിഷ്കാരികളും യോഗ്യന്മാരായ ആളുകളും ഭക്ഷണസമ്പാദനത്തെ വിഷയകർമ്മം എന്നു പറഞ്ഞുവരുന്നു. എന്നാൽ എല്ലാ ജാതിയിലുമുള്ള ഭക്ഷണസമ്പാദനങ്ങൾക്കും വിഷയകർമ്മം എന്ന പേർ പറഞ്ഞുകൂടാ. യോഗ്യന്മാരും പരിഷ്കാരികളും സത്യന്മാരും ചെയ്യപ്പെടുന്ന ആഹാരാന്വേഷണത്തിനു മാത്രമേ 'വിഷയകർമ്മം' എന്നു പറയാൻ പാടുള്ളു. പ്രാകൃതന്മാർ, നാടന്മാർ ഇതുകളിലുള്ളവർ ചെയ്യുന്ന ആഹാരാന്വേഷണത്തിന് ഉദരപൂർത്തി എന്നോ കിക്ക എന്നോ പറയുവാനേ പാടുള്ളു. ധൂർത്തന്മാർ ചെയ്യുന്ന ആഹാരാന്വേഷണത്തിനു 'മോഷണ'മെന്നും പ്രബലന്മാർ ചെയ്യുന്നതിന് 'അപഹരണ'മെന്നും പറയപ്പെടുന്നു.

എന്നാൽ മനുഷ്യരെപ്പററി പറയുമ്പോൾ അപഥമെന്നും എന്ന വാക്ക് ഉപയോഗിക്കപ്പെടുന്നില്ല. അതിന്റെ സ്ഥാനത്തു വീഴ്ച എന്ന വാക്ക് ഉപയോഗിക്കപ്പെടുന്നു. മേലധികാരിയുള്ള ഒരുവന്റെ കൃത്യത്തിന് അപചാരമെന്നും യാതൊരുത്തന്റെ മേലധികാരി ഇല്ലയോ അവന്റെ കർമ്മത്തിനു വീഴ്ചയെന്നും പറയപ്പെടുന്നു. സൂക്ഷ്മമായി സംസർഗ്ഗം ചെയ്യുവാൻ നാം ആഗ്രഹിക്കുന്ന പക്ഷം മേൽപ്പറഞ്ഞ രണ്ട് അഭിധാനങ്ങളുടെയും വ്യത്യാസം നമുക്ക് ഒരിക്കലും മറന്നു കളവാൻ പാടുള്ളതല്ല. സൂക്ഷ്മം ആലോചിക്കുന്നതായാൽ ഈ വ്യപദേശഭേദം കൊണ്ട് ഒരു പ്രയോജനവും ഇല്ലെന്നാണ് എന്റെ അഭിപ്രായം. ഉദാഹൃതാ എന്ന ഒരൊററവാക്കുകൊണ്ടു വീഴ്ച തുടങ്ങിയുള്ള സകല ദൂഷണങ്ങളെയും നിർദ്ദേശിക്കാവുന്നതാണ്.

ഇത് എങ്ങിനെയെങ്കിലുമാവട്ടെ. ഞാൻ പറയുന്നതു നിങ്ങൾ കേട്ടാലും. മനുഷ്യർ മൃഗജാതിയിൽ വളരെ മെലിയുള്ളവരാണ്. ഞാൻ ഒരിക്കൽ മനുഷ്യർ അധിവസിക്കുന്ന പ്രദേശങ്ങളിൽ വിഷയങ്ങൾപ്രാപ്തിക്കു വേണ്ടി സഞ്ചരിക്കുകയുണ്ടായി. കുറെ കാലം മുമ്പ് ഈ സ്വദേശത്തിൽ 'പോട്ടുക്യാനിസ്' എന്ന പേരായ ഒരു കൂട്ടർ താമസിച്ചിരുന്നതായി ഞാൻ പണ്ടുതന്നെ കേട്ടിട്ടുണ്ട്.'

പിന്നെയും മഹാദംശർ പ്രബന്ധവായനയെ തടസ്ഥം ചെയ്ത് 'പോട്ടുക്യാനിസ്' എന്ന പറയപ്പെടുന്ന ജന്തു ഏതു ജാതിയിൽപ്പെട്ടതാണ് എന്നു ചോദിച്ചു. ഉപന്യാസകൻ ഇങ്ങിനെ ഉത്തരം പറഞ്ഞു. 'ഇതിനെപ്പററി എനിക്കും നല്ല അറിവില്ല. ഈ ജന്തുവിനെ കണ്ടു കാലം എത്ര ഉള്ളതായിട്ട് എനിക്ക് അറിവില്ല. ഈ ജന്തുവിനെ ഉണ്ടാക്കിയതു മനുഷ്യനാണെന്നും അതു മനുഷ്യന്റെ ചോര യഥേഷ്ടം കുടിച്ചു എന്നും അങ്ങിനെ ചോര കുടിച്ചു തടിച്ചുവശായി കട്ടകം ചലിച്ചു എന്നും ഞാൻ കേട്ടിട്ടുണ്ട്. മനുഷ്യർ ലേശംപോലും ദീർഘാലോചനയില്ലാത്തവരാണ്. തങ്ങളെ കൊല്ലുന്നതിനുള്ള ഉപായങ്ങളും അവർ തന്നെ ഉണ്ടാക്കിത്തീർക്കുന്നു. അവർ ഉപയോഗിക്കുന്ന ആയുധങ്ങളും തന്നെ ഇതിന് ഉദാഹരണമാണ്. ഈ ആയുധങ്ങളുടെ മുഖ്യപ്രയോജനം മനുഷ്യവധം തന്നെയാകുന്നു. ഓരോ ദിക്കുകളിൽ അനേകായിരം മനുഷ്യർ ഒന്നിച്ചു ചേർന്ന് ഇതുക ആയുധങ്ങളും ഉപയോഗിച്ചു തങ്ങളെത്തന്നെ കൊന്നുകളയുന്നു എന്നു ഞാൻ കേട്ടിട്ടുണ്ട്. തങ്ങളുടെ നാശത്തിനു വേണ്ടി മനുഷ്യർ പലതും ഉണ്ടാക്കിട്ടുള്ള കൂട്ടത്തിൽ ഈ ജന്തുവിനെയും നിർമ്മിച്ചിട്ടുള്ളതാണ് എന്നാണ് എന്റെ അഭിപ്രായം. ഇത് എങ്ങിനെയെങ്കിലുമാവട്ടെ. നിങ്ങൾ മനുഷ്യരുടെ ചരിത്രം കേട്ടാലും. പ്രസംഗിച്ചു ഇടക്കിടക്ക് ഇങ്ങനെ ഓരോ ചോദ്യം ചെയ്തു 'രസഭംഗം' മുറിക്കുന്നതായാൽ പ്രബന്ധം ഒരിക്കലും അവസാനിക്കുന്നതല്ല. സദസ്യന്മാരുടെ ഇടയിൽ ഈ മാതിരി പ്രവൃത്തി കാണുന്നതല്ല. നാം ഇപ്പോൾ സ്വതന്ത്രന്മാരല്ലേ. എല്ലാ കാര്യങ്ങളിലും സ്വതന്ത്രന്മാരുടെ നിയമം തന്നെ അനുസരിച്ചു നടക്കുന്നതാണ് ഉത്തമം. 'മഹാജനോ യേന ഗതസ്സ പന്ഥാഃ' എന്നാണല്ലോ ഋഷീശ്വരന്മാരുടെ മതം. ഉപന്യാസകർ ഇപ്രകാരം പറഞ്ഞു പിന്നെയും പ്രബന്ധം വായിക്കുവാൻ തുടങ്ങി.

'പോർട്ടുക്യാനിസ്' എന്ന കൂട്ടരുടെ വാസസ്ഥാനമായിരുന്ന മാനട്ടാ എന്ന പേരായ ഗ്രാമത്തിലെത്തു ഞാൻ ഒരിക്കൽ വിഷയങ്ങൾപ്രാപ്തിക്കായി പോകയുണ്ടായി. അ

വിടെ മുളകൾ കൊണ്ട് ഉണ്ടാക്കപ്പെട്ടതായ ഒരു മണ്ഡപം ഞാൻ കണ്ടു. അതിന്റെ ഉള്ളിൽ അതിമനോഹരവും സുകുമാരമായ മാംസളശരീരത്തോടു കൂടിയതും ആയ ഒരു ആട്ടിൻകുട്ടി ഇരുന്നുകൊണ്ടിരിക്കുന്നതും കണ്ടു. അതിനെ കൊന്നു തിന്നേണമെന്നുള്ള ആഗ്രഹം കൊണ്ടു ഞാൻ വേഗത്തിൽ ആ മണ്ഡപത്തിന്റെ ഉള്ളിലേക്ക് കടന്നു ചെന്നു. അപ്പോൾ ആ മണ്ഡപം മനുഷ്യനിർമ്മിതമാണെന്ന് എനിക്ക് മനസ്സിലായി. മനുഷ്യർ അതിനെ 'നരികൂട്' എന്നു വിളിച്ചുവരുന്നു. ഞാൻ ആ മണ്ഡപത്തിൽ പ്രവേശിച്ച മാത്രയിൽ തന്നെ അതിന്റെ വാതിൽ തനിയെ അടഞ്ഞു. പിന്നെ കുറെ ആളുകൾ അവിടെ വന്നുകൂടി. അവരെല്ലാവർക്കും എന്നെ കണ്ടപ്പോൾ അതിയായ ആനന്ദം ഉണ്ടായി. അവർ ആഹ്ലാദസൂചകങ്ങളായ ഓരോ ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും പലപ്രകാരത്തിലും എന്നെ പ്രശംസിക്കുകയും ചെയ്തു. ചിലർ എന്റെ ആകൃതിയെ വർണ്ണിച്ചു. ചിലർ എന്റെ പല്ലുകളെ ശ്ലോകത്തിൽ വർണ്ണിച്ചു. മറ്റു ചിലർ എന്റെ നഖങ്ങളെ വർണ്ണിച്ചു. വേറെ ചിലർ എന്റെ വാലിനെ ശ്ലാഘിച്ചു. മറ്റു ചിലര് എന്റെ പേരിൽ ഏറ്റവും സന്തോഷം തോന്നീട്ട് അവർ എന്നെ ജ്യേഷ്ഠാ! എന്ന വിളിച്ചു.

ഇതിന്നു ശേഷം അവരെല്ലാവരും വളരെ ഭക്തിയോടുകൂടി മണ്ഡപത്തോടുകൂടി എന്നെ എടുത്ത് ഒരു വണ്ടിയിൽ കയറ്റി. ആ വണ്ടിയിൽ രണ്ടു നല്ല വെളുത്ത കാളകളെ പൂട്ടികെട്ടിയിരുന്നു. ആ കാളകളെ കണ്ടപ്പോൾ തന്നെ എനിക്ക് കലശലായ വിശപ്പു തോന്നി. എങ്കിലും ഈ കൂട്ടിൽ നിന്നു പുറത്തേക്ക് പോകുവാൻ ഉപായം കാണായ്കയാൽ ആ ആട്ടിൻകുട്ടിയുടെ മാംസം കൊണ്ടു തന്നെ ഞാൻ തൽക്കാലം വിശപ്പ് അടക്കി. ഇപ്രകാരം വലിയ കാളകളെ പൂട്ടിട്ടുള്ള ആ വണ്ടിയിൽ സുഖമായിരുന്ന് ആട്ടിൻകുട്ടിയുടെ മാംസം ഭക്ഷിച്ചുംകൊണ്ട് ഒരു യോഗ്യനായ വെളുത്ത മനുഷ്യന്റെ ഭവനത്തിൽ ഞാൻ എത്തിച്ചേർന്നു. അയാൾ മുഖ്യനായിരുന്ന തന്നെ ഗൗരവത്തോടുകൂടി എന്നെ എതിരേറ്റു വേണ്ടവിധത്തിൽ ബഹുമാനിച്ച് ഇരിമ്പുകമ്പികൾകൊണ്ടും കല്ലും നിർമ്മിച്ചതായ ഒരു വലിയ വിശേഷമായ സ്ഥലത്ത് എന്നെ താമസിപ്പിച്ചു. ജീവനോടുകൂടിയുള്ള ആടു മുതലായവയോ അപ്പപ്പോൾ അന്നന്ന വെട്ടീട്ടുള്ള ആടു മുതലായവയുടെ മാംസമോ ആയിരുന്നു എന്റെ ദിവസേനയുള്ള ഭക്ഷണം. നാനാദിക്കുകളിൽനിന്നും പലമാതിരിയിലുള്ളവരും പലമാതിരി ഭാഷ സംസാരിക്കുന്നവരും പലവേഷക്കാരും ആയ ജനങ്ങൾ ദിവസംപ്രതി എന്നെ കാണ്മാൻ വരികയും എന്നെ കണ്ടു കൃതകൃത്യന്മാരായി അവരെല്ലാവരും പരമാനന്ദത്തോടുകൂടി മടങ്ങിപ്പോവുകയും ചെയ്തു. ഇവർക്ക് ഏറ്റവും പ്രിയമായിട്ടുള്ളത് എന്റെ ദർശനമാണെന്ന് എനിക്കു മനസ്സിലായി. മനോഹരനിർമ്മിതമായ ആ ഗൃഹത്തിൽ തന്നെ ഞാൻ കുറെ കാലം താമസിച്ചു. ഈ നിരതിശയമായ സൗഖ്യം ഉപേക്ഷിച്ച് ഈ ദിക്കിലേക്ക് മടങ്ങിവരുവാൻ എനിക്ക് ലേശം ആഗ്രഹം ഉണ്ടായില്ല. എങ്കിലും സ്വജനവാത്സല്യം നിമിത്തം എനിക്കു ഈ ഗൃഹത്തിൽ താമസിക്കാനുള്ള ആഗ്രഹം കുറഞ്ഞുവന്നു. ജന്മഭൂമിയുടെ സ്മരണ എന്റെ മനസ്സിലുദിച്ചപ്പോൾ ഞാൻ പലപ്പോഴും ഹാ ഹാ എന്ന് ഉച്ചരിച്ചു. ഹാ! മാതാവായ ജന്മഭൂമേ! ഞാൻ ഭവതിയെ എങ്ങിനെ വിസ്മരിക്കും? എന്നുള്ള സ്മരണ ഉണ്ടായതോടുകൂടി ഞാൻ ആരു

മാംസം മുതലായത് ഉപേക്ഷിക്കാൻ നിശ്ചയമാക്കി (പഴവും തേനും മാത്രമേ ഞാൻ ഉപയോഗിക്കുന്നുള്ളൂ. മാംസം മദ്യം എന്നിവപോലും ഉപയോഗിക്കാറില്ല). എല്ലായ്പോഴുമുള്ള എന്റെ ചാലിന്റെ അടികൊണ്ട് എന്റെ മനോഗതങ്ങളെ ഞാൻ എല്ലാവരെയും അറിയിക്കും. അല്ലയോ ജനങ്ങളേ! ഞാൻ വെറുതെ കാണുന്നതുവരെ എനിക്ക് വിശപ്പില്ലെങ്കിൽ ഞാൻ ഭക്ഷിക്കയില്ല. ഉറക്കമില്ലെങ്കിൽ ഞാൻ ഉറങ്ങുകയില്ല. എന്റെ വ്യസനത്തെക്കുറിച്ച് ഇതിലധികം ഞാൻ എന്താണ് പറയേണ്ടത്? എന്റെ വയറ്റിൽ കൊള്ളുന്നേടത്തോളം മാത്രമേ എനിയ്ക്ക് ആഹാരം വേണ്ടൂ. ഇനിമേലിൽ ഞാൻ ഇപ്പോൾ കഴിക്കുന്നതിൽ പകുതി മാംസം മാത്രമേ കഴിക്കുകയുള്ളൂ. അതിൽ ഒട്ടും അധികം കഴിക്കുന്നതല്ല.[3]

പ്രസംഗവശാൽ പ്രകൃഷ്ടമായ ജനങ്ങളി സ്നേഹംകൊണ്ടു പരവശനായ ആ ബ്രഹ്മചാരിശ്രേഷ്ഠാചാര്യൻ കുറെനേരം മിണ്ടാൻവയ്യാതെ സ്തബ്ധനായിനിന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ രണ്ടിലും വെള്ളം നിറഞ്ഞതായും അതിൽനിന്നു രണ്ടു തുള്ളികൾ നിലത്തു വീണതുപോലെയും കാണപ്പെട്ടു. ചെറുപ്പക്കാരായ ചില ബ്രഹ്മചാരിമാർ കണ്ണീർ തുള്ളികൾ വീണതിന്റെ അടയാളങ്ങളെന്നും കാണുന്നില്ലെന്നു വ്യവഹരിച്ചു. മനുഷ്യരുടെ വാസസ്ഥലത്തു താമസിച്ചിരുന്ന കാലത്തു നിക്കു കിട്ടിയിരുന്ന ഏറ്റവും സ്വാദുള്ള ആഹാരങ്ങളുടെ ഓർമ്മ വന്നപ്പോൾ അയാളുടെ മുഖത്തു നല്ല മനപ്രസാദം ഉണ്ടായി. കുറെനേരംകൊണ്ട് ഉപന്യാസകൻ ധൈര്യം അവലംബിച്ച് പ്രസംഗം ചെയ്യാൻ തുടങ്ങി. 'ഞാൻ ആ സ്ഥലം വിട്ട് ഇവിടെ എത്തിയത് എങ്ങിനെ എന്നു വിവരിച്ചു പറയേണ്ട ആവശ്യം ഇപ്പോൾ ഇല്ല. എന്റെ ഗ്രഹം ദിവസംപ്രതി അടിച്ചു നേരാക്കിയിരുന്ന ഇന്ത്യൻ എന്റെ അഭിപ്രായം അറിഞ്ഞിട്ടോ അതല്ലെങ്കിൽ മറ്റുവല്ലതുകൊണ്ടോ എന്റെ ഗ്രഹം വെടിപ്പാക്കിയതിന്റെ ശേഷം അതിന്റെ വാതിൽ അടക്കാതെ പോയി. ആ അവസരത്തിൽ ഞാൻ പ്രയാസംകൂടാതെ ആ ഗ്രഹത്തിൽനിന്നു പുറത്തേക്ക് വന്ന് എന്റെ മുമ്പിൽ കണ്ട ഉദ്യാനപാലകനോടു എതിർത്തുകൊണ്ടു ഞാൻ ഈ ദിക്കിലേക്ക് പോരികയും ചെയ്തു.

ഈ വൃത്താന്തങ്ങളെല്ലാം ഞാൻ വിവരിച്ചുപറഞ്ഞതിന്റെ ഉദ്ദേശം എനിക്കു മനുഷ്യരുടെ വാസസ്ഥലങ്ങളെപ്പറ്റി നല്ല പരിചയമുണ്ടെന്നും അവരുടെ ചരിത്രങ്ങളെപ്പറ്റി എനിക്കു നല്ലപോലെ അറിവുണ്ടെന്നും നിങ്ങളെ ബോധ്യപ്പെടുത്താൻ വേണ്ടിയാണ്. അതിനാൽ ഞാൻ പറയുന്നതിനെ നിങ്ങൾ ശ്രദ്ധവെച്ചു കേൾക്കണമെന്നുള്ളതിന് എനിക്കു ലേശം സംശയമില്ല. നിങ്ങൾക്ക് എന്റെ വാക്കിൽ വിശ്വാസം ജനിക്കേണ്ടതിനു ഞാൻ കണ്ടതിനെ യഥാർത്ഥമായി വർണ്ണിക്കാം. ഇതരന്മാരായ ആധുനികഗ്രന്ഥകാരന്മാരെപ്പോലെ അടിസ്ഥാനമില്ലാത്ത ഉപന്യാസങ്ങൾ എഴുതുവാൻ ഞാൻ ശീലിച്ചിട്ടില്ല. മനുഷ്യരെ സംബന്ധിച്ച ചില കഥകളും ഞാൻ മുമ്പുതന്നെ കേട്ടിട്ടുണ്ട്. എന്നാൽ അതൊന്നും ഞാൻ വിശ്വസിക്കുന്നില്ല. കുറുങ്ങനുകളായ മനുഷ്യർ വിചിത്രങ്ങളും പർവ്വതങ്ങൾപോലെ വലുതും ആയ ഭവനങ്ങൾ ഉണ്ടാക്കുന്നു എന്നു പണ്ടൊരുത്തൻ പറഞ്ഞു കേട്ടിട്ടുണ്ട്. ഈ മാതിരി ഗ്രഹങ്ങളിൽ അവർ താമസിച്ചുവരുന്നു എന്നുള്ളതു വാസ്തവമായ സംഗതിയാണ്. എന്നാൽ ആ മാതിരി ഗ്രഹങ്ങൾ അവർ ഉണ്ടാക്കുന്നതു ഞാൻ ഒരിക്കലും കണ്ടി

ട്ടില്ല. ഞാൻ വളരെ അന്വേഷിച്ചു നോക്കീട്ടും മനുഷ്യർ തന്നെയാണ് ഈ മാതിരിയെല്ലാം ഉണ്ടാക്കീട്ടുള്ളത് എന്നതിന് ഒരു ലക്ഷ്യവും കണ്ടുകിട്ടീട്ടില്ല. ഞാൻ ആലോചിച്ചുനോക്കിയതിൽ മനുഷ്യർ താമസിക്കുന്ന എല്ലാ സ്ഥലങ്ങളും പർവ്വതങ്ങളെപ്പോലെ തന്നത്താനെ സ്വതേ ഉണ്ടായിട്ടുള്ളതാണെന്നാണ് എന്റെ അഭിപ്രായം. ബുദ്ധിശാലികളായ മനുഷ്യപൂർവ്വന്മാർ അനേകം ഗുഹകളോടുകൂടിയ പർവ്വതങ്ങളിൽ ചെന്ന് സ്വയമേവ താമസം തുടങ്ങി എന്നാണ് എനിക്കു തോന്നുന്നത്.

മനുഷ്യർ മാംസവും ഫലമൂലങ്ങളും ഭക്ഷിക്കുന്നു. വലിയ വൃക്ഷങ്ങളെ ഭക്ഷിപ്പാൻ അവർ ശക്തരാകുന്നില്ല. ചെറിയ ചെടികളെ അവർ സ്വല്പം ഭക്ഷിക്കുന്നു. മനുഷ്യർ ചെറിയ ചെടികളിലാണ് ഏറ്റവും താല്പര്യം കാണുന്നത്. പ്രയത്നപ്പെട്ടു ചെടികളെ നട്ടുണ്ടാക്കി വേലിവളച്ചു മനുഷ്യർ അവയെ രക്ഷിക്കുന്നു. ഇങ്ങിനെ വേലിവളച്ചു കെട്ടിയ സ്ഥലങ്ങൾക്കു കണ്ടങ്ങളെന്നും തോട്ടങ്ങളെന്നും പറയപ്പെടുന്നു. ഒരുവന്റെ സ്ഥലത്തു കടന്നുചെന്ന് അതിലുള്ള സാധനങ്ങളെ അന്യന് ഭക്ഷിച്ചുകൂടാ

മനുഷ്യർ ഫലമൂലാദികളെ ഭക്ഷിക്കുന്നു എന്നുള്ളതു സത്യമായ സംഗതിയാണ്. എന്നാൽ അവർ പുല്ലുതിന്നുന്നവരോ ഇല്ലയോ എന്നു തീർച്ചയായി പറവാൻ എനിക്കു സാധിക്കുന്നതല്ല. ഞാൻ ഒരിക്കലും മനുഷ്യൻ പുല്ലുതിന്നുന്നതു പ്രത്യക്ഷമായി കണ്ടിട്ടില്ല. എങ്കിലും ഈ സംഗതിയെപ്പറ്റി വളരെ കാലമായി എന്റെ മനസ്സിൽ ഒരു സംശയം കടന്നുകൂടീട്ടുണ്ട്. വെളുത്ത മനുഷ്യരിൽ എല്ലാവരും കറുത്ത മനുഷ്യരുടെ കൂട്ടത്തിൽ ധനികന്മാരും താന്താങ്ങളുടെ പുരയോട്ടങ്ങളിൽ വളരെ പ്രയത്നപ്പെട്ടു പുല്ലുകളെ നട്ടുണ്ടാക്കുന്നു. അവയെ അവർ ഭക്ഷിക്കുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. അങ്ങിനെയല്ലെങ്കിൽ അവർ എന്തിനാണ് ഇത്ര ചിലവും പ്രയത്നവും ചെയ്തു തങ്ങളുടെ തോട്ടങ്ങളിൽ പുല്ലുകൾ ഉണ്ടാക്കുന്നത്? എന്തായാലും മനുഷ്യനു ദേഷ്യം വന്നാൽ അവൻ 'ഞാൻ പുല്ലാണോ തിന്നുന്നത്' എന്നു സാധാരണ പറയാറുണ്ടെന്നു ഞാൻ ഒരു കറുത്ത മനുഷ്യന്റെ മുഖത്തുനിന്നു തന്നെ കേട്ടിട്ടുണ്ട്. താൻ എന്തു പ്രവൃത്തികൾ ചെയ്താലും അവയെ മറ്റുള്ളവരിൽനിന്നു മറച്ചുവെക്കുന്നതു മനുഷ്യന്റെ ജാതിസ്വഭാവമാണ്. കോപവശനായ മനുഷ്യൻ തന്നെത്താൻ മറന്നു പുല്ലു തിന്നുന്ന സംഗതിയെ വെളിപ്പെടുത്തുന്നത് ഓർക്കുമ്പോൾ മനുഷ്യർ പുല്ലുതിന്നുന്നവരാണെന്നു സിദ്ധാന്തിക്കേണ്ടിയിരിക്കുന്നു.

മനുഷ്യർ പശുക്കളെ പൂജിക്കുന്നു. അവർ എങ്ങിനെ എന്തിനെയാണ് സബഹുമാനം പൂജിച്ചത് എന്നു ഞാൻ മുമ്പുതന്നെ പ്രസ്താവിച്ചുവല്ലൊ. അവർ കുതിരകളെയും പൂജിക്കുന്നു. കുതിരകളുടെ താമസത്തിന്നായി അവർ ഗൃഹങ്ങൾ ഉണ്ടാക്കുന്നു. അവറ്റ നിശ്ചിതസമയങ്ങളിൽ ഭക്ഷണം കൊടുക്കുകയും അവയെ തിരുമ്മി കഴുകുകയും ചെയ്യുന്നു. കുതിരകൾ മനുഷ്യരെക്കാൾ ശ്രേഷ്ഠന്മാരായതുകൊണ്ടായിരിക്കണം മനുഷ്യർ അവയെ പൂജിക്കുന്നത് എന്നു ഞാൻ വിചാരിക്കുന്നു. ഇപ്രകാരം മനുഷ്യർ കഴുതകളെയും പൂജിക്കുന്നു. കഴുതകളെ പൂജിക്കുമ്പോൾ അവർ ഉപയോഗിക്കുന്ന മന്ത്രങ്ങൾ വേറെ ഭാഷയിലായതുകൊണ്ട് അവയെ ഞാൻ നമ്മുടെ ഭാഷയിലേക്ക് തർജ്ജിമ ചെയ്തു വേറെ ഒരു അവസരത്തിൽ നിങ്ങളെ കേൾപ്പിച്ചുകൊള്ളാം.

മനുഷ്യർ ആടു, മാടു, മുതലായ മൃഗ

ക്കാര്യ വളരെ ആദരവോടുകൂടി വളർത്തിവരുന്നു. പട്ടികളുടെ നേരെയുള്ള മനുഷ്യരുടെ നടപടി ഏററവും ആശ്ചര്യകരമായിട്ടുള്ളതാണ്. അവർ പട്ടികളുടെ പേരിൽ കടിക്കുന്നു. അതുകൊണ്ട് ഇവർ ആദ്യം പട്ടിക്കുട്ടികളായിരുന്നു എന്നു ചിലർ സിദ്ധാന്തിക്കുന്നുണ്ട്. അത്രത്തോളം പറവാൻ ഞാൻ ഒരുങ്ങുന്നില്ലെങ്കിലും മനുഷ്യരുടെയും പട്ടികളുടെയും ബുദ്ധിക്കു സാദൃശ്യം ധാരാളമുണ്ടെന്നു പറവാൻ ഞാൻ സന്നദ്ധനാണ്.

അത് എന്തിനോ എങ്കിലുമാവട്ടെ. മനുഷ്യർ ആടുകൾ മുതലായവയെ വളർത്തിവരുന്നതു അവരുടെ ഭക്ഷണസൗകര്യത്തിനുവേണ്ടി മാത്രമാണ്. ഇത് ഏററവും നല്ല ഒരു നടപടിയാണെന്നുള്ളതിനു സംശയമില്ല. അതുപോലെ കോട്ടകൾ മുതലായതു നിർമ്മിച്ചു നമ്മളും മനുഷ്യരെ രക്ഷിക്കേണ്ടതാണെന്നുള്ള വിഷയത്തെപ്പററി ഒരു പ്രസംഗം എഴുതി ഇനിയൊരവസരത്തിൽ സഭക്കൂട്ടമായി ഞാൻ നിങ്ങളെ കേൾപ്പിക്കാം.

പട്ടികൾ, കുതിരകൾ, ആടുകൾ, കഴുതകൾ, മുതലായവയെക്കുറിച്ചു ഞാൻ മുമ്പു പ്രസ്താവിച്ചുവല്ലോ. ഇപ്രകാരം തന്നെ മനുഷ്യർ ആന, ഒട്ടകം, നായ, പൂച്ച മുതലായവയെയും ചില പക്ഷികളെയും ബഹുമാനിച്ചുവരുന്നു. അതുകൊണ്ടു മനുഷ്യർ സകലമൃഗങ്ങളുടെയും മിത്രങ്ങളാണെന്നു പ്രതിപാദിക്കപ്പെടാവുന്നതാണ്. മനുഷ്യരുടെ വീടുകളിൽ ഞാൻ അനേകം കുരങ്ങന്മാരെ കണ്ടു. അവയിൽ ചിലതു വാലുള്ളവയും മററുള്ളവ വാലില്ലാത്തവയും ആകുന്നു. വാലുള്ള വാനരന്മാർ വനങ്ങളുടെ മേൽഭാഗങ്ങളിലും വൃക്ഷങ്ങളിലും ആണ് സാധാരണ കാണപ്പെടുന്നത്. അധോഭാഗങ്ങളിലും വളരെ വാനരന്മാർ താമസിക്കുന്നുണ്ട്. അവരിൽ അധികംപേരും ഉയർന്ന സ്ഥാനങ്ങളിലാണ താമസിക്കുന്നത്. ഇതിനു കാരണം അവരുടെ വംശമൂലം മാത്രമാണ് എന്നു ഞാൻ വിചാരിക്കുന്നു.

മനുഷ്യരുടെ ചരിത്രം വളരെ രസകരമായിട്ടുള്ളതാണ്. അവരുടെ വിവാഹരീതി ആശ്ചര്യകരവും കൌതുകമുള്ളതും അവരുടെ രാഷ്ട്രഭരണതന്ത്രം മനോഹരമായിട്ടുള്ളതും ആകുന്നു. ആ വിഷയങ്ങളെപ്പററി ഞാൻ കാലാന്തരത്തിൽ ഇവിടെ പ്രസ്താവിക്കാം.

പ്രസംഗം ഇത്രത്തോളമായപ്പോൾ സഭാനാഥനായ ആദിത്യോദയനന്ദ മഹാൻ വളരെ ക്രോധത്തിൽ ഒരു മാർക്കട്ടിയെ കാണുകയും അവന്റെ ഇരിപ്പിടത്തിൽനിന്നു ചാടി എഴുന്നേററു മാതിരിയെ പിന്നാലെ ഓടുകയും ചെയ്തു. ഈ മാതിരിയിലുള്ള ക്രോധം കൊണ്ടാണ് ആമിതോദരൻ സ്വാതന്ത്ര്യസ്ഥാനത്തിന് അർഹനായത്. സഭാനാഥൻ ഇപ്രകാരം ചെയ്യുന്നതു കണ്ടിട്ടു വിദ്വാനെ ന്ദ്യം ഉപന്യാസകനു വ്യസനകാരണമായിത്തീർന്നു. ഉപന്യാസകന്റെ മനോഗതം അറിഞ്ഞ ഒരു സഭ്യൻ "നിങ്ങൾ വ്യസനിക്കേണ്ട. സഭാനാഥൻ വിഷയകർത്തിനോട്ടു പോയതാണ്. മാർക്കട്ടിയുടെ മണം വന്നു." എന്നു പറഞ്ഞ് അയാളെ ആശ്വസിപ്പിച്ചു.

ഈ വാക്കുകൾ കേട്ടമാത്രയിൽ മഹാനായ എല്ലാ സഭാവാസികളും വാലുകൾ പൊക്കി വിഷയകർത്തിനായിക്കൊണ്ട് ചാടിപ്പോയി. യോഗ്യനായ ഉപന്യാസകനും സഭാവാസികളുടെ നടപടിയെത്തന്നെ അനുസരിച്ചു. ഇങ്ങിനെ സഭികളെല്ലാവരും മഹാസഭ അകാലത്തിൽ തന്നെ പിരിഞ്ഞുപോയി.

പിന്നെ അവർ എല്ലാവരും കൂടി വേണ്ടപോലെ ആലോചിച്ചു വേറെ ഒരു ദിവ

സം സമ്മേളകയും അതിൽ സമാകൃത്യങ്ങളെ ല്ലാം വിഘ്നംകൂടാതെ നിർവ്വഹിക്കപ്പെടുകയും ചെയ്തു. പ്രബന്ധത്തിന്റെ അവശിഷ്ടഭാഗം ആ സഭയിൽ ഉപന്യാസകൻ വായിച്ചു. ഇതു തന്നെ ഈ പ്രബന്ധത്തിന്റെ വിഷയമായി വെക്കുന്നതാണ്.

കെ. കണ്ണുണ്ണിനായർ ബി.ഏ; ബി.എൽ

തത്ത്വാവബോധസപ്തതി

ആനന്ദമേകിയകതാരിലെനിക്കു നാനാ
കാനനങ്ങളും, കളികാവുകളും, തടാകം
ഭീമങ്ങളോടൊലിചെയ്യുന്നൊരിയും, സൂനം
സൂനങ്ങളാർന്നതരുവാപുഷന്തപോലെ.
പ്രീണിപ്പതൊക്കയിലുള്ളപദാർത്ഥമെല്ലാ-
മെന്നുള്ളിലന്നുപുളകം തഴയ്ക്കുമാറിൽ
മിന്നാമിനുങ്ങിനൊളിയോടൊത്തൊരു കൂടി-
ത്തന്നേ വിളങ്ങിയപദങ്ങളതിൽ കൃതാർത്ഥാ.
ഇന്നിക്കിളതാനകവിനിൽക്കുമതുപോലെ
തോന്നുന്നതിന്നു മതി കാരണമെന്തുതാനോ?
ഇന്നാം മനസ്സിലില ലിവകിയ സാധനങ്ങ-
ളിന്നെങ്ങുമെന്മനമിതിൽക്കുതുകാനമില്ല.
ഞാനാളിലെന്റെ മനസ്സിനു തൃപ്തമാമാ-
താന്നോരു കാഴ്ചകളിതാ വിലസുന്നവിനാ:—
കന്നിന്നമേഘതിമനോഹരമിന്ദ്രചാപം
ചേർന്നുള്ള മേഘകലിയിങ്ങു നിരന്നിടുന്നു;
ചന്ദ്രാർദ്ധചിപ്പിചിരിച്ചു വിളങ്ങിടുന്നു;
സന്ധ്യാംബരോദുകിലൊരാതമാനാമൻ
സന്ധ്യാപദാകവെയകാറിമനോഹരന്ത
പൊന്തംകൊളുത്തിയിലസൂനശശാങ്കനിന്നും
താരാഗണം പ്രതിഫലിച്ചു വിലാസമാർന്നു.
ശ്യാമായിനംനവനമാർന്നു തെളിഞ്ഞിടുന്നു;
നീലാഭ്രമുള്ള മണിമാലകളോട്ടനേകം
നേരായ്നിരന്നു വെളിവായതുപോലെ
ആശാമുഖങ്ങളിലശേഷവുമുള്ളമാലി
ന്യംശമൊത്ത മസ്സിനാൽ കാറിവിളങ്ങിടുന്നു;
വിളങ്ങുന്നമനമലയാനിലനാൽ തപത്തിൽ.

ക്ലേശത്തിലാകെയകലെ പറന്നിടുന്നു;
ഈവണ്ണമായ് സകലതും പതിവിൻപടിക്ക
യേവന്നുമെത്തിയെനിക്കു മനമതൊന്നിൽ
ചോദ്യം നവിട്ടുവഴിലൊന്നിലുമില്ല ജീവ-
നാവശ്യമായ് വിചാരമതിനൊത്ത സത്യ
ഗാനങ്ങളും ഗഗനമൺകളിൽ കിടന്നു-
മാനാടൊടുകൂടി ചെയ്യുന്നതൊന്നിതെല്ലോ;
മാനം മതിപ്പു കലയായതു തെളിച്ചതാലു-
ള്ളാനന്ദമോടു പലനാൾ തനിക്കുകാട്ടിടുന്നു-
ള്ളിന്നതിലതത്രമാത്രമെനിക്കു മാത്ര-
മെത്തിങ്ങു സമ്പികാത്ത സൗന്ദര്യത്തിൽ
തത്തകനസ്സിലുള്ള വരകിയ ബോധമാർന്ന
മത്താപമാകവെയകന്നുമനം തെളിഞ്ഞു.
ഉദകാന്തരീക്ഷണമനോവുകണങ്ങളിന്നു
ള്ളകായിവീഴുമരിയിളവമരാംബുജാ
വിക്കുന്നവന്നമലകളിൽ പ്രതിനാദമോടു
വക്കാനമോടുസ്വരമതിനിൽമുഴങ്ങിടുന്നു;
കന്നാലികൾ ചെറിയതായ്ത്തിരചേർന്നകന്നിൽ
കന്നിച്ചൊരോരാലിചെവികളുയർത്തിടുന്നു;
പൊന്നിൻനിറംകലരുമക്കതിർ കൊണ്ടുകൊ
ടെത്തുന്നവൃന്ദനമകത്തുകളിൽകിടന്നു(ത്ത-
ളല്ലാസമോടു മഴവർപ്പുന്ന പാടുന്ന പാടങ്ങ-
ളെല്ലാം വസന്തസമയത്തിലെ ചേർന്നവണ്ണം;
ഇല്ലാതൊരാകൃതിമമില്ല പരാധീനനായ് ഞാൻ
(൧൪
കില്ലാതിവാരയുടെ ദുഃഖസ്വരഘോഷമിട്ടു
(൧൫

സുന്ദരി

കാര്യം കോൺപ്പന്നിയും ജോലിയും കാറുവേലിയും തിട്ടകളും തീയതിയും എല്ലാം കൂടിയ തിരക്കിന്നിടയിൽ അത്യക്കൂടക്കാരോട് ചെറ തിവണയും വഴക്കടിച്ച 'കേരളകോലാഹലം' മാസികയുടെ ധാരാളം ലേഖനം പ്രസിദ്ധപ്പെടുത്തി. പകതിക്കു താമസിനായ പത്രാധിപർ മാസിക വരിക്കാർക്കയപ്പാൻ ശട്ടംചെയ്തുകൊണ്ടിരിക്കുമ്പോൾ ഡാക്ടർ ശിവരാമ ഇംഗ്ലീഷ് മട്ടിൽ ധരിച്ച ചുരുട്ടും വലിച്ചുകൊണ്ട് പത്രാധിപരുടെ അടുത്തു വന്ന് 'ആനന്ദപുരത്തേക്കുണ്ടോ' എന്ന ചോദിച്ചു. ശിവരാമ ചെറുപ്പം മുതൽക്കെ പത്രാധിപരുടെ സ്നേഹിതനാണ്. ഇവർ ഇരുവരും ഒന്നിച്ച താമസിച്ച് ഒരേ ക്ലാസ്സിൽ പഠിച്ചു വളർന്നവരാണ്. എപ്പോഴും സഹചാരികളായ ഇവരെ മാസ്റ്റർ [illegible] എന്നാണ് പറഞ്ഞുവന്നിരുന്നത്. എഫ്. ഏ. ജയിച്ച ശേഷം പട്ടണത്തേക്കു പോയപ്പോഴും ഇവർ ഒന്നിച്ചുതന്നെയാണ്. അവിടെ ചെന്നുകൂടിയതു മുതൽ ഇവരുടെ സ്വഭാവത്തിനു ചില വ്യത്യാസങ്ങൾ കണ്ടുതുടങ്ങി. ശിവരാമ എല്ലാ നടവടികളിലും യൂറോപ്യന്മാരുടെ സമ്പ്രദായം സ്വീകരിച്ചു പോന്നു. പത്രാധിപർ അത്യന്തം മാതൃഭാഷയായ മലയാളത്തെത്തന്നെ ആശ്രയിച്ചും വന്നു. എല്ലായ്പ്പോഴും മലയാളം തന്നെ വായിച്ചുകൊണ്ടും എഴുതിക്കൊണ്ടും ഇരിക്കുന്നതിനെപ്പറ്റി ശിവരാമ പരിഹസിക്കാറുണ്ട്. യൂറോപ്യവേഷം കെട്ടുന്നതിനെപ്പറ്റി പത്രാധിപർ അദ്ദേഹത്തെ ശകാരിക്കാതെ വിടാറില്ല. അധികം താമസിക്കാതെ ശിവരാമ ഇംഗ്ലണ്ടിൽ പോയി ആംഗലേയാചാരത്തെ പൂർണ്ണമായി സ്വീകരിച്ചു ഡാക്ടറായി മടങ്ങിവന്നു. അതുമുതൽ പത്രാധിപരും ഡാക്ടരും മുമ്പിലത്തെപ്പോലെ യോജിപ്പായിരുന്നില്ല. എങ്കിലും ഇവരുടെ നടവടിയിൽ യാതൊരു വ്യത്യാസവും കാണിക്കാറില്ല. 'ആനന്ദപുരത്തേക്കുണ്ടോ' എന്ന സ്നേഹിതൻ ചോദിച്ചപ്പോൾ താൻ എന്നാണ പോകുന്നത് എന്ന പത്രാധിപർ ചോദിച്ചു.

ഡാക്ടർ—'ഇന്ന തന്നെ.'

പത്രാ—'വിഡ്ഢി! നേരം ഇല്ലല്ലോ.'

ശിവരാമ വാച്ചെടുത്തു നോക്കി ചുരുട്ടു പല്ലുകളുടെ ഇടയിൽ ഇറുക്കിക്കൊണ്ട് 'ഇപ്പോൾ ഒരു മണിയായ ആയിട്ടുള്ളൂ. വണ്ടി നാലു മണിക്കാണ് പുറപ്പെടുന്നത്. ഇനിയും മൂന്ന മണിക്കൂറ് അതായത് ൧൮൦ മിനുട്ട് ഉണ്ടല്ലോ.'

പത്രാ—എടോ! താൻ ഒരാളായിപ്പോയി. താൻ ഒരു കറുത്ത സായ്പ്പ്. അതെന്നപ്പോലെ വേഗത്തിൽ ജോലികൾ ഒക്കെയും എന്തൊക്കൊണ്ടു സാധിച്ചുകോ? എനിക്ക് കളിയും ഭക്ഷണവും കഴിയുമ്പോൾ പന്ത്രണ്ടു മണിയാവും. പിന്നെ കച്ച വിശ്രമി—

ഡാക്ടർ—നോൺസെൻസ്. ആ ഉപായങ്ങളൊന്നും ഞാൻ കേൾക്കില്ല.

പത്രാ—താൻ ആനന്ദപുരത്തേക്കു പോകന്നുണ്ടെങ്കിൽ ആറു ദിവസം മുമ്പ് എന്നോടു പറയായിരുന്നില്ലേ?

ഡാക്ടർ—ഇന്ന കാലത്താണ് പെണ്ണവർകളുടെ ഒന്നാകത്തു കിട്ടിയത്.

പത്രാ—'എന്ത് പെണ്ണുങ്ങൾ കല്യാണത്തോടു കൂടി ആനന്ദപുരത്ത് എത്തിട്ടുണ്ടോ?' എന്ന് ആശ്ചര്യത്തോടെ ചോദിച്ചു. 'നി

മെന്താണ്?' എന്നു പറഞ്ഞു ശിവറാം ഒരു ദീർഘശ്വാസം ചെയ്തു. മാതർപ്പിള്ള പെട്ടെന്ന് സന്തോഷിതയായിട്ടു അതിശയിപ്പിക്കത്തക്ക പഠിപ്പുള്ള സുന്ദരി എന്ന പേരായ ഒരു മകളുണ്ട്'. ഡാക്ടർ അവരുടെ മോഹനവലയിൽ പെട്ടിട്ടുണ്ടെന്ന എന്ന ഗൂഢവർത്തമാനം പത്രാധിപർക്കു പലർക്കും അറിയാം.

'എന്ത്! കഷ്ടം! നാലു മണിവരെ നാം ഇങ്ങിനെ കാത്തിരിക്കണോ? അതിനു മുമ്പു പുറപ്പെടുന്ന വണ്ടി ഒന്നും ഇല്ല, അല്ലേ?' എന്നു പത്രാധിപർ ചോദിച്ചപ്പോൾ ഡാക്ടർ ശിവറാം നാടകത്തിലെ വേഷക്കാരെപ്പോലെ ഒരു ദീർഘശ്വാസം വിട്ടുകൊണ്ട് 'ഇല്ല' എന്നു പറഞ്ഞു. പത്രാധിപർ ഇതുവരെ ഒരു സ്ത്രീയെയും മോഹിച്ചിട്ടില്ലെങ്കിലും ആ വിഷയത്തിൽ കുറച്ചു പരിചയം ഉള്ള ആളാണ്. നാലുമണിവരെയെന്നു സ്നേഹിതനോടു പറയുന്നതു പുലിയോടു മാംസം കണ്ണാൽ നിൽക്കണമെന്നു പറയുന്നതിനോടു തുല്യമാണെന്നു മനസ്സിലാക്കിയിരുന്നതിനാൽ അനന്തരം പുറപ്പെടുവാൻ സമ്മതിച്ചു. തങ്ങൾക്കു വേണ്ടുന്ന സാമാനങ്ങളെല്ലാം വേഗത്തിൽ കെട്ടി നാലുമണിവണ്ടിക്കു പുറപ്പെടുകയും ചെയ്തു.

പിറ്റേന്നാൾ കാലത്ത് എട്ടു മണിക്കു വണ്ടി തിരുവനന്തപുരം സ്റ്റേഷനിലെത്തിയപ്പോൾ പെട്ടിക്കാരൻമാർ ആർത്തിയോടും ഒച്ചയോടും കൂടി പ്ലാറ്റ്ഫാറത്തിൽ നിൽക്കുന്നുണ്ടായിരുന്നു. മലയാളസ്ത്രീകൾ സ്റ്റാക്കിംഗ്സും ബൂട്ട്സും ധരിച്ച് ഇങ്ങിനെ ഉത്സുകരായി പുരുഷന്മാരെപ്പോലെ നിൽക്കുന്നതു കണ്ടപ്പോൾ—വിശേഷിച്ചും സ്നേഹിതന്റെ ഭാര്യയും മകളുടെ മാതാവും ആകുവാൻ പോകുന്നവരെ ഈ മാതിരി കണ്ടപ്പോൾ പത്രാധിപർക്ക് അദ്ദേഹം വിചാരിക്കാത്തത്തോളം ഒരു വ്യസനമുണ്ടായി. സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹം വളരെ താല്പര്യമുള്ള ആളായിരുന്നെങ്കിലും സ്ത്രീകളുടെ ചട്ടവട്ടങ്ങളെ ഉപേക്ഷിച്ച് ഇങ്ങിനെ നടക്കുന്നത് അദ്ദേഹത്തിന് ഒട്ടും സമ്മതമല്ല. ഈ വിഷയത്തെപ്പറ്റി കുറച്ചു ദിവസം മുമ്പു 'കോലാഹല'ത്തിൽ ഒരു ഉപന്യാസം തന്നെ അദ്ദേഹം പ്രസിദ്ധപ്പെടുത്തിട്ടുണ്ടായിരുന്നു. ഇനിയും അതേ വിഷയത്തെപ്പറ്റി എഴുതണമെന്ന് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് മേൽപ്പറഞ്ഞ കാഴ്ച കണ്ടത്. വണ്ടിയിൽനിന്ന് ഇറങ്ങിയ ഉടൻ തന്നെ ഡാക്ടർ ശിവറാം പത്രാധിപരെ തന്റെ സ്നേഹിതന്മാരുടെ അടുക്കൽ കൊണ്ടുപോയി പരിചയമാക്കി. അവിടെയുള്ള സ്ത്രീകളോട് അദ്ദേഹം അതുവരെ സംസാരിച്ചു പരിചയിക്കാത്തതുകൊണ്ട് ആ നിലയിൽ ഇന്ന വിധമാണ് പെരുമാറേണ്ടതെന്നറിയാത്തതിനാൽ ഡോക്ടറുടെ അടുക്കൽ ഉണ്ടായിരുന്ന ചില പെൺകുട്ടികളുടെ കൂട്ടത്തിൽ പത്രാധിപർ ഒരു പാവയെപോലെ നിന്നതേയുള്ളൂ. സുന്ദരി ആ പത്രാധിപരുടെ അടുക്കൽ ചെന്നു പുഞ്ചിരിയോടുകൂടി 'നമസ്കാരം! നിങ്ങളുടെ മാസിക ഞാൻ ശരിയായി വായിക്കാറുണ്ട്' എന്നു പറഞ്ഞു. പിന്നെ എന്തോ പറയാൻ ഭാവിക്കുന്നതുപോലെ തോന്നി. അപ്പോഴേക്കും സുന്ദരിയുടെ മാതാ 'കോലാഹല'ത്തിന്റെ ഈ വരവിലെ ലക്കം എപ്പോൾ പുറത്താവും എന്നു ചോദിച്ചു.

പത്രാധിപർ— ഇന്നലെ പുറത്തായി.

കല്യാണിയമ്മ— സുന്ദരീ! നിനക്കു മാസിക കിട്ടിയോ?

സുന്ദരി— ഇനിയും വന്നിട്ടില്ല.

പത്രാധി— പുറത്തായത് ഇന്നലെയാണല്ലോ. നിങ്ങൾക്കു കിട്ടാറായിട്ടില്ല. എ

ല്ലാം കഴിച്ച് ഒരുദിവസം തയ്യാറാൻ സാധിക്കയില്ലല്ലോ.

സൂരി—എനിക്കുള്ള മാസിക മാത്രമല്ലർ പോയി മടങ്ങിവരണം. നമ്മുടെ വക്കീൽ ഒരു പ്രസിദ്ധം ഇല്ലേ? സൂരിയുടെ കോലാഹലത്തിലുള്ള ശ്രദ്ധ കണ്ടപ്പോൾ പണിക്കരുടെ പത്രാധിപത്യത്തിനോടു സന്തോഷം ഉണ്ടായില്ലെന്നില്ല. അദ്ദേഹം ഉടനെ 'എന്റെ പക്കൽ പ്രതി കവിളുണ്ട്, നാളെ നിങ്ങൾക്ക് ഒന്ന് അയച്ചുതരാം.'

സൂരി— അതിനുവേണ്ടി നിങ്ങൾ ബുദ്ധിമുട്ടണ്ട. സൌകര്യംപോലെ അയച്ചാൽ മതി.

കല്യാണിയമ്മ— നാരായണപ്പണിക്കർ നിങ്ങൾ ശ്രമപ്പെട്ട് വൈകുന്നേരം അത്താഴം കഴിച്ച് കാപ്പികുടിപ്പാൻ വരണം, മറക്കാതെ വരില്ലേ? എന്നു പറഞ്ഞു. അവർ പരിഷ്കാരസമ്പ്രദായത്തിൽ പത്രാധിപരോട് യാത്ര പറഞ്ഞുപോകയും ചെയ്തു.

'പരിഷ്കൃതന്മാരാണ് വലുത്. അതുകൊണ്ടല്ലേ നമ്മുടെ സ്ത്രീകൾ കൂസൽ ഇല്ലാതെ പരപുരുഷന്മാരോടു സംസാരിക്കുന്നത്.' എന്നു വിചാരിച്ചുകൊണ്ടു പണിക്കർ തനിക്ക് താമസിപ്പാൻ ഏർപ്പെടുത്തിയിരുന്ന മഠത്തിലേക്കു പോയി. സ്നാനഭോജനാദികൾ കഴിച്ചു വഴിയാത്രകൊണ്ടുണ്ടായിരുന്ന ക്ഷീണം നിമിത്തം കുറച്ചുനേരം കിടന്നു. പിന്നെ ഒന്നരമണിക്കൂറോളം പലവിധം ആലോചനകൾ തുടങ്ങി. ഈ വൃദ്ധന്മാർക്കും കടവിൽ എന്തു പരിഷ്കാരം വരുവാൻ പോകുന്നത് ആവോ! എന്താണ് തുടങ്ങിയത്? എന്നാലും അധികം ആലോചിക്കുന്തോറും കാണുന്നത് കൂട്ടിക്കുഴയ്ക്കുകയാണുണ്ടായത്. ഒരു കഴി

ന്നത് എന്തിനെന്നറിയാതെ കുഴങ്ങി. ഈ സംഗതിയും ഇതിനു പിന്നിലും ആലോചിച്ചു നോക്കി. സ്ത്രീപുരുഷന്മാർ വ്യത്യാസമില്ലാതെ പരിചയിക്കുന്നതുകൊണ്ട് ദോഷങ്ങളും ഉണ്ടാവാനിടയുണ്ടെന്ന പത്രാധിപർക്കു തോന്നി. കാപ്പിക്കു പോകേണ്ട കാര്യം തന്നെ സംശയത്തിലായി. ഇനി പോവാതിരിക്കുന്നതു മര്യാദയല്ല. എന്നാൽ ഇവിടെ ഈ വക സംഗതികളിൽ പ്രത്യേകിച്ചും ശ്രദ്ധിക്കണമെന്നും നിശ്ചയിച്ചു. അദ്ദേഹം ചെല്ലുന്ന ദിക്കിൽ നാഗരികതയുള്ള സ്ത്രീകളുമായുള്ള വസ്ത്രാലങ്കാരങ്ങളിൽ ചില വ്യത്യാസങ്ങൾ വരുത്തിട്ടാണ് പുറപ്പെട്ടത്. അതിനാൽ പുതിയ പരിഷ്കാരം പോലെ പരിചയമുള്ളതുകൊണ്ടു വഴികളെല്ലാം നല്ലവണ്ണം അറിയാമായിരുന്നു. നാലുമണിക്ക് പാലു കുടിച്ചതിനുശേഷം ഡോക്ടറുടെ വീട്ടിലെത്തി. കാണിച്ചിരുന്ന സമയം നാലുമണിക്കായിരുന്നു. ഇവർ ഇംഗ്ലീഷുകാരെ പോലെയാണുകൊണ്ടു നിശ്ചിതസമയത്തിനു മുമ്പു ചെന്നാൽ താൻ പരിഷ്കാരമില്ലാത്ത നാട്ടുപുറക്കാരനാണെന്നു വിചാരിക്കുമെന്നു സംശയിച്ചുകൊണ്ടു കുറച്ചുനേരം പുറത്തു താമസിച്ചു. നാലടിച്ചപ്പോൾ താൻ കാലപരിഷ്കാരപ്രകാരം തന്റെ പേർ അച്ചടിച്ച ഒരു കടലാസ്സുതുണ്ട് അകത്തേക്കു കൊടുത്തയച്ചു. ഉടനെ എല്ലാവരും പണിക്കരെ സന്തോഷത്തോടു കൂടി അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. അപ്പോൾ സൂരിയുടെ വേഷത്തിൽ കണ്ട തിനധികം സുന്ദരിയായിട്ടാണ് പണിക്കർക്കു തോന്നിയത്. ...

ന്നും തന്നെ അവരെ ധരിപ്പിച്ചിരുന്നത്. കാതിൽ കമ്മലിട്ട് കറുത്ത തലമുടി വാർന്നുകെട്ടി വില്ലുകമ്മലയും ചാർത്തിയിരുന്നു. സുന്ദരി ലാവണ്യംകൊണ്ടു തന്റെ വിദ്യയെക്കൂടി തോല്പിക്കുന്ന സുന്ദരി തന്നെ. ആദ്യം ഒരു മുറ്റത്തിൽ ഭ്രാന്തിതൻ ഡാക്ടരെ കണ്ടില്ല. അയാളെ തനിച്ചു കണ്ടാൽ അയാളുടെ കാര്യത്തെപ്പറ്റി മനഃപൂർവമായി സംസാരിക്കാമായിരുന്നു എന്നു പണിക്കർ വിചാരിച്ചു. അപ്പോഴേക്കും അദ്ദേഹവും വന്നുചേർന്നു. കാപ്പികുടിച്ച് എല്ലാവരും കൂടി കുറച്ചു സംസാരിച്ചുകൊണ്ടിരുന്നതിനുശേഷം മടങ്ങാനുള്ള പുറപ്പാടായി. പത്രാധിപർ അവരോടു യാത്ര പറഞ്ഞു. അപ്പോൾ കല്യാണിയമ്മ 'നാളെയും നിങ്ങൾ കാപ്പിക്ക് ഇങ്ങോട്ടു വന്നാൽ നമുക്കൊന്നിച്ചു നടക്കാൻ പോവാം' എന്നു പറഞ്ഞു. ഈ ക്ഷണം സ്വീകരിക്കാതിരിപ്പാൻ ഇടയുണ്ട് എന്നു പണിക്കർക്കു തോന്നി. അതിനുള്ള കാരണം അവരോടു പറയണമോ? 'നിങ്ങൾ വന്നാൽ' എന്നല്ലേ പറഞ്ഞുള്ളൂ. അതെന്താ ക്ഷണമാകയാൽ ഇതിനെ മനസ്സിൽ തന്നെ താൻ വെച്ചുകൊണ്ട് ഉത്തരവും പറയാതെ പണിക്കർ നിൽക്കുമ്പോൾ! മറ്റുള്ളവർ മാത്രം 'പോയിവരട്ടെ' എന്നു വന്ദനം പറഞ്ഞു പോയി.

പിറ്റേന്നാൾ കാലത്തു പത്തുമണിക്ക് ഡാക്ടർ ശിവരാമ പത്രാധിപരുടെ മഠത്തിൽ ചെന്നു.

പണിക്കർ— സുന്ദരിയെ വിട്ട് താൻ എന്തിനായിട്ടാണ് ഇങ്ങോട്ടു പോന്നത്?

ശിവരാമ— നിങ്ങൾ അവൾക്കൊരു മാസിക കൊടുത്തില്ലേ? അതിന്റെ പേര് എന്താണ്. കലാവാർത്താവലിയോ? അല്ല കേരളകലാവാർത്താവലിയോ എന്നോ? അവളതിൽ മുഴുകിയിരിക്കുന്നു. എനിക്കതിൽ മാത്രം രസമില്ലാത്തതുകൊണ്ടു പോന്നതാണ്.

ഇതു കേട്ടപ്പോൾ പത്രാധിപർക്ക് അതിയായ സന്തോഷമുണ്ടായി. സുന്ദരിക്ക് വായിപ്പിൽ അത്ര ശ്രദ്ധയുണ്ടോ? അവൾ എന്തെങ്കിലും എഴുതിയാൽ അതു തന്റെ മാസികയിൽ പ്രസിദ്ധപ്പെടുത്തണം എന്നും ആലോചിച്ചു. ഈ വിചാരം പണിക്കരുടെ മനസ്സിൽ വീണ്ടും ഒരു ഉണർച്ചയുണ്ടാക്കിത്തീർത്തു.

ഡാക്ടർ— ഞാൻ പോണു. കാപ്പിക്കു വരില്ലേ?

പണിക്കർ— കാപ്പിക്കോ? ഇല്ല. പോവാൻ അവർ കൂടെ ഒട്ടും എന്നെ ക്ഷണിച്ചിട്ടില്ല.

ഡാക്ടർ— അവൾതന്നെയാണ് ക്ഷണിച്ചത്. ഞാൻ അടുക്കെ ഉണ്ടായിരുന്നുവല്ലോ.

പണി— അതെങ്ങിനെയാണ്? 'നിങ്ങൾ വന്നാൽ' എന്നല്ലേ പറഞ്ഞുള്ളൂ?

ഡാക്ടർ— അതെ അതുതന്നെയാണ് ക്ഷണം. നിങ്ങളെ ക്ഷണിക്കുന്നതെങ്കിൽ ശാസ്ത്രപ്രകാരം അഷ്ടമംഗല്യവും കൊണ്ടു നിങ്ങൾ ഇരിക്കുന്ന സ്ഥലത്തേക്ക് വരണമോ? പഴയ കമ്പിളിതന്നെ.

പണി— താനെങ്ങിനെയായാലും പറയണ്ട. എനിക്ക് ഇന്ന് അങ്ങോട്ടും ഇങ്ങോട്ടും കൂടി നടക്കാൻ വയ്യ. ഞാൻ ചെന്നില്ലെങ്കിൽ വലിയ മര്യാദകേടാണെന്നു വിചാരിക്കുമോ? നിങ്ങളുടെ ഇംഗ്ലീഷ് സമ്പ്രദായമൊന്നും എനിക്കറിഞ്ഞുകൂട.

ഡാക്ടർ— ചോദിപ്പാനുണ്ടോ? വളരെ മര്യാദകേടുതന്നെ.

ഇതു കേട്ടപ്പോൾ പണിക്കർ തന്റെ നേരത്തെയുള്ള ക്ഷീണം ഒക്കെ മറന്നു. ഞാൻ

അപ്പോഴത്തന്നെ പേപ്പറുകാരുടെ മാസ്റ്ററോട് 'എനിക്കിന്ന ജോലിത്തിരക്കുള്ളതുകൊണ്ടു വരാൻ സാധിക്കില്ലെന്ന' പറഞ്ഞിരുന്നെങ്കിൽ ഇപ്പോഴും ഈ ഉപദ്രവമുണ്ടായിരുന്നില്ല.

ഡാക്ടർ—ഓ. അത്ര കലശലായ മട്ടൊന്നുമില്ല. 'അതിനെപ്പറ്റി എന്താ ഇത്ര വിചാരം. പിന്നെ കാണുമ്പോൾ അപ്പോൾ പറഞ്ഞാൽ മതി. എന്നാൽ നിങ്ങൾക്കെന്താ വരാൻ പ്രയാസം. വരു. നിങ്ങൾ നല്ല ആളാണ്.' എന്നു ചിരിച്ചുംകൊണ്ടു പറഞ്ഞു.

പണിക്കർ പോവാൻ മടിക്കുന്നതിനുള്ള ശരിയായ കാരണം ഡാക്ടരോടു പറവാൻ വയ്യാത്തതുകൊണ്ടു 'കുറച്ചു ഗൗരവമായ ജോലിയുണ്ട്' എന്നു പറഞ്ഞു.

ഡാക്ടർ—'ആ ജോലി നാളെയാവാം. ഇന്നു വരാതെ കഴികയില്ല. എങ്ങിനെയെങ്കിലും വരാൻ നോക്കണം.' എന്നു പറഞ്ഞു പോയി.

താൻ എന്തെങ്കിലും പറഞ്ഞോട്ടെ. ഞാൻ വരില്ല എന്നു പറഞ്ഞു പത്രാധിപർ ഇരുന്നു. എന്നാൽ കുറെ കഴിഞ്ഞപ്പോൾ അവിടെ തനിച്ചിരുന്നു മുഷിഞ്ഞു. പിന്നെ 'കോലാഹല'ത്തിന്റെ ആ ലക്കത്തെപ്പറ്റി സുന്ദരിയുടെ അഭിപ്രായം എന്തെന്നറിവാൻ ആഗ്രഹവും ഉണ്ടായിരുന്നു. മുഖ്യമായി 'ഉത്തമസ്ത്രീധർമ്മം' എന്ന വിഷയത്തെപ്പറ്റി അവൾ എന്തു വിചാരിക്കുന്നു എന്നും ആ ഉപന്യാസം വായിച്ചതിനു ശേഷം അവളുടെ വിചാരം എങ്ങിനെയായിരിക്കുമെന്നും അറിയണമെന്ന് ആഗ്രഹമുണ്ടായിരുന്നതുകൊണ്ടു പത്രാധിപർ ഡാക്ടരുടെ വീട്ടിലേക്കു പോവാൻ തീർച്ചയാക്കി. അദ്ദേഹം അവിടെ ചെന്നപ്പോൾ ഡ്രായിങ്ങ്റൂമിൽ ആരും ഉണ്ടായിരുന്നില്ല. കുറച്ചു കഴിഞ്ഞപ്പോൾ സുന്ദരി അവിടേക്കു കടന്നു ചെന്നു. പണിക്കരോടു കുശലപ്രശ്നം ചെയ്തിട്ടു 'നിങ്ങളെ കണ്ടു വളരെ സന്തോഷം. നിങ്ങൾ വരില്ലെന്നാണ് വിചാരിച്ചിരുന്നത്. അച്ഛനും അമ്മയും ഒരു തോട്ടം നോക്കുവാൻ പോയിരിക്കയാണ്. നിങ്ങൾ വരില്ലെന്നും നിങ്ങൾക്കു വളരെ ജോലിയുണ്ടെന്നും ഡാക്ടർ ശിവരാമൻ പറഞ്ഞു. പുതിയ ഉപന്യാസം വല്ലതും എഴുതിയിരിക്കും അല്ലേ?'

പണി—അതെ. ഇല്ലെന്നു ഞാൻ വിചാരിച്ചു- ജോലി ഉണ്ടായിരുന്നതുകൊണ്ട്—

സുന്ദ—ശരി. മനസ്സിലായി. ഞാൻ നിങ്ങളോടൊന്നു ചോദിക്കട്ടെ. 'കോലാഹല'ത്തിനു വേണ്ടി നിങ്ങൾ ഒരു ദിവസം എത്ര സമയം ചിലവാക്കാറുണ്ട്?

പണി—എന്റെ ഒഴിവുസമയവും ചിലവാക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്നതു തന്നെ അതിനുവേണ്ടീട്ടാണ്.

സുന്ദ—അതല്ലേ സംഗതി. അതുപോലെ ഞാനും രാവും പകലും ലേഖനമെഴുതുന്നതിൽ ചിലവാക്കിയാലോ എന്നാലോചിക്കുന്നു. എന്നാൽ നിങ്ങളോടുകൂടിയൊ പറയുന്നതു സാഹസമല്ലേ?

പണി—എന്താ?

സുന്ദ—നിങ്ങൾ എഴുതിയുള്ള 'ഉത്തമസ്ത്രീധർമ്മം' എന്ന ഉപന്യാസത്തിൽ ഗൃഹഭരണം നടത്തുന്നതു സ്ത്രീകളുടെ പ്രധാന കടമയാണെന്നും ഗൃഹത്തിലുള്ള ബന്ധുക്കളോടു ചേർന്നു സ്വാതന്ത്ര്യം നോക്കാതെ മിത്രന്മാർ, രോഗികൾ മുതലായവരെ സഹായിക്കുന്നതും സ്ത്രീകളുടെ ഉത്തമകൃത്യമാണെന്നും നിങ്ങൾ അഭിപ്രായപ്പെട്ടതുപോലെ തോന്നുന്നു.

പണി—നിങ്ങൾ ആ ഉപന്യാസം മുഴുവൻ വായിച്ചു അല്ലേ?

സുന്ദ—ഉപേക്ഷാപൂർവ്വമായി ആ ലേഖനം മു

വൻ വായിച്ചു. ഇന്നലെ രാത്രി ഞാനു വായിച്ചുകൊണ്ടിരുന്നു ഉറങ്ങിപ്പോയി. ഞാൻ ഉണർന്നപ്പോൾ മെഴുതിരി കത്തി അവസാനിക്കുന്നതിനു മുമ്പു പടർന്നു കത്തുന്നതു കണ്ടു ഭയപ്പെട്ടുപോയി.

പണി—എന്നിട്ടു തീപ്പിടിച്ചില്ലല്ലൊ?

സുന്ദ—അപ്പോൾ കട്ടിലിനു തീപ്പിടിച്ചു ഞാൻ മരിച്ചുപോയിരുന്നുവെങ്കിൽ പല വർത്തമാനപത്രങ്ങളിലും പ്രസിദ്ധമാവുന്ന എന്റെ മരണവർത്തമാനം നിങ്ങളുടെ 'കോലാഹല'ത്തിനു ഒരു നല്ല പദാർത്ഥമായി ഉപകരിക്കുമായിരുന്നു.

ആദ്യം ഇതിനു തക്കതായ മറുപടിയൊന്നും പണിക്കർക്കു തോന്നിയില്ല. ആലും ആലോചിച്ചപ്പോൾ ഒരു ഉപായം തോന്നി. അവൾ പ്രസ്താവിച്ച മെഴുതിരിയിലെ തീപോലെ സൌകര്യവും അതിന്റെ പ്രകാശംപോലെ ശോഭയുമുള്ളവളാണ് അവളെന്നു പറവാൻ വിചാരിച്ചു. പക്ഷേ അവളുടനെ ഒരു ചിരിച്ച് 'മലയാളപത്രങ്ങളിൽ നിങ്ങൾക്ക് അത്ര പ്രതിപത്തിയുണ്ടെങ്കിൽ ഒന്നും എഴുതാത്തതെന്താണ്?' എന്നു ചോദിക്കുകയാണുണ്ടായത്.

സുന്ദ—ഞാൻ എഴുതിയാൽ ആർ വായിക്കും. ആദ്യം തന്നെ അത് അച്ചടിക്കുന്നതാരാണ്?

സുന്ദരി ഗ്രന്ഥകാരി എഴുതിയിരുന്നുവോ എന്നു പണിക്കർക്കു സംശയമുണ്ടായിരുന്നു. എന്നാൽ അതു നേരിട്ടു ചോദിക്കുവാൻ ധൈര്യമുണ്ടായിരുന്നില്ല. പിന്നെ ഇയ്യിടെ സംഖ്യാനാം മാസികകളിൽ പ്രസിദ്ധപ്പെടുത്തുന്ന ചെറുകഥകളെപ്പറ്റിയായിരുന്നു.

പണിക്കർ— നിശ്ചയപ്രകാരം എല്ലാമാസങ്ങളിലും മാസം തോറും കഥകൾ പ്രസിദ്ധപ്പെടുത്തേണ്ടതിനു നല്ല കഥകൾ കിട്ടുന്നത് ദുർല്ലഭമാകയാൽ പത്രാധിപന്മാർ വളരെ കഷ്ടപ്പാടിലാകാറുണ്ട്.

സുന്ദ— എന്റെ ഒരു സ്നേഹിതൻ കഥകൾ എഴുതാറുണ്ട്. അദ്ദേഹം എഴുതിയ ഈ കഥകളിൽ ഒന്ന് ഇപ്പോൾ എന്റെ കൈവശമുണ്ട്. അതു വേണമെങ്കിൽ തരാം.

ഇങ്ങിനെയുള്ള ആപത്തു വരുമെന്നു പത്രാധിപർ മുമ്പ് അറിഞ്ഞിരുന്നുവെങ്കിൽ കഥകളുടെ പ്രസ്താവംകൂടി ഉണ്ടാവില്ലായിരുന്നു. 'പത്രാധിപന്മാരും തിരിച്ചു കൊണ്ടുവരുമ്പോൾ ഗ്രന്ഥകർത്താക്കന്മാരെഴുതുന്ന പല ചെറുകഥകളും എനിക്കു വായിക്കേണ്ടിവരാറുണ്ട്. ഇപ്പോൾ ഒരു മാസത്തെ അവധിയെടുത്തിട്ടല്ലേ ഞാൻ ആനന്ദത്തെ സമ്പാദിക്കുന്നത്. ഇപ്പോഴും ഈ ഉപദ്രവം തന്നെയോ? 'എങ്കിലും താങ്കൾ തന്നെ വിടുവാൻ നിവൃത്തിയില്ലല്ലോ.' എന്നിങ്ങിനെ പിറുപിറുത്തുകൊണ്ടു 'നിങ്ങൾ എടുത്തു തന്നാലും നോക്കാം' എന്ന്. അദ്ദേഹം പറഞ്ഞു.

സുന്ദ— അതിനെപ്പറ്റി അന്തരമായ അഭിപ്രായം എന്നോടു പറയണം.

പണി— ഓ അങ്ങിനെ തന്നെ.

സുന്ദ— എഴുതിയ ആളുടെ പേര് സ്നേഹിതനാണെന്നു വിചാരിച്ചു നിങ്ങൾ ഒന്നും ഒളിച്ചു വെക്കരുത്.

പണി— അത് സാധാരണമാണ്. നിങ്ങൾ അനുവദിക്കുന്നുണ്ടെങ്കിൽ എന്റെ വാസ്തവമായ അഭിപ്രായം പറയാം.

സുന്ദരി ഉടനെ ആ കഥ എടുത്തുകൊണ്ടു വരുവാൻ പോയി. കാല്ല കഴിഞ്ഞപ്പോൾ മേശയിൽ വെച്ചിട്ടുള്ള ഒരു വെള്ളകടലാസ്സിൽ എടുത്തുകൊണ്ടു ഒന്നും എഴുതാത്ത ഒരു ചെറിയ മാത്രം ... യായി എഴുതി മൂലയിൽ കൂടന്ന പട്ടുകൾ

കൊണ്ടു തുന്നിക്കെട്ടീട്ടുള്ള ഒരു കയ്യെഴുത്തു പുസ്തകം കൊണ്ടുവന്നു പണിക്കർക്കു കൊടുത്തു. അതു കണ്ടപ്പോൾ 'നൂതനഗ്രന്ഥകർത്താവോ' എന്നു പണിക്കർ ചോദിച്ചു.

സുന്ദ— അതെ. അതു നിങ്ങൾ എങ്ങിനെ അറിഞ്ഞു?

പണി— പുതുതായി എഴുതുന്നവർ തങ്ങൾ എഴുതുന്നതെല്ലാം വളരെ സൂക്ഷിച്ചു വൃത്തിയായി എഴുതിത്തീർക്കും. പേര് സമ്പാദിച്ചിട്ടുള്ളവരുടെ കയ്യെഴുത്തു സാധാരണയായി തെളിഞ്ഞിരിക്കയില്ല.

ഇങ്ങിനെ പറഞ്ഞുകൊണ്ടു പത്രാധിപന്മാർ സാധാരണയായി നോക്കുന്നതുപോലെ എഴുതിയ ആളുടെ പേരറിവാൻ വേണ്ടി ഒടുവിലത്തെ ഭാഗം നോക്കി. അവിടെ യാതൊരു പേരും കണ്ടില്ല. കഥയിലുള്ള അനേകാംഗികളും തങ്ങളുടെ ജീവനെ കളഞ്ഞിട്ടുണ്ടോ എന്ന് ആ ഭാഗത്തെ കാണ്മാൻ നോക്കി. എന്തെന്നാൽ നൂതനലേഖകന്മാർ പലരും തങ്ങളുടെ നായികാനായകന്മാരെ ജീവിപ്പിച്ചിരിപ്പാൻ സമ്മതിക്കാറില്ല. എന്നാൽ ഈ കഥയിലെ അനേകാംഗികളും ജീവിച്ചിരിക്കുന്നതായി കല്പിച്ചിട്ടുള്ളതുകൊണ്ടു പത്രാധിപർക്ക് അതിൽ ആഗ്രഹമുണ്ടായി. ഒരു സമയം സുന്ദരിയാണോ എഴുതീട്ടുള്ളതെന്നു സംശയവുമുണ്ടായി. മുമ്പുള്ള എഴുത്തുകാർ പലരും തങ്ങളുടെ ആദ്യത്തെ ലേഖനം ഒരു വിശേഷപ്പേർ എഴുതിയതാണെന്ന നിലയിൽ പ്രസിദ്ധപ്പെടുത്താറുണ്ട്. ഇങ്ങിനെ ആലോചിച്ച് 'ഇത് ഇന്ന് ഞാൻ മഠത്തിലേക്കു കൊണ്ടുപോയി എനിക്കുതോന്നുന്ന അഭിപ്രായം നാളെ പറയാം' എന്നു പറഞ്ഞു. പലവിധത്തിലും അതു സുന്ദരി എഴുതിയതാണെന്നു തന്നെ അദ്ദേഹത്തിനു തോന്നി. അദ്ദേഹത്തിന്റെ അഭിപ്രായം എടുത്തു പറവാൻ വേണ്ട പലരും ഈ ലോകത്തിൽ ധാരാളമുണ്ടായിരുന്നു. 'സ്വന്തക്കാർ എഴുതുന്നതിനെപ്പറ്റി അഭിപ്രായം പറയുന്നതു നിത്യകർമ്മമാണല്ലോ' എന്നു പുഞ്ചിരിക്കൊണ്ടു പറഞ്ഞു. പിന്നെ ലേഖകർ മുതലായവർ ഭാരവാന്മാരായി വന്നുചേർന്നു. ചായ കഴിഞ്ഞു നേരം പോക്കു പറവാൻ തുടങ്ങി. പുറത്തുള്ള പേരുകളെ പ്രസ്താവന ഉണ്ടായില്ല.

പത്രാധിപർ മഠത്തിൽ ചെന്നു ഉടനെ കഥ വായിച്ചു. വായിച്ചുതുടങ്ങിയപ്പോൾ പുതുതായ ഒരു തൊഴിലാണെ വന്നപോലെ എന്ന് അദ്ദേഹത്തിനു തോന്നി. അത് അദ്ദേഹം ആദ്യം വിചാരിച്ചതുപോലെ പുതുതായി എഴുതുന്നവൻ ഉണ്ടാക്കിയതല്ല. പരിചയത്തിലെഴുതിയിട്ടുള്ള ലേഖകന്റെ വാക്ചാതുര്യം നല്ലവണ്ണം അറിഞ്ഞു. എഴുതീട്ടുള്ളതു സുന്ദരിയല്ലെന്നു തീർച്ചയായി. ഇതെഴുതിയ ആളെ അറിവാൻകൂടി സാധിച്ചില്ലെങ്കിൽ ഇതുകാലം പത്രാധിപരായി ഇരുന്നിട്ട് എന്തു ഫലമാണെന്നു പണിക്കർക്കു തോന്നി. എന്നാൽ ആളുടെ പേർ ഊഹിച്ചറിവാൻ വളരെ പ്രയാസം വേണ്ടിവന്നില്ല. [illegible] എന്ന ആളാണെന്നു മനസ്സിലാക്കി. പത്രാധിപർ ആയാളെ കണ്ടിട്ടില്ല. സ്വഭാവം നല്ലതാണ് എന്ന് കേട്ടിട്ടുണ്ട്. ആയാളുടെ പുസ്തകങ്ങളും പലതും വായിച്ചിട്ടുണ്ട്. ഇംഗ്ലീഷു പഠിച്ചിട്ടുള്ള നല്ല ലേഖകന്മാരിൽ ഒരാളാണെന്നും അറിയാം. അതും ചെറുപ്പക്കാരനായതുകൊണ്ട് എഴുത്തിൽ പല കുറവും ഉണ്ടാകുന്നില്ല. കാലക്രമംകൊണ്ട് ഒരു നല്ല ലേഖകനാകും എന്നിങ്ങിനെ വിചാരിച്ചു സമാധാനപ്പെട്ടുകൊണ്ടിരുന്നു.

പിറ്റേ ദിവസം ആ കഥയെപ്പറ്റി സുന്ദരിയോടു സ്തുതിച്ചു പറഞ്ഞു. മറ്റു ദിക്കിൽ ചില തെറ്റുകളും എടുത്തു കാണി

ച്ചുവെങ്കിലും ആകപ്പാടെ വളരെ സ്തുതിച്ചു. പിന്നെ—

പണി— ലേഖകൻ വളരെ ചെറുപ്പക്കാരനോ?

സുന്ദ— അതെ. എന്നേക്കാൾ കുറച്ചു പ്രായം കൂടും.

പണി— അയാൾ നിങ്ങളുടെ ഏററവും അടുത്ത സ്നേഹിതനെന്നു വിചാരിക്കുന്നു.

സുന്ദ— അതെ.

ഈ മറുപടി പണിക്കൎക്കു പിടിച്ചില്ല. ഒരു ചെറുപ്പക്കാരത്തിയും ചെറുപ്പക്കാരനും തമ്മിൽ അടുത്ത സ്നേഹം ഏതും ഉണ്ടാവാൻ എന്തായിരുന്നു അദ്ദേഹത്തിന്റെ വിചാരം.

പണി— അയാൾ എഴുതീട്ടുള്ള ഒന്നാമത്തെ പ്രബന്ധം കൂടി കിട്ടുമോ?

സുന്ദ— എന്താ മാളു നിങ്ങൾക്കു മനോ ഉദ്വേഗമായിട്ടുണ്ടോ?

പണി— മനോഹരമായിരിക്കുന്ന എന്നതു കൊണ്ടു പറയാം.

സുന്ദ— ശരി. ഇതുകൂടാതെ വേറെ രണ്ടോ പുസ്തകങ്ങൾകൂടി ഉണ്ടോ എന്നു ഓൎക്കാം.

പണി— അയാളുടെ പുസ്തകങ്ങൾ നിങ്ങളുടെ പക്കൽ അധികം ഇരിപ്പുണ്ടോ?

സുന്ദ— ഉണ്ട്. എന്റെ പക്കൽ വളരെ ഉണ്ട്. അദ്ദേഹം പുതുതായി ഒരു പ്രബന്ധം എഴുതിയാൽ അതു് എനിക്ക വായിപ്പാൻ അയച്ചുതരുന്നു്.

ഇവർ ഇത്ര സ്നേഹമായിരിക്കുന്നതു് ഒട്ടും ശരിയല്ലെന്നു പണിക്കർ വിചാരിച്ചു. പിന്നെ— അയാൾ എഴുതുന്നതാണ് നിങ്ങൾ പ്രധാനമായി വായിക്കാറുള്ളതു്?

സുന്ദ— അങ്ങിനെയല്ലെങ്കിലും അദ്ദേഹം എഴുതുന്ന പ്രബന്ധങ്ങൾ ഞാനാണ് മുമ്പിൽ വായിക്കാറുള്ളതു്. അദ്ദേഹത്തിന്റെ പ്രബന്ധങ്ങളെ എന്നേക്കാൾ അധികം വേറെ ആരും സ്തുതിക്കില്ലെന്നാണ് വിചാരിക്കുന്നതു്.

പണി— അയാളുടെ പേർ എനിക്കു കേൾക്കാമോ?

സുന്ദരി അല്പം ആലോചിച്ചു് 'ശങ്കരനാരായണവൈദ്യൻ' എന്നു പറഞ്ഞു. അതു പറഞ്ഞപ്പോൾ അവളുടെ മുഖം ലജ്ജകൊണ്ടു ചുവന്നു. പത്രാധിപർ തന്റെ സ്നേഹിതനെ ഒട്ടു വ്യസനിച്ചു. പിന്നെ അവർ— വൈദ്യൻ എഴുതി പ്രസിദ്ധപ്പെടുത്തീട്ടുള്ള പ്രബന്ധങ്ങളുടെ ഗുണദോഷങ്ങളെപ്പററി പറഞ്ഞുതുടങ്ങി. അപ്പോൾ അവൾ പുതിയതായി പ്രസിദ്ധപ്പെടുത്തിയ 'മാലതിയായി' എന്ന കഥ അഭിപ്രായത്തിന്നായി അയച്ചിട്ടുണ്ടെന്നു പത്രാധിപർ പറഞ്ഞു. അതുമുതൽ പിന്നെ പലപ്പോഴും വൈദ്യന്റെ പ്രബന്ധങ്ങളെപ്പററി പത്രാധിപർ സുന്ദരിയോടു ധാരാളമായി തൎക്കിച്ചു വന്നു. അവൾ ആ ശങ്കരനാരായണവൈദ്യനെ ദൈവത്തെപ്പോലെ വിചാരിക്കുന്നു എന്നു പണിക്കർ ധരിച്ചു. അപ്പോൾമുതൽ ആ വൈദ്യന്റെ പേരിൽ പണിക്കൎക്കു കലശലായ ദ്വേഷവും എണ്ണമില്ലാത്തതോളം ഉണ്ടായിത്തീൎന്നു.

'സുന്ദരിയെ താനിക്കു വിവാഹം ചെയ്താൽ കൊള്ളാമെന്നു് അവളുടെ അച്ഛനമ്മമാരോടു ഡാക്ടർ ശിവരാമ ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെട്ടാൽ പെണ്ണോ അവൎക്കും മുഖ്യമായവർ സംശയം കൂടാതെ അനുവദിക്കും. ഈ സംഗതി കാൎയ്യവിവസത്തിനിട്ടു ധാരാളം വെളിവായിട്ടുണ്ട്.' എന്നൊക്കെ പണിക്കർ വിശ്വസിച്ചിരുന്നു എങ്കിലും ശങ്കരനാരായണവൈദ്യനെപ്പററിയുള്ള മേൽപ്പറഞ്ഞ സംഗതി അദ്ദേഹത്തിന്നു വലിയ മനസ്താപമുണ്ടാക്കി. ഈ

അത്യന്താസ്വാദ്യം ഉണ്ടാകുമെന്നു തന്നെ നാറിയാതെ പണിക്കർ ഇങ്ങിനെ ആലോചിച്ചു—'ഡാക്ടർ ശിവരാം സുന്ദരിയെ ഭാര്യയായി സ്വീകരിപ്പാൻ ഇടവരുന്നു. അവരെ ഒരു യോഗ്യപ്രഭാഷണങ്ങളിൽ വളരെ താല്പര്യമുള്ള ആൾ. ശിവരാം മലയാളമെന്നു കേട്ടാൽ ഉണ്ടായി എന്നത് മാത്രം. ഇതിന്റെ മദ്ധ്യത്തിൽ വളരെ നല്ല എഴുത്തുകാരനായ വൈദ്യൻ ലോകത്തിലുള്ള സ്ത്രീകളിൽ നിന്നു സുന്ദരിയെ ഭാര്യാവിഷയത്തിൽ തന്റെ ഉദാത്തനയവായി സ്വീകരിപ്പിരിക്കുന്നു. സുന്ദരിക്ക് ഭാര്യയുടെ പേരിൽ എന്നെന്നില്ലാത്ത താൽപര്യവും കാണുന്നു. ഇത് ആരും അറിയാത്ത ഒരു പുതിയ വിദ്യയാണ്. ഇതെങ്ങിനെ കലാശിക്കുമെന്ന് ആർക്കറിയാം? ഈ കാര്യം ഇങ്ങിനെ വിട്ടുവാൻ ഞാൻ സമ്മതിക്കില്ല. എന്റെ സ്നേഹിതനെ സങ്കടപ്പെടുത്തുന്ന ഈ ശല്യം ഞാൻ എതുവിധമെങ്കിലും എടുത്തുകളയും. ശങ്കരനാരായണവൈദ്യനെ തോല്പിപ്പാൻ സുന്ദരി തന്റെ മനസ്സിൽ കരുതിവെച്ച ഗുണസമൂഹത്തെ എന്റെ ചീത്ത അഭിപ്രായംകൊണ്ടു മലിനപ്പെടുത്തി ഭ്രമിപ്പിച്ചു തീരെ നശിപ്പിക്കും. എന്റെ അഭിപ്രായത്തെ വൈദ്യനെക്കാൾ വിദ്വാന്മാരായിട്ടുള്ളവരും കൂടി വിലവെക്കുന്നുണ്ട്. പുതിയ ഗ്രന്ഥകർത്താക്കന്മാരുടെ ഇടയിൽ ശങ്കരനാരായണവൈദ്യനെക്കാൾ സമർത്ഥന്മാർ എത്രയോ പേർ ഉണ്ടെന്നു തെളിയിക്കും. വൈദ്യന്റെ പ്രബന്ധത്തിലെ തെറ്റുകൾ നിശ്ശേഷം നിസ്സാരമായി എടുത്തു കാണിക്കും' ഇങ്ങിനെയുള്ള വിചാരങ്ങളോടു കൂടി 'ഭാരതീഭായി'യെ വരുത്തിച്ചു അതിനെപ്പറ്റി തീക്ഷ്ണമായ അഭിപ്രായം എഴുതി 'കോലാഹല'ത്തിന്റെ ഒരു ലക്കത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ തപാലിൽ ഭിക്കയച്ചു. തക്കസമയത്തു പ്രൂഫ് കിട്ടി. അതിൽ പലദോഷങ്ങളിലും ശകാരത്തിൽ അധികം ശക്തി കൂട്ടി. അന്നു പകൽ ഡാക്ടർ ശിവരാം പത്രാധിപരുടെ അടുക്കൽ ചെന്നു. മേശപ്പുറത്ത് ഇരുന്നിരുന്ന 'ഭാരതീഭായി' പുസ്തകം കണ്ട് അതു കയ്യിലെടുത്തു. പത്രാധിപർ സ്തുതിയോടെ 'അതു ഞാനാണത്; അതു തൊടരുത്. അതു സംബന്ധിച്ചയായ ഒരു മലയാളപുസ്തകം' എന്നു പറഞ്ഞു.

ഡാക്ടർ—നിങ്ങളെ ഈ ഉപദ്രവമില്ലാതെ നാമങ്ങളെക്കാണാനില്ലല്ലേ ജീവനോടുകൂടി കളഞ്ഞുകൊണ്ട് ശല്യമായി ഞങ്ങളെ കാണാൻ വരാതെ ഇരുന്നത്. ഞാൻ ഇവിടെ വരുമ്പോഴെല്ലാം ഈ പുസ്തകത്തെപ്പറ്റി എഴുതിക്കൊണ്ടിരിക്കയാണല്ലോ. അതുകൊണ്ട് ഇതെടുത്തുകൊണ്ടുപോവാനാണ് ഇപ്പോൾ വന്നിട്ടുള്ളത്.

പണി—ഞാൻ അതിന്റെ അഭിപ്രായം എഴുതുകയായിരുന്നു. ഇപ്പോൾ അതു കഴിഞ്ഞതുകൊണ്ട് ഇതുംകൊണ്ടുപോകാം.

ഡാക്ടർ—അഭിപ്രായംഎഴുതിക്കഴിഞ്ഞുവോ?

പണി—ഉം. ഇപ്പോൾതന്നെയാണ് പ്രൂഫ് ശരിയാക്കി തീർത്തത്.

മലയാളഭാഷയിൽ സ്നേഹിതന് ഇത്ര ഭാഗ്യങ്ങളെപ്പോൾ എന്താ ഉണ്ടാവാൻ പോകുന്നത് എന്നു പത്രാധിപർ ആലോചന തുടങ്ങി. ഡാക്ടർ ശിവരാം പത്രാധിപരെ നോക്കിച്ചിരിയും തുടങ്ങി.

പത്രാ—എന്താ ഭാവം?

ഡാക്ടർ—എന്നെപ്പറ്റി ഒരു രഹസ്യം നിങ്ങളോടു പറയാം. അഭിപ്രായം നിങ്ങളുടെ മാസികയിൽ പുറത്താവുന്നതുവരെ അതിനെ ഭേദമാക്കാനാണ് വിചാരിച്ചിരുന്നത്.

ഇതു കേട്ടപ്പോൾ പത്രാധിപർക്ക് ആശ്ചര്യമായി.

പത്രാ:—'ഭാരതീമായി'യുടെ അഭിപ്രായമോ? ഭാഷയിൽ നിങ്ങളെപ്പറ്റിയ മഹാത്മ്യത്തിനും എന്താ ബന്ധം?

ഡാക്ടർ—വളരെ അടുത്ത ബന്ധം. ഞാൻ തന്നെയാണ് ശങ്കരനാരായണവൈദ്യർ.

ഇതു കേട്ടപ്പോൾ പത്രാധിപർ ആകാശത്തുനിന്നു താഴത്തേക്കു വീണതുപോലെയായി. 'നിങ്ങളോ?' എന്നു ചോദിച്ചു.

ഡാക്ടർ—അതെ. ഞാൻ തന്നെ. നിങ്ങൾ കണ്ടിട്ടുള്ള ശങ്കർ ശിവനാരായണനും, നാരായണീ ഭാരതീ, വൈദ്യൻ ഡാക്ടറും ഒന്നാകുന്നു.

പത്രാധിപർ—സ്വപ്നമിതാണോ? എന്നു വിസ്മയത്തോടെ പറഞ്ഞു വാലിയക്കാരനെ വിളിക്കുവാൻ മണി അടിച്ചു. അവൻ വന്നപ്പോൾ കമ്പിവാർത്ത കൊണ്ടുവരുവാൻ പറഞ്ഞു. ശിവരാം ഇംഗ്ലണ്ടിൽ താമസിച്ച കാലത്തു ബ്രിട്ടീഷ് മ്യൂസിയത്തിൽ പോയി അവിടെയുള്ള അനേകം പഴയ മലയാളപുസ്തകങ്ങൾ വളരെ ശ്രദ്ധയോടുകൂടി വായിച്ചുവെന്നും പിന്നെ പുസ്തകങ്ങൾ എഴുതിത്തുടങ്ങി എന്നും തന്റെ ആദ്യത്തെ പുസ്തകത്തിന്റെ അഭിപ്രായം 'കേരളകോലാഹലം'ത്തിൽ പ്രസിദ്ധമാവുന്നതിനു മുമ്പ് ഈ വർത്തമാനം നിങ്ങൾ അറിഞ്ഞാൽ സ്വീകരിക്കാനാണെന്നുള്ള സംശയം അഭിപ്രായത്തെ ബാധിക്കുകയില്ലേ എന്നു ഭയപ്പെട്ടിട്ടാണ് ഇതുവരെ പറയാതിരുന്നതെന്നും പത്രാധിപരോടു പറഞ്ഞു. ശിവരാം കമ്പിവാർത്ത കൊണ്ടുവന്നു. അതിൽ കാണിച്ച ഫ്രഫ് അച്ചടിപ്പാൻ പാടില്ലെന്നും അതിനു പകരം വേറെ ഒരു വിഷയം പ്രസിദ്ധപ്പെടുത്തണമെന്നും പത്രാധിപർ മടങ്ങിയ കമ്പിയടിച്ചു. സ്വാമിയെയും മറ്റും കണ്ടപ്പോൾ പത്രാധിപർക്കുണ്ടായ ആനന്ദം അസാധാരണമായിരുന്നില്ല.

വി എം. എൻ.

വിദ്യാസംഭാവനാബിൽ

(പൊതുജനാഭിപ്രായത്തിന്.)

ഒരു സമുദായം തന്റെ അംഗങ്ങൾക്കു വിദ്യാഭിവൃദ്ധിയുണ്ടാവാനാഗ്രഹിക്കുന്നുവെങ്കിൽ വിദ്യാലയങ്ങൾ പ്രശംസനീയമായ അവസ്ഥയിൽ ഉപചരിക്കുന്നതിനു വേണ്ടുന്ന ധനമുണ്ടാവുകയാണ് ആദ്യം വേണ്ടത്. ഇപ്പോൾ നടന്നുവരുന്ന വിദ്യകളിൽ അഗ്രഗണ്യമാകുന്നത്, അഗ്രഗണ്യമായ വിദ്യയാണ് പ്രധാനകാരണമായിട്ടുള്ളത്. അഭ്യാസകാര്യത്തിൽ കയ്യും ചെയ്യുന്ന ആവശ്യം അനുഗ്രഹമായതിനു പകരം കാണുന്നുള്ളൂ. അതുകൊണ്ടു വിദ്യാർത്ഥികൾ വിദ്യയിൽ അനുഗ്രഹമുണ്ടാവാനുള്ള കാര്യത്തെ താഴെ വിവരിക്കുന്നു.

൧. സംസ്കൃതവിദ്യകൾ— ഋഗ്വേദം, വേദാന്തം, ന്യായം, തർക്കം, വ്യാകരണം, മീമാംസ, വേദാന്തം, സാഹി

ആഗമശാസ്ത്രം, തന്ത്രം, മന്ത്രവാദം, ജ്യോതിഷം, വൈദ്യം ഈ വകയായ വിഷയങ്ങളിൽ കൂടെ സമ്മാനം കൊടുക്കേണ്ടത്.

൭. വിദ്യാതല്പരന്മാർ രണ്ടുവിധമാണ് — വിദ്വാന്മാരും വിദ്യാർത്ഥികളും. ചെറുതായൊരു പേർ നിശ്ചയിക്കത്തക്ക വിദ്യയെ സമ്പാദിച്ചവരാകുന്നു വിദ്വാന്മാർ. അവർ അഭ്യാസത്തിനു ബലവും അതിൽ ആഗ്രഹവും അവസാനിച്ചുകഴിഞ്ഞവരായിരിക്കും. അഭ്യാസത്തിനു വേണ്ടുന്ന ബലവും ആഗ്രഹവും ഉണ്ടാവുന്ന പ്രായക്കാരാണ് വിദ്യാർത്ഥികൾ. ഈ രണ്ടു വകക്കാർക്കു യശസ്സും ധനലാഭവും സിദ്ധിക്കത്തക്കവിധത്തിൽ പ്രശംസാപത്രമായി ഒരു സമ്മാനവും സർട്ടിഫിക്കറ്റും യോഗക്ഷേമസഭ കൊടുക്കേണ്ടതാണ്. അതിൽ വിദ്വാന്മാർ പരീക്ഷായോഗ്യന്മാരല്ലാത്തതുകൊണ്ട് അവരെ തിരഞ്ഞെടുത്ത് ഓരോ വിദ്യകളിൽ അത്യുത്തമന്മാരായ ഒരുവനോടും അനുഗ്രഹത വർദ്ധനത്തിനു പതിറ്റാണ്ടുകൊല്ലം കൂടുമ്പോൾ ഒരു സമ്മാനം കൊടുക്കേണ്ടതാണ്. വിദ്യാർത്ഥികൾ പരീക്ഷാർഹന്മാരാകകൊണ്ട് അവർ കൊല്ലംതോറും പരീക്ഷിച്ചു യഥാവിധി സർട്ടിഫിക്കറ്റുകൾ അതാതു വിഷയങ്ങളിൽ നിപുണന്മാരായിരിക്കുന്നവരെക്കൊണ്ടു കൊടുപ്പിക്കേണ്ട ഭാരം യോഗക്ഷേമസഭ വഹിക്കേണ്ടതാകുന്നു. നമ്പൂതിരിമാരല്ലാത്ത അന്യജാതിക്കാരെ സമ്മാനത്തിനും പരീക്ഷയ്ക്കും യോഗ്യന്മാരാക്കേണമെന്നു നിശ്ചയിക്കേണ്ടതാകുന്നു.

൮. ഇപ്രകാരം വിചാരങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്ക് അതിൽ കാര്യജ്ഞന്മാരായവരോടുകൂടി ഒരു സംഘം ഏർപ്പെടുത്തേണ്ടതാണ്. അതു കൊല്ലംതോറും മാറുകയും വേണം. അതിൽ ഒരുവർ സംഘം കൂടുവാനുള്ള സംഘത്തിൽ അറിയിച്ചു കാര്യം നടത്തുവാനും ഉള്ള അധികാരത്തോടുകൂടിയ ഏജണ്ടായിരിക്കേണ്ടതാണ്. ടി സംഘത്തിനു വിദ്യാപരീക്ഷകസംഘം എന്ന പേർ നിശ്ചയിക്കണം. ടി സംഘത്തിനു ചില വിദ്യകളെ പരീക്ഷിപ്പാൻ ശക്തി പോരാത്ത പക്ഷം അപ്രകാരമുള്ള ശക്തിപെട്ടവരുമായി പ്രത്യേകസംഘം ഏർപ്പെടുത്താനുള്ള അധികാരം കൊടുക്കേണ്ടതാണ്. ടി സംഘത്തിനു നിരാക്ഷേപമായി തിരഞ്ഞെടുത്തു സമ്മാനം നടത്തുന്നതിനു വേണ്ടുന്ന കർത്തവ്യം അറിവും പൂർണ്ണ നല്ലപേരും ഉള്ള അംഗങ്ങളായിരിക്കണം. ടി സംഘത്തിൽ നമ്പൂതിരിമാരല്ലാത്ത അന്യജാതിക്കാരെ ചേർക്കുന്നതിനു വിരോധമുണ്ടാവരുത്. ടി സംഘത്തിന്റെ നടപടിനിയമം നിർമ്മിപ്പാനുള്ള അധികാരം സംഘത്തിനു കൊടുക്കേണ്ടതാണ്. ഏജണ്ടിന് ഒരു സംഖ്യ പ്രതിഫലമായും കൊടുക്കേണ്ടതാണ്. ടി സംഘം വൈവശ്യാ ഭഞ്ജിച്ചുപോയി എങ്കിൽ അതിനെ ഏർപ്പെടുത്തേണ്ട അധികാരം യോഗസഭയ്ക്കു കൊടുക്കേണ്ടതാണ്.

൯. സംഘനടപടി — ഓരോ മാസത്തിൽ ഒരു യോഗം കൂടുക. അതിൽവെച്ചു പാസ്സാക്കേണ്ടത് — പരീക്ഷയുടെ ഓരോ കാലങ്ങളെയും രീതിയെയും അതാതു വിദ്യകളുടെ പഠിതാക്കന്മാരെയും തീർച്ചപ്പെടുത്തുക. വിദ്യാർത്ഥികൾ ചെയ്യേണ്ടതും താഴെ വിവരിക്കുന്നതും ആയ നടപടിയെയും തീർച്ചപ്പെടുത്തുക. വിദ്യാർത്ഥികൾ ഏതു വിഷയത്തിൽ പരീക്ഷയ്ക്കു തന്നെ ചേരുന്നതെന്നുള്ള അപേക്ഷയും ഒപ്പിച്ച പരീക്ഷാഫീസ്സും കൂടി മീനം മുപ്പതാംതിയ്യതിക്കുള്ളിൽ ഏജണ്ടിന് എത്തിച്ചുകൊടുത്താൽ അതുപ്രകാരം പാസ്സാക്കി ഉടനെ പ്രസിദ്ധപ്പെടുത്തുക.

[illegible]

കാമദഹനം

[illegible]

കേരളീയഭാഷാശാകുന്തളം*

പരിഷ്കരിച്ച ഒന്നാം പതിപ്പ്

ഇപ്പോൾ പുറപ്പെടുന്ന ഗ്രന്ഥങ്ങളിൽ മേന്മയേറിയവയെക്കുറിച്ചു മംഗളോദയം യോഗ്യതാനുസരണം നിരൂപണം ചെയ്യുന്നതിൽ പത്രാധിപരുടെ സ്വാതന്ത്ര്യം അതും കാണിക്കുവാൻ വിചാരിക്കുന്നില്ല. ഇതിനുള്ള കാരണം ഈ വക ഭാഷാഭേദങ്ങളും ഈ മാസികയുടെ തന്നെ താല്പര്യപ്പെടുത്തി ശ്രദ്ധപ്പെടുത്തുവാൻ വായനക്കാർക്ക് അവകാശം കൊടുക്കണമെന്നുള്ള വിചാരമാകുന്നു.

മം. പ.

എന്നിട്ടും, കേരളസാഹിത്യവിഷയത്തിൽ ഗുണദോഷനിരൂപണം ചെയ്യുവാൻ അവകാശവും അവസരവും ഉള്ളവരെന്ന നാം, കേരളഭാഷാസാഹിത്യസാമ്രാജ്യത്തിന്റെ അതിർത്തികളിൽ നിന്ന് എന്തെങ്കിലും ബഹിഷ്കരിപ്പാൻ യാതൊരുവിധം യാതൊരു അധികാരവും ഇല്ല എന്നും വിചാരിച്ചിരുന്നിരിക്കാം, തിരുവനന്തപുരം ബി. വി. ബുക്കുഡിപ്പോ ഉടമസ്ഥനായ [illegible] അവർകൾ 'കേരളീയഭാഷാശാകുന്തള'ത്തിന്റെ 'പരിഷ്കരിച്ച ഒന്നാം പതിപ്പ്' ഞങ്ങൾക്ക് അഭിപ്രായത്തിനായി സമ്മാനം അയച്ചു തന്നിരിക്കുന്നത്. മലയാളഭാഷയിൽ മാതൃകകളായ പല ഗ്രന്ഥങ്ങളെ പ്രസിദ്ധീകരിച്ചു മലയാളവായനക്കാരുടെ പൊതുവെയും, അധ്യേതാക്കളുടെ പ്രത്യേകിച്ചും, കൃതജ്ഞതയെ സമ്പാദിച്ചിരിക്കുന്ന മേല്പടി ബുക്കുഡിപ്പോ ഉടമസ്ഥന്റെ ഈ ഉദ്യമത്താൽ, പത്രാധിപന്മാർ പറയാറുള്ള [illegible] നന്ദിയെ പ്രദർശിപ്പിക്കുന്നതിനു പകരം, യഥാർത്ഥമായ ഉപകാരസ്മരണയെ പ്രദർശിപ്പിക്കുവാൻ ഈ അവസരത്തെ വിനിയോഗിച്ചുകൊള്ളുന്നു. എന്നാൽ, മറ്റു മാസികകളിൽ ഗുണദോഷനിരൂപണം ചെയ്യുന്ന 'മംഗളോദയ'ത്തിലുള്ള പരിണത പ്രജ്ഞന്മാരായും, സാഹിത്യസാമ്രാജ്യകാര്യങ്ങളിൽ ഗുണദോഷനിരൂപണം ചെയ്യുന്നതിന് ഒരു 'സ്വാതന്ത്ര്യ'ത്തിൽ അദൃശ്യകരങ്ങളെ [illegible] സമാധാനപ്പെടുന്നതിനാൽ, പ്രകൃതകൃതിയെക്കുറിച്ച് എനിക്കു തോന്നുന്ന അഭിപ്രായത്തെ പറയാമെന്നുതന്നെ ഉറയ്ക്കുന്നു. വിശേഷിച്ചും, ഈ 'പരിഷ്കരിച്ച പതിപ്പിനെ'പ്പറ്റി ഗുണദോഷവിമർശം ചെയ്യുവാൻ ചെറുതായൊരു കടമ ഉണ്ടെന്നും ഞാൻ വിചാരിക്കുന്നുണ്ട്. എതാണ്ടൊരു കൊല്ലം മുമ്പ്, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തി മഹോത്സവവേളയിൽ, തിരുവനന്തപുരത്തെ ഒരു സമാജാംഗത്തിൽ വെച്ചു, തിരുമനസ്സിലെ സാഹിത്യപ്രവൃത്തിയെപ്പറ്റി പ്രസംഗിച്ചിരുന്ന അവസരത്തിൽ, അപ്പോൾ പുറപ്പെടുവിക്കപ്പെട്ട് എനിക്കായിട്ടില്ലായിരുന്ന ബി. വി. ബുക്കുഡിപ്പോക്കാരുടെ 'ശാകുന്തള'ത്തിലും തിരുമനസ്സിലെ ലേഖനങ്ങളെ [illegible] തമ്മിൽ ഉപമിച്ചു നോക്കി, തിരുമനസ്സിലെ തർജ്ജമ 'സംസ്കൃത'മായിപ്പോയി എന്നു ആക്ഷേപത്തെ പരിഹരിച്ച കവിതയാൽ പ്രതിഷ്ഠിച്ചിരുന്നതായി ഞാൻ ഓർക്കുന്നു. തിരുമനസ്സുകൊണ്ടുതന്നെ ഗ്രന്ഥത്തെ പരിഷ്കരിക്കണമെന്നായിരുന്നു പ്രസ്താവന [illegible]

* ശാകുന്തളം പരിഷ്കരിച്ച പതിപ്പിനെപ്പറ്റി [illegible] അഭിപ്രായം [illegible] ഈ മാസികയിൽ [illegible] പറയുന്നതാകുന്നു.

ഗതി എന്നു കൂടി ഞാൻ വായിക്കുന്നു. ബി. വി. ബുക്കുഡിപ്പോ പ്രവൎത്തകന്മാർ ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന 'പരിഷ്കരിച്ച പതിപ്പ്' തിരുമനസ്സിലെ പൎയ്യാലോചനയിൽ തീൎന്നതാണെന്നു പറഞ്ഞുകൂടാത്ത സ്ഥിതിക്കു പ്രാൎത്ഥനയുടെ ഫലം ഏതു വിധത്തിലുള്ളതാണെന്നു ശോധന ചെയ്വാൻ എനിക്കുള്ള കടമയെ നിരസിക്കുന്നില്ല.

'ശാകുന്തളത്തിന്റെ ഇപ്പോഴത്തെ പുറപ്പാടു വേഷം മാറീട്ടാണ്. അച്ചടിച്ച സ്ഥലം, അച്ചുകൂടം, പ്രകടനാധികൃതൻ, വ്യാഖ്യാനം ഇത്യാദി മാത്രമല്ല മാറീട്ടുള്ളത്; പാഠങ്ങളിലും ഗണ്യങ്ങളായ ഭേദഗതികൾ ചെയ്തിട്ടുണ്ട്. ആകപ്പാടെ ശാകുന്തളത്തിൽ കണ്ടാലറിയാത്ത വിധം ഭേദപ്പെട്ടിട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ'—ഇത്യാദി മുഖവുരയോടു കൂടിയാണ് പ്രസാധകനായ ശ്രീമാൻ ഈ പുതിയ രൂപത്തെ അവതരിപ്പിച്ചിരിക്കുന്നത്. ഈ പ്രസ്താവനയിൽ, ഗുരുശിഷ്യന്മാർ യോജിക്കുന്നു എന്നു നിസ്സംശയം പറയാം. എന്നാൽ, ശ്ലോകങ്ങളെ മാറിയ കാൎയ്യത്തിൽ മാത്രമേ യോജിപ്പാൻ സാധിക്കാതെയുള്ളൂ എന്ന് ആദ്യമേ പറഞ്ഞുകൊള്ളട്ടെ. 'പാമ്പായാലും പഴകിയതു വരം' എന്ന അഭിപ്രായപ്രകാരം പഴയ ശ്ലോകങ്ങൾ ഒക്കെ തന്നെയും സ്വീകാൎയ്യങ്ങൾ ആകുന്നുള്ളൂ എന്ന് എനിക്ക് അഭിപ്രായമില്ലാ എന്നുള്ള വസ്തുത മുമ്പു സൂചിപ്പിച്ചു പോയിട്ടുള്ളതിനാൽ, ഈ പരിഷ്കാരത്തിൽ ഗുരുശിഷ്യന്മാർ തമ്മിൽ ഭേദിക്കുന്ന ഭാഗങ്ങൾ പരിമിതമാണെന്നും വ്യക്തമാണ്. ഈ മിനുപ്പു പണിയൊന്നാൽ മതിയായതായിരിക്കാം എന്നു സമാധാനപ്പെടാമെങ്കിലും, പല ഭാഗങ്ങളിലും പുതിയ പരിഷ്കാരം സാഹസമായിപ്പോയിട്ടുണ്ടെന്നു വ്യസനിക്കാതിരിപ്പാൻ നിൎവ്വാഹമില്ല. എന്നാൽ സംസ്കൃതബാഹുല്യമായിരുന്നിട്ടുള്ള ശ്ലോകങ്ങളെ അടിച്ചുടച്ചു വാൎത്തിരിക്കുന്നതു പാഠങ്ങളിലല്ലെന്നാലും, മാറ്റം കൂടാതെ തന്നെ നിൎത്തീട്ടുള്ള ചില ശ്ലോകങ്ങളൊക്കെപ്പ്രവിചാരിക്കപ്പെടാവുന്ന മറ്റു ചില ശ്ലോകങ്ങളെ പദവും പാദവും മാറി വെട്ടിപ്പകച്ചു വരുത്തിയതിന്ന് എന്തെങ്കിലും സമാധാനം വിശേഷിച്ചു പറഞ്ഞിരുന്നു എങ്കിൽ, ഉചിതമായിരുന്നേനെ. പക്ഷേ, മാറ്റത്തിനു കാരണം ആവശ്യപ്പെടുന്നത് അയുക്തമായിരിക്കാം. ഡിക്കെൻസ്സിന്റെ പ്രഖ്യാതമായ പട്ടോത്തി കഴുതയെ ചുംബനം ചെയ്യുമ്പോൾ പറഞ്ഞതുപോലെ മാത്രം അവന് രുചി ഭേദിച്ചിരിക്കുന്നത് എന്നു സമാധാനപ്പെട്ടു കൊണ്ടാൽ മതിയാകുമെന്നു കരുതുന്നു. അതു മാത്രമല്ല, ഈ പതിപ്പിന്റെ വേഷമാറ്റത്തിൽ, തൎജ്ജമക്കാരുടെ പുറമെ, പ്രസാധകനും, അദ്ദേഹത്തിന്റെ പുറമെ ഒരു അജ്ഞാതപ്രസാധകനും ഉൾപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞിരിക്കുന്നതിനാൽ, ഈ യോഗപാകഭേദങ്ങൾക്കു ഉത്തരവാദി, ഇന്നതിന്ന് ഇന്ന ആൾ എന്നു, വേൎതിരിച്ചറിയാത്ത തച്ചിലത്തിന്റെ കാരണം കണ്ടുപിടിപ്പാൻ മിക്കവാറും ദുസ്സാധമും ആയിരിക്കുന്നു. എങ്ങനെയായാലും വായനക്കാർ ക്രമത്തിലധികമാകുമ്പോൾ ഉണ്ടാകുന്ന ദൂഷ്യം, ഈ പതിപ്പിൽ നന്നേ പതിഞ്ഞു കാണുന്നുണ്ട്. അതിന്നു ലക്ഷ്യമായി ചില ഭാഗങ്ങളിൽ, പാഠഭേദങ്ങളെ ഉദാഹരണനിരൂപണം ചെയ്തും, ശുദ്ധി ചെയ്തും, ചില കടലാസ്സുകളും പാഴാക്കാ ഇതുണ്ട്.

വശ്യവാക്കുകളായ കവികളുടെ ശ്ലോകങ്ങളിൽ വല്ല മാറ്റവും വരുത്തുന്നതു ആശങ്കകരമായ കാൎയ്യമല്ലെന്ന് ആരും സമ്മതിക്കുന്നതാണല്ലോ. മഹാകവികളുടെ കൃതിക

ളെ പരിഷ്കരിച്ചു വേഷം മാററുന്നതു, വിദഗ്ദ്ധന്മാരായ രത്നകാരന്മാർ പണി ചെയ്തിട്ടുള്ള നവരത്നഖചിതങ്ങളായ പൊൻപണ്ടങ്ങളെ അഴിച്ചു പണിവാൻ ഉദ്യമിക്കുന്നതിനൊപ്പമാണെന്നു പറയാവുന്നതാണ്. രത്നം എത്ര ചെറുതായിരിക്കട്ടെ; അതിന്റെ തേജസ്സും പത്തവും എങ്ങനെയുമിരിക്കട്ടെ: അതിനെ ഒരു പൊൻപണ്ടത്തിൽ ഏതു സ്ഥാനത്തു് അലങ്കരിച്ചിരിക്കുന്നുവോ, ആ സ്ഥാനത്തു് അതു് ഏറിയൊരു ചരിത്രത്തെ വഹിക്കുന്നതായിരിക്കുന്നു എന്ന സൂക്ഷ്മം ആലോചിച്ചാൽ അറിയാം. രത്നകാരന്റെ ജീവിതവൃത്തി മുഴുവൻ അതിലടങ്ങിയിരിക്കുന്നു എന്നു, വേണമെങ്കിൽ, പറയാം. അവന്റെ വളരെക്കാലത്തെ പരിചയവും, കുശലത, ബുദ്ധിസാമർത്ഥ്യം മുതലായതും, കാഴ്ചനോട്ടക്കാരന്റെ കണ്ണിൽ പ്രതിഫലിച്ചു കാണുന്ന വൈചിത്ര്യങ്ങളെപ്പോലെ, ആ രത്നത്തിന്റെ ആ സ്ഥാനത്തു നിഴലിച്ചു കാണുന്നതാണ്. രത്നകാരൻ എന്തു കാരണത്താലാണ് ആ രത്നത്തെ ആ സ്ഥാനത്തു പതിച്ചതു്, ആ രത്നത്തിന്റെ വർണ്ണം മാറ്റി പതിക്കാത്തതിനു കാരണമെന്തു്, അതിനു പകരം മറെറാന്നിനെ അവിടെ മാററി വയ്ക്കാത്തതെന്തു, ചെത്തി കളഞ്ഞിരിക്കുന്നതെന്തു എന്തുകൊണ്ടാണ് വല്ലതെ പതിക്കാത്തതു്, എന്നും മററും പല ചോദ്യങ്ങളും സ്വാഭാവികമായി ഉളവാകുന്നതാണ്. ഇങ്ങനെയിരിക്കെ, ആ രത്നങ്ങളെ പറിച്ചെടുത്തു പൊൻപണ്ടത്തെ അഴിച്ചു പണിയുന്നതിനു പുറപ്പെടുന്ന ആളും അതിന്റെ ആദ്യകർത്താവു താനോ ആകുന്നു എങ്കിൽ, തന്റെ ശില്പകലാകൌശലത്തെ നിഃശേഷമാകാവിധം തന്നെ പുതിയ പണ്ടത്തിൽ പ്രദർശിപ്പിക്കാൻ സംഗതി വരുന്നതാണ്. എന്നാൽ, രത്നങ്ങളെ പതിക്കുന്നതു തൊട്ടു പലതരം, പല തവി അനുഭവിച്ചു കഴിയുന്നവർ, ആദ്യകർത്താവു എത്രതന്നെ മേൽനോട്ടം വെച്ചിരുന്നാലും, അതു അവന്റെ സ്വകൃതികളുടേതുപോലെയാകയില്ലാ എന്നതു നിസ്സന്ദേഹം തന്നെയാകുന്നു. മഹാകവികളുടെ കൃതികളെ അഴിച്ചു പണിയുന്നതും ഇപ്രകാരം തന്നെ. ഒരു ശ്ലോകത്തിൽ നിബന്ധിച്ചിരിക്കുന്ന പദങ്ങളുടെയും വാചകങ്ങളുടെയും സമാസാദിസംഗതികളിൽ ആ കവികളുടെ സാഹിത്യകലാവിദഗ്ദ്ധതയുടെ എത്ര മഹത്തായ പ്രതിഭയും അതിസംക്ഷിപ്തമായി നിഗൂഹനം ചെയ്യപ്പെട്ടിരിക്കുന്നു! അതിനെ താല്പര്യത്തോടുകൂടി അറിയാനും ആവിഷ്കരിപ്പാനും കഴിയുന്നവരെങ്കിലല്ലാതെ, മററാരും അതിൽ എന്തെങ്കിലും മാററം ചെയ്യുന്നതു, ഔചിത്യമാകാനിടയായി തന്നെയിരിക്കുമെന്ന് ഉറപ്പിച്ചു പറവാൻ കഴിയുന്നതല്ലാ. 'ശുശ്രൂഷസ്വ ഗുരൂൻ'—എന്ന് എഴുതിയാൽ 'ശുശ്രൂ' എന്ന പദത്തെ പതിച്ചുള്ള കീർത്തിയും മഹിമയും ഏതു ചരിത്രവിശേഷത്തെ ആവിഷ്കരിച്ചിരിക്കുന്നുവോ, ആ ചരിത്രവിശേഷമല്ലാ, 'പൂജ്യാൻ സേവിക്ക ഗുരുക്കളെ' എന്നെഴുതുമ്പോൾ, മറെറാരു സ്ഥാനത്ത്, അതേ പദത്തെ, പതിക്കുന്ന ഉളികയും മഹിമയും, നിഗൂഹനം ചെയ്യുന്നതെന്ന ചിലർക്ക് എളുപ്പം മനസ്സിലാകുന്നില്ലെന്നു വരാം. എന്നാൽ, വാസ്തവം അതാണുതാനും. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ചമച്ചു കേരളഭാഷയെ അണിയിച്ചിട്ടുള്ള നവരത്നഖചിതമായ ഈ ശാകുന്തളഭൂഷണത്തെ, പുതിയ പരിഷ്കാരമോടിക്കു യോജിക്കുമാറ്, 'അഴിച്ചു പണിവാൻ' ചെയ്ത ഈ ശ്രമത്തിൽ, രത്നങ്ങളിൽ ചിലതിനെ ഇളക്കി സ്ഥാനം മാററി വെച്ചതിലാകട്ടെ, മററു ചിലതിനെ പറിച്ചുകളഞ്ഞിട്ടു തത്സ്ഥാനത്തിൽ വേറെ കൊണ്ടുവന്നു നിബന്ധിച്ചതിലാകട്ടെ, വർണ്ണത്തിലാകട്ടെ, തെളിച്ചിലാകട്ടെ, മിനുക്കിലാകട്ടെ, സാഹിത്യമണ്ഡലത്തിൽ വിഹരിക്കാരായും വിമർശനശീലന്മാരായും ഉള്ള മ

റു ചിലർ കൂടെ 'കൈകെവച്ചു' നിർമ്മിതം പുതിയ ശാകുന്തളത്തിന് ഇരിക്കപ്പാടെ നോക്കിയാൽ രംഗിയ മനവും കാരണം എന്താണ് എന്നിട്ടു തോന്നുന്നത്. 'ഇരിക്കപ്പാടെ നോക്കിയാൽ,' എന്ന വാചകത്തെ വായനക്കാർ പ്രത്യേകിച്ചോർമ്മയിരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. എന്തെന്നാൽ, ചില ശ്ലോകങ്ങളും പല സംഗതികളിലും പുതിയ വേഷത്തിൽ തിരുത്തിയും, മററു പലതും ഇതേപ്രകാരം തെളിയും പോയിട്ടുണ്ടെന്നു സൂക്ഷ്മമായിട്ടു മനസ്സിലാകുന്നതാണ്.

സ്റ്റൗട്ട് (Stout) എന്ന മനശ്ശാസ്ത്രജ്ഞൻ, തന്റെ ഒരു പുസ്തകത്തിൽ, മാനസികമായ കല്പനാസൃഷ്ടിയെപ്പററി പ്രതിപാദിക്കുന്ന ഘട്ടത്തിൽ, രണ്ടുമാതിരി സൃഷ്ടികളെ ഉദാഹരിപ്പാനായി സ്ക്രൈബ് (Scribe) എന്നും ലെഗൂവെ (Legouve) എന്നും പേരായ രണ്ടു നാടകകർത്താക്കന്മാരുടെ സമ്പ്രദായത്തെപ്പററി പറയുന്നുണ്ട്. ചാക്ഷുഷവും (Visual) ശ്രൌത്രവും (Additive) ആയ ഈ രണ്ടു മാതിരി കല്പനാസൃഷ്ടികളും, ഇവർ രണ്ടുപേരും നാടകമെഴുതുന്ന സമയം, പ്രയോഗിക്കാറുണ്ടായിരുന്നു. ലെഗൂവെ തന്റെ ചങ്ങാതിയോടു പറഞ്ഞതാവിതു:— 'ഞാൻ ഒരു രംഗമെഴുതുമ്പോൾ കേൾക്കുന്നു ഞാനും, കാണുന്നു താങ്കളും ആണ്. ഞാൻ ഓരോ പദമെഴുതുമ്പോഴും ആ വാക്ക് എഴുതിയ നാടകപാത്രത്തിന്റേതോ അയാൾ സംസാരിക്കുന്നതു പോലെ എന്റെ ചെവിയിൽ പതിയുന്നു. എന്റെ തൂലികാഗ്രം കടലാസ്സിൽ പതിയു ബോദ്ധ്യമായിത്തീരുന്ന നാടകപാത്രങ്ങളുടെ വാക്യങ്ങളുടെ പല വിധത്തിലുള്ള സ്വരങ്ങളും തൂലികാഗ്രത്തിൻകീഴ് തന്നെ ഉയരുന്നു. താങ്കളും, രംഗസ്ഥിതന്മാരായും അവരാണ്. താങ്കളുടെ നടന്മാർ താങ്കളുടെ കണ്ണിനു മുമ്പിൽ, നടക്കുന്നു; രംഗത്തിൽ പലതരം വ്യാപരിക്കുന്നു. ഞാൻ ശ്രോതാവും, താങ്കൾ ദ്രഷ്ടാവും ആണ്.' ഇതിനു മറുപടിയായി സ്ക്രൈബ് പറഞ്ഞു:— 'ഞാൻ എഴുതുമ്പോൾ ഞാൻ എവിടെയാണെന്നു താങ്കൾക്കറിയാമോ? സദസ്സിലിരിക്കുന്ന ശാലയുടെ മദ്ധ്യത്തിലാണ്'— ഒരു നാടകഗ്രന്ഥകർത്താ 'സദസ്സിൽ ചെന്നിരിക്കാൻ' പുറപ്പെടുന്നവർ ഈ രണ്ടു ചങ്ങാതിമാരും പ്രകടിപ്പിച്ച കല്പനാസൃഷ്ടികളെ പ്രയോഗിപ്പാൻ സമർത്ഥന്മാരും സന്നദ്ധന്മാരായിരിക്കേണമെന്നാണ് എനിക്കു പറവാനുള്ളത്. നാടകം ശ്രാവ്യകാവ്യമല്ല, ദൃശ്യകാവ്യമാണ്. ആ സ്ഥിതിക്കു, നാടകത്തിലെ ശ്ലോകങ്ങളേയും മററും വായിക്കുമ്പോഴും, മനസ്സുകൊണ്ടു താന്താങ്ങൾ നടന്മാരും സദസ്യന്മാരും നിലകളിൽ നിന്ന് അതിനെ ഗുണദോഷനിരൂപണം ചെയ്യേണ്ടതാവശ്യമാണ്. ഇതു കുറെയൊരു ശ്രമസാദ്ധ്യവും, പരിചയത്താലല്ലാതെ സുലഭമല്ലാത്തതുമായ കാര്യമാകുന്നു. എന്നാൽ, ഇതു ചെയ്യു മതിയാവുന്നതാണ്. ഈ നിരൂപണം ചെയ്തു നോക്കുമ്പോൾ ഈ പുതിയ വേഷത്തിൽ പല ഭാഗവും എങ്ങനെ തോന്നുന്നതാണെന്ന വഴിയെ പ്രതിപാദിക്കാം.

(തുടരും)

കെ. രാമകൃഷ്ണപിള്ള ബി. ഏ.

പലവക

൧. ഈ മാസം ൯-ാം൹ തൃശ്ശിവപേരൂർ സർക്കാർ ഹൈസ്കൂളിൽ വെച്ചു ദർബാർ മുഖാന്തരം കിള്ളിമംഗലത്തു നടത്തു നാരായണൻ നമ്പൂതിരിപ്പാടിലേക്കു കൊട്ടാരത്തിൽ വലിയ കോയിതമ്പുരാൻ (മെഡൽ) അനുവാദം ബ്രിട്ടീഷ് പ്രതിനിധിയിൽനിന്നു മഹാരാജാക്കന്മാരുടെ സന്നദും മുദ്രയും ലഭിച്ചിരിക്കുന്നു.

൨. കൊല്ലംതോറും തൃശ്ശിവപേരൂർ വെച്ചു നടത്തിവരുന്ന പ്രദർശനവും സ്കൂൾകുട്ടികളുടെ കായികാഭ്യാസപരീക്ഷയും ഇക്കൊല്ലവും ശരിയായി നിർവ്വഹിച്ചിരിക്കുന്നു.

तप्तमुद्राधारणम्।

निर्णयसिन्धौ तप्तमुद्राधारणमुक्तम् ।
तथा— रामार्चनचन्द्रिकायां भविष्ये—
"शयन्यां चैव बोधिन्यां चक्रतीर्थे तथैव च ।
शंखचक्रविधानेन वह्निपूतो भवेन्नरः" ॥ इति ।
"अग्निहोत्रं यथा नित्यं वेदस्याध्ययनं यथा ।
ब्राह्मणस्य तथैवेदं तप्तमुद्रादिधारणम्" ॥
इति पाद्मपुराणे च । तत्प्रकारस्तु रामार्चनचन्द्रिकातो ज्ञेयः ।
पृथ्वीचन्द्रोदयादयस्तु—
"यस्तु सन्तप्तशंखारिलिंगाचिन्हिततनुर्नरः ।
स सर्वयातनाभोगी चण्डालो जन्मकोटिषु ॥
द्विजं तु तप्तशंखारिलिंगांकिततनुं नरः ।
संभाष्य रौरवं याति यावच्चन्द्राश्चतुर्दश" ॥
इति बृहन्नारदीयोक्तेः
"शंखचक्राद्यंकनं च नृत्यगीतादिकं तथा ।
एकजातेरयं धर्मो न जातु स्यात् द्विजन्मनः ॥
शंखं चक्रं मृदा यस्तु कुर्यात्तप्तायसेन वा ।
स शूद्रवत् बहिष्कार्यस्सर्वस्मात् द्विजकर्मणः ॥
यथा श्मशानजं काष्ठमनर्हं सर्वकर्मसु ।
तथा चक्रांकितो विप्रस्सर्वकर्मसु गर्हितः" ॥
तथा—
"शिवकेशवयोरंकान् शूलचक्रादिकान्द्विजः ।
न धारयेत मतिमान् वैदिके कर्मणि स्थितः" ॥
इति विष्ण्वाश्वलायनादिवचनात् ऋग्वेदादिश्रुतीनामेतदर्थकवाक्याभावादन्यासां च श्रुतीनामसत्वाच्च चक्रादिधारणं शूद्रविषयमित्यूचुः । नित्यं चोदनार्थे निषिद्धमिति श्रीधरस्वामी । यद्यपि निषेधस्य प्राप्तिपूर्वकत्वात् विधिं विनाऽपि तद्योगात् उपजीव्यविरोधेन वा पशौ करोतीतिवत् विकल्पोऽयुक्तः तथापि 'एकजातेरयं धर्म' इत्यनेन सामान्यवाक्येनोपसंहारात् द्विजातिनिषेधो नित्यानुवाद इति तदाशयः । अत्र शिष्टाचार एव सकलपाशनिस्सरणमुचिरिति संक्षेपः ।
हेमाद्रौ प्रायश्चित्ताध्याये तप्तमुद्राधारिणश्चान्नप्रतिगृहीतुश्च प्रायश्चित्तमुक्तम् ।
वायुपुराणे—
"ब्राह्मणो यदि मोहात्मा तापयेद्वह्निमुद्रया ।
न कर्मार्हो भवेदत्र स वै पाषण्डसंज्ञितः" ॥
नारदीये—
"ब्राह्मणस्य तनुर्ज्ञेया सर्वदेवमयी यतः ।
सा येन सन्तापिता येन किं वक्ष्यामि महैनसम्"
ब्रह्माण्डे—
"चक्रांकिततनुं दृष्ट्वा लिंगांकिततनुं तथा ।
जपेद्वा पौरुषं सूक्तमन्यथा रौरवं व्रजेत्" ॥
लिंगपुराणे—
"चक्रशंखौ तापयित्वा यस्य देहे प्रदृश्यते ।
स जीवच्छूद्रवत्त्याज्यः सर्वधर्मबहिष्कृतः" ॥
आदित्यपुराणे—
"वेदेषु यज्ञभागेषु यस्य नास्त्यधिकारिता ।
स तापयित्वा चक्रादीन् धारयेत् स्वभुजद्वये" ॥
नृसिंहपुराणे—
"ब्राह्मणो मोहमापन्नो धारयेद्यदि मुद्रिकाः ।
तस्य दर्शनमात्रेण कुर्यात् सूर्यावलोकनम्" ॥
अग्निपुराणे—
"पूर्वजस्य तनुं दग्ध्वा शंखचक्रादिभिः पृथक् ।
तस्यैव निष्कृतिर्नास्ति स्नानदानजपादिभिः ॥
केशानां वपनं कृत्वा पुनस्संस्कारमाचरेत् ।
गर्भगोळात् समुद्धृत्य गर्भाधानादिपूर्वकम् ॥
षोडशावृत्त्यैव कृच्छ्राणां प्रायश्चित्तमुदीरितम् ।
अज्ञात्वा मुद्रजो यत्र मुद्रां दग्धेश्च आदरात् ॥
सुवर्णमात्रसंग्राही प्राजापत्यं समाचरेत् ।
तदर्धं पुनः कृत्वा त्र्यहमात्र उपोषणम् ॥
कृत्वा शुद्धिमवाप्नोति शुद्धिर्नान्यत्र दृश्यते" ।
हारीतस्मृतौ—
"देवानां च मनुष्याणां तथान्येषां च लाञ्छनम् ।
न कुर्यान्मोहतो वाऽपि यदि कुर्यात् पतत्यधः" ।
इत्यादि ।

इति कस्मिंश्चित् पुरातनग्रन्थे सन्दृश्यते ।

മംഗളോദയം

[illegible]

പുസ്തകം ൩.	കന്നിമാസം	ലക്കം ൧

മംഗളം

[illegible]

പരിണാമം



ജ്ഞാനം, ക്രിയ, ഫലം എന്നിങ്ങിനെ മൂന്നു വിധം വിഷയവ്യവഹാരങ്ങളെ സ്വീകരിച്ചു ഒരു മതവുമില്ല ശാസ്ത്രവുമില്ല. ജ്ഞാനക്രിയാഫലങ്ങളുണ്ടെന്ന പക്ഷത്താൽ സിദ്ധാന്തം വിചാരിപ്പാനുമല്ല. മതങ്ങളും ശാസ്ത്രങ്ങളും അനേകങ്ങളെങ്കിലും അവയെല്ലാം ദ്വൈതം, അദ്വൈതം എന്ന രണ്ടു വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ദ്വൈതമതങ്ങളിൽ കർത്തൃവ്യാപാരത്തിന്നു പ്രാധാന്യം കല്പിക്കുന്നവരും പരിണാമവാദികളുമാണ് പ്രമാണികളായി നില്ക്കുന്നത്. എന്നാൽ വാസ്തവത്തിൽ ഈ രണ്ടു സിദ്ധാന്തങ്ങളും തമ്മിൽ [illegible] ആശ്രയിക്കുന്ന കാര്യത്തിലൊന്നുപോലെ വസ്തുസ്വരൂപത്തെ പറയുന്ന കാര്യത്തിലും വലിയ വ്യത്യാസമൊന്നും സ്വീകരിച്ചിട്ടില്ല. ഈ സംഗതി ഒട്ടുതന്നെ അല്പം വിശദമായി കാണിക്കാം:—

കർത്തൃവ്യാപാരമെന്നതിന്നു കർത്താവു ചെയ്യുന്ന ക്രിയ എന്നാണല്ലോ യഥാശ്രുതമായ അർത്ഥം. ക്രിയയെന്നത് ഒരു ചേഷ്ട അല്ലെങ്കിൽ ചലനം മാത്രമാകുന്നു. പൂർവ്വസ്ഥാനത്തിൽനിന്നു വിഭാഗവും പരസ്ഥാനത്തിൽ സംയോഗവും ഉണ്ടാകാതെ യാതൊരു ചലനവും സംഭവിക്കുന്നതല്ല. ഗുണങ്ങളെല്ലാം ഓരോരോ വസ്തുക്കളെ ആശ്രയിച്ചുകൊണ്ടിരിക്കുമ്പോഴും അതാതു വസ്തുക്കളിലുള്ള ഗുണങ്ങളിലൊക്കെ അതാതു ഗുണങ്ങളുടെ

ടു കൂടിയ വസ്തുക്കൾക്കു തമ്മിൽ ഭേദമില്ലാത്തതുകൊണ്ട് ഏതൊരു വസ്തുവിൻെറ ചലനവും പരിണാമസ്വരൂപമായിട്ടല്ലാതെ പര്യവസിക്കുന്നതുമല്ല. അതിനാൽ കാര്യവ്യാപാരം എന്നു പറയുന്ന ചലനത്തെത്തന്നെയാണ് പരിണാമവാദികൾ പരിണാമമെന്നു പറയുന്നത്. പ്രകൃതിയുടേയോ ആത്മാവിൻേറയോ ഗുണങ്ങളാണെന്നു പറയുന്ന ജ്ഞാനം, രാഗം, ദ്വേഷം മുതലായതിനെപ്പററി പറയുമ്പോൾ ഈ ചലനത്തിന്റെ പ്രകാരഭേദമാണെന്ന് സാധാരണ വ്യവഹാരം എന്നല്ലാതെ വസ്തുസ്വരൂപത്തിൽ യാതൊരു വ്യത്യാസവുമില്ല. പ്രകൃതിശാസ്ത്രപണ്ഡിതന്മാർ ഭൂതങ്ങളായ വായു മുതലായതിൻെറ ചലനവിശേഷം തന്നെയാണ് പ്രകാശമെന്നു വ്യവസ്ഥാപിച്ചിട്ടുള്ളതും ഈ സംഗതിയിൽ യോജിച്ചിരിക്കുന്നതല്ലോ. ഇതുകൊണ്ടു ബീജം അങ്കുരമാകുന്നതും മരമാകുന്നതും വളരുന്നതും പൂക്കുന്നതും കായ്ക്കുന്നതും കായ മൂക്കുന്നതും പഴുക്കുന്നതും ഭൂമി കടലാകുന്നതും കടൽ ഭൂമിയാകുന്നതും കാടു നാടാകുന്നതും നാടു കാടാകുന്നതും മററുമിപ്രകാരത്തിലുള്ള മാററവും ഏതൊരു വ്യാപാരംകൊണ്ടുണ്ടാകുന്നുവെന്നു കാര്യവ്യാപാരവാദികൾ സിദ്ധാന്തിക്കുന്നുവോ ആ വ്യാപാരത്തെത്തന്നെയാണ് പരിണാമവാദികൾ പരിണാമമെന്നു പറയുന്നത്.

ഈ പരിണാമം ഈശ്വരൻെറ ചേഷ്ടയാണെന്നു വന്നാൽ പരിണമിക്കുന്ന വസ്തു ഈശ്വരനിൽനിന്നു പുറമെയുള്ളതാണെന്നും അതിനെ ഈശ്വരൻ ചലിപ്പിക്കുന്നുവെന്നും ഉള്ള തത്വം അധികം ആലോചിക്കാതെ തന്നെ അറിയാവുന്നതാകുന്നു. അതുകൊണ്ടു കാര്യവ്യാപാരവാദികൾ ദ്വൈതമതത്തെ അവലംബിച്ചിട്ടുള്ളവരാണെന്നും തീർച്ചപ്പെടുന്നു. പരിണാമവാദികളിൽ പ്രസിദ്ധന്മാരായ സാംഖ്യന്മാർ മുതലായവർ പ്രകൃതി എന്നൊരു പദാർത്ഥമുണ്ടെന്നും അതിൻെറ പരിണാമമാണ് ഈ ലോകമെന്നും അതു അനാദിയായി എപ്പോഴും നിലനില്ക്കുന്നതാണെന്നും പറയുന്നു. ഈ പക്ഷത്തിൽ ഈശ്വരനിൽനിന്നു പുറമെ ഒരു ശക്തിയുണ്ടെന്നു സ്വീകരിച്ചിരിക്കയാൽ ഇവരും ദ്വൈതികൾതന്നെ. വിവർത്തവാദികളാണെന്നു പറയുന്ന വേദാന്തികളാണ് അദ്വൈതികളായിട്ടുള്ളത്. പക്ഷെ വിവർത്തത്തിൻെറ സ്വരൂപവും പരിണാമം തന്നെയാകയാൽ സൂക്ഷ്മത്തിൽ ഇവരെയും ദ്വൈതികളെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. വിവർത്തപരിണാമങ്ങൾ ഒന്നായിത്തീരുന്നതിൻെറ സമ്പ്രദായം വിവരിക്കുന്നതുകൊണ്ടുതന്നെ ഈ വേദാന്തികളും ദ്വൈതികളാണെന്ന സംഗതി സ്പഷ്ടമാകുന്നതിനാൽ ആ സമ്പ്രദായത്തെയാണ് ഇനി കാണിക്കുന്നത്.

എന്നും പറഞ്ഞുകേൾക്കുന്ന വെള്ളത്തിൽ തിരയും നുരയും, ചുഴിയും ഓളവും, ഉണ്ടാകുന്നതെങ്കിലും അവയെല്ലാം വെള്ളത്തിൽനിന്നു വേറെയല്ലായ്കയാൽ വെള്ളം മാത്രമാണല്ലോ. അതുപോലെ ലോകവും ജ്ഞാനസ്വരൂപമായ ബ്രഹ്മത്തിൽനിന്നു വേറെയാകാതെതന്നെ സ്ഥിതിചെയ്യുന്നുവെന്നും തിരയും നുരയുമെല്ലാം വെള്ളത്തിൻെറ വിവർത്തമായതുപോലെ ലോകവും ബ്രഹ്മത്തിൻെറ വിവർത്തമാണെന്നും ഇവർ പറഞ്ഞുവരുന്നു. എന്നാൽ വായുവിൻെറ സഹായം കൂടാതെ കേവലം വെള്ളത്തിൽ തിരയുണ്ടാകുവാൻ തരമില്ലല്ലോ. അതുപോലെ ബ്രഹ്മത്തിൽ ലോകസ്വരൂപമായ വിവർത്തം ഉണ്ടാകുന്നതിന് ഏതിൻെറ സഹായമാണെന്നുള്ള ചോദ്യത്തിന് ഇവർതന്നെ മായ എന്നൊരു ശക്തി ബ്രഹ്മത്തിലുണ്ടെന്നും അത് അനിർവ്വചനീയമാണെന്നും സമാധാ

ന്നു പറയുന്നു. ഇതിനെ പിന്നെയും അവിടെ എത്തിയപ്പോഴാണ് തോന്നി മുമ്പിലത്തെ കാര്യം തന്നെ അനേകത്തുകൊണ്ടാണ് ഇവരും ദ്വൈതികളാണെന്നു പറയേണ്ടിവരുന്നത്. ഇവർ അദ്വൈതികളാണെങ്കിൽ അതിനെ ആയിരിക്കട്ടെ. വിവർത്തമെന്നുള്ള പരിണാമം തന്നെയാണെന്നു സമ്മതിയ്ക്കാതെ കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ വെള്ളം ചലിയ്ക്കാതെ, അതിന്റെ വിവർത്തം ഒരിയ്ക്കലും ഉണ്ടാകുന്നില്ല. ചലനം തന്നെയാണ് പരിണാമമെന്നു നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അതുമാത്രമല്ല—

'വിശ്വം [illegible]
[illegible] സംവിത്ക്രിയാഫലം'

എന്നു തുടങ്ങിയ പ്രമാണങ്ങളെക്കൊണ്ടു സംവിത്ത്, ക്രിയ, ഫലം എന്നിങ്ങിനെ മൂന്നായി സ്ഫുരിയ്ക്കുന്നത് ഒരേ ജ്ഞാനമാണെന്നും അതിനെത്തന്നെയാണ് 'ഗ്രാഹകഗ്രഹണഗ്രാഹ്യങ്ങ'ളെന്നോ 'ജ്ഞാതൃജ്ഞാനജ്ഞേയങ്ങ'ളെന്നോ 'സംവിത്ക്രിയാഫലങ്ങ'ളെന്നോ ഏതു വിധത്തിലെങ്കിലും മൂന്നായി വ്യവഹരിയ്ക്കുന്നതെന്നും ഈ വേദാന്തികൾ സിദ്ധാന്തിയ്ക്കുന്നു. സംവിത്ത് എന്നതു ജ്ഞാനസ്വരൂപമായ ചൈതന്യമാണ്. ചൈതന്യത്തിനു പരിണാമം വരുന്നതല്ല. വിവർത്തമെന്നതു തോന്നൽ മാത്രമാണ്. ഇതിനെ പരിണാമമെന്നു പറയുവാനോ പാടില്ല എന്നും മറ്റും അവർ വാദിയ്ക്കുന്നില്ലെന്നില്ല. പക്ഷേ അത് ഒരു പക്ഷം പറയുന്നതിൽ [illegible] കാണുന്നുള്ളൂ. [illegible] വ്യത്യാസപ്പെടുത്തുന്നതുപോലെയല്ലാതെ അർത്ഥത്തിൽ [illegible] വ്യത്യാസമില്ല. അദ്വൈതികളായ [illegible] ചൈതന്യപ്രകാ

പരിണാമത്തെ പരിണാമമെന്നു പറയുന്നത്. വൃത്തി എന്നു പറയുന്നതും ജ്ഞാനമായ [illegible] പരിണാമത്തെയാണ് പരിണാമമെന്നു പറയേണ്ടത്. ഇതിനെ വിവരിച്ചിട്ടുണ്ട്. അപ്പോൾ പക്ഷി, കരി [illegible] എന്നുള്ള ഭേദം മാത്രമാണ്. കാര്യം [illegible] ദ്വൈതവ്യവഹാരമാകട്ടെ അദ്വൈതവ്യവഹാരമാകട്ടെ വ്യവഹാരം ഉണ്ടെങ്കിൽ അതെല്ലാം ജ്ഞാനക്രിയാഫലങ്ങളെ അവലംബിയ്ക്കാതെ നിവൃത്തിയില്ലാത്തതുപോലെ ജ്ഞാനക്രിയാഫലങ്ങളുടെ [illegible] ജ്ഞാനസ്വരൂപമായ സംവിത്തിന്റെ വൃത്തിയെന്നോ വിവർത്തമെന്നോ പരിണാമമെന്നോ പറയാതെ നിവൃത്തിയില്ല. ഈ ശബ്ദങ്ങളെ സൂക്ഷ്മവിചാരത്തിൽ ഒരേ അർത്ഥമായിരിയ്ക്കും [illegible]. എന്തിനെന്നാൽ— 'വിവർത്തവാദി' എന്നു പറയുന്ന അദ്വൈതികളുടെ മതത്തിലും ജ്ഞാനശക്തി, ഇച്ഛാശക്തി, ക്രിയാശക്തി എന്നിങ്ങിനെ മൂന്നുവിധം പരിണാമവും ഒരേ ശക്തിയാണെന്ന് അവർ പറയുന്നുണ്ട്. ജ്ഞാനശക്തി എന്നതിന്റെ [illegible] പരിണാമം ഇച്ഛാശക്തിയാണെന്നും അതിന്റെ പരിണാമം ക്രിയാശക്തിയാണെന്നും അവർ വ്യവഹരിയ്ക്കുന്നു. എന്നു തന്നെയല്ല ഇച്ഛയുടെ സ്വരൂപം ഫലത്തെ പ്രാപിയ്ക്കുവാനുള്ള [illegible] ഫലമെന്നത് ആ [illegible] വിഷയമായ പദാർത്ഥവുമാണെന്നും ആ പ്രകാരമുള്ള ഫലത്തെ പ്രത്യക്ഷമാക്കുന്നതിൽ [illegible] വ്യാപാരം തന്നെയാണ് ക്രിയാശക്തിയായതെന്നും വിവരിയ്ക്കുന്നുണ്ട്. പദാർത്ഥമെന്നു പറയുന്ന രൂപത്തിൽ പരിണാമത്തിന്റെ [illegible] ജ്ഞാനശക്തി ആ രൂപത്തിൽ നിന്നു [illegible] ഉൾപ്പെടുത്തിയിട്ടില്ല. ചിദാനന്ദജ്ഞാനശക്തിയ്ക്കു പരിണാമമുണ്ടെ

ന്ന സമ്മതിച്ചാൽ ജ്ഞാനശക്തിസ്വരൂപമായ ബ്രഹ്മത്തിന്നു പരിണാമം വരുന്നുണ്ടോ എന്ന ശങ്കപ്പെട്ടിട്ടായിരിക്കാം ഇവർ ജ്ഞാനശക്തിയുടെ പരിണാമത്തിന്ന് വൃത്തി എന്ന നാമകരണം ചെയ്തിരിക്കുന്നത്. ബുദ്ധികളുടെ പേരുമാറിയാൽ ഏതും വരുമെങ്കിൽ വൃത്തിയും പരിണാമവും ഒന്നായി വന്നേക്കാം. ഇപ്പോൾ സ്പഷ്ടമായല്ലോ. ഇങ്ങിനെ വൃത്തിയും വിവർത്തവും കല്പിച്ചാലും പരമാർത്ഥത്തിൽ പരിണാമത്തിൽ തന്നെ അന്തർഭൂതമായിട്ടാണിരിക്കുന്നത്. പരിണാമത്തിന്റെ ഭേദമാണെന്ന വേണമെങ്കിൽ സമ്മതിക്കാം. പരിണമിക്കുന്ന വസ്തുക്കളുടെ സ്വഭാവത്തെ അനുസരിച്ച് പരിണാമത്തിന്ന ഭേദം വരുന്നത് അനുഭവസിദ്ധമാണല്ലോ. മണ്ണ് അഗ്നിസംബന്ധമുള്ള പാകത്തിന്നു പാകമാവുമ്പോഴും മണ്ണു കുടമാകുമ്പോഴും പരിണാമസ്വരൂപം ഒരുപോലെയല്ല എങ്കിലും രണ്ടും പരിണാമമാണെന്ന സമ്മതിക്കാതെ കഴിയുന്നതല്ല. വസ്തുസ്ഥിതി ഇപ്രകാരമാകയാൽ കേവലം ശാസ്ത്രകർത്താക്കന്മാരായ ആചാര്യന്മാർ ശാസ്ത്രവിചാരശീലന്മാർക്കതിന്ന വെവ്വേറെ മതങ്ങളും ശാസ്ത്രസിദ്ധാന്തങ്ങളും വിചാരത്തിന്റെ സോപാനപരമ്പരകളാക്കി വെച്ചിരിക്കുന്നതെന്നല്ലാതെ വിവർത്തവാദിയെന്നോ ആരംഭവാദിയെന്നോ പരിണാമവാദിയെന്നോ ഉള്ള ഭേദത്തിൽ അവക്കു ചേരിയ സിദ്ധാന്തമുണ്ടെന്ന തോന്നുന്നില്ല. അതിനാൽ ദ്വൈതമെന്നും അദ്വൈതമെന്നും ഉള്ള വ്യവഹാരവും ഈ വിചാരസോപാനഭേദങ്ങളെ മാത്രമാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. ശേഷം ചിന്ത്യം.

എ. കൃഷ്ണൻ എമ്പ്രാന്തിരി.

ചരിത്രസാമഗ്രികൾ

(ഇന്ത്യ)

തുടർച്ച

5. സംസ്കൃതഭാഷയിലുള്ള ഗ്രന്ഥസമൂഹങ്ങൾ—(1) വേദങ്ങൾ, വേദാംഗങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ എന്നിങ്ങിനെയുള്ള വൈദികമായ ഗ്രന്ഥങ്ങളുടെ സമൂഹം; (2) വിവിധധർമ്മങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന സ്മൃതിഗ്രന്ഥങ്ങളുടെ സമൂഹം; (3) ഇതിഹാസപുരാണഗ്രന്ഥങ്ങളുടെ സമൂഹം; (4) പിന്നെ ജ്യോതിഷം, വൈദ്യം, തർക്കം, വ്യാകരണം, വേദാന്തം, സാംഖ്യം, യോഗം, മന്ത്രം എന്നീ ശാസ്ത്രങ്ങളിൽ ഓരോന്നിലുമുള്ള ഗ്രന്ഥസമൂഹങ്ങൾ; (5) അ[illegible] പുറമെ കാവ്യനാടകാലങ്കാരങ്ങൾ, സംഗീതം, ഇതരസുകുമാരകലാവിദ്യകൾ, തച്ചുശാസ്ത്രം മുതലായവയിലോരോന്നിലുമുള്ള ഗ്രന്ഥസമൂഹങ്ങൾ—ഇങ്ങിനെ സംസ്കൃതഭാഷയിലുള്ള ഗ്രന്ഥങ്ങളെ പല സമൂഹങ്ങളായി വിഭജിക്കാവുന്നതാണ്. ഇവയിൽ ഓരോ എണ്ണത്തിലും അസംഖ്യം ഗ്രന്ഥങ്ങൾ നശിച്ചു പോയിട്ടുള്ളതായി അറിയുന്നുണ്ട്. രണ്ടായിരത്തിലധികം സംവത്സരങ്ങൾക്കു മുമ്പ് യാസ്കൻ എന്ന പേരായ പ്രസിദ്ധ വൈയാകരണൻ ഇന്ത്യ

ഷയ ആക്രമിച്ച കാലത്ത് അനേകം ഇവിടെനിന്നു് അസംഖ്യം ഗ്രന്ഥങ്ങൾ കൊണ്ടു പോയി ഈജിപ്തിൽ 'അലക്സാണ്ഡ്രിയ' എന്ന നഗരത്തിൽ സൂക്ഷിച്ചതായും, പിന്നീടു് അനവധി കാലം കഴിഞ്ഞതിന്റെ ശേഷം മുസൽമാന്മാരുടെ ആക്രമണകാലത്ത് ആ നഗരം നശിപ്പിച്ചതോടുകൂടി ആവക ഗ്രന്ഥങ്ങളും അവർ ചുട്ടുപൊടിച്ചതായുമുള്ള കഥകൾ ഇതരദേശീയന്മാരുടെ ചരിത്രഗ്രന്ഥങ്ങളിൽനിന്നു കാണുന്നുണ്ട്. ഇത്രയും നശിപ്പിച്ചില്ലെങ്കിലും ഏഴു ശതാബ്ദം മുമ്പു മുതൽ ഓരോ കാലങ്ങളിലായി പോർത്തുഗീസ്, ലന്ത, പരന്ത്രീസ്സ്, ഇംഗ്ലീഷ് എന്നീ യൂറോപ്യദേശീയന്മാർ ഇന്ത്യയിലേക്കു് ആദ്യം കച്ചവടത്തിനായിട്ട് വരികയും, പിന്നീടു ക്രമേണ ഓരോ രാജ്യങ്ങളെയായി കൈക്കലാക്കുകയും, അപ്പോഴെല്ലാം പല വിധത്തിലുള്ള നാശങ്ങളും ഓരോ ദിക്കിൽ വരുത്തിക്കൂട്ടുകയും, ചെയ്തിരുന്നുവെങ്കിലും അവർ (പ്രധാനമായിട്ടു പരന്ത്രീസ്സുകാരും ഇംഗ്ലീഷുകാരും) അതാതു ദിക്കുകളിലുണ്ടായിരുന്ന ഗ്രന്ഥശാലകളെ സൂക്ഷിക്കുന്നതിൽ മനസ്സിരുത്തുക പതിവായിരുന്നു. മുസൽമാൻചക്രവർത്തിമാരിൽ പലരും ഇന്ത്യയിലുള്ള വിദ്വാന്മാരെ യഥോചിതം പൂജിക്കുകയും, ഹിന്തുക്കളുടെ വേദശാസ്ത്രപുരാണേതിഹാസാദിഗ്രന്ഥങ്ങളെ ആദരിക്കുകയും ചെയ്തിരുന്നു. ഈ വക കാരണങ്ങളെക്കൊണ്ടു നമ്മുടെ പൂർവ്വന്മാർ ഓരോ വിഷയത്തിലും സമ്പാദിച്ചുവെച്ചിട്ടുള്ള ഗ്രന്ഥങ്ങൾ തീരെ നശിച്ചു പോവാതിരിപ്പാനിടയായിത്തീർന്നു. ആ വക ഗ്രന്ഥങ്ങളാസകലവും മുൻപറഞ്ഞ യൂറോപ്യരാജ്യങ്ങളിലെ പ്രധാനനഗരങ്ങളിലുള്ള പുസ്തകശാലകളിൽ ശേഖരിക്കപ്പെട്ടിട്ടുണ്ട് എന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ അത്യുത്സാഹത്തിൽ അവയിൽ പലതും ഇന്ത്യയിൽ പലേടത്തുമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ലണ്ടൻ, പാരീസ്, ബർലിൻ എന്നീ നഗരങ്ങളിലെ പുസ്തകശാലകളിലുള്ള ശേഖരിപ്പെട്ടവ ഇവയ്ക്കുള്ളിൽ കാണാമോ എന്നു സംശയമാണ്. എന്നാലും നമുക്ക് അവയുടെ പരിശോധനത്തിനവകാശമില്ല. എന്തെന്നാൽ നമ്മുടെ ഗ്രന്ഥസമൂഹങ്ങളെ പൊതുജനസമക്ഷം പ്രകാശിപ്പിക്കുന്നതിനു് അവർ വളരെ ശ്രമം ചെയ്യുന്നുണ്ട് എന്ന കാര്യത്തിൽ സംശയം വരാനില്ല. ഏകദേശം നൂറു സംവത്സരങ്ങൾക്കു മുമ്പു മുതൽ ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിലായി സംസ്കൃതഭാഷാപണ്ഡിതന്മാരായ അസംഖ്യം പാശ്ചാത്യവിദ്വാന്മാർ അവരവരുടെ രാജ്യങ്ങളിൽ ശേഖരിക്കപ്പെട്ടിരുന്ന സംസ്കൃതഗ്രന്ഥങ്ങളെ — പല ലിപികളിൽ എഴുതപ്പെട്ടിട്ടുള്ളവയും, ഏടുകൾ ചിതലരിച്ചു പോയിട്ടുള്ളവയും, അവ്യക്തമായിട്ടുള്ളവയുമായ ഗ്രന്ഥങ്ങളെ — വളരെ ബുദ്ധിമുട്ടി വായിച്ചു മനസ്സിലാക്കുകയും, ഓരോന്നിന്റെയും പല പാഠഭേദങ്ങളെ നോക്കി പരിശോധിക്കുകയും, അതിന്റെ ശേഷം അവയെ നാഗരാക്ഷരത്തിൽ അച്ചടിക്കുകയും, ചെയ്തു പോരുന്നു; അച്ചടിക്കുക മാത്രമല്ല, അവയെ ഓരോന്നായി സ്വഭാഷകളിലേക്കു തർജ്ജമ ചെയ്തും വരുന്നു. പ്രൊഫസർ മാക്സ്മുള്ളർ എന്ന മഹാനാണ് ശിരോരത്നമായി വെച്ച് ഋഗ്വേദത്തെ മേൽപറഞ്ഞ പ്രകാരം പരിശോധിച്ചു നാഗരാക്ഷരത്തിൽ ഒന്നാമതായി അച്ചടിച്ചത്. പുസ്തകം അത്യുത്തമമായിട്ടിരിക്കുന്നതിൽ വന്നിട്ടുള്ള അനേകം വൈദികന്മാരായ ബ്രാഹ്മണരും ഈ പ്രകാരമായിരുന്നുവെന്നു പറഞ്ഞറിയിക്കുവാൻ തരമില്ല. 'മാക്സ്മുള്ളർ അച്ചടിപ്പിച്ചു വെച്ച നമ്മുടെ വേദത്തെ ആ

ച്ചിട്ടുണ്ടല്ലൊ! ചിത്രം!! അതൊക്കെയും ശരിയായിട്ടു വല്ലവരും പാടില്ല നിശ്ചയം. അസാധ്യമായിരിക്കും.' എങ്കിലും അവരുടെ തൽക്കാലക്ഷേപമൊക്കെയായിരുന്നതിന്റെ ശേഷം ആ പുസ്തകത്തെ സാവധാനത്തിൽ പരിശോധിച്ചുനോക്കിയപ്പോൾ ഇതു വലിയ കാര്യമായ ഒരു ഗ്രന്ഥം. അതിൽ അവരുടെ കയ്യിലേക്കില്ല എന്നു് എല്ലാവർക്കും സമ്മതിക്കേണ്ടിവന്നു. ഇതിന്റെ ശേഷം പ്രൊഫസ്സർ മാക്സ്മുള്ളർ ഋഗ്വേദത്തെ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തു. പിന്നീടു സായണഭാഷ്യത്തോടുകൂടി ഋഗ്വേദത്തെ അച്ചടിപ്പിക്കയും, ഉപനിഷത്തുക്കളെ കൂടി ഇംഗ്ലീഷിലേക്കു ഭാഷാന്തരപ്പെടുത്തുകയും ചെയ്തു. ശാങ്കരഭാഷ്യസഹിതം വേദാന്തസൂത്രങ്ങളും അദ്ദേഹം അപ്രകാരം തർജ്ജമ ചെയ്യുകയുണ്ടായിട്ടുണ്ട്. സംസ്കൃതഭാഷയിൽ അദ്ദേഹം നോക്കാത്ത ഗ്രന്ഥങ്ങൾ വളരെ കുറച്ചു മാത്രമേ കാണുകയുള്ളു. ഓത്തുകളുടെ സംഗീതശാസ്ത്രം മാത്രം തന്റെ ബുദ്ധിക്കു ഗോചരമാകുന്നില്ല എന്നു് അദ്ദേഹം പറഞ്ഞിട്ടുള്ളതായി കേട്ടിട്ടുണ്ട്. അദ്ദേഹം ഇന്ത്യാരാജ്യത്തു വന്നിട്ടില്ല. എങ്കിലും നമ്മുടെ വേദങ്ങളും സ്മൃതികളും ശാസ്ത്രങ്ങളും പുരാണങ്ങളും മറ്റും പരിശോധിച്ചു ഗുണദോഷവിവേചനം ചെയ്തിട്ടുള്ളതു വായിച്ചുനോക്കിയാൽ എത്രമാത്രം സമർത്ഥമായിട്ടാണെന്നു ബോധപ്പെടാതിരിക്കുന്നതല്ല. പാണ്ഡിത്യംകൊണ്ടു പ്രൊഫസ്സർ മാക്സ്മുള്ളർ എന്ന മഹാനോടു തുല്യനായിട്ടുള്ളവരും, പിന്നെ മതത്തിൽ അല്പം താണ നിൽക്കുന്നവരുമായ അസംഖ്യം പാശ്ചാത്യവിദ്വാന്മാർ ഇപ്പോഴും നമ്മുടെ ഓരോ ഗ്രന്ഥങ്ങളെ ഭാഷാന്തരം ചെയ്യും, അവയെ നിഷ്പക്ഷമായിട്ടുകൂടി പരിശോധിച്ചു ചരിത്രസംബന്ധമായ ഓരോ തത്വങ്ങളെ അവയിൽനിന്നു കണ്ടുപിടിച്ചും, വരുന്നുണ്ട്. അക്കൂട്ടർ ഇപ്പോൾ നോക്കുന്നതായാൽ ഇംഗ്ലീഷിലേക്കു ഭാഷാന്തരപ്പെടുത്താതെ കണ്ടുള്ള സംസ്കൃതഗ്രന്ഥങ്ങൾ വളരെ കുറച്ചു മാത്രമേ ശേഷിച്ചിട്ടുള്ളവയായി കാണാവുന്നതാണ്. ഉത്സാഹശാലികളും പണ്ഡിതന്മാരുമായ ഇന്ത്യാക്കാരും ഇപ്പോൾ ഈ കാര്യത്തിൽ വളരെ ശ്രമം ചെയ്തുവരുന്നുണ്ട്. അവരിൽ രമേശചന്ദ്രദത്ത്, രാജേന്ദ്രലാലമിത്രൻ എന്നിവരെ കാലശേഷമായവരേയും, ഗംഗാധരതിലക്, ഡാക്ടർ ഭണ്ഡാർക്കർ എന്നീ മഹാന്മാരായ ജീവന്മാരേയും പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. രമേശചന്ദ്രദത്തന്റെ 'പ്രാചീനാർയ്യാവർത്തം' എന്ന ഗ്രന്ഥത്തെ ഒരു ചങ്ങാതി മലയാളഭാഷയിലേക്കു തർജ്ജമ ചെയ്തു പ്രസിദ്ധം ചെയ്തിട്ടുള്ള കഥ മിക്ക വായനക്കാർക്കും അറിയാമല്ലൊ. ഗംഗാധരതിലക് എന്ന പ്രസിദ്ധപുരുഷൻ 'ഓറിയൺ' എന്ന പേരോടുകൂടി ഒരു ഗ്രന്ഥവും, പിന്നെ പുരാതന ആര്യന്മാരുടെ ആദികാലത്തുള്ള വാസസ്ഥാനം ഇപ്പോൾ മഞ്ഞു കട്ടപിടിച്ചു കിടക്കുന്ന (ആറുമാസം രാത്രിയും ആറുമാസം പകലുമായിരിക്കുന്ന) ഉത്തരധ്രുവപ്രദേശങ്ങളിലായിരുന്നുവെന്നുള്ള സംഗതിയെ തെളിയിക്കുന്നതായ ഒരു ഗ്രന്ഥവും പ്രസിദ്ധമാക്കിയിട്ടുണ്ട്. 'ഓറിയൺ' എന്ന ഗ്രന്ഥത്തിൽ വേദം ഇപ്പോഴത്തെ ആകൃതിയിൽ രചിക്കപ്പെട്ടിട്ടുള്ളതെന്നാണെന്ന സംഗതിയെ തെളിയിക്കുന്നതിനുള്ള ജ്യോതിശ്ശാസ്ത്രസംബന്ധമായ ചില തെളിവുകളെക്കൊണ്ടു തെളിയിച്ചുകാണുന്നു. രണ്ടാം ഗ്രന്ഥത്തിൽ അദ്ദേഹം വേദത്തിൽനിന്നുതന്നെ ഓരോ ഭാഗങ്ങളെ പ്രമാണമായി

എടുത്ത് ഒരു വിഷയത്തെ യുക്തിയുക്ത* മായി പ്രതിപാദിച്ചിട്ടുള്ളതിനെ വായിച്ചു നോക്കേണ്ടതാണ്. യൂറോപ്യപണ്ഡിതന്മാർ ഇത്രയും സൂക്ഷ്മമായ സംഗതികളെ ഇതേവരെ കാണാനിടയാകാത്തതു ഒരു ആശ്ചര്യം തന്നെയാണ് എന്നു തോന്നിപ്പോകുന്നു. ഒരു ന[illegible]പ്പെട്ടതിനെക്കാളേറെ [illegible] ഒരു വിഷയത്തെ പ്രതിപാദിച്ചിട്ടുള്ളത്. ഒരു ഗ്രന്ഥത്തിന്റെ സാരസംഗ്രഹമായിട്ടെങ്കിലുമുള്ള സംക്ഷിപ്തരൂപമോ വായനക്കാർക്കാവശ്യമാണെങ്കിൽ അതിനെപ്പറ്റി ഒരു പ്രത്യേക ലേഖനം തന്നെ വേണ്ടിവരുന്നതാണ്.

ഗ്രന്ഥങ്ങളിൽനിന്ന് ചരിത്രവിഷയമായ സംഗതികളെ വേർതിരിച്ചെടുക്കുന്നതിനും മറ്റുമായി ഇന്ത്യയിലും യൂറോപ്പിലുമുള്ള വിദ്വാന്മാരുടെ ഉത്സാഹത്തിന്മേൽ പല സഭകൾ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഈ വക സഭകളുടെ ആഭിമുഖ്യത്തിൽ ഈ പ്രത്യേകാവശ്യത്തിനായി പല മാസികകളും പ്രസിദ്ധപ്പെടുത്തിവരുന്നു. അങ്ങിനെയുള്ള മാസികകൾമൂലമാണ് വിദ്വാന്മാർ തങ്ങളുടെ പ്രയത്നങ്ങളുടെ ഫലത്തെ അപ്പപ്പോൾ പരസ്യം മനസ്സിലാക്കാനാണ്.

ചിലർ വേദങ്ങളെ പരിശോധിച്ച് അവയുടെ ഭാഷാരചനാചാതുര്യത്തെയും മന്ത്രസൂക്തങ്ങളുടെ രീതിയെയും മറ്റും കണ്ട് അവയുടെ നിർമ്മാണത്തിന്റെ കാലത്തെ നിശ്ചയിക്കുന്നു. ചിലർ അവയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളിൽ നിന്ന് ഏറ്റവും പഴതായ വൈദികകാലത്തുള്ള ആര്യന്മാരുടെ ജനസമുദായത്തിന്റെ ആചാരാദികളും എപ്രകാരമായിരുന്നുവെന്നും, ഈശ്വരനെപ്പറ്റിയ അവരുടെ വിശ്വാസങ്ങൾ പ്രകാരമായിരുന്നുവെന്നും, വൈദികപ്രവൃത്തികൾ എപ്രകാരമെന്നും, അവരുടെ സമുദായത്തിന്റെ കെട്ടുപാട് എപ്രകാരമെന്നും, ഇതിഹാസാദികളിൽ [illegible] വ്യവഹാരങ്ങളെല്ലാറ്റിനെ [illegible] മറ്റുമുള്ള സംഗതികളെ മനസ്സിലാക്കുന്നു. ഈ രീതിയിൽത്തന്നെ ചിലർ സ്മൃതിപുരാണേതിഹാസാദി ഗ്രന്ഥങ്ങളെയും പരിശോധിച്ച് അവയിൽനിന്ന് കേൾപ്പാനുള്ളപ്രകാരമുള്ള സംഗതികളെ കണ്ടുപിടിക്കുന്നു. ഇതിഹാസപുരാണാദിഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന ഐതിഹ്യങ്ങളെല്ലാം ചരിത്രോപയോഗ്യങ്ങളായ സാധനങ്ങളായിട്ടവർ എടുക്കുന്നില്ല. അവയിൽ കാണുന്ന ഓരോ ഐതിഹ്യങ്ങളെ [illegible] വർഗ്ഗങ്ങളിൽ [illegible] ഏതെങ്കിലും [illegible] ന്നു നോക്കുന്നു. ഉണ്ടെങ്കിൽ ആ സംഗതിയെ ചരിത്രോപയോഗ്യമായിട്ട് സ്വീകരിക്കുന്നു. [illegible] സംശയനിവാരണം ചെയ്യുകയും ഉണ്ട്. എന്നാൽ പാശ്ചാത്യർ [illegible] ചരിത്രവിഷയ [illegible] സമ്പാദനമായിത്തീർന്നിട്ടുണ്ട്. ഒരു [illegible] [illegible] ന്നാണ്. [illegible] എന്നതും [illegible] എന്ന സംശയം [illegible] എന്നും [illegible]

* [illegible]

ളായ ചരിത്രവിഷയങ്ങൾ വെളിപ്പെടുത്തുന്നതിനു പലപ്പോഴും കാരണമായിത്തീർന്നിട്ടുണ്ടെന്നു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. അതിനാൽ ചരിത്രവിഷയാന്വേഷണകാര്യത്തിൽ കൃതിപ്രത്യയങ്ങൾക്ക് ഒരു മാന്യസ്ഥാനം കൊടുക്കേണ്ടതാണെന്നതിനു വാദമില്ല. മേൽകാണിച്ച സമ്പ്രദായത്തിൽത്തന്നെയാണു വിവിധശാസ്ത്രഗ്രന്ഥങ്ങളേയും കാവ്യനാടകാലങ്കാരാദിഗ്രന്ഥങ്ങളേയും മതവിഷയങ്ങളിലുള്ള ഗ്രന്ഥങ്ങളേയും മറ്റു പില വിദ്വാന്മാർ പരിശോധിക്കുന്നു. അവ ഇന്നിന്ന കാലങ്ങളിൽ ഇന്നിന്ന മഹാന്മാരാലാണ് എഴുതപ്പെട്ടിട്ടുള്ളതെന്നും, അതാതു കാലങ്ങളിൽ ഏതേതു വിഷയങ്ങൾക്ക് എത്രത്തോളം ഉൽക്കർഷം വന്നിട്ടുണ്ടായിരുന്നുവെന്നും, അവയൊന്നിലും അന്യരാജ്യങ്ങളിലെ മഹാന്മാരുടെ സഹായം ഇന്ത്യക്കാക്ക് എത്രത്തോളമുണ്ടായിട്ടുണ്ടെന്നും, അതുപോലെതന്നെ ഇതരദേശീയന്മാർക്ക് ആ വക വിഷയങ്ങളിൽ ഇന്ത്യക്കാരുടെ സഹായമെത്രയുണ്ടായിട്ടുണ്ടെന്നും മറ്റുമുള്ള പല സംഗതികളെ ആ വക ഗ്രന്ഥങ്ങളിൽ നിന്ന് അവർ കണ്ടുപിടിക്കുന്നു.

പാലി എന്ന പ്രാകൃതഭാഷയിൽ ബുദ്ധമതസിദ്ധാന്തങ്ങൾ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളും, ബുദ്ധമതത്തിലുള്ള ആചാര്യന്മാരുടെ ശാസ്ത്രവിഷയമായിട്ടുള്ള അനവധി ഗ്രന്ഥങ്ങളും, പിന്നെ ദക്ഷിണഖണ്ഡത്തിലുള്ള തമിഴ്, തെലുങ്ക്, കർണ്ണാടകം, മലയാളം മുതലായ ദ്രാവിഡഭാഷകളിലുള്ള ഗ്രന്ഥങ്ങളും ചരിത്രവിഷയാന്വേഷണത്തിനു പലവിധത്തിലും സഹായമായിത്തീർന്നിട്ടുണ്ട്. എന്നുതന്നെയല്ല ബുദ്ധമതക്കാരുടെ ഗ്രന്ഥങ്ങളാണ് ഹിന്തുക്കളുടെ ഗ്രന്ഥങ്ങളെക്കാൾ ഈ കാര്യത്തിൽ അധികം സഹായിക്കുന്നത് എന്നാണ് പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്.

6. ഭാഷാശാസ്ത്രം — സംസ്കൃതം, ഗ്രീക്, ലത്തീൻ മുതലായ ആര്യഭാഷാഗോത്ര പ്രധാനഭാഷകളുടെ നിഷ്പത്തിയെപ്പറ്റിയും ആവയിൽ താഴെ നില്ക്കുന്ന വേറെ ഏതു പരന്നോ ഭാഷകളിൽ സ്വാതന്ത്ര്യപൂർവ്വമായി സമ്പാദിച്ചിട്ടുള്ള പാണ്ഡിത്യമാണ് ഈ ശാസ്ത്രത്തിനധികാരികൾ. അവർ വിവിധഭാഷകളിലുമുള്ള ശബ്ദങ്ങളുടെ പ്രയോഗവിശേഷങ്ങളേയും രൂപഭേദങ്ങളേയും പരിശോധിച്ചിട്ട് ആ വക ഭാഷകൾ ഓരോന്നിനുമുള്ള സംബന്ധത്തെക്കാണുന്നു; അവയിൽ ചില ഭാഷകൾ തമ്മിൽ ഒരേ സാധർമ്യം അടുപ്പമുള്ളതായിക്കാണുന്നു; ഇതിൽ നിന്ന് അവയെ ഉപയോഗിച്ചുവരുന്ന ജനങ്ങൾക്ക് അന്യോന്യം പണ്ടുണ്ടായിരുന്ന സംബന്ധങ്ങളുടെ ഏറക്കുറെ മനസ്സിലാക്കുവാൻ തരമുണ്ടാകുന്നു. ഇങ്ങിനെയുള്ള തത്വങ്ങളെ കണ്ടുപിടിക്കുന്നതിനു ശ്രമം ചെയ്യുന്ന മേല്പറഞ്ഞ പണ്ഡിതവര്യന്മാരുടെ യത്നങ്ങളും പ്രകൃതവിഷയത്തിലേയ്ക്കു സഹായമായി ഭവിക്കുന്നു.

7. ലിപിപരിശോധനം — ഇതും കുറച്ചു കാലത്തിന്നിടയ്ക്ക് ഒരു ശാസ്ത്രമായിത്തീർന്നിരിക്കുന്നു. പല ജാതി അക്ഷരങ്ങളുടെ ഉല്പത്തി, അവയുടെ ആകൃതിവിശേഷങ്ങൾ, അവയ്ക്കു കാലാന്തരത്തിൽ വന്നിട്ടുള്ള രൂപഭേദങ്ങൾ മുതലായ സംഗതികളാണ് ഇതിലെ പ്രതിപാദ്യവിഷയം. ചരിത്രസംബന്ധമായ അനവധി കാര്യങ്ങൾ ഈ ശാസ്ത്രംകൊണ്ടും വെളിപ്പെടുന്നതാണ്.

8 അന്യരാജ്യക്കാരിൽ ചില മഹാന്മാർ പണ്ട് ഓരോ കാലങ്ങളിലായി ഇന്ത്യയിൽ വന്നു പല ദിക്കിലും സഞ്ചരിച്ചതിന്റെ ശേഷം തങ്ങൾക്കാലങ്ങളിൽ അ

വരെയുള്ള കണ്ടറിവുകളുള്ള ഇന്ത്യയിലെ ഓരോ രാജ്യങ്ങളേയും, തന്നിവാസികളേയും, രാജ്യഭരണസമ്പ്രദായങ്ങളേയും, ജനങ്ങളുടെ ആചാരവിശേഷങ്ങളേയും മററനേക സംഗതികളേയും വിസ്താരമായി വർണ്ണിച്ചുകൊണ്ടു ഗ്രന്ഥമെഴുതീട്ടുണ്ട്. അവയും മറെറാരു പ്രകൃതവിഷയത്തിന്റെ മാറ്റു പ്രദർശകങ്ങളാകുന്നു. യവനാചാര്യനായ മെഗസ്തനീസ്സ്, ചീനരാജ്യത്തെ പണ്ഡിതന്മാരായ ഫാഹിയാൻ, ഹുയൻസ്യാൻ എന്നവർ, റോമാക്കാരനായ പ്ലിനി എന്ന ഗ്രന്ഥകാരൻ, പെരിപ്ലസ് എന്ന ഭൂമിശാസ്ത്രഗ്രന്ഥത്തെ എഴുതീട്ടുള്ള ആളും, മുസൽമാൻകാരനായ അൽബെറൂനി എന്ന വിദ്വാൻ എന്നിങ്ങിനെ ഇതരദേശീയന്മാരായ അസംഖ്യം വിദ്വാന്മാർ പല കാലങ്ങളിലായി ഇന്ത്യയെപ്പററി ഗ്രന്ഥമെഴുതീട്ടുണ്ട്. ഈ വകക്കാരുടെ ഇടയിൽ ചരിത്രമെഴുതുക എന്ന സമ്പ്രദായമുണ്ടായിരുന്നതിനാലും, അവർ വർണ്ണിച്ചിട്ടുള്ളതെല്ലാം അവർക്കു പ്രത്യക്ഷമായിട്ടുള്ളവയുമായ സംഗതികളാകയാലും അവരുടെ ഗ്രന്ഥങ്ങളെ ഇന്ത്യാചരിത്രവിഷയത്തിൽ വിശ്വസനീയങ്ങളായിട്ടാണ് ചരിത്രകാരന്മാർ ഗണിച്ചിട്ടുള്ളത്. എന്നുതന്നെയല്ല; ഇന്ത്യയിൽ പുരാതനകാലങ്ങളിലെ ഓരോ സംഭവങ്ങളുടെ കാലം നിർണ്ണയിക്കുന്നതിന് അവരെയാണ് ഇന്ത്യാചരിത്രകാരന്മാർ പ്രമാണമായി സ്വീകരിച്ചിട്ടുള്ളത്. അവരെ അടിസ്ഥാനമാക്കീട്ടാണ് അവർ മററുവിധത്തിലും കണ്ടുപിടിപ്പാൻ തരമില്ലാത്ത അനവധി ചരിത്രസംഭവങ്ങളുടെ കാലത്തെ സ്ഥാപിച്ചിട്ടുള്ളത്.*

കെ. എം.

കാമദഹനം

കേട്ടന്നതാമപണമുഗ്ദ്ധശിഖയുദ്യോഗീ
കട്ടിൽക്കരചാല്ലുവിലവിൽകനിനകന്നു
മട്ടൊത്തകാതകൊതികൊണ്ടുവരുന്നതാർ (ചൊ.
ലിപ്പുത്തിലിനിത്തിരിതവാഹികന്യകളും.
തിലോത്തമക്കവിന്നുമതത്തിനിപ്പോൾ
തിലോദകംകാലമടുത്തുമതല്ലോ
തലോദരിണാംതിലകംപുരന്ദീ
വരാംഗിചരിപ്പണിചമ്പ്രപാത്രം.
കണ്ണെസ്വംഭോഗമമന്നതായിട്ടുണ്ടാവതിലേ
ക്കനാകശീനകതാ.
മമ്പുളീനിപുരാസമ്പ്രതിചരുത്തുവരി.
ഞ്ഞാവതെത്തുള്ളതാതാൽ

വരമ്പില്ലാതെത്തുമാർത്തുതന്നെരാടുപ്പുതാ-
ചീനിനകന്നുരും
വൻപാൽനേർവാണിപാദപ്രാപ്രധാവിഷയപ
കാമലേപമച്ചുവെ. (താ.
ഇന്ദ്രാണികിന്നവപുരന്ദരമന്ദിരേരകേ-
ളിന്നിവരാണിമതിയുന്നുകഴഞ്ഞതെല്ലാം
എന്താണതചസ്തുതിനിയെന്നനിത്രചരീ
മന്ദരമമ്പാംസിതെഗ്രന്ഥമെവരായാൽ. (യ.
ഇത്ഥംനാനാപ്രകാരംപലതരചവരീ-
ഞ്ഞുംസ്ഥരാബഭാനിനാം
മുഖരാഗിണാംതത്ഭൂമന്ദസ്മിതചരിയലോ.
ദൂരാദാരിളേലം

* Imperial Gazetteer of India. The Indian Empire Vol. II. ഈ പുസ്തകത്തിന്റെ സഹായംകൊണ്ടാണ് ഈ ലേഖനമെഴുതീട്ടുള്ളത്.

[illegible]

ഇതി കാമദഹനം പ്രബന്ധം സമാപ്തം

[illegible]

'ഭ്രൂണാം' എന്നേടത്ത്—
പ്രകൃതിപ്രസംഗരീത്യാ.
പ്രഹിണ്വന്തുപായഭൂതാഭ്രൂക്ഷേപാഃ
ഗണനാതീതവൈപരീത്യം.
മന്ദമന്ദംചാംവിശേഷാണാം
സ്മിതിതപുളകിതഗാത്രം.
സ്വംശ്രുതസ്യമതോപചാരസന്ദേശ്യം
പ്രത്യൂഷസിപ്രകൃതിജന്മാ
ധേംഗ്രഹാമ്പീന്ദ്രമല്യാന്ദ്യം
ഉദ്വൃത്യാദ്യാസ്ഥ്യം
സംവൃശ്യാവൈപുമ്പശ്യതിമവക്ഷ്യാഃ

ഭാലമനാഞ്ചപുംതല്ല്—
ത്യദ്വാസിതാൽപ്രളജന്മോഹനിദ്ധാതി,
തത്ത്വവസംകിയാഭാ
വേതാസമലംക്രിയതല്ലേലാഭ്യം
ഇതിപ്രപഞ്ചസ്ഥനാംഗ്യ
നോമതമിത്ത്യത്തരംജന്മോച്ചരതി.
ഉചിതാനാം ചിതാമതത്വം
നിത്യമപ്ബുദ്ധിപ്രവൃത്തിപദ്ധതൗ,
അമലതപമിംഗിതാനാം
ജഡജനസാധാരണോധർമ്മഃ.

സമാപ്തം

ജൈനസിദ്ധാന്തം

(അനേകാന്തവാദം)

ആർയ്യന്മാരുടെ സാമ്രാജ്യകാലത്തുണ്ടായിരുന്ന പല പണ്ഡിതന്മാരു, ലോകത്തിലുള്ള സകല സാമാന്യവസ്തുക്കളേയും പററി നിഷ്കൃഷ്ടമായി നിരൂപണം ചെയ്തിട്ടുണ്ട്. അവരുടെ നിരൂപണം പഞ്ചഭൂതം ഇതേവിയുള്ള പല വസ്തുക്കളേയും ശ്രദ്ധീകരിച്ചു പരമാണുതത്വം വരെ വ്യാപിക്കുന്നവയാണ്. പ്രാചീനകാലത്തെ ഈ വസ്തുനിരൂപണമാണ്, പിന്നീട് തത്വശാസ്ത്രം അല്ലെങ്കിൽ ദർശനശാസ്ത്രം എന്ന പേരിൽ പ്രസിദ്ധിയെ പ്രാപിച്ചത്. നിരൂപകന്മാരുടെ വിചാരഗതി വിഭിന്നരീതിയിലാകകൊണ്ടു നിരൂപണങ്ങളിൽ നാനാത്വം അപരിഹാര്യമായിത്തീൎന്നു. ഇതാണ് ബൌദ്ധദർശനം, ആർഹതദർശനം, ജൈമിനിദർശനം മുതലായ ദർശനങ്ങളിൽ പല വകഭേദങ്ങളും ഉണ്ടായതിനുള്ള കാരണം. ഇതിനെ ദർശനങ്ങൾ പല തരത്തിലായിത്തീൎന്നുവെങ്കിലും ദർശനകാരന്മാരുടെ വസ്തുനിരൂപണത്തിൽ ഒരു സംഗതി പ്രായേണ യോജിച്ചതായിത്തന്നെ ഇരിക്കുന്നുണ്ട്. അത്, പദാർത്ഥങ്ങളിൽ വിപരീതധർമ്മത്തെ അംഗീകരിക്കുന്നില്ലത്രേ. ഏതെങ്കിലും ഒരു ദ്രവ്യം നിത്യമാണെന്നോ സാമാന്യരൂപമാണെന്നോ മറ്റോ വ്യവസ്ഥാപിക്കുന്നതല്ലാതെ, വിപരീതമായ അനിത്യത്വം വിശേഷരൂപത്വം മുതലായ ധർമ്മങ്ങളും അതിനുണ്ടെന്ന് ആരും സിദ്ധാന്തിക്കുന്നില്ല. ആകാശം നിത്യമാണെന്നു വാദിക്കുന്ന നൈയായികന്മാർ, അതിനു തന്നെ അനിത്യത്വം കൂടി ഉണ്ടെന്നുള്ളതു സമ്മതമല്ല. ഒരു വസ്തുവിന് ഒരു ധർമ്മം മാത്രം കല്പിച്ചുകൊണ്ടുള്ള ഈ സിദ്ധാന്തത്തെ 'ഏകാന്ത (ഏകാന്തംഎന്നു കരുതുന്ന ആയ) വാദം' എന്നു നിർദ്ദേശിക്കാവുന്നതാണ്. മിക്ക ദർശനങ്ങളിലും

സങ്കീർണ്ണമായ ഈ ഏകാന്തവാദത്തെ ജൈനതത്ത്വജ്ഞാനികൾ മാത്രം സ്വീകരിക്കുന്നില്ല. അതിനാൽ ജൈനന്മാരെ അനേകാന്തവാദികൾ എന്നു പറയുന്നുണ്ട്. ഈ വാദത്തിന്ന 'സ്യാദ്വാദം' എന്നും പേര പറയാറുണ്ട്. അനേകാന്തവാദികളായ ജൈനന്മാരുടെ പക്ഷത്തിൽ നിയമേന നിത്യമായിട്ടോ അനിത്യമായിട്ടോ ഒരു പദാർത്ഥവും ഇല്ല. വസ്തുക്കളെല്ലാം നിത്യാനിത്യങ്ങളാണ്. ഈ വിധത്തിലുള്ള സിദ്ധാന്തം ജൈനശാസ്ത്രങ്ങളിൽ വളരെ പ്രധാനപ്പെട്ടതാകുന്നു. അവർ ഇതിനെ സമർത്ഥിക്കുന്ന രീതി സംക്ഷിപ്തമായി അറിയുന്നതു ശാസ്ത്രവിചാരശീലന്മാർക്ക രസകരമായിരിക്കും.

ലോകത്തിലുള്ള സർവ്വവസ്തുക്കളും ഉല്പത്തിവിനാശനിയമത്തിന്ന കീഴടങ്ങിയവയാണ്; ഉണ്ടാവുകയും നശിക്കുകയും ചെയ്യാത്ത യാതൊരു പദാർത്ഥവുമില്ല. ഈ നിലയിൽനിന്ന വ്യത്യാസപ്പെട്ട വല്ലതും ഉണ്ടെങ്കിൽ അതു കേവലം കല്പിതമായിരിക്കും. ഉദാഹരണത്തിന്ന, പ്രസിദ്ധമായ ആകാശപുഷ്പത്തെത്തന്നെ എടുക്കുക. ആകാശപുഷ്പം വിരിയുകയോ കൂമ്പുകയോ (ഉണ്ടാകയോ നശിക്കയോ) ചെയ്യുന്നതായിട്ട് ആർക്കും അനുഭവമില്ല; അതു, ശാസ്ത്രങ്ങളിൽ വ്യവഹാരസൌകര്യത്തിന്നായി കല്പിച്ചിട്ടുള്ള ഒരു പദം മാത്രമല്ലാതെ ഒരു വസ്തുവല്ല. 'ഉൽപാദവ്യയധ്രൌവ്യയുക്തം സത്' (നിശ്ചയമായി ജനിക്കുകയും നശിക്കുകയും ചെയ്യുന്നതുമാത്രമേ ഉള്ളതാകയുള്ളു) എന്നാണ് നിയമം. ഉല്പത്തിയും വിനാശവും ഉള്ള വസ്തു നിത്യാനിത്യമായിട്ടല്ലാതെ വരുവാൻ തരമില്ല. എങ്ങിനെയെന്നാൽ ഉണ്ടാവുന്നതും വസ്തുതന്നെ, ഇല്ലാതാവുന്നതും വസ്തുതന്നെ; എന്നുവെച്ചാൽ വസ്തുരൂപം നശിക്കുന്നു; വസ്തു നശിക്കുന്നില്ല. നൈയായികന്മാരും വൈശേഷികന്മാരും നിത്യമാണെന്ന വെച്ചിട്ടുള്ള ആകാശത്തെ ജൈനന്മാർ നിത്യാനിത്യമെന്ന നിർണ്ണയിച്ചിരിക്കുന്നു. കാരണം ആകാശത്തിന്ന ഉല്പത്തിവിനാശങ്ങളുണ്ടാവുക തന്നെ.* 'അവകാശദമാകാശം' എന്ന ലക്ഷണത്താൽ ജീവശരീരങ്ങൾക്ക സഞ്ചരിക്കുവാൻ ഇടം കൊടുക്കുന്നത് ആകാശമാണല്ലൊ. ജീവികൾ ഒരേടത്തു നിന്ന മറ്റൊരേടത്തേക്കു പോകുമ്പോൾ, ചെല്ലുന്ന ദിക്കിലെ ആകാശത്തിന്ന ശരീരത്തോടു സംയോഗവും പോകുന്ന ദിക്കിലേതിന്ന വിയോഗവും സംഭവിക്കുന്നു. സംയോഗവിയോഗങ്ങൾ പരസ്പരം ഭിന്നങ്ങളാകയാൽ തദാശ്രയങ്ങളായ ആകാശസ്ഥാനങ്ങൾക്കും ഭേദം സിദ്ധമാവുന്നു. അതുകൊണ്ട്, ആകാശത്തിന്റെ ഏതു സ്ഥാനത്തുനിന്ന ശരീരം പോകുന്നുവോ ആ സ്ഥാനത്തിന്ന, മുമ്പുണ്ടായിരുന്ന സംയോഗം നശിക്കുക എന്ന പരിണാമം വരുന്നതിനാൽ ആ സ്ഥാനം (ആകാശം) നശിച്ചുവെന്നും, ശരീരം ചെല്ലുന്ന സ്ഥാനത്തിന്ന സംയോഗമുണ്ടാവുക എന്ന പരിണാമത്താൽ അവിടെ ആകാശം ജനിച്ചുവെന്നും പറയുന്നു. വാസ്തവത്തിൽ ആകാശം നശിക്കുകയല്ല ചെയ്യുന്നതെങ്കിലും, അതിന്ന ശരീരസംയോഗമെന്ന അവസ്ഥ നശിക്കുന്നതുകൊണ്ട് ആകാശം തന്നെ നശിക്കുന്നു എന്ന വ്യപദേശിക്കാവുന്നതാണ്. ആകാശത്തിന്ന, ശരീരസംയോഗാവസ്ഥയിൽ ഉണ്ടായിരുന്ന സ്വരൂപം വിയോഗാവസ്ഥയിൽ ഇല്ലാതാവുന്നുവല്ലൊ. ആമാവസ്ഥയിൽ ശ്യാമവർണ്ണമായ ഘടം പാകാവസ്ഥയിൽ രക്തവർണ്ണമായിത്തീരുമ്പോൾ—ശ്യാ

* ആകാശത്തിന്ന ഉൽപത്തിവിനാശങ്ങളുണ്ടെന്ന സാംഖ്യന്മാർക്കും വേദാന്തികൾക്കും സമ്മതമാണ്.

ന്ധവത്തിൽ ഘടാന്തരം ഉണ്ടാവുന്നില്ലെങ്കിലും*— ആ വസ്തുവെത്തന്നെ അടിസ്ഥാനപ്പെടുത്തി, 'ഘ്രാണോ ഘടോ നഷ്ടഃ, മഠോ ഘട ഉത്പന്നഃ' എന്നു പറയാറുണ്ടല്ലോ. ആ വിധത്തിലാണ് ഇവിടെയും വ്യവഹാരം. ഇങ്ങനെ ആകാശത്തിന്ന് ഉല്പത്തിവിനാശങ്ങളുള്ളതിനാൽ അത് അനിത്യമാകുന്നു. എന്നാൽ, ശരീരസംയോഗം മുതലായ കാരണങ്ങളാൽ ആകാശത്തിന്നു വരുന്ന ഉല്പത്തിനാശങ്ങൾ പ്രത്യേകസ്ഥാനത്തും പ്രത്യേകാവസ്ഥയിലും ആകയാൽ, സർവ്വത്ര വ്യാപിച്ചുകിടക്കുന്ന ആകാശത്തിനാകമാനം അതു സംബന്ധിക്കാത്തതും ആകാശത്തിന്റെ നിത്യത്വത്തിന്നു ഭംഗം നേരിടാത്തതുമാണ്. 'തത്ഭാവാവ്യയം നിത്യം' എന്നതുകൊണ്ടു വസ്തുവിന്റെ സത്ഭാവത്തിന്നു തീരെ വിച്ഛേദം വന്നാൽ മാത്രമേ നിത്യത്വത്തിന്നു ഹാനി വരികയുള്ളൂ. അതിനാൽ ആകാശം നിത്യാനിത്യമാണെന്നു സിദ്ധിക്കുന്നു.

ആകാശത്തിന്റെ ഈ നിർവ്വചനം കൊണ്ടു മാത്രം വാദരീതി വ്യക്തമാകുന്നില്ലെങ്കിൽ അല്പം കൂടി വിവരിച്ചു കാണിക്കാം. ദീപം മുതലായ ജ്യോതിസ്സുകൾ ചില കാരണങ്ങളെക്കൊണ്ട് ഉണ്ടാവുകയും ഇല്ലാതാകയും ചെയ്യുന്നുണ്ടല്ലോ. ഇതുകൊണ്ട് അവ അനിത്യങ്ങളാണെന്നു പറഞ്ഞുകൂട. ദീപം എന്നതു ചില തൈജസപരമാണുക്കളുടെ സമവായമാണ്. ആ പരമാണുക്കൾ, പ്രകാശകാരണമായ സ്നേഹദ്രവ്യം ക്ഷയിച്ചിട്ടോ മറ്റോ ജ്യോതിസ്സ്വരൂപമായ ധർമ്മം വിട്ടു തമോരൂപമായ ധർമ്മത്തെ പ്രാപിക്കുമ്പോഴാണ് വിളക്കു കെട്ടുപോയെന്നുള്ള വ്യവഹാരം. സ്വർണ്ണം എന്ന ദ്രവ്യം കടകം, കിരീടം മുതലായ എല്ലാ അവസ്ഥകളിലും സമന്വയിക്കുന്നില്ലേ. കടകത്വം മുതലായ ധർമ്മാന്തരങ്ങളെക്കൊണ്ട് ആ സ്വർണ്ണം സ്വർണ്ണമല്ലാതായാകുമോ? മറിച്ചും ഇല്ല. ദീപത്തിന്റെ കാര്യത്തിലും ന്യായം ഇതു തന്നെ.

ആത്മസ്വരൂപത്തെപ്പറ്റി ജൈനന്മാർ ഇങ്ങനെ വാദിക്കുന്നു:— ആത്മാവു നിത്യമാത്രനാണെന്നു സമ്മതിക്കുന്നപക്ഷം സുഖം ദുഃഖം, പുണ്യം പാപം, ബന്ധം മോക്ഷം എന്നിവകൾ ഉപപന്നമല്ലാതെ വരും. നിത്യം എന്നതിന്നു സ്ഥിരം എന്നാണല്ലോ താല്പര്യം. സ്ഥിരനാണെങ്കിൽ ആത്മാവ് ഒരിക്കൽ സുഖവും മറ്റൊരിക്കൽ ദുഃഖവും അനുഭവിക്കുന്നതെങ്ങിനെ? സുഖം പുണ്യത്തിന്റെയും ദുഃഖം പാപത്തിന്റെയും ഫലമാകയാലും, ആത്മാവു പുണ്യവാനോ പാപിയോ എന്നു നിശ്ചയിക്കുന്നതു സുഖദുഃഖങ്ങളുടെ അനുഭവംകൊണ്ടാണ്. ഈ സിദ്ധാന്തത്തെ ആരെങ്കിലും അപലപിക്കുവാൻ കഴിയുമോ? ആത്മാവു കേവലം സ്ഥിരനായാൽ പിന്നെ പുണ്യപാപങ്ങൾതന്നെ ഇല്ലെന്നുവരില്ലേ? ബന്ധമോക്ഷങ്ങൾക്കും ഉപപത്തി എന്ത്? ഈ വിധം അനേകം വൈഷമ്യങ്ങളുള്ളതുകൊണ്ട്, ആത്മാവു കേവലം നിത്യനാണെന്നു പറഞ്ഞുകൂട. എന്നാൽ തീരെ അനിത്യനെന്നു പറഞ്ഞാലും ശരിയല്ല. അനിത്യത്വത്തിന്റെ ദോഷം അത്യന്തമാണല്ലോ. ആത്മാവിന്ന് അത്യന്തനാശം വന്നാൽ പുണ്യപാപങ്ങളെ ആർ അനുഭവിക്കുന്നു? സുഖദുഃഖങ്ങൾ ആർക്ക് സംഭവിക്കുന്നു? ബന്ധം എങ്ങിനെ ഘടിക്കുന്നു? ബന്ധമെന്നതു ഇല്ലെങ്കിൽ മോക്ഷം സിദ്ധിക്കുന്നത് എന്തിൽനിന്നാണ്? ഇനി അനിത്യ

* വൈശേഷികപക്ഷത്തിൽ ഘടാന്തരോൽപത്തിയെന്നു സമ്മതമാകുന്നു.

ത്വാകാരണമായ അത്യന്താഭാവംതന്നെ യാണ് മോക്ഷം എന്നാണെങ്കിൽ ശാസ്ത്ര ങ്ങളിൽ മോക്ഷോപായങ്ങളുപദേശിച്ചിട്ടുള്ള തു നിഷ്ഫലമാണെന്നു വരില്ലേ? അതിനാൽ ആത്മാവും നിത്യാനിത്യവിവേകത്തിനു വിഷയമായിത്തന്നെയാണിരിക്കുന്നത്.

ഇത്രയും പറഞ്ഞതുകൊണ്ട് ഇതര കാന്തവാദത്തിന്റെ ഒരു സംക്ഷേപമായ ജ്ഞാ നം സിദ്ധിച്ചുവെന്നു വിശ്വസിക്കുന്നു. ഇതുപോ ലെ, സകലവസ്തുക്കൾക്കും കേവലം നിത്യ ത്വമോ അനിത്യത്വമോ കല്പിക്കുവാൻ പാ ടുള്ളതല്ലെന്നാണ് ജൈനസിദ്ധാന്തത്തി ന്റെ ചുരുക്കം.

കെ. വി. എം.

കേരളീയഭാഷാശാകുന്തളം

പരിഷ്കരിച്ച രണ്ടാം പതിപ്പ്.

(൧)

മനസ്സിന്റെയും ബുദ്ധിയുടെയും നിലകളിൽനിന്നു നാടകത്തെ പരിശോധി ച്ചുനോക്കി, ഒരു നാടകകവിയെയും, നടന്മാ രെയും, അവരുടെ അഭിനയങ്ങളെയും, ഇവ കൂടാതെ, അവരെയും അവരെയും കണ്ടു അവരുടെ സംഭാഷണങ്ങളും കേട്ടും സ ന്തോഷിക്കുന്നവരായ പല മാതിരി ആളു കളെയും മനസ്സിൽ സങ്കല്പിക്കേണ്ടി വരുന്ന താണല്ലോ. 'നടതിലകൻ' ആയ തിരുവ ട്ടാർ നാരായണപിള്ള അവർകൾ മുതലായ വരുടെ അഭിപ്രായപ്രകാരം യോഗ്യന്മാരായ മ റ്റു പല നടന്മാർ ശാകുന്തളാഭിനയങ്ങളു ടെ, വേഷം കെട്ടി അഭിനയിക്കുന്നതായ ക ഥ നാട്യശാല എന്റെ മനോദൃഷ്ടിക്കു വിഷ യമാകുന്നില്ല. നാരായണപിള്ള അ വർകളുടേയും മററും അഭിപ്രായങ്ങളെയോ മ ഹാന്മാരുടെയോ ശരീരചേഷ്ടകളെയോ ഞാൻ മനോദൃഷ്ടിയിൽ കാണുന്നുണ്ടെന്നിരി ന്നാലും, അവയെയും, രംഗവിധാനങ്ങളെ യും, അതിനുള്ളുള്ള മററു ചില സംഗതി കളെയും, നടന്മാരുടെ അഭിനയവൈചിത്ര്യ ത്തെ നിഷ്കർഷിപ്പാനായിട്ടല്ലാതെ, നാടകകൃതിയു ടെ ഗുണദോഷനിരൂപണത്തിൽ ചിന്തി പ്പാൻ ആവശ്യമില്ലാത്തതാകൽ, അവയെ ത ല്ക്കാലം മനോദൃഷ്ടിയിൽനിന്നു അവിശ്വാസം എന്നു വ ള്ളം വിട്ടു കളയുന്നു. എന്നാൽ, നടന്മാർ ചൊല്ലുന്ന ശ്ലോകങ്ങളും ഉച്ചരിക്കുന്ന വാക്യ ങ്ങളും സഹൃദയരുടെ കണ്ണുകളിൽ പതിപ്പി ച്ച് അവർക്കു തോന്നിക്കുന്ന മനോഗതങ്ങളെയും ഭാവങ്ങളെയും മാനസികമായ സങ്കല്പത്തിൽ വിട്ടുകളയുവാൻ പാടുള്ളതല്ലല്ലോ. സഹൃദയരുടെ ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകൾ പല മാതിരിക്കാരാണെന്നുള്ള തിനെ വിസ്മരിക്കുന്നില്ല. അവരിൽ ചിലർ ശ്ലോകങ്ങളെ ഉരുക്കഴിക്കുന്ന കവിതയു ടെ ഗുണദോഷങ്ങളെ നിരൂപിപ്പാനായിട്ടാ കുന്നു.

'കല്യാണമെഴും ... നല്ലോണം ...
ചൊല്ലിപ്പറ ... സഹസ്രാക്ഷ ...'

ഇപ്രകാരം ദ്വിതീയാക്ഷരപ്രാസത്തിൽ ശ്രീ കണ്ഠനോടു കൂടിയും, ശ്ലോകങ്ങൾക്കു മതി തോന്നി ... ഒരുതരം കവികൾ സദസ്സിൽ ഉ ണ്ട്. അവരാകട്ടെ തന്നെ '......കൊച്ചു

ല്ലനെ കിടക്കുന്നിടയ......പോകുന്നിതാകന്ന പോൽ...... ഭൃംഗശാപ്പാമാഭൃഷ്ടാ......' ഇങ്ങനെയുള്ള പ്രാസപ്രയോഗങ്ങൾ കൂടെ ഉണ്ടോ എന്നറിവാൻ കൌതുകമുള്ളവരായും ചിലരുണ്ടായിരിക്കാം. മറ്റു ചിലർ, നടന്മാർ ഓരോ ശ്ലോകങ്ങളെ രാഗത്തിൽ ചൊല്ലുമ്പോൾ ആ ശ്ലോകങ്ങളിലെ പദസമൂഹങ്ങൾ ആ രാഗത്തിനു യോജിപ്പായ വിധത്തിലിരിക്കുന്നുണ്ടോ എന്നു 'ചെവി കൊടുത്തു' കേൾക്കുന്നവരായിരിക്കുന്നു. ഇനിയും ചിലർ, നാടകത്തിലെ ആ ഘട്ടത്തിന് ആ ശ്ലോകത്തിന്റെ വൃത്തം ചേർച്ചയായിരിക്കുന്നുണ്ടോ എന്നു ചിന്തിക്കുന്നവരായിരിക്കുന്നു. വേറെ ചിലരുണ്ട്; അവർ ശ്ലോകങ്ങൾ സ്വഗതാത്മങ്ങളായിരിക്കുന്നുവോ എന്നു ശ്രദ്ധ വെക്കുന്നു. മറ്റു ചിലർക്ക് ഇങ്ങനെ പെരുപ്പമായുള്ള ചെറിയ കാര്യങ്ങളിൽ താല്പര്യമില്ല. ശ്ലോകങ്ങൾ കേൾക്കുന്നതിനു മധുരമായിരിക്കുന്നുണ്ടോ എന്നു സ്വല്പമായ ഒരു വിചാരമേ ഉള്ളൂ. മറ്റും ചിലരുണ്ട്; ഇവർ വിശിഷ്ടപണ്ഡിതന്മാരാണ്; ഇവരുടെ നോട്ടം, തൎക്കമൂലത്തോടു യോജിക്കുന്നുണ്ടോ എന്നാണ്. നടന്മാരുടെ സംവാദങ്ങളുടെയും ശ്ലോകപ്പാഠങ്ങളുടെയുമൊക്കെ കേൾക്കുന്നതിൽ യാതൊന്നും താല്പര്യമില്ലാതെയും, പക്ഷേ അവയെ കേൾക്കാതെ തന്നെയും ഇരുന്ന്, നടന്മാരുടെ അംഗവ്യാപാരങ്ങളെയും ആംഗ്യങ്ങളെയും മറ്റു ചേഷ്ടകളെയും കണ്ടുകൊണ്ടു മാത്രം ഇരിക്കുന്നവരും ഇല്ലാതെയില്ല. ഇങ്ങിനെ നാടകഗ്രന്ഥത്തെ പാടേ ചർച്ചചെയ്യാത്തവരില്ല. ഇവരോടൊപ്പം തന്നെ, നടന്മാരുടെ അഭിനയസാമർത്ഥ്യത്തെ അകലെനിന്നു നോക്കി തെറ്റുകൾ കണ്ടുപിടിച്ച് ആക്ഷേപിപ്പാനായിരിക്കുന്നവരെയും, സദസ്സിൽ കാണാം. ഇപ്രകാരം, പല മതക്കാരായും പല രുചിക്കാരായും പല നോട്ടക്കാരായും ഇരിക്കുന്ന സദസ്യരുടെ സംഘത്തിൽ ഒരേടത്തു, ഞാനും, സ്വല്പശക്തികൊണ്ടു, അംഗസ്ഥിതനായിരിക്കുന്നു. എന്നാൽ, ഞാൻ, ഈ കൃതിയുടെ ഗുണദോഷനിരൂപണം ചെയ്യുന്ന സംഗതിയിൽ, മേല്പറഞ്ഞ പല തരക്കാരായ സഭ്യന്മാരുടെ പ്രതിപുരുഷനായിട്ടല്ലാതെ എന്റെ പ്രത്യേകമായ നിലയിൽ നില്ക്കുന്നവനായി എന്നെ സങ്കല്പിക്കുന്നില്ല. നാടകത്തെപ്പറ്റിയുള്ള അവർക്കും ഇഷ്ടമായ നടന്മാരുടെ വാക്കുകളും ശ്ലോകങ്ങളും എന്റെ മാനസികമായ കർണ്ണപുടത്തിൽ ഇതാ മുഴങ്ങുന്നു. അവർ അഭിനയിക്കുന്ന നാടകം പരിഷ്കരിച്ച ഒന്നാം പതിപ്പായ ശാകുന്തളമാണെങ്കിലും അതുകൊണ്ടൊന്നുമില്ല മനസ്സ ചോരാതിരിപ്പാൻ വേണ്ടി ഇടയ്ക്കു് എടുത്തു പറഞ്ഞുകൊള്ളട്ടെ ഈ പുതിയ പതിപ്പിലെ ശ്ലോകങ്ങൾ, ഞാൻ വിമർശിച്ചുകഴിഞ്ഞതിന്നിടയുള്ള ഒരു സദസ്സിൽ പതിക്കുന്ന സമയം, സദസ്യരിൽ പല തരക്കാർക്കും ഉണ്ടാകുന്ന അനുഭവത്തിന്റെയും അഭിപ്രായത്തിന്റെയും പ്രകാശനമാണ് എന്റെ ജോലി. എന്നാൽ, ഇതിൽ, വളരെ സവിസ്തരമായിട്ടുള്ള നിരൂപണം ആവശ്യകമാണെന്നു തോന്നായ്കയാൽ അങ്ങനെ ചെയ്യുന്നതല്ലാതെ സാമാന്യേന എല്ലാ സംഗതികളെയും തിരഞ്ഞെടുത്തുവെച്ചു നിരൂപണം ചെയ്തു ഉണ്ടാകുന്ന അഭിപ്രായത്തെ സംക്ഷേപിച്ചു പറയുവാനേ വിചാരിക്കുന്നുള്ളൂ.

ഒരു നാടകഗ്രന്ഥത്തെപ്പറ്റി വിചാരണ ചെയ്യുമ്പോൾ, മേല്പറഞ്ഞ വിധത്തിൽ ഒരു ഭാവനാസ്വരൂപമായ നാട്യശാലയെയും, അതിൽ വേഷം കെട്ടി കളിക്കുന്ന നടന്മാരെയും, അവരുടെ അഭിനയങ്ങളിലൂടെയും ചേഷ്ടകൾ മുതലായവ, ആ നാടകഗ്രന്ഥം ബുദ്ധിമാന്മാരിൽ ഏല്പിക്കുന്ന പ്ര

കാരം ദുഷ്ടമാകുന്ന എന്നതിനെയും ചിന്തിച്ചാൽ മതിയാകുമായിരുന്നു. എന്നാൽ, ഈ പുസ്തകത്തെ സംബന്ധിച്ചേടത്തോളം, മറ്റൊരു അവസ്ഥ കൂടെ ആലോചിക്കേണ്ടതായിരിക്കുന്നു. കാവ്യങ്ങളെ ശ്രവ്യം, ദൃശ്യം എന്നു വേർതിരിച്ചിട്ടുണ്ടെങ്കിലും, ദൃശ്യകാവ്യം ശ്രവ്യകാവ്യമായും ഭവിക്കുന്നതാണെന്നു സ്പഷ്ടമാണല്ലോ. ഇവ വായിച്ചു കേൾക്കുവാൻ മാത്രമല്ല, പാഠശാലകളിൽ ഉപയോഗത്തിനായി കൈക്കൊള്ളുക വഴിയായിട്ട്, പാഠ്യം എന്ന നിലയിലാകയും ചെയ്തിട്ടുണ്ട്. ആകയാൽ, ഇത്തരം പാഠ്യപുസ്തകങ്ങളായി തീർന്നുപോയിട്ടുള്ള ഗ്രന്ഥങ്ങൾ, വിദ്യാലയങ്ങളിലെ അദ്ധ്യേതാക്കളുടെ നിലയിൽനിന്നു കൂടെ ഗുണദോഷചിന്തനം ആവശ്യപ്പെടുന്നു. ഈ ഗുണദോഷനിരൂപണം ഗ്രന്ഥത്തിന്റെ സാഹിത്യവിഷയകമായ ഗുണദോഷങ്ങളെ ചിന്തിക്കുക എന്നതല്ല, അദ്ധ്യേതാക്കൾക്കു പഠിപ്പാൻ സുഗ്രഹമോ ദുർഗ്രഹമോ എന്ന ചിന്തയാണ്. ഭാഷാശാകുന്തളത്തിന്റെ പുതിയ പതിപ്പിൽ ചെയ്തിട്ടുള്ള മാറ്റങ്ങൾക്ക് ഇപ്പറഞ്ഞ കോടിയിൽനിന്നും എന്തെങ്കിലും ആവേശം തട്ടീട്ടുണ്ടോ എന്ന ചോദ്യത്തിന് അവകാശമില്ലാതില്ല എന്നു തോന്നുന്നതിനാലാണ്, ഈ സംഗതി കൂടെ പ്രസ്താവിക്കുന്നത്. അപ്രകാരമൊരു ദോഷാവേശം തട്ടീട്ടുണ്ടെന്നാണ് ഞാൻ അനുമാനിച്ചിരിക്കുന്നത് എന്ന് ഇപ്പോൾ എടുത്തുപിടിച്ചു പറയുവാനില്ലാതെ, ആ അനുമാനത്തിലേക്കു കണ്ടിട്ടുള്ള യുക്തിപാഠങ്ങളെ വിവരിച്ചു പറവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

പുതിയ പതിപ്പിന്റെ പരിഷ്കാരകർമ്മത്തിൽ, പരിഷ്കാരകർത്താവിനു പുറമെ പ്രസാധകനും, അദ്ദേഹത്തിനും പുറമെ ഒഫിഷ്യൽ പരിശോധകനും മറ്റുമാ കളുമായിരുന്നിട്ടുണ്ടെന്നു പുസ്തകത്തിന്റെ മുഖവുരയിൽ പറയുന്നുണ്ടല്ലോ. എന്നാൽ, മൂന്നാളും, കവിതാവിഷയത്തിൽ, വിശേഷിച്ചു ഭാഷാകവിതാവിഷയത്തിൽ, ഒരേ രുചിക്കാരും ഒരേ സമ്പ്രദായക്കാരും അല്ലാത്തതാൽ, ഈ പരിഷ്കാരത്തിന് ഐകമത്യമില്ലാതെ വന്നിട്ടുണ്ടെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. മകരം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒന്നാംലേഖനം എഴുതിയതിൽ പിന്നെ, ഈ പുതിയ പതിപ്പിന്റെ പരിഷ്കാരത്തെ സംബന്ധിച്ച ചില വാദപ്രതിവാദങ്ങൾ അന്യത്ര കാണുമാൻ സംഗതിയാകയും, ശ്ലോകങ്ങളുടെ പാഠഭേദങ്ങൾക്ക് ഉത്തരവാദി ആരാണെന്നുള്ളതിനെപ്പറ്റി ചില രഹസ്യങ്ങൾ അറിവാനിടയാകയും ചെയ്തിരിക്കുന്നതുകൊണ്ട്, പ്രസാധകന്റെ സ്ഥാനം നാമമാത്രകമായിരുന്നു എന്നും പാഠഭേദങ്ങളെ സ്വീകരിക്കയോ ത്യജിക്കയോ ചെയ്യുന്ന വിഷയത്തിൽ അദ്ദേഹത്തിന്റെ അഭിമതത്തിനു സർവ്വപ്രാധാന്യം ഉണ്ടായിരുന്നില്ല എന്നും പരസ്യമായി വന്നിരിക്കുന്നു. ഒരു ഗ്രന്ഥത്തെ തൽകർത്താവിന്റെ തൂലികയിൽനിന്നു ലഭിച്ച രൂപത്തിൽ കൈയേറ്റ്, അതിനെ ഗ്രന്ഥകർത്താവിനോടു കൂടി ആലോചിച്ചിട്ടോ, അല്ലാതെയോ, വേണ്ടുംവിധത്തിൽ സംസ്കരിച്ചു, മുദ്രാലയത്തിൽനിന്നു പുറപ്പെടുവിക്കുന്നതുവരെയുള്ള പ്രസാധനകർമ്മം മുഴുവൻ പ്രസാധകന്റെ ചുമതലയിലാണെന്നുള്ള സാധാരണന്യായത്തിന്, ഈ പുസ്തകത്തിന്റെ കാര്യത്തിൽ വ്യത്യാസം വന്നിട്ടുണ്ടെന്നു പറഞ്ഞു കാണുന്ന സ്ഥിതിക്കു, പ്രസാധകൻ ആ സ്ഥാനത്തെ സമ്മതിച്ചേറ്റിരിക്കുന്നത് അനാവശ്യമായ ദ്വേഷങ്ങൾ ഒഴിവാക്കുവാൻ യുക്തമായില്ല എന്നു പറഞ്ഞുകൊള്ളട്ടെ. എന്നാൽ, ആ സംഗതിയെ മാത്രം കുറിച്ചിട്ടി

ല്ലാ: അതായില്ല, ശ്ലോകങ്ങൾ പലതും പ്രസാധകൻ ഭേദപ്പെടുത്തി എന്ന വസ്തുത തന്നെ. പരിശോധകൻതാവാകട്ടെ, തന്റെ ശ്ലോകങ്ങൾക്ക് അത്ഥാലങ്കാരത്തിന്നൊപ്പം തന്നെ ശബ്ദഭംഗിയുമുണ്ടായിരിക്കണമെന്ന നിഷ്ഠയുള്ള കവിയാണ്; പ്രസാധകനാകട്ടെ, ശബ്ദാഡംബരമായ കൃതികളെക്കാൾ അത്ഥഗൗരവമുള്ള കൃതിയെ അധികം താല്പര്യപ്പെടുന്ന കവിയുമാണ്; ഈ പ്രതിപത്തി നിമിത്തം അദ്ദേഹം ശബ്ദഭംഗിയിൽ 'ഉദാസീന'നല്ലാ; ഇത് അദ്ദേഹം തന്റെ ഗ്രന്ഥങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. അദ്ദേഹത്തിനു ശബ്ദഭംഗിയോടു കൂടിയ കൃതികൾ എഴുതുവാൻ ശേഷിയില്ലാത്തുകൊണ്ടല്ലാ അങ്ങിനെയുള്ള കൃതികൾ എഴുതാത്തത് എന്നും, അതിൽ താല്പര്യം ഇല്ലായ്മയാണ് അതിനു കാരണം എന്നും പല ഉദാഹരണങ്ങളാൽ തെളിപ്പെട്ടിട്ടുള്ളതാണ്. പരിശോധകൻതാവും പ്രസാധകനും ഈ പ്രകാരം രണ്ടു വിപരീതകോടികളിൽ നില്ക്കുക കൊണ്ടാണ്, ഈ പാഠപരിഷ്കാരത്തിൽ, ഭിന്നിപ്പു കാണുന്നത്. അതു മാത്രമല്ലാ അന്തിമപ്പറഞ്ഞ പരിശോധകനായ തമ്പുരാൻ ഭാഷാകവിതാവിഷയത്തിൽ മറ്റൊരു പക്ഷത്തെ തുടരുന്ന കവിയാണ്. ഇദ്ദേഹം ദ്വിതീയാക്ഷരപ്രാസവിഷയത്തിലെന്ന നിഷ്കർഷയും, ഈയിടെയായി 'പച്ചമലയാള'ത്തിൽ താല്പര്യവും വെച്ചിരിക്കുന്ന ആളാണ്. ഇദ്ദേഹവും അത്ഥകല്പനയെ അപ്രധാനമാക്കുന്ന ആളല്ല; പക്ഷെ, ശബ്ദാഡംബരത്തിൽ കാണിച്ചുവരുന്ന താല്പര്യം—കലശലായ 'ഭ്രമം' എന്നു തന്നെ പറവാൻ തോന്നുന്നു— ഇദ്ദേഹത്തെ, പരിശോധകൻതാവിന്റെ പക്ഷത്തോടു അടുപ്പിക്കുവാൻ സഹായിച്ചിട്ടുണ്ട്. പരിശോധകനും പ്രസാധകനും തമ്മിലും; പ്രസാധകനും പരിശോധകനും തമ്മിലും; പരിശോധകപരിശോധകന്മാരൊന്നായും പ്രസാധകനും തമ്മിലും, ഉള്ള അഭിപ്രായഭേദം, രീതിഭേദം, പക്ഷഭേദം എന്നിങ്ങിനെയുള്ള ഭേദങ്ങളാൽ ഉൽഭവിച്ച ഭിന്നിപ്പു വളരെ പ്രകടമായും കാണിച്ചിട്ടുണ്ട്. ഉള്ളിലുള്ള അഭിപ്രായം ഇങ്ങനെ പറയുന്നതുകൊണ്ട് ആർക്കും പരിഭവം തോന്നേണ്ടതാകയാൽ, ഈ മൂന്നു കവികളുടെയും പല ശ്ലോകങ്ങളെ വായിച്ചു നോക്കീട്ടുള്ളേടത്തോളം അഭിപ്രായപ്പെടുന്നതായാൽ, ഇവരിൽ ഒരാളുടെ മാത്രം ശ്ലോകങ്ങളാണ് ഭാഷാസംഘത്തിൽ ഒരു ശ്ലോകത്തിന്നു വേണ്ട സൗന്ദര്യത്തെ ഉൾപ്പെടുത്തിയതിനു തക്കവണ്ണം ലാളിത്യവും മാധുര്യവും ഉള്ളത്, എന്ന നിശ്ചയം പറയേണ്ടിവരുന്നു. ആ രണ്ടു പരിശോധകന്മാരും നന്നായി ഈ മഹാകവിയുടെ ശ്ലോകങ്ങൾ തങ്ങളുടെതിനേക്കാൾ അനന്യസാധാരണമാണെന്ന് ആദ്യം സമ്മതിച്ചിട്ടുള്ളതുമാണല്ലൊ. നാടകത്തെ പരിശോധിച്ചിട്ടാണ് ഞാൻ ഈ അഭിപ്രായം പറയുന്നതെന്ന പ്രത്യേകം അറിയിക്കുന്നു. മറ്റു രണ്ടു കവികളും ശ്രവ്യകാവ്യങ്ങളിൽ തങ്ങളുടെ കവനവൈഭവത്തെ പ്രകാശിപ്പിച്ചിട്ടില്ലാ എന്ന് ഇതുകൊണ്ട് അർത്ഥമാകുന്നില്ലാ. ഒരു നാടകശാലയിലെ സദസ്യരെ ആഹ്ലാദിപ്പിക്കത്തക്കതായി അനിർവ്വചനീയമായുള്ള മാധുര്യം, ഔജ്ജ്വല്യം, അല്ലെങ്കിൽ സൗകുമാര്യം, വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ സ്വന്തം കൃതിയായ ശ്ലോകങ്ങളിൽ മറഞ്ഞിരിക്കുന്നു, നടന്മാരുടെ മുഖങ്ങളിൽനിന്ന് ആ ശ്ലോകങ്ങൾ നിർഗ്ഗമിക്കുമ്പോൾ, രമണീയമായ വിധത്തിൽ പ്രവഹിക്കുന്നതായുള്ളതിനാലാണ് ശാകുന്തളത്തിന്റെ പരിഷ്കാരത്തിൽ അവിടുന്ന് എത്ര മാത്രം പങ്കെടുത്തിട്ടുണ്ടെന്നു നിശ്ചയി

പ്പാൻ മാറുള്ളവർ കവികളായിരിക്കുന്നതു്. പ്പന്നാൽ, ശ്ലോകങ്ങൾ ആവശ്യമാണെങ്കിൽ അ[illegible]ർത്തിട്ടുള്ള ശ്ലോകങ്ങൾ നാടകത്തിൽ [illegible] ണീയമായിരിക്കുന്നുവോ എന്നു നിശ്ചയിക്കേണ്ടതു്; ഇതു ശ്ലോകങ്ങളുടെ തന്നെ യോഗ്യതകൊണ്ടു വരേണ്ടതാകുന്നുവല്ലോ. ആകയാൽ, അവയുടെ യോഗ്യതയെ ചിന്തിക്കാം. (തുടരും)

കെ. രാമകൃഷ്ണപിള്ള, ബി. എ.

തത്വാവബോധസപ്തതി

സംസാരമാം വലയിൽ വന്നുവീണടകണ്ട
നിസ്സാരമായ [illegible]
[illegible]
[illegible]

ത[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible] (൫)
[illegible]

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

നേരായി നാടകമിതിൽ പടിയാടിടുമ്പോ-
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]?

[illegible]
[illegible]
[illegible]
[illegible] (൯)

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

കൊമ്പർകളിച്ചുവളരുന്നൊരുതുമ്പിയങ്കി
കൊപ്പത്തിലാക്കിയിടയുംപൊന്നാരുമെന്നും
നില്പിൽകരുത്തുവളർത്തോട്ടിയുടുത്തുമാല,
മെല്ലപ്പതിൻപടിയുവാവുമകപ്പെടുന്നു.

തമ്പിൽജ്വലിച്ചുലകശേഷവുമങ്ങുവിളിച്ചും
വമ്പാടുകാട്ടിമതിമീടിനവന്നിയില്ലാ
ചാമ്പൽക്കരിക്കടിയിലൊട്ടിഹനെട്ടുപോകാം.
തമ്പിൽകിടപ്പതുമതൊക്കെ യശസ്സമത്രേ.

ആരോഗ്യവും പദവിയും ധനവും വെളുത്ത
പാരിൽസുഖിച്ചു മരുവുന്ന മനുഷ്യരാണാം
സാദൃശ്യമാക്കിയതിലൊന്നില്ലയെന്നു
നീതിയെണ്ണിച്ചിടുകയില്ലൊരനാളുമപോലും.

ക്ലേശങ്ങളിങ്ങു പലതും വരുമന്നേരം
കാലിന്നു പാവുകകിലുവിപ്പുതമാനും
ആശിക്കരപ്പൂതുക്കുന്നതിനാക്കാലം
കാശിക്കു പോയതുതകിച്ചുമങ്ങു പോയാൽ.

പൊരുളല്ലയനാളുകളെയത്രനിനച്ചിടുമ്പോ.
ഇല്ലാ നാമകമകയാരിലതിന്നടഞ്ഞ്
ഇല്ലാതെകണ്ടൊട്ടുനടന്നതശേഷവുംമേ
പാല്പ്പാടിലൊൽ പലമെന്നതനല്ലതാഹോ ഞാൻ.

സ്വാതന്ത്ര്യമോടു കളിയാടിനടന്ന മോദം
കാതങ്ങളതിലുമടിച്ചിഹമായകന്മാർ
പ്രാപിച്ചു സ്നേഹവഴിയാടുകൾ ദേവകൾക്കും
സാധിച്ചുമോഹവുമൊത്താകയുമൊത്ത മഞ്ഞ.

എന്നാലിവനുകളിലൊന്നിലുമല്ലിനിക്കു
തോന്നുന്നതിന്നു ശരിയുത്തമനാകമെന്നിൽ
തന്നുള്ളിലും വെളിയിലും വിലസുന്ന വിശേഷം
മെന്നെന്നു ചാർത്ഥതമല്ലാതിലൊന്നും സാരം.

കണ്ണെത്തുവോളമിഹപാർക്കിലുമന്തമില്ലും
മണ്ണിട്ടുകാഴ്ചവിലസുന്ന മഹാബ്ധിവര്യൻ
പൊങ്ങുന്നവയന്നിതലയുന്നിലയില്ലയെന്നും
തിങ്ങിച്ചിരിച്ചിടുകിലും നിലയുണ്ടതാനും. (൪)

(തുടരും)

എം. രാജരാജവർമ്മ തമ്പുരാൻ
എം. ഏ. ബി. എൽ.

മഹാമഹോപാദ്ധ്യായനാർ

കിള്ളിമംഗലത്തു നമ്പൂതിരിപ്പാട്.

അസാമാന്യമായ സംസ്കൃതപാണ്ഡിത്യവും, വീണ്ടും വീണ്ടും ആ ഭാഷയിലുള്ള ഗ്രന്ഥങ്ങളെ നോക്കുവാൻ ഇദ്ദേഹത്തെ പ്രേരിപ്പിച്ചു. വ്യാകരണശാസ്ത്രത്തിൽ പടുത്വവും, സാഹിത്യത്തിലും തർക്കശാസ്ത്രത്തിലും സാമാന്യമായ പരിചയവും ഉണ്ടാകയാൽ ശ്രീമച്ഛങ്കരാചാര്യരുടെ ഭാഷ്യങ്ങൾ നോക്കുവാൻ തുടങ്ങി. കൂടല്ലൂർ കുഞ്ഞുണ്ണിനമ്പൂതിരിപ്പാട്ടിലെ സഹായത്താൽ ഇതു രണ്ടു കൊല്ലംകൊണ്ടു മുഴുവൻ ഹൃദിസ്ഥമാക്കി. ഇതിനിടയിൽ ധർമ്മശാസ്ത്രങ്ങളും നോക്കിത്തുടങ്ങി. ഇക്കാലങ്ങളിൽ തർക്കശാസ്ത്രത്തിൽ ജ്യേഷ്ഠൻ പരലോകം പ്രാപിച്ചത്, മറ്റു നിമിത്തം കുറെക്കാലത്തേയ്ക്കു പഠിപ്പിനു വിഘ്നം നേരിട്ടു.

ഇദ്ദേഹം ഇരുപതാമത്തെ വയസ്സിൽ വിദ്യാർത്ഥികളെ വ്യാകരണം പഠിപ്പിക്കുവാനായി ഇല്ലത്തുവെച്ചുതന്നെ താമസം തുടങ്ങി. ഇദ്ദേഹത്തിൻ്റെ സമ്പ്രദായപാഠികളും, പഠിപ്പുകാരെ ഇദ്ദേഹത്തിനോടു കിടപിടിപ്പാൻ വയ്യെങ്കിലും ഓരോരോ ശാസ്ത്രങ്ങളിൽ നൈപുണ്യം സമ്പാദിച്ചിട്ടുള്ളവരും ആയ ചിലരുടെ പേരുകൾ കൂടി ഇവിടെ പ്രസ്താവയോഗ്യമാണ്. ഇവരിൽ ഏറ്റവും

കൊമ്പുൾക്കമിച്ചവളുതമ്പോടുപാംബുജങ്ങൾ
കൊപ്പത്തിലാക്കിയിടയുംപുനരങ്ങുമെയ്യും
നില്പിൽകൊളുന്തവളുർതൊട്ടിരുട്ടത്തുമെ,
മെല്ലിപ്പതിൻപടിയുവാവുമകപ്പെടുന്നു.

തുമ്പിൽജപിച്ചവകശാവുമെവെളിച്ചം
വമ്പോടുകാട്ടിമതിവീടിനായിയിപ്പോൾ
ചാമ്പൽക്കരിക്കീഴിലൊട്ടിവകെട്ടുപോകും
തമ്പിൽകിടപ്പതുമകൈക്കാലമാശ്രമത്രേ.

ആരോഗ്യവുംപൊടിയുംധനവുംവെളുതിൽ
പാരിൽസ്വപിച്ചതയുന്നുമനഷ്യരാകും
സാരമെന്നുകിവയിലൊന്നിലുമില്ലയെന്നു
തിരെഞ്ഞിച്ചിടുകയില്ലയനാളുപോലും.

ക്ലേശങ്ങളിലുപലതുംവെളുതനാതാം
കാശിന്നുപോവുകതകില്ലവലിപ്പമൊന്നും
ആശിക്കമപ്പോഴിതുമനാമിന്നുതാലും
കാശിക്കുപോയതുതിരിച്ചുവരിക്കയാണ്.

പൊങ്ങുന്നനാളുകളെയങ്ങുനിറച്ചിടുന്നു.
ഇല്ലാമൊകകകാലിലശ്രീകൾക്കു

ഇല്ലാടുകകൊള്ളാടുനാതനാഞ്ചവുംമെ
പില്ലാടിലോർമ്മവതമെണ്ണതനാഗ്രഹംതാൻ.

സ്വാതന്ത്ര്യമൊട്ടുകളിനാടിനാടനാമെന്ന
കാതര്യമെതിലുമുദിച്ചിവരബാലകന്മാർ
പ്രാപിച്ചനുപ്പവഴിവാടുകൾദേവകൾക്കും
സാധിച്ചമൊഹവുംർതൊക്കയുമൊന്നതാമോ.

എന്നാലിവയാകളിലൊന്നിലുമില്ലനിജ
തോന്നൊന്നതിന്നപ്പുറമായകൾക്കടന്നിൽ
തന്നുള്ളിലുംവെളിയിലുംവിലസുംവിശേഷം
മെന്നതന്നപ്പുറമതാന്നതിലാണസാരം.

കണ്ണൂളൂവാളരിച്ചാക്കിലുതന്നുമില്ലേ,
മിന്നുന്നുകാവ്യവിലസുന്നമഹാശ്യമങ്ങിൽ
പൊന്നിൻവയന്നിലയുംനിലയില്ലയെന്നു
തിന്നുക്കിച്ചിടുകില്ലുംനിലയുണ്ടതാണം. (ശ)

(ശുഭം)

എം. രാജരാജവർമ്മ തമ്പുരാൻ
എം. എ, ബി. എൽ.

മഹാമഹോപാദ്ധ്യായന്മാർ

കിളളിമംഗലത്തു നമ്പൂതിരിപ്പാട്.

അസാമാന്യമായ സംസ്കൃതജ്ഞാനോപാധി ത്തോടു, വീണ്ടും വീണ്ടും ആ ഗ്രന്ഥങ്ങളിലുള്ള ഗ്രാഹ്യങ്ങളെ നോക്കുവാൻ ഇദ്ദേഹത്തെ പ്രേരിപ്പിച്ചു. വ്യാകരണശാസ്ത്രത്തിൽ പടുത്വവും, സാഹിത്യത്തിലും തർക്കശാസ്ത്രത്തിലും സാമാന്യമായ പരിചയവും ഉണ്ടാകയാൽ ശ്രീശങ്കരാചാര്യരുടെ ഭാഷ്യങ്ങളെ നോക്കുവാൻ തുടങ്ങി. ആഴ്വൂർ കണ്ടല്ലൂർ നമ്പൂതിരിപ്പാട്ടിലെ സഹായത്താൽ ഇരുപതു കൊല്ലംകൊണ്ടു മീമാംസ സ്വാധീനമാക്കി. ഇതിനിടയിൽ ധർമ്മശാസ്ത്രങ്ങളും നോക്കിത്തുടങ്ങി. ഇക്കാലങ്ങളിൽ തപർദാ- മൂത്തമകൻ ജ്യേഷ്ഠൻ പരലോകം പ്രാപിച്ചത്, അതു നിമിത്തം കുറച്ചുകാലത്തേയ്ക്കു പഠിപ്പിന്നു വിഘ്നം നേരിട്ടു.

ഇദ്ദേഹം പന്ത്രണ്ടാമത്തെ വയസ്സിൽ വിദ്യാർത്ഥികളെ വ്യാകരണം പഠിപ്പിക്കുവാനായി ഇല്ലത്തുവെച്ചുതന്നെ ആരംഭം തുടങ്ങി. ഇദ്ദേഹത്തിന്റെ സമ്പ്രദായം പരിചിതമായി, പഠിപ്പുകൊണ്ട് ഇദ്ദേഹത്തിനോളം കിടപിടിപ്പാൻ വലരുമില്ല. മഹാമഹോ ശാസ്ത്രങ്ങളിൽ അനവധി സമ്പാദിച്ചിട്ടുള്ളവരും ആയ ചിലരുടെ പേരുകൾ കൂടി ഇവിടെ പ്രസ്താവയോഗ്യമാണ്. ഇവരിൽ എല്ലാവരു

പ്രധാനികളായിട്ടുള്ളവർ കുന്നത്തിടത്തൊട്ട മൂത്തിരിപ്പാട്, തൊഴിക്കാട്ട് ഭാക്കുന്നു നമ്പൂതിരി, കൈപ്പുഴാശ്ശേരി നമ്പൂതിരിപ്പാട് ഇവരായിരുന്നു. തന്റെ പ്രധാനഗുരുവും ഉപദേഷ്ടാവും ആയ കൂടല്ലൂര് കുഞ്ഞുണ്ണി നമ്പൂതിരിപ്പാട്ടും ഇദ്ദേഹവും തമ്മിൽ വിദ്യാവിഷയത്തിൽ താരതമ്യപ്പെടുത്തി നോക്കിയാൽ വ്യാകരണശാസ്ത്രത്തിൽ ഗുരുവിനെ ശിഷ്യൻ കടത്തിവെച്ചിരുന്നെങ്കിലും ഗുരുവിനു ധർമ്മശാസ്ത്രങ്ങളിൽ ഉള്ള നൈപുണ്യം, ഉൽകൃഷ്ടമായ ബുദ്ധിചാതുര്യം ഇതുകൾ അനിതരസാധാരണം തന്നെയായിരുന്നു. അഞ്ചു കൊല്ലം ഇല്ലിക്കൽ താമസിച്ചതിനു ശേഷം സ്വദേശത്തിലേയ്ക്കു ചെന്ന് അവിടെ ശിഷ്യരെ പഠിപ്പിക്കയും, വൈദികവും ശാസ്ത്രീയവും ആയ വിഷയങ്ങളിൽ പരിചയിക്കുകയും ചെയ്തുകൊണ്ടു കാലം കഴിച്ചു വന്നിരുന്നു. ഇദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ സ്വന്തം അനുജൻ, പറമ്പിപ്പറ നമ്പൂതിരി, തെക്കേപ്പാട്ട നമ്പൂതിരി, മുണ്ടയൂർ നമ്പൂതിരിപ്പാട്, തൃപ്പൂൽക്കാട്ട നമ്പൂതിരി, ചിന്നക്കുട്ടി സ്വാമിയാർ, പൂന്തോട്ടത്തിൽ അമ്മാവു, ദൈവജ്ഞവണ്ണൻ നമ്പൂതിരി, കുഞ്ഞൻ നാരായണമംഗലത്തു നമ്പൂതിരി ഇവരാണ് മുഖ്യന്മാരായ വിദ്വാന്മാർ.

വ്യാകരണശാസ്ത്രത്തെയോ, അതു പഠിച്ചിട്ടുള്ളവരുടെ വൈദുഷ്യത്തെയോ പറ്റി ഗുണദോഷങ്ങളൊന്നും ഉണ്ടാകേണമെങ്കിൽ സംസ്കൃതഭാഷാസാഹിത്യജ്ഞാനം അത്യാവശ്യമാണ്. അതിലുള്ള ഓരോരോ സൂത്രങ്ങളും വ്യാഖ്യാനങ്ങളുടെ സഹായം കൂടാതെ മനസ്സിലാക്കുന്നതല്ല. എന്നു തന്നെയല്ല പഠിപ്പിന്റെ പരിപാകത പ്രാപിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ആവശ്യത്തിനെ മാത്രം ഉദ്ദേശിച്ചല്ലാതെ ആദ്യപാഠം വായിക്കുന്നവരുടെ ഉപയോഗത്തിനായിട്ടല്ല പാണിനി സൂത്രങ്ങൾ എഴുതീട്ടുള്ളതെന്നതിച്ചു തന്നെ. അദ്ദേഹം സംക്ഷിപ്തമായി എഴുതിയിട്ടുള്ള സൂത്രങ്ങളിൽ അന്തർഭവിച്ചു കിടക്കുന്ന സാരങ്ങളെ ഗ്രഹിപ്പാൻ അതിബുദ്ധിമാന്മാരായ വിദ്യാർത്ഥികൾക്കു മാത്രമേ സാധിക്കുന്നുള്ളു. ഇതുകൾ പൂർണ്ണമായി മനസ്സിലാക്കുന്ന കാര്യം ഇത്തരം വിദ്യാർത്ഥികൾക്കു കൂടി ക്ലേശസാദ്ധ്യമായിട്ടാണിരിക്കുന്നത്. ചുരുക്കി പറകയാണെങ്കിൽ 'വ്യാകരണ'ശാസ്ത്രത്തിൽ സാഹിത്യം മുഴുവനെന്നല്ല ഐഹികപാരത്രികങ്ങളായ സകല സംഗതികളും അടങ്ങീട്ടുണ്ട്. ഇത്രയും പറഞ്ഞതുകൊണ്ട് വ്യാകരണസൂത്രങ്ങളെ പര്യാലോചിച്ചു സൂക്ഷ്മം ഗ്രഹിപ്പാനും മറ്റും മനുഷ്യന്ന് എത്രമാത്രം അതിബുദ്ധിശാലിയാകുവാൻ കഴിയുമെന്നറിയിപ്പാൻമാത്രമാണെന്നോർക്കേണ്ടതല്ലാ. ഇത്തരമുള്ള വിദ്യയെ ബലപ്പെടുത്തിക്കൊണ്ടു വരണമെന്ന് ഉദ്ദേശിച്ചു മാത്രമാണ് പണ്ടൊന്നായ രാജകുടുംബങ്ങളിൽ വിദ്വൽസദസ്സു മുതലായ ഏർപ്പാടുകൾ ഇന്നും നടന്നു വരുന്നത്.

നമ്മുടെ മഹാമഹോപാധ്യായൻ, വിശാഖം തിരുനാൾ മഹാരാജാവിന്റെ കാലത്ത് ഒരിക്കൽ തിരുവനന്തപുരത്തു പോകയുണ്ടായി. മഹാരാജാവ് ഇദ്ദേഹത്തിന് ഉത്തമസംഭാവനയും വീരശൃംഖല മുതലായ സമ്മാനങ്ങളും കൊടുത്തിട്ടുണ്ട്. വേറെയൊരിക്കൽ ആ മഹാരാജാവിന്റെ ഒരു അടിയന്തരകാലത്ത് ഇദ്ദേഹം തിരുവനന്തപുരത്തു ചെല്ലുകയും പ്രസിദ്ധന്മാരായ സ്വദേശശാസ്ത്രികളുടെ മുമ്പാകെ തന്റെ വൈദുഷ്യത്തെ പ്രകടിപ്പിക്കയും മഹാരാജാവു മുതലായവർ ഇദ്ദേഹത്തിന്റെ യോഗ്യതയെപ്പറ്റി വീണ്ടും ആശ്ചര്യപ്പെടുകയും അസംഖ്യം വിലയേറിയ സമ്മാനങ്ങൾ കല്പിച്ചു കൊടുക്കയും ചെയ്തിട്ടുണ്ട്. ഇതിനാ

പ്പാറി ഒരു കഥ കൂടി കേട്ടിട്ടുള്ളതു ചുരുക്കമായിട്ടെങ്കിലും പറയുന്നതു യുക്തമാണല്ലോ. സദസ്സിനു വന്നിട്ടുള്ള വിദ്വാന്മാരെല്ലാവരും ഒരു സ്ഥലത്തു കൂടി അവരവരുടെ യോഗ്യത എത്രത്തോളമുണ്ടെന്നറിവാനായി അന്യോന്യം ചില വാദപ്രതിവാദങ്ങൾ ചെയ്തുകൊണ്ടിരുന്നു. സദസ്സിൽ ഒരാൾ നമ്പൂതിരിപ്പാടിനോടു വ്യാകരണത്തിൽ ഏതോ ചോദ്യം ചെയ്തു. എത്രയും ഭംഗിയിലും ധാടിയിലും സഗൌരവമാകംവണ്ണവും ഇദ്ദേഹം പറഞ്ഞിരുന്ന മറുപടി സദസ്സിലേയ്ക്കു് എഴുന്നെള്ളിയിരുന്ന മഹാരാജാവു പുറത്തു മറഞ്ഞു നിന്നു വളരെ കൌതുകത്തോടു കൂടി കേട്ടു. പ്രസംഗം അവസാനിച്ചതിന്റെ ശേഷം മഹാരാജാവ് അകത്തേയ്ക്കെഴുന്നെള്ളി. വ്യാകരണശാസ്ത്രത്തിൽ ഇത്രയും മഹത്തരമായ ഒരു സമാധാനം താൻ ഇതിനു മുമ്പിൽ കേട്ടിട്ടില്ലെന്നു മഹാരാജാവു കല്പനയാകയും ചെയ്തുവത്രേ! പിന്നീട് ആ തിരുമേനി നമ്മുടെ ഇദ്ദേഹത്തിനോടു വ്യാകരണസംബന്ധമായി ചില വിഷയങ്ങളെ പ്രതിപാദിപ്പാൻ ആവശ്യപ്പെട്ടു. ഇദ്ദേഹത്തിന്റെ ആ പ്രസംഗം കേട്ടിരുന്ന സദസ്യരെല്ലാവരും വളരെ ആശ്ചര്യപ്പെടുകയും ചെയ്തു.

ഇപ്പറഞ്ഞതുപോലുള്ള തിരുനാൾ സദസ്സിൽ ഇദ്ദേഹം ആദ്യമായി ചെന്നതു് 1063 ലാണ്. അന്നത്തെ ഇദ്ദേഹം വിദ്വാനാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. വൈദുഷ്യം നിർണ്ണയിപ്പാൻ സമർത്ഥന്മാരായ അധിപന്മാരുടെ ഇടയിൽ ഇദ്ദേഹത്തിനെ സംബന്ധിച്ച അഭിപ്രായം ഒന്നാമതായി വലിച്ചുകയും അതിന്നു ഇന്നേവരെ യാതൊരു മാറ്റവും വരാതെ നിലനിന്നു വരികയും ചെയ്യുന്നു. എന്നു തന്നെയല്ലാ വിദ്വത്സദസ്സിൽ പ്രവേശനപ്പെട്ട ഒന്നാം സമ്മാനം അന്നു മുതൽ മറ്റാർക്കും ലഭിച്ചിട്ടില്ലാത്തതിനാലാണ് നമ്മുടെ മഹാമഹോപാധ്യായന്റെ പരിപൂർണ്ണമായ യോഗ്യതകൾ വെളിപ്പെട്ടു കാണുന്നത്. ദിനംപ്രതി കൂടിക്കൂടി വരുന്ന വാർദ്ധക്യം ഇദ്ദേഹത്തിന്റെ ബുദ്ധിശക്തിയെ കുറയ്ക്കുന്നില്ല. എന്നു തന്നെയല്ലാ അതു വിദ്യാഭ്യാസവിഷയത്തിൽ ആസക്തചിത്തന്മാരായ യൌവനയുക്തന്മാരുടെ മനസ്സുകളിലെ ലോകപരിചയത്താൽ സിദ്ധിച്ച വിവേകത്തോടും കൂടികാണിക്കുന്നതും ഉണ്ട്.

കഴിഞ്ഞ കൊല്ലത്തിൽ ഇദ്ദേഹം കാലടിയിൽ ചെന്നു ശ്രീശങ്കരാചാര്യസ്വാമികളുടെ തൃക്കയ്യിൽനിന്ന് ഉത്തമസംഭാവന വാങ്ങുകയുണ്ടായി. നമ്മുടെ മഹാമഹോപാധ്യായന്റെ ചരിത്രത്തിൽ വിദ്യാവിഷയത്തെപ്പറ്റി എതാണ്ടൊക്കെ പ്രസ്താവിച്ചു കഴിഞ്ഞു. ഇനി ഇദ്ദേഹത്തിന്റെ ആകൃതി, പ്രകൃതി ഇവയെക്കുറിച്ചാണ് പറയുന്നത്. സ്വതേ ശാന്തശീലനും വളരെ ഭക്തിയുള്ള ഒരാളുമാണ് ഇദ്ദേഹമെന്ന് അടുത്തു പെരുമാറി പരിചയിച്ചവർക്കെല്ലാം അറിയാവുന്നതാകുന്നു. പ്രകൃതിയും മറ്റു സമ്പ്രദായങ്ങളും ഒരു [അപരിചിതന്റെ പ്രത്യേകതയാൽ കൊണ്ട് അത്ര എളുപ്പത്തിൽ ഗ്രഹിയ്ക്കത്തക്കവയല്ല. വസ്ത്രധാരണത്തിൽ ശുചിത്വശ്രദ്ധയും വേണ്ടതിലധികം സംസാരിയ്ക്കാതെയും ഒരു പഴയ സമ്പ്രദായത്തിലാണ് നടപടി. ആലോചനകളിൽ നിപുണനായ ഇദ്ദേഹം അന്യന്മാരുടെ ഉള്ളിൽ പ്രത്യേകിച്ചു പതിയത്തക്ക ധാടിയിലോ മോടിയിലോ ലേശംപോലും ശ്രദ്ധ വെയ്ക്കാറില്ല. എന്നാവും ആഗ്രഹങ്ങളൊടെ ആലോചനയിൽ പ്രവേശിപ്പിച്ചിരിക്കയാണെന്നു മുഖം വെളിപ്പെടുത്തും. ശ്ലാഘയോ ഗോപ്യതയോ യാതൊന്നും കാണുന്നില്ല. തങ്ങളുടെ സ്വന്തം മാർഗ്ഗമനുസരിച്ചു നിശ്ചയത്തോടു കൂടി പരി

ചയിക്കുന്ന ഈ തമ്പുരാന്റെ സമ്പ്രദായം ഇന്നതാണെന്നു തോന്നത്തക്കവണ്ണം ചില പ്രത്യേകവികാരങ്ങളോ ഏതിലെങ്കിലും തെളിഞ്ഞുകാണുന്നതെന്നു തോന്നിക്കുന്ന വല്ല ലക്ഷണങ്ങളോ ഈ ഗ്രന്ഥത്തിന്റെ മുഖത്തു കാണുകയില്ല. ബുദ്ധിയുടേയും പ്രകൃതിജ്ഞാനത്തിന്റേയും ശക്തി അറിഞ്ഞിട്ടുള്ളവർക്ക് ശാസ്ത്രം ഈ ഗ്രന്ഥത്തിന്റെ വൈശദ്യം മുഖത്തു പ്രതിബിംബിച്ചു കാണാം. എന്നാൽ വ്യാകരണം, വേദാന്തം ഈ ശാസ്ത്രങ്ങളിൽ പ്രതിവാദിക്കേണ്ടതായി ഇടപെടേണ്ടിവന്നാൽ തന്റെ വാദങ്ങൾക്ക് ഉറപ്പു കൊടുക്കുന്നതും വാക്കുകളെ പ്രമാണതാക്കിത്തീർക്കുന്നതുമായ ഒരു രണ്ടു കണ്ണുകളെ കണ്ടവരായും മറിച്ചും കാണുന്നതുമല്ല. അപ്രകാരം വക്രോക്തിലോ എന്നു തോന്നുകയില്ലാത്ത നിഷ്പ്രയാസമായ വാക്കുകളുടെ പ്രവാഹം, സ്വച്ഛത, ശക്തി, മാധുര്യം തുടങ്ങിയുള്ള ഗുണങ്ങൾ അസ്വാധീനങ്ങളാണ്. പഠിപ്പിന്റെ ഫലംകൊണ്ട് ഇത്രത്തോളം വന്നിട്ടുള്ള ഇദ്ദേഹം സമ്പാദിച്ചതായിട്ടു മാത്രമേ ഉണ്ടായിട്ടുള്ളൂ എന്നു വായനക്കാർ തെറ്റിദ്ധരിച്ചു പോകരുത്. തന്റെ ഉററ ചങ്ങാതിമാരുടെ യോഗത്തിൽ പെട്ടാൽ നേരംപോക്കും ഫലിതവും മറ്റും പറവാൻ നല്ല വാസനയും രസികതയും ധാരാളം ഉണ്ട്. ഇത് അനുഭവധനരെല്ലാവരും.

വ്യാകരണശാസ്ത്രത്തിൽ ‘അത്ഭുതവാദസൂത്രശതകോടി’ എന്ന ഒരു മഹാഗ്രന്ഥം ഇദ്ദേഹം ഉണ്ടാക്കീട്ടുണ്ട്. അത് അച്ചടിപ്പിക്കാനുള്ള ഒരുക്കങ്ങൾ ചെയ്തുവരുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം നമ്മുടെ പിൻഗാമികളുടെ ഇടയിൽ ഇദ്ദേഹത്തിന്റെ പേർ എന്നെന്നും നിലനില്ക്കുന്നതിനു കാരണമായും ഈ മഹാപുരുഷന്റെ അതിരില്ലാത്ത വൈദുഷ്യത്തിന്റെ പ്രദർശകമായും തീരാതിരിക്കയില്ല.

കൊടുങ്ങല്ലൂർ വലിയ ഗോദവർമ്മതമ്പുരാൻ

എത്രയോ ബുദ്ധിമാനും സത്യവാക്കും ഉണ്ടാകത്തക്ക വിധത്തിലുള്ള ധാരണാശക്തികൊണ്ടും വിഷയങ്ങളുടെ സൂക്ഷ്മജ്ഞാനംകൊണ്ടും ഓരോ അംശങ്ങളെയും ചേർത്തിരിച്ചു കാണിച്ചുകൊണ്ടു വിഷയങ്ങളെ വിവരിപ്പാനുള്ള സാമർത്ഥ്യാതിശയംകൊണ്ടും ഈ തമ്പുരാനോടു തുല്യനായ ഒരാളെക്കാണുവാൻ വളരെ പ്രയാസമാകുന്നു. നമ്പൂതിരിപ്പാട്ടിലെപ്പോലെ തന്നെ ഇദ്ദേഹവും വളരെ കുശലമുള്ള ആളും യോഗ്യതാപ്രകടനത്തിൽ തീരെ വിമുഖനുമാണ്. പൊതുജനങ്ങൾക്ക് ആവശ്യകരമായ വിധത്തിൽ പ്രസിദ്ധീകരണങ്ങളിൽനിന്ന് ഏതെങ്കിലും ഒരു വിഷയം സമ്പാദിക്കുന്നതിൽ പോലും ഇദ്ദേഹം ശ്രമിച്ചിട്ടില്ലെന്ന സംഗതിയിൽ നമ്പൂതിരിപ്പാട്ടിൽനിന്നും വ്യത്യാസപ്പെടുന്നു. തന്റെ ജീവിതകാലത്തിനു യാതൊരു ധാടിയും മോടിയും കൂടാതെ എപ്പോഴും ഗ്രന്ഥപാരായണം, ചിന്തനം ഇവയെ മാത്രമാണ് ഇദ്ദേഹം ആചരിച്ചുവരുന്നത്. ഈ തമ്പുരാന്റെ മനോഗതി ഭക്തിമാർഗ്ഗത്തിലേയ്ക്കാണ്. ഇദ്ദേഹത്തിന്റെ ആത്മാവിലുള്ള യഥാർത്ഥമായ ഭക്തിയോടു യോജിച്ചിട്ടുതന്നെയാണ് വൈരാഗ്യസംയുതങ്ങളായ ഇദ്ദേഹത്തിന്റെ വിചാരങ്ങളും അഭിപ്രായങ്ങളും പര്യവസിക്കുന്നത്. ഈ മതിയിലുള്ള പരിശുദ്ധതയാകട്ടെ പ്രായേണ കലുഷരഹിതവും ശാന്തവുമായ വിജ്ഞാനഫലത്തിൽ സാഹിത്യരസികന്മാരായ സഹൃദയന്മാർക്കു മാത്രം കാണത്തക്ക വിധത്തിലും ജനസമൂഹത്തിന്റെ ശ്രദ്ധയ്ക്കു വിഷയമാകാതെയും ഗൂഢമായിത്തന്നെ കാലം കഴിച്ചുകൂട്ടുന്നതിൽ തൽപരനായിരിക്കുന്നതാണല്ലോ. എങ്കിലും ലൗകികകാര്യങ്ങളിൽ ഏറ്റവും സമി

നേയുള്ള വിശേഷബുദ്ധിയും ഫലപ്രദങ്ങളായ അനേകം കല്പനാശക്തികളും ഉള്ള ഒരു വിദ്വാനാണ് നമ്മുടെ മഹാമഹോപാധ്യായൻ. സരളസ്വഭാവനായ ഇദ്ദേഹം സാധാരണക്കാരായ ഫലിതങ്ങളും നേരംപോക്കുകളും പറഞ്ഞു തന്റെ ചങ്ങാതികളെ രസിപ്പിയ്ക്കാറുണ്ട്. പ്രാചീനശാസ്ത്രഗ്രന്ഥങ്ങളിലെ ആശയങ്ങളായ ഭാഗങ്ങളെ സൂക്ഷ്മമായി അറിയുന്ന കാര്യത്തിൽ ആധുനികവിദ്വാന്മാരിൽവെച്ച് അദ്വിതീയനെന്ന സമ്മതനായ ഇദ്ദേഹവും കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ നിയമനം വിദ്വൽസദസ്സിൽ ഒരു സ്ഥാനത്തിരിക്കുന്നതു കാണാം.

ഈ വിദ്വൽസദസ്സിൽ വാക്യാർത്ഥം പറയുന്നതിനോ വാദപ്രതിവാദത്തിനോ ഏറെ സാധാരണയായി തിരഞ്ഞെടുക്കുന്ന വിഷയം തർക്കശാസ്ത്രം, വ്യാകരണം, വേദാന്തം ഇവയിലേതെങ്കിലുമായിരിക്കും. ഗോദവർമ്മതമ്പുരാന്റെ പ്രത്യേകവിഷയമായ തർക്കശാസ്ത്രവും വേദാന്തവും കൂടിയാൽ ശാസ്ത്രസിദ്ധാന്തങ്ങളിൽ മിക്കതും അവയിലുൾപ്പെട്ടു കഴിഞ്ഞു. എന്നു മാത്രമല്ല, ഐഹികമോ പാരത്രികമോ ആയ യാതൊരു സംഗതിയും ഇതിൽനിന്നു പുറമെയായിട്ടില്ല. വസ്തുസ്വരൂപങ്ങളും അവയുടെ ലൗകികസംബന്ധങ്ങളും ദൈവികസംബന്ധങ്ങളുമാണ് മേൽപ്പറഞ്ഞ ശാസ്ത്രങ്ങളിലെ പ്രധാനവിഷയങ്ങളെന്നു പലർക്കും അറിവുള്ളതാണല്ലോ. കുറെക്കാലമായിട്ട് ഇദ്ദേഹത്തിന്റെയും നമ്പൂതിരിപ്പാട്ടിലേയും പ്രവൃത്തി, വാദപ്രതിവാദങ്ങളിൽ വിധി പറകയാണ്. സദസ്സിൽ കൊണ്ടുവരുന്ന ഏതു കഠിനവിഷയത്തിലും ഇപ്രകാരം ഉള്ള മനോനൈർമ്മല്യത്താൽ സദസ്യന്മാർ തൃപ്തികരമായിത്തീരുന്ന വിധം സ്ഥിരമായ ഒരു തീർപ്പു ചെയ്യുന്നതിൽ ഇദ്ദേഹത്തിനുള്ള ശക്തിവിശേഷം പലപ്പോഴും അഭിനന്ദിക്കപ്പെട്ടിട്ടുള്ളതാണ്. സഹജീവികൾ ഇദ്ദേഹത്തെ 'ഭട്ടൻതമ്പുരാൻ' എന്നാണ് വിളിച്ചുവരാറുള്ളത്. പണ്ടും ഇപ്പോഴും 'ഭട്ടൻ' എന്നപേർ ലഭിയ്ക്കണമെങ്കിൽ സംസ്കൃതസാഹിത്യത്തിൽ പ്രധാനവും പ്രയാസമേറിയതുമായ ഗ്രന്ഥങ്ങൾ വ്യാഖ്യാനിയ്ക്കുകയോ അപ്രകാരമുള്ള പുതിയ ഗ്രന്ഥങ്ങൾ നിർമ്മിയ്ക്കുകയോ ചെയ്തിരിക്കണം. മഹാമഹോപാധ്യായനായ ഭട്ടൻതമ്പുരാന്റെ കൃതികളിൽ ചിലതു കാണിയ്ക്കാം:— സിദ്ധാന്തമാലാ (മൂലപ്രതിവാദകാരികാ), തർക്കമീമാംസാസംഗ്രഹം, പ്രാമാണ്യവാദഗാദാധരീവ്യാഖ്യാനം, ഉപഹാരപ്രകരണികവ്യാഖ്യാനം. ഇതിൽ സിദ്ധാന്തമാല അച്ചടിപ്പിച്ചുകഴിഞ്ഞു. മറ്റുള്ളതെല്ലാം അച്ചടിപ്പാൻ തയ്യാറായിരിക്കുന്നു.

ഒരു മഹാമഹോപാധ്യായനാവാം, താർക്കികനാവാം, വൈയാകരണനാവാം, വേദാന്തികളാണ്. ഒരാൾക്ക വ്യാകരണത്തിൽ പരിപൂർണ്ണജ്ഞാനവും ധാരണയും വിരുതവും ഉള്ളതുപോലെ തന്നെ മറെറാരാൾക്ക് തർക്കശാസ്ത്രത്തിലും അത്രത്തോളം ശ്രേഷ്ഠതയുണ്ട്. ഒരു മനുഷ്യന്റെ യുക്തിബലം എത്രത്തോളം ഉണ്ടാകാമെന്നുള്ളതിന് ഇവർ രണ്ടുപേരും ഉത്തമദൃഷ്ടാന്തങ്ങളാണ്. സൂക്ഷ്മത്തിൽ മേൽപ്പറഞ്ഞ രണ്ടു വിദ്യാശാഖകളും പരസ്പരം ഉപയുക്തങ്ങളും സിദ്ധാന്തജ്ഞാനത്തിൽ അന്യോന്യം അത്യാവശ്യകങ്ങളുമാണെന്ന സംഗതി കൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. എങ്ങിനെയായാലും തുല്യയോഗ്യന്മാരായ ഇവർ ശാസ്ത്രസംബന്ധമായ ഒരു സമരാങ്കണസ്ഥാനം കല്പിച്ചുവരുന്നതാണ്.

ഈ മഹാമഹോപാധ്യായസ്ഥാനം തങ്ങൾക്ക കിട്ടേണമെന്ന സ്വപ്നത്തിൽപ്പോ

ല്യം ഇവർ ആഗ്രഹിച്ചിരുന്നില്ല. വിജനസ്ഥലങ്ങളിൽ ഏകാന്തവാസികളായി ജീവനം കഴിച്ചുകൂട്ടുന്നതിലല്ലാണ് ഇവരുടെ വാസനയുടെ ഗതി. എങ്കിലും ആരും അറിയാതെ ഗൂഢമായി കാലം കഴിച്ചു പോകാനിടയുണ്ടായിരുന്ന ഈ മഹാന്മാർ ഇന്ത്യാ ചക്രവർത്തിയുടെ ഉചിതജ്ഞതനിമിത്തം ഏറ്റവും ഉന്നതമായ ഒരു സ്ഥാനത്തിൽ ഇരിക്കുന്നവരായിട്ട് തന്നെ ലോകരുടെ ദൃഷ്ടിയിൽ അകപ്പെട്ടിരിക്കുന്നു. ഇപ്പോഴും ഈ സ്ഥാനമാനങ്ങൾ കൊണ്ടുണ്ടായ കൊള്ളുകയോ കൃതകൃത്യതയോ യാതൊന്നും പ്രകാശിപ്പിക്കാതെ സൌമ്യതയോടു കൂടിയിരിക്കുന്ന ഇവരുടെ മുഖത്തിൽ വിനയം തന്നെയാണ് വെളിവായി കാണുന്നത്.

ഇരട്ടപെറ്റ കുട്ടികൾ

"[illegible]". [illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

രാമദാസൻ— [illegible] അവിടുന്ന [illegible] പറഞ്ഞിട്ടാണ് ഞാൻ വന്നത്.

രാമകൃഷ്ണൻ— ഈ [illegible]

രാമദാ— (ചിരിച്ചുകൊണ്ട്) [illegible] ഞാൻ വന്നത്.

രാമകൃഷ്ണൻ— [illegible]?

രാമദാസൻ— എന്ത്? അവിടുത്തെ [illegible].

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

വനമാരണെന്നു കണ്ടുവാൻ അക്കവുള്ളൂ. ദുഷ്യന്തനി ങ്ങിനിട്ടും ആയിരിക്കണം തന്നെ അറിയില്ലെ ന്നു പറഞ്ഞതെന്നു നാരായണൻ തീർച്ചയാക്കി. ഈ സ മയത്താണു് യോഗിനിയും മധുരാനാരികളുമായി ദൃഷ്ട നം പുറപ്പെടുന്നതു്. ഓമനകളിലൊരു കഥയാണു് അ ത്ഭുതം അധികം പറഞ്ഞതായിത്തീർന്നതെന്നു തോന്ന നം. അവരും അന്തഃപുരത്തിൽ തന്നെ കിടക്കുന്നതും തന്നെ രാജമന്ദിരമാണെന്നു നിശ്ചയിച്ചു കണ്ടു. വളരെ ജ നങ്ങൾക്ക് കണ്ടിരിക്കാനുള്ള കാരണമായ ഞാനംചേപ ക്ഷിതൻ കാരണം നല്ലവണ്ണം അറിയാറായി. നാര നായണൻ രാവിലെ പറഞ്ഞ കഥ രാജാവിനു നല്ലവ ണ്ണം ബോദ്ധ്യമായിത്തീർന്നതിനാൽ കണ്ണ് തുറന്ന ക ണ്ണും മനസ്സിലായി. ഈ യുവാക്കന്മാർ രാജ്യഭാരം

നാരായണന്റെ മകളും മററവർ ഉദയയെ ദൃഷ്ടാ ന്തമാണെന്നു് ആ യോഗിനി വിളിച്ചുപറഞ്ഞു.

ഇങ്ങിനെ ഒരു വലിയ ആപത്തിൽനിന്നൊഴിഞ്ഞ ഒരു വളരെ മനുഷ്യരാജ്യങ്ങളെപ്പറ്റിയുള്ള കഥ യെ വായിക്കുന്നവർക്കു് രാജാവിനു് ഏറ്റവും അനുഭ വമായിക്കഴിച്ചിരുന്നു് വന്നു. ഏറ്റവും ഒടുക്കമായി അവരുടെ വർത്തമാനവും ഉണ്ടായിരുന്ന തന്നെ മാത്രവും സങ്കടപ്പെടുന്ന നാരായണനും പതി വ്രതയുമായ ഒരു യോഗിനിയെപ്പറ്റിയും നാര നായണന്റെ മനസ്സിനെയും മറ്റും വായനക്കാർ മനസ്സിലാക്കട്ടെ.*

മിസ്സ് എം. ഏൻ. പി.

ഞങ്ങളുടെ വായനശാല

അന്യാപദേശശതകം.

കാവ്യകാരണങ്ങളുടെ സൂക്ഷ്മമായ ത്തിൽ കല്പനാശക്തിയേക്കാൾ ആലോചനാശക്തിക്കാണു് അധികം പ്രാബല്യവും പ്രാധാന്യവുമുള്ളതെങ്കിലും കവിതാവിഷയത്തിൽ ഇതു നേരെ മറിച്ചാണെന്നുള്ള തത്വം പലരും അറിഞ്ഞിരിക്കും. ഏതു സംഗതിയിലും പ്രത്യേകമായ വിജയം സിദ്ധിക്കണമെങ്കിൽ അതാതിനുള്ള കാരണങ്ങളുടെ ഗുണങ്ങൾക്കു പരിപൂർത്തിയുണ്ടായിരിക്കണമെന്നുള്ള വാസ്തവവും പ്രസിദ്ധം തന്നെ. കൃത്രിമവിഷയങ്ങളെ കല്പിച്ചുണ്ടാക്കുന്നതിനുള്ള സാമർത്ഥ്യം കവിയ്ക്കു് അത്യാവശ്യമായിട്ടുള്ളതാണെന്നു സമ്മതിക്കാതെ കഴിയുന്നതല്ല. എന്നാൽ ആ വക വിഷയങ്ങൾ പ്രപഞ്ചത്തിൽ അകൃത്രിമങ്ങളാണെന്നു തോന്നത്തക്കവിധം ഏർപ്പെട്ടവയായിത്തീർന്നാൽ മാത്രമേ കവിതയ്ക്കു് ആസ്വാദ്യതയുണ്ടാവുള്ളു എന്നും, ഏച്ചുകെട്ടിച്ചപ്പിച്ച വിധത്തിൽ പലതും കല്പിക്കുന്നതു കവിതാരീതിക്കു കല്പനാശക്തിയാവില്ലെന്നും, ആലോചനാശക്തിയെ തന്നെ കല്പനയും വിഷയങ്ങളുടെ അകൃത്രിമതപ്രതീതിയെ അനുസരിച്ചാണു് അതാതുകാര്യം ശരിയായി നിർവഹിപ്പാൻ കഴിയുന്നതെന്നും, ഉള്ള പരമാർത്ഥം ഒരു വിഷയത്തിലുണ്ടാകുന്ന ഉത്തമദൃഷ്ടാന്തങ്ങളെക്കൊണ്ടുമാത്രം തെളിയപ്പെടുന്നതാണു്. ഇതുകൊണ്ടാണു് അപ്രസ്തുതപ്രശംസാപ്രധാനങ്ങളായ അന്യാപദേശങ്ങൾക്കുള്ള ശൈലി അസ്വാദ്യമാണെന്നു സഹൃദയന്മാർ പറഞ്ഞുവരുന്നതു്. കണ്ണാട്ടു രവിവർമ്മ തമ്പുരാൻ അവർകളുടെ അപൂർവകൃതിയായ 'അന്യാപദേശശതക'മെന്ന സംസ്കൃതകാവ്യം മേൽപറഞ്ഞ ദൃഷ്ടാന്തങ്ങളിൽ ഒന്നായി തീർന്നിട്ടുണ്ടു്. ഇതിലെ ശ്ലോകങ്ങൾക്കുള്ള പ്രസാദസാരസ്യാദിഗുണങ്ങൾ വായിച്ചറിയേണ്ടവ തന്നെയാണു്.

---

* ഇംഗ്ലീഷിൽ നിന്നെടുത്തതു്.

सामवेदप्राथम्यम् ।

जयन्ति सकला वेदाः नानाविद्योपबृंहिताः ।
तेषां यौगिकतः सेतुः सर्वज्ञ इति कल्प्यते ॥

सामवेद एव पूर्वं सारादौ प्रयोक्तव्यः भगवद्विभूतित्वेन अयज्ञत्वप्रयोजकाभावप्रतियोगित्वेन ब्राह्मणयोनित्वेन ब्रह्मलोकप्राप्तिसाधनत्वेन सहस्रशाखत्वेन च तस्याभ्यर्हितत्वात् । भगवद्विभूतित्वादिकञ्च तस्य "वेदानां सामवेदोऽस्मी"तिस्मृत्या अग्निहोत्रदर्शपूर्णमासादिर्यज्ञोऽपि सामहीनत्वादयज्ञो भवति ईदृशस्साम्नो महिमेत्यर्थकया "अयज्ञो वा एष योऽसाम" इति तैत्तिरीयकश्रुत्या "ऋग्भ्यो जातं वैश्यं वर्णमाहुः यजुर्वेदं क्षत्रियस्याहुर्योनिं सामवेदो ब्राह्मणानां प्रसूति"रिति तैत्तिरीयकश्रुत्या "स सामभिरुन्नीयते ब्रह्मलोक"मिति प्रश्नोपनिषदा "सहस्रवर्त्मा सामवेदः एकशतवर्त्मा यजुर्वेदः एकविंशतिवर्त्मा ऋग्वेद" इति स्मृत्या च सिद्धमिति न स्वरूपासिद्धिः । स सामभिरित्यादिवाक्यं, "निर्गुणं सगुणञ्च ब्रह्म ओंकार एव स हि प्रतिमेव विष्णोस्तस्य प्रतीकः तस्मात् प्रणवं ब्रह्मात्मना विद्वान् एतेनैवोंकारध्यानेन यथाध्यानं निर्गुणं सगुणञ्च प्राप्नोती"त्युक्त्वा अनन्तरं एकमात्रद्विमात्रोंकारयोर्ध्यानमृग्वेद यजुर्वेदाभ्यां मनुष्यलोकसोमलोकगमनरूपे तत्फले च प्रदर्श्य ततस्त्रिमात्रोंकारध्यानमुक्त्वा तत्फलप्रतिपादकम्। तथा च सः त्रिमात्रोंकारध्याता तद्विभूतित्वेन ध्यातैस्सामभिः ब्रह्मलोकं सत्यलोकमुन्नीयत इति तदर्थः । ऋग्वेदयजुर्वेदयोश्च भगवद्विभूतित्वादेरभावेन न सामवेदवदभ्यर्हितत्वमिति तदुत्तरमेव तौ प्रयोक्तव्यौ । एतेन ऋग्वेद एव सर्वत्र प्राथम्येनाऽऽम्नायते प्राथम्यञ्चाभ्यर्हितस्यैव युक्तं अभ्यर्हितं पूर्वमिति न्यायादिति तस्य प्राथम्येनाऽऽम्नातत्वादभ्यर्हितत्वसिद्ध्या स एव पूर्वं प्रयोक्तव्य इति कस्यचिद्विदुषः परास्ता। उक्तयुक्त्या सामवेदस्य वेदान्तरादभ्यर्हितत्वस्य सिद्धतया प्राथम्येनाऽऽम्नातत्वस्य बाधेन सामवेदादन्यवेदाभ्यर्हितत्वासाधकत्वात्। ननु पाठक्रमस्यापि कर्मणां क्रमनियामकतायाः पूर्वमीमांसायां क्रमस्य पाठानुसारित्वाधिकरणे सिद्धान्तितत्वात् अत्रापि पाठक्रमेणैव प्रयोगक्रमोऽनुमेयः । पाठश्च "ऋचस्सामानि जज्ञिरे छन्दांसि जज्ञिरे तस्माद् यजुस्तस्मादजायते"त्यादौ प्रथममृग्वेदस्य ततस्सामवेदस्य ततो यजुर्वेदस्येति प्रथममृग्वेदः प्रयोक्तव्यस्ततस्साम ततो यजुरिति ऋग्वेदस्याभ्यर्हितत्वेऽपि साम प्रयोक्तव्यत्वमिति चेन्न । ऋचस्सामानि जज्ञिर इत्यादिपाठक्रमस्य सारादौ वेदानां प्रयोगक्रमनियामकत्वायोगात् । यथाहि यत्कर्मणां क्रमो नियम्यते तत्कर्मबोधकानामेव वाक्यानां पाठक्रमस्य तत्कर्मक्रमनियामकत्वं न तु तदबोधकानां "समिधो यजति तनूनपातं यजती"त्यादिवाक्यानां समिद्यागादिबोधकानामेव पाठक्रमस्य समिद्यागादिक्रमनियामकताया उक्ताधिकरणे सिद्धान्तितत्वात् । अत्र च ऋच-

ऋक्सामानि जज्ञिरे इत्यादिवाक्यैः ऋगादिवेदानामुत्पत्तिरेव बोध्यते न तु वादादौ प्रयोग इति न तद्वाक्यानां प्रयोगक्रमनियामकत्वम् । किञ्च यादृशपाठक्रमस्य सर्वत्रैकरूप्यं तादृशस्यैव तस्य क्रमनियामकत्वम् । स्पष्टतरश्चैतत् क्रमस्य कचिदनियमाधिकरणे । अत्र च न पाठक्रमस्य सर्वत्रैकरूप्यं ऋचस्सामानि जज्ञिरे इत्यादौ ऋग्वेदोत्तरं सामवेदस्य "अस्य महतो भूतस्य निश्वसितमेतत् यदृग्वेदो यजुर्वेद" इत्यादौ च ऋग्वेदोत्तरं यजुर्वेदस्य पाठात् । अत एतत्पाठक्रमस्य क्रमनियामकत्वमेव नेति कथमप्यस्माद्वादादौ न वेदानां प्रयोगक्रमनियमसंभव इति ।

यत्तु "सामध्वनावृग्यजुषी नाधीयीत कदाचने"ति मनुस्मृत्या सामप्रयोगोत्तरमृग्यजुषोः प्रयोगस्य निषिद्धतया तत्पूर्वमेव तौ प्रयोक्तव्याविति । तन्न, यस्याः स्मृतेस्सामध्वनौ श्रूयमाणे ऋग्यजुषी नाधीयीतेत्यर्थकतया सामध्वनिश्रवणसमकालीनाध्ययनस्यैव निषेधेन वादादौ सामप्रयोगोत्तरमृग्यजुषोः प्रयोगस्य सामध्वनिश्रवणसमकालीनत्वगुरुकारणशून्यत्वात्स्वरूपाध्ययनगतनिषेध्यतावच्छेदकधर्माभावेन निषेधाविषयत्वात् । एतच्च सामध्वनावित्यस्य ऋचो यजूंषि सामध्वनौ श्रूयमाणे नाधीयीतेत्यर्थवर्णनेन, अनध्यायाभिधाने प्रकरणात् आवश्यकाधी-यमाने ऋग्यजुषोः प्रतिषेधो न यज्ञप्रयोग इति यज्ञप्रयोगस्यानध्यायत्वाभावेनैतन्निषेधाविषयत्ववर्णनेन च प्रदर्शितं मेधातिथ्यादिभिः । यदपि सामवेदस्याशुचिध्वनिकत्वेन निकृष्टतया सर्ववेदपृष्ठभाग एव स निवेश्यः । अशुचिध्वनिकत्वञ्च मनुना वर्णितं "ऋग्वेदो देवदैवत्यो यजुर्वेदस्तु मानुषः । सामवेदः स्मृतः पित्र्यस्तस्मात्तस्याशुचिर्ध्वनि"रिति । तदप्यसमीचीनम् । सामवेदस्याशुचिध्वनिकत्वे मानाभावात् । तथाहि सामध्वनावित्यादिनिषेधार्थवादमात्रस्य तादृशमनुवचनस्य वेदान्तरध्वनेस्सामवेदानध्यायत्ववत् सामवेदध्वनेर्वेदान्तरानध्यायत्वमात्रे तात्पर्यं न तु तदशुचित्वे । तथासति वेदध्वनेरशुचित्वासंभवेन तद्वचनस्याप्रामाण्यप्रसंगात् । अत एवांगिरसा सामवेदध्वन्यशुचित्वप्रतिपादकस्य स्मार्तवचनस्य मुख्यार्थकत्वाभावो दर्शितः । स्पष्टश्चैतत् हेमाद्री मनुस्मृतिव्याख्यातृभिर्मेधातिथ्यादिभिरपि नात्र सामवेदध्वनेरशुचित्वं परमार्थतो विवक्षितमित्यादिवाक्यैः तादृशमनुवचनस्य मुख्यार्थकत्वाभावः प्रदर्शितः । तथाच सामवेदस्य अशुचिध्वनिकत्वे प्रमाणाभावात् न तस्य तादृशध्वनिकत्वेनापकृष्टत्वेति बोध्यम् । एवमेतत्सामगानाच्च इत्यादितैत्तिरीयकश्रुत्यादिप्रदर्शितैः सत्यज्ञानेत्यादिभिरत्युत्कृष्टत्वं सामवेदस्य । विस्तरभयान्नेह प्रदर्श्यते इति शिवम् ॥

नमामि भूयो भूयोऽहं सर्वमान्योत्तमोत्तमान् ।
सर्वान् वेदांश्च परं ब्रह्म येभ्य एवोपलभ्यते ॥
सामवेदात्मकाश्चैव विभूत्युत्कर्षवर्णनात् ।
तस्मात् प्राचीनवेदार्थप्रवक्ता प्रीयतां हरिः ॥
शिवः सनातनाद्भूतश्रुतिशास्त्रार्थदर्शकम् ।
भगवान् पद्मजन्माऽपि परिच्छेत्तुं न हि क्षमः
अत आदौ विहीना या शिष्टाचारपरंपरा ।
सैव वेदप्रयोगाणां पौर्वापर्यनियामिका ॥

इति ।

മംഗളോദയം
൧൦൮൭

പുസ്തകം ൩.	മീനമാസം	ലക്കം ൭

മംഗളം.

മന്നിലെങ്ങും പരിഷ്കൃതിയില്ലാഞ്ഞജനിച്ചീടുമ്പോ,ളന്നാലവ-
ന്നൊന്നിനൊന്നാണ സഹായമായിമയുള്ളൊന്നായവന്നൊത്തുവാൻ
കന്നിൻമകയുമിന്ദ്രവിംബധരനപ്പൊപ്പാതിമെയ്യാളുക-
ന്നൊന്നായിശ്ശിവശക്തിപൂണ്ടമരവുംമൂർത്തിയാമിട്ടുന്നതാൻ.

നാണയസാഹായികസംഘം

:0:



കഴിഞ്ഞ ഒക്ടോബർ മാസത്തിൽ തൃശ്ശിവപേരൂർവെച്ചു കൂടിയ കൊച്ചിജന്മിസഭ, ഒരു നാണയസാഹായിക സംഘം തുടങ്ങേണ്ടതാണെന്ന സർവ്വസമ്മതമായി അഭിപ്രായപ്പെടുകയുണ്ടായി. അതുകൊണ്ടു കൊച്ചിരാജ്യത്തുള്ള കൃഷിവ്യവസായങ്ങളിലും കൃഷിയിലും ഏർപ്പെട്ടിട്ടുള്ള ആളുകളുടെ യോഗക്ഷേമത്തെപ്പറ്റി ചില പ്രധാനസംഗതികൾ ഇവിടെ എടുത്തുപറയുന്നത് അനാവശ്യമോ അവസരോചിതമോ ആകുന്നതല്ല. അതായത് — ഇങ്ങിനെയുള്ളവരുടെ കടപ്പാടുകളുടെയും അവരുടെ സ്വാധീനത്തിലുള്ള നാണയത്തിന്റെയും സ്വഭാവവും വലിപ്പവും കാണിക്കുകയും ധനികന്മാരും നിർദ്ധനന്മാരും ആയവരുടെ ധനവും മറ്റും മൂലം ആവശ്യമായിട്ടുള്ള നാണയത്തെ അന്യോന്യസഹായത്തിനായി പൊതുവാക്കുവാൻ ഏർപ്പാടു ചെയ്യുന്നതുകൊണ്ട് ഇപ്പോഴുള്ള പല അസൗകര്യങ്ങളും നീക്കി കൃഷിവ്യവസായവിഷയങ്ങളിൽ സാമാന്യേന ഉണ്ടാകാവുന്ന ഗുണങ്ങളെ കാണിക്കുകയും ചെയ്യുന്നത് ഉപകാരപ്രദമാകാതിരിക്കയില്ല.

കൊച്ചിരാജ്യത്തു വസ്തു അനുഭവിച്ചുപോരുന്നതിന്റെ സമ്പ്രദായത്തെപ്പറ്റിയുള്ള ചില വിവരങ്ങളെ രസകരമായിരിക്കും. 489000 ഏക്ര അതായതു 764 ചതുരശ്രമൈൽസ് ഭൂമി ആകെ ഇപ്പോൾ രജിസ്ത്രു ചെയ്തതായിട്ടുണ്ട്. അതിൽ 206100 ഏക്ര (322 ചതുരശ്രമൈൽസ്) നിലവും, ബാക്കി 282900 ഏക്ര

(442 ചതുരശ്രമൈൽസ്) പറമ്പുകളും തോട്ടങ്ങളുമാകുന്നു. ഇതിൽ തന്നെ 178900 ഏക്ര വെളിമ്പറമ്പുകളുള്ളതിൽ മുക്കാലും അംശം രണ്ടും മൂന്നും കൊല്ലങ്ങൾ കൂടുമ്പോൾ മോടൻ മുതലായ പറമ്പുവിത്തുകൾ വിതപ്പാൻ ഉപയോഗിപ്പെടുന്നവയാകുന്നു. വസ്തുകൈവശക്കാരുടെ അവസ്ഥകളും മുഖ്യമായി ആലോചിക്കേണ്ടതാണ്. പതിവു നിലങ്ങളിൽ നൂറ്റുക്ക 55$\frac{7}{10}$ ജന്മികളും ബാക്കി സർക്കാർ കുടിയാന്മാരും അനുഭവിച്ചുവരുന്നു. ഈ കട്ടവിൽ പറഞ്ഞവയ്ക്ക് വസ്തു കൈവശം വെപ്പാനുള്ള അവകാശം ഇപ്പോൾ സ്ഥിരപ്പെടുത്തിയിരിക്കുന്നു. ജന്മികളും സർക്കാർ കുടിയാന്മാരും കൂടി ഉദ്ദേശം 55615 പട്ടയദാരന്മാരുണ്ട്. ഇതിൽ 15499 (നൂറ്റുക്ക 27$\frac{3}{4}$) പട്ടയദാരന്മാർ ഒരു രൂപ്പികയോ അതിൽ താഴെയോ നികുതി അടെക്കുന്നവരും 18015 (നൂറ്റുക്ക 32$\frac{4}{10}$) ഒരു രൂപ്പിക മുതൽ അഞ്ചുരൂപ്പികവരെ നികുതി അടെക്കുന്നവരും 13509 (നൂറ്റുക്ക 24$\frac{3}{10}$) 5 ക. മുതൽ 20 ക. വരെ അടെക്കുന്നവരും 4035 (നൂറ്റുക്ക 7$\frac{1}{4}$) 50 ക. മുതൽ മീതെ നികുതി അടെക്കുന്നവരുമാകുന്നു. എന്നാൽ 645 (നൂറ്റുക്ക 1$\frac{1}{10}$) പട്ടയദാരന്മാർ മാത്രമേ 250 ക.യ്ക്കു മീതെ നികുതി അടെക്കുന്നവരുള്ളു. നൂറ്റുക്ക 82$\frac{1}{4}$ വീതം പട്ടയദാരന്മാർ 50 ക.യിൽ താഴെയുള്ളവരാകുന്നു. ഏകദേശം നൂറ്റുക്ക് അറുപതു വീതം അഞ്ചുരൂപ്പികയിൽ താഴെയുള്ളവരാകുന്നു; അതായത് അവർ ഏകദേശം ഒരേക്ര നിലമോ അര മുതൽ മുക്കാൽ വരെ ഏക്ര തോട്ടമോ മൂന്നു മുതൽ എട്ടുവരെ ഏക്ര വെളിമ്പറമ്പോ കൈവശമുള്ളവരാകുന്നു.

മേൽപ്രസ്താവിച്ച പ്രകാരം നികുതി പതിഞ്ഞിട്ടുള്ള വസ്തുക്കളിൽ നൂറ്റുക്ക 55$\frac{7}{10}$ വീതം വസ്തുവിന് ഉടമസ്ഥന്മാരായ ജന്മികൾ അവരുടെ നിലങ്ങൾ കൃഷിനടത്തുന്നില്ല. അവരുടെ കീഴിൽ ഓരോരോ അവകാശങ്ങളോടു കൂടിയ കുടിയാന്മാരെയാണ് ഇതിനു ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ വക കുടിയാന്മാരിലും ചിലർ, അതായതു വലിയ സംഖ്യ കാണം കൊടുത്തു വസ്തുക്കൾ ചാർത്തി വാങ്ങീട്ടുള്ള കുടിയാന്മാർ കൃഷിക്കു വേണ്ടുന്ന ധനസഹായമാകട്ടെ ബുദ്ധിവേലയാകട്ടെ ചെയ്യാതെ ജന്മികളെപ്പോലെതന്നെ പാട്ടം വാങ്ങി അനുഭവിക്കുന്ന ഒരു രണ്ടാന്തരം ജന്മികളാണ്. ഇവരിലും താണതരക്കാരാണ് കൃഷി നടത്തുന്ന കുടിയാന്മാർ. ഇവർ കൃഷിക്കുവേണ്ട ധനം ഒരുക്കി, കൃഷിക്കങ്ങളാകാവുന്ന കാലികൾ മുതലായ മൊത്തങ്ങളെ ശൂന്യമാക്കാതെ നിരന്തരമായി പ്രയത്നം ചെയ്തു ജന്മികൾക്കും മേലെയുള്ള കുടിയാന്മാർക്കും മിച്ചവാരം, പാട്ടം മുതലായതു കൊടുത്തുവരുന്നു. ഇങ്ങിനെയുള്ള ഒരു കുടിയാൻ കൃഷി ചെയ്യുന്ന വസ്തുക്കളുടെ അളവ് ശരാശരി നോക്കുമ്പോൾ അഞ്ചോ ആറോ ഏക്രയുണ്ടാവും. രണ്ട് ഏക്രയിൽ കുറഞ്ഞോ പത്ത് ഏക്രയിൽ കവിഞ്ഞോ ആവുന്നതല്ല നിശ്ചയം. ജന്മവസ്തുക്കളുടെ കഥ അങ്ങിനെ ഇരിക്കട്ടെ. സർക്കാർവസ്തുക്കളെപ്പറ്റി ആലോചിക്കയാണെങ്കിൽ അഞ്ചുരൂപ്പിക നികുതി അടെക്കുന്ന ഒരു പട്ടക്കാരൻ അയാളുടെ സ്വന്തം വസ്തുക്കൾ അവനവൻതന്നെ കൃഷി ചെയ്യുന്നതു വളരെ അപൂർവ്വമാണ്. അവർക്ക് അവരവരുടെ വസ്തുക്കൾ ബന്ധബന്ധമാക്കി അന്യന്മാരെ ഏല്പിച്ചു പാട്ടം വാങ്ങി അനുഭവിപ്പാൻ ഒരു പ്രത്യേകവാസന കാണുന്നുണ്ട്. ചെറുതരം പട്ടയക്കാരും ജന്മികളുടെ കൃഷിനടപ്പുകാരായ കുടിയാന്മാരും മാത്രമാണ് കൊല്ലംതോറും നിലങ്ങൾ പണി ചെയ്തു വരുന്ന

ണ്ട്. ഒട്ടും ചില ജാതികളും ഉണ്ടായിട്ടില്ലില്ല. ഇവർ കന്നുകാലികളെ, വിത്തു മുതലായുള്ള സമ്പാദിക്കയും നിലം നന്നാക്കി അതിൽനിന്നുണ്ടാവുന്ന ഉല്പന്നങ്ങളെ അനുഭവിക്കയും ചെയ്യുന്നു. കഴിഞ്ഞ കാനേഷുമാരിക്കണക്കുകൊണ്ട് നിലംനടപ്പുകാരായ കുടിയാന്മാരുടെ സംഖ്യ 18:87 ആണെന്നു കാണുന്നുണ്ട്. ഈ സംഖ്യ ഈ രാജ്യത്തുള്ള ജാതികളുടെ പതിനാലിലൊന്നാണെന്നു കാണാവുന്നതാണല്ലോ.

ഈ രാജ്യത്തു കൃഷി നടക്കുന്നതിനു യഥാർത്ഥമായി വേണ്ടിവരുന്നതിലധികം ചിലവ് ഈ വിഷയത്തിലുണ്ടാവാനുള്ള രണ്ടു കാരണങ്ങൾ ഇവയാണ്— (1) ചില്ലറ ചില്ലറയായി അനാവശ്യം വസ്തുക്കൾ ഓരോരുത്തന്റെ കൈവശമായിരിക്കുന്നതുള്ള കിടപ്പ്. (2) വസ്തുവിന്റെ ഉടമാവകാശമില്ലാത്ത കുടിയാന്മാരുടെ കൃഷിനടപ്പ്. ഇതിനെയുള്ള ചില്ലറ ഏർപ്പാടുകളേയും കൃഷിനടപ്പുകാരായ കുടിയാന്മാരുടേയും താൽക്കാലികാവസ്ഥയെപ്പറ്റിയും പ്രത്യേകത്തിൽ ആലോചിക്കേണ്ടതാകയാൽ ആ സംഗതിയും അല്പം പ്രസ്താവിക്കാം.

വസ്തുകൈവശക്കാരായ കുടിയാന്മാരിൽ മുക്കാൽ ഓഹരിയോളം വീതം ആളുകൾക്ക് ഒരു ഏക്കർ നിലമോ ഏകദേശം അര ഏക്കർ അരവശമോ മുതലായ ചാരമ്പോ മാത്രമേ ഉള്ളവരായി നോക്കുന്നതായാൽ കാണുകയുള്ളൂ. ഇത്രയും കാലായിട്ടുള്ള നിലംചാന്തുകളെക്കൊണ്ടു പരിഷ്കൃതമായി കൃഷി നടക്കുവാൻ സാധിക്കുന്നതല്ല. കൃഷിക്കാരന്റെ ആദ്യമായ ഉദ്ദേശം തനിക്കും കുടുംബാങ്ങൾക്കും വേണ്ടതായ നെല്ലു ശേഖരിക്കണമെന്നായിരിക്കുമല്ലോ. അതു നിമിത്തം മറ്റു കൃഷികളും ചെയ്യാൻ അധികം ആദായമുണ്ടാവാനിടയുള്ള വസ്തുക്കളെയും നെൽകൃഷിക്ക മാത്രമേ ഉപയോഗിക്കുന്നുള്ളൂ. കാര്യം മാത്രം ചാരമ്പോ നിലമോ കൈവശമുള്ള സ്ഥിതിക്ക് അതുകളെ നന്നാക്കുന്നതിനുള്ള ധനവ്യയം വളരെ കുറവായിട്ടുണ്ട്. എങ്കിലും കൃഷി നടക്കുന്ന സമ്പ്രദായം പരിഷ്കരിക്കണമെന്നുള്ള മോഹമോ അതിനുള്ള ശ്രമമോ ഇവർക്കില്ല. മാമൂലായി കൃഷി നടക്കുന്ന സമ്പ്രദായത്തിൽത്തന്നെ തങ്ങളുടെ നിലംചാന്തുകളെ കൃഷി ചെയ്യണമെന്നു മാത്രമേ ഇവർ വിചാരിക്കുന്നുള്ളൂ. പഴയ നടപടി വിട്ടു നടക്കുവാൻ ഇവർക്കു സമ്മതമില്ലെന്നു മാത്രമല്ല പരിഷ്കൃതരീതിയിൽ കൃഷി ചെയ്താൽ ഗുണമുണ്ടാവില്ലെന്നുകൂടി ഇവർ വിശ്വസിക്കുന്നു. ഇപ്രകാരം ചെയ്യാൻ തന്നെ ഈ കൂട്ടർ പണം കടം വാങ്ങേണ്ടതായിട്ടാണ് കാണുന്നത്. വിത്തു വിതക്കുവാനുള്ള നെല്ല് നെല്ലായിട്ടും മറ്റു നികുതി മുതലായ ചിലവുകൾക്കു പണമായിട്ടും ആണ് കടം വാങ്ങുക. കൊയ്ത്തു കഴിഞ്ഞ ഉടനെ കടം വീട്ടണം. അതു വീട്ടിയാൽ ശേഷമുള്ളതിലും തങ്ങളുടെ കുടുംബത്തെ ചിലവിനു വളരെ കുറവാണ്. ഇതിനെ പിന്നെ കൊല്ലവും ചെയ്യുവരുന്നു. അതുകൊണ്ട് ഈ കടം എപ്പോഴും ഇവരെ കരിക്കുവാൻ വിടാതെ ബാധിച്ചിരിക്കുന്നു.

വർത്തമാന കൃഷിക്കാരുടെ സ്ഥിതി ഇതിലും മോശമാണെന്ന പറഞ്ഞുകൂടാ. ഇവർ സാധാരണയായി 5 മുതൽ 6 വരെ ഏക്കർ നിലങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്. കൃഷി നടന്നു തുടങ്ങുന്നതിന് ആദ്യമായി വേണ്ട വിത്ത് ഇവരുടെ കൈവശമുണ്ടായിരിക്കയില്ല. വല്ലിയും നെല്ലായിട്ടാണല്ലോ കൊടുക്കേണ്ടത്. അതിനാൽ ഇവർ നെല്ലു കടം വാങ്ങേണ്ടി വരുന്നു. ഇപ്രകാരമുള്ള നഷ്ടങ്ങളും ഈ രാജ്യത്തു സ്വഭാവമാണ് ഇ

കടത്തിന്നും പലിശയുണ്ട്. 10 പറയ്ക്കു 2 പറ വീതമാണ് പലിശയുടെ നിരക്ക്. കൊയ്ത്തു കഴിഞ്ഞാൽ കടം വീട്ടണമെന്നാണ് നിശ്ചയം. ഇതിൽനിന്നു കൃഷിക്കാരന് 100-ക്ക് 20 വീതം പലിശ 4 മാസത്തേക്കു കൊടുക്കേണ്ടതായി വരുന്നുണ്ടെന്നു കാണാവുന്നതാണ്. ഇവരിൽ മിക്കവരും തങ്ങളുടെ ചിലവിന്നാവശ്യമുള്ള നെല്ലും കടം വാങ്ങാറുണ്ട്. ഇവർ വസ്തുക്കൾ ജാമ്യം കൊടുപ്പാനില്ലാത്തതിനാൽ ഈ സംഖ്യവാങ്ങുകൾക്ക് 18 മുതൽ 24 വരെ പലിശയും കൊടുക്കേണ്ടി വരുന്നു. ഇപ്രകാരമുള്ള അധികപലിശക്ക് വിത്തും നെല്ലും കടം വാങ്ങിയാണ് കൃഷി ഇറക്കുന്നത്. കൊയ്ത്തു കഴിഞ്ഞ ഉടനെ ഈ കടിയാൻ കടംവീട്ടേണ്ടതിനു പുറമെ 4 മുതൽ 5 വരെ ഇരട്ടി പാട്ടം ജന്മിക്കു കൊടുക്കേണ്ടിവരുന്നു. ഇതുകൾ കഴിച്ചുള്ള മിച്ചം തങ്ങളുടെ ചിലവിന്നു നന്ന കമ്മിയാവും. വിത്തും നെല്ലും പിന്നത്തെ കൃഷിക്കു കടംവാങ്ങുന്നു. ഇപ്രകാരം കടം തന്നെയാണ് ഇവരുടെ സമ്പാദിക്കുന്ന ധനം. ഈ രാജ്യത്തെ എല്ലാ താലൂക്കുകളിലെയും കടിയാന്മാരുടെ സ്ഥിതി ഇതുതന്നെയാണ്. കോൾകൃഷിയുള്ള തൃശ്ശിവപേരൂർ താലൂക്കിൽ കോൾപ്പണിയാവശ്യത്തിന്നു വേണ്ടി മാത്രം 100-ക്ക് 18 വീതം പലിശക്ക് ഏകദേശം 80,000 ക. യോളം കടം വാങ്ങി വരുന്നുണ്ട്. 24-ഉം 30-ഉം വീതം പലിശ വാങ്ങാറുള്ളതും അപൂർവ്വമല്ല. ഈ രാജ്യത്തുള്ള 100-ക്ക് 70 വീതം വയലുകളും കൃഷി ചെയ്യുന്നത് ഈ സമ്പ്രദായത്തിലാണെന്നു കാണുന്ന സ്ഥിതിക്ക് അതിൽനിന്നുണ്ടാവുന്ന ദോഷങ്ങളുടെ വലിപ്പം പ്രത്യക്ഷപ്പെടുന്നതാണല്ലോ. ദാരിദ്ര്യംകൊണ്ട് ഉപദ്രവിക്കപ്പെടുന്ന ഈ പണിക്കാരുടെ ഒരു തുക കാണേണ്ടുന്നതിന് പ്രത്യേകം ശോധനയുടെ ആവശ്യമില്ല.

ഇതിന്റെ പരിണാമം ഇപ്രകാരമാണ്:— ചില്ലറ പാട്ടക്കാരും അവരെ സംബന്ധിക്കുന്ന ചെറിയ കടിയാന്മാരും കൂടിയാണ് രാജ്യത്തെ കൃഷികൾ മുഴുവനും നടത്തുന്നത്. ഇവർ കടത്തിൽ കിടന്നു മുങ്ങുന്നു. 100-ക്ക് 60 വലിയ നെല്ലും 9 പണം പലിശ പണവും ഇവർ കൊല്ലംതോറും കടം വാങ്ങുന്നു. ജന്മിക്കു കൊടുക്കേണ്ട പാട്ടവും കൂടുതലായിരിക്കും. പണക്കാരായ കടക്കാരെപ്പോലെ ചില ജന്മികൾ പാട്ടത്തിൽ കാലു ചെയ്തു കൊടുക്കാറില്ലെന്നും ഇല്ല. ഈ രാജ്യത്തെ പ്രജകളിൽ 100-ക്ക് 50-77 വീതം ജനങ്ങൾ ഇപ്രകാരം അധികപലിശക്കു കടം വാങ്ങി കൃഷി ചെയ്താണ് ഉപജീവനം കഴിക്കുന്നത്. 'മറെറന്തൊരു വ്യവസായവും ഈ സ്ഥിതിയായാൽ അപ്പോൾ നശിച്ചുപോവുന്നതാണ്. പക്ഷെ കൃഷിവ്യവസായം അങ്ങിനെ നശിക്കുന്നതല്ല. ഒരു സമയം കടിയാൻ നശിച്ചു എന്നു വരാവുന്നതാണ്. കൃഷിപ്പണിക്ക് ആദായം കിട്ടാതിരുന്നാൽ അധികം ആദായമുള്ള ഇതരമായ വ്യവസായങ്ങളിൽ ഇവർക്കു പ്രവേശിപ്പാൻ സാധിക്കയില്ല. അതിനാൽ ഒന്നുകിൽ പട്ടിണി കിടന്നു മരിക്കയോ അല്ലെങ്കിൽ കടത്തിൽ കുഴിഞ്ഞു നിർദ്ദയന്മാരായ ധനികന്മാരുടെ അടിമകളായിത്തീരുകയോ ചെയ്യുന്നു.' എന്നു മിസ്റ്റർ ഗ്രൂമർ പറഞ്ഞിട്ടുള്ളത് എത്രയും പരമാർത്ഥമാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ന്യായവും മുതലിനും ആയ പലിശക്ക് ഇത്തരക്കാർക്കാവശ്യമുള്ള പണം കിട്ടേണ്ട വന്നാൽ ഈ രാജ്യത്തെ സ്ഥിതിക്ക് ഒരു മാറ്റം വരുമെന്നു നിശ്ചയമാണല്ലോ.

കൊല്ലംതോറും നടത്തിവരുന്ന കൃഷി

യുടെ സമ്പ്രദായം ഇന്നപ്രകാരമാണെന്ന് നാം കണ്ടുവല്ലോ. കൃഷിവ്യവസായപരിഷ്കാരത്തിന് ആധികാരമായതു ചുരുങ്ങിയ പലിശയ്ക്കു കിട്ടുന്നതായ ഒരു മൂലധനം വേണമെന്നാണ്. ഉദ്ദേശം 275 ചതുരശ്രനാഴിക കൃഷിചെയ്യാതെയുള്ള പറമ്പുകൾ തരിശായി കിടക്കുന്നുണ്ട്. സൌകര്യമായ വല്ല വിധത്തിലും മൂലധനം ശേഖരിച്ച് ഈ പറമ്പുകളെ കഴിയുന്നേടത്തോളം പറമ്പുകൃഷികളായും നിസ്സാരവിളകളിൽ നിലങ്ങളായും തിരിച്ചു കൃഷി ചെയ്വാൻ സാധിച്ചു എന്നു വന്നാൽ കടിയാന്മാർക്ക് അതിൽനിന്നുണ്ടാവുന്ന ലാഭത്തിനു കയ്യും കണക്കും ഉണ്ടാവുന്നതല്ല. ഇപ്പോൾ പണിയുന്ന വയലുകളിൽ സമൃദ്ധമായ ഒരു സംഖ്യ ചിലവു ചെയ്താൽ ഇരട്ടി പണിയുന്നവർ ഒരുക്കമുള്ളവരായിരിക്കുവാൻ പ്രയാസമില്ല. നിലത്തിൽ ഉഴുന്നതിനും വളം ചേർക്കുന്നതിനും കൃഷിയും വെള്ളവും ആധുനികസമ്പ്രദായത്തിൽ വലുതായിട്ടുള്ള യന്ത്രങ്ങളെ ഉപയോഗിക്കുന്നതിനും പാശ്ചാത്യനാടുകളിൽ കണ്ടുപിടിച്ചിട്ടുള്ള ചില ഉപായങ്ങളെ നമ്മുടെ കൃഷിക്കാർ ധരിക്കേണ്ടതുണ്ട്. പക്ഷേ അതിനും കൃഷിക്കാർ ധനസഹായമുള്ളവരും കടം കൊണ്ടു ധനികന്മാരുടെ വലയിൽ പെടാത്തവരും ആയിരിക്കേണ്ടതാണ്. ഇതിനെക്കുറിച്ചധികം വിസ്തരിക്കണമെന്നില്ല. എന്തെന്നാൽ ചുരുങ്ങിയ പലിശയ്ക്കു പണം കിട്ടുന്നതാണെങ്കിൽ കൃഷിക്കാരെ പരിഷ്കാരത്തിന്റെ മോഹവും വാസനയും ഉണ്ടാവുന്നതും അവരിൽ ഒരു നിശ്ചയമുണ്ടാകുന്നതുമാണ്. കൃഷിപരിഷ്കാരത്തിന് അടിസ്ഥാനമായിട്ടുള്ളതു മൂലധനവും അതില്ലാത്തതാൽ പരിഷ്കാരത്തിനു നിവൃത്തി ഇല്ലാത്തതും ആകുന്നു.

ഇതില്ലാ ധനമാനായ കടിയാന്മാർ ചുരുങ്ങിയ പലിശയ്ക്കു ധനസഹായം ചെയ്യുവാൻ ഇപ്പോഴും സാധിക്കുന്നതാണ്. പണ്ടു ഈട് കാണിച്ചു കടം വാങ്ങുന്ന പണത്തിനു സാധാരണയുള്ള പലിശ നൂറുക്കു മുക്കാലും ഒന്നും വീതവും പക്ഷേ കടത്തിന്റെ സംഖ്യയുടെ വലിപ്പം, ഈട് കൊടുത്തിട്ടുള്ള സ്വത്തിന്റെ വില ഇതുകളെ അനുസരിച്ചു നൂറുക്ക് അരവീതവും പലിശയും ഉണ്ടാകാറില്ലെന്നില്ല. എന്നാൽ വസ്തുകൾ ഈട് കൊടുക്കുവാൻ ഇല്ലാത്ത ചെറുതരം കൃഷിക്കാർക്ക് ധനസഹായത്തിനു ചെയ്യേണ്ടതായ മാർഗ്ഗം എന്ത് എന്നാണ് ഇവിടെ ആലോചിക്കേണ്ടത്. കൃഷി ആവശ്യത്തിനു ചുരുങ്ങിയ പലിശയ്ക്കു സർക്കാരിൽനിന്നു ധനസഹായം ചെയ്തുകൊടുക്കുന്ന ഏർപ്പാട് നടപ്പിൽ വന്നിട്ടു കുറച്ചു കാലമായി. ഇതും നാം ഉദ്ദേശിച്ചിട്ടുള്ള ചെറുതരക്കാർക്ക് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. സർക്കാരിൽനിന്നു ചെയ്യുന്ന ധനസഹായത്തെ സംബന്ധിച്ച നിബന്ധനകളെ അനുസരിച്ച് ഇവരിൽ മിക്കപേർക്കും ജാമ്യം കൊടുപ്പാൻ സാധിക്കുന്നില്ല. എന്നുതന്നെയല്ല കൊച്ചിരാജ്യത്തു പരപ്പായി കിടക്കുന്ന ഓരോരോ ചെറുതരം കടിയാന്മാരോട് പ്രത്യേകം പ്രത്യേകം അന്വേഷിച്ചുള്ള ഏർപ്പാട്, വേണ്ടവണ്ണം ചെയ്വാൻ സർക്കാരിനും സാധിക്കുന്നതല്ല. സർക്കാരിൽനിന്നു പണം കൊടുക്കുന്ന കാര്യത്തിൽ വേറെയും അനേകസങ്കടങ്ങളുണ്ട്. ഇതുകൊണ്ടു കടിയാന്മാർ അവരവരുടെ നിലമൊക്കെ വീണ്ടും വീണ്ടും ആവശ്യംപോലെ കടം വാങ്ങിപ്പണം അവരുടെ ധനസ്ഥിതി അതാതു കാലത്ത് ഏതെങ്കിലും നിലയിൽ ഇരിക്കുന്ന എന്നു ദിനംപ്രതി അന്വേഷിക്കേണ്ടതായ ഒരു വലിയ ചുമതല, ഭരണാധികളായ സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ഉണ്ടാവുന്നതാണ്.

ടുവന്നതാണ്. ഇതിന്നു പുറമെ ചലി ഗ ചാലങ്കിൽ ഇവർ അധികം കടം വാങ്ങി എന്നും വരാം. അതുകൊണ്ടു കുടിയാന്മാൎക്ക് ആലോചനയില്ലാതെ കടം വാങ്ങുന്നതിനുള്ള വാസനയെ നശിപ്പിക്കാനും അവൎക്കു കൊടുത്തിട്ടുള്ള പണം ന്യായമായ വിധത്തിൽ ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിപ്പാനും അവൎക്കു മിതവ്യയം പരിശീലിപ്പാൻ അവരെ ഉത്സാഹപ്പെടുത്തുവാനും വാങ്ങീട്ടുള്ള പണം അവധികഴിഞ്ഞു കാലം തിരിയെ അടപ്പാൻ നിൎബ്ബന്ധിപ്പാനും ആയി ഒരു പ്രത്യേക ഏൎപ്പാട് ചെയ്യുന്നത് അത്യാവശ്യമായി വരുന്നതാണ്. അതിനാൽ ഇങ്ങനെ കൊടുക്കുന്ന പണം വാങ്ങിപ്പാൻ നിവൃത്തി ഇല്ലാത്ത ഇവൎക്കു ഉപയോഗമാകത്തക്ക വിധമായി ഉപയോഗിപ്പാൻ ശീലമുണ്ടാക്കുവാനും ഓരോരോ മാതിരി പണം കടം വാങ്ങുവാനുള്ള വാസനയെ ഇല്ലാതെയാക്കുവാനും ഉള്ള കാൎയ്യം എന്താണെന്നാണ് ആലോചിപ്പാനുള്ളത്.

(തുടരും)

ലക്ഷണശാസ്ത്രം



ഏതെങ്കിലും ഒരു സംഗതിയുടെ സൂക്ഷ്മതത്ത്വങ്ങളെ പറ്റിയുള്ള ആലോചനകൾക്കു പരിപൂൎത്തി വന്നതെന്ന വിചാരത്തോടുകൂടി ഒരു സംഗതിതത്വത്തിലുണ്ടാകുന്നതും സംശയമില്ലാതെ ബോധ്യമാവുകയുള്ളതും ആയ ബോധം പൂൎണ്ണമായിത്തീരുമെന്നല്ലാ വാസ്തവമായ വിശ്വാസം. ഈ പ്രകാരവും ആലോചനാപൂൎവ്വകം കൊടുക്കാത്ത തന്നെ ചില സംഗതികളിൽ ഈ മാതിരി നിശ്ചയമുണ്ടാകുന്നതിന്ന് അന്ധവിശ്വാസമെന്നോ മൂഢവിശ്വാസമെന്നോ പറയപ്പെടുന്നു. ഓരോരുത്തരുടെയും ആലോചനാശക്തിക്കു ഭേദവും വ്യത്യാസവും ഉണ്ടായിരിക്കെ ഒരു വകയിലെന്നും സ്സമ്പ്രദായമല്ലാത്ത അന്യന്റെ ആലോചനയേയും വിശ്വാസത്തെയും അടിസ്ഥാനപ്പെടുത്തി അതിനെ പൂൎത്തിവരുത്തുന്നതിനുള്ള ധാരണ നിമിത്തമാണ് പ്രായേണ അന്ധവിശ്വാസമുണ്ടായിത്തീരുന്നത്. ലോകതത്ത്വജ്ഞനായ കാളിദാസൻ—

'സന്തഃ പരീക്ഷ്യാന്യതരദ്ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ'

എന്ന വചനത്താൽ ഈ സംഗതി നല്ലവണ്ണം വെളിപ്പെടുത്തീട്ടുണ്ട്. എന്നാൽ എല്ലാമാതിരി വിശ്വാസവും അതിനെക്കുറിച്ചുള്ള യുക്തികളെ സൂക്ഷിക്കാതെയുള്ളതാകയാൽ സാരമായ സ്ഥിതിയിൽനിന്നു തെറ്റിപോകയില്ല. അങ്ങിനെ തെറ്റുമ്പോൾ വിശ്വസിച്ചു തന്മൂലം വീണ്ടും സംശയനിവൃത്തിവരുത്തുകയും ചെയ്യും. പക്ഷേ ഈ ആലോചനാ സമ്പ്രദായങ്ങളിലും സാധാരണക്കാരായ ജനങ്ങളെ ഏറ്റവും ശ്രദ്ധിച്ചിരിക്കുന്നതുകൊണ്ട് എന്തായാലും അവരുടെ വിശ്വാസത്തിന്നു പ്രതികൂലങ്ങളായ യുക്തിക

ത്തിൽ കൂടിയും പ്രാരംഭ അന്വേഷണത്തെയും തന്നെയാണ് കണ്ടുവരുന്നത്. അതിനാൽ ഒരു അടിസ്ഥാനത്തിന്റെ നിലയിൽനിന്ന് ആലോചിക്കുന്ന അപ്പോഴും ചിലർ മാത്രമേ അവനവന്റെ വിശ്വാസത്തിനാസ്പദമായ യുക്തികൾ ഉണ്ടാകയുള്ളൂ. വിശ്വാസത്തിന്റെ യാഥാർത്ഥ്യത്തിൽ വിള്ളലുണ്ടാകുന്ന സംശയം ആ തത്വത്തെപ്പറ്റിയുള്ള ആലോചനകൾക്ക് പുതിയ വഴി വരുമെന്ന വിചാരം തന്നെയാണെന്ന ബോദ്ധ്യപ്പെടുത്തുകയും പിന്നെയും ആലോചന പലർ നാസ്തിക്യം പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ പര്യവസാനം മുമ്പുള്ള വിശ്വാസത്തെ അധികം സ്ഥിരപ്പെടുത്തിയിട്ടാണെന്നും വരാം. നേരെ വിപരീതമായിട്ടാണെന്നും വരാം. അതുകൊണ്ട് വളരെ അപൂർവ്വമാണെങ്കിലും ഈ വഴിക്ക് ആസ്തികന്മാർ നാസ്തികന്മാരും നാസ്തികന്മാർ ആസ്തികന്മാരുമായി തീരുന്നു തീരെ അസംഭവ്യമല്ലെന്ന് വിചാരിക്കാം. അപ്രകാരം തന്നെ അഗാധമായ ആലോചന ചെയ്തു നിര്യുക്തികങ്ങളാണെന്നു വിശ്വസിച്ച വിഷയങ്ങൾ പോലും ചിലതു സയുക്തികങ്ങളായി പരിണമിക്കാവുന്നതുമാണ്.

സാധാരണയായി ഫലഭാഗമെന്നു പറയപ്പെടുന്ന പ്രശ്നം, ജാതകം, മുഹൂർത്തം മുതലായ ജ്യോതിശ്ശാസ്ത്രങ്ങളും പഞ്ചപക്ഷി, ശകുനശാസ്ത്രം, ലക്ഷണം, സാമുദ്രികം മുതലായ നിമിത്തശാസ്ത്രങ്ങളും കേവലം നിര്യുക്തികങ്ങളാണെന്ന് വിശ്വസിക്കുന്നവർ ഇക്കാലത്ത് ഒട്ടും ചുരുക്കമല്ല. പല അവസരങ്ങളിലും ഈ ലേഖകൻ തന്നെ ഇവയിൽ ഒന്നിനെ വിശ്വസിക്കുന്നവരിൽ ഒരുവനാണെന്ന് അഭിമാനിക്കുന്നുണ്ട്. എന്നാൽ ഏതെങ്കിലും ഒരു വിഷയത്തിൽ അല്പമായ ആശയം മനസ്സിന്നു സ്വയമേവ ഉണ്ടാകുമ്പോ ളെല്ലാം ജാതകം എടുത്തു ഗ്രഹസ്ഥിതികളും ഫലങ്ങളും വളരെ യോജ്യമായി ഈ ലേഖകൻ ചിന്തിക്കാവുന്നതുപോലെ മറ്റുള്ള നിര്യുക്തിക വിശ്വാസക്കാരെ പരിശുദ്ധന്മാരാക്കേണ്ടതു മുതൽക്കാണ് ഈ ലേഖനം തുടങ്ങിയത്. ഉദാഹരണമായ ഫലം കണ്ടാൽ സമാധാനമുണ്ടാകാവുന്നതുപോലെ വിപരീതഫലം കണ്ടാൽ ഈ ശാസ്ത്രം നിര്യുക്തികമാണെന്നു വെച്ചു സമാധാനിക്കുകയുമുള്ളതു കൊണ്ടു ഞങ്ങളുടെ സിദ്ധാന്തത്തിൽ വലുതായ ന്യൂനത ഉണ്ടായിട്ടു തന്നെ നിസ്സാരമാണെന്നാണ്. പക്ഷ യുക്തിശൂന്യമാണെന്നു സ്ഥാപിക്കുന്നതിനുള്ള യുക്തികൾ തീരെയും യുക്തിക്ക് പ്രാമാണ്യം അവർ അംഗീകരിക്കാതെ—

'അഗ്നിഹോത്രം ത്രയോവേദാഃ
ത്രിദണ്ഡം ഭസ്മഗുണ്ഠനം
ബുദ്ധിപൗരുഷഹീനാനാം
ജീവികേതി ബൃഹസ്പതിഃ'

എന്നിങ്ങനെ വേദപ്രാമാണ്യത്തെ യുക്തികൊണ്ടു ഖണ്ഡിക്കുന്ന ചാർവ്വാകന്റെ മതത്തോടാണ് യോജിച്ചിരിക്കുന്നത്. അതിനാൽ വിപരീതഫലം കാണുമ്പോളുണ്ടാകുന്ന സമാധാനത്തിലിരിക്കുന്നു പരിപൂർണ്ണമായ ഉള്ളിലുണ്ടാകുന്നവർ ഞങ്ങളുടെ കൂട്ടത്തിലും ചുരുക്കമാണെന്ന ഇല്ല. ശാസ്ത്രത്തിന്റെ സ്ഥിതി ഇതിനൊന്നാണെങ്കിലും മനുഷ്യരുടെ ഉപജീവനത്തിനു ശാസ്ത്രമെന്നപ്പേരിൽ കഴിഞ്ഞ അനേകം ഉഗ്രശാസ്ത്രങ്ങളും അവരുടെ ആകൃതി, പ്രകൃതി, നിറം, പ്രവൃത്തി മുതലായതിനുള്ള അതിസൂക്ഷ്മവ്യത്യാസങ്ങളും പല വിധ പരിശോധനകളും അങ്ങനെയും എന്നുവേണ്ട പലതരത്തിലുള്ളത്ത വിധം മാത്രമാണു ശാസ്ത്രം വിഷയങ്ങൾ കല്പിച്ചുണ്ടാക്കിയിരിക്കുന്നവർ പുറപ്പെട്ട ആ ശാസ്ത്രകാരന്മാരുടെ ബുദ്ധിവൈഭവത്തെയും

ബുദ്ധിവൃത്തിനേയും പററി പശ്ചാത്താപിക്കുകയും ഈ ശാസ്ത്രനിയമം അതിന്റെ ശരിയായ ഉപയോഗം കണ്ടുപിടിച്ചു ഞങ്ങളുടെ ബുദ്ധിവിശേഷത്തെ ശമിപ്പിക്കുകയും വേണ്ടുന്നതാവശ്യമില്ല.

നിശ്ചയിക്കുന്നതാണെന്ന തീൎച്ചപ്പെടുത്തിയ വിഷയങ്ങളിൽ പിന്നെയും അവരാൽ കാണുന്ന പ്രാമാണ്യം തോന്നിക്കുന്ന ഗ്രന്ഥശേഖരം കേവലപ്പെട്ടതിലെ ആദ്യാനന്തങ്ങളുണ്ടായ സംസ്കാരദോഷമാണെന്നാണ് വെച്ചിട്ടുള്ളത്. ഭൂതങ്ങളോ പിശാചുക്കളോ ഉണ്ടെന്ന നല്ല വിശ്വാസമുണ്ടെങ്കിലും അൎദ്ധരാത്രി മുതലായ അസമയത്ത് ശ്മശാനസ്ഥലങ്ങളിൽ ഒററക്കു പോയാൽ പേടിയുണ്ടാകുന്നത് അസാധാരണമല്ലല്ലോ. ആ പേടിക്ക് മേൽപ്രകാരമുണ്ടായ സംസ്കാരദോഷമല്ലാതെ മറെറാന്നും കാരണമായന്നും തന്നില്ല. ലോകപ്രസിദ്ധന്മാരായിട്ടുള്ള വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായവർ ഈ ശാസ്ത്രങ്ങൾക്ക് പ്രാമാണ്യമുണ്ടെന്ന നിലയിൽ, പുരാതനകാലത്ത് അവരുടെ ഗ്രന്ഥങ്ങളുടെ ഉല്പത്തി ശാസ്ത്രസാക്ഷാണെന്നുള്ള പ്രതിപാദ്യങ്ങളിൽ നിന്നും കാണുന്നതാണ്. ഉത്തമപുരുഷലക്ഷണങ്ങളാണെന്ന പറഞ്ഞിട്ടുള്ളത് അന്ധവിശ്വാസമായി ഈ സംസ്കാരദോഷം അവരിലും വ്യാപിക്കുന്നതിനു ഉണ്ടായ തെളിവായിട്ടാണെന്നുള്ളതു തീർച്ചപ്പെടുത്തിയാൽ ആരുടെയും വിരോധവും തോന്നുന്നില്ല. നേരെ മറിച്ച് 'നഹി സത്യസ്യ നാശോ' എന്ന് ആര്യന്മാർ പറഞ്ഞിട്ടുള്ള സ്ഥിതിക്ക് ഈ വക വിഷയങ്ങളുടെ സൂക്ഷ്മമായ ഉപയോഗം അറിഞ്ഞിട്ടില്ലെന്ന വിശ്വസിപ്പാൻ വഴി കാണുന്നുണ്ട്. ഭൂതങ്ങളുടെ ഉദയം രാജ്യങ്ങളെ സൂചിപ്പിച്ചുവെന്നോ, മററു വല്ലാതെ വ്യാഖ്യാനമായിത്തീൎന്നപ്പോൾ ക്രമേണ പകുതിയോളം ദോഷം നിസ്സാരമായിവെന്നോ ഷേക്സ്പിയർ, ടെനിസൻ മുതലായ കവിവരന്മാർ തന്നെ പറഞ്ഞിട്ടുണ്ടെങ്കിലും അവരെല്ലാം ലോകവിശ്വാസത്തെ അനുസരിച്ചുപ്പെടുത്തി തങ്ങളുടെ കവിതകളിൽ സ്വഭാവോക്തിക്കു ഭംഗി വരുത്തുവാൻ വേണ്ടി അലങ്കാരമായി ഉപയോഗിച്ചിട്ടുള്ളതാണെന്ന വിശ്വസിപ്പാൻ വഴിയുള്ളതാകുന്നു. ഇങ്ങിനെയുള്ള തെളിവുകൾ ഈ വിഷയങ്ങളിൽ ശാസ്ത്രം തെളിവായി പറയുന്നുള്ള കാരണങ്ങളെപ്പററിയും ആരും ആലോചിക്കാതിരുന്നിട്ടില്ല. ഇങ്ങനെയോ മുൻകാലങ്ങളിലോ പരിഷ്കൃതസ്ഥിതിയെ പ്രാപിച്ചിട്ടുള്ള സകലരാജ്യങ്ങളെയും ഒരേ സ്ഥലത്തു താമസിപ്പിക്കുന്ന ആൎയ്യന്മാരാണെന്നും ഭൂമിയിൽ വല്ല രാജ്യങ്ങളും പരിഷ്കൃതസ്ഥിതിയിലെത്തുമെങ്കിൽ അവരെ ഉപ്പോഴത്തെ ആൎയ്യന്മാരുടെ കൂട്ടത്തിൽ കൂട്ടേണ്ട ആവശ്യമില്ലെന്നും ചരിത്രകാരന്മാർ ഇപ്പോൾ തീർച്ചപ്പെടുത്തിട്ടുണ്ട്. ആൎയ്യന്മാർ ഓരോ രാജ്യമായിപ്പിരിഞ്ഞു ഇന്ത്യ യൂറോപ്പ് മുതലായ ഖണ്ഡങ്ങളിലേക്കു പോകുന്നതിനു മുമ്പിൽ തന്നെ ഈ വിശ്വാസകശാസ്ത്രങ്ങളുണ്ടായിരുന്നിരിക്കണം. ചരിത്രകാരന്മാർ പറയുന്നതിൽ വല്ല യുക്തിയുണ്ടെങ്കിൽ തന്നെ അതിനെപ്പററിയോ ആലോചന നടത്തുന്നതല്ലാതെ പ്രകൃതത്തിൽ പ്രസ്താവിക്കുന്ന നിയമവിഷയങ്ങളെന്ന നിയമശാസ്ത്രകർത്താക്കന്മാർക്കു കൂടി സമ്മതിക്കാതെ കഴിയില്ലെന്നാണ് ഞങ്ങളുടെ പക്ഷം. ഇനി ഈ ശാസ്ത്രത്തെയും മറെറ്റ ശാസ്ത്രങ്ങളെപ്പോലെ യുക്തിയുക്തങ്ങളാണെന്ന പറയുന്നവരുടെ വഴികൾ എങ്ങനെയുള്ളതാണെന്നും ഇനിയും ആലോചിച്ചുനോക്കാം.

ലോകത്തിലുണ്ടാകുന്ന സകലസംഭവങ്ങളും സംഗതികളും മനുഷ്യനോടെന്തെങ്കിലും ബന്ധപ്പെട്ടുകൊണ്ടാണിരിയ്ക്കുന്നതെന്നാണ് ഇവർ മനസ്സിലാക്കി ശാസ്ത്രം പഠിക്കുന്നത്. എന്നാൽ ഈ ബന്ധങ്ങൾ എന്തെല്ലാമെന്നും എങ്ങനെയെല്ലാം മാതിരിയിലാണെന്നും ഉള്ള ചോദ്യത്തിനുത്തരം ഇവരിൽ മിക്ക ആളുകളും മനസ്സിലാക്കിയില്ല. അറിയുന്ന ആളാണെന്നു നടിയ്ക്കുന്ന ചിലർ മാത്രം ആ വക ബന്ധങ്ങളിൽ മിക്കതും മാംസചക്ഷുസ്സുകൾക്ക് വിഷയങ്ങളല്ലെന്നും, മനസ്സുകളുടെ ശക്തികൊണ്ടു മാത്രം അറിയാവുന്നവയാണെന്നും, ഉത്തമലക്ഷണന്മാരിൽ ആ സങ്കല്പശക്തിയെ പ്രകാശിപ്പിക്കുന്നവരെന്നും, മറ്റും ചില കയ്യകത്തികളും വെറും സാധാരണശ്രുതിഗോചരങ്ങളല്ലാത്ത വിദ്യകളെ, സ്വപ്നവ്യാഖ്യാനമെന്ന മുതലായതു കണ്ടുപിടിപ്പാൻ എത്രതന്നെ സൂക്ഷ്മതയോടും അവശ്യമോ അതിലധികം സൂക്ഷ്മതയോടും ഇരുന്നാൽ മാത്രമേ ഈ ശക്തിയുടെ യഥാർത്ഥസ്ഥിതി കണ്ടുപിടിപ്പാൻ കഴികയുള്ളൂ എന്നും മറ്റും ചില ഗ്രന്ഥങ്ങളും കാണിച്ചു വ്യവഹരിയ്ക്കുന്നുണ്ട്. വാസ്തവത്തിൽ അതെല്ലാം അവർ പറയുന്ന ശക്തിയ്ക്കു വിദ്യുച്ഛക്തിപോലെ പ്രാബല്യമുണ്ടെന്നു സ്ഥാപിപ്പാനുള്ള ഏകാഗ്രതമായാൽ മതി ഒരു തെളിവുമില്ല. എന്തായാലും നിസ്സംശയമാണെന്നു വിശ്വസിയ്ക്കുന്ന ഞങ്ങളുടെ മനസ്സിന് ഈ അഭിപ്രായം ലേശംപോലും തെളിയ്ക്കാത്തതാണെന്ന തീർച്ചതന്നെ.

ഹസ്തരേഖ, ശരീരലക്ഷണം മുതലായതിനെപ്പറ്റി ഞങ്ങളുടെ വിശ്വാസം ഇന്നവിധത്തിലാണെന്നും മാതിരിയുള്ള യുക്തികളും ഏതാണ്ടു പറഞ്ഞു കഴിഞ്ഞു. ഇനി സാമുദ്രികശാസ്ത്രത്തിന്റെ സ്ഥിതിയിലുള്ള വിശേഷസംഗതികളെക്കുറിച്ചും കുറച്ചാലോചിച്ചു നോക്കാം. ഹസ്തം, ജാതകം മുതലായതു ചിന്തിപ്പാനുള്ള സാമുദ്രികത്തിൽ വെച്ചല്ലാതെ ഈ വിഷയത്തെപ്പറ്റി ആലോചിക്കുമ്പോഴും ഞങ്ങൾ പതിവില്ല. എന്തുകൊണ്ടെന്നാൽ ഈ ശാസ്ത്രത്തിന്റെ കർത്താവായ സമുദ്രമഹർഷി ഞങ്ങളുടെ വിശ്വാസം ശരിയല്ലെന്ന തെളിയിക്കുവാൻ വേണ്ടി കല്പിച്ചുകൂട്ടി ഉണ്ടാക്കിയ ഉപായമാണിതെന്ന പറയപ്പെടുന്ന പല സംഗതികളെക്കൊണ്ടും തെളിവുകളെന്നോ ബോദ്ധ്യപ്പെട്ടിരിക്കുന്നു. പുരുഷലക്ഷണം, സ്ത്രീലക്ഷണം, അശ്വലക്ഷണം, ഗജലക്ഷണം, ഗോലക്ഷണം മുതലായതാണല്ലോ ഈ ശാസ്ത്രത്തിൽ പ്രധാനമായി പ്രതിപാദിച്ചിരിക്കുന്നത്. മനുഷ്യനുണ്ടാകുന്ന വിചാരഭേദങ്ങൾ നിമിത്തവും സ്വഭാവഭേദം നിമിത്തവും ഗ്രഹചാരഭേദത്തിന്റെ സ്ഥിതിഭേദം നിമിത്തവും ഓരോ ജീവിയുടെ ഓരോ അംഗങ്ങൾക്ക് അവയിലുള്ള മാംസപേശികൾക്കും നാഡീചക്രം മുതലായതിനും അവയുടെ സ്ഥിതിവിശേഷങ്ങളെക്കൊണ്ടുണ്ടാകുന്ന ഭേദങ്ങൾക്കും ചുഴികൾക്കും ഉണ്ടാകുന്ന വ്യത്യാസം അവലംബിച്ചുകൊണ്ടാണ് ഈ ശാസ്ത്രം നിർമ്മിച്ചിട്ടുള്ളതെന്ന സ്ഥാപിപ്പാൻ തക്ക വിധത്തിൽ കരുതിപ്പോരപ്പെട്ടിരിക്കയാണെന്ന തന്നെ പറയേണ്ടിയിരിക്കുന്നു. ഇതിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളുടെ സമ്പ്രദായം നോക്കുമ്പോൾ അവയിൽ--

'പഞ്ചദീർഘം ചതുർഹ്രസ്വം
പഞ്ചസൂക്ഷ്മം ഷഡുന്നതം
സപ്തരക്തം ത്രിഗംഭീരം
ത്രിവിശാലം പ്രശസ്യതേ'

എന്ന തുടങ്ങി കണ്ണ്, മൂക്ക്, കാത്, വായ മുതലായ അംഗങ്ങളിൽ ചിലതു നീണ്ടും, ചിലതു ചുരുങ്ങിയും ചിലതു താണും ചിലതു പൊങ്ങിയും ചിലതു ചുവന്നും ചിലതു

പാദങ്ങം ചിലപ്പോൾ കയ്യും കാലുകളും ഇല്ലാത്തതും വളരെ വിശേഷമാണെന്നും മറ്റും പറഞ്ഞിട്ടുള്ള ഉത്തമപുരുഷലക്ഷണങ്ങളെപ്പറ്റിയേടത്തോളം ആ ലക്ഷണങ്ങൾ തികഞ്ഞ ശ്രീരാമൻ മുതലായവരെപ്പറ്റിയുള്ളവരെ ഇക്കാലത്തു കാണാൻ സംഗതിയാകാത്തതു നിമിത്തം അവരൊന്നും ശരിയല്ലെന്ന പ്രയാസംകൂടാതെ തന്നെ നിഷേധിക്കാം. സാധാരണയായി കണ്ടുവരുന്നതും കരിക്കപ്പെടുന്നതുമായ പല വിധം ലക്ഷണങ്ങൾ പറഞ്ഞു കൂട്ടിയതു കാണുമ്പോളാണ് കാര്യം വൈപരീത്യത്തിലായിത്തീരുന്നത്. ചുരുക്കിപ്പറകയാണെങ്കിൽ കണ്ണ്, മൂക്ക് മുതലായ ഓരോ അംഗങ്ങളെക്കൊണ്ടു തന്നെ ഓരോരുത്തന്റെ കായികമായും വാചികമായും മാനസികമായുമുള്ള സകലവ്യാപാരങ്ങളെയും കാണിപ്പാനവർ ഇവക്കു ലേശം പ്രയാസമില്ല. എന്നുമാത്രമല്ല ആരെങ്കിലും ഈ ശാസ്ത്രസിദ്ധാന്തം ഖണ്ഡിക്കാൻ പുറപ്പെട്ടാൽ, കരയുന്നവരെ ഉദാഹരണമായോ ചിരിക്കുന്നവരെ സന്തോഷമുള്ളവരായോ സാധാരണ ജനങ്ങൾ മനസ്സിലാക്കില്ലെന്നു കൂടി അവരെക്കൊണ്ടു പറയിക്കാതെ ഇവിടെ വിട്ടുപോകയുമില്ല. ഇക്കാര്യത്തിൽ ഇവരെടുക്കുന്ന വഴികളെ എങ്ങിനെയെ കാണിക്കാം. ഒരുവൻ കരയുകയോ ചിരിക്കുകയോ മറ്റു വല്ല ഗോഷ്ടികളും കാണിക്കുകയോ ചെയ്യുമ്പോൾ അവന്റെ മുഖത്തുള്ള മാംസപേശികൾക്കും അവയോടു ചേർന്ന നാഡികൾക്കും സാധാരണസ്ഥിതിയിൽനിന്നു ചില വികാരങ്ങളുണ്ടാകുന്നു. കണ്ണിലും മറ്റും വെള്ളം വരുന്നതിനും ഈ വികാരങ്ങൾ തന്നെയാണ് കാരണം. ഓരോ വികൃതികൾക്കും ആകൃതികൊണ്ടും പ്രകൃതികൊണ്ടും പരസ്പരം വ്യത്യാസമുള്ളതുകൊണ്ടാണ് ഇവയെ വേർതിരിച്ചറിവാൻ കഴിയുന്നത്. അതുപോലെ തന്നെ ചിരിക്ക് ഉള്ളുപിടുത്തവും ചിലപ്പോൾ ശീതപിടുത്തവുമായാൽ കണ്ണിൽ സന്താപവും ചിരി വരുത്തുന്നവരുമായിത്തീരുന്നു. ചില വികാരങ്ങളിൽ രണ്ടു ഗുണങ്ങളും കലർന്നിട്ടും വന്നതാണ്. വാസ്തവം നോക്കുകയാണെങ്കിൽ കണ്ണിലെന്നും ചിരിയെന്നുംമറ്റും പറയുന്നതിന്റെ അർത്ഥംതന്നെ ഈ വക വികാരങ്ങളാകുന്നു. വീണ്ടും വീണ്ടും ഉപയോഗപ്പെടുന്ന തലയുടെ മാംസപേശികളിൽ ഏതു മാതിരി വികാരം അധികമുണ്ടാകുന്നുവോ ആ മാതിരി വികാരത്തെ മുഖത്തിൽ പ്രത്യക്ഷമുള്ള ഒരു പ്രത്യേകഭാവവും അവശേഷിപ്പിക്കാതിരിക്കയില്ല. അതില്ലെങ്കിൽ ശരീരവും മുഖവും കാരണമല്ലെന്നു പറയേണ്ടി വരും. ഇപ്രകാരം ഒരുവന്റെ ശരീരത്തിന്നെന്നപോലെ ഈ മാംസപേശികൾക്കും കാര്യത്തിലും വ്യത്യാസമുണ്ടായിത്തീരുന്നു. അവയൊക്കെ ആലോചിക്കുമ്പോൾ വളരെ ദുഃഖം അനുഭവിച്ച ആളാണെന്ന് അനുമാനിക്കാൻ പോലും ഇടയാകുന്നു. ഒരുത്തന്റെ അംഗങ്ങളിലുള്ള മാംസപേശികൾ മുതലായതിന് ഏതെങ്കിലും മാതിരിവികാരങ്ങൾ അധികം ആവശ്യമായി വരുന്നുവോ ആ തരം വികാരങ്ങളുണ്ടാകുമ്പോൾ വൈപരീത്യം വരാതിരിക്കുന്നതിന് ആ മാംസപേശികളെ ഏതെങ്കിലും വിധത്തിലുള്ള പരസ്പരയോജനയുള്ളതായിരിക്കുമോ അതാതു വിധത്തിലുള്ള പരസ്പരയോജനയെയാണ് അവരിൽ ഒരു കൈകാൽ മുതലായ അംഗങ്ങളിലെ രേഖകൾ, ചുഴികൾ, കണ്ണ്, മൂക്ക് മുതലായതിന്റെ പ്രത്യേകസ്ഥിതിഭേദങ്ങളെക്കൊണ്ടു വെളിപ്പെടുന്നതെന്നാണ് ഇവരുടെ പിന്നത്തെ വാദം. അതനുസരിച്ച് കള്ളക്കണ്ണനാണെന്നും മൂക്ക് കണ്ടാൽ തന്നെ ദുഷ്ടനാണെന്നും മറ്റും അങ്ങിനെ

ഒന്ന് പലപ്പോഴും പറയേണ്ടി വരുന്നതു കൊണ്ട് ഈ സംഗതിയിലും എഴുത്തുകാർ വഴി കാണുന്നില്ല. എന്നാൽ—

‘കനിഷ്ഠാനാമവേക്ഷ്യത്വം
മാന്നിഷ്ട്യനയനാനാമപേൽ
കനിഷ്ഠാധിസ്ഥിതാനാമാ-
യുഷ്യം മധ്യായാമതികാഃ സ്മൃതാഃ
നായതീപൃഥക്കാനാന്ത്യ
നാഭീപേയതിനിയമിതം’

ഇത്യാദിയായി ചെറുവിരലിന്മേൽ ചക്രരേഖയുണ്ടായാൽ കല്പവർഷം ജീവിച്ചു ധനം സമ്പാദിച്ചുമെന്നും, ചെറുവിരലിന്റെ താഴെ എത്ര വരയുണ്ടോ അത്ര ഭാര്യമാരുണ്ടാവുമെന്നും മറ്റും പറഞ്ഞിട്ടുള്ളതു നോക്കേണ്ടതാണ്. വരാൻ പോകുന്ന സംഭവങ്ങളെ കൂടി സ്ഥാനപ്പെടുത്തി ശാസ്ത്രകാരികളുടെ വിശ്വാസം ഊർജ്ജിതമാക്കി കഴിച്ചു വെച്ചിരിക്കുന്നവയെ സിദ്ധാന്തിക്കാതെ ഇവർക്ക് നിവൃത്തിയില്ല. പക്ഷെ ഇതിലും തെളിവാക്ക് ആരും കിട്ടുവാൻ പ്രയാസമാണ്. ഓരോരോ ജീവികളിലും താതാതിന്റെ രാശിചക്ര മുതലായതു സൂക്ഷ്മരൂപമായി സ്ഥിതി ചെയ്യുന്നുണ്ടെന്നും, ഓരോ വക ജീവികളുടെ ആകൃതിഭേദത്തിന് ഇതാണ് കാരണമെന്നും ബാഹ്യലക്ഷ്യത്തിൽ പ്രകാശിക്കുന്നതിനുള്ള വിശേഷകാരണങ്ങളും കാലവും മറ്റും വന്നപ്പോൾ അപ്രകാരം പ്രകാശിക്കുക മാത്രമാണ് ചെയ്യുന്നതെന്നും പ്രകൃതിശാസ്ത്രകാർ പരിശോധിച്ചു തീർച്ചപ്പെടുത്തിട്ടുണ്ട്. അതു പോലെ ഒരു ജീവിയുണ്ടാകുന്ന സകല ഗുണദോഷങ്ങളും സൂക്ഷ്മരൂപമായി എപ്പോഴും ആ ജീവിയിലുണ്ടായിരിക്കുമെന്നും പ്രത്യേക കാരണങ്ങളുണ്ടാകുമ്പോഴാണ് പ്രകാശിക്കുന്നതെന്നും യുക്തിയുക്തമായി സ്ഥാപിപ്പാൻ ഇവർ ലേശം മടിക്കാറില്ല. ജീവികൾക്കുള്ള ആകൃതിഭേദം രാശ്യാദികൾ സൂക്ഷ്മരൂപങ്ങളായി ഉള്ളിലുള്ളതുകൊണ്ടല്ലെന്നോ സൌകര്യത്തിനുവേണ്ടി ദൈവം സൃഷ്ടിച്ചതാണെന്നോ പറവാൻ പുറപ്പെട്ടാൽ പ്രകൃതത്തിൽ പറഞ്ഞ ആകൃതിഭേദവും ഗുണദോഷങ്ങൾ അറിവാൻ സൌകര്യത്തിനു വേണ്ടി ഈശ്വരൻ അതേ സൃഷ്ടിച്ചതാണെന്നുള്ള മറുപടി മുഖത്തടിച്ച പോലെ കിട്ടും.

മേലെ അനുസരിച്ചു നോക്കുകയാണെങ്കിൽ എല്ലാം ഇവർക്ക് അനുകൂലമായിക്കാണുന്നത്. ഈ ശാസ്ത്രപ്രകാരം ഉള്ളതാണെന്നു പറയുന്ന ആയുസ്സ്, കുട്ടികൾ, ഒരു കാശു മുതലായതിനെ വാങ്ങിയാൽ ഫലംകൊണ്ട് അവ മാത്രമല്ല വാങ്ങിയവനും കൂടി ബോദ്ധ്യമാകാതിരിക്കയില്ല. അതു പോലെ മിക്കതും ഏതാണ്ടൊക്കെ ആ വക വ്യാപാരങ്ങളിൽ പ്രവേശിക്കുന്ന ജനസംഖ്യയിൽ പലരും അവരുടെ വിശ്വാസത്തെ വകവെയ്ക്കാതെ തന്നെയാണ് എഴുന്നേറ്റു വരുന്നുള്ളത്. ഇതിനെ നോക്കിയവരെല്ലാം ഇവരുടെ ഉപദ്രവം സഹിച്ചിരിക്കുന്നതിനാൽ ഈ സിദ്ധാന്തികവിശ്വാസം ഉപേക്ഷിപ്പാനാണ് തൽക്കാലം നിശ്ചയിച്ചിരിക്കുന്നതെന്നു കൂടി പ്രസ്താവിച്ചുകൊണ്ട് എന്റെ അന്ധമായ വിശ്വാസത്തെ ഞാൻ പിൻവലിച്ചു കൊള്ളുന്നു.

കെ. ഒ.

ബാണയുദ്ധം

ഭാഷാപ്രബന്ധം.

[illegible]

[illegible]

[illegible]

ചിലപ്പോഴ്തോഴന്മാരുമാകേളികൊണ്ടും (ശാംഗീ.
കമലമുഖിസഖീലീസ്സാകമേകാന്തസ സ്ഥാ
സ്വമധുമനിന്നശ്രീമോഹിതാശേഷലോകാ
പ്രമദനമല്ലമാരോനാളിലൽത്താനലീലാം
കിമപി തടവുമല്ലനോവ്യതൊളത്താള്ളം.
മനോഹരംകമലാനസാപൃമാംസം
കനാവിലാറനതമംഗിതാംഗീ
അനുനാംഗനിഭികമൊന്നാമ്
മനോഹരീഡമനമയപൂണൾനാൾ.
തലപാതതനനതാംപൂണ്ടുമാംഗനധ ചിത്താ
കമലമുഖികനാവത്താസഖിക്ഷഭാതാം
കിമപിതതവെടിഞ്ഞപോകലാനിപ്പിനി (ഉല്ല-
ന്നാവനൊടുവിലപന്തിരന്തവെപ്പുനണെ (ന്നാൾ.
ഉൽകണ്ഠാമകരകേകലന്ഗതിസാ
തൻകാന്തമത്യാഗ്രഹം.
പ്രേക്ഷാണതൊട്ടറിമനോക്കിവിവശാ
ശയ്യാഗ്രാഹ്യന്തമ
ഭിംബംപൂണ്ടുമേവസന്തതമനസാ
ചിന്തിച്ചിനസ്യപ്രേമാ
പ്രക്ഷീണാമനാഗലീഢസുകമാ-
രാംഗീമരുജിടിനാൾ.
തൻകാമാന്തമസ്യാസഖിയൊടുപറവ-
നംഗ്രമമട്ടുവാനം
മംഗല്യാപാംഗിവല്ലാത്തതന്നിശനാൽവ
വിരപഷ്മകലാംഗീ.
തങ്ങീടുംബാഷ്പപൂരംനേനയനയുഗമട-
പ്പാളുത്തസംഗമേത്രി.
സകല്ലാനന്ദമൂലംനിള മനവേദി-
പ്പാശപസന്ധികിടനാൾ.
തസ്യാവൃത്താന്തവുംമേലുമടനഥാ-
പ്പാളുമാലോക്യമൊഴ-
പ്പിന്താപംപൂണ്ടുകേളീസഖിസമസമെ-
ഞ്ഞനതികേചിത്രലേഖാ
ഉത്സംഗേ ചരന്തംഗഖചനമൂളിതമം-
ഗനലാടിത്തലോടി.

പ്പുത്തനാമധ്ലീനസ.ഇക്കിനള്ളിവചന
മോഹനതിബമാഷ.
കംപ്രേത്യാസിതപ്രാതമലിമുഖീ
നൈവസംപത്തിഭാവം
സൌഭാഗ്യാദയസ്യവില്ലനാ:
കസ്യചാൽമേരബതനി
അസ്യാമിപ്പ്രഥനസിമത.
ശനൈത്താവത്തുമാനാ:
കസ്യുന്നതപ്രവമതിയുതാ.
സ്സാപതിസ്യന്ത്യാപരാഗാ.
ഇത്തൊട്ടു ത്രിലോക്യാമന്ദ്രാനതകല-
ന്തമദ്വാമതാംഗിമൈവം
ചാതുപ്രസദനമേവൽമനസിനിഴലെട്ടു-
ത്തനാഥസന്ദ്യമതാ
സ്സ്രീംതനപ്പൊന്നരിനാതവദിയുമദേശാ-
മീളാലി ചന്തമയ്യാ
നോക്കൊത്തനൊടിടാനിംപ്രിയസഖിനിറിച്ചം
ചൊല്ലുടോമൈകിയാതെ.
മട്ടൊനിൻകൊപ്പിതമന്തനമലിലകലമധു
ലോകമസ്യാട്ട ചാലും
പുത്തൻമാണിക്യമാലേകപടകപടക-
പ്പാണിനന്താപദ്മലം
ഉടന്തിരുപ്പിമുകൈക്കൊണ്ടെൻപ്രിയസഖിമ
ടോളുമസംഗേനാനാ. (തിരു.
മെത്താതൊന്നല്ലിതെന്നാൾശനിഗമപ
പ്രവമചിന്താഭാഷ.
തനീലിലാകമലികാംഗമിതോമാരനിൻ-
നെരവനിലാകമലൽകൈതൊഴ്മംഗലേഖാ
അന്യാളഃശിരോതചരണത്തിഴുഃമൾകാല-
തൊണേനായാടുമിളമല്ലികയൊന്നാ ചൊല്ലെ.
എല്ലാനാളുംവിശേഷാതതിതവസിവാ-
പങ്ങളെത്തൽപകന്നി
ട്ടല്ലാകീഴിൽക്കഴിഞ്ഞു ഗ്രഹമിനിയുമത-
പ്പൊനമേകൈവരേണം
ചൊല്ലീടേണോടിടാനിംപ്രസന്നമിളമ-
സ്യന്നലോമമിളംകെ.
മെല്ലാധന്യാസഖീവങ്ങനമിലമനോ-
ജ്ഞാംഗികല്യാണിനീനാം.

(ഇടയം)

ചില നാട്ടുരാജാക്കന്മാർ

1 കാശ്മീരം പ്രസിദ്ധമായ ഹിമവാൻ രണ്ടു നിരകളായിട്ടാണ് വിന്ധ്യപർവ്വതത്തിന്റെ വടക്കെഭാഗമായ ഹിന്ദുസ്ഥാനത്തിന്റെ വടക്കെ അറ്റത്തു നെടുനീളെ കിടക്കുന്നത്. ഇതിൽ വടക്കെ നിരയുടെ മടിയിൽ ഇന്ത്യയുടെ വടക്കെപ്പടിഞ്ഞാറു ഭാഗങ്ങളിലായിട്ടാണ് കാശ്മീരരാജ്യം. ഈ രാജ്യത്തിന്റെ നാലുപുറവും ഉയർന്ന മലകൾ ഉണ്ട്. ലഡാക്കു എന്ന പ്രസിദ്ധമായ ദേശവും ഈ രാജ്യത്തിൽ ചേർന്നതാണ്. എൺപതിനായിരം ചതുരശ്രനാഴികയാണ് ഇതിന്റെ വിസ്താരം. ജനങ്ങളിൽ അധികഭാഗവും മഹമ്മദീയരാണെങ്കിലും രാജാവു ഹിന്ദുവാണ്.

ഏറ്റവും വിശേഷപ്പെട്ട കാശ്മീർ താഴ്വര ഈ രാജ്യത്തിന്റെ മദ്ധ്യത്തിൽ ഝലം നദി എന്ന പേരായ പുഴയുടെ ഇരുവശത്തുമായി ഉണ്ടാകനിമിത്തമാണ് ഈ രാജ്യത്തിനു മുഴുവൻ കാശ്മീരമെന്ന പേരുണ്ടായത്. ഏറ്റവും മനോഹരങ്ങളായ പ്രദേശങ്ങളിലൊന്നാണ് ഈ രാജ്യമെന്നുള്ളതിൽ പക്ഷാന്തരമില്ല. ചുറ്റുമുള്ള മലകൾകൊണ്ടും ഈ പ്രദേശത്തിനുണ്ടാകുന്ന ഭംഗി ഒന്നു പ്രത്യേകം തന്നെയാണ്. പ്രകൃതിയുടെ വൈചിത്ര്യം കണ്ടു രസിപ്പാൻ ആഗ്രഹമുള്ളവർക്ക് ഇതിലും നല്ലതായ ഒരു സ്ഥലം ലോകത്തിലില്ലെന്നുതന്നെ പറയാം.

ഇവിടത്തെ രാജവംശം ഡോഗ്രാരജപുത്രവംശത്തിൽ പെട്ടതാണ്. ഇപ്പോഴത്തെ മഹാരാജാവായ പ്രതാപസിംഹൻ ൧൦൨൩ കർക്കിടമാസം ൨൯-ാംനു-യാണ് ജനിച്ചത്. ൧൦൬൦-ലാണ് മഹാരാജാവായത്. മഹാരാജപട്ടം കെട്ടി അധികം കഴിയുന്നതിനു മുമ്പിൽ ഇദ്ദേഹത്തിന്റെ പേരിൽ ഇന്ത്യാഗവർമ്മെണ്ടിന് എന്തോ അതൃപ്തിയുണ്ടെന്നുള്ള സംശയം തോന്നുകയാൽ തന്റെ പൂർണ്ണാധികാരം ൧൦൬൫ മുതൽ ൫ കൊല്ലത്തേക്കു തന്റെ പൂർണ്ണാധികാരങ്ങൾ ഇദ്ദേഹം വെച്ചൊഴിഞ്ഞു. ആ കാലങ്ങളിൽ മഹാരാജാവും വേറെ മൂന്നു മെമ്പർമാരും ചേർന്ന ഒരു സഭ വഴിക്കാണ് രാജ്യം ഭരിച്ചു പോന്നിരുന്നത്. ഈ സഭയിൽ മഹാരാജാവു സഭാനായകനും ഇദ്ദേഹത്തിന്റെ സഹോദരന്മാരിൽ രണ്ടു ഉപസഭാനായകന്മാരും മൂന്നാമത്തെ സഹോദരൻ സർവ്വസൈന്യാധിപനും ആയിരുന്നു. ഈ നാലു കൊല്ലത്തെ ഭരണവിശേഷം നിമിത്തം ആ കാലത്തിനു ശേഷം മഹാരാജാവിനു തന്നെ പൂർണ്ണാധികാരം തിരികെ ലഭിച്ചു. ഇദ്ദേഹം ശാസ്ത്രോക്തപ്രകാരം ബ്രാഹ്മണരുടെ ഉപദേശം അനുസരിച്ചു രാജ്യം ഭരിച്ചുവരുന്ന ഒരു ഉത്തമമഹാരാജാവാകുന്നു. ആ രാജ്യത്തെ ബ്രാഹ്മണർ പണ്ഡിറ്റ് എന്നാണ് അവിടങ്ങളിൽ സാധാരണ പറഞ്ഞുവരുന്നത്. ഇപ്രകാരം ഈ പണ്ഡിതന്മാരുടെ ഉപദേശപ്രകാരം തന്റെ രാജ്യത്തിൽ ഗോഹത്യ ചെയ്യുവാനോ, ഗോമാംസം ഭക്ഷിക്കുവാനോ പാടില്ലെന്നു നിർബ്ബന്ധിച്ചിട്ടുള്ളതിൽനിന്നു ഇദ്ദേഹത്തിന്റെ ധർമ്മശാസ്ത്രപ്രതിപത്തി ഊഹിക്കാവുന്നതാണല്ലോ. കാശ്മീരം എന്നതു കശ്യപപുരം ലോപിച്ചു കശ്യപമായി കാശ്മീരമായതാണത്രെ.

2 പാതിയാല സിക്കർ രാജ്യങ്ങളിൽ ഏറ്റവും വലിയതും പ്രാധാന്യമേറിയതും ആണ് ഈ രാജ്യം. ഡൽഹിയു

ടേയും ശേതദ്രു നദിയുടേയും മദ്ധ്യത്തിലാണിത്, വിസ്താരം ൮൪൨൬ ചതുരശ്രനാഴികയാണ്.

ഈ രാജ്യത്തിലെ ഇപ്പോഴത്തെ മഹാരാജാവിന്റെ രാജേന്ദ്രസിംഹനെന്നാണു പേർ. ശിഖർ വർഗ്ഗത്തിന്റെ മതസ്ഥാപകൻ നാനാക് ഗുരുവാണെന്നും, അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാരായി പത്തു ഗുരുക്കന്മാർ ഇവർക്ക് ഉണ്ടായിരുന്നു എന്നും മഹമ്മദീയരുടെ ഉപദ്രവം നേരിട്ട കാലം മുതല്ക്കു യുദ്ധതന്ത്രത്തിൽ ഇവർ പരിചയിച്ചു ഒരു പ്രത്യേക സമ്പാദിച്ചുവരുന്നു എന്നും ധീരനെന്നു പ്രസിദ്ധനായ പഞ്ചാബിലെ രാജാവുമായ രഞ്ജിത്‌സിംഹന്റെ കാലത്ത് ഈ വർഗ്ഗക്കാരുടെ ശക്തി ഉത്കൃഷ്ടസ്ഥാനത്തെത്തി വടക്കേ ഇന്ത്യയിൽ പല ഭാഗങ്ങളിലും ഇവർ പ്രബലരായി വ്യാപിച്ചിരുന്നുവെന്നും ചരിത്രപ്രസിദ്ധങ്ങളായ സംഗതികളാണ്. രഞ്ജിത്‌സിംഹൻ പഞ്ചാബ് രാജ്യം പിടിച്ചു ഭരണത്തിനോടു ചേർക്കുവാൻ ശ്രമിച്ചപ്പോൾ, അക്കാലത്ത് ഈ രാജ്യത്തെ മഹാരാജാവായ നിഹാൽസിംഹൻ ഇംഗ്ലീഷുകാരോടു സഹായത്തിനാവശ്യപ്പെട്ടു. അന്നു മുതൽക്കാണ് ഈ രാജവംശം ഇംഗ്ലീഷുകാരുടെ ആധിപത്യത്തിൻ കീഴിലായത്.

ഈ വംശത്തിലെ രാജാക്കന്മാർ യുദ്ധത്തിലും രാജ്യഭരണനൈപുണ്യത്തിലും ശ്രദ്ധിച്ചിട്ടുള്ളവരാണ്. രാജാക്കന്മാരുടെ ഉദാസീനതകൊണ്ടു രാജ്യത്തിനു അപത്തു വരുവാൻ വഴിയായ സമയങ്ങളിലെല്ലാം ബുദ്ധിമതികളായ രാജ്ഞിമാർ അവരുടെ രാജ്യതന്ത്രജ്ഞതകൊണ്ടും പ്രാപ്തികൊണ്ടും രാജ്യത്തെ രക്ഷിച്ച കീർത്തി സമ്പാദിച്ചിട്ടുണ്ട്. മഹാരാജാവായ രാജേന്ദ്രസിംഹനു ഇപ്പോൾ ഏകദേശം നാല്പതു വയസ്സു പ്രായമാണ്. ചെറുപ്പത്തിൽത്തന്നെ അച്ഛൻ മരിച്ചുപോയതു നിമിത്തം ഇദ്ദേഹത്തിനു പ്രായം തികയുന്നതുവരെ ഒരു പ്രത്യേക ആലോചനസംഘത്തിന്റെ കീഴിലായിരുന്നു രാജ്യം ഭരിച്ചിരുന്നത്. പ്രായം തികഞ്ഞ ഉടനെ രാജ്യഭാരം കയ്യേറ്റതായി ഭരിച്ചുവരുന്നു. ഇദ്ദേഹത്തിന്റെ പട്ടമഹിഷി മിസ്സ് ഫ്ളോറി ബ്രയൻ എന്ന ഒരു ആംഗ്ലേയസ്ത്രീയാണെന്നുള്ളത് ഒരു പ്രത്യേകസംഗതിയാകുന്നു.

൭ കപൂർത്തല.

സിന്ധുനദിയുടെ പോഷനദികളോടു ചേരുന്ന ബിയാസ് എന്നിവയുടെ നടുവിലുള്ള ഒരു ചെറിയ നാട്ടുരാജ്യമാണിത്. പഞ്ചാബുരാജ്യത്തിന്റെ വടക്കായി ഹിമവാന്റെ അടിവാരത്തിലാണ് ഈ രാജ്യം. ൬൦൦ ചതുരശ്രനാഴിക വിസ്താരം, ജനസംഖ്യ മൂന്നുലക്ഷത്തിലധികമുണ്ട്. ഇത്ര ചെറിയതാണെങ്കിലും ഈ രാജ്യം വളരെ പ്രസിദ്ധമാണ്. പരിഷ്കാരകാര്യങ്ങളിലും ബുദ്ധിമാന്മാരായ രാജാക്കന്മാരുടെ ഭരണസാമർത്ഥ്യമാണ് ഇ പ്രസിദ്ധിക്കു കാരണമെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതാകുന്നു.

കപൂർത്തലരാജവംശം 'ആലു' എന്ന ഗ്രാമത്തെ സ്ഥാപിച്ച മഹാനായ സാദസിംഹന്റെ സന്താനപരമ്പരയാണ്. ഇതു നിമിത്തം ഈ രാജവംശത്തിന് 'ആലുവാലിയ' എന്ന് ഒരു പ്രത്യേകസ്ഥാനപ്പേരുണ്ട്. ഈ വംശത്തിലെ ആദ്യത്തെ പ്രധാനപുരുഷൻ വലിയ പരാക്രമശാലി നിലയിൽ കീർത്തിപ്പെട്ട ജസ്സാസിംഹനാണ്. ശിഖരുടെ വകയായ നാണയം ഒന്നാമതായി അടിപ്പിച്ചതും അവരെ യുദ്ധതന്ത്രം പഠിപ്പിച്ചതും കപൂർത്തലപട്ടണം മഹമ്മദീയരിൽനിന്നു കൈവശപ്പെടുത്തിയതും ഈ ജസ്സാസിംഹനാകുന്നു. രഞ്ജിത്‌സിംഹന്റെ കാലത്ത് ഈ രാജ്യത്തെ രാജാവ് ഫത്തേ

ത്തോടു സഖ്യം ചെയ്തു. ൧൮൧൭-ൽ ...ർ യുദ്ധത്തിനു ശേഷം ഇംഗ്ലീഷുകാരുടെ കീഴിലുള്ള നാട്ടുരാജ്യമായിത്തീർന്നു. ശിപ്പായിലഹളക്കാലത്തു രാജദ്രോഹികളെ അമർച്ച ചെയ്യാൻ മഹാരാജാവു വളരെ സഹായിച്ചതു നിമിത്തം ബ്രിട്ടീഷ് ഗവർമ്മെണ്ടിൽനിന്നു അനേകം സ്ഥാനമാനങ്ങൾ കിട്ടീട്ടുണ്ട്.

ഇപ്പോഴത്തെ മഹാരാജാവിനു ജോർജ് ജീവാജിറാവാണെന്ന് പേർ. വയസ്സു ഇരുപത്തൊന്നു കഴിഞ്ഞു. ചെറുപ്പത്തിൽ തന്നെ അച്ഛൻ പരലോകം പ്രാപിച്ചതിനാൽ വിദ്യാഭ്യാസം മുതലായതും ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരുടെ അധീനത്തിലാണു നടന്നിട്ടുള്ളത്. ൧൯൩൨-ൽ രാജ്യഭാരം കയ്യേറ്റു. അടുത്തിടെ കാൻഗ്രാ ദേശത്തിലെ പ്രസിദ്ധമായ ഒരു രാജപുത്രസ്ത്രീയാണ് പട്ടമഹിഷി. മഹാരാജാവിനു സ്വന്തം ഭാഷ പുറമേ ഇംഗ്ലീഷും ... നല്ലപോലെ സംസാരിക്കാം. ഇദ്ദേഹത്തിന്റെ ... രാജ്യം ക്രമത്തിൽ പുരോഗതി പ്രാപിച്ചുവരുന്നുണ്ട്.

൪ ബറോഡ

മനോഹര സംസ്ഥാനത്തിന്റെ പ്രദേശത്ത്, കാത്തിയവാർ, ... ദ്വീപ് എന്നീ പ്രസിദ്ധസ്ഥലങ്ങളോടുകൂടിയ ബറോഡ ഒരു പ്രധാന നാട്ടുരാജ്യമാണ്. വിസ്താരം ൮൧൬൪ ചതുരശ്രമൈലുണ്ട്. ഇരുപത്തിനാലു ലക്ഷത്തിലധികം ജനസംഖ്യയും ഉള്ള രാജ്യമാണിത്. പ്രജകളിൽ അധികവും വളരെ പരിഷ്കൃതന്മാരായിട്ടുള്ളവരും ഐശ്വര്യധാരാളമായി വസിക്കുന്നവരുമാണ്.

രാജവംശത്തിനു 'ഗെകവാർ' എന്ന ഒരു പ്രത്യേകസ്ഥാനപ്പേരുണ്ട്. പശുപാലകൻ എന്നാണത്രെ ഈ വാക്കിന്റെ അർത്ഥം. 'ദാമാജി ഗെകവാർ' എന്ന ഒരു പ്രസിദ്ധയോദ്ധാവാണ് ഈ രാജവംശം സ്ഥാപിച്ചത്. 'ബാലാജിറാവു' പേഷ്വായുടെ കാലത്താണ് ഈ ദാമാജി ജീവിച്ചിരുന്നത്. ഗുജറാത്തു രാജ്യം മുഗൾ ചക്രവർത്തികളുടെ അധീനത്തിൽനിന്നു മഹാരാഷ്ട്രന്മാരുടെ അധീനത്തിലാക്കിത്തീർത്തവരിലൊരാൾ ദാമാജി. ൧൮൦൨-ൽ ആണ് ഗെകവാർ ഇംഗ്ലീഷുകാരുമായി സഖ്യം ചെയ്തത്. അടുത്ത മുൻകാലത്തു രാജ്യം ഭരിച്ചിരുന്നതു ഗെകവാർ മൽഹാർറാവു എന്ന മഹാരാജാവായിരുന്നു. അദ്ദേഹത്തെ പിന്നീടു ചില സംശയങ്ങൾ നിമിത്തം ഇന്ത്യാ ഗവർമ്മെണ്ടു സ്ഥാനഭ്രഷ്ടനാക്കി. അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാരനാണ് ഇപ്പോഴത്തെ ഗെകവാർ മഹാരാജാവ്.

ഈ മഹാരാജാവ് 'സായാജിറാവു ഗെകവാർ' രാജവംശത്തിൽ പെട്ട ... ഒരു ... ഇന്ത്യയിലെ ... നാട്ടുരാജ്യങ്ങളിൽ എല്ലാംകൊണ്ടും ... ഒരു പിടി മുമ്പിലിരിക്കുന്ന ഈ പ്രാധാന്യമെല്ലാം ലഭിച്ചിട്ടുള്ളതു ഇദ്ദേഹത്തിന്റെ കാലത്തു വരുത്തിയ പരിഷ്കാരങ്ങൾ കൊണ്ടും ആയിരിക്കുമെന്നുതന്നെ പറയാം. ഇദ്ദേഹത്തിന്റെ പ്രായം തികയുന്നതുവരെ രാജ്യം ഭരിച്ചുവന്നതു പ്രസിദ്ധനായ സർ ടി. മാധവറാവു ആയിരുന്നുവെന്നു പലർക്കും അറിവുള്ള സംഗതിയാണല്ലോ. മഹാരാജാവു തഞ്ചാവൂർ രാജവംശത്തിൽ നിന്നാണ് വിവാഹം ചെയ്തിട്ടുള്ളത്. ൧൮൭൫-ൽ രാജ്യഭാരം കയ്യേറ്റു. പ്രജകളുടെ ക്ഷേമത്തിൽ ഇത്രത്തോളം താൽപര്യമുള്ള ഒരു മഹാരാജാവ് ഈ രാജവംശത്തിൽ മുമ്പുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. പരിഷ്കാരതൽപരന്മാരായ നാട്ടുരാജാക്കന്മാരിൽ ഏറ്റവും പ്രധാനിയാണ് ഈ മഹാരാജാവെന്നുള്ളതിനു സംശയമില്ല. ബറോഡ 'വിരാട'മാണത്രെ.

തത്ത്വബോധസപ്തതി

[illegible]

[illegible]

(൬൭

[illegible]

(൬൮

[illegible]

(൬൯

[illegible]

(൭൦

[illegible]

[illegible]

എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ.

കേരളീയഭാഷാശാകുന്തളം

പരിഷ്കരിച്ച രണ്ടാം പതിപ്പ്.

(൩)

യാസൃഷ്ടിസ്സ്രഷ്ടുരാദ്യാവഹതിവിധിഹുതം
യാഹവിര്യാചഹോത്രീ
യേദ്വേകാലം വിധത്തശ്ശ്രുതിവിഷയഗുണാ
യാസ്ഥിതാവ്യാപ്യവിശ്വം
യാമാഹുസ്സർവ്വബീജപ്രകൃതിരിതിയയാ
പ്രാണിനഃപ്രാണവന്തഃ
പ്രത്യക്ഷാഭിഃപ്രപന്നസ്തനുഭിരവതുവ
സ്താഭിരഷ്ടാഭിരീശഃ.

ഇതാണല്ലോ കാളിദാസന്റെ ശാകുന്തളത്തിൽ നാന്ദിശ്ലോകം. ഇതിന്റെ അർത്ഥത്തെപ്പറ്റി ഗ്രന്ഥമാകാനിടയുണ്ടെന്നു വ്യാഖ്യാനത്തിനു പുറപ്പെടുമ്പോൾ, ഒന്നാമതായി ചിന്തിക്കേണ്ടതു കാളിദാസൻ ഏതു മതസിദ്ധാന്തത്തെ അനുസരിച്ചിട്ടാണ് ഈശ്വരനെ ധ്യാനിച്ചിരിക്കുന്നത് എന്ന സംഗതിയാകുന്നു. അതിനെ ഗ്രഹിക്കാതെ തന്മയെ ഉള്ളതുപോലെ നോക്കുവാൻ സാധിക്കയില്ല. മൂലശ്ലോകത്തിൽ കവി അടക്കിട്ടുള്ള ആശയങ്ങളെല്ലാം അന്യൂനമായി തർജ്ജമയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു നിർണ്ണയിപ്പാൻ, മൂലശ്ലോകകർത്താവിന്റെ മനോഗതികളെ അറിഞ്ഞിരിക്കേണ്ടത് ആവശ്യം തന്നെയാണ്. കാളിദാസൻ ശൈവമതക്കാരനായിരുന്നു എന്നും, അദ്ദേഹം വേദാന്തത്തിൽ അദ്വൈതമതക്കാരനായിരുന്നു എന്നും, അദ്ദേഹത്തിന്റെ കൃതികളിൽ ഈ ശൈവപ്രാധാന്യം ചെയ്തിട്ടുള്ള ശ്ലോകങ്ങളെ നിരൂപണം ചെയ്തു പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ശിവനെ അർദ്ധനാരീശ്വരനായും, അഷ്ടമൂർത്തിയായും ഉപാസനം ചെയ്ത്, അദ്ദേഹം തന്റെ പ്രാരംഭങ്ങളിൽ ഈശ്വരനെ ഈ പ്രകാരമാണ് സങ്കല്പിച്ചുപോന്നിട്ടുള്ളതെന്ന 'മാളവികാഗ്നിമിത്രം', 'രഘുവംശം', 'കുമാരസംഭവം' എന്ന കൃതികളിൽ ചില ശ്ലോകങ്ങളാൽ വെളിപ്പെട്ടിട്ടുണ്ട്. 'ശാകുന്തള'ത്തിലെ നാന്ദിയിലും, ശിവനെ അഷ്ടമൂർത്തിയായി സങ്കല്പിച്ചിരിക്കുന്നു. ഈ മൂർത്തികളാകട്ടെ, പൃഥ്വീമൂർത്തി, ജലമൂർത്തി, തേജോമൂർത്തി, വായുമൂർത്തി, ആകാശമൂർത്തി, യജമാനമൂർത്തി, ചന്ദ്രമൂർത്തി, സൂര്യമൂർത്തി ഇവയാണ്. ഇവ എട്ടും മനുഷ്യരുടെ സ്ഥൂലദൃഷ്ടിക്കു വിഷയീഭവിക്കുന്നതായ ഭൂമി, വെള്ളം, തീയ്, കാറ്റ് മുതലായ പദാർത്ഥങ്ങളെന്നും, ഇവയുടെ അധിഷ്ഠാതാക്കൾ അല്ലാതെയെന്നും നാം ധരിക്കേണ്ടതാണ്. ഇവറ്റെ 'തന്ത്രശാസ്ത്ര'ത്തിൽ, ശർവ്വ, ഭവ, രുദ്ര, ഉഗ്ര, ഭീമ, പശുപതി, മഹാദേവ, ഈശാന, എന്നിങ്ങനെ അധിഷ്ഠാനദേവതാനാമങ്ങളും പറയപ്പെട്ടിരിക്കുന്നു. മേല്പറഞ്ഞ എട്ടു മൂർത്തികളായി സങ്കല്പിച്ചിട്ടാണ് കാളിദാസൻ ഈശ്വരനെ ആരാധിച്ചിരിക്കുന്നത് എന്നുള്ളതോ ഇരിക്കട്ടെ. നാന്ദിശ്ലോകത്തിൽ ശാസ്ത്രാനുസാരേണ നാടകകഥയെ സൂചിപ്പിച്ചിരിക്കണമെന്ന നിർബന്ധമുണ്ടെന്നുള്ളതിനെയും വിസ്മരിച്ചുകൂടുന്നതല്ല. ഭവിക്കാൻ പോകുന്ന വിരഹമാകട്ടെ, ശാകുന്തളത്തിലെ നായികാനായകന്മാരായ ശകുന്തളാദുഷ്യന്തന്മാരെപ്പറ്റി സന്ദർഭമായ സൂചനകളെ കാളിദാസൻ ശ്ലോകാർത്ഥത്തിൽ ഘടിപ്പിച്ചിരിക്കുന്നത് അദ്ദേഹം വളരെ കൗശലത്തോടെ ചെയ്തിരിക്കുന്ന പദപ്രയോഗത്താൽ ഗ്രഹിക്കാവുന്നതാണ്. 'സ്രഷ്ടു'—ബ്രഹ്മാവിന്റെ

ആദ്യാസ്രഷ്ടുഃസൃഷ്ടിഃ'—ആദ്യത്തെ സൃഷ്ടിയാണല്ലോ അത്. ഇതാകട്ടെ, മേല്പറഞ്ഞ എട്ടു മൂർത്തികളിൽ ജലം എന്നു പറയുന്നതാണ്. അതുതന്നെ ശാകുന്തളം ദ്യോതിപ്പിക്കുന്നു. ഈ അർത്ഥത്തിനു പുറമേ, ഭൂലോകത്തിലെ ക്ഷത്രിയരാജവംശങ്ങളിൽ ഒന്നാമത്തേതായി പറയപ്പെട്ടിരിക്കുന്ന ചന്ദ്രവംശമെന്നും സൂചിപ്പിച്ചിരിക്കുന്നു. ഈ വംശത്തിന്റെ ജനയിതാവു ദുഷ്ഷന്തനാണെന്നതാരംഭിക്കാതെ, ആദ്യാ എന്നതിനു ശ്രേഷ്ഠാ ഉത്തമാ, എന്നും അർത്ഥമിരിക്കയാൽ, ബ്രഹ്മാവിന്റെ സൃഷ്ടിയിൽ വെച്ച് ഉത്തമയായ ശകുന്തളയെയും സൂചിപ്പിക്കുന്നു. ('ബ്രഹ്മസൃഷ്ടിയിലെല്ലാമഗ്ര്യനിന്നുന്നതത്താൾ'— എന്നു ദുഷ്ഷന്തൻ വർണ്ണിച്ചിട്ടുള്ളതു ഓർമ്മിക്കേണ്ടതാണല്ലോ.) 'വഹതി വിധിഹുതം യാ ഹവിഃ'—യാ വിധിഹുതം ഹവിർവഹതി—അതായതു, വിധിപ്രകാരം അർപ്പിക്കപ്പെടുന്ന ഹവിസ്സിനെ വഹിക്കുന്നതു യാതൊന്നാണോ അത്, അഷ്ടമൂർത്തികളിൽ, അഗ്നിയെയാണ് ഇവിടെ അർത്ഥമാക്കിയിരിക്കുന്നത്; ഇതു കൂടാതെയും, ദുഷ്ഷന്തനാകട്ടെ ശാസ്ത്രാനുസാരമായ വിധത്തിൽ, തന്റെ പ്രജകളോടു നിലത്തിലെ വിളവിൽ ആറിലൊന്നു (ഹവിസ്സ്)കരം മേടിക്കുന്നതിനാൽ, ഇപ്പറഞ്ഞതനുസരിച്ച് വിധിപ്രകാരം ദുഷ്ഷന്തനാൽ ഗാന്ധർവ്വവിവാഹം വഴിയായി ഭാര്യയാക്കപ്പെട്ട ശകുന്തള ദുഷ്ഷന്തന്റെ ഹവിസ്സ് (ബീജം) ഏറ്റു ഗർഭമായി വഹിക്കുകകൊണ്ടു ശകുന്തള എന്നും അർത്ഥം വിവക്ഷിച്ചിരിക്കുന്നു. 'ഹോത്രീ' എന്നത് ഈശന്റെ മൂർത്തിയായ യജമാനമൂർത്തി എന്ന് അർത്ഥമാകുന്നതു കൂടാതെ, ഹോതാവായി പല യാഗങ്ങളെയും നടത്തുന്ന ദുഷ്ഷന്തൻ എന്നും, ആ യാഗങ്ങളിലെ ധർമ്മപത്നിയുടെ നിലയിൽ ദുഷ്ഷന്തനോടുകൂടെ യാഗങ്ങളെ ചെയ്തിരിക്കുന്ന ശകുന്തള എന്നും സൂചിപ്പിക്കുന്നു. 'യേ ദ്വേ കാലം വിധത്തഃ'—കാലത്തെ ഉണ്ടാക്കുന്നവർ രണ്ടു യാതൊരു അവർ—എന്നതിൽ, പകലിനെയും രാത്രിയെയും വേർതിരിക്കുന്ന സൂര്യൻ ചന്ദ്രൻ എന്ന കാലകർത്താക്കൾ എന്ന അർത്ഥത്തിനു പുറമേ, ഓരോ ദിവസത്തിലും ഓരോ സംവത്സരത്തിലും ഇന്നയിന്ന സമയങ്ങളിൽ ഇന്നയിന്ന പ്രവൃത്തികൾ ചെയ്യണമെന്നു നിശ്ചയം ചെയ്തു മേല്നോട്ടിക്കാലത്തിന്റെ അധികർത്താക്കളായിത്തീർന്നിരിക്കുന്ന ശകുന്തളാദുഷ്ഷന്തന്മാർ എന്നും അർത്ഥമാക്കിയിരിക്കുന്നു. ഇതും കൂടാതെ, ശകുന്തളയെ സംബന്ധിച്ചേടത്തോളം അവളുടെ കാലത്തെ അറിയിക്കുന്നവരായ അനസൂയ പ്രിയംവദ എന്നീ രണ്ടു സഖികളെ നും സൂചിപ്പിക്കുന്നു. ഇവർ രണ്ടാളും, ദുർവ്വാസസ്സിന്റെ ശാപത്തെ ഗ്രഹിച്ചിട്ടുള്ളവരാകയാൽ, അവർ ശകുന്തളയെ ദുഷ്ഷന്തന്റെ അടുക്കലേക്കു പറഞ്ഞയയ്ക്കുന്ന ഘട്ടത്തിൽ, അവളോടു, മുദ്രമോതിരത്തെ മുദ്രമായി സൂക്ഷിച്ചുകൊള്ളുവാനും ദുഷ്ഷന്തൻ അവളെ ഓർക്കുന്നില്ലെങ്കിൽ ആ മോതിരം അതിളിവായി കാണിക്കുവാനും ശട്ടംകെട്ടി അറിയിക്കുന്നതിനാൽ, ശകുന്തളയുടെ കാലകർത്താക്കൾ ആണ് ഈ സഖിമാർ എന്നു സൂചന. 'ശ്രുതിവിഷയഗുണായാസ്ഥിതാവ്യാപ്യവിശ്വം'—ശ്രുതിവിഷയഗുണമായി വിശ്വത്തെ വ്യാപിച്ചിരിക്കുന്നതു യാതൊന്നോ അത് – ആകാശം എന്നാണ് ഒന്നാമത്തെ അർത്ഥം. ഇതിൽ മുമ്പു പറഞ്ഞ എട്ടു മൂർത്തികളിൽ ഒന്നായ ആകാശത്തിനെ വിവക്ഷിക്കുന്നു. എന്നാൽ, വിശ്വത്തെ വ്യാപിക്കുന്നതായ ദുഷ്ഷന്തന്റെ കീർത്തിയെയും ഇതിൽ സൂചിപ്പിച്ചിരിക്കുന്നു. ദുഷ്ഷന്തനാകട്ടെ, ദേവേന്ദ്രന്റെ ഉറ്റ ചങ്ങാതികളിലൊരാളാണ്. ദുഷ്ഷന്തന്റെ വീര്യയശസ്സുപര

ശ്രമങ്ങളെപ്പററി മൂന്നു ലോകത്തുള്ളവരും പുകഴ്ത്തി പാടുന്നതു്.

'സ്വനാരികൾ ചാർത്തുമംഗരാഗം
പരിശോഷിപ്പതുകൊണ്ടു നിർജ്ജരന്മാർ
പരകല്പലതാംശുകത്തിലേന്തും
പുരിതം ചേർത്തു ജനങ്ങൾ നിന്നനാഥൻ.'

എന്ന് എട്ടാം ശ്ലോകത്തിൽ മാതലി പറയുന്നതുതന്നെ ഇതു ലക്ഷ്യമാണല്ലോ. പിന്നെയും, ഭഗവാനാരായണന്റെ മാതാവു് എന്നും മറ്റുമുള്ള കീർത്തി ശകുന്തളയ്ക്കുമുണ്ടും ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. 'യാമാഹുസ്സർവ്വബീജപ്രകൃതിരിതി'— സർവ്വബീജപ്രകൃതി എന്നതിനു്, പ്രകൃതിക്കു പാതിവ്രത്യത്തം എന്നർത്ഥംകൊണ്ടു, പൃഥ്വീശ്വരിയെ സൂചിപ്പിച്ചിരിക്കുന്നു. പിന്നെയും, ഭഗവാന്റെ ഗർഭത്തിൽ എല്ലാ ജീവരാശി (ജീവജാലങ്ങൾ)ക്കും അവരവരുടെ ചൈതന്യ മാത്രമായ യോനിയും ഉണ്ടാകാതെ, അദ്ദേഹത്തിന്റെ ഒരു അംശമായിട്ട് നിർമ്മിതമാ അദ്ദേഹത്തെയും, ഇതിനാംപുറമേ ശകുന്തളയാകട്ടെ തന്റെ ഗർഭപാത്രത്തിൽ കിടക്കുന്ന സന്താനബീജത്തിനു പ്രകൃതിയാകയാൽ ശകുന്തളയെയും ഇതിൽ സൂചിപ്പിച്ചിരിക്കുന്നു. 'പ്രാണിനഃ പ്രാണവന്തഃ'— എന്നതിൽ, പ്രാണികൾക്കു പ്രാണനെ നൽകുന്ന വായു എന്നും; ജനങ്ങൾക്കും മററു ജന്തുക്കളുടെയുംമാകെ ഹൃദയത്തെ ഉല്ലാസപ്പെടുത്തുകയും അവരുടെ കർത്തവ്യകർമ്മങ്ങളെ ശരിയായി നിർവ്വഹിക്കാൻ സൌകര്യം ഉണ്ടാക്കുകയും ചെയ്യുന്നവൻ എന്നും; തന്റെ ഭർത്താവിന്റെയും പുത്രനായ ഭരതന്റെയും ഹൃദയത്തെ ഉല്ലാസപ്പെടുത്തുന്ന ശകുന്തള എന്നും അർത്ഥമാകിയിരിക്കുന്നു. ഇങ്ങനെ, നാന്ദിശ്ലോകത്തിൽ, ഈശ്വരനെ പ്രാർത്ഥിക്ക മാത്രമല്ല, കഥാനായികാനായകന്മാരെപ്പററി സൂചനകൾക്കൂടെ അടക്കിയും ചെയ്തിരിക്കുന്നു എന്നതിനെ, ഇതു സവിസ്തരം പറയേണ്ടി വന്നതു, വായനക്കാർ തർജ്ജമയെ മൂലത്തോടു ഒത്തു നോക്കുവാൻ സൌകര്യമുണ്ടാക്കുവാനാകുന്നു എന്നു സമാധാനം പറഞ്ഞുകൊള്ളട്ടെ.

ഇനി തർജ്ജമയെ നോക്കാം. തിരുതമായിപ്പറയിരിക്കുന്ന 'മണിപ്രവാളശാകുന്തള'ത്തിൽ, വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് എഴുതിട്ടുള്ള തർജ്ജമ,

'ധാതാവാദൌ ചമച്ചോരതുകമലമഥാവി-
ധാനദീയാംവിധിഹോത്രൻ
ഹോതാതാനാംദിനേശൻനിശാകരനുമതുപോലെ
നാദലക്ഷ്യത്തെന്നും
ഇതാംസർവ്വബീജത്തിൽപ്രകൃതിപൃഥിവി
പ്രാണദൻമാരുതൻതാ-
നെന്താദിമൂർത്തിയിലേവാഗ്രമാഭോ-
അഷ്ടമൂർത്തിശിവൻ.'

എന്നാണല്ലോ. ഇതിനെ മേൽപ്പെട്ടു ഇപ്പോൾ 'ഭാഷാശാകുന്തള'ത്തിൽ ചേർത്തിരിന്ന

'ധാതാവാദൌചമച്ചോരതുകജലമഥാവി-
ധാനദീയാംവിധിഹോത്രൻ
ഹോതാവുംകാലംകുറിക്കുംരവിശശികളും ഭൂഗ-
ർപ്പാചിതംനാദലക്ഷ്യം,
ഇതാണിന്നുകൈമേക പ്രകൃതിപൃഥിവിയും
പ്രാണദൻവായുവുംതാ-
നോരാവഷ്ടമൂർത്ത്യാകൃതികടക്കാൻ
നിങ്ങളെക്കാത്തുകൊൾക.'—

എന്ന ശ്ലോകംകൊണ്ടു, സാധാരണ വായനക്കാർ അർത്ഥം ശരിയായി സ്പഷ്ടമായിത്തീർന്നിട്ടുണ്ടെന്നു സമ്മതിക്കാതെ കഴികയില്ലാ. 'എന്താദിമൂർത്തിയി'ത്യാദിയായ നാലാം പാദത്തിൽ 'കവിപ്പാൻപൊട്ടാത്ത'മട്ടിൽ ചേർത്തിരുന്ന സംസ്കൃതപദങ്ങളിലെ വിഭക്ത്യന്തങ്ങളെയും മററും മാറ്റിപ്പിടിപ്പിച്ചതു കൃതങ്ങളുംകൊണ്ടുതന്നെ പറ

നാടകത്തിന്റെ ദൃഷ്ടിയിൽ ഒരു വെളിച്ചം തട്ടിട്ടുണ്ട് എന്നു സമാധാനിക്കാം. എന്നാൽ, ഈ ഭാഷാശ്ലോകമാകട്ടെ, മുമ്പത്തെ മണിപ്രവാളശ്ലോകമാകട്ടെ, മൂലശ്ലോകത്തിലെ അർത്ഥകല്പനയെ യാതൊന്നും അന്യൂനമായി വഹിക്കുന്നില്ല എന്നു പറയേണ്ടിവരും. മൂലശ്ലോകത്തിൽ കൊള്ളിച്ചിട്ടുള്ള അർത്ഥങ്ങളിൽ, അഷ്ടമൂർത്തികളെ സംബന്ധിച്ചേടത്തോളമുള്ള വർണ്ണനത്തെ സമ്മതിക്കാം. എന്നാൽ, മറ്റു സൂചനകൾക്കു, തർജ്ജമയിൽ വേണ്ടുവോളം മാർഗ്ഗമുണ്ടാക്കീട്ടില്ല എന്നു, മറ്റു വിസ്തരിച്ചു വ്യാഖ്യാനത്തെ വെച്ചു നോക്കുമ്പോൾ ഊഹിക്കാവുന്നതാണല്ലോ. കാളിദാസൻ തന്റെ ശ്ലോകത്തിൽ, അഷ്ടമൂർത്തികളെ കുറിപ്പാനായി ഉദകം, വിധിഹോതൃ ർ, രവിശശികൾ, പൃഥിവി, വായു ഇത്യാദി പദങ്ങളെ പ്രയോഗിച്ചിട്ടില്ല. അതുനിമിത്തമായി ദുഷ്യന്തനെയും ശകുന്തളയേയും പററിയുള്ള സൂചനകൾക്കു യാതൊരു തടസ്ഥവും ഉണ്ടാകുന്നില്ല. എന്നാൽ തർജ്ജമയിൽ ഈ പദങ്ങളുടെ പ്രവേശം, മുൻപറഞ്ഞ സൂചനകളെ എങ്ങനെ തടയുന്നുവെന്നാണ് ആക്ഷേപം പറവാനുള്ളത്. ബ്രഹ്മാവിന്റെ സൃഷ്ടിയിൽ ആദ്യമായുള്ള യാതൊന്നോ, വിധിപ്രകാരം അർപ്പിക്കപ്പെടുന്ന ഹവിസ്സിനെ വഹിക്കുന്നു യാതൊന്നോ, ഹോത്രിയായുള്ള യാതൊന്നോ, കാലകർത്താക്കളായവർ രണ്ടു യാവയോ, ശ്രുതിവിഷയഗുണമായി വിശ്വവ്യാപിയായിരിക്കുന്നു യാതൊന്നോ, സർവ്വബീജങ്ങൾക്കു പ്രകൃതിയായിരിക്കുന്നു യാതൊന്നോ, പ്രാണനുള്ളവർക്കെല്ലാം പ്രാണനെ നൽകുന്നു യാതൊന്നോ,—ഈ എട്ടു രൂപങ്ങളിലും പ്രകടിക്കുന്നതായ ഈശൻ— എന്നമാത്രമല്ലാതെ, ആ ഭാവനം വെച്ചുകൊണ്ട് ഇന്നതിന്നു എന്നു പറയുന്നില്ലാത്തതുകൊണ്ടു, കാളിദാസൻ ഈ ശ്ലോകത്തിന്റെ അർത്ഥകല്പനയെ നിഷ്പ്രതിബന്ധമാക്കിച്ചെയ്തിരിക്കുന്നു. ആ ഭാവനത്തിനു മുൻ പറഞ്ഞപ്രകാരത്തിൽ മൂന്നു വക അർത്ഥങ്ങളേയും കല്പിക്കാൻ അവകാശമുണ്ടെന്നാണ് ആ പദങ്ങളുടെ ഘടന.

പക്ഷേ ഈ ന്യൂനത, മലയാളഭാഷയുടെ ദാരിദ്ര്യത്തിന്റെ ഫലമായിരിക്കാം. സംസ്കൃതത്തെപ്പോലെ പദസമൃദ്ധിയുള്ള ഒരു ഭാഷയിൽനിന്ന് ഒരു ഉത്തമമായ കാവ്യത്തെ, അത്രത്തോളം പദസമൃദ്ധിയില്ലാത്ത ഒരു ഭാഷയിലേക്ക് പകർത്തുമ്പോളു, സർ മാണിയർ വില്യംസ് പറഞ്ഞിട്ടുള്ളതുപോലെ, 'ഏറ്റപ്പത്തിൽ ഭാഷയായി പരിണമിക്കുമ്പോളുള്ളതും അശാശ്വതവും ആയ ഒരു ആസവമാത്രത്തെ ഒരു പാത്രത്തിൽനിന്നു മറെറാന്നിലേക്ക് പകരുന്നതിനെ കല്പിക്കണം' എന്നു സമ്മതിക്കണം. അതിനാൽ തന്നെയാണല്ലോ സർ മാണിയർ വില്യംസ് ഇംഗ്ലീഷിൽ എഴുതിയ തർജ്ജമയ്ക്കു പകരം 'ഗദ്യവും പദ്യവും' പറയാൻ സംഗതി വന്നിട്ടുള്ളത്. മറ്റൊന്നു ഈ നാന്ദിശ്ലോകത്തെ മൂലാർത്ഥത്തിനു ശരിയായ ഒരു തർജ്ജമ ചെയ്തിട്ടില്ല എന്ന് ആക്ഷേപം ഉണ്ടായിട്ടുണ്ട്. ജലം, പൃഥ്വി, അഗ്നി, വായു മുതലായവയുടെ അർത്ഥത്തെ കുറിക്കുന്ന സാധാരണ പദങ്ങൾ പ്രയോഗിക്കാതിരുന്നു, കാളിദാസശ്ലോകത്തിലെ വേദാന്തതത്ത്വപദങ്ങൾ ആ പ്രകാരം ഉണ്ടായിട്ടില്ലായിരിക്കുന്നു എന്നും, നായികാനായകന്മാരെപ്പറ്റി സൂചനകൾ ഇല്ലാതായിപ്പോയി എന്നും ആക്ഷേപം പറയപ്പെട്ടിരിക്കുന്നത്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ശാകുന്തളം മലയാളികൾക്ക് ഉൾപ്പെ ആനന്ദ ന്യൂന

തയെ പരിഹരിപ്പാനായി പുറപ്പെട്ട പി. ജി. രാമയ്യർ അവർകളുടെ തർജ്ജമയും, കാളിദാസശ്ലോകത്തെ അല്പമെങ്കിലും മെച്ചമായ വിധത്തിൽ പ്രതിഫലിപ്പിച്ചിട്ടില്ല. രാമയ്യരവർകളുടേതു,

ഭൂനാഥന്മാരുമാവുന്നിതിവിരച്ചാതജലദേവതിയായ്
ഹവനിയായ്ഹോതൃയായി-
ച്ചന്ദ്രാർക്കന്മാരുമായ് ശ്രുതിവിഷയഗുണം
ചേർന്നൊരാകാശമായി
ബീജം സർവ്വത്തിനെന്നും പ്രകൃതിയെന്നു
ജീവജാലങ്ങളാകാനായ് (അവർ
മിന്നിടും മൂർത്തികളെട്ടാൽ മഹമൊടു ശിവൻ
നിങ്ങളെക്കാത്തിടട്ടെ.

എന്താണ് മംഗളപ്രാർത്ഥന ചെയ്യുന്നത്. ഇങ്ങനെ തർജ്ജമകൾക്കൊക്കെ 'കീറാമുട്ടി' യായിത്തീർന്നിരിക്കുന്ന ഈ നാന്ദിശ്ലോകത്തിനു, മുമ്പ് എടുത്തെഴുതിയ ചില വ്യാഖ്യാനങ്ങൾ ക്ലിഷ്ടകല്പനകളാണെന്ന് ഒരു അഭിപ്രായമുള്ളതിനാലായിരിക്കാം, അവസ്ഥിതികളുടെ സംഗതിയിൽ മാത്രം തർജ്ജമക്കാർ ശ്രദ്ധവെച്ചത്. ഈ പക്ഷമനുസരിച്ചു നോക്കുന്നതായാൽ, മഹാകവിയെന്നു പറയാൻ തിരുമനസ്സിലെ ഇപ്പോഴത്തെ, പരിഷ്കരിച്ച ശാകുന്തളത്തിലെ നാന്ദിശ്ലോകം മെച്ചമായിട്ടുണ്ടെന്നു പറയാം. എന്നാൽ അതിനുള്ളിൽ, കാളിദാസന്റെപ്രാലെ, ഉദകം ഇരിപ്പതും പ്രയോഗിക്കാതെ തന്നെ കഴിക്കാമായിരുന്നില്ലയോ എന്നാലോചിക്കേണ്ടിയിരിക്കുന്നു. ശാകുന്തളത്തിന്റെ തർജ്ജമ, ദ്രാവിഡഭാഷകളിൽ ഉണ്ടായിട്ടുള്ളവയിലൊന്നു, ഭാസ്കരപ്പൊതുവാളവർകൾ എഴുതിട്ടുള്ള കന്നട തർജ്ജമയാണെന്നു കാണുന്നു. അതിലെ നാന്ദി മൂലത്തോടു എത്രമാത്രം യോജിച്ചിരിക്കുന്നു എന്നു കന്നടപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. തിരുവിതാംകൂർ സംസ്ഥാനത്തു നിന്നു ബഹിഷ്കരിക്കപ്പെട്ടതിനാൽ എഴുത്തുകാരായിട്ടുള്ള പല ലോകമുഖ്യന്മാരും, കന്നടം എന്നീ ഭാഷകളെ പരിശീലിക്കാനുള്ള സൗകര്യം അനുഭവിക്കാത്ത ഈ അവസരത്തെ വിനിയോഗിച്ചു ലഭിച്ച പരിചയംകൊണ്ടു, ഭാസ്കരപ്പൊതുവാളവർകളുടെ തർജ്ജമയിലെ നാന്ദിയെ പകർത്തുവാൻ സാധിച്ചിരിക്കുന്ന എന്റെ പരിതാപങ്ങൾപ്പെടുന്നു:—

ആദ്യയാം സൃഷ്ടിയെന്നാൽ ഹുതമം
വ്യതമാം ഹവ്യമേന്തി-
ന്നാവുന്നഹോതൃദ്വേയെന്നകാലമായ്
വ്യവകാലകർതൃഗം
ആവൃതസർവഗമായ്സകലമായുള്ള
അകലപ്രധാനമം
ലോകവാസഭാഗ്യം കർമ്മത്തെ നയിച്ചിടും
പ്പെരുമാനമം.

ഈ തർജ്ജമയിലെ പല വാക്കുകളും മലയാളികൾക്ക് എളുപ്പം ഗ്രഹിക്കാവുന്നവ ഒന്നാണല്ലോ. അവയെ തമ്മിൽ യോജിപ്പിക്കുന്ന വ്യാകരണസൂത്രങ്ങൾ അറിഞ്ഞിട്ടില്ലെന്നാലും, ഏകദേശം അർത്ഥം മനസ്സിലാക്കാൻ കഴിയും. ഈ തർജ്ജമയിൽ, ഉദകം ഇത്യാദി പദങ്ങളോ അവയ്ക്കു തുല്യമായ കന്നടവാക്കുകളോ പ്രയോഗിച്ചിട്ടില്ലെന്നതാണ് ഈ തർജ്ജമയുടെ ഒരു വൈശിഷ്ട്യം. 'യാസൃഷ്ടിസ്രഷ്ടുരാദ്യാ'— എന്നതിനെ 'ആദ്യയാം സൃഷ്ടിയെന്നാൽ'— എന്നാണല്ലോ തർജ്ജമ ചെയ്തിരിക്കുന്നത്. ഇതിൽ ഉദകത്തെപ്പോലെ, ധാതാവിന്റെ സൃഷ്ടിയിൽ ആദ്യമായത് ഇന്നതാണെന്നു പ്രത്യേകമെടുത്തു പറയുന്നില്ല. ഇതിനെന്നും മറ്റു ഭാഗങ്ങളിലും കാണുക. ദ്രാവിഡഭാഷയായ കന്നടത്തിൽ ഇപ്രകാരം തർജ്ജമ ചെയ്യാൻ കഴിയുമെങ്കിൽ, അതിന്റെ സഹോദരഭാഷ

യായ മലയാളത്തിൽ ഇതസാദ്ധ്യമെന്നു വന്നതു ശോചനീയം തന്നെയാണ്.

ഈ അവസരത്തിൽ, ഭാഷാന്തരപ്രവൃത്തിയെപ്പററി ചില വിമർശനം ചെയ്യുന്നതു് അനുചിതമാകയില്ലെന്നു വിചാരിക്കുന്നു. അങ്ങനെ ചെയ്യേണ്ടി വരുന്നതു, ഭാഷാന്തരം ചെയ്യുന്നവരുടെ മേൽ ചിലർ നിർബ്ബന്ധമായി ചുമത്തി വരുന്ന ചില നിയമങ്ങളെ സ്വീകരിക്കണോ ത്യജിക്കണോ വേണ്ടതു് എന്നു വായനക്കാർ ആലോചിക്കുന്നതിലേക്കായിട്ടാകുന്നു.

കെ. രാമകൃഷ്ണപിള്ള (ബി. എ)

ഇൻസ്പെക്ടർ ഗോപാലമേനോൻ

ഡിടക്ടീവ് ഇൻസ്പെക്ടർ ഗോപാലമേനോൻ എന്നു കേട്ടാൽ അറിഞ്ഞുകൂടാത്ത ആളുകൾ ഇപ്പോഴും ചുരുക്കമാണ്. ഇദ്ദേഹം പോലീസ്സ് സൈന്യത്തിൽനിന്നു പിരിഞ്ഞിട്ട് അധികം കാലമായിട്ടില്ല. സ്വ ആറടി തികച്ചും പൊക്കമുള്ള ആളാണ്. ഒരു കറുത്ത മീശ വിട്ടിട്ടുണ്ട്. ധൈര്യമാണ് മുഖ്യസ്ഥായിയായ രസം. ഇൻസ്പെക്ടർ ഒരു മതിൽക്കെട്ടിന്നു പുറത്തുനിന്ന് അകത്തു കഴിയുന്ന സംഭവങ്ങളും നോക്കിക്കാണുന്നതു കണ്ടാൽ അദ്ദേഹത്തിന്റെ ദൃഷ്ടി ചുമരു തുളച്ച് അകത്തേക്കു പ്രവേശിക്കുന്നുണ്ടോ എന്നു കാണികൾക്കു തോന്നിപ്പോകും.

൧൦൯൭ മകരം ൨൯-ാം കാലത്ത് ഇദ്ദേഹം തന്റെ ആപ്പീസ്സുമുറിയിൽ ഇരുന്നു പ്രസിദ്ധപ്പെട്ട കാട്ടകളും കവർച്ചക്കേസ്സിന്റെ രേഖകളും പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ പാറാവുകാരൻ അകത്തു ചെന്നു ഡാക്ടർ നാണുമേനോൻ കാണ്മാൻ വന്നിരിക്കുന്നു എന്നറിയിച്ചു. കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞതനുസരിച്ച് ആയാൾ ഡാക്ടരെ അകത്തേക്കയച്ചു. അന്യോന്യം ഉപചാരം ചെയ്തു രണ്ടാളും ഇരുന്നതിന്റെ ശേഷം—

ഡാക്ടർ—(അല്പം പരിഭ്രമം നടിച്ചു്) എന്റെ അടുത്ത ബന്ധുവായ ഒരു സ്ത്രീയെ ഇന്നു കാണാതായിരിക്കുന്നു. ഇവൾ മരിച്ചുപോയ എന്റെ ഭാര്യയുടെ അനുജത്തിയാണ്. വടക്കേടത്തു മാധവിക്കുട്ടി എന്നാണ് പേര്.

ഇൻസ്പെക്ടർ—ഇവർ കെട്ടിയോ.

ഡാക്ടർ—കാണാതായിട്ട് ഇപ്പോൾ ഒരു മാസത്തിലധികമായി. കാപ്പിത്തോട്ടക്കാരൻ മിസ്റ്റർ കുഞ്ഞിരാമന്റെ ഭ്രാതാവ് നാരായണമേനോന്റെ ഭാര്യയാണ്. വയസ്സു ൨൦. ൫ അടി ഉയരം കാണും. വെളുത്തിട്ടാണ്. തലമുടി അധികമില്ല. ദേഹം മെലിഞ്ഞു ഇതു നോക്കിയാൽ അറിയാം എന്നു പറഞ്ഞു തന്റെ കയ്യിലുണ്ടായിരുന്ന ഒരു ഫോട്ടോ മേശപ്പുറത്തു വെച്ചു കൊടുത്തു.

ഇൻസ്പെക്ടർ ഫോട്ടോ നോക്കീട്ട്—ആ ഭർത്താവിന്ന് ഇവരെ കാണാതായതിനെപ്പററി ഒന്നും അറിഞ്ഞുകൂടെ?

ഡാക്ടർ—അറിഞ്ഞുകൂടെന്നാണ് ആയാൾ പറയുന്നത്. വളരെ നിർബ്ബന്ധിച്ചു ചോദിച്ചിട്ടും എന്തെങ്കിലുമധികമൊന്നും ആയാൾക്ക് അറിഞ്ഞുകൂടെന്നു പറഞ്ഞു. എന്നാൽ ഇവളെ കാണാതായതിന്റെ

തലേദിവസം ഇവർ തമ്മിൽ കശപിശകൾ അധികമുണ്ടായി എന്നും താൻ ആപ്പീസ്സിൽ നിന്ന മടങ്ങിവന്നപ്പോൾ വീട്ടിൽ ഇവരെ കണ്ടില്ലെന്നും ആയാളുടെ വാക്കുകൊണ്ടു തന്നെ വരുന്നുണ്ട്.

ഇൻ—അവർ തമ്മിൽ വലിയ യോജിപ്പായിരുന്നില്ല അല്ലേ? പിന്നെ?

ഡാ—യോജിപ്പില്ലെന്ന മാത്രമല്ല, അവൾ ഭർത്താവിനെ ദ്രോഹിക്കക്കൂടി ചെയ്തിരുന്നു. വല്ലടത്തെങ്ങും പുറപ്പെട്ടു പൊയ്ക്കളയാം എന്ന് ഇവൾ പലപ്പോഴും പറയാറുണ്ട്. അതാണ് സമാധാനപ്പെടുത്തുക പതിവ്. എന്നാൽ സകല കാര്യവും ആലോചിക്കാറുള്ള എന്നോടു കൂടി ഈ കാര്യം ആലോചിക്കാതെയാണ് ചെയ്തത്. തടസ്ഥം പറയുമെന്ന പേടിച്ചിട്ടായിരിക്കാം.

ഇൻ—ഭർത്താവിനെ ഒന്നുകൂടി നിഷ്കർഷിച്ചാൽ ആയാൾ പരമാർത്ഥം മുഴുവനും പറയില്ലേ?

ഡാ—പരീക്ഷിച്ചു നോക്കാൻ ആയാളെ കണ്ടെത്തീട്ടുവേണ്ടേ? നാലു ദിവസമായി ആയാളെയും കാണാനില്ല.

ഇൻ—എന്തു? (ആലോചന നടിച്ചു്): ആയാളെയും കാണാനില്ലേ?

ഡാ—ഇല്ലല്ലൊ. ഞാൻ മിനിഞ്ഞാന്ന രാത്രി അവർ താമസിച്ചിരുന്ന വീട്ടിൽ പോയി. വാതൽ പൂട്ടി കണ്ടതിനാൽ അയൽവീട്ടുകാരോടു ചോദിച്ചു. വീട്ടിൽ നിന്ന പോയിട്ടു കുറച്ചു ദിവസമായി എന്നാണ് അവർ പറഞ്ഞത്. ഇന്നലെ കാലത്ത് ആപ്പീസ്സിലന്വേഷിച്ചതിൽ രണ്ടാഴ്ചയായിട്ട് അവിടെയും ചെല്ലാറില്ലെന്ന ശിപ്പായി കണ്ണനും പറഞ്ഞു.

ഇൻ—ചാടിപ്പോയ സംഗതിയെപ്പറ്റി നിങ്ങൾ വല്ല പത്രങ്ങളിലും പരസ്യം ചെയ്തുവോ?

ഡാ—ഇല്ല. നിങ്ങളെ കണ്ടു വിവരം അറിയിച്ചിട്ടു മതി എന്ന വച്ചിട്ടാണ്.

ഇൻസ്പെക്ടർ ഇതെല്ലാം നോട്ടെടുത്തതിന ശേഷം ദമ്പതിമാർ താമസിച്ചിരുന്ന സ്ഥലം മുതലായതു ചോദിച്ചറിഞ്ഞു 'ആകട്ടെ ഇപ്പോൾ ഇത്രയും വിവരം മതി. ശേഷം ആവശ്യമുണ്ടെങ്കിൽ ഞാൻ അറിയിച്ചു കൊള്ളാം. വേണ്ടവിധം അന്വേഷണം നടത്താം.' എന്ന പറഞ്ഞു ഡാക്ടരെ അയച്ചു.

നാണമേനോൻ പോയതിന ശേഷം നോട്ടെഴുതിയിട്ടുള്ളതു മുഴുവനും ഒരു പരിവൃത്തി വായിച്ചു നോക്കിയ ഇൻസ്പെക്ടർ ഉടനെ കാപ്പി കഴിച്ചു ദമ്പതിമാർ താമസിച്ചിരുന്ന സ്ഥലത്തു ചെന്നു. ഡാക്ടർ പറഞ്ഞ പ്രകാരം തന്നെ വീട് അടച്ചിട്ടിരുന്നതു കണ്ടു വിളിച്ചുനോക്കി. ആരും തുറന്നില്ല. മതിൽ കയറി അകത്തു കടന്നു. വീട്ടിന്റെ പിൻഭാഗത്തു ചെന്ന ചുറ്റും പരിശോധിക്കുമ്പോൾ 'അവിടെ ആരും ഇല്ല' എന്ന് അടുത്ത വീട്ടിൽ കിണററിനരികെ കുളിച്ചുകൊണ്ടു നിന്നിരുന്ന ഒരു വേലക്കാരത്തി പറയുന്നതു കേട്ടു. അവളെ വിളിച്ചു ചോദിച്ചപ്പോൾ 'അവർ രണ്ടുപേരും പോയി. വീടു പൂട്ടിയിട്ടിരിക്കയാണ്.' എന്ന് അവൾ വീണ്ടും പറഞ്ഞു.

ഇൻ—അവർ എപ്പോൾ പോയെന്നറിയാമോ?

സ്ത്രീ—അതിനിക്കറിഞ്ഞുകൂട. രണ്ടാളും [illegible] ലോകം ഇല്ലാത്തവരാണ്. ആരോടും യാതൊന്നും സംസാരിക്കാറെന്ന പതിവില്ല. തമ്മിലുള്ള ശണ്ഠയും അടിയും പതിവുള്ളതുകൊണ്ട് അയൽവക്കക്കാർ ഇടയ്ക്കു പോവാറുമില്ല. ഒരു ദി

ല! ഇങ്ങിനെ ഒരു കൂട്ടരെ ഞാൻ കണ്ടിട്ടില്ല.

ഇത്രയും കേട്ടപ്പോൾ ഇവരുടെ വർത്തമാനം കേൾപ്പാൻ മനസ്സുണ്ടെന്നു നടിച്ചുംകൊണ്ട് ഇൻസ്പെക്ടർ വായാടിയായ ആ വൃദ്ധയെ വീണ്ടും പറവാൻ വഴിയുണ്ടാക്കിത്തീർത്തു.

സ്ത്രീ—ആ മേനോൻ വളരെ ദുസ്സ്വഭാവിയാണ്. ആയമ്മയുടെ നടപടിയെപ്പറ്റി ആളുകൾക്കു ലേശം തൃപ്തിയില്ല. അവരുടെ പേരിൽ എപ്പോഴും വിശ്വാസക്കേടുള്ളൂ. ഇതൊക്കെ അവർ തന്നെ കൊണ്ടുകൊടുക്കുന്ന ഇളിപ്പിടിയകളാണ് എന്നോടു പറഞ്ഞത്. അവരെ കണ്ടാൽ നല്ല കൂട്ടത്തിലാണ്. തമ്മിൽ കടിപിടികൂടുന്നത് ആരും അറിയില്ലെന്നാണ് നാട്യം. അതല്ലേ ഒരു വാല്യക്കാരനെക്കൂടി ആക്കാതിരിക്കുന്നത്!

ഇൻ—ശരി. അവരാരും ഇവിടെ ഇല്ലാത്ത സ്ഥിതിക്ക് ഞാൻ എന്തിനാണ് ഇവിടെ നില്ക്കുന്നത്. ഞാൻ പോണു. ഈ വീട് അവർ വാടകയ്ക്കു വാങ്ങിയിരിക്കയാണെന്നു കേട്ടു. ആരോടാണ് വാങ്ങിയിരിക്കുന്നത് എന്നറിയാമോ?

സ്ത്രീ—ക. വീടു വക്കീൽ കിട്ടുപ്പണിക്കരുടെ വകയാണ്.

ഇത്രയും അറിഞ്ഞതിനുശേഷം ഇൻസ്പെക്ടർ വക്കീലിന്റെ അടുക്കൽ ചെന്നു. "നിങ്ങളുടെ വക 'മനോരമ' വഴിയിലുള്ള വീട്ടിൽ താമസിക്കുന്നവർ എവിടെപ്പോയി എന്നറിയാമോ" എന്നു ചോദിച്ചു.

വക്കീൽ—അവർ വാടക തന്നു തീർന്നവരാണ്. അതുകൊണ്ട് അവരെ ഒഴിപ്പിക്കുന്നതു ശരിയല്ല. തല്ക്കാലം വിവരം തരുവാൻ നിവൃത്തിയില്ല.

ഇൻ—ഇനി വീടാവശ്യമില്ല. അവിടെ താമസിച്ചിരുന്നവരെ കാണാതായിട്ട് കുറെ ദിവസമായി. എവിടെയാണെന്നറിയാമോ?

വ—ഇനിക്കറിഞ്ഞുകൂടാ. അവരെവിടെപ്പോയാലും തരക്കേടില്ല. വാടക മുഴുവൻ കിട്ടിയതായാൽ ഇനിക്കു നിർബ്ബന്ധമില്ല. ആരു താമസിച്ചാലും വേണ്ടില്ല, ചാടിപ്പോയാലും വേണ്ടില്ല. അവരുടെ സാമാനങ്ങൾ ആ വീട്ടിൽ ധാരാളമുണ്ട്. ഉടനെ ചെന്ന് വസൂലാക്കിക്കൊള്ളാം.

ഇൻ—ഞാൻ ഒരു പോലീസ്സ് ഉദ്യോഗസ്ഥനാണ്. ഇവരെ കാണാതായ കാര്യത്തിൽ ചില സംശയങ്ങളും ഉണ്ട്. അതന്വേഷിപ്പാൻ ആണ് ഞാൻ വന്നിരിക്കുന്നത്. അതിനാൽ ആ വീട് ഒന്നു തുറന്നു കാണിച്ചാൽ നന്ന്.

വ—വാറണ്ടു കൂടാതെ വീടുകൾ ശോധന ചെയ്വാൻ പോലീസ്സിന് അധികാരമില്ലെന്നാണ് ഞാൻ പഠിച്ചിട്ടുള്ള നിയമം. വാറണ്ടുണ്ടോ?

ഇൻ—എന്റെ സാറേ! ഞാൻ അത് ഈ നിലയിൽ ശോധന ചെയ്യണമെന്നു വിചാരിച്ചല്ലാ വന്നത്. വീടു തുറന്നു കാട്ടിത്തന്നാൽ കൊള്ളാം. അതിലെ സാമാനങ്ങളും കണ്ടതിനുശേഷം പിന്നീടാവശ്യമുണ്ടെങ്കിൽ വാറണ്ടു വാങ്ങി ശോധന ചെയ്തുകൊള്ളാം.

'താക്കോൽ തരാം' എന്നു പറഞ്ഞു വക്കീൽ പുറത്തളത്തിൽ തൂക്കിയിട്ടുള്ള ഒരു താക്കോൽ എടുത്തു പുറപ്പെട്ടു. സ്ഥലത്തു ചെന്നിട്ട് ൨൦ മിനിട്ടിനകം പരിശോധന കഴിച്ച് ഇൻസ്പെക്ടർ പുറത്തിറങ്ങി. മറ്റൊരാൾ ൧. മണിക്കൂറുകൊണ്ടു കണ്ടെത്തുന്നതിലധികം സൂക്ഷ്മസംഗതികൾ ഗോപാലമേനോൻ ഈ ൨൦ മിനിട്ടുകൊണ്ടു ഗ്രഹിച്ചിരുന്നു. കിടക്കുന്ന അകം നല്ലപോലെ പരിശോധിച്ചു നോക്കിയതിൽ ആ അകത്തുള്ള മേശക്കാലിന്മേൽ ഒന്നുരണ്ടു തുള്ളികളും, ചുമരിന്മേലുള്ള കണ്ണാടികളുടെ ആണികളിൽ രണ്ടോ മൂന്നോ തലമുടി മാത്രം ഉപയോഗിച്ച ഒരു ചായപ്പൊടികളും, വിശേഷപ്പെട്ട ൨. പട്ടുറുമാലുകളും ഇരിക്കിയിട്ടുണ്ട്. മേശപ്പുറത്തു ചെരുപ്പുകളുടെ ചായ ഉള്ള അറിപ്പുറത്ത്, കമ്മം, വാൽക്കണ്ണാടി ഇവയും, കണ്ണാടിയുടെ പിന്നിൽ ഒരു ചാവടിയും വച്ചിട്ടുണ്ട്. കളിമുറിയിൽ ചെരുതിതേച്ചിട്ടുള്ള ഒരു സോപ്പുകട്ടയും, കിറി തെ

ദ്ധ്യാനാക്കിയ ഉദ്യോഗം ഇരിക്കുന്നത്. ഇതെല്ലാം ഇൻസ്പെക്ടർക്ക് സംശയം വർദ്ധിപ്പാനുള്ള പ്രത്യേകകാരണങ്ങളായിരുന്നു. ചില സംപ്രതി ഉപയോഗമുള്ള ഇവക സാമാനങ്ങളെല്ലാം ഉപേക്ഷിച്ച് ഒരു സ്ത്രീ വെളുക്കെ ചാടിപ്പോകുമോ? അല്ലെ, ഇതൊന്നുമല്ലായിരിക്കാം. എന്നു വിചാരിച്ച് വക്കീലിനോടു യാത്ര പറഞ്ഞു പിരിഞ്ഞു.

പിറ്റേദിവസം പോലീസുകാരനോടു കൂടി സ്ഥലത്തു ചെന്നു വളരെ നേരം പരിശോധിച്ചു. ഈ പരിശോധനയിലും താൻ മുമ്പു കണ്ടതിലധികം വിവരമൊന്നും കാണ്മാൻ സാധിച്ചില്ല. എന്നാൽ മേശ തുറന്നു നോക്കിയപ്പോൾ ചെറുതായ ഒരു കുപ്പി കണ്ടെത്തി. അതു തുറന്നു പരിശോധിച്ചതിൽ ഒരു കൂട്ടം കല്ലുവെച്ച മോതിരവും, ഒരു പവൻ തുലാം പതക്കവും, ചെറിയ ഒരു തൊങ്ങൽക്കടുക്കിലിയിൽ വ. മുഴുവൻ ഉറുപ്പികയും, ഒരു ബോട്ടിൽ പുട്ടിയും, ൨൦ നമ്പർ അക്കൽപ്പം ഇരിക്കുന്നതു കണ്ടു. വേറെ എളുപ്പത്തിലുള്ള സമയം എന്തൊന്നില്ലാതെ ഒരു പ്രസന്നത ഇൻസ്പെക്ടരുടെ മുഖത്തു തെളിഞ്ഞു പ്രകാശിച്ചു. 'ഒരു സ്ത്രീ നാടുവിട്ടു പോകുമ്പോൾ അവളുടെ കയ്യിലുള്ള എല്ലാ കോപ്പും ഉപേക്ഷിച്ചു പോകുമോ? എന്നു വരുമോ?' എന്നു തന്നത്താൻ ചിന്തിച്ചു.

പിറ്റേദിവസം വൈകുന്നേരം രണ്ടു പോലീസ്സുകാരോടു കൂടി ഇൻസ്പെക്ടർ പിന്നെയും സ്ഥലത്തെത്തി. ആ ചെറിയ വളപ്പിൽ ചുറ്റും ഒന്നു സഞ്ചരിച്ചതിന്നശേഷം ഒരേടത്തു സ്ഥലത്തു പോലീസ്സുകാരോടു കിളയ്ക്കുവാൻ പറഞ്ഞു. ആ കിളയുടെ ഫലം വളരെ വിലപിടിച്ചതായിരുന്നു.

പിറ്റേന്നാൾ ഡാക്ടർ നാണുമേനോനെ ആസ്പത്രിയിലേക്ക് ക്ഷണിച്ചു വരുത്തി. ഡാക്ടർ 'എന്താ ദേവകിക്കുട്ടിയുടെ കാര്യത്തിൽ വല്ല തുമ്പും ഉണ്ടായോ?' എന്നു ചോദിച്ചുകൊണ്ടാണ് ഇൻസ്പെക്ടരുടെ ആപ്പീസ്സുമുറിയിലേക്ക് കടന്നത്.

ഇൻസ്പെക്ടർ— ക്ഷമിക്കു, ഇതാരുടെയാണെന്നറിയാമോ? എന്നു് ആ തൊങ്ങൽക്കടുക്കിലി ചൂണ്ടിക്കാണിച്ചു ചോദിച്ചു.

ഡാക്ടർ— ഓ. എനിക്കറിയാം. അതു ദേവകിക്കുട്ടിയുടേതു തന്നെ.

ഇൻ— ഇതു ഞാൻ ആ സ്ത്രീയുടെ മുറിക്കുവെച്ചു കണ്ടതാണ്. കുറെ പണവും ഉണ്ടായിരുന്നു. ഇതു കണ്ടപ്പോൾ ഇതു മുമ്പുണ്ടായിരുന്ന ചില ഊഹങ്ങൾ അധികം ബലപ്പെടുകയാണുണ്ടായത്. അതുനിമിത്തം ആ വീട്ടിൽ മറ്റൊരു ഭാഗം കൂടി പരിശോധിപ്പാൻ ഈ സംഗതി എന്നെ പ്രത്യേകം ഉത്സാഹിപ്പിച്ചു. എന്തായാലും നിങ്ങളുടെ മനസ്സിന്നു സ്വസ്ഥതക്കേടായ ഒരു വർത്തമാനം കേൾപ്പാൻ ഒരുങ്ങിയിരിക്കണം.

ഇതു കേട്ടപ്പോൾ നാണുമേനോന്റെ മുഖം ഇരുണ്ടു ചെമ്പിച്ചുപോയി. 'എന്ത്! വല്ല ആപത്തും സംഭവിച്ചതായി കണ്ടെത്തിയോ' എന്നു പരിഭ്രമത്തോടുകൂടി ചോദിച്ചു. ഈ ചോദ്യത്തിന്ന് ഗൗരവമേറിയ ഒരു സംഗതിയാണെന്ന ലക്ഷണംപോലും കാണിക്കാതെ ഒരു സാധാരണനിലയിൽ ഇൻസ്പെക്ടർ ഉടനെ മറുപടി പറഞ്ഞു:— 'അവളുടെ പറമ്പിൽ ഒരേടത്തു സ്ഥലം കിളപ്പിച്ചു. അപ്പോൾ മനുഷ്യന്റെ ചില എല്ലുകളും കിട്ടി. വീണ്ടും കിളപ്പിച്ചു നോക്കിയപ്പോൾ പിന്നെയും കുറെ എല്ലും ഒരു തലയോട്ടും കണ്ടു. എല്ലാം കൂടി കൂട്ടിവെച്ചു നോക്കി. ൫ അടി ഉയരത്തിലുള്ള ഒരു അസ്ഥികൂടം അതുതന്നെ തീർച്ചപ്പെട്ടു. തലമുടിയും മറ്റു ചില പ്രധാന മാംസങ്ങളും ഒരു ദ്രാവകംകൊണ്ടു നശിപ്പിച്ചു കളഞ്ഞതിന്റെ ലക്ഷണങ്ങളും കാണാനുണ്ട്. അസ്ഥികൂടം സ്ത്രീയുടെയോ പുരുഷന്റെയോ എന്നറിവാൻ ഉള്ള പ്രത്യക്ഷചിഹ്നങ്ങളൊന്നും അതിലില്ല. എന്നാൽ ആ ചിഹ്നങ്ങളും കളഞ്ഞു നശിപ്പിച്ചിട്ടുള്ളതാണെന്നതിന്നു ധാരാളം തെളിവു കാണുന്നുണ്ട്. എങ്കിലും വലിപ്പംകൊണ്ടും മറ്റും നോക്കിയാൽ ഒരു സ്ത്രീയുടേതാണെന്നു പലവിധത്തിലും ഊഹിക്കാവുന്നതാണ്.'

ഡാക്ടർ— ഭയങ്കരം! എന്നു പറഞ്ഞു നിലവിളിച്ചു. അവളെ എന്നെപ്പോലെ കൊന്നതാരായാലും അന്നു മുതൽക്കു ഞാൻ സംശയിച്ചു പേടിച്ചിട്ടുള്ള സംഗതിയാണ്.

ജീ. അവിടെ ഇരുന്നാലോകം വെടിഞ്ഞു നിശ്ചയം.

ഇൻ—എന്റെയും ഉദ്ദേശം അങ്ങിനെ തന്നെയാണ്. ഈ കേസ്സിൽ ശവം പരിശോധിച്ച് യാതൊരു തെളിവുമാക്കാനതിലേക്ക് ഞാനും നിങ്ങളും ചില സഹായങ്ങൾ ചെയ്യേണ്ടിവരും. അതിനിടയിൽ കാര്യക്കാരനെ പിടിപ്പാൻ വേണ്ടുന്ന ശ്രമം ഞാൻ ചെയ്തുകൊള്ളാം.

ഡാക്ടർ—നിങ്ങളെ ഈ കാര്യത്തിൽ ചെയ്യുന്ന ശ്രമം ശരിയായി ഫലിപ്പാൻ ഞാൻ സഹായിക്കട്ടെ. കയ്യിൽ സാധുവായ ഒരുവൾക്ക് ഇത്രത്തോളം സംഭവിക്കുമെന്ന ഞാൻ വിചാരിച്ചില്ല. കല്യാണം കഴിഞ്ഞതിന്ന ശേഷം ഒരു ദിവസമെങ്കിലും സൌഖ്യം കൊടുത്തിട്ടില്ല. പാവം പാപി. എന്നും മറ്റും പറഞ്ഞു വ്യസനിച്ചു. ഇൻസ്പെക്ടർ തന്റെ ജോലിക്കു കൃത്യമായി നോക്കാനവിടെ പ്രവൃത്തി കൊണ്ടു ക്രൂരനാണെന്ന തോന്നത്തക്ക വിധം നിർദ്ദാക്ഷിണ്യം കാണിക്കാറുണ്ട് എങ്കിലും മനസ്സിന്ന ലേശം കാഠിന്യമില്ലാത്തയാളാകയാൽ ഡാക്ടരുടെ വ്യസനം കണ്ടപ്പോൾ അല്പം പ്രസന്നത മാറിയില്ലെന്നില്ല.

ഇത്രത്തോളം കഴിഞ്ഞതിന്ന ശേഷം ഈ കേസ്സിന്റെ സ്വഭാവം ഒന്നു മാറി. ഒരു വക്കീലിന്ന കാര്യക്കാരനുള്ള സംഗതി തീർച്ചപ്പെട്ടു. ഇൻസ്പെക്ടർ ഗോപാലമേനോന്റെ താല്പര്യം ഫലിക്കുന്ന കാര്യത്തിൽ ലേശം വിശ്വാസമില്ലാത്ത ഒരു സംഗതിയിലേക്ക തിരിക്കേണ്ടിവന്നു. ആ സംഗതി കൊലക്കാരനായ നാരായണനെ തന്നെ കണ്ടുപിടിക്കുകയാണെന്ന പ്രത്യേകിച്ച പറയേണ്ടതില്ലല്ലൊ. നാരായണനെ പിടിച്ചുകൊടുക്കുന്നവർക്ക് ഇനാമായിട്ട് ഒന്ന് ഏടവാട്. ഇൻസ്പെക്ടർ മുഖാന്തിരമായി നാരായണമേനോന്റെ പേരിൽ വല്ല സംഖ്യയും ചെല്ലുവാനുണ്ടോ എന്ന് അന്വേഷിച്ചതിൽ ൧൦൦ ഉറുപ്പിക ഒരാളുടെ പക്കലുണ്ടായിരുന്നു മുതൽ [illegible] തിരിയെ വാങ്ങിക്കൊണ്ടുപോയെന്നറിഞ്ഞു. ഇത്ര വലിയ സംഖ്യ കയ്യിലുണ്ടാകയും പണം പറഞ്ഞ ദിവസം തന്റെ കാര്യസ്ഥന്മാരോ [illegible] എവിടെയാണ് ഒളിച്ചിരിക്കുന്നത്? എന്നാലും സഹായം [illegible] കണ്ടുപിടിക്കുന്ന [illegible] ആലോചിച്ചു. [illegible]

[illegible] അങ്ങനെ കൊണ്ടു നടക്കുകയായിരിക്കണം.

[illegible]

ഇത [illegible] കൊണ്ടു പോയിരിക്കുന്നു.

[illegible] എന്നിട്ടും ഈ കേസ്സ

നിസ്സാരമല്ല. വിചാരിച്ചതിലധികം സംഗതികൾ ഇതിലുണ്ട്. എന്താണൊന്ന് മറഞ്ഞിരുന്നു കിടക്കുന്നു. ഇൻസ്പെക്ടർക്കു രാത്രി ഉറക്കമില്ലാതായി. കേസ്സിന്റെ നേരവഴികൾ തോന്നിത്തുടങ്ങി. അതൊന്നും തലയിൽ യുക്തിക്കനുസരിച്ചില്ല. ഒരിക്കൽ പെട്ടന്ന് എന്തോ മനസ്സിൽ ഉദിച്ചു. കിടക്കയിൽ നിന്നെണീറ്റു. ഈശ്വരാ! ഈ വഴിക്കു നിവൃത്തി കിട്ടണേ! എന്നു തന്നെത്താൻ പറഞ്ഞു. കാലത്തു സ്റ്റേഷനിൽ ചെന്ന് എഴുത്തുകളെല്ലാം കഴിച്ചു സ്വാകരുടെ വീട്ടിലേക്കു പുറപ്പെട്ടു. അന്വേഷിച്ചതിൽ അദ്ദേഹം രോഗശാന്ത്യത്തിനു വേണ്ടി ബങ്കളൂർക്കു പോയിരിക്കുന്നുവെന്നും മടങ്ങിവരുവാൻ രണ്ടു മാസമെങ്കിലും പിടിക്കുമെന്നും അറിഞ്ഞു മടങ്ങിപ്പോന്നു. സ്റ്റേഷനിൽ എത്തിയപ്പോൾ അവിടെ കാത്തിരുന്നിരുന്ന ഒരാൾ ഇൻസ്പെക്ടറോട് ഇങ്ങിനെ പറഞ്ഞു—'ഞാൻ ഒരു വൈദ്യശാലക്കാരനാണ്. നാരായണമേനോനെപ്പറ്റി ചിലതു പറവാൻ വന്നിരിക്കയാണ്. നാഷ്ണൽ ഫാർമസി എന്നാണ് എന്റെ പേർ. എനിക്കു മരുന്നുഷാപ്പാണ്. ഈ നാരായണമേനോൻ എന്നോടൊരു വിഷം വാങ്ങുവാൻ ആവശ്യപ്പെട്ടു. ൫൦൦ ഉറുപ്പിക വില തീർച്ചയാക്കി. ചിലതൊക്കെ ദിവസം പണം തന്നു വാങ്ങി കൊണ്ടുപോകാമെന്ന് എഴുതിയിരുന്നു. പിന്നെ അദ്ദേഹം വരികയോ ഞാൻ കാണുകയോ ഉണ്ടായിട്ടില്ല. ഈ സംഗതി കേസ്സിലേക്കു ഉപകരിക്കുമെങ്കിൽ ഇരിക്കട്ടെ.'

ഇതു കേട്ടപ്പോൾ 'അതു വളരെ സന്തോഷമായി' എന്ന് ഇൻസ്പെക്ടർ പറഞ്ഞു. അയാളെ തിരിച്ചയച്ചിട്ട് ഇനിയും വല്ല സംഗതിയും കണ്ടുപിടിപ്പാൻ സാധിക്കുമോ എന്നു പരീക്ഷിപ്പാൻ വീണ്ടും കാനസ്ഥലത്തേക്കു പോയി.

കേസ്സിനു സംഭവിച്ചിട്ടുള്ള മാറ്റം ഇൻസ്പെക്ടർക്കു സമാധാനമായിത്തീർന്നു. ഇപ്പോൾ മുഖ്യമായ ൨ സംഗതികൾ ഇദ്ദേഹം കണ്ടുപിടിച്ചു. ൧ാമത്തെ കുപ്പിയിൽ കണ്ട പുതിയ നാണ്യം വേറെ കുപ്പിയുടെ മരുന്നാണ് കുപ്പിയിൽ ഇരുന്നത്. ൨. നാരായണമേനോൻ ഫാർമസിയിൽ നിന്നു വാങ്ങി 'ഡാക്ടറാണ്' ൫൦൦ ക വിലക്ക് ചാടിപ്പാൻ വേണ്ടി ആവശ്യത്തിന്നല്ല. ഈ രണ്ടു സംഗതികളും ഇൻസ്പെക്ടറുടെ പുതിയ ആലോചനകളെ വളരെ അനുകൂലമാക്കിത്തീർന്നിട്ടുണ്ട്.

കാനസ്ഥലത്തെ ഇപ്രാവശ്യത്തെ പരിശോധനയിൽനിന്നു പ്രധാനമായ സംഗതി കൂടി കിട്ടി. ഇത് ആ വീട്ടിലുള്ള ആളുകളെ പരിശോധിച്ചപ്പോളാണ് കണ്ടുകിട്ടിയത്. അടപ്പിന്നരികെ ഒരു കടലാസ്സു കത്തിച്ച കരി കിടക്കുന്നതു കണ്ടു. അതു കേസ്സിന്റെ ഒരു ചെറിയ കഷ്ണം ആണെങ്കിലും നാശമാകാതെ സ്വല്പം അടുക്കലായി കിടന്നത് എടുത്തു നോക്കിയപ്പോൾ അത് ഒരു നോട്ടിന്റെ അംശമാണെന്നു മനസ്സിലായി. നമ്പ്രിടുന്ന ഭാഗവും കൂടിയായിട്ടുണ്ട്. ഇതേ വിധം തന്നെ എന്ന കണ്ടു ഇൻസ്പെക്ടർ തന്റെ കീശയിലുള്ള നോട്ടുപുസ്തകം എടുത്തു നോക്കി. അതിൽ നാരായണമേനോൻ ഫാർമസിയിൽനിന്നു കൊടുത്ത നോട്ടിന്റെ നമ്പ്ര ചേർത്തിട്ടുണ്ടായിരുന്നു. ആ നമ്പ്രും ഈ നോട്ടുകഷണത്തിന്റെ നമ്പ്രും ഒന്ന്! ഇൻസ്പെക്ടർ നിന്ന നിലയിൽ ഒന്നു സന്തോഷത്തോടു കൂടി ഒരു ചാടു ചാടി. നോട്ടു കത്തിച്ചു കളഞ്ഞിരിക്കുന്നു. ഇത്ര വളരെ പണം എന്തിനായിട്ടു കത്തിച്ചു? ആര് കത്തിച്ചു?

ഇൻസ്പെക്ടർ ഉടനെ സ്റ്റേഷനിലേക്കു തിരിച്ചു. അവിടെ എത്തിയപ്പോഴേക്കു കൃഷ്ണനും വന്നെത്തി. ഈ കൊലക്കേസ്സിന്റെ അന്വേഷണം ഇപ്പോൾ എത്രത്തോളമായി എന്നു ചോദിച്ചു. ഇൻസ്പെക്ടർ ചെയ്തിട്ടുള്ളതെല്ലാം വിസ്തരിച്ചു പറഞ്ഞു. കൃഷ്ണനും സാവധാനം ശ്രദ്ധയോടുകൂടി കേട്ടു. ഒടുവിൽ ഈ അടക്കാലത്തിന്റെ സംഗതി വളരെ പ്രബലപ്പെട്ടതായി പറഞ്ഞപ്പോൾ—

കൃഷ്ണ—ഇതിൽനിന്നു നിങ്ങൾ എന്താണ് അനുമാനിക്കുന്നത്?

ഇൻ—വിശേഷിച്ചൊന്നുമില്ല. എന്റെ ഉള്ളിൽ ഒരു കണ്ണി വെച്ചിട്ടുണ്ടായിരുന്നു. അതിൽ ഞാൻ ചേർത്തേക്കാം.

ഷ്ടെ ദൈവഗത്യാ ഈ താക്കോൽ എന്റെ കൈപ്പെട്ടതി.

സ്വപ്ര—എന്ത്? കണിയോ?

ഇൻ—അതേ. ഒരു കണി. ഇപ്പോഴാണ് ഇതിളു കണിയാണെന്നു മനസ്സിലായത്. ഞാൻ കേസ്സ് ആദി മുതൽ പറയാം. കേൾപ്പാൻ—താലോഷണീയങ്ങളുടെ കൊണ്ടും, ഛായ കൊണ്ടും വളരെ സുന്ദരിയാണെന്നു കാണുന്ന ഈ ദേവകിക്കുട്ടിക്ക് ഒരു ഭ്രാതൃപൂജയുണ്ടായിരുന്നു.

സ്വപ്ര—ഇതു വാസ്തവമായിരിക്കാം.

ഇൻ—മന്ത്രവാദി വളരെ കോപിയുമായ ഒരു കൊക്കാരൻ ആയതിനാൽ ഇവർക്ക് അവനെ നീക്കം ചെയ്യാതെ നിവൃത്തിയില്ലാതെയായി. മന്ത്രവാദിനെ പേടിക്കുന്ന ഉണ്ടായ സംഗതി പോലീസ്സിന്റെ അന്വേഷണത്തിൽ പെടേണ്ട കാര്യമായി എന്ന് ഈ അനുജന്മാർ അറിഞ്ഞു. ഇതിൽപ്പെടാതെ കഴിപ്പാനൊ ബുദ്ധിമുട്ടുണ്ട്. അതിനു പുറമെ ശവം എങ്ങിനെയാണ് നശിപ്പിക്കേണ്ടത്. ഇതു വലിയ പ്രയാസമായിട്ടുള്ള ഒന്നായ സംഗതിയുമാണ്. ഇതു രണ്ടും സാധിച്ചാൽ കാറ്റൊന്നു രക്ഷപ്പെട്ടു. ഇതിലേക്ക് വേണ്ടി ഇവർ രണ്ടുപേരും കൂടി ഒരു സൂത്രം ആലോചിച്ചു നിശ്ചയിച്ചു. ഒരു ദിവസം രാത്രി മന്ത്രവാദി കല്പിച്ചുകൂട്ടി ഒരു കലശപ്പൂജ കാരണം മാസ്തുമുണ്ടാകുന്നു. പിറ്റെ ദിവസം അവൾ വീട്ടിൽനിന്ന് മെല്ലെപ്പോകുന്നു. എട്ടുപത്തു ദിവസത്തെ യാത്രയാണെന്നും ഇല്ല. പിന്നെ ജാരൻ പുറത്തു ചാടി മന്ത്രവാദിയുടെ വേഷമാറാനെല്ലാ സൃഷ്ടിക്കുന്നു. ഇവരുടെ മണി വാങ്ങാനുള്ള നിശ്ചയം, ഉരുളികയിൽ നിന്നു പണം വാങ്ങിയ സംഗതി, ഇതെല്ലാം ഇപ്പോൾ അറിയുന്നു. അന്നു രാത്രി ഏകനായി കിടന്നവനായ ഈ സാധുവിനെ കഴുത്തിൽ പിടിച്ചു ഞെക്കിയോ മറ്റോ കൊല്ലുന്നു.

ഈ കലപാതകി തുണവെള്ളിട്ട് ആലോചിച്ചു വച്ചിരുന്ന പ്രകാരം ശവം ഇരുട്ടാക്കി മുറിച്ച് അതുകളെ ഒക്കെയും തനിക്കു സ്വാധീനമുള്ളതായ സ്ഥലങ്ങളിൽ മാറി സൂക്ഷിക്കുന്നു. ശരീരഭാഗം അതുകളിൽ എപ്പോ ചെറിയ ചോരാ യാതൊന്നും ഉണ്ടായില്ല. ഇതുകൂടാതെ ഈ പറമ്പിൽ പല സ്ഥലങ്ങളിലായി സമ്പാദിക്കുന്നു. ഇതിൽ ആരൊന്നു ചെയ്തെന്നു എന്നറിവാൻ എളുപ്പമുള്ള എല്ലുകളെ വേറെ എടുത്തു കൊണ്ടുപോയി പ്രത്യേകം നശിപ്പിക്കുന്നു. ഇനി ഈ മന്ത്രവാദിയെ കാണാതായിരിക്കുന്നതിന് ഒരു കാരണം എന്താണെന്ന് ആലോചിക്കുന്നു. സ്ത്രീയുടെ കിടപ്പുമുറിയിൽ സാമാനങ്ങളും ഒക്കെ അവൾ പാടില്ലാത്തതല്ലന്ന് എളുപ്പം തോന്നത്തക്കവണ്ണം ശരിപ്പെടുത്തി വയ്ക്കുന്നു. എല്ലാറ്റിനും ഒടുവിൽ അവളുടെ പെട്ടിക്കകത്തു പോലീസ്സിന് എളുപ്പത്തിൽ കാണത്തക്കവിധത്തിൽ ഒരു ചില്ലറയും ഒരു മടിശ്ശീലയിൽ ഇട്ടു വയ്ക്കുന്നു. ഇപ്രകാരമെല്ലാം ചെയ്തു വച്ചതിനു ശേഷം ആ കലപാതകി എന്റെ അടുക്കൽ വന്നു അവന്റെ സൂത്രപ്പണികളെക്കൊണ്ട് എന്നെ കണിയിൽ പെടുത്താൻ ഉത്സാഹിക്കുന്നു. ആയാൽ വച്ച കണിയിലേക്ക് അവനാൽ പണിത വഴിയിൽ കൂടി തന്നെ ഞാനും നടന്നു. അറുത്തു പോന്ന പെട്ടി പെട്ടിപ്പെടുത്തിയതാണല്ലോ ഈ കാണുന്ന താക്കോൽ എന്റെ കൈപ്പെട്ടതി.

* * * * *

എന്തിനധികം പറയുന്നു? ഡാക്ടർ നാരായണനും ദേവകിക്കുട്ടിയും ശിക്ഷാനിയമപ്രകാരം കലക്കാരതിനു കല്പിച്ചിട്ടുള്ള ശിക്ഷയ്ക്ക് പാത്രമായിത്തീർന്നു. എന്നാൽ ഹൈക്കോടതിയിൽ നിന്നു ദേവകിക്കുട്ടിയുടെ ശിക്ഷ ഏഴ് കൊല്ലത്തെ കഠിനതടവു മാത്രമാക്കി വിധി ഭേദപ്പെടുത്തി.

ആർ. പി.

आंगलेयानां लौकिकाचारः ।

आंगलेयास्तांबूलचर्वणस्य दुराचारतामामनन्ति । अतस्तन्मध्ये जिगमिषुस्तन्न कुर्वीत । यत्र चर्वितं तदा दन्तधावनादिकं कृत्वैव तन्निकटं प्रविशेत् । यथा किलाऽस्माकीनपुरातनानां धूम्रपानकृतवर्तिद्वारा धूमपानमतिगर्हितं तथाऽतिगर्हितमांगलेयानां तांबूलचर्वणमित्यवधेयम् ।

सदसि निषण्णो निष्कासनं निष्ठीवनं क्षुतं वा तादृशमन्यच्च न कुर्यात् । यदि पुनरनिवार्यं प्रवर्तेत तदा समुत्थाय कुत्रापि कोणे सावधानं गत्वैव कर्तव्यम् । नूनमन्यथा परिहासः संपद्येत । एतन्निकटवर्तिना किलावश्यं सदाऽपि सन्निधौ किमपि मुखमार्जने वसनखण्डकम् ।

निषण्णो न जृंभेत, नापि पादौ चालयेत्, न तालीं वादयेत्, न हि ताबूत्कुर्यात्, न विस्तारयेत्, नाप्यासनादिष्वारोपयेत् । गच्छंस्तु समुन्नतशिराः किंचिदप्यनाकुञ्चितगात्रः शनैःशनैरान्दोलयन् भुजयुगलं मन्दमेव विचरेत् ।

न सभायां सल्पेत्, नात्मना किमपि जल्पेत्, न वा फूत्कुर्वीत । नोच्चैर्हसेत्, अथच निःशब्दमेव विहसेत् । हासे च नाऽस्यं हस्तेन संवृणुयात् । जृंभणे तु संवृणुयात् । न हस्ताभ्यां वादयेत् । न ताभ्यां किमपि निर्दिशेत् । न अधरयोरपानं नाटयेत् । न च मध्येजनं पुस्तकं वृत्तान्तपत्रादिकं वा नीचैस्स्वरेणवाचयेत् ।

उचितशब्दप्रयोगकौशलमेवाऽत्र भाषणादिषु प्रदर्शयेत् । शब्दौचित्यता परं कठतरा । न किमप्यात्मनाशपेत् । ("जपे नरके"त्यादिकं न ब्रूयादित्यर्थः)

संभाषणादिष्वपरोक्षं परोक्षं वा तृतीयं न नामधेयेन निर्दिशेत् । "मिस्टर"रिति"से" स्त्रियस्तु यथायोग्यं पदं योजयित्वा निर्दिशेत् । न वा पुनराद्यवर्णमात्रेण तन्नाम निर्दिशेत् । अ "मिस्टर् जोण्"इत्यस्यस्थाने "मिस्टर् जे"इति

लेख्यवाचिकादिष्वतिनिकटावधानतां यः कुर्वते । नकलस्यचावश्यकं पदं प्रलपं र्णं वा प्रयुज्यते ।

केषांचिदङ्गानां नामापि नागुह्यं कथयेत् नतावदुदरवेदनानिवेदनावसरे पूरवार्थकं वातयं "स्टोमक्" इतिपदं प्रयुञ्जीत । "अब्डोमन्" इतिपदमेव प्रयुञ्जीत । भिषजं प्रति तु"स्टोमक्" इत्यप्यविरुद्धम् । योषितां सन्निधानेष्वीदृशां चरमे परमातिश्रद्धालुना भवितव्यम् ।

स्निग्धादिमरणवार्तां न विलपतोऽग्रतः न सन्ति स्त्रियो कार्यं निर्दिशेत् । न विवेचनं सावादीनां नाममात्रमपि कथयेत् । गर्भप्रसवादिवार्तां न वदेत् । ईदृशेषु सर्वत्र मौनमेव शोभनम् ।

न हि मध्येजनं सहचरयोषिताऽभिगन्तव्यं नवलाजनमपाङ्गेनेक्षेत न तं प्रतिकिञ्चित् ब्रूयात् । यथासौऽबलाजनः शृणुयात् ।

प्रयाणेष्वभिमुखमागच्छतो मार्गं दद्यात् यायात् । मार्गस्थं न चलात् चालयित्वा यायात् । देहि मे मार्गमिति सविनयमापृच्छन् तदपसरणानन्तरमेव यायात् ।

नेर्ष्याकलुषेण भवितव्यम् । स्वयमनवगतानात्मदोषानुपदिशति कृतज्ञतां प्रकाशयेत् । कस्मात् प्रतिकस्यचिदुक्तौ प्रहेलिकतामनुमिनुयात् न तावदांगलेयानां वाचि व्यापारे वा वक्रतां कल्पयेत् । तेषु कुत्रापि शंकां न कुर्यादिति संक्षेपः

लिखति लेख्यं वाचयति वा परस्मिन् विना तदनुमतिं तदभिजात्यथावा न पश्येत् । नात्यर्थं पुस्तकादिकमपि तदनुमतिं नामापि याचयेत् । असाधारणमपि कस्यचिद्वस्त्रधारणं न पुनःपुन्येनेक्षेत ।

മംഗളോദയം

[illegible]

പുസ്തകം ൩	മകരമാസം	ലക്കം ൧

മംഗളം

[illegible]
[illegible]
[illegible]
[illegible]

പഴയഭാഷ



സംസ്കൃതം വശമില്ലാത്തവരും സകല വസ്തുക്കളുടേയും ആകൃതിയിലും പ്രകൃതിയിലും പല മാറ്റങ്ങളും വന്നു കഴിഞ്ഞു സാധാരണയായി എല്ലാ ഭാഷാവിഷയത്തിൽ കാണപ്പെടുന്ന സംസ്കരണം ഏതു വിധത്തിലാണ് പരിണമിച്ചിരിക്കുന്നതെന്ന പഴയ ഭാഷയും പുതിയ ഭാഷയും തമ്മിൽ തട്ടിച്ചു നോക്കിയാൽ എളുപ്പത്തിലറിയാവുന്നതാണ്.

ഗീർവാണഭാഷയിൽ പ്രാകൃതത്തിനും സംസ്കൃതത്തിനും വികൃതികൊണ്ട് എത്രത്തോളം അന്തരമുണ്ടോ മലയാളഭാഷയിലും പഴയതിനും പുതിയതിനും ഏകദേശം അത്രത്തോളം അന്തരം വന്നിട്ടുണ്ടെന്ന പറയാം.

[illegible]
[illegible]
[illegible]
[illegible]

ഇതിലെ കാറാളും, നൂനാൽ, കോരാറ് കൊഴ്ക്കൊഴ്ക്ക്, നട്ടവ്, കലമ്പ, കാണനോ, കൂറ്, മെയ്ക്ക് ഇത്യാദി പദങ്ങൾ കാൽതാളും, നൂവിനാൽ, കൊണ്ടുകൊണ്ടു അരോ (കൊന്ന വിധത്തിൽ അരോ), ...

ത്ത മറുവിധത്തിലുള്ളവ ഫലിക്കും പ്രാബല്യപ്പെട്ടു വരുവാൻ സാധിക്കുന്നതല്ലെന്ന റെയ്ഫിസൻ സൂക്ഷ്മമായി അനുഭവിച്ചറിഞ്ഞിട്ടുണ്ട്. സംഘത്തിന്റെ മൂലധനം നാട്ടുകാരുടെ മര്യാദയാണ്. ധനസഹായം ഇച്ഛിക്കുന്ന കടിയാന്മാർ, തങ്ങൾ വാങ്ങിയ കടത്തെ തിരികെ കൊടുക്കുന്നവരായിരിക്കും. നമ്മുടെ ഒപ്പൂത്തു പിടിപ്പതും പലിശ കൊടുത്തു കടം വാങ്ങുന്ന ഒറ്റി, വിത്തു മുതലായതിട്ടുള്ള ദ്രവ്യമായും സമയത്തിനും തിരികെ കൊടുക്കാറ പതിവുണ്ട്. എല്ലാ ഗ്രാമിക്കാരനും അവനവന്റെ നാട്ടുകാരുടെ ഇടയിൽ 'മര്യാദക്കാരനാണ്' എന്ന നാണയത്തിന് അർഹനായിരിക്കും. ഗ്രാമനിവാസികൾക്ക് തമ്മിലുള്ള വിശ്വസ്തതക്ക് എത്രത്തോളം പ്രാബല്യമുണ്ടോ അത്രത്തോളമുള്ള ധനം അവരോട് കൈപ്പറ്റുവാൻ യോഗ്യതയായ ലക്ഷ്യവും വരാതെ അവർക്ക് കടം കൊടുക്കുക പതിവുണ്ട്. പക്ഷെ ഇങ്ങിനെയുള്ള കൊടുക്കൽ വാങ്ങൽ ചുരുക്കമായ സംഖ്യ മാത്രമായിരിക്കും. അന്യോന്യം പരിചയവും വിശ്വാസവും ഉള്ളവരും മര്യാദക്കാരും ആയ ഗ്രാമനിവാസികൾ ചേർന്ന് ഒരു 'ക്ലിപ്ത'ബാധ്യത കമ്പനിയായി ചേരുകയും ആ പ്രകാരം ഉണ്ടാക്കുന്ന അവരുടെ അവസ്ഥക്കുള്ള വലിയ നിലക്ക് ഉത്തരവാദിത്വം ധിയായിരിക്കയും ചെയ്യുന്നതായാൽ ഈ തരം സ്ഥാപനങ്ങൾ എടുവാട് എത്രയോ പതിന്മടങ്ങു വർദ്ധിക്കുന്നതാണെന്ന പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഈ പ്രകാരമുള്ള ഒരു യോഗത്തിൽ അംഗങ്ങൾക്കെല്ലാം സ്വല്പമെങ്കിലും പ്രയോജനം കിട്ടുന്നതല്ല. യോഗപ്രവർത്തകന്മാരുടെ വിശ്വസ്തതയ്ക്കു പാത്രമായിട്ടുള്ളവരെ മാത്രമേ ചേർക്കാറായി ചേർക്കയുള്ളൂ. ഈ യോഗക്ഷേമത്തിനു വേണ്ടി ചാരോ

മെമ്പർമാരെ അവരവർക്കുള്ള സകല സ്വത്തുക്കളുടെ ബാധ്യതയിലും ഉത്തരവാദികളായിരിക്കുന്നു. ഇപ്രകാരമാണ് 'റെയ്ഫിസൻ' ബാങ്കിന്റെ സമ്പ്രദായം. ഈ സംഘത്തിന്റെ സകല ബാധ്യതകൾക്കും ഓരോ മെമ്പർമാരും ഉത്തരവാദികളായിട്ടുള്ള സമ്പ്രദായത്തിനു ശരിക്ക് അർഹന്മാരല്ലാത്തവർ യോഗത്തിൽ പ്രവേശിക്കാതിരിപ്പാൻ മേലാധികാരികളും പ്രത്യേകം മനസ്സിരുത്തുന്നതാണ്.

ഈ ഏർപ്പാട് തുടങ്ങുമ്പോൾ ഇതിന്റെ പ്രവർത്തകന്മാരിൽ ഏതാനും പിശകുകൾ ഉണ്ടായിരിക്കാം. ഇവയെല്ലാം ഒരു ദേശക്കാരും അന്യോന്യം ധാരാളം പരിചയമുള്ളവരും ആയിരിക്കും. ഇവരിൽ ഓരോരുത്തന്റെയും ആവശ്യങ്ങളെന്തെന്നും, ഓരോരുത്തർ വാങ്ങിട്ടുള്ള പണം വേണ്ടുന്ന വിധത്തിൽ ഉപയോഗിക്കുന്നുണ്ടോ എന്നും മറ്റുമുള്ള സംഗതികൾ എല്ലാവർക്കും അറിയാം. ഒരു സ്ഥലത്തുള്ളവരായതിനാൽ കടം കൊടുത്തിട്ടുള്ള സംഖ്യയ്ക്കുള്ള ഉറപ്പിൽ നല്ല മാറ്റവും സംഭവിച്ചു എങ്കിൽ എളുപ്പത്തിൽ അറിയാനും കൂടി കൊടുത്ത പണം തിരികെ വാങ്ങുവാൻ ശ്രമിക്കുവാനും യോഗത്തിൽ സാധിക്കുന്നതും ആകുന്നു.

ഈ സംഘങ്ങളുടെ മൂലധനം ഉണ്ടാവുന്നത് എങ്ങിനെയാണെന്ന് ഇനി ആലോചിക്കാം. കമ്പനി 'ക്ലിപ്ത'ബാധ്യതാവിധത്തിലാണ് ഏർപ്പാട് ചെയ്യുന്നത് എന്നു മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഒരു പ്രത്യേക സംഖ്യവരെ കടം കൊടുപ്പാൻ മാത്രം അവർ അധികാരമായിരിക്കും. ഈ വിശ്വസ്തതയിന്മേൽ ഒരു ധനവാൻ പണമിറക്കുന്നു. കമ്പനിയിൽ ചേർന്നിട്ടുള്ള ഉത്തരവാദിത്വം തങ്ങളുടെ ചിലവു കഴിച്ച് ഉണ്ടാക്കേ

കാവുന്ന ആദായവും കമ്പനിയിലേക്ക വേണ്ടി വ്യയം ചെയ്യുന്നു. ആദ്യകാലത്തിൽ പലരെ അധികപലിശ കൊടുത്തു പണം കടം വാങ്ങേണ്ടി വന്നു എന്നും വരാം. എങ്കിലും കാലക്രമം കൊണ്ടു കമ്പനിക്ക പ്രചാരവും ധനപുഷ്ടിയും ഉണ്ടാവുന്നതോടും ആദായപലിശക്ക പണം കിട്ടുവാൻ എളുപ്പമായി എന്നു വരും. എന്നമാത്രമല്ല ഏതാനും കാലമായിട്ട് ഒരു നല്ല സ്ഥിതിയിൽ നടന്നുവരുന്നതായ ഒരു ബാങ്കിലെ ഓഹരിക്കാർക്ക് ചുരുങ്ങിയ സംഖ്യ മാത്രം പലിശവകയ്ക്കു കൊടുക്കേണ്ടതായി വരുന്നതിനാൽ ഈ വകയിൽ ഉണ്ടാകുന്ന ലാഭവും ആദായം കൂടി ബാങ്കിലേക്കുതന്നെ എടുക്കാവുന്നതായിട്ടും വരും.

ബാങ്കിന്റെ ഭരണം എല്ലാം അംഗങ്ങളും ഒത്തൊരുമിച്ചിട്ടാണ്. ഓരോ മെമ്പറും തങ്ങളുടെ സ്വന്തസ്വത്തും പൊതുജനോപകാരത്തിന്നു വേണ്ടി ഈ ഏർപ്പാടിലേക്കായി ഒഴിഞ്ഞുവെച്ചിരിക്കയാൽ ഇതിലേക്ക സകലവിധ നടപടികളിലും ഇവരിൽ ഓരോരുത്തരും ശ്രദ്ധാപൂർവ്വമായി പ്രവേശിക്കേണ്ടതാണ്. (ഈ ബാങ്കിലെ ഓഹരിക്കാരിൽ ഒരുവനെങ്കിലും ഈ ബാങ്കിനെ സംബന്ധിച്ചേടത്തോളം ഉത്തരവാദക്കാരൻ പ്രമാണിയായിരിക്കുന്നതിന്റെ വിധം തന്നെപോലെ ഉത്തരവാദിയായിരിക്കും.) സാധാരണയായിട്ട് അതിന്ന് ഒരു കമ്മിറ്റിയുണ്ടായിരിക്കും. ഇവർ കടം കിട്ടുന്നതിന്നായി വന്നിട്ടുള്ള അപേക്ഷകളെല്ലാം നിഷ്പക്ഷമായി പരിശോധിക്കും. പ്രയോജനമുള്ള തൊഴിലിലേക്ക് ഉപയോഗിക്കുന്നതിന്ന മാത്രമേ കടം അനുവദിക്കയുള്ളൂ. 'ഏ' വിത്തു വാങ്ങുവാൻ പണം കടം ചോദിച്ചു എന്ന വിചാരിക്കുക. 'ഏ'ക്ക് 8 ഏക്ര നിലമുണ്ടെന്നും അതിന്ന 20 പറ വിത്തു വേണമെന്നും കമ്മററിക്കാർക്കറിയാം. ഇതിന്ന വേണ്ടതിലധികം പണം 'ഏ'ക്കു കടം കൊടുക്കുന്നതല്ല. എന്നാൽ ഓഹരിക്കാരിൽ ആരും വേണ്ടതിലധികം പണം ആവശ്യപ്പെടുന്നതും അത്ര സാധാരണയല്ല. അഥവാ വാങ്ങേണ്ടതെങ്കിൽ അതിന്നുള്ള സകല കാരണവും സവിസ്താരമായി പറഞ്ഞു തരേണ്ടതും കൂടാതെ ബോദ്ധ്യപ്പെടുത്തേണ്ടതാകയാൽ എളുപ്പം കൂടാതെ കടം വാങ്ങുന്നതിന്നു ഈ ഏർപ്പാട് ഒരു തടസ്ഥവും പ്രതിബന്ധവും ആയിത്തീരുന്നു. ഇപ്രകാരമുള്ള മിക്ക യോഗങ്ങളിലും മെമ്പ്രന്മാരിൽ ചിലരെങ്കിലും കടക്കാരന്ന ജാമ്യം നില്ക്കണമെന്നാണ് നിയമം. ജാമ്യക്കാരായിട്ടുള്ളവർ കടക്കാരന്റെ സകല അവസ്ഥയും പൂർണ്ണമായി ധരിച്ചിരിക്കേണ്ടവരാകയാൽ വേണ്ടതിലധികം കടം ചോദിപ്പാൻ പിന്നെയും പ്രതിബന്ധമായിത്തീരുന്നു. ജാമ്യക്കാർ എന്നതെന്നതല്ല കമ്പനിയിലുള്ള മറ്റെല്ലാവരും കടക്കാരൻ വാങ്ങിക്കൊണ്ടു പോയ പണം എന്തിലേക്കുവേണ്ടിയാണ് ഉപയോഗപ്പെടുത്തുന്നത് എന്ന നിഷ്പക്ഷമായി പരിശോധിച്ചുകൊണ്ടിരിക്കും. ഫലവത്തായ കാര്യങ്ങൾക്കുവേണ്ടി പണം ഉപയോഗിക്കാതിരുന്നു കണ്ടാൽ തൽക്ഷണം തിരിയെ വാങ്ങുവാൻ നടപടി നടത്തി വരുന്നതിന്നു പുറമെ ഈ കടക്കാരനായ മെമ്പർക്ക് കമ്പനിയിലുള്ള സ്ഥാനം അന്നു മുതൽ ഇല്ലാതാവുന്നതുമാണ്. ഇപ്രകാരമുള്ള ബാങ്കുകളിൽ ഒരുത്തന്റെ പണം ഒരിക്കലും നഷ്ടം വരുന്നതല്ലെന്ന സ്പഷ്ടമാണല്ലൊ.

ഈ തരം ബാങ്കുകളിൽ ഇതരസംഘങ്ങളിലെന്നപോലെ അത്ര വലുതായ കണക്കുകളും വരാറില്ല. ഭരണാധികാരികൾക്ക പ്രതിഫലമൊന്നുമില്ല. ഭാരവാഹികളാണെന്നുള്ള ഒരു ഗുമസ്തന്ന മാത്രമേ പ്രതിഫലമായിട്ട്

ഴകൊഴുപ്പ് (മസൃണത), നടു, വളയുന്ന വിധത്തിൽ, കാണമോ, കൂത്ത് (നൃത്തം) ചെന്ന് ഇങ്ങിനെ പദോദാഹരണങ്ങൾ കാണിക്കേണ്ടതാണെന്നു പല ഭാഷാഭിമാനികൾക്കും തോന്നിത്തുടങ്ങീട്ടുണ്ട്. പ്രാകൃതത്തിൽ നിന്നു സംസ്കൃതത്തിലേയ്ക്കു മാറുമ്പോളുണ്ടാകുന്നതുപോലെ പഴയ ഭാഷയിൽ നിന്നു പുതിയ ഭാഷയിലേയ്ക്കു മാറുമ്പോഴും പദങ്ങൾക്കു പല മറിച്ചിലും തിരിച്ചിലും വരുന്നതാണ്. പോവുതു്, പോവുന്തു്, പോവിതു് എന്ന പഴയ ഭാഷാരൂപങ്ങളാണ് സംസ്കൃതണം കൊണ്ടു 'പോവതു്' ആയിത്തീർന്നിരിക്കുന്നത്. ഇതിനെയുള്ള മാററങ്ങൾ ഗണിച്ചാൽ അവസാനിക്കാത്ത വിധം അത്ര വളരെയുണ്ട്. എന്നാൽ പുതിയ ഭാഷയിൽ മാത്രം പരിചയിച്ചിട്ടുള്ളവർക്കു പ്രാകൃതമായതായി കണക്കാക്കാവുന്ന പഴയ ഭാഷയിലെ സമാസങ്ങളും പ്രയോഗങ്ങളുമായ അനേകം കവിതകളിൽ തീരെ വൈരൂപ്യം തോന്നാനിടയുള്ള മുഖ്യകാരണം പഴയ ഭാഷാവ്യാകരണത്തിന്റെ അജ്ഞാനമെന്നാൽ മുഴുവനും നശിക്കാതിരിക്കില്ല. ആ വക സകല ഗ്രന്ഥങ്ങളുടെയും അർത്ഥം മനസ്സിലാവാൻ പണ്ടുള്ള പഴയ പ്രയോഗങ്ങളെ മനസ്സിരുത്തി വായിക്കുന്നതിനെക്കാൾ ആ ഭാഷയുടെ സാമാന്യലക്ഷണങ്ങൾ മനസ്സിൽ ഗ്രഹിക്കുന്നതായിരിക്കും അധികം ഉപകരിക്കുക. അതുകൊണ്ടു താഴെ വിവരിക്കും പ്രകാരം ആ ഭാഷയുടെ ആകൃതിയിലുള്ള ചില നിയമങ്ങളെ കാണുന്നത് ആ വക ഗ്രന്ഥങ്ങൾ വായിക്കുന്ന കാര്യത്തിൽ വളരെ ഉപയോഗമുള്ളതായിരിക്കും. ഈ നിയമങ്ങളിൽ മിക്കതും തമിഴിനെ അനുസരിച്ചിട്ടുള്ളതാകയാലും പഴയ ഭാഷയിലും സാമാന്യമായിട്ടുള്ളതാണ്.

(¹) രണ്ടു സ്വരങ്ങൾ കൂടിയാൽ നടുവിൽ യകാരം വരും. ഉദാഹരണം. വാടാ + ആത്—വാടായാത് (അതു വാടില്ല) നിലാവ (ഫ) തയ്യുമ്പോൾത്തിലും ഇ, ഈ, ഐ വ്യഞ്ജത്തിലും ഉപയോഗിക്കുന്ന അ, ഉ എ സ്വരങ്ങളാണ് മുമ്പിലുള്ളതെങ്കിൽ വകാരം വരികയും അതിനെ ദ്വിത്വം [illegible] നോക്കുക. ഉദാ. അ + അഴക് = അവ്വഴക്, [illegible] ഴക്, ഇ + അഴക് = ഇവ്വഴക്, ഇവ്വ (വ) ഉ, ഊ, ഒ ഇവയ്ക്കു മേലെ സ്വരം വന്നാൽ നിയമേന വകാരമേ വരുള്ളൂ. ഉദാ. വടു + എന്റെ = വടുവെന്റെ, കടു + അര, കാരുവഴി, പോവുന്തു + എന്റെവരെ, പോവുന്തുവെന്റെവരെ (പോകുമോ ന്നിരിക്കെ) (ഡ) സ്വരംപോലെ അരിയാൽ സഞ്ചാര സംസ്കൃതവിധിയും ശോഭിക്കും. ഉദാ. പോകിന്റതു് + അല്ലൂ = പോകിന്റതല്ലൂ (പോകുന്നില്ലല്ലോ)[3] വരിക + ഇല്ലും = വരി[illegible]

---

1 ഈ അക്ഷരങ്ങൾ [illegible] ഞ്ഞിരിക്കുന്നവർ ഉപയോഗിച്ചിരിക്കുന്നു.

1 പ്രാകൃതത്തിലും [illegible] എന്ന [illegible] ചെയ്യുന്ന (മല ചുറ്റ) എന്നു [illegible] ഇല്ലാത്തതിനാൽ [illegible] സംശയിക്കുന്നു.

2 സംസ്കൃതം [illegible] എന്ന [illegible] സംസ്കൃതത്തിലുള്ള [illegible] ചേർന്നിരിക്കുന്നുണ്ട്. 'അ ഒ' എന്ന [illegible] ചേർത്തു വിധിച്ചിരിക്കുന്നു.

3 വരിക എന്നതിൽ [illegible] സംസ്കൃതമായിട്ടുള്ളത് വിസ്തരമായി [illegible] ഇതിനെ [illegible] ഈ സംസ്കൃതവിധിയും [illegible] ക്രിയാപദങ്ങളിലേ [illegible].

ല്ല(ന്) 'ദ, 'ട, എന്നീ വ്യഞ്ജനങ്ങളോടു ചേൎന്ന സംവൃതമാണെങ്കിൽ ആ വ്യഞ്ജനങ്ങളുടെ ദ്വിത്വവും കൂടി വരാവുന്നതാകും. ഉ-ം. ആ 'ദ് + ആശങ്ക=ആദ്ദാശങ്ക്, നാട്ടകം (ന) വ്യഞ്ജനം പരമായാൽ സംവൃതം ലോപിക്കില്ല. ഉകാരാദേശം വരാം. ഉ-ം. ആത് + നാൎറ്= ആത് നാൎറ്, ആതു നാൎറ് (ആതു നാറ്) (ന്ന)ഹ്രസ്വമായ എകാരത്തിൽ നിന്ന പരങ്ങളായ ക, ച, ത, പ ഇവ ഇരട്ടിക്കും. ഉ-ം. അതിനെ + കാൺ=അതിനെക്കാൺ, അതിനെപ്പറ്റി, പറഞ്ഞപ്പോലെ മുതലായത് (ന) കിലശബ്ദത്തിൽ വരുന്ന എകാരമൊഴികെയുള്ള, ന, മ ഇവയ്ക്കു ദ്വിത്വം വരും. ഉ-ം എ + ടോൻ= എന്നോൻ, എന്നാൽ [illegible] എന്നാൽ(ബ)ആദ്യ [illegible] ഇ എന്നിവയായാലും [illegible] ദ്വിത്വം വരും. ഉ-ം. അ + ടോൻ=അന്നോൻ, ഇന്നോൻ, [illegible] ഇക്കലം, അപ്പില, ഇന്നല, അപ്പുലി, ഇന്നലി, [illegible] (ല) സമാസത്തിൽ ക, ച, ത, പ ഇവയ്ക്കു ദ്വിത്വം വരും. ഉ-ം. ആനക്കാട്, [illegible] കോടു മുതലായത് (൧൦) അ, ആ, ഇ, ഉ എന്നീസ്വരങ്ങളാണെങ്കിൽ സമാസത്തിൽ ചിലപ്പോൾ ക, ച, ത, പ എന്നിവയുടെ അനുനാസികങ്ങളായ ങ, ഞ, ന, മ ഇവ നടുവിൽ വന്നുവെന്നും വരും. എന്നാൽ അതിനെ വരുന്നത് [illegible] ഉച്ചാരണമാത്രമായിരിക്കുന്നതാണ്. ഉ-ം. മ ഇ + കൊമ്പ്=ഇങ്കൊമ്പ്, മാ + തോൽ=മാന്തോൽ (മാവിന്തോൽ) പുളിമ്പഴം, പുളിഞ്ചി, പുളിയാറില, പുന്നെല്ല്, പുന്നെല്ലു (൧൧) ണകാരത്തിൽ നിന്ന പരമായ തകാരം ടകാരമാകും. ഉ-ം. തൺ + താർ=തണ്ടാർ (താമരത്താര്, വെള്ളത്തിലെ [illegible] താമര) മൺ + തറ= മണ്ടറ, മണ്ടില, മണ്ടില

(൧൨) ന, മ, ഇവ പരങ്ങളായാൽ ളകാരം ണകാരമാകും. ഉ-ം. വാൾ + നാൎറ്=വാൺ നാൎറ്, തോൾ + മേൽ=തോണ്മേൽ (൧൩) ണകാരത്തിൽ നിന്ന പരമായ നകാരം ണകാരമാകും. ഉ-ം. കൺ + നില=കണ്ണില, മുൾ + നാൎറ്=മുൺ + നാൎറ്=മുണ്ണാൎറ് (മുള്ളുനാറി) പൂകണ്ണു, (പൂകഴിന്നു) അമണ്ണു (അമന്നു) (൧൪) ണകാരം പരമായാൽ ദീൎഘത്തിൽ നിന്ന പരമായ ണകാരം ലോപിക്കാം. ഉ-ം. വാൾ + നാൎറ്=വാൺ + നാൎറ്= വാണ്ണാൎറ്= വാണാൎറ്, നീൾ + നാൾ= നീൺ + നാൾ=നീണ്ണാൾ=നീണാൾ,താൾ + നാൾ=താണാള്, താണ. (൧൫) ചിലപ്പോൾ ഹ്രസ്വത്തിൽനിന്ന പരമായ ണകാരവും ലോപിക്കാം. ഉ-ം. അവൾ + നില=അവൺ + നില=അവണ്ണില=അവണില, പൂകൾ + നാൎറ്=പൂകണ്ണാൎറ്=പൂകണാൎറ്, മുൾ + നാൎറ്=മുണ്ണാൎറ്=മുണാൎറ് (൧൬) ക, ച, ത, പ, ഇവ പരങ്ങളായാൽ മകാരം അതാതിന്റെ പരസവൎണ്ണമാകും. ഉ-ം. മരം + കുറ്റ്=മരങ്കുറ്റ്, മരഞ്ചുവട്,മരന്തല(൧൭) അനുനാസികം പരമായാൽ നകാരമാകും. ഉ-ം. മരം + നിൻറ=മരന്നിൻറ(൧൮)മകാരം ചിലപ്പോൾ ലോപിക്കും. ഉ-ം. വട്ടം + കൺ=വട്ടക്കൺ, ചതുരപ്പലക, കലപ്പുകക്ക്, ആയിരത്തല (൧൯) യ, ര, ല, ഴ, ള ഇവയിൽനിന്ന പരങ്ങളായ ക, ച, ത, പ ഇവയ്ക്കു ദ്വിത്വം വരും. ഉ-ം. പൊയ് + കതിര=പൊയ്ക്കതിര- നാര് + പട്ട്=നാൎപ്പട്ട്, പാല്പ്പിഞ്ചി, പായ്ക്കൺ, മുഴക്കൊമ്പ് (൨൦) ല, ള, ണ, ന, ഴ ഇവയിൽനിന്ന എന്തെങ്കിലും പരമായാൽ, സംവൃതം വരാം. ഉ-ം. പാൽ + നാൎറ്=പാല് നാൎറ്, പാലു നാൎറ്, തോൾ + നാൎറ്=തോള് നാൎറ്, തോളു നാൎറ്, തേനു നാൎറ് (൨൧) ഹ്രസ്വത്തിൽ നിന്ന പരമായല, ള, 'ന, ണ ഇവ സംവൃ

ള്ള. കൊല്ലാവസാനത്തിൽ ആദായം വീതിച്ചു ബാങ്കർസ്ഷീറു് എഴുതാറില്ല. ഉണ്ടാവുന്ന ആദായം മിക്കവാറും മൂലധനത്തിലേക്കുതന്നെ ചേൎക്കുകയാണ്. ഇങ്ങിനെയുള്ള മൂലധനം പൊതുവായ ഗുണത്തിന്നു വേണ്ടി മാത്രമേ ഉപകരിക്കയുള്ളൂ.

മെമ്പർമാരെ ചേൎക്കുന്നതിലുള്ള സൂക്ഷ്മതയും ശ്രദ്ധയും, മെമ്പർമാരുടെ വിഷ്ടകൎമ്മം എല്ലാവരും ഉത്തരവാദികളാണെന്നുള്ള നിശ്ചയവും, കടം കൊടുക്കുന്ന കാൎയ്യങ്ങളിൽ നടത്തുന്ന അന്വേഷണങ്ങളുടെ പരിപൂൎത്തിയും, കൊടുത്ത പണം ഏതിലേക്കു വേണ്ടിയാണ് ഉപയോഗിക്കുന്നത് എന്നുള്ള പരമാൎത്ഥം അറിയാനുള്ള ആസക്തിയും, തിരിയെ കൊടുക്കേണ്ടുന്ന കാൎയ്യത്തിൽ വെച്ചിട്ടുള്ള നിബന്ധനകളും ആണ് റെയിഫ്സർബാങ്കിന്റെ മുഖ്യതത്വങ്ങൾ. ഇതിന്നും പുറമെ ഒന്നാകെയും ക്രിസ്ത്യമായിട്ടാണ് കിടപ്പ്. 'സ്വയം സഹായം സഹായം' എന്നാണ് ഈ യോഗത്തിന്റെ തത്വം.

മേൽ പ്രസ്താവിച്ചതരത്തിലുള്ള നാണ്യസഹായികസംഘങ്ങളാണ് നമ്മുടെ രാജ്യത്തും നടപ്പായി വരേണ്ടത്.

ഈ ബാങ്കുകൾ കൊണ്ടു ദരിദ്രരായ കൃഷിക്കാർ മാത്രമല്ല രക്ഷപ്പെടുന്നത്. നാട്ടുപുറങ്ങളിൽ അനേകം ദരിദ്രരായ കൈത്തൊഴിൽക്കാരുണ്ട്. ഇവരുടെ ധനസ്ഥിതിക്കും വലിയ അന്തരമില്ല. നമ്മുടെ രാജ്യത്ത് ഉദ്ദേശം 8000 കുടുംബങ്ങൾ നെയ്ത്തുവേലകൊണ്ടും, 8500 കുടുംബങ്ങൾ കയറുപിരി, ചാക്കിടിപ്പുണി മുതലായതുകൊണ്ടും, 200 കുടുംബങ്ങൾ ഓട്ടുപാത്രങ്ങൾ വാൎത്തും ഉപജീവനം കഴിച്ചുവരുന്നുണ്ട്. ഇവരെല്ലാവരും അവരവരുടെ തൊഴിലുകളിൽ നിപുണന്മാരാണ് ഇതിന്നു ഇയ്യിടെ ബനാറസ്സിൽ വെച്ച് ഇന്ത്യയിൽ നടത്തിയ പ്രദൎശനം സാക്ഷ്യമാണ്. ഇവരുടെ ധനസ്ഥിതി വളരെ ശോചനീയമാണ്. മറ്റൊരോ കാരണങ്ങളാൽ ഇവരും കടത്തിൽ മുങ്ങിയാണ് കിടപ്പു്. ഇങ്ങിനെ അതികഷ്ടത്തിൽ ഇവൎക്കും ഒരു ധനസഹായം ആവശ്യമാണ്.

റെയിഫ്സൻ ബാങ്കുകളെ കൂടാതെ വേറെ പലതരത്തിലും യൂറോപ്പിൽ ബാങ്കുകൾ ഉണ്ട്. എങ്കിലും നമ്മുടെ രാജ്യത്തേക്കു യോജിച്ചത റെയിഫ്സൻ ബാങ്കുതന്നെയാണ്. യൂറോപ്പിൽ മറ്റു പല രാജ്യങ്ങളിലും നടത്തിവരുന്ന എല്ലാതരം ബാങ്കുകളുടെ നടപടികളും സൂക്ഷ്മമായി സൂക്ഷിച്ചറിഞ്ഞ സർ എഫ് - നിക്കൊൾസൺ (Sir F. Nichols നമ്മുടെ രാജ്യത്തേക്കനുസരിച്ച ബാങ്കു റെയിഫ്സൻ ബാങ്കാണെന്നാണ് എഴുതിയിരിക്കുന്നത്.

1904-ൽ ആണ് ബ്രിട്ടീഷ് ഇന്ത്യയിൽ നാണ്യസഹായികസംഘങ്ങളുടെ നിയമം നടപ്പായത്. അതിന്നു ശേഷം ബ്രിട്ടീഷ് ഇന്ത്യയിൽ വളരെ സംഘങ്ങൾ ഉണ്ടായിട്ടുണ്ട്. ഗവൎമ്മേണ്ടിൽനിന്ന് ഈവക സംഘങ്ങളിലേക്കു യാതൊരു ധനസഹായവും ചെയ്തുകൊടുക്കേണ്ടതു ആവശ്യമില്ലെന്നു കണ്ടിട്ടു അതു നിഷേധം ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. എങ്കിലും ഗവൎമ്മേണ്ടിൽനിന്ന് ഈവക സംഘങ്ങൾക്ക് മറ്റനേകം ഒഴിവുകൾ ചെയ്തുകൊടുക്കുന്നുണ്ട്. ആധാരങ്ങളും പെയറുകളും ഇംഗ്ലീഷ്ഠാൻ പാടില്ലെന്നും കമ്പനികളെക്കാൾ കാണുന്ന വിധങ്ങൾ കോടതികളിൽ ഒഴിവായി സ്വീകരിക്കുമെന്നും, സ്റ്റാമ്പു കടലാസ്സ് ഒട്ടിക്കേണ്ടതായ ഫീ മുതലായത് ഒഴിവാക്കിട്ടുണ്ടെന്നും, രജിസ്ട്രേഷൻഫീസ്സ് മുത

ധനികത്വം ഇതുകൊണ്ടു പറയാൻ പാടില്ലാത്തതും ഉള്ളതാണ്.

ഒരു നാണയസഹായികസംഘം വിധിയാംവണ്ണം നമ്മുടെ രാജ്യത്തും ഏർപ്പെടുത്തുന്നതായാൽ കൃഷിക്കാരും കൈത്തൊഴിൽ വ്യവസായക്കാരും ആയി നൂറുക്ക് 80 വീതം പ്രജകളുടെ ധനസ്ഥിതിക്ക വലുതായ ഗുണം വരുന്നതാണ്. ഇപ്രകാരമുള്ള ഒരു സംഘം ഏർപ്പെടുത്തി വേണ്ടവണ്ണം ഒരിക്കൽ നടത്തി കൊണ്ടുപോവാൻ നമ്മുടെ നാട്ടുകാർക്ക് വാസനയോ മോഹമോ ഉണ്ടാവില്ല എന്നു ചിലർ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങളെപ്പറ്റി പ്രസ്താവിച്ചിട്ട് ഇവിടെ ആവശ്യമില്ല.

നമ്മുടെ രാജ്യത്തു നാണയം വക്കയായ സംഘത്തിന്റെ 'കുറികൾ' ശരിക്ക വേണ്ടതായതൊന്നും ഇല്ല. എന്നാൽ 'കുറി' മേൽ പ്രസ്താവിച്ച സംഘങ്ങളെ ഒരുവിധത്തിലും ബാധിക്കുന്നതല്ല. കുറികളുടെ സമ്പ്രദായം എല്ലാവർക്കും അറിയാമല്ലോ. കുറികൾ ഒരു സമുദായത്തിന് ഒന്നിലധികം ഉപകാരങ്ങളെ ചെയ്യുന്നതും കുഴപ്പമാണ്. ഒരു സഹായികസംഘത്തിന്റെ നിലനില്പിന് ആവശ്യം വേണ്ടതായ രണ്ടു സംഗതികൾ, 1. ദാരിദ്ര്യം, 2. പ്രവേശിപ്പാൻ അസാമർത്ഥ്യമുള്ള പലവകയായ മാർഗ്ഗങ്ങൾ, ഇതുകളാണെന്നാണ് മിസ്റ്റർ വോൾഫ് പറയുന്നത്. ഇതുകൾ 2-ം നമ്മുടെ ദിക്കിൽ സുലഭമാണ്. ഇതരരാജ്യങ്ങളിലുള്ളപോലെ 'ഗ്രാമസമൂഹം' നമ്മുടെ ദിക്കുകളിലും ഉണ്ടായിരുന്നെങ്കിൽ നാണയസംഘത്തിന് ഒരു ഉപകാരമായിത്തീരുമായിരുന്നു. എങ്ങിനെയായാലും ഗവർമ്മെണ്ടും നാട്ടുകാരും കൂടി യോജിച്ചു പല പരീക്ഷകളും നടത്തി ഇപ്പോൾ കണ്ടുപിടിച്ചതിൽ ഒരു നാണയസഹായികസംഘം നമ്മുടെ രാജ്യത്തും ഏർപ്പെട്ടു കാണ്മാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

ലണ്ടൻപട്ടണത്തിന്റെ

ദാഹനിവൃത്തി



പുരാതനകാലത്തു ലണ്ടൻനിവാസികൾക്ക് വെള്ളത്തിന്നു ലേശം ക്ഷാമം ഉണ്ടായിരുന്നില്ല. എന്നുമാത്രമല്ല, അക്കാലത്തു ലണ്ടൻരാജ്യത്തിന് അടുത്തായി പുഴകളുണ്ടായിരുന്നതും ഇപ്പോഴത്തെ 'ലണ്ടൻ' എന്നു പറയപ്പെടുന്ന ഭൂലോകരാജധാനിയിൽ ഉൾപ്പെടുന്നതും ആയ ഗ്രാമങ്ങളിൽ ജലസമൃദ്ധം സുലഭമായിരുന്നു. ബ്രിട്ടീഷ് കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിട്ടുള്ള പുരാതനപടം നോക്കിയാൽ ക്രിസ്താബ്ദം ൧൦൦൦-ാമാണ്ടിൽ ഈ പട്ടണത്തിൽ പലേടത്തും നാമധേയങ്ങളിൽ അസംഖ്യം കിണറുകളും പുഴകളും ഉണ്ടായിരുന്നു എന്നു കാണാം. കാലക്രമേണ ഈ പട്ടണത്തിൽ ജനസംഖ്യ വർദ്ധിക്കയും അതിനിടക്ക് മേൽ പ്രസ്താവിച്ച ജലാശയങ്ങളിലെ വെള്ളം മാലിന്യപ്പെട്ടു

ണം ചേർന്നാൽ ഇരട്ടിക്കും. ഉ-. കൽ + നാല്=കല്ല് നാല്, കല്ലു നാല്. വില്ലു നാൻ റി, പൊന്നു കണ്ടു. മുള്ളു നാറ്റ് (പ.പ.) ക, ച, പ ഇവ പരങ്ങളായാൽ ലകാരവും 'നകാരവും റകാരമാകും. റകാരത്തിനു ശേഷം ഖകാരവും ചേരും. ഉ. കൽ + കളം=കറകളം. പൊൻ + കണ്ണാടി=പൊറക്കണ്ണാടി. കൽ + ചിറ=കറ്ച്ചിറ. പൊറ്ച്ചില കറ്പ്പടി. പൊറ്പ്പു (പ.പ.) ക, ച, ത, പ ഇവ പരങ്ങളായാൽ 'നകാരം ലകാരമായിട്ടും വരുന്നതാം. ഉ-. പൊൻ + പൂ=പൊൽപ്പൂ. പൊൽക്കണ്ണാടി. പൊൽച്ചില (പ.ര) ല്, ന, റ, ള ഇവയിൽ നിന്നു തകാരമാണ് പരമെങ്കിൽ ആ തകാരവും ല്, 'ന, റ ഇവയും റകാരമാകും. ഉ-. കൽ + തളം=കറ് + തളം=കറ്റളം. കോൽ + തറ=കോറ് + തറ=കോറ്റാൻ. കോൽ + തീട്ടു=കോറ്റീട്ടു. കറ്റാളും. പൊൻ + താമര=പൊറ് + താമര=പൊറ്റാമര. പൊൻ + താർ=പൊറ്റാർ (പ.ര) ണ, ന, ള ഇവ പരങ്ങളായാൽ ലകാരം 'നകാരമാകും. ഉ-. കൽ + നെറി=കന്നെറി. വിൽ + നീളം=വിന്നീളം. നെൽ + മണി=നെന്മണി (പ.പ) ഇവയ്ക്കു പുറമെ പ്രയോഗങ്ങളെക്കൊണ്ട് അറിയേണ്ടവയായ ചില പ്രത്യേക സമാസത്തിൽ പലവിധം സന്ധികാര്യങ്ങളും വരുന്നതാണ്. ഉ-. പുതിയ + പൂത്=പുതിപ്പൂത്. പുൽ + തറി=പുത്തരി. ചെറിയ + തേൻ=ചിറ്റേൻ. കറുത്ത + വള്ളി=കരിവള്ളി. കരിമുകിൽ. മുടന്ത് + തെങ്ങ്=മുടന്തെങ്ങ്. കറിയ + കോൽ=കരുങ്കോൽ. നെടിയ + കൂക്=നെടുങ്കൂക്, നെടുങ്കുക്. വലിയ + മല=വന്മല. ഇരട്ട + പത്ത്=ഇരുപത്ത്. മൂന്ന് + ആറ്=മൂപ്പാറ്. മൂന്ന് + കൺ=മുക്കണ്ണ്, മുന്നൂറ്. പാതി + പുടവ=പാതിപ്പുടവ. നാല് + പത്ത്=നാല്പത്. പത്തു + ഒന്ന്=പതിനൊന്ന്. പതിനെട്ട് + അടി=പതിനെട്ടടി. പാതി + അടി=പാതിരാടി. പത് + അടി=ഇരുപതിരാടി. മൂന്ന് + നാഴിക=മൂവാഴ്ച. കാൽ + കാൽ=കാക്കാൽ, കാറ്റുപിടാവ്. കാറ്റുവാണിയം ഇതിനെ ഒക്കെ ചില വിശേഷങ്ങളെല്ലാം പ്രാചീന മേൽക്കാണിച്ച നിയമങ്ങൾ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളവയാണ് പഴയ ഭാഷയുടെ ആകൃതിയും സ്ഥിതി.

ഇനി സംസ്കരണം നിമിത്തം വന്നുചേർന്നിട്ടുള്ള പ്രകൃതി ഭാവഭേദപ്പെട്ടിട്ടുണ്ട് എല്ലാം ആലോചിപ്പാനുള്ളത്. ദേശഭേദങ്ങളെ ഉള്ളതും, ഭാഷാന്തരങ്ങളും, ഭാഷാന്തരസമ്പർക്കം ഇങ്ങിനെ മൂന്നായിത്തരം തിരിക്കാവുന്നതാണ്. ദേശം, തൊഴിൽ, മതം മുതലായ ഉള്ളത്തിനാം തൊഴിൽ, പാലക മുതലായ ഭാഷാന്തരഭേദത്തിനും കാരണം, മല മുതലായതു ഭാഷാന്തരസമ്പർക്കത്തിനും ഭേദങ്ങളാകുന്നു. ഇതിൽ ആദ്യത്തെ രണ്ടു തരങ്ങളിലുൾപ്പെട്ട പദങ്ങളിലെ പ്രകൃതി ഗുണങ്ങളും സംസ്കരണം നിമിത്തമായുള്ളവയായ സ്ഥിതിയിലായിട്ടുണ്ട്. ഭാഷ, മതം, മുതലായ ശബ്ദങ്ങളെ ഒക്കെ പ്രകാരം മാറ്റിച്ചിട്ടുണ്ടാകുന്ന ഭാഷകളാണ് മുതലായ എല്ലാം ചില പദങ്ങൾ പുതിയ ഭാഷയിലും വന്നു കൂടിട്ടുണ്ടെങ്കിലും, ദേശം, മതം, കാലവും, ഭാഷാഭേദം, തമിഴരുടെ തൽഭവങ്ങളായ ആശം, ക ളം, ആലോലം, ഇവയും ഒന്നിനു മലയാളവും വിടാതെ ഇല്ലാതായിരിക്കുന്ന തമിഴ് വിനകൾ മുതലായതിലെ ടകാരലകാരങ്ങളുൾക്കൊണ്ടുള്ളവയായ ഭാഷർ, വിനകൾ ഇ തിയ ശബ്ദങ്ങളും പഴയ ഭാഷയിലെ ക ണ്ടാതുണ്ട്. ഒരേ പ്രകൃതിയിൽ നിന്നുണ്ടായ ശബ്ദങ്ങളിൽ തന്നെ ചില രൂപഭേദം വന്നിട്ടുണ്ട്. പണ്ടു പൂർവ്വത്തിന്റെ ഭാവിയായ

ഭാവരൂപങ്ങളായ പൂണ്ടു, പൂണ്ടാൻ എന്ന പദങ്ങളും പൂണുക എന്ന ക്രിയാരൂപമോ കാണണമെങ്കിൽ പഴയ ഭാഷ നോക്കണം. പൂണാരം എന്നിപ്പോഴും പറയാറുണ്ടെങ്കിലും അതിന്റെ അവയവാർത്ഥം ഓർക്കാറില്ല. പഴയ ഭാഷയിൽ സാമാന്യാർത്ഥത്തിൽ ഉപയോഗിച്ചിരുന്ന പല പദങ്ങളും പ്രത്യേകാർത്ഥത്തിൽ മാത്രമായിട്ടാണ് പുതിയ ഭാഷയിലേക്ക വന്നിട്ടുള്ളത്.

പഴുത്തുള്ള പഴയവായില്ലാതിരിക്കുമെങ്കിൽ,
മൊട്ടുപെക്കെട്ടിക്കിളിന്നിലുള്ളവായോ
എങ്ങനെയുള്ള പഴഞ്ചൊല്ലിലെ കേൾക്കുമ്പോൾ
ചെവി കേൾപ്പിക്കാനാണെന്നുമായാലും'
'മാമ്പുള്ളിയുള്ളാലിലിരു
പക്ഷിക്കൂട്ടസിതി'

ഇത്യാദികളിൽ ചേരുക, അല്പം എന്ന സാമാന്യാർത്ഥത്തിൽ ഉപയോഗിച്ചിരുന്ന കിളുക, നരുക്ക് എന്ന് പദങ്ങൾ വിഷവീര്യമുണ്ടാകുന്ന സംയോഗവിശേഷത്തിലും അരി, വിറക് എന്നിവയുടെ അല്പാംശത്തിലും മാത്രമേ ഇക്കാലത്തു സാധാരണ പ്രയോഗങ്ങളുള്ളൂ. ഇവയെല്ലാം പ്രാചീന പഴയ ഭാഷയിലുണ്ടായിരുന്ന അനവധി പദങ്ങൾ നിശ്ശേഷം നശിച്ചുപോയതു തിരിത്തും ഭാഷാപ്രകൃതിയിലെ ഗ്രന്ഥങ്ങളെ പ്രയോഗങ്ങളിൽ വലിയ നഷ്ടവും നേരിട്ടിട്ടുണ്ട്. വണ്ടാർകോലക്കേലികൾ, തോകപ്പുവനാർ, ക്രൂരൻതാൻ ചമന്താർ, കുലയിനം, പകർത്തുകാരൻ, ചെണ്ടോർവാർനികൊടി, നറവം, വരത്ത്, പാവർ, പുരികുവർ, തൊഴുപെയ്യ്, വഴ്ച്ചകിൽ, മുതലായി ഇപ്പോളില്ലാത്ത അസംഖ്യം പദങ്ങളും പ്രയോഗരീതികളും പഴയ ഭാഷയിൽ കാണാവുന്നതാണ്.

അടിമ, കടിമ, കരയ്ക്ക്, തളളിപ്പോയി, മുതലായ നാമങ്ങളുണ്ടാക്കുന്നതിനും മററും പഴയ ഭാഷ കാണിക്കുന്ന സ്വാതന്ത്ര്യത്തെ അടിസ്ഥാനപ്പെടുത്തി നല്ലതു നോക്കിത്തിരഞ്ഞെടുത്തു പുതിയ ഭാഷയെ പോഷിപ്പിക്കുന്നതായാൽ അതുകൊണ്ടു ഭാഷയ്ക്കു വരുന്ന മാററത്തെ നേർവഴിക്കു തിരിക്കാവുന്നതാകുന്നു.

നാണയസാഹായികസംഘം



ഉദ്ദേശം 60 കൊല്ലം മുമ്പു ജർമ്മനിയിൽ റെയിഫ് സൻ എന്നാളാൽ ആദ്യമായി ഏർപ്പെടുത്തപ്പെട്ടിട്ടുള്ള 'നാണയസാഹായിക സംഘ' ത്തിന്റെ സമ്പ്രദായങ്ങൾ അനുസരിച്ച് ഇവിടെയും സംഘങ്ങൾ ഏർപ്പെടുത്തുകയാണ് ഇതിലേക്ക് ഏററവും എളുപ്പമായ വഴി. ചെറുതരം കൃഷിക്കാർക്കും കൈത്തൊഴിൽകാർക്കും ആവശ്യമായ സഹായം കൊടുത്തു മൂലധനം സൌകര്യപ്പെടുത്തുന്നതിനു സർക്കാർസഹായത്തെയോ ധനികന്മാരുടെ ധർമ്മബുദ്ധിയെയോ ആശ്രയിക്കുന്നത് അത്രതന്നെ നല്ലതല്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. തൊഴിൽസംഘങ്ങളായി നാട്ടുകാർക്കുണ്ടാകാവുന്ന പലിശയും, ഐക്യം ഇതുകളെ അടിസ്ഥാനപ്പെടുത്തി സ്ഥാപിക്കാനായി മൈത്രി എല്ലാടത്തും

കയും ചെയ്തു. അപ്പോൾ ശുദ്ധജലത്തിനു ദുർഭിക്ഷം നേരിട്ടു. കൊല്ലം ൧൬൧൩ മുതല്ക്കാണു 'ലൈബോറോൺ' എന്ന പട്ടണത്തിൽ നിന്നു ശുദ്ധജലം കൊണ്ടുവരുവാൻ തുടങ്ങി. ജനപ്പെരുപ്പത്തോടു കൂടി വെള്ളത്തിനു തല്ലുംപിടിയുമായി. ഇപ്രകാരമുണ്ടാവുന്ന അടികലശലിൽ ചിലപ്പോൾ മരണം കൂടി സംഭവിക്കാറുള്ളതിനാൽ ജലാശയങ്ങളുടെ അരികിൽ യാതൊരു വിധമായ ആയുധങ്ങളോടുകൂടിയും നാട്ടുകാർ സഞ്ചരിച്ചുപോകരുതെന്നു ലോർഡ് മേയർ ഉത്തരവു കൊടുത്തിട്ടുണ്ടായിരുന്നു.

ഒന്നാം ജയിംസ് ചക്രവർത്തിയുടെ കാലമായപ്പോഴേക്കും മറ്റു സാധനങ്ങളുടെ കൂടത്തിൽ വെള്ളവും ചുമന്നുകൊണ്ടു തെരുവുകൾ തോറും വില്പാനായി നടക്കുന്ന വെള്ളക്കച്ചവടക്കാർ ധാരാളമായി. പട്ടണത്തിന്റെ ഇടനീളം പ്രവഹിക്കുന്ന 'തെംസ്' എന്ന നദിയിലെ വെള്ളം സംബന്ധിച്ചു പുറപ്പെട്ടിട്ടുള്ള നിയമങ്ങളും, തിട്ടൂരവിളംബരങ്ങളും മുതലായവ കുറച്ചും മറ്റുമല്ല.

ഈ നൂറ്റാണ്ടിന്റെ ആദിയിൽ പട്ടണത്തിലേക്കു വേണ്ട വെള്ളം മുഴുവനും ശേഖരിച്ചുകൊടുക്കാമെന്നുള്ള നിശ്ചയത്തോടു കൂടി ഉദ്ദേശം എട്ടോ പത്തോ കമ്പനികൾ സ്ഥാപിക്കപ്പെട്ടു. ഇതുകളിൽ പ്രാബല്യമേറിയതു ന്യൂറിവർ കമ്പനിയാണ്. ഇതിൽ ഓഹരി ഒന്നുക്കു ൧൩൦,൦൦൦ പവനാണത്രേ! ഇപ്പോൾ സർക്കാരുകളും കണക്കാക്കീട്ടാണ്. മുൻ പറഞ്ഞ എല്ലാ കമ്പനികളും ൪,൬൭,൦൦,൦൦൦ പവൻ കൊടുത്തു ഗവൺമെന്റിൽ നിന്നു വിലക്കു വാങ്ങിച്ചിരിക്കുന്നു. ഈ ഏർപ്പാടിനു 'മെട്രോപ്പോളിറ്റൻ വാട്ടർ ബോർഡ്' എന്നാണ് പേർ. എത്രയും പുതിയ വിധത്തിൽ ശുദ്ധജലം ശേഖരിച്ചു കൊടുക്കണമെന്നാണ് ഈ ഏർപ്പാടിലെ നിശ്ചയം. ആക്റ്റിന്റെ നിശ്ചയം അനുസരിച്ച് നിർവാഹത്തിന് ഏതാണ്ട് ച്ചിൽ ചെയ്തുവരുന്നു. ഈ ബോർഡിൽ (നഗരിൽ) ലണ്ടൻരാജ്യത്തുള്ള മറ്റു പ്രദേശങ്ങളിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട ൬൬ സാമാജികന്മാർ ഉണ്ട്. ഇവർ രാജ്യത്തുങ്ങളിൽ വലിയ പരിചയവും പഠിപ്പും ചെന്നുള്ള വളരെ യോഗ്യന്മാരായിരിക്കും. സ്വയംപ്രതി കൂടിക്കൊണ്ടുവരുന്ന ലണ്ടൻപട്ടണത്തിലെ ജനങ്ങൾക്ക് എല്ലാവർക്കും സുഖം എളുപ്പത്തിൽ കിട്ടത്തക്കവണ്ണം ഏർപ്പാടുകൾ ചെയ്യുന്നതിനു വേണ്ടിവരുന്ന അധികാരങ്ങളോടു കൂടിയാണ് ഈ ബോർഡുകാരെ ഇരുത്തി. ഈ ബോർഡുകാരുടെ ഏർപ്പാടിൽ നിന്നു മാത്രം വെള്ളം ഉപയോഗിച്ചുവരുന്ന ജനങ്ങളുടെ സംഖ്യ യൂറോപ്പിലുള്ള ഇതരരാജ്യങ്ങളുമായി താരതമ്യപ്പെടുത്തുനോക്കിയാൽ അതു നോർവെ, സ്വീഡൻ ഈ രണ്ടു രാജ്യങ്ങളിലുള്ളതിനെക്കാൾ അധികമായും, സ്വിറ്റ്സർലണ്ട് ഈ രാജ്യത്തിൽ ൧.൦ ലക്ഷം കൂടുതലും, സ്കോട്ട്‌ലണ്ട്, വെയിത്സ് ഈ രണ്ടും കൂടിയുള്ളതിൽ ൨ ലക്ഷം കൂടുതലുമാണത്രേ! ഒരു ദിവസം ൨൨,൩൩,൦൦,൦൦,൦൦ ഗാലൻ വെള്ളം ചിലവുണ്ട്. അതായത് ആളൊന്നുക്കു ൩൦ ഗാലൻ വെള്ളമാണ്. ഇതിനും പുറമെ ലണ്ടൻപട്ടണത്തിലെ പല മഹാസ്ഥാപനങ്ങൾ തീയണയങ്ങളുണ്ടായാൽ അതുകളെ കെടുത്തുന്നതിനു പത്തോ ഇരുപതോ തിക്കത്തിയന്ത്രങ്ങൾക്കു വേണ്ടിവരുന്ന വെള്ളവും ശേഖരിച്ചിരിക്കും. ഇവിടെ ഒരു ദിവസം ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് മനക്കി വിചാരിക്കാം. ൧൦൦ അടിയോളം ഉക്കത്തിൽ ഇരട്ടിയിലധികം വെള്ളം ഉപയോഗിച്ചുവരുന്നുണ്ട്. ൬൦ അടി പൊക്കവും ൩൦൦ അടി വ്യാസവും ഉള്ളതായ ഒ

ഞ പാത്രം നിറച്ച വെള്ളം ശേഖരിച്ചാൽ ഒരു ദിവസത്തെ ആവശ്യത്തിന്നു പകരം തികയുകയുള്ളൂ. ശീർഷാതം പിടിക്കുന്നത് ൨൦൦ പാത്രം (വെള്ളം കോരുന്നതിന്നുപയോഗിക്കുന്ന പാത്രം) എന്ന വീതം മാത്രമാണ്. ഇപ്രകാരം പിടിക്കുന്ന സംഖ്യനുസരിച്ച ബോർഡിന്റെ ചിലവു കഴിച്ച ൧൦൦൦ ഗാലൻ വെള്ളത്തിന്മേൽ ഒരുമ മുതൽ ൩൨ വരെ അണ ആദായം ഉണ്ടാകുന്നുണ്ട്.

ഇനി ഇപ്രകാരമുള്ള വെള്ളം എങ്ങിനെ ശേഖരിക്കുന്നു, എവിടെനിന്നു ശേഖരിക്കുന്നു എന്നും മറ്റുമുള്ള സംഗതികളെപ്പറ്റി ആലോചിക്കാം. ഇതിന്റെ പകുതിയിലധികം ഭാഗവും തേംസ് എന്ന നദിയിൽനിന്നാണ്. ബാക്കി, 'ലീ' എന്ന നദിയിൽനിന്നും, ഉറവുകൾ, ആഴമുള്ള കിണറുകൾ ഇതുകളിൽനിന്നും ആണ്. ഇതുകളിൽനിന്നു കഴൽമാറ്റുമായും മറ്റും കൊണ്ടുവന്ന് ശേഖരിക്കുന്നതിന്നു ൩൦ ഏരികൾ ഉണ്ടാക്കീട്ടുണ്ട്. ഈ വക ഏരികളിൽ ശേഖരിച്ചിട്ടുള്ള വെള്ളം, പരിശുദ്ധമാക്കുന്നതിന്നു വേണ്ടി, ആ ആവശ്യത്തിലേക്കായി നിർമ്മിച്ചിട്ടുള്ള ഓരോരോ പ്രദേശങ്ങളിൽ കൂടി പ്രവഹിപ്പിച്ച്, ഒടുവിൽ നിർമ്മലമായ സ്ഥിതിയിൽ പ്രജകൾക്ക് വിതരണം ചെയ്യുന്നതിനുള്ള ജലാശയങ്ങളിലേക്ക് പ്രവഹിപ്പിക്കുന്നു. വീതിക്കുന്നതു യന്ത്രങ്ങൾകൊണ്ടാണ്. ഈ യന്ത്രങ്ങൾ നടത്തുന്നതിന് ഒരു കൊല്ലത്തിൽ ൧൭൭,൦൦൦ ടൺ കല്ക്കരി വീതം വേണ്ടിവരും. ശേഖരിച്ചു ശുദ്ധി ചെയ്യാൻ വേണ്ടി ഉണ്ടാക്കീട്ടുള്ള പ്രദേശങ്ങളിൽ വിരിച്ചിട്ടുള്ള മണൽത്തട്ടുകൾ കൂടെക്കൂടെ മാററിയിടുക പതിവാണ്.

ജനസംഖ്യ വർദ്ധിച്ചതുകൊണ്ടു കഴിഞ്ഞകൊല്ലത്തിൽ ൩൨ നാഴിക നീളത്തിൽ വെള്ളക്കുഴലുകൾ കൂടുതലായി ഏർപ്പെടുത്തേണ്ടിവന്നിട്ടുണ്ട്. ജനസംഖ്യ വർദ്ധിക്കുന്നതോടു പട്ടണത്തിന്റെ വിസ്താരം കൂടും. അപ്പോൾ വെള്ളക്കുഴലുകളുടെ നീളം കൂട്ടേണ്ടിവരും. എന്തെന്നാൽ ജനങ്ങൾ എവിടെ താമസിക്കുന്നതായാലും വെള്ളം അവിടെ എത്തിച്ചു കൊടുക്കേണ്ടുന്ന ചുമതല, ജലവിതരണാധികാരികളായ ബോർഡുകാർക്കാണ്. അതിനാൽ ഇതിലെ അധികാരികൾക്കു സമീപഭാവിയിൽ വന്നുചേരാനിടയുള്ളതായ ആവശ്യങ്ങൾ നിവൃത്തിക്കേണ്ടതിനുള്ള സകല ഏർപ്പാടുകളും ചെയ്തു ഉണർച്ചയോടുകൂടി തന്നെ ഇരിക്കേണ്ടിവരുന്നതാണെല്ലോ. ഇവിടത്തെ ഒരു ജലവിതരണാധികാരികൾക്ക് ഇതു ദീർഘാലോചനക്കിടയില്ലാതെ തീർച്ചയായും പ്രസ്താവിക്കാവുന്നതാണ്. ഈ വാട്ടർബോർഡിന്റെ ഏർപ്പാടിൽ പണിയുന്ന കൂലിക്കാരുടെ സംഖ്യ ദിനംപ്രതി ൪൦൦൦ വീതമുണ്ടാവും. ഈ കൂലിക്കാർ ഇപ്പോൾ ചെയ്യുന്ന വേലകൾ മുഴുവനും ലണ്ടനിൽ ഇപ്പോഴുള്ള ൭൦൦൦൦൦൦ പ്രജകളുടെ ഉപയോഗത്തിന്നു വേണ്ടിയല്ല. എന്നാൽ ഒരു ൩൦ കൊല്ലത്തിന്നു ശേഷം ൧൯൪൧-ൽ ഉണ്ടാകാവുന്നതായ ൧൨൦൦൦൦൦൦ ജനങ്ങളുടെ ആവശ്യത്തിന്നു വേണ്ടിവരാവുന്ന വെള്ളം ശേഖരിച്ചുവെക്കുന്നതിനാണത്രെ. ഇപ്രകാരം കാലാന്തരങ്ങളിൽ മേൽക്കുമേൽ വർദ്ധിക്കാവുന്ന പൊതുജനങ്ങളുടെ ആവശ്യം നിറവേറ്റുന്നതിന്നു ചെയ്യുന്ന പണിത്തരങ്ങളിൽവെച്ച് ഏറ്റവും വിസ്തരിക്കത്തക്കതായ ഒരു മരാമത്തു നടക്കുന്നുണ്ട്. അത് അന്യോന്യം തൊട്ടുതൊട്ട് അനേകം ഏരികൾ ഒരു ചങ്ങലയുടെ ആകൃതിക്കനുസരിച്ച പണിതുണ്ടാക്കുന്നതാണ്. ഈ ഏരികളെല്ലാം പണി തീർന്നാൽ ആദ്യത്തെ ഏരിയിൽ ശേഖരിക്കുന്ന വെള്ളം അടുത്തതിലേക്കും, അതിൽനിന്നു, തൊട്ടു മറ്റതി

ലേക്കും, ഇതിനെ മാതോന്നിലേക്കായി പ്രവേശിപ്പിച്ച് കട്ടവിക്കുന്ന ഏരിയിൽ എത്തിയാൽ അവിടെനിന്ന ലണ്ടൻ ശുദ്ധിചെയ്യേണ്ടതിനുള്ള പ്രദേശങ്ങളിലേക്ക പ്രവഹിപ്പിക്കും. ഇതിനെ പണിയുന്ന എൻജിനീയന്മാരുടെ ഒരു കണ്ണ് (ഒരു ഏരി) പണിയുവാൻ ഉദ്ദേശം അഞ്ചുകൊല്ലത്തിൽ ക്രമത്തിലുള്ള കാലം വേണമത്രെ. എസ്സെക്സിൽ ചിങ്ങ്ഫോർഡ് എന്ന സ്ഥലത്ത് മറ്റൊരു ഏരി പണിയുന്നുണ്ട്. ഇതിൽ ഇപ്പോൾ ൧,൦൦൦ വേലക്കാർ പണിയുന്നുണ്ട്. 'ലീ' നദിയിൽ വെള്ളപ്പൊക്കമുണ്ടായാൽ കവിഞ്ഞൊഴിയുന്ന വെള്ളം നാനാവിധമായി പോകാതിരിപ്പാൻ വേണ്ടിയാണത്രെ ഈ ഏരി പണിയുന്നത്. ഈ ഏരിക്ക ൪ മയിൽ വിസ്താരമുണ്ട്. ഇപ്രകാരമുള്ള ഏരികൾക്ക ഒരു വിശേഷമുണ്ട്. അതെന്തെന്നാൽ ഇതിൽ മഴവെള്ളവും, ചാമ്പിയും മറ്റും നിറക്കുന്ന വെള്ളവും കഴികെ മറ്റുവിധത്തിലുള്ള യാതൊരു തരം വെള്ളത്തിന്നും പ്രവേശം കിട്ടാത്ത വിധവും, മേൽപ്രകാരം പെയ്തുള്ള വെള്ളവും ഇതരമാർഗ്ഗന്ന പ്രവഹിപ്പിച്ചിട്ടുള്ള വെള്ളവും അകത്തു ചെന്നാൽ പുറത്തേക്ക യാതൊരുവിധത്തിലും സ്വതേ പ്രവേശം കിട്ടാത്തതായിരിക്കുമാണ് ഏരികളുടെ പണിത്തരം. ഏരിയുടെ അടിയിലും ഇപ്രകാരം തന്നെ വെള്ളം വാറിപ്പോകാതിരിപ്പാൻ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. ഇതുകളൊക്കെ ഈ സ്ഥലത്തു കിട്ടുന്ന ഒരുതരം കളിമണ്ണുകൊണ്ടാണ്. ചിങ്ങ്ഫോർഡിൽ പണിയുന്ന ഈ ഏരി മൂന്നുകൊല്ലത്തിൽ ഉപയോഗിക്കാറാവും. ഇതിന്റെ പണി തീർന്നാൽ തന്നെ രാജ്യത്ത് അത്ഭുതകരമായ ഒരു പുതിയ 'തടാകം' കൂടി ഉണ്ടായി എന്നുള്ള അഭിമാനത്തിന്ന പട്ടണവാസികൾക്ക കാരണമായി.

ഈ 'തടാക'ത്തിന്നിടിപ്പിടമായിന്ന ഭൂമി കാട്ടു കാലം ഹ്യൂ കാട്ടുകോതാറാവ് മുതലായ അനേകം തരത്തിലുള്ള പക്ഷിജാതികളുടെ സങ്കേതമായിരുന്നു. ചിങ്ങ്ഫോർഡ് സ്ഥലം കൺട്രാക്ടർമാരുടെ ശാലകളിൽനിന്നും മാറ്റം ഒഴിച്ചു മറ്റുലികകാരു നിറയപ്പെട്ട ശബ്ദകോലാഹലംകൊണ്ടു മുഖരമായിത്തീർന്നു. എന്നാൽ ഇളക്കമറ്റ താഴെ മുതലായ ജലജന്തുക്കളാൽ നിറയപ്പെട്ടതും മന്ദമാരുതനാൽ ഇളക്കപ്പെടുന്ന തിരമാലകളുടെ കോലാഹലത്താൽ എപ്പോഴും ശബ്ദിക്കുന്നതായിരിക്കുന്ന ഒരു തടാകമായാണ് ഇനി കാണുന്നത്.

മേൽ പ്രസ്താവിച്ച തരത്തിലുള്ള ഉദ്യാനങ്ങളെല്ലാം കഴിച്ച് ഒടുവിൽ നഗരങ്ങൾക്ക് കിട്ടുന്ന വെള്ളത്തിൽ നിന്നു രോഗാണുക്കളും ഇല്ലാത്ത വിശ്വസിക്കാമോ എന്നങ്ങനെ എന്നുള്ള ചോദ്യത്തിന്ന തക്ക സമാധാനം പറയാവുന്നതാണ്. മെട്രോപ്പൊളിട്ടൻ വാട്ടർ ബോർഡിന്റെ അദ്ധ്യക്ഷനായ ഡാക്ടർ ഹൂസ്റ്റൺ എന്ന മഹാപുരുഷന്റെ അദ്ധ്യക്ഷതയിൻകീഴിൽ സഞ്ചാലുള്ള ഒരു നിഷ്പക്ഷമായ പരിശോധനകൾ ദിനംപ്രതി കഴിച്ചതിന്ന ശേഷമാത്രമേ വെള്ളം വിട്ടുകൊടുക്കാറുള്ളൂ. ഡാക്ടർ ഹൂസ്റ്റനെപ്പോലെ വെള്ളത്തിന്റെ ഗുണദോഷം അറിയുന്ന ഒരു ശാസ്ത്രജ്ഞൻ വേറെ ഇപ്പോൾ ഇല്ലെന്നുള്ളതു നിശ്ചയമാണ്. സാധാരണ ഒരു കൊല്ലത്തിൽ ൧൩,൦൦൦ തരത്തിലുള്ള വെള്ളങ്ങൾ ഈ സ്ഥലത്തുവെച്ചു പരിശോധന നടത്താറുണ്ട്. ഈജിപ്ത് മുതലായ ദേശങ്ങളിൽനിന്നു കൂടി ഈ പ്രസിദ്ധനായ ഡാക്ടരുടെ അഭിപ്രായത്തെക്കൂടി അറിയേണ്ടതിന്ന വെള്ളത്തിന്റെ ഗുണദോഷത്തെ തിട്ടപ്പെ

അന്വേഷിച്ചു. പരമാർത്ഥം അന്വേഷിച്ചാൽ ലണ്ടൻ പട്ടണത്തിന്റെ ആരോഗ്യം ഈ മഹാപുരുഷന്മാരാൽ രക്ഷിക്കപ്പെടുന്നു എന്നു പറയാം.

ഇങ്ങനെ വെള്ളം ശുദ്ധിചെയ്യുന്നതിനു ഒരു പുതിയ വഴി കണ്ടെത്തിട്ടുണ്ട്. സ്വന്തമുള്ള സ്ഥലങ്ങളിലുള്ള വെള്ളം എടുത്തു തെറ്റില്ലാതെ കൊണ്ടുപോയി ശേഖരിച്ചാൽ സൂക്ഷ്മജീവസന്താനങ്ങളിൽ അതിലുള്ള സകലവിധ രോഗബീജങ്ങളും താനേ തന്നെ നശിച്ചുപോകുമെന്നാണ് ഇങ്ങനെ കണ്ടെത്തിട്ടുള്ള ഒരു പുതിയ വഴി.

ഒരു പുഴയിൽനിന്നു കുറെ വെള്ളം എടുത്ത് അതിൽ കോടാനുകോടി വിഷൂചികാബീജങ്ങളും കലക്കി. ഒരാഴ്ച കഴിഞ്ഞ് ആ വെള്ളം പരിശോധിച്ചപ്പോഴും അതിൽ കലക്കിയിരുന്ന രോഗബീജങ്ങളിൽ മിക്കതും ചത്തുപോയിരിക്കുന്നതായി കണ്ടു. പക്ഷേ! അതിനാൽ ശേഖരിച്ചുവയ്ക്കുന്ന വെള്ളത്തിലുള്ള സകലവിധ ബീജങ്ങളെയും നശിപ്പിച്ചു ശുദ്ധിചെയ്യുന്ന ജോലി പ്രകൃതിക്കു വിട്ടിട്ട് അതിൽ വേറെ ബീജങ്ങളും വന്നു ചേരാതിരിപ്പാൻ വേണ്ടുന്ന പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്ന ജോലി പ്രജകളെക്കൊണ്ടു വിട്ടുകൊടുക്കയാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

ഇപ്പോൾ ലണ്ടൻ പട്ടണത്തിൽ എല്ലാ പ്രദേശത്തും താമസക്കാരായവരും, അവർ ഉറ നിലയുള്ള മാളികയുടെ മുകളിൽ തന്നെയാണെങ്കിലും, അവരവരുടെ അകങ്ങളിലും മറ്റും എപ്പോഴും ചെറുതാകാതുള്ള ഒരു ടാപ്പ് തിരിച്ചാൽ വെള്ളം സുലഭമായി പ്രവഹിക്കുന്നതാണ്. എന്നാൽ ഈ വെള്ളം ശുദ്ധമാണോ, അതിനെവിടെനിന്ന വരുന്നു, ഇതാരാണ സംരക്ഷണ ചെയ്യുന്നത്, മുതലായ പരിശുദ്ധപ്രാതിനി-

ന്നാൽ അത്ര വേഗം ആലോചിക്കുന്നില്ല എത്രപേരു ജനങ്ങളിൽ പുറം പ്രജകളും എത്ര ചെയ്യുന്നു; ടാപ്പ് തിരിച്ചാൽ വെള്ളം വന്നില്ലെങ്കിൽ എന്താണ് ചെയ്യുന്നത്, എന്നും മറ്റുമുള്ള സംഗതികൾ ലണ്ടൻ നിവാസികളുടെ ആലോചനാവിഷയങ്ങളാകാറില്ല. ഭാരതത്തിൽ ഓരോരോ കാലത്തുണ്ടാകാറുള്ള ക്ഷാമം, വെള്ളത്തെ സംബന്ധിച്ചുള്ളതാകും ലണ്ടൻ പട്ടണത്തിലും ഉണ്ടാകുമെന്നുള്ള സംഗതി, അതിശയകരമായിട്ടുള്ളതാണ്. എന്നാൽ അപ്രകാരമുള്ള ഒരു ക്ഷാമം ഇക്കാലത്തെ സമയപ്പോൾ ലോകവാസങ്ങളിൽപോലും ഉണ്ടാകാതിരിക്കത്തക്കവണ്ണം ചെയ്തിട്ടുള്ള ഏർപ്പാടുകളെപ്പറ്റി മനസ്സിലാക്കാൻ ഇവയിൽ കിഞ്ചിൽപക്ഷം അറിഞ്ഞുകൂടാ.

വിസ്തീർണമുള്ള തെംസ്, ലീ, ഈ നദികളിൽനിന്നും, ഉറവുകളിൽ, അസംഖ്യ കിണറുകളിൽ, അസംഖ്യങ്ങളായ ചെറുതോടുകളിൽ, ഇവകളിൽനിന്നും പ്രത്യേകം കിഴക്കൻപ്രദേശങ്ങളിൽകൂടി വരുന്ന സമ്പാദിച്ചു വെള്ളം, പട്ടണം ഇടയിലുള്ള അനേക സ്ഥലങ്ങളിൽ കൂടെ ദീർഘമായ ജലസംഭരണങ്ങളെല്ലാം കഴിച്ചു ഒടുവിൽ എല്ലാ വെള്ളവും കൂടി ലണ്ടൻ പട്ടണത്തിൽ വന്നുചേരുന്നു എന്നുള്ള സംഗതികളും മുൻ ഉദ്ധരിച്ചിട്ടുണ്ടല്ലോ. ഈ കാര്യം മുഴുവൻ കാണേണ്ടതിനു ലണ്ടൻ ഇടത്തു സ്വന്തമായ ഒരു 'മെട്രോപ്പോളിട്ട ൻ' ജലവിതരണ ബോർഡിനാൽ ഭരണാധികാരത്തിനു ചേർന്നപ്പെട്ട പട്ടണങ്ങളും നാട്ടുപുറങ്ങളും എല്ലാംകൂടി കിടക്കുന്ന പ്രദേശം ഏകദേശം ൬൨൨ നാഴിക ദൂരമുള്ള അതിരായ 'ക്വീൻസ്ഗ്രീൻ' എന്ന സ്ഥലമാണ്; അവിടെനിന്നു വെള്ളം പകു

തൊട്ട് സമീപത്തിലുള്ള പട്ടണം വരെ ചെന്ന ൩൦ നാഴിക ദൂരത്തുള്ള കിഴക്കെ അതിരായ കടൽത്തീരത്ത് എത്ര നദികൾ ഉണ്ടോ അതിനാൽ ലണ്ടൻ പട്ടണത്തിലെ ജലനിവൃത്തിക്കുള്ള സകല ഏർപ്പാടുകളും കാണാവുന്നതാണ്. എല്ലാ ഭാഗങ്ങളിലും അസംഖ്യം കുഴലുകളിൽകൂടി പ്രവഹിച്ചുകൊണ്ടു പ്രധാനമായ ലണ്ടൻ പട്ടണത്തിൽ ചെന്നുചേരുന്ന ഈ വെള്ളത്തിന്റെ സഫലമായ കാലാവധിയും അനേകായിരം നാഴികകളിൽകൂടി ഒഴുകി പ്രവഹിച്ചു പ്രധാനമായ ഏറിയത്തിന്റെ ഫോർണത്തിനടിയിൽ ഇവിടെ ചെന്നുചേർന്ന കൊണ്ടിരിക്കുന്നു. ൩൦ നാഴിക നീളവും, ൩൦ നാഴിക വീതിയും ഉള്ളതും ആയ ഒരു അസാധാരണ ജലാശയമാണ് നമ്മുടെ രാജ്യത്തിൽ ചാതുര്യമായും ഏറ്റവും ഇന്ന് നമ്മുടെ ആശ്ചര്യത്തിൽ തോന്നുന്നതാണ്.

ഈ പട്ടണത്തിൽ ഒരു ദിവസത്തെ ചിലവിനു വേണ്ടതായ വെള്ളം മുഴുവനും ഒരു ദിക്കിൽ ശേഖരിച്ചാൽ ആ ശേഖരിക്കുന്ന പാത്രത്തിന്റെ ൪ ചതുരശ്രനാഴിക വിസ്താരവും ഒരു അടി ആഴവും വേണം. അപ്രകാരം ശേഖരിക്കുന്നതായാൽ ആ പാത്രത്തിൽ ഇംഗ്ലണ്ടിലുള്ള എല്ലാ പട്ടക്കപ്പലുകളും ഒന്നിച്ച് സഞ്ചരിപ്പാൻ ധാരാളം ഇടമുണ്ടാവുന്നതല്ലോ.

(ഒരു ഇംഗ്ലീഷു മാസികയിൽനിന്നു)

ആർ. പി.

ഒരാശ്ചര്യസംഭവം,

പാരീസ്സ് പട്ടണത്തിൽ താമസം ഉള്ള ഒരു വലിയ വൈദ്യനിൽനിന്ന് ഒരു ആശ്ചര്യസംഭവം പറയപ്പെടുന്നു. പല



മാസങ്ങളായിട്ടു അവിടെ ഒരു ഷാപ്പിൽ വളരെ ആൾക്കൂട്ടം കൂടിയിരുന്നു. അതിൽ കണ്ണാടികളും മറ്റും ഉണ്ടാക്കിവെച്ചിട്ടുള്ള കാഴ്ചകൾ നിരവധി കിടക്കുന്നതിൽ ഒന്നിനെക്കുറിച്ചു അവിടെ കൂടിയവരെല്ലാം ഉത്സാഹത്തോടു കൂടി സംസാരിച്ചിരുന്നു.

അതിലെ ഒരു ആൾ— ഞാൻ പറയുന്നതിൽ നിങ്ങൾക്കു വിശ്വാസമില്ലെങ്കിൽ ഞാനു ണ്ടു. ഇതിൽ രണ്ടായിരത്തോളം കണ്ണാടികൾ എനിക്കു ഗണികളിൽനിന്നു കിട്ടിയതാണ്. ഇതൊക്കെ ആരിലാണ് നിന്നും വളരെ സന്തോഷമാണ്. ഒരു ദിവസം പോലീസ്സുകാർ ഷാപ്പിൽ ചെന്നു ചെയ്ത കാര്യം അവൻ പറയുന്നത് നമ്മൾ ആരും വിശ്വസിക്കുന്നില്ലെങ്കിൽ അവൻ പറഞ്ഞതു ശരി. ഒരു ചെല്ലുകൊള്ളുന്നതാകട്ടെ.

കൂട്ടത്തിൽ ചെറിയ ആളായ ഒരു ഡോക്ടർ— എടോ! ഇതു ഞാൻ പറയില്ലയോ! ഈ കേട്ടത് ഗണികൾ പറഞ്ഞിട്ടാണെങ്കിൽ കാര്യം ശരിയായിരിക്കും. കാര്യത്തെക്കുറിച്ച് അറിയാൻ എനിക്കു സാമർത്ഥ്യമുണ്ടെങ്കിലും ഇതൊക്കെയെല്ലാം അറിയാൻ വഴിയില്ല. കണ്ടവർ എന്തു പറയുന്നു

ട്ടത്തിൽ നേടിയ ആദ്യത്തെ കണ്ടാക്കർ—
നിങ്ങളെപ്പോലുള്ളവരോ. പറഞ്ഞതു ശരിയായും ഇ
രിക്കാം. എന്തിനെയാണ് തീർച്ചപ്പെടുത്തുന്നത്
ക. ഒന്നും ഇല്ലാത്തത് ആളുകളുടെ പാ
ത്തിലെന്നതാണ് ആവശ്യം?

വൃദ്ധ്—ആയാൾ വന്ന ആസ്സുരിൽ എ
ന്നും. പറഞ്ഞ വേഷം മുഴുവൻ മാറിപ്പോ
യിരിക്കെ. റഷ്യക്കാരുടെ അരാജക കാ
ര്യങ്ങൾ ആയാൾക്ക് വളരെ ഇഷ്ടമാണെ
ന്ന് ഗസ്റ്റീവ് എനിക്ക് എഴുതിയിട്ടുണ്ട്. ഉ
പായത്തിൽ ഉത്സാഹിച്ചാൽ നമുക്ക്
എങ്ങിനെയെങ്കിലും കണ്ടുപിടിച്ചു വേ
ണ്ടതു ചെയ്യാം. അകപ്പെടുവാനുള്ള സൂ
ക്ഷിക്കണം. എന്തായാലും ഇതു കളവാ
വാൻ തരമില്ല.

കണ്ടാക്കർ കുറെ ഉറക്കെ—സംശയമില്ല.
വളരെ നികൃഷ്ടന്മാരായിരിക്കാം. ഞങ്ങൾ ര
ണ്ടുപേരും കൂട്ടത്തോടെ ആയാളെ പി
ടിച്ചുകൊള്ളാം പേടിക്കേണ്ട.

ജർമ്മൻകാരനായ ഷോപ്പിനാറ്—പതുക്കെ
പറ. ഇവിടെ നമ്മൾ മാത്രമല്ലെന്ന ഓ
ർമ്മവെയ്ക്കണം.

കണ്ടാക്കർ (പതുക്കെ)— പോലീസ്സുകാ
രോ ഒറ്റുകാരോ ആരുമറിയാതെ കണ്ടുപിടിച്ചാ
തെ ഈ അപകടസ്ഥലമായ പാരീ
സ്സിൽ വന്ന നമ്മുടെ എതിരാളിയേയും
കണ്ടു മാറ്റിപ്പോവാൻ ആയാൾക്ക് സാ
ധിക്കുമെന്ന വിചാരമുണ്ടോ?

വൃദ്ധ്—ആയാൾ വേഷം മാറാൻ നല്ല മി
ടുക്കനാണ്. കച്ചവടം, തോട്ടം, ക
ളിവെടി മുതലായ തമാശകളിലെല്ലാം
പട്ടാളക്കാരന്റെ മാതിരിയിൽ ആയാൾ
എത്തുമെന്ന്.

അവർ പിന്നെയും കാര്യമായി സം
സാരിച്ച ശേഷം ഷാപ്പുകാരന്നു പണം കൊ
ടുത്തു ഷാപ്പുവിട്ടു പിരിഞ്ഞുപോയി—

* * * * * * *

എം. ഗസ്റ്റീവ് ആദ്ധ്യാൻ എന്നാളു
ടെ വീട്ടു സാമാനങ്ങൾ തിരഞ്ഞു നിശ്ശബ്ദമായിരുന്നെ
ങ്കിലും അടുത്തു വരാൻ പോകുന്ന അടിയ
ന്തരത്തെ ഉദ്ദേശിച്ചു വലിയ തിരക്കായിരി
ക്കുന്നു. റഷ്യാചക്രവർത്തിയുടെ എഴുന്നള്ള
ത്തും അതിന്റെതന്നെ അനുഷ്ഠാനവും നട
ത്താൻ പോകുന്ന ആഘോഷവും മറ്റുമു
ള്ളതായ വിഷയത്തെപ്പറ്റി മാത്രം പലരും
ആളുകളുടെ ഇടയിൽ സംസാരമില്ല.

അടിയന്തരത്തിന്ന അല്പദിവസം മു
മ്പെ ഗസ്റ്റീവ ആദ്ധ്യാൻ ഒരു വ്യവഹാരാവ
ശ്യാർത്ഥം വക്കീലിനെ കാണ്മാൻ പോയി.
വക്കീൽ ഗസ്റ്റീവിന്റെ ഉററ സ്നേഹിതനാക
കൊണ്ടു അന്നത്തെ പ്രകാരം തന്നെ അന്നത്തെ
ത്തിന്ന ആയാൾ അവിടെ താമസിച്ചു. ഭ
ക്ഷണത്തിന്ന ശേഷവും അവർ തമ്മിൽ
കുടിച്ച രാജ്യത്തെ കാര്യങ്ങളെപ്പറ്റി പല
തും സംസാരിച്ചുകൊണ്ട് അധികനേരം
ഇരുന്നു. സംസാരവിഷയത്തിലുള്ള അതി
ശ്രദ്ധകൊണ്ട് ആദ്ധ്യാൻ നേരം പോയത
റിഞ്ഞില്ല. സംഗതിവശാൽ ചുമരിന്മേലു
ള്ള നാഴികമണി ഇടക്കൊന്ന നോക്കിയ
പ്പോൾ പന്ത്രണ്ടുമണി കഴിഞ്ഞിരിക്കുന്നു.

'ഹാ ദൈവമേ!' എന്ന് പറഞ്ഞുകൊണ്ട്
ആദ്ധ്യാൻ ചാടിയെഴുന്നേറ്റു. 'പോ
വാൻ വൈകി. എന്റെ ഭാര്യ എന്നെ പ
രിഭ്രമിച്ചിരിക്കും. നിങ്ങളുടെ ഭവനം വളരെ
വിശേഷം. എന്നി ഇങ്ങിനെ വേണ്ട. സലാം.
ഈ രാത്രി ഇത്രവരെ സന്തോഷിപ്പിച്ചതി
ന്ന് ഞാൻ നിങ്ങൾക്ക നന്ദി പറയുന്നു'
എന്ന പറഞ്ഞു.

വക്കീൽ—സലാം. ഞാൻ അനേകം ബഹുമാ
നം നിങ്ങളുടെ ഭാര്യയോടും പറയണം.

വക്കീലിന്റെ വീട്ടിൽ നിന്ന പുറ
പ്പെട്ടിറങ്ങി ആദ്ധ്യാൻ തന്റെ വീട്ടിലേക്ക
തിരിച്ചു. പോകുന്ന സമയത്തിലെല്ലാം ഒന്നു

ഫലിതമായി അല്പം മുമ്പു ചെയ്തിരുന്ന സംഭാഷണത്തെപ്പറ്റി ആലോചിച്ചിരുന്നതുകൊണ്ടു വെളിച്ചം കുറഞ്ഞ ഒരു തെരുവിൽ എത്തിച്ചേരുന്നതുവരെ വഴിതെറ്റിയതായി അറിഞ്ഞില്ല.

താനിക്കു പോകേണ്ടുന്ന വഴിക്കു തന്നെ മടങ്ങാൻ തുടങ്ങിയപ്പോൾ ആയാൾക്കു ഒരഭിപ്രായം തോന്നി. ഒരു മൂലെ വലിയൊരു വീടു തീവെച്ചു കിടക്കുന്നുണ്ട്. അതു ചെന്നു നോക്കിയതിനു ശേഷം വല്ല ചെറുവഴികളിലും കൂടി വീട്ടിലേക്കു വഴിച്ചു എത്തിച്ചേരാമെന്നു നിശ്ചയിച്ചു. നിശബ്ദന്മാരായി പാർക്കുന്ന ചില ആളുകളോടുകൂടി കൂടെ കടന്നു ഗസ്റ്റീവ് നിലവറയിലുള്ള എടുപ്പിന്നരികെ എത്തിച്ചേർന്നു.

കത്തിയ വീടു മുഴുവനും നോക്കിക്കണ്ട ശേഷം 'പൂധിയാഗാറിഡ്' വഴിയായി സ്വന്തം വീട്ടിലെത്തിച്ചേരാമെന്നു നിശ്ചയിച്ചു നടന്നു. ആ തെരുവിൽ എത്തിയ ഉടനെ തന്റെ മുമ്പിലായി രണ്ടാളുകൾ ബദ്ധപ്പെട്ടു പോകുന്നതു കണ്ടു. ഒരുത്തൻ നെടിയ ഒരാളാണ്. അവൻ നിറച്ചു നിറത്തിലുള്ള കുപ്പായമിട്ടിട്ടുണ്ട്. മറ്റവൻ അല്പം ഉയരം കുറയും. കറുത്ത കുപ്പായവും നീളെ തൊപ്പിയും ധരിച്ചിട്ടുണ്ട്.

അവർ പോയി തെരുവിന്റെ അറ്റത്തുള്ള ഒരു വീട്ടിന്റെ വാതിലിന്നു നേരെ എത്തിയപ്പോൾ രണ്ടാളുകൾകൂടി പുറത്തിറങ്ങിവന്നു. ഉടുപ്പുകൾ കണ്ടാൽ അവർ കൂലിക്കാരാണ്. അവർ നിറച്ചു കുപ്പായക്കാരനുമായി എന്തോ സ്വകാര്യം പറഞ്ഞു.

ആ സ്ഥലത്തു നിന്നു ഉടനെ ഒരു കലശലും 'സഹായിക്കണേ' എന്നുള്ള നിലവിളിയും കേട്ടു. മൂന്നാളുംകൂടി കറുത്ത കുപ്പായക്കാരനെ പിടിച്ചു തിരിഞ്ഞുനോക്കാതെ അകത്തേക്കു കൊണ്ടുപോകുന്നു.

നോക്കിയ സമയം ആ വീട്ടിൽ കടന്നപ്പോൾകൂടി കൊല്ലാൻ തുടങ്ങുന്നതാണെന്നു ഗസ്റ്റീവ് അറിഞ്ഞു. മുമ്പേ കയ്യിൽവെച്ച തോക്കിനെയോ സഹായിച്ചതായി അപ്പോൾ ഓർമ്മ വന്നു. ഗസ്റ്റീവ് ആ തെരുവിൽനിന്നു വാതിൽക്കു നേരെ തിരിച്ചു. കൊല്ലപ്പെടുന്ന ആളുടെ പുറം ചുമരിന്മേൽ ചാരിയിരുന്നു എന്നും ആയാൾ കയ്യിലുള്ള വടികൊണ്ടു കഴിയുമ്പോളൊക്കെ ശത്രുക്കളെ പ്രഹരിക്കുന്നുണ്ടെന്നും ഉണ്ടായിരുന്ന വെളിച്ചത്തിൽ ഗസ്റ്റീവിന്നു മനസ്സിലായി. തിക്കുതിരക്കിൽ കഴിയുന്നതെല്ലാം ആയാൾ നോക്കുന്നു. ജയം കിട്ടുന്നില്ല. മുന്നിലുള്ളവൻ ആയുധംകൊണ്ടു ഒരു വെട്ടി. ആ വെട്ടു ആയാൾക്കു തട്ടിക്കൊണ്ടില്ല. രണ്ടാമതു വെട്ടുന്നതിനു മുമ്പായി ഗസ്റ്റീവ്, കയ്യിലുള്ള കത്തികൊണ്ടു വെട്ടുന്നവന്റെ തലക്കടിച്ചു. അടികൊണ്ടു നിലവിളിച്ചുംകൊണ്ടു അവൻ നിലത്തു വീണു.

നിസ്സഹായിയായ ആ വിദേശിയെ വിചാരിക്കാത്തതായ തുണയാൽ രക്ഷ കിട്ടിയപ്പോൾ ഉടനെ തിരിഞ്ഞു മറ്റൊരു ശത്രുവിന്റെ മുഖത്തു വടികൊണ്ടൊന്നു പ്രഹരിച്ചു. അവൻ പ്രാണവേദനയാൽ കണ്ണു കാണാതെ ഒന്നു വട്ടം തിരിയപ്പോഴേക്കു ഗസ്റ്റീവിന്റെ മേടിയും ഏറ്റുകൊണ്ടു. കറുത്ത കുപ്പായക്കാരൻ നാമെന്തു കള്ളനെ പിടിക്കാനുള്ളവരെ ഒരുമിച്ചുവന്നോ ഗസ്റ്റീവ് അടിച്ചുകൊണ്ടു നിന്നു.

പെട്ടെന്നു ആ മൂന്നാൻ എടുത്തിട്ടു ആയുധംകൊണ്ടു കറുത്ത കുപ്പായക്കാരനെ ഒന്നു വെട്ടി. ആ വെട്ടു ചിലർക്കൊന്നു

ണ് കൊണ്ടത്. വിളക്ക കവിഞ്ഞുവീണു. അവിടെല്ലാം ഇരുട്ടായി. അവിടെ വെച്ച് ആളുകൾ തമ്മിൽ കാണാതെ ഒരു ഹോമമായി. ഗസ്സീവും ആ സാധുമനുഷ്യനും പുറത്തേയ്ക്കു കടന്നു. ഘാതകന്മാർ അവരെ പിന്തുടർന്നു. ഇവർ അവരെ പറ്റിക്കാൻ ഇടയാകാതെ ക്ഷണത്തിൽ നടന്നു ശത്രുക്കളിൽ നിന്നു മറഞ്ഞു. തെരുവിൽ കടന്നപ്പോൾ ചില നിരക്കൻമാരെയും കണ്ടു.

ആപല്പിതനായ ആ പുരുഷൻ ഗസ്സീവ് ആധാൻ്റെ കൈ മുറുകെ പിടിച്ചുകൊണ്ടു വിദേശികൾ പറയുന്നവിധമുള്ള ഒരു ഫ്രഞ്ചുഭാഷയിൽ ഇങ്ങനെ പറഞ്ഞു: 'മഹാശയ! ഞാൻ അസംഖ്യം അസംഖ്യം നന്ദി പറയുന്നു; നിങ്ങൾ തക്കത്താൽ ഇടയിട്ട് എൻ്റെ ജീവനെ രക്ഷിച്ചു. അല്ലെങ്കിൽ ഇന്ന് എൻ്റെ കാര്യം പറയേണ്ടതായിരുന്നു. ഇതിന്നു നിങ്ങളോട് ഒരു നന്ദി കാണിക്കേണ്ടതെങ്ങനെയാണെന്നു ഞാനറിയുന്നില്ല.'

'ഛ, ഛേ. ഇതെന്താശ്ചര്യമോ?' ആധാൻ—ഞാൻ ഒരു വയസ്സൻ പട്ടാളക്കാരൻ. എൻ്റെ മുമ്പാകെ വെച്ച് ഒരാളെ കൊല്ലുന്നതിന്നനുവദിക്കുമോ? അതുണ്ടാവില്ല. അതു നിൽക്കട്ടെ. നിങ്ങൾക്ക മുറി എന്തെങ്കിലും പറ്റീട്ടുണ്ടോ? അതുകൊണ്ടാണ് എനിക്ക പേടി' എന്നു പറഞ്ഞ് ആധാൻ ആ വിദേശിയെ നോക്കിയപ്പോൾ ആയാളുടെ കവിൾപ്പുറത്തിന്മേൽ ചോര കൊണ്ടു കറുത്ത പാടു കണ്ടു.

വിദേശി—ഇതൊരു വാളിപ്പു മാത്രമാണ്. അതിലധികമൊന്നുമില്ല. കള്ളൻ എന്നെ കൊല്ലാൻ പുറപ്പെട്ടപ്പോൾ കത്തിന്ന ആരോ തട്ടിയടിച്ചു. അതിനാൽ അവൻ്റെ കത്തികൊണ്ട് എൻ്റെ മുഖത്തിൽ കുറച്ചു തൊലിപോയതേ ഉള്ളൂ.

ആധാൻ—എന്നാലും നിങ്ങൾ ഉടനെ ഒരു ഡാക്ടറെ കാണണം. ഒരു ചെറിയ മുറിവായാലും അശ്രദ്ധയാലും അപായകരമായിത്തീരുമെന്ന് ആരും നിശ്ചയിക്കാൻ വയ്യ. എന്നാൽ ഇതു എളുപ്പത്തിൽ സാധിക്കാവുന്ന കാര്യമാണ്. ഇതിൻ്റെ അടുത്ത തെരുവിൽ ഒരു ഡാക്ടറുണ്ട്. നിങ്ങളെ ഞാൻ കൂട്ടിക്കൊണ്ടു പോവാം.

വിദേ—അതിന്നു ലേശവും ആവശ്യമില്ല. എനിക്കു തിടുക്കമുണ്ട്. തെല്ലു കഴുകാൻ കുറച്ചു വെള്ളവും അല്പം പ്ലാസ്റ്റർ ഷീലയും ഒരു ഗ്ലാസ്സു നല്ല ബ്രാണ്ടിയും കിട്ടിയാൽ എൻ്റെ കാര്യമെല്ലാം നേരെയായി. എന്നിട്ട് ഇതിലെ ആദ്യം വരുന്ന വണ്ടി പിടിച്ചു ഞാൻ എൻ്റെ ഹോട്ടലിലേക്കു പോകയാണ്.

ആധാൻ—എന്നാൽ നിങ്ങളുടെ ഇഷ്ടം പോലെ. ഇവിടെ അടുത്ത് ഒരു വണിപ്പുരയുണ്ട്. നമുക്ക അങ്ങോട്ടു പോവാം.

ആ ഇരുണ്ട തെരുവിൽ നിന്നു ഗസ്സീവ് ആധാൻ ആ മനുഷ്യനെ വെളിച്ചവും നല്ലവണ്ണമുള്ള ഒരു വഴിക്കു കൊണ്ടുപോയി. അപ്പോഴാണ് ആധാൻ മാറ്റളെ നല്ലവണ്ണം കണ്ടത്. ആ മനുഷ്യൻ സാധാരണക്കാരുടെ ഉയരത്തിൽ നിന്ന് അല്പം ഏറുകയുള്ളവനും മിന്നുന്ന തലമുടിയും കറുത്ത കണ്ണുകളുമുള്ളവനുമാണ്. രാത്രി സമയത്തെ ഉടുപ്പാണ് ധരിച്ചിട്ടുള്ളത്. അന്നത്തെ കലഹം നിമിത്തം അതും മണ്ണിൽ വീട്ടിട്ടുണ്ടെങ്കിലും ഉടുപ്പുകൾക്ക നിറമുണ്ട്. വിലക്കൂടിയതാണെന്നതിലേക്ക ആധാന്ന ഉൾക്കണ്ണു കലുഷമാകയാൽ ആരെന്നു ചോദിപ്പാൻ ശ്രദ്ധവെച്ചു തുടങ്ങി. ആയാൾക്ക ആധാൻ്റെ

ചോദ്യങ്ങളിൽ തൃപ്തിവരാതെയായത്. അദ്ദേഹം ഇങ്ങിനെ പറഞ്ഞു:

"പാരീസ്സിലുള്ള കന്നന്മാരുടെ ചതിയിൽ തെരുവയിൽ സംശയം തോന്നപ്പെട്ട ഒരാളെ രാത്രിയിൽ അസമയത്തു പോക്കറ്റിൽ കണ്ടാൽ കാണാൻ ഇടവരാതിനാൽ നിങ്ങൾക്ക് ആശ്ചര്യം തോന്നാവുന്നതാണ്. ഇതിലെല്ലാ കാരണമെന്തെന്നാൽ, ഞാൻ നാടകം കഴിഞ്ഞിട്ടു ഹോട്ടലിലേക്കു നടന്നു പോവുമ്പോൾ വെച്ച്, ഇരുട്ടിൽ വഴി പിഴച്ചു. വഴിയിലൊരുവനോടു 'ഡ്യൂലോവർ' ഹോട്ടലിലേക്കു വഴി ചോദിച്ചു. അവൻ വഴി പറഞ്ഞുതരാമെന്നു പറഞ്ഞു കൂട്ടംകൊണ്ടു നിന്നു കുപ്പായമിട്ട ഒരു കള്ളൻ അടുത്തുവന്നു എന്നെ ഹോട്ടലിൽ കൊണ്ടാക്കാമെന്നോതി. ആ വിദ്വാന്റെ ലൌകികം കണ്ടപ്പോൾ ഞാനൊരു സംശയിച്ചു. അവനൊന്നിച്ചു കുറെ നാഴികനേരം നടന്ന ഒരു ഒഴിഞ്ഞ തെരുവിലെത്തിയപ്പോഴേക്കു കുറെ അവരെ പേരെയും കണ്ടെത്തി. അതിലൊരുത്തൻ എന്നോടു 'വിലകൊണ്ട കത്തിയുണ്ടോ' എന്നു പറഞ്ഞു. തിരിച്ചുപോട്ടുകൊള്ളാമെന്നു ഞാൻ പോക്കറ്റിൽ കയ്യിട്ടപ്പോഴേക്കും ഉടൻ അവരെല്ലാം കൂടി എന്നെ പിടികൂടിക്കളഞ്ഞു. ശേഷമെല്ലാം നിങ്ങൾക്കു വിശദമാണല്ലോ. തല്ക്കാലം നിങ്ങളുടെ ഉചിതസഹായമില്ലായിരുന്നെങ്കിൽ എന്റെ കാര്യം കഷ്ടമാവുമായിരുന്നു."

ആനന്ദൻ—എനിക്കു ആശ്ചര്യം തോന്നുന്നു. അവരാരായിരിക്കും? കവർച്ചക്കാരാണെന്നാണു തോന്നുന്നത്. എന്നാൽ ഈ പാരീസ്സിലെ തെരുവുകളിൽ മനുഷ്യർ ജീവനെ നേരെ സൂക്ഷിപ്പാൻ പ്രയാസമായി വരുന്നതു വലിയ പോരായ്മതന്നെ. നമ്മുടെ പോലീസ്സിനു എത്ര പിന്നെയുമെന്നു ആലോചിച്ചിട്ടും എനിക്കു മനസ്സിലാകു-

ന്നില്ല. ഇതിനെ ചില സംശയങ്ങൾ പ്പോൾ ദിവസവും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

വിദേശീയൻ—അവിടെ ഒരു വലിയ കഥയാണ്. എന്റെ പേരെഴുതിയ കാർഡു തരാം. നിങ്ങൾ എനിക്കു ചെയ്തിട്ടുള്ള ഉപകാരം നിമിത്തം ഇവിടംവിട്ടു പോകുന്നതിനു മുമ്പായി ഒരിക്കൽകൂടി നമുക്കു വരാനായി നിങ്ങളെ കാണുന്നതു സന്തോഷമാണ്.

ആനന്ദൻ കാർഡു വാങ്ങി, തന്റെ കാർഡ് അവനോടും കൊടുത്തു. അപ്പോൾ തന്നായ ഒരു മനുഷ്യൻ ഉടനെ വണ്ടിയിൽ കേറി ഇരുന്നു യാത്രയും ചെയ്തു. ആനന്ദൻ തനിക്കു കിട്ടിയ കാർഡു വായിച്ചു. അതിൽ 'മേർഡ്' ജെയിംസ് ചാറ്റർട്ടൻ എന്നായിരുന്നു.

'ആശ്ചര്യം! ഇതെന്തു!' എന്നു ആനന്ദം ഉച്ചരിച്ചു. ആനന്ദൻ പ്രജാധനം (Republic) ത്തിൽ സ്ഥിരമായിപ്രയത്നകനായ പ്രമുഖന്മാരെയും കുറെക്കുറെ ഒരു അഭിമാനം കാര്യമെങ്കിലും വിദേശീയനായ ഈ പ്രഭുവിന്റെ മേൽ നിരാശതോന്നിയില്ല.

ആനന്ദൻ വീട്ടിലെത്തി മാതൃകാന്തിമിണ്ടതെയായിരുന്നു. അവളോടു ഈ കഥകളെല്ലാം വർണ്ണിച്ചു. തന്റെ ഭർത്തൃപ്രിയൻ അതിശയാധിക്യകാരനായ ഒരു പ്രഭുവിന്റെ ജീവരക്ഷയ്ക്കുവേണ്ടി അപായമനുഭവിക്കത്തക്ക പ്രവൃത്തികൾ ചെയ്തുവെന്നു അവൾ ഒട്ടും അത്ഭുതപ്പെട്ടില്ല. അവൾ ഭർത്താവിനു പുതിയ ഉടുപ്പും വെള്ളവും കൊടുത്തു ശയനത്തിൽ കിടക്കാൻ നിർബ്ബന്ധിച്ചു.

പിറ്റെ ദിവസം രാവിലെ ഗ്രൂസ്സ് ആനന്ദൻ ജെയിംസ് പ്രഭുവിനെ അന്വേഷിപ്പാനായി ഡ്യൂലോവർ ഹോട്ടലിലേക്ക

ഭോജനം. ജെയിംസ്പ്രഭു ആയാളെ സ്വന്തം മുറികളിലേക്ക കൂട്ടിക്കൊണ്ടു പോയി. പാഡിംഗ്ടൺ പ്രഭുവിനെ അറിയുന്ന ഇംഗ്ലീഷുകാരൻറെ കോടിയിലാണ് ആയാൾ കണ്ടത്. തലനാളത്തെ മുറി നിർമ്മിതം തടകരിക്ക പ്ലാസ്റ്റർ ശീലകൊണ്ടോ കെട്ട വിലക്ഷണവിധിയായിരുന്നു. രണ്ടാമത്തെ മുറിക്കുള്ളത് അത്ര വിശാലമല്ലായ്കയാലും അതിന്ന സാരമില്ലാത്തതാകുന്നു എന്ന ആയാൾ പറഞ്ഞു. പിന്നെ അല്പനേരം സംസാരിച്ചതിന്നുശേഷം 'ജോസെഫ്ഫുവേണം' എന്ന ജെയിംസ് കേൾപ്പിച്ചതിൽ ഇഷ്ടപ്പെട്ട പക്ഷം ഞാനൊന്ന് ആലോചിച്ചതിന്റെ ഒന്നാമതെ തന്റെ വീട്ടിലാക്കേണമെന്ന് ആയാൾ ആവശ്യപ്പെട്ടു. ജെയിംസ് അത് ഉടനെതന്നെ സ്വീകരിച്ചു. ആയാൾ യാത്ര പറഞ്ഞിറങ്ങി.

ആറ മണിക്ക ജെയിംസ് പാഡിംഗ്ടൺ പ്രഭു ആയാളുടെ വീട്ടിലെത്തി. ആ വീട്ടുകാരെല്ലാം വലിയതായ സ്നേഹിതന്റെ നിലയിൽ ആയാളെ സ്വീകരിച്ചു. ജെയിംസിന്ന വളരെ സന്തോഷമായി. ആദ്യത്തെയുള്ള സംസാരത്തിൽ നിന്ന ആയാൾ എല്ലാ രാജ്യങ്ങളിലും സഞ്ചരിച്ചിട്ടുണ്ടെന്നും എല്ലാ ആളുകളുടേയും സ്വഭാവം അറിഞ്ഞിട്ടുണ്ടെന്നും അതുകൊണ്ട് ഒരു സമർത്ഥനാണെന്നും മറ്റും ആയാളെ കണ്ടാൽ തോന്നി. ആയാൾ നിശ്ചയത്തെ ലക്ഷ്യമാക്കുന്നെന്നും ആയാളെപ്പറ്റി ആരും ദുഷിച്ചിട്ടില്ലെന്നുതന്നെയാണ് ആയാളിന്റെ അഭിപ്രായമെന്നും ഇവർ മനസ്സിലാക്കി. ആയാളുടെ മകൻ 'ജോസഫ്' അതിഥിയായ ആ ആഢ്യൻ യുവാവിന്റെ നേരെ അത്യന്തം തൃപ്തിപ്പെട്ടു. പൂർവന്മാരുടെ യോഗ്യതകളെപ്പറ്റി ആയാളോട് ഓരോ അഭിപ്രായം പറഞ്ഞുകൊണ്ടിരുന്നു. ഇംഗ്ലണ്ടിൽ ഒരു പ്രഭുവിന്ന യോഗ്യതയേറിയ ഒരു സമ്പാദ്യമില്ലെങ്കിൽ വലിയതായ രാജധാനി, സൈന്യം പണം ഇതെല്ലാം ഉണ്ടായിരിക്കുമെന്ന അഭിപ്രായമില്ലെന്ന്. അതിനാൽ ബുദ്ധിയുള്ള അഭിപ്രായം ആലോചനയെപ്പറ്റി നിശ്ചയിക്കാൻ അവകാശമുള്ളതാണോ?

ഭോജനം കഴിച്ചുതുടങ്ങി. ആദ്യത്തിൽ ജെയിംസ്പ്രഭു വളരെ ഉത്സാഹത്തിൽ സംസാരിച്ചിരുന്നുവെങ്കിലും ഏതു വിഷയത്തെപ്പറ്റി പറയുന്നതായാലും അത്ര വളരെ വിസ്തരിച്ച് പറയുന്നതാകയാൽ ക്രമേണ ഒരു ലഘുവിരുന്നായിരുന്നു. അക്കാലത്ത് ആവിടങ്ങളിൽ പ്രധാനമായി സംസാരിച്ചുവന്നിരുന്നത് റഷ്യാചക്രവർത്തിയുടെ ആഗമനമായിരുന്ന പ്രധാന വിഷയം. രാജ്യഭരണകാര്യങ്ങളിൽ ഒരു പുസ്തകത്തിലും വിട്ടുകളവാൻ ഭാവമായിരുന്നില്ല.

ആയാൾക്ക മാത്രം റഷ്യാചക്രവർത്തിയെപ്പറ്റിയുള്ള വിവരം വർത്തമാനപത്രങ്ങളിൽ നിന്ന അറിവുള്ളതിന്ന പുറമെ ചില്ലറയായ അധികം സംഗതികളും ജെയിംസ് പറഞ്ഞുകൊടുത്തു.

ജെയിംസ് പറയുന്ന കൂട്ടത്തിൽ താൻ സാറിനെ (റഷ്യാചക്രവർത്തിയെ) നേരിട്ട് കണ്ടിട്ടുണ്ടെന്നും തനിക്ക ആലോചനയിൽനിന്ന സമ്മാനം ലഭിച്ചിട്ടുണ്ടെന്നും പ്രസ്താവിച്ചപ്പോൾ ആയാൾക്ക മാത്രം വളരെ ബഹുമാനം തോന്നി. അതിന്മേൽ ആ ഇംഗ്ലീഷുകാരൻ പ്രത്യേകം ശ്രദ്ധ വെച്ചില്ല. ആയാളും മറ്റും ജർമ്മൻകാരെപ്പറ്റി ചില ചോദ്യങ്ങളാണ് ആദ്യം ചോദിച്ചു തുടങ്ങിയത്.

ആയാൾ— റഷ്യ പ്രഭുക്കന്മാരുടെ മനസ്സ
റിവും കോമളസ്വഭാവവും ഇംഗ്ലണ്ടിലെ ജ
ർമ്മൻകാരുടെ ക്രൂരതയും തമ്മിൽ ഒ

ത്തിനെ താരതമ്യപ്പെടുത്തൂ.? ശാവർ കാട്ടുകോഴിയെപ്പോലെയുള്ള ഒരു കെയിസരെ (ചക്രവർത്തിയെ) പ്പറ്റി പറയുന്നതു കേൾക്കുമ്പോൾ എത്ര പ്രത്യേകമായ ദേഷ്യം വന്നു തല താഴ്ത്തിക്കുന്നതാണ്.

ആഡ്യാൻ്റെ മാതൃ— അതെ. തല താഴ്ത്തുകം. സംശയമില്ല.

ആഡ്യാർ— എത്രമാത്രമോ! ഒന്നാമിടയത്തിൽ കെയിസറിന്റെ ഉള്ളിലുള്ള കാപട്യമാലോചിച്ചാൽ ഫ്രാൻസിൽ ഒരു ഭീമമായ നടക്കാൻ പോകുന്ന അടിയന്തരത്തിലൊന്നുള്ള അതൃപ്തിയെക്കാൾ അധികം അതൃപ്തി ഒരു പ്രത്യേകമാണ്.

ആഡ്യാൻ്റെ ഈ രോഷംപോലെ കേട്ടപ്പോൾ ഇംഗ്ലീഷുകാരനായിട്ടു ജെയിംസ് ചെയ്യാതെ ചിരിച്ചു.

ജെയിംസ്— (അല്പം ഗൗരവത്തോടെ) നിങ്ങൾ ജർമ്മൻകാരെയും ചക്രവർത്തിയേയും ഇതു കണ്ട് അധിക്ഷേപിക്കുന്നതെന്താണ്?

ആഡ്യാർ— ജർമ്മൻകാർ പൊതുവേ കള്ളന്മാർ. 1890-നു ശേഷമുള്ള എല്ലാ പ്രത്യേകമായാണ് ജർമ്മൻകാരെ അധിക്ഷേപിക്കാതിരിക്കുക; അവരുടെ ചക്രവർത്തി ഒരു തൊപ്പിയും കള്ളനുമാണ്. നാട്ടുകാർ ചെയ്യുന്ന തെറ്റെല്ലാം ആയാൾക്കാക്കിത്തീർക്കണം. പക്ഷേ അതുപോലെ ആയാളുടെ വകയിൽ തന്നെയാണ്. ആകപ്പാടെ ഒരു വകതിരിവുമില്ല.

ജെയിംസ്പ്രഭു— പക്ഷേ യഥാർത്ഥത്തിൽ അദ്ദേഹം നിങ്ങൾ പറയുന്നതുപോലെയൊന്നുമല്ല. വളരെ രാജ്യതന്ത്രജ്ഞനും അദ്ദേഹത്തിനു ഭരിക്കാനറിയുന്നവനും പ്രജകൾ മിക്കതും രാജഭക്തന്മാരാണെങ്കിലും മതസ്വാതന്ത്ര്യത്തിലും അരാജകകക്ഷിയിലും പെട്ടവരും ഉള്ളതുകൊണ്ടു അദ്ദേഹം നടന്ന യുദ്ധങ്ങളിലെല്ലാമുള്ള കഥ നിങ്ങൾ തീരെ മറന്നിരിക്കുന്നു. ആദ്ദേഹം പ്രജാവത്സലനാണ്. പ്രജകളെ നന്മ വരുത്താൻ പല ശ്രമങ്ങളും ചെയ്യുന്നുണ്ട്. പക്ഷേ അവരിൽ ചിലർക്കുള്ള തൃപ്തിയില്ലായ്മ നിമിത്തം ആദ്ദേഹത്തിന്റെ ആഗ്രഹം മുഴുവനും നിറവേറ്റാൻ സാധിക്കുന്നില്ല എന്നേ ഉള്ളൂ.

ആഡ്യാർ— ആയാൾ ചെയ്യുന്ന പ്രസംഗങ്ങളിലും മറ്റും ഇതിനെപ്പറ്റിയൊക്കെ തന്നെയാണ് വിവരിക്കാറ്. ഇതു ശരിയാണെങ്കിൽ തന്നെ ആയാളുടെ ഉദ്ദേശം ഒരുവകയ്ക്കുമുള്ള ഒന്നാണെന്നു നമ്മൾ നാട്ടിൽ ഇതുകൊണ്ടൊന്നും സമാധാനമില്ല, എന്നും മാറിക്കൊണ്ടിരുന്ന ആ ഞങ്ങളുടെ കഷ്ടകാലത്തു എല്ലാം വെളിപ്പെട്ടതായിട്ടുണ്ട്.

ജെയിംസ്— ഞാൻ അദ്ദേഹത്തെ നേരിട്ടറിയുന്നതുകൊണ്ടു ഒരു കാര്യം നിങ്ങളെ വിശ്വസിപ്പിക്കാൻ എനിക്കു കഴിയും. അദ്ദേഹം നല്ലൊരാളാണ്. എന്തായാലും ഒരാൾ ഉപകാരം ചെയ്താൽ അദ്ദേഹം മറക്കില്ല.

ജർമ്മൻ ചക്രവർത്തിയെപ്പറ്റി പിന്നെയും ചില 'ആക്ഷേപങ്ങളെ' എടുത്തപ്പോൾ താൻ ഈ വിഷയത്തെപ്പറ്റി എന്തിനെങ്കിലും പറയാൻ വിചാരിക്കുന്നില്ലെന്ന് ഇംഗ്ലീഷുകാരൻ ഇളിച്ചുപറകയാൽ ആ വിഷയത്തെ നിർത്തിവെച്ചു.

സംഭാഷണം പിന്നെ സൈന്യവിഷയത്തിലേക്കു തിരിഞ്ഞു. ജെയിംസിനു മറ്റു കാര്യങ്ങളെപ്പോലെ അതിലും ധാരാളം അറിവുണ്ട്. പലസ്തീൻ സൈന്യങ്ങളുടെ ഇടയിൽ അടുത്തകാലത്തു നടന്നതായി ചില സൈനികാഭ്യാസങ്ങളെപ്പറ്റി അദ്ദേഹം വിവരമായി പ്രസംഗിക്കയും ജോലിയെപ്പറ്റി കാ

ണിക്കുകയും ചെയ്തു. പിന്നെ ഫ്രഞ്ച് രാജ്യമൊന്നാകെപ്പറ്റി വളരെ പ്രസംഗിച്ചു. ആ രാജ്യത്തിൽ മേലധികൃതന്മാർ നാട്ടുകാരിൽ ചെയ്യുന്ന അനാചാരങ്ങൾ, മറ്റുള്ള രീതികൾ, നിയമനിർമ്മാണത്തിന്റെ വശങ്ങൾ, ഇവയൊക്കെയെല്ലാം വളരെ ശ്ലാഘിച്ചു. വിദ്യാഭ്യാസകാര്യത്തെയും പറ്റി [illegible] ഫ്രഞ്ചുകാർ വിദ്യാഭ്യാസത്തെ പൊതുവിൽ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വിധത്തിലാണെന്നും അദ്ദേഹം ഗസ്റ്റീവിനോടു വിവരിച്ചു.

ഭക്ഷണം കഴിഞ്ഞശേഷം ജോസെഫിൻ (ആസാദിന്റെ [illegible]) വിശേഷമായി ഒരു ഫ്രഞ്ച് പാട്ടുകൾ പാടി. അവയിൽ സംഗീതക്കാരി [illegible] ചില ദിക്കിൽ [illegible] [illegible] ജോയിസ് [illegible] സാധിതം സമ്മതിച്ചു.

എല്ലാംകൂടി ആസാദനും കഴിച്ചതിൽ [illegible] പ്രകൃതിയെപ്പറ്റി വളരെ ബഹുമാനം തോന്നി. അദ്ദേഹത്തിന്റെ അറിവും മറ്റും അസാമാന്യമായുള്ളതിനു പുറമെ [illegible] അധികം ഇണക്കമുള്ളയാളാണെന്നു കൂടി അവൾക്കു തോന്നി. അവരെ അതിഥി പറഞ്ഞു മണിക്കൂറോളം യാത്ര പുറപ്പെട്ടു.

ജോയിസ് പ്രഭ ആസാദിന്റെ കൈ പിടിച്ചു മാറോടു ചേർത്തു. "മിസ്റ്റർ ആസാദ്! ബുദ്ധികൊണ്ടു വിചാരിച്ചാൽ അവസാനിക്കാത്തതായ വലിയൊരു ഉപകാരമാണു നിങ്ങൾ എനിക്കു ചെയ്തിട്ടുള്ളത്. ഇതു ഞാൻ ഒരു കാലത്തും മറക്കുന്നതല്ല.

നിങ്ങളെത്തന്നെ ഇതിന്റെ വലുപ്പം മുഴുവൻ അറിവാൻ കഴിയില്ല. എന്നാൽ ഞാൻ വെടിപ്പായി അറിയുന്നു. ഞാൻ എന്നി പാരീസ്സിലേക്ക് വരികയോ വരാതായാൽ തന്നെ എത്രകാലം കഴിഞ്ഞാലും എന്നോ ഉപകാരം അർഹിക്കാത്തതിനാൽ വളരെ ഒരു മുതലെങ്കിലും നിങ്ങൾക്ക് ഞാൻ കടപ്പെട്ടിട്ടുള്ള ഈ കഥ ഒരു കാലത്തും മറക്കുന്നതല്ല."

ഇതിനെ പറഞ്ഞതിനു ശേഷം ആ മാന്യമഹിളാ യാത്ര പറഞ്ഞു പിരിഞ്ഞു.

* * * * *

മേൽ വിവരിച്ച സംഭവത്തിനു ശേഷം കുറച്ചു ദിവസങ്ങളും കഴിഞ്ഞു. രാജ്യാവകാശിയുടെ ആഗമനോത്സവം നിമിത്തമുള്ള തിരക്ക് കലശലായിത്തുടങ്ങി. അതതായ വിധം തെളിച്ചപ്പോൾ കൂട്ടങ്ങളായും പാരീസ്സിൽ നടന്ന ആഘോഷത്തിനു ചക്രവർത്തി വന്നിരുന്നുവെന്നും പാരീസ്സിലുള്ള പ്രധാനസ്ഥലങ്ങളിലെല്ലാം എത്തിട്ടുണ്ടെന്നും സംസാരമായിരുന്നു. ഗവണ്മെന്റുദ്യോഗസ്ഥന്മാർ അതിനു എതിരില്ല പറഞ്ഞിരുന്നു. നമ്മുടെ ഗസ്റ്റീവ് ആസാദ് ഇതുകേട്ടപ്പോൾ വളരെ പരിഹസിച്ചു.

ചില സ്നേഹിതന്മാർ കൂടിയ ദിക്കിൽ വെച്ച് ആസാദ് പറഞ്ഞു: 'കൂട്ടത്തിൽ ഞാനും ആഘോഷിക്കേണ്ടതായിരിക്കും; എന്നാൽ ഞാൻ കൈകൊടുത്തിരുന്നുവെങ്കിൽ വിരോധമില്ലായിരുന്നു. എന്നു എനിക്ക് തീർച്ച പറയാം'.

ഇനിയുള്ളതിൽ വാസ്തവമായിട്ടാണുകൊണ്ടു ആസാദിന്റെ ധൈര്യം പറയുവാനും ആരും ധൈര്യമുണ്ടായിരുന്നില്ല.

അധികദിവസം കഴിഞ്ഞില്ല. ആസാദ് ഒരു ദിവസം കടലാസ്സു വായിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ കാണ്മാൻ വന്നിട്ടുണ്ടെന്നു പറഞ്ഞ് ഒരു കാർഡ് കൊടുത്തു. കാർഡിൽ കാണുന്നതു പാരീസ്സിലുള്ള ഇന്ത്യൻപ്രതിനിധിയുടെ പേരായിരുന്നു.

"ഇതെന്തു; ഇന്ത്യൻ കമ്മീഷണർ എന്നെ കണ്ടിട്ടുള്ള ശേഷം? എന്തൊരാശ്ച

മംഗളോദയം

[illegible]

പുസ്തകം ൩.	വൃശ്ചികമാസം	ലക്കം ൪

മംഗളം

ശ്രീനാഥചന്ദ്രനിനദസിംഹാസിവഃസ്സുമെല്ലാം
നാനാതരംഗവടിവുപൂണ്ടപിനാകദൈവം
ശ്രീനന്ദമാതനമിനരക്ഷതിപാലയന്ത
മാനായർനിന്നതൊഴുതീടുകമാത്രയായ.

മലയാളനിഘണ്ടു



“ചേംബേഴ്സ് ട്വൻറിയത്ത് സെഞ്ചുറി ഇംഗ്ലീഷ് ഡിക്ഷ്ണറി എന്ന ഇംഗ്ലീഷ് നിഘണ്ടു മലയാളത്തിലേയ്ക്കു തൎജ്ജമ ചെയ്യുവാൻ താഴെ പറയുന്നവരോ ശ്രമിക്കുന്നു” എന്നുള്ളതു വളരെ യോഗ്യമായ കഴിഞ്ഞ ഭാഷാപോഷിണിസഭയിലെ ഒരു നിശ്ചയമാകുന്നു. മലയാളഭാഷാഭിവൃദ്ധിക്കു ഈ നിശ്ചയംകൊണ്ട് ഇപ്പോൾ വല്ലതും പ്രയോജനമുണ്ടെന്ന തോന്നുന്നില്ല. വേണ്ടാത്തവിധത്തിലുള്ള ഒരു നിഘണ്ടുവിനെ സമ്പാദിക്കയാണ് നമ്മുടെ ഭാഷയുടെ ഇപ്പോഴത്തെ സ്ഥിതിക്കു അതിലേറെ ആവശ്യമായിരിക്കുന്നത്. ഒന്ന തൽക്കാലം അനാവശ്യമാകുന്നുവെന്നും മറ്റേത് അത്യാവശ്യമാകുന്നുവെന്നും ഉള്ള ഒരു സംഗതികളെപ്പറ്റി കാരണത്തോടുകൂടി നിരൂപിക്കുവാനാണ് ഇവിടെ ഭാവിക്കുന്നത്.

ചേംബേഴ്സ് ട്വൻറിയത്ത് സെഞ്ചുറി ഇംഗ്ലീഷ് ഡിക്ഷ്ണറി എന്ന ഗ്രന്ഥം വളരെ വിലപിടിച്ച ഒരു നിഘണ്ടുവാണെന്നതിന്ന യാതൊരു വാദവുമില്ല. പക്ഷെ അതിന്റെ ഭാഷാന്തരം ഉപയോഗിക്കുന്നതിനുള്ള യോഗ്യത മലയാളികൾക്ക ഒരു കാലത്തെങ്കിലുമുണ്ടാകുമോ എന്നതാണ്

സംശയിക്കുന്നത്. എന്തെന്നാൽ സംസ്കൃതഭാഷയിലോ ഇന്ത്യയിലുള്ള വേറെ ഭാഷകളിലോ ഇല്ലാത്തവയായ അനേകം നവീനശാസ്ത്രങ്ങളിലെ സാങ്കേതികശബ്ദങ്ങൾ ആ നിഘണ്ടുവിൽ കാണുന്നതാണ്. ആ വക ശാസ്ത്രങ്ങളുടെ സംജ്ഞാപദങ്ങൾ കൂടാതെ എങ്ങിനെയാണ് തത്സംബന്ധമായിട്ടുള്ള ഗ്രന്ഥങ്ങൾ തക്കതായ മലയാളപദങ്ങളിൽ തർജ്ജമക്കാരൻ ശ്രമിക്കുന്നത്? എങ്ങിനെയാണ് അവയുടെ അർത്ഥം ശരിയായി വിവരിച്ചു കാണിക്കുന്നത്? മേൽപ്പറഞ്ഞ ഇംഗ്ലീഷ് നിഘണ്ടു തർജ്ജമ ചെയ്യുന്നതിനു സഹ ആവശ്യപ്പെട്ടിട്ടുള്ള ഒരാൾ പലതും ഇംഗ്ലീഷുഭാഷയിൽ വിജ്ഞാനം സമ്പാദിച്ചിട്ടുള്ളവർതന്നെയാണ്. പക്ഷെ അവർ കേവലഭാഷാന്തരം ചെയ്യാതെ ശാസ്ത്രങ്ങളേയും മറ്റു വിഷയങ്ങളേയും സംബന്ധിച്ച് അനവധി ഗ്രന്ഥങ്ങൾ അതിൽ കാണുന്നതാകുന്നു. ഇക്കാര്യത്തിൽ ആശ്ചര്യപ്പെടുവാനൊന്നുമില്ല. എന്തെന്നാൽ പദങ്ങളുടെ വ്യാപാരം പദാർത്ഥങ്ങളെ പ്രകാശിപ്പിക്കുകയാണല്ലോ. മേൽപ്പറഞ്ഞവിധമുള്ള ശാസ്ത്രീയശബ്ദങ്ങളെക്കൊണ്ടു പ്രകാശിപ്പിക്കുന്ന പദാർത്ഥങ്ങളുടെ സ്വരൂപജ്ഞാനമുണ്ടാകുന്നതിനുള്ള യോഗ്യതയും അപ്രകാരമുള്ള ജ്ഞാനത്തെ അടിസ്ഥാനമാക്കി അസംഖ്യം വലിയ കാര്യങ്ങളെ ചെയ്യുവാനുള്ള ശക്തിയും, മലയാളിസമുദായത്തിന് അനവധി കാലത്തേക്കുണ്ടാകുന്നതല്ല. അപ്പോൾ ആ അവസ്ഥ സിദ്ധിക്കുന്നതിനു മുമ്പുതന്നെ ആ വക ശബ്ദങ്ങളെ മാത്രം റിക്കാർഡാക്കുവാൻ ശ്രമിച്ചിട്ടെന്താണ് പ്രയോജനം. പിന്നെ, നമുക്ക് ഒരുവിധത്തിലും ഒരിക്കലും ഉപയോഗമായിത്തീരാത്ത ആചാരവിഷയമായും മറ്റുമുള്ള അസംഖ്യപദങ്ങളേയും ഉൾപ്പെടുത്തുന്നതെന്തായി വരും. മറ്റുകൊണ്ടും വലിയ പ്രയോജനം കാണുന്നില്ല. അതിനും പുറമെ, മേൽപറഞ്ഞ ഇംഗ്ലീഷ് ഡിക്ഷ്ണറി മേലിലും നിലനില്ക്കുന്ന ഒരു ഗ്രന്ഥമാകുന്നു. വേണ്ടിവരുന്നതായാൽ അതിനെ ഭാഷപ്പെടുത്തേണ്ട ഭാഗം നമ്മുടെ ഇനിയത്തെ തലമുറക്കായി വിട്ടുവെച്ചാൽ അതുകൊണ്ട് ഒരു അവൈഷമ്യവും വരുവാനില്ല. ഭാഷയില്ലായ്ക്കായികൊണ്ട് ഇപ്പോൾ നാം ആവശ്യം ചെയ്യേണ്ടതായ കാര്യങ്ങൾ വേറെ അവധിയുണ്ടല്ലോ. നമ്മുടെ ഭാഷയിൽ ഇപ്പോൾ അനാവശ്യമായി കിടക്കുന്നതും കാലം ചെല്ലുന്തോറും നശിച്ചുപോകുന്നതുമായ നമ്മുടെ ഭാഷയിലുള്ള സ്വത്തിനെ രക്ഷിക്കുവാൻ ശ്രമം ചെയ്യുന്നതാണ് നമ്മുടെ ഇപ്പോഴത്തെ ചുമതല.

ഭാഷാപോഷിണിസഭയുടെ മുഖ്യമ ഉദ്ദേശം നമ്മുടെ ഭാഷയുടെ യോഗക്ഷേമവിചാരമാണ് എന്നു സിദ്ധമാണ്. യോഗമെന്നത് അപ്രാപ്യമായിരുന്ന അപേക്ഷിതവസ്തുവിന്റെ പ്രാപ്തിയാകുന്നു; ക്ഷേമമെന്നതു സിദ്ധമായിരിക്കുന്നതിന്റെ പരിപാലനം. യോഗക്ഷേമങ്ങൾ സമസ്തപദത്തിൽ യോഗശബ്ദമാണ് മുമ്പിട്ടിരിക്കുന്നതെങ്കിലും സിദ്ധമായിരിക്കുന്നതിന്റെ പരിപാലനത്തെ ചെയ്തുകൊണ്ടു വേണം അപ്രാപ്യമായിരുന്ന അപേക്ഷിതവസ്തുവിന്റെ ലാഭത്തെ ഉണ്ടാക്കുവാൻ എന്നുള്ളത് ഏറ്റവും അനുഭവംകൊണ്ടു സിദ്ധമായിട്ടുള്ള സംഗതിയാകുന്നു. തോട്ടമായിത്തീരാതെ പുല്ലുപിടിച്ചു കാടായികിടക്കുന്ന ഒരു തോട്ടത്തെ വിലയ്ക്കു മേടിച്ചു വേണ്ടപോലെ തെളിച്ചു നന്നുവരുന്നതിനു മുമ്പായി പുതിയതായ ഒരു തോട്ടത്തെ സമ്പാദിക്കുകയാണ് ചെയ്യുന്നത് എന്നു വല്ല കൃഷിക്കാരനും

പ്രയോഗപ്പെടുമെന്ന തോന്നുന്നില്ല. ഇതിനെ എല്ലാ കാൎയ്യത്തിലും. സൂത്രം ശോധിക്കുന്നതായ ഈ നിഘണ്ടുവിനെ നോക്കിയാൽ ഗോകൎണ്ണം മുതൽ കന്യാകുമാരി വരെയുള്ള മലയാളരാജ്യത്തിൽ പല പ്രദേശങ്ങളിലായി പലവിധം തൊഴിലുകളെ ചെയ്തുകൊണ്ടും പലവിധം ആചാരങ്ങളെ അനുസരിച്ചും വാസം ചെയ്യുന്നവരായ മലയാളികളായ നാനാജാതിക്കാരും ഇപ്പോൾ ഉപയോഗിക്കുന്നതായ സകല ശബ്ദങ്ങളെയും, പിന്നെ പ്രയോഗവൈചിത്ര്യം നിമിത്തം ഭിന്നതയെ പ്രാപിക്കുന്നതായ ശബ്ദങ്ങളെയും, ഒന്നെല്ലാം പുറമെ, ഇപ്പോൾ അപ്രചാരങ്ങളും എങ്കിലും വിശേഷാൎത്ഥം ഉപയോഗമായ എല്ലാ മലയാളികളുടെയും കണ്ടറിവിച്ചുള്ള പ്രയോഗങ്ങൾകൊണ്ട് ലഭിക്കുന്നവയുമായ ശബ്ദങ്ങളെയും, അകരാദിക്രമപ്പെടുത്തി ഗ്രന്ഥമാക്കി വെക്കുന്ന കാൎയ്യത്തിലാണ് നാം മനോരഥമായി ശ്രമം ചെയ്യുന്നത് എന്ന സ്പഷ്ടമാകുന്നു. ഈ അഭിപ്രായം എത്രത്തോളം ശരിവെച്ചിട്ടുള്ളതാണെന്ന ചില ഉദാഹരണങ്ങളെക്കൊണ്ട് വായനക്കാരെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കാം.

ദേവാലയം എന്ന ശബ്ദത്തിന്റെ പൊതുവായാൎത്ഥം ഈശ്വരാരാധനത്തിന്നായി പണിചെയ്യപ്പെട്ടിട്ടുള്ള സ്ഥലം എന്നാണ് സാധാരണയായിട്ടറിയാം. അപ്പോൾ ആ ശബ്ദംകൊണ്ടു ഹിന്തുക്കളുടെ ക്ഷേത്രമെന്നും, ക്രിസ്ത്യാനികളുടെ പള്ളിയെന്നും, മുസൽമാന്മാരുടെ പള്ളിയെന്നും, ജൂതപ്പള്ളിയെന്നും മറ്റും കാലഭേദങ്ങൾകൊണ്ട് അൎത്ഥം ഗ്രഹിക്കുന്നതാണ്. ഇപ്രകാരം സാമാന്യാൎത്ഥത്തെ സൂചിപ്പിക്കുന്നതായ ദേവാലയശബ്ദത്തെ വിട്ട അതിനോടൊത്ത വിശേഷാൎത്ഥത്തെ സൂചിപ്പിക്കുന്നതായ ക്ഷേത്രം എന്ന ശബ്ദത്തെ മാത്രം എടുത്തുനോക്കുക. അതിൽ ഉൾപ്പെട്ടതിനോടു കൂടി വേറെ എന്തെല്ലാം പദാൎത്ഥങ്ങളുടെ സംബന്ധത്തെ അനുമാനത്തിനാണോ അടങ്ങിയിരിക്കുന്നതെല്ലാം ശബ്ദങ്ങളെയാണ് ഉപയോഗിക്കുന്നതെന്നും സംക്ഷേപമായിട്ടു നിരൂപിക്കുക. കാൎയ്യപ്രധാനമായ ഒരു ക്ഷേത്രത്തിന് കനകമായി ഒരു മതിൽക്കെട്ടും നാലുഭാഗത്തേക്കും ഓരോ ഗോപുരവും ഉണ്ടായിരിക്കും. മതിൽക്കെട്ടിനകത്തു നാലുഭാഗത്തും വിസ്താരം ശരിയായിരിക്കുന്ന വിധത്തിൽ മുറ്റങ്ങളുണ്ടായിരിക്കും. അതിന്റെ മദ്ധ്യത്തിലായി നടപ്പുരയെ കൊടിമരം, വെടിക്കല്ലുര, പിന്നെ വലിയമ്പലം, നാലമ്പലത്തിന്റെ ചുറ്റും വിളക്കുമാടം എന്നിവയെല്ലാമുണ്ടായിരിക്കും. നാലമ്പലത്തിനകത്തു തിരുമുറ്റം; അതിന്റെ മദ്ധ്യത്തിൽ നടപ്പുരയെ മണ്ഡപം; അതിന്റെ പുറമെയായി ശ്രീകോവിൽ; അതിനകത്തു പ്രധാനദേവപ്രതിഷ്ഠ. ഇവയ്ക്കു പുറമെ തിരുമുറ്റത്തും പിന്നെ നാലമ്പലത്തിനു പുറത്തു മതിൽക്കെട്ടിനകത്തുള്ള പ്രദക്ഷിണവഴിക്കു സമീപിച്ചും വേറെ ദേവന്മാൎക്ക് പ്രത്യേകം ശ്രീകോവിലുകളുമുണ്ടായിരിക്കും. പിന്നെ മതിൽക്കെട്ടിനകത്ത് ഒരു ഭാഗത്തൊ അല്ലെങ്കിൽ നാലമ്പലത്തിന്റെ ഒരു ഭാഗത്തൊ ഊട്ടുപുരയുമുണ്ടായിരിക്കും.

ഇവയിൽ പ്രധാനമായിട്ടുള്ളവയെ മാത്രം എടുക്കുക. പ്രധാനഗോപുരം, നാലമ്പലം, പ്രധാനശ്രീകോവിൽ എന്നിവയുടെ ഓരോ ഭാഗത്തിനും പ്രത്യേകം പേരുണ്ട്. കെട്ടിടങ്ങളെ സാമാന്യേന മൂന്ന ഭാഗമായി വിഭജിക്കാം. അസ്തിവാരം മുതൽ തറവരെ ഒരു ഭാഗം, തറ മുതൽ ഉത്തരം വരെയുള്ള ഭിത്തി വേറൊരു ഭാഗം, ഉത്തരം മുതൽ താഴികക്കുടം വരെ മേല്പുരയുന്നതായ ഭാഗം. ഇവയിൽ അസ്തിവാ

ഷം മുതൽ താഴെയുള്ള ഭാഗത്ത് ഓരോ പാദങ്ങൾക്കും പ്രത്യേകം ദേവതകളുണ്ട്. ഭിത്തിയിന്മേലുള്ള സകല ശിലാരൂപങ്ങൾക്കും, അതിന്മേൽ പണി ചെയ്യപ്പെട്ടിട്ടുള്ള വിചിത്രശില്പവേലകൾക്കും പ്രത്യേകം ദേവതകളുണ്ട്. ഈപ്രകാരം തന്നെ ക്ഷേത്രത്തിന്റെ പല ഭാഗങ്ങൾക്കും വെവ്വേറെ ദേവതകൾ കല്പിച്ചു കൊടുത്തിട്ടുണ്ട്. ഇനി ക്ഷേത്രാധികാരികളായിട്ടുള്ളവരെ എടുക്കുക. ക്ഷേത്രത്തിലെ ഉടമസ്ഥന്മാരായിട്ട് ഊരാളന്മാരുണ്ടായിരിക്കും. കാര്യവിചാരത്തിന് യോഗിമാതിരി, തച്ചുടയകയ്മൾ, കോയ്മ, സമുദായം എന്നിങ്ങനെ ഓരോ പേരുകളോടു കൂടിയ ഉദ്യോഗസ്ഥന്മാരും അവരുടെ കീഴിൽ പാട്ടമാളി, പണ്ടാരക്കാരൻ എന്നിങ്ങനെയുള്ള സ്ഥാനങ്ങളോടുകൂടിയ ഉദ്യോഗസ്ഥന്മാരുണ്ടായിരിക്കും. ഇവർക്കെല്ലാവർക്കും പ്രത്യേകം ജോലികളും അവയ്ക്കു പ്രത്യേകം പേരുകളുമുണ്ട്. പിന്നെ ക്ഷേത്രസംബന്ധമായ വസ്തുക്കളുള്ള പ്രദേശത്തിനു ചേരിക്കലം എന്നത്രെ ചില ദിക്കിൽ പറഞ്ഞു വരുന്നത്. ആ വക വസ്തുക്കളെ കൃഷി ചെയ്യുന്ന കുടിയാന്മാർ ക്ഷേത്രസംബന്ധമായ ചില കൃത്യങ്ങളുണ്ട്. അവയ്ക്കും ഓരോരോ പേരുകളും ഉപയോഗിച്ചു വരുന്നു. ഇനി ക്ഷേത്രത്തിനകത്തു പ്രവൃത്തിയുള്ള ഉദ്യോഗസ്ഥന്മാരെപ്പറ്റി നിരൂപിക്കുക. അവരെ സാമാന്യേന മൂന്നുതരമായി വിഭജിക്കാം. ഒന്നാമതു ദൈവികകാര്യങ്ങളെ ചെയ്യുന്ന ബ്രാഹ്മണർ, രണ്ടാമതു ആ വക കാര്യങ്ങളെ നിർവ്വഹിക്കുന്നതിനു വേണ്ട പദാർത്ഥങ്ങളെ ശേഖരിക്കുകയും മറ്റും ചെയ്യുന്ന അമ്പലവാസികൾ, മൂന്നാമതു കലശം മുതലായതിനു വേണ്ട പല സാമാനങ്ങളും ശേഖരിച്ചു കൊടുക്കുന്നതിനു അവകാശികളായ ശൂദ്രർ. ഇവരിൽ ദൈവികകാര്യത്തിൽ മുഖ്യൻ തന്ത്രിയാകുന്നു. നിത്യബലിപ്രതിഷ്ഠ, കലശം, ശുദ്ധി എന്നീ പ്രധാനകാര്യങ്ങളെ ചെയ്യുന്നതാണ് തന്ത്രിയുടെ ജോലി. ഇവയെല്ലാം അനേകം പദങ്ങൾകൊണ്ടും അനേകം ഉപകരണങ്ങളെക്കൊണ്ടും അനേകം പരികർമ്മികളുടെ സഹായത്തോടുംകൂടി നിർവ്വഹിക്കപ്പെടേണ്ട കാര്യങ്ങളാകുന്നു. അവയ്ക്കുഓരോന്നിനും പ്രത്യേകം പേർ പറഞ്ഞു വരുന്നുണ്ട്. ദൈവികമായ സകല സംശയങ്ങളെയും തീർക്കുന്നതിനുള്ള അധികാരവും തന്ത്രിക്കാകുന്നു. ഇവയും പുറമെ ശാന്തിക്കാരനും ക്ഷേത്രത്തിൽ നടക്കുന്ന ഓരോ അടിയന്തരങ്ങൾക്കും തന്ത്രി ചെയ്യുന്ന കാര്യങ്ങൾ അനവധിയുണ്ട്. അവയ്ക്കു പേരുകൾ കൂടാതെ കഴിയില്ലല്ലോ. തന്ത്രി കഴിഞ്ഞാൽ പിന്നെ മേൽശാന്തി. ദിവസപ്രതി നാലും അഞ്ചും നേരം പൂജകൾ നടത്തുന്നതിനുള്ള ഭാരം മേൽശാന്തിക്കാകുന്നു. അദ്ദേഹത്തിനു സഹായികളായിട്ട് കീഴ്ശാന്തി, തിടപ്പള്ളിക്കാർ മുതലായ കാര്യങ്ങൾ ചെയ്യുന്നതിനു കീഴ്ശാന്തിക്കാരുണ്ടായിരിക്കും. അവർക്കോരോരുത്തർക്കും പ്രത്യേകമുള്ള ഓരോ ജോലിയും അതാതിനെ സംബന്ധിച്ച് അവരവർ ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കും വെവ്വേറെ പേരുകളുണ്ട്. അമ്പലവാസികളിൽതന്നെ പ്രവൃത്തിഭേദങ്ങളെ അനുസരിച്ചു പല ജാതികളുണ്ട്. അവരുടെ ജോലികൾ അവരിൽ അനേകം, അവരെ അനുസരിച്ചു മാല മുതലായതിൽ ഉപയോഗിക്കുന്നതും ഇവരെല്ലാം തിരിച്ചറിയുന്നതിനു പ്രത്യേകം പേരുകൾ വേണമല്ലോ. ഇതിനെ ഓരോ ഭാഗങ്ങളായെടുത്തു നിരൂപിച്ചു നോക്കുന്നതായാൽ അതാതിനെ സംബന്ധിച്ചുള്ള പദങ്ങളെ ഇപ്പോഴും ഉപയോഗിച്ചു പോരുന്നതായി കാണാം. ക്ഷേത്രം

ന്ന ഒരു ശബ്ദത്തിന്റെ അർത്ഥഭേദങ്ങളോടു ചേർത്തുകൊണ്ട് എത്ര അനവധി പദങ്ങളുടെ ഭേദമാണ് ഉണ്ടാകുന്നതെന്നും, അവ ഓരോന്നിനെയും പ്രകാശിപ്പിക്കുന്നതായിട്ട് എത്ര അനവധി ശബ്ദങ്ങളുള്ളത് എന്നും ഇപ്പോൾ വ്യക്തമാകുന്നുണ്ടല്ലൊ. ഈ വക വാക്കുകളെയെല്ലാം ശേഖരിച്ച് അവയുടെ അർത്ഥത്തോടുകൂടി ഒരു പുസ്തകമെഴുതുന്നതായാൽ അതു തന്നെ ഒരു ഇംഗ്ലീഷ് ഡിക്ഷ്ണറിയുടെ പകുതിയോളം വലിപ്പമുള്ളതായി തീരുമെന്നു പറയുന്നതിൽ വല്ല അതിശയോക്തി ഉണ്ടെന്നു തോന്നുന്നില്ല. സാമാന്യമായ അർത്ഥത്തെ പ്രകാശിപ്പിക്കുന്നതായ ദേവാലയം എന്ന ശബ്ദത്തിന്റെ ഒരു വിശേഷാർത്ഥത്തെ മാത്രം കാണിക്കുന്ന ക്ഷേത്രശബ്ദത്തെ സംബന്ധിച്ചുള്ള മേൽ പറഞ്ഞപ്രകാരത്തിൽ അസംഖ്യം വാക്കുകളെ ഹിന്ദുക്കളായ മലയാളികൾ ഉപയോഗിച്ചുവരുന്നുണ്ട്. അപ്രകാരം തന്നെ പള്ളി എന്ന ശബ്ദത്തോടു സംബന്ധപ്പെട്ടതിനെക്കൊണ്ടു മലയാളികളായ ക്രിസ്ത്യാനികൾ ഉപയോഗിച്ചുവരുന്ന പദങ്ങളും അസംഖ്യങ്ങളാകുന്നു. അതുപോലെ തന്നെ മഹമ്മദീയ പള്ളി, മുസ്ലീം എന്നിവയെ സംബന്ധിച്ച് മലയാളികളായ മഹമ്മദീയന്മാരും അനേകം പദങ്ങളെ ഉപയോഗിക്കുന്നുണ്ട്. വൈദിക വിഷയമായി ബ്രാഹ്മണന്മാർ ഉപയോഗിച്ചുവരുന്ന പദങ്ങൾ അവരുടെ ഇടയിൽ മാത്രമേ ഇപ്പോൾ നടപ്പുള്ളൂ. ഇങ്ങനെയുള്ളതായിട്ടു ഈവക വിഷയങ്ങളുടെ സമുദായത്തിനും അന്യോന്യം ഉണ്ടാകുന്നതിന് സമാധാനം ഒരു വഴിയുമില്ലാതെയാണ് ഇപ്പോൾ ഇരിക്കുന്നത്.

ഇനി മലയാളത്തിലുള്ള അസംഖ്യം ജാതികളിൽ ബ്രാഹ്മണർ എന്നുള്ള ജാതിയെ എടുത്തു അതിനു സംബന്ധമായി എത്ര അനവധി പദങ്ങളുണ്ടെന്ന് ഇപ്പോൾ ഉപന്യസിച്ചുവരുന്നത് എന്നു വിചാരിക്കുക. മലയാളത്തിൽ ബ്രാഹ്മണജാതിയെ മലയാളബ്രാഹ്മണർ എന്നും പരദേശബ്രാഹ്മണർ എന്നും രണ്ടുവകയായി തിരിക്കാം. ഈ രണ്ടുവകയിലും പല ഉൾപ്പിരിവുകളുമുണ്ട്. എങ്കിലും ഇതരജാതികളിൽ നിന്ന് ബ്രാഹ്മണജാതിയെ വിശേഷിപ്പിക്കുന്നതിന് എല്ലാ ബ്രാഹ്മണർക്കും ബാധകമായിട്ടുള്ള അനേകം ജാതിധർമ്മങ്ങളും ആചാരങ്ങളുമുണ്ടായിരിക്കുന്നല്ലൊ. ഈവക ധർമ്മങ്ങൾക്കും ആചാരങ്ങൾക്കും പ്രത്യേകം ശബ്ദങ്ങൾ കൂടാതെ കഴികയില്ല. പിന്നെ, പരദേശബ്രാഹ്മണരിൽ നിന്നു മലയാളബ്രാഹ്മണരെ വിശേഷിപ്പിക്കുന്നതായ അസംഖ്യം ധർമ്മങ്ങളും ആചാരങ്ങളുമുണ്ട്. അവയ്ക്കെല്ലാം വെവ്വേറെ പേരുകളുമുണ്ട്. മലയാളബ്രാഹ്മണരിൽത്തന്നെ ഒന്നാമതിൽ ചിലരാവക വകഭേദങ്ങളുണ്ടല്ലൊ. ഈ ഒരു ചിലരാവക വകഭേദങ്ങളെ ചേർത്തിരിപ്പിക്കുന്നതിന് അത്രയും സംജ്ഞകളും കൂടാതെ നിവൃത്തിയില്ലല്ലൊ. കർമം, ആഹ്നികം, ഷോഡശം, ഷോഡശക്രിയ, ആചാരം, പ്രവൃത്തിഭേദം എന്നിതിനെയുള്ള കാര്യങ്ങളെക്കൊണ്ട് മലയാളബ്രാഹ്മണരിൽത്തന്നെ കേൾപ്പാത്ത വകഭേദങ്ങൾ ഉണ്ടാവാനിടയായത്. അവരെല്ലാവർക്കും വെവ്വേറെ സംജ്ഞകളുണ്ട്. പിന്നെ മേൽപ്പറഞ്ഞ വകഭേദങ്ങളെ അനുസരിച്ച് ഓരോ വകക്കാർക്കും ജീവകാലത്തിൽ അവശ്യം ചെയ്യേണ്ടതായി വിധിക്കപ്പെട്ടിട്ടുള്ള ശ്രൌതങ്ങളായും സ്മാർത്തങ്ങളായുമുള്ള പല ധർമ്മങ്ങളും നിത്യനൈമിത്തിക കർമ്മങ്ങളുമില്ലേ, ഓരോ കൂട്ടരുടെ ആചാരഭേദങ്ങളിലും ഇടയിൽ ഉള്ള കാര്യ

ന്നതാകുന്നു അത്രയും വാക്കുകളും കൂടാതെ ഈ വക ഭേദങ്ങളെ തിരിച്ചറിവാൻ കഴിയുന്നതല്ല.

മലയാളത്തിലുള്ള തൊഴിൽ എന്ന ഒരു ജാതിയിൽതന്നെ ഇതിൽ ചിലപ്പോൾ ഭേദങ്ങളുള്ളതായിരിക്കെ മലയാളത്തിലെ ഹിന്ദുസമുദായത്തിൽ ഇപ്പോഴും കാണപ്പെടുന്ന ബ്രാഹ്മണൻ മുതൽ പറയൻ വരെയുള്ള ജാതിഭേദങ്ങളുടെയും അവയിലോരോന്നിലുമുള്ള അവാന്തര വിഭാഗങ്ങളുടെയും ഓരോ തരക്കാർക്കു പ്രത്യേകമുള്ള നടപടിഭേദങ്ങളുടെയും മറ്റും സംഖ്യയെപ്പറ്റി ആലോചിച്ചു നോക്കുന്നതായാൽ മലയാളി ഹിന്ദുക്കളുടെ ജാതി എന്ന ഒരൊറ്റ എന്നതിൽതന്നെ എത്ര വളരെ പദങ്ങളെയാണ് നമ്മുടെ ഭാഷയിൽ ഇപ്പോഴും ഉപയോഗിച്ചുവരുന്നത് എന്ന സംഗതി വായനക്കാർ തെളിയിക്കേണ്ടതാകാതിരിക്കയില്ല. അപ്രകാരംതന്നെ ക്രിസ്ത്യാനി മുതലായ ഇതരജാതിക്കാരുടെ പല പിരിവുകളെയും അവരോരോന്നിനുമുള്ള ആചാരവിശേഷങ്ങളെയും മറ്റും വേർതിരിച്ചറിയുന്നതിനുപയോഗപ്പെടുത്തിവരുന്ന ശബ്ദസഞ്ചയങ്ങളും അസംഖ്യങ്ങളാകുന്നു.

മലയാളികളുടെ ഇടയിൽ നടപ്പുള്ള പലവിധ തൊഴിലുകളെ സംബന്ധിച്ച എത്ര അനവധി പദങ്ങളാണുള്ളത് എന്നതിനെപ്പറ്റി ഇനി കാണിപ്പാൻ നിശ്ചയിക്കുക. 'തൊഴിൽ' എന്നതിനു സാധാരണ അർത്ഥത്തോടുകൂടി സ്വാർത്ഥമായോ പരാർത്ഥമായോ ചെയ്യുന്ന പ്രവൃത്തിവിശേഷം എന്നർത്ഥം പറയാവുന്നതാണ്. തൊഴിലുകൾ അനേകവിധമായിരിക്കുന്നു. അവയിലോരോന്നിലുമുള്ള ഉൾപിരിവുകളും വളരെ ഉണ്ട്. അവയെ ചെയ്യുന്ന മാതിരിയും അവരവരുടെ വേലക്കുപയോഗിച്ചുവരുന്ന കരുക്കളും പലതരം ഓരോതരക്കാരുടെയും ഭേദങ്ങളുടെ പേരുകളിട്ടുണ്ടായിരിക്കുന്ന പദങ്ങളും അനേകായിരം തരങ്ങളായിട്ടാണിരിക്കുന്നത്. ഇതു കുറെക്കൂടി വ്യക്തമാകുന്നതിനു 'മരപ്പണി' എന്ന ഒരു തൊഴിലിനെ മാത്രം ഉദാഹരണമായിട്ടെടുത്തു നോക്കുക. മരപ്പണി എന്നതുകൂടാതെ മരത്തിന്മേൽ ചെയ്യുന്നവേല എന്നും, ആ വേലയുടെ പലതരമായിട്ടുള്ള പണിത്തരങ്ങളും എന്നും അർത്ഥമുണ്ട്. ആ വേല ചെയ്യുന്നവൻ ആശാരി. അവൻ പണിക്കു ഉപയോഗിക്കുന്ന കരുക്കളും വീതുളി, ചെത്തുളി, തെള്ളുളി, ചിന്തേര്, കൈത്തൂപ്പ്, മുഴക്കോൽ എന്നിങ്ങനെ പല പേരുകളോടുകൂടി പലതരമായിരിക്കുന്നു. ചെത്തുക, ചീകുക, പൂചെത്തുക, കോതംകൊത്തുക, പൊളിക്കുക, ചാലിക്കുക, ചിന്തേരിടുക എന്ന ശബ്ദങ്ങൾ അവന്റെ പ്രവൃത്തിവിശേഷങ്ങളെ കാണിക്കുന്നു. കട്ടിള, ജനല്, തൂണ്, ഉത്തരം, കഴുക്കോൽ, മേശ, കസാല, കട്ടിൽ മുതലായവയും അവന്റെ പ്രവൃത്തിയുടെ ഫലമായ വിവിധപദാർത്ഥങ്ങളുടെ സംജ്ഞകളാണ്. ഇവ പറഞ്ഞതെല്ലാം മരപ്പണിയുടെ സാമാന്യമായ ചില ഭേദങ്ങളും മറ്റുമാണുള്ളത്. മരപ്പണിപലതരമാകുന്നു. മരപ്പണി, ഭവനത്തിനകത്തുപയോഗിക്കുന്ന പണിത്തരങ്ങളും, വണ്ടി മുതലായുള്ള വാഹനങ്ങളുടെ പണി, തോണി മുതലായ വെള്ളത്തിലുള്ള വാഹനങ്ങളുടെ പണി, കൃഷിക്കുപയോഗപ്പെടുന്ന പദാർത്ഥങ്ങളുടെ പണി, സംഗീതത്തിനുപയോഗിച്ചുവരുന്ന യന്ത്രവിശേഷങ്ങളുടെ പണി എന്നിങ്ങനെ മരപ്പണിയിൽ അവാന്തരഭാഗങ്ങളും വളരെ ഉണ്ട്. അവയിലോരോന്നിലുമുള്ള ഉൾപ്പിരിവുകളുടെ കണക്കു പറവാൻതന്നെ വളരെ പ്രയാസമാണ്.

ഒരു കെട്ടിടത്തിൽ ചെയ്തിട്ടുള്ള മരപ്പണി എന്നു പറയുമ്പോൾ അതിൽ തൂണ്, കട്ടിള, ജനല്, കതവ്, സാക്ഷ, ഉലാക്കു, എഴുതിട്ടക്ക്, കഴി, തട്ടുപലക, ഉത്തരം, കഴുക്കോൽ, പട്ടിക, വാമട, ഇറവാൽപലക, മോന്തായം എന്നിങ്ങിനെ പല പണിത്തരങ്ങളും ഉൾപ്പെടുന്നതായിട്ടറിയുന്നതാണ്. ഇവയിൽ ഓരോ എണ്ണത്തിൽ തന്നെ പലതരമുണ്ട്. ഉദാഹരണം തൂണ്, ചതുരത്തൂണ്, വട്ടത്തൂണ്! എന്നിങ്ങിനെ തൂണു തന്നെ പലതരം; ജനല് എന്ന എണ്ണത്തിൽ മരക്കമ്പായിട്ടുള്ളത്, അഴിയുള്ളത്, അഴിയില്ലാത്തത് എന്ന വകഭേദങ്ങൾ; കതവ് ചട്ടക്കൂട്ടിയത് ഒരു വക, ചട്ടക്കൂട്ടാത്തതൊരു വക. ഉത്തരം എന്ന എണ്ണത്തിൽ കള്ളുത്തരം, ചിറ്റുത്തരം, വാമത്തരം എന്നിങ്ങിനെയും. കഴുക്കോൽ എന്ന പണിത്തരത്തിൽ നെടിയത്, കോടി, ചോതിര ഇറങ്ങിയ ഭേദങ്ങൾ; ഇപ്രകാരം അനേകം ഉൾപ്പിരിവുകൂടിയ ഓരോ പണിത്തരത്തിന്റെ ഓരോ ഭാഗങ്ങൾക്കും പ്രത്യേകം പേരുകളുണ്ട്. തൂണിന്റെ അടിക്ക് ഓമ എന്നും മേൽഭാഗത്തിനു പോതിക എന്നും പറയുന്നു. കട്ടിളയുടേതിന്നാകട്ടെ ചോക്കുപടി കുറുമ്പടി കട്ടിലക്കാലുകൾ. ഇങ്ങിനെ സകല എണ്ണങ്ങളുടെയും അംശങ്ങൾക്കു പ്രത്യേകം പേരുകൾ കാണുന്നതാണ്. അതുപോലെ തന്നെ ഒരു കെട്ടിടത്തിന്നകത്തുള്ള ഉപയോഗപ്പെടുത്തുന്ന പദാർത്ഥങ്ങളും പല മാതിരിയായിരിക്കുന്നു എന്നു കാണാം. കസേരി തന്നെ ചാരുകസേരി കയ്യില്ലാത്ത കസേരി കയ്യുള്ള കസേരി എന്നു പലവിധമായിരിക്കുന്നു. മേശത്തരത്തിൽ ചതുരമേശ, വട്ടമേശ, ചാരണമേശ എന്ന് വകഭേദം. പെട്ടിത്തരത്തിൽ എഴുത്തുപെട്ടി, ഉടുപ്പുപെട്ടി, അരിപ്പെട്ടി എന്നുള്ള തരഭേദം. പിന്നെ മരിക എന്ന എണ്ണത്തിൽ പാത്തിമരിക, വട്ടമരിക, ചാരുമരിക എന്ന വകഭേദം. അധികം വിസ്തരിച്ചിട്ടു കാര്യമില്ലല്ലോ. മരംകൊണ്ടുള്ള പണിത്തരങ്ങളുടെ മേൽ ചെയ്ത പ്രകാരമുള്ള സാമാന്യവിഭാഗങ്ങളിൽ തന്നെ അനേകം അവാന്തരവിഭാഗങ്ങളും അവയിൽ ഓരോന്നിലും അസംഖ്യം തരഭേദങ്ങളും അവയെല്ലാറ്റിനും പ്രത്യേകം പേരുകളും ഉണ്ട് എന്നുള്ളത് മേൽകാണിച്ച ഉദാഹരണങ്ങൾകൊണ്ടു തന്നെ വ്യക്തമായിരിക്കുന്നു. ഈ വക ശബ്ദങ്ങളിൽ അധികഭാഗവും ആശാരിമാരുടെ ഇടയിൽ മാത്രമേ നടപ്പുള്ളതായിക്കാണുന്നുള്ളു.

ഇങ്ങിനെ മലയാളികളുടെ ഇടയിൽ ഇപ്പോൾ ചെയ്തുവരുന്ന പലപ്രകാരത്തിലുമുള്ള തൊഴിലുകളിൽ ഓരോന്നിനേയും സംബന്ധിച്ച് അതാതു തൊഴിലുകാർ ഉപയോഗിച്ചുവരുന്ന ശബ്ദസമൂഹങ്ങളെപ്പറ്റി വിചാരിച്ചുനോക്കുന്നതായാൽ അവയുടെ ആസകലമുള്ള ഒരു കണക്കെടുക്കുവാൻ തീരെ അസാദ്ധ്യമെന്ന നിലയിൽ അപാരമായിട്ടാണ് അവയുടെ കിടപ്പ് എന്നു നമുക്കു ബോദ്ധ്യപ്പെടുന്നതാണ്.

കെ. എം.

(തുടരും)

ശകാരം

മനുഷ്യന്റെ വിശേഷബുദ്ധികൊണ്ടുള്ള പ്രയോജനം ലോകത്തിലുള്ള ഗുണദോഷങ്ങളെ തിരിച്ചറിഞ്ഞു ദോഷം പരിത്യജിച്ചു ഗുണം ഗ്രഹിക്കുകയാണല്ലോ. ഈ തത്വം മിക്കജനങ്ങളും ധരിച്ചിട്ടുണ്ടായിരിക്കാമെങ്കിലും അതനുസരിച്ചു പ്രവൃത്തിക്കുന്നവർ വളരെ ദുർല്ലഭമേ ഉള്ളു. മറിച്ചു വിപരീതബുദ്ധിക്കു തിരിയുന്നതു ജനപ്രവാഹത്തിന്റെ സ്വഭാവംപോലെ കണ്ടും വരുന്നു. ഗുണദോഷങ്ങളുടെ ഗൌരവലാഘവങ്ങളെ അനുസന്ധാനപ്പെടുത്തീട്ടാണല്ലോ. മനോവസ്തുക്കളെപ്പററി ഗുണങ്ങളെന്നപോലെ ദോഷങ്ങളുമെന്നാണ് നാം സാധാരണയായി പറഞ്ഞുവരാറുള്ളത്. എന്നാൽ ഒരുവൻ ഒരു ഗുണവാനായിരുന്നാലും വല്ല ദോഷം ലേശമെങ്കിലും അവനുണ്ടെങ്കിൽ അതു കണ്ടുപിടിച്ചോ ഇല്ലെങ്കിൽ വല്ലതും കെട്ടിച്ചമച്ചോ കേമമായി കൊട്ടിഘോഷിപ്പതാണ് ജനങ്ങൾക്കുള്ള വാസന. ഈ ദോഷത്തെ ഘോഷിക്കുന്നതിനെയാണ് നാം ശകാരം എന്നു പറയുന്നത്. ഇതൊരു സാധാരണലക്ഷണം മാത്രമാണ്. ഇതിനെത്തന്നെ ഉദ്ദേശ്യഭേദം അനുസരിച്ച് ആക്ഷേപം, പരിഹാസം, നിന്ദ, പുച്ഛം, കുത്ത്, നാട്യം, ഏഷണി എന്നൊക്കെ പല പേരുകളെക്കൊണ്ടും വ്യവഹരിച്ചു വരാറുണ്ട്. അവ ഓരോന്നിനെ പ്രത്യേകം ഓരോ ഉപന്യാസങ്ങളായിട്ട് എഴുതാൻ വകയുള്ളതാണെങ്കിലും ഇവിടെ അവയെയെല്ലാം കൂട്ടി ചുരുക്കത്തിൽ മാത്രം പ്രസ്താവിക്കാം.

നേരിട്ടും മറഞ്ഞുനിന്നിട്ടും ഇതു രണ്ടു കൂട്ടിട്ടും എന്നീ സ്ഥാനഭേദംകൊണ്ട് ഇവയെ ഭിന്നമാക്കാമായിരിക്കാം. മറഞ്ഞുനിന്ന് അന്യന്മാരുടെ ദോഷങ്ങളെ ഘോഷിക്കുന്നതാണ് ഏഷണി. ഇത് അധികം ഗൌരവമായ ഒന്നാണ്. 'അന്യസ്യ ദോഷ ശ്രവണപ്രഖ്യാപനം' എന്നും മററും ഈ ഏഷണിയുടെ മാഹാത്മ്യത്തെപ്പററിയാണ് ഒരു മഹാകവി വർണ്ണിച്ചിട്ടുള്ളത്. അതിസ്നേഹമുള്ള ദമ്പതികളുടെ പ്രണയകലഹം മുതൽ മഹത്തുക്കളായ രാജ്യകലഹങ്ങൾ വരെയുള്ള അനർത്ഥങ്ങളുടെ ഉള്ളിലും ഈ ഏഷണി പ്രവർത്തിക്കാറ് വിരളമായിട്ടില്ല.

നാട്യവും കുത്തും എതിരാളിയുടെ മുഖത്തു പ്രയോഗിക്കുന്ന രണ്ടു ശസ്ത്രങ്ങളാണ്. 'പരസ്യനാക്ഷേപമാണ്' എന്നും മറ്റും പറഞ്ഞിട്ടുള്ളത് ഇതിനെ ഉദ്ദേശിച്ചുള്ള ലക്ഷണമാണ്. കുത്ത് മനസ്സിൽ കൊള്ളുന്നതാണെങ്കിലും പുറമേ കാണ്മാൻ സ്പഷ്ടമായതൊന്നും കാണുകയില്ല. നാട്യത്തിനു ഒരു വക ഭാവവികാരങ്ങളല്ലാതെ അപരിചിതന്റെ തലയ്ക്കു ചെന്നു കേറുന്ന കാര്യമൊന്നും ഇല്ല. ഈ രണ്ടും ശീലിക്കുന്നവർ തങ്ങളുടെ ശത്രുക്കളോടല്ലാതെ പ്രയോഗിക്കാറില്ല. അതിനാൽ ഒരു അത്യാവശ്യതയും ഉണ്ടായി കാണുന്നില്ല. ജനങ്ങളുടെ പ്രത്യേകതയാണ് ഇതു രണ്ടും എന്നുതന്നെ പറയാം.

ആക്ഷേപം, പരിഹാസം, നിന്ദ, പുച്ഛം ഇവ നാലും നേരിട്ടും മറഞ്ഞുനിന്നിട്ടും ഒരുപോലെ പ്രയോഗിക്കാവുന്നവയാണ്. ഇവയിൽ പുച്ഛവും പരിഹാസവും ഹാസ്യ

മനുഷ്യരോടു കലഹിക്കുവാനായിരിക്കും. വെറും നേരമ്പോക്കിനുവേണ്ടി കയർത്തു കൂടാതെ കളിയാക്കുന്നതാണ് പരിഹാസം. കല്പിച്ചു കൂട്ടി മറ്റവരെ ഇടിച്ചു പറയുന്നതാണ് പുലഭം. ഇവ കളിയാക്കുന്നതിൽനിന്നു ഒന്നു കവിഞ്ഞിരിക്കും. ഒരു വിഷയത്തിൽ ഇതുവരെ താരതമ്യപ്പെടുത്തുമ്പോൾ മറ്റവരെ ഇടിച്ചു പറയുന്നതിൽ സാധാരണയായി പുലഭം മുഴച്ചു കാണാം. ശകാരത്തെ എന്ന പോലെ ഉപലക്ഷ്യവർഗ്ഗങ്ങളായ വെമ്പലാ ഹലകാരാദികളേയും ഇനങ്ങൾ പൂരിപ്പിക്കാറുണ്ട്. പഴക്കാൾ പുതിയ ഉദ്ദേശം നടപ്പു പുലഭമാണ്. സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഉൽകൃഷ്ടഭാഷകളിൽ പാണ്ഡിത്യമുള്ളവർ നിരക്ഷരനിലയിലെന്ന കരുതി സ്വഭാഷയെ പോലും പുച്ഛിക്കുന്നതു അത്ര ദുർല്ലഭമല്ല. നാഗരികസമ്പ്രദായത്തിലുള്ള ആഭരണം ധരിക്കുന്ന സ്ത്രീകളെ നാടൻമാരി പുലഭമായിരിക്കും. ചിലപ്പോൾ ഈ ജാതി പുലഭത്തിൽനിന്നു പരിഹാസം ചെയ്തിക്കാറുണ്ട്. അങ്ങനെയുള്ള ഘട്ടങ്ങളിൽ പുലഭവും പരിഹാസവും തിരിച്ചറിവാൻ പ്രയാസമായിരിക്കും. നിന്ദയും ആക്ഷേപവും തമ്മിൽ കാര്യമായ വ്യത്യാസമുണ്ട്. ഇതു രണ്ടും ഹാസ്യരസത്തിൽ മാത്രമല്ല മറ്റുള്ള രസങ്ങളിലും ഉപയോഗിക്കുന്ന ആയുധങ്ങളാണ്. എന്നാൽ വാക്കുകളെക്കൊണ്ടെന്നപോലെ മറ്റുള്ള ചേഷ്ടകളെക്കൊണ്ടും നിന്ദ ചെയ്തു കാണാറുണ്ട്. പുച്ഛരസ പുച്ഛിക്കുന്നു എന്നുള്ളതിൽ ഉള്ള നിഷേധഭാവവും കൂടി നിന്ദയായി പരിണമിക്കുന്നു. ഇവിടെയാണ് ആക്ഷേപവും നിന്ദയും തമ്മിൽ ഭേദം. ആക്ഷേപം കേവലം വാക്കിലേ ഉള്ളൂ. ശാസ്ത്രകാരന്മാരുടെ ഗ്രന്ഥങ്ങളിലും രാഗാലങ്കാരങ്ങളിലും കാണും ചെയ്യുന്ന പൂർവ്വപക്ഷവും ആക്ഷേപത്തിന്റെ കൂട്ടത്തിലാണ് ഗണിച്ചു വരാറുള്ളത്. എങ്കിലും അതു ശാസ്ത്രസിദ്ധാന്തത്തിന്റെ വിശദീകരണത്തിനു മാത്രം വേണ്ടി ചെയ്യുന്നതാണെങ്കിൽ കേവലം ദോഷകരമായ ശകാരത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുന്നതല്ല. ഈ പറഞ്ഞ വകഭേദങ്ങളെല്ലാം പരപീഡനം എന്ന സാമാന്യധർമ്മംകൊണ്ടു നോക്കുമ്പോൾ ഒരുപോലെ ശകാരംതന്നെയാണ്.

രാഗം, ദ്വേഷം, അസൂയകളിൽ സ്വാർത്ഥം, അസൂയ മുതലായ മലിനഭാവങ്ങളിൽനിന്നാണ് ഈ വിധമുള്ള ശകാരത്തിന്റെ ഉത്ഭവം. സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഇതിൽ ആത്മപ്രശംസയുടെ അംശവും കൂടി അന്തർഭവിച്ചു കാണാം. ലോകത്തിലുള്ള സകല അനർത്ഥങ്ങളുടെയും ബീജം ഈ 'ശകാരം' എന്ന ദുർഗ്ഗുണത്തിൽ അടങ്ങിയിരിക്കുന്നുവെന്നുതന്നെ പറയാം. അതിനാലാണ് ഇതിനെ നിന്ദ്യമെന്നു കരുതി ത്യാജ്യകോടിയിൽ പ്രവേശിപ്പിച്ചിട്ടുള്ളത്.

എന്നാൽ പല അഭിപ്രായക്കാരായ ജനങ്ങളും അനേകം ആവശ്യങ്ങളും വർദ്ധിച്ചുകൊണ്ടുവരുന്ന ഇക്കാലത്തു ശകാരം തീരെ വർജ്ജിക്കുക എന്നതു അസാദ്ധ്യം എന്നതന്നെയല്ല അസംഭാവ്യവും കൂടിയാണ്. പക്ഷെ അതിൽ ഏറക്കുറെ വ്യത്യാസങ്ങളുണ്ട്. ചിലർ വല്ല ആവശ്യവുമുണ്ടെങ്കിൽ സ്വാർത്ഥമായി തന്റെ കാര്യം പറയും. അപ്പോൾ മറ്റവർ അതിൽ കുറ്റപ്പെടുത്തുന്ന വരുന്നാകാം. മറ്റു ചിലർ സ്വാർത്ഥത്തിനു വേണ്ടി കാരണമൊന്നുമില്ലാതെ ക്രമക്രമമായി അന്യനെ കുറ്റപ്പെടുത്തുന്നു. വേറെ ചിലർ യാതൊരു കാരണവും കൂടാതെയും മനസ്സിലാക്കാതെയും കേവലം ദുഷ്ടവിചാരത്തിന്മേൽ തന്നെ മറ്റുള്ളവരെ കഠിനമായി ശകാരിച്ചുപറയുന്നു. ചില ര

സികന്മാർ വിശേഷിച്ചുദ്ദേശമൊന്നുമില്ലെങ്കിലും നേരമ്പോക്കെല്ലാം പരിഹാസമായിട്ടാണ് കലാശിയ്ക്കുക. ഇങ്ങിനെ പലതരത്തിൽ ജനങ്ങൾ തങ്ങളിൽ കണ്ടിട്ടും കാണാത്തെയും കേട്ടിട്ടും കേൾക്കാത്തെയും അന്യോന്യം ശകാരിച്ചുകൊണ്ടിരിക്കാറുള്ളതു സാധാരണയാണ്.

ഇവരിൽ ഒന്നാമത്തെ തരക്കാരെ അത്ര ഭയപ്പെടാനില്ല. അവർ അല്പം ആവശ്യം നോക്കി തങ്ങളുടെ കാര്യം തികച്ചും പറയുമ്പോൾ അന്യന്ന വല്ല ക്ഷതവും പറ്റുന്നതാണെങ്കിൽതന്നെ അത് ഒരു ന്യായമായ അശ്രദ്ധയിലായിരിയ്ക്കും. അതുകൊണ്ട് അതിൽനിന്നുണ്ടാവുന്ന അനർത്ഥത്തിന്നു ഒരതിരുണ്ട്. ആ കാരണമായി യുദ്ധത്തിന്ന് പുറപ്പെടുന്ന മനുഷ്യരുടെ മല്ലുസഹിക്കാൻ വയ്യാതാകുമ്പോൾ എത്ര നല്ല സുശീലനും ഒന്നു തിരിഞ്ഞടിക്കാതിരിക്കയില്ല. അതു ലോകസ്വഭാവത്തിൽ ഒരു മര്യാദയാണ്.

രണ്ടാമതു പറഞ്ഞ വകക്കാർ സാമാന്യം ഭയങ്കരന്മാരാണ്. ആകൃതികൊണ്ടു മനുഷ്യരാണെങ്കിലും രാക്ഷസപ്രകൃതികളാണ് ഇവർ എന്നുതന്നെ വേണം പറയാൻ. ഇവർക്കു ഉദ്ദേശമൊന്നുമില്ല. സ്വാർത്ഥം കഴിഞ്ഞാൽ പിന്നെയുണ്ടോ ഈ വക വിവേകം. കേവലം നിർദ്ദോഷികളായ ആളുകളെക്കുറിച്ചും കളവു, വ്യഭിചാരം മുതലായ അപവാദങ്ങൾ നിർമ്മിച്ചുണ്ടാക്കി വിളിച്ചുപറവാൻ ഇവർക്കു യാതൊരു വൈമുഖ്യവുമില്ല. ഈ രാക്ഷസന്മാരുടെ ആക്രമം കേട്ടാൽ നടുങ്ങാത്ത മനുഷ്യരുണ്ടോ. 'വിനൈവ ഹേതോരിവ യസ്യ ദുസ്സ്വരം സന്നിഹിതം സമാജേ' എന്നൊരു മഹാകവി പറഞ്ഞിട്ടുള്ളത് ഈ കൂട്ടരെ ഉദ്ദേശിച്ചാണ്. സ്വാർത്ഥം മനുഷ്യസ്വഭാവമാണെങ്കിലും അതിന്നു പരപീഡനം മനുഷ്യപ്രകൃതിയിൽ ഉ വരുന്നതല്ല. അതാണ് ഇവരെ രാക്ഷസപ്രകൃതികളാണെന്നു പറഞ്ഞത്. ഈ വകക്കാർ മൂന്നാമത്തെ തരക്കാരുടെ അടുക്കൽ മാത്രമേ മടങ്ങുള്ളൂ.

പരലോകക്കൂടാതെ പരദ്രോഹവും ചെയ്യുന്ന കൂട്ടരാണല്ലോ മൂന്നാംതരക്കാർ. 'തന്റെ കണ്ണൊന്നു പൊട്ടിയാലും മററവന്റെ ശകുനം പിഴക്കട്ടെ' എന്നു വിചാരിക്കുന്ന കൈകേകയിമാരും ഈ കൂട്ടത്തിൽ ചേരും. ഇവരുടെ ശകാരത്തിനാണ് എല്ലാററിലും വെച്ചു മൂർച്ചയേറും. ശത്രുമിത്രോദാസീനവിഭേദം നോക്കാതെയും പരലോകഭയംകൂടാതെയും എല്ലാം സമഭാവനയിൽ ഇതിലേക്ക വ്യത്തിയാക്കും നോക്കുന്ന ഈ കൂട്ടർ നിസ്വാർത്ഥക്കാരായ മഹാത്മാക്കളെപ്പോലെയാണ്. പക്ഷെ അവർ അഹിംസയാണ്, ഇവർ ഹിംസയാണ ധർമ്മം എന്നു മാത്രമേ ഭേദമുള്ളൂ.

സാമാന്യമായി പറഞ്ഞ പരിഹാസക്കാർ അന്യനെ ഉപദ്രവിക്കേണമെന്ന ഉദ്ദേശമില്ലാത്തതുകൊണ്ട് അവരിൽനിന്നു ഉണ്ടാകുന്ന ഉപദ്രവം ക്ഷന്തവ്യമാണ്. എങ്കിലും അതു പലപ്പോഴും വിചാരിയാതെ അന്യന്റെ മർമ്മത്തിൽ തട്ടി പരമാപദ്രവമായി കലാശിക്കുക നിമിത്തം അവരെയും അ ഒരു പരമദ്രോഹത്തിന്നു കാരണമായിത്തീരുമെന്നുള്ള ഫലം അനുഭവസിദ്ധമാണ്. ഈ സ്വഭാവം മുതലിൽതന്നെ നുള്ളിക്കളഞ്ഞാൽ മഴു എടുത്തു വെട്ടിയാലും മുറിയാത്ത വിധം വേരുറച്ചു ഉള്ളിലമർന്നിരിക്കുന്നതാണ്.

ഇത്രയും പറഞ്ഞതുകൊണ്ട് ഏതുവിധത്തിലുള്ള ശകാരവും നാം പരിഹരിക്കേണ്ടതാണെന്നു വന്നുവല്ലോ. എന്നാൽ ചില ശകാരങ്ങൾ വളരെ ഗുണകരങ്ങളാ


ന്റെ പരിണാമികാവസ്ഥയെന്നുള്ളതും ഇവിടെ പ്രത്യേകം എടുത്തുപറയാതിരിപ്പാൻ നിവൃത്തിയില്ല. അത്ര വാത്സല്യമുള്ള അപ്പന്മാരുടെയും ഗുരുക്കന്മാരുടെയും മറ്റും ഹിതോപദേശങ്ങൾ ചിലപ്പോൾ ശകാരരൂപത്തിലായി എന്നും വരാം. അവയെല്ലാം വെണ്ണക്കാളധികം പ്രാമാണ്യത്തോടെന്നു വിചാരിക്കണം. നിഷ്കളങ്കബുദ്ധികളും ഗുണകാംക്ഷികളുമായ നമ്മുടെ ബന്ധുക്കളുടെ ഗുണദോഷം പറയുന്നതിൽ പ്രതിബിംബിക്കുന്ന ശകാരം ഈശ്വരപ്രതികരങ്ങളെപ്പോലെ വന്ദിക്കേണ്ടവയാണ്. വല്ല ഗുണവാന്മാരെ കൊൾ ഒരു വെളിപ്പെടുത്തി പ്രോത്സാഹിപ്പിച്ചുകൊണ്ടു മെല്ലെ മെല്ലെ ദോഷം പരിഹരിക്കേണ്ടവിധത്തിൽ മനസ്സിലാക്കിച്ചുകൊടുക്കുന്നതായാൽ അതു ഉപദേശപ്പെട്ടവൻ ദോഷം ചെയ്യുന്ന ഇന്ന പ്രവൃത്തിയെക്കാളധികം തിക്കവും എവിടെയും ഫലിക്കാതിരിക്കയില്ലല്ലോ. ഇതാണ് സജ്ജനങ്ങളുടെ ഗുണദോഷവിവേചനത്തിന്റെ സ്വരൂപം.

തന്റെ ദോഷങ്ങളെ അറിഞ്ഞു പശ്ചാത്താപത്തോടുകൂടി താൻതന്നെ സജ്ജനസംഘത്തിൽ വിളിച്ചുപറയുക എന്നതു സകല പാപത്തിനും ഒരു പ്രായശ്ചിത്തമായിട്ടാണ് ഗണിച്ചുവരുന്നത്. ഇതിന്ന 'വിളിച്ചുചൊല്ലി പ്രായശ്ചിത്തം' എന്നാണ് പേര്. ഇതു ഹിന്തുക്കളായ നമ്മെപ്പോലെതന്നെ ക്രിസ്തുമതക്കാരും ആചരിച്ചുവരുന്നതാണ്. അവർക്ക് ഇത് അന്ത്യകാലത്തിൽ അവശ്യകർത്തവ്യമായിട്ടുള്ള ഒരു കർമ്മമാണെന്നും കേട്ടിട്ടുണ്ട്. പരോക്ഷത്തിൽ കണ്ടു പരിഹസിക്കുന്നവർ ആത്മാഭിമാനത്തിൽ ഉൾപ്പെടുകയും പരിഹാസത്തോടുകൂടി പരദോഷത്തെ ഘോഷണം ചെയ്യുന്നവർ പശ്ചാത്താപത്തോടുകൂടി സ്വന്തദോഷപ്രഖ്യാപനം ചെയ്യുകയും അതായിരുന്ന ശീലിച്ചുവന്നതെങ്കിൽ ഈ ലോകം എത്ര നന്നാകുമായിരുന്നു.

മതാന്യസൂയാൽപരദോഷപ്രമിതിർമ്മിതധീ,
ലാളിതാസ്യാകമധു.
വ്യാവൃത്തികൎത്തുർന്നിജദുഷ്ടചരിതാവലിതാ
ചിത്തശുദ്ധിപ്രസൂതെ
ത്യക്ത്വാ ഖിന്നാ സ്വികവാചാപ്യനിശമവിദിതെ
നാതമദോഷണാനാമതെനു.
ആത്മദോഷവ്യാഖ്യാനാതിപ്രകൎഷിതിയതം.
സ്വാസതാംകാമധേനു:

കാവിൽ അയിനിക്കാട്ടു ഭവദാസൻ
ഭട്ടതിരിപ്പാട്.

സസ്യവൎഗ്ഗങ്ങളുടെ ബുദ്ധിശക്തി



സസ്യവൎഗ്ഗങ്ങൾക്കു ബുദ്ധിയുണ്ടെന്നു പറഞ്ഞാൽ നമ്മുടെ ഇടയിൽ പലൎക്കും ആശ്ചൎയ്യം തോന്നിയേക്കാം. ചാൎള്സ് ഡാൎവിൻ എന്ന ശാസ്ത്രജ്ഞൻ സസ്യവൎഗ്ഗങ്ങൾക്കു ബുദ്ധിയുണ്ടെന്നാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ സംഗതിയുടെ പരമാൎത്ഥം അറിവാനായി നവീനശാസ്ത്രജ്ഞന്മാരും യതിക്കയും ഡാൎവിന്റെ അഭിപ്രായം ശരിയാണെന്നു കാണുകയും ചെയ്തിട്ടുണ്ട്. ചില സസ്യങ്ങൾക്കു താണതരം ചില ജീവികളുമായി വളരെ സാദൃശ്യമുണ്ട്. തേട്ട മുതലായ ജന്തു

ങ്ങൾ മനുഷ്യരുടെ സ്പർശംകൊണ്ടും മററും ചെറുന്ന ചലനങ്ങളും തൊട്ടാവാടി മുതലായ പലതരം ചെടികൾ അതതുപ്രകാരം തന്നെ സ്പർശമാത്രത്താൽ തളന്നു ഇലകൾ കൂട്ടുന്നതും നമുക്കു നിത്യപരിചയമല്ലേ.

ഓർമ്മശക്തി

സസ്യങ്ങൾക്കും മററു ജീവികൾക്കും തമ്മിൽ വളരെ സാദൃശ്യമുണ്ടെന്നു കാണിക്കാവുന്ന പല സംഗതികളുമുണ്ട്. ഉദാഹരണത്തിന്നായി നമ്മുടെ ദിക്കിൽ സാധാരണ കണ്ടുവരുന്ന 'വട്ടത്തകര' എന്ന ചെടിയുടെ സമ്പ്രദായത്തെ ഒന്നു പരീക്ഷിച്ചുനോക്കുക. ഈ ചെടിയുടെ ഇലകൾ സൂര്യാസ്തമനത്തോടുകൂടി താഴ്ന്നു കൂട്ടുന്നതും ഉദയത്തോടുകൂടി പൂർവസ്ഥിതിയെ പ്രാപിക്കുന്നതും കാണാമല്ലൊ. ഈ സ്വഭാവം ഇതര ജീവികളുടെ ഉറക്കത്തോടു ശരിയായുപമിക്കാൻ പാടില്ലെന്നു വരികയില്ല; ഇതു മററു പല പടികളിലും കണ്ടുവരുന്നതാണ്. ഈ ചെടികളുടെ ഇലകളിലുള്ള ഞെട്ടുകളിൽ വെളിച്ചം (സൂര്യരശ്മി) തട്ടാതിരിക്കുമ്പോൾ ഇലകൾ ചുരുങ്ങുന്നതുകൊണ്ടാണ് താഴ്ന്നു കൂട്ടുവാൻ കാരണം. ചട്ടിയിൽ പാകി മുളപ്പിച്ചു വളർന്ന ഒരു തകരച്ചെടിയെ വെളിച്ചം ലേശം തട്ടാത്തതായ ഒരു ഇരുട്ടറയിൽ കൊണ്ടുപോയി വയ്ക്കുന്നതായാൽ പോലും ആ ചെടിയുടെ ദിനചര്യക്കു, അതാതു സമയത്തു താഴ്ന്നു കൂട്ടുക, വീണ്ടും യഥാസ്ഥിതി ഇലകൾ വിടർത്തുക, ഇതുകൾക്ക് ഒരു കാലത്തോളം യാതൊരു വ്യത്യാസവും കാണുകയില്ല. സൂര്യരശ്മി ഇലകളിൽ സ്പർശിപ്പാൻ നിവൃത്തിയില്ലെങ്കിലും ദിനംപ്രതി ചെയ്തുവരാറുള്ള പ്രവൃത്തികൾ ഓർമ്മശക്തികൊണ്ടു ആ ചെടി ചെയ്യുന്നു എന്നതല്ലാതെ ഈ കാര്യത്തിൽ പറവാൻ നിവൃത്തിയുള്ളു. ഈ പരീക്ഷ കുറച്ചധികം കാലം നിലനിന്നു എങ്കിൽ ചെടിക്കു സ്വഭാവത്തിൽ അതിന്റെ മൂലാവസ്ഥയെപ്പററി ബോധമുണ്ടാകുന്നുകൊണ്ട് ഈ വക ചെടികൾക്ക് ഓർമ്മശക്തിയുണ്ടെന്നുതന്നെ തീർച്ചയാക്കാം. വളരെനേരം ബോധമില്ലാതെ ഉറങ്ങി ചില ദിവസം കഴിഞ്ഞു ഉണരുമ്പോൾ പൂർവ്വസ്മരണ ഉണ്ടാകുന്നില്ല എന്നു പ്രത്യക്ഷം പറയപ്പെടുന്നു. സസ്യവർഗ്ഗങ്ങളിൽ ഓരോന്നും സൃഷ്ടിച്ചു പലവിധമായ ഓരോരോ സംഗതികളെക്കൊണ്ടു കാണാവുന്നതാണ്. വളച്ചു വില്ലുപോലെ ചെയ്യുന്നതും തീരെ നശിപ്പിച്ചുകളയുന്നതും ആയ ഒരു സ്ഥലത്തു സസ്യങ്ങളെപ്പോലെ പൊന്തിയ ഒരു ചെടി ഈ വക പടങ്ങളിൽനിന്നു ഒഴിഞ്ഞു മാറുന്നതിന്നു ചെയ്യുന്ന ശ്രമങ്ങൾ അത്ഭുതാവഹമാണ്. ഇതിന്റെ പരമാർത്ഥം പരീക്ഷിച്ചറിയേണ്ടതും ഇതാണ്.

സസ്യങ്ങളും കാലാവസ്ഥകളും തമ്മിൽ വളരെ യോജിപ്പുണ്ട്. ഒരു വൃക്ഷം അതിന്റെ പുഷ്പകാലം കാലമായി എന്നു എങ്ങിനെ അറിയുന്നു. കാലാവസ്ഥയാണ് ഇതിനു കാരണം എന്നു ചിലർ പറയുന്നുണ്ടെങ്കിലും ഇതുകൊണ്ടു കാരണം പൂർണ്ണമാകുന്നില്ല. ശീതത്തിൽ കലശലായ വൈരുദ്ധ്യങ്ങൾ ഉടനെ വർഷകാലം ഉണ്ടാകുന്നുണ്ട്. പക്ഷെ അതുകൊണ്ടു മാത്രം വൃക്ഷങ്ങൾ പൂക്കുന്നില്ല. വൃക്ഷങ്ങൾ വർഷകാലത്തുള്ള ശ്രദ്ധയിൽനിന്നു ഉണ്ടാകുന്ന സ്മരണശക്തികൊണ്ടാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. എങ്കിലും കാപ്പിച്ചെടി മുതലായവകളുടെ തോട്ടങ്ങളിൽ കർഷകന്മാർ അതുണ്ടാകുന്ന കാലത്തല്ലാതെ പൊടിച്ചിട്ടില്ല. വെള്ളത്തിലുണ്ടാകുന്ന ചില സസ്യങ്ങളെപ്പററി ആലോചിച്ചുനോക്കു ഇതിലും പ്രയാസമായ സംഗതിയാണ്. ഇവ

യിൽ പലരും പ്രത്യേകിച്ച് താമര വെള്ളത്തിൽ, അത്യാവശ്യമായിരുന്നാലും, അടിയിൽ വേരൂന്നിയാണ് നില്ക്കുന്നത്. ഇവയിൽ [illegible] അതിന്റെ [illegible] അറിവാൻ ഈ ക ചെടികൾക്ക് ഒരു പ്രത്യേകം വാസനയുണ്ടെന്നു തീർച്ചയാണ്. ഈ കാലാവസ്ഥയുടെ [illegible] എന്തിനെന്ന് [illegible] കാരണം [illegible] പറവാൻ [illegible].

മാംസഭക്ഷകരായ ചെടികൾ

ശീമയിൽ 'സൺഡ്യൂ' എന്ന പേരുള്ള പുഷ്പങ്ങളുണ്ടാകുന്ന ചെറിയ ചെടികളുണ്ട്. ഇതിന്റെ ഇലയിന്മേൽ ചെറുതായ മുള്ളുകളുണ്ട്. ഈച്ച മുതലായ ചെറുതായ പ്രാണികൾ ഈ മുള്ളുകളിൽ തൊട്ടു പോയാൽ തൽക്ഷണം ആ മുള്ളുകൾ മടങ്ങുന്നു. പ്രാണി അതിൽ അകപ്പെട്ടു ആ ചെടിക്കിരയായി തീരുകയും ചെയ്യുന്നു. ഈ ചെടിക്കു സാധനങ്ങളുടെ ഗുണദോഷങ്ങളറിയുവാനുണ്ട്. എന്തെന്നാൽ ഈച്ച പ്രാണി മുതലായവയ്ക്കു പകരം വല്ല ചെറുതായ [illegible] കല്ലോ പൂവോ എന്തെങ്കിലും ആ ഇലകളിൽ വച്ചാൽ അവയെ മുള്ളുകളുടെ ഇടയിൽ ഇട്ടു ഇറുക്കുവാൻ നോക്കാറില്ല. ഇതിനും പുറമെ ഈ ചെടിക്കു [illegible] സാധനങ്ങളിൽകൂടിയും വേർതിരിയാനുള്ള ശക്തിയുണ്ട്. ഒരു ഈച്ചയെയോ മറ്റോ പിടിച്ച് അതിനെ ഈ ചെടിയുടെ ഇലകൾക്ക് [illegible] അകലത്തായി വെച്ചാൽ [illegible] ക്ഷണിക്കുന്നതു ആ ചെടിയുടെ ഇല നീണ്ടു നീണ്ടു ചെന്നു ആ പ്രാണിയെ പിടിച്ചു മുള്ളുകളിലിട്ടു ഇറുക്കിക്കൊല്ലുന്നതിന്നായിട്ടാണ്. ഈ ചെടിയുടെ വർഗ്ഗത്തിൽപ്പെട്ട ഒരു വക ചെടി നമ്മുടെ രാജ്യത്തും ഉണ്ട്. അതിന്നു ഇവിടങ്ങളിൽ 'ഈച്ചപ്പുല്ല്' എന്നാണ് പറയുന്നത്. ഇതിന്റെ ഇലയുടെ ചുവട്ടിൽ ഒരു മാതിരി പശ ഇരിക്കയില്ല. ആ പശയിന്മേൽ ഈച്ച മുതലായ ചെറിയ പ്രാണികൾ പെട്ടാൽ അവ ആ പുല്ലിന്നു ആഹാരമാകുന്നു. ഈ [illegible] ഈ ദിക്കുകളിൽ [illegible] 'ഈച്ചക്കെണി' എന്ന [illegible] ഒരു തരം ചെടിയുണ്ട്. ഈ ചെടിയെ [illegible] വളർത്തിയ ഒരു [illegible] അതിന്റെ [illegible] മായ പ്രവൃത്തികളെ കണ്ട് [illegible]! ഇതിന്റെ ഇലകളിൽ [illegible] നടുവിൽ [illegible] ണ്ട്. ഈ [illegible] കളുടെ [illegible]. ഈ [illegible] കൾക്കു [illegible] ചെറുതായ [illegible] കൾ [illegible]. ഈ [illegible] കൾ തൊട്ടാൽ ഉടനെ തന്നെ ഇലകൾ നിവരുകയും [illegible] കൾ കൂടുകയും ചെയ്യും. ഇതിന്നിടയിൽ പെട്ടന്ന പ്രാണികൾ തീരെ ചതഞ്ഞും പോകുന്നു. അപ്രകാരം കുടുക്കിൽപ്പെട്ടത്, ആ ചെടിക്കാവശ്യമില്ലാത്ത വല്ല വകയുമായിരുന്നാൽ [illegible] കൾ ഉടനെ അതിനെ സ്വതന്ത്രമാക്കി [illegible]. ആവശ്യമുള്ളവ പെട്ടാൽ [illegible] വിടുന്നതു [illegible] ദിവസം കഴിഞ്ഞിട്ടു മാത്രമാണ്. ഈ സമയത്തിന്നകത്തു പെട്ട സാധനത്തിന്റെ സത്തു മുഴുവനും ചെടി [illegible] കഴിക്കുകയും ചെയ്യുന്നു.

[illegible] കണ്ണുകളുണ്ടെന്നു പറഞ്ഞാൽ പലരും [illegible] വിശ്വസിക്കയില്ല. ഇതിന്റെ [illegible] [illegible] പുഷ്പവും [illegible]

പ്പെന്ന അത്ഭുതം തോന്നുകയും ചെയ്യാം. ഏതിലും വേരുകൾക്കു ഒരു മാതിരി ബുദ്ധി ഉണ്ടെന്നു പല സന്ദർഭങ്ങളിലും കണ്ടെത്തിട്ടുണ്ട്. നമ്മുടെ അലക്ഷ്യാവസ്ഥപോലെ ഉറങ്ങിനടക്കുന്ന ചെടികൾക്കു കൊടുക്കുന്നതായ ഒരു സാധനം വേരുകളുടെ അറ്റത്തു ഉണ്ടെന്നു ചാറത്സ് ഡാർവിൻ എന്ന വിദ്വാൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഡാക്ടർ കാപ്പ്നർ എന്ന സസ്യശാസ്ത്രജ്ഞൻ വേരുകളെ പരിശോധിച്ചതിൽ അദ്ദേഹത്തിന്നു വിവരിക്കുവാൻ തീരെ അസാദ്ധ്യമായ പല സംഗതികളും കണ്ടെത്തിട്ടുണ്ടെന്നു പ്രസ്താവിച്ചിരിക്കുന്നു. സസ്യങ്ങൾക്കു ബുദ്ധിയുണ്ടെന്നു ഈ മഹാപുരുഷൻ വിശ്വസിച്ചിട്ടില്ല. അദ്ദേഹം വളരെ സാരവത്തായ ഒരു കാര്യം വെളിപ്പെടുത്തിട്ടുണ്ട്. ഈ സംഗതിയിൽ അദ്ദേഹം പ്രസ്താവിച്ചിട്ടുള്ള അഭിപ്രായം ചുരുക്കമായി താഴെ ചേർക്കുന്നു. 'പേരാലിന്റെ തടിയുടെ പോതലിച്ച് "ഉൾഭാഗത്തുനിന്ന്" ഒരു വേരു (ചിത്രം 5) പുറപ്പെടുന്നു. തടിയിന്മേൽനിന്നു വലിച്ചെടുത്ത ഭോജനദ്രവ്യം മതിയാകാത്തതിട്ടു കീഴ്പോട്ടു വളർന്നുവരുന്നു. അതു് ഉദ്ദേശിച്ച നിശ്ചയിച്ച സ്ഥലത്ത് ഒരു വലിയ കരിങ്കല്ലു കിടക്കുന്നു. വേരു ശരിക്കു കീഴ്പോട്ടു വരികയാണെങ്കിൽ ആ കല്ലിന്മേൽ ഇടഞ്ഞുവരുന്നു. പക്ഷെ കല്ലിന്മേൽ തൊടുന്നതിന്നു മുമ്പ് കുറച്ചു വെച്ചു ആ വേരു രണ്ടു ശാഖകളായി തിരിഞ്ഞു ആ കരിങ്കല്ലിന്റെ ഇരുവശങ്ങളിലും ഇറങ്ങുന്നു.[3] ഈ സംഗതിയെപ്പറ്റി ആർക്കും അനുഭവപ്പെട്ടിരിക്കയില്ല. നമ്മുടെ കാടുകളിലുള്ള വൃക്ഷങ്ങൾ പരിശോധിച്ചാൽ ഈ വക ദൃഷ്ടാന്തങ്ങൾ അനേകം ഇന്നും കാണാവുന്നതാണ്. നമ്മുടെ രാജ്യത്തുള്ള പടർന്നു കയറുന്ന ചില ചെടികൾക്കും ഈ വക സ്വഭാവം ധാരാളം ഉണ്ട്.[2] ഈ വക ചെടികളുടെ സമീപത്തു വല്ല ജലാശയങ്ങളും ഉണ്ടെങ്കിൽ വേരുകൾ അങ്ങോട്ടല്ലാതെ തിരിയില്ല. ഇരുപതും 25 ഉം അടി ദൂരത്തുള്ള സ്ഥലത്തായിരുന്നാലും ആ ജലാശയത്തെ ലക്ഷ്യമാക്കിയാണ് വേരുകളുടെ ഗതി. വൃക്ഷങ്ങൾക്ക് ചില പ്രത്യേക സ്വഭാവങ്ങൾ ഉണ്ടെന്നുള്ളതുകൾ. ഈ കണ്ണുകൾ ചേർന്നുള്ള അലക്ഷ്യാവസ്ഥയിൽനിന്നുകൊണ്ടുതന്നെ ഏതു പ്രകാരത്തിൽ പലതും പരിഹാസ്യമായി തോന്നിയേക്കാം. പക്ഷെ മുൻപറഞ്ഞ പേരാലിന്റെ വേരു കല്ലു തൊടുന്നതിന്നു മുമ്പ് രണ്ടായി തിരിഞ്ഞ സംഗതി ഓർത്താൽ ഈ കാര്യത്തിൽ സമാധാനമുണ്ടാകുന്നതാണ്.

കായപ്പൂർ

മേൽകാണിച്ച ലക്ഷ്യങ്ങൾകൊണ്ടു സസ്യവർഗ്ഗത്തിന്നു വേണ്ടുന്ന ഭക്ഷ്യവസ്തുക്കൾ ശേഖരിപ്പാൻ മറ്റു സാധിക്കുന്നതാണെന്നു കണ്ടുവല്ലോ. ഏതിലും ഇവയുടെ ഭക്ഷണരീതിയെപ്പറ്റി ഒരു പരിപൂർണ്ണമായ അറിവു സമ്പാദിപ്പാൻ വളരെ ബുദ്ധിമുട്ടായിട്ടാണ് കാണുന്നത്. സസ്യങ്ങളും ചില പ്രത്യേക പ്രാണികളുമായി വളരെ യോജിപ്പുണ്ടെന്നു കാണിക്കുന്നതിന്നായി ചില സംഗതികൾകൂടി പ്രസ്താവിക്കട്ടെ. നമ്മുടെ രാജ്യത്തുള്ള മാവു, കുരുമാവു മുതലായ വൃക്ഷങ്ങളുടെ തൈകളെ പരിശോധിക്കുക. ഈ തൈകളെ ഉരക്കുകയോ കശക്കിയാൽ ഒരു സൈന്യം നീറ് (ചുവന്ന ചുകന്ന ഉറുമ്പുകൾ) പുറപ്പെടുന്നു. ഉടനെതന്നെ കശക്കിയ കൈകളിൽ പിടികൂടി സർവ്വാംഗത്തിലും പ്രവേശിച്ചു കടിച്ചു തുടങ്ങുന്നു. ഇവ എവിടെനിന്നു വന്നു? ആ ചെറുതൈ പരിശോധിച്ചാൽ അവിടവിടെയായി ചെറുതായ പോടുകൾ കാണും. മരവുള്ള കുഴികളിൽനിന്നു തങ്ങൾക്കാവശ്യമായ ഉപ

ഉപയോഗം, തൎക്കശാസ്ത്രം മുതലായ ശാസ്ത്രങ്ങൾ വളൎത്തുന്ന കാലപ്പഴക്കമാകുന്നു ഈ ഉദ്യമങ്ങൾ. ഈ ശാസ്ത്രങ്ങളുടെ ഉൽഭവം ഉദ്യമങ്ങൾ നിശ്ചയമാകുന്നു. എന്തെങ്കിലും ശാസ്ത്രങ്ങളുടെ ഇടയിലുള്ള സംബന്ധത്തിന്നെങ്കിൽ അതുകൊണ്ട് കാലപ്പഴക്കമായ ഉദ്യമങ്ങളിലുള്ളതു തീൎച്ചപ്പെടുത്താം.

ഉപനിഷത്തുകളുടെ ഉൽപത്തി

ഇക്കാലത്തു നമ്മുടെ ഇടയിലുള്ള അനേകം കാൎയ്യകാരണസംബന്ധത്തെപ്പറ്റി ആലോചിക്കുന്നതു സാധാരണയല്ലാത്തതു കൊണ്ടു, ഉപനിഷത്തുകളുടെ ഉൽപത്തി എന്തായിരിക്കുമെന്നു ചിന്തിക്കുന്നതു പ്രപഞ്ചത്തിന്റെ ഉൽപത്തി എന്തായിരിക്കുമെന്നു ചിന്തിക്കുന്നതുപോലെ ദുൎഗ്രഹമായിരിക്കാം. 'എന്തുകൊണ്ടാണ് ധൂമകേതുവിന്റെ വാൽനക്ഷത്രം ഒന്ന് കൊല്ലം കൂടുമ്പോൾ മറ്റൊരിക്കൽ ഭൂമിയിൽ പ്രത്യക്ഷമാകുന്നത്?' 'എന്തുകൊണ്ടാണ് കൊള്ളിമീൻ, അതല്ലെങ്കിൽ ഉല്ക്കകൾ, ചില കൊല്ലം കൂടുമ്പോൾ ചിങ്ങമാസത്തിലോ വൃശ്ചികമാസത്തിലോ ഭൂമിയിൽ അധികമായി പതിക്കുന്നത്?' 'സായംസന്ധ്യയിൽ വിടരുന്ന പുഷ്പങ്ങൾ പ്രായേണ വെളുത്തതും സുഗന്ധമുള്ളതും ആയിരിക്കുവാൻ വല്ല കാരണവുമുണ്ടോ?' 'പുനൎജ്ജന്മവാദം നമ്മുടെ ജനങ്ങളുടെ ഇടയിൽ വളരെക്കാലം മുമ്പേ തന്നെ ... വിച്ചുപോയ പിതാവിന്റെ ആകൃതി, പ്രകൃതിവ്യത്യാസങ്ങൾ മാതാപിതാക്കന്മാരിൽനിന്നുണ്ടാകുന്ന സന്തതികളിൽ ചിലപ്പോഴും കണ്ടുവരുന്നു. ഈ അപ്രകൃതമായ വാസ്തവത്തിന്നു വല്ല കാരണവും ഉണ്ടോ?' ഇങ്ങിനെ മാതാപിതാക്കന്മാരെപ്പറ്റി കേട്ടിട്ടുള്ളവരും നല്ലവണ്ണം ആലോചിച്ചിട്ടുള്ളവരും അപൂൎവ്വമായ സ്ഥിതിക്ക്, ഉപനിഷത്തുകളുടെ ആവിൎഭാവം എന്തായിരിക്കുമെന്നു പര്യാലോചിക്കുക എന്നു പറയുന്നതു കുറെ സാഹസമായിരിക്കും. അതിരിക്കട്ടെ. എന്നാലും പ്രകൃതിനിയമമായ കാൎയ്യങ്ങൾക്കു കൂടി സ്വാഭാവികമല്ലാത്തതും യുക്തിക്കനുസരിക്കാത്തതുമായ കാരണങ്ങൾ കല്പിക്കുന്നതു അത്യാശ്ചൎയ്യമല്ലേ? മസൂരിദീനം പകരുമ്പോൾ ജനങ്ങൾ മരിയമ്മയെ പ്രസാദിപ്പിക്കാനോ കുരുതി വെട്ടുവാനോ അല്ലേ അധികം ഉത്സാഹിക്കുന്നത്? അനുഭവത്തെ ... പിടിപെട്ടാൽ കൊല്ലുവിന്റെ ഉപദ്രവം നീക്കാതെ എന്തെങ്കിലും ക്ഷുദ്രദേവതയുടെ ആവേശത്തിന്നു പഴിപ്പെടും. അപസ്മാരം എന്ന രോഗം കൂടി അനേകരോഗങ്ങൾ മനുഷ്യരെ ബാധിക്കുമ്പോൾ എല്ലാറ്റിന്നും ഉള്ള കാരണം മന്ത്രവാദമല്ലേ? ഇപ്രകാരം സകല പ്രാചീനഗ്രന്ഥങ്ങളും 'ശ്രുതിപ്രോക്തം' എന്നു പറഞ്ഞു തള്ളിക്കളയുമ്പോൾ അവയുടെ ഉൽപത്തി പരിണാമത്തെപ്പറ്റി ചിന്തിക്കുന്നതും അലൌകികമായിരിക്കും. എങ്കിലും പ്രസ്തുതവിഷയത്തെപ്പറ്റി വ്യാസൻ, ശങ്കരൻ മുതലായ ഋഷിമാർ അനേകം ഗ്രന്ഥങ്ങ

ടെ അന്ത്രാന്തപരിശ്രമംകൊണ്ടു സിദ്ധിച്ചിരിക്കുന്ന ചില തത്വങ്ങളെ ഭാഷ്യകർത്താവും ലോകപ്രസിദ്ധനും ആയ ശങ്കരാചാര്യസ്വാമികളുടെ അനുഗാമികളായ കേരളീയവിദ്വജ്ജനങ്ങൾക്കു ശ്രദ്ധാവിഷയമാക്കിത്തീർക്കുന്നതു അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

'ഉപനിഷത്ത്' എന്ന പദം പ്രാചീനഗ്രന്ഥങ്ങളിൽ മൂന്നു അർത്ഥത്തിൽ ഉപയോഗിച്ചു കാണുന്നുണ്ട്. (൧) ഒരു ഗൂഢമായ വാക്കു; (൨) ഒരു ഗൂഢമായ ഗ്രന്ഥം; (൩) ഒരു ഗൂഢമായ അർത്ഥം.[1]

(൧) 'ന യാചേത്,' യാചിക്കരുത്,[2] 'സത്യസ്യ സത്യം,' ഇതു സത്യത്തിന്റെ സത്യമാണ്[3] 'തജ്ജലാൻ,' സർവ്വപ്രാണികളും [illegible] വസ്തുവാണ് ഇതു,[4] ഇത്യാദി വാക്യങ്ങളെ പ്രത്യേകിച്ചും 'ഉപനിഷത്ത്' എന്ന പദംകൊണ്ടു [illegible] 'തജ്ജലാൻ' എന്ന നാമങ്ങൾ ചിന്തിക്കേണ്ടതാണെന്നു ഉപദേശിക്കപ്പെട്ടിരിക്കുന്നു. [illegible], ശിഷ്യൻ ചോദിക്കുന്നു, 'ഉപനിഷദം ഭോ ബ്രൂഹി,' ഹേ ഗുരോ! ഉപനിഷത്തിനെ ഉപദേശിച്ചാലും, എന്നു ചോദിക്കുന്നു, അപ്പോൾ, 'ഉക്താ ത ഉപനിഷദ്,' നിനക്കു ഉപനിഷത്ത് ഉപദേശിക്കപ്പെട്ടു, എന്നു ഗുരു ശിഷ്യനോടു പറയുന്നു.[5]

ഇതിനെ ഗൂഢമായ വാക്യങ്ങളുടെ കൂട്ടത്തിൽ '[illegible],' അതിൽ ഉണ്ടായി, അതിൽ ലയിച്ചു, അതിനാൽ [illegible]കപ്പെടുന്നു, എന്നാശയമുള്ള ഛാന്ദോഗ്യോപനിഷദ്വാക്യവും,[6] 'നേതി നേതി', ഇതല്ല, ഇതല്ല, എന്ന ബൃഹദാരണ്യകത്തിലെ വാക്യവും,[7] 'തത്ത്വമസി', ഈ ആത്മാവ് ബ്രഹ്മമാകുന്നു, എന്ന ഛാന്ദോഗ്യോപനിഷദ്വാക്യവും,[8] 'സർവ്വം ഖല്വിദം ബ്രഹ്മ,' ഈ കാണുന്ന സകല വസ്തുക്കളും ബ്രഹ്മം തന്നെ, എന്ന ഛാന്ദോഗ്യോപനിഷത്തിലെ വാക്യവും,[9] '[illegible],' [illegible], എന്നർത്ഥമുള്ള മറ്റു വാക്യങ്ങളും [illegible].[10]

(൨) ഇപ്രകാരം ഗൂഢമായ [illegible] ഗ്രന്ഥങ്ങളെയും [illegible] 'ഉപനിഷത്തുകൾ' എന്നു പറയാറുണ്ട്. ഇതു [illegible] ഗ്രന്ഥങ്ങളിൽ ഏതെങ്കിലും ഒരു ഭാഗം കഴിയുമ്പോൾ 'ഇതി ഉപനിഷത്' എന്നു [illegible] കാണാം.

(൩) മേൽപറഞ്ഞ രണ്ടർത്ഥങ്ങൾക്കും പുറമേ, ഏതെങ്കിലും ഒരു വൈദികവാക്യത്തിന്നോ വൈദികസമ്പ്രദായത്തിന്നോ അപ്രത്യക്ഷമായ ഒരു ഗൂഢാർത്ഥം കല്പിക്കുമ്പോൾ അതും 'ഉപനിഷത്ത്' എന്ന ഒന്നായിട്ടാണ് പറഞ്ഞുവരാറ്. 'യദേവ വിദ്യയാ കരോതി ശ്രദ്ധയോപനിഷദാ തദേവ വീര്യവത്തരം,' യാതൊന്നാണ് ജ്ഞാന

1 [illegible]
2 [illegible]
3 [illegible]
4 [illegible]
5 [illegible]
6 [illegible]
7 [illegible]
8 [illegible]
9 [illegible]
10 [illegible]

ജ്ഞാനത്തോടും, ശ്രദ്ധയോടും, ഉപനിഷത്തോടും കൂടി ചെയ്യപ്പെടുന്നത് ഏതാകുന്നു അതധികം ഫലപ്രദമായിട്ടുള്ളത്".[11] ഇവിടെ ഉപനിഷത്ത് എന്ന പദത്തിനിക്കാണുള്ള ഉദ്ഗീഥത്തിന്റെ രഹസ്യാർത്ഥമായ ജ്ഞാനത്തെ സൂചിപ്പിച്ചിട്ടുണ്ടാകണം.

മേൽപ്പറഞ്ഞ ഉദ്ധരണികളിൽ 'ഉപനിഷത്' എന്ന പദത്തിനു കൊടുത്തിട്ടുള്ള അർത്ഥം ഏതായിരുന്നാലും ഇക്കാര്യത്തെപ്പറ്റി സൂക്ഷ്മമായും ദീർഘമായും ആലോചിക്കുമ്പോൾ 'ഗൂഢമായ വാക്യം' എന്നായിരുന്നു അതിന്റെ ഏറ്റവും പ്രാചീനമായ അർത്ഥം എന്നും, 'ഗൂഢമായ ഉപദേശ' എന്ന രണ്ടാമത്തെ അർത്ഥം ഈ അർത്ഥത്തിൽനിന്നു പരിണമിച്ചുണ്ടായതാണെന്നും 'രഹസ്യം' എന്ന മൂന്നാമത്തെ ഉപനിഷത്പദാർത്ഥം മേൽപ്പറഞ്ഞ രണ്ടു അർത്ഥങ്ങളിൽ നിന്നുണ്ടായതാണെന്നും കാണാം. ഈ ഒന്നാമത്തെ അർത്ഥത്തെ അത്യുത്തമമായി കല്പിക്കാൻ ആധുനികന്മാർക്ക് ഒരു വാസനയുണ്ട്; ഒന്നാമത്തെ അർത്ഥം മാത്രമേ ഉപനിഷത്പദത്തിനു ശരിയായ അർത്ഥമുള്ളൂ എന്ന പ്രായേണ ഒരു ധാരണയും ഉണ്ട്.

എന്നാൽ ഇതു മുഴുവൻ ശരിയാണെന്നു തോന്നുന്നില്ല. ഉപനിഷത്തുകളിൽ പ്രതിപാദിച്ചിരിക്കുന്ന ആത്മതത്വം മുതലായ സിദ്ധാന്തങ്ങൾ പ്രഥമമായി യാജ്ഞവല്ക്യാദി ഋഷികളുടെ അടുക്കലും ചില ബ്രാഹ്മണരുടെ ഇടയിലാണ് ഉദിച്ചത് എങ്കിലും, ക്ഷത്രിയന്മാരാണ് ആ സിദ്ധാന്തങ്ങളെ പ്രധാനമായി പോഷിപ്പിച്ചിട്ടുള്ളതെന്നും, വൈദികകർമ്മങ്ങളിൽ മുഴുകിക്കിടന്നിരുന്ന ബ്രാഹ്മണർ ക്ഷത്രിയന്മാരോടും ഈ ഗൂഢസിദ്ധാന്തങ്ങളെ [illegible] പഠിച്ചു [illegible] കർമ്മമാർഗ്ഗത്തിനെ [illegible] ഗൂഢാർത്ഥം കളിച്ചില്ല എന്നും [illegible] മേൽപ്പറഞ്ഞ ഉപാഖ്യാനങ്ങളിൽ [illegible] കാണുന്നതിൽ ഏറ്റവും ശ്രദ്ധേയമായ സംഗതി ബ്രാഹ്മണർ തന്നെ [illegible] ക്ഷത്രിയന്മാരോടു [illegible] ന്നുള്ളതാണ്. ഇതിനെ പറ്റി ആലോചിക്കുമ്പോൾ [illegible] ഉപദേശിക്കാൻ [illegible] ഒരു വിദ്യയായി പറയുന്നത് [illegible] പരമ്പരയായിട്ടാണെന്നു [illegible] നില്ക്കുന്നു.

പള്ളിയിൽ കൃഷ്ണമേനോൻ ബി. എ., എൽ. ടി.

ബാണയുദ്ധം

കൈലാസകൂടാന്തരകാന്തിശിഖരം
സാമ്യം ചമച്ചുകൊണ്ടലേ
മിന്നുംമാണിക്യപ്രാസാദങ്ങളായമേടാ
നിത്യാമൃതവിഷ്ടാൽവിണ്ടോ

ഉഗ്രാധിഷ്ഠിതഗോപുരശോഭിതമാ
ശ്രീമത്പുരാപാലിതം
പ്രാകാരങ്ങളോടു ചന്ദ്രശോണിതപുരം
കണ്ടിതങ്ങൽത്തിരിക്കൽ
ഘോരാസുരാമാരാരനിരുപ്പ[illegible]
വ്യക്തിയിൽ പ്രകാശം (൧)

---

11. ഛാന്ദോഗ്യോപനിഷത്, ൧-൧-൧൦

വീരോനി[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] (ൻ
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] (കം
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]

[illegible]

[illegible] കൈചന [illegible] കച്ചിദപി [illegible] കചന [illegible] കചിദ [illegible] സമരോത്സവപ്പുഴയുള്ളത.

ചിത്രംചിത്രം [illegible]
വാഹനം [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
സാന്ദ്രമാകാശവീഥി.
[illegible]
ബാണസൈന്യ [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] (൨൬)
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] (൨൭)
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] ബാണസൈന്യം

[illegible]

സുദർശനം

[illegible]

ച്ചുവിട്ടു പല വഴിയായി ഭൂഗോളത്തിൽ മെങ്ങും പ്രവഹിപ്പിച്ചിട്ടുള്ളതു്. അനേകം മഹാത്മാക്കന്മാരുടെ ജനനത്താൽ ഏററവും ശ്രേയസ്സിനാസ്പദമായ ഈ പട്ടണത്തിലുള്ള മഹാക്ഷേത്രങ്ങൾക്ക പ്രത്യേകമായിട്ടുള്ള ഒരു ചൈതന്യം അധികമുണ്ടു്. കഴിഞ്ഞ ശതാബ്ദത്തിന്റെ ആരംഭകാലത്തു് ചാമിയാപുരത്തിലെ ഒരു വലിയ തെരുവീഥിയുടെ മദ്ധ്യത്തിലായി ഒരു വിഷ്ണുക്ഷേത്രത്തിന്റെ പ്രധാനഗോപുരം മാത്രം നില്ക്കുന്നുണ്ടായിരുന്നു. വിഷ്ണുഭക്തികളായ വിശ്വാസികൾ കുറേക്കാലം മുമ്പുതന്നെ ക്ഷേത്രം മുഴുവനും നശിപ്പിച്ചുകളഞ്ഞിരുന്നു എങ്കിലും ഗോപുരത്തിന്റെ ദൃഢതനിമിത്തം അവൎക്ക അതു നശിപ്പിക്കാൻ തോന്നിയില്ല. 'സ്വൎഗ്ഗം' എന്ന പ്രസിദ്ധമായ ഈ ഗോപുരം അത്യുന്നതവും വെണ്മാടമായി പണിചെയ്യിച്ചിട്ടുള്ളതുമാകയാൽ അതിന്റെ മുകളിൽ കയറി നോക്കുന്നവൎക്ക ചാമിയാപുരത്തിലെ സകല വിശേഷങ്ങളും കാണായിക്കാണ്മാൻ കഴിയുന്നതാണ്. സ്ഥലമാഹാത്മ്യത്താൽ ഇക്കാലത്തു് സ്വൎഗ്ഗഗോപുരത്തിൽ ജനങ്ങൾ സ്ഥിരമായി താമസിക്കുന്നതെങ്കിലും ദുഷ്കാപട്യംതന്നെ അതു് ഒഴിഞ്ഞു കിടക്കുകയായിരുന്നു.

ഞാൻ ഒരു ദിവസം രാത്രി നിലാവത്തു സ്വൎഗ്ഗഗോപുരം നില്ക്കുന്ന തെരുവിൽക്കൂടി പോകയായിരുന്നു. അപ്പോൾ പെട്ടെന്നു് ആ ഗോപുരത്തിനുള്ളിൽനിന്നു ഒരു സ്ത്രീയുടെ ആൎത്തനാദം കേട്ടു. ചെവിയോൎത്തപ്പോൾ ഉയരത്തിലുള്ള സ്ഥലത്തുനിന്നാണ് പുറപ്പെടുന്നതെന്നു തോന്നി. ഉടനെ വാതുക്കൽ ചെന്നു് ഉറക്കെ വിളിച്ചു. ആരും വിളി കേട്ടില്ല. വാതിൽ ഉന്തിനോക്കിയപ്പോൾ തുറന്നതിനാൽ സാക്ഷയിട്ടിരിക്കുന്നു കയറിയതു ശരിയല്ലെന്നു വിചാരിച്ചു സന്തോഷിച്ചു. കെട്ടിടത്തിനകത്തു കടന്നപ്പോൾ അവിടത്തെ ഇരുട്ടുകൊണ്ടു യാതൊന്നും കാണ്മാൻ കഴിയാതെ തപ്പിത്തടഞ്ഞു നടന്നു. അല്പം കഴിഞ്ഞപ്പോൾ വിസ്താരം കുറഞ്ഞ ഒരു കോണിപ്പടിയുള്ളതായിത്തോന്നി. സ്ത്രീയുടെ നിലവിളി അപ്പോഴും കേട്ടിരുന്നു. എന്നാൽ അതു വളരെ താഴ്ന്ന സ്വരത്തിലായിത്തീൎന്നിരിക്കുന്നു. കോണി കയറി ആദ്യത്തെ തട്ടിലെത്തിയപ്പോൾ നിലവിളി തീരെ കേൾക്കാതായി. എങ്കിലും ശബ്ദം പുറപ്പെട്ടിരുന്ന ദിക്കിനെ ലക്ഷ്യമാക്കി പിന്നെയും ഒരു കോണി കയറിച്ചെന്നപ്പോൾ തുറന്നുകിടക്കുന്ന ഒരു വാതിൽ കണ്ടെത്തി. അതു മൂന്നാംതട്ടിലെ ജനാവാതിലുകളുടെ മിന്നായമാണെന്നു മനസ്സിലായി. അവിടെനിന്നു വീണ്ടും ചെവിയോൎത്തു. നിലവിളി കേട്ടില്ല. ഒരാളുടെ ഞരക്കംമാത്രം കേട്ടു. ഞാൻ വളരെ സൂക്ഷിച്ചു മുമ്പോട്ടു ചെന്നു. പെട്ടെന്നു് ഒരു മനുഷ്യദേഹത്തിന്മേൽ തടഞ്ഞു. 'അയ്യോ! കള്ളന്മാർ കള്ളന്മാർ!' എന്നു പറഞ്ഞു് അവൻ നിലവിളിക്കൂട്ടി. ഞാൻ അവന്റെ കഴുത്തിൽ പിടികൂടി. 'ഒരടിപോലും നീങ്ങുകയോ ആരെയെങ്കിലും വിളിക്കുകയോ ചെയ്തുപോകരുതു് ഞാൻ ഒരു പൊലീസ്സുദ്യോഗസ്ഥനാണ്. എന്റെ കയ്യിൽ വാളുണ്ടു് സൂക്ഷിച്ചുകൊൾക.' എന്നു ഞാൻ പറഞ്ഞു.

'എന്തിനാകുന്നു നിങ്ങളെന്നോടാവശ്യം' എന്നു് ആ മനുഷ്യൻ ഒരൊത്തിയ കൎക്കശസ്വരത്തിൽ ചോദിച്ചു.

ഞാൻ— എവിടുന്നാണ് ഇവിടെ നിലവിളി കേട്ടതു്?

അയാൾ— നിലവിളിയോ? ഇവിടെ ആരും നിലവിളിച്ചിട്ടില്ല. ഞാൻ ഉറക്കത്തിലെങ്ങാനം നിലവിളിച്ചിരിക്കാം എന്നു നി

ബോധമില്ല. അതല്ലാതെ ഇവിടെ ആരും ഇല്ല.

ഞാൻ— താനിവിടെക്കാരനാണോ?

മാരാൻ— എനിക്കു ഒരേ ഒരു താവളമുള്ളൂ. ഞാൻ കിഴക്കുള്ള കുടിയിൽ പാർക്കുന്ന ഒരു മാരാനാണ്.

ഞാൻ— താൻ ഒരു വെളിച്ചം കൊണ്ടു വരാമോ?

'ആവാം' എന്നു പറഞ്ഞ് അവൻ ഒരു ചെറിയ റാന്തൽ കൊളുത്തി. കുന്തിരിക്കത്തിന്റെ മേലിങ്ങുവരുന്ന ധൂമത്തിന്റെ മുമ്പിലാണ് ഞാൻ നില്ക്കുന്നതെന്ന് എനിക്കു മനസ്സിലായി. അതുകൂടെ പനിനീരും കുറി ച്ചേർത്തിരുന്നു. കിടന്നിരുന്ന വസ്ത്രാദികൾ ഉപയോഗിച്ചിരുന്നതിനാൽ ശവത്തിൽ അവിടവിടെ വസ്ത്രാൽ ഉണ്ടായ കറകൾ പോറിയിരിക്കുന്നു.

ഞാൻ— തനിക്ക് ഈ ഗോപുരത്തിന്റെ എല്ലാ ഭാഗവും നല്ല പരിചയമുണ്ടോ?

മാരാൻ— ഇല്ല. ഈ കെട്ടിടത്തിന്റെ മീതെയുള്ള ഭാഗത്ത് ഒരിക്കലും ഞാൻ പോയിട്ടില്ല.

ഞാൻ— ഞാൻ ഈ കെട്ടിടം മുഴുവൻ ഒന്നു പരിശോധിപ്പാൻ പോകുന്നു. താൻ എന്റെ കൂടെ വരണം.

ഉടനെ ഞങ്ങൾ രണ്ടുപേരും സ്ഥലം മുഴുവൻ പരിശോധിച്ചു. നിലവിളി കേട്ടത് ആ കെട്ടിടത്തിൽ നിന്നാണെന്നതിന് ഒരു തെളിവും കണ്ടില്ല. കടന്നിരുന്നപ്പോൾ എന്റെ കാൽ കരിന്തിരിയായ ഒരു ചെറിയ സാധനത്തിന്മേൽ പതിച്ചതായി തോന്നി. നോക്കിയപ്പോൾ അതൊരു പതക്കമായിരുന്നു. ഇതു കണ്ടിട്ട് അവൻ അല്പം ആലോചന നടിച്ച്, 'ഉത്സവത്തിലെ ചില സ്ത്രീകൾ ഈ ഗോപുരത്തിനുള്ളിൽ കാണ്മാൻ വന്നിരുന്നു. അവർ ഉള്ളിൽ കടക്കുന്നത് ഞാൻ കണ്ടു' എന്നു പറഞ്ഞു. അവനെ പിടിച്ചു പോലീസ്സിൽ ഏല്പിച്ചാലോ എന്നു ഞാൻ സംശയിച്ചു. പക്ഷേ അതിന് എനിക്കു മതിയായ ന്യായം ഇല്ലെന്നു തോന്നി. അതിനാൽ പതക്കത്തിനും നിലവിളിക്കും പരസ്പരം ബന്ധമില്ലെന്നു തീർമാനിച്ചു മടങ്ങിപ്പോന്നു.

പിറ്റേന്നാൾ രാവിലെ മജിസ്ട്രേട്ടിന്റെ അടുക്കൽ ചെന്ന് ഉണ്ടായ സംഗതികളെല്ലാം പറഞ്ഞു. മജിസ്ട്രേട്ട് പോലീസ്സ് ഇൻസ്പെക്ടരും വിശ്വസ്തരായ ആളുകളുമായി ഞങ്ങൾ മൂന്നാളുംകൂടി ഗോപുരത്തിനകത്തു പരിശോധിപ്പാൻ പുറപ്പെട്ടു. ഗോപുരം നില്ക്കുന്ന വീഥിയിലൂടെ ഞങ്ങൾ കടക്കുമ്പോൾ രാത്രിയിൽ ഞാൻ കണ്ട മാരാൻ നിൽപ്പുണ്ടായിരുന്നു. അവൻ എന്നെ കണ്ടിട്ട് വന്ദിക്കയും എന്റെ കൂട്ടരെ ഒരു കൂസലില്ലാതെ നോക്കുകയും ചെയ്തു. ആ മനുഷ്യന്റെ കൊള്ളരുതാത്ത കണ്ണുകൾ തിരഞ്ഞു നോക്കുന്നു. എന്നാൽ ആ പ്രവൃത്തിയിൽ അവൻ വല്ല ... കൊണ്ടാൽ ഉണ്ടാകുന്ന വെറുപ്പുകൂടിയിലാണ് അവൻ അതു ചെയ്യുന്നതെന്ന് ... മനസ്സിലാക്കി. ഞങ്ങൾ ഗോപുരത്തിൽ ചെന്നു കഴിയുന്നിടത്തോളം സൂക്ഷ്മമായി പരിശോധിച്ചു. പരിശോധന ... അവസാനിച്ചതിനുശേഷം ... മടങ്ങി. പോലീസ്സുകാർ അപ്പോഴും അവിടെത്തന്നെ ... വേല ചെയ്തുകൊണ്ടു നിന്നിരുന്നു.

മജി— ഓ എന്റെ കൈകൊണ്ട് ആ ഗോപുരത്തിൽ ഇട്ടുപോന്നു. ഗോപുരത്തിന്റെ മേൽതട്ടിൽ വെച്ചാണ് ഒടുവിൽ ഉപയോഗിച്ചത്?

ഇതു കേട്ടപ്പോൾ വീട്ടുകാർ ... കൊണ്ടു വരുവാൻ പോയി. ഞാൻ ...

ഭിസ്സൂട്ടും പഴഞ്ഞന്നിപ്പുറക്കിയോട് മാറോടു ചോദിച്ചുകൊണ്ടു നിന്നു. ഞാൻ മണിക്കൂറു കഴിഞ്ഞു വീരപ്പനെ കണ്ടില്ല. ഞങ്ങളെ കാണാത്തതോ ഞങ്ങളും കാണാത്തതോ ഗോപുരത്തിൽ നിന്നു പുറത്തു പോവാൻ നിവൃത്തിയുണ്ടായിരുന്നില്ല. ഒടുവിൽ ഞങ്ങളും ഗോപുരത്തിൽ ചെന്നു വീരപ്പനെ തേടിനോക്കി. ആരെയുമേ കണ്ടില്ല. ഞങ്ങളും മടങ്ങി. 'കുപ്പനെ കണ്ടുപിടിപ്പാൻ വല്ലതെ പ്രയാസമുള്ള ഒരു രഹസ്യം ഇതിലുണ്ട്. അതിന് ആദ്യം ആയി നില്ക്കുന്നത് ഈ പഴഞ്ഞന്നിപ്പുറക്കിയാവാനാണ് എന്നു ന്യായം. എന്നാൽ അവനെ പിടിക്കുന്നതിന് ഒരു കാരണവും കണ്ടുകിട്ടുന്നില്ല' എന്നു ഭിസ്സൂട്ട പറഞ്ഞു. ഞങ്ങളും പിരിഞ്ഞു.

ഒന്നരാത്രി ഉറങ്ങിയുണർന്നശേഷമോ വിചാരിച്ചിരുന്ന ഒരു ചൂതുകളിപ്പുരയിലേക്ക് പോലീസ്സ് ഉടുപ്പിടാതെ എനിക്ക് പോകേണ്ടിവന്നു. എല്ലാവരും പരുങ്ങലായിരുന്നപ്പോൾ എന്തൊരു മുറിയിൽ നടക്കുന്ന കൃത്യങ്ങളെല്ലാം ഞാൻ വിടാതെ നോക്കിക്കൊണ്ടിരിക്കുമ്പോൾ ആ മുറിയിലേക്ക് നല്ല വസ്ത്രം ധരിച്ച ഒരാൾ കടന്നുവന്നു ചൂതുകളിക്ക കളി തുടങ്ങി. അയാൾ ചുരുങ്ങിയ സമയം കൊണ്ടു പണം വെച്ചുള്ള എങ്കിലും എല്ലാം തോറ്റുപോയി. അയാൾക്ക് തോറ്റ ഉണ്ടായത് കളിയുടെ വശമറിയായ്കയല്ല, ഭാഗ്യക്കേടാണ്. ഒന്നിരണ്ടു പണമടച്ചപ്പോൾ അയാൾ കളി നിർത്തി പുറത്തേക്കു പോയി. എന്നെ അയാൾ കണ്ടില്ല. കണ്ടാൽ അവിടെ നിൽക്കില്ലായിരുന്നു. ചുമലിലേക്ക് ഇറങ്ങി വന്നതും നേരെ കടക്കിയിലാക്കി പുറത്തേക്കു പോയ ആ മനുഷ്യൻ സ്വർഗ്ഗഗോപുരത്തിൽ പോകുന്ന പഴഞ്ഞന്നിപ്പുറക്കിയായിരുന്നു. അയാൾ വന്നാൽ മെത്തയിൽ തന്നെയാണ് കിട

ക്കുവാൻ പോകുന്നതെന്നറിവാൻ എനിക്ക് അത്യാഗ്രഹമുണ്ടായിരുന്നുവെങ്കിലും അത് കാലം ഒരു പ്രത്യേകകല്പനയനുസരിച്ചു പ്രവൃത്തിക്കുന്ന അവസരമാകയാൽ നിവൃത്തിയുണ്ടായില്ല. കളിപ്പുരയിലെ മേലന്വേഷണക്കാരോട് 'അയാൾ പതിവായി കളിക്കുവാൻ വരാറുണ്ടോ' എന്നു ചോദിച്ചതിന് 'ഇന്ന് ആദ്യമായി ഇവിടെ വന്നത്' എന്നായിരുന്നു ഉത്തരം.

അന്വേഷണത്തിനു മുമ്പായി കളിപ്പുര അടച്ചു പൂട്ടി. എനിക്കു സ്വാതന്ത്ര്യം കിട്ടുമായിരുന്നെങ്കിലും ഉറങ്ങാതെ തന്നെ സ്വർഗ്ഗഗോപുരത്തിലെത്തി. അടച്ചുപൂട്ടു കോണിപ്പടി കയറി. വാതിൽ വരാത്ത കൊണ്ടുണ്ടായ കിതപ്പു മാറുവാൻ വേണ്ടി ചുമരിന്മേൽ ചാരി അല്പനേരം വിശ്രമിക്കാനെന്നു കരുതി ചുമര തപ്പി നോക്കിയപ്പോൾ തന്നെ ഒരു സാധനത്തിന്മേൽ കൈ തട്ടി. നോക്കിയപ്പോൾ അതൊരു കസേരയാണെന്നു തോന്നി. ഒരു തുരംഗത്തിന്റെ മുഖം ആ സ്ഥലത്ത് ആ സ്ഥലത്തു തൊട്ടാൽ എവിടെ എന്നു തെളിയില്ലെന്നു തോന്നുന്നില്ല. എന്റെ മനസ്സിലാകട്ടെ മുമ്പു കേട്ട വിവരങ്ങളും, പതക്കവും, പഴഞ്ഞന്നിപ്പുറക്കിയും, അവന്റെ മറിയായതുകളും, ഈ തുരങ്കവും എല്ലാം കൂടി വല്ലാത്ത ചലനമുണ്ടാക്കിത്തീർത്തു. പെട്ടെന്നു കോണിയിറങ്ങി. ഞാനൊരു സംഗതികളുമ്പറി ആലോചിച്ചപ്പോൾ എന്റെ മനത്തെപ്പറ്റി എനിക്കു വല്ലാത്ത ലജ്ജ തോന്നി. ഞാനല്ലാതെ വേറെ ഒരാളും കൂടി ആ കെട്ടിടത്തിൽ നടക്കുന്ന ശബ്ദം കേട്ടാലെ തോന്നിയതിനാൽ വീണ്ടും കോണി കയറാമെന്നു തീർച്ചയാക്കി. ശബ്ദവും വീണ്ടും തൊടാതിരിപ്പാൻ വേണ്ടി കഴിഞ്ഞുകറി കോണി കയറി ഒരു തുരങ്ക വലിയ

മുറിയിൽ കടന്നു. ആ സമയം അന്ത്യമണി മുടിയ്ക്കുന്നതു കേട്ടു.

നേരം നല്ല പ്രകാശമായി. ഞാനാ ആ മുറിയുടെ ഒത്ത നടുവിൽ നല്ല ഉറക്കമാണെന്നു നടിച്ചുംകൊണ്ടു പഴയതുനിപ്പുകി വസ്ത്രാലിൽ കിടക്കുന്നു. ഞാൻ അയാളെ ഉണർത്തുവാൻ ഭാവിച്ചപ്പോഴേക്കും ആ മുറിയുടെ ഒരുകെ അറ്റത്ത് ഒരു വാതിൽ പതുക്കെ തുറക്കുന്ന ശബ്ദം കേട്ടു. ഗോപുരത്തിൻെറ മേൽതട്ടിലുള്ള മുറികളിലേയ്ക്കും വെണ്മാടത്തിലേയ്ക്കും കയറുവാനുള്ള ഗോവണി മുത്തിൻെറ വാതിലാണ് തുറന്നതെന്ന് എനിയ്ക്കു മനസ്സിലായി. ഞാൻ നോക്കിയപ്പോൾ ഒരുവൻെറ നിഴൽ കണ്ടു. ഒരാൾ എന്നെ കണ്ട ഉടൻ പിന്മാക്കം പോയി. ആ സമയം പഴയതുനിപ്പുകി ഞെട്ടുന്നുണ്ടെന്ന് ഉൽകണ്ഠയോടെ ചുററും നോക്കുന്നതു കണ്ടു. ഞാൻ ഉടനെ ആ നിഴൽ കണ്ട വാതിൽക്കലേയ്ക്കു പാഞ്ഞുചെന്നു. കോണിപ്പടി രണ്ടും മൂന്നും ഒന്നായി ചാടിക്കയറി. ആരോ എൻെറ തലയ്ക്കു മീതെയുള്ള കോണിപ്പടിയിൽ കയറുന്നുണ്ടെന്നു തീർച്ചയായി. എൻെറ ഗതി വേഗം വർദ്ധിച്ചു. ഞാൻ കയറിച്ചെന്നതു വെണ്മാടത്തിലായിരുന്നു. അവിടെ ഒരാളെയും കണ്ടതുമില്ല. ഞാൻ കുണ്ഠിതനായി തന്നെത്താൻ ശപിച്ചുതുടങ്ങി. താഴെയുള്ള മുറിയിൽനിന്നു എന്നെ പരിഹസിയ്ക്കുന്ന മട്ടിൽ ആരോ ഉറക്കെച്ചിരിയ്ക്കുന്നതു കേട്ടു. എന്താണ് ഞാൻ ചെയ്യേണ്ടതെന്ന് ആലോചിച്ചിട്ടുണ്ടായില്ല. ഞാൻ എൻെറ സങ്കല്പത്താൽ വഞ്ചിതനായോ? ഇല്ല. അയാൾ ഉയരവും വണ്ണവും ഉള്ള ഒരുത്തനാണ്. തലമുടിയുടെയും മേൽമീശയുടെയും നിറം അല്പം ചെമ്പിച്ചതാണ്. എന്നാൽ അയാളെവിടെപ്പോയി? വെണ്മാടത്തിൻെറ മുകളിൽ കയറിയാൽ കാണാതാകണമെങ്കിൽ ഒന്നുകിൽ കീഴ്പ്പോട്ടു ചാടണം. അല്ലെങ്കിൽ കാററായ്പ്പോകണം. ഇപ്രകാരം വിചാരിച്ച് എനിയ്ക്കു വളരെ അത്ഭുതം തോന്നിയെങ്കിലും ആ വെണ്മാടത്തിൻെറ മുകളിൽ എത്തിയപ്പോൾ തലചുററുന്നതുകൊണ്ട് അതിൻെറ നാലു വശത്തും ഉള്ള കൈവരിയുടെ മീതെ എത്തിനോക്കുവാൻ തോന്നാതിരുന്നില്ല. ഞാൻ അപ്പോൾ നിന്നിരുന്നതു 170 അടി ഉയരത്തിലായിരുന്നു. അവിടെ നിന്നു നോക്കിയപ്പോളാണ് ആ മഹാ നഗരത്തിൻെറ ഗാംഭീര്യം എനിയ്ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞത്. എന്നാൽ ആരു ഒരു മിനുട്ടു നോക്കിയെങ്കിലും എനിയ്ക്കു ആശ്വാസപ്പെടുത്തിയില്ല. എന്തുകൊണ്ടെന്നാൽ ആ പഴയതുനിപ്പുകി താഴെയുള്ള ഒരുവൻ അയാളോടു വീണ്ടും ചില ചോദ്യങ്ങൾ ചോദിപ്പാനായിരുന്നു എൻെറ മനസ്സു വ്യാകുലപ്പെട്ടിരുന്നത്. കോണിയിറങ്ങി താഴെ എത്തിയപ്പോൾ അയാൾ വസ്ത്രാലിൽ തന്നെ കിടക്കുന്നുണ്ട്. കണ്ണു ചിമ്മിയില്ല. ഞാൻ പല ചോദ്യങ്ങളും അയാളോടു കുത്തിക്കുത്തി ചോദിച്ചു. അവൻ ചേകം കണ്ടില്ല പോയതേ ഇല്ല എന്നു തീർത്തു പറഞ്ഞതുപോലെ തന്നെ മരണം വരെ ഞാനും ആ ഗോപുരത്തിൽ താമസിച്ചുവരുന്നതായി ആവശ്യമില്ലെന്നും ശഠിച്ചു പറഞ്ഞു. ഈ സമ്പൃതിയ്ക്കു ആദ്യമായി എൻെറ മനസ്സിനെ തീർച്ചയാക്കാതെ തന്നെ ഞാൻ ആ മുറിയിൽനിന്നു പുറപ്പെട്ടപ്പോൾ ചുമരിന്മേൽ ഭിത്തിയിൽ ശവമഞ്ചം ഇരി ക്കുന്നതു കണ്ടു. ഒരു വലിയ മനുഷ്യനല്ലാതെ യാതൊന്നും അവിടെ കണ്ടില്ല. എല്ലാ സംഗതികളും വിസ്തരിച്ചു പറയുന്നതായി ഞാൻ മജിസ്ട്രേട്ടിൻെറ അടുക്കൽ ചെന്നു. മജിസ്ട്രേട്ടിനോടു ഞാനതിനെ കു

യാതൊരു പ്രകാരത്തിലും സമാധാനമുണ്ടായില്ല. രാത്രിയിൽ ഉറക്കമൊഴിച്ചതുകൊണ്ടും ക്ഷീണംകൊണ്ടും ഭക്ഷണം കഴിച്ചു കാപ്പാകയായി ഞാൻ സ്വസ്ഥാനത്തിലേക്കു മടങ്ങി.

ഒരു മണിയോടു കൂടി ഞാൻ ഉറക്കമുണർന്നപ്പോൾ എനിക്കു ഒരു അപവാദത്തോ ടൊന്നിച്ചു അതു ശരിപ്പാൻ വേണ്ടിക ള അധികം താമസമെന്നിയേ തിരിച്ചുവരി കയാവഴിയിൽ കൂടി കടന്നുപുറത്തു ചെ ന്ന വസ്ത്രാന്തരത്തിൽ ചുവർ അടുക്ക ളെന്ന കണ്ടിട്ടാണ് ഞാൻ കൂടെ തനിച്ചു സമയം ഇടയായത്. കാണാപ്പുറത്ത് അ സ്വസ്ഥതയെ സമീപത്തു കൂടി സാവധാ നത്തിൽ പോയിക്കൊണ്ടിരിക്കുമ്പോൾ ഒരു വീടിന്റെ പടികൾ ഒന്നായി നില്ക്കുന്ന ഇക്കൂട്ടം അവരുടെ ആകൃതികൾ എന്റെ മനസ്സ് ചെയ്തതാണ് എനിക്കില്ല. അവരെ തിരിച്ചറിവാൻ എനിക്കു യാതൊരു പ്രയാസമു ണ്ടായിരുന്നില്ല. ഒരു ചെറുക്കനെപ്പറ്റി ഉം കൊണ്ടു സ്വർണ്ണഗോപുരത്തിലെ ശ ബ്ദം കൂട്ടിൽ വെച്ച് കണ്ടിരുന്നുവോ കണ്ട തു ഉടനെ സ്പഷ്ടമായിരുന്നു. അവരിരു വരുംകൂടി പരസ്പരം സംസാരിച്ചുകൊ ണ്ടിരിക്കുന്ന അവർ അധികം സമീപ ത്തല്ലാതെ എന്നെ കണ്ടില്ല. ചെറുപ്പക്കാ രിയുമായാൽ സംസാരിച്ചുവരുന്ന വഴിയുണ്ട യിരുന്നില്ല. ചെറുക്കനെപ്പറ്റിയുള്ള അ പ്പോഴത്തെ മോഹം മോക്കുകളിലും വന്ന പ്പോൾ ഉണ്ടായിരുന്നതുമൊന്നായിരുന്നു. അവരോ കപ്പാക്കിലെയിൽനിന്ന് ഒരു കു തിരവണ്ടിയും എടുത്തു കൂട്ടുകാരനെകാ ണിച്ചുതന്നും അവൻ അതു മേലെ നോ ക്കി കയറി പൊന്നാക്കിക്കുന്നതും ഞാൻ കണ്ടു. അല്പം കഴിഞ്ഞപ്പോൾ കു തിരക്കാരനും കൂടി അവരുടെ സമീപ ത്തിൽ ചെന്നു അതു സ്വർണ്ണഗോപുരത്തി ലേക്കു കൊണ്ടുപോകുവാൻ ആരംഭത്തിൽ പിടിച്ച ചില ആലോചനകളും നടത്തി ട്ടും അതുവരെ കണ്ടുകിട്ടാത്ത ചെറുക്കൻ ഒളിച്ചുപോയി വീഴ്ചപ്പറ്റായിരുന്നു. ഇതു കണ്ട പ്പോൾ എനിക്കുണ്ടായ വിസ്മയത്തിന് അ തിരില്ലാതായിത്തീർന്നു. ഞാൻ ഉടനെ വിവ രമെല്ലാം മാറ്റിക്കൊണ്ടിരുന്നു. ഉടനെ അവർ മൂന്നാളും വീട്ടിനുള്ളിലേക്കു കടന്നു. ഞാൻ പതുക്കെ അടുത്തു ചെന്നു. വീട്ടിന്റെ അകം അന്ധമായില്ലെന്നും അവർ മൈസൂ രു പ്രഭുവിന്റെ വെണ്ണി അവിടെ ചെന്നു താമസിക്കുന്നതും അവിടത്തെ കാവൽക്കാരനാ യ ഒരു ചെറുക്കൻ പറഞ്ഞു. ഞാൻ അവ ന്റെ കയ്യിൽ ഒരു ഉറുപ്പിക വെച്ചുകൊടു ത്ത് അവരിരിക്കുന്നതിന്റെ അടുത്ത മുറി യിൽ എന്നെ ഇരിപ്പാൻ അനുവദിക്കണ മെന്നും അത് അവരറിയരുതെന്നും പറ ഞ്ഞു. കാവൽക്കാരൻ അപ്രകാരം ചെയ്യാ ൻ അനുവദിച്ചപ്പോൾ എന്റെ മനസ്സിൽ അതിയായ സന്തോഷമുണ്ടായി. അകത്തു ചെന്നു പരിശോധിച്ചപ്പോൾ ഒരു മുറിക ളുടെയും നടുവിലുള്ള ഭിത്തിമേൽ ഒരു ചെ റിയ ദ്വാരവും കൂടി കണ്ടതിനാൽ മനസ്സം അതുകൊണ്ടാണന്ന തീർച്ചപ്പെടുത്തി ഉറച്ച വെച്ചു മുകളു.

വിളപ്പൻ—ഞാൻ കൃത്യത്തിന വന്നില്ലേ?

ഉണ്ണിക്കോയൻ—ഒരു മിനിട്ടു വൈകിട്ടില്ല. നിങ്ങടെ കിണറ്റിലെന്നതിനുള്ള സമ്മാ നം ഇപ്പോൾതന്നെ തരാം.

വീരപ്പൻ—ആ ഗോപുരത്തിന്റെ മുകളിൽ വെച്ച് എന്റെ തലയ്ക്കു കിട്ടിയ കൊട്ടി ന 1000 രൂപയിൽ അധികമായിട്ടില്ലെന്ന ഞാൻ വിചാരിക്കുന്നു.

ഉണ്ണി—ആ ചെറുക്കനും അവളുടെ കൂട്ടു കൈക്കാരനായാൽ ഞാനിതിനില്ല നാം

യാൻ എനിക്കു മടിയില്ല. ഈ സമയം നായ ലവണന്റെ സഹായത്താൽ—

'ഛേ! ഛേ! പറഞ്ഞുനിർത്തുക! എന്ന ചോദ്യ' എന്ന് എന്തോ വലിപ്പമായി ആ വേഷം കെട്ടിയിരുന്ന ആ കള്ളൻ ചിരിച്ചുകൊണ്ടു പറഞ്ഞു. ഉന്നതകായൻ മുതലായ ബാങ്ക് നോട്ടുകളും വീശിപ്പൊന്തിച്ചിട്ടുകൊണ്ട്—സ്റ്റെഫിനാ! ഇതാ ആയിരം പവൻ. നാം തമ്മിലുള്ള ഉടമ്പടി ഓർമ്മയുണ്ടല്ലോ. നിങ്ങളും വേഗം ഈ നാട് വിട്ടു പോകണം. ഞാൻ ആ പെണ്ണിനെ കല്യാണം കഴിച്ചാൽ—

വീര—ഉടനെ ബാക്കി സംഖ്യ ഞാനിങ്ങു നിന്നു എത്തിച്ചു തരും അല്ലേ?

ഉന്ന—നിശ്ചയമായും. അതിനുപുറമെ എന്നാൽ കഴിയുന്ന സഹായങ്ങളും ചെയ്യും.

വീര—ഞാൻ നിങ്ങളെ അധികം ബുദ്ധിമുട്ടിക്കുന്നില്ല. എന്റെ യാത്ര നാളെ തിരിച്ചപ്പെടുത്തിട്ടുള്ളതാണ്. എനിക്കു ധൈര്യം വന്ന ശേഷം ആ അപകടസ്ഥലത്തിലാണ് ഞാൻ അകപ്പെട്ടിരിക്കുന്നതെന്നറിഞ്ഞിട്ടും നിങ്ങളുടെ ഉടമ്പടി സ്വീകരിപ്പാൻ നിങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടായിട്ടുള്ളത് ഓർമ്മയുണ്ടല്ലോ.

ഉന്ന—നിങ്ങളെ വിശ്വസിപ്പാൻ നല്ല ആളാണെന്ന ഞാൻ സമ്മതിക്കുന്നു.

വീര—ആ വിശ്വാസം 'നിങ്ങൾക്കുണ്ടെന്ന്' എന്നെ ആ സ്ഥലത്തിൽനിന്നു വിട്ടതുകൊണ്ടു തന്നെ എനിക്കറിയാം. പറഞ്ഞുനിർത്തുക! ചിരിച്ചുകൊണ്ട്— ആ സാധു പെണ്ണിനെ ഇപ്പോൾ എന്തു ചെയ്യുന്നു ആവോ. എന്തൊരു നിലവിളിച്ചാലും അവളുടെ ശബ്ദം പുറത്തുകേൾക്കില്ല.

ഇതിലധികം കേൾപ്പാൻ എനിക്കു ക്ഷമയുണ്ടായില്ല. ഉടനെ ചെയ്യേണ്ടതു ഞാൻ തീർച്ചപ്പെടുത്തി. പോലീസ് സ്റ്റേഷനിൽ ചെന്ന് അന്വേഷിച്ചു കോൺസ്റ്റബിൾമാരെ കൂട്ടിക്കൊണ്ടു വന്നു. വിരപ്പുറം കൂട്ടരും ബന്ധനത്തിലായി. കാൽമണിക്കൂറിനുള്ളിൽ ലെഫ്റ്റനന്റിന്റെ മുമ്പിൽ ഹാജരാക്കി. ക്രമേണ താഴെ പറയുന്ന സംഗതികളും ആ കറാക്കൂട്ടിൽ നിന്ന വെളിപ്പെട്ടു.

പാരിജാതപുരത്തിലെ 'കമലാലിഥി'യിൽ 'ഭാരതി' എന്നൊരു വിധവയുണ്ട്. ആ സ്ത്രീക്കു സന്താനമായി ഒരു മകൾ മാത്രമേ ഉള്ളൂ. വിധവയ്ക്ക് അനധി സമ്പത്തും പൂർവ്വിക അസാമാന്യ സമ്പത്തും ഉണ്ട്. ലക്ഷ്മീദാസൻ എന്ന മടിപ്രഭു എങ്ങിനെയോ അവരുടെ പരിചയം സമ്പാദിച്ചു. എന്നാൽ അവരുടെ പുത്രിയെ വിവാഹം ചെയ്വാനുള്ള അവന്റെ ഉദ്ദേശം അവരുടെ പരിചയം തന്നിട്ടും സാധിച്ചില്ല. ആ സ്ത്രീ മറ്റൊരു പ്രകാരമൊന്നും സമ്മതിക്കായ്കയാൽ കൂടി അയാളെ വിട്ടില്ല. മേലാൽ തന്റെ സ്ഥലത്തിൽ വരാതെ പോകയും ചെയ്തു. പ്രഭു പലതും ശ്രമിച്ചിട്ടും വിധവയുടെ സമ്മതം കിട്ടിയില്ല. ലക്ഷ്മീദാസന് എല്ലാവിധം ദുഷ്ടസ്ത്രീവിഷയത്തിൽ പ്രത്യേകിച്ചും ഒരു ചീത്ത പ്രവൃത്തിപ്പാൻ നിപുണനായി ഒന്നാമൻ എന്ന പേരായ ഒരു ഭൃത്യനുണ്ട്. ലക്ഷ്മീദാസൻ സ്വയമായാൽ അതിന്റെ ഭാഗ്യം തന്റെ കൈക്കലാക്കിയില്ലെന്നു കണ്ടതാകും. അതിനിട്ടും സ്വാമിക്കു സഹായമാണെന്ന് അവൻ കണ്ടുവെച്ചിട്ടുണ്ട്. കരപ്പുറക്കാലം മുമ്പു സ്വദേശത്തുനിന്നു ഒരു ഓടിയെത്തിയതാകുന്ന ഒരു ഗോപായായി ഉപയോഗിച്ചിരുന്നു. ലവണൻ ആ തെരുവ് എടുത്തു വന്നിരുന്നവനാണ്. അക്കാലത്ത് ആ ഗോപുരത്തിലെ ഒരു ഗുഹയിലേക്കുള്ള വഴി അയാൾ കണ്ടെത്തിയിരുന്നു. ആ സ്ഥലത്തിനെ ഇപ്പോൾ പ്രായേണ ജനങ്ങൾ

ക്കം നിശ്ചയമില്ല. പലിശക്കാരപുരത്തിൽ പോകാൻ സൌദാമിനിയെക്കൊണ്ടുപോകാൻ മാതിരിയമ്മ പോയിട്ടുണ്ടെന്നും പണ്ടു ദിവസം താമസമുണ്ടെന്നും മകൾ പോയിട്ടില്ലെന്നും ഉള്ള വിവരം പ്രമീളയും മിത്രവും മനസ്സിലാക്കിച്ചിരുന്നു. എത്ര സൂക്ഷിച്ചു നോക്കിയാലും വ്യാജം മനസ്സിലാക്കുവാൻ കഴിയാത്തതും തെറ്റ് കൊണ്ടുണ്ടാക്കിയതുമായ ഒരു കൃത്രിമമുഖം ധരിച്ച ഒരു കിഴവിയുടെ വേഷമായി ഒരു ദിവസം സന്ധ്യ കഴിഞ്ഞ ഉടനെ ലവണൻ വിധവയുടെ വീട്ടിൽ ചെന്നു. മകൾ മാളുവിയും അവളുടെ പരിചാരികയും മാത്രമെ അവിടെ ഉണ്ടായിരുന്നുള്ളു. മാതിരിയ പലിശക്കാരപുരത്തു നിന്ന മടങ്ങി വരുമ്പോഴേ ചെറ്റു ഒരു സ്വന്തക്കാരനാകയാൽ കാച്ചകലെ ഒരു സത്രത്തിൽ കയറിക്കിടക്കുന്നു എന്നും, മകളെ ഉടനെ കൂട്ടിക്കൊണ്ടു വരുവാൻ തന്നെ പറഞ്ഞയച്ചിരിക്കയാണെന്നും ലവണക്കിഴവി അറിയിച്ചു. മാളുവിയും പരിചാരികയും ആ കിഴവിയോടു കൂടി ഉടൻ പുറപ്പെട്ടു. ഒരു മട്ടകവണ്ടി ആ കിഴവി തന്നെ കൊണ്ടുചെന്നിട്ടുണ്ടായിരുന്നു. വണ്ടി അനേകം ഇടവഴികളിലും തെരുവീഥികളിലും ഓടിച്ചു ഒടുവിൽ ഒരു വലിയ പടിവാതിൽക്കൽ നിന്നു. ദേഹവും മുഖം മിക്കതും ഒരു വസ്ത്രംകൊണ്ടു മൂടി ഉയരം ഏറിയ ഒരാൾ അവരെ സൽക്കരിക്കാൻ പടിവാതില്ക്കൽ നിന്നിരുന്നു. വണ്ടിയിലുള്ളവർ ഇറങ്ങിയ ഉടനെ വണ്ടി അതിവേഗം ഓടിപ്പോയി. സ്ത്രീകൾ രണ്ടുപേരും ആ അപരിചിതനാൽ കാണിച്ചവഴിയിൽകൂടി നടന്നപ്പോൾ ലവണൻ അവരെ കടസ്സും തിരിഞ്ഞു തിരിഞ്ഞുപോകുന്നതായും ഉള്ള ഒരു കോണികളിൽ മാളുവിയെ കിടക്കുന്ന മുറിയിലേക്കാണെന്നു പറഞ്ഞു കൊണ്ടുപോയി. സ്ത്രീകൾ ഉച്ചത്തിലുള്ളതോടെ നടക്കുന്നു. ശാസ്ത്രം പിടിച്ചപ്പോൾ ലവണൻ പരിചാരികയെയും പ്രമീള മാളുവിയെയും കൂട്ടിക്കൊണ്ടു കോണി കയറി മിത്തിയിൽ ആണി തറച്ചിട്ടുള്ള കണ്ടുവെന്നു മുമ്പു പറഞ്ഞ സ്ഥലത്തെത്തിയപ്പോഴാണ് കിഴവി ലവണനായത്. ലവണൻ അടത്തിൽ കയറിയതിനുശേഷം അതിന്റെ മുകളിലുള്ള ഒരു ചെറിയ താഴുടെ സമീപത്തു ചെന്ന് ആ താഴിലെ ഒരു കല്ലിൽ പതിച്ചിട്ടുള്ള ഇരിമ്പുതകിട് മറ്റാത്തി. ഉടനെ ഒരു പിച്ചളത്താഴ് കണ്ടു. ആ താഴ് അയാൾ പിടിച്ചു തിരിച്ചപ്പോൾ കല്ലുകൊണ്ടു കെട്ടിയ കൈവരിയുടെ ഏതാനും ഭാഗം പിന്നാക്കം ചെരിഞ്ഞു. അവിടെ ഒരു ഒളിവാതിൽ കണ്ടു. ഒളിവിന്റെയും മനോപുണ്യത്താൽ വാതിൽ അടച്ചപ്പോൾ അതു ബാക്കിയുള്ള കൈവരിയുടെ മുറിച്ചിട്ടില്ലാത്ത ഭാഗമായിട്ടു തോന്നുള്ളൂ. ഒളിവാതിൽ തുറന്നു കീഴ്പ്പോട്ടിറങ്ങി ഒരു ചെറിയ മുറിയിലെത്തി. ആ മുറിക്ക പ്രകാശയിലധികം ചാളമില്ല. മാളുവിക്ക തിരെ ബോധമില്ലാതായിരുന്നു. ലക്ഷ്മീദാസൻ കുറെ വെള്ളം മുഖത്തു തളിച്ചു വീശിയപ്പോഴാണ് ബോധം വന്നത്. ലക്ഷ്മീദാസൻ ഉടനെ ലവണനോടു താൻ കരയുന്നേരത്തെല്ലാ ഇവിടുന്നു പോകുന്നതാണ് നല്ലത് എന്നും ഈ പരിചാരികയുടെ നിലവിളി കേട്ടു വല്ലവരും എത്തുന്നതിനു കാരണം താനെന്നും പറഞ്ഞു. അപ്രകാരം അയാൾ പുറത്തു പോന്നു വസ്ത്രങ്ങളും മറ്റും വണ്ടികിന്നുള്ളിൽവെച്ചു കിടക്കുമ്പോഴാണ് ഞാൻ ആദ്യം അവിടെ ചെന്നത്. മിത്തിയിൽ കൃത്രിമമുഖം തൂക്കിയിട്ടുള്ള കഥ തൽക്കാലം ലവണൻ മറന്നു പോയി. പിറ്റെന്നാൾ ഞാൻ ചെന്നതും പരിഭ്രമിച്ചു ഇറങ്ങിപ്പോന്നതും കണ്ടപ്പോഴാണ് അയാൾക്ക് അത് ഓർമ്മയുണ്ടായത്. ഉടനെ എടുത്തു മ

റി. പാതകം വീണ്ടുപോയതു് അവരറി
ഞ്ഞിട്ടുണ്ടായിരുന്നില്ല. വിളപ്പിൽ കോട്ട
യ്ക്ക ഗോപുരത്തിൽ വെച്ചപ്പോൾ പ്രഭുവി
നെ കണ്ടുകിട്ടിയതുകൊണ്ടാണ് അവരുടെ
കൊള്ളയടിക്കലിനും ഉപ്പേരി സ്വീകരിക്കു
ന്നതിനും കാരാഗൃഹത്തിൽ പെട്ടതിനും
സംഗതിയായതു്.

കാവൽക്കാരുടെ വാക്കുമൂലം ഗ്രഹിക്കുകയാ
യതിനു ശേഷം മജിസ്ട്രേട്ടും ഞാനും ചില
പോലീസ്സുകാരും കൂടി ഗോപുരത്തിൽ ചെ
ന്നു് അതിൽ കിടന്നു കഷ്ടപ്പെട്ടിരുന്ന സ്ത്രീ
കളെ പുറത്തിറക്കിക്കൊണ്ടു പോന്നു. മാ
ധവിയമ്മ വീട്ടിൽ മടങ്ങി വന്നപ്പോൾ മക
ളേയും ദാസിയേയും കാണാഞ്ഞിട്ടു് അന്വേ
ഷിച്ചു യാതൊരു വിവരവും കിട്ടാതെ വ്യ
സനിച്ചു കൊണ്ടിരിക്കുമ്പോഴാണു് ഞാൻ
അവരെ വീട്ടിൽ കൊണ്ടുചെന്നാക്കി വിവ
രം ഗ്രഹിപ്പിച്ചതു്. എന്റെ ഇക്കാര്യത്തി
ലുള്ള ശ്രമം കണ്ടു പ്രാണനും രക്ഷപ്പെട്ട
മാധവിയമ്മയുടെ മകളുടെ സ്നേഹിച്ചിരുന്ന
സ്നേഹവിശ്വാസബഹുമാനാദികൾ
ഒക്കെ എന്നിൽ സാമാന്യത്തിലധികം സ്ഥാപി
ച്ചിട്ടില്ല. അവരെ കൂട്ടിക്കൊണ്ടുപോന്ന മ
ന്ദാകിനിയും ഞാനും അവരുടെ ഉത്സവ
ത്തിനു ഞാൻ കല്യാണം കഴിച്ചു എന്നുള്ള
തും എത്രയും പറയേണ്ടു. ലക്ഷ്മീഭായി
മുതൽപേർ ഇപ്പോൾ ശേഷം സുഖമായി
വസിക്കുന്നു. ഞാൻ മാതാവോടുകൂടി വീ
ട്ടിൽ നിത്യവും സന്ദർശിക്കുന്നു. ശേഷം
ചിന്ത്യം.

കെ. ഗോവിന്ദമേനോൻ

ഫലസിദ്ധി

സകല പ്രവൃത്തികളും ഫലസിദ്ധിയു
ള്ളവയായിരിക്കണമെന്നു നിർബ്ബന്ധമായ ഒരു സം
ഗതിയാണ്. അങ്ങിനെയുള്ള പ്രവൃത്തി ഒ
ന്നും കൂടാതെ ഒരു സമയവും ഒരുവനേയും
കാണുന്നില്ല എന്നുള്ളതിലും സംശയമില്ല. ഫ
ലം സിദ്ധിപ്പാനുള്ള മാർഗ്ഗം ഗ്രഹിപ്പാനുള്ള
ചുമതലയും അവരവർക്ക് തന്നെ ഇരിക്കുന്ന
താണ്. ഇതിൽ പലവിധത്തിലും പൂർവ്വാ
ചാര്യന്മാർ ഉദ്ദേശമായി വാദിക്കുന്നുണ്ട്. പ
ലവിധത്തിലും തെറ്റിദ്ധരിപ്പാൻ ധാരാളം
മാർഗ്ഗങ്ങളുണ്ടെന്നു സന്ദേഹവും പാടുണ്ട്. തെ
റ്റിദ്ധരിപ്പാറുകൂടി പ്രവൃത്തിക്കുന്നവർക്ക് ഫല
പ്രാപ്തിയും പ്രായേണ പലതരത്തിലായിരിക്കുമാ
ഭിക്കുന്നതാണ് അതുകൊണ്ടു ഫലസിദ്ധി
ക്കുള്ള മാർഗ്ഗത്തെയാണ് ഈ ലേഖനത്തിൽ
വിഷയമായി സ്വീകരിക്കുന്നതു്.

ചില ആചാര്യന്മാർ ദൈവത്തിൽ
നിന്നാണ ഫലസിദ്ധി എന്നു പറയുന്നു.
അതാതു കാര്യം വേണ്ട കാലത്തു ചെയ്തു
വേണ്ടതുപോലെ കഴിച്ചാൽ അവ ഒപ്പം
വരുന്ന പുണ്യ കാര്യമാകുന്നു. പാപ പ്ര
ാപ്തിയും എളുതായ മുതലായ വിധ
ത്തെ പ്രാപിക്കുന്നില്ല. എന്ന മാത്രമല്ല ചി
ലതു ഉടനെ സമയം ഫലിക്കാതെ
തുടങ്ങാതെ കാണുന്നു. ചിലതു നിന്ന ചി
ലതു ഫലം കാണാറുണ്ട്. ചിലതു കാല
ത്തിൽ തന്നെ ചിലതു മുൻപു വരുന്നു. ചി
ലതു പിന്നാലെ വരുന്നു. ചിലതു ഇവ കൈ

വളരാതെ തന്നെ നശിച്ചുപോയിട്ടും കാണുന്നു. ചിലതു വളൎച്ച പൂൎണ്ണമാവാതെ ഏതാനും വളൎന്നതിനു ശേഷം നശിക്കുന്നതും കാണാവുന്നത്. ഇതുപോലെ എല്ലാ വികാരങ്ങളിലും പല വ്യത്യാസവും കാണുന്നു. എന്നുമല്ല ചോദ്യം, സൂക്ഷിച്ചുനോക്കിയാൽ ഒന്നുപോലെ മറ്റൊന്നു കാണുവാൻ പ്രയാസമായിട്ടാണു കാണുന്നത്. എല്ലാ കാരണങ്ങളും ഒന്നുപോലെ ശരിയായിരിക്കുമ്പോൾ ഇപ്രകാരമുള്ള വൈഷമ്യം വരുന്നതിനു ദൈവമെന്ന കാരണമെന്നു പറയാതെ സാധിക്കില്ലെന്നാണ് ഈ മതക്കാരുടെ അഭിപ്രായം.

ദൈവമെന്നു പറയുന്നത് ഈശ്വരനെന്നും ഈശ്വരപ്രസാദമൊപ്പങ്ങളാണെന്നും പൂൎവ്വകൎമ്മങ്ങളാണെന്നും മറ്റും പല മതങ്ങളുമുണ്ട്. ഇതിൽ എല്ലാമതക്കാരും ഒന്നുപോലെ പറയുന്നതാണെങ്കിൽ ദൈവമെന്നു പറയുന്നതു പൌരുഷത്തിന്റെ എന്നതിൽ തന്നെ അന്തൎഭവിക്കുന്നതാണ്. പൌരുഷം പൌൎവ്വദൈഹികമെന്നും ഇഹലൌകികമെന്നും രണ്ടുവിധമുണ്ട്. അതിൽ പൌൎവ്വദൈഹികത്തെ ദൈവമെന്നും ഇഹലൌകികമായതിനെ പൌരുഷമെന്നും പറയുന്നതായാൽ നന്നായിരിക്കും. പൌൎവ്വദൈഹിക പൌരുഷം പുണ്യപാപങ്ങളാണെന്നു വരുമ്പോൾ പുരുഷപ്രയത്നത്തിൽ തന്നെയാണ് അന്തൎഭാവം. കൎമ്മംകൊണ്ടുണ്ടാവുന്നതാകകൊണ്ടും പല ഭേദമുണ്ടാവുന്നതുകൊണ്ടും പൌരുഷം തന്നെയാണെന്നു പറയുന്നതായാൽ യോജിക്കുന്നതാണ്. എല്ലാ കൎമ്മങ്ങളിലും ഫലസിദ്ധിപക്ഷം ആലോചിക്കുന്നതായാൽ പുരുഷബുദ്ധി ഗോചരമല്ലാത്ത അതിസൂക്ഷ്മങ്ങളായി അനേകം അംശങ്ങളുണ്ടാവാതിരിക്കയില്ല. ആ അംശങ്ങളുണ്ടാവുന്ന ഭേദപ്രകാരം പ്രതിബന്ധിക്കുന്നതാണു ഫലം. ആ ഭാഗങ്ങളെ ഫലം സിദ്ധിപ്പാൻ ദൈവമില്ലാഞ്ഞാൽ സാധിക്കാത്തതുകൊണ്ടു ദൈവം കാരണമാണെന്നു പറയുന്നതു യുക്തിയുക്തമായിട്ടുള്ളതാണ്. അതുകൊണ്ടു ദൈവത്തെ അനുകൂലമാക്കണം.

ഇനി ചിലർ വസ്തുസ്വഭാവത്തിൽനിന്നാണ് ഫലസിദ്ധി എന്ന് അഭിപ്രായപ്പെടുന്നു. ചില മണ്ണിൽ ചില വിത്തു മുളക്കയില്ല. ചിലതു വളരെ ശക്തിയായി ഫലിക്കും. ഒരു ജാതി വിത്തു നട്ടതായാൽ മറ്റൊരു ജാതി വൃക്ഷമുണ്ടാവുകയില്ല. ആ വൃക്ഷത്തിന്റെ സകലാവയവങ്ങളും ആ ജാതി തന്നെയായിട്ടാണു കാണുന്നത്. അല്ലാതെ ചിലതിലും മാറിക്കാണുന്നില്ല. ഇവ എല്ലാം വസ്തുസ്വഭാവമാണ്. ചിലതു ബീജത്തിന്റെയും ചിലതു മണ്ണിന്റെയും മറ്റു കാരണങ്ങളുടെ സ്വഭാവമാണ്. ഇനി ചിലതു കാരണം തുല്യമാണെങ്കിലും അതുകളുടെ സമവായ (ചേൎച്ച)ത്തിന്റെ സ്വഭാവമായിട്ടുമുണ്ട്. നാരങ്ങയിലും കൊടുവേലിയും കാരണംകൊണ്ടും ഗുണംകൊണ്ടും ഒരുപോലെയാണെങ്കിലും സ്വഭാവഭേദമുണ്ട്. നാരങ്ങ വയറിനെ ഇളക്കുന്നതാണ്. കൊടുവേലി വയറിനെ കെട്ടിക്കുന്നതാണ്. ഇങ്ങിനെ സ്വഭാവമാലോചിക്കുന്നതായാൽ വസ്തുക്കൾക്കു സ്വഭാവഭേദമുണ്ട്. അതുപോലെ ഫലത്തിനും ഭേദമുണ്ട്. ഇപ്രകാരമാലോചിച്ചാണ് ഈ മതക്കാർ സ്വഭാവവാദികളായിത്തീൎന്നത്. ഈ മതവും ആദരണീയം തന്നെ.

മറ്റുചിലർ കാലമാണു കാരണമെന്ന് ഉറപ്പിക്കുന്നു. ചില വിത്തു ചില കാലത്തു നട്ടാലെ മുളക്കയുള്ളു. ചില കാലത്തു മാത്രമേ ചില വൃക്ഷം പുഷ്പിക്കയുള്ളു; കായ്ക്കയുള്ളു. മറ്റുള്ള കാലത്തു പുഷ്പം കായയുമുണ്ടാവുകയില്ല. ഈ നിയമം ഫലസിദ്ധിക്കുള്ള

കാലശക്തിയാണെന്ന വ്യക്തമാണല്ലോ. ഈ കാലശക്തിയെപ്പററിയാണ് ജ്യോതിശ്ശാസ്ത്രത്തിലെ ഫലഭാഗമൊക്കയും പ്രസിദ്ധമാണല്ലോ. കാലത്തെ പലവിധത്തിലും മാറിക്കുന്നു. രാശിചക്രം രാത്രി ദിവസം പക്ഷം മാസം ഋതു അയനം സംവത്സരം യുഗം മന്വന്തരം മുതലായി പലവിധത്തിലും മാറിക്കുന്നു ഈ കാലശക്തിയുടെ വ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തിട്ടാണ് ഈ ശക്തി സർവ്വത്ര വ്യാപിച്ചുകിടക്കുന്നത്. ഇതെല്ലാം കണ്ടിട്ടാണ് ഈ മതം ഉണ്ടായി തീർന്നത്.

ഇനി ഒരു മതക്കാർ പൌരുഷമാണെന്നു സ്ഥാപിക്കുന്നു. ഇതാണ് നമ്മുടെ പൂർവ്വപ്രയത്നമാണ് പൌരുഷമെന്നു മനുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ പൌരുഷമില്ലാത്താൽ ദൈവമനുകൂലമായാലും കാലസ്വഭാവത്തിനും വസ്തുസ്വഭാവത്തിനും വിരോധമില്ലാത്തതായാലും എന്തായാലും കാര്യം ഒരിക്കലും ഫലിക്കുന്നില്ല. പൌരുഷം വേണ്ടതുപോലെയുണ്ടായാൽ ദൈവവും ഫലിക്കും. ഒരു സമയം ദൈവമനുകൂലമല്ലെങ്കിൽ തന്നെ പൌരുഷം ശക്തിയായിട്ടുണ്ടെങ്കിൽ അതും അനുകൂലമായി വരും. ശക്തിയായ പൌരുഷമുണ്ടായാൽ കാലശക്തിക്കു മാററമുണ്ടാവാം. ശീതകാലമുഷ്ണകാലമാകാം, ഉഷ്ണകാലം ശീതമാകാം. ഇപ്രകാരം വസ്തുസ്വഭാവവും മാറുന്നതാണ്. എന്നു മാത്രമല്ല- പൌരുഷത്തിനു ശക്തി പൂർണ്ണമായാൽ സാധിപ്പാൻ വയ്യാത്ത ലോകത്തിലൊന്നുമില്ല എന്നാണ് ഇവരുടെ സിദ്ധാന്തം. ഈ പൌരുഷം വേണ്ടതുപോലെയുണ്ടെങ്കിൽ ഇതരകാരണങ്ങൾ അനാവശ്യമാവുകകൊണ്ടു പൌരുഷം ഒന്നു മാത്രമാണു കാരണമെന്നു ഇവർ ശക്തിയായി അഭിപ്രായപ്പെടുന്നു.

ഇങ്ങിനെ നാലു മതങ്ങളിൽ പ്രത്യേകം ഓരോന്നു നോക്കിയാൽ എല്ലാം ഫലസിദ്ധിയെ പ്രാപിച്ചുകിടക്കുന്നത്. ഒരു മതത്തെ മാത്രം വിശ്വസിച്ചു പ്രവൃത്തിപ്പാനും എളുപ്പമാണ്. എന്നാൽ ഫലസിദ്ധിക്കുകയില്ല. ദൈവമനുകൂലമാണെന്നു കരുതി വിത്തു വിതക്കാതെ ഇരുന്നാൽ നെല്ലുണ്ടാകുകയില്ല. വിത്തുനട്ടാലും ഒരു കാലമല്ലാത്തതാൽ ഫലിക്കുകയില്ല. വേണ്ട കാലത്തായാലും അതാതു വിത്തിന്നു നല്ലതായ മണ്ണു വെള്ളം മുതലായത് അല്ലാത്തതായാലും നെല്ലുണ്ടാകുകയില്ല. ഇതെല്ലാമുണ്ടായാലും പൌരുഷപ്രയത്നം വേണ്ടതുപോലെയുണ്ടായിരിക്കാത്തതാൽ ഫലസിദ്ധിപ്പാൻ പ്രയാസം തന്നെ. ഇതൊക്കെ ഒരു നാലും കൂടി യോജിച്ചു വന്നാൽ ഫലസിദ്ധി സുലഭമായിക്കാണുന്നതിനാൽ ഈ നാലിന്റെയും സമവായം (ചേർച്ച) ആണ് ഫലസിദ്ധിക്കു കാരണമായി വരുന്നത് എന്നു തീർച്ചപ്പെടുത്താമല്ലോ. ഓരോന്നു കാരണമാണ് കാരണമെന്നു പറയുന്ന മതപ്രസ്ഥാനക്കാരുടെ അഭിപ്രായം യുക്തമാണെന്നു തോന്നുന്നില്ല. ഇനി നാലു കാരണങ്ങളിൽവെച്ചു പ്രധാനമായ കാരണമേതാണെന്ന് അവരവർ പറയുന്നത്. ഒരുപോലെ കാരണമാണ് ഇതൊക്കെയെന്നു കരുതി അവർ പറയുന്നില്ല എന്നാണ് മതപ്രവർത്തകന്മാരുടെ അഭിപ്രായമെന്നു വ്യാഖ്യാനിക്കപ്പെട്ടതും അത്ര വാദഗ്രാഹ്യമായ സംഗതികളായാൽ ഈ അഭിപ്രായവും നല്ല സംഗതിയാണെന്നു തോന്നുന്നില്ല. അതുകൊണ്ടു മേൽ ചതുർവിധമായ നാലു കാരണങ്ങളും കൂടി യോജിക്കുമ്പോൾ ഫലസിദ്ധിക്കു കാരണമെന്നു കരുതി യോഗവസിഷ്ഠാദികൾ ഉദ്ദേശിച്ചിരിക്കുന്നു.

കേ. ചിതെട്ടവാൽസുബ്രഹ്മണ്യൻ

ൽ പുരുഷകാരത്തെ സംബന്ധിക്കുന്ന പൂർവ്വപക്ഷമാകുന്നു. എന്നാൽ ഇതിൽ പൂർവ്വാർദ്ധംകൊണ്ടു സാധുതത്തെ ഉപന്യസിച്ചിട്ടു ഉത്തരാർദ്ധംകൊണ്ടു സ്വപക്ഷത്തെ കാണിച്ചിരിക്കുന്നുകൊണ്ടു തത്ത്വമന്വയവും ഇതിൽ സിദ്ധമാണല്ലോ.

ദൈവമാണ പ്രബലമെന്ന കവി പക്ഷത്തിൽ ഗുരുക്കന്മാരായി ഉദാഹരണപൂർവ്വം പൌരുഷത്തെ ഉത്തരവാക്യം കൊണ്ടു സ്ഥാപിക്കുന്നു.

അഹോ [illegible] ദൈവപൌരുഷങ്ങളെ [illegible]. എന്നാൽ പൂർവ്വവാക്യത്തിൽ ദൈവപൌരുഷങ്ങൾ [illegible] ഫലസിദ്ധിക്കു ഉപയോഗിക്കുന്നതെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ദൈവപുരുഷകാരങ്ങളുടെ കർമ്മസിദ്ധിയിലുള്ള പ്രാധാന്യം. എന്നാൽ പൂർവ്വാർദ്ധവാക്യത്തിൽ ഫലത്തെയും സ്വഭാവത്തെയും തള്ളി ദൈവപൌരുഷങ്ങളെ മാത്രം പറഞ്ഞത് അവർ കർത്തവ്യാംശം ദൈവത്തിലും പൌരുഷത്തിലുമാണ് അധികമുള്ളത്, അതുപോലെ മാത്രമിരിക്കുന്ന കവിതയാണ്.

അതുകൊണ്ടു ഫലസിദ്ധിയെ കാംക്ഷിക്കുന്നവരെങ്കിൽ പൌരുഷത്തെ ഒരിക്കലും കൈവിടാതെ ദൈവത്തെയും ദൈവത്തെ അനുകൂലമാക്കുവാൻ പൌരുഷത്തെയും സഹായിയായി ആശ്രയിക്കേണ്ടതാണ്.

ചെറുകന്നത്തു നീലകണ്ഠൻനമ്പൂതിരി.

रसिकरत्नम् *

यत्तुंगावद्धपीनस्तनकलशभरनम्रमध्या-
मध्याकुलाया-
यस्याः सौभाग्यलक्ष्म्या प्रथमपथमधोऽकारि
पीयूषभानुः ।
उन्मीलत्केसराढ्या चपलकिसलया मुग्ध-
लोलाक्षिमाला
सा वः सौख्यं विधत्तां तुहिनगिरिभवा कापि
सन्तानवल्ली ॥

अपि च—
प्रेमावेशाकलितं प्रियमुखालोकस्पृहापूरितं
व्यामुग्धं पतितावलम्बनमपि [illegible]लज्जाकुलम् ।
विश्वत्या[illegible] नगपतेः पुत्र्याकटाक्षाङ्कुरा-
न्निन्दा[illegible]मालाश्रियायास्तु वः

(नान्द्यन्ते प्रविश्य)

सूत्रधारः—
क्षीरांबुराशिगर्भसुधामविदुरस्फुरत्-
मुद्रिकनिषण्णमिश्रितमन्दर्शनकम् ।
अम्बाहृतांगमनपौरुषमादिमं त-
द्धीरार्थितं दिशतु वः कुशलं वधूनाम् ॥

(परिक्रम्याञ्जलिं बध्वा) आदिष्टोऽस्मि सामाजिकैः तत्रभवतः कवेरप्रकाशितनाम्नः कस्यचन कृतिमभिनवं रसिकरत्नाभिधानं भाणं प्रयोगपदवीमवतारयितुमभिलषामहे इति । यथाभीप्सितं तत्र तत्र पात्राणि योजयामि। (समन्तादवलोक्य सहर्षम्) अये रमणीयोऽयं माधवावतारसमय इति विचारये-तत् । तथाहि—

---

* [illegible] ॥

मुक्तिग्धामधुपूरिताधरदला: प्रारब्धगुच्छोदया-
नम्रांग्य: प्रियदर्शने विदधते मुग्धाङ्गनैतालता: ।
आच्छायान्तरहो जरत्यइव ता: पक्वच्छदश्रेणयो
मा यान्ति प्रविशन्ति चान्तरलयोगूढं विटेन्द्राइव॥

(नेपथ्येगीयते)

आसन्नदेशमगतेऽपि चिरस्य याते
नाथे कुतूहलवशवै वसन्तवल्ली ।
आकीर्य पुष्पशयनं पुनरुत्सुकत्वा-
दालोलभृंगनयनं परित: करोति ॥

सूत्र—साधूपक्रान्तमेव नर्तकै: (नेपथ्याभिमुखम-
वलोक्य) अहो—

शिथिलितशिखाभार: किञ्चित्प्ररूढविशेषक-
स्सुखमनुभवन् निद्रामर्धाववुद्धमनास्स्वयम् ।
स्मरइव निशारंभे कान्तार्पिशन् धृतविग्रह:
पुलकिततनु: पुण्यात्माऽयं समेत्यथ कोतुका॥
(विभाव्य) अये सुगृहीतमाधवनैपथ्योऽयं सखा-
मे रसिकशेखर: (इति निष्क्रान्त:)

प्रस्तावना

(तत: प्रविशति यथानिर्दिष्टं नाट्यन् विट:)

विट:—लीलावचोव्यतिकरे मदनालसाया-
नीवि विमुञ्चति तथाविधमालपन्त्या: ।
अन्येषु च क्षणमपि नर्मसु विस्मरन्त्या-
स्तादृशं विजयते चरितं मृगाक्ष्या: ॥

(चतुर्दिशमवलोक्य) हन्त प्रभातप्रायैव प्रगल्भ-
कामिनीजनमानभंगकरी विभावरी । तथाहि—

किञ्चिन्मीलितनालकाननहलो विच्छिन्नतामिस्रका
न्तः पक्षाहपुष्पाकरास्सभरादुद्भ्रान्तकोकद्वयी ।
मुग्धाभ्य: प्रथमं रतान्तरदशामाशास्वयं शिक्षते
चित्रं रागयुतां करोति करविन्यास: पुनस्तां रवि:

अपिच—

विश्वासादियमारुचिर्विनिहिता वल्ली निशांमानरं
सच्छतेनानिनाय सेयमधुना पत्यौ पुनस्संगते ।
अशून्यस्यवियोगजानिशिशिरज्याजान्किरन्ती
[शु
कुर्वाणागणिकायितं प्रियतवातेनापि संरज्यते ॥

तथावदेनमनंगविजयसत्रायणूथमहोत्स-
वनादिन्नायमाणनूपुरकौ क्वाणितनदसंकारितभृंगीत-
गीतिकनुपस्स समयमस्यां वेशवाटिकायां रसिकज-
नसमुचितवारचातुरीसमावर्जितकुलतरुजनकि-
पञ्चीचिरपनेष्यामि । किञ्च—

प्रत्यूषसंभ्रमवशादयथावनद्ध-
केशांशुकं पतिगृहात्स्वगृहं प्रयान्ती: ।
मन्दाक्षमन्दवदनामदिरेक्षणास्ता-
स्संवीक्ष्य नेत्रयुगलीं सफलीकरोमि ॥

(लीलां यथा स्मृतिमभिनीय सहर्षम्) अये सुवि-
नमरामे यदभिनवोन्मिषितयौवनस्य विपाक्ष-
ग्धविषमशारजीवनैषधिसारस्य मलयकल-
ञ्जातस्य कनकमञ्जरीनामधेयस्य कामिनीजन-
तिलकस्य तृष्णापिशाचीग्रस्तेन गुरुजनेन "स-
र्वेगुणा: काञ्चनमाश्रयन्ती" तिन्यायं पुरस्कृ
त्यलितेन क्रियमाणोन्मुखागरोऽयौवनत्पाणिग्र-
हणं करोतीति श्रुतपूर्वमेवास्माभि: । सा हु
प्रियसखी प्रथममेव पांसुक्रीडनादि विस्मृत्य
असौहार्दातिरेके गुरुपद्धति स्वाभाविकयात्रि
तिभाति मरन्दुहृदि मकरन्दसारे सुहृदानुराग
गुणपक्षपातिनी । तदुदन्तश्रवणप्रभृति तदवस्थां
तत्सहचरी लीलामञ्जरी मामेवमवदत्—

क्रमश:

മംഗളോദയം

ഫാവ്യന്ന

പുസ്തകം ൩	മിഥുനമാസം	ലക്കം ൧

മംഗളം

ശ്രീമാന്ദ്യത്തിൻമംഗളമലമണിപ്പോമോല്ലസദ്ദീപികാ.
ഭാലാംഭോജവുമധ്യകാന്തികളാൽസംഗീതമാംഗല്യകം
തിലകൽത്താരയന്നചാരുലപിലസ്യംതൈവകണ്ണാവഷ്ടസൌമ്യം
കാലാരാതിചതുർത്ഥപാദ്യനിമിഷാലക്ഷ്യംസ്മരിയ്ക്കുന്നഞാൻ.

ആദിദർശനം



ദർശനം എന്ന വാക്കിന്നു കാഴ്ചയെന്നാണു താല്പര്യം. ലോകത്തിലുള്ള മിക്ക പദാർത്ഥങ്ങളേയും നാം കണ്ണിന്റെ സഹായത്താൽ കാണുന്നു. കണ്ണുകൊണ്ടു കാണാൻ കഴിയാത്തവയായ സാധനങ്ങളുടെ തത്വങ്ങളെ അറിയുവാനായിട്ടുള്ള ഒരു ശക്തി ദിവ്യമായി നമ്മിലുണ്ട്. അതിന്നാണ് 'ജ്ഞാനശക്തി' യെന്നു വിദ്വാന്മാർ വ്യവഹരിച്ചു വരുന്നത്. ജ്ഞാനശക്തിയുടെ പേരും അലയ്ക്കുമെന്നു പറയപ്പെട്ടു വരുന്ന ബുദ്ധി യായതുകൊണ്ടു ഇതിന്നു ബുദ്ധിശക്തിയെ ന്നും വ്യവഹരിയ്ക്കുന്നു. ചക്ഷുരിന്ദ്രിയംകൊണ്ടു കാണാൻ കഴിയാത്ത പദാർത്ഥങ്ങളുടെ ഉല്പത്തി, ലയം മുതലായവയെ കണ്ടുപിടിക്കുന്നതിന്നു ജ്ഞാനശക്തിയുടെ സഹായം അത്യന്താപേക്ഷിതമായിരിക്കുന്നുകൊണ്ടു, ജ്ഞാനശക്തിയാൽ കണ്ടുപിടിക്കപ്പെടുന്ന തത്വങ്ങളെ ലോകം വളരെ ആദരിക്കയും ആ വക തത്വജ്ഞന്മാരെ ബഹുമാനിക്കയും ചെയ്യുന്നു. ഇങ്ങിനെ ലോകത്തിന്റെ ആരംഭദശ മുതല്ക്ക് ഇന്നേവരെ മാംസചക്ഷുസ്സുകൊണ്ടും ജ്ഞാനചക്ഷുസ്സുകൊണ്ടും കണ്ടുപിടിക്കപ്പെട്ടിട്ടുള്ളവയിൽ, കാര്യകാരണഗൌരവമനുസരിച്ച്, ചിലതു നാമമാത്രാവശേഷമായും ചിലതു അതിന്ന

ദ്ധനും കിട്ടുന്ന ഭാഗം ഇന്നും അതുപോലെ ആദരണീയമായിരിക്കുന്നതാണ്. സ്ഥൂലമായും അറിവിനെ പ്രാപിച്ചുംകൊണ്ടു വരുന്ന ഈ ലോകത്തിൽ നവനവങ്ങളായ അനവധി പദാർത്ഥങ്ങളേയും തത്വജ്ഞാനത്തെ മാറ്റങ്ങളേയും കണ്ടുപിടിക്കുന്നതിനു, പ്രപഞ്ചത്തിന്റെ ഉത്ഭവസ്ഥിതിലയാദികളെ നിഷ്പ്രയാസമായറിയിച്ചു കൊണ്ടിരിക്കുന്ന ഒരു ശക്തി ഇടംകൊടുത്തുംകൊണ്ടിരിക്കുന്നു. പ്രപഞ്ചത്തിന്റെ ഉത്ഭവം, സ്ഥിതി, ലയം ഇവയെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ, ബുദ്ധിശക്തിയെ വികസിപ്പിക്കയും തത്വജ്ഞാനശാഖയുടെ ഉദയം ചെയ്യിപ്പിക്കയും ചെയ്യുന്നു. തത്വജ്ഞാനത്തിന്റെ പ്രധാനോദ്ദേശ്യം പ്രപഞ്ചത്തിന്റെയും അതിൽ സ്ഥിതി ചെയ്യുന്ന ചരാചരങ്ങളുടെയും സ്വഭാവതത്വഗ്രഹണം തന്നെയാണ്. സകല തത്വജ്ഞാനശാഖകളും പ്രപഞ്ചം പ്രദർശിപ്പിക്കുന്ന വിലാസങ്ങളേയും പ്രാപഞ്ചികപദാർത്ഥങ്ങളുടെ പരമാർത്ഥസ്വഭാവങ്ങളേയും വ്യാഖ്യാനിക്കുന്നതിനു മനുഷ്യരാൽ ചെയ്യപ്പെട്ടിട്ടുള്ള പ്രയത്നത്തിന്റെ സ്മാരകസ്തംഭങ്ങളാകുന്നു. ലോകത്തിലുള്ള പരിഷ്കൃതസമുദായങ്ങൾക്കൊക്കെ പാരമ്പര്യസിദ്ധമായ സമുദായസങ്കല്പനങ്ങളോടെ ഏതാനും തത്വജ്ഞാനസമ്പത്തുണ്ടായിരിക്കും. അതിനെ അവർ ഒരു ദിവ്യനിധിയായും അനന്തഭാഗ്യപ്രാപ്തിക്കുള്ള ഉത്തമോപകരണമായും അഭിമാനിക്കുന്നു.

തത്വജ്ഞാനശാഖകളെ അപാരമായ തീക്ഷ്ണബുദ്ധി ഉപയോഗിച്ചു പോഷിപ്പിച്ചിട്ടുള്ള ജനസമുദായത്തിൽ ഉന്നതസ്ഥാനത്തെ അർഹിക്കുന്നവർ ഹിന്ദുക്കളും ഗ്രീക്കുകാരുമാകുന്നു. യൂറോപ്യതത്വജ്ഞാനത്തിന്റെ ഉല്പത്തിസ്ഥാനം ഗ്രീക്ക(യവന)തത്വജ്ഞാനമാകുന്നു. കാന്റ്, ഹെഗൽ ഇടങ്ങിയവരുടെ നവീനവിചാരങ്ങളെ കൂടി പരിശോധിപ്പിച്ചിട്ടുള്ള ഗ്രീക്കതത്വജ്ഞാനമാണ്. ഈ സംഗതിയെ വേറെ ഒരു ഉപന്യാസത്തിൽ വിവരിക്കാം.

ഹൈന്ദവതത്വജ്ഞാനസിദ്ധാന്തങ്ങൾ, മനുഷ്യർക്ക് സാദ്ധ്യങ്ങളായ കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നവയാണെന്നു കാരണം കൂടാതെ പലരും അനുമാനിച്ചിട്ടുണ്ട്. ഹൈന്ദവതത്വജ്ഞാനത്തിന്റെ മാഹാത്മ്യവും കീർത്തിയും, അനന്തമുക്തിവികാസത്തെ പോഷിപ്പിക്കുന്നതു വഴിയ്ക്കുണ്ടാകുന്ന ആനന്ദാധിക്യം അതിന്റെ പ്രത്യക്ഷാനുഭവത്തിനുവേണ്ടി, ജീവിതത്തെ ഉത്തമമാർഗ്ഗങ്ങളിൽ നയിക്കുന്നതിനുള്ള മാറ്റങ്ങളെ പ്രദർശിപ്പിക്കുന്നതിൽ സ്ഥിതി ചെയ്യുന്നു. ഈ സംഗതി മനോധർമ്മികൾക്കറിവാൻ പ്രയാസമാണ്.

പരമാർത്ഥത്തിൽ, എല്ലാ തത്വജ്ഞാനശാഖകളും നാനാപ്രകാരമെന്നാണെന്നിരിക്കിലും നിർദ്ദേശിക്കുന്ന പ്രാപ്യപദം ഒന്നാകുന്നു. ഉൽക്കടമായ ദുഃഖത്തിൽനിന്ന് മനുഷ്യരെ രക്ഷിച്ചു, പ്രപഞ്ചതത്വങ്ങളെ ബോധിപ്പിക്കണമെന്നുള്ള ഭാവത്തിന്റെ ഉദ്ദേശ്യവും വ്യത്യാസപ്പെട്ടതായിരുന്നില്ല. എന്നാൽ, മനോഗതന്മാർ പ്രപഞ്ചരഹസ്യങ്ങളെപ്പറ്റി ബുദ്ധിപൂർവ്വം ചർച്ചചെയ്യുന്നതിനു പരിശ്രമിച്ചിട്ടുള്ളവർ ഹിന്ദുക്കളാകയാലും അവരുടെ യുക്തിയുക്തങ്ങളായ തീർപ്പുകളിൽ കവിഞ്ഞ് ഇതുവരെ ആരും ഒന്നും കണ്ടുപിടിച്ചിട്ടില്ലാത്തതിനാലും ഹൈന്ദവതത്വജ്ഞാനത്തിനു അപരിമിതമായ പ്രാചീനതയും പ്രധാനതയുമുണ്ടെന്നു സമ്മതിക്കാതെ കഴികയില്ല. ഹൈന്ദവതത്വജ്ഞാനം ദുഃഖങ്ങളെ നശിപ്പിക്കുന്നതിനുള്ള കാരണങ്ങളെയും അവയെ പ്രതിവിധിക്കുന്ന പ്രകാരങ്ങളെയും ബോധമാക്കി

ഭിന്നിച്ചിരിക്കുന്നു. പ്രധാനവിഷയങ്ങളിൽ യോജിക്കുന്നുണ്ടെങ്കിലും ഔപനിഷദതത്ത്വജ്ഞാനവിവിധശാഖകളും, പ്രതിപാദനത്തെ സ്വീകരിക്കുന്ന സമ്പ്രദായങ്ങളിലും അവയെ പ്രതിപാദിക്കുവാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളിലും ഭേദിച്ചിരിക്കുന്നു. ഇതിനു കാരണം തത്ത്വബോധനരീതികളിലുള്ള വ്യത്യാസമോ, തത്ത്വാന്വേഷകന്മാരുടെ ബുദ്ധിസംസ്കാരത്തിന്റെ ന്യൂനാതിരേകമോ ആയിരിക്കാനേ തരമുള്ളൂ.

പൂർവ്വാചാര്യന്മാരുടെ ഇടയിൽ പ്രപഞ്ചതത്ത്വങ്ങളെ അന്വേഷിച്ചറിയുന്നതിനു ജീവിതകാലം മുഴുവനും വിനിയോഗിച്ചിട്ടുള്ളവർ പലരുമുണ്ടെങ്കിലും അവരിൽ പ്രധാനികൾ കപിലൻ, പതഞ്ജലി, ഗൗതമൻ, കണാദൻ, ജൈമിനി, വ്യാസൻ എന്നിവരാകുന്നു. ഇവർ ഏറിയ കാലം അന്വേഷിച്ചറിഞ്ഞിട്ടുള്ള സിദ്ധാന്തങ്ങളുടേയും ഗവേഷണമാർഗ്ഗങ്ങളുടേയും വിവരണങ്ങളാണ് 'ഷഡ്ദർശന'ങ്ങളെന്നു പറയപ്പെടുന്നത്. ഈ ഷഡ്ദർശനങ്ങളെക്കൂടാതെ ചാർവ്വാകദർശനം, ബൗദ്ധദർശനം, ആർഹതദർശനം, രാമാനുജദർശനം, പൂർണ്ണപ്രജ്ഞദർശനം, നകുലീശപാശുപതദർശനം, ശൈവദർശനം, പ്രത്യഭിജ്ഞാദർശനം, രസേശ്വരദർശനം, പാണിനീയദർശനം എന്നിങ്ങനെ പല ദർശനങ്ങളുമുണ്ട്. ഇവയ്ക്കു ഷഡ്ദർശനങ്ങളെപ്പോലെ പ്രാധാന്യം കുറവാണ്. എല്ലാ ഷഡ്ദർശനങ്ങളെപ്പറ്റി സാമാന്യമായൊരു ജ്ഞാനമുണ്ടാക്കിയ ശേഷം ഇവയെപ്പറ്റിയും പുസ്തകത്തിൽ വിവരിക്കേണമെന്നു വിചാരിക്കുന്നുണ്ട്.

ദർശനങ്ങൾ ആദ്യകാലത്ത് ഏതു വിധത്തിൽ പുറപ്പെട്ടുവന്നിരിക്കാം അതിന്റെ ക്രമങ്ങളെ മനസ്സിലാക്കുവാനും വളരെ പ്രയാസമായിരിക്കുന്നു. 'ആദ്യത്തെ സൂത്രമാണോ തന്നെയാണോ ഇപ്പോൾ ഗ്രന്ഥങ്ങളിൽ കാണുന്നതെന്നതിനു യാതൊരു തെളിവുമില്ല. ഇപ്പോൾ കാണുന്ന പുരാണങ്ങളെന്നു കരുതുന്നതായാൽതന്നെ അന്ന മഹാഭാരതത്തിൽനിന്നു എത്രകണ്ടു കടം മേടിച്ചിട്ടുണ്ടെന്നു നിശ്ചയപ്പെടുത്തുവാൻ വിഷമമായിരിക്കുന്നു' എന്ന ഡാക്ടർ ഗോൾഡ്സ്റ്റുക്കരുടെ അഭിപ്രായത്തെ മറ്റു പണ്ഡിതന്മാരിൽ പലരും സമ്മതിക്കുന്നു. ഏതിലും ഇന്ത്യയിൽവെച്ച് ഏറ്റവും പുരാതനമായിട്ടുള്ളതു സാംഖ്യദർശനമാണെന്ന സംഗതിയിൽ ഭിന്നാഭിപ്രായമുള്ളതായിക്കാണുന്നില്ല. ലോകത്തിലുള്ള വസ്തുക്കളെ ഗണനാക്രമമായി വകതിരിച്ച്, അവയുടെ സൃഷ്ടിസ്ഥിതികളെ അന്വേഷിച്ചിട്ടുള്ളതു കപിലനാകുന്നു. തത്ത്വനിരൂപണത്തിനൊരുങ്ങുന്ന ഏവനും ഏതെങ്കിലും വിധത്തിൽ കപിലാചാര്യരെയും അദ്ദേഹത്തിന്റെ സാംഖ്യശാസ്ത്രത്തെയും സംബന്ധിച്ചാലോചിക്കാതെ കഴികയില്ല. കപിലസിദ്ധാന്തത്തെ ഇന്ത്യയിൽനിന്നു പിത്തഗോറസ്സ് എന്ന യവനതത്ത്വജ്ഞാനി ഗ്രഹിച്ചു ഗ്രീസ്സിൽ പ്രചരിപ്പിച്ചു. പ്ലേറ്റോ ഇതിനെ ഗ്രീക്കുതത്ത്വജ്ഞന്മാരുടെ വഴിക്കാക്കി. അവിടെനിന്നു, ഗ്നോസ്റ്റിക്സ് മതക്കാർ ഇതിനെ ഈജിപ്തിലെ തലസ്ഥാനനഗരിയായ അലക്സാണ്ട്രിയായിൽ കൊണ്ടുപോയി. അവിടെനിന്നു യൂറോപ്പിൽ പ്രചരിച്ചു. ഇങ്ങിനെ ലോകത്തിൽ പ്രതിഷ്ഠ ലഭിച്ചിട്ടുള്ള സകല തത്ത്വജ്ഞാനശാഖകളുടേയും പിതാവു കപിലാചാര്യരാകുന്നു.

സാംഖ്യമെന്നതിനു സംഖ്യയോടുകൂടിയതു സംഖ്യകൊണ്ടു നിശ്ചയിച്ചത് എന്നും, വിചാരം ചെയ്തു തീർച്ചപ്പെടുത്തിയതു എന്നും അർത്ഥം പറയാം. സാം

ശ്രുതപ്രകാരം * ഇരുപത്തി അഞ്ചു തത്വങ്ങളുടെ ക്രമപരിവർത്തനംകൊണ്ട് ഇക്കാണാവുന്ന പ്രപഞ്ചത്തിലെ സർവ്വകാര്യങ്ങളും നിർവ്വഹിക്കപ്പെടുന്നതായി സിദ്ധാന്തിക്കുന്നതിനാൽ, സാംഖ്യത്തിനു സംഖ്യകൊണ്ടു നിർദ്ദേശിപ്പിക്കുന്നതു എന്ന അർത്ഥത്തോടാണു അധികപക്ഷം സ്വീകരിച്ചിട്ടുള്ളത്. സാംഖ്യം എന്നതിനു വിവേചനം എന്ന അർത്ഥത്തെ സ്ഥാപിച്ചു, ചിലരും വ്യാഖ്യാനിക്കുന്നുണ്ട്. "സാംഖ്യ"ത്തെ സമ്യക്കായി ചിന്തിക്ക എന്നർത്ഥമുള്ള ധാതുവിൽനിന്നുൽഭവിച്ചതായി തീർച്ചപ്പെടുത്തി, ആലോചനാശക്തിയെ അപേക്ഷിച്ചുള്ള സിദ്ധാന്തങ്ങളിൽ അടിസ്ഥാനമായി നില്ക്കുന്ന ശാസ്ത്രമെന്നു അമരസിംഹൻ വിവരിച്ചിരിക്കുന്നു.

സാംഖ്യപ്രകാരം പ്രകൃതിപുരുഷന്മാർ നിത്യന്മാരാകുന്നു. പ്രകൃതിയിൽനിന്നു പുരുഷനെ അസംഗനായറിയുന്നതു തന്നെ മോക്ഷം. പ്രകൃതി ജഡവും പ്രധാനത്തിന്റെ ആദികാരണസ്വരൂപവുമാകുന്നു. പുരുഷൻ അവികാരിയും ചേതനനും ആത്മസ്വരൂപനുമാകുന്നു. പുരുഷന്റെ സാന്നിദ്ധ്യംകൊണ്ടു പ്രകൃതി സമസ്തസൃഷ്ടിവ്യാപാരങ്ങളെയും നിർവ്വഹിക്കുന്നു. താപത്രയങ്ങളെ (ആദ്ധ്യാത്മികം, ആധിഭൌതികം, ആധിദൈവികം) വിവേകംകൊണ്ടു നശിപ്പിക്കുവാൻ കഴിയും. അവയിൽ നിന്നകന്നപ്പെട്ട പുരുഷന്റെ സ്വതന്ത്രതയെ ഗ്രഹിക്കുന്നതാണു കൈവല്യമോക്ഷം. താപത്രയങ്ങളെ നശിപ്പിക്കുന്നതിനു വൈദികമാർഗ്ഗങ്ങൾ ഉപകരിക്കയില്ല. അതിനു തത്വവിവേകംകൊണ്ടേ സാധിക്കു. ഇതത്രെ സാംഖ്യന്മാരുടെ സിദ്ധാന്തം.

സാംഖ്യമതസ്ഥാപകനായ കപിലന്റെ ജീവചരിത്രത്തെപ്പറ്റി കണ്ടുപിടിക്കപ്പെടുന്നതാവാൻ തരമില്ല. പലരും പലവിധം പറയുന്നു. ബ്രഹ്മാവിന്റെ പുത്രനായ കപിലമുനി സാംഖ്യകാരികയുടെ പ്രഖ്യാതാവായ ഗൌഡപാദർ വിവരിക്കുന്നു. വേറെ ഒരു വ്യാഖ്യാതാവ് ഇദ്ദേഹം വിഷ്ണുവിന്റെ അവതാരമാണെന്നു പറഞ്ഞിരിക്കുന്നു. ശ്വേതാശ്വതരോപനിഷത്തിൽ, കപിലമഹർഷി, സാമവേദത്തിന്റെ വക്താവ് എന്ന ആത്മവിദ്യയെ അഭ്യസിച്ചപ്രകാരം കാണുന്നു. സാംഖ്യതത്വപ്രതിഷ്ഠാപകനായ കപിലനും, "സിദ്ധാനാം കപിലോ മുനിഃ" എന്ന വാക്യം കൊണ്ടു നിർദ്ദേശിക്കുന്ന കപിലനും ഒന്നായിത്തീരുന്ന പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഈ അഭിപ്രായത്തെ ഭാഗവതം ചതുർത്ഥസ്കന്ധത്തിലുള്ള ദേവഹൂതികപിലസംവാദം സമർത്ഥമായി പറയുന്നുണ്ട്. ഭാഗവതത്തിൽ നിന്നു കപിലന്റെ മാതാവു ദേവഹൂതിയാണെന്നും അദ്ദേഹത്തിനു വേറെ സഹോദരികളുണ്ടായിരുന്നുവെന്നും അറിവു കിട്ടുന്നു. പുരാണത്തിൽ ഇദ്ദേഹം ഈശ്വരാംശമായി പറയപ്പെട്ടിട്ടുണ്ട്. പുരാണവൃത്തങ്ങളായ തെളിവുകൾ, കപിലൻ അഗ്നിദേവന്റെ സമീപത്തിൽ പുണ്യഭൂമിയിലാണു ജനിച്ചതെന്നും സഗരപുത്രന്മാരെ മിക്കവരെ ഭസ്മീകരിച്ചു

---

* ൨൫ തത്വങ്ങളാവിത—പ്രകൃതി (പ്രധാനം), പുരുഷൻ, മഹത് (ബുദ്ധി), അഹങ്കാരം, പഞ്ചതന്മാത്രകൾ (ശബ്ദസ്പർശരൂപരസഗന്ധങ്ങൾ), മനസ്സ്, പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, പഞ്ചകർമ്മേന്ദ്രിയങ്ങൾ, പഞ്ചഭൂതങ്ങൾ—

ത്തം മനസ്സിലാക്കിത്തരുന്നു. മഹാഭാരതത്തിൽ കപിലനെ പ്രജാപതികളിലൊരാളായി ഗണിച്ചിട്ടുണ്ട്. അയോദ്ധ്യാധിപതിയായിരുന്ന സഗരന്റെ 60000 മക്കൾ അശ്വമേധത്തിൽ കളവുപോയ കുതിരയെ തേടിപ്പാതാളത്തിലെത്തിയ സമയത്ത്, കുതിരയെ കപിലന്റെ കയ്യിൽ കാണുകയാൽ കപിലനിൽ കള്ളനെന്ന ആരോപണം ചുമത്തിയപ്പോൾ, കപിലൻ കുപിതനായി അവരെയെല്ലാം ഭസ്മമാക്കിയെന്ന ഒരു കഥ രാമായണത്തിലുണ്ട്. ഇപ്രകാരം ഒന്നിനൊന്നു സംബന്ധമില്ലാത്ത പല കെട്ടുകഥകളെക്കൊണ്ടും കെട്ടുപിണഞ്ഞു കിടക്കുന്ന കപിലൻ പ്രാചീനനായിരിക്കണമെന്നു ഡോക്ടർ ഡോയിസ്സൻ ഊഹിക്കുന്നു. കപിലൻ ബുദ്ധനുമുമ്പു ജീവിച്ചിരുന്ന ഒരു ആളാണ്. കപിലവസ്തു ഹിമവൽ പ്രദേശങ്ങളിലുള്ള സങ്കേതസ്ഥാനമായിരുന്നെന്നു ബുദ്ധഗ്രന്ഥങ്ങളിൽ കാണുന്നു. കപിലൻ, സങ്കേതാചാര്യനായ സ്വരൂപന്റെ സമകാലികനായിരുന്നെന്നു കാണുന്നതുകൊണ്ടു, ബുദ്ധന്റെ കാലം ഏകദേശം ക്രി. മു. 700 ആണെന്നു നിശ്ചയിക്കാവുന്നതാണ്.

കപിലൻ, തന്റെ സിദ്ധാന്തങ്ങളെ ആദ്യമായി ഒരു ഗ്രന്ഥമെഴുതി ആസുരിയെ പഠിപ്പിച്ചു. അതിനെ ആസുരി പഞ്ചശിഖാചാര്യരെ പഠിപ്പിച്ചു. (പഞ്ചശിഖനു കാപിലേയൻ എന്ന ഒരു പേരുകൂടിയുണ്ട്) പഞ്ചശിഖൻ കപിലസിദ്ധാന്തത്തെ അടിസ്ഥാനമാക്കി, 60000 ശ്ലോകങ്ങളുള്ള ഒരു ഗ്രന്ഥമുണ്ടാക്കിയിട്ടുണ്ട്. കപിലസിദ്ധാന്തം ഇന്ത്യയിലൊട്ടും പ്രചരിച്ചതു പഞ്ചശിഖാചാര്യന്റെ കാലത്താണ്. കപിലൻ, ആസുരി, പഞ്ചശിഖൻ, ഇവരുടെ ഗ്രന്ഥങ്ങളൊന്നും ഇപ്പോൾ കാണാനില്ല. കപിലമതം, ഇന്ത്യയിൽ സർവ്വത്ര പ്രചരിച്ചു തുടങ്ങിയതിൽ പിന്നീട്, മനുസ്മൃതി തുടങ്ങിയ സ്മൃതികളിലും വിഷ്ണുപുരാണം, ഭാഗവതം മുതലായ പുരാണങ്ങളിലും രാമായണം, ഭാരതം എന്നീ ഇതിഹാസങ്ങളിലും എന്നു വേണ്ട മിക്ക ഒന്നാന്തരഗ്രന്ഥങ്ങളിലും അതു സ്ഥലം പിടിച്ചു. ന്യായസിദ്ധാന്തം മുതലായ ദാർശനികഗ്രന്ഥങ്ങളിലും സുശ്രുതം, ചരകം എന്നീ വൈദ്യഗ്രന്ഥങ്ങളിൽക്കൂടിയും സാംഖ്യസിദ്ധാന്തത്തിന്റെ ഛായ കാണാവുന്നതാണ്.

നമ്മുടെ നിർഭാഗ്യത്തിന്, പഞ്ചശിഖനുശേഷം ഏതാനും നൂറ്റാണ്ടുകാലത്തെ – (ഈശ്വരകൃഷ്ണന്റെ കാലംവരെ) സാംഖ്യത്തെപ്പറ്റിയുള്ള ചരിത്രമൊന്നും കിട്ടിയിട്ടില്ല. ഏകദേശം ക്രിസ്ത്വബ്ദം മൂന്നാം നൂറ്റാണ്ടിൽ ഈശ്വരകൃഷ്ണനെന്ന വിദ്വാൻ സാംഖ്യകാരിക എന്ന ഗ്രന്ഥത്തെ നിർമ്മിച്ചു. ഈ ഗ്രന്ഥത്തെയാണ് ഇപ്പോൾ സാംഖ്യശാസ്ത്രം അഭ്യസിപ്പാനാഗ്രഹിക്കുന്നവർ സാധാരണ ഉപയോഗിച്ചുവരുന്നത്. ഇപ്പോൾ നിലവിലുള്ളതിൽ, പഴക്കമുള്ള ഗ്രന്ഥം ഇതാണ്. ഇതിൽ 72 ശ്ലോകങ്ങളുണ്ട്. ആറാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഇതിനെ പരമാർത്ഥൻ എന്ന ഒരു പണ്ഡിതൻ ചീനഭാഷയിൽ തർജ്ജമ ചെയ്തിട്ടുണ്ട്. അതിൽ പിന്നെ പ്രസ്തുതഗ്രന്ഥത്തിനു പ്രചുരമായ പ്രചാരവും വിവിധവ്യാഖ്യകളും ഉണ്ടായി. വ്യാഖ്യാനങ്ങളിൽ മുഖ്യമായവ ഗൗഡപാദന്റെ 'സാംഖ്യഭാഷ്യ'വും നാരായണതീർത്ഥന്റെ 'സാംഖ്യചന്ദ്രിക'യും, വാചസ്പതിമിശ്രന്റെ 'തത്വകൗമുദി'യും രാജപുത്രന്റെ 'സാംഖ്യകൗമുദി'യുമാകുന്നു. സാധാരണ കപിലന്റെ കൃതിയെന്നു പറയുന്ന 'സാംഖ്യപ്രവചന'ത്തിനു സാംഖ്യസാരം, യോഗവാർത്തികം, [illegible]

ഷ്യം എന്നീ ഗ്രന്ഥങ്ങളുടെ കർത്താവായ വിജ്ഞാനഭിക്ഷു ക്രിസ്ത്വബ്ദം ൧൬-ാം നൂററാണ്ടിൽ സാംഖ്യപ്രവചനസൂത്രത്തിന് ഒരു വ്യാഖ്യാനം എഴുതീട്ടുണ്ട്. ഇതിന് കപിലഭാഷ്യം, സാംഖ്യഭാഷ്യം എന്നിപ്പേരുകൾ കൂടി നടപ്പുണ്ട്. സാംഖ്യപ്രവചനസൂത്രം, തത്ത്വസമാസം ഇവയുടെ കർത്താവു കപിലനല്ലെന്ന ചിലർ വാദിക്കുന്നുണ്ട്. ഇതു ശരിയോ ശരികേടോ എന്നു നിർണ്ണയിപ്പാൻ തിട്ടമില്ല. ശങ്കരാചാര്യർ വേദാന്തഭാഷ്യത്തിൽ സാംഖ്യസിദ്ധാന്തത്തെ ഖണ്ഡിക്കുന്ന അവസരത്തിൽ ഈശ്വരകൃഷ്ണന്റെ സാംഖ്യകാരികയെപ്പററിയല്ലാതെ സാംഖ്യപ്രവചനത്തെയോ തത്ത്വസമാസത്തെയോ സംബന്ധിച്ച് കണ്ടം പറഞ്ഞിട്ടില്ല. ക്രിസ്ത്വബ്ദം ൮-ാം നൂററാണ്ടിൽ സാംഖ്യകാരികക്കു വ്യാഖ്യാനമെഴുതിയ ഗൌഡപാദനും മേല്പറഞ്ഞ രണ്ടു ഗ്രന്ഥങ്ങളെപ്പററി ശബ്ദിച്ചിട്ടില്ല. ഈ കാര്യത്തിൽ സാംഖ്യകാരികയുടെ മറെറാരു വ്യാഖ്യാതാവായ മിഥിലയിലെ വാചസ്പതിമിശ്രനും പത്താം നൂററാണ്ടിൽ ജനന ടീകയ്പ്പിരിക്കയാണ്. ഇതുകൊണ്ടൊക്കെ സാംഖ്യപ്രവചനസൂത്രത്തിന്റെയും തത്ത്വസമാസത്തിന്റെയും കർത്താവു കപിലനല്ലെന്ന വാദത്തിനു തീരെ അടിസ്ഥാനമില്ലാതിരിക്കുന്നില്ലെന്നു നിർണ്ണയിക്കാം. ഗ്രന്ഥകർത്താവാരായിരുന്നാലും അതിനു അനിരുദ്ധനാൽ എഴുതപ്പെട്ടിട്ടുള്ള ഒരു ടീകയുണ്ട്. ഈ അനിരുദ്ധൻ, ക്രി. ൧൫-ാം നൂററാണ്ടിൽ ബുദ്ധമതം സ്വീകരിച്ചു ജനിച്ചവൻ ജൈനനായോ എന്നു നിശ്ചയിക്കവയ്യ.

ക്രി. മു. ഒന്നാം നൂററാണ്ടിൽ അശ്വഘോഷാചാര്യനാൽ നിർമ്മിക്കപ്പെട്ട ബുദ്ധചരിതകാവ്യത്തിൽ കപിലനെപ്പററി വിസ്തരിച്ചു പ്രശംസിച്ചിട്ടുണ്ട്.

എം. എൻ. എൻ.

മലയാളനിഘണ്ടു

(തുടർച്ച)

ഇനി മലയാളരാജ്യത്തൊസകലം വ്യാപിച്ചു കാണപ്പെടുന്ന ജാതികളെയും സമ്പ്രദായങ്ങളെയും സംബന്ധിച്ച ശബ്ദസമൂഹങ്ങളെ പററിയാണ് പറയുവാനുള്ളത്. അതെന്ന് എന്നാണല്ലോ ആ നാനാകാരിയം ജാതിഭേദങ്ങളും അവയിൽ ഓരോന്നിലും പലവക ഭേദങ്ങളും കാണപ്പെടുന്നു- അവയിൽ, എല്ലാററിനുമില്ലെങ്കിലും മിക്കതിനും ഭേദങ്ങളുണ്ട്. പക്ഷെ ആ വക ഭേദങ്ങളിൽ ചിലതെല്ലാം ചില ജാതിക്കാരുടെ ഇടയിൽ മാത്രമേ ഉള്ളൂ. അവയെ എല്ലാം ശേഖരിച്ച് തെളിയിക്കുന്നത് എററവും ആവശ്യമാണ്. പിന്നെ വൈദ്യശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, മന്ത്രവാദം എന്നിവയെ സംബന്ധിച്ചുണ്ടാക്കപ്പെടുന്ന ശബ്ദങ്ങളും അവയിൽ ഓരോന്നിലും അന്വേഷിച്ചു പിടിച്ച് തെളിപ്പെടുത്തിവെക്കേണ്ടതും ആവശ്യമായിത്തീരുന്നു.

ഇതുവരെ നമ്മുടെ ഇടയിൽ ഒരു സമുദായത്തിൽ മാത്രം അധികപ്രചാരമായ പദപ്രയോഗങ്ങളെപ്പററി മാ

ങ്ങൾ നിരൂപിക്കയുണ്ടായില്ല. അവയിൽ പലതും, ഊണ്, കളി, ഉറക്കം, നടക്കുക, ഇരിക്കുക, കിടക്കുക എന്നിതിനെ യാതൊരു ഭേദവ്യത്യാസവും കൂടാതെ എല്ലാവരുടെ ഇടയിലും ഒരുപോലെ നടപ്പുള്ള സാധാരണ പദങ്ങളെപ്പററി വിശേഷിപ്പാനും പ്രത്യേകാഭിപ്രായമില്ലായ്കയാൽ അവയെപ്പററി ഇവിടെ പ്രസ്താവിക്കുന്നതില്ല.

ഇനി നമ്മുടെ ഇടയിൽ ജീർണ്ണങ്ങളായി ഇരിക്കുന്ന പല ശബ്ദങ്ങളിൽ ചിലതിനെ ഉദാഹരണമായി കുറിക്കാം. സംഘക്കളി, ചാക്യാർകൂത്ത്, കഥകളി, കൂത്താട്ടുകളി മുതലായവയെ രാജാക്കന്മാരും പ്രഭുക്കന്മാരും മററു ധനവാന്മാരും ഇപ്പോൾ കൊണ്ടാടാറില്ല നിശ്ചയം. ഇപ്പോൾ അവയെ പ്രയോഗിക്കുന്ന വഴക്കവും വളരെ കുറവായിരിക്കുന്നു. ആ കാരണത്താൽ തന്നെ അവയെ സംബന്ധിച്ച ഈ അനവധി പദപ്രയോഗങ്ങളും ശിഥിലങ്ങളായിത്തീർന്നിരിക്കുന്നു. അവയുടെ അഭിവൃദ്ധിക്കു സാമുദായികമായ അനേകം കാര്യങ്ങളും നമുക്കു മനസ്സിലാകായ്കയാലും കാലാന്തരംകൊണ്ട് അവ തീരെ നശിച്ചുപോകുന്നതാകയാലും നാം ഇപ്പോൾ തന്നെ അവയെപ്പററി സമ്പാദിച്ചു ശേഖരിച്ചു സൂക്ഷിക്കേണ്ടതാകുന്നു.

ഇനി തീരെ നശിച്ചുപോയിട്ടുള്ളവയും നഷ്ടപ്രായങ്ങളായിട്ടുള്ളവയുമായ പല പദസമൂഹങ്ങളുള്ളവയെപ്പററി പ്രത്യേകം നിരൂപിക്കേണ്ടതുണ്ട്. ഉദാഹരണത്തിനായി അവയിലും കുറെ എണ്ണങ്ങളെ എടുത്തുകാണിക്കാം. പരശുരാമന്റെ കാലംമുതൽ ഇംഗ്ലീഷുകാർ ആക്രമിക്കുന്നതുവരെ മലയാളരാജ്യം പല രാജാക്കന്മാരാൽ സ്വതന്ത്രമായിത്തന്നെ ഭരിച്ചിരുന്നുവെന്ന സംഗതി ചരിത്രംകൊണ്ടും അനേകം ശാസനങ്ങളെക്കൊണ്ടും നാം അറിയുന്നുണ്ടല്ലോ. ആ കാലങ്ങളിൽ അന്നത്തെ കാലദേശാവസ്ഥകളെ അനുസരിച്ചുണ്ടായിരുന്ന രാജ്യഭരണസമ്പ്രദായങ്ങളും മറെറ സൈന്യവ്യവസ്ഥയും രാജ്യത്തെ ഭരണസംബന്ധമായി തിരിച്ചിരുന്ന മാതിരികളും, പ്രജാപരിപാലനത്തിനായിക്കൊണ്ട് ഓരോ ഭരണത്തിലും നിയമിക്കപ്പെട്ടിട്ടുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരുടെ വകഭേദങ്ങളും, സിവിൽനിയമം ക്രിമിനൽ നിയമം അവയുടെ നടപടിക്രമങ്ങളും, ശിക്ഷയുടെ സമ്പ്രദായങ്ങളും, പ്രജകളും രാജഭോഗമായി കൊടുത്തിരുന്ന ഓരോ ഭേദങ്ങളും സൈന്യവും എന്ന ഇടവിന്ന നാനാപ്രകാരത്തിലുള്ള ഏർപ്പാടുകളും ഉണ്ടായിരുന്നതായിട്ടും അവയെ ഓരോന്നിനെയും സംബന്ധിച്ച അനവധി കാര്യങ്ങളും നടപ്പുണ്ടായിരുന്നതായിട്ടും നമുക്കൂഹിക്കാവുന്നതാണ്. അവയുടെ എല്ലാം ശരിയായ ലക്ഷണം മനസ്സിലാകുന്നതു പദപ്രയോഗങ്ങളെക്കൊണ്ടാണല്ലോ. നമ്മുടെ പൂർവ്വന്മാരുടെ ഉദാസീനതകൊണ്ട് ആ വക പദങ്ങളും മിക്കതും ഇപ്പോൾ നശിച്ചുപോയിരിക്കുന്നുവെന്ന വളരെ വ്യസനത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. അവയിൽ അപൂർവ്വം ചിലത് മുകളിലും മുഖ്യമായി ചിന്നിച്ചിതറി കിടക്കുന്നുണ്ട്. ചിലതെല്ലാം ചില തമിഴ്ഗ്രന്ഥങ്ങളിൽ നിന്ന കണ്ടുകിട്ടുന്നതാണ്. പലപ്പോഴും കാലതാമസം കൂടാതെ ഇപ്രകാരം തന്നെ നാം വളരെ പണിപ്പെട്ടു തേടിപ്പിടിച്ച് അവയെ സമ്പാദിച്ചുവെക്കാത്തപക്ഷം ഇനിയത്തെ തലമുറയാകുമ്പോഴേക്കും ഉള്ളതും കൂടി പോകുന്നതാണ്. മേൽപറഞ്ഞ പഴയ ശബ്ദങ്ങളെല്ലാം ഇപ്രകാരം ഉണ്ടായിരുന്നുവെങ്കിൽ ചരിത്രസംബന്ധമായി എത്ര അനവധി തത്വങ്ങൾ നമുക്ക് വെളിപ്പെട്ടു കിട്ടുമായിരുന്നു.

നഷ്ടങ്ങളും നഷ്ടപ്രായങ്ങളുമായ പദസമൂഹങ്ങൾക്ക് ഇനി വേറെയും ഉദാഹരണം പറയാം. മലയാളികളുടെ ഇടയിൽ യുദ്ധമില്ലാതായതോടുകൂടി കളരി എന്ന ഏർപ്പാട് നാശത്തെ പ്രാപിച്ചു. അതോടുകൂടി പലവിധ ആയുധാഭ്യാസങ്ങളും ഇല്ലാതായിത്തീൎന്നു. അപ്പോൾ എതിരിട്ടു പൊരുതുന്നതിനും തടുക്കുന്നതിനും മറ്റുമായി ഉപയോഗപ്പെടുത്തിയിരുന്ന പലമാതിരി ആയുധങ്ങളുടെ പ്രയോഗവിശേഷങ്ങളും നഷ്ടങ്ങളായിത്തീൎന്നു. പ്രയോഗനാശത്തോടുകൂടി, പ്രയോജനാഭാവം ഹേതുവായിട്ട്, അവക ആയുധങ്ങളും തന്നെ മിക്കതും നശിച്ചുപോയി. ആയുധങ്ങൾ നശിച്ചപ്പോൾ അവയെ ഉണ്ടാക്കുക എന്ന തൊഴിലുകളിലും നാശം സംഭവിച്ചു. തൊഴിലുകളില്ലാതായതോടുകൂടി അതാതു തൊഴിൽക്കാർ തന്നെ നിൎമ്മാണത്തിന്നായിക്കൊണ്ടുപയോഗിച്ചിരുന്ന കരുക്കളും, അവയുടെ പ്രവൃത്തിവിശേഷങ്ങളും കാലഗതിയെ പ്രാപിച്ചു. അതോടുകൂടി തത്സംബന്ധമായി ജനങ്ങളുടെ ഇടയിൽ നടപ്പുണ്ടായിരുന്ന പദപ്രയോഗങ്ങളും മിക്കതും നഷ്ടങ്ങളായി ഭവിക്കുകയും ചെയ്തു. അതുമല്ല, യുദ്ധം നിന്നതോടുകൂടി പടനായകന്മാരുടെ സ്ഥാനവ്യത്യാസങ്ങളും, അവൎക്കുണ്ടായിരുന്ന അധികാരഭേദങ്ങളും, സൈന്യത്തിന്റെ വ്യൂഹരചനാരീതി, യുദ്ധം ചെയ്യുന്ന ക്രമം, ഇവരുടെ ഉടുപ്പു സമ്പ്രദായം എന്നിവയെല്ലാം നാശത്തെ പ്രാപിച്ചു. അവയുടെ നാശത്തോടുകൂടി അവയെപ്പറ്റിയും ഉപയോഗിച്ചിരുന്ന വാക്കുകളും ക്രമേണ മാഞ്ഞുപോയി. ഇത്രമാത്രംകൊണ്ടുമായില്ല; പടക്കളത്തിൽ പാട്ടും വേണമെന്നു വന്നതോടുകൂടി മൎമ്മശാസ്ത്രത്തിലുള്ള വിവിധനാഡികളുടെയും ഞരമ്പുകളുടെയും സംബന്ധജ്ഞാനം, ഞരമ്പു പിണങ്ങിയാൽ അവയെ നേരെയാക്കുന്ന കൌശലം, മുറിക്കും മറ്റുമുള്ള ചില സിദ്ധൌഷധങ്ങളുടെ ജ്ഞാനം, ചിലതു വൈദ്യശാസ്ത്രസംബന്ധമായ ശസ്ത്രപ്രയോഗങ്ങളും എന്നിവ പലതും നശിച്ചുപോയിട്ടുണ്ട്. അവയെല്ലാം പ്രയുക്തങ്ങളായിരുന്ന വാക്കുകളും ക്രമേണ നാശത്തെ പ്രാപിച്ചു.

ദൈവഗത്യാ ഒരു ഏർപ്പാടിന്നു നാശം സംഭവിച്ചതോടുകൂടി ഭാഷയുടെ മേക്ക് എത്ര വലിയ നഷ്ടമാണ് വന്നുപോയത് എന്ന് ആലോചിച്ചുനോക്കുക. മേൽകാണിച്ച ശബ്ദസമൂഹങ്ങളിൽ മിക്കതും തീരെ നശിച്ചുപോയിരിക്കുന്നു. എങ്കിലും ഇപ്പോൾ കൊണ്ടുപിടിച്ചു ശ്രമിച്ചാൽ ചിലതെല്ലാം കണ്ടുകിട്ടുന്നതാണ്.

അതിനാൽ മേൽ നിരൂപിച്ച പ്രകാരം നാനാപ്രകാരേണ ചിതറി നിലകൊണ്ടുകിടക്കുന്ന നമ്മുടെ ഭാഷയിലെ പദസമ്പത്ത് ഒട്ടു ആസകലം ശേഖരിച്ചു ക്രമപ്പെടുത്തി അവയുടെ അൎത്ഥവിചാരം ചെയ്യുകയാണെങ്കിൽ അതോടുകൂടി ചരിത്ര വിഷയമായിട്ടുള്ള പല തത്വങ്ങളും വെളിപ്പെടുകയും കേരളത്തിലെ വിവിധ സമുദായങ്ങളുടെ അതാതു കാലത്തുള്ള അവസ്ഥാഭേദങ്ങളുടെ ജ്ഞാനം കരസ്ഥമാക്കുന്നതിനു ഒരു വഴിയും, ചരിത്രഗ്രന്ഥമെഴുതുന്നതിന്നു ഒരു അത് പലവിധത്തിലും സഹായമായി ഭവിക്കുകയും ചെയ്യുന്നതാണ്.

ഇങ്ങിനെയുള്ള ഒരു നിഘണ്ടു എഴുതുവാൻ ഒരുവനെക്കൊണ്ടോ പത്തുപേരെക്കൊണ്ടോ നൂറാളുകളെക്കൊണ്ടോ സാധിക്കുന്നതല്ല. ഒരു വേഗത്തിൽ സാധിക്കുന്നതുമല്ല. മലയാളത്തിലുള്ള എല്ലാ സമുദായക്കാരും ഒത്തൊരുമിച്ചു ക്ഷമയോടുകൂടി വളരെക്കാലം പ്രയത്നം ചെയ്തു സാധിക്കേണ്ട കാര്യമാകുന്നു ഇത്. ഈ വിഷയത്തിൽ നാമെല്ലാവരും എങ്ങിനെയാണ് പ്രയത്നം ചെയ്യേണ്ടത് എന്നതിനെപ്പറ്റി ഈ ലേഖകനു തോന്നിയുള്ള അഭിപ്രായത്തെ ഇവിടെ സംക്ഷേപമായി പ്രസ്താവിക്കാം.* ഒന്നാമതായിട്ട മലയാളത്തിൽ പലഭാഗങ്ങളിലുമുള്ള വിദ്വാന്മാർ ഒന്നിച്ചു ചേർന്ന നമ്മുടെ ഭാഷയിലുള്ള നാനാവിധശബ്ദങ്ങളെയും ശേഖരിക്കേണ്ടുന്ന മാർഗ്ഗത്തെപ്പറ്റി ചിന്തിക്കണം. ആദ്യം തന്നെ ശബ്ദങ്ങളെ അകാരാദിക്രമത്തിൽ ശേഖരിക്കുക എന്നത് തീരെ അസാദ്ധ്യമാകുന്നു. ഇക്കാലത്തിങ്കൽ മലയാളരാജ്യത്തുള്ള വിവിധ സമുദായങ്ങളിലും കാണപ്പെടുന്ന ജാതിഭേദങ്ങളെയും മതഭേദങ്ങളെയും അവയിലുള്ള അവാന്തരവിഭാഗങ്ങളെയും മറ്റും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് തത്സംബന്ധമായി ഉപയോഗിച്ചു വരുന്ന ശബ്ദങ്ങളെ ശേഖരിക്കുവാനേ സാധിക്കുകയുള്ളൂ. അതിലേയ്ക്ക് ഒരു സത്സമിതിപ്പാട്ടുകളെയും, വേറെ ഗ്രന്ഥങ്ങളെയും മറ്റും സഹായത്തോടുകൂടി ഒരു ലിസ്റ്റ് വിദ്വാന്മാരെല്ലാവരും കൂടി ആലോചിച്ച് തയ്യാറാക്കേണ്ടതാകുന്നു. പിന്നെ ആ ലിസ്റ്റിലുള്ള ഓരോ എണ്ണത്തിലേയും ശബ്ദങ്ങളെ സമ്പാദിക്കുന്നതിന്ന പല ഫാറങ്ങൾ തയ്യാറാക്കി അച്ചടിക്കണം. അതിന്റെ ശേഷം ഈ കാര്യത്തിലേയ്ക്കായി മലയാളത്തിൽ എവിടെ എങ്കിലും ഒരു പ്രധാനസ്ഥലം ഏർപ്പെടുത്തണം. ആ സ്ഥാനം ഭരിയ്ക്കുന്നതിന്ന് ഒരു കാലമായി നിലനിന്നു പോരുന്ന മാസികാപ്രചാരിണി സഭ തന്നെയാണ് അധികം നല്ലത്. ഉപാംഗങ്ങളായി നമ്മുടെ രാജ്യത്തുള്ള എല്ലാ പ്രധാനസ്ഥലങ്ങളിലും ഉപസഭകളും ഏർപ്പെടുത്തേണ്ടതാകുന്നു. ഈ ഉപസഭകളിലെ പ്രവർത്തകന്മാർ മേൽപറഞ്ഞ ഫാറങ്ങളെ അതാതു ദേശത്ത് കാണപ്പെടുന്ന ഭാഷാഭിമാനികളായിട്ടുള്ളവരെ ഏല്പിച്ച് അവരെക്കൊണ്ട് ഓരോ എണ്ണത്തിലുള്ള ശബ്ദങ്ങളെയും അവയുടെ ശരിയായ അർത്ഥങ്ങളെയും ശേഖരിപ്പിക്കണം. അപ്രകാരം ശേഖരിക്കപ്പെട്ട ശബ്ദങ്ങളെ എല്ലാ ഉപസഭകളും മാസംതോറും പ്രധാന സഭയിലേയ്ക്ക് അയച്ചുകൊടുക്കണം. പ്രധാനസഭയുടെ അംഗമായി ഒരു മാസികയെ നടത്തണം. അതിൽ മേൽപറഞ്ഞപ്രകാരം കിട്ടുന്ന ശബ്ദസമൂഹങ്ങളെ അർത്ഥത്തോടുകൂടി മാസംതോറും അച്ചടിക്കണം. പ്രതിമാസം വന്നുചേരുന്ന ശബ്ദങ്ങളെ മാസിക വഴിക്ക് അപ്പപ്പോൾ പ്രസിദ്ധം ചെയ്യുന്നതായാൽ ചില ശബ്ദങ്ങൾക്ക് കൊടുത്തിട്ടുള്ള അർത്ഥത്തിൽ അഭിപ്രായഭേദമുണ്ടെങ്കിൽ അവയെ പ്രകാശിപ്പിക്കുവാനും, ചിലതിന്നുണ്ടാവേണ്ടുന്ന കൂടുതലായ അർത്ഥത്തെ ചൂണ്ടിക്കാണിക്കുവാനും എല്ലാവർക്കും ഇട വരുന്നതാണ്. ഇങ്ങിനെ ഒരു കൊല്ലം കഴിയുമ്പോൾ പ്രധാന സഭയിലെ കമ്മിറ്റിക്കാർ അതുവരെ ശേഖരിക്കപ്പെട്ടിട്ടുള്ള ശബ്ദങ്ങളെ എല്ലാം അകാരാദിക്രമത്തിൽ ക്രമപ്പെടുത്തുകയും ആ കൊല്ലത്തെ പ്രയത്നത്തെപ്പറ്റി ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്ത് അവയെ പ്രസിദ്ധം ചെയ്യേണ്ടതാകുന്നു. ഇങ്ങനെ കുറെ കാലം കഴിഞ്ഞതിന്റെ ശേഷമേ അവയെ എല്ലാം ഒരു നിഘണ്ടുവിന്റെ ആകൃതിയിലാക്കുവാനുള്ള ശ്രമം

ഇടയുവാൻ പാടുള്ളു. ആ ഘട്ടത്തിലാണ് മനുഷ്യരുടെ ശരിയായ വ്യുല്പത്തിയെ സമ്പാദിപ്പാൻ ഉത്സാഹിക്കേണ്ടത്. അതിനു എല്ലാ പ്രധാന ദ്രാവിഡഭാഷകളിലുമുള്ള നിഘണ്ടുക്കളുടേയും ഗ്രന്ഥങ്ങളുടേയും സഹായം വേണ്ടിവരുന്നതാണ്. ഈ വിധത്തിൽ ഒരു നിഘണ്ടു സമ്പാദിക്കുന്നതായാൽ അതാണ് നമ്മുടെ ഭാഷയ്ക്കു ഏറ്റവും വില പിടിച്ചതായ ഒരു സ്വത്തായി ഭവിയ്ക്കുക. അതാണ് മലയാളഭാഷയെ സമ്പാദിയ്ക്കുന്ന നാമെല്ലാവരും ഒരുമിച്ചു ചേർന്നു ചെയ്യേണ്ടതായി സാധിക്കേണ്ടത്. മലയാളഭാഷയുടെ യോഗക്ഷേമത്തെ കാംക്ഷിയ്ക്കുന്ന ഭാഷാഭിമാനികളായിട്ടുള്ളവരുടെ ഏറ്റവും ഗൌരവമായിട്ടുള്ള ആദ്യത്തെ കൃത്യവും അതുതന്നെയാകുന്നു. ഈ കാര്യത്തിലേയ്ക്കു മഹാന്മാരായിട്ടുള്ളവർ സഹിഷോത്സാഹത്തോടുകൂടി ക്രമം ഇടയുന്നതായാൽ തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് എന്നീ മൂന്നു ഗവർമ്മെണ്ടുകളും ദ്രവ്യംകൊണ്ടും മറ്റുപ്രകാരത്തിലും തക്കതായ സഹായങ്ങൾ ചെയ്യുമെന്നു ധാരാളം കരുതാവുന്നതാണ്. വിഷയത്തിന്റെ ഗൌരവത്തെയും ഇനിയും ആ കാര്യത്തിൽ ഉദാസീനത കാണിച്ചാലുള്ള ദോഷമാഹാത്മ്യത്തെയുംപറ്റി ആലോചിക്കുന്നതായാൽ ഒരു നിമിഷംപോലും കളയാതെ ആ കാര്യത്തിൽ ഉടനെ പ്രയത്നമാരംഭിക്കേണ്ടതാണ് എന്നു ഏവനും തോന്നാതിരിക്കയില്ല. മലയാളികളായിട്ടുള്ളവരെല്ലാവരും കൂടി ചേർന്നാലല്ലാതെ സാധിക്കേണ്ടതായ ഇതിനും തന്നെ ഗൌരവമുള്ള വേറെയായ കാര്യങ്ങളെപ്പറ്റി ഇനി മേലിൽ പ്രസ്താവിക്കാം.

കെ. എം.

യൂറോപ്പിന്റെ അകാലമരണം



മനുഷ്യരുടെ അഭിപ്രായങ്ങൾ മിക്കസംഗതികളിലും സാധാരണമായി ഭിന്നിച്ചുകൊണ്ടാകുന്നു കാണപ്പെടുന്നതെങ്കിലും ഒരു കാര്യത്തിൽ അവർക്കു നല്ല യോജിപ്പുണ്ട്. എല്ലാ നാടുകളിലും വെച്ചു ഏറ്റവും പരിഷ്കാരമേറിയതു ഏതാണെന്നു ചോദിക്കുന്നതായാൽ "യൂറോപ്പ്" എന്നാണ് സകലരും ഏകകണ്ഠമായി ഉത്തരം പറയുന്നത്. എല്ലാവരും അവരവരുടെ കാര്യത്തിലല്ല പറയുന്നതെന്നു മാത്രമല്ല, സകലരുടേയും പ്രവൃത്തികളും ഈ അഭിപ്രായത്തോടനുസരിച്ചുകൊണ്ടുതന്നെ ആകുന്നു താനും. ഭൂമിയുടെ വല്ല ഭാഗത്തിലും വല്ലതെറ്റുണ്ടായിട്ടും വല്ലേടത്തും വല്ലതും വല്ല ഏറ്റക്കുറവുണ്ടെങ്കിൽ അതിന്റെ തീർപ്പാക്കേണ്ടത് ചോദിക്കേണ്ടതു ഒരു വെള്ളക്കാരനായിട്ടുവേണ്ടു. ഏറ്റവും വിലപിടിച്ചതും നിശ്ചയിപ്പാൻ പ്രമാണമുള്ളതായ വല്ല സാധനവും ആവശ്യമുണ്ടെങ്കിൽ അതുതന്നെവിടെയാണെന്നാലോചിക്കേണ്ടുന്ന സംശയമില്ല. ചെലവിലാതെയിരിക്കുന്ന അങ്ങുപോലെതന്നെ കുട്ടികൾക്കുപോലും ബോധ്യമാവും ഉണ്ടാക്കിക്കൊടുക്കുന്നതായി

മുമ്പുള്ളവർ അവരെ യൂറോപ്പിൽ അനേകം വിദ്യാലയങ്ങളുള്ളതിൽ ഏതിലെങ്കിലുമൊന്നായ സ്കൂളുകളെന്നല്ലാതെ വേറെ വല്ല ശാസ്ത്രങ്ങളിലെങ്കിലും അറിയപ്പെട്ടിരുന്നോ എന്ന സംശയിക്കേണ്ടിയിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ മതിയല്ലോ. ഇപ്രകാരം നാട്ടിന്നും പരിഷ്കാരത്തിന്നും തമ്മിൽ ഏകകാലമായിക്കണ്ടുവരുന്ന സാഹചര്യം നിമിത്തം 'യൂറോപ്പ്' എന്ന പദത്തിന്നും 'പരിഷ്കാരം' എന്ന പദാർത്ഥത്തിന്നും തമ്മിൽ മുഖ്യസംബന്ധം ഉണ്ടാവുകയായിരിക്കുന്നു. ഇത്രയും ഉൽകൃഷ്ടതയെ പ്രാപിച്ചു നില്ക്കുന്ന യൂറോപ്യന്മാരുടെ പരിഷ്കാരവും അതിനെ അവലംബിച്ച് ഇന്ത്യക്കാരായ നമ്മുടെ ഇടയിൽ കാണുന്ന പ്രാകൃതാവസ്ഥയും കൂടി ആലോചിച്ചു നോക്കുന്ന സമയം ചിലർക്കു യൂറോപ്യന്മാരും ഇന്ത്യക്കാരും ഒരു ജാതിയിൽ ചേർന്ന ജീവികളല്ലയോ എന്ന സംശയം തോന്നിയേക്കും. എന്നാലിതു ചരിത്രപരിചയമില്ലായ്മയാണ്. ചരിത്രമായിപ്പറയുണ്ടാകുമ്പോൾ യൂറോപ്യന്മാരും നാമും മൈത്ര്യസ്ഥിതിയിൽ ഒരുപോലെതന്നെയായിരുന്നവരെന്നും, അവർക്കിപ്പോഴുള്ളതായ പരിഷ്കാരമെല്ലാം സംഗതിവശാലുണ്ടായതാണെന്നും, ഈ പരിഷ്കാരമുണ്ടായതിന്നു മുമ്പെ അവരും നമ്മെപ്പോലെതന്നെ പ്രാകൃതാവസ്ഥയിലായിരുന്നുവെന്നും സ്പഷ്ടമാകുന്നതാണ്. ഈ വക സംഗതികളെപ്പറ്റി ചിലതിപ്പോൾ വായനക്കാർക്കു നീരസമാകയില്ലെന്ന വിശ്വാസമായി വിവരിക്കുന്നു.

യൂറോപ്പുരാജ്യക്കാരുടെ ചരിത്രം ഇടങ്ങിട്ട് ഇപ്പോഴുള്ള രണ്ടായിരത്തഞ്ഞൂറിൽ പരം വർഷത്തിലധികം സംവത്സരമായിരിക്കുന്നു. ഇതിൽ ഒടുവിൽപ്പെട്ട നാനൂറു സംവത്സരം ആധുനികകാലമെന്നും, അതിന്നു മുമ്പ് ഏറെക്കുറെ ആയിരം സംവത്സരം മദ്ധ്യകാലമെന്നും അതിന്നും മുമ്പുള്ള കാലം മുഴുവൻ പുരാതനകാലമെന്നുമാണ് ചരിത്രകാർ പറഞ്ഞുവരുന്നത്. ഇപ്രകാരം യൂറോപ്യന്മാരുടെ കൂട്ടത്തിൽ പ്രധാനികളെന്നു ഗണിക്കപ്പെടുന്ന ഇംഗ്ലീഷുകാർ, പരന്ത്രീസ്സുകാർ, ജർമ്മനിക്കാർ മുതലായ വകക്കാർ ആധുനികകാലത്തു പൊങ്ങിവന്നവരാകുന്നു. പുരാതനകാലത്ത് ഇവരുടെ പേരു കൂടിയില്ലായിരുന്നു. അന്നു പഠിപ്പിലും പരിഷ്കാരത്തിലും ശക്തിയിലും പ്രധാനികളായിരുന്നതു യവനന്മാരും റോമക്കാരുമായിരുന്നു. ഇവരിൽ തന്നെ കാലംകൊണ്ടു മുമ്പരായിരുന്നതു യവനന്മാരാകുന്നു. ഇവർ ശാസ്ത്രങ്ങളിലെല്ലാം അസാധാരണമായ പാണ്ഡിത്യമുള്ളവരായിരുന്നതല്ലാതെ രാജ്യഭരണത്തിലും സമുദായപരിഷ്കരണത്തിലും റോമക്കാരെപ്പോലെ മിടുക്കരായിരുന്നില്ല. റോമക്കാർക്കാകട്ടെ ശാസ്ത്രവിഷയങ്ങളിൽ യവനന്മാരുടെ പിന്നാലെ നില്പാനേ ആദ്യകാലത്തു കൊള്ളുമായിരുന്നുള്ളുതാനും. എങ്കിലും രാജ്യഭരണകാര്യത്തിലെ മിടുക്കുകൊണ്ടു റോമക്കാർ ശക്തിയേറി വരുമായതിനാൽ അവർ ക്രമേണ യവനന്മാരെയെല്ലാം ജയിച്ചു കീഴടക്കി. അതിന്നുശേഷം ഈ രണ്ടു വർഗ്ഗക്കാരും തമ്മിൽ സംസർഗ്ഗത്തിന്നധികം സംഗതി വന്നതുകൊണ്ടു റോമക്കാർ യവനന്മാരിൽ നിന്നു ശാസ്ത്രങ്ങളെല്ലാം പഠിച്ചു. ഇങ്ങിനെ അധികാരശക്തിയും വിദ്യാബലവും കൂടി റോമക്കാരുടെ കയ്യിൽ വന്നുചേർന്നു. അതിൽ പിന്നെ റോമക്കാർക്കുണ്ടായ കയറ്റത്തിന്നു ഒന്നുകൂടി ശക്തിവെച്ചു. ഇങ്ങിനെ പുരാതനകാലത്തിന്റെ ഏകദേശം ഒടുവായപ്പോഴേക്ക് അവർ വലിയ പരിഷ്കാരികളായി

ത്തിൽ നടവെന്നു മാത്രമല്ല സർവ്വപ്രകാരത്തിലുമുള്ള പ്രാധാന്യത്തിൽ അവരെപ്പോലെ ഉലകിൽ ആരുമില്ലെന്നുള്ള ഖ്യാതിവരുകയും ചെയ്തു. എങ്കിലും ജന്യമായ സകലത്തെയും എന്നപോലെ ബാധിയ്ക്കുന്നതായ നാശം ഈ റോമകന്മാരുടെ വലിപ്പത്തെയും ബാധിയ്ക്കാതിരുന്നില്ല. ലോകനായകന്മാരെന്നഭിമാനിച്ചിരുന്ന ഈ റോമകന്മാർ വളരെക്കാലം കഴിയുന്നതിനു മുമ്പ് ഒരു ജാതി മ്ലേച്ഛന്മാരാൽ തീരെ കീഴടക്കപ്പെട്ടു. ഉൽകൃഷ്ടമായ റോമകശാസനം പ്രനഷ്ടപ്പെട്ടു അതിനിടത്തെല്ലാം നികൃഷ്ടമായ മ്ലേച്ഛശാസനം പ്രചരിപ്പാൻ തുടങ്ങി. അതിനുശേഷം മുമ്പുണ്ടായിരുന്ന പഠിപ്പും പരിഷ്കാരവും യൂറോപ്പിൽനിന്നു തന്നെ വിട്ടുപോകയും ചെയ്തു. ഇങ്ങിനെ പ്രാചീനറോമകപരിഷ്കാരം അസ്തമിച്ചതിന്റെ ശേഷവും ആധുനികമായ ഒരു നവീനപരിഷ്കാരം ഉദിച്ചതിന്റെ മുമ്പും ഒരായിരം വർഷത്തോളം യൂറോപ്പാസകലം മനസ്സിന്നു വിശേഷമായ അന്ധകാരത്തിലാണ്ടു കിടന്നിരുന്നത്. ഈ സ്ഥിതിയെയാണു തലവാചകത്തിൽ കാണുന്ന 'മരണം' എന്ന പദം കൊണ്ടു ഞാൻ കുറിയ്ക്കുന്നത്.

റോമകപ്രാഭവത്തിന്റെയും അവരുടെ പരിഷ്കാരത്തിന്റെയും അധഃപതനത്തിന്റെ ഏകകാരണമായി മ്ലേച്ഛന്മാരുടെ ആക്രമത്തെ ചില ചരിത്രക്കാർ പറയുമാറുണ്ട്. എന്നാൽ അതത്ര ശരിയല്ലെന്നും അനേക കാരണങ്ങളുള്ളതിലൊന്നാണിതെന്നു മാത്രമെ കരുതുവാൻ തരമുള്ളുവെന്നുമാകുന്നു ഹാലം എന്ന ചരിത്രക്കാരൻ പറയുന്നതു. മ്ലേച്ഛന്മാർ ആ രാജ്യം ആക്രമിച്ചിട്ടില്ലെങ്കിൽ തന്നെ റോമകന്മാരുടെ വലിപ്പം നശിക്കാതെ കഴികയില്ലായിരുന്നുവെന്നു ആയാൾ യുക്തിയുക്തമായി തെളിയിക്കുന്നുണ്ട്. റോമകനാഗരികത്വത്തിന്റെ പരമോച്ചം അഗസ്റ്റസ് സീസർ എന്ന പ്രസിദ്ധനായ ചക്രവർത്തിയുടെ കാലത്തായിരുന്നു*. ഈ ചക്രവർത്തി ഇന്ത്യയിലെ വിക്രമാദിത്യൻ, ഭോജൻ മുതലായ രാജാക്കന്മാരെപ്പോലെ എല്ലാ വിദ്യകളെയും വർദ്ധിപ്പിപ്പാൻ എല്ലാ സമയത്തും ശ്രദ്ധവെച്ചിരുന്ന ഒരു മാന്യപുരുഷനായിരുന്നു. ഈ മാന്യന്റെ കാലത്തു സാമ്രാജ്യം വളരെ ഉന്നതിയെ പ്രാപിച്ചുവെന്നു മാത്രമല്ല, ജനങ്ങളുടെ ഇടയിൽ വിദ്യയെത്രത്തോളം വർദ്ധിക്കാമെന്നു വച്ചാലത്രത്തോളം വർദ്ധിക്കുകയും ചെയ്തു. ഒന്നൂറാണ്ടു കൂടി റോം ആ നിലയിൽ തന്നെ നിന്നു. രണ്ടാമത്തെ നൂറ്റാണ്ടിൽപാതിക്ക ആരംഭിച്ചായ അധഃപതനത്തിന്റെ ചിഹ്നങ്ങൾ ഓരോന്നായി കണ്ടുതുടങ്ങി. രാജാക്കന്മാർക്ക് ശക്തി കുറഞ്ഞു. ഇന്നാട്ടെ വിദ്യകളിലുള്ള താല്പര്യം ക്രമേണ കുറഞ്ഞു തുടങ്ങി. നല്ല ഗ്രന്ഥകർത്താക്കളില്ലാതായിത്തീർന്നതിനുമെന്നു മുമ്പുള്ള വിശേഷഗ്രന്ഥങ്ങളെ വായിക്കുന്നവർ തന്നെ ഇല്ലാതായിപ്പോയി. ധനികന്മാരുടെ ധനമെല്ലാം സുഖവൃത്തികളിൽ ചിലവായിത്തുടങ്ങി. അദ്ധ്വാനശീലം ജനങ്ങളിൽനിന്നു പോയിക്കളഞ്ഞു. സമരശൌര്യവും തീരെ നശിച്ചു. ധൈര്യവും യുദ്ധസാമർത്ഥ്യവും പോയി അതിന്റെ സ്ഥാനത്തു ഭീരുത വന്നു ജനങ്ങളെ എല്ലാം ബാധിച്ചു. അന്യബാധയുണ്ടാകുമ്പോൾ സഹായിപ്പാൻ സ്വകരം പ്രാകൃതന്മാരായ വിദേശികളെ തങ്ങളുടെ സൈന്യത്തിൽ ചേർക്കേണ്ടിവന്നു. സൈന്യത്തിൽ ചേർന്ന നീചന്മാർ ക്രമേണ തന്നെ റോമകന്മാരായിട്ടുള്ളവരെപ്പോലെ സ്ഥാനമാനാദികളെല്ലാം കൈക്കലാക്കി

* ഇതു ഏകദേശം ക്രിസ്തുവർഷത്തിനോടു അടുത്ത ശതവർഷത്തിലാണ്.

ണു. ഈ നില വന്നപ്പോൾ റോമക്കാരുടെ ആഭിജാത്യവും കുടിയില്ലാതായി. റോമക്കാർ എന്നു പറഞ്ഞാൽ പരിഷ്കൃതന്മാരും പ്രാകൃതന്മാരും, സ്വതന്ത്രന്മാരും, അടിമകളും, റോമിലെ സാമാന്യരും അന്യദേശത്തുനിന്നു വന്നുചേർന്നവരും എല്ലാം കൂടി കലർന്ന ഒരു സങ്കരജാതിയായിത്തീരുകയും ചെയ്തു.

ട്യൂട്ടന്മാരുടെ ആക്രമണത്തിനു മുമ്പുതന്നെ റോമസാമ്രാജ്യത്തിന്റെ സ്ഥിതി ഇപ്രകാരത്തിലായിക്കഴിഞ്ഞിരുന്നു. ഈ ആക്രമം താനേ കഴിഞ്ഞ ത്രാണിയ്ക്കൊന്നും കൂടിക്കൊടുത്തതുപോലെ ത്തന്നെ വീഴുവാൻ തയ്യാറായ റോമപ്രാസാദത്തിന്റെ വീഴ്ചയ്ക്കു സഹായമായിത്തീർന്നതേയുള്ളൂ. ഈ ട്യൂട്ടന്മാർ ഇക്കാലത്തു പ്രധാനികളായിത്തീർന്നപ്പെട്ട വന്ന ഇംഗ്ലീഷുകാർ ഫ്രഞ്ചുകാർ ജർമ്മനിക്കാർ മുതലായവരുടെ പൂർവ്വന്മാരായിരുന്നു. ഇവരെ പരിഷ്കാരസ്ഥിതിയനുസരിച്ചു റോമക്കാരാണിവർ ട്യൂട്ടന്മാരെന്നു പേരിട്ടത്. ഇക്കാലത്തിവർ സ്ഥിരമായ യാതൊരു വാസസ്ഥലവുമില്ലാതെ നായാട്ടുകൊണ്ടോ അല്പപ്രകൃതമായ വല്ല കൃഷികൊണ്ടോ ഉപജീവനം കഴിച്ചുകൊണ്ടു നാടെല്ലാം നടന്നിരുന്ന ഒരുവക നീചന്മാരായിരുന്നു. ഇവരുടെ ബുദ്ധിയ്ക്കു പറയത്തക്ക വികാസമൊന്നും വന്നിട്ടുണ്ടായിരുന്നില്ലെന്നു മാത്രമല്ല, അക്ഷരജ്ഞാനം കൂടി ഈ ജാതിക്കാർക്കുണ്ടായിരുന്നില്ല. മനസ്സിനു മാർദ്ദവം വരുത്തുന്ന യാതൊരു പാഠവും ഇല്ലാതിരുന്നതുകൊണ്ട് ഇവർ ക്രൂരസ്വഭാവന്മാരായ ഒരുവക വലിയ ശൗര്യവും സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. ഇതും എതിരാളികളായ റോമക്കാരുടെ സ്ഥിതിയും കൂടിയപ്പോൾ ഇവർ അവരെ തോല്പിച്ച് അവരുടെ രാജ്യത്തിന്റെ ഒരു ഭാഗം കീഴടക്കുവാൻ ഇടവരുത്തുകയുമുണ്ടായിത്തീർന്നു. റോമാനഗരം ഇവർക്ക് കീഴടങ്ങിയ രാജ്യത്തിൽ പെട്ടുപോയി. ആ നഗരം നമ്മുടെ കാശിപോലെ പഴിപ്പിന്ന കീർത്തിപ്പെട്ട ഒരു സ്ഥലമായിരുന്നു. അതു നീചന്മാരുടെ കയ്യിൽപ്പെട്ടപ്പോൾ വാനരന്റെ കയ്യിൽപ്പെട്ട രത്നം പോലെ ആയി. അപരിഷ്കൃതചിത്തന്മാരായ ഇവർക്ക് അവിടെ നാഗരികന്മാരെപ്പറ്റിയും അവരുടെ നാഗരികതയെപ്പറ്റിയും നിന്ദയാണുണ്ടായത്. അതുകൊണ്ടവർ ആ റോമപരിഷ്കാരം നിലനിർത്തുവാൻ വേണ്ടി യാതൊന്നും ചെയ്തില്ലെന്നു മാത്രമല്ല, തങ്ങളുടെ കൂട്ടരായ റോമക്കാരെയും അഭ്യസിപ്പിക്കാതെ അവരുടെ വിദ്യാലയങ്ങളിൽ പോയി വല്ലതും പഠിക്കുന്നതും കൂടെ നിരോധിക്കുകയും കൂടി ചെയ്തു. ഇതൊട്ടവിൽ ആ പരിഷ്കാരത്തിനു വലിയ ഇടിച്ചിലായിത്തീർന്നു.

ഈ പ്രാചീന പരിഷ്കാരത്തിന്റെ അധഃപതനത്തിനു വേറെ ഒരു കാരണം ക്രിസ്തുമതക്കാരുടെ ആവിർഭാവവും അവരുടെ അത്യുഗ്രമനസ്ഥിതിയും ആയിരുന്നു. റോമസാമ്രാജ്യത്തിന്റെ അന്ത്യദശയും ക്രിസ്തുമതത്തിന്റെ ഉദയവും ഏകദേശം ഒരു കാലത്താണെന്നു പറയാവുന്നതാണ്. പുതുതായി വല്ലതും ഉണ്ടായാൽ അതെല്ലാം നിന്ദിക്കുക എന്ന സമ്പ്രദായം പണ്ടുപണ്ടേ ഉള്ളതാകുന്നു. ഈ സമ്പ്രദായം റോമക്കാർക്കും ധാരാളമുണ്ടായിരുന്നു. ഇവർ പുതുതായുണ്ടായ ക്രിസ്തുമതത്തെയും അതനുസരിച്ചിരുന്ന ജനങ്ങളെയും ആദ്യകാലങ്ങളിൽ കഠിനമായി നിന്ദിക്കുകയും ഉപദ്രവിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടു ക്രിസ്തുമതക്കാർ റോമക്കാരെയും അവരെ സംബന്ധിച്ച സകല പദാർത്ഥത്തിന്റെയും

നേരെ വലിയ വൈരാഗ്യമായി. ഈ വൈരാഗ്യം അവരെ അത്ര വേഗം വിട്ടുപോയില്ല. കാലക്രമംകൊണ്ടു രോമകന്മാർ ക്രിസ്തുമതത്തിന്റെ ഗുണങ്ങളെല്ലാം ബോദ്ധ്യപ്പെട്ടുവന്ന മാത്രമല്ല, രോമകചക്രവർത്തികൾ ആ മതം അംഗീകരിയ്ക്കയും അതു രാജ്യമെല്ലാം പരത്തുവാൻ വളരെയത്നിയ്ക്കയും ചെയ്തു. പിന്നെയും ക്രിസ്തുമതാചാര്യന്മാർക്ക് രോമകന്മാരുടെ നേരെയുള്ള വൈരാഗ്യം തീർന്നില്ല. രോമകന്മാരുടെ പരിഷ്കാരപരിശ്രമവും ശാസ്ത്രങ്ങളും എല്ലാം നിഗ്രഹങ്ങളും ദൈവകല്പിതത്തിനു വിരോധങ്ങളാണെന്നവർ വിശ്വസിച്ചു. അതുകൊണ്ടു ക്രിസ്തുമതപ്രകാരം വൈദിക വൃത്തിയനുഷ്ഠിയ്ക്കുന്നവരാരും രോമകശാസ്ത്രങ്ങളെയും വിദ്യകളെയും അഭ്യസിച്ചുകൂടെന്ന് ആ ആചാര്യന്മാർ തീർച്ചപ്പെടുത്തുകയും ചെയ്തു. അക്കാലത്തു വൈദികന്മാർ മാത്രം വല്ല ശാസ്ത്രാദികളും പഠിച്ചു വരുമായിരുന്നതല്ലാതെ ലൗകികന്മാർ ആവക കാര്യങ്ങളിൽ അത്ര ശ്രദ്ധവെയ്ക്കുക പതിവില്ല. വൈദികന്മാരും ഇപ്രകാരം ആ പഴയ പരിഷ്കാരത്തെ നിരസിച്ചതുകൊണ്ട് അതിന്റെ അധഃപതനത്തിനു കുറെക്കൂടി എളുപ്പമായി.

രോമക ഭാഷയായ വിശേഷപ്പെട്ട ലാറ്റിൻ മൃതഭാഷയായതും അതിൽ നിന്നു പല പ്രാകൃതഭാഷകളുണ്ടായതും ഇക്കാലത്താണ്. ഇതും രോമക പരിഷ്കാരത്തിന്റെ നാശത്തിനു നല്ലായ കാരണമായിട്ടാകുന്നു ഗണിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. ലാറ്റിൻ നമ്മുടെ ഗൈർവ്വാണിയെപ്പോലെ ഒരു സംസ്കൃതഭാഷയായിരുന്നു. ഇതു രോമകന്മാർ വെട്ടിപ്പിടിച്ച രാജ്യങ്ങളിലെല്ലാം ധാരാളം പ്രചരിയ്ക്കുകയും പല ദിക്കുകളിലെയും സ്വഭാഷകളെ തട്ടിനീക്കി അവയുടെ സ്ഥാനം കയ്യേറുകയും ചെയ്തു. ഇങ്ങിനെ അതു പല ജാതിക്കാരുടെയും മാതൃഭാഷയായിത്തീർന്നു. എന്നാൽ അതു സംസാരിച്ചിരുന്ന ജനങ്ങൾ തമ്മിൽ ദേശഭേദംകൊണ്ടു അനേകവിധം പല ഭേദങ്ങളുമുണ്ടായിരുന്നതിനാൽ കാലക്രമേണ ആ ഭാഷയ്ക്കും പല ഭേദങ്ങളും വന്നുകൂടി. ചില ജാതിക്കാരുടെ ഇടയിൽ ലാറ്റിന്റെ സ്വരങ്ങൾ ചിലതെല്ലാം മറിച്ചു വ്യഞ്ജനങ്ങളായിത്തീർന്നു. ചില വ്യഞ്ജനങ്ങൾ സ്വരങ്ങളോടു കൂട്ടായി. ചില ദിക്കുകളിൽ വ്യാകരണങ്ങളെല്ലാം ക്ലിഷ്ടങ്ങളായിച്ചമച്ചു വിട്ടു. സ്വരങ്ങളുടെ ഹ്രസ്വദീർഘങ്ങൾക്കു നല്ല നിയമമില്ലാതായി. ലാറ്റിൻ വിഭക്തിപ്രധാനമായൊരു ഭാഷയായിരുന്നു. ഇവരുടെ മുഖം വഴിയ്ക്കു വരുമ്പോഴേയ്ക്ക് ഈ വിഭക്തികൾ ലോപിച്ചു കാണാതെ ആയിത്തുടങ്ങി. ഈ വക മാറ്റം ഏതുവഴി നമ്മുടെ സംസ്കൃതമായ ഗൈർവ്വാണിയിൽ നിന്നു പലവിധ പ്രാകൃതങ്ങളുണ്ടായതുപോലെ സംസ്കൃതമായ ലാറ്റിനിൽ നിന്നു പലതരം പ്രാകൃതങ്ങളുണ്ടായതിന്റെ കാലംകൊണ്ട് ഈ വക പ്രാകൃതങ്ങളുടെ ഉത്ഭവ ലാറ്റിൻ ഒരു ദിക്കിലും ഇല്ലാതാക്കയും ചെയ്തു. വില പിടിച്ച ഗ്രന്ഥങ്ങളെല്ലാം ശുദ്ധലാറ്റിൻ ഭാഷയിൽ എഴുതപ്പെട്ടവയായിരുന്നതിനാൽ ലാറ്റിൻ ഭാഷയുടെ പ്രചാരം നിന്നപ്പോൾ ആ വക ഗ്രന്ഥങ്ങളുടെയും പ്രചാരം നിലച്ചു. പല ദിക്കിൽ കിടന്നിരുന്ന ഗ്രന്ഥങ്ങളുടെ ഭൂരിഭാഗവും വിവേകഹീനന്മാരായ ലുബ്ധന്മാർ നശിപ്പിച്ചു. ഇന്നത്തെപ്പോൽ അച്ചടിയന്ത്രങ്ങളും മറ്റുമില്ലാത്തതിനാൽ അനേക ഗ്രന്ഥങ്ങളും തന്നെ ചുരുക്കമായിരുന്നു. ഉണ്ടായിരുന്നതു നശിച്ചുപോയ് വന്നപ്പോൾ ആ പ്രാചീന രോമകപരിഷ്കാരത്തിനു നശിയ്ക്കുകയെന്നല്ലാതെ മറ്റ് ഗതിയും ഇല്ലാതായിത്തീരുകയും ചെയ്തു.

മേൽ വിവരിച്ച സംഗതികളെക്കൊണ്ടു പ്രാചീനരോമക്കാരുടെ സംസ്കൃതിയുടെ ശേഷം യൂറോപ്പുഖണ്ഡത്തിൻെറ സ്ഥിതി വളരെ ദയനീയമായിരുന്നു. വല്ല പഠിപ്പും വിദ്യയുമുണ്ടെങ്കിൽ അതെല്ലാം ക്രിസ്ത്യാനിവൈദികന്മാരുടെ കയ്യിലായിരുന്നു. ഇവരുടെ ഇടയിൽ തന്നെ അത്ര താണതരം നിലയിലാണ കിടന്നിരുന്നത്. യാതൊരു ബോധവും നിഷ്കർഷയുമില്ലാതെ വേദത്തിൻെറ വല്ല ഭാഗവും വായിച്ചുപാഠമാക്കുവാൻ സാധിച്ച വൈദികർ വിരളന്മാരായി. ലാററിൻ ഭാഷയിൽ ചില്ലറ വല്ല ഗ്രന്ഥവും എഴുതാനായാൽ അവരുടെ വലിപ്പം പറയാനില്ല. ഭയജനകമായ ലാററിൻ തീരെ അറിയാത്ത വൈദികന്മാർ എല്ലാ ദിക്കിലും സുലഭമായിരുന്നു. വല്ല പ്രസംഗവും വേണ്ടിവന്നാലും അല്പം പഠിച്ച വിദ്വാന്മാരെക്കൊണ്ടു എഴുതിച്ചിട്ടുള്ള വല്ലതുമൊക്കെ പറഞ്ഞുമുള്ളതും എഴുതിച്ചു വാങ്ങി അർത്ഥം തിട്ടമില്ലാതെ വായിച്ചുപാഠമാക്കിക്കൊണ്ടു വന്നു ചൊല്ലുകയാണിവരുടെ പതിവ്. വൈദികന്മാരുടെ നില ഇങ്ങിനെ ആയാൽ ലൌകികന്മാരുടെ നില പറയണമെന്നുണ്ടോ? ആത്മാഭിമാനവും വേണ്ടിയും വേണ്ടാതെയും മററു യുദ്ധങ്ങളിലേർപ്പെടുക ഇവർക്കു യാതൊരു സങ്കോചവുമുണ്ടായിരുന്നില്ല. യുദ്ധം ചെയ്വാൻ സാമർത്ഥ്യവും ധൈര്യവുമുള്ള ചെറുപ്പക്കാർ നാടെല്ലാം പ്രചരിച്ചിട്ടുണ്ടായിരുന്ന ചില നിയമങ്ങളെപ്പററി വാദിപ്പാനുള്ള കോപ്പും ഉണ്ടായിരുന്നാൽ അവർ ലൌകികന്മാരുടെ ഇടയിൽ പ്രധാനനായി. എന്നാൽ വിദ്വാനെന്ന കീർത്തി സമ്പാദിച്ച ലൌകികന്മാർ ചിലരൊക്കെയുണ്ടായിരുന്നില്ലെന്നില്ല. പതിനഞ്ചാം നൂററാണ്ടിൽ ഇവർക്കു വലിയ കോപ്പുണ്ടായിരുന്നില്ലെന്നു തെളിയുന്നു. ഇംഗ്ലണ്ടിലെ രാജാക്കന്മാരിൽ ഒരാളായിരുന്ന ആൽഫ്രെഡ് എന്നാൾ സമകാലീനന്മാരുടെ ഇടയിൽ വിദ്വാനെന്ന പേരുണ്ടായിരുന്ന ഒരു ദേഹമായിരുന്നു. ആദ്ദേഹത്തിന് എത്രയും എളുപ്പമായ ഒരു ലാററിൻ ഗ്രന്ഥത്തിൻെറ ചില ഭാഗങ്ങൾ ഇംഗ്ലീഷിലേക്കു ഭാഷാന്തരം ചെയ്യുന്ന കാര്യം വളരെ ദുസ്സാദ്ധ്യമായിരുന്നുവത്രെ. ഫ്രാൻസിൽ ഒരു പ്രസിദ്ധ രാജാവായ ഷാർലിമെൻ എന്ന ആളുമായിരുന്നു. ഇദ്ദേഹം രാജ്യത്തു പഠിപ്പു വർദ്ധിപ്പിക്കുവാൻ വേണ്ടി വളരെ യത്നം ചെയ്ത ഒരു മഹാനാണ്. വിദ്വാനെന്ന സമകാലീനന്മാരുടെ ഇടയിൽ പ്രസിദ്ധനും ആയിരുന്നു. എന്നാൽ അദ്ദേഹത്തിന് അക്ഷരമെങ്കിലും എഴുതുവാൻ അറിഞ്ഞുകൂടായിരുന്നുവെന്ന് അനന്തരകാലന്മാർ [illegible] കാണുന്നതിനാണ [illegible] എന്ന ആളും പറയുന്നത്.

ഇങ്ങിനെ വിജ്ഞാനസൂര്യൻ അസ്തമിക്കുകയും യൂറോപ്പാസകലം അജ്ഞാനതിമിരം പരന്നുപെട്ടു വ്യാപിക്കുകയും ചെയ്തപ്പോൾ ദുരന്ധവിശ്വാസങ്ങളെന്നു പറയപ്പെടുന്ന കത വക [illegible] ജനങ്ങളെ എല്ലാം ചെന്നു ബാധിപ്പാൻ തുടങ്ങി. ഉദാഹരണമായി ചിലതെടുത്തു കാട്ടാം. ഈ ലോകം മുഴുവൻ നശിക്കുവാൻ പോകുന്നുവെന്നും അതിനു കാലം വളരെ അടുത്തിരിക്കുന്നുവെന്നുമുള്ള വിശ്വാസം ഇവയിലൊന്നായിരുന്നു. അവരുടെ വേദത്തിൻെറ വല്ല ഭാഗവും തെററി വ്യാഖ്യാനിച്ചിട്ടായിരിക്കണം ഇങ്ങിനെ ഒരു വിശ്വാസമുണ്ടായത്. ഉൽപത്തി എന്നതു ക്ലിപ്തമായതു ഈ ഒരു വിശ്വാസം ജനങ്ങൾക്കെല്ലാം ഏററി കാര്യങ്ങളുടെ നേരെ വളരെ വികൃതിയുണ്ടാക്കിത്തീർത്തു. ഇതുകൊണ്ടു പല കാര്യത്തിനും വിഘ്നം നേരിട്ടു. 'മതോ' എന്ന പ്ര

ന്ധിമാനായ ഒരു മഹാരാജാവുണ്ടായിരുന്നു. അദ്ദേഹം ഒരിക്കൽ ഒരു വലിയ സൈന്യം ശേഖരിച്ചു തന്റെ രാജ്യം ആക്രമിച്ചിരുന്ന ഒരു ക്രൂരശത്രുക്കളെ എതിർപ്പാൻ പോകയായിരുന്നു. അതിനിടയിൽ ഒരു സൂര്യഗ്രഹണമുണ്ടായി. അതു കണ്ടപ്പോൾ ഈ ദുർനിമിത്തമായി എന്നു രാജാവും സൈന്യവും ഉറച്ചു. യുദ്ധമെല്ലാം നിഷ്ഫലമെന്നു നിശ്ചയിച്ചു സൈന്യമെല്ലാം ആ ക്ഷണത്തിൽ അവിടെ വെച്ചുതന്നെ പിരിച്ചുവിട്ടുകയും ചെയ്തു. മനുഷ്യർ ഗൂഢമായി വല്ല പാപകർമ്മം ചെയ്കയും അതു സാധാരണ ഉപായങ്ങളെക്കൊണ്ടു തെളിയിപ്പാൻ സാധിക്കാതെ വരികയും ചെയ്താൽ ദൈവസ്ഥലത്തു കൊണ്ടുപോയി പരീക്ഷകളെക്കൊണ്ടു തെളിയിക്കാമെന്നു വെറും ഒരു മൂഢവിശ്വാസമായിരുന്നു. നമ്മുടെ ഇടയിൽ ഈ വക കാര്യങ്ങളിൽ ശുചീന്ദ്രത്തുപോയി കൈ മുക്കുക, ഉപ്രായത്തുകളെപ്പറ്റി നീറ്റിക്കുക, ഇലാസ്സിൽവെച്ചു തൂക്കുക എന്നു മുതലായ പരീക്ഷകൾ ഉണ്ടായിരുന്നതുപോലെ അവർക്കും പലതുമുണ്ടായിരുന്നു. കുററക്കാരനെന്നു സംശയിക്കപ്പെട്ടവനെക്കൊണ്ടു ചുട്ടു പഴുത്തു കിടക്കുന്ന ഇരുമ്പിൻകട്ട കയ്യിൽ പിടിപ്പിക്കുക, അവനെ അതിശീതമായ വെള്ളത്തിൽ പിടിച്ചിടുക, അവനെക്കൊണ്ടു ദൈവത്തിന്റെ പ്രസാദം വെച്ചു ശിക്ഷനായ ഒരു യോദ്ധാവുമായി ദ്വന്ദ്വയുദ്ധം ചെയ്യിക്കുക മുതലായവയായിരുന്നു അവരുടെ പരീക്ഷകൾ. ഈ വക പരീക്ഷകളിൽ സർവ്വജ്ഞനായ ഈശ്വരൻ സത്യമോ അസത്യമോ തെളിയിക്കുന്നവനായിരുന്നു. സകലർക്കും വിശ്വാസമെങ്കിലും ആ ഈശ്വരന്റെ പരിചാരകന്മാരായ പാതിരിമാരുടെ സഹായമുണ്ടെങ്കിൽ ഒരു വലിയ ദുഷ്ടൻ ശിഷ്ടനാകുവാനും പ്രകൃത്യാ ശിഷ്ടനായിട്ടുള്ള ഒരാളവനെ പെട്ടെന്നു ദുഷ്ടനാകുവാനും ഇല്ലെന്നു വരുവാനും വളരെ പ്രയാസമില്ലെന്നും ചുരുക്കം ചിലർ ബോധമുണ്ടായിരുന്നില്ലെന്നില്ല. ഈ ഒടുവിൽ പറഞ്ഞ കൂട്ടർ ഈ വക പരീക്ഷകൾ ഭരണത്തെ ചെയ്യുവാൻ വേണ്ടി വളരെ യത്നം ചെയ്തു. എന്നാൽ ഇവരുടെ ഉപദേശങ്ങൾ കടകല്ലിന്മേൽ വെച്ച വെള്ളം പകർന്നാലത്തെപ്പോലെ ജനങ്ങളുടെ അകത്ത് ഒട്ടും കടക്കുകയുണ്ടായില്ല. അതുപോലെ തന്നെ 'കൊല്ലുകെന്ന ശരീരപരീക്ഷ സത്യമായുണ്ടായിരുന്നപ്പോൾ' എന്നതുള്ള ശ്ലോകത്തിൽ പറയുന്ന സേനാധിപതി, മന്ത്രവാദി, ജ്യോതിഷികൻ എന്നു മുതലായവരുടെ വാക്കുകൊണ്ടു പോകുന്ന വിശ്വാസത്തിൽനിന്നു മനസ്സിനെ കഴിയുന്നവൻ വേണ്ടി യത്നം ചെയ്തിരുന്ന മനസ്വികളുടെ ഉപദേശങ്ങൾക്കു ബലക്കുറവുകൊണ്ടു തീരെ നിഷ്ഫലമായിപ്പോയതേ ഉള്ളൂ. ചുരുക്കിപ്പറയുന്നതായാൽ ആധുനികയൂറോപ്യന്മാർ പലപ്പോഴും ന്യായമായും പരിഹസിപ്പാൻ തീരെ അന്യായമായും ഇന്ത്യക്കാരായ നമ്മുടെ മേൽ ആരോപിക്കുന്ന എല്ലാ മൂഢവിശ്വാസങ്ങളും വിഡ്ഢിത്തരങ്ങളും നമ്മെക്കാൾ ഒട്ടും കുറയാതെ മദ്ധ്യകാലത്തു യൂറോപ്യന്മാർക്കും ഉണ്ടായിരുന്നുവെന്നു പറയേണ്ടു.

അന്നത്തെ വിദ്യാഭ്യാസത്തിന്റെ നില ആലോചിച്ചു നോക്കിയാൽ ഈ സ്ഥിതിയെപ്പററി വളരെ അത്ഭുതപ്പെടുവാൻ ഇല്ലെന്നു ബോദ്ധ്യപ്പെടുന്നതാകുന്നു. അക്കാലത്തു സകല വിദ്യകളും വിദ്യാഭ്യാസവും വൈദികന്മാരുടെ അധീനത്തിലായിരുന്നു എന്നു മുമ്പൊരിക്കൽ പറഞ്ഞുവല്ലോ. അവരുടെ വിദ്യാഭ്യാസരീതിയും ഇന്ത്യ ഇംഗ്ലീഷുകാരുടെ അധീനമായതിന്റെ മുമ്പ് ഇവിടെ ഉണ്ടായിരുന്ന വിദ്യാഭ്യാസരീതി

ങ്ങളിൽ എന്തൊരു സാദൃശ്യം കാണാം. ബ്രാഹ്മണരായിരുന്നുവല്ലോ സകല വിദ്യയുടെയും ഇരിപ്പിടങ്ങൾ. അവർ വേദത്തിൽ പറഞ്ഞിട്ടുള്ള മതവും വർണ്ണാശ്രമധർമ്മങ്ങളും നിലനിർത്തണമെന്നതായിരുന്നുവല്ലോ പരമോദ്ദേശ്യം. അതുപോലെ ക്രിസ്ത്യാനിവൈദികന്മാരും അവരുടെ വേദതത്വവും ആചാരങ്ങളും നിലനിർത്തണമെന്നായിരുന്നു പരമോദ്ദേശ്യം. അതുകൊണ്ട് അവരുടെ പഠിപ്പെല്ലാം ആ ഒരു ഉദ്ദേശ്യത്തിനു കീഴടങ്ങിക്കൊണ്ടായിരുന്നു. ലൗകികസുഖങ്ങളെല്ലാം അസാരങ്ങളും അല്പസുഖപ്രദങ്ങളും ഉപേക്ഷണീയങ്ങളുമാണെന്നും അവയിൽ സമയമെല്ലാം പരിശ്രമിച്ച് കാലക്ഷേപം ചെയ്യാതെ വേണ്ടതു പരലോകചിന്തയാണെന്നും പരമപുരുഷാർത്ഥമായിരിക്കുന്ന മോക്ഷത്തെ സാധിപ്പാനായിരിക്കണമെന്നു വേണം എല്ലാവരും എല്ലായ്പ്പോഴും യത്നം ചെയ്യുക എന്നതാണവർ ജനങ്ങളെ മുഖ്യമായി ധരിപ്പിക്കുവാൻ ഉത്സാഹിച്ചത്. ഈ ഉപദേശം നല്ലവണ്ണം പാലിക്കയും ചെയ്തു എന്നതിനാൽ ആ ഒരായിരം കൊല്ലത്തോളം ജനങ്ങളെല്ലാം ഇഹലോകസുഖങ്ങളിൽ നിന്നു പരാങ്മുഖന്മാരായി പരലോകകാര്യങ്ങളിൽ മാത്രം വലിയ ശ്രദ്ധയുള്ളവരായിരുന്നു. അക്കാലങ്ങളിൽ വെച്ച് ഏറ്റവും പ്രധാനമായുള്ള വേദാന്തശാസ്ത്രമെന്നും മറ്റുള്ള ശാസ്ത്രവും സംബന്ധിച്ചതാണെന്നത്രേ അന്നത്തെ ആളുകളുടെ വിചാരം. ഇന്ദ്രിയവിദ്യാഭ്യാസം വേണമെന്ന വിചാരിക്കുന്നവർ ഏഴ് ശാസ്ത്രങ്ങളാണ് പഠിച്ചു വന്നതായിരുന്നത്. അവ തർക്കം, വ്യാകരണം, അലങ്കാരം, കണക്ക്, ജ്യോതിശ്ശാസ്ത്രം, ക്ഷേത്രഗണിതം, സംഗീതശാസ്ത്രം എന്നിങ്ങനെ ഏഴെണ്ണമായിരുന്നു. ഇതെല്ലാം അവർ വേദാംഗങ്ങളുടെ നിലയിൽ പഠിച്ചിരുന്നു. ഇതിലൊന്നിൽ തർക്കശാസ്ത്രത്തിനു ഒരു അധികം പ്രാധാന്യമുണ്ടായിരുന്നു. അതിൽ തന്നെ വാക്യാർത്ഥവിചാരത്തിനുപകരിക്കുന്ന ഭാഗമാണ് അധികം നിഷ്കർഷിച്ചു പഠിക്കുക. ശേഷം ഭാഗങ്ങളെല്ലാം ഒരു ഉപരിപ്ലവമായിട്ടു നോക്കുക പതിവുള്ളു. എല്ലാ വിഷയ യഥാർത്ഥങ്ങളാന്വേഷിക്കുന്നതിനും പൂർവ്വാചാര്യന്മാരായ അന്നത്തെ ആചാര്യന്മാർ അവരുടെ വിലവെച്ചിട്ടുണ്ടായിരുന്നില്ല. സ്വതന്ത്രമായി പരീക്ഷിച്ചു തത്വങ്ങൾ കണ്ടുപിടിക്കുന്ന സമ്പ്രദായം അക്കാലത്തു തീരെ ഇല്ലായിരുന്നു. എല്ലാ കാര്യത്തിലും പൂർവ്വന്മാരുടെ അഭിപ്രായം തന്നെ പ്രമാണം. അരിസ്റ്റോട്ടിലും ബൈബിളുമേ പ്രമാണം വേദവും ആയിരുന്നു. അവയിൽ പറഞ്ഞതെല്ലാം കണ്ണടച്ചു വിശ്വസിക്കും. അവയിലില്ലാത്തതൊന്നും എത്ര തന്നെ തെളിവുണ്ടായാലും വിശ്വസിക്കയില്ല. ഇങ്ങിനെ ഒരു ഗതാനുഗതികത്വത്തെ നാമെല്ലാം പറഞ്ഞുവരുന്നതായി. ഗതാനുഗതികത്വത്തെപ്പോലെ മനുഷ്യരുടെ ബുദ്ധിവികാസം നശിപ്പിക്കുന്ന കാര്യത്തിൽ സാമർത്ഥ്യമുള്ളതായിട്ട് മറ്റൊരു ദോഷവുമില്ല. ബുദ്ധിവികാസമില്ലാതായാൽ പിന്നെ അഭിവൃദ്ധിയെന്നുള്ളത് ഉണ്ടാകുവാൻ പ്രയാസവുമാകുന്നു. ഈ സർവ്വവ്യാപിയായ ഗതാനുഗതികത്വവും മനോഗതിയ്ക്കു സ്വാതന്ത്ര്യമില്ലായ്മയുമാണ് അക്കാലത്തു യൂറോപ്പിൽ കണ്ടിരുന്ന എല്ലാ അധോഗതിക്കും മുഖ്യമായ കാരണം. ഇതിനൊത്ത ഗതാനുഗതികത്വവും മനോഗതിക്കുള്ള ബന്ധനവും ഇന്ത്യക്കാരായ നമ്മുടെ ഇടയിൽ എത്ര കാര്യങ്ങളിലാണ് സ്പഷ്ടമായി ഇപ്പോഴും കാണപ്പെടുന്നത്! ഇ

തിൽനിന്നു നമുക്കു എന്നാണൊരു മോചനം വരിക? ഇതിൽ നിന്നു മോചനം വന്നില്ലെങ്കിൽ അമിതൃപ്തിയെന്നുള്ളതുണ്ടായിരുന്നതെന്താവുക?

ക്രൂരവിശ്വാസങ്ങളും വിവേകശക്തിയും സാധാരണമായി കലർന്നിട്ടില്ലാത്ത ചരിത്രമല്ല. ധർമ്മാധർമ്മവിവേചനം വിവേകശക്തിയുള്ള ദിക്കിലേ കാണപ്പെടുകയുള്ളൂ. അതിനെ ഇവിടെ മുൻപറഞ്ഞ പ്രകാരം ക്രൂരവിശ്വാസങ്ങൾ ധാരാളമുണ്ടായിരുന്ന മദ്ധ്യകാലത്തു യൂറോപ്പുരാജ്യക്കാരുടെ ഇടയിൽ ധർമ്മാധർമ്മങ്ങളുടെ നല്ല നിശ്ചയമുണ്ടായിരിക്കാൻ തരമില്ലെന്നു ഊഹിക്കുവാൻ വലിയ പ്രയാസമില്ലല്ലൊ. വാസ്തവം ഇങ്ങിനെതന്നെയായിരുന്നു എന്നു ചരിത്രം തെളിയിക്കയും ചെയ്യുന്നുണ്ട്. മറ്റുള്ളകാര്യങ്ങളെല്ലാം വിട്ടു ദൈവത്തെത്തന്നെ ധ്യാനിച്ചുകൊണ്ടാണിരിക്കുന്നതെന്ന് അഭിമാനിച്ചിരുന്ന സന്യാസികൾ അന്നന്നത്തെ ഉദരപൂരണത്തിൽ മാത്രം ശ്രദ്ധ വെച്ചുകൊണ്ടിരുന്ന കൂലിക്കാരെപ്പോലെ സകലജനങ്ങളുടെയും ഇടയിൽ അവരവർക്കുള്ള അധർമ്മം ധാരാളം കണ്ടുവന്നിരുന്നു. സന്യാസിമാരുടെ അക്കാലത്തു യൂറോപ്പിലെല്ലാം കണ്ടുവന്നിരുന്ന മഠപ്പുരകളാണ്. അവയിൽ പുരുഷന്മാരും സ്ത്രീകളും ഒരുപോലെ സന്യസിച്ചു സഹവാസമായിരിക്കുക പതിവുണ്ട്. എന്നാൽ അക്കൂട്ടത്തിൽ ലൗകികസുഖങ്ങളുടെ നേരെ വൈരാഗ്യം വരുവാൻ തരം വരാത്ത യുവാക്കന്മാരും യുവതികളും സന്യസിച്ചിരിക്ക പതിവായിരുന്നതിനാൽ ആ വക സന്യാസിമഠങ്ങൾ അമിതവ്യഭിചാരം, അഗമ്യഗമനം മുതലായ അകൃത്യകർമ്മങ്ങളുടെ വിളനിലങ്ങളായിരുന്നു. പിന്നെ ലൗകികന്മാരുടെ കഥ പറയുവാനുണ്ടോ? അവരുടെ ഇടയിൽ കക്കുക, കവരുക, കള്ളസത്യം ചെയ്യുക, സാധുക്കളെ ഹിംസിക്കുക, സ്ത്രീകളെ ബലാൽക്കാരേണ അവമാനിക്കുക, ഈ വകയെല്ലാം ധാരാളമായിരുന്നു. അന്നു ജനങ്ങൾക്കു ഇന്നത്തെക്കാൾ ഈശ്വരഭയമുണ്ടായിരുന്നു. അവരുടെ ആ ഭയം വേണ്ടവഴിക്കു തിരിച്ചിരുന്നാൽ ഈ വക ദുഷ്കർമ്മങ്ങൾ കുറയുമായിരുന്നു. എന്നാൽ പാതിരിമാർ അതിനെ ഗൗനിച്ചില്ല. വഴിപാടുകളെക്കൊണ്ടും പ്രായശ്ചിത്തങ്ങളെക്കൊണ്ടും പാപനിവൃത്തിവരുമെന്നു അവർ ജനങ്ങളെ വിശ്വസിപ്പിച്ചു. ഒരു മഹാപാപി ഒരു പള്ളിയിൽ ചെന്നു വലിയ ഒരു വഴിപാട്ടിനുണ്ടാക്കിയ ദ്രവ്യത്തിന്റെ പകുതിയോളം വല്ല ക്ഷേത്രത്തിലും വഴിപാടു ചെയ്താൽ അവന്റെ പാപങ്ങളെല്ലാം പോയിപ്പോകുമെന്ന വിശ്വാസമുണ്ടായിരുന്നു. വല്ല പ്രഭുവും വല്ല സ്ത്രീകളെയും പിടിച്ചു പാതിവ്രത്യഭംഗം വരുത്തുകയോ വല്ല സാധുക്കളെയും ഹിംസിക്കയോ ചെയ്താൽ അതിനു പ്രായശ്ചിത്തമായി പാതിരിമാർക്കു സമ്പ്രദായത്തെ തന്നെ വിധിച്ചുപോന്നു എന്നുവരാം. ദൈവികമായ ഭയമൊന്നിരുന്നാൽ ഇത്ര വലിയ ചിലവും ബുദ്ധിമുട്ടും കൂടാതെ കഴിച്ചുവാൻ വേണ്ടി ഭാരതീയരെ ചിലവാകുന്ന ദ്രവ്യത്തിൽ പകുതി ഒരു ക്രൂരമായി താൽക്കാലം ഒന്നാമതി കക്കിച്ചു സമ്പത്തെല്ലാം കൊള്ളടുക്കയായിട്ടും പതിവുണ്ട്. ഇങ്ങിനെ വഴിപാടുകളെക്കൊണ്ടും പ്രായശ്ചിത്തങ്ങളെക്കൊണ്ടും പാപത്തിനു പ്രതിവിധിയുണ്ടാകുന്ന വാദപ്പാട് അധർമ്മവൃദ്ധിക്കു കാരണമായിത്തീരുകയാണുണ്ടായത്. പാപികൾക്കു ദൈവശിക്ഷയിൽ നിന്നുതന്നെ ഒഴിയുവാൻ മാർഗ്ഗമുണ്ടെന്നു വന്നാൽ അതിനാവശ്യമില്ലാത്ത ഭക്തിയെന്ത? രാജശിക്ഷയിൽ നിന്നു ഏതുവിധത്തിലും ഒഴിയുവാൻ വഴിയുള്ള വിധത്തിലും കഴിയുവാൻ വഴിയുള്ള ആൾക്കാരായ അവർക്ക് മറ്റു തന്നെ പേടിയില്ല

ഷിപ്പായി. യൂറോപ്പ് ആകപ്പാടെ നാകളത്തു കൃഷ്ടുക്കളിവർ കയ്യേറ്റക്കാരൻ എന്ന നിലയിലായിത്തീൎന്നു എന്നു പറഞ്ഞാൽ മതിയല്ലൊ.

നാട്ടിൽ അവനവനു താനിക്കിട എന്നുള്ള ഈ മത്സ്യന്യായം മേൽ പറഞ്ഞപ്രകാരം പലതരം നടപ്പായതുപ്രകാരം സാധുക്കൾക്ക കഴിഞ്ഞുകൂടുവാൻ വയ്യാതായിത്തീൎന്നു. സാധുക്കൾക്ക ഇരിപ്പുറപ്പാതായില്ലാതായാൽ പിന്നത്തെ പലരം കൃഷികൃഷ്യാദിം മുതലായതിന്നു നാശമാകുന്നു. ഇവയെല്ലാം അങ്ങിനെ താണസ്ഥിതിയിലായിരുന്നു. കൃഷി പഠിപ്പുള്ളവർക്കു എന്നു പറഞ്ഞാൽ കാടു നീക്കംചെയ്തു പുതിയതായി കൃഷിസ്ഥലങ്ങളുണ്ടാക്കുക, ഉള്ള കൃഷിസ്ഥലങ്ങളിൽ വളം മുതലായതു നിശ്ചയിച്ചു ചേൎത്ത് അവയെ നന്നാക്കിപ്പിക്കുക എന്നിവയാണല്ലൊ. ഇതിൽ ആദ്യം പറഞ്ഞതിന്നു അന്നത്തെ സമയം തരമുണ്ടായിരുന്നില്ല. ഉള്ള കാടുകളെല്ലാം രാജാക്കന്മാൎക്കും നാടുവാഴികൾക്കും വേട്ടയാടുന്നതിന്നുവേണ്ടി വളൎത്തു കാടുകളാക്കിനിൎത്തുകയായിരുന്നു പതിവു. ആ കാടുകൾ നാശപ്പെടുകയില്ലെന്നാക്കിപ്പിക്കയോ അതിലുള്ള മൃഗങ്ങളെ വല്ലതിനേയും കൊല്ലുകയോ ചെയ്താൽ സാധുക്കളായ ഇവർക്ക് ശിക്ഷപ്പെട്ടതായി, ഇതിന്നൊക്കെ ഉള്ള കാടുസംബന്ധമായ നിയമങ്ങളെക്കൊണ്ടു കാടു നീക്കംചെയ്യുവാൻ നിവൃത്തിയില്ലാതായി എന്നു മാത്രമല്ല കാട്ടുമൃഗങ്ങളുടെ ഉപദ്രവംകൊണ്ട് ഉള്ള കൃഷിക്ക വലിയ നാശം വരികയും ചെയ്തു. ഉള്ള കൃഷി നന്നാക്കുക എന്നതിന്നു ദ്രവ്യം ധാരാളംവേണം. അതന്നു വളരെ കുറവായിരുന്നു. കൃഷി ഉടമസ്ഥന്മാർ അടിമകളെക്കൊണ്ടു പണിയെടുപ്പിക്കയാണ പതിവു. ഇവരെക്കൊണ്ടു ശ്രദ്ധിച്ചു പ്രവൃത്തിയെടുപ്പിക്ക എന്നല്ലാതെ സന്തോഷം വരുത്തി പ്രവൃത്തി നടത്തിക്കുക എന്ന സമ്പ്രദായം അന്നു നടപ്പുണ്ടായിരുന്നതുമില്ല. അതിന്റെ ഫലമായി കൃഷിയുടെ നിശ്ചയം വളരെത്താണുപോകയും നിലങ്ങളിൽനിന്നുള്ള ആദായങ്ങളും കൊല്ലംതോറും കുറഞ്ഞുവരികയുമാണുണ്ടായതു.

കച്ചവടത്തിന്റെ നില ഇതിലും പരമാവധിയായിരുന്നു. ഓരോരുത്തൎക്കു വേണ്ട ഉള്ള സാധനങ്ങൾ വേണ്ടുന്ന പദാൎത്ഥങ്ങൾ അവിടവിടെ തന്നെ ഉണ്ടാക്കുക എന്നല്ലാതെ അന്യരാജ്യങ്ങളിൽനിന്നു വരുത്തുക എന്ന സമ്പ്രദായം അന്നു ധാരാളമില്ലായിരുന്നു. അന്നത്തെ ജനങ്ങളുടെ ആവശ്യങ്ങളും വളരെ ചുരുങ്ങിയവയായിരുന്നതിനാൽ അതു നന്നു സുകരവുമായിരുന്നു. ഒരേകത്ത് ഒരു രാജ്യത്തുനിന്നു മറ്റൊരു രാജ്യത്തിലേക്ക സാമാനങ്ങൾകൊണ്ടു പോകണമെങ്കിൽ അതിന്നു വളരെ അസൗകൎയ്യങ്ങളും വിഘ്നങ്ങളും ഉണ്ടായിരുന്നു. കരുരാജ്യത്തുപോയി പലതരം ഉപകരണവുമായി വാങ്ങിക്കൊണ്ടു വരുവാൻ അക്ക പണമുള്ളവർ തന്നെ അന്നു ചുരുക്കമാണ്. ഉള്ളവർ വേണ്ടുന്ന ധൈൎയ്യമുള്ളില്ല. അക്കാലത്ത് ഇന്നത്തെപ്പോലെ ധാരാളം പെരുവഴികളുണ്ടായിരുന്നില്ല. ഉള്ളവയിൽക്കൂടി യാത്ര ചെയ്യുമ്പോൾ കവൎച്ചക്കാരുടെ ഉപദ്രവം സഹിപ്പാൻ വയ്യാ. സാമാനങ്ങൾ വളരെ പൊറുക്കമെന്നു തീൎച്ച. പ്രാണൻ കിട്ടിയ കാൎയ്യം സംശയം. എങ്കിലും നന്നെ ബുദ്ധിമുട്ടിയാൽ ഇതെല്ലാം കഴിഞ്ഞുപോരാം. കഴിയുവാൻ പാടില്ലാത്ത വേറെ ചില ഉപദ്രവങ്ങളുണ്ട്. ഒരു പട്ടണത്തിൽനിന്നു മറ്റൊരു പട്ടണത്തിലെത്തേണമെങ്കിൽ അസംഖ്യം നാടുവാഴികളുടെ നാടുകളിൽക്കൂടി പോകേണ്ടി വരും. അതാതത്തുകളിൽ കടക്കണമെങ്കിൽ

അതാതു നാടുവാഴികൾക്കു കപ്പം പലം കൊടുക്കണം. ഇതു ന്യായവിരോധമല്ലായ്കയാൽ ഇതിൽനിന്നൊഴിവുപാൻ കപ്പലുടമകൾ യാതൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല. ചുങ്കംകൊണ്ടു മാത്രം തൃപ്തിയാകാത്ത ചില നാടുവാഴികൾ അധികാരമുള്ളതു തങ്ങൾ നാട്ടിൽ കുടിപ്പാർക്കുന്ന കപ്പൽക്കാരുടെ സാമാനങ്ങളും പിടിച്ചു പാർക്കയും അവരെത്തന്നെ ബന്ധനത്തിൽ വെയ്ക്കുകയും പതിവുണ്ട്. സ്വാതന്ത്ര്യം കിട്ടിയാൽ കൊള്ളാമെന്നാഗ്രഹിക്കുന്ന കപ്പലുടമകൾ അതിനു പ്രതിഫലമായി പണം കൊടുത്തുകൊള്ളുക എന്നേ നിവൃത്തിയുള്ളൂ. ഈ വക വിഘ്നങ്ങളെക്കൊണ്ടു കരവഴിക്കുള്ള കച്ചവടത്തിനു വളരുവാൻ മാർഗ്ഗമുണ്ടായിരുന്നില്ല. കടൽമാർഗ്ഗമായുള്ള കച്ചവടത്തിനും കവർച്ചക്കാരിൽനിന്നുള്ള ഉപദ്രവങ്ങളും മറ്റു പല വിഘ്നങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ട് അതും വളരെ താണ സ്ഥിതിയിലായിരുന്നു. ഇങ്ങിനെ കൃഷിയും കച്ചവടവും ക്ഷയിച്ചതോടു കൂടിയപ്പോൾ യൂറോപ്പുഖണ്ഡം മുഴുവൻ വലിയ ദാരിദ്ര്യസമുദ്രത്തിൽ വീണുഴലുക എന്നുള്ള ദിക്കായ്വരുകയും ചെയ്തു.

ഇപ്രകാരം അജ്ഞാനം, ദുർവിശ്വാസം, ധർമ്മാധർമ്മവിവേകമില്ലായ്മ, നീതിന്യായങ്ങളുടെ അഭാവം, ദുർഭരണം, ദാരിദ്ര്യം, ഇതുകളായിരുന്നു മദ്ധ്യകാലത്തു യൂറോപ്പുരാജ്യത്തിന്റെ സ്വഭാവം. ഇവയിൽ മുമ്പേ മുമ്പേ പറഞ്ഞതു് പിന്നെപ്പിന്നെപ്പറഞ്ഞതിന്റെ കാരണമായിരുന്നു എങ്കിലും ഇവയെല്ലാറ്റിനും കാരണം ജനങ്ങളുടെ ഗതാനുഗതികത്വവും മനോഗതിക്കു സ്വാതന്ത്ര്യമില്ലായ്മയുമായിരുന്നു. എന്നാൽ ഈ മദ്ധ്യകാലത്തിന്റെ അവസാനമായപ്പോഴു് ഈ രാജ്യക്കാരുടെ സമ്പ്രദായമെല്ലാന്നേ പകർന്നു വശമായി. അതുവരെയും ഉണ്ടായിരുന്ന ദോഷങ്ങളെല്ലാം ഇല്ലാതായി അവയുടെ സ്ഥാനത്തു അതാതിന്റെ വിപരീതങ്ങളായ കാര്യങ്ങളായിത്തുടങ്ങി. യൂറോപ്പിനു ഒരു പുനർജ്ജന്മം വന്നു എന്നു പറയേണ്ട നിലയിലാവുകയും ചെയ്തു. ഇതെങ്ങിനെയാണുണ്ടായതെന്നു് ഇനിയത്തെ ലക്കത്തിൽ വിവരിച്ചുകൊള്ളാം.

കെ. സി. വീരരായൻ രാജാ

അകവൂർ ചാത്തൻ

മറയോർ തൊട്ടു ചണ്ഡാലൻ
വരെയും പല ജാതിയിൽ
പറയുന്നൊരു പന്തിരെ-
പ്രഖ്യാപ്പെട്ട കൊരാതാൻ. ൧

അകവൂർ ചാത്തനെന്നാഖ്യൻ
മഹാഭാഗനാം ചാത്തൻ
പുകൾപെറ്റവരാമെഴുപേരിൽ.
അതികാമ്യനൊരാളതിൽ.

ചോദിയാതൊന്നാൽ ശൗര്യമാം
ശീലിയാതെതാൻ രീതിയൊന്ന
വാലിയക്കാരനായ് ബുദ്ധി-
ശാലിയായാരം വസിച്ചു പോൽ. ൨

നാവനീതമ്മ സേവിക്ക-
മേവനീശമഹാപ്രഭാവൻ
ഉടനെ കീർത്തി ചീർത്തുള്ളോൻ
ഭവനെന്നേവ ചൊല്ലുവാൻ. ൪

അപ്രമേയഗുണം ചേരും
വിപ്രമന്ത്രപ്രവൃത്തികൾ
അപ്രമാണി ചിലതെല്ലാ-
മപ്രമോദാൽ നടത്തിനാൻ. ൫

ബ്രാഹ്മണോത്തമനും കണ്ടു-
ത്തമനദ്വിജനേകരാം
ഒരു നല്ലാവു ചേരുമ്പോ-
ളൊരു നല്ലാശമെന്തിനാം. ൬

കാണിക്കുന്നതൽ കേട്ടതി-
ങ്ങാനന്ദമേകുമൊരമ്മി
മാണിക്യമകുടമാം മാല-
മാണന്നം പോലെയുള്ളവ. ൭

മുടിയും മെയ്യുമൊട്ടൊന്നാ
മുടിയും മുപ്പരിയും
പൊടിയും കണ്ടവൻ നിന്നാ
പടിമേ നിന്നിതന്ധനായ്. ൮

'അമ്പുരാൻ തിരുമേനിയോ'യെന്നായി
തൻപുരത്തുള്ള ബാലകർ
പിമ്പു മാഴ്കിയൊന്നെൻ
അമ്പരപ്പിച്ചു തിരിച്ചുതേ. ൯

തിങ്ങുന്ന ഭക്തിയാലൊന്നെ
കണ്ടറിഞ്ഞാതെ മന്ദനൻ
വേണ്ടുന്ന ദക്ഷിണയും
വീണ്ടുമൊപ്പിച്ചു വിപ്രനിൽ. ൧൦

അതൊന്നാപത്തിൽ കാമ-
വിരക്തരായുള്ളിലാഗ്രഹം
ചെയ്തതൊക്കെയും ദ്വിജൻ
പുത്രനായ്ത്തീർന്നതേ. ൧൧

കുറ്റപ്പെട്ടു ദ്വിജൻ പേരും-
മുറ്റം ധ്യാനിക്കവേ ശിവൻ
തുഷ്ടനായോനാമീശൻ
പുഷ്ടനാമീശനായിതേ. ൧൨

ആകത്തുള്ളവരെത്തിരെ
യാകത്തിലായ നീചരാം
ആകത്തുള്ള വല്ലാത്തോരാം-
ഗ്രഹങ്ങൾ മാറ്റിനാൻ ദ്വിജൻ. ൧൩

പാപമതി വിചാരത്തിൻ
വേർ പറിപ്പാൻ കഴിയുമോൻ
വേർ പരം പാരിൽ നട്ടുള്ളോൻ
താപമകറ്റിത്തളർന്നതേ. ൧൪

സ്നാനം പാപമറും തീർത്ഥ-
സ്നാനമെന്നെന്ന വൈദികൻ
ജ്ഞാനമേറുന്നതിലയാത്രി-
യാനവൻ പോയതിന്നടൻ. ൧൫

ചിത്ത ഭക്തിയോടും ഭൃത്യൻ
ചാത്തനൊത്തു നടന്നവൻ
തീർത്ഥങ്ങളാടിനാൻ പാപ-
മൊത്തകന്നെഷണാകുലൻ. ൧൬

മടങ്ങിടാതെ ശുശ്രൂഷ-
യ്ക്കുടനെത്തുന്ന ചാത്തനെ
എത്രയുമാദരാൽ കല്ലെറു-
കൂടത്തുള്ള പുറപ്പെട്ടതേ. ൧൭

നിത്യം ഭക്തിയോടും പാപം
നീങ്ങുന്നതിന്ന് ഭൂസുരൻ
മുങ്ങും തീർത്ഥങ്ങളിൽ ചാത്ത-
നൊന്നും മുങ്ങി ചുറ്റുമേ. ൧൮

പല തീർത്ഥങ്ങളാടിപ്പോർ
പുലരും പൃഥിവീസുരൻ
നിലയാനന്ദമാർന്നാൽ വീണ്ടും
നിലയത്തിങ്കലെത്തിനാൻ. ൧൯

ശ്രുതാചാരങ്ങളാം വിഴ്പിടാ-
തതാതം ചെയ്യുന്ന ദ്വിജൻ
ഹതാശനായി താഴെന്ന
ഗതാഗ്മത കലർന്നതേ. ൨൦

തീർത്ഥസ്നാനത്തിനാൽ ശുദ്ധി-
ചീർത്ത നല്ല ചരണ്ണത
ചാത്തനെ കഴിസ്സായി-
ട്ടാത്തമോദം നടക്കിനാൻ, ൨൧

വെട്ടാതെയായി വിട്ടുമ്പിട്ടും
ക്ഷുദ്രനാമഖിലോത്തമൻ
കുട്ടൻ വസ്ത്രതെ കണ്ണും
കെട്ടൂമ്മണ്ട കണ്ടുത്തെ. ൨൨

പതിവിൻപടി ചാത്തൻ ത-
ന്നതിനാല്യ വെച്ച ഞൊറിത്
ചതിയില്ലവനെന്നായി
മതിനേർമുഖി ചൊല്ലിനാൾ. ൨൩

ചിത്തതാരെത്തു കുട്ടനെ
ചൊത്തതോടെ ഗുരുവരൻ
ചീർത്ത കോപേന ചോദിച്ചു-
പ്പാഞ്ഞെറിഞ്ഞിനെ ചൊല്ലിനാൻ: ൨൪

'തീർത്ഥസ്നാനത്തിനാൽ മോക്ഷം
തീർന്നതെന്നായി ചൊല്ലുമേ
ചെത്തതന്നതിലക്കുട്ടൻ
ചിത്തമാവുന്നതെങ്ങനെ? ൨൫

കരിയെന്നു മയാൻ മോഹ
മുതിരാൻ മൃഗതൃഷ്ണയിൽ
അതിയൻ മുങ്ങിനാൻ വേണ്ടും
പടിയെങ്ങും ചുരണ്ണതേ. ൨൬

തിരമോനിക്കയോ തീർന്നു
തരമംബുക്കളൊന്നിനാം
വിയതില്ല ചുരണ്ണക-
ളുള്ളാരു മോഹമെഴിച്ചുവാൻ? ൨൭

മാറിയതായതി വന്നവ-
മാറിത്തുള്ളിർകളൊന്നമേ
മാറിത്തൊഴുതിയായകളു
മാറി ഞാനല്ലിതിനാമോ?' ൨൮

ഇതികലിനാവൻ ചൊല്ലി
മതിമാനാമഹീസുരൻ
നതിനഞ്ഞ മനമാതാർത്ത-
നാതിക്കേട്ടിത്തമാർന്നതേ. ൨൯

കട്ടക്കം മാലൊടും ചൊന്നാ-
നൊട്ടക്കം ചാത്തനോടവൻ
മിടുക്കൻ ചാത്ത! കേൾ ശാസ്ത്ര-
പ്പടക്കളിലൊരാളെ നീ, ൩൦

നീ താൻ പ്രമാണമിനി ഞാൻ
ചെയ്യപ്പാപം നശിപ്പവാൻ
എന്താണ് വഴിയെന്നായ്നീ-
യോതണമിന്നൊരാഗ്രഹം. ൩൧

ചാത്തൻ ചൊന്നാൻ മൊഴിയൊ-
ഴ്ശിത്തമായുള്ള ചിന്തയാൽ
ചീർത്തപാപം നശിച്ചില്ലി-
തീർത്ഥസ്നാനത്തിനാൽ ഗുരോ. ൩൨

പാവനമാംഭാവം ഞാൻ
മായമേനിരന്നായ!
മായും നൂനമിപ്പാപ-
മായതറ്റു ചെയ്കിൽ ൩൩

ദേഹകാന്തികളുൽക്കട-
മോഹം ചേർത്ത നിശ്ചയം
ലോകത്തിൽ വാഴുന്നാം ദേവ-
വാഹനിൽ ചുറ്റുടങ്ങണം. ൩൪

പത്ത നന്ന പഴിപ്പില്ല-
ഒട്ട് മിന്നുന്ന വിഗ്രഹം
നാട്ടുകാർ കാണവേ ഞാ-
വിട്ട താൻ തഴുകീടണം. ൩൫

ചാതകം പാതകമെല്ലാമി-
ല്ലാറയും പോലെ ചെയ്യുകിൽ
താരാരെന്ന ഭേദമാം
മുറയിലിനിയാണിതിൽ. ൩൬

നേർവഴിക്കു വന്നൊതിട്ട-
മൊരുത്തുള്ളാതവാക്കുകൾ
വാക്കിനും പെടാത്താപ്പ-
ദേവൻ കേട്ടുവരോതിനാൻ: ൩൭

'നായ താൻ ചാത്താ! ഭൂകതിക്ക
ചേതമിന്നിതു നിസ്സാരം
ഓതലേയാളിതാർ പാപം
തീരുമാറായ കൗശലം. ൩൮

തീർപ്പാൻ പോകുന്ന പാപം തീർ-
ത്തീർപ്പാൻ കാണും പടിയ്ക്കു ഞാൻ
ഏർപ്പാടു ചെയ്യുതിൽ നൂതി-
യിപ്പാടിനോ ശരിക്ക നീ.' ൩൯

എന്ന വിപ്രസുതനൊത്തുമ്പോൾ
നന്ന നാന്നന ചാത്തനും
ചൊന്ന ചെയ്യാനതിനപ്പു-
ഴോന്നമേ കാലവന്നിലേ. ൪൦

കണ്ണുന തീയ്യിനേക്കാൾ ചൂ-
ടൊത്തുള്ള ലോഹവിഗ്രഹം
എത്തുന്ന നാട്ടുകാർ കാലാ-
ലൊത്തുതിന്നത്ര ചാത്തുതേ. ൪൧

ഭീഷ്മനാം ബ്രഹ്മണസംഗം
നശമൊലിള പുൽകിയാൽ
ഉണ്ണർ താൻ ചാത്തുനിക്കാറ്റും
കുണ്ഠനായി നാട്ടുകാർ. ൪൨

ഭേവൻ ചാതം പൂരി വിശാലകൻ
ആൻ ചാതപ്പോൾ ഉപേക്ഷടൻ
പറഞ്ഞാനോർ മൊഴിപ്പാവ
നഞ്ഞാലത്തെത്തി വിപ്രനും. ൪൩

കൂട്ടുപോലൊട്ടാരെക്കുതാൻ
കേട്ടപ്പൊഴിലയാത്തതൻ
നാട്ടുകാരെല്ലാമപ്പാവ-
യോട്ടു ചേരാനൊതുക്കിനാൻ. ൪൪

മാതിട്ടുവാസം ചെയ്തീ-
ടുമന്നാന്ന കൂടിയാൽ
പെണ്ണാരെയാപ്പ പൊതിയ്യ
പുരു താപാലുരച്ചുതേ- ൪൫

നാട്ടാർ ചെയ്യും തടസ്ഥാനത്ത
കൂട്ടാക്കാതെ ധരാസുരൻ
ചുട്ടാലും പാവ പുൽകാൻ താൻ
വിട്ടാലൽപ്പനാട്ടുണ്ണുതേ. ൪൬

തൊട്ടു തൊട്ടില്ലയെന്നുള്ള
മട്ടു പോയ് ചേർന്ന വിപ്രനെ
ത്തട്ടും തെമ്പാലിട്ടുക-
ഴിട്ടു ചാത്തൻ തടുത്തുതേ. ൪൭

മതി, പുൽകേണ്ട, പുൽകില്ല,
മതിയേർപ്പെതെന്നു പോകാൻ
കൊതിയോന്നതിനില്ലിക്ക-
മതിയെന്നോതിനാനവൻ. ൪൮

മതി ചെയ്തുള്ള തൊഴിനു
മതി ശിക്ഷയിതിങ്ങനെ
മതി തീർന്നു വേൽ പാപ-
മിതിനാലെന്നു മോതിനാൻ. ൪൯

നല്പാരിലാരെന്നാതകൊതിട്ടിതുശിക്ഷയേന്നു.
നൊപ്പുവതാംതരില്ലവേദനാപാനമതില്ല
നല്പാവഴിപ്പുനകുള്ളുകയില്ലചാത്ത.
നല്പാതതരാതവനെന്നാവതോർപ്പതില്ല.

——○○——

അന്യം നിന്നു

മേടമാസത്തിലെ കറുത്ത വാവ്. നേരം നട്ടപ്പാതിര. പുറവും കൽക്കരി കോരിവാരിയിട്ട പോലെ കൂരിരുട്ടുമയം. ഏകദേശം ൨൦൦ കൊല്ലത്തെ പഴക്കമുള്ള ഒരു നാലുകെട്ടുപുരയിൽ വടക്കിനിയുടെ ചവിട്ടുപടിയിൽ അങ്ങുമിങ്ങും പാത്തു നടന്ന് എലികളെ പിടിപ്പാൻ തക്കം നോക്കുന്ന 'പൂശക്'ന്റെ കണ്ണു രണ്ടും കനൽക്കട്ട പോലെ ജ്വലിക്കുന്നു. നടുമുറ്റത്തിന്റെ കിഴക്കെ വശത്തായിട്ട് ഒരു കിടക്കയിൽ ഒരു പെൺകുട്ടി കിടന്നിരുന്നു. ൧൬ വയസ്സു പ്രായമായിട്ടുണ്ട്. നല്ല വെളുത്ത നിറമാണെങ്കിലും ദേഹമാസകലം ഒരു നീലച്ഛായ കേറിയിരിക്കുന്നു. കൃശാംഗിയായ ഈ സാധു ഉരുണ്ടും പിരണ്ടും, ഞരങ്ങിയും മൂളിയും, തലയും ചൊറിഞ്ഞും കിടന്നു തെളയുന്നു. ഒരു ചങ്ങലവട്ട മാത്രം മുനിഞ്ഞുകത്തുന്നുണ്ട്. ഒരു വൃദ്ധ കൈകൊണ്ടു മാറി താങ്ങി തലോടിക്കൊണ്ടിരിക്കുന്നു. അപ്പോഴേക്കും, അമ്മയപ്പിട്ടെന്നപോലെ ഉദ്ദേശം നാൽപതു വയസ്സു പ്രായമുള്ള ഒരാൾ അവിടെയ്ക്കു വന്നു. എത്തിച്ചേർന്നപ്പോഴേക്കും 'ഈശ്വരാ! ഇതെന്തു കഥയാണ്?' എന്ന ഉച്ചത്തിലൊന്നു നിലവിളിച്ചു തലച്ചു വീണു കഴിഞ്ഞു. വടക്കെ ഇറയത്തു കിടന്നുറങ്ങിയിരുന്ന ഒരാൾ ഈ ഒച്ച കേട്ടു ഞെട്ടിയുണർന്നു. വേഗം എഴുന്നേറ്റു ചെന്നു 'കാരണവരെ! ഇതെന്താണ്! വ്യസനിക്കാതിരിക്കൂ. ഇനിമേൽ ക എന്നപോലെ അവിടുത്തെ സങ്കടപ്പെടി ശേഷമുള്ളവർ ഇങ്ങിനെ കാണാറായല്ലോ!' എന്നും പറഞ്ഞു വിതുമ്പുവാൻ തുടങ്ങി. കാരണവരുടെ ഹൃദയം വല്ലാതെ പിടച്ചു തുടങ്ങി. ദേഹമാസകലം വിയർത്തൊലിച്ചു. കയ്യിൽ വെള്ളം വന്നപ്പോൾ ഒരു നായിക്കാരി ഇങ്ങിനെ പറഞ്ഞു: — 'ഭഗവതീ ശരി! ഈകൊടിക്കാലിൽ ഒറ്റ്! അമ്മേ ഇങ്ങിനെ എന്നായിട്ടു കഴിഞ്ഞതേ. ഞാൻ പത്തു വയസ്സു മുതൽ ദിവസംതോറും കുളിച്ചു തൊഴുന്നതിന്റെ ഫലം ഇതാണോ! കണ്ണുണ്ണിമേനോനേ! എന്റെ അമ്മുക്കുട്ടിക്ക് ഇത്രക്ഷണം കൊണ്ട് ഇങ്ങിനെ വരികയാണോ? ഇനി ഞാൻ ജീവിച്ചിരിക്കുന്നതെന്തിനാണ്?' ഇങ്ങിനെ ഓരോന്നു പുലമ്പിക്കൊണ്ടു പതുക്കെപ്പതുക്കെ ഇഴഞ്ഞിഴഞ്ഞു കിടക്കയുടെ ചെന്നു. തത്സമയം ശ്വാസം നിലയ്ക്കാൻ വല്ലാതായി. കണ്ണീർ നിറഞ്ഞു കാണാനും കഴിയാതായി. കണ്ണീർ തുടച്ചു 'അമ്മുക്കുട്ടീ!' എന്നൊന്നു വിളിച്ചപ്പോഴേക്ക് മറഞ്ഞു. വീണ്ടും പെൺകുട്ടി കണ്ണുതുറന്ന് ഒന്നു നോക്കി. കൈകാൽ കഴച്ചു ദേഹമാസകലം ഒരു വിറയൽ; എന്തൊരു സിദ്ധാന്തമോ ഒന്ന് ദീർഘശ്വാസം വലിച്ചു ജീവൻ പോയതു മിണ്ടാതായി. തത്സമയം, നാലുപാടും നിന്നിരുന്നവരുടെ തൊണ്ടയിട്ടുള്ള നിലവിളിയും, പാതിരാക്കോഴികൾ കൂവിയിടലും, പട്ടികളുടെ കരച്ചിലും, കാക്കക്കോഴിയുടെ കരച്ചിലുടലും നരിയുടെ ഓരിയിടലും, കൊട്ടാരം അതി ഭയങ്കരമായ വിധത്തിൽ ആ രാത്രിയെ ഘോരമാക്കിത്തീർത്തു. കണ്ണുണ്ണിമേനോൻ അപ്പോൾ അവിടെയുണ്ടായിരുന്നു. മാധവൻ 'കാരണവരെ വെറുതെ വ്യസനിക്കാതിരിക്കൂ. മറ്റൊന്നും ഈശ്വരനിശ്ചയം മാറ്റുവാൻ വയ്യല്ലോ. കഴിഞ്ഞതിന്നു വരട്ടെ', എന്നിങ്ങിനെ പല സമാധാനവാക്കുകളും പറഞ്ഞു കണ്ണുണ്ണിമേനോൻ കാരണവരെയും സമാധാനിപ്പിച്ചു.

ഷം നിലത്തിറക്കി. ഒരു വസ്ത്രം കൊണ്ടു മൂടി, 'ഒരി വ്യസനിച്ചിട്ടു ഫലം' എന്നും പറഞ്ഞു അവിടെ ഉണ്ടായിരുന്നവരെ വിളിച്ചുകൊണ്ടു കിഴക്ക പുറത്തേക്ക പോയി.

ആ കാളരാത്രിയുടെ മൂന്നു യാമവും കഴിഞ്ഞു പ്രഭാതമായി. രണ്ടു പുറവും ഉയൎന്ന കുന്നും കാടും അധികമുള്ള ഒരു ഇടവഴിയിൽകൂടി— അല്ലെങ്കിൽ ഊടുവഴിയിൽ കൂടി തപ്പിത്തടഞ്ഞു ഒരാൾ പോകുന്നുണ്ടു്. കിഴക്കുപുറം പരന്നു കിടക്കുന്ന പാടത്തേക്കാണ പോകുന്നതു്. 'എന്റെ ഭഗവതീ! ഇനിക്കിനിയൊ വയ്യല്ലോ! പള്ളിയിൽ കൊള്ളി വെക്കുന്നല്ലോ! ജഗദീശ്വരീ! അമ്മേ! എന്റെ വേദനയെ സഹിക്കാൻ പാടില്ലാതിരിക്കുമ്പോൾ ഈ ദുഃഖവും ഞാനിനി സഹിക്കേണ്ടു! ദൈവമേ!' എന്നിങ്ങിനെ പലതും എണ്ണിപ്പെറുക്കിക്കൊണ്ടാണ് പോകുന്നതു്. വെളിയത്തിൽ ഊടുവഴിയുടെ അറ്റത്തെത്തിയപ്പോഴേക്കും തെക്കിനിന്നും വടക്കുനിന്നും കൂടി ഒരു എട്ടു പത്തു കള്ളന്മാർ വന്നു പിടികൂടിക്കഴിഞ്ഞു. 'അയ്യോ! മകളേ! അമ്മേ!' എന്നു മാത്രം പറഞ്ഞു ബോധരഹിതപ്പെട്ടു വീണു. അതി ഭീഷണന്മാരായ ആ കൊള്ളക്കാർ അയാളെ വലിച്ചിഴച്ചു ഒരു പാറയുടെ സമീപത്തെത്തി. ഒരു ഗുഹയിൽക്കൂടെ അകത്തു കടന്നു. അപ്പോഴേക്കും അവരുടെ പ്രമാണി ഗുഹയുടെ ഉള്ളിൽനിന്നും പുറത്തേക്കു വന്നു. കുട്ടാളികൾ കൊണ്ടുവന്ന ആളെ കണ്ടു ഉടനെതന്നെ ഒന്നു ഞെട്ടി. വികാരങ്ങളെല്ലാം അടക്കി. അവരോടു പോയി വേറെ ജോലി നോക്കാൻ കല്പിച്ചയച്ചു. പിന്നെ ആ നിസ്സഹായനായ ആളെ എടുത്തുകൊണ്ടു ഗുഹയുടെ ഒരു മൂലയിലിട്ടിരുന്ന കട്ടിലിൽ കിടത്തി. പാറകൾ പൊന്തി ഉണ്ടാക്കിയിരുന്ന ഒരു അറകത്തു കടന്നു ഒരു പെട്ടി തുറന്നു ഏതോ ചില ദ്രവ്യങ്ങളെടുത്തുകൊണ്ടു വന്നു ആളുടെ മുഖത്തു തളിച്ചു. ഉടനെ അയാൾ നെടുവീൎപ്പോടെ കണ്ണു മിഴിച്ചു ഒന്നു നോക്കി. ബോധം വന്ന ആ സാധു വല്ലാതെ ഒന്നു പരിഭ്രമിച്ചു പോയി. താനെവിടെയാണെന്നറിയാനായി നാലു പുറവും ഒന്നു നോക്കി. ഉയൎന്നു നിൽക്കുന്ന ഒരു പാറക്കല്ലിനെ കഴിച്ചു് എണ്ണയൊഴിച്ചു കത്തിച്ചിരുന്ന വിളക്ക കെട്ടിട്ടില്ല. ഒരു മൂലയിൽ ചില ഇരിമ്പായുധങ്ങൾ, തോക്കുകൾ, കുന്തങ്ങൾ, വാളുകൾ മുതലായവ എല്ലാം കാണുന്നുണ്ടു്. പലവിധത്തിലുള്ള ഉടുപ്പുകളും പണങ്ങളും അങ്ങുമിങ്ങും ചിന്നിച്ചിതറിക്കിടക്കുന്നു. ഒരു ഭാഗത്തു തിണ്ണപോലെ ഒരു വലിയ കരിങ്കൽ പൊങ്ങിനിൽക്കുന്നുണ്ടു്. അയാൾ കിടന്നിരുന്ന മുറിയിൽ ഇത്രയേ കാണ്മാനുണ്ടായിരുന്നുള്ളു. ഇതെല്ലാം ഒരു ക്ഷണംകൊണ്ടു കണ്ടു ഒന്നു ഞെട്ടി. അപ്പോഴേക്കും കള്ളരിൽ പ്രമാണി അടുത്തു ചെന്നു് ഇങ്ങിനെ തുടങ്ങി:— 'ഉണ്ണികൃഷ്ണൻ നായരല്ലേ ഇതു്? നേരം വെളുക്കുമ്പോഴേക്കും ഈ കണ്ടേർ ഊടുവഴിയിലും മറ്റും വരുവാനെന്താണു്?' തന്റെ പേർ ശരിയായി വിളിച്ചപ്പോൾ അത്ഭുതം കലൎന്നുകൂടി കൂടി അയാളുടെ മുഖത്തെക്ക കുറെ നേരം സൂക്ഷിച്ചു നോക്കിക്കൊണ്ടു പെട്ടെന്നു 'നമ്മുടെ കണ്ടപ്പനായരോ! എന്റെ അമ്മേ! ഇതെല്ലാം മായയോ ഇന്ദ്രജാലമോ എന്തോ? ഞാൻ ഒന്നും അറിയുന്നില്ല!' എന്നും പറഞ്ഞു പിന്നെയും നോക്കാൻ തുടങ്ങി. അപ്പോൾ കള്ളരിൽ പ്രമാണി തന്റെ ചുവന്ന നിറത്തിലുള്ള വലിയ തലപ്പാവും കൃത്രിമ താടിമീശയും എടുത്തു താഴെ വെച്ചു. ഉണ്ണികൃഷ്ണൻ നായൎക്കു കണ്ടപ്പനായരെ അന്യോന്യം മനസ്സിലായി. കുറെ നേരം പരസ്പരം അവരിരുവരും സം

സാരില്ല. നായന്മാരെ തൊഴുതിരുന്നു. മൂന്നു കണ്ണീർ ഒഴുകുന്നു. പിഷാരടി സമാധാനപ്പെടുത്തുന്നു. ഈ സംഗതികളെല്ലാം നിമിഷംതോറും കൂടിക്കൂടി വരുന്നു. ഒടുവിൽ,

പിഷാരടി— ഇനി പറഞ്ഞിട്ടെന്താണ കാര്യം. വന്നതെല്ലാം വന്നു. മേലാൽ സൂക്ഷിക്കാം.

ഉ. നാ— എന്റെ പിഷാരടി! ഞാനുകൊണ്ടു സമാധാനം? എന്റെ വയറ്റിലുള്ള രോഗത്തെ മുഴുവൻ ഒരു വേദന തുടങ്ങിയിരിക്കുന്നു. എന്റെ ദിവസമായി. ക്രമത്തിൽ സഹിക്കാൻ വയ്യാതാകുന്നുമുണ്ട്.

ഇത്രയുംകൂടി കേട്ടപ്പോൾ പിഷാരടി മനസ്സ് വല്ലാതായി. 'എത്ര ദിവസമായോ കാരണവർക്ക് വേദന തുടങ്ങീട്ട്?

ഉ. നാ— ഉവ്വ്.

പി— എത്ര ദിവസം മുമ്പ് വല്ല കാപ്പിയോ പലഹാരമോ മറ്റോ കഴിക്കുകയുണ്ടായോ?

ഉ. നാ— ഇതുവരെയും ഇന്നലെ പലഹാരവും ഇല്ലല്ലോ.

പി— (കുറെ ആലോചിച്ച്) എന്നാലും ദ്രവ്യം കഴിക്കുകയുണ്ടായോ?

ഉ. നാ— ഒന്നും കഴിച്ചില്ലെന്നു പറയാൻ വയ്യാ. ഉച്ചയ്ക്ക് ഉണ്ണാനിരിക്കുമ്പോൾ പച്ചവെള്ളം മാത്രം കുടിക്കുകയുണ്ടായി.

പി— ആരാണ വെള്ളം തന്നത്?

ഉ. നാ— അനന്തൻ കുടിപ്പാനാണ്.

പി— ഏതു പാത്രത്തിലാണ്? കിണ്ടിയിൽ തന്നെയോ?

ഉ. നാ— അല്ല. നമ്മുടെ ഒരു പഴയ ചെമ്പുകൊണ്ടുള്ള പാത്രം കാണാറില്ലേ? കാലത്തെ നേരം അവിടെ വരാറുള്ളപ്പോൾ നടുമുറ്റത്തിന്റെ ഇറയത്തു തേച്ചു കഴുകിയിരിക്കുന്നതു കാണാൻ വഴിയുണ്ടല്ലോ. അതിലാണ്.

പി— ഓ. ഹോ. അതിലാണോ. അതു വെള്ളം അതിലൊഴിച്ചപ്പോൾ വല്ല നിറഭേദവും ഉണ്ടായോ?

ഉ. നാ— ഉവ്വ്, എന്താണ് ഒരു വെളുപ്പ് മാതിരി തോന്നി.

എത്ര ദിവസം മുമ്പാണ് വേദന തുടങ്ങിയതെന്നും അനന്തൻ കുടിപ്പാനാണ് വെള്ളമൊഴിച്ചു കൊടുത്തതെന്നും കേട്ടപ്പോൾ തന്നെ ശിക്ഷയും തീർച്ചയായ ആ സംഗതിയെപ്പറ്റി ഇത്രയും കൂടി അറിവു വിശേഷമായി കിട്ടിയപ്പോൾ പിഷാരടി അതിനെ ശേഷം ഒന്നും ചോദിച്ചില്ല. 'അതു വിശ്വസിക്കാം. കാര്യമെല്ലാം മനസ്സിലായി' എന്നു പറഞ്ഞു പിറുപിറുത്തുംകൊണ്ടു മരുന്ന് അകത്തുനിന്നു കുറേ ഒന്നെടുത്തു ഒരു കിണ്ടിയിൽ വെള്ളത്തിൽ നിന്നു ഒരു കടലാസ്സ് 'കാരണവർ' അതുകാരണം ഇതു സേവിക്കൂ' എന്നു പറഞ്ഞു കുറച്ചു വെള്ളത്തിൽ ചാലിച്ചു കൊടുത്തു. തന്റെ വിശ്വസ്തനായ പിഷാരടി കൊടുത്ത മരുന്ന് യാതൊരു ശങ്കയും കൂടാതെ സേവിച്ചു. ഇതു നന്നായതേ ഉള്ളൂ താനും. കുറെ ദിവസം വ്യസനിച്ചിരുന്ന കാരണവരെ ഇപ്പോൾ കണ്ടാൽ അറിയില്ല. മുഖത്ത് എന്തോ ഒരു പ്രസന്നത വന്നിരിക്കുന്നു. കല്പിച്ചു പോയി ചിരിയും സന്തോഷവുമായി. കുട്ടിയുടെ മരണസംഗതി തീരെ മറന്നുപോയി. ഇങ്ങിനെ കുറച്ചു ദിവസം കഴിഞ്ഞു കൂടി.

നേരം നല്ല സന്ധ്യ. പടിഞ്ഞാറ്റിക്ക് ചോരയണിഞ്ഞു ചെമ്പരത്തിപ്പൂ ചാർത്തിയ കാളിയെപ്പോലെ സന്ധ്യ കിഴക്കോട്ടു നോക്കി ഇരുന്നുപിടിക്കുന്നു. തിണ്ണയിൽ മുറ്റത്ത് വരാന്തയിൽ ഒരു ചാരുകസേരയിൽ കാരണവർ ഇരിക്കുന്നുണ്ട്. തളത്തിൽ കത്തിച്ചു വെച്ചിരിക്കുന്ന നിലവിളക്കിന്റെ വെളിച്ചം കണ്ണു പുറത്തു വരാൻ

കൊണ്ടു ഈ ആളെ കാണ്മാൻ പ്രയാസമില്ല. ൫൦ വയസ്സു പ്രായം, ഇരുനിറം കുറെ ഇയ മെയ്യ്, നീണ്ട കഴുത്ത്, പൊക്കം പാകം, തത്തമ്മച്ചുണ്ടുപോലെയുള്ള മൂക്ക്, സപ്പ്രമഞ്ചി ഇടിഞ്ഞാനയല്ലാതാണെ നമ്മുടെ ഇടിപ്പാരൻ നായരുടെ മാതിരി. അടുത്തു തൊട്ടുകൊണ്ടു തന്നെ ഒരു പുൽപായയിൽ ഒരാൾ ഇരിക്കുന്നുണ്ടു. ഇയാളുടെ കോലം അതിവിശേഷം! തലയുടെ നടു മുഴുവൻ കഷണ്ടി. നാലു പുറവും ചെമ്പിച്ച രോമം വളർന്നു നിൽക്കുന്നു. ആ കപ്പാടെ തലയുടെ മട്ടു കണ്ടാൽ ചുറ്റും ഉണങ്ങിയ പുല്ലു കെട്ടിയിരിക്കുന്ന ഒരു വെളിമല്ലിന്റെ സ്ഥായിയാണ്. മോറിയുടെ നടുവിൽ വലിയ ചന്ദനപ്പൊട്ടുണ്ട്. കുന്ത മുഖത്തു കൂർത്തിരിക്കുന്ന വലിയിൽ കുന്നു വിരൽ ഉന്തി നിൽക്കുന്ന പല്ലുകളും ഒരു [illegible] അയാളു കിടപിടിപ്പാൻ യോഗ്യം മതിയാകം. മെയ് നിറയെ രോമം. മാറത്ത് രോമത്തിന്മേൽ ചന്ദനത്തിനു മെഴുകുന്നുപോലെ ഒരു ചന്ദനം വെച്ചു തേച്ചുവാൻ ഉത്സാഹിച്ചിട്ടുള്ളത് കാണാനുണ്ട്. തോൾക്കും തോൾക്കോ കമ്പുള്ള താഴെ മുഴങ്കാലിന്റെ പകുതിവരെ എത്തുന്ന ഒരു ഒറ്റമുണ്ട് ചുറ്റിയിട്ടുണ്ട്. വിള്ളിച്ച താഴെ ഒരു ആളു മുണ്ടു കൊണ്ടുവലിച്ചു മുറുക്കെ കെട്ടിയിരിക്കുന്നു. വലിയ ഒരു ചന്ദനം മഞ്ഞനിറമുള്ളതാണെ മാലും. കേളികേട്ട തിരുവിട്ടിൽ കുട്ടൻ നായരാണിതാണ് ഈ രൂപം. ഇടിപ്പാരൻ നായരും കുട്ടൻ നായരാണിതാ ത്തിൽ ഏതാണ്ടു വലിയ കാര്യത്തെ പറ്റി ആലോചിച്ചുവരുന്നു എന്നു തോന്നുന്നു. ഒരാൾ ഒന്നു പറഞ്ഞു ഒരു സപ്പ്രമഞ്ചി കാട്ടുന്നതെല്ലാം, മറ്റെയാൾ കൈകൊണ്ടു താടി തടവി പല്ലിളിച്ചു കാട്ടും. പുഞ്ചിരി ചിരിയിന്റെ പ്രയോജനം കേമം തന്നെ. ടു 'ഇല്ലിസ്സ്' ഇളിച്ചുകാട്ടി ചിരിച്ചും ഇങ്ങിനെ രണ്ടാളും തമ്മിൽ സ്വകാര്യം പറകയും ഗോഷ്ടി കാണിക്കയും ചെയ്തുകൊണ്ടിരുന്ന സമയത്തു, 'അമ്മോ! വിശന്നു വലഞ്ഞു. ഇന്നലെ അത്താഴം ഉണ്ടതാണ്! ഇത്തിരി കഞ്ഞിവെള്ളമെങ്കിലും തരണേ!' എന്ന് ഉറക്കെ നിലവിളിച്ചു പറഞ്ഞുകൊണ്ടു ഒരു കിഴവി അവിടെയ്ക്കു ചെന്നു. 'പോടാ, ഇവിടെ നിന്നു ലഹള കൂട്ടാതെ പോ, അല്ലാഞ്ഞാൽ ചെന്നു വല്ലടത്തെങ്കിൽ ഇരിച്ചു കഴിച്ചോ' എന്നു ആശാൻ ഉരുട്ടി ചിരിച്ചുംകൊണ്ടു പറഞ്ഞു. കിഴവി മതിലിന്റെ പടി കടന്നു അപ്പുറത്തു പോയി. എന്നാൽ മതിലിന്റെ അപ്പുറത്തു കളിപ്പനിന്നതു ഈ പ്രായത്തിലെ അവരാം മതിലും ഒരു ദ്വാരമുണ്ടായിരുന്നതുകൊണ്ടും ഇരുകാളിയമ്മയും മറ്റും കിണറ്റിങ്കരെ കുട്ടികളെ കളിപ്പിച്ചു കൊണ്ടിരിക്കയായിരുന്നതുകൊണ്ടും ആശാൻ അറിയാതെ തന്നെ, ആശാന്റെയും നായരുടെയും സംഭാഷണം മുഴുവനും ചെവിതിന്നു കേൾപ്പാൻ കഴിഞ്ഞു.

ഇ. നാ—'എന്താ, ആശാനേ! ആ ഒരു മേസല്ലു തീർന്നുവോ? അല്ലേ. നമ്മുടെ സ്വകാര്യത്തിനും അവിടെ മാത്രമേ അറിഞ്ഞിട്ടുണ്ടായിരുന്നുള്ളൂ. നമ്മുടെ ശ്രമം കൂടാതെതന്നെ അതും കഴിഞ്ഞില്ലേ. പക്ഷേ ഒരു പേടി. അവൾ വല്ലവരോടും പറഞ്ഞിട്ടുണ്ടായിരിക്കുമോ?'

ആ. (ചുണ്ട്കൊണ്ടു അനുസ്വാരമെഴുതി) പറഞ്ഞാൽ തന്നെ എന്താണ്, കണ്ടു ഇട്ടി മേനോൻ പിടിച്ചാൽ കൂട്ടിയും കാര്യവൾ കൊടുത്തു കഴിഞ്ഞില്ലേ. ഇനി കത്തി ആമയും കല്ലും മാത്രമല്ലേ ഉള്ളൂ?

ഇ. നാ— അല്ലാ, ഏടത്തി അമ്മയുടെ കാര്യവും ഇന്നലെ തന്നെ കഴിച്ചിരിക്കുന്നു. ആശാൻ അറിഞ്ഞില്ലന്നുണ്ടോ?

ആ:—(ചുണ്ട് വിടർത്തിപ്പൊളിച്ച്) ഛെ! അത് ഞാനറിഞ്ഞില്ല. വിശേഷം!!

ഇ. നാ— പോരല്ലോ. ആയില്ലല്ലോ. ഇനി ആ ചെക്കനെന്ത്. മാമൻ. അവന് വയസ്സ് നാലേ ആയുള്ളുവെങ്കിലും ബുദ്ധി തരക്കേടില്ല. അവന്റെ കാര്യമാണ് വിഷമം.

ആ:— (താടി ചൊറിഞ്ഞ്, മോന്ത ക്രൂരകൾക്കെന്നപോലെയാക്കി, ആലോചന നടിച്ചും കൊണ്ട്)

അതിനൊരു വിദ്യ ചെയ്യാം. ആദ്യം. ആ തള്ളയേയും പിള്ളയേയും നമുക്ക് നിലവറയിൽക്കൊണ്ടുപോയിടാം. പിന്നത്തെ കാര്യം പിന്നെയാകാം. നാളെത്തന്നെ കഴിക്കണം. വെറുതെ വൈകിക്കണ്ട.

ഇ. നാ— കണ്ണാരപ്പിച്ചാരടിയുടെ കാലം കഴിഞ്ഞുപോയി. ശരിപ്പിടിക്കണം.

ആ:— കാരണവരെയും മറ്റും കാലം എന്നൊന്നാക്കേ?

ഇ. നാ— നാളെയ്ക്ക് പതിനായി ദിവസം ശ്രാദ്ധനം കഴിക്കുന്നതിനും കൊടുത്തിട്ട്. മറ്റന്നാൾ ഉച്ചയ്ക്ക് കഴിയും. എട്ടത്തിയമ്മയോടും അങ്ങിനെ തന്നെ—

ആ:— ആവൂ! നാളെത്തെതോടുകൂടി കഥ കഴിയുമല്ലോ. പിന്നെ മണിയമ്പിറ തറവാട്ടം തിരുവിട്ടം ഒന്നായി. അവിടത്തെ ആണെങ്കിൽ അമ്മായിപ്പൂവും എന്റെ ഉടപ്പിറന്നവൾ ഇക്കാളിക്കും മക്കൾക്കുമായല്ലോ. വെറുതെ അല്ലാ ഞാൻ ദിവസേന രണ്ടുനേരം കുളിച്ച് പട്ടുടുത്ത് ഭഗവൽഗീത പാരായണം ചെയ്യുന്നത്.

ഇങ്ങിനെ പറഞ്ഞവസാനിപ്പിച്ചപ്പോഴേയ്ക്കും മീനു മതിലിൻപടി കടന്നു മുറ്റത്തെത്തി ഒന്ന് ഞെട്ടി, യശമാനേ! സന്ധ്യായായി? എന്നും പറഞ്ഞു നടന്നു. അവർ ഉള്ളറാൻ അകത്തേയ്ക്കും പോയി.

'മണിയമ്പിറ' തറവാട് ഇന്നും ഇന്നലെയുമുള്ളതല്ല. കാരണവന്മാരെല്ലാം കീർത്തി കേട്ടവരുമാണ്. ഉണിച്ചാരൻ നായർക്ക് കാരണവസ്ഥാനം കിട്ടീട്ട് കൊല്ലം മൂന്നേ ആയുള്ളു. മാനവും ധർമ്മവും അതികം. അയൽവക്കക്കാർക്കെല്ലാം ബഹുപ്രീതി. ഒരു ധർമ്മപുത്രൻ തന്നെ. നര കേറി. തിരുകയിൽ ഒരു രുദ്രാക്ഷവും കടുക്കയുമുള്ളത് കാലത്തെക്കാൾപോലെ കെട്ടിവെച്ച് ഇമ്പ് ചെവിയുടെ ഇടയിൽ തിരുകുകയാണ് പതിവ്. സംസാരിക്കുന്നതിനിടയ്ക്ക് ഭഗവാന്റെ കുടുക്കൻ കവിളത്ത് തൊടിക്കും. ഒരു ഇരുമ്പാണ് സാധാരണ പുറത്തുള്ളത്. വലത്തേക്കയ്യിന്റെ മോതിരവിരലിന്മേൽ മുഴുക്കൻ മോതിരമുണ്ട്. ഇങ്ങിനെയുള്ള രൂപം കാണാതായിട്ട് ദിവസം ആറു കഴിഞ്ഞു. കടിയാന്മാരും അയൽവക്കക്കാരുമെല്ലാരും അന്വേഷിക്കുന്നുണ്ട്. നട്ടുച്ചനേരത്ത് കാരണവരെ തിരഞ്ഞു നടന്നു വിശന്നു വലഞ്ഞു കണ്ടുണ്ണിമേനോൻ മടങ്ങുമ്പോൾ വഴിയിൽ ഒരു മീനുവും കൂടിയെത്തി.

മീ— യശമാനേ! ഈ സാധുവിനെ ഒരു മൈപ്പു കൊടുക്കിൻ.

ക. മേ— പോടാ- നിനക്ക് മൈപ്പ്! 'മുണ്ടു കളിവിളയാട്ടം എടുക്കു പ്രാണവേദന' എന്നു പറഞ്ഞപോലെ ഇവിടെ എന്താണെന്നോ കഴിഞ്ഞുകൂടുന്നു നീ എന്തറിയും? പോ, എന്നും പറഞ്ഞു നടന്നു.

മീ— യശമാനേ! അയ്യോ! അങ്ങിനെ പറയല്ലേ! അവിടെയ്ക്ക് എന്താണാവോ വ്യസനം?

ക. മേ— (ദേഷ്യപ്പെട്ട്) 'നിനക്കതിലെന്ത്' എന്താ കാര്യം? നീ വിചാരിച്ചാൽ എന്റെ വ്യസനം മാറുമോ? സാധിക്കുമോ?

മീ— പക്ഷേ സാധിച്ചെങ്കിലോ വല്ലതും ഒരു

മാരനാ! ഞാൻ പലതരത്തിലും വ്യസനം കാണിച്ചുള്ളവനാണെ.

ക. മേ— ഇപ്പോഴത്തിൽ നിന്റെ ഇടയിലെങ്ങൽ ഒരു പന്ത്രണ്ടടി അടിക്കട്ടെ. സമ്മതമാണോ?

ശി— യജമാനന്റെ ഇഷ്ടംപോലെ.

ക. മേ— 'എന്നാൽ നടക്ക്, ചോ.' എന്നും പറഞ്ഞു വേഗം നടന്നു തുടങ്ങി. മണിയടിച്ചാറെ എത്തി. കണ്ടുണ്ണിമേനോൻ അകത്തു പോയി കാലും മുഖവും കഴുകി ഉണ്ണാനിരുന്നു. ചോറു തൊട്ടില്ല. ഇത്തിരി വായിലിടുന്നതിന്നു മുമ്പെ ഒന്നും കൈ കഴുകി എഴുന്നേറ്റുംകൊണ്ടു ഇറങ്ങിവന്നു ശിഷ്യ അവിടെ ഇരിപ്പാണ്.

ക. മേ— എടാ! എന്റെ വ്യസനം മാറാൻ അകവെള്ളം നിനക്കു വിദ്യയാണ് അറിവുള്ളത്.

ശി— എനിക്ക് വൈദ്യം അറിയാം യജമാനനേ! പിന്നെ ജ്യോതിഷ്യവും കുറച്ചു.

ക. മേ— 'ഉവ്വോ! എന്നാൽ എനിക്ക വയറ്റിൽ ഒരു വേദന. മാറ്റാമോ?

ശി— എത്ര നാളായി അതു തുടങ്ങീട്ട്?

ക. മേ— പതിനാല് നാളായി.

ശി— 'ഓ. അങ്ങനെ. ഞാൻ നോക്കാം' എന്നും പറഞ്ഞു കുറെ കുറുക്കും പൊതികളും ഉള്ള ഒരു ഗുളിക കൊടുത്തു. 'ഇത് വെള്ളത്തിൽ ചാലിച്ചു സേവിക്കിൻ' എന്നും പറഞ്ഞു. കണ്ടുണ്ണിമേനോൻ അപ്രകാരം ചെയ്തു. പത്തു മിനിട്ടിനകത്ത് വേദന നിന്നു.

ക. മേ— എന്ത്! ശിഷ്യ വിദ്വാനാണെന്നല്ലല്ലോ. അങ്ങനെ, നിനക്കു ജ്യോതിഷ്യം അറിയാമെന്നു പറഞ്ഞല്ലോ. ഇനി അതു കണ്ടു നോക്കട്ടെ.'

ശി— ഓ. അതിനെന്താ പ്രയാസമുള്ളൂ.

ക. മേ— ഇവിടെനിന്നു ഒരാൾ പോയിട്ട് ഒൻപതു ദിവസമായി. അയാൾ ഇപ്പോൾ എവിടെയാണെന്ന പറയാമോ?

ശി— അയ്യോ! ഒരു പറിക്ക വരട്ടെ!

ക. മേ— പിന്നെ "അയാളെപ്പറ്റി നിനക്കെന്താണ് അറിയുക?

ശി— മടിപ്പോകാതെ ഇപ്പോഴേ എന്നു പറയാം.

ക. മേ— ഉവ്വോ. എന്നാൽ അതു പറ.

ശി— (കുറെ ഗ്രന്ഥങ്ങളും മറ്റും അഴിച്ചുനോക്കി വളരെ ആലോചന നടിച്ച്) മരിച്ചിട്ടില്ല.

ക. മേ— ഇത്രയൊന്നാറിനകത്തൊക്കുട്ട്?

ശി— യജമാനനേ! ഇനിക്ക് വല്ലതും തരണേ! ഞാൻ പോട്ടെ.

കാര്യസ്ഥൻ വേഗം അകത്തുനിന്ന് കുറെ ഉറുപ്പികയും ഒരു മുണ്ടും എടുത്തുകൊണ്ടുവന്നു കൊടുത്ത് 'ഉം. പൊയ്ക്കോ' എന്നും പറഞ്ഞു അകത്തേക്കു പോയി. ശിഷ്യൻ പുറത്തേക്കു പോയില്ല. അവിടെത്തന്നെ ചുറ്റിപ്പറ്റിക്കൊണ്ടു നിന്നതേയുള്ളൂ.

എട്ടര നാഴിക വെളുപ്പാൻ കാലമായപ്പോൾ പാറകളുടെ ഇടയിലുള്ള ഒരു ഗുഹയിൽ ഒരു വിളക്ക് മങ്ങിക്കത്തുന്നു. ഗുഹയുടെ പുറത്തും പരന്നുകിടക്കുന്ന പാടങ്ങളുടെ വരമ്പുകളിൽനിന്നും കുറുക്കന്മാരുടെ ശബ്ദം കേൾപ്പാനുണ്ട്. പാറയുടെ കിഴക്കുവശം തൊട്ടുകിടക്കുന്ന കാട്ടിൽനിന്നും പുറപ്പെടുന്ന രാക്കിളികളുടെ മൂളലും നിലച്ചിട്ടില്ല. ഒരു വലിയ തലപ്പാവും, കണങ്കാലിൽ തട്ടുന്ന കുപ്പായവും മുട്ടോളമുള്ള നീണ്ട താടിയും ആയി ഒരാൾ ഗുഹയുടെ ഉമ്മറത്ത് ഉലാത്തുന്നുണ്ട്. നടത്തത്തിന്റെ മട്ടു കണ്ടാൽ എന്തോ ഒരു അസ്വസ്ഥതയുള്ളപോലെ തോന്നും. എന്താണ്ടൊക്കെ പിറുപിറുക്കയും ചെയ്യുന്നുണ്ട്. അപ്പോഴേയ്ക്കും പടിഞ്ഞാറുനിന്നും ഒരു കാൽപ്പെരുമാറ്റം കേട്ടു തിരിഞ്ഞുനിന്ന് നോക്കി 'ആരാണത്?' എന്നു ചോദിച്ചു. 'പേടിക്കേണ്ട- ഞാൻ തന്നെയാണ്, കാരണവരേ!'

'അല്ലാ! എത്ര കാലമായി പോയിട്ട്? എന്തൊക്കെയാണ് അവിടുത്തെ വർത്തമാനങ്ങൾ? ഇനിക്ക ഈ കൊച്ചുകുഞ്ഞന്റെ വേഷം മതിയായി' എന്നും പറഞ്ഞു കാരണവർ വേഷമെല്ലാം അഴിച്ചുവെച്ചു- കണ്ടാൽ

പ്പിഷാരടി തന്റെ കാലിവസ്ത്രവും, നാല്പ്പ കാലിയും, വലിയ തലേക്കെട്ടും, മേനാവും, പിരിയൻവടിയും താഴെ വെച്ചു. പഴയ വേഷമെടുത്തു ഒരു ഭോജനം ഉണ്ണുകൊണ്ടിരുന്ന കൽത്തറയിലിരുന്നു.

പി— ഞാൻ വർത്തമാനങ്ങളെല്ലാം പറഞ്ഞാൽ കാരണവര് വല്ലാതെ വ്യസനിക്കും. അതിലെല്ലാം തീർച്ചയുണ്ടോ?

ഉ. നാ— തീർച്ചയുണ്ട്. വ്യസനിച്ചിട്ടെന്താ കാര്യം?

പി— അങ്ങിനെ പറയു.

ഉ. നാ— എന്നാൽ വർത്തമാനങ്ങൾ ഇരിക്കട്ടെ.

ഇടിച്ചുമന്നിനായരുടെയും അയാളുടെയും സംഭാഷണത്തിന്റെ സ്വഭാവം മുഴുവൻ പിഷാരടി പറഞ്ഞപ്പോഴേയ്ക്കും തന്നെ കാരണവര് വല്ലാതായി. എങ്കിലും വ്യസനമെല്ലാം അടക്കി 'എന്റെ പിഷാരടീ! ഇനി എന്താ വേണ്ടത്?' എന്നു ചോദിച്ചു.

പി— കാരണവരേ! കഴിഞ്ഞില്ല. വ്യസനിക്കാതിരിക്കേ. വർത്തമാനം ഇനിയുമുണ്ട്.

ഉ. നാ— എന്നാൽ കേൾക്കട്ടെ.

പി— പിന്നെയാണ് കണ്ണുണ്ണിമേനോനെക്കുറിച്ചു മരണ കൊട്ടുന്നത് അദ്ദേഹത്തിന്റെ മരണം മൂന്നു നാളെല്ലാം തീർന്നു അതുമായുള്ളു.

ഉ. നാ— പാവം കണ്ണുണ്ണിമേനോൻ. നല്ല കൊല്ലമായി അവിടുന്ന് മുതല്ക്ക് കാര്യസ്ഥനായിട്ട്. മൂന്നു ദിവസമല്ലേ ഉള്ളൂ ഇനി! അതിരിക്കട്ടെ, നമ്മുടെ കല്യാണിയെയും കുട്ടികളെയും കണ്ടില്ലേ?

പി— 'എന്റെ കാരണവരേ! അവരുടെ കഥയൊന്നും പറയണ്ട.

ഇതു കേട്ടപ്പോഴേയ്ക്കും വൃദ്ധന് തേങ്ങിത്തേങ്ങിക്കരയാൻ തുടങ്ങി. 'ഭഗവാനേ എന്റെ മകൾക്കുട്ടി! പാവം നാലു വയസ്സ്! അവന്റെ കഥയെന്താണ്!' എന്നും മറ്റും പറഞ്ഞു. കരച്ചിൽ മുറ്റു കൂടിത്തുടങ്ങി.

പി— കാരണവരേ! ഞാൻ പറഞ്ഞില്ലേ കരയരുതെന്ന്. ഇതാണല്ലോ തരക്കേട്, ഇതിനെന്നായാൽ ഞാനിനിയൊന്നും പറയില്ല.

ഉ. നാ— അയ്യോ! പിഷാരടീ! ദേഷ്യപ്പെട്ടുകൂടാ. ഞാനെന്താണെങ്കിലും ഇതിനൊന്നായിപ്പറയാലും അവരുടെ കഥ കേൾക്കട്ടെ.

പി— കരയരുത്.

ഉ. നാ— ഇല്ല.

പി— ഞാൻ ഇന്നലെ കണ്ണിയമ്പിൽ വീട്ടു വിട്ടില്ല. അതും കാരണവരെന്ന നമ്മുടെ കാരണവന്മാരെ കടിവെച്ചിട്ടുള്ള കോണിച്ചോട്ടയിൽ ചെന്നു പതുങ്ങിയിരുന്നു. നേരം രാത്രിയായി നിലാവുമുണ്ടില്ല. പതിയായി. അപ്പോൾ വന്നു അങ്ങത്തെ വാതിൽ ചവുട്ടിപ്പൊളിക്കുന്ന ഒച്ച കേട്ടു എന്റെ ഉടൽ വിറച്ചുതുടങ്ങി.

ഉ. നാ— ഈശ്വരാ! കള്ളന്മാരോ! ഇനി അതും കൂടിയേ വേണ്ടു.

പി— കള്ളന്മാരാണെങ്കിൽ തരക്കേടില്ല. തമ്പുരാൻ ഒരു മനുഷ്യൻ ഇല്ല. ഇടിച്ചുമന്ന് അവരുടെ ഒരു പത്തു പന്ത്രണ്ടു ആളുകളോടുകൂടെ മുറ്റം പറക്കുമായിരുന്നു. 'എവിടെയാണ്' അവൻ എന്നും പറഞ്ഞു എടുത്തു നിർത്തിയപ്പോൾ കണ്ടു. പിന്നെ ഞാൻ ഒന്നും കണ്ടില്ല. കരച്ചിൽ അമ്മയുടെയും കുട്ടികളുടെയും കരച്ചിൽ കേട്ടു. അപ്പോൾ—

ഉ. നാ— 'അയ്യോ! കള്ളൻ കാര്യം പറയില്ലല്ലോ' എന്നു നിലവിളിച്ചു മാറത്ത് അടിച്ചു ഇതാ ഇപ്പോൾ നിലത്ത് വീണ് ഉരുണ്ടു പിന്നെ അലറിത്തുടങ്ങി. പിഷാരടി ഒരു വിധത്തിൽ സമാധാനപ്പെടുത്തി. 'ഇനി ഞാൻ ഒന്നും പറയില്ല' എന്നു പറഞ്ഞു.

ഉ. നാ— വേണ്ട പിഷാരടി പറയേണ്ട. ഇനിക്ക് സഹിക്കവയ്യ! അയ്യോ! ഭഗവാനേ എന്റെ അനുജത്തിയും പോയി. ഇനി ഞാനൊറ്റക്കായി, ഞാൻ എന്തു ചെയ്യട്ടെ?

പി— കാരണവരേ! അതിരിക്കട്ടെ, ഒരിക്കലും ഞാൻ കണ്ടിട്ടില്ലെന്ന വാക്കിനാലെ പറയാൻ കഴിയില്ല?

ഉ. നാ— പിഷാരടി അസംബന്ധം പറയാതിരിക്കൂ. മരിച്ചുപോയ ആൾ മരിച്ചിട്ടില്ലെന്ന വർത്തമാനം! എന്താ ഇത്! കഷ്ടമല്ലേ!

പി— എന്റെ കാരണവരേ! കാര്യം മനസ്സിലാക്കണം. കുട്ടിയെ വിഷം തീണ്ടിയതല്ലേ. വിഷം തീണ്ടിയാൽ ഉടനെ മരിക്കയും മറ്റൊന്നും ചെയ്യില്ല. മരിച്ചുപോയപോലെയാകും. അത്രയേ ഉള്ളൂ.

ഉ. നാ— (കുറച്ചു നേരം മിണ്ടാതിരുന്നിട്ട്, പിന്നെ) 'അയ്യോ! ഈശ്വരാ! എന്നാൽ ഞാനവളെ ഈ വരനോട് കഴിപ്പിച്ചിട്ടുവരുന്നു. ഇതാരിതേ.

പി— വ്യസനിക്കേണ്ട; കഴിപ്പിച്ചിട്ടില്ല.

ഉ. നാ— ഉവ്വ് പിഷാരടി! അവളെ പലരെല്ലാം അറിയിച്ചു തന്നെ കഴിപ്പിച്ചിട്ടാണ് ഞാൻ പോന്നതുപോലെ അവരു കൊണ്ടുപോയത് ഞാൻ കണ്ടിരുന്നു.

പി— അതു ശരി. പിന്നെ ഉണ്ടായതു അറിയാമോ?

ഉ. നാ— ഇല്ല. നിങ്ങൾ തന്നെ പറയൂ.

പി— എന്നാൽ പറയാം. കേട്ടോളൂ. കാരണവർ പറഞ്ഞപോലെ കുട്ടിയെ കൊണ്ടുപോകുമ്പോൾ പണ്ടത്തെ തട്ടിപ്പറിക്കാർ കള്ളന്മാർ കടന്നു പിടികൂടി. കൂടെ ഉണ്ടായിരുന്ന ആളുകളെല്ലാം ഇട്ടേച്ചോടി. കള്ളന്മാരെ സഹായിപ്പിച്ചു പണം കൊടുത്തയപ്പിച്ചായിട്ടാണ് ഞാൻ ഈ വേഷം കെട്ടിയതാണ്. അമ്മുക്കുട്ടിയുടെ ശരീരം കിട്ടാനായിട്ടാണ് ഞാൻ ഇതൊക്കെ പ്രയത്നിച്ചത്. പിന്നെ ഞാൻ അതു എന്റെ ഒരു ശിഷ്യന്റെ പക്കൽ വിഷമിറക്കാൻ ഏൽപ്പിച്ചിട്ടുണ്ട്. അവനെ കഴിഞ്ഞില്ല. പ്രസിദ്ധനായ 'ശങ്കരപ്പണിക്കരെ'ക്കൊണ്ടു ചികിത്സിപ്പിക്കയും ചെയ്തു. അതിനാൽ അമ്മുക്കുട്ടി തീർച്ചയായും ജീവിക്കും. ഞാൻ അതു വിചാരിച്ചു പോരികയാണ്.

ഇതു കേട്ടപ്പോൾ മൂപ്പരുടെ വ്യസനം പകുതി ശമിച്ചു. എഴുന്നേറ്റിരുന്നു. ഉടനെ പിഷാരടി ഒരു മരുന്നെടുത്തു കൊണ്ടുവന്നു നായരെക്കൊണ്ടു കഴിപ്പിച്ചു. അതോടെ കുറച്ചു തിന്നപോലെ ഉത്സാഹചിത്തനായി തീർന്നു.

കാരണവരെ പണ്ടത്തെ മാതിരി ആക്കിവെച്ചു പിഷാരടി രണ്ടുംകൂടി ഒരു സങ്കേതമാക്കി. ഒരു ദിവസം കഴിഞ്ഞു. രണ്ടാം ദിവസം കടന്നിരുന്നു. ഉച്ചതിരിഞ്ഞു. ഉണ്ണികൃഷ്ണൻനായരും താനും ഒരു വലിയ കപ്പായമെടുത്തിട്ടു. പിഷാരടി ഒരു ഇരുമ്പുകട്ടാരമെടുത്തു കപ്പായത്തിനുള്ളിൽ ഒളിപ്പിച്ചു ഇരുവരും പുറപ്പെട്ടു. ഊടുവഴികളിൽക്കൂടെ പുറത്തിറങ്ങി 'മണിയറി'ൽ എത്തി. അവിടുത്തെ കഥയെന്താണ്? കാരണവർ ഇപ്പോൾ ഉണ്ണികൃഷ്ണൻനായരാണ്. ഇക്കൊള്ളക്കാരും അവരുടെ മറ്റും കൂടി ഒരു കല്ലറയിൽ വടക്കേ മച്ചിൽ ശീട്ടുകളി കൊണ്ടുപിടിച്ചിരിക്കയാണ്. വാല്യക്കാർ അടുക്കളയിൽ കാപ്പിയും പലഹാരവും ഉണ്ടാക്കുക തിരക്ക്. കിഴക്കേപ്പുറത്തിറയത്തായതില്ല. നല്ല ഇരുട്ട്. പാതിരാവിൽ ഇടങ്ങി. ഇങ്ങനെ നായരും ഉണ്ണികൃഷ്ണൻനായരും പിഷാരടിയും ഒരുമിച്ചു കടന്നുകൂടി. ഒരു ഗുഹാമുഖത്തിൽ കൂടെ നിലവറയിൽ ചെല്ലുന്നു. ചെന്നു ചേരുന്ന മുഖത്തിൽ തന്നെ ഒരു വലിയ പാറകൊണ്ട് അടച്ചുവെച്ചിട്ടുണ്ട്. പിന്നിൽ ചെന്നു പതുങ്ങിയിരിപ്പായി. അതു ഒരു നരകം തന്നെ. തെക്കേ പടിഞ്ഞാറു ഭാഗത്തിൽ ഒരു ഇരുമ്പുകൂട് തറച്ചിട്ടുണ്ട്. അതിനകത്ത് കയ്യും കാലും കൂട്ടിക്കെട്ടിയിട്ടുള്ള ഒരാൾ കിടക്കുന്നുണ്ട്. നോക്കിയപ്പോൾ അതു കാര്യസ്ഥൻ കണ്ണുണ്ണിമേനോനാണ്. വടക്കേ പടിഞ്ഞാറു മൂലയിൽ ഒരു വലിയ ഇരുമ്പു ശിക്ഷയിരുന്നു. ചെമ്പും ചാക്കും വെച്ചിരിക്കുന്നതാണ്. അതിനടുത്ത് ഒരു സ്ത്രീയും മൂന്നു കുട്ടികളും കണ്ണീരും കയ്യുമായി കിടക്കുന്നു. അപ്പോഴേക്കും അവരോ പടിഞ്ഞാറെ ചുമരിന്മേൽ ഒരു പാറയിൽ തള്ളിത്തുറന്നതും പറഞ്ഞ

ൽ കനത്ത ഉറക്കക്കാരനെന്നും കേട്ടു. നോക്കിയപ്പോൾ ഇട്ടിച്ചാത്തന്റെ പുറപ്പാടാണ്. വയറു നിറച്ചിട്ടുംകൊണ്ട് അച്ഛൻ പിന്നാലെയുമുണ്ട്. കുട്ടി ഉടനെ 'എടാ, രാമൻ നായരേ പോ. ഒരു ദിവസം മുമ്പ് ഇവിടെ ആരെങ്കിലും വന്നുവോ?' എന്നു ചോദിച്ചു. അപ്പോഴേക്കും അച്ഛൻ ചാടിക്കടന്നു കണ്ണുക്കുട്ടി ചുണ്ടുവിരൽപ്രയോഗത്തോടുകൂടെ കടിച്ചു മുറിച്ചുംകൊണ്ട് 'എടാ, കശ്മലാ! കാര്യം മനസ്സിലായോ, നേരു പറഞ്ഞോ, മനസ്സിലായോ, ഇല്ലെങ്കിൽ നിന്റെ ശുക്രാക്ഷം മനസ്സിലായോ' എന്നു ചോദിച്ചു. കുട്ടി ഒരാട്ടു കൊടുത്തപ്പോൾ മിണ്ടാതെ നില്പായി.

രാമൻകുട്ടി— ഇനിക്ക് ഇളയപ്പനെ കാണേണ്ടാ. ഞാൻ ഒന്നും മിണ്ടുകയും ഇല്ല. എന്റെ അച്ഛന്റെ അനുജനല്ല, എന്നും പറഞ്ഞു കണ്ണു പൊത്തി.

ഇ. നാ— നിന്റെ കണ്ണു ഞാൻ കുത്തും. നേര് പറഞ്ഞോ.

ഇതിനെ പലതും പറഞ്ഞിട്ടും കുട്ടിയുടെ പക്കൽനിന്നും സൂക്ഷ്മവർത്തമാനമൊന്നും കിട്ടിയില്ല. ഇട്ടിച്ചാത്തൻ ഉപേക്ഷിച്ചിട്ട് കയ്യിലുണ്ടായിരുന്ന കത്തികൊണ്ട് ആ ബാലന്റെ കണ്ണുരണ്ടും ചൂഴ്ന്നെടുത്തു. കുട്ടി കിടന്നു പിടഞ്ഞു. ഇട്ടിച്ചാത്തന്റെ മനസ്സ് കഠിനമായതന്നെ. ഇതു കണ്ടപ്പോഴേക്കും ഉണ്ണിച്ചാത്തൻനായർക്ക് സഹിച്ചില്ല. ഉടനെ ചാടി എഴുന്നേറ്റു ചവിട്ടി മറിച്ചിട്ടു. പിഷാരടിയും ചാടിവന്നു. ഇട്ടിച്ചാത്തനോടുകൂടി പിടികൂടി. അച്ഛൻ ഓടിക്കളഞ്ഞു. പിഷാരടിക്കു ബലം അധികമുണ്ടായിരുന്നതിനാൽ ഇട്ടിച്ചാത്തൻ കുടുങ്ങി. കണ്ണുണ്ണിമേനോന്റെ ചലയടിച്ചു അവന്റെ കയ്യും കാലും കൂട്ടിക്കെട്ടിയിട്ടു. കുപ്പായത്തിന്റെ അടിയിൽനിന്നും കട്ടാരമെടുത്ത് അവന്റെ ചങ്കിൽ കുത്തിനിറുത്തി. ചോര കുടുകുടെ ചാടി. കിടന്നു പിടഞ്ഞു. കണ്ണനേയും കുട്ടികളേയും സമാധാനിപ്പിച്ചിരുന്ന ഉണ്ണിച്ചാത്തൻനായരെ ഇരുട്ടിൽ ഒരു മറഞ്ഞുനിന്ന് കണ്ടിട്ടു പോകാൻ ഓടി ഒടുങ്ങി. പിഷാരടി ഒരു തല്ലു കൊടുത്തപ്പോൾ നാലു കോൽ ദൂരെ ചെന്നു വീണു. പിന്നെ പിഷാരടി പറഞ്ഞതുകേട്ടു: 'നിങ്ങളെല്ലാവരും കേൾപ്പിൻ. നമുക്കിനി ഇവിടെ ഒന്നും നോക്കാനില്ല. ഈ കള്ളക്കിഴവിയുടെ മരപ്പെട്ടിയിൽ ചോരയിൽ പുരണ്ട വിഷം സൂക്ഷിച്ചിരുന്നു. നാലു ദിവസം കാലത്തു പെട്ടി ഇവിടെ വെച്ച് കള്ളിക്കാൻ പോയ മാതിരിയാണ്. അതുകൊണ്ട് ഈ പണിയൊക്കെ പറ്റിച്ചു. അപ്പോൾ തന്നെ എന്നോടും വിവരം പറയിച്ചിരിക്കുന്നു. മരിച്ചവന്റെ ശരീരം എന്റെ മനസ്സ് ഇതുവരെ നീറി. ഇനി വയ്യാ. മൂന്നു ദിവസം മുമ്പ് നടന്നതെല്ലാം ഞാൻ തന്നെ മനസ്സിലാക്കി ഇപ്പോൾ തെളിഞ്ഞു. ഈ കള്ളന്റെ മക്കളും ഈ കാട്ടുകള്ളനായ അച്ഛനും ഞാൻ ഒരു ദിവസം മുമ്പ് കിണറ്റിൽ വെച്ച ചുക്കുവെള്ളത്തിൽ ആരും കാണാതെ വിഷമിട്ടുകൊടുത്തിട്ടുണ്ട്. ഇവരുടെ കഥയും ഇപ്പോൾ കഴിയും. അന്നു ആ വെള്ളം കുടിക്കാതിരുന്ന ഇവന്റെ കഥ ഇതിനോടും കഴിയട്ടെ.' ഇത്രയും പറഞ്ഞപ്പോഴേക്കും മേലേനിന്നു 'അയ്യോ' എന്ന ഒരു നാലഞ്ചു നിലവിളി കേട്ടു. അടുത്തു കിടന്ന കുഞ്ഞുങ്ങളും പിഷാരടി നിന്ന വഴിയിൽ തന്നെ വീണു മരിച്ചു. ഇങ്ങനെ മാളികയിൽ ഉണ്ടായിരുന്ന എല്ലാവരുടെ കാര്യവും തീർന്നു കഴിഞ്ഞു. ഇട്ടിച്ചാത്തൻ മാത്രം പ്രാണവേദനയോടെ അലറിവിളിച്ചു കിടന്നു പിടഞ്ഞു തല തല്ലി നിലവിളിച്ചു പല സന്ധ്യാസമയം വരെ ആ കിണറ്റിൽ കിടന്നിട്ടാണ് മരിച്ചത്.

പിറ്റേന്നാൾ പിഷാരടിയുടെ ശിഷ്യന്റെയും വിഷമിച്ചു സ്വന്തമായ അമ്മുക്കുട്ടിയുടെയും വിവാഹമായി. ആദി വ്യാധിയായിതിന് അമ്മുക്കുട്ടി മരിച്ചുപോയെന്ന് ഇയ്യിടെ കേട്ടു. ഇതിനെ മണിയമ്മയും തന്റെ നശിച്ചുപോയതിനാൽ സന്താനങ്ങളെല്ലാം സുഖമായിരിക്കുന്നു.

പി. എസ്സ്. എൻ

മംഗളോദയം
മാസിക

പുസ്തകം ൩ | കർക്കടകമാസം | ലക്കം ൧൧

മംഗളം

വിദ്യുൽക്കൊടി വിശ്വമംഗളനാം
ത്രിദിവപ്പൊൽക്കുന്നിൽ ചുറ്റിടുന്നതു്
നാൽക്കയ്യുള്ളിളംബികാമണിയാളെൻ
നിതാന്തമിഷ്ടമേകട്ടെ ഭവ്യപദങ്ങൾ.

ലീലാതിലകം

ഭാഷാശാകുന്തളം*



ലോകത്തിൽ അനേകമായുള്ള സംസ്കൃതക്രിയകളുടെ വകകളുമൊക്കെയാണ് അധികം സാക്ഷ്യത്തോടുകൂടി ലഭിക്കപ്പെടുന്നത് എന്നുള്ളതു നിരാക്ഷേപമായ ഒരു വാസ്തവമാകുന്നു. ഓരോ ദേശത്ത് ഓരോ കാലത്തിൽ ഓരോ സാഹിത്യങ്ങൾക്കൊണ്ട് പ്രസിദ്ധന്മാരായി വിളങ്ങിട്ടുള്ളവരെക്കുറിച്ച് സാധാരണജനങ്ങൾക്ക് ഇത്രമാത്രം കേട്ടറിവുണ്ടായിരിക്കുമ്പോൾ വളരെ അധികമായി ഒരു ദേശത്തിൽ ഒരു കാലത്ത് ഒരു സൽകാവ്യത്തെ നിർമ്മിച്ചിട്ടുള്ള കവിയെക്കുറിച്ച് കേട്ടറിവുണ്ടായിരിക്കേണ്ടതിന്നു സംശയമില്ല. വിക്രമാദിത്യന്റെയോ ഭോജന്റെയോ കാലത്തു രാജ്യതന്ത്രനിപുണന്മാരായ മന്ത്രിമാരോ പരാക്രമശാലികളായ സേനാനായകന്മാരോ തപശ്ശക്തിയുള്ള യോഗികളോ ആയിട്ടുള്ളവരെല്ലാം ഉണ്ടായിരുന്നിരിക്കാം. എന്നാൽ അങ്ങനെ പ്രസിദ്ധന്മാരായവരിൽ കാളിദാസന്റെ പോലെ ഒരുത്തന്റെ എങ്കിലും പേരിനെ നാം ഇപ്പോൾ അറിയുന്നുണ്ടോ? അതിന്റെ വണ്ണം തന്നെ ഇംഗ്ലണ്ടിലെ വിഖ്യാതനായ എലിസബത്ത്

* പി. വി. കൃഷ്ണവാരിയർ മുതലായവരുടെ അനുവാദപ്രകാരം.

ഈ മഹാരാജാവിന്റെ കാലത്തുണ്ടായിരുന്ന മന്ത്രിമാരെയും സേനാനികളെയും മററു ഉദ്യോഗസ്ഥന്മാരെയും കുറിച്ച് അധികമായ അറിവ് എന്തു ആവശ്യകമായിരിക്കും? എങ്കിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും സാമാന്യവ്യുല്പത്തി ഉള്ളവരിൽ കാളിദാസന്റെയും ഷേക്സ്പീയരുടെയും പേര് കേട്ടിട്ടില്ലാത്തവർ ആരും ഉണ്ടായിരിക്കയില്ലെന്നുള്ളതു നിർവിവാദം തന്നെ. ഈ മഹാന്മാർ ജീവിച്ചിരുന്ന കാലത്ത് ഇവരെക്കാൾ ഉന്നതസ്ഥിതിയിൽ ഇരുന്നവരും അധികം മാന്യതയും പ്രസിദ്ധിയും ഉള്ളവരും ആയി അനേകം ആളുകൾ ഉണ്ടായിരിക്കും, ഇവർ അന്നു കേവലം അപ്രധാനന്മാരായും ഇവരെക്കാൾ ഉൽകൃഷ്ടാവസ്ഥയിൽ ഇരുന്ന പലവരെയും ആശ്രയിച്ചു കാലക്ഷേപം ചെയ്തിരുന്നവരും തങ്ങടെ ലോകത്തിൽ എന്നെന്നേക്കും നിലനില്പുള്ളതായി ഉണ്ടാകാൻ പോകുന്ന കീർത്തിയെക്കുറിച്ചു യാതൊരു വിചാരവും ആശംസയും ഇല്ലാത്തവരും ആയിരിക്കയും ചെയ്തിരുന്നിരിക്കാമെന്നുള്ളത് അസംഭാവ്യമല്ല. എന്നാൽ രാജാക്കന്മാർ യുദ്ധങ്ങളിൽ ജയത്തെ പ്രാപിക്കയും രാജ്യങ്ങളെ സമ്പാദിച്ചുകൊള്ളുകയും മറ്റും ചെയ്തിട്ടുള്ളവരുടെ അത്ഭുതകർമ്മങ്ങൾ കാലക്രമേണ കേവലം വിസ്മൃതപ്രായങ്ങളായി പോയിരിക്കുമ്പോഴും അവരുടെ സമകാലീനന്മാരായ കവികളുടെ വാക്കുകൾ ഉത്ഭവിച്ച കാലത്ത് അവയ്ക്ക് ഉണ്ടായിരിക്കാവുന്നതിലും അധികമായി ഉത്തരോത്തരം വർദ്ധിച്ചുവരുന്ന പ്രാശസ്ത്യത്തോടുകൂടി ദേശാന്തരങ്ങളിലും പ്രചാരത്തെ പ്രാപിച്ചു കാണുന്നതുകൊണ്ടു കവികളെപ്പോലെ സ്ഥായിയായും ഉപര്യുപരി പുഷ്ടിയെ പ്രാപിച്ചു വരുന്നതായും ഉള്ള യശസ്സു മറ്റുള്ളവരാൽ സമ്പാദിക്കാൻ ശക്യമല്ലെന്നുള്ളതു തീർച്ചതന്നെ. എന്നാൽ എന്തെങ്കിലും ഒരു കാവ്യം നിർമ്മിച്ചിട്ടുള്ള എല്ലാ കവികളുടെയും യശസ്സു ചിരന്തനമായി ലോകത്തിൽ നിലനില്ക്കുമെന്നു നിശ്ചയിക്കാൻ പാടില്ല.

'ചിത്രാ ഏവ കവയഃ ചിത്രാണ്യേവ കാവ്യാനി'

എന്ന് ഒരു മഹാനായ ആലങ്കാരികൻ പറഞ്ഞിട്ടുള്ളതിനെ നാം ഓർക്കണം.

എല്ലാവരും യശസ്സിനെ ആഗ്രഹിച്ചു തന്നെ ആയിരിക്കാം കാവ്യരചനയിൽ ഉദ്യോഗിക്കുന്നത്. എങ്കിലും നാനാപക്ഷമയമായ ഗ്രന്ഥവിശേഷങ്ങളെക്കൊണ്ടു സഹൃദയന്മാർ ഏതുവിധമായിരിക്കിലും കാലത്താൽ സ്ഥായിയായ പ്രതിഷ്ഠയെ പ്രാപിച്ചു വന്നിട്ടുള്ള ഒരു കൃതിയുടെ കർത്താവ് കവിയശഃപ്രാർത്ഥിതം മറ്റുള്ള സ്ഥായി സർവ്വസാധാരണമായി ഭവിക്കും. അതുപ്രകാരമുള്ള ഒരു കൃതിയായ ശാകുന്തളനാടകത്തിന്റെ കർത്താവായ കാളിദാസന്റെ പേർ എത്തിട്ടില്ലാത്ത ദേശം ഏതൽകാലത്തിൽ ഒന്നെങ്കിലും ഭൂമണ്ഡലത്തിൽ ഇല്ല. ഷേക്സ്പീയരെ അതിനെ അതിശയിക്കുന്ന ഒരു കവി ഉണ്ടെന്നു സഹൃദയന്മാർ നിശ്ചയിക്കുന്നതാണ്. ഗ്രീക്ക്, ലത്തീൻ മുതലായ മഹാകവികളിൽ ചിലർ ... പ്രത്യേകം പക്ഷപാതികളായ ചിലർ ഇല്ലാതില്ല; എന്നാൽ ഇതുപോലെ അവരുടെ കൃതികളെ എല്ലാ വ്യത്യാസം കൂടാതെ ആദരിക്കുന്നവരായ ... ചിലരുണ്ടായിരിക്കും. പക്ഷേ കാളിദാസന്റെ വാക്കിനുള്ള അകൃത്രിമമായ മാധുര്യത്തെ ആസ്വദിച്ചു രസിക്കാത്തവരായിട്ടുള്ള ആസ്വാദനസാമർത്ഥ്യമുള്ള ... നിന്നിട്ട് അല്ലെങ്കിലും വിസ്മയിക്കാത്തവരായി ഈ ദേശത്തിലും ...

ദ്ധാന്തങ്ങളിലും അഭിജ്ഞതയിൽ അ
പ്പത്തന്നെ ഉണ്ടായിരിക്കയില്ല.

സംസ്കൃതഭാഷയിൽ സാഹിത്യത്തിന്റെ ഉത്ഭവം മുതൽക്കേ പരിഷ്കാരം വർദ്ധിച്ചുവന്നിട്ടുള്ള പരമാർത്ഥത്തെ പ്രതിപാദിക്കുന്ന ഒരു പ്രാചീന പ്രത്യക്ഷീഭവിപ്പിക്കുന്നതു കാളിദാസകൃതികളിലാണെന്നുള്ളത് അനേകവൈചിത്ര്യമാകുന്നു. അതിൽ അപ്രാചീനന്മാരായ കവികൾ (പ്രാചീനന്മാരിലും ചിലരുണ്ടായിരിക്കാം.) ശബ്ദത്തിലും അർത്ഥത്തിലും അനേകവിധങ്ങളായ വൈചിത്ര്യങ്ങൾ കല്പിച്ചു ഓരോന്ന് ഒരു സമ്പ്രദായമാക്കി വളരെ ചെയ്തിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. എങ്കിലും ശബ്ദാർത്ഥങ്ങളെ കേവലം പരിഷ്കാരത്തിനു തന്നെ കല്പിക്കപ്പെടാവുന്നതാണോ എന്നു വളരെ ശങ്കിക്കേണ്ടിയിരിക്കുന്നു. വേദങ്ങളിലെ രീതിയിൽനിന്ന് പുരാണങ്ങളിലെ രീതികളും പുരാണങ്ങളിലെ രീതിയിൽനിന്നു കാളിദാസകൃതികളിലെ രീതികളും എത്രയോ പരിഷ്കാരം ഉത്തരോത്തരം സ്പഷ്ടമായി കാണപ്പെടുന്നു. അതുപോലെ തന്നെ കാളിദാസകൃതികളിലെ രീതിയിൽനിന്നും ശ്രീഹർഷാദികൃതികളിലെ രീതികളും കണ്ടാൽ ഒരേതരം പരിഷ്കാരമെന്നു തീർച്ചപ്പെടുത്താൻ പാടുള്ളതാണോ? കാളിദാസൻ 'രഘുവംശ'മഹാകാവ്യത്തിന്റെ ആരംഭത്തിൽ ഉദ്ദേശിച്ചതിന്റെ ഉദ്ദേശ്യം 'മന്ദഃ കവിയശഃപ്രാർത്ഥീ' എന്ന് അദ്ദേഹത്തിന്റെ വാക്കാൽ തന്നെ പ്രതിപാദിച്ചിട്ടുള്ളതുപോലെ കവിയശസ്സിനെ സമ്പാദിക്കേണമെന്നു കൂടിയും ആയിരുന്നിരിക്കാമെങ്കിലും അതിന് ഉപായികമായി അന്നാൽ വിവക്ഷിതമായ വിഷയത്തെ ലളിതമായും സരസമായും ലൗകികവ്യവഹാരരീതിയെ അനുസരിച്ചും ഹൃദയംഗമമാക്കി പ്രതിപാദിക്കേണമെന്നു മാത്രമല്ലാതെ തന്റെ പാണ്ഡിത്യ കൗശലം വെളിപ്പെടുത്തണമെന്നുള്ള വിചാരം അദ്ദേഹത്തിനുണ്ടായിരുന്നില്ലെന്നുള്ളത് അദ്ദേഹത്തിന്റെ കൃതികളായ 'രഘുവംശ'ാദികളിലെ ഏതു ഭാഗം നോക്കിയാലും സ്പഷ്ടമായി അറിയാവുന്നതാണ്. അതുപോലെതന്നെ 'കുമാരസംഭവം', 'മാഘം', 'കിരാതാർജ്ജുനീയം' മുതലായ കാവ്യങ്ങളിലെ ഏതു ഭാഗം നോക്കിയാലും അവയുടെ കർത്താക്കന്മാർക്ക് ഒരു വാസ്തവകഥയെ വിവരിക്കണമെന്നുള്ള ഉദ്ദേശ്യത്തെക്കാൾ തങ്ങളുടെ കവിതാചാതുര്യത്തെ പ്രകാശിപ്പിക്കണമെന്നുള്ള വിചാരം മുന്തിനിന്നായിരുന്നു മുഴുവനും നിന്നിരുന്നതെന്നു നിർവിവാദമായി പ്രത്യക്ഷീഭവിക്കുന്നതാണ്. അവർ വിവക്ഷിതമായ വിഷയത്തെ ശബ്ദത്തിലും അർത്ഥത്തിലും കല്പിക്കാൻ കഴിയുന്ന വൈചിത്ര്യത്തെ പ്രദർശിപ്പിക്കുന്നതിന് ഒരു ഉപായമായിട്ടു മാത്രമേ കരുതിയിരുന്നുള്ളു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഉത്തമകവികൃതികളുടെ സർവഥാ ഉൽകൃഷ്ടങ്ങളെന്ന് അത്യുപാദേയങ്ങളായ കാളിദാസകൃതികളിൽവച്ച് അകൃത്രിമമായ രമണീയകംകൊണ്ടും സ്വാഭാവികരസപുഷ്ടികൊണ്ടും കഥാചാതുര്യംകൊണ്ടും സന്ദർഭസാമഗ്രികൊണ്ടും ശ്രേഷ്ഠതമമായ 'ശാകുന്തളം' ലോകത്തിൽ മുഴുവനും അറിയപ്പെട്ടിട്ടുള്ളതും നാനാദേശീയന്മാരായ സകല പണ്ഡിതന്മാരാലും സമഗ്രമായി അഭിനന്ദിക്കപ്പെട്ടിട്ടുള്ളതും ആകുന്നു. ജർമ്മനിയിലെ മഹാകവിയായ ഗെയ്‌ഥേയുടെ പ്രസിദ്ധമായ ഒരു പദ്യത്തിലെ താൽപര്യത്തെ ഇവിടെ എഴുതുന്നു: 'സംവത്സരാരംഭത്തിലെ പുഷ്പങ്ങളും സംവത്സരാവസാനത്തിലെ ഫലങ്ങളും, ആത്മാവിനെ മോഹത്തെയും ആനന്ദപാരവശ്യത്തെയും നിർവൃതിയെയും സന്തൃപ്തിയെയും ജനിപ്പി

ങ്ങനെയായ സങ്കലനം എന്നു വേണ്ട, ഭൂലോകവും സ്വർല്ലോകവും കൂടിയും ഒരു നാമത്തിൽ യോജിപ്പിക്കപ്പെടണമെങ്കിൽ 'ശാകുന്തളം' എന്നു പറഞ്ഞാൽ മതി; അതിൽ എല്ലാം അന്തർഭവിച്ചിരിക്കുന്നു.'

'കവിതാ കാളിദാസസ്യ തത്ര നാടകത്രയം തത്ര
ശാകുന്തളം ചതുർത്ഥോങ്കസ്തത്ര ശ്ലോകചതുഷ്ടയം.'

എന്നു് ഒരു പ്രസിദ്ധശ്ലോകം ഉണ്ടു്. കാളിദാസന്റെ അസാധാരണകവിതാപാടവത്തെക്കുറിച്ചു് എത്രത്തോളത്തിലെ പ്രാചീനകവികളിൽ എത്ര പേർ ശ്ലാഘിച്ചിട്ടുണ്ടെന്നുള്ളതിനു് അവധിയില്ല.

> പുരാ കവീനാം ഗണനാപ്രസംഗേ
> കനിഷ്ഠികാധിഷ്ഠിതകാളിദാസാ
> അദ്യാപി തത്തുല്യകവേരഭാവാ-
> ദനാമികാ സാർത്ഥവതീ ബഭൂവ.'

എന്നു് ഒരു ശ്ലോകം കേട്ടിട്ടുണ്ടു്.

മഹാകവിയായ ബാണൻ—

'നിർഗ്ഗതാസു ന വാ കസ്യ കാളിദാസസ്യ സൂക്തിഷു
പ്രീതിർമ്മധുരസാന്ദ്രാസു മഞ്ജരീഷ്വിവ ജായതേ.'

പ്രസിദ്ധനായ ഗോവർദ്ധനാചാര്യർ—

'സാകൂതമധുരകോമളവിലാസിനീകണ്ഠകൂജിതപ്രായേ (ശി
ക്ഷാസമയേപി മുദേ രതിലീലാകാളിദാസോക്തീ.'

പ്രസന്നരാഘവത്തിൽ ജയദേവൻ—

'യസ്യാശ്ചോരശ്ചികുരനികരഃ കർണ്ണപൂരോ മയൂരോ
ഭാസോ ഹാസഃ കവികുലഗുരുഃ കാളിദാസോ വിലാസഃ
ഹർഷോ ഹർഷോ ഹൃദയവസതിഃ പഞ്ചബാണസ്തു ബാണഃ (കേ
ഷാം നൈഷാ കഥയ കവിതാകാമിനീ കൗതുകാ (യ.'

അലക്സാണ്ടർ വാൻഹംബോൾട്ട് എന്ന യൂറോപ്യപണ്ഡിതൻ കാളിദാസനെക്കുറിച്ചു് ഇപ്രകാരം എഴുതിയിരിക്കുന്നു: "പ്രസിദ്ധനാടകങ്ങളുടെ കർത്താവായ കാളിദാസൻ ശൃംഗാരരസത്തെ പ്രതിപാദിക്കുന്നതിൽ അദ്വിതീയനായ ഒരു മഹാകവിയാകുന്നു. അദ്ദേഹം വർജിൽ, ഹോറേസ് ഇവരുടെ സമാനകാലീനനും ആയിരുന്നു. മനോവികാരങ്ങളെ പ്രദർശിപ്പിക്കുന്നതിലുള്ള വൈദഗ്ദ്ധ്യവിശേഷവും കല്പനാശക്തിയുടെ പുഷ്ടിയും കൊണ്ടു് അദ്ദേഹത്തിനു സകലരാജ്യങ്ങളിലുമുള്ള കവികളുടെ മദ്ധ്യത്തിൽ ഉന്നതമായ ഒരു സ്ഥാനം കല്പിക്കപ്പെട്ടിട്ടുണ്ടു്."

എന്നാൽ ഇത്ര പ്രഖ്യാതനായ ഒരു മഹാകവിയുടെ ചരിത്രത്തെക്കുറിച്ചു നമുക്കു പ്രാമാണികമായ അറിവും ഇല്ലാത്തതു് എത്ര ശോചനീയമായ ഒരു സംഗതിയാകുന്നു. അദ്ദേഹത്തിന്റെ സമാനകാലീനന്മാരായ വിദ്വാന്മാരിൽ ഒരാളെങ്കിലും ബാസ്വെല്ലിനു ജാൺസന്റെ ചരിത്രം എഴുതണമെന്നു തോന്നിയതുപോലെ, കാളിദാസന്റെ ഒരു ചരിത്രവും എഴുതണമെന്നു തോന്നുകയും ബാസ്വെൽ, ജാൺസനെ നേരിട്ടു് എങ്ങനെ പ്രത്യക്ഷീകരിച്ചു മനസ്സിലാക്കിയോ അതുപോലെ കാളിദാസനെക്കുറിച്ചുള്ള സകലവിവരങ്ങളെയും സവിസ്തരമായി അദ്ദേഹം എഴുതി നമ്മെ അറിയിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു. കാളിദാസമഹാകവി ഏതു ദിക്കിൽ ജനിച്ചു എന്നും, അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ ഏതു സ്ഥിതിയിൽ ഇരുന്നു എന്നും, അദ്ദേഹത്തിന്റെ വിദ്യാഭ്യാസം എങ്ങനെയായിരുന്നു എന്നും, അദ്ദേഹം കാലക്ഷേപം ചെയ്തുവന്നതു് ഏതുവിധത്തിലായിരുന്നു എന്നും, അദ്ദേഹത്തിനു് ആരോടെല്ലാം സഹവാസമുണ്ടായിരുന്നു എന്നും മറ്റും വാസ്തവമായി വിവരണം ചെയ്യുന്ന ഒരു ഗ്രന്ഥമുണ്ടായിരുന്നെങ്കിൽ അതിനെ സകലവിദ്വാന്മാരും എത്ര ഉത്സാഹത്തോടു കൂടി വായിക്കുമായിരുന്നു! എന്നാൽ ഇപ്രകാരം ഇംഗ്ലീഷുസമ്പ്രദായത്തിൽ എഴുതപ്പെട്ട ചരിത്രം ഇല്ലെങ്കിലും കാളിദാസനെക്കുറിച്ചു് ഇ-

കൽപ്പിതങ്ങളോടു കൂടിയ അനേകവിധങ്ങളായ ഐതിഹ്യങ്ങൾ ഉണ്ട്. അവയുടെ പ്രാമാണ്യത്തെക്കുറിച്ചു സന്ദേഹിക്കേണ്ടിയിരിക്കുന്നു. എങ്കിലും അവയിൽ നിന്നു ചില സംഗതികളെ ഇവിടെ സാമാന്യമായി പ്രസ്താവിക്കാം.

ഒരു വിദുഷിയായ കന്യ തന്നെ വിവാഹം ചെയ്യുന്നതിനായി പിതാവിനാൽ ആനീതന്മാരായ സകലവിദ്വാന്മാരെയും ശാസ്ത്രവാദത്തിൽ തോല്പിച്ചതിനാൽ കുപിതനായി പിന്നീട് ആരും വരാതായതിനാൽ ആ പിതാവ് ഇനി വാദപ്രതിവാദം കൂടാതെതന്നെ യോഗ്യന്മാരാരെങ്കിലും പുത്രിയെ കൊടുക്കണമെന്നു നിശ്ചയിച്ചു പിതാവ് ശ്രമിച്ചു. എന്നാൽ യോഗ്യന്മാർ കന്യകയിലുള്ള പൂർവ്വവൈരം നിമിത്തം ചെയ്യേണ്ടതിനാൽ ഗൂഢമായി ആലോചിച്ച് ഇനി ഒരു മൂഢനൊരുത്തനെ കൊണ്ടുപോകണമെന്നു വെച്ചു നോക്കി നടക്കുമ്പോൾ ഒരു സുകൃതിയായ ഇടയൻ (ആട്ടുകാരൻ എന്നും കേൾവിയുണ്ട്) തന്റെ ഒട്ടകത്തിനു തീറ്റിക്കായി വൃക്ഷത്തിൽ കയറി താൻ ഇരിക്കുന്ന ശാഖയുടെ മൂലത്തെത്തന്നെ വെട്ടുന്നതു കണ്ട് അവനെ മൂഢനെന്നു നിശ്ചയിച്ചു നല്ല വസ്ത്രവും ധരിപ്പിച്ച് മൗനം അവലംബിക്കണമെന്നും പറഞ്ഞുറപ്പിച്ചു കൂട്ടിക്കൊണ്ടുപോയി. വിവാഹമണ്ഡപത്തിന്റെ മുകൾപ്പുറത്തു കെട്ടിയിരുന്ന തിരശ്ശീലയിൽ ശിവന്റെ ചിത്രത്തെ കണ്ട് ആ മൂഢൻ '[illegible]' എന്നു പറഞ്ഞപ്പോൾ അതെന്താണെന്ന് ആ സ്ത്രീ ആക്ഷേപിക്കുകയും അവളോടു മറ്റൊരുവരായ ചില വിദ്വാന്മാർ

[illegible]

(ഞാ.)

എന്നു 'സമാധാനം' പറഞ്ഞ് അതിനെ സാധുത്വം സാധിപ്പിക്കുകയും ചെയ്തു.

വിവാഹാനന്തരം ശയനഗൃഹത്തിൽ ചെന്നു 'ശബ്ദശാസ്ത്രം ഗ്രഹിച്ചിട്ടില്ലാത്ത' ആ വിദ്വാൻ ഗ്രാമ്യോച്ചാരണമായ സാഹിത്യം കൊണ്ട് ഉടനെ ഗാഢനിദ്രയെ പ്രാപിച്ച് സ്വപ്നത്തിൽ 'ഉഷ്ട്ര ഉഷ്ട്ര ഉട്ര ഉട്ര' എന്നിങ്ങനെ ബദ്ധം വിളിച്ചു പറയുന്നതു കേട്ടു സമീപത്തിരുന്ന വിദുഷിയായ വധു അസഹ്യപ്പെട്ടപ്പോൾ ചില വിദ്വാന്മാർ അവന്റെ പരമാർത്ഥത്തെ അവളോടു പറഞ്ഞു. ഈ പ്രകൃതത്തിൽ ചേർന്ന്

'ഉഷ്ട്രേ ലുമ്പതി രം വാ ഷം വാ
തസ്മൈ ദത്താ വിപുലനിതംബാ.'

എന്ന ഒരു ശ്ലോകം കേട്ടിട്ടുണ്ട്. (താലിബന്ധനം ചെയ്തപ്പോൾ സ്വഭാവേനയുള്ള ആ ഗോപാലൻ തന്റെ മുഖത്തിൽ ആട്ടുകയാൽ വിസ്മയവിസർജ്ജനം ചെയ്യുന്ന ഏതു ശബ്ദത്തോടു കൂടി 'ഫൂ ഫൂ' എന്നു നിഷ്ഠീവനം ചെയ്തു എന്നും ഒരു പ്രവാദം ഉണ്ട്) എന്തായാലും അനക്ഷരകുക്ഷിയായ ഭർത്താവിനെ ആ സ്ത്രീ തിരസ്കരിച്ചതിന്റെ ശേഷം ആയാൾ നിശ്ചയിച്ചുറച്ചതായി ഭദ്രകാളിയെ സേവിക്കുന്നതിനു സമീപത്ത് ഒരു വനാന്തർഗ്ഗതമായ ക്ഷേത്രത്തിൽ അർദ്ധരാത്രിയിൽ ചെന്നു ചേർന്നപ്പോൾ ദേവി പുറമെ സഞ്ചരിക്കാൻ പോയിരിക്കുകയായിരുന്നു. അവൻ ക്ഷേത്രത്തിനകത്തു കടന്നു വാതിൽ സാക്ഷയിട്ടു കുറെ കഴിഞ്ഞപ്പോൾ ദേവി തിരിച്ചു വന്നു വാതിലടച്ചിരിക്കുന്നതു കണ്ട്, 'ആരാണകത്ത്?' എന്നും അവൻ ധൃഷ്ടതയോടു കൂടി അകത്തിരുന്നുകൊണ്ട് 'ആരാണ് പുറത്ത്?' എന്നും ചോദിച്ചതിന്റെ ശേഷം ദേവി എങ്ങിനെയായാലും ഭക്ത്യ സന്തോഷം ഉൾക്കൊണ്ടതിനു മുമ്പിൽ അകത്തു കടക്കണമല്ലോ എന്നുള്ള ഉൽക്കണ്ഠ നിമി

ത്തം ഞാൻ കാളിയാണ്' എന്നുള്ള പരമാർത്ഥത്തെ പറഞ്ഞു. അപ്പോൾ അവർ വാതിൽ തുറക്കാതെ അകത്തുതന്നെ ഇരുന്നുകൊണ്ട് എന്നാൽ 'ഞാൻ ദാസനാണ്' എന്നു പറഞ്ഞതു കേട്ടു ദേവി സന്തോഷിച്ച് 'കാളിദാസാ! നീ എന്തിനാണ് എന്റെ ക്ഷേത്രത്തിൽ കടന്നിരിക്കുന്നത്? നിനക്ക് എന്താണ് ആവശ്യമുള്ളത്?' എന്നു ചോദിക്കുകയും, കാളിദാസൻ 'എനിക്കു വിദ്യയുണ്ടാകണമെന്നല്ലാതെ ഞാൻ വാതിൽ തുറക്കുന്നതല്ല' എന്നു ശാഠ്യം പിടിച്ചതിനാൽ വാതിലിന്റെ ഇടയിൽ കൂടി നാക്കു പുറത്തേക്കു നീട്ടുന്നതിനു ദേവി നിയോഗിച്ചതിൻവണ്ണം അദ്ദേഹം ചെയ്യുകയും തന്റെ ശൂലികാഗ്രം കൊണ്ടു ദേവി അതിൽ വിദ്യാപ്രദമായ ചിന്താമണിമന്ത്രത്തെ എഴുതുകയും ചെയ്തു. ഉടനെ കാളിദാസൻ മഹാകവിയായിത്തീർന്ന്, വാതിൽ തുറന്നു ദേവിയെ നമസ്കരിച്ചു സ്തുതിച്ചു.

'സൌന്ദര്യവിഭ്രമഭുവോ ഭുവനാധിപത്യ-
സമ്പത്തികല്പതരവസ്ത്രിപുരേ ജയന്തി
ഏതേ കവിത്വകുമുദപ്രകരാവബോധ-
പൂർണ്ണേന്ദവസ്ത്വയി ജഗജ്ജനനി! പ്രണാമാഃ.'

ഇത്യാദിയായി എത്രയോ ശ്ലോകങ്ങൾ അടങ്ങീട്ടുള്ള സ്തവം അപ്പോൾ കാളിദാസനാൽ നിർമ്മിക്കപ്പെട്ടതാണെന്നു കേട്ടിട്ടുണ്ട്.

ഇപ്രകാരം അനുഗ്രഹീതകവിയായിത്തീർന്നിട്ട് അദ്ദേഹം തിരിയെ വന്നു ഭാര്യയെ കണ്ടപ്പോൾ 'അസ്തി കശ്ചിദ്വാഗ്വിശേഷഃ?' എന്ന് അവൾ ചോദിച്ചു എന്നും, അനന്തരം അദ്ദേഹം ആ ചോദ്യത്തിലെ പദത്രയത്തെ ആദിയിൽ ചേർത്ത് 'അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ' ഇത്യാദിയായി 'കുമാരസംഭവ'ത്തെയും, 'കശ്ചിത് കാന്താവിരഹഗുരുണാ സ്വാധികാരപ്രമത്തഃ' ഇത്യാദിയായി 'മേഘസന്ദേശ'ത്തെയും, 'വാഗർത്ഥാവിവ സമ്പൃക്തൗ' ഇത്യാദിയായി 'രഘുവംശ'ത്തെയും നിർമ്മിച്ചു എന്നും പ്രസിദ്ധിയുണ്ട്.

'ഭോജചരിത്രം' എന്ന കൃതിയിൽ കാളിദാസനെക്കുറിച്ച് അനേകകഥകൾ ഉണ്ട്. എങ്കിലും പ്രാമാണ്യം കല്പിക്കത്തക്കതാണെന്നു നിശ്ചയിക്കാൻ പാടില്ലാത്തതിനാലും ഈ ഉപന്യാസം അധികം ദീർഘിപ്പിക്കരുതെന്നുള്ള വിചാരത്താലും അവയെ ഇവിടെ വിവരിക്കുന്നില്ല.

കാളിദാസന്റെ കാലം ഇന്നതാണെന്നു ഇതുവരെയും നിശ്ചയിക്കപ്പെട്ടിട്ടില്ല. വിക്രമാദിത്യന്റെ സദസ്യന്മാരായിരുന്ന കവികളുടെ കൂട്ടത്തിൽ കാളിദാസനെയും കൂടി ചേർത്ത്,

'ധന്വന്തരിക്ഷപണകാമരസിംഹശങ്കു-
വേതാളഭട്ടഘടകർപ്പരകാളിദാസാഃ
ഖ്യാതോ വരാഹമിഹിരോ നൃപതേസ്സഭായാം
രത്നാനി വൈ വരരുചിർന്നവ വിക്രമസ്യ.'

എന്ന് ഒരു ശ്ലോകം ഉദ്ധരിച്ചു പ്രമാണിച്ചു കാളിദാസനെ വിക്രമാദിത്യനോടു സമകാലീനനാക്കി ചിലർ വ്യവഹരിക്കുന്നുണ്ട്. എന്നാൽ ഈ ശ്ലോകത്തിന്റെ പ്രാമാണികതയെക്കുറിച്ചുതന്നെ മറ്റു ചിലർ വിപ്രതിപത്തിയുള്ളതായി കാണുന്നു. മേൽപ്പറഞ്ഞ ശ്ലോകം 'വിക്രമചരിത'ത്തിൽ ഉള്ളതാണെന്നു പറയപ്പെടുന്നത്. എന്നാൽ 'ഹാൾ' എന്ന യൂറോപ്യപണ്ഡിതൻ 'വിക്രമചരിത'ത്തെക്കുറിച്ചു വിവരിച്ച് [illegible] 'ഏഷ്യാറ്റിക് ജേർണലി'ൽ എഴുതീട്ടുള്ളതിൽ ഇതിനെക്കുറിച്ചു യാതൊന്നും പറഞ്ഞിട്ടില്ല. ഇതുകൂടാതെയും 'സിംഹാസനദ്വാത്രിംശിക' പ്രസിദ്ധപ്പെടുത്തീട്ടുള്ളതിൽ ഒന്നിലും ഈ ശ്ലോകം കണ്ടിട്ടില്ല. ഇതു 'ജ്യോതിർവിദാഭരണം' എന്നും 'നവരത്നം' എന്നും രണ്ടു ഗ്രന്ഥങ്ങളിൽ ഉ

ണെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനെ പ്രമാണീകരിക്കുന്ന പക്ഷം കാളിദാസൻ ക്രിസ്ത്വബ്ദത്തിന് ഒരു സംവത്സരം മുമ്പിൽ ജീവിച്ചിരുന്നിരിക്കണം.

എന്നാൽ ഇതിൽ പറയുന്ന വിക്രമൻ വിക്രമാബ്ദത്തെ പ്രവർത്തിപ്പിച്ച പ്രസിദ്ധ വിക്രമാദിത്യൻ തന്നെയോ എന്നു നിശ്ചയിക്കാൻ പാടില്ല. പ്രസിദ്ധവിക്രമാദിത്യന്റെ പര്യായമായ അനേകം രാജാക്കന്മാർ ഈ പേരോടുകൂടി പ്രസിദ്ധന്മാരായിരുന്നതായി കാണുന്നുണ്ട്. മേൽ എടുത്ത ശ്ലോകത്തിൽ പ്രസ്താവിക്കുന്ന വിക്രമൻ മാളവദേശാധിപനായി ധാര എന്നും ഉജ്ജയിനി എന്നും ഉള്ള നഗരങ്ങളിൽ വസിച്ചിരുന്ന ഭോജൻ തന്നെയാണെന്നു ഡോക്ടർ ബ്യൂലർ മുതലായ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ഭോജൻ ക്രിസ്ത്വബ്ദം ൧൦൧൦—൧൦൫൦ ഇടക്കു ജീവിച്ചിരുന്നതായി അനേകലക്ഷ്യങ്ങളും ഉണ്ട്. എന്നാൽ കാളിദാസൻ ഭോജനോടു സമാനകാലീനനായിരുന്നു എന്നുള്ള ഐതിഹ്യം നമ്മുടെ ഇടയിൽ എത്രമാത്രം പ്രബലമായിരിക്കുന്നുവോ അതുപോലെതന്നെ യൂറോപ്യന്മാരുടെ ഇടയിൽ കാളിദാസൻ വിക്രമാദിത്യന്റെ കാലത്തു ജീവിച്ചിരുന്നു എന്നുള്ള ബോധം സാധാരണമായിരിക്കുന്നു. കാളിദാസൻ, ഭവഭൂതി, ദണ്ഡി, ചോരൻ, മയൂരൻ, ബാണൻ, മാഘൻ, ഭാരവി, എന്ന ഒമ്പതു പ്രസിദ്ധകവികളായി അറിയപ്പെട്ടിട്ടുള്ളവരെ ഒക്കെയും ഭോജന്റെ സമാനകാലീനന്മാരായി ഗണിച്ച് അനേക കഥകൾ 'ഭോജചരിത്രത്തിൽ' കാണുന്നുണ്ട്. എന്നാൽ സർ മോണിയർ വില്യംസ് മുതലായ വിദ്വാന്മാർ കാളിദാസൻ, ഭവഭൂതിയെക്കാൾ ൨൦൦-ൽ ചില്വാനം വത്സരം മുമ്പിൽ ജീവിച്ചിരുന്നതായിട്ടാണ് പറയുന്നത്. അവരുടെ മതത്തിൽ 'ധന്വന്തരിക്ഷപണക'ത്യാദി ശ്ലോകത്തിന്റെ പ്രാമാണ്യത്തെക്കുറിച്ചു വിപ്രതിപത്തിയുള്ളതായി തോന്നുന്നില്ല. എന്നാൽ വിക്രമൻ എന്നും ഭോജൻ എന്നും ഉള്ള നാമധേയങ്ങളോടെ പല രാജാക്കന്മാർ ഉണ്ടായിരുന്നതായി പറയപ്പെടുന്നതുപോലെ കാളിദാസൻ എന്ന ഈ പേർ ഉള്ള കവികൾ പലരും ഉണ്ടായിരുന്നു എന്നു വന്നാൽ ധന്വന്തരിക്ഷപണകാദികളോടുകൂടി വിക്രമാദിത്യസദസ്യന്മാരിൽ ഒന്നായി പറയപ്പെട്ടിരിക്കുന്ന കാളിദാസൻ വേറെ തന്നെ ആയിരിക്കാം.

'നളോദയം' എന്ന യമകകാവ്യം കാളിദാസകൃതിയെന്നാണ് അതിനാൽ കാണുന്നത്. എന്നാൽ 'രഘുവംശാ'ദി കാവ്യങ്ങളുടെയും 'ശാകുന്തളാ'ദി നാടകങ്ങളുടെയും കർത്താവായ കാളിദാസൻ 'നളോദയ'ത്തെപ്പോലെ കേവലം ശബ്ദാലങ്കാരപ്രധാനമായ ഒരു കാവ്യത്തെ നിർമ്മിക്കുന്നതിൽ പ്രയത്നം ചെയ്തിരിക്കുമെന്നു വിശ്വസിക്കാനുള്ള വഴി ഇതര പ്രയാസപ്പെട്ട വേണ്ടിയിരിക്കുന്നു. 'ശബ്ദസന്ധാനചന്ദ്രിക' എന്ന ഒരു നിബന്ധത്തിൽ 'രഘുവംശ'കർത്താവും 'നളോദയ' കർത്താവും രണ്ടു തന്നെ എന്നായിട്ടു പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ അങ്ങനെയുള്ള സപ്രമാണം നോക്കി ഒന്നുതന്നെ ഏതാവശ്യമായിരിക്കാനില്ല. അതുകൊണ്ട് 'നളോദയ'കർത്താവ് വിക്രമാദിത്യസദസ്യനായി പറയപ്പെട്ടിട്ടുള്ള കാളിദാസനോ വേറെ തന്നെ അനേക നാമ ഒരു കവിയോ ആയിരിക്കാമെന്നാണ് എനിക്ക് തോന്നുന്നത്.

കാളിദാസനാൽ 'കുമാരസംഭവം,' 'മേഘസന്ദേശം,' 'രഘുവംശം' ഈ കാവ്യത്രയം നിർമ്മിക്കപ്പെട്ടതിന്റെശേഷം 'സ്മൃതിചന്ദ്രിക' എന്ന വൈദികകർമ്മപ്രതിപാദകമായ ഒരു ഗ്രന്ഥവും 'ജ്യോതിർവിദാഭരണം' എ

ന്ന മേൽ പ്രസ്താവിക്കപ്പെട്ട ഒരു ജ്യോതിഷഗ്രന്ഥവും ഉണ്ടാക്കപ്പെട്ടു എന്നും തെന്നുന്നതാണ് 'മാളവികാഗ്നിമിത്രീയം,' 'വിക്രമോർവ്വശീയം,' 'ശാകുന്തളം' ഈ നാടകത്രയം ഉണ്ടാക്കപ്പെട്ടതെന്നും 'ജ്യോതിർവിദാഭരണ'ത്തിൽ തന്നെ ശേഷാദ്ധ്യായത്തിൽ താഴെ കാണിച്ചിട്ടുള്ള ഭാഗങ്ങളെക്കൊണ്ട് ഊഹിക്കാവുന്നതായിരിക്കുന്നു.

'മത്തേഭദ്രുതകൃതിരിയം സമിലാളുമാവദ്ര
ശ്രീവിക്രമാർക്കനൃപരാജവരേ സമാസീത്,'
'ശങ്കാദിപണ്ഡിതവരാഃ കവയസ്ത്വനേക
ജ്യോതിർവിദസ്സമഭവംശ്ച വരാഹപൂർവ്വാഃ,'
ശ്രീവിക്രമാർക്കനൃപസംസദി മാന്യബുദ്ധി-
സ്തൈരപ്യഹം നൃപസഖാ കില കാളിദാസഃ'
'കാവ്യത്രയം സുമതികൃദ്രഘുവംശപൂർവ്വം
ജാതം തതോ നനു കിയച്ഛ്രുതികർമ്മവാദഃ
ജ്യോതിർവിദാഭരണകാലവിധാനശാസ്ത്രം
ശ്രീകാളിദാസകവിതോ ഹി തതോ ബഭൂവ'.

ഇവയെ പ്രമാണിക്കിൽ 'രഘുവംശാ'ദികാവ്യത്രയത്തിന്റെയും 'ശാകുന്തളാ'ദി നാടകത്രയത്തിന്റെയും കർത്താവായ കാളിദാസൻതന്നെയാണ് 'ജ്യോതിർവിദാഭരണം,' 'ശ്രുതിചന്ദ്രിക' ഈ ഗ്രന്ഥങ്ങളെ ഉണ്ടാക്കിയതെന്നു തീർച്ചപ്പെടുത്താൻ എനിക്ക വളരെ ശങ്കയായിരിക്കുന്നു. കാളിദാസന്റെ സമാനകാലീനനായ വിദ്വാന്മാരിൽ ഒരാൾ തന്റെ ഗ്രന്ഥത്തിനു മഹാകവിതന്നാൽ അതിപ്രസിദ്ധിയെ ഒരു കാലത്തിൽ തന്നെ പ്രാപിച്ചുവരുന്നവരുടെ പേരുവെച്ചാൽ അധികപ്രഖ്യാതി ഉണ്ടാകുമെന്നു വെച്ച് ഇങ്ങനെ ഒരു കയ്യും ചെയ്തു എഴുതി ഉണ്ടാക്കിയതായി വരരുതോ? കാളിദാസന്റെ പദ്യങ്ങളുടെയും മേൽകാണിക്കപ്പെട്ടവയുടെയും ശയ്യയ്ക്ക് എത്രമാത്രം വ്യത്യാസം ഉണ്ടെന്നു സഹൃദയന്മാർക്ക് സ്പഷ്ടമായി അറിയാവുന്നതാണ്. കുമാരസംഭവത്തിന്റെ ഉത്തരഭാഗമായി എട്ട് സർഗ്ഗങ്ങൾ കാളിദാസകൃതമല്ല എന്നു ചിലർ പറയുന്നതും പ്രാമാണികമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ 'മാളവികാഗ്നിമിത്രീയം' കാളിദാസകൃതമല്ലെന്നു ചിലർ അഭിപ്രായപ്പെടുന്നതിനു മതിയായ കാരണം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

കാളിദാസന്റെ കവിതയോടു തുല്യം ഉജ്ജ്വലമായി മറ്റൊരുത്തന്റെ കവിതയും ഇല്ലെന്ന തീർച്ചയായി പറയാം. 'അഭിനവകാളിദാസൻ' എന്ന പേരിനെ പണ്ഡിതന്മാർ 'വിക്രമോർവശീയ'കാരന്മാരായ ചില കവികൾക്കു കൊടുത്തിട്ടുണ്ട്. എത്രത്തോളം ന്യായമാണെന്നു സഹൃദയന്മാർ തീർച്ചപ്പെടുത്തട്ടെ. കാളിദാസന്റെ കാവ്യത്രയത്തിലും നാടകത്രയത്തിലും സഹൃദയന്മാർക്ക് സ്വൽപ്പമായ ഒരു വിശേഷം ഉണ്ട്. എന്നാൽ ഇതു സാധാരണപണ്ഡിതന്മാരുടെ പ്രസ്താവത്തിൽ അവശേഷിക്കുന്നതല്ല.

വളരെ നാൾ ഞാൻ കാളിദാസന്റെ കവിതയുടെ അസാധാരണസൗന്ദര്യത്തെ അറിയാതെ ആദ്യം പഠിച്ച കാവ്യമായ 'കിരാതാർജ്ജുനീയ'ത്തെയും ആദ്യം പഠിച്ച നാടകമായ 'അനർഘരാഘവ'ത്തെയും സർവ്വോൽകൃഷ്ടമായി വിചാരിച്ചുവന്നു. എന്നു മാത്രമല്ല, ചെറുപ്പത്തിൽ 'രഘുവംശ'ത്തെ ഒരു നിസ്സാരകാവ്യമെന്ന് അനാദരിക്കുകകൂടിയും ചെയ്തിരുന്നു. ഇങ്ങനെ കുറെ നാൾ കഴിഞ്ഞതിന്റെ ശേഷം സഹൃദയാഗ്രഗണ്യനായ എന്റെ ജ്യേഷ്ഠൻ പ്രസംഗവശാൽ മറ്റും കാളിദാസന്റെ കൃതികളെ വളരെ ശ്ലാഘിക്കയും അവയിൽനിന്നു ചില ശ്ലോകങ്ങളെ ചൊല്ലി അവയുടെ സൗന്ദര്യത്തെ പ്രതിപാദിക്കയും ചെയ്തു കേട്ട

[illegible]മാണ് എനിക്ക് കാളിദാസകൃതികളിൽ ഒരു അഭിരുചി ജനിച്ചത്.

'[illegible]
[illegible]
[illegible]
[illegible]'.

ഈ ശ്ലോകമാണ് എന്റെ മനസ്സിനെ ആദ്യമായി കാളിദാസകൃതികളിലേക്ക് ആകർഷിപ്പിച്ചത്. അവയെ പിന്നെ ഉള്ളടക്കി അല്പമൊക്കെ പരിശീലിച്ചുതുടങ്ങിയതോടുകൂടി അവയുടെ രസവിശേഷം എനിക്ക് സ്വാനുഭവഗോചരമായിത്തീർന്നിരുന്നു.

കാളിദാസകൃതിയിൽ വെച്ച് സർവ്വസമ്മതമായ ഉൽകൃഷ്ടതയോടുകൂടിയ 'ശാകുന്തള'ത്തെ വായിച്ച് അതിന്റെ സൗന്ദര്യത്തിൽ മാനസികമായും ... ആ ശ്ലോകങ്ങളെ വിസ്തരിക്കാൻ എനിക്ക് സംഗതിയായതിനു വേണ്ടി, ... ഭാഷാസാഹിത്യങ്ങളിൽ പ്രകാശിപ്പിച്ച്, എന്നും ... ആ മഹാകവിയോട് ഏതു വിധത്തിലാണ് ഒരു പ്രത്യുപകാരം ചെയ്യാൻ കഴിയുന്നതെന്ന് പലപ്പോഴും ആലോചിച്ചതിൽ ഈ നാടകരത്നത്തിന്റെ രമണീയകത്വം സംസ്കൃതപരിചയമില്ലാത്ത കേരളീയന്മാരെ ഗ്രഹിപ്പിക്കുന്നതിന് ഇതിനെ ഭാഷാന്തരീകരിക്കുന്നതിനോളം അധികമായി ഒന്നും ചെയ്യാനില്ലെന്ന് തോന്നിയതിനാലാണ് ഞാൻ ഇതിനായി ഉദ്യമിച്ചത്. ആരംഭിച്ചപ്പോൾ പൂർണ്ണമായി പരിഷ്കരിക്കാമെന്നുള്ള നിശ്ചയം എത്രയും ശിഥിലമായിട്ടേ എനിക്കുണ്ടായിരുന്നുള്ളു. ആദ്യമായി 'വിദ്യാവിലാസിനി'യിൽ ചേർക്കുന്നതിന് അപ്പപ്പോൾ തർജ്ജമ ചെയ്ത് അയച്ചുകൊണ്ടിരുന്നതിനെ സഹൃദയന്മാർ അഭിനന്ദിച്ചുതുടങ്ങിയതിനാൽ പ്രോത്സാഹിതനായിത്തന്നെ അതിനെ ഞാൻ പൂരിപ്പിച്ചു. അതിൽനിന്നും അല്പം ചില പരിഷ്കാരങ്ങളോടുകൂടി സ്വാധുകമായി കേരളവിലാസം അച്ചുകൂടത്തിൽ അച്ചടിപ്പിച്ചതിനെ നാട്ടുകാർ ... വിശാഖം തിരുനാൾ മഹാരാജാവിനു സമർപ്പിച്ചപ്പോൾ തിരുമനസ്സുകൊണ്ട് ഇപ്രകാരം ഒരു തിരുവെഴുത്തയച്ചിരുന്നു. 'ഇതു മലയാളത്തിൽ ഒരു ഉൽകൃഷ്ടകൃതിയായി എന്നെന്നേക്കും നിലനിൽക്കുമെന്ന് എനിക്ക് നിശ്ചയമുണ്ട്'.

എന്റെ കൃതികളിൽ ഒന്നുംതന്നെ നിർദ്ദോഷമാണെന്ന് എനിക്ക് [illegible] വിശ്വാസം ഇല്ലെങ്കിലും സഹൃദയന്മാർ പലതും അറിയാനിരിക്കുമ്പോൾ അവയിൽ ചില്ലറ ചില ഗുണങ്ങളുണ്ടായിരിക്കാമെന്ന് വിചാരിക്കാറുണ്ട്. എന്നാൽ എന്റെ ഈ 'ഭാഷാശാകുന്തള'ത്തിന് അനിതരസാധാരണമായ ഒരു വിശേഷം ഉള്ളതിനെ ആരും സമ്മതിക്കാതിരിക്കയില്ല. അതു കാളിദാസകൃതിയാണെന്നുള്ളതു മാത്രമല്ലാതെ മറ്റൊന്നുമല്ല. പിന്നെ വേണമെങ്കിൽ ആദ്യമായിട്ട് സംസ്കൃതനാടകം മലയാളത്തിൽ ആക്കപ്പെട്ടിട്ടുള്ളത് ഇതാണെന്നുംകൂടി ഒരു വിശേഷം ഇതിനു പറയാം. ഇത്രയും മാത്രമല്ലാതെ കവിതാഗുണംകൊണ്ട് ഇതിന് ഒരു വിശേഷം ഉള്ളതായി ഞാൻ വിചാരിക്കുന്നില്ല.

എനിക്ക് ബാല്യം മുതൽ തന്നെ സംസ്കൃതത്തിൽ കവനം ചെയ്തു പരിചയിച്ച് അതു മാത്രം അധികം സ്വാധീനപ്പെട്ടിരുന്നതുകൊണ്ട് ഈ തർജ്ജമയിൽ സംസ്കൃതപ്രയോഗങ്ങളും അല്പം ബാഹുല്യപ്പെട്ടിട്ടുണ്ടെന്നുള്ളതിനെ ഞാൻ സമ്മതിക്കുന്നു. ഇത് ഒരു ന്യൂനതയെന്ന് വിചാരിക്കുന്ന പക്ഷം പ്രാചീനന്മാരും അർവാചീനന്മാരും ആയ

ഭാഷാന്യകവികളിൽ പലരുടെ കൃതികളിലും ഇതിന്റെ താദാത്മ്യം ഉണ്ട്. ഭാഷയുടെ രീതിയിലും മാത്രമല്ല ഉത്തമപാഠമാക്ക് അരോഗി എന്നു തോന്നുന്ന പ്രയോഗങ്ങൾ ഇതിൽ ഉണ്ടായിരിക്കാം. എന്നാൽ എന്തെല്ലാം വൈകല്യങ്ങൾ ഉണ്ടെങ്കിലും ഇപ്പോൾ ഈ 'കേരളീയഭാഷാശാകുന്തളം' മലയാളികൾക്കെല്ലാം പ്രശസ്തമായി ഭവിച്ചിട്ടുണ്ടെന്നുള്ളതിന് അനേകനാടകസംഘക്കാർ ഇതിനെ പഠിച്ചു രംഗത്തിൽ പ്രയോഗിക്കയും അനവധി ജനങ്ങൾ അതുകണ്ടു രസിക്കയും ചെയ്തു വരുന്നതു തന്നെ മതിയായ തെളിവായിരിക്കുന്നു.

൧൦൭൪ മകരം ൨൪-ാം൹ മദ്രാസിൽ വച്ച് ഈ പരിഭാഷയുടെ മൂലമായ 'അഭിജ്ഞാനശാകുന്തളം' തന്നെ ഒരു സംഘക്കാർ അഭിനയിച്ചു ഞാൻ ഇദംപ്രഥമമായി കണ്ടപ്പോൾ എന്റെ തർജ്ജമയെ മലയാളികളിൽ വല്ലവരും രംഗത്തിൽ പ്രയോഗിച്ചാൽ കൊള്ളാമായിരുന്നു എന്നുള്ള ആഗ്രഹം സ്വാഭാവികമായി എന്റെ മനസ്സിൽ ജനിച്ചു എങ്കിലും അത് ഫലിക്കുമെന്നുള്ള വിചാരം അപ്പോൾ എനിക്കു ലേശം ഇല്ലായിരുന്നു. എന്നാൽ ഇപ്പോൾ ആ ആഗ്രഹം എന്റെ പ്രതീക്ഷകളെ അതിലംഘിച്ച് അത്ഭുതാവഹമായി സാധിച്ചിരിക്കുന്നതിൽ വച്ച് എന്റെ ഈ ഗ്രന്ഥത്തിനു സാഫല്യം സിദ്ധിച്ചതിനാലുള്ള കൃതജ്ഞതാസൂചകമായി ഈ ആറാം പതിപ്പ് ആബാലവൃദ്ധം എല്ലാ കേരളീയജനങ്ങൾക്കും എന്റെ ഉള്ളഴിഞ്ഞ അനുമോദനത്തോടുകൂടി ഇതിന്റെ നിർമ്മാതാവായ സഹൃദയന്മാരുടെ ഉപഹാരമായി സമർപ്പിച്ചു കൊള്ളുന്നു.

കേരളവർമ്മ സി. എസ്സ്. ഐ. വലിയ കോയിത്തമ്പുരാൻ.

നാലാശ്രമങ്ങൾ.



ഹിന്ദുശാസ്ത്രങ്ങളിൽ അല്പമെങ്കിലും പരിചയമുള്ളവർ ഹിന്ദുമതത്തിൽ പ്രധാനമായി ഗണിച്ചിട്ടുള്ള നാലാശ്രമങ്ങളെപ്പറ്റി കേട്ടിരിപ്പാനിടയുണ്ട്. അവ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നിവയാകുന്നു. ഇവയിൽ ഓരോന്നും ഒന്നിനൊന്നു വിരോധമാവാത്ത വിധത്തിൽ ജീവിതത്തിലെ ഓരോ ദശാവിശേഷങ്ങളിൽ അനുഷ്ഠിക്കേണ്ടവയാണെന്നു വിധിച്ചിരിക്കുന്നു. ഒരു മനുഷ്യന്റെ ജീവിതം ഇന്ന കാലത്ത് ഇന്ന വിധത്തിലാണ് നടത്തേണ്ടത്, അവസാനത്തിൽ എത്തേണ്ടതായ 'സിദ്ധി' ഇന്നതാണെന്നും അതായതു തന്റെ പൂർവ്വാപരസംബന്ധത്തോടു കൂടി ഒരു സ്ഥലമാക്കണമെങ്കിൽ ഈ ആശ്രമധർമ്മങ്ങളെപ്പറ്റി ഒരു സ്വതന്ത്രപഠനം ഉണ്ടാവാതെ കഴിയുന്നതല്ല.

മനുഷ്യനും സിദ്ധിച്ചാൽ കണ്ടു പ്രായം ചെന്ന അന്നോളം വരെ രക്ഷിതാക്കന്മാരുടെ ഇച്ഛയനുസരിച്ചു കഴിയേണ്ടതാകയാൽ അത്രയും കാലം ഒരു ചുമതലയില്ലാത്ത ജീവിതമായതുകൊണ്ട് ആ

ത്താനം ആശ്രമങ്ങളുടെ പ്രാധാന്യം മാറിട്ടില്ല; എന്നാലും അവ്യക്തമായിട്ടെങ്കിലും കാലത്തിനുള്ള മനോവികാരങ്ങളും സദാ ഇന്ദ്രിയവാസനയും ഉണ്ടായിരിക്കുന്നു. ഇതിനു കാരണം ബുദ്ധിയുടെ വളർച്ചയാണെന്നു വിചാരിക്കാം. എന്തെന്നാൽ ഒരു വസ്തുവിനെ നേർവഴിയെ തിരിക്കുന്നതു ബുദ്ധിയുടെ ലക്ഷണമാണ്. മനുഷ്യൻ സുഖത്തിനും ദുഃഖത്തിനും മൂലകാരണം ബുദ്ധിയുള്ളതുകൊണ്ടു സ്വബുദ്ധിക്കൊത്തു അതിന്ന പരിശീലിച്ചു വരുന്നതു് അത്യന്താപേക്ഷിതമാകുന്നു. ആയതിനാൽ ഈ കാലം ബുദ്ധിക്കു സംസ്കാരം വരുത്തുവാനായി ഉപയോഗിക്കണം. ബുദ്ധിയുടെ സംസ്കാരം വിദ്യാഭ്യാസത്തെ ആശ്രയിച്ചിട്ടാണിരിക്കുന്നതു്. അഭ്യാസകാലത്തു മനസ്സിനു ചാപല്യം പതിച്ചു വരാതിരുന്നാൽ മന്ദബുദ്ധി വേണ്ടതുപോലെ സ്വാധീനപ്പെട്ടുകയില്ല. അതുകൊണ്ടാണു് ആ കാലത്തു ബ്രഹ്മചര്യത്തെ അനുഷ്ഠിക്കണമെന്നു വിധിച്ചിരിക്കുന്നതു്. ബ്രഹ്മചര്യം എന്നതിന്നു് ഇന്ദ്രിയങ്ങളെ അടക്കിയിരിക്കുക എന്നു അർത്ഥം. വിദ്യാഭ്യാസത്തിനായിട്ടുള്ള കാലം മനോഹരങ്ങളായ കാഴ്ചകളിലോ, ശ്രോത്രേന്ദ്രിയത്തിനു തൃപ്തി വരുത്തുന്ന സംഗീതത്തിലോ, രസനേന്ദ്രിയത്തെ രസിപ്പിക്കുന്ന ഭോജ്യങ്ങളിലോ മനസ്സു ലയിച്ചു പോയാൽ അതു വളരെ അനർത്ഥമായിപ്പരിണമിക്കുമെന്നു്. അധഃപാതത്തിൽത്തന്നെ മോഹനങ്ങളായ സ്ത്രീസുഖം മുതലായവയുടെ സ്പർശംപോലും അനുഭവിച്ചുപോയാൽ വലിയ വിഷമത്തിലായിത്തീരും. ഇതെല്ലാം മുൻകരുതിച്ചിട്ടാണു് ബ്രഹ്മചാരിയുടെ ധർമ്മങ്ങളെ വളരെ നിഷ്കർഷയോടുകൂടി വിധിച്ചിരിക്കുന്നതു്. ഒരു ബ്രഹ്മചാരിക്കു വലിയ ഉത്സവങ്ങളിലോ ജനക്കൂട്ടം അധികമുള്ള സമാജങ്ങളിലോ ചേരുകയായരുതു്. സ്ത്രീദർശനം മുതലായവ ചെയ്യുകയായരുതു്. പാട്ടുകളും നിത്യകർമ്മങ്ങൾ ചെയ്തുകഴിഞ്ഞാൽ ഗുരുസവിധത്തിലിരുന്നു വേദം പഠിക്കയും അഭ്യസിക്കുകയും അനുസന്ധാനം ചെയ്കയും വേണം. ഗുരുസവിധത്തിലിരുന്നു് എന്നു പ്രത്യേകം പറഞ്ഞതു് എന്തിനാകുന്നു? ബ്രഹ്മചാരിയുടെ കാലം, ബുദ്ധിയുടെ പ്രസരിപ്പു് വലിയ തള്ളിച്ചയിലെത്തുന്ന ഒരു ദശാവിശേഷമാകയാൽ, എത്രതന്നെ വിദ്ധ്യാനവും നിദിധ്യാസനങ്ങളുമുണ്ടെങ്കിലും, കതിനയോ ഒരു ശാസിതാവിനെ ഭയപ്പെടാതിരുന്നാൽ, ആയാൾ സ്വതന്ത്രമായി പ്രവർത്തിക്കും. സ്വച്ഛന്ദവൃത്തി പ്രകൃതദശയിൽ ജീവിതത്തിന്റെ ശത്രുവായിട്ടാകാണു് അതു പരിണമിപ്പതാനും. ഇതാകുന്നു പണ്ടത്തെ ഗുരുകുലവാസത്തിൽനിന്നു സിദ്ധിക്കുന്ന ഒരു വലിയ ഗുണം. ചുരുക്കിപ്പറയുന്നതായാൽ, ബ്രഹ്മചര്യത്തിന്റെ ഉദ്ദേശം, മനുഷ്യരുടെ ബുദ്ധിക്കു വികാസം വരുത്തുകയും ഇന്ദ്രിയചാപല്യത്തെ ഒതുക്കുകയും ചെയ്തു്, വിദ്യാഭ്യാസംകൊണ്ടു പിന്നീടു സംസാരസാഗരത്തിൽ കടന്നു പോരാടുവാനുള്ള സാമഗ്രികളും ആയുധങ്ങളും സമ്പാദിക്കുകയാകുന്നു.

ബ്രഹ്മചര്യം കഴിഞ്ഞാൽ ആ മനുഷ്യൻ സംസാരസുഖങ്ങളെ അനുഭവിക്കവാൻ അധികാരിയാകുന്നു. ഇതേവരെയും ഒരു വിദ്യാർത്ഥിയെന്നോ ബാലനെന്നോ പറയാമായിരുന്ന ഈ മനുഷ്യൻ ഇപ്പോൾ വിദ്വാനും യുവാവും ആയിത്തീർന്നിരിക്കുന്നു. ഇനിയാണു് 'പുരുഷനായിത്തീർന്നു.' എന്നോ 'ഒത്തയാളായി' എന്നോ പറഞ്ഞാൽ മാത്രം പോരാ; പ്രായം തികഞ്ഞു സ്വതന്ത്രനായി തന്നെ വഴിപ്പെടുത്തിയിരിക്കുന്നതുകൊണ്ടു തനിച്ചൊരു ഒരാളു കുടിന

കൊട്ടാരക്കര ഭാഗം കൂടി ഉണ്ട്. ഇങ്ങനെ ജീവിതകാലത്തെ മുഖ്യമായ ഒരു ഭാഗമെന്നും 'സർവ്വോപകാരക്ഷമമായ ആശ്രമം' എന്നും മഹർഷിമാർ പറയുന്ന ഗൃഹസ്ഥാശ്രമത്തിലേയ്ക്കു പകർന്നിരിക്കുന്നു. ഈ ആശ്രമം മറ്റുള്ളവയെക്കാൾ പ്രധാനമായതു്, ഇതു മറ്റുള്ളവർക്കുപകാരം ചെയ്യാൻ ഉപയോഗിക്കുന്നതുകൊണ്ടാണ്. പുരുഷാർത്ഥങ്ങളിൽ ധർമ്മാർത്ഥകാമങ്ങൾ മൂന്നും ഈ കാലത്താണനുഭവിക്കേണ്ടതു്. ധർമ്മംകൊണ്ടു ചിത്തശുദ്ധിയും അതിന്നാൽ ദാനാദി സൽകർമ്മങ്ങളും കാമംകൊണ്ടു പ്രജോൽപാദനവും ആണ് ഉദ്ദേശിക്കപ്പെടുന്നതു്. ഈ മൂന്നും 'മോക്ഷം' എന്ന അന്ത്യപുരുഷാർത്ഥത്തിന്നു് ഉപകരിക്കുന്നു. ഒരു ഗൃഹസ്ഥന്റെ ചുമതലകൾ എത്രമാത്രം വലിയവയാണെന്നു് ആലോചിച്ചു നോക്കുന്തോറും ഈ ആശ്രമത്തിന്റെ പ്രാധാന്യം പ്രത്യക്ഷപ്പെടുന്നതാണ്. ഗൃഹസ്ഥന്റെ നടവടി ഇന്നിന്ന വിധത്തിലായിരിക്കണമെന്ന ധർമ്മശാസ്ത്രങ്ങളിൽ വിധിച്ചിട്ടുള്ളതു പകുത്തുനോക്കി നോക്കാം, മനുഷ്യരുടെ ജീവിതത്തിൽ സംഭവിക്കാവുന്ന സംഗതികളെ ആലോചിക്കുന്നതാണ് ഗൃഹസ്ഥാശ്രമത്തിന്റെ ശ്രേഷ്ഠത വെളിപ്പെടുത്തുവാൻ അധികം എളുപ്പം. ഒരു ഗൃഹസ്ഥന്റെ 'തൻകാര്യം' മാത്രം നോക്കിയാൽ പോരാ; ആശ്രിതർക്ക് അന്നമക്കൾ, ഗൃഹം, ഉപകരണങ്ങൾ എന്നുള്ള അനേകം വിചാരങ്ങളും ഭാരങ്ങളും ഉണ്ടായിരിക്കും. കുടുംബരക്ഷണത്തിന്നാണെങ്കിൽ ഒന്നാമതു പണമാണ് വേണ്ടതു്. അതു് അദ്ധ്വാനിച്ചു സമ്പാദിക്കാൻ കഴികയുള്ളൂ. മര്യാദയായി സമ്പാദിക്കാത്തപക്ഷം അന്യായം പ്രവർത്തിച്ചാൽ നാട്ടിലെന്നല്ല, കാട്ടിലായാലും കഴിഞ്ഞുകൂടുവാൻ ഞെരുക്കം. കുടുംബപതിയായിരിക്കുമ്പോൾ അവരുടെ പാരമ്പര്യം രക്ഷിച്ചും, നാട്ടുകാർ നമ്മളെപ്പോലെ വേണമെന്ന വിചാരിച്ചും മാനധർമ്മങ്ങളും മാനമര്യാദകളും കൈവിടുവാൻ തരമില്ല. ഇതെല്ലാം ശരിയായി നിവൃത്തിക്കണമെങ്കിൽ പല മനോധർമ്മക്കാരായ പലരായിട്ടും ഇടപെടാതെ ഇടപഴകേണ്ടിവരികയും നിരന്തരം മനസ്സിലോരോ കഷ്ടതകൾ ഉണ്ടായിരിക്കുകയുമിരിക്കയും ചെയ്യും. ക്ഷമ, വിവേകം മുതലായ സൽഗുണങ്ങളെക്കൊണ്ടു കാമം, ക്രോധം മുതലായ ദുർഗ്ഗുണങ്ങളെ ജയിക്കുന്നവന്നു എന്നാലേ ഗൃഹസ്ഥധർമ്മം വേണ്ടപോലെ അനുഷ്ഠിക്കുവാൻ കഴികയുള്ളൂ. ചുമതലകൾ പലതുള്ളതുകൊണ്ടു വിചാരങ്ങളും പലതുമുണ്ടായിരിക്കും. എല്ലാം വിചാരിച്ചതുപോലെ സാധിച്ചുവെന്നുവരികയുമില്ല. അപ്പോൾ വലിയ പ്രതിബന്ധങ്ങളുണ്ടായിട്ടുന്ന ഭയമില്ലാതെ ഉദ്ദിഷ്ടകാര്യങ്ങൾ സാധിക്കുവാനുള്ള പ്രയാസം വിചാരിച്ചു മാറിപ്പോകാത്തതാണ്. എന്നാൽ ഗൃഹസ്ഥൻ അതിലെല്ലാം ധൈര്യമായും അടക്കമായും പ്രവർത്തിക്കണം; താനൊന്നിലും ബദ്ധനാകയും അരുത്. എങ്ങിനെയെങ്കിലും തന്റെ കാലം കഴിയണം, പിന്നെ വരുന്ന വരട്ടെ എന്നുവിചാരിച്ചു സമാധാനപ്പെടുവാനും ഗൃഹസ്ഥന്നു വഴിയില്ല. എന്തുകൊണ്ടെന്നാൽ, തന്റെ കാലം കഴിഞ്ഞാൽ കുടുംബത്തിന്നു ബുദ്ധിമുട്ടുകൂടാതെ കഴിഞ്ഞുകൂടുവാനുള്ള വക ഉണ്ടാക്കീട്ട് സമ്പാദിച്ചു വെക്കേണ്ടതായുള്ള അനുസന്ധാനവും അതു ചെയ്യേണ്ടതായുള്ള കൃത്യബോധവും ഗൃഹസ്ഥനെ സദാസമയവും ബാധിച്ചുകൊണ്ടിരിക്കും. ഇതിനെ, 'കാലു കെട്ടി മുമ്പുപിറവും കഴിയുമ്പോൾ' ഗൃഹസ്ഥാശ്രമം ഉതകുംമട്ടിൽ നിർമ്മിക്കുന്നു.

ഗൃഹസ്ഥാശ്രമത്തിൽ ഒരു കാലം

ഉള്ള സംസാരസുഖങ്ങളെല്ലാം അനുഭവിച്ചു കഴിഞ്ഞാൽ എപ്പോഴും ഒരു വിരക്തി സംഭവിക്കുന്നതു മനുഷ്യപ്രകൃതിയാണ്. വിഷയസുഖങ്ങളെല്ലാം അനുഭവിച്ചു കഴിഞ്ഞു; ലോകത്തിൽ തനിക്കുള്ള കടപ്പാടുകൾ മിക്കതും നിർവഹിക്കുകയും ചെയ്തു എന്നിരിക്കുന്ന ഈ കാലത്തു ഗൃഹസ്ഥൻ നിവൃത്തി വിചാരിക്കുന്നു. ഈ കാലത്ത് അയാൾ തന്റെ ഭാരങ്ങളെല്ലാം സന്താനങ്ങളെ ഏല്പിച്ചു വിരക്തിയെ ഉറപ്പിക്കുവാൻ പ്രയത്നം ചെയ്യുന്നു. ആ പ്രയത്നകാലത്തെ 'വാനപ്രസ്ഥാശ്രമം' എന്നു പറഞ്ഞുവരുന്നു. വാനപ്രസ്ഥം എന്നതിനു കാട്ടിൽ പോയി താമസിക്കുക എന്നാണർത്ഥമെങ്കിലും വിഷയങ്ങളിലുള്ള ചിന്തകളിൽ വരുത്തുക എന്നു താൽപര്യമുള്ളൂ. ചിന്തകളിൽ വരുന്നതിൽ കാമക്രോധാദിസംബന്ധം കൂടാതെ കഴിഞ്ഞ് എപ്പോഴും ഏകാഗ്രമായിരിക്കണം. അതിനു ഉപകരിക്കുന്നതൊന്നും നഷ്ടമാവാനില്ല. എപ്പോഴും ഇങ്ങനെ എന്നുള്ള വിചാരമുണ്ടായാൽ ഇന്ദ്രിയങ്ങൾക്കൊരിടത്തും പ്രവേശം ലഭിക്കില്ല. ഉള്ള കാര്യങ്ങൾ തന്റെ സദ്വിചാരങ്ങളിലും ഉണ്ടാകുന്നവയായ കാമനകളെ കാണുന്നതുപോലെ ഉദാസീനനായി ഇന്ദ്രിയജയം ചെയ്യുന്നവർ കുറഞ്ഞവരെല്ലാം ഈ കാലത്ത് മാന്യരായിരിക്കും.

'[illegible]'

എന്നാണ് ഒരു വിദ്വാൻ പ്രസ്താവിച്ചിട്ടുള്ളത്. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം എന്നിവയെല്ലാം കഴിഞ്ഞ വിഷയങ്ങളോടു കൂടിയ മനസ്സിൽ പ്രവേശിക്കുവാൻ പാടില്ല. ഇതാണ് വാനപ്രസ്ഥന്റെ പരമലക്ഷ്യം.

പിന്നീടുള്ള സംന്യാസി വനത്തിൽ സംസാരത്തിലുള്ള ബന്ധം വേർപെടുന്നു. ആ ബന്ധം വേർപെടുത്തുന്ന ക്രിയയ്ക്കു 'സംന്യാസം—എടുത്ത സാധനത്തെ തിരികെ വെയ്ക്കുക' എന്നാണർത്ഥമാകുന്നു. ഇതും കഴിഞ്ഞാൽ ആയാളെ യതി എന്നോ, സംന്യാസാശ്രമി എന്നോ, സ്വാമിയാർ എന്നോ പറയുന്നു. ഈ അവസ്ഥയിലും ചില അനുഷ്ഠാനങ്ങൾ ചെയ്യേണ്ടതുണ്ട്. അതൊക്കെയും നിവൃത്തിമാർഗ്ഗപരങ്ങളാകുന്നു. ഒരു സംന്യാസിയുടെ അവസ്ഥ ഒന്നു ആലോചിച്ചുനോക്കുക. അദ്ദേഹം പരിഗ്രഹമാകുന്നു; സത്സംഗങ്ങളെയും പരിത്യജിച്ചു. ആരെന്തു പറഞ്ഞാലും പരിഭവമില്ല; പരിഭവിച്ചിട്ട് ഒന്നും ലഭിക്കേണ്ടതുമില്ല. ഇവര പ്രളയം തന്നെ വന്നാലും അതു തന്നെ ചലിക്കയില്ല; അയാൾക്കു ഒരു കടപ്പാടും ഇല്ല. ഇരുന്നാലും ശരി, നടന്നാലും ശരി, മരിച്ചാലും ശരി, മരിക്കാഞ്ഞാലും ശരി; അയാൾക്കൊന്നും വിരോധമില്ല. അയാളെ ജീവന്മുക്തൻ, സ്വതന്ത്രൻ, സമ്പൂർണ്ണൻ, ബ്രഹ്മസ്വരൂപൻ. ഈ സ്ഥിതി വളരെ മാഹാത്മ്യമുള്ളതാകുന്നു.

ഇത്രയും പറഞ്ഞതുകൊണ്ട് ആശ്രമങ്ങളെപ്പറ്റി ഏതാണ്ട് മനസ്സിലായിരിക്കാമല്ലോ. എന്നാൽ ഇനിയും ചിലതു ധരിപ്പിക്കാനുണ്ട്. ഈ ആശ്രമങ്ങൾ നാലും ഒന്നിനു ശേഷം മറ്റൊന്ന് എന്ന ക്രമത്തിൽ ചങ്ങലക്കണ്ണിപോലെ ബന്ധിച്ചിട്ടുള്ളവയും, ഒന്നു വിട്ടിരിക്കുന്നതായാൽ മറ്റുള്ളവകൊണ്ടു പ്രയോജനമില്ലാതെ വരുന്നവയുമാണ്. ബ്രഹ്മചര്യം കൂടാതെ ഗൃഹസ്ഥാശ്രമികളോ ശരിയായി നിവൃത്തി പ്രാപിപ്പാൻ അസാധ്യമാണ്. ഗൃഹസ്ഥാശ്രമത്തിലിരുന്ന മനം കാമനകൾ അടങ്ങിയിരിക്കാത്തവർക്കു വിരക്തിയുണ്ടാകുന്നതല്ല. ഗൃഹ വിരക്തിയില്ലാത്തവന് എന്തു സംന്യാസമാണ്?

അവർ എന്തിനെയാണ് സംന്യസിക്കുന്നത്? 'ബാലസംന്യാസി' എന്നും മറ്റും പേർ പറഞ്ഞു സംന്യാസം വാങ്ങി (ഇതു കൊടുക്കുകയും കൊള്ളുകയും ചെയ്യുന്ന സാധനമല്ല) 'തല്പക്ഷണമാല കഴുത്തിലും മനോനാശം അന്നസ്സിലും' എന്ന മട്ടിൽ സ്വാമിയാവുന്നവരുണ്ടുകൊണ്ട് അവർക്കും മറ്റുള്ളവർക്കും ഉപദ്രവമേ സംഭവിക്കുന്നുള്ളൂ. അവർ തീർച്ചയായും ലോകവഞ്ചകന്മാരായിരിക്കും. 'സംന്യാസം' എന്നതിന്റെ അർത്ഥംതന്നെ അവർക്കറിഞ്ഞുകൂടാ. ഇങ്ങിനെയല്ലാതെ വരുന്നത് ഒരു വിലക്ഷണപ്രകൃതികൊണ്ടു മാത്രമായിരിക്കും. ബാല്യത്തിൽ തന്നെ യഥാർത്ഥവൈരാഗ്യം വന്നിട്ടുള്ള സിദ്ധന്മാർ എത്രയോ അപൂർവ്വമാണ്.

ഇപ്രകാരം നാലാശ്രമങ്ങളിൽ ഓരോന്നിലും അനുഷ്ഠിക്കുന്ന വിധികളുടെ തത്വം അറിഞ്ഞു ഗൃഹസ്ഥാശ്രമത്തിലേക്കു വേണ്ടുന്ന സാമഗ്രികൾ സമ്പാദിക്കുകയാണ്. ബ്രഹ്മചാരിയായി പഠിച്ച വിദ്യകൊണ്ടു ഗൃഹസ്ഥാശ്രമത്തിലെ ജീവിതവൃത്തിക്കുള്ളതു നേടുവാനാകുന്നു. ഗൃഹസ്ഥാശ്രമിയായി സംസാരത്തിൽ പെരുമാറുന്നതുകൊണ്ടു വിഷയങ്ങളിൽ വിരക്തി സിദ്ധിക്കുന്നു. വാനപ്രസ്ഥം വിരക്തിയെ ദൃഢീകരിക്കുന്നു. വിരക്തനായിട്ടുള്ള ആത്മാവിന്റെ ലക്ഷ്യം സർവ്വസംഗപരിത്യാഗമാകുന്നു. ഇതുകൊണ്ടാണല്ലോ അവൻ മോക്ഷത്തിനധികാരിയാകുന്നു. ഇതിൽ മോക്ഷമെന്ന ഒടുവിലത്തെ ലക്ഷ്യമായിട്ടുള്ളതിനാൽ അതാണ് ആശ്രമത്തിന്റെ പരമോദ്ദേശമെന്ന സിദ്ധിക്കുന്നു. മറ്റുള്ളവ കേവലം ഉപായങ്ങൾമാത്രമാകുന്നു.

കെ. വി. എം.

ധർമ്മവ്യാധൻ*



ന്നവനായ പുരാതന ജാതികളാണു മാത്രം ന്യൂനത കല്പിച്ചുവരുന്ന ഒരു ജാതിയിൽ ജനിച്ച ഒരു വലിയ മഹാത്മാവിന്റെ ധർമ്മവ്യാധന്റെ ചരിത്രം. ജനനം എവിടെയായിരുന്നാലും വേണ്ടതില്ല പുരുഷന്റെ ഗുണഗണങ്ങളാണ യഥാർത്ഥമായ ശ്രേഷ്ഠതയുടെ നിമിത്തമെന്ന പരസ്യമാക്കിയതു ധർമ്മവ്യാധനാണ്. കാട്ടാളവർഗ്ഗത്തിൽ ജനിച്ചിട്ടും അക്കാലത്തുള്ളവരെ അത്ഭുതാധീനരാക്കിത്തീർത്ത മാതൃകം 'ധർമ്മവ്യാധ'നെന്ന അറിയ സാധാരണമായ പേരിനു പാത്രമായിത്തീർന്നു. വ്യാധന്മാരുടെ വൃത്തി പ്രാണിഹിംസാത്മകമാണ്. എങ്കിലും ആ മഹാത്മാവിനു പാപലേപം ഉണ്ടായില്ല. ബ്രാഹ്മണകുലത്തിൽ ജനിച്ച ഒരു കൗശികനെ തത്വോപദേശം ചെയ്യുവാൻ! അക്കാലത്തുള്ള ജ്ഞാനസമ്പത്ത് ആദ്ദേഹത്തിനുണ്ടായിരുന്നു.

ലൗകികജീവിതത്തിലുള്ള കർത്തവ്യഭാരങ്ങളും എന്നേക്കാൾ മോക്ഷസിദ്ധിക്കു വേണ്ടതിന്നു, 'മോക്ഷം കർമ്മത്തിലൂടെയല്ലാതെ തീയിൽ പുക കണക്കിനേ' എന്നുള്ള ഭഗവദ്വചനംകൊണ്ടു സ്പഷ്ടമാകുന്നു. അതി

* പകർപ്പവകാശം സ്വായത്തം.

ൾ അവരവർ സ്വധർമ്മനിരതരായി കർമ്മങ്ങൾ ശരിയായി അനുഷ്ഠിക്കുന്നതാണു ശ്രേഷ്ഠമായിട്ടുള്ളത് എന്നുള്ള തത്ത്വവും വ്യാധചരിതത്തിൽ നിന്നു വെളിവാകുന്നുണ്ട്.

ധർമ്മവ്യാധനു മാതാപിതാക്കന്മാർ ഉപാസ്യന്മാർ തന്നെയായിരുന്നു. അവരെ ശുശ്രൂഷണം ചെയ്തമാത്രംകൊണ്ട് അവന്നു എല്ലാ പുണ്യകർമ്മങ്ങളുടെയും ഫലങ്ങൾ സിദ്ധിച്ചു. അതുകൊണ്ടു മാതാപിതാക്കന്മാരുടെ ശുശ്രൂഷ എല്ലാ ശ്രേയസ്സുകൾക്കും കാരണമാണെന്നും കൂടി വ്യാധചരിതത്തിൽനിന്നു പഠിക്കാവുന്നതാണ്.

വ്യാധന്റെ നിവാസം, കർമ്മയോഗത്തിൽ ഒന്നാം ക്ലാസ്സു സർട്ടിഫിക്കറ്റു സമ്പാദിച്ച ജനകന്മാർ പാലിക്കപ്പെട്ട മിഥിലാപുരിയിലായിരുന്നു. വനത്തിൽ തപസ്സു ചെയ്തുകൊണ്ടിരുന്ന കൗശികനെന്ന ഒരു ബ്രാഹ്മണന്റെ മേൽ ഒരു ബലാകപക്ഷി പുരീഷോത്സർഗ്ഗം ചെയ്തപ്പോൾ അദ്ദേഹം കോപിച്ചു കണ്ണുകളെ മിഴിച്ച മാത്രത്തിൽ പക്ഷി ഭസ്മാവശേഷമായി പതിച്ചതുകണ്ടു താൻ സിദ്ധനായിക്കഴിഞ്ഞു എന്നുള്ള അഹംഭാവത്തോടെ അദ്ദേഹം സമീപത്തിലുള്ള ഗ്രാമത്തിൽ ഭിക്ഷാടനത്തിനായി ചെല്ലുകയും പതിവ്രതയായ ഒരു ഗൃഹിണി ഭർത്തൃശുശ്രൂഷണവ്യാപൃതയായിരിക്കയാൽ തൽഗൃഹത്തിൽ ഭിക്ഷ കിട്ടുവാൻ താമസം നേരിട്ടപ്പോൾ അദ്ദേഹം കോപിക്കയും ചെയ്തു. അപ്പോൾ ഗൃഹിണി പറഞ്ഞ മറുപടി ഇങ്ങിനെയായിരുന്നു: 'ഞാൻ ബലാകയല്ല. അങ്ങയുടെ കോപംകൊണ്ടു ഞാൻ ഭയപ്പെടുകയില്ല. ഞാൻ ബ്രാഹ്മണരുടെ മാഹാത്മ്യത്തെ നല്ലവണ്ണം അറിയുന്നുണ്ട്. എന്നാൽ ഭർത്തൃശുശ്രൂഷണമാണു സ്ത്രീകളുടെ സ്വധർമ്മം. ഞാൻ അതിനെ ശരിയായി അനുഷ്ഠിച്ചു വരുന്നു. 'ദൈവതങ്ങളിലൊക്കെയും ഭർത്താവേ പരദൈവതം' എന്നാണ് എന്റെ മതം. പതിശുശ്രൂഷകൊണ്ട് എനിക്കു ദിവ്യമായ ജ്ഞാനം സിദ്ധിച്ചിരിക്കുന്നു. അതുകൊണ്ടത്രേ ഭവാൻ കാട്ടിൽ വെച്ചു ബലാകയെ ചുട്ട കഥ ഞാൻ അറിഞ്ഞത്.' അവൾ പിന്നെ ഇങ്ങിനെ കൂട്ടിച്ചേർക്കുകയുമായി: 'അങ്ങ് സിദ്ധനായി പോയി എന്നുള്ള അഹങ്കാരത്താൽ ദൂഷിതനായിരിക്കുന്നു. അതൊട്ടു ശമം വന്നിട്ടില്ല. അങ്ങേക്ക് ശരിയായ ബ്രാഹ്മണധർമ്മത്തെ അറിഞ്ഞിട്ടില്ലെന്നാണു ഞാൻ വിചാരിക്കുന്നത്.

'ക്രോധമോഹങ്ങളൊഴിച്ചവനാം
ബ്രാഹ്മണനെന്നു ദേവന്മാർ
സത്യവാക്യം ചൊല്ലുന്നവൻ
ഗുരുപ്രീതി വരുത്തുന്നവൻ,
ഹിംസിക്കിലുമതിനെ ഹിംസിക്കാത്തവൻ
ബ്രാഹ്മണനെന്നു ദേവമതം
ജിതേന്ദ്രിയൻ ധർമ്മപരൻ
സ്വാധ്യായത്തിലെന്നും ശുചി
കാമക്രോധങ്ങളെ വശമാക്കുന്നവൻ
ബ്രാഹ്മണനെന്നു ദേവന്മാർ.'

എന്നാണു ബ്രാഹ്മണലക്ഷണം. ഇതു കൂടാതെ, മിഥിലാപുരിയിൽ ധർമ്മവ്യാധനെന്ന ഒരു മഹാത്മാവുണ്ട്. അദ്ദേഹത്തിന്റെ അടുക്കൽ ചെന്നാൽ അദ്ദേഹം അങ്ങേക്കു ധർമ്മോപദേശം ചെയ്യും.' ബ്രാഹ്മണൻ ഇതെല്ലാം കേട്ടു വിസ്മയാക്രാന്തനായി പതിവ്രതാവാക്യത്തെ സ്വീകരിച്ചു വ്യാധനെ കാണ്മാൻ വേണ്ടി മിഥിലാപുരത്തേക്കു പോയി.

മിഥിലയിലെത്തിയപ്പോൾ ധർമ്മവ്യാധൻ മാംസം വില്ക്കുന്നതിൽ ഏർപ്പെട്ടിരിക്കയായിരുന്നു. ബ്രാഹ്മണനെ കണ്ടയുടനെ വ്യാധൻ വന്ദിക്കയും, 'പതിവ്രതാവാക്യത്തെ കേട്ടുകൊണ്ട്' എന്നാലും ഞാൻ വരാനുള്ളതു സ്വാഗതം' എന്നു

പറകയും ചെയ്തു. ഇതു കേട്ടപ്പോഴേക്കും ബ്രാഹ്മണന്റെ വിസ്മയം ഇരട്ടിച്ചു.

ഉചിതജ്ഞനായ ധർമ്മവ്യാധൻ താനും സംശയം വിട്ട ബ്രാഹ്മണനെ സ്വഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടു പോയി ഉപചരിച്ചു. ബ്രാഹ്മണനു് സന്തുഷ്ടനായി ഇരിപ്പിടന്ന സംശയം ധർമ്മത്തെ അറിഞ്ഞിട്ടുള്ള ഒരുവൻ ഹിംസയ്ക്കു നിമിത്തമായി തീരുന്നതു ശരിയാണോ എന്നായിരുന്നു. ബ്രാഹ്മണന്റെ ഈ സന്ദേഹത്തെ വ്യാധൻ വളരെ യുക്തിയുക്തമായി മറുപടി പറഞ്ഞു സമാധാനിപ്പിച്ചു. ലോകത്തിൽ ഹിംസയില്ലാത്തതായി യാതൊരു കർമ്മവും ഇല്ല. നാം ചെയ്യുന്ന കർമ്മങ്ങളെല്ലാം ഏതാണ്ടു പാപകലർന്നവയാകുന്നു. സസ്യാദികൾക്കും ജീവനുള്ളതിനാൽ കൃഷി മുതലായ പ്രവൃത്തികളിലും ഹിംസാദോഷമുണ്ട്. അതുകൊണ്ടു സ്വധർമ്മത്തെ ശരിയായി അനുഷ്ഠിക്കുന്നതാണ് ലൗകികജീവിതത്തിൽ ഉത്തമമായ രീതിയെന്നും, 'അച്ഛൻ ചെയ്ത കൂറ്റം ചെയ്യു [illegible]' എന്ന മാംസവിക്രയം താൻ [illegible] ചെയ്യു [illegible] എന്നും വ്യാധൻ [illegible] പറഞ്ഞിരിക്കുന്നു. വ്യാധന്റെ സ്വധർമ്മനിഷ്ഠ ഈ സമാധാനത്തിൽനിന്നു [illegible] തെളിയുന്നുണ്ട്.

വ്യാധൻ ബ്രാഹ്മണനു സത്കൃതിയെ [illegible] ഉപദേശിക്കുന്നു. [illegible], ദാനം, അഹിംസ, സത്യം, [illegible] എന്നിവ ശിഷ്ടാചാരങ്ങളെ [illegible] വ്യാധൻ [illegible].

* [illegible]

താൻ ചെയ്യുന്ന കർമ്മങ്ങളെക്കുറിച്ചു് [illegible] എന്ന ഇടർച്ചയുള്ള വ്യാധവൃത്തിയിൽ [illegible] ഉത്തമം ഉത്തമമല്ലെന്നു [illegible] റിയിപ്പാൻ പ്രയാസമാണ്. ഇതിനെപ്പറ്റിയുള്ള പറഞ്ഞു ഇടയ്ക്കുണ്ടായാൽ [illegible] ത്തിലെ പത്തദ്ധ്യായങ്ങൾ [illegible] ഭവിക്കും.

അഹിംസയെ എല്ലാറ്റിലും മേലായി അദ്ദേഹം ഗണിക്കുന്നു. താൻ ചെയ്യുന്ന ഹിംസ പാപമാണെന്നു തനിക്കു ബോധമുണ്ടെങ്കിലും പ്രാരബ്ധകർമ്മമായ അതിനെ ഉപേക്ഷിപ്പാൻ തനിക്കു ശക്തിയില്ലെന്ന ബോധ്യമാണ് അദ്ദേഹത്തിനെ അനുഷ്ഠിപ്പിക്കുന്നത്. എന്നാൽ അദ്ദേഹം ഹിംസാപ്രധാനമായ വൃത്തിയെ അനുഷ്ഠിച്ചിരുന്നു [illegible] ധർമ്മവ്യാധൻ [illegible] മാതാപിതാക്കന്മാരുടെ പരിപാലനത്തിനു വേണ്ടിയാണ് അദ്ദേഹം ആ വൃത്തി ചെയ്യുന്നത്. മാതാപിതാക്കന്മാരെ പ്രീതിപ്പെടുത്തുന്നതിൽ വ്യാധനെപ്പോലെ ശ്രദ്ധ [illegible].

ബ്രാഹ്മണനുമായി ഒരു [illegible] സംഭാഷണം ചെയ്തതിനു ശേഷം വ്യാധൻ തന്റെ അതിവൃദ്ധരായ മാതാപിതാക്കന്മാരുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോകയുണ്ടായി. വ്യാധന്റെ [illegible] ബ്രാഹ്മണൻ പ്രത്യക്ഷമായി കണ്ടു. [illegible] തന്റെ മാതാപിതാക്കന്മാർ [illegible] അവർക്ക് [illegible] വ്യാധൻ [illegible] പറകയും ചെയ്തു. ഈ [illegible] വ്യാധൻ ബ്രാഹ്മണന്റെ [illegible]

ണ്ടു്* ഇവിടെ പ്രസ്താവയോഗ്യമാകുന്നു. ബ്രാഹ്മണൻ മാതാപിതാക്കന്മാരെ ഉപേക്ഷിച്ചു തപസ്സിനായി പോയതുകൊണ്ടു് അദ്ദേഹത്തിനു തത്വജ്ഞാനം സിദ്ധിച്ചില്ലെന്നു വ്യാധൻ എടുത്തു കാണിച്ചിട്ടു് 'മാതാപിതാക്കൾ താൻപൂർവ്വ ചെല്ലു ശുശ്രൂഷ മടിയെന്നിയെ' എന്നുപദേശിക്കയും ചെയ്തു.

മോക്ഷധർമ്മം, യോഗാഭ്യാസം മുതലായ വിഷയങ്ങളെപ്പറ്റിയും വ്യാധൻ വളരെ വിസ്താരമായി ഉപദേശം കൊടുത്തു. ബ്രാഹ്മണനു പ്രാരംഭത്തിൽ തത്വജ്ഞാനമില്ലാഞ്ഞ വ്യാധനിൽ അമിതമായ ബഹുമാനം ഉണ്ടാകയും ചെയ്തു. ഈ വ്യാധനെപ്പോലെയുള്ള സാത്വികന്മാരാണു് യഥാർത്ഥമായ ബ്രാഹ്മണത്വപദത്തിന്നർഹതയുള്ളവരെന്നു് ആ ബ്രാഹ്മണന്നു ബോദ്ധ്യമാവുകയും,

'[illegible]
(കർമ്മ.'

എന്നു സസന്തോഷം വ്യാധനെ അഭിനന്ദിക്കയും ചെയ്തു.

പുരാണകാലത്തിൽ ജാതികൊണ്ടുള്ള ശ്രേഷ്ഠതയേക്കാൾ ഗുണംകൊണ്ടുള്ള ശ്രേഷ്ഠ്യം അധികം വിലമതിക്കപ്പെട്ടിരുന്നു. ഗുണങ്ങളുടെ താരതമ്യത്തെ ആസ്പദമാക്കിയാണു് ജാതിവിഭാഗം ഉണ്ടായിട്ടുള്ളതെന്നുകൂടി കാണിപ്പാൻ വ്യാധചരിതംപോലെ മഹാഭാരതത്തിൽ ഇനിയും പല ദൃഷ്ടാന്തങ്ങളും ഉണ്ടു്. ധർമ്മവ്യാധന്റെ കീർത്തി ആദ്യന്തമുള്ള സമുദായത്തിൽ ലബ്ധപ്രതിഷ്ഠമായി തീർന്നിരിക്കുന്നു. ശൂദ്രന്മാർക്കു ബ്രഹ്മവിദ്യയിൽ അധികാരം ഉണ്ടാവാൻ വിരോധമുണ്ടോ എന്നുള്ള ആലോചനയിൽ ഉണ്ടെന്നുള്ള പൂർവ്വപക്ഷത്തിനു സാധകമായി വിദുരൻ, ധർമ്മവ്യാധൻ എന്നിവരെ ശ്രീശങ്കരാചാര്യസ്വാമികൾ സാക്ഷിപ്പെടുത്തിയിരിക്കുന്നു. അവരെ സ്സാക്ഷികൊടുത്തിട്ടും ആ കേസ്സിൽ ശൂദ്രന്മാർക്കു ജയം കിട്ടിയില്ലെന്നുള്ള അംശം പ്രകൃതോപയോഗിയല്ലാത്തതിനാൽ അതിനെപ്പറ്റി വിസ്തരിക്കുന്നില്ല. മഹാഭാരതം വനപർവ്വത്തിൽ ഇരുനൂറ്റാറാമത്തെ അദ്ധ്യായം മുതല്ക്കു പത്തദ്ധ്യായങ്ങളിൽ വ്യാധചരിതവും വ്യാധോപദേശവും വ്യാസമഹർഷിയാൽ വിസ്തരിക്കപ്പെട്ടിരിക്കുന്നു.

എം. എസ്സ്.

ബാണയുദ്ധം.

പാടലൽകരകമലങ്ങളിലുജ്ജ്വലിത
കാന്തി [illegible]
ഗന്ധാകൃഷ്ടമധുപോൽപതത്തപ്പ്രവിഗതികളു-
[illegible]

ഉൽപ്രേക്ഷയാണാണെന്നതുപ്പോളുതിരസകണ
[illegible]
കുചഭാരമപ്രവിധൃതപ്രചലത്സമര
[illegible].

---

* ഈ ലേഖനത്തിൽ എടുത്തു ചേർത്തിട്ടുള്ള പദ്യശകലങ്ങൾക്കായി ഞാൻ കേരളവ്യാസനായ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലേക്കു കടപ്പെട്ടിരിക്കുന്നു.

[illegible]

വ്യാധനിവ്യാജധാമാ.

[illegible]

വിദേശങ്ങൾക്കെല്ലാം പാലിച്ചുതരുന്നകരുണാകരൻ
മാനകംതന്നെത്തുടരുന്നോ
ഉദ്ദേശിച്ചുവന്നോരാഗ്രഹങ്ങൾ സാധിച്ചുവരാ.
സ്സഭയിൽ സംബാധനത്താൽ
പ്രസ്തുതമായ സങ്കടത്തെ പരിഹരിച്ചിട്ടതു
നാമയംതന്നെത്തുടരാമെന്ന,
ബാണോയം ഒന്നായെന്നാമിവർ പിരിയുകയേ.
രോഗൃസന്നിഭനായിമാനായി
ബദ്ധീട്ടുന്നാമതൃപ്രഭുതിയിവിനയവാൻ
വിചാരലാഭകൊണ്ടകയേ
മാനിച്ചുവകഞ്ഞുവാനതന്നെപ്രഭാവം
മാധവോപില്പ്രസാദി
ചേർന്നതരീട്ടവിടിന്ന്യാശ്ശ്യാസിതമനോ
ഭാവനന്നായാചൂഴപ
ഭഗവാൻ ഗോവർദ്ധനപുണ്യാദയപരിക്കുക
ഭക്തലോകർക്കുവേണ്ടി
നൈപണ്യം സാധനക്രിയക്കും പരമകാരണമിട്ടി
സ്സ്വാതികായന്ന്യായശേ
നരത്തോടാനിയന്ത്രണങ്ങളിവിരാടി,
ഫലകാരണമാനകള്ളപ്പട്ടതോക്കം
നേരമെത്താഗ്യ്യമനകത്തുകളുവ്യൂനാ,
ഭാഗ്യവാസ്സവകീനാ,
പ്രഹ്ലാദൻ തൻപ്രചോദനത്താലാശ്ചര്യമായ

താമേപ്പ്രയമവശ്യന്യക്കാപ്പി
പ്രക്രമേനതായമുള്ളോർ ബുദ്ധനവിധിന്യ,
ന്യാസ്സമേപ്പ്രാപ്ലാമൊനു
ചെയ്തർക്കെകൊള്ളുംപൊരേമായബലമുള്ളതായി,
മൊരിച്ചുനാമോചമുമ്പ്
മത്കാരണ്യക്രിയാമേലുളവാക്കുന്ന,
ശില്പമയോവിശേഷമാക,
ബാണീമേപപദവിശേഷങ്കൊണ്ടുതിരുളിതല്ലാ
മോദിതോളിതന്റ്റ
ബാണനസ്തുതിനിയമങ്ങൾ തെളിയവാദ്യപ്രസിദ്ധ
നാമമൊക്കുന്നാളുമാംഗ
താമനേകരൂപങ്ങളാണെന്നുള്ളതകൊണ്ടിരി
മുൽക്കാലുമാകയുള്ളന്നിന്നു
നാനാമായാനുഭൂതികളാകെസകലം
വിശേഷനാമമൊപ്പുകളും.
ഇതാമപ്പണിസന്ദർഭത്തെ ളയവരെട്ടനിയമം
ത്രുഗ്ഗ്രഹിതാപാദസംബന്ധത്താൽ
ചൊൽത്താർക്കാതിൽക്കണ്ടാൾകൃതമെന്നു
പാമത്ത്യമെന്നന്ത്യനാസാകം
ഗതാഗതസമയമായനന്ദിച്ചു ളവിധമിവ
മംഗലമാസനൃമാകാ,
തഴിന്നുമല്ലാതിഷ്ഠിച്ചേറ്റകിലുമിതത്ര
വിശേഷമൊരിതാമാ.

സമാപ്തം.

ബൊമ്പായിലെ കമ്മിട്ടം*

നാണയപ്പാവതം ദിനംപ്രതി കണ്ടും പെരുമാറിയും വരുന്ന ഇരുപ്പിക എന്ന നാണയം ഉണ്ടാകുന്ന സമ്പ്രദായത്തെ ഇതാ കണ്ടാ സ്ഥലം, ഇ ഇകളെ പ



റി പ്രത്തിയ ഒരു വിവരം മാത്രമേ ഇവ ടെയന കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളു.

ബ്രിട്ടീഷ് ഇന്ത്യയിൽ ഈ ആവശ്യത്തിലേയ്ക്കു രണ്ടു കമ്മിട്ടങ്ങളാണ് ഉള്ളത്. അതിൽ ഒന്ന ബൊമ്പായിലും മറ്റൊന്ന കല്ക്കത്തായിലും ആണ്. ഇതിൽ വലിയ പ്രാധാന്യം ബൊമ്പായിലുള്ളതിനാണ്. ഈ കമ്മിട്ടത്തിന പയോഗിക്കുന്ന കെട്ടിടം, ആദിയിൽ മഷർ. ജോൺ ഹാക്കിൻസ് എന്ന ഇഞ്ചിനീയരാണ പണിചെയ്യിച്ചത്. ഇദ്ദേഹം 18?0 കൊല്ലത്തിൽ പണം പണിക്കാരൻ, കാല ക്രമേണ അവിടവിടെയായി പിന്ന

* കമ്മിട്ടം=നാണ്യം നിർമ്മിക്കുന്ന ശാല്യ നാണ്യനിർമ്മാണം.

നീക്കപ്പെടാവുന്നതാണെന്നതാണ് 19,20 ഈ നൂറ്റാണ്ടുകളിൽ പാരീസിലെ വ[illegible] പഠിപ്പുരത്തിന്റെ ആധിപത്യ, [illegible] പ്രമാണക്കെട്ടിടത്തിന്റെ ബാധിച്ചവർ [illegible] ഇതിനെ സ്ഥാപിച്ചവർ കൊടുത്തില്ല. 20-ാം നൂറ്റാണ്ടിന്റെ ആ[illegible], കോടികൊണ്ടും [illegible] കെട്ടിടങ്ങളും ഈ പട്ടണ[illegible] ഉണ്ടായിട്ടുള്ള [illegible], [illegible] കൂടിയുള്ള [illegible] കാണിക്കാം വിസ്മയിപ്പിക്കുന്ന [illegible] പട്ടണത്തിലുള്ള [illegible] പ്രത്യേകതകളും മാത്രമാണെന്നല്ല ഇ[illegible] ഒരു കാലത്തു പണിതവയും [illegible].

[illegible] ഉപയോഗിച്ചു വ[illegible] കാലാന്തരങ്ങളിൽ [illegible] 'കള്ളർ' എന്ന പേർ [illegible] വെള്ളിപ്പണിക്കാർ [illegible], ഈ രാജ്യങ്ങളിൽ നിന്ന [illegible] ചെയ്തു കട്ടിവെള്ളികളും, കി[illegible] നിലക്കൊള്ളുന്ന [illegible] ഉപയോഗിച്ചു [illegible] നിർമ്മാണത്തിൽ [illegible] ചെയ്യുന്നത്. ഈ വെള്ളികളു[illegible] പരിശോധിച്ചവർ ഒരു പ്രത്യേ[illegible] [illegible]. [illegible] പരിശോധിച്ചു [illegible] വെള്ളി [illegible] കിടാരത്തിൽ ഇട്ട് ഉരു[illegible] ഉരുകിയെടുത്ത ആ വെള്ളി [illegible] [illegible] നിന്ന [illegible] ത്തിൽ 01 ഭാഗം വെള്ളിയും 4 ഭാഗം [illegible] കൂടി [illegible] ഉരുക്കുന്നു. ഈ ഉരുകിയ [illegible] ഉരുകിയ [illegible] [illegible] ത്തിൽ [illegible] 'ദ്രവം' ക[illegible] ഒഴിച്ചു [illegible] വെള്ളത്തകിടും [illegible] [illegible] ഈ വെള്ളിക്കട്ടികളെല്ലാം

കെട്ടിടങ്ങളിൽ തന്നെ ഒരു ദിക്കിൽ ശേഖരിച്ചിരുന്നു. ഈ പ്രകാരം [illegible] [illegible] കൂടെ [illegible] [illegible] പാത്രങ്ങളും [illegible] [illegible] കാണാം. ഈ പ്രകാരം [illegible] വെള്ളിക കളുടെ കാര്യ [illegible] [illegible] [illegible] [illegible] ഉരുപ്പികളുടെ [illegible] എന്നിരിക്കൽ [illegible] [illegible] എന്നിവയെ ഉ[illegible] ചെയ്യുന്നു. എന്ന തന്നെ യല്ല, ഉരുകിയ കിടാരത്തിൽ നിന്ന 'ദ്രവ' [illegible] പകര[illegible] [illegible] കാര്യ [illegible] [illegible] ആലോചി[illegible] [illegible]. ഈ വെള്ളി [illegible] [illegible] [illegible] [illegible] വെച്ചിട്ടുള്ള ഒരു യ[illegible] [illegible] ത്തിൽ [illegible] വെള്ളി [illegible] (ഉരുപ്പികളുടെ കനത്തിലുള്ള) [illegible] ഇടുന്നു. പരക്കെ കാണി[illegible] ഇത് ഒരു 'കൺകെട്ട്' എന്ന തോന്നിയേക്കാം. എന്നാൽ [illegible] ത്തിൽ [illegible] തകിടുകളെ [illegible] [illegible] ഈ യന്ത്രത്തിന്റെ ജോലി. ആ [illegible] കഴിഞ്ഞ് [illegible] [illegible] ഉരുപ്പിക[illegible] വട്ടത്തിൽ [illegible] യന്ത്ര[illegible] [illegible] [illegible] പരിശോധിക്കുന്നു. ഈ പരിശോധനയിൽ ഉരുപ്പികളായി [illegible] [illegible] [illegible] [illegible] പ്രകാരം [illegible] [illegible] [illegible]. [illegible] ഈ [illegible] തകിടുകളുടെ [illegible]

...ന്നാൽ വീണ്ടും ഉരുക്കുന്ന [illegible] തന്നെ [illegible] ചെയ്യുന്നു. ഇപ്രകാരം [illegible] ... 'ബ്ലാങ്ക്സ്' ('ബ്ലാങ്കു' എന്നു നമ്മളും പറയാറുണ്ടല്ലോ) എന്നു പറയുന്നത്. ഈ 'ബ്ലാങ്കു'കളെല്ലാം ഒരു യന്ത്രത്തിലിട്ട് [illegible] ... യന്ത്രത്തിൽ നിന്നു നിരന്തരമായി പ്രവഹിക്കുന്ന [illegible] ... 'നാണയ സംരക്ഷകർ' എന്ന [illegible] ...

[illegible] (ഒരു ഗ്രെയിൻ തൂക്കത്തിന്റെ 200-ൽ ഒരംശംപോലും) [illegible] ... 108 ഗ്രെയിൻ [illegible] ... 'ബ്ലാങ്ക്'കളെ [illegible] ... 7½ [illegible] ... 700 പേർ ഉണ്ട്.

[illegible]

ളെ വീഴുന്ന തൂപകവും ഒന്നാന്തരമായി എ
ടുത്ത് അളുകളുടെ മുകളിൽ മാത്രം പാ
കേണ്ടുന്നവയെന്ന് ഒരിക്കൽ ബോധമാകു
ന്നു. അവരുടെ ചെറു കുഴികളിൽ അവ
യെ ന്യൂനമാണെന്ന തോന്നിയ തൂപകങ്ങ
ളും ഏറിയ പക്ഷം പക്ഷികളായിക്കാണാ
റുള്ള തോലിക്കാരായ വലിയ കുട്ടികളു
ള്ളവരെ. സന്ധ്യാസമയത്തിൽ മാത്രം
ഉപകരിക്കാത്ത പക്ഷികളാണെന്ന മാത്രമാ
ണ് ഈ കുട്ടികളെ ഈ പ്രവൃത്തിയിൽ മു
ഷിപ്പിക്കാതതാണ്. കുട്ടികളെ പരിപാലി
ക്കാൻ നിശ്ചയിക്കും. അവരുടെ മുമ്പിൽ
ഒരുത്തിൽ കാരമ കല്ലും ഉണ്ടായിരിക്കും.
ഈ കല്ലിന്മേലാണ കുട്ടികളെ ഇരുപ്പിക്ക എ
റിയുന്നത്. ഏവരുടെയും ആവശ്യം നിമി
ത്തം കല്ലുകളുടെ നടു കഴിഞ്ഞിരിക്കുന്നതു
പോലെ കാണുന്നു. ഇപ്രകാരം അനേകം
കുട്ടികളെ നിരത്തായി കല്ലിന്മേൽ ഏറിയു
ന്ന തൂപകരുടെ കലഹശബ്ദംകൊണ്ടു
കെട്ടിടമൊട്ടുക്ക് മാറ്റൊലികൊണ്ടു നി
റഞ്ഞിരിക്കും. ഈ ശബ്ദകോലാഹലത്തിനിട
യിൽ, സംഗീതരസികന്മാർ അപശ്രുതി
അറിയുന്നപോലെ, കല്ലിന്റെ ശബ്ദം
ഈ വലിയ മിടുക്കന്മാർ പെട്ടെന്ന് അറി
യുന്നു. ഏതെങ്കിലും അപശ്രുതി ഉണ്ടാകി
യ തൂപകന് ഉടനെ സമ്മാനം ലഭിക്കു
കയും ചെയ്യുമത്രേ. ശബ്ദം കേട്ടാൽ കഴി
ഞ്ഞാൽ ഉരുപ്പിക പെട്ടികളിൽ നിറച്ചുകെ
ട്ടി അയക്കുകയും ചെയ്യുന്നു.

ആർ. പി.

സരോജബാല*



ഇവർ കേട്ട ശിവാജിമഹാരാജാവിന്റെ ഒരു പ്രധാനിയായ മല്ലാവിന്റെ അനുജനും അവിടെ ഒരു ക്ഷേത്രനായകൻ ആയിരുന്നു ഉമാജി എന്ന പേരുള്ള ഒരു ബ്രാഹ്മണൻ അവിടെ പൂജകനായി നിയമിച്ചിരുന്നു. ധന്യനായ ഈ ബ്രാഹ്മണന്റെ ഏക പുത്രിയായിരുന്നു സരോജബാല. ബാല്യം മുതൽ ക്ഷേത്രത്തിൽ പിന്നിട്ട് അവൾ അമ്പലത്തിലെ ദേവാലയ ജീവിതം ശീലിച്ചിരുന്നു. വിഭാര്യനായ സ്വപിതാവിനെ അവൾ ബാല്യം മുതൽ പരിചരിച്ചുപോന്നിരുന്നു. ക്ഷേത്രത്തിനു ചുറ്റുമുള്ള വലിയ പൂന്തോപ്പിൽ നിന്നും ആ ബാലിക പൂക്കൾ പറിച്ച് മാലകെട്ടി ദേവന് ചാർത്തുവാൻ കൊടുക്കുമായിരുന്നു.

ഒരു ദിവസം അവൾ അതിവേഗത്തിൽ പൂമാലകെട്ടിക്കൊണ്ടിരിക്കുകയായിരുന്നു. ഒരു സാധാരണ പോലുള്ള സൈനികവേഷം ധരിച്ച ഒരു യുവാവ് അവിടെ വന്നു ചേർന്നു. മഹാരാജാവിന്റെ സൈന്യത്തിൽ അംഗമായ ഒരു യുവ സേനാനായകനായിരുന്നു അയാൾ. ശിവാജിയുടെ ശത്രുക്കളുടെ വസതിയിൽ ചെല്ലുവാൻ നിയോഗിക്കപ്പെട്ടിരുന്ന ഒരു സൈനികനായിരുന്നു അയാൾ. യുദ്ധത്തിൽ അവരുടെ നേരെ സമരത്തിൽ പതിച്ചു പതിനെട്ടു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന അവൾ ഒരു സൌന്ദര്യ

* സി. എച്ച്. ബി. മാഗസിനിൽ നിന്നും ചാച്ചുചെയ്യുന്ന ലേഖനിൽ.

ഇരു പൊൻകട്ടിയായിരുന്നു. കറുത്തു് കാലോളം നീണ്ടു ചുരുണ്ടുകിടക്കുന്ന തലമുടി, തൊണ്ടിപ്പഴത്തിന്റെ മനോഹരമായ വർണ്ണത്തെ വഹിക്കുന്ന കവിൾത്തടങ്ങളും, ചെടിപ്പോടുന്ന താമരപ്പൂവിതളുപോലെ മനോജ്ഞമായ നേത്രങ്ങളും, വട്ടത്തെ പുരികങ്ങളും, വിസ്താരമായ നെററിത്തടം, മൃദുതരവും പാടലവുമായ അധരങ്ങളും, കുന്ദകുസുമങ്ങളെപോലുള്ളതും നിരക്കപ്പെട്ടതുമായിരിക്കുന്നതുമായ ദന്തങ്ങളും, ഹിമശൈത്യമായ കണ്ഠത്തിൽ ചുററികിടക്കുന്ന വിലയേറിയ മുത്തുമാല, സായാഹ്നസൂര്യന്റെ കിരണങ്ങളും തട്ടി പതിവിലും പത്തിരട്ടി പ്രകാശിച്ച ടിയ മുഖം, ഇവയെല്ലാം ഭാസ്കരന്റെ ദൃഷ്ടിയെ കരേറം ആകർഷിക്കയും അയാളുടെ മനസ്സിനെ വശീകരിക്കയും ചെയ്തു. അന്യനായ ഒരു പുരുഷന്റെ കടക്കണ്ണുകൾക്കു താൻ ലാക്കാണെന്നുള്ളതു് ഏതുമറിയാതെ സരോജ പതിവുപോലെ പൂവറുത്തുകൊണ്ടു പൊയ്ക്കൊണ്ടിരുന്നു. നെടിയതായ പൂക്കളിൽ പൂവും വാരിച്ചുകൊണ്ടു ദേവാലയത്തിലേക്കു പോകുന്ന വഴിയിൽ അവളും ഭാസ്കരനെയും കാണാനിടയായി, അവരുടെ നോട്ടങ്ങളും തമ്മിലിടഞ്ഞു. ദൈനംദിനാചാരത്തോടു പാർക്കാനുള്ള സന്തോഷം പറഞ്ഞതിനു് ശേഷം അദ്ദേഹം ഭാസ്കരനെ അന്നു രാത്രി അവിടെ താമസിച്ചു പോകുവാൻ അനുവദിച്ചു. ഭക്ഷണസാധനങ്ങളും വിളമ്പിയതു സരോജയായിരുന്നു. ഉണ്ണിയുടെ കാര്യത്തിലും ഗൌരവമേറിയ ചില വിചാരങ്ങളും ഭാസ്കരനെ ക്ഷോഭിപ്പിച്ചു. കഴിച്ചു ദീനാലയങ്ങളെ അകത്താക്കിയ ശേഷം അയാളും കിടക്കാനുള്ള മുറിയിലേക്കു പോയി. ഉറക്കം വരാഞ്ഞതിനാൽ ഉദ്യാനത്തിലിറങ്ങി അങ്ങുമിങ്ങും നടക്കാൻ തുടങ്ങി. സരോജ കഴിഞ്ഞതിനു ...രിക്കുമിന്നതാലോചനയായാൽ തോന്നിയ

ഒരു ദൃശ്യമായ അവിടെ ഒരു ദിക്കിൽ നിന്നതായി അവൻ കാണുകയുണ്ടായി. അതു തായ ദൃശ്യമേ ചമഞ്ഞാണെന്നു നിശ്ചയിച്ചു് പെട്ടെന്നു അതു പാർത്തുനിൽക്കുന്ന അവളുടെ വാക്കിനെക്കൊണ്ടു പിന്നെയും ഭാസ്കരനു ചോദിപ്പാനായി. എന്നാൽ സരോജയെ തുമ്പത്തായിൽ കണ്ടു് ആ മാല അവളെ ഏല്പിക്കുന്നതിന് അയാളും തീരുമാനിച്ചിരുന്നു. ഒരു അവളെ പൂന്തോട്ടത്തിൽ കണ്ടെത്തി. തനിയെ ഉപചാരവാക്കുകളുംകൂടി അയാളും ആ മാല അവളെ ഏല്പിച്ചു.

മടങ്ങിയ സമയത്തിൽ അവളും പറഞ്ഞു:— 'നിങ്ങളും ചെയ്ത ഉപകാരത്തെ മറക്കാം. ഇനി എപ്പോഴെങ്കിലും ഈ പ്രദേശങ്ങളിൽ വരുമ്പോൾ ഇവിടെത്തി ഒന്നു കണ്ടുപോവാൻ മടിക്കയില്ലെന്നു വിശ്വസിക്കുന്നു'. ഭാസ്കരൻ മറുപടി പറഞ്ഞു:—'ഇനി എന്നെങ്കിലും ഇവിടെ വരാൻ എനിക്കു സാധിക്കുമോ എന്നു് തീർച്ചപറവാൻ കഴികയില്ല. എന്നാൽ മതിയിലുടെ മാർഗ്ഗം, സാധുപ്രകൃതം, എല്ലാററിലും ഉപരി മനോഹരമായ ഈ മുഖം ഇവയെല്ലാം എന്നെന്നും എന്റെ മനസ്സിൽ നിന്നും മറയുന്നതല്ല'.

സരോജയ്ക്കു സംസാരിക്കാൻ വയ്യാ. മുത്തുപോലുള്ള കണ്ണുനീർക്കണങ്ങളും അവളുടെ കൺപോളകളിൽ പൊടിഞ്ഞു. ഒന്നു അവിടെ നിന്നും തിരിച്ചു. കണ്ണെത്തുന്ന ദൂരം വരെ, ക്രമേണ മറഞ്ഞുപോകുന്ന ആ അംഗോപാംഗങ്ങളുടെ രൂപത്തെ അവളും സൂക്ഷിച്ചു നോക്കി. അതുമുതൽ വല്ലാത്ത ഒരു മാററം അവളിൽ സംഭവിച്ചു. പൂവറുക്കാൻ പോകുന്ന സമയത്തെല്ലാം ഏകാഗ്രമനസ്സായ ചിന്താസമുദ്രങ്ങളിൽ അവൾ മുങ്ങാറുണ്ടായിരുന്നു. ഭാസ്കരൻ പല ദൃശ്യങ്ങളിലും വിശ്വവിജയിയായ നമ്പൂ, അയാളും ഒരു വെള്ളക്ക

ച്ചോടു കയറി അവന്റെ അടുക്കലേയ്ക്കു ചെല്ലണമെന്നു സരോജയ്ക്കു തോന്നിയിരുന്നു. അവൾ ജയസിംഹനുമായുള്ള വിവാഹത്തിനു സമ്മതം അവർ നൽകിയെന്നും, അതിലേറെയുമില്ലെന്നും അവൾ വിചാരിച്ചു. കണക്കില്ലാത്ത ഉത്സാഹം അവാച്യമായ അവളെ സന്തോഷിപ്പിച്ചിരുന്നെങ്കിലും അവരെല്ലാം വെറും പിന്നാലുകൾ മാത്രമായിരുന്നു. ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു. ജനാർദ്ദനദേവനെ കൂട്ടിക്കൊണ്ടു ചെല്ലണമെന്നുള്ള ശിവാജിയുടെ കല്പന നിറവേറ്റാനായി രഘുനാഥൻ ഒരു ദിവസം കോട്ടയിൽ വരാനിടയായി. രഘുവിന്റെ ആഗമനത്തിൽ സരോജയ്ക്ക് അതിയായ സന്തോഷമുണ്ടായിരുന്നു. ആ രാത്രിയിലുടനീളം സംഭാഷണത്തിനിടയിൽ രഘുനാഥൻ അവന്റെ കലഹമഹിമയെപ്പറ്റിയും ധാരാളം സംസാരിച്ചു. ആ വൃദ്ധബ്രാഹ്മണൻ എല്ലാം ശാന്തതയോടെ കേട്ടിട്ട് ഇപ്രകാരം പറഞ്ഞു:—'രഘു! ഞാൻ നിങ്ങളുടെ കഷ്ടം തന്നെപ്പറ്റി അറിയും. സരോജയും ഒരു അന്ത്യഘട്ടത്തിൽ ഇരിയ്ക്കുകയാണ്. ഈ യുദ്ധം മംഗളമായി അവസാനിച്ചാൽ ദിവസം നിങ്ങൾ തീരുമാനിക്കേണ്ടതാണ്.'

കണ്ണീര്‍ തുളുമ്പിയതാൽ രഘുവിന്റെ സന്തോഷമുണ്ടായില്ല. ഈ സംഭാഷണമെല്ലാം സരോജയും കേട്ടു. അവൾക്ക് പക്ഷേ ഒന്നും സംസാരിക്കാൻ സാധിച്ചില്ല. പിറ്റേന്നാൾ പ്രഭാതത്തിൽ അവർ രണ്ടുപേരും കൂടി പുറപ്പെട്ടു. സരോജയോട് സംസാരിക്കുന്നതിനു വേണ്ട ധൈര്യം അന്നേരം ഒരിക്കലും രഘുനാഥൻ സമ്പാദിച്ചു.

'ദേവി! ഞാൻ പോകുന്നു. നാളെ നിങ്ങൾ യുദ്ധത്തിലും ഞാൻ പടക്കളത്തിലുമായിരിക്കും.'

സരോജ ചിരിച്ചു കേട്ടു. അവളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. 'സർവ്വശക്തനായ ദൈവം നിന്നെ രക്ഷിയ്ക്കട്ടെ.' എന്നാവൾ പറഞ്ഞു.

രഘു പറഞ്ഞു:—'ഈ പോരാട്ടം ഒടന്നെ തീരുകയില്ലല്ലോ.'

ദേവനും വിചാരിച്ചുകൊണ്ടിരുന്ന ആ പെൺകുട്ടി അതിനിടയിൽ പതുക്കെ പറഞ്ഞു:—'ഹാ! അതൊരിക്കലും സാധ്യമല്ല!'

ഔറംഗസീബുമായുള്ള യുദ്ധത്തിൽ ജയസിംഹൻ ശിവാജിയെ സഹായിക്കാതെയിരിക്കാൻ ചെയ്തു. രഘുനാഥൻ ശ്വാസമെങ്കിലും ഒരു ധീരനായിരുന്നു. അയാൾ എപ്പോഴും ശിവാജിയെ അനുഗമിച്ചിരുന്നു. ഹരിനാരായണയുദ്ധത്തിൽ രഘുനാഥൻ ശിവാജിയുടെ പ്രാണരക്ഷ ചെയ്തു. അവൻ പല അവസരങ്ങളിലും അനേകം ധീരകൃത്യങ്ങൾ പ്രവർത്തിച്ചു. ശിവാജി അവനിൽ വളരെ പ്രേമം കാണിച്ചുവന്നിരുന്നു. ബഹുമാനസൂചകമായി വിശേഷപ്പെട്ട ഒരു പദവും കൊടുത്തു രഘുവിനെ സൽക്കരിച്ചു. ജയസിംഹനും ശിവാജിയും തീർപ്പു ചെയ്തു. ജനാർദ്ദനദേവൻ, സരോജബാല, രഘുനാഥൻ ഇവരെല്ലാം ശിവാജിയുടെ പാളയത്തിൽ തന്നെയായിരുന്നു താമസം. രാത്രികാലങ്ങളിൽ അവരും ആ പാർവ്വതിയും പുത്രിയുടെ കഥകളും, പടനിലങ്ങളിലെ പലവിധ സംഭവങ്ങളെ പറഞ്ഞു കേൾപ്പിക്കും പതിവായിരുന്നു. ബലമേറിയ കോട്ടയിൽ കെട്ടി ഇരിപ്പിട്ടിരുന്നതായിരുന്ന 'മാർക്കണ്ഡേയ' പ്രാകാരത്തിൽ രാത്രികാലങ്ങളിൽ ഒരു ... ആ ... രഘുനാഥനോടൊത്ത് ... ചെ-

നടേ ചെന്നെത്തി. കോട്ട ശിവാജിക്കധീനമായി. ആ മുറ്റത്തെ ആദ്യം അതിലംഘിച്ചത് കൃഷ്ണാജിതന്നെയായിരുന്നു. അവിടെ ഉണ്ടായിരുന്ന അഫ്ഘാനരിൽ ചിലരെല്ലാം തടവുകാരായി. ഏതാനും പേർ ഓടിക്കളഞ്ഞു. ശേഷിച്ചവർ കാലവശരായി. ശിവാജിയുടെ പക്ഷത്തിലും പലരും മരിച്ചു. അടുത്ത ദിവസം ഒരു 'ദർബാർ' ഉണ്ടായി. ജയസിംഹനും ഹാജരുണ്ടായിരുന്നു. തലേന്നാൾ രാത്രിയിൽ തടവിൽ പെട്ടിരുന്ന അഫ്ഘാൻകാരെയെല്ലാം സ്വതന്ത്രരാക്കി വിടുന്നതിനും പ്രാകാരത്തിങ്കൽ തന്റെ മുമ്പിൽ കൊണ്ടുവരുന്നതിനും ശിവാജി ആജ്ഞാപിച്ചു. കയ്യും കാലിനും വിലങ്ങോടുകൂടി വന്ന അവരുടെ ബന്ധനമെല്ലാം സ്വകരങ്ങളാൽ ശിവാജി വേർപെടുത്തി. അവരെ ആലിംഗനം ചെയ്തിട്ട് 'നിങ്ങൾക്കിഷ്ടമുള്ള മറ്റേതു ദിക്കിലേക്കും പോകുന്നതിൽ വിരോധമില്ല.' എന്നാജ്ഞ കല്പിച്ചു.

ശിവാജിയുടെ ഉദാരവും ദയാപൂർണ്ണവുമായ ഈ പ്രവൃത്തി ആ കോട്ടക്കാവൽക്കാരനെ സവിശേഷം വശീകരിച്ചു. അയാൾ പറഞ്ഞു: 'ശിവാജി! അവിടത്തെ ഉദാരപൂർവമായ ഈ പ്രവൃത്തിക്ക് ഞാൻ കടപ്പെട്ടവനായിരിക്കുന്നു. നിങ്ങൾക്ക് കഴിഞ്ഞ രാത്രിയിൽ അനേകം പടയാളികൾ നഷ്ടപ്പെട്ടു. അവരുടെ സേനയിൽ തന്നെയുള്ള ഒരു ഭടനിൽ നിന്നു ലഭിച്ച രഹസ്യമായ അറിവിനാലത്രേ എതിർക്കുന്നതിനു സാധിച്ചത്. ഞാൻ കരുതിയിരിക്കയായിരുന്നു. അയാളുടെ പേര് ഞാൻ പറയുന്നില്ല. എന്നാൽ നിങ്ങളുടെ ആളുകളെല്ലാം വിശ്വസ്തരല്ല.'

ഇത്രയും പറഞ്ഞിട്ട് അയാൾ അവിടെനിന്നും കടന്നുപോയി. ശിവാജിയുടെ കോപം ജ്വലിച്ചു. അദ്ദേഹത്തിന്റെ മുഖം ചുവന്നു. ദേഹം വിറച്ചു. കൂട്ടുകാരായിരുന്ന ഭടന്മാർ നിശ്വാസമടക്കിയവരായി നിന്നു.

ശിവാജിയെ സമാധാനപ്പെടുത്താനായി ജയസിംഹൻ മടങ്ങിയെത്തിയപ്പോൾ ചോദിച്ചു: 'ഇന്നലെ രാത്രി നിങ്ങളിലാരെങ്കിലും ഹാജരാകാതിരിക്കയോ താമസിച്ചു വരികയോ ഉണ്ടായോ? ഈ നില്ക്കുന്നവരെല്ലാം വിശ്വസ്തരായിരുന്നെന്ന് ശിവാജിക്ക ബോധ്യമുണ്ടോ'. ഒരു രാജ്യദ്രോഹിക്കു വേണ്ടി ആ വിശ്വാസത്തെ നിങ്ങൾ ഇല്ലാതെ ചെയ്യരുത്. പക്ഷേ കഴിഞ്ഞ യുദ്ധത്തിൽ മരിച്ചുപോയ ആളുകളെങ്കിലും അയാളുടെ പേര് പറയണം. അങ്ങനെ ഇപ്പോഴും അവൻ ജീവിച്ചിരിക്കുന്നെങ്കിൽ ഇവിടെ കൊണ്ടുവരിക.'

ചന്ദ്രരായനെന്ന പേരുള്ള ഒരു ഭടൻ മുമ്പോട്ടു വന്നു പറഞ്ഞു: 'ഒരു ഭടൻ ഇന്നലെ രാത്രി ഞങ്ങളോടുകൂടി ചേരാതെയുണ്ടായി.'

ശിവാജി ഗർജ്ജിച്ചു: 'അവന്റെ പേര് പറയൂ. ഇനിയും അവൻ ജീവിച്ചിരിക്കുന്നോ?'

സൂചിപോലും താഴത്തു വീണ ശബ്ദം കൂടി കേൾക്കത്തക്കവണ്ണം ഒരു ഗാഢമായ നിശ്ശബ്ദത അവിടെയെല്ലാം പരന്നതിൽ ആ ഭടൻ അവന്റെ പേര് പറഞ്ഞു. 'രഘുനാഥപന്ത്.'

'ഏതു? ബന്ധുവോ?' ശിവാജി കോപത്തോടുകൂടി പറഞ്ഞു. 'രഘുനാഥന്റെ അച്ഛനിൽ ഈ വാക്കുകളെ വിശ്വസിക്കുവാൻ ഞാൻ കഴിയുകയില്ല. എനിക്കറിയാം. അയാളുടെ ധൈര്യം ഞാൻ കണ്ടിട്ടുണ്ട്. ഈ കള്ളം പറഞ്ഞതിനുള്ള പ്രതിഫലം ഇതാ തരുന്നുണ്ട്.'

ശിവാജി തന്റെ വാളൂരി ചന്ദ്രരായരുടെ ശിരച്ഛേദം ചെയ്യാൻ ഭാവിച്ചു. തൽക്ഷണം രാമദാസർ മുമ്പോട്ടു വന്നു പറഞ്ഞു: 'ഇതു ചതിയാണ്'. ഇന്നലെ രാത്രി ഞാനല്ലേ ഭക്ഷിപ്പിച്ചതു. ചന്ദ്രരായരെ ഉപദ്രവിക്കരുത്'.

'രാമദാസ!' ഇടിവെട്ടുംപോലെ ശിവാജി ഉച്ചരിച്ചു. 'നിന്നാൽ ഈ കൊള്ള ഇന്നു ശിക്ഷിക്കപ്പെട്ടു. നീ ഒരു രാജദ്രോഹിയുമാണോ?'

അദ്ദേഹം പ്രതിവചിച്ചു: 'പ്രഭോ! ഈ നിലയെ കാരണങ്ങളെപ്പറ്റി ആലോചനയ്ക്കു നൽകിയാലും.'

ജ്വലിക്കുന്ന ക്രോധത്തോടുകൂടി ശിവാജി തന്റെ ഖഡ്ഗംകൊണ്ടു ബ്രാഹ്മണനെ വെട്ടാൻ തുടങ്ങി. ആശ്ചര്യകരം, ഒര കല്ലുപോലെ അനക്കമില്ലാതെയും സന്താപത്തോടു കൂടിയും നിന്നതേയുള്ളൂ. ഒടുവിൽ ശിവാജിയുടെ കയ്യു കേറിപ്പിടിച്ചുകൊണ്ടു രാമദാസർ പറഞ്ഞു: 'ശിവാജി! ഞാനെന്റെ ജീവിതം മുഴുവൻ യുദ്ധത്തിൽ കഴിച്ചിട്ടുണ്ട്. ബ്രാഹ്മണന്റെ ധർമ്മമായും ഒരാൾ ഞാനല്ലാതെ നിരപരാധിയെന്നെന്ന ഞാനറിയുന്നു. ധീരനായ ഒരു യോദ്ധാവിനെ കൊല്ലുന്നതിനു വേണ്ടി നിങ്ങൾ പശ്ചാത്തപിക്കാനിടയാകും. അതിനായിട്ട് നിന്ന് ഇയാളുടെ ജീവനെ ഞാൻ യാചിക്കുന്നു.'

ശിവാജിക്ക നിരസിക്കാൻ കഴികയില്ല. വാളു വെച്ചു വല്ല ദിക്കിലും പൊയ്ക്കൊള്ളുന്നതിനദ്ദേഹം ആജ്ഞാപിക്കയാണു ചെയ്തതു. ഈ വർത്തമാനം കാട്ടുതീപോലെ നാടെങ്ങും പരന്നു. സന്തോഷവും ഉണ്ടായി. എന്നാൽ ബ്രാഹ്മണർ ഈ വിധത്തിലൊരു കൃത്യം ചെയ്യുകയാൽ അവരെ തീരെ വിശ്വസിച്ചില്ല. പലവിധത്തിൽ കഷ്ടതകളെ അനുഭവിച്ചു അടിച്ചുപുറത്താക്കപ്പെട്ടുവെങ്കിലും രാജ്യത്തിന്റെ ശത്രുവായി അയാൾ പ്രവർത്തിച്ചുവന്നിരുന്നു.

ഈ സംഭവത്തിനുശേഷം വളരെ നാൾ കഴിഞ്ഞൊരു ദിവസം, രാജാവു മനോരാജ്യങ്ങളിൽ മുഴുകിയ സംഭാഷണമാലയെ പൂർത്തിയാക്കിയിരുന്നപ്പോൾ ഒരു വടി പിടിച്ച ദീനനും ക്ഷീണിതനും ആയ ഒരു സാധു അദ്ദേഹത്തിന്റെ സമീപത്തേക്കു വന്നു ചേർന്നു. അയാൾ അവിചാരിതമായി ആ ഗ്രാമത്തിൽ ആകർഷിക്കപ്പെട്ടതാവാം. 'താങ്കൾക്ക് എന്തിനിത്ര അറിയണമോ?' എന്ന് ആ സാധു അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി.

'എനിക്ക് നിന്നെ അറിയാമെന്നു തോന്നുന്നു.' രാജാവ് പറഞ്ഞു. 'അങ്ങനെയാണെങ്കിൽ ഒരു ഭാരം അറിയിക്കാൻ ചില കാര്യങ്ങൾ ചോദിക്കാനുണ്ട്, ഇല്ലേ?'

സംഭാഷണത്തെ കാണിക്കുന്ന സ്വരത്തിൽ സന്യാസി പറഞ്ഞു:– 'നിങ്ങളൊരു സത്യസന്ധനായിരിക്കാം. ഒരു ദുഃഖം സഹിക്കുന്നതിനിടയായിരിക്കുന്ന കാര്യം അസാധ്യമാണ്.' ആ 'ഭരണം നിങ്ങളുടെ മനസ്സിൽ അതിനൊരു ഉപദ്രവമുണ്ടെന്നു തോന്നുന്നു.' സാധു പറഞ്ഞു. 'ആ ആളെ ഇന്നെവിടെപ്പോയെങ്കിലും ഞാൻ കണ്ടാൽ തിരിച്ചറിയുമോ എന്നെങ്കിലും പറയാമോ?'

'അപ്പോൾ നിങ്ങളുടെ ഹൃദയത്തെ കണ്ണിൽ കണ്ടിരിക്കുന്നു.' രാജാവു പ്രതിവചിച്ചു. 'ഞാൻ ഇനി എന്തു ചെയ്യാൻ പോകുന്നു എന്നതാണ് നിങ്ങളോടു ചോദിക്കുന്നതെന്തു?'

സാധു:— 'മുൻപ് ഞാൻ ഒരാളെ കണ്ടിട്ടുണ്ട്. അയാൾ നിരപരാധിയാണെന്നു തെളിയിക്കുന്ന വിവരം ചെയ്യുന്ന അയാളെ രക്ഷിച്ചിരിക്കുന്നു.'

അക്ബർ—'സാമന്ത ഒരു രാജപുത്രകന്യയാണെന്നും സുൽത്താനോടു അവളെ ഒഴുവിന്റെ സ്തുതികളും പാടുകയും അദ്ദേഹം ഒരു നിരപരാധിയാണെന്നു നിശ്ചയം ചെയ്യണമെന്നും അവിടെ പറകയാണ്.'

സഭ്യ—'അവന്റെ നിരപരാധിത്വത്തെ തെളിയിക്കാനുള്ള ഞങ്ങളുടെ ശ്രമം വിഫലമാകുന്നേ മാറ്റും കാണുന്നുള്ളൂ.'

സമദ—'സാരമില്ല. അവന്റെ സൽക്കീർത്തിയിലുള്ള കളങ്കത്തെ സംബന്ധിച്ചു കൊണ്ടു കേൾക്കാം ചെയ്യണമെന്നദ്ദേഹത്തോടു പറയണം. ഞാൻ ഇപ്പോഴും എപ്പോഴും ദൈവത്തിന്റെ തന്നെ ആശ്രിതനാം. അതിരിക്കട്ടെ നിങ്ങളുടെ പേരെന്താണെന്നു പറയാമോ?'

'സേതുപതിഗോസ്വാമി' എന്നായിരുന്നു ഉത്തരം.

ഡൽഹിയിലെ ജയിലിൽ കിടന്നിരുന്ന ശിവാജിയേയും സേതുപതി കണ്ടു. അദ്ദേഹത്തിന്റെ രക്ഷക്കുള്ള വഴി കണ്ടിട്ടുണ്ടായിരുന്നു. അപ്പോൾ ഡൽഹിയിലുണ്ടായിരുന്ന അവന്റെ സൈന്യം അരംഗസീബിന്റെ ആജ്ഞയ്ക്കു കീഴടങ്ങി വരണമെന്നു വെച്ചു ശിവാജി അതിനു സമ്മതിച്ചിരുന്നില്ല. ഒടുക്കം അദ്ദേഹം സാംബാജിയോടുകൂടി രക്ഷപ്പെടുവാൻ വഴിയും ഉപയോഗിച്ച കതിര അവിടെ സ്വസ്ഥമായി ഒരു കുട്ടപ്പടയാൽ കൊണ്ടുപോകപ്പെടുന്നതായിരുന്നു. ശിവാജി ഒളിച്ചോടിപ്പോകുന്ന വഴിയിൽ മുമ്പു കണ്ടിട്ടുള്ള കാട്ടികളും എതിർത്തു വരികയും അവരോടു ഡൽഹിയിലേക്കു വഴി കാണിച്ചു കൊടുക്കുന്നതിനായാളോടാവശ്യപ്പെടുകയും ചെയ്തു. ശിവാജിയുടെ സ്ഥിതി അപകടത്തിലായി. അവരോടു സംസാരിക്കുന്നതിനു മുമ്പ് അദ്ദേഹം പറഞ്ഞു.

ഉത്തരം പറഞ്ഞതു കേട്ടപ്പോൾ, ഒരു മിനിട്ടു നേരം, അവർ ശിവാജിയെ കാണാൻ ഇടയാകുന്നതിനു മുമ്പ് ശിവാജിയോടൊപ്പം ഉണ്ടായിരുന്ന ആ ബ്രാഹ്മണൻ നിരായുധനായിരുന്ന എങ്കിലും മുഷ്ടികൊണ്ടുള്ള ഒരിടിയാൽ എതിരാളിയെ താഴെ തള്ളിയിട്ടു. പിന്നീടുണ്ടായിരുന്ന ഒരു മല്ലയുദ്ധം, ഒടുവിൽ അക്രമികൾ ഓടിപ്പോയി. ശിവാജിയുടെ സമീപത്തു നിന്നുകൊണ്ടു കടന്നുപോയതാരെന്നു ഒരു വ്യക്തിയാൽ ഇടയ്ക്കിടെ ചോദിച്ചു. ആ ബ്രാഹ്മണൻ ചെയ്ത വിലയേറിയ സഹായത്തിനായി അദ്ദേഹത്തോടു നന്ദിപറഞ്ഞിട്ട് ചോദിച്ചപ്പോൾ അതു സേതുപതിഗോസ്വാമിയാണെന്നു ശിവാജി അറിയുകയും അത്ഭുതപ്പെട്ടു. അദ്ദേഹം ആത്മാർത്ഥതയോടെ നന്ദി പറയുകയും ചെയ്തു.

ആ മനുഷ്യൻ ശിവാജിയുടെ പാദങ്ങളിൽ സാഷ്ടാംഗനമസ്കാരം ചെയ്തിട്ടിങ്ങനെ പറഞ്ഞു: 'സ്വാമിൻ! ഞാനൊരു ഗോസ്വാമിയോ അല്ല. എന്നാൽ അവിടുത്തെ പഴയ വിശ്വസ്തഭൃത്യൻ രഘുനാഥനാണ്. ഞാൻ അവിടുത്തെ ഭക്തിയോടുകൂടി സേവിച്ചിരുന്നു. ഇനി എപ്പോഴും അങ്ങനെ തന്നെ ചെയ്യുകയും ചെയ്യും.'

ശിവാജി രഘുനാഥനെ സ്വന്തം കൈകളാൽ ആലിംഗനം ചെയ്തിട്ടു പറഞ്ഞു: 'ഓ! എന്റെ ഏറ്റവും വിശ്വസ്തനായ സേവകനെ സംശയിച്ചു ഞാൻ ലജ്ജിക്കുന്നു. പിന്നീടുണ്ടായ അന്വേഷണത്തിൽ നീ നിരപരാധിയാണെന്നറിഞ്ഞ സന്തോഷത്തിനും നിന്നെ വീണ്ടും കാണുന്നതിനും ഇടയായതിനാൽ ഞാൻ വളരെ സന്തോഷിക്കുന്നു. ഇതുമുതൽ എന്റെ സൈന്യത്തിൽ ഉന്നതപദവിയിൽ നിന്നെ നിയമിക്കുന്നതും ഇതാ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.'

സരോജയുടെ അത്ഭുതസൌന്ദര്യം പ്രസിദ്ധമായിത്തീർന്നിരുന്നു. ഈ കാട്ടുജാതിക്കാരുടെ നാട്ടുപ്രമാണിമാർ ഭാഗ്യവതിയായ ഈ ബാലയെ വധുവാക്കിത്തീർക്കുവാൻ തിരക്കിയിരുന്നു. ഇതിനിടെ സരോജ തനിക്കിഷ്ടമുള്ള വരനെ ലഭിക്കുന്ന മോഹമുള്ളു എന്നും വിവാഹം ചെയ്യാനിഷ്ടമില്ലെന്നും അച്ഛനോടു പറഞ്ഞു.

അച്ഛൻ ഒരു ദരിദ്രബ്രാഹ്മണനായിരുന്നുള്ളു. കല്യാണത്തിനും തിടുക്കമില്ല. വിവാഹസമയം വന്നുചേർന്നു. സരോജയെ അവിടെയെല്ലാം കാണുന്നില്ല. ഗ്രാമത്തിലെ ഒരു ജമീന്ദാരുടെ ഭവനത്തിൽ ആശ്രയം പ്രാപിക്കയും ജമീന്ദാരിണിയുടെ വീട്ടുവേലകൾ ചെയ്യുകയും ചെയ്തിരുന്നു. അങ്ങനെ ഇരിക്കെ ഒരു ദിവസം രഘുനാഥൻ ശിവാജിയുടെ ഒരു ദൂതനായിട്ടാണെന്ന ഉദ്യോഗസ്ഥന്മാർ അവരുടെ കണ്ണുകളിൽ അത്ഭുതപ്രകാരമായി അനുഭവിച്ചു.

ജമീന്ദാരുടെ ചെറിയ പെൺകുട്ടിയുമായി ഒരു ദിവസം തെരുവിൽക്കൂടി നടന്നുപോകുമ്പോൾ സേനാപതി തന്റെ കുതിരപ്പുറത്തു വരുന്നതു സരോജ കണ്ടു. അവൾ അദ്ദേഹത്തിന്റെ അടുത്തുചെന്ന് അഭിവാദ്യം ചെയ്തിട്ട് പറഞ്ഞു: 'ദൈവമില്ലാതെ ഭൂമിയിലൊന്നും വരികയില്ലെന്നു ഞാനെന്റെ വീട്ടിൽനിന്നും അടിച്ചോടിക്കപ്പെട്ടു'.

സാധുവിന്റെ നേത്രങ്ങൾ അശ്രുപൂർണ്ണങ്ങളായി. അയാൾ ഇത്രമാത്രം പറഞ്ഞു: 'ദൈവം ഇവിടെ പ്രത്യക്ഷമായി വരികയാണെങ്കിൽ തന്നെ നീ അദ്ദേഹത്തെ അറിയുമോ എന്ന് ചോദിച്ചുകൊണ്ടുവരാനായി ഞാൻ കാത്തുനിൽക്കയാണ് പറഞ്ഞിരിക്കുന്നു.' ഉടൻതന്നെ അവൻ സമീപവാസിയുടെ പടയോടും സരോജയോടുംകൂടി അവൾ ഓടിവന്ന് അയാളുടെ കയ്യിൽ പിടിക്കയും ചെയ്തു.

ശിവാജി രഘുനാഥനെ വളരെ ശിക്ഷ ബാധിച്ചു. ചന്ദ്രരായർ കോട്ടയിൽ പ്രവേശിക്കുമ്പോൾ അയാളുടെ കൈകാലുകളിൽനിന്നും ചന്ദ്രരായരായിരുന്ന സ്വാമിദ്രോഹം ചെയ്തതിനെ വെളിപ്പെടുത്തുകയും അയാളെ ശിവാജി കൊല്ലുവാൻ വിധിക്കയും ചെയ്തു. എന്നാൽ തന്റെ മാപ്പുനൽകാനായി രഘുനാഥൻ ശിവാജിയോട് അപേക്ഷിച്ചു. രഘുനാഥൻ തന്നെ ശരിയെന്നു എന്നാൽ അപമാനം സഹിക്കവയ്യാതെ ചന്ദ്രരായർ ഒടുക്കം ആത്മഹത്യ ചെയ്തുകളഞ്ഞു.

സരോജാരഘുനാഥന്മാർ ഭാഗ്യവശാൽ ദമ്പതികളായിത്തീർന്ന് ചിരകാലം സന്തോഷസൌഭാഗ്യങ്ങളോടുകൂടി വസിച്ചിരുന്നു എന്നിനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

അമ്പലപ്പുഴ കൃഷ്ണദേവശർമ്മാ.

ഞങ്ങളുടെ വായനശാല.

(1) ഋതുചര്യ.—(ഗ്രന്ഥകർത്താവ് [illegible] [illegible].)

പ്രകൃതിയിലുള്ള ഭാവങ്ങളെ വർണ്ണിച്ചു തന്മയത്വം വരുത്തി രസിപ്പിക്കുന്നതാണ് കവിത. ഋതുസ്വഭാവം പിടിച്ചു വിസ്താരങ്ങളായ വർണ്ണനകളെക്കൊണ്ടും ശോഭിച്ചു കാണിക്കുന്നത് ഒരുതരം 'ചെപ്പടിവിദ്യ'യാണ്. ഇവയിൽ ഏതിനോടാണ് സഹൃദയന്മാർ അധികമധികം [illegible] സംഗതി [illegible] കാളിദാസന്റെയും, വാസവദത്താകർത്താവായ 'സുബന്ധു' വിന്റെയും ഗ്രന്ഥങ്ങളുടെ താരതമ്യംകൊണ്ടു തന്നെ തെളിയുന്നുണ്ട്. മലയാളഭാഷയ്ക്കുണ്ടു കിട്ടിയ ഈ പുതിയ മാലയിൽ 'വാസന' കുറയുന്നുണ്ട്. സംസ്കൃതകവികൾ പലപ്പോഴും ഉപയോഗിച്ചു പഴകി തേഞ്ഞ പല ദൃഷ്ടാന്തങ്ങളും ഉൾപ്പെടുത്തി കവിതകളിൽ ചമച്ചിട്ടുള്ള ഈ മാല [illegible] പറഞ്ഞു തള്ളിക്കളയുവാൻ കേരളഭാഷയോടു [illegible] ചെയ്യുന്നു.

(2) ഭാഷാഭൂഷണം.—([illegible] [illegible] ബി. വി. ബുക്കുഡിപ്പോ, തിരുവനന്തപുരം, വില 1 ക. 4 ണ.)

സാഹിത്യലോകത്തിൽ പ്രസിദ്ധിയും പ്രതിഷ്ഠയും സമ്പാദിച്ചിട്ടുള്ള ഈ വിശിഷ്ട ഗ്രന്ഥത്തെപ്പറ്റി ഇപ്പോൾ ഒരു നിരൂപണം ചെയ്യുന്നതു അനാവശ്യമാണ്. ഇതിനെ [illegible] കേരളപാണിനി, [illegible] സഹായിച്ചു [illegible] ഒരു പുതിയ പുസ്തകം [illegible] രണ്ടാം പതിപ്പിന്റെ രൂപത്തിൽ [illegible] [illegible] തന്നെ. [illegible] ട്ടുണ്ട്.

ഈ [illegible] അഭിപ്രായത്തിനായി [illegible] ന്നിട്ടുള്ള പല പുസ്തകങ്ങളും സംഗതിവശാൽ [illegible] വരാൻ [illegible] ട്ടുണ്ട്. അടുത്ത ലക്കത്തിൽ അവയെ നിരൂപിക്കുന്നതാണെന്നു പുസ്തകപ്രസാധകന്മാരെ അറിയിച്ചുകൊള്ളുന്നു.

ग्रन्थनिरूपणम् ।

(१) श्रीगुरुवायुपुरेशस्तवम् । (प्रणेता महामहिमा श्री केरलवर्मा, सि. सि. [illegible], तिरुवनन्तपुरं, मूल्यं न ज्ञायते) ।

महामहिम्नः केरलकालिदासस्य कवितासारस्यनिरूपणे नास्माकं संरम्भः कथंचिदपि फलेग्रहिरिति मनुमहे जानीमहे । पुस्तकेऽस्मिन् [illegible] परिहारावश्यकतया, सरसकाव्यास्वादनकौतुकेन च प्रवर्तमानाः वयं किमपि लिलिखिषामः । नाप्येव ज्ञाप्यते सर्वस्यामुष्य विषयः समेषाम् । प्रणेतृमहाभागानां रचनाताभिभवः स्तवरत्नमिदमङ्कुरयामासेति लोकोत्तरैव महामहिम्नां परिपाटी । यद्-

…कामापदोऽपि लोकोपकारं फलन्ति । इत्यवमवचनानुपदमेव प्रसङ्गेन भगवता शङ्खनापि तत्रभवतो वातरोगचिकित्सापरमिदं विलसितं बालालयेशस्य भगवतो भक्तवात्सल्यम् । नानावृत्तैः सङ्कलितेऽक्षरमालास्तुतिरूपे प्रकृतकाव्ये प्रणेतुः परिचयपचेलिमा रचनाशैली नैसर्गिकी कल्पनाशक्तिश्च प्रकाशतेतमाम् । सर्वेष्वेव पद्येषु तृतीयपादः खकारेणानुकल्प्यते । यमकानुप्रासादयश्च सुलभतया समुपयुक्ता दृश्यन्ते । अवकाशविरलतया नादर्शयानि पद्यानि वाचकानामुपहारीकर्तुं प्रभवामः । 'स्तवप्रतिनामकरणं कैरलीलिपिमुद्रणस्यानुरूपम् । यदीदं स्तवरत्नं देवनागरलिपिभिर्मुद्रापितमभविष्यदुपाकरिष्यन्नितरदेशीया अप्यनेनेति नः प्रतिभाति । परिशोधकप्रमादात् 'दद्मक्षकलानिधि'रपि भगवान् 'नभद्रकरुणानिधिः' कृत इति खिद्यामहे ॥

(२) स्तवमञ्जरी । (प्रणेता: श्रीमान् मानवि क्रमनीनन्, विज्ञानचिन्तामणिमुद्राक्षरशाला, पट्टाम्बि, मूल्यं ४ कला।)

केरलकालिदासकाव्यपरिशीलनानन्तरमेव केरलभोजराजकवितामास्वादयितुमस्यैव प्रमोदातिरेकः । नानाविषयकाणि स्तोत्राण्यत्र समुल्लसन्ति । कवितामाधुरी प्रथितचरीति न तथापि वक्तव्यं वर्तते । 'शय्यायामधिशेते' 'आद्रियेयमनवरतं' 'शृणुष्व सावधानमतिः' इत्यादयः प्रयोगा निरर्गलगलद्रसलहरीनिमग्ना न प्रकाशेरन्नेव । निरङ्कुशा हि कवयः । मुद्रापणमपि समीचीनमेवास्ते । अत्र पुनः श्लोके बलीयसा मुद्रापणप्रमादेन कृतं पदमित्यूहामहे ॥

''दुर्दैवैर्धार्तराष्ट्रैः कुटिलपटुतया
हन्त दुर्वाससं तं
नासाग्रन्यस्तकोपं सपदि सकपटोद्बोधनं चोदयद्भिः ।
धर्मिष्ठान् धर्मजादीन् पुनरनुमनिषु
क्लिश्यमानेषु तेषु
द्रौपद्याभ्यार्थितो यस्तदभयमदिशत्
कृष्ण! तस्मै नमस्ते ॥

क्लिष्टार्थप्रतीतिकलुषा एवंविधा रचनाक्रमाः कोमलकाव्यकलनचणानामास्यात् सरसकवेराविर्भवन्तीति विश्वसिमो वयम् ॥

सौत्रान्तिकमतम् ।

पुरातने किल काले भारतमिदं वर्षमनेकेषां तत्त्वदर्शिनामावासभूतमासीदिति बहुभिरवगम्यते प्रकारैः । उच्चावचाश्च दर्शनसरणयो भारतवर्षे सत्तामविन्दन्त । विमर्शकानां च सर्वतोमुखमार्गालोचनामित्येतदेव भिन्नभिन्नानां दर्शनप्रकाराणामुत्पत्तौ निदानम् । दार्शनिकानामेतेषां प्रमाणपरिगणनायां भवति सुमहानभिप्रायभेदः । केचित् प्रत्यक्षमेकमेव प्रमाणं मन्यन्ते । अपरे पुनः प्रत्यक्षानुमाने द्वे एव प्रमाणे इत्यामनन्ति । प्रत्यक्षानुमानागमाः प्रमाणानीति गणयन्तीतरे । एवमन्यान्येषु विलसत्सु दर्शनान्युपगमेषु, नेदं विस्म-

भावहमस्माकं, यत् सौत्रान्तिका अनुमानमेकमेव प्रमाणमाभणन्तीति ॥

आगमादीनामनुमानेऽन्तर्भावो बहुभिरुपपादितचर एवेति न तत्र किञ्चिदपूर्वं नामास्ति । चेष्टाप्रभृतीनामनुमानत्वाङ्गीकारे त्रिलक्षणचेष्टात्मकस्य शब्दप्रयोगस्याप्यवश्यंभावी तत्कोटिप्रवेश इति प्रबलतर एवावलोक्यते शब्दस्यानुमानान्तर्भावसाधको युक्तिवादः । प्रत्यक्षस्य पुनः सर्वैरप्यैककण्ठ्येनोरीक्रियमाणस्य स्वतःसिद्धप्रमाणभावस्यानुमानेऽन्तर्भावकथनमुन्मत्तप्रलापसमकक्ष्यामवगाहतेति प्रथमतः प्रतिभासेत मनीषाशालिनाम् । आपाततोऽसमञ्जसेऽप्यत्र मते किमस्ति तत्त्वकणिकापि वेति परीक्षणं नास्थाने भवितेति मन्यामहे । विनैव पक्षपातं सर्वतोऽपि सारग्रहणं हि सरलहृदयानां स्वभावसिद्धम् ॥

भूतले घटोऽस्तीति चक्षुषा गृह्यमाणे घटे, घटविषयकं यदुत्पद्यते ज्ञानं तत् प्रत्यक्षमेवेति सार्वजनीनमेतत् । कथमस्य ज्ञानस्यानुमानेऽन्तर्भावः? अत्रेदं सौत्रान्तिकानामुपपादनम् । यथा वयं धूमेन वह्निमनुमिनुमहे, एवमेव चक्षुःसंयोगजनितेन घटप्रतिबिम्बेन बहिःसन्तं घटमनुमिनुमहे । चक्षुषः कलशेन सह संयोगे चक्षुरिन्द्रिये कश्चिदुत्पद्यते विकारः, स च घटमनुमापयति । पूर्वपरिचयादत्रापि व्याप्तिग्रह उपपद्यत एव । व्याप्तिस्मरणादिकं तु शतपत्रपत्रदलनन्यायेन सत्वरमुत्पद्यमानं न पार्थक्येन परिलक्ष्यत इति सुशकमुपपादनमस्मन्मतस्येति । घटोऽस्ति, घटोऽस्तीत्यादीनां व्यवहाराणां व्यवहर्तुर्नेत्रस्थितः कश्चिद्विकारविशेष इत्यर्थ एव तात्पर्यम् । सजातीयविकारजनने सति सजातीयव्यवहारस्यापि प्रवृत्तिः । न हि विकारमन्तरा कञ्चित् पदार्थं सन्तमसन्तं वा ज्ञातुं शक्तिरस्माकमस्ति । विकारेण तु कमनुमिनुमहे कश्चिदस्ति घटो नाम यः सजातीयं विकारं जनयतीति । ज्ञानं प्रत्यक्षमप्यर्थं मनसस्तदधिष्ठानवस्तुनो वा विकारैः सुखदुःखादीनामनुमानमेव, न पुनः प्रत्यक्षं नाम किञ्चित् ज्ञानमन्यदस्तीति तदीयः सिद्धान्तः । सर्वत्र ज्ञानोत्पत्तावैकान्ततया किमपि साम्यं वर्तत इति कृत्वा ज्ञानानामनुमानरूपतां संपिपादयिषन्ति सौत्रान्तिकमतानुयायिनः ॥

इदं तु किमपि ते प्रष्टव्याः पण्डितमानिनः । किं विद्यमान एव चक्षुःसंयोगादिजन्यो विकारो घटानुमापकः, आहोस्वित् ज्ञातः सन्ननुमापक इति । दृष्टान्तानुसारेण कल्पयद्भिरवश्यं ज्ञातस्यैवानुमापकत्वमङ्गीकरणीयम् । तथैव धूमादीनामनुमापकत्वावगमात् । तर्हि चक्षुःसंयोगस्य विकारविशेषस्य चानुमापकत्वसंपत्तये ज्ञानमवश्यमपेक्ष्यत इत्यभ्युपगन्तव्यतामापन्ने तज्ज्ञानमप्यनुमितिरूपमेव परिकल्पयन् कदा वा भवान् मोक्ष्यतेऽनवस्थागर्तपतनात्? सर्वत्राप्यनुमितेः प्रागपेक्ष्यते लिङ्गज्ञानम् । अतोऽन्ततः कस्यचिल्लिङ्गज्ञानस्य स्वतः संपद्यमानता स्वीकरणीया । तदेव च ज्ञानं तदानीं प्रत्यक्षपदभाजनं भविष्यतीति तत्करणस्याप्यवश्यं कल्पनीयतया कथमङ्ग कथयस्यनुमानमेकमेव प्रमाणमिति । अनवस्थापरिहाराय परमात्मनोऽपि वा वेदान्तिनामिव स्वप्रकाशत्वस्वीकारे स आत्मा प्राथमिकबुद्धिदशायां प्रत्यक्षचैतन्यरूप इति कथमनुमानमेकं प्रमाणमिति वचनमुपपद्यते । सर्वथा सौत्रान्तिकमतमालोचनायां सिकताकूपखननमेव पर्यवस्यतीति निशितमतीनां निगमनमिति विस्तरः परस्तात् ॥

മംഗളോദയം

൧൦൮൬

പുസ്തകം ൩	മിഥുനമാസം	ലക്കം ൧൧

മംഗളം

പൊരുളിനക്ഷരത്തിനും മൂലമാം മൂലമന്ത്രം.
ഒപ്പമായ് നിലയുറപ്പും നിർഗ്ഗുണം നിത്യശുദ്ധം
ഉജ്ജ്വലകലയാകാവും പൂർണ്ണനായിരുന്നവാനേ
സ്വസ്തികപദമെന്നാലുള്ളതാമെന്തബോധം.

കെ. വാസുദേവൻ മൂസ്സത്

ശബ്ദാർത്ഥസംബന്ധം.



ഒരു വസ്തുവിനെയോ മനോഗതത്തെയോ അറിയിപ്പാനായി പുറപ്പെടുവിക്കുന്ന നാദമാണു ശബ്ദം. ശബ്ദം കേൾക്കുമ്പോൾ മനസ്സിലുദിക്കുന്ന ബോധത്തിന്റെ വിഷയമായി തീരുന്നതാണ് അർത്ഥം. നമ്മുടെ വ്യവഹാരങ്ങളെല്ലാം നടക്കുന്നതു ശബ്ദങ്ങളുടെ സഹായത്താലാണ്. എന്നാൽ ശബ്ദം കേൾക്കുമ്പോൾ അർത്ഥത്തിന്റെ ബോധം ഉണ്ടാകുന്നതുകൊണ്ട്, ശബ്ദാർത്ഥങ്ങൾ തമ്മിൽ ഒരു സംബന്ധമുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു. ഈ സംബന്ധമൊന്നില്ലാതെ പോയാൽ ശബ്ദത്തിൽനിന്ന് അർത്ഥബോധമുണ്ടാകുന്നതല്ല. ഈ അംശത്തെ മനസ്സിലാക്കുവാൻ ഉദാഹരണത്തിന്റെ ആവശ്യം തന്നെ ഉണ്ടെന്നു തോന്നുന്നില്ല. ഒരാൾക്ക് ഒരു ഭാഷ അറിഞ്ഞുകൂടെന്നു പറയുന്നതിന്റെ അർത്ഥം, അയാൾക്ക് ആ ഭാഷയിലെ ശബ്ദങ്ങളുടേയും അതുകളുടെ അർത്ഥങ്ങളുടേയും സംബന്ധമറിഞ്ഞുകൂടാത്താകുന്നു. ഇതിനു അർത്ഥബോധത്തിന്നുതകുന്നതായ ശ

ബ്ദാർത്ഥസംബന്ധത്തിന്റെ സ്വരൂപത്തെപ്പറ്റി ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ പല അഭിപ്രായഭേദങ്ങളുമുണ്ട്.

എന്നുതന്നെയല്ല, ശബ്ദത്തിന്റെ സ്വരൂപത്തെപ്പറ്റിയും ഭിന്നശാസ്ത്രകാരന്മാരിൽ പരസ്പരം പല സിദ്ധാന്തങ്ങളും പുറപ്പെടുവിച്ചിരിക്കുന്നു. വർണ്ണങ്ങൾക്ക് ഉൽപത്തി, നാശം എന്നീ അവസ്ഥാവിശേഷങ്ങൾ ഇല്ലാത്തതുകൊണ്ട് അവ നിത്യങ്ങളാണെന്നും, നമ്മുടെ പ്രയത്നംകൊണ്ടുണ്ടാകുന്ന കണ്ഠതാല്വാദിസംയോഗം മുമ്പുതന്നെ സത്തുക്കളായിരിക്കുന്ന വർണ്ണങ്ങളെ, ദീപം ഘടത്തെയെന്നപോലെ, അഭിവ്യഞ്ജിപ്പിക്കുന്നതേയുള്ളുവെന്നുമാണ ചിലരുടെ (1) സിദ്ധാന്തം. അക്ഷരങ്ങളിലുള്ള പ്രത്യഭിജ്ഞയെ— മുമ്പു കേട്ടിട്ടുള്ള ക എന്നക്ഷരവും ഇപ്പോൾ കേൾക്കുന്ന ക എന്നക്ഷരവും ഒന്നുതന്നെയാണെന്നുള്ള അവബോധത്തെ— ഇവർ ഇതിലേയ്ക്കു സാധകമായി അവലംബിക്കുന്നു. മുമ്പു കേട്ട കകാരവും ഇപ്പോൾ കേൾക്കുന്ന കകാരവും ഒന്നുതന്നെയാണ് എന്നുള്ള പ്രത്യഭിജ്ഞകൊണ്ടു ജാതിക്കും സജാതീയത്വം മാത്രമേ സിദ്ധിക്കുന്നുള്ളുവെന്നും, അക്ഷരവ്യക്തികൾ അനിത്യങ്ങൾ തന്നെയാണെന്നും മറ്റു ചിലർ (2) വാദിക്കുന്നു. അക്ഷരങ്ങൾ ഉണ്ടാകുന്നതായും നശിക്കുന്നതായും തോന്നുന്നതുകൊണ്ട് അവ അനിത്യങ്ങളാണെന്ന് ഇക്കൂട്ടർ പറയുന്നു.

അതിരിക്കട്ടെ. ശബ്ദാർത്ഥസംബന്ധത്തിന്റെ സ്വരൂപത്തെപ്പറ്റിയും പല മതഭേദങ്ങളും ഉള്ളതായി കാണുന്നു. ഇന്ന പദത്തിന് ഇന്ന അർത്ഥമാണെന്ന് അനാദിയായ ഈശ്വരസങ്കേതമുണ്ടെന്നു ചിലർ പറയുന്നു. ഇത് ഏറ്റവും സുഗമമായ സമാധാനമാണെങ്കിലും ആധുനികന്മാർക്കു ഇതവർക്ക് തൃപ്തികരമാകുന്നതു തോന്നുന്നില്ല. നമ്മുടെ സങ്കേതംകൊണ്ടുതന്നെ പദങ്ങൾക്ക് അർത്ഥബോധകത്വം വരുന്നതെന്നുള്ള കാര്യം അനുഭവസിദ്ധമായിരിക്കയാൽ അതിനെ തൃപ്തിപ്പെടുത്തുവാനായി ഈശ്വരനെ കൊണ്ടുവരണമെന്നില്ലെന്നു സമർത്ഥിക്കുന്ന വേറൊരു പക്ഷക്കാരുമുണ്ട്. ഈ പക്ഷം നമ്മുടെ വിശ്വാസത്തിന് അധികം യോജിച്ചിരിക്കുന്നു. ഇദ്ദേശീയന്മാരുടെ സങ്കേതംകൊണ്ടുണ്ടാകുന്ന ശബ്ദങ്ങളുടെ സംഖ്യ ഇത്രയാണെന്നു കണക്കാക്കുവാൻ പ്രയാസമാകത്തക്കവിധം അത്ര വളരെ ശബ്ദരാശികൾ, ജീവിച്ചിരിക്കുന്ന ഭാഷകളിൽ ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അവയുടെ പ്രവർത്തകന്മാരായി ഈശ്വരനെ സങ്കല്പിക്കുന്നതുകൊണ്ട് ഫലമൊന്നും കിട്ടുവാനില്ല.

ശബ്ദത്തിനും അർത്ഥത്തിനും തമ്മിൽ താദാത്മ്യസംബന്ധമാണെന്ന് ഒരു പക്ഷക്കാർ പറയുന്നു. (3) പാമരന്മാർ ശബ്ദത്തെയും അർത്ഥത്തെയും തിരിച്ചറിയുന്നില്ല. എന്നുതന്നെയല്ല, 'ഇതു പശുവാണ്' 'ഇതു ഘടമാണ്' എന്നുള്ള അഭേദവ്യവഹാരവും കണ്ടു വരുന്നുണ്ട്. അതുകൊണ്ടു, ശബ്ദാർത്ഥങ്ങൾക്ക് വ്യവഹാരദശയിൽ കല്പിതമായ അഭേദം ഉണ്ടെന്നാണ് ഇവരുടെ അഭിപ്രായം. കല്പിതമായ അഭേദമുണ്ടെങ്കിലും വസ്തുവത്തിൽ ഭേദമുണ്ടെന്ന് ഇവർക്കു സമ്മതിക്കാതെ കഴിയുന്നതല്ല. തീ എന്നു പറയുമ്പോൾ പൊള്ളാത്തതുകൊണ്ടും ശബ്ദാർ

(1) മീമാംസകന്മാർ ഈ മതത്തെ സ്ഥാപിക്കുന്നു. വൈയാകരണന്മാർക്കും ഇതു സമ്മതമാണ്.

(2) നൈയായികന്മാർ ഈ മതക്കാരാണ്.

(3) ഇതു വൈയാകരണന്മാരുടെ മതമാണ്.

അർത്ഥമേ വാക്യത്തിൽ ചേർക്കുന്നുള്ളൂ എന്നു സമ്മതിക്കേണ്ടിവരും.

എന്തിനായാലും ശബ്ദാർത്ഥങ്ങൾ തമ്മിൽ ഒരു സംബന്ധമുണ്ടെന്നു സ്വീകരിപ്പാൻ എല്ലാവരും നിർബ്ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ സംബന്ധത്തെ ശാസ്ത്രജ്ഞന്മാർ ശക്തി എന്ന പേരുകൊണ്ടു നിർദ്ദേശിച്ചുവരുന്നു. ഒരു ശബ്ദത്തിന് ഏതർത്ഥത്തിൽ ശക്തിയുണ്ടോ അത് ആ ശബ്ദത്തിന്റെ ശക്യമാകുന്നു; ആ പദം ആ അർത്ഥത്തിൽ ശക്തവുമാകുന്നു.

ആദികാലത്തുണ്ടായ വ്യവഹാരങ്ങളുടെയും പ്രവർത്തകന്മാർ മനുഷ്യരാണെന്നു കല്പിക്കുന്നതാണ് നമ്മുടെ അനുഭവത്തിനും യുക്തിക്കും യോജിച്ചിരിക്കുന്നത്. എന്നാൽ, ഒരോ ഭാഷയിലുമുള്ള ഓരോ ശബ്ദങ്ങളും അതാതുകളുടെ അർത്ഥങ്ങളുമായുള്ള സംബന്ധം എങ്ങിനെയാണ് ഉണ്ടായതെന്നു ചിന്തിച്ചുനോക്കുമ്പോൾ, ശരിയായ കാരണം കണ്ടുപിടിപ്പാൻ വളരെ കഷ്ടമായിരിക്കുന്നു. ഒന്നിന് ഒരു പേരു കൊടുപ്പാനും, മറ്റൊന്നിനു മറ്റൊരു പേരു കൊടുപ്പാനും ഇച്ഛാസ്വാതന്ത്ര്യമാണ് നിമിത്തമെന്നു വിചാരിപ്പാൻ പാടുണ്ടോ? ഓരോ വസ്തുക്കളുടെ അവയവയോഗത്തിനും ഓരോ വിധത്തിലുള്ള ശബ്ദത്തെ പുറപ്പെടുവിപ്പാൻ ഒരു ശക്തിവിശേഷം ഉണ്ടെന്നും വർണ്ണങ്ങൾക്കു രൂപം മോദനാദത്വവും ഭേദം മഹിമത്വവും ഉണ്ടാക്കുന്നതുപോലെ, ഓരോ വസ്തുക്കളുടെ ബോധവും ഓരോ വിധത്തിലുള്ള ശബ്ദങ്ങളെ ഉൽഭവിപ്പിക്കുന്നുവെന്നു വരുന്നതാണ്. എന്നാൽ മനുഷ്യപ്രകൃതി ഏകരൂപമായിരിക്കെ, ഒരു വസ്തുവിനു തന്നെ പല ഭാഷയിലുള്ള പേരുകൾ പല വിധത്തിലായി വരുവാനുള്ള കാരണം എന്തെന്നുള്ള പ്രശ്നം ഉണ്ടാകുന്നു. ആദികാലത്തു ഭാഷകൾക്കെല്ലാം ഏകരൂപ്യമുണ്ടായിരുന്നുവെന്നും, പിന്നീടു ദേശകാലവസ്ഥാദികളുടെ വ്യത്യാസംകൊണ്ടു ഭേദം വന്നതാണെന്നും ഊഹിപ്പാൻ വഴിയുണ്ട്. എന്തായാലും ഈ വിഷയം ഭാഷാശാസ്ത്രത്തിൽ പരിശ്രമിക്കുന്നവരുടെ ഒരു പ്രത്യേകം ആലോചിക്കേണ്ടതാണ്. ഈ അംശത്തിൽ ശരിയായ ഒരു സിദ്ധാന്തം ഇതുവരെ കിട്ടീട്ടുള്ളതായി അറിവില്ല.

പണ്ടുകാലത്തുണ്ടായിരുന്ന പണ്ഡിതന്മാരുടെ ഇടയിൽ, പദത്തിനും അർത്ഥത്തിനും തമ്മിൽ പ്രകൃതിസിദ്ധമായ സംബന്ധമുണ്ടെന്നും ഇല്ലെന്നും വിവാദമുണ്ടായിരുന്നു. ഈ സംഗതിയെപ്പറ്റി ഗ്രീക്കർ എന്ന പുരാതനസാഹിത്യപണ്ഡിതന്മാർ ഇതിനെ പരാമർശിക്കുന്നു. സ്റ്റോയിക്ക് തത്വജ്ഞാനികളും പ്ലാറ്റോണിക്ക് തത്വജ്ഞാനികളും തമ്മിൽ, പദങ്ങൾ യദൃച്ഛാകല്പിതങ്ങളായ ചിഹ്നങ്ങൾ മാത്രമാണെന്നും, ഈ ഓരോ വസ്തുക്കൾക്ക് ഓരോ പേര് കൊടുപ്പാൻ പ്രകൃതിയിൽ വല്ല കാരണവുമുണ്ടോ എന്നും വലുതായ വിവാദമുണ്ടായിരുന്നു. പ്ലേറ്റോവിന്റെ അനുയായികൾ ഇതിൽ രണ്ടാമത്തെ പക്ഷക്കാരായാണ് അറിയപ്പെട്ടിരുന്നത്. ഇംഗ്ലീഷ് ഭാഷയിൽ പല ശബ്ദങ്ങളിലും ഈ സംബന്ധമുണ്ടെന്നു വിചാരിപ്പാനുള്ള വഴികളെ ബ്ലെയർ എടുത്തു കാണിച്ചിട്ടുണ്ട്.* ദ്രാവിഡഭാഷകളിലും അനേകം വല്ല അഭിപ്രായത്തെപ്പറ്റിയും ഉണ്ടോ എന്നു പരിശോധിച്ചു നോക്കേണ്ടതു നമ്മുടെ ചുമതലയാണ്.

പദശക്തിയെ വൈയാകരണന്മാർ എ

* Lectures on Rhetoric and Belles Lettres Lec 6.

നാം, സമുദായശക്തി എന്നും രണ്ടു വിധത്തിൽ വിഭജിച്ചിരിക്കുന്നു. പദത്തിന്റെ ഓരോ ഭാഗങ്ങളുടെ അൎത്ഥം കൂടിച്ചേൎന്ന് ഒരൎത്ഥമായി തോന്നുന്ന പദങ്ങളിൽ അവയവശക്തിയാകുന്നു. 'അനുനാകാരൻ' 'കതിരകാരൻ' 'മിട്ടകൻ' 'തട്ടിയൻ' മുതലായ ശബ്ദങ്ങളെ ഈ ജാതിയിലുൾപ്പെടുത്താം. അനു, മിട്ടക മുതലായ പ്രകൃതികളുടേയും കാരൻ, അൻ ഇത്യാദിയുള്ള പ്രത്യയങ്ങളുടേയും അൎത്ഥങ്ങൾ കൂടിച്ചേൎന്ന് അനുനായനോക്കുന്നവൻ, മിട്ടക്കുള്ളവൻ എന്ന ഇത്യാദിയുള്ള അൎത്ഥങ്ങൾ ഉണ്ടാകുന്നു. അവയവങ്ങളുടെ ശക്തി കൂടാതെ മൊത്തത്തിൽ ഒരൎത്ഥത്തെ ബോധിപ്പിക്കുന്ന പദങ്ങളിൽ സമുദായശക്തിയാണ്. മരം, മേശ മുതലായ പദങ്ങളെ സമുദായശക്തങ്ങളാണെന്നു പറയാം. അവയവശക്തിയെ യോഗം എന്നും സമുദായശക്തിയെ രൂഢി എന്നും പറഞ്ഞുവരുന്നു.

എന്നാൽ, ഇപ്രകാരം നാം കേവലം സമുദായശക്തങ്ങളാണെന്നു വിചാരിച്ചുവരുന്ന പല ശബ്ദങ്ങളിലും അവയവശക്തി കൂടി ഉള്ളതായി കാണുന്നു. മീൻ, ആഴി മുതലായ ശബ്ദങ്ങൾ നക്ഷത്രം, സമുദ്രം മുതലായ അൎത്ഥങ്ങളിൽ രൂഢങ്ങളായി വിചാരിക്കപ്പെടുന്നവയല്ലോ. മിന്നുന്നതു മീൻ, ആഴ്ന്നുള്ളത് ആഴി എന്ന ഇത്യാദിയുള്ള അവയവാൎത്ഥങ്ങൾ അവയ്ക്കുണ്ടെന്നു കല്പിക്കാവുന്നതാണ്. ഇങ്ങിനെ അവയവാൎത്ഥം കൂടി അനുഭവിക്കുന്ന രൂഢപദങ്ങളെ 'യോഗരൂഢം' എന്നൊരു പ്രത്യേകജാതിയായി ചിലർ വിഭജിച്ചിട്ടുണ്ട്. രൂഢങ്ങളായ ചില പദങ്ങളിൽ അവയവാൎത്ഥാനുഗമം കാണുന്നതുകൊണ്ട് എല്ലാ രൂഢപദങ്ങളിലും അവയവാൎത്ഥം ഉണ്ടായിട്ടുള്ളതായി ഊഹിക്കാവുന്നതാണ്. മിക്കതും കാലപ്പഴക്കത്താൽ അറിവാൻ പാടില്ലാത്ത നിലയിൽ ആയിപ്പോയതാണെന്നു വരുവാൻ വഴിയുണ്ട്. ചിലതുകളെ കഴിയുന്നേടത്തോളം കണ്ടുപിടിപ്പാനും ഭാഷാനിപുണന്മാർ ഇനിയത്നിക്കേണ്ടതാണ്. മററു വ്യാകരണാചാൎയ്യന്മാർ കേവലരൂഢങ്ങളാണെന്നു ഗണിച്ചിട്ടുള്ള സംസ്കൃതശബ്ദങ്ങളിൽ തന്നെ അവയവാൎത്ഥത്തെ പ്രദൎശിപ്പിപ്പാൻ ശാകടായനാചാൎയ്യൻ(1) ചെയ്തിട്ടുള്ള പരിശ്രമം എന്നതിനെ പാലിച്ചുകാണുന്നത് ഈ മാൎഗ്ഗത്തിൽ പ്രവേശിക്കുന്നവൎക്കു ധൈൎയ്യത്തെ ഉണ്ടാക്കാതിരിക്കയില്ല.

കാലംകൊണ്ടു യോഗാൎത്ഥം വിസ്മൃതമായിപ്പോകുന്ന വസ്തുതയിലേക്ക് ഒരു ഉദാഹരണം എടുത്തു കാണിക്കാം. 'തണ്ട' എന്ന പദം ഇപ്പോൾ ശരീരാവയവവിശേഷം എന്ന അൎത്ഥത്തിൽ സാധാരണയായി പ്രയോഗിക്കപ്പെടുന്നു. ഈ പദത്തിൽ അവയവാൎത്ഥം ഉള്ളതായി പലരും ധരിച്ചിട്ടില്ല. ഇതിന്റെ ഉൽപത്തി എങ്ങിനെയാണെന്നു പരിശോധിച്ചുനോക്കിയാൽ ഇതിൽ അവയവാൎത്ഥം ഉണ്ടായിരുന്നതായി കാണാവുന്നതാണ്. തൽ-തലം എന്നുള്ളവയുടെ ഛേദനംകൊണ്ടാണ് തണ്ട എന്ന ശബ്ദം ഉണ്ടാകുന്നത്. തൽ എന്ന പദത്തിനു പരമാൎത്ഥമായ എന്നൎത്ഥം (2) അപ്രകാരം തണ്ട എന്ന പദത്തിനു പരമാൎത്ഥമാവു എന്നുള്ളവയുടെ അൎത്ഥം വരുന്നു. ഈ പദത്തിന്റെ ഉൽപത്തി അതിപ്രാചീനത്തിൽ നിന്നാണ്. ജീവികൾക്കു രൂപകമാവതെന്തായാണ് ആദിയിൽ തണ്ട എന്ന പദം ബോധിപ്പിച്ചിരുന്നത്. രൂപപരമാൎത്ഥമാവുകയാൽ പരമൎത്ഥവാചക

(1) ഇദ്ദേഹമാണ് ഉണാദിസൂത്രങ്ങളെ നിൎമ്മിച്ചത്.

(2) ഋഗ്വേദി പിൎക്കാരകൻ വിലംഗിക്കൽ

[illegible] ശബ്ദങ്ങൾ നിർദ്ദേശിക്കപ്പെട്ടി [illegible] ഭാവമാണ് ജീവാത്മാവിന്റെ യഥാർത്ഥസ്വരൂപം. (1) ഇങ്ങിനെ ജീവന്റെ യഥാർത്ഥസ്വരൂപം എന്നർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടിരുന്ന തത്ത്വപദമാണ് കാലക്രമേണ യഥാർത്ഥസ്വരൂപം എന്നർത്ഥത്തിൽ രൂഢമായി തീർന്നു.

പാശ്ചാത്യ പ്രയോഗവൈചിത്ര്യം കൊണ്ട് അർത്ഥം വികാസമായി വരുന്നതിനുള്ള സംഗതി കൂടി മേൽവിവരിച്ചതിൽ നിന്ന് വെളിവാകുന്നതാണ്. ഈ [illegible] മറ്റൊരു ഉദാഹരണം കൂടി [illegible]. പത്രം എന്ന ശബ്ദം കടലാസ്സ് എന്നർത്ഥത്തിൽ രൂഢമായിരിക്കുന്നു. ഈ അർത്ഥത്തിന്റെ ആവിർഭാവത്തെപ്പറ്റി ആലോചിക്കാം. പത്രം എന്നതിന് ആദിയിൽ ഉണ്ടായിരുന്ന അർത്ഥം, ഇല എന്നതു മാത്രമാണ്. പ്രാചീനകാലത്തിൽ പല ഇലകളും എഴുത്തുപകരണമായി ഉപയോഗിച്ചിരുന്നു. പനയോല ഇന്നും എഴുത്തിനായി ഉപയോഗിച്ചുവരുന്നുണ്ടല്ലോ. അങ്ങിനെ എഴുതിയിട്ടുള്ള ഇലകളെ പത്രം എന്നു വ്യവഹരിച്ചുവരികയും, കാലക്രമത്തിൽ കടലാസ്സ് താളുകളുടെ സമ്പ്രദായം ആരംഭിച്ചപ്പോൾ അതിനെ 'പത്രം' എന്ന പേരു അവകാശപ്പെട്ടു [illegible]. ഇപ്പോൾ പത്രം എന്ന ശബ്ദം, കടലാസ്സ് ഇതുകളിൽ ഒന്നിലും ശക്തമായി തീർന്നിരിക്കുന്നു.

ലക്ഷണാവൃത്തി പോലെ ഒരു ശബ്ദാർത്ഥസംബന്ധം കൂടിയുണ്ട്. ഒരു വാക്യത്തിന്റെ ഒന്നു പറഞ്ഞുകൂടെ ശബ്ദാർത്ഥത്തിൽ നിന്ന് അനുമാനിക്കാതെ [illegible] ഈ സംബന്ധംകൊണ്ടു തോന്നുന്ന അർത്ഥം സാധാരണയായി സ്വീകരിക്കപ്പെടുന്നത്. സാരൂപ്യം, സാമീപ്യം മുതലായ സംബന്ധങ്ങളെ നിമിത്തമാക്കി ലക്ഷണാവൃത്തി കണ്ടാക്കിയിട്ടുള്ളതു വ്യവഹരിച്ചുവരുന്നതെല്ലാം സംബന്ധലക്ഷണയാകുന്നു. ലക്ഷണയെ ആശ്രയിച്ച് ഭാഷയിൽ പല ശബ്ദപ്രയോഗങ്ങളും ഉണ്ടായിട്ടുണ്ട്. '[illegible]' '[illegible]' ഇങ്ങിനെയുള്ള ലക്ഷണോദാഹരണങ്ങൾ പറയാവുന്നതാണ്.

വ്യഞ്ജനാവൃത്തി പോലെ ഒരു ശബ്ദാർത്ഥസംബന്ധം കൂടി, സ്വീകരിക്കുന്ന [illegible] ആലങ്കാരികന്മാരുടെ വർഗ്ഗത്തിൽ [illegible] നടപ്പിട്ടുണ്ട്. അതിനെപ്പറ്റി വിസ്തരിച്ചുതുടങ്ങുന്നതായാൽ ഈ ലേഖനം അനാവശ്യമായി വളരെ ദീർഘിച്ചുപോയേക്കുമെന്ന വിചാരിച്ച്, അതിൽ നിന്ന് പിൻവലിക്കുന്നു. എന്നാൽ വ്യഞ്ജനയുടെ സ്വരൂപം ഇന്നതാണെന്ന കാണിക്കാനുള്ള ശ്രമം വേണ്ടാതെയല്ല. വാച്യാർത്ഥം മനസ്സിലായതിന്റെ ശേഷം അതിനെ പിന്തുടർന്നായി തോന്നുന്ന മറ്റൊരു അർത്ഥവിശേഷത്തെ വ്യഞ്ജനയുടെ [illegible] ഉള്ളാക്കാനാവുന്നതാണ്. ഇങ്ങിനെ തോന്നുന്ന അർത്ഥത്തെ ധ്വനിയെന്നു വ്യവഹരിക്കുന്നത്. ധ്വനിപ്രധാനമായ കാവ്യത്തെ ആലങ്കാരികന്മാർ ഉത്തമമായി ഗണിക്കുന്നു. വാക്ക്, കർത്താവ്, അർത്ഥം [illegible] ഉള്ളതിൽ വ്യഞ്ജനയുടെ സഹായമില്ലാതെ മനസ്സിലാക്കാൻ സാദ്ധ്യമല്ല. [illegible] ഈ വ്യഞ്ജനയും ശബ്ദാർത്ഥസംബന്ധങ്ങളുടെ കൂട്ടത്തിൽ കണക്കാക്കുന്നതാണ് പ്രകൃതമായിട്ടുള്ളത്.

(1) [illegible]

വെള്ള.

നമ്പൂരിമാരോ നായന്മാരോ മലയാളത്തിൽ മുമ്പു കടന്നു കൂടിയതെന്നുള്ള വാദം തീച്ചപ്പെടുത്തുവാനോ, ഇവർ ഏതെല്ലാംദിക്കുകളിൽനിന്നു വന്നവരായിരിക്കുമെന്നാലോചിപ്പാനോ ഇപ്പോൾ ആവശ്യമില്ല. പരക്കെ തന്നെ മലയാളികളെന്നു പറയപ്പെടുന്ന ഈ വർഗ്ഗക്കാർ, വിശേഷിച്ചും നമ്പൂരിമാർ മലയാളത്തിലേക്കു കിഴക്കെ അതൃത്തിയിലുള്ള സഹ്യാദ്രിയുടെ പല ഭാഗങ്ങളായ ആവഴികളായി, പാലക്കാട്ടുകാനം, വയനാട്ടുചുരം എന്നീ പ്രദേശങ്ങൾവഴിക്ക് പടിഞ്ഞാട്ടിറങ്ങിയും, വടക്കേതിരായ ചന്ദ്രഗിരിപ്പുഴ വഴിക്ക് തെക്കോട്ടിറങ്ങിയും പ്രവേശിച്ചവരാണെന്നും, മറ്റോ നാട്ടിന്റെ നോക്കി സ്ഥലം പിടിച്ചു കൂടിയതാണെന്നും ഇപ്പോഴത്തെ നില കണ്ടാൽതന്നെ ഊഹിപ്പാൻ പ്രയാസമില്ല. തെക്കർ ആവഴിയായി വന്നവരും മധ്യമലയാളികൾ പാലക്കാട്ടുകാനത്തിൽ കൂടി കടന്നവരും വടക്കർ വയനാട്ട പരപ്പിൽ നിന്നിറങ്ങിയവരും മറ്റു ചിലർ പുഴ കടന്നു പ്രവേശിച്ചവരുമായിരിക്കാമെങ്കിലും കാലാന്തരംകൊണ്ടു സമ്മിശ്രസ്ഥിതിയിലായിത്തീർന്നിട്ടുണ്ടെന്നും മറ്റും പറഞ്ഞു വിഷയം പരത്തുവാനും ഒരുങ്ങുന്നില്ല. ഇന്നേസമയ്യസ്ഥിതിയിലധികം സംവത്സരങ്ങൾ കഴിഞ്ഞിട്ടാണ് ഇവരിവിടെ വന്നുകൂടിയതെന്നു പറയാൻ കഴികയില്ല.

നമ്പൂരിമാരുടെ വഴിക്കുവഴിയുള്ള കലപ്രവേശവും, അതതുദിക്കുകളായി കാട്ട വെട്ടിത്തെളിയിച്ചു സ്ഥലം പിടിച്ചു കൂടിയ, ക്രമേണ തെക്കോട്ടിറങ്ങി യോഗം പെരിങ്ങ പാക്കനാർ മുട്ടിൽ ഗ്രാമവും വിദ്വത്, അനേകം പ്രസിദ്ധക്ഷേത്രങ്ങളും ഉണ്ടാക്കുകയും, പരിഷ്കരിച്ച ജന്മാവകാശങ്ങളെടുത്തതും, ജൈനബൌദ്ധാദികളായവരുമായുള്ള കലഹവും, പല ജാതിക്കാരുടെ ആഗമനവും, നമ്പൂരിമാരുടെ ഗ്രാമങ്ങളുടെ ഉൽപത്തിയും, നാട്ടുകാരുടെ വ്യവസ്ഥയും, അവർതമ്മിൽ ഉണ്ടായ സംബന്ധവും, പെരുമാക്കന്മാരെ ഭരണമേല്പിച്ചതും, അവരുടെ ക്രിസ്ത്യാനികളുടെ വരവും, മാപ്പിള മതക്കാരുടെ വരവും, മറ്റോ പല നാട്ടുരാജ്യങ്ങൾ ഉണ്ടായതും, കച്ചവടക്കാർ കടന്നുകൂടിയതും, ക്രമേണ പാശ്ചാത്യവ്യാപാരികളുടെ പുറപ്പാടും, ഇന്നു കാണുന്ന രീതിയിൽ സർവ്വസാമ്രാജ്യം ഇംഗ്ലീഷുരാജാവിനു സിദ്ധിച്ചതും, മറ്റും കുറഞ്ഞിയ കാലത്തിനുള്ളിൽ ഉണ്ടായ ചരിത്രകാര്യങ്ങളെപ്പറ്റി പറയേണ്ടതില്ലല്ലൊ. നമ്മുടെ പ്രകൃതവിഷയം വളരെ പഴക്കം പിടിച്ച ഇടക്കാലത്തേക്കുള്ളതാകുന്നു.

മലയാളം മുപ്പത്തിരണ്ടു ഗ്രാമങ്ങളായി വിഭജിച്ചിട്ടുള്ളതിൽ പ്രസിദ്ധപ്പെട്ട ചില ഗ്രാമങ്ങൾ മാത്രപ്പെട്ടവരുടെ ഉത്ഭാഗങ്ങളിലുമായിട്ടാണല്ലൊ ഇന്നും കാണുന്നത്. ഇവയിലുള്ള നമ്പൂരിമാർ പാലക്കാട്ടുകാനം വഴിക്കു കടന്നുകൂടിയവരായിരിക്കണം. ഈ ഗ്രാമങ്ങളിൽ എല്ലാംകൊണ്ടും പ്രാധാന്യം വഹിച്ചിരുന്നതു പന്നിയൂർ, ചൊകിരം എന്ന രണ്ടു ഗ്രാമങ്ങളാണെന്നു പ്രസിദ്ധമാണല്ലൊ. മറ്റു ചില ഗ്രാമങ്ങളും ഇവയുടെ ഉത്ഭവങ്ങളിലും അവരവരെല്ലാം ഇതു മുതൽ തന്നെ കിഴക്കെ സീമയിൽ നിന്നിറങ്ങാതെ ഉള്ള

ക്കും ഗ്രാമസങ്കേതങ്ങൾക്കിഴക്കും, പന്നിയൂർ സങ്കേതം പടിഞ്ഞാറുമായി പുഴയുടെ ഇരുകരകളിലുമായി പരന്നു കിടന്നിരുന്നു എന്നത് ഇന്നത്തെ ഭൂസ്ഥിതി കണ്ടാൽ ഊഹിപ്പാൻ പ്രയാസമില്ല. ഇതിൽ പന്നിയൂർ ഗ്രാമം ഇപ്പോൾ മഹിമയില്ലാതായ വിധം ഉടഞ്ഞും ഇടിഞ്ഞും കിടന്നും ക്ഷയിച്ചമട്ടു കൂട്ടത്തിലാണ് നില്പുന്നതെങ്കിലും പണ്ടത്തെക്കാലത്തു കേരളത്തിൽ സർവ്വപ്രാധാന്യം ഈ ഗ്രാമത്തിനായിരുന്നു എന്നു ചരിത്രമൂലങ്ങൾകൊണ്ടു നോക്കിയാൽ പ്രത്യക്ഷപ്പെടുന്നതാകുന്നു.

ഇരുപതുനൂറ്റാണ്ടോളം സംവത്സരങ്ങൾക്കു മുമ്പ്, ഈ പന്നിയൂർ ഗ്രാമത്തിൽ വെള്ള എന്നൊരു നമ്പൂരിഗ്രാമമുണ്ടായിരുന്നു. ആഢ്യസംഘാതത്തിൽ [illegible] പ്രവരത്തിൽ [illegible] സ്വീകരിച്ച ഉപാധികളായ ഈ ഗ്രാമത്തിലെ നമ്പൂരിമാർ, ചെറു, പറ, മുറി, വെള്ള, കമ്പ, [illegible], [illegible] എന്നുള്ള [illegible] ഗ്രാമത്തിലായവരുടെ 'നാമ'ത്തിൽപ്പെട്ട വെള്ളഗ്രാമക്കാരാണ്. ഇവർ [illegible] ഇന്നു [illegible] നമ്പൂരിവർഗ്ഗത്തിൽ പ്രാധാന്യം വഹിച്ചുവന്നവരാണെന്നു, നമ്പൂരിമാർക്കറിയാൻ ഇതു പോരെന്നാൽ [illegible] ഗ്രാമക്കാരിൽ [illegible] നാലും [illegible] എന്നതു ഗ്രാമം പന്നിയൂരും, ബാക്കി [illegible] ഗ്രാമം [illegible] എന്നിങ്ങനെകൊണ്ടു തന്നെ പന്നിയൂർ ഗ്രാമത്തിന്റെ സർവ്വോൽക്കൃഷ്ടതയും സ്പഷ്ടമാകുന്നു.

തിരുനാവായിൽപ്പുഴയുടെ [illegible] (തിരുമ്മിട്ടക്കോട്ട) മുതൽ കൊച്ചുപൂട (പുന്നത്തൂർക്കോട്ട) വരെ ഈ വെള്ളഗ്രാമക്കാരുടെ സങ്കേതമായിരുന്നു. ഇതിനകത്തു പല യോഗ്യരുടെ ഇല്ലങ്ങളുമുണ്ടായിട്ടും അവരൊക്കെ ഇവരുടെ കീഴിൽ നിന്നിരുന്നു. ഇന്നു കൊച്ചിരാജ്യത്തുൾപ്പെട്ട തലപ്പിള്ളിത്താലൂക്കിൽ അധികം ഭാഗവും ഇവരുടെ അധികാരത്തിനകത്തായിരുന്നു എന്നു [illegible]. അവിടെ വെള്ളക്കാട് എന്നൊരു ക്ഷേത്രം ഇന്നും കാണാം. അത് ഈ വെള്ളഗ്രാമക്കാരുടെ ദേവസ്വം [illegible] മാത്രമായിരുന്നു. ഇപ്പോൾ ആ ക്ഷേത്രം [illegible] ആയിത്തീർന്നിട്ടുണ്ട്. ഈ ഗ്രാമക്കാരിപ്പോൾ [illegible] ആയി കൂടീട്ടുണ്ട്. [illegible] ചരിത്രം അന്വേഷിച്ചാൽ [illegible] വെള്ളഗ്രാമക്കാർ മാത്രമായിരുന്നു എന്നു കാണ്മാൻ പ്രയാസമുണ്ടെന്നു തോന്നുന്നില്ല.

ഈ വെള്ളഗ്രാമം വെള്ളി, മാനമ്പടി എന്നു രണ്ടായിപ്പിരിഞ്ഞു. മാനമ്പാടിയാണ് വെള്ളഗ്രാമത്തിലെ ശ്രേഷ്ഠസ്ഥാനത്തെ. അതുകൊണ്ടു പല സമുദായികാധികാരങ്ങളും ഈ ശാഖയിലെ [illegible] ആയിരുന്നത്. പിന്നീട്ട മാനമ്പാടിയും [illegible]. അതിൽ [illegible] [illegible] ആയിത്തീർന്നു. ഈ [illegible] നമ്പൂരിമാർ ഗ്രാമത്തെ [illegible] കഴിഞ്ഞിരുന്നു; എന്നു [illegible] [illegible] [illegible] ഒന്നും [illegible], ഈ ക്ഷേത്രം [illegible] [illegible] നാലെട്ടും [illegible] [illegible] അല്ലെങ്കിൽ [illegible] [illegible] [illegible] പറകയാണെങ്കിൽ [illegible] [illegible] [illegible] [illegible] [illegible], തിരുനാവായിൽ വെച്ചു [illegible] കൂടിയിരുന്നതിനും, അവിടെ [illegible] [illegible] മുതലായ കഴിഞ്ഞിരിയ

ന്നു എന്നു അല്ലെങ്കിലും, ഇപ്പോഴത്തെ പല വലിയ എട്ടുകെട്ടുകളെല്ലാം ഈ വെള്ളപ്പഴത്തിൽ മാവണ്ടൂരിവർഗ്ഗത്തിൽ കക്കാട്ടു കാരണക്കാർ ഇരുന്നു വാണതായിരുന്ന എന്നതിന്നു പല ലക്ഷ്യങ്ങളുമുണ്ടു്. അവർ മാമാങ്കം നടത്തിയിരുന്ന കാലത്തെല്ലാം ചില മാമൂലാചാരങ്ങളുണ്ടായിരുന്നതുതന്നെ ഇതിന്റെ ദൃഢതസൂചകമാണെന്നു എന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളൂ.

മാമാങ്കമഹോത്സവവും നടത്തി, കഷാജനസ്വഭാവം ഏർപ്പെടുത്തി, മലയാളബ്രാഹ്മണരുടെ ഇടയിൽ മത്സരങ്ങളും മറ്റും വരുത്തി, നാലു കഴകങ്ങളായി മലയാളം തിരിച്ചു നിർത്തി, അവയിൽ ഓരോ വാദ്ധ്യന്മാരെ ഭരണകർത്താക്കളായി മുമ്പേ സംബന്ധത്തെ തിരഞ്ഞെടുപ്പാൻ അതാതു കഴകത്തിലുള്ള ജനസംഘത്തെ (കഴകത്തെ) അധികാരപ്പെടുത്തി വന്നിരുന്നതായി സൂചിപ്പിച്ചുവല്ലോ. പയ്യന്നൂർ, പന്നിയൂർ, പറവൂർ, ചെങ്ങന്നൂർ എന്നിവിടങ്ങളാണു് നാലു കഴകം തിരിച്ചിരുന്നതു് എന്നു കേരളചരിത്രം വായിച്ചിട്ടുള്ളവർക്കും അറിയുവാനിടയുണ്ടു്. ചെങ്ങന്നൂർകഴകത്തിൽ വടക്കില്പ്പാട്ടിൽനിന്നും മറ്റു പല പോറ്റിമ്മാരും നമ്പൂതിരിമാരും, പറവൂർ കഴകത്തിൽ കാരേക്കാട്ടു, കിടങ്ങൂര്, കരിമ്പബ്ബളി മുതലായ വിഭാഗമൂർത്തിപ്പാടന്മാരും, പയ്യന്നൂർ കഴകത്തിൽ താഴ്ക്കാട്ടു മനയ്ക്കൽ തമ്പുരാക്കൾ തിരുമുമ്പിൽനിന്നും, ചെമ്പല്ലൂർ ഗ്രാമത്തിൽ 'നാലൂർ' എന്നുകൂടി സ്ഥാനപ്പേരുള്ള കുമരനല്ലൂർ തെക്കേടത്തുഭട്ടതിരിപ്പാടും മാറും മാറിമാറി വാദ്ധ്യസ്ഥാനത്തെച്ചുവരാമെന്നു വന്നിട്ടുണ്ടെങ്കിലും, പന്നിയൂർ കഴകത്തിൽ വെള്ളാങ്ങല്ലൂരെ വിട്ടു മറ്റാരെങ്കിലും ഗ്രാമാധിപത്യസ്ഥാനത്തെ കൈകാര്യക്കാരായി സംഗതിയായിട്ടില്ല. സ്ഥിരമായിത്തന്നെ വെള്ളാങ്ങല്ലൂർ കക്കാട്ടു മനയ്ക്കൽ ഈ സ്ഥാനം സവ്വസ്വമാനം വഹിച്ചുവന്നു. ഇതാണു ദൃഷ്ടാന്തം. ഓരോ കഴകങ്ങളിലുള്ള കഴകങ്ങളിൽ വെച്ചു മുമ്പേ സംബന്ധമുള്ളവർ മാത്രം ഗ്രാമാധിപന്മാരായിത്തീർന്നിരിക്കപ്പെട്ടിരുന്ന വാദ്ധ്യന്മാർ, അല്ലെങ്കിൽ തളിയാതിരിമാർ അവരവരുടെ പദവിയെ അന്നന്നത്തെ കാലത്തിനനുസരിച്ച് 'മാമാങ്കം' എന്ന സമ്പ്രദായത്തിന്റെ പ്രാമാണ്യമനുസരിച്ചുകൊണ്ടു അല്ലെങ്കിൽ കയ്യൂക്കുകൊണ്ടു വാളിന്റെ പ്രഭാവം തേടി, മറ്റു കഴകങ്ങളിലും പ്രഭാവങ്ങളും ഉൽപ്പത്തിയും സമ്പാദിക്കണമെന്നു താൽപര്യം ചെയ്തുതുടങ്ങി. കേൾപ്പെട്ട നമ്പൂതിരിപ്പാടന്മാർ പാരമ്പര്യവിശ്വാസമാഹാത്മ്യത്താലും ശക്തികൊണ്ടും മറ്റും ഇന്നും കാണാവുന്ന ഉൽപത്തിക്ക് ഈ വക സമ്പ്രദായത്തിന്റെ അവശേഷങ്ങളാണെന്നു തന്നെ പറയാം. 'നാലു' കഴകത്തിലുള്ള വാദ്ധ്യന്മാരും ഈ വക അധികാരങ്ങളെ വെച്ചിരുന്നകാലത്തുപോലും സ്ഥിരപ്രതിഷ്ഠന്മാരായ വെള്ളാങ്ങല്ലൂർ മല്ലൂരിൽ കക്കാട്ടുമനക്കാർ, ധർമ്മനിഷ്ഠയോടുതന്നെ ഭരിച്ചു പോന്നിരുന്നു. ഈ വിധം വാണിരുന്ന പന്നിയൂർ കഴകത്തിലെ വാദ്ധ്യന്മാരായ നമ്പിയാതിരിപ്പാട്ടിലെന്നു ബഹുമാനപൂർവ്വം പറഞ്ഞുവരുന്നുണ്ടായിരുന്നു. ചെറിയ മാത്രമായിട്ടെങ്കിലും ഈ നമ്പിയാതിരിസ്ഥാനം കക്കാട്ടു വംശത്തിന്റെ പിടിയിൽനിന്നു വിട്ടുപോയതു് നിൽക്കാത്ത ഒരു കാലത്തിൽ ഇന്നും കണ്ടിട്ടില്ലെന്നില്ല.

കക്കാട്ടു മനക്കാർ വളരെ നീണ്ടുനിൽക്കുന്ന കൂടിനോടെ പന്നിയൂർ കഴകം ഭരിച്ചു വന്നിരുന്ന കാലത്തും അവിടെ ഒരു വലിയ നമ്പൂതിരിയുടെ മതം ...

ട്ടുണ്ടല്ലോ. ശുകപുരം ഗ്രാമത്തിൽത്തന്നെയാണ് ഇതിന്റെ ബീജം കണ്ടുതുടങ്ങിയത്. പന്നിയൂരും ചൊവ്വരവും തമ്മിലുള്ള മത്സരം മാമാങ്കങ്ങളെക്കാൾ വലിയ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ടെന്നു കണ്ടു ദീർഘദർശികളായ അന്നത്തെ ജനനായകന്മാരായ പ്രതിനിധികൾ മഹാജനസഭയിൽ വെച്ചുണ്ടായ സകലഗ്രാമങ്ങളുടെസമ്മതപ്രകാരം ചില പരിഷ്കാരങ്ങൾ ചെയ്തു വെച്ചു. ചിലതു മാത്രം ഉഭയസമ്മതമാക്കിപ്പുതിയതായിപ്പിച്ചു. സകലഗ്രാമങ്ങൾക്കും മേലധികാരികളായി പന്നിയൂരും ചൊവ്വരത്തും രണ്ടു വക തമ്പുരാക്കന്മാരെ നിശ്ചയിച്ചുവെച്ചു. പന്നിയൂർഗ്രാമത്തിൽ, വരാഹ ക്ഷേത്രത്തിൽ 'കഴുമേനി' എന്നില്ലത്ത് തമ്പുരാക്കന്മാരും ശുകപുരം ഗ്രാമത്തിൽ, കല്പകഞ്ചേരി ഗ്രാമത്തിന്റെ ഒരംശമായ പുത്തൂർഗ്രാമത്തിൽ 'തരൂർവക്കേലി' എന്നില്ലത്ത് തമ്പുരാക്കളും നാലു കഴകങ്ങളിലെ ഭരണകർത്താക്കളും മേലധികാരികളായിത്തീർന്നു. മലയാളികൾ മുഴുവനും പന്നിയൂർക്കാരും ചൊവ്വരക്കാരും എന്നിങ്ങനെ രണ്ടിൽ ചേർന്ന നില്പാനും തീർച്ചപ്പെട്ടു. ഈ തമ്പുരാക്കന്മാരിൽത്തന്നെ പന്നിയൂർ ഗ്രാമത്തിലെ തമ്പുരാക്കന്മാർ ചൊവ്വരക്കൂറിലും, ചൊവ്വരംഗ്രാമത്തിലെ തമ്പുരാക്കന്മാർ പന്നിയൂർക്കൂറിലും നിന്നുകൊണ്ടു സകലമലയാളികൾക്കും യഥേഷ്ടം ഏതു കൂറിലെങ്കിലും ചേർന്നു നില്പാനുള്ള സ്വാതന്ത്ര്യവും കൊടുത്തു. ഇതനുസരിച്ചാണ് ഉടുപ്പ്, കറി, കവി, കണക്ക മുതലായവയിൽ ചില പ്രത്യേകവിധങ്ങളും വ്യവസ്ഥപ്പെടുത്തി കൂറുതിരിവും ഇങ്ങനെയാക്കിക്കല്പിച്ചതും ചെയ്തു. എന്നാൽ മഹാജനസഭയുടെ പരമാധ്യക്ഷൻ പന്നിയൂർ വരാഹമൂർത്തിയായിരുന്നതിനാൽ, ആ ഗ്രാമപക്ഷക്കാരെയേ എല്ലാ മലയാളികളും സേവിച്ചുകൊള്ളണമെന്നുള്ള നിയമം വിശേഷിച്ചും ദൃഢീകരിച്ചിരുന്നില്ല. ഈ വക വ്യവസ്ഥകളിൽ ലേശമ്പോലും സ്വാതന്ത്ര്യം നോക്കാതെ സാമുദായികക്ഷേമത്തെ മാത്രം പ്രമാണിച്ചു പ്രവർത്തിച്ച കൂറിൽ പന്നിയൂർ വരാഹമൂർത്തി മുമ്പിട്ടു നിന്നിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ഇതിനെ ശുകപുരത്തുകാർ എതിർത്തുവെച്ചു നോക്കിയപ്പോഴും മേലധികാരപ്രസാദപ്രസാദമുള്ള വെള്ളാളക്കാർ അശ്രദ്ധയകൊണ്ടു വീണ്ടും വെളുത്തതെ ഉള്ളു.

ഇപ്രകാരം കാലങ്ങൾക്കുള്ളിൽ മലയാളത്തിൽ ജൈനമതം വ്യാപിച്ചിരുന്നതിനാൽ പുറമെ ബുദ്ധമതവും കടന്നുകൂടിയിരുന്നു എന്നുമാത്രമല്ല, പടർന്നുപിടിപ്പാനും ആരംഭിച്ചിരുന്നു. മലയാളഗ്രാമങ്ങളിൽ തന്നെ പലരും ഈ മതാന്തരങ്ങളിൽ പ്രവേശിപ്പാനിടയായി. സമുദായനേതാക്കൾ ഈ മതവ്യാപ്തിയുണ്ടാക്കുന്ന ദോഷത്തെ ഭയപ്പെട്ടിട്ടു, മതാന്തരപ്രവിഷ്ടന്മാരെ മഹാജനസഭയിൽ നിന്നു ബഹിഷ്കരിച്ചു എന്നും പരദേശികളെ മേലാൽ മലയാളത്തിൽകടത്തിപ്പാർപ്പിക്കുവാൻ ഇതിലൂടെ സ്ഥലം കൊടുക്കുവാൻ പാടില്ലെന്നും വരാഹമൂർത്തിയുടെ ശാസനമെന്ന നിലയിൽ മഹാജനസഭയിൽ തീർച്ചപ്പെടുത്തി. മലയാളികളായ മതാന്തരപ്രവിഷ്ടന്മാർ കേവലം അതിഥിയായിട്ടു സങ്കേതങ്ങളിൽ പ്രവേശം കൊടുക്കുവാനിടയും ചെയ്തു. അതുചിതമായിരുന്നുതാനും. മതഭ്രഷ്ടവർഗ്ഗങ്ങളെകൊണ്ടു ഒരു വലിയ ഗുണം സിദ്ധിച്ചു. പതിനെട്ടു സംഘങ്ങളിലുമായി മുപ്പത്താറായിരം നമ്പൂതിരിമാർ തന്നെ യോദ്ധാക്കളായി നിന്നിരുന്നു എന്നു പറഞ്ഞുവരുന്ന അക്കാലത്തു മലയാളത്തിൽ ബുദ്ധപ്രവൃത്തി, ജൈനപ്രവൃത്തി,

ജ്യോതിഷവിദ്യ, തൎക്കശാസ്ത്രം, യാജ്ഞവല്ക്യസ്മൃതി മുതലായ ധൎമ്മശാസ്ത്രം, യോഗവിദ്യ, മന്ത്രവാദം എന്നീവക ശാസ്ത്രങ്ങൾക്കായി വളരെ അധികം പ്രചാരവും ഉപയോഗവും ഉണ്ടായിരുന്നതു്. ഇവരു ജൈനാദിമതാനുയായികളുടെ ദുഷ്പ്രേരണകൊണ്ടുള്ള പ്രവേശം കൊണ്ടു വിശേഷിച്ചും അഭിവൃദ്ധി വന്നുകൊണ്ടിരുന്നതിനാൽ ഈ വൎഗ്ഗക്കാരുടെ പ്രവേശനിഷേധം അത്യാവശ്യകമാക്കിയതായ ഫലം വൈരസ്യത്തിന്നും ഇസ്ലാംമതത്തിന്നും ഇടയാക്കിത്തീൎത്തു. അതിന്റെ സമാധാനത്തിന്നും ക്ഷേത്രങ്ങൾക്കും വേണ്ടിയായിരിക്കണം മതാന്തരപ്രവിഷ്ടന്മാരായ മലയാളികൾക്കു, വിശേഷിച്ചു പണ്ഡിതന്മാൎക്കു മഹാജനസഭയിലും മറ്റു സമാജങ്ങളിലും മാന്യനിലയിൽ പ്രവേശം അനുവദിച്ചുകൊടുത്തതു്. ഇതുകൊണ്ടു കേൾപ്പാത്ത ശാസ്ത്രങ്ങൾക്കും മറ്റും പരിചയിച്ചു വിടാതെ വായിച്ചുവരികയും ചെയ്തു. അനന്തരമായും പാനിയൂർക്കാർ അന്യരാജ്യക്കാരുടെ സംസൎഗ്ഗംകൊണ്ടുണ്ടാവുന്ന ദോഷങ്ങൾക്കു വശപ്പെട്ടിരുന്നു. ഈ തോട്ടം പാനിയൂർ വാദ്ധ്യാന്മാർ സമ്പ്രദായികളുടെ ദിഗ്ബന്ധത്തിൽപ്പെട്ടവരായിരുന്നു. ഈ മെ കാര്യങ്ങളാണ് പിന്നീടു പൈതൃകക്കാരുടെ അവസാനത്തിന്നും അടിസ്ഥാനം. കാലാന്തരത്തിൽ വലിയ എളുക്കത്തിന്നു കാരണമായി വരാഹമൂൎത്തിയെ ചുട്ടുപൊട്ടിച്ച ദുഷ്കൎമ്മത്തിന്നും ഇതിന്റെ പരിണാമമെന്നു മൂലം. ആ കഥ ഇരിക്കട്ടെ.

വെള്ളപ്രവാഹത്തിന്റെ ഉത്ഭവം നില്ക്കുന്ന വലിയ ശാഖയായ കക്കാട്ടുമന കാലം കൊണ്ടു പല ചില്ലികളായിത്തിരിഞ്ഞു വശമായി. അതിൽ ജ്യേഷ്ഠശാഖ പാനിയൂർ കഴകത്തിലെ വൈദികപ്രധാനസ്ഥാനം കൈവിടാതെ വഹിച്ചും വന്നു. എന്നുമാത്രമല്ല, അതിന്നു വേണ്ടതായ ധൎമ്മശാസ്ത്രാദി പല ശാസ്ത്രങ്ങളിലും പാണ്ഡിത്യം സമ്പാദിച്ചു സമാജത്തിൽ ഭട്ടതിരിയായി ബഹുമാനിക്കപ്പെടുകയും കൂടി ചെയ്തുവന്നിരുന്നതിനാൽ, കക്കാട്ടു ഭട്ടതിരിപ്പാടന്മാർ എന്നു പേരും കൂടി സ്ഥിരപ്പെട്ടു. മറ്റൊരു ശാഖ, കക്കാട്ടു നമ്പൂരിപ്പാട് എന്നുനിലയിൽ തന്നെ പ്രസിദ്ധപ്പെട്ടു. അതും പിന്നെ വേർതിരിഞ്ഞു. ഒരു തിരിവ്, കക്കാട്ടുകിഴക്കേ നമ്പൂരിപ്പാടായിത്തീൎന്നു. കിഴക്കു മാറിപ്പാൎത്ത മറെറാരു തിരിവ്, കക്കാട്ടു കിഴക്കേടത്തു നമ്പൂരിപ്പാടായിക്കലാശിച്ചു. ഇതിൽനിന്നു മറെറാരു പിളൎപ്പായിപ്പിരിഞ്ഞതാണ് അഷ്ടവൈദ്യന്മാരിൽ അഭിപ്രായമാനായ കുട്ടഞ്ചേരി മൂസ്സിന്റെ ഗ്രാമം. ഇതുപോലെ അഷ്ടാംഗമായ വൈദ്യശാസ്ത്രം അഭ്യസിച്ചു ചികിത്സ കുലധൎമ്മമായി സ്വീകരിച്ചു ജനസമുദായത്തിന്റെ ജീവരക്ഷാസ്ഥാനമായിട്ടിരിക്കുന്ന 'അഷ്ടവൈദ്യന്മാർ' എന്നു പറയപ്പെടുന്ന നമ്പൂരിമാർ മലയാളത്തിൽ പതിനെട്ടു സംഘത്തിലും യോഗ്യന്മാർ എന്ന നിലയിൽ പതിനെട്ടില്ലക്കാരായിരുന്നു എന്നും, അവരിൽ പല കുലങ്ങളും കാലം കഴിഞ്ഞിട്ടു് ഇന്നുള്ള അഷ്ടവൈദ്യന്മാരുടെ ഗ്രന്ഥങ്ങളിലേക്കു ലയിച്ചുപോയി എന്നും, ഉള്ള പ്രസക്താനുപ്രസക്തപ്രസംഗം നില്ക്കട്ടെ. കുട്ടഞ്ചേരി മൂസ്സിനെ മറ്റുള്ള കക്കാട്ടു നമ്പൂരിപ്പാട്ടു വൎഗ്ഗക്കാരോടു മുകളിൽ ഇന്നും പുലസംബന്ധം വിട്ടിട്ടില്ല. കക്കാട്ടു നമ്പൂരിപ്പാട്ടുതന്നെ പിന്നെയും രണ്ടായിപ്പിരിഞ്ഞു. അതിൽ ജ്യേഷ്ഠമായ തിരുവില്വാമലക്ഷേത്രത്തിലെ മേൽക്കോയ്മസ്ഥാനം വഹിച്ചിരുന്നതുകൊണ്ടു തിരുവില്വാമല കക്കാട്ടു നമ്പൂരിപ്പാടെന്നും, പാഴൂർ കാട്ടിൽ നമ്പൂരിപ്പാടെന്നും പേരെടുത്തു. ഇനി, കക്കാട്ടു ഭട്ടതിരിപ്പാട്ടു വൎഗ്ഗത്തെപ്പറ്റി വല്ലതും പറവാനുള്ളതു്. അതു പിന്നെയാവാം. (തുടരും.)

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

തുർക്കിസ്ത്രീകളുടെ കാലക്ഷേപം

ഒരു തുർക്കിസ്ത്രീ* ഒരു ഇംഗ്ലീഷ് പത്രികയിൽ തങ്ങളുടെ സ്വഭാവങ്ങളെ പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു:



ഞങ്ങളിൽ ചിലരെങ്കിലും ബുദ്ധിശാലിനികളായും വിവേകിനികളായും ജനിച്ചാൽ, അവർ ജീവകാലം മുഴുവനും കാരാഗൃഹവാസമാണ് ഗതി. 'ഹാരം' എന്നു പറയുന്നത് തോട്ടം, കുളം മുതലായവകൾ ഉള്ള വലിയ കാരാഗൃഹമാണ് താനും. ഇക്കാലത്തു ഞങ്ങളിൽ ചിലർക്കു വായിപ്പാൻ അറിയാം. എങ്കിലും വായിച്ചിട്ടോ എഴുതീട്ടോ കാലം കഴിക്കാമെന്നു വെച്ചാൽ പഠിക്കുന്ന വിഷയത്തെപ്പറ്റി ആരോടാണ് ചോദിക്കുന്നത്? നല്ല വിഷയങ്ങളെപ്പറ്റി ആരോടാണ് സംസാരിക്കേണ്ടത്? പുരുഷന്മാരെ ഞങ്ങൾക്കു കാണ്മാൻ കൂടി സാധിക്കയില്ല. ഞങ്ങളൊന്നിച്ചുള്ള മറ്റു സ്ത്രീകൾക്കാണെങ്കിൽ പഠിപ്പുകൊണ്ടുള്ള ബോധം വളരെ കുറവാണ്. പൂർവകാലങ്ങളിൽ ഞങ്ങൾക്ക് അന്യരാജ്യങ്ങളിൽ പോയി പഠിക്കുവാനും സാധിച്ചിട്ടില്ല. ഞങ്ങളെ പഠിപ്പിക്കുവാനായി അന്യരാജ്യങ്ങളിൽ നിന്നു വന്നിട്ടുണ്ടായിരുന്ന സ്ത്രീകളും ബുദ്ധിഹീനകളായിരുന്നു.

ഞങ്ങളുടെ ഭർത്താക്കന്മാരാണെങ്കിൽ, സാമാന്യമായി സ്ത്രീകളോടു സംസാരിക്കേണ്ടതായ സാമർത്ഥ്യം, വസ്ത്രം മുതലായവകളൊഴിച്ച് അന്യവിഷയങ്ങളെപ്പറ്റി സംസാരിച്ചാൽ അതു ഹാസ്യമായി വിചാരിക്കുകയും, അതിനെ സംസാരിക്കുന്നതു 'കാലിലിരിക്കും തലയിൽക്കയറിയിരിപ്പാൻ മോഹം' എന്നപോലെ അധികപ്രസംഗമായിട്ടുള്ളതാണെന്നു കരുതുകയും ചെയ്യും. അതിനു പുറമെ നമ്മുടെ ഹാരങ്ങളിൽ അന്തഃപുരത്തിൽ കുട്ടികളുടെ ഉപദ്രവംകൊണ്ടും, അടിമകളുടെ അവലക്ഷണംകൊണ്ടും അവർക്ക് അവിടം വിട്ടുപോയാൽ മതി എന്നാണ് വിചാരം.

അവർക്ക് പുറത്തുപോയി ആനന്ദിക്കുവാൻ എത്രയോ വഴികൾ ഉണ്ട്. അവരുടെ ഉദ്യോഗസ്ഥലങ്ങൾ, യൂറോപ്യന്മാരുടെ വിരുന്നുകൾ, നാടകശാല മുതലായ പല സ്ഥലങ്ങളും ഉണ്ട്. അവകളിൽ ഒന്നിലും ഞങ്ങൾക്കു ചെല്ലുവാൻ നിവൃത്തിയില്ല.

എന്നാൽ, ഞങ്ങൾ ഈ കാലത്തിൽ യൂറോപ്പുസ്ത്രീകളെപ്പോലെ യഥേഷ്ടം നടക്കണമെന്നു പറയുന്നില്ല. എന്തെന്നാൽ ഞങ്ങൾ മുഹമ്മദീയരാണ്, മുഹമ്മദുമതവിഷയത്തിൽ ഞങ്ങൾക്കു പൂർണ്ണവിശ്വാസമുള്ളതിനാൽ, മതസംബന്ധമായി ഏർപ്പെടുത്തിട്ടുള്ള പഴയ ആചാരങ്ങളെ അടിയോടെ പറിച്ചുകളഞ്ഞ് ഇന്നത്തെദിവസം മുതൽ സ്വച്ഛന്ദസഞ്ചാരം പ്രവർത്തിക്കുന്നതു ഞങ്ങൾക്കു സമ്മതമില്ല.

എന്നാൽ, ഈ പറഞ്ഞ ഉപദ്രവങ്ങളെക്കൊണ്ടു ഞങ്ങൾ കേവലം അടിമകളെപ്പോലെ കഷ്ടപ്പാടനുഭവിക്കേണ്ടതാണെന്നുള്ളതിനു യാതൊരു സംശയവും ഇല്ല. ഞ

* Harem-മുഹമ്മദീയസ്ത്രീകളുടെ ഇരിപ്പിടം

ണാം മുഖം മൂടാതെ പുറത്തു വരാൻ പാടില്ലെന്നുള്ള നിയമത്തിന്റെ കാരണം ഞങ്ങളുടെ നബിയുടെ കാലത്തു നടന്ന ഒരു സംഭവമാണ്. ഞങ്ങളുടെ പരമഗുരുവായ ശ്രീ മുഹമ്മദ നബി ആദ്യം തന്റെ ഭാര്യയെ പ്രസിദ്ധപ്പെടുത്തി വരുമ്പോൾ സ്ത്രീകളെ 'ഘോഷ'കളാക്കണമെന്ന സ്വപ്നത്തിലും വിചാരിച്ചിരുന്നില്ല. എന്നാൽ ഒരു ദിവസം അദ്ദേഹം ഒരു ശത്രുവിന്റെ ഭാര്യയെ കണ്ടപ്പോൾ അവരുടെ സൌന്ദര്യാതിരേകത്തിൽ മയങ്ങി അവളെ ഭർത്താവിൽ നിന്നു വേർപിരിച്ചു തന്റെ വശത്താക്കി സുഖിച്ചു. അക്കാലത്തു നാൻ ചെയ്തതുപോലെ മറ്റുള്ളവരും ചെയ്വാൻ തുടങ്ങിയാൽ വളരെ അനർത്ഥങ്ങൾ ഉണ്ടാവാനിടയുണ്ടെന്നു് ദൈവത്തിന്നു തോന്നിയതിനാൽ ഉടനെ മുഹമ്മദീയസ്ത്രീകൾ ഇനി പുറത്തു പോകുന്നതായാൽ മുഖം മൂടാതെ പോവാൻ പാടില്ലെന്നു വിധിച്ചു. അതിനാൽ തന്റെ പ്രിയതമയെ മറ്റാരും കാണ്മാൻ കഴിയാത്തതിനാൽ ഒരു വക ആനന്ദത്തിന്നു വഴിയില്ലാതായി. അന്നുമുതൽ മുഹമ്മദീയസ്ത്രീകൾക്കു സ്വാതന്ത്ര്യവും കാണാതായി.

ഞങ്ങളുടെ ഇടയിൽ സ്വയംവരം ഉണ്ടെന്നു പറയുന്നതു വാസ്തവം തന്നെ. എന്നാൽ നടപ്പു് ഇപ്രകാരമാണ്. ഒരു പുരുഷൻ വിവാഹത്തിന്നായി ഞങ്ങളുടെ വീട്ടിൽ വന്നാൽ ഞങ്ങൾ ഒളിച്ചുനിന്നു് അയാളെ കാണും. അങ്ങിനെ കാണുന്നതുകൊണ്ടു് കണ്ണു്, കാലു് മുതലായ അവയവങ്ങൾ വല്ല കുറവും ഉണ്ടെങ്കിൽ അറിയുന്നതല്ലാതെ ബുദ്ധി, വിദ്യ മുതലായ സ്വഭാവങ്ങളെപ്പറ്റി ഒന്നും അറിവാൻ കഴികയില്ല. അവർക്കു ഞങ്ങളെപ്പറ്റി ഒന്നും അറിവാൻ സാധിക്കില്ല. വിവാഹം കഴിഞ്ഞ ദിവസം ഭർത്താവിന്റെ ഭാഗ്യം ഭാഗ്യമായിട്ടില്ലെങ്കിൽ അന്നുമുതൽ ദുഃഖകഷ്ടപ്പാടു തന്നെ. തൊട്ടതെല്ലാം കുറ്റം, ഒടുവിൽ ഉപേക്ഷിക്കും. ഇതിനെ ഏതുയോ കല്യാണങ്ങൾ അനുഭവിക്കണം.

എന്നാലും ഞങ്ങളിൽ ആരും വിദ്യാഭ്യാസം കഴിക്കാതെയിരിക്കാറില്ല. ഞങ്ങൾ അറവിൽ ഇരിക്കുന്നതിന്നു മേലെയായിട്ടൊന്നും ഉണ്ടെന്നു തോന്നുന്നില്ല. ഭർത്താക്കന്മാർ നല്ലവരാണെങ്കിൽ ഞങ്ങളുടെ സ്വഭാവങ്ങളെ സ്തുതിക്കും. കല്യാണം കഴിഞ്ഞ സ്ത്രീ തന്റെ ഭർത്താവായ പുരുഷൻ അദ്ദേഹത്തെ സ്വീകരിക്കുവാൻ വരുമ്പോൾ, അതിന്നുമ്പ് അയാളെ കാണുകയും അയാളെപ്പറ്റി യാതൊരറിവും ഇല്ലാതെയും ഇരുന്നിട്ടും അവർ നിലംവരെ താണു സലാം ചെയ്തു് അയാളുടെ അടിമയാവണം. ആ സമയത്തു് അവളെ പിടിപ്പിക്കുന്ന ഭയങ്ങളെ മുതലായവയെ വർണ്ണിക്കുവാൻ എനിക്കു കഴിയുന്നതല്ല.

ഇതിനെ പുരുഷന്മാരുടെ ആജ്ഞകളെ സാധിപ്പിക്കുവാൻ വേണ്ടി ഞങ്ങൾക്കറിച്ചിട്ടുള്ളതുകൊണ്ടു്, ഞങ്ങൾക്കു പഠിപ്പു മുതലായതുകൾ ഉണ്ടാകുന്നതിനാലും ഇല്ലാതിരിക്കുന്നതാണു് ഉത്തമം എന്നു വിചാരിച്ചാണു് ഞങ്ങളെ ഈ സ്ഥിതിയിൽ ഇരുത്തിയിട്ടുള്ളതു്. ഞങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന ഞങ്ങളുടെ കഷ്ടതകളെ നല്ലവണ്ണം വർണ്ണിക്കുന്നതു പറയുവാനുള്ള വിദ്യാഭ്യാസമാണു്. മറ്റെല്ലാം കാലക്രമംകൊണ്ടു സമ്പാദിക്കാവുന്നതാണു്.

വി. എം. എൻ.

നാരായണാഷ്ടകം.

ഓംകാരാബ്ജമരന്ദമേ! മുനിമനോ-
ഭൃംഗസ്തുത്യമാംഘ്രേ ഭവാൻ.
പ്ലക്ഷാദി പുഷ്കരാന്തപ്രഥിതയാം
മേദിനീകാമധേനോ!
ഞാൻകാൽക്കൂപ്പിനാലനന്താകരമൊഴുകി.
കല്പായപുഷ്പമായാം
ജ്ഞാൻകാഴ്ചവെച്ചു ഭൂപുണ്യതയിൽ-
കായവിലനന്തരനാർ,
നാനായിട്ടുള്ളിതിലൈവിധിയും
നിസ്സാരമെന്നിതിലും
തന്നാൾതാനൊടുജഗത്തിലീയെനിലെ.
ഭൂതീശരാജാർച്ചലർ;
എന്നാലെൻതിരുമേനിയോപദേശം-
ലോകാൽപ്പൂതനാമാ.
കന്നാമാവിനെയും സമുദ്രതരംഗകോടു.
മതീതുവല്ലഭാ!
ദ്വൈതം ചേതസിവിശേഷമാമനാതനാ!
നിന്മായനിൽനിന്നും
മോഹംതിരുമിതെന്നാചല്യംമീതാ.
പുത്രാദിവസ്തുക്കളിൽ
സ്നേഹംകൃത്തനിശംകിടനടമീ
മല്ലാരംകുമാരികൾമാൽ
സോഹംബുദ്ധിവിട്ടുണ്ണാംമൈലൽ-
കാരണ്യപ്പൂരത്തിനാൽ.
നാമംതോറുംനിന്നാമീനിരന്തരമാ.
സ്തോത്രം നായാതാവിനെ,
നേർത്താനാംകനികാക്ഷേമപുണ്യമായി
മേവുന്നാസത്ഭക്തരാം
ചേതോമോഹമിട്ടിട്ടുതമാവതാ.
ആയംസ്രഷ്ടാത്തതാം
ഞാനേ നിന്നരികിമായകാണു,കിലി.
കാണാനാകോപ്പൂകയും.
ദീപ്താവിന്നകിലേശനാമ,തറിവു.
ഇല്ലാർക്കോധാൽമുഢരാം,
പൂജാദ്വിജനംവേദപാഠംനാം,
സ്ഥാപനമക്കസ്ഥാപനാം
ശ്രീമന്നാരായണമേ! കേട്ടുണരോയിരപാ-
ഷ്ടസിദ്ധ്യാനന്ദരാൽ-
യ്യാപാദങ്ങൾവിധാനംകംമോഹമാമിനിൻ-
മായാവിലാസോദയം,
യന്ത്രാവാണലകത്തിനാസകലമേ-
നാലുംകിരീടിസ്സ്നീ
യന്ത്രാവായി,തമാതമൻചാപകരാൽ-
ഒക്കക്കാണ്ടുള്ളതയതോയും;
മൈന്താർമാനിനിതന്വിലാസവിലമേ!
മെതൽമേവ തിനാ-
യെന്താണാചരിയാതതാതകരെനൻ
മന്താനമെതൽമേവാൻ?
ഞാനിന്നിൻതിരുനാമമാനതായ-
പ്പേരുക്കിനായവന!
സംസാരത്തിൽനൂതമാടുമെപ്പുള്ളവശാൽ.
പ്പാപംനശിച്ചാടിഞൻ,
ശാന്തന്മാരണയുന്നശാശ്വതപദം
പ്രാപിച്ചുപോൽപ്പണ്ടിതം-
ഞാനുദ്ദേശ്യമാക്കിട്ടുമവനാ
പിന്നെക്കഥിട്ടുണ്ടോ?
യക്ഷാധീശപദമോ,മഹിതമാം
സാമ്രാജ്യസാമ്രാജ്യമോ,
ത്ര്യക്ഷാദിത്രിദശാധികാരനിലയോ
വേണ്ടാനമുക്കൺവിഭോ!
ലക്ഷാദിത്യസമാനമായനന്ദ-
ജ്യോതിസ്സ പിന്നെന്തിനി.
സാക്ഷാൽമുഗ്ദ്ധതചിത്സ്വരൂപമകമേ
കാണായ്ക്കണംസദാ.

വള്ളത്തോൾ നാരായണമേനോൻ.

മാമലക്കോറന്റെ പഴമ്പോര്

മോക്ഷമില്ലാത്തവൾക്ക് ഇഹപരലോകവാസം പ്രയാസമാകുന്നു എന്നൊരു പണ്ടു പറഞ്ഞതായികേട്ടിട്ടുണ്ട്. അനേകകാലത്തിൽ മക്കൾ ഉണ്ടാവാതെ ഈ പ്രയാസം അനുഭവിക്കുന്നവരോ എന്നുള്ളത് അനേകമായ കാരണങ്ങളെക്കൊണ്ടായിട്ടാണിരിക്കുന്നതെങ്കിലും, ഇങ്ങനെയുള്ളതൊന്നല്ല ഇനി ഉണ്ടാകുന്നതായാൽ ആറു ജന്മങ്ങളിൽ കൂടി ഈ പ്രയാസത്തെ ചികിത്സിപ്പാനുള്ള ദുർഘടത്തോടുകൂടിയാണ ഒരാൾ 'മാമലക്കോറ'നായി വാഴുന്നതു്- അനേക ചെറുക്കാശുക്കളിടയിൽ ദിവ്യ അംഗീകരിച്ച ചെയ്ത സ്ഥാനപ്പേരാണ മാമലക്കോറൻ. ദിവ്യസാമർ എന്ന മലനാട്ടുകാർ വേട്ടയ്ക്കു പോൻ കാട്ടിൽ കേറി നെറ്റിയിലേക്കു് ഒളിച്ചിരിക്കുമ്പോൾ മറ്റൊന്നുമില്ലാതെ നടക്കുകയും, അവൻ പ്രയോഗിച്ച ആയുധം വീഴുകയും, ചെയ്തു. ദിവ്യ നേർ പോന്നകരക്കാർ കണ്ടെത്ത സമയം ചീറിപ്പാഞ്ഞു കേറുന്ന ഒരു ശസ്ത്രായുധം കൊമ്പന്റെ കൊമ്പുകളും തുമ്പിയും അറുവിച്ചു. അതിന്റെ പിമ്പ് ആയുധപാണിയായ ഒരു വേട്ടക്കാരിയും രാജസന്നിധിയിലെത്തി. രാജാവിന്റെ പ്രാണരക്ഷ ചെയ്തു പരദേവതയുടെ സന്നിധാനത്തിൽ ആയുധാഭ്യാസം നടത്തുവാൻ ഉത്സാഹത്തോടിച്ചു വന്ന ചെറുപ്പക്കാരൻ മല ചെറുപ്പക്കാരനായിരുന്നു. അവന്റെ പ്രാണരക്ഷ ചെയ്തു വീരബാഹുവിനു മഹാരാജാവു കല്പിച്ചു കൊടുത്തതാണ ഒന്നാം സ്ഥാനം മാമലക്കോറൻ എന്ന സ്ഥാനപ്പേരും. അവന്റെ കാലം കഴിഞ്ഞ് ആദ്യമായി കിട്ടിയ മാനം മാലയും ശിഷ്യർ ഉപേക്ഷിച്ചുതന്നു ചെയ്തു. പരദേവതയുടെ പ്രസാദംകൊണ്ടു നേടിയ സ്ഥാനമാനങ്ങളും ആയുധാഭ്യാസികളും പൊതുസ്വത്തായി നിലനിൽക്കുന്നതാണെന്ന് ആ ഉത്സാഹം ദൈവസന്നിധിയിൽ വെച്ചു. സമയം ചെയ്തു ഉത്സാഹത്തിന്റെ കാലപ്പഴക്കം ശിഷ്യരിൽ അടപിടിയൻ മാമലക്കോറനായി വരും. ഇതാണ ചെങ്കൂറ്റത്ത സ്ഥാനത്തിന്റെ അവസ്ഥയുടെ ഉല്പത്തി.

ധാരാളിശേഷം ഉപദേശംതാവയ ചെലവും പിന്നീട് ആ സ്ഥാനം വാണിട്ടുണ്ട്. കാലക്രമംകൊണ്ട് ആയുധാഭ്യാസം പൊതുജനങ്ങൾക്കതിന് അത്യാവശ്യമല്ലാതെയും പണ്ഡിതന്മാരെ പ്രോത്സാഹിപ്പിപ്പാൻ മുതലപ്പെട്ടവർ ഉദാസീനന്മാരായും വന്നതു മുതൽ അടവും തടവും എന്ന് ഇത്തും വിളിച്ചും ചവിട്ടും ചാട്ടവും എന്ന വേല ചതിക്കെട്ടവും പന്തപ്പാച്ചിലും സ്വാമി പയറ്റിപ്പാന്നിയന്ന ആ സ്ഥാനത്തു കൊടുപ്പിക്കുന്ന പകരം അന്തിയിൽ കാട്ടും പോലെ മാമലക്കോറൻ 'ആയുധം തൊടുക' എന്നുള്ള സ്ഥാനത്തെ ആണ്ടുവിശേഷമായി പരിണമിച്ചു. സമയം ചെയ്തു വെച്ച സത്യവാചകങ്ങളും ചെറുപ്പക്കാരനും അവഴിപ്പിക്കുന്നതിൽ മേനി പുലർത്തുവാനുമായി തീർന്നു. ഇടക്കുടിയിലകൾ പകുതിയിലെവിടിച്ചുംപോലെ ആയുധാഭ്യാസിയും ആലോചനക്കാരനായ ഒരാൾ മാമലക്കോറനായിട്ടുണ്ട്. അദ്ദേഹം ചില ശിഷ്യരെ സമ്പാദിച്ച് അഭ്യസിപ്പിക്കയും അവരിൽ ഒരാൾ അഭ്യാസനൈപുണ്യംകൊണ്ടു ഉത്സാഹം കണ്ണിപ്പണ്ണിയായി തീരുകയും ചെ

ല്ല. ക്രൂരമാ നന്ദസിപ്പ മാമലക്കാറാനാ വാൻ അടുത്തവകാശികളായി ശിഷ്യരിൽ തന്നെ രണ്ടു ഭ്രാതാക്കന്മാർ ഉണ്ടായി രുന്നുകൊണ്ടു യഥാവിധി ശിഷ്യരിൽ അവരിലൊരാ സ്ഥാനത്തു വാഴിച്ചാൽ കൊള്ളാമെന്നുള്ള മുതലാളമാർ ഇച്ഛി ത്ത ന്യായമായിട്ടുള്ളതു വെളിപ്പെട്ടിട്ടി ല്ലിപ്പ. പക്ഷെ ഈ പരമ്പരാതിയാതെന്ന അവകാശികളെ ഇരുപക്ഷം തോന്നിത്തുട ങ്ങി. ഭ്രാതാക്കന്മാർ തമ്മിൽ സ്പർദ്ധ മൂത്തിട്ടായി. അവരിൽ മൂർഖനുമായ ഒരാ ളിനെ സ്വയം ശമിപ്പ. ഒരു ശിഷ്യർക്ക് ഉപദേശിക്കാത്ത ഒരു മത്സര പ്പെട്ടാൽ ആയതിനാൽ മുതലാളനാട് അപേക്ഷിച്ച് മടക്കം വാങ്ങി. അങ്ങനെ ആ ലോചന പോയത് ഇരുവരിലും ഒന്നായി. ഇരുവരും പരസ്പരം അറിയാത്ത കാരണ ത്താൽ ഇരുവരിലുമിന്ന പക്ഷം മുതലാളമാർ ദീർഘലാഭപ്പെട്ടു കണ്ടു കൊണ്ടിപ്പാതായി. സ്ഥാ നത്ത് ആരാൽ തങ്ങളുടെ ഒരു അ ദ്ധ്യായത്തിനും കള്ളന്മാർ കേറി മൈക്ക് തച്ചുപോം കൊള്ളയിട്ടു. ആ കലാപത്തിൽ മാമലക്കാരാരും പ്രധാനശിഷ്യന്മാരും ഒ ല്ലപ്പെട്ടുകയോ കൊള്ളക്കാർ കൊണ്ടു പോകയോ ചെയ്തതിനാൽ അവർക്കാർ ക്കും വിധം ഇവരെയും കാണാതായി. ആ ഭേദനംകൊണ്ടു മുമ്പോന്നും ഉണ്ടാകാ ത്ത കേസ്സ് നിലവിലിരുന്ന കാലത്തു ശത്രു ക്കൾ തമ്മിൽ സമാധാനപ്പെട്ടെന്ന പോലെ വഴിയിൽ വീണ! വാക്കോട് വി ളക്കുവാൻ കടന്നു. മത്സരാധാരത്തി ന്നു ലഭ്യമായ ഉണ്ടായിരുന്നില്ലെങ്കിലും ഈ കളി കൂടിയ മത്സരത്തു കൊണ്ടുകൊള്ളാത്തത് ആ ഭയപ്പാടുകൾ മാറ്റാ ചോദ്യത്തു കൊണ്ടാണെന്ന് അവർക്ക് അപ്പോൾ തോ ന്നി. പിന്നത്തേതിൽ തൊട്ടത് കണ്ടുകൂടുന്ന മ ക്കൾ

ൽകിട്ടാത്ത കെട്ടിടങ്ങളുടെ ശക്തിപ്രയോഗം ചെയ്യുന്നവരും കെട്ടുകേൾപ്പിച്ച സ്ഥാന ത്തെ കാര്യസ്ഥരും പ്രമാണികളും ചെ ന്നെത്തി പറഞ്ഞതുവിധം കലാശിപ്പിച്ചു. ചെറുപ്പിച്ച മൂത്തയാളെ സ്ഥാനത്തു വാഴി ച്ചു. ആ മാമലക്കാറാനും ഇളയവനും കൊല്ലം തികച്ചു വാഴാനിടയാകാതെ സ്ഥാ നപ്പെട്ടുകൊണ്ടു ഭരണം പിടിച്ചതില്ല. ഇത ഉപദ്രവിച്ചതും ഫലിച്ചു.

അതിന്റെശേഷമാണ പടലിലൊടുക്ക ത്തെ മാമിപോലെ അക്കാ തായിയ ലെ അവസാനപുരുഷനായ മനുഷ്യർ സ്ഥാനം കയറിയത്, അവിടിച്ച് അവരെയ ർ അന്നൊരം മാത്രം കഴിച്ചാലും മറിപ്പാ ത്ത ഒന്നാമനാക്ക് ഉടമയെന്നതിന്റെ സ്ഥാ നത്ത്യക്കെന്നു വിചാരിക്കാത്ത സ്ഥാനപ്പെ ട്ടതുകൂടിവന്ന മേലധ്യമ്പോഴും ഉള്ളിലുണ്ടായിരിക്കു ക്കുന്ന പലതരം മോഹനിലകളും പുളക കൊണ്ടപ്പോഴിലെ വിത്തെന്നപോലെപൊ ട്ടിപ്പൊടിച്ചു തളിർത്തൂച്ച് അക്കരെയിട്ട് അട കാമം കനക്ക് ഒളക്കിയലൊത്തുതോതി താമക്കനിലക്ക് മേനിപാടത്തു ചാടിക്കയ റി നാലടിനടന്നാൽ കാലിടറി മറിച്ചുർ സി വീഴുന്നത് ആ പ്രാപ്പൊളുതൂകൊണ്ടോ അല്ലാ സഞ്ചാരകൊണ്ടോ എന്നു മനക്കൊ ണ്ടുകാണാത്ത മാനുഷർ സ്ഥാനത്തേക്കാ ആക്കപ്പുറത്ത് നോക്കിയതിൽ ഇനി മേലാകാ ലയാകന്തിനെക്കാ ആളുംപണവും പോ രാത്ത കേട്ടും മാത്രമാണെന്ന കണ്ട ന്യൂന ത പരിഹരിപ്പാൻ ദീർഘാലോചന ചെ യ്യുന്നത്, പക്ഷേ അപ്പോൾ നായകസ്ഥാനം മമ്മാനമാർക്ക വിട്ടുകൊടുപ്പാൻ മനസ്സുണ്ടാ സമ്മതിച്ചില്ല. പക്ഷെ ഇതുപ്പോൾ കിടക്കുന്ന സ്ഥാനത്തെ പടക്കോപ്പുകളും പണസ്വരൂ പ്പുവാൻ ചൂതുകളിപ്പെട്ട ഉഴിയും കൊല്ല ലർ അവനെയും വിറ്റുതീർത്തതിനുള്ള കാര

ണം ഗ്രന്ഥപരിശോധകൻ കണ്ടുപിടിപ്പാൻ നീട്ടിവെച്ചിരിക്കുന്നു. ഇങ്ങിനെ ഒന്നുരണ്ടുകാര്യങ്ങൾ സംശയങ്ങളായിക്കൊണ്ടു ആലോചനയിൽ പെട്ടു കിടക്കുന്നുണ്ടെങ്കിലും മാരാൻ കൊറാനോട് ആ പാഠം പറഞ്ഞതാണെന്ന് ആദ്യമെ പെരങ്ങാടി പെരവ പാടിട്ടുണ്ട്. ആദ്യഗ്രന്ഥത്തിന്ന് സേവകന്മാരുടെ പങ്കെളോട് "പെരവ" കൂട്ടിപ്പിടിപ്പാൻ കൊറാനോടുള്ള ആ പാഠവും കൂടെയും ഒപ്പിക്കാം. ബാക്കി ചില വിശേഷവാക്കുകൾ ആദ്യമൊന്നു പറയുകയാണ് അറിയേണ്ടതായിട്ടാണിരിക്കുന്നത്. മാരാരുടെ പാഠവും പലെ കൊറാൻ തന്നെപ്പററി താൻതന്നെ ആ പാഠം പറയുന്നതുകൊണ്ട് ആ പെരങ്ങാടി യെ പെരവയൂകിക്കുന്നതൊന്നും സംബന്ധമായ നം ആ പരീക്ഷണത്ത് അത്രയുതമായിരിക്കയില്ല. പാരിവയുടെ അവതരണാൽ സ്ഥാനത്തിലെ തെറ്റുകളിലുള്ളപെരവല്ലകിൽ വേണമൊന്നാണ് കൊറാന്റെ സ്വിഭാവം. ഇടിപ്പാരപ്പനെപ്പറ്റിൽ പെരുക്കുന്നവൻ പലക ചിലത്തിട്ട വേണമെന്ന് മാരാന്മാർ പെരമൊഴി. പല്ലക്ക മലർത്തിവെച്ചാൽ ഉള്ളിൽകടന്നുകൂടാമെന്നായി കൊറാൻ. ഇതും മതിയാവില്ലെന്ന് മാരാന്മാർ പെരമറഞ്ഞതു കൊറാൻ കൂട്ടാക്കിയില്ല. പല്ലക്ക മലർത്തിവെപ്പിച്ചു ഉടിയിൽ കൊറാൻ പെരകുന്നു, മാരാന്മാർ പല്ലക്ക തോളിൽകൊണ്ടു. തണ്ടൊന്നരിഞ്ഞു, പല്ലക്കൊന്നു പാഞ്ഞു. പെരങ്ങാടി വർക്കൊന്നം മറിഞ്ഞു. ചാവിട്ടി ത്തങ്ങി നൊപ്പമൊഴിൽ നിന്നു. പിന്നീടു ഒരു മൂന്നു ദിവസം പെരുമാൾ വീണ്ടിക്കിടക്കേണ്ടിവന്നതുകൊണ്ടു ഗൌരവമായ സംഗതികളെപ്പററി പെരുമനമിരുന്നാൻ കൊറാനിടയായില്ല. മന്ത്രിമന്റെ കാലിൽ മന്തില്ല. പെരുമാൾ ആ പാഠമാകുന്നു. കൊണ്ടയിലാണ മാരാരെക്കൊറാൻ തന്റെ പിൻഗാമികളായ മന്ത്രിമാരികളേയും മന്ത്രിനേയും പററി കാര്യസ്ഥന്റെ പറഞ്ഞിട്ടുള്ള പത്രാന്തിൽനിന്ന പതിരടങ്ങു താഴത്താണു മന്ത്രിവർ നില്ക്കുന്നതെന്ന കണ്ടു കാര്യസ്ഥർ കാരണംകൂടാതെ മന്ത്രിനായി കൂടിക്കൂട്ട പതിവില്ല. കാര്യങ്ങൾക്കിടക്കുന്നതിനിടയ്ക്ക് ഒരു ദിവസം കൊറാൻ കാര്യസ്ഥനെ വിളിച്ചു, "പഴമ്പാലിക്കുന്നവന്റെ ഗ്രന്ഥമന്ത്രക്കളയാം" എന്ന പെരമാ പാടി. കാര്യസ്ഥന്റെ ചൊൽപ്പടിക്ക ശേഖരിച്ചുവന്ന പൊട്ടിപ്പൊളി ഞ്ഞ ഒരു ഗ്രന്ഥം വായിക്കുന്നുണ്ട്. കാര്യസ്ഥർ കേട്ടുകാണ്ടെ ഒരെണ്ണം എടുത്തു കൊറാന്റെ പെരമുമ്പിൽ വെച്ചു. കൊറാൻ ഗ്രന്ഥമഴിച്ച് അക്ഷരം തപ്പിപ്പിടിച്ചപ്പോൾ കണ്ടതു "കുറിയാറപ്പാട്ടും" മറ്റൊന്നു "ശിവൻകഥയു" മാണ്. ഇവ രണ്ടും സ്വന്തമെന്നു മുമ്പു പുത്തി പാടിക്കളിച്ചവയാണെന്ന കാര്യസ്ഥർ അറിഞ്ഞിട്ടില്ല. ഗ്രന്ഥപരിശോധകം ആ ഗ്രന്ഥമാം കാര്യസ്ഥർ കൊണ്ടുവന്നു തന്നെ കളിപ്പിക്കുവാൻ അവമാനിപ്പാനാണെന്ന കരുതി കൊറാൻ കോപാന്ധനായി കാര്യസ്ഥന്റെ നേരെ ഒന്നു തുറിച്ചുനോക്കി.

കാര്യസ്ഥർ — പെരമാനാണെ കീഴിയത് എന്തൊന്നാണാവോ?

കൊറാൻ — ആ! ഹാ! കൂത്തിനാരപ്പാട്ടോ നാം പെരമാ പാടിയത്? ഗ്രന്ഥപരിയല്ലേ!

കാര്യ — ഇത്കാലം നോക്കേണ്ടതു ഗ്രന്ഥപരിയല്ലെന്നാണ് അടിയന്റെ പുത്തിയിൽ തോന്നം.

കൊറാൻ — അതു നാം നിശ്ചയിപ്പാനുള്ളതാണ്, എന്തൊ മുത്താൻ വിഷമിയാക.

കാര്യ — ഉപ്പിട്ടുകൊണ്ടാണ് അടിയൻ പെരമന്നമാവുന്നത്. പെരമനായണെ

കീറിയതു മാനമാണ (മരിച്ചു) പോയന ടികളുടെ ആവേശംപോലെ തോന്നുന്നു.

കോവാൻ—ഏതാനപ്പുറമ താനേ വന്ന ചേരുവാൻ നാം അവകാശിയല്ലേ?

കാർത്തു—പൊന്നത്തി പെരുനാനിന കീറിയതു പെരുമയോ പെരുമ്പടയാണെന്ന് അറിയാതെ നാം പറയുന്നു. അടുത്ത കാലത്തു കോവാന്റെ കോവാനായിരില്ലല്ലോ.

കോവാൻ—നമ്മെ പെറ്റപ്പുറപ്പെ! ഇപ്പോൾ അന്നെ എത്തിയ കണ്ട പൊയ്ക്കന്ന കാർത്തു ഗുണമോ? ഇപ്പോൾ നിന്നാണല്ലോ യുണ്ടാകുന്നതപ്പു പോയ?

കാർത്തു—മാനമാണ തന്റെ പെരുന്തലിൽ പെരുമയല്ലാ കാണന്ന ചെയ്യുന്നു. ഇവ വരെ കൈയൂം തികച്ചു ചാണിപ്പു കാരണം കൂടാതെ പൊന്നൊന്നാണ കീറിത്തുടങ്ങി. പിന്നെ അധികം താമസം ചെയ്തിട്ടില്ല. ഓലയെടു പകുതി താമസിച്ചു മരിച്ചുവെന്നാണ് പറഞ്ഞിട്ടുണ്ട് പൊരുളാം പറയാതത്, അടിയാളുടെ ദുഷ്ടകൃത്യമാണ്.

കോവാൻ—നാം പറയുന്നില്ല. ഇന്നി എടുത്താണ്. മരിച്ചവരുടെ മാനം. നമ്മുടെ പരിശ്രമത്തിലെ ന്യായം വരില്ല.

മരിച്ചവരുടെ കീറം പകുതതായെന്നതും കുറ്റം സാധ്യം കാണുന്നവരുന്നോ കാർത്തു പറഞ്ഞപ്പോൾ, പുള്ളിയുടെ ഉള്ളിലായി ഒരു അതിരിലു ഉണ്ടായിട്ടുമോ എന്ന സംശയമായി. ഒളിപ്പിച്ച താഴം നോക്കി ഓലകളും എടുത്തുകൊടി പരിശോധിക്കേണ്ടതന്നു, ഇനി കാർത്തു പറഞ്ഞതോടല്ല ആളോടും കോപിച്ചുകൊണ്ടു കോവാൻ ചിരിച്ചുവോ?

കാർത്തു—ഓലയായാലും പൊന്നായാലും കീറിയത് അടിയാൾ കണ്ടിട്ടില്ല താനും. ഗ്രന്ഥവരി നോക്കേണ്ടതാണെന്നിട്ടാണല്ലോ എന്നിയാൾ വിചാരിച്ചു. മുലപ്പെട്ടവരുടെ വീട്ടിലെ ന്യായം അടിയാളോട് പറയാനാവാത്തതായിരില്ല. (1)

കോവാൻ—ആ പെട്ടിയിൽ ഗ്രന്ഥമില്ല കരം ഒടിഞ്ഞ വാളും വെള്ളിയുടെ പലിശയും കിടപ്പുണ്ട്. പണ്ടേ പറഞ്ഞപ്പെട്ടതുപോലെയായിരിക്കും. ആയുധങ്ങൾ തൽക്കാലം തരില്ലല്ലോ. സ്ഥാനപ്പിൻ പറഞ്ഞതെന്ന തന്നെ നമ്മക്കു … ഗ്രന്ഥവരി നോക്കി … കോവാനോടു ചോദിച്ചു.

കാർത്തു—സ്ഥാനപ്പിന്നു ഇടയാക്കേണ്ടതാണ … ണ്ടായാൽ പെണ്ണുങ്ങളും പെരുമ പാടിട്ടുണ്ട്. കാരണം … കോവിലകത്തുള്ള ഗ്രന്ഥവരി നോക്കിക്കണ്ടുപിടിച്ചു ആ ഗ്രന്ഥം അടിയാളെ കാട്ടിയിട്ടില്ല.

കാർത്തുവോടു കൂടി കണ്ടുകൂടാത്തതായ ഗ്രന്ഥവരിയെന്നു കേട്ടപ്പോൾ കോവാൻ 'എന്നാൽ അതു കണ്ടുപിടിക്കണമല്ലോ' എന്നു … എഴുന്നേറ്റു പെട്ടിയിൽ തപ്പുവാൻ തുടങ്ങി. ഇടങ്ങളിലും പെട്ടികളിലും കണ്ടില്ല … തപ്പി. പിന്നെ … സ്ഥാനങ്ങളും … വന്നു. ഒടുവിൽ … ഓലകളിൽ … ഗ്രന്ഥം വലിച്ചെടുത്തു. ഗ്രന്ഥം കണ്ടപ്പോൾ കോവാൻ പുഞ്ചിരിച്ചു. കോപ്പുകൾ … പിടിച്ചു … ഇരവരി … കറിപ്പുളിയിട്ടു, ഗ്രന്ഥത്തിന്റെ കരട …

(1) ഗ്രന്ഥവരി പുറമേ കണ്ടില്ല.

ഗത്തോട് സാദൃശ്യപ്പെടുത്തു പറയപ്പെട്ടതിൽ വിലപിടിച്ച വസ്തു എല്ലാംകയിൽ തിരകിയ അവർ ബുദ്ധിമോശത്തെ പ്രത്യക്ഷപ്പെടുത്തിയതായിരിക്കണം. കോരൻ ഗ്രന്ഥത്തിലെ മുറിച്ചുകെട്ട് ചേർപ്പെടുത്തി. ഇതിന്റെ വിണ്ണു നീക്കി കടലാസ് തള്ളി കടലാസിലെ കോരനും കണ്ടു ഇത്തി. പക്ഷേ അക്ഷരത്തിനൊരിയില്ല. തിരിച്ചും മറിച്ചും നോക്കിട്ടും മനസ്സിലാകാതെ, 'ഇതെന്തു തലതിരിഞ്ഞതാണ്' എന്നായി കോരൻ. കോലെഴുത്തായിരിക്കുമെന്ന് കാര്യസ്ഥൻ പറഞ്ഞു.

കോരൻ—കോലുകൊണ്ട് ഗ്രന്ഥത്തിൽ വച്ചാൽ വായിക്കാൻ പാടില്ലാത്തതു കടലാസിന്മേലിൽ സാധാരണ മഷി ഗ്രന്ഥത്തിലെ കോലുകൊണ്ട് എഴുതിപ്പോകത്തതിനെ നാം ചെയ്യാവുന്നതായിരിക്കും, കണ്ടകഴിഞ്ഞു: കോലുകൊണ്ടാണെന്നതിൽ അത്രയും മാറ്റണം.

ഈ വർത്തമാനം കേട്ടപ്പോൾ പൊട്ടിച്ചിരി കാര്യസ്ഥൻ ചുമച്ച് ഒതുക്കി. 'കാര്യസ്ഥന് കോലെഴുത്തറിയാമെങ്കിൽ ഇതു വായിപ്പാൻ നാം അനുവദിച്ചു.' എന്നു പറഞ്ഞു ഗ്രന്ഥം നീക്കി വെച്ചു. അയാൾ വായിച്ചത്:—

'നാലുകെട്ടിന്റെ കോണിൽ മറിയടക്കമായി നൂറ്റാണ്ട് പിള്ളയിലടിച്ചു നാട്ടാർ വരിച്ച മാടമ്പക്കോരൻ തമ്പുരാട്ടിയും നാളിൽ മുലപ്പണിക്കരും മൂപ്പനും അകത്തു കലശകളും കൊണ്ടുതിരുമേനി സന്നിധാനത്തെത്തി പഴയപാട്ടി കൊല്ലം കോലെഴുത്ത് അറിയാവെച്ച് അടിച്ചമ്പിച്ചുവരച്ചു പോരു.'

കോരൻ—നാം കേൾക്കാം വേണമെന്ന്. കേട്ടുകൊണ്ട് തന്നെ നമ്മക്കായ സമ്പൂർണ്ണമായി, ഒരു വട്ടം കാ

ര്യം വായിപ്പിച്ചിട്ടുണ്ടെന്ന് ഗ്രന്ഥകാർ പറഞ്ഞിട്ടുള്ളതു വെറുതെയല്ല, പലരേയും തന്നെ പ്രസാദിപ്പിക്കണമെന്നല്ല വായിച്ചതിനാൽ താൽപര്യ?

കാര്യ—പെരുമാറ വഴിയില്ല. ഗ്രന്ഥത്തിൽ കണ്ടതു വേണമെന്ന വെച്ചുകൊണ്ടായിരിക്കും മുൻവാദ്യക്കാരായ ഒരു പെരുമാറ്റികളും അല്പായുസ്സായി കാണുന്നത്.

കോരൻ—കാര്യസ്ഥൻ ഒപ്പിച്ച കഥ തന്നെ. സമാനപ്പിഴ വരുത്തിവെച്ച് അതു ഒരു പേരും 'കമലാണ്' എന്നു പറയണത്, 'കരിച്ച' എന്നതന്നെ പറയണം. ആരെ ഗ്രന്ഥമായി എപ്പോഴെങ്കിലും പിഴച്ചു കണ്ടിട്ടുണ്ടോ? ചിലപ്പോൾ പറവും ഇല്ലേ?

കാര്യ—പഴമൊഴിയിൽ പിഴവുണ്ടെങ്കിൽ പഠിച്ചവർക്കുപോൽ കല്പനയാണ് വിഷയം. മറിക്കവും പിഴ വരില്ല. അടിയൻ വായിച്ചു മുഴുമിക്കട്ടെ.

കോരൻ—അതുവേണ്ട, കണ്ടതിനു വേണ്ടതു ചെയ്തിട്ട പിന്നെക്കാണാം. അറിഞ്ഞുകൊണ്ട് അല്പായുസ്സാകുന്നതു കഷ്ടമല്ലേ. അടുത്ത നൃപതിവംശം നോക്കി ഈ അഭിഷേകം നടത്തണം. അതൊന്നുകൊണ്ട് സാധാരണ്ണു വേണ്ട ഒരുക്കങ്ങൾ കാര്യസ്ഥൻ തന്നെ ചുമതലക്കാരൻ, ഇവിടെ നാം ഉണ്ടല്ലോ.

കാര്യ—അതു അടിയനും അടുത്തും പഴയൊരു പറഞ്ഞു തുടങ്ങിക്കിട്ടുന്നതാണ്, അതൊന്നുകൊണ്ട് സാധാരണ്ണു ചെയ്യേണ്ട അടിയന്തരങ്ങൾ പലതും പരീക്ഷിക്കാനുണ്ട്,

കോരൻ—പരീക്ഷിക്കാൻ പറയുന്നില്ല. കണ്ടതും ഒന്നും നാം ഇന്ന കഴിക്കാം,

ധാരകായി കൊണ്ടുവന്ന പാലും അക
ത്തിരുപ്പുണ്ടല്ലോ. ധാരചിരുന്ന മതി.

കാര്യ—പരീക്ഷയിൽ പൊതിഞ്ഞിരുന്ന
അങ്ങേടിയന്തരം വേണ്ടെന്നുവെച്ചുന്നില്ല
ല്ലോ.

കോരൻ—അടിയന്തരം ഒന്നും മുടക്കുന്നി
ല്ല. മാന്പുർ സമ്മാനത്തിനു വന്നു ഒരാ
നാം ഭിക്ഷക്കാരല്ലു; മാനം നോക്കാനാണ്.
അങ്ങേടിയന്തരത്തിനു വലിയ ചടങ്ങു
വല്ലതുമുണ്ടോ?

കാര്യ—ചടങ്ങൊന്നുമില്ല. വില്ലു കുലക്കണം,
അമ്പ് എയ്യണം. പിന്നെ ഒക്കെ കണ
ക്കാണ്.

കോരൻ—എന്തു വില്ലു കുലക്കണമെന്ന
കണക്കില്ലേ? ഉണ്ടെങ്കിൽ അതിനു വ
ല്ല എപ്പാടും ചെയ്യിട്ടുണ്ടോ?

കാര്യ—ഒരു വില്ലു കുലച്ചാൽ മതി. ആയതു
കുലക്കാനുള്ള ഏർപ്പാടു മറ്റൊരാളുമാലോചി
ട്ടില്ല.

കോരൻ—കൊല്ലുന്നേരവും വില്ലു കുലക്കാ
മെന്നോ? അതോ വെറും വാക്കോ? വില്ലു
കുലക്കാനുള്ള ശ്രമം എപ്പോഴും തുടങ്ങി?

കാര്യ—ഒന്നാലു ദിവസത്തിനകത്ത്,
മല്ലായുദ്ധ്യായി മാനമാണ്ട വേട്ടക്കടി
കളുടെ കാലത്തു മാത്രമേ ആ ക്രിയ തുട
ങ്ങിയുള്ളു. ഒരു കാലത്തു ശ്രമിച്ചാൽ ചി
ലരെയില്ല.

കോരൻ—നമ്മെ കാണിക്കാതെ വെട്ടുന്ന
കോനത്തെ നന്നായില്ല. ആട്ടെ അതു
നാം ഇന്നു തന്നെ ശ്രമിക്കാം. പരീക്ഷയാ
ലോചന കഴിച്ചു തിട്ടു നാം നമ്മെ പെ
രുമാറാൻ. കാര്യസ്ഥനു പോകാം.

പരീക്ഷയാലോചനയ്ക്കു പാലിന്റെ
ആവശ്യം കാര്യസ്ഥനു മനസ്സിലായില്ല.
ഈ ഗൂഢകർമ്മം അറിവാനായി കാര്യസ്ഥൻ
കോരനറിയാതെ പെരുമാടം ചുറ്റിപ്പറ്റി
നിന്നു. കോരൻ അകത്തെല്ലാം തെരപ്പു
നടന്നു വില്ലിന്റെ പരമാർത്ഥം പലതും
ചോദിക്കാതെ, ഒന്നും പറ്റുന്നില്ല. 'കാര്യ
സ്ഥൻ നമ്മെ പറ്റിച്ചു, എന്തെങ്കിലുമാവ
ട്ടെ' എന്നു പറഞ്ഞു കോരൻ ഒരു തോണ
ിക്കത വില്ലെടുത്തു നടുമുറ്റത്തിറങ്ങി നി
ന്നു. 'കാലിൽപയി, കലക്കരോ ആരെ?
എന്റെ പാദേവതെ! മാപമാനം വരുത്ത
രുതി' എന്നുപറഞ്ഞു കുലക്കാനുള്ള വില്ലു
കഴിച്ചിട്ടൽ കഴിച്ചു മനോയായല്ലുകൊണ്ടു ക
ഴി കണ്ടാൽ കോരനപ്രയാസമുണ്ടായില്ല.
ഈ അത്ഭുതകർമ്മം കണ്ട കാര്യസ്ഥൻ പൊ
ട്ടിച്ചിരിച്ചു. കോരൻ കേട്ടിട്ടില്ലെങ്കിൽ ആ
ളു ധ്യാനശക്തികൊണ്ടോ മറിക്കും അങ്ങേ
ടിയന്തരത്തിനുള്ള ആയുധസംസ്കാരം കഴി
ച്ചു കോരൻ പെരുമുറിയിലേക്കു പിന്നെയും
തെരപ്പുന്നു. കിഴക്കോട്ടു തിരിഞ്ഞു പെരു
മുറ്റത്തു പാൽപാത്രവുംഗ്രന്ഥവും അടച്ചി
ട്ടുവെച്ചു. 'കാര്യസ്ഥൻ വായിച്ചതും നാം
കേട്ടതുമായ ഗ്രന്ഥവരിയിൽ പിഴവുണ്ടോ
എന്നുള്ള പരകായം പാലുകൊണ്ടറിയട്ടെ'
എന്നു കണ്ടറച്ചു പെരുവാതുക്കടി കാപ്പ്
പ്പാലും പെരുവയറൊട്ടിക്കുന്നതു കാര്യസ്ഥ
ൻ കണ്ടു. പച്ചപ്പാലോ പഞ്ചസാര ചേ
ർത്തതോ എന്നൊന്നും കോരൻ ആലോ
ചിച്ചതേയില്ല. ധാരാളം കണ്ടുപഠിച്ചതും
മുട്ടില്ലാതെ തോന്നു ഞാനവൻ മാത്രം സ്വാ
ധീനവുമുള്ള ആ സാധനം തെരുതിരു കു
ന്നിടത്തോളം അകത്തു ചെന്നപ്പോൾ
'പെരുവയറൊട്ടി' എന്നൊരു പാരം പറഞ്ഞുവെ
ങ്കിലും കോരൻ കമ്പതടവിക്കൊണ്ടു 'കള്ള
മൊന്നും ഇല്ല. ഗ്രന്ഥവരി സത്യംതന്നെ' എന്നു
അഭിപ്രായപ്പെടുന്നതും കാര്യസ്ഥൻ കേട്ടു.

കലശ്ലാൻ കഴിച്ചിട്ട വില്ലും, പരണ്ടൊ
ട്ടിൽ പതിയ നോക്കാൻ ആര്യാന്തി പി
ടിച്ചു കടിച്ചു പാലും പരീക്ഷാർത്ഥത്തിനു

സ്വാധീനിക്കാനതല്ലെന്ന് കരുതി കാര്യസ്ഥൻ കയ്യൊഴിഞ്ഞുപോയി. പോലീസും അമിട്ടും മാലപ്പടക്കാരൻ അത്താഴം വേണ്ടെന്ന പേരയാ പാടി പെരുമ്പറയിൽ മടന്ന കണ്ണട്ടു. പെരുമാറാൻക്കില്ലി പടിഞ്ഞിക്കണമെന്നുള്ള മാമ്പ മുറക്കത്തിൽ വെളിപ്പെട്ടു. ശേഷക്കാർ ഒരു കെട്ട് എഴുതി നോക്കി ഉറക്കപ്പിച്ചാണെന്നുറപ്പിച്ചു.

പഴമ്പോരാട്ടത്തിന് കാലവിളംബം പാടില്ലെന്ന് അപ്പോഴത്തെ മന്ന കോമരൻ കാര്യസ്ഥനെ അറിയിച്ചു. പഴമ്പോരിനുള്ള ചടങ്ങ് ഗ്രാമവഴിയിൽ കാണാത്തതുകൊണ്ട് അത് ആചരിക്കണ്ടത് എന്നെപ്പറ്റി കോമരവും കാര്യസ്ഥനും തമ്മിൽ അഭിപ്രായഭേദം വന്നു. കോമരത്തിന്റെ പെരുമാറ്റം അനുസരിച്ച് നാട്ടുപ്രമാണിമാരും നാട്ടാരിൽ ഭൂരിഭാഗവും എത്തി. വെട്ടുവഴി കാട്ടാനയുടെ കൊമ്പും തുമ്പിയും ഒടിച്ചു മുറിച്ചു പരദേവതയുടെ തിരുമുമ്പിൽ വെച്ചു കമ്പിടുകയാണ് 'കൊമ്പും കോലവും ഒരുമിച്ചു കമ്പിടുക' എന്നുള്ള കാര്യസ്ഥന്റെ വ്യാഖ്യാനം കോമരത്തെപ്പോലെ പഴമക്കാരും കൈക്കൊണ്ടില്ല. സ്ഥാനത്ത് ആറേഴു നൂറ്റാണ്ടു നടന്നതുപോലെ പഴമക്കാരെ കൂടി മാലപ്പടക്കാരൻ പെരുമ്പറയൊപ്പ ട്ടിയൊന്നിച്ച് അതെന്നല്ലാതെ സ്ഥാനത്തെത്തി ആയുധപാണികളായി പരദേവതയെ വലംവെച്ചു വന്നാൽ മതിയെന്ന് കോമരം കല്പന തീർച്ചപ്പെടുത്തി. പഴമ്പോരിനു മുമ്പു സ്ഥാനത്തുവെച്ച് ഒരു പെരുമ്പറ വേണ്ടതാണെന്ന് പഴമക്കാർ കോമരനെ പറഞ്ഞുകേൾപ്പിച്ചു. സമ്മതം വരുത്തിയില്ലെന്നായി കാര്യസ്ഥൻ. നാട്ടുകാർ നടത്തട്ടെ എന്ന് കോമരൻ പേരയാ പാടി. പെരുമ്പറയൊപ്പെട്ടിയിൽനിന്ന് ചിലവിടേണ്ട തുകയുടെ കണക്കും പഴമ്പോരിന്റെ പഴമ

ക്കാർ. പെട്ടിയിൽ പണമില്ലെന്നായിരുന്നു എന്നു കാര്യസ്ഥൻ. പെരുമ്പറയുടെ കാര്യമാകകൊണ്ട് ഇപ്രാവശ്യം തന്നെ പെട്ടി തുറക്കാൻ വിരോധമില്ലെന്നായി കോമരം മുതലായവർ. ആരുമറിയാതെ നാലുനാളിൽ അതിനെക്കാളേറെ സ്ഥാനത്തു വെച്ചിരുന്ന പെട്ടി തുറന്നു കൂട്ടി എണ്ണം, താക്കോലുകളുമായി വന്ന വേടരുടെ ബന്ധം കൈക്കൂലിക്കാരനെന്നും പറഞ്ഞു കാര്യസ്ഥൻ പെട്ടി തുറപ്പിച്ചില്ല. പെരുമ്പറ പഴമക്കാരുടെ ആ പാട്ട് സ്ഥാനത്തുനിന്ന് കഴിപ്പാനും തീർച്ചപ്പെട്ടു. കാര്യസ്ഥനെ പരദേവതയുടെ സ്വാതന്ത്ര്യത്തെക്ക് കൂട്ടുവാനായില്ല.

പഴമ്പോരാട്ടം കൊണ്ടാടിയവർ അന്നില്ലെങ്കിലും പ്രധാന്യം പഴമക്കാർക്കാണെന്ന് അംഗീകരിച്ച ദിവസപ്പൂരിപ്പകർച്ച പലതും സ്ഥാനത്തു വന്നു കേറിത്തുടങ്ങി. വടി കത്തിച്ചുപിടിച്ചു വന്ന പടക്കിഴവന്മാർ കൊളുത്തി വെച്ച ചൂട്ടും മുളയും പാറിയിടുന്ന ചാവുന്നു. തെറ്റാതെ മുത്തൻ കടപ്പിള്ളിയിലെത്തി വരുത്തിപ്പുറപ്പെട്ട ചിലരും പൊടിപ്പിച്ചുതുടങ്ങി പഴമ്പാരാണെന്നാണ് പറയുന്നത്. പഴമൊണ്ട് എന്നൊക്കെയായാലും പോരെന്നായ പരദേവതയുടെ അമ്മപ്പാട് എന്ന പറഞ്ഞു പേരും പെരുപ്പവും വരുത്താനൊള്ളില്ല. വയോധികന്മാർ ചിലർ അധികാരികളുടെ വേറു നോക്കാനുള്ള കൂടി. 'ഒരു തിരുകുടി' എന്നുള്ള അഭിപ്രായം പോരു മതമായിട്ടും പള്ളികൾ വിട്ടില്ല. 'കറിപ്പുവട്ടിൽ തീ ഇട്ടു. കരണം വെള്ള മലക്കണം' എന്നായി തൊരായ കിഴവൻ. ഇതിനെ വെടിയുടെ കാര്യത്തിൽ വയോധികന്മാരുടെ അദ്ധ്യവസായം അധികമായപ്പോൾ വിലക്ക് മതിയാവില്ലെന്നായി തോന്നിക്കാർ. ശേഷം ഉൾപ്പെടിക്ക വാറു കഴിച്ചു

വെച്ചിട്ടുണ്ട്. പൊടിച്ചിട്ട് ശക്തം പുരട്ടണോ പുരട്ട് പൊടിച്ചാൽ മതിയോ എന്ന് ഒരു കിഴവന്മാർ ഇങ്ങനാലോചിക്കെ, തീക്കെണ്ണ വീണതിനോടൊപ്പം ശക്തം പുരട്ടിയിട്ടുണ്ടുകൊണ്ടു പിന്നെ പൊടിക്കാനേ സാധിച്ചുള്ളു എന്നതിനെ വിസ്മരിക്കണോ? സർവ്വ പൊടിപൊടിച്ചു കൊഴപ്പോള് കൂടിക്കിടന്നു.

കാര്യസ്ഥൻ കാട്ടിൽ ചെന്ന കാരണങ്ങളെ കണ്ടു കഴുതകളെല്ലാം കയറിക്കിടപ്പുന്നപോലെ സന്ദർഭത്തിൽ പ്രവേശം കിട്ടുന്ന പല വയോധികന്മാരെയും തിരിച്ചറിഞ്ഞു കണ്ടു. തിരുവഞ്ചാറിലെ പുകിലങ്ങളിൽ ചിലർ വസ്ത്രങ്ങൾ നനച്ചുകൊണ്ടു നിൽക്കുന്നുണ്ടായിരുന്നു. കുറച്ചു ദൂരം നീട്ടി കൈ, പിന്നാക്കം കയറിലെച്ചിരിക്കുന്ന പടക്കിഴവന്മാരുടെ മടിയിലെ ചെറിയ ചട്ടിയിൽ എറിഞ്ഞപ്പോൾ യഥാസ്ഥാനങ്ങളിൽ പതിഞ്ഞിട്ടില്ലാത്ത പലതരം ആവശ്യപ്പെട്ടപോലെ പറഞ്ഞുകൊണ്ടിരുന്നു. കയറി നടക്കാനുള്ള കൈവിരലുകൾ വയറോറി നീങ്ങി ചില പരാതികളും കേൾപ്പിച്ചിട്ടുണ്ട്. വിവിധയിനങ്ങളെ വലിച്ചുവാരി വെച്ചതുകൊണ്ടു മാമലക്കൊറാമൻറ മോഹം നന്നു തട്ടാതെവിധം കളം കൃഷി കനം പിടിപ്പിച്ചിട്ടുണ്ടെങ്കിലും, ഉയരമുള്ള സാധനങ്ങളുടെ താങ്ങുകൊണ്ട് ഉള്ളിൽ കിടക്കുന്ന ഭാരമെല്ലാം തെളിഞ്ഞുനിൽപ്പു. തൊലി പൊങ്ങി ചുളിപ്പുറത്തെത്തു പുറപ്പെടുമ്പോൾ വികാരിയുടെ ശക്തി വീണ്ടും ഉള്ളിലെത്തുകയുണ്ടായി.

കാര്യസ്ഥൻ ഈ വയോധികന്മാരുടെ സമ്മേളനം കണ്ടു തലകുലുക്കിക്കൊണ്ട് 'ഇനി താമസമില്ലാത്ത സ്ഥാനത്തേക്കു തെരഞ്ഞെടുക്കാൻ വൈകിക്കൂടാ' എന്നു കരുതിയപ്പോൾ തന്നെ തലതാഴ്ത്തി. ഇരിക്കുന്ന കിഴവർ തെളിവോടെ പ്രതിഷേധിച്ചില്ല. ഉറങ്ങുന്നവരെ ചിലർ വിളിച്ചുണർത്തി. ഉറക്കം കളഞ്ഞ കാരണത്തിന് കൈവിരൽ കടിച്ചു. തട്ടിയപ്പോഴും കോപിക്കയായി. കണ്ണിൽ തട്ടി ഇതൊന്നു പൊട്ടി എന്നല്ലാതെ പല്ലുപോയി എന്നാരും പറഞ്ഞില്ല. 'പഴമ്പോർ പഠിച്ചവരുടെ തിരുമ്പിൽ ചൊറിച്ചിൽ' എന്നു പറഞ്ഞ് ഒരു പരിഹാസക്കാരൻ വൃദ്ധൻ ഒരു ചിരിയും കേട്ടു. കാതലായി നടപ്പാൻ കൂടെയുള്ളവരോടും പുറപ്പെടുമ്പോൾ തന്നെ കാര്യസ്ഥൻ വിളിച്ചുപറഞ്ഞു. പഴമ്പോരിനെ വിസ്മരിച്ചു പോണം. പഴക്കാരായ പിൻവലിക്കുന്നതിനെ കൊറാൻ ഉറക്കത്തിൽ പൊട്ടിച്ചാടി. പഴമക്കാർ പുറപ്പെട്ടായി. നാലുമണി മടക്കി കയറി മാറ്റിട്ട് ഉടുത്ത വസ്ത്രത്തിന്റെ ഇടംവലം തെരഞ്ഞുകൊണ്ടിരുന്ന ഇടയിലുള്ള കോറിത്തിരി കണ്ണിൽ 'തിന്മാൻ പോതി'യുമായി കാഴ്ചയുള്ള വയോധികന്മാർ മുന്നണിയിലെ, ഇടക്കിടെ മലർന്നു കാറിക്കയ്യ് കളിച്ചുകൊണ്ട് തിരക്കി വടിയുമായി നടക്കുന്ന പടക്കിഴവന്മാർ കൊടുക്കൽ തിരക്കിയ മുറുക്കാൻപൊതിയിൽ കണ്ണുകളിട്ടുകൊണ്ട് പിന്നണി ചേർന്നു. നാലു മുലച്ചണിക്കാം നാട്ടിൽ മുമ്പുള്ള പോരാളികളെപ്പോലെ മാമലക്കൊറാനും പിന്നിൽ കൂടി. ആവശ്യപ്പെട്ടതും കേട്ടില്ലെന്നുവെച്ചുകൊണ്ടു കാര്യസ്ഥനും പുറപ്പെട്ടു. ഈ വയോധികന്മാരുടെ സംഘം നടന്നുതന്നെ നിശ്ചയത്തിൽ സങ്കേതസ്ഥാനത്തെത്തി. കരിങ്കാറുകൊണ്ട് ആശ്രമം പോലെ പൊതിഞ്ഞുകണ്ട പഴമ്പോരാളികളുടെ മുഖവും കറുത്തു. വേട്ടയ്ക്കിറങ്ങിയ കുതിരകളെപ്പോലെ കാട്ടാനകളെ വിട്ടുവന്ന വേടക്കാരൻ കാണിച്ചു ചിരിച്ചിട്ടില്ല. കാവൽക്കാർ വിട്ടുകളഞ്ഞ നിശ്ചയത്തെപ്പറ്റി

ലെ പ്രത്യക്ഷനായി. പണ്ടൊരിക്കൽ അ ർജ്ജുനനോടു സ്ഥാനത്ത് ആൽത്തറ കേ റിയപ്പോഴ് വേടക്കരചൻ ചെന്ന തിണ്ണമേ കണ്ടതിനെ. കാട്ടുകൊത്തുകളുള്ള നിരം നീലനിറമിയിന്ന് തെളിഞ്ഞ പൊങ്ങിയ ദേഹാ- ത്തോടുകൂടിയവരുടെ തേജസ്സും പൊക്കവും കണ്ടാൽ ശരീരായാസം യാതൊന്നും ഉണ്ടായി ട്ടുള്ളവനാണെന്നു തോന്നും. നീളമുള്ള തലമുടി നിറുകയിൽ തൂങ്ങു കെട്ടി വെച്ചി രിക്കുന്നു. മാറു മറിഞ്ഞു കിടക്കുന്ന വെള്ള ത്താടിയിലെ ചില കറുത്തരോമങ്ങളും വ്യവ സ്ഥ വിട്ട ചരിക്കുന്നുണ്ടെങ്കിലും മാറു രോമ ങ്ങളോടിച്ചു കറുത്ത തട്ടി കാട്ടിയേച്ചാണ്ടു നിൽക്കുന്നതു കണ്ടാൽ മാമലക്കൊറ്റ വേ ട്ടസ്ഥാനം കാട്ടിക്കൊടുക്കുന്നവരോ എന്നു തോന്നും. ഒണ്ടിൽ പുറം നീണ്ട വില്ലും അ മ്പു ചന്ദ്രായുധവും കയ്യിൽ ധരിച്ചിട്ടുണ്ട്. അ രയിൽ ചുമന്ന വസ്ത്രം. ഇടത്തുഭാഗത്ത് ഉ റയിലിട്ടിരിക്കുന്ന ഖഡ്ഗായുധം തൂങ്ങി ത്തൂങ്ങി കിടക്കുന്നു. വേടക്കരചനെ അടുപ്പ്പാ ടെ കണ്ടാൽ വേട്ടക്കൊരുമകൻ പ്രത്യക്ഷ പ്പെട്ടതാണെന്നു പറയാം.

വേടക്കരചൻ— മാമലക്കൊറ്റനാത്തിന്റെ തിൽ വെങ്കലസരമെപ്പെട്ടി തുറക്കാം.

കോരൻ— വേടൻ നമ്മോട് ആചാരം പ റയേണ്ടവനല്ലേ?

കാര്യസ്ഥൻ— കാട്ടുകൂട്ടത്തിലെ വകതിരി ക റയും.

വേടക്കരചൻ— ആചാരം പറവാൻ മാത്ര മല്ല ഞാൻ നടന്നതു ചുമതലപ്പെട്ടവ നാണ്. കാട്ടാനക്കൂട്ടത്തെ ആട്ടിയെത്തി ച്ചിരിക്കുന്നു. ഒരോന്ന വിട്ടു വാൻ പെട്ടി തുറന്നിട്ടു വേണം.

കോരൻ— കാട്ടാനകളെ ആട്ടിവിട്ടു ന ന്നായി. പണക്കാർ കണ്ടാൽ ഭയപ്പെടും. ഭൃത്യന്മാർ സഹായിച്ചു. പലതു റ ണ്ടാക്കുടി മാടിച്ചിട്ടു മതി പെട്ടി തുറ ക്കാൻ.

വേടൻ— അതല്ല നടപടി. പെട്ടി വേഗം തുറക്കണം. കാരണ പിന്നാരെ ആരു കട്ടി മാത്രമെയുള്ളൂ.

പെട്ടി തുറന്നപ്പോൾ കണ്ടതു വേടൻ ധരിച്ചിട്ടുള്ളതുപോലെ തോന്നിയതു വി ല്ലും ഒന്നാകെയാണും മാത്രം. പൊന്നും പ ണവും കാണാഞ്ഞിട്ടു കോരൻ കണ്ണ് തള്ളി. പെട്ടിയിൽ പണമില്ല. ഇനി അടിയ ന്ന വെയ്ക്കുന്നത് എന്തിനെന്നാണ് എന്നു കാ ര്യസ്ഥനോടു ചോദിച്ചു. പൊന്നും പണ വും അടിയാന്മാർക്കെന്നു ഗ്രന്ഥവരി യിൽ കണ്ടില്ല.

വേടൻ— മാമലക്കൊറ്റനാഥൻ പണ്ടേ അടിയാർ വെയ്ക്കുന്നതു പൊന്നും പണ മല്ല. വേട്ടയാടി കൊല്ലുന്ന കലാകാ ന്മാർ കൊമ്പും ഇറച്ചിയുമാണ്.

കോരൻ— മാതാ! ആരു നാം ധരിച്ചിരു കാര്യസ്ഥൻ അതിനെപ്പറ്റി പറഞ്ഞി ല്ലേ?

കാര്യസ്ഥൻ— ഇപ്പോൾ വേടക്കരചനാണ് പറയുന്നത്. ധരിച്ചിരുന്ന പെരുമ്പാ വടത്. സ്ഥാനത്തുവെച്ച് അടിയാർ വെയ്ക്കുന്നതാകുന്നു. പണ്ടത്തെ വെക്കാനുള്ള അവകാശിയാണ് ഇവ കാണുന്നത്.

കോരൻ— കാര്യസ്ഥൻ പറഞ്ഞതും വേ ടർ പറയുന്നതും ശരിയായില്ല. കൊമ്പും ഇറച്ചിയും തന്നാലെന്തു. പര ദേവതയുടെ തിരുനടയിൽ അടിയാനുള്ള തു കടംപറഞ്ഞു പ്രാർത്ഥിച്ചു കൊള്ളാം. പണ്ടേപോൽ നടക്കട്ടെ. വേടർ കോരനെ വിട്ടാട്ടാൻ ആരംഭിക്കരുത്.

വേടക്കരചൻ ആയും വില്ലും വെച്ചു പോയി. കോരൻ പെൺമക്കളെക്കാൾ

നോക്കി. ഓടാനൊക്കെക്കൊള്ളുന്നില്ല. ഒന്നു
കൈകൊണ്ടും താങ്ങിപ്പിടിക്കാനില്ല കൊണ്ടുവ
ന്നു. പടക്കാർ പലരുംകൂടി ആനക്കൊമ്പു
കൾ ശേഖരിച്ചു. ചിലർ പഴവിള്ള പുതന്നു. അ
ർദ്ധചന്ദ്രായുധം കൊറാന കിഴവൻ കണ്ടു ലാ
ക്കി. പടകിഴവന്മാർ ആയുധപ്പാട്ടുകളാ
ലോചനാട്ടക്കാൻ തുടങ്ങി. ഏറ്റവും തികയാ
ത്തതുകൊണ്ട് ചിലതിട്ടുകൊണ്ടുവന്നു. താ
ങ്ങാനാവാത്ത കോറാന്റേതുകൊറിഞ്ഞ പുതുവി
ല്ല് കാര്യസ്ഥൻ സ്വന്തമാക്കി അർദ്ധചന്ദ്രായു
ധം ധരിച്ചിരുന്നു. കൊറാനച്ചിനാ കിട്ടിയ
തൊരു പരിചയപ്പെട്ടാണ്, എല്ലാവരും
ആർത്തു ചൂറി പഴമ്പാട്ടുപാടിത്തുട
ങ്ങി. ആനക്കൊമ്പു വലം വെക്കാനാണ് ആ
ദ്യം നിശ്ചയിച്ചത്. ആനക്കൊമ്പു ചുമക്കു
ന്നവർ 'കനം സഹിച്ചൂട, പ്രശ്നത്തിനു ക
ഴ്ച്ചാലാ' എന്നു മന്ത്രിച്ചുതുടങ്ങി. വില്ലേറി
ന്നു കൊറാന ചാവുക പ്രയാസമെന്നുവെന്നു
കോദണ്ഡധാരികൾ പിറുപിറുത്തു. ആയു
ധപ്പാട്ടിനു കനമില്ലെങ്കിലും കൊറാനെവ
ട്ടം ഈ പോംവഴിയിൽക്കൂടി ചാവുക തെ
ക്കം തന്നെ എന്നായി മറ്റുള്ളവർ. ആർ
ത്തുതാം മുഴങ്ങുന്നവൻ. ഇതുപോലൊന്നു
വട്ടം ചുറ്റാൻ വയ്യാത്ത മട്ടാണ് കാണാ
ത്തതെന്നു പരിചയക്കുറിപ്പുകൾ പറഞ്ഞു. പഴ
മ്പാട്ടുകളാണതിനിടയ്ക്ക് ഇത്തരം വയ്യാപാ
ട്ടുകൊണ്ട് ജയമേറി അടിക്കുമ്പോൾ കറ്റാ
നയുടെ ചിന്നംവിളി പൊരുളികളുടെ ചെ
വിട്ടിൽ തറച്ചു. പഴമ്പാട്ടും ചെണ്ടനാ
ദിനം പൂളികൾ ആയുധംവെച്ചുമാന്നു
നോക്കുമ്പോൾ വേട്ടക്കാരൻ ആട്ടിപ്പാച്ചു
കൊണ്ടുള്ള ഒരു കലകൊമ്പന്റെ വരവ്
ആർത്തൊഴുക്കിലെ കണ്ടു. വയ്യാപ്പാട്ടുവിട്ടു
ഒച്ചാ ചാടായി, നടിമിടുക്കുള്ളവർ മരക്കൊ
മ്പു പാറി. പടകിഴവന്മാർ ശയനപ്രദ
ക്ഷിണം തുടങ്ങി. ചിലർ ആർത്താ കേറി.
പരിചയപ്പാട്ടുകളൊക്കെ മറന്നുപോയിച്ചു
ന്ന കാര്യസ്ഥനെ പിടിച്ചു പിടുത്തം കൊ
മ്പനാനയുടെ ചാവിനുള്ളതാണ്ടുകൊണ്ടുള്ള.
ആന ആർത്താർപ്പുള്ളതുപ്പോൾ ചെണ്ടനാ
ചിന്തിയ്ക്കാതെ പിന്നെ. ഒന്നിച്ചൂനി
ന്നവർ അന്ത്യാവസ്ഥയായ പുളിവെള്ളം
കൊണ്ട് ആനക്കൊ സ്ഥാനം വട്ടം ചുറ്റി
പുണ്യാഹം കഴിച്ചു. ആനവട്ടത്തിലിരുന്ന
പ്പോൾ വേട്ടക്കാരൻ വിട്ടുമാറി ആർത്താ
ക്കെത്തി, ആന ചിന്തിയ്ക്കാതെ സമയം ആ
യുധപാണിയായ ഒരു യുവാവ് ചിറ്റ്കിപ
ടി കൊമ്പനെ പമ്പനാത്തു. ആനയുടെ
പോക്കും ലാക്കും കണ്ടു തഞ്ചംനോക്കി
ഇടംവലം കേറിമാറുന്ന വേട്ടക്കുട്ടി അന്യുചി
ട്ടു കൊമ്പനെ വട്ടം ചുറ്റിച്ചുതുടങ്ങി. പഴ
മ്പാട്ടുകളും ചെണ്ടവാദ്യവും നിർത്തിവെച്ചു നി
ലവിളിച്ചു തുടങ്ങി. വേട്ടക്കാരൻ ആർത്ത
റ കേറി കൊറാനെ പിടുത്തം വിട്ടുതിരി
ഞ്ഞു നിന്നു. 'താതനെ തപ്പിപ്പിടിച്ചോ
കാട്ടിലേക്കിറങ്ങിയില്ല. മാമലക്കോനാ
ന്റെ പടയാൾ ആർത്താ ചാവുകയല്ലേ,
ഞങ്ങളുടെ കൊമ്പന്റെ കൊമ്പു കുത്തിക്കുന്നു
ആ കൊമ്പാണ് 'കൊല്ലുംകോൽ' താതാ
ന് പരദൈവത്തുടിയിൽ വെക്കേണ്ടത്. വി
ല്ലുകളും നാളും കെട്ടി വിട്ടുമാറിയാൽ ആ
ന ആളുപാളയം വരട്ടും.

വേട്ടക്കാരന്റെ സ്തുതിയോടും ചോ
ടിയോടും കൂടിയ ശാസന കേട്ടപ്പോൾ അ
ടുത്തു നില്ക്കുന്ന ചില പടക്കാർ 'പരദൈവ
തേ കൊള്ളയിലാണ ചെമ്പനടിയാണോ
ല്ലോ ഇതെപ്പോ പരദൈവപ്പാട്ടെന്തോ?' എന്നു നില
വിളിച്ചു.

വേടൻ— ആളുമാരെങ്കിലുമാവട്ടെ. താഴ്വം
തൊഴുക. കെട്ടി ഷിഷിനിക്കാര, എന്നു വി
ളിച്ചു കല്പിച്ചു.

കൊറാനെന്നും മിണ്ടാതെ കാര്യസ്ഥ

നെയും വേട്ടക്കരമകനെയുംനോക്കിനില്ക്കുന്ന തെളളു. ഈ നില പന്തിയാവില്ലെന്നായി കാര്യസ്ഥൻ.

വേടൻ— ആരംഭിച്ച പഴമ്പോർ അവസാനിപ്പിക്കാത്ത കൊറ്റനെ പടവിയുടെ ബലികൊടുക്കുന്ന ചുമതലക്കാരനാണ് ഞാൻ.

പഴമക്കാർ— ആരെ കൊള്ളയിൽ പെട്ട ചൊന്നടിതന്നെ. അയ്യോ! കിഴവനെ കഴുക്കോൽ! അറിയാതെ കല്പ്പാരണെ. ക്ഷമിക്കണ മാനച്ചൻ നമിക്കട്ടെ.

മാനച്ചൻ— അമ്പും വില്ലും കുടിപ്പിടിക്കാത്തവനാനെയ കൊല്ലുവാൻ പോന്നവനല്ല. ഞാൻ തിരിച്ചുപോകാനും.

വേടൻ— പഴമ്പോരാടയവൻ കൊറ്റനല്ല. കൊമ്പാക്കനാവൻ സമാനനും.

പഴമക്കാർ— മലക്കാരൻ ഇനി മനുഷ്യനല്ല. അയ്യോ ആന വരുന്നു, ഓടിക്കണേ. വില്ലാളിയെ കാണുന്നില്ല.

ഇതു കേട്ടപാതി വേട്ടക്കരമകൻ കാര്യസ്ഥനോട് വില്ലും ശരവും വാങ്ങി ആൽത്തറ വിട്ട് ചാടി, പോക്കരാപ്പിച്ച് അതു തൊടുത്തു വിട്ടു. അതിനിടയിൽ ഇടത്തു വശത്തുനിന്ന മറ്റൊരമ്പു പാഞ്ഞുകേറി കൊമ്പന്റെ കൊമ്പും ഇരുമ്പിയും അറുതിവിട്ടിക്കഴിഞ്ഞതുകൊണ്ട് വേട്ടക്കരമകൻ വിട്ട ബാണം മുന്നോട്ടുപോയ പഴുതിൽക്കൂടി കടന്ന് ആനയുടെ ആമക്കൂട്ടം തറച്ചു. ആന വീണപ്പോൾ ആയുധപാണിയായ യുവാവ് ആൽത്തറക്കെത്തി.

കാര്യ— മിടുക്കൻ മറ്റൊരു പ്രാവിശ്യ ഇതല്ല.

വേട്ടകുട്ടി— താങ്കൾ അധികമായപ്പോൾ അടുത്തെത്തി തടുക്കാൻ പ്രയാസം തോന്നി അങ്ങനെയും പ്രയോഗിച്ചതാണ്, സാഹസം പൊറുക്കണം.

പഴമക്കാർ— കുട്ടി ദീർഘായുസ്സായിരിക്ക. മാനച്ചൻ നമിക്കട്ടെ.

'വേട്ടക്കരമകനായ പഴയ മാമലക്കാരൻ ഞാനായി, സന്ദർഭോചിതമായ പ്രവൃത്തി കൊണ്ട് മാമലക്കാരനാവാൻ സാധിയ്ക്കട്ടെ. കൊമ്പു മെയ്യും മാറാത്തതുമായി.

കാര്യ— പഴമക്കാർ ഈ യുവാവിനെ മനസ്സിലായില്ലെന്നുണ്ടോ. ഈ ചൊന്നടിയുടെ പ്രധാന ശിഷ്യനാണ്. ഞാനും കൊള്ളയിൽ പെട്ട കുട്ടിയാണ്.

പഴമക്കാർ— കൂടെ മടക്കൊമ്പു വിട്ടവനും. മലപുലയൻ പ്രത്യക്ഷപ്പെട്ടു.

പഴയകാരൻ— അതോ? കൊല്ലപ്പെടുന്ന ആശ്വാസം. ചാവേറിന്റെ ഫലവത്താക്കിതന്നു.

കാര്യസ്ഥൻ— ഇനി കൊല്ലും കൊലപ്പെടുന്നതും ഒന്നു ചെയ്തുകൂടി കമ്പിളക്കുകയല്ലേ. ഇനി താമസിക്കരുത് നിലാവു കീറാനായി.

പഴമക്കാരും പഴയകാരനും ശിഷ്യനും ആനചാടിയ സ്ഥലത്തെ തിരിച്ചു. കൊമ്പും ഇരുമ്പിയും കൊണ്ട് ആരെക്കാൾ സ്ഥാനത്തെ തിരിച്ചെത്തിയപ്പോൾ മാനച്ചൻ മൌനിയായി ആൽത്തറയിൽ ഇരിക്കുന്നു. എല്ലാവരും കൂടിയാലോചിച്ചു കമ്പിളിശേഷം കൊള്ളക്കാർ കൊണ്ടുപോയ മുതൽ തിരിച്ചെത്തിപ്പാൻ പഴമക്കാരും സഹായിച്ചാൽ നന്ന് എന്ന പഴയകാരൻ പറഞ്ഞു.

പഴമക്കാർ— അല്ലാ ചൊന്നടിക്കും സാധിച്ചില്ലേ,

പഴയകാ— കൊള്ളക്കാർ വേറെയില്ല. ഞങ്ങൾ തന്നെയാണ്, ആദ്യാസനിപ്പിന്നാമർ അനുഭവിക്കേണ്ടതായ സമ്പ്രദായം ഒരു വഴിക്ക് നിലനിർത്തുവാൻ വേണ്ടി ഈ പണി ഏറ്റതാണ്. കാ

ഷ്ടസ്ഥാനം ശിഷ്യനും അനന്തരവനുമായ ഒരാള്ളെ ഏ. ഷ്ണം ഇപ്പോഴും തിരിച്ചുകൊണ്ടുപോവാൻ ശ്രമിക്കാറുണ്ട്. മുതൽ കെട്ടിപ്പിടിച്ചിട്ടുള്ള സ്ഥലത്തേക്ക് കണ്ണു കെട്ടിയിരിക്കണം. പണക്കാർ പേടിച്ചിട്ടില്ല. ശ്രീ വരാം. നാലുവശത്തും അന്തകന്മാരുടെ പേടിയില്ല എന്നു പണക്കാർ പറഞ്ഞു. മനസ്സുകൊണ്ടും വിചാരിച്ചിട്ടുണ്ട്. മറ്റുള്ളവർ മുതലെടുപ്പിച്ചിട്ടുള്ള ഗ്രഹങ്ങളെല്ലാം ചെന്നു നിന്നു. കൊടുത്തു. ശിഷ്യനും മുതലെല്ലാം പുറത്തെടുത്തുകൊടുത്തു. പഴയകാരണത്തിലു പണക്കാരൻ തിരിച്ച് ആൾത്താന്നെ തിരിച്ചപ്പോൾ മനസ്സുകൊണ്ട് കാണാനില്ല. അങ്ങിനെയിരിക്കുന്നതിനെ കലശ്ശാൻ കഴിച്ചിട്ടില്ല കലച്ചുവോ എന്നു നോക്കാൻകൂടി മാനസ്സൻ സ്ഥാനത്തു തെളിച്ചുനിന്നിട്ടില്ല. പണക്കാരൻ മരണംവരെ മുമ്പു തന്നെ ശിഷ്യനെ സ്ഥാനം വഹിച്ചു വാനപ്രസ്ഥം തന്നെ അവലംബിക്കുകയും ചെയ്തു.

എം. നാരായണപ്പൊതുവാൾ

ശനി.

അപാരമായ ആകാശത്തിൽ അനവരതം പ്രകാശിച്ചുകൊണ്ടിരിക്കുന്ന കോടാനുകോടി നക്ഷത്രങ്ങളുടെ പ്രതിബിംബം കണ്ടുകൊണ്ടിരിക്കുന്ന മനുഷ്യർ, അവയുടെ സ്വരൂപത്തെപ്പറ്റി എന്തെങ്കിലും അറിഞ്ഞാൽ കൊള്ളാമെന്നുള്ള ആഗ്രഹം ഇന്നു കാലത്തുണ്ടായതാണെന്നു പറവാൻ ഒരിക്കലും സാധിക്കുന്നതല്ല. അനാദികാലം മുതല്ക്കു തന്നെ, മനുഷ്യർ ആകാശം ജ്യോതിശ്ശാസ്ത്രത്തിലെ ആശ്ചര്യങ്ങളെ കണ്ടുകൊണ്ടിരുന്നതിന്റെ മാത്രമായി അത്യുത്സാഹത്തെ മുഴുവൻ വിനിയോഗിച്ചു കഴിഞ്ഞിട്ടും, ഇന്നത്തെയുള്ള പ്രസിദ്ധന്മാരായ ജ്യോതിശ്ശാസ്ത്രജ്ഞന്മാരെപ്പറ്റി എത്രയോ അസംപൂർണ്ണമായ അറിവു മാത്രമേ നമുക്കുണ്ടായിട്ടുള്ളുവെന്നു പറഞ്ഞാൽ ജ്യോതിശ്ശാസ്ത്രത്തിന്റെ ഗഹനതയെപ്പറ്റി സാമാന്യമായി ആലോചിപ്പാൻ കഴിയുന്നതാണല്ലോ.


ഇന്ത്യാരാജ്യത്തിൽ വസിച്ചിരുന്ന പണ്ടുകാലത്തെ ആര്യന്മാർ ജ്യോതിശ്ശാസ്ത്രവിഷയത്തിൽ വിപുലമായ പരിശ്രമം ചെയ്യുകയും, വിലയേറിയ പല ഗ്രന്ഥങ്ങളെയും നിർമ്മിക്കയും ചെയ്തിട്ടുണ്ട്. അവർ ഗ്രഹങ്ങളുടെ സ്വഭാവത്തെയും ശക്തിഭേദത്തെയും സൂക്ഷ്മമായി അറിഞ്ഞിട്ടുണ്ടായിരുന്നു. സൂര്യൻ തുടങ്ങിയുള്ള ഏഴു ഗ്രഹങ്ങളും*, രാഹു, കേതു എന്ന തമോഗ്രഹങ്ങളും കൂടി ഒമ്പതു ഗ്രഹങ്ങളെ ഇന്ത്യക്കാരായ ജ്യോതിഷികന്മാർ ഗണിച്ചുവെച്ചിരിക്കുന്നു. പാശ്ചാത്യന്മാരുടെ സിദ്ധാന്തപ്രകാരം സൂര്യനും ചന്ദ്രനും ഗ്രഹങ്ങളിൽ ഉൾപ്പെട്ടവയാണെന്നു പറഞ്ഞുകൂടാ. സൂര്യൻ ഉറച്ചിരിക്കുന്ന കേന്ദ്രഗോളമാണെന്നാണ് അവർ സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ പാശ്ചാത്യന്മാർ നമ്മുടെ ആധികാരികമായ ഭൂമിയെ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ഗ്രഹമായി കണക്കാക്കിവരുന്നു. ചന്ദ്രനെ ഭൂമിയുടെ ഉപഗ്രഹമാ

* സൂര്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, ബൃഹസ്പതി, ശുക്രൻ, ശനി എന്നവ.

യിട്ടാണ് അവർ വെച്ചിട്ടുള്ളത്. രാഹുകേതു എന്നു പറയുന്ന ഛായാഗ്രഹങ്ങളെ അവർ ഗ്രഹങ്ങളുടെ കൂട്ടത്തിൽ കണക്കാക്കിട്ടില്ല. ബാക്കി അഞ്ചു ഗ്രഹങ്ങളെ അവരും ആ നിലയിൽ തന്നെയാണ വിചാരിച്ചുവന്നത്. ഈ അഞ്ചു ഗ്രഹങ്ങൾക്കും പുറമെ, അടുത്ത കാലത്തിൽ, അതിദൂരത്തിൽ കിടക്കുന്ന പദാർത്ഥങ്ങളെപ്പോലും പ്രത്യക്ഷത്തോടു തുല്യമാക്കിക്കാണിച്ചുതരുന്ന ദൂരദർശിനികളുടെ സഹായംകൊണ്ട്, നെപ്ത്യൂൺ, യുറാനസ്സ് എന്നു രണ്ടു പുതിയ ഗ്രഹങ്ങളെക്കൂടി പാശ്ചാത്യന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. ഗ്രഹങ്ങളുടെ പരിഗണനയിലും മറ്റും പൌരസ്ത്യന്മാർക്കും പാശ്ചാത്യന്മാർക്കും തമ്മിൽ ഇങ്ങിനെയുള്ള പല വ്യത്യാസങ്ങളും കാണുന്നുണ്ടെങ്കിലും, പ്രകൃതത്തിലിരിക്കുന്ന ശനിയുടെ വിഷയത്തിൽ അവരുടെ അഭിപ്രായങ്ങളിൽ ചിലതു് ഏതാണ്ടു യോജിച്ചുതന്നെയാണിരിക്കുന്നത്.

നവഗ്രഹങ്ങളിൽ വെച്ച്, ദൂരെയായിട്ട് ഏററവും അകന്നു നില്ക്കുന്ന ഈ ശനിയാണെന്നു നമ്മുടെ പ്രാചീനന്മാർ കണ്ടുവെച്ചിട്ടുള്ളതിനോടു നവീനന്മാരും സമ്മതിക്കുന്നു. ശനിക്കു കുജൻ, ബുധൻ, ചന്ദ്രൻ എന്നീ ഗ്രഹങ്ങളെക്കാൾ വലുതെ അധികം വലിപ്പമുണ്ടായിരുന്നിട്ടും അവരെക്കാൾ പ്രകാശം കുറയുവാനുള്ള കാരണം ശനിയുടെ സഞ്ചാരമാർഗ്ഗത്തിന്റെ ദൂരസ്ഥിതി തന്നെയാണ്. സൂര്യനിൽനിന്നു സുമാർ 87 കോടി നാഴിക അകലെ ശനി മഹത്തായ വൃത്തത്തിൽ പര്യടനം ചെയ്യുന്നുണ്ടു. ചില സമയങ്ങളിൽ ശനി സൂര്യനിൽനിന്നു 92 കോടി നാഴികയോളം അകന്നുപോകാറുമുണ്ട്. പരിമാണത്തിലും പ്രകാശത്തിലും ബൃഹസ്പതി ശനിയെ ജയിച്ചിട്ടുണ്ടെങ്കിലും, ശനിയുടെ വലയങ്ങളും ഉപഗ്രഹങ്ങളും കൂടുമ്പോൾ ആ ഗ്രഹത്തിനുളവാകുന്ന ആശ്ചര്യകരമായ രാമണീയകത്തിൽ ബൃഹസ്പതി തന്നെ കിടപിടിക്കുന്നില്ല.

വെറും കണ്ണുകൊണ്ടു ശനി ഒരു വലിയ നക്ഷത്രം പോലെ മാത്രം തോന്നുന്നതാണ്. എന്നാൽ സൂക്ഷിച്ചു നോക്കിയാൽ കുറെ നേരം കൊണ്ടു ചലനമുണ്ടെന്നറിയാൻകഴിയും. സഞ്ചാരമാർഗ്ഗത്തിന്റെ ദൂരസ്ഥിതി നിമിത്തം ശനിയുടെ ശീഘ്രതമമായ ഗമനം തന്നെ നന്ന വളരെ മന്ദമായി കാണുന്നു. ഇതു കൊണ്ടായിരിക്കാം പ്രകൃതഗ്രഹത്തിനു 'ശനൈശ്ചരൻ', 'മന്ദൻ', 'പംഗു' എന്നു തുടങ്ങിയ പേരുകൾ കൊടുപ്പാൻ കാരണമായിത്തീർന്നത്. ശനിയുടെ ഒരു ദിവസത്തെ സാധാരണഗതി '[illegible]' പാദപ്രകാരം



1. ശനി, 2. വലയം, 3. ഉദി.

* '[illegible]' എന്ന ശ്ലോകത്തിൽ മറ്റു ഗ്രഹങ്ങളുടെ കൂട്ടത്തിൽ ഇതിന്റെ സ്ഥാനം [illegible] ക്രമത്തിൽ പറഞ്ഞിരിക്കുന്നു.

ചെറുകലകൾ— മാത്രമാണെന്നേ നമുക്കു ഊഹിയ്ക്കാൻ പാടുള്ളൂ. ഒരു പ്രദക്ഷിണം പൂർത്തിയാക്കുവാൻ ശനിക്ക് ഇരുപത്തൊമ്പതു വർഷവും അഞ്ചു മാസവും പതിനാറു ദിവസവും വേണ്ടിവരുന്നതാണ്. ഒരു സെക്കണ്ടിൽ സുമാർ 6 നാഴിക വീതം പ്രസ്തുതഗ്രഹം അതിന്റെ പാതയിൽ സഞ്ചരിക്കുന്നുണ്ടെന്ന പാശ്ചാത്യന്മാർ കണ്ടു കണക്കാക്കിയിരിക്കുന്നു.

ശനിഗോളത്തിന്റെ ധ്രുവങ്ങളിൽക്കൂടി കടന്നുപോകുന്ന വൃത്തത്തിന്റെ വ്യാസം 66000 നാഴികയും, മദ്ധ്യരേഖയിൽ കൂടി കടന്നുപോകുന്ന വൃത്തത്തിന്റെ വ്യാസം 74000 നാഴികയുമാകുന്നു. ശനി കേവലം ഉരുണ്ടിട്ടല്ലെന്നും, അണ്ഡാകാരത്തിലാണെന്നും ഈ വ്യാസങ്ങളുടെ വ്യത്യാസത്തിൽ നിന്നു തെളിയുന്നതാണ്. ശനിക്ക് അതിന്റെ അച്ചുതണ്ടിന്മേൽ ഒരു പ്രാവശ്യം തിരിയുവാൻ 10 മണിക്കൂറും 14 മിനിട്ടും 23 സെക്കണ്ടും മാത്രമേ വേണ്ടിവരുന്നുള്ളു എന്നു പറഞ്ഞാൽ, അതിന്റെ ഭ്രമണവേഗം 24 മണിക്കൂറുകൊണ്ട് ഒരിക്കൽ തിരിയുന്ന ഭൂഗോളത്തിന്റെ ഭ്രമണവേഗത്തെക്കാൾ ഇരട്ടിയിലധികം തീവ്രമായിരിക്കുമെന്നു വേറെ പറയേണ്ടതില്ലല്ലോ.

ആകർഷണശക്തിയെ അടിസ്ഥാനപ്പെടുത്തി ഗ്രഹങ്ങളുടെ കനം അറിവാനുള്ള കൌശലം പാശ്ചാത്യന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. അപ്രകാരമുള്ള പരിശോധനയിൽ ഇത്രയും വലുതായ പ്രസ്തുതഗോളത്തിന്റെ കനമാവട്ടെ കണക്കനുസരിച്ചു് അതിൽ ഉൾക്കൊള്ളേണ്ടതായ ദ്രവ്യം ഇല്ലെന്നു തന്നെ അനുമാനിക്കപ്പെട്ടിരിക്കുന്നു. ഈ ഗോളത്തിലെ ദ്രവ്യങ്ങളുടെ ഇത്ര പ്രകൃതഗ്രഹത്തിലെ ഇതിനേക്കാൾ എത്രയോ അധികമാണെന്നു കണക്കാക്കിയിരിക്കുന്നു. ശനിഗോളത്തിലെ ദ്രവ്യസഞ്ചയത്തിന്റെ ശരാശരി സാന്ദ്രത ജലത്തിന്റേതിനേക്കാൾ കുറഞ്ഞതും, ശനിയുടെ വലിപ്പത്തിലുള്ള ഒരു ജലഗോളം ശനിയേക്കാൾ വളരെ അധികം കനം ഉണ്ടായിരിക്കും. ഒരു പരിമാണത്തിലുള്ള രണ്ടു വസ്തുക്കളുടെ കനം വ്യത്യാസപ്പെടുവാനുള്ള കാരണം അവയിലെ അണുക്കളുടെ ഇടയിലുള്ള കൂടുതൽ കുറവാണെന്ന തത്ത്വത്തെ അവലംബിച്ചുകൊണ്ടാണ മേൽപറഞ്ഞപ്രകാരം ഊഹിച്ചിട്ടുള്ളത്. ഈ തത്ത്വം നമുക്ക് അനുഭവമുള്ളതാണല്ലോ. കണ്ടാൽ വലിപ്പത്തിൽ വ്യത്യാസമില്ലാത്ത പഞ്ഞി, കല്ല്, ഇരുമ്പ്, പൊൻ ഇവയുടെ കനത്തിനു വലുതായ അന്തരം വരുവാൻ, അവയുടെ അണുസംയോഗത്തിലുള്ള ഇടയും ഭാരവും അല്ലാതെ മറ്റൊരു കാരണവും ഇല്ല. അണുസംയോഗത്തിന്റെ ഇടയിലുള്ള ഏറ്റക്കുറവ് ആകർഷണശക്തിക്കു ഭേദഗതി വരുത്തുന്നതാണ്. അതുകൊണ്ടാണ് ആകർഷണശക്തി ഗ്രഹങ്ങളുടെയും അണുസംയോഗസ്വഭാവത്തിന്റെയും അനുമാപകമായി തീരുന്നതും.

ടെലിസ്കോപ്പിൽ കൂടി നോക്കുമ്പോൾ ശനിഗോളത്തിൽ കാണാവുന്നതായ, ഇന്ദ്രിയഗോചരമായുള്ള പദാർത്ഥം ഒരു ഘനദ്രവ്യമല്ലെന്നും, അതു മേഘപടലമായിരിക്കുന്നതാണ് അധികം സംഗതി കാണുന്നതെന്നും ഇപ്പോൾ വിചാരിച്ചുവരുന്നു. ഈ ഗോളത്തിലെ അന്തരീക്ഷത്തിന്റെ ആധിക്യം നിമിത്തം അത് ഇപ്പോഴും ചുട്ടു പഴുത്തുകൊണ്ടുതന്നെ ഇരിക്കുന്നുവെന്നും വരാവുന്നതാണ്. ഗോളത്തിന്റെ വാസ്തവമായുള്ള ഗ്രഹിപ്പാൻ ഇതുവരെ സാധിച്ചിട്ടി

* മാസികയുടെ 1933-ലെ ഒരു ലക്കം കാണുക.

ല്ലാത്ത സ്ഥിതിക്ക്, മേൽവിവരിച്ച ഉദാഹരണങ്ങളിൽ തോന്നിക്കുന്ന ശങ്കയെ ദൂരപ്പെടുത്തുവാൻ ഇപ്പോഴും സാധിക്കുന്നതല്ല.

ശനിഗോളത്തിന്റെ അസാധാരണതയേയും രമണീയതയേയും ഉണ്ടാക്കുന്നതു അതിനെ ചുറ്റിക്കൊണ്ടിരിക്കുന്ന വലയങ്ങളാണെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. ഈ വലയങ്ങളെ പ്രാചീനന്മാർ കണ്ടിരുന്നില്ല എന്നുള്ള സംഗതി വളരെ ആശ്ചര്യമാണ്.

ഗലീലിയോ എന്ന ഇറ്റലിക്കാരനായ പണ്ഡിതൻ ഒന്നാമതായി ദൂരദർശിനിയുടെ സഹായംകൊണ്ടു ശനിയുടെ 'വലയം' കണ്ടുപിടിച്ചു. ആദ്യം കണ്ടെത്തിയ വലയം പിന്നീടു മറഞ്ഞുപോകയാൽ അതിന്റെ സ്വഭാവത്തെപ്പറ്റി അദ്ദേഹത്തിനു പല സംശയങ്ങളുമുണ്ടായി. എങ്കിലും അതു വീണ്ടും കാണുകയാൽ അദ്ദേഹത്തിനു സംഗതിയറികയും, അതു ഗ്രഹവുമായി ചേർന്നുള്ള വസ്തുവാണെന്നു അദ്ദേഹം തീരുമാനിക്കയും ചെയ്തു. ചിലപ്പോൾ ചുറ്റുമുള്ള വലയങ്ങൾ ദൃഷ്ടിയിൽ മറയുന്നതുകൊണ്ട് അദൃശ്യമായിത്തീരുകയാണെന്ന് പിൽക്കാലത്തുള്ളവർ മനസ്സിലാക്കിയിരിക്കുന്നു.

ശനിഗോളത്തിനെ ൪൦ കൊല്ലത്തോളം സൂക്ഷിച്ചു് ഈ 'വലയവും' ശരിക്കറിഞ്ഞെന്നും, ഈ വലയത്തിന്റെ ആവിർഭാവതിരോഭാവങ്ങൾ ഇന്നകാലങ്ങളിൽ ഉണ്ടാകുന്നവെന്നും ഹൈഗെൻസ് എന്ന പണ്ഡിതൻ കണ്ടുപിടിച്ചു. കാസ്സിനി എന്ന പണ്ഡിതൻ വലയത്തിന്റെ മദ്ധ്യത്തിൽ കൃഷ്ണവർണ്ണമായ ഒരു രേഖയുള്ളതായി കണ്ടെത്തി. ഈ രേഖ വലയത്തെ പിളർന്നുകൊണ്ടിരിക്കുന്ന ഛിദ്രമാണെന്നും, ശനിയെ ചുറ്റിക്കൊണ്ടിരിക്കുന്ന വസ്തു ഒരു വലയമല്ല വലയങ്ങളാണെന്നും, അവയിൽ തന്നെ ഉള്ളിലുള്ളതു പുറമെയുള്ളതിനെക്കാൾ അധികം വിശാലമാണെന്നും പിൽക്കാലത്തുണ്ടായ പണ്ഡിതന്മാർ പരിശോധിച്ചറിഞ്ഞിരിക്കുന്നു.

എന്നാൽ ഈ കൃഷ്ണവർണ്ണമായി കാണുന്നതു വലയങ്ങളിലുള്ള പ്രകാശം കുറഞ്ഞ ഒരു ഭാഗം മാത്രമായിരിപ്പാനിടയുള്ളതുകൊണ്ട് അതു വലയത്തെ പിളർക്കുന്ന ഛിദ്രമാണെന്നു തീർച്ചപ്പെടുത്തുവാൻ പാടില്ലെന്നു ചിലരുടെ അഭിപ്രായമുണ്ട്. ഇതിന്റെ സൂക്ഷ്മസ്ഥിതി അറിയണമെങ്കിൽ ശനിയുടെ സഞ്ചാരം ഭൂമിയുടേയും ഒരു നക്ഷത്രത്തിന്റെയും നടുവിൽ കൂടെയായി വരുന്ന സമയത്തു വലയത്തിലുള്ള കൃഷ്ണമായ ഭാഗത്തിൽകൂടി നക്ഷത്രം കാണാൻ കഴിയുമോ എന്നു പരിശോധിക്കേണ്ടതായി വരും. അങ്ങനെ വരുമ്പോൾ നക്ഷത്രം കാണുന്നതായെങ്കിൽ അതു ഒരു ഛിദ്രം തന്നെയാണെന്നു തീരുമാനിപ്പാൻ കഴിയുന്നതാണ്. അതിസൂക്ഷ്മഗ്രാഹികളായ ദൂരദർശിനികളുള്ളതുകൊണ്ട് ഈ സംഗതി പരീക്ഷിച്ചറിയുന്നതിന്നു ഇക്കാലത്തുള്ളവർക്ക് അസാദ്ധ്യമല്ലതാനും.

ഭൂമിയിൽനിന്നു കാണുന്ന വലയങ്ങളിൽ പുറമെയുള്ളതു, മങ്ങിയ ഒരു രേഖകൊണ്ടു ഭാഗിക്കപ്പെട്ടപോലെ കാണുന്നുണ്ട്. മഴക്കാറിന്റെ ശല്യമില്ലാത്ത തെളിഞ്ഞിരിക്കുന്ന രാത്രിയിൽ ഒന്നാന്തരം ദൂരദർശിനി വെച്ചു സൂക്ഷിച്ചു പരീക്ഷിച്ചാലേ ഈ രേഖ കാണ്മാൻപോലും സാധിക്കുന്നുള്ളു. ഈ രേഖ ഒരു ഛിദ്രമായിരിപ്പാൻ വഴിയില്ലെന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

മുൻപറഞ്ഞ രണ്ടു വലയങ്ങളും കൂടാതെ, അവകളുടെ ഉള്ളിലായി ഉണ്ടാകുന്ന

ഒ വലയംകൂടിയുണ്ടെന്ന്, 1850-ാമാണ്ടു ക്രിസ്ത്വബ്ദത്തിൽ ചില ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കണ്ടിരിക്കുന്നു. ഈ നേരിയ പ്രകാശമുള്ള ഈ വലയത്തെ 'ഇരുണ്ടവലയം' എന്നു പറഞ്ഞുവരുന്നു. മറ്റുള്ള വലയങ്ങളെപ്പോലെ വ്യക്തമല്ലാത്തതുകൊണ്ടു ഇതിനെ മുമ്പുണ്ടായിട്ടുള്ള പരീക്ഷകന്മാർ കാണാത്തതായിരിക്കാം.

ചന്ദ്രൻ ഭൂമിയെ ചുറ്റുന്നതുപോലെ ശനിയെ ചുറ്റുന്ന എട്ടു ഉപഗ്രഹങ്ങളും ഉണ്ട്. മറ്റൊരു ഗ്രഹത്തിനും ഇത്ര അധികം പരിവാരങ്ങളില്ലാത്തതുകൊണ്ട് ഈ അംശത്തിൽ ശനി അനുപമനായി നില്ക്കുന്നു. ഗംഭീരാകൃതിയായ ബൃഹസ്പതിക്കുതന്നെ നാലു ഉപഗ്രഹങ്ങൾ മാത്രമെ ഉള്ളൂ. അവയിലൊന്നിലും, ശനിയുടെ ഉപഗ്രഹങ്ങളിൽവെച്ചു പ്രാധാന്യം വഹിക്കുന്ന 'ടൈറ്റൻ'നോടു കിടപിടിക്കുന്നതുമില്ല. നമ്മുടെ ഗ്രഹം വലിപ്പത്തിൽ മെച്ചമില്ലാത്തതാണെങ്കിലും മറ്റു സംഗതികളിൽ അദ്വിതീയം തന്നെയാണ്.

ആരോഗ്യം—മനഃശുദ്ധി



നിങ്ങൾ വിലയേറിയ ഔഷധങ്ങൾ ശ്രമം കൂടാതെ സേവിച്ചുനോക്കുന്ന വന്നാലും; പ്രസിദ്ധന്മാരായ ആയിരം വൈദ്യന്മാർ നിങ്ങളെ ചികിത്സിച്ചിരിക്കുന്നവരെന്നു വന്നാലും, നിങ്ങളുടെ ഹൃദയം പരിശുദ്ധമായിരിക്കുന്നില്ലെങ്കിൽ നിങ്ങൾ എപ്പോഴും അരോഗികളായിരിക്കുന്നതല്ല. സങ്കല്പാത്മകമായ ഈ ലോകത്തിൽ ഏറ്റവും ഇഷ്ടമായി കിടക്കുന്ന നിങ്ങളുടെ ഈ ശരീരം നിങ്ങളുടെ മനസ്സങ്കല്പത്തിൽനിന്നുത്ഭവിച്ച് മനസ്സങ്കല്പപ്രകാരം വളർന്നുവരുന്നവയോ അതാം നിങ്ങളുടെ പ്രതിബിംബം സ്ഫുരിക്കുന്നു.

നിങ്ങൾ ആരോഗ്യത്തെ കാംക്ഷിക്കുന്നെങ്കിൽ നിങ്ങളുടെ ഹൃദയം പരിശുദ്ധമായിരിക്കട്ടെ. ശരീരം മനസ്സിന്റെ ഭൃത്യനാണ്. ആലോചനയോടുകൂടിയതാണെന്നോ, സ്വയം ബോധരഹിതമായോ ഹൃദയത്തിൽനിന്ന് പുറപ്പെടുന്ന ആജ്ഞകളെ ശരീരം അനുസരിക്കാതെ കഴികയില്ല. മലിനങ്ങളായ വിചാരങ്ങളാണ്—അതായത് മാത്സര്യം, അതൃപ്തി, അസൂയ മുതലായ മനോവ്യാപാരങ്ങളാണ്—ശരീരത്തെ വ്യാധിഗ്രസ്തമാക്കിത്തീർക്കുന്നത്. നിങ്ങളുടെ വിചാരങ്ങൾ പ്രസന്നങ്ങളും നിർമ്മലങ്ങളുമാണെങ്കിൽ നിങ്ങളുടെ ദേഹവും നിഴലിനെക്കൂടി വ്യാധി തൊട്ടുകൂടാത്താണ്.

ആരോഗ്യവും വ്യാധിയും അവരവരുടെ വിചാരങ്ങളുടെ ഫലങ്ങളാണ് എന്നു നിങ്ങൾ നിങ്ങളെത്തന്നെ പരിശോധിച്ചാൽ അറിയപ്പെടും. വ്യാധിസംബന്ധമായ കഥകളും വിചാരങ്ങളും—അതു തന്നെപ്പറ്റിയായാലും അന്യനെപ്പറ്റിയായാലും—തന്റെ ശരീരത്തെത്തന്നെ വ്യാ

ധിതാധിതമാകുന്നു. ഒരു വെടിയുണ്ട ഒരു ജീവിയെ എത്ര വേഗത്തിൽ കൊല്ലുമോ അത്രയും വേഗത്തിൽ ഒരു മനുഷ്യന്റെ ശരീരത്തെ നശിപ്പിക്കുന്നതിന്ന് ദുർവിചാരങ്ങൾക്ക് ശക്തിയുണ്ട്. മനസ്സിൽ അപ്പോഴപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന ഭയങ്ങളും, അവയെപ്പറ്റിയ വിചാരങ്ങളും ഒരു മനുഷ്യനെ പതുക്കെപ്പതുക്കെ കൊന്നുകൊണ്ടുവരുന്നു, മനോവ്യാകുലത ശരീരത്തെ ദുർബ്ബലമാക്കി വ്യാധിയെ വിളിച്ചുവരുത്തുന്നു. നിങ്ങളെപ്പറ്റിയ വിചാരങ്ങൾ നിങ്ങളെ സംബന്ധിക്കുന്നതുപോലെതന്നെ അന്യനെപ്പറ്റിയ വിചാരങ്ങൾ അന്യനെ സംബന്ധിക്കുമെന്ന് നിങ്ങൾ ധരിക്കരുത്. അതിന്നു തക്കവണ്ണം മനസ്സുകളിൽ സ്വീകരിക്കുന്നതുവരെ ആ വക വിചാരങ്ങളും നിങ്ങളെത്തന്നെയാണ് സംബന്ധിക്കുന്നത്. അന്യനെ അടിക്കുകയാണെന്നുവെച്ച് നിങ്ങളുടെ ദേഹത്തിൽ അടിക്കുന്നതായാൽ വേദനയുണ്ടാകാതാകുമോ? അതിനെപ്പറ്റിയായാലും വിചാരിക്കുന്നത് നിങ്ങളുടെ ഹൃദയത്തിലാകയാൽ അതിന്റെ ഫലം നിങ്ങൾക്കുതന്നെയാണ്.

ബലം, പരിശുദ്ധി, സന്തോഷം ഇടങ്ങിയ സദ്വൃത്തിവിശേഷങ്ങൾ മനസ്സിൽ അല്ലെങ്കിൽ മാനസപ്രപഞ്ചത്തിലുണ്ടാകുമ്പോൾ ശരീരത്തിൽ ബലവും സൌന്ദര്യവും വർദ്ധിക്കുന്നു. ശരീരം സൂക്ഷ്മങ്ങളും വിസ്മയങ്ങളുമായ ഒരു യന്ത്രമാണ്. ഈ യന്ത്രം, മനസ്സിൽ ഏതെല്ലാം വിചാരങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവോ അവയ്ക്കനുരൂപമായി മാറിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു. അവ്യവസ്ഥിതങ്ങളും അനിശ്ചിതങ്ങളുമായ ദുർവിചാരങ്ങൾ ശരീരത്തെ അടിക്കടി ക്ഷയിപ്പിച്ചുകൊണ്ടിരിക്കും. വിചാരങ്ങൾ ആനന്ദിതങ്ങളും ശുദ്ധങ്ങളും ആണെങ്കിൽ അവ ഫലിക്കുന്നതിന്നു കുറെ താമസം വേണ്ടിവന്നേക്കാം.

മനുഷ്യൻ, തന്റെ ഹൃദയത്തിൽ എത്രകാലത്തോളം അശുദ്ധവിചാരങ്ങളെ ജനിപ്പിച്ചുകൊണ്ടിരിക്കുന്നുവോ അത്രത്തോളം അവന്റെ ശരീരത്തിലെ രക്തം വിഷസമ്മിശ്രമായിരിക്കും. ശുദ്ധഹൃദയത്തിൽനിന്നാണ് ശുദ്ധശരീരവും ശുദ്ധജീവിതവും ഉണ്ടാകുന്നത്. ജീവിതം, ശരീരം, കർമ്മം എന്നിവ വിചാരത്തിൽനിന്നൊഴുകുന്നവയാണ്. 'ഇവയുടെ ഉത്ഭവസ്ഥാനത്തെ പരിശുദ്ധമാക്കിയല്ലാതെ ഇവ ഏതുവിധം നിർമ്മലങ്ങളാകും? വിചാരങ്ങൾക്കു ക്രമപ്പെടുത്താതെ പഥ്യം കേവലം ഭക്ഷണവ്യവസ്ഥകൊണ്ടു മാത്രം ഒരുവൻ അരോഗിയാകയില്ല. അവന്റെ ഹൃദയം നിർമ്മലമാണെങ്കിൽ, അവന്റെ എല്ലാ ബാഹ്യകർമ്മങ്ങളും അന്തരീക്ഷങ്ങളും ആരോഗ്യകരങ്ങളായിട്ടേ ഇരിക്കയുള്ളു. നിങ്ങളുടെ എല്ലാ പരിതഃസ്ഥിതികളും ഇപ്പോഴുള്ളതോ കഴിഞ്ഞുപോയതോ ആയ വിചാരങ്ങളുടെ ഫലമാകുന്നു.

നിങ്ങൾ നിങ്ങളുടെ ശരീരത്തെ പാലിക്കുവാൻ മോഹിക്കുന്നുണ്ടെങ്കിൽ, നിങ്ങളുടെ ഹൃദയത്തെ പരിപാലിക്കുവിൻ! നിങ്ങൾ നിങ്ങളുടെ ശരീരത്തെ നല്ലനിലയിൽ കൊണ്ടുവരണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ മനസ്സിനെ നല്ലനിലയിലാക്കുവിൻ! മനസ്സിലുണ്ടാകുന്ന നാനാവിധ ദുർഗ്ഗുണങ്ങൾ ആരോഗ്യത്തെയും സൌന്ദര്യത്തെയും ഒന്നായി വിഴുങ്ങിക്കളയുന്നു. ഒരുവന്റെ അസൗന്ദര്യം ജന്മനാ ഉണ്ടായിട്ടുള്ളതല്ല; അവന്റെ ദുർവിചാരങ്ങൾ പതിപ്പിച്ചതാണ്. എത്രയോ കള്ളന്മാരും കപടന്മാരുമായ ചെറുപ്പക്കാരെ ഞാൻ കണ്ടിട്ടുണ്ട്. അവർ ബാല്യന്മാരാ

ഷിക്കാനും കേട്ടുകൊണ്ടിരിക്കുന്ന കഥാലോകത്തിലെ സന്തോഷത്തെപ്പറ്റിയാണ് അവർ കാണേണ്ടത്. ഇങ്ങിനെയുള്ള നിഷ്പക്ഷമായ ആഗ്രഹമാണു ഞാൻ കാണുന്നത്. അവരുടെ മുഖത്തിൽ ആനന്ദനിർവൃതി കളിയാടുന്നതും വിലസുന്നതായിരിക്കും.

നിങ്ങൾ നിങ്ങളുടെ വീട്ടിനുള്ളിൽ കാറ്റും വെളിച്ചവും വേണ്ടപോലെ പ്രവേശിപ്പാൻ അനുവദിച്ചില്ലെങ്കിൽ എങ്ങനെ അവിടം അന്ധകാരമയവും അനാരോഗ്യകരവുമായ ഒരു പാർപ്പിടമായി തീരുകയില്ലയോ, അതുപോലെതന്നെ സ്നേഹം, സംതൃപ്തി, സന്തോഷം, ശാന്തി എന്നിവ ഇണങ്ങിച്ചേർന്നു കൂടിയ വിചാരങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ പ്രവേശിപ്പാൻ അനുവദിച്ചില്ലെങ്കിൽ നിങ്ങളുടെ ദേഹം ആരോഗ്യപൂർണ്ണമായും നിങ്ങളുടെ മുഖം ശാന്തിയും സന്തുഷ്ടിയും വിലസുന്നതായും തീരുകയില്ല.

മുഖത്തിൽ വാർദ്ധക്യത്തിന്റെ ചുളിവുകളേയും സന്താപത്തിന്റെ അടയാളങ്ങളേയും മറ്റു പല ദുഃഖങ്ങളുടെയും ലക്ഷണങ്ങളേയും പരിഹരിച്ചു തുടച്ചുകളയുവാൻ ഒരു പ്രയാസവുമില്ല. സദാചാരത്തിൽ നിന്നോ ഉത്തമവിചാരങ്ങളിൽ നിന്നോ ഉളവാകുന്ന ജീവിതം നയിക്കുന്നവർ വാർദ്ധക്യകാലത്തിൽ കൂടി സുന്ദരന്മാരായിത്തന്നെ ശോഭിക്കും. സമാധാനം, സൌന്ദര്യം എന്നിവ ഇവരുടെ മുഖത്തിൽ പരിപൂർണ്ണമായി വിളങ്ങുന്നതു കാണാം. ഞാൻ ഒരു മഹാത്മാവിന്റെ മരണശയ്യയിൽ ചെന്നു കാണുകയുണ്ടായി. അദ്ദേഹം വയസ്സുകൊണ്ടല്ലാതെ മറ്റൊരു വിധത്തിലും വൃദ്ധനായിരുന്നില്ല. അദ്ദേഹത്തിന്റെ മരണത്തിൽ കൂടി സന്തോഷമാണു സ്ഫുരിച്ചത്. സമാധാനപൂർവ്വം അദ്ദേഹം മരിച്ചു; അതുപോലെ സമാധാനപൂർവ്വം തന്നെ ജീവിക്കുകയും ചെയ്തു.

ഉത്സാഹത്തോടു കൂടിയ വിശുദ്ധവിചാരം പോലെ വ്യാധിയെ നീക്കിക്കളയുന്നതിനു സമർത്ഥനായ ഒരു വൈദ്യൻ വേറെയില്ല. അതുപോലെ ദുഃഖത്തെ നീക്കിക്കളയുന്നതിനു സന്തോഷത്തോടു കൂടിയ സമാധാനം പോലെ ഒന്നുമില്ല. ദുഷ്ടമനസ്സുള്ളവർക്ക് ഒരിക്കലും ശാന്തിയുണ്ടാകയില്ല. എല്ലാവരേയും സ്നേഹിക്കുകയും എല്ലാവരോടും സൌമ്യമായി പെരുമാറുകയും ചെയ്യുന്നവർക്ക് ദീർഘായുസ്സും സുഖമായ ജീവിതവും ഉണ്ടായിരിക്കും. അങ്ങനെയുള്ളവരുടെ ജീവിതം ശ്രേഷ്ഠമായിരിക്കും.

കന്നത്തു ജനാർദ്ദനമേനോൻ.

ഞങ്ങളുടെ വായനശാല.

കൃഷിശാസ്ത്രം.—(ഗ്രന്ഥകർത്താവ് എൻ. കണ്ണൻപിള്ള എം. എ., ബി. എസ്സി. പിഎച്ച്. ഡി, തൈക്കാട്, തിരുവനന്തപുരം).

ഗ്രന്ഥകർത്താവ് വിദ്യാഭ്യാസം ചെയ്തു തൊഴിലില്ലാതെ തിരിയുന്ന ചെറുപ്പക്കാർ കൃഷി, ശില്പം മുതലായ മാർഗ്ഗങ്ങളിലേയ്ക്കു തിരിയുന്നതായാൽ, പാശ്ചാത്യന്മാരെപ്പോലെ പണം നേടുവാനും, നാട്ടിനെ നന്നാക്കുവാനും കഴിയുന്നതാണെന്ന് ഇതിലെ വാക്കുകളിൽ നിന്ന് തെളിയുന്നു. ഇന്ത്യാരാജ്യത്തിന്റെ പ്രധാന തൊഴിൽ കൃഷിയാണ്. വെള്ളപ്പൊക്കം മുതലായവകൊണ്ടു കൃഷിക്കാർക്ക് വേണ്ടപ്പോൾ ആദായം ഇന്ത്യയിൽ ഉണ്ടായിട്ടില്ല. കാലംകൊണ്ടു പല മാറ്റങ്ങൾ വന്നിട്ടുള്ളതിൽ വലിയ പരിഷ്കാരങ്ങൾ ഉണ്ടായെങ്കിൽ, അവയ്ക്കു പല പരിഹാരങ്ങ

ട്ടം കണ്ടെത്തിട്ടുണ്ട്; കണ്ടുവരാറുമുണ്ട്. [illegible] വളത്തിനു വേണ്ടി ചിലവാൻ പ്രയാസമായിട്ടുണ്ടെങ്കിൽ, അതിനു പകരം കൃത്രിമവളങ്ങളും വളരെ ഉണ്ടായിട്ടുണ്ട്. അവയെ അറിഞ്ഞുപയോഗിക്കേണ്ടുന്ന ചുമതല കൃഷിക്കാർക്കുള്ളതാണ്. ഇതിനെ പറ്റിയും ഒട്ടേറെ പറയാനുണ്ടാകും. നമ്മുടെ കൃഷിക്കാർ പുതുതായി യാതൊന്നും അറിവാൻ ശ്രമിക്കാതെ 'കാരണവന്മാർ' ചെയ്തു പോന്നതുകൊണ്ടും കൃഷി നന്നാവാൻ കഴിച്ചുകൂടാതെ [illegible] ഇപ്പോഴും കാലം കഴിക്കുന്നത്. കൃഷി പരിചയംകൊണ്ടു മാത്രം അറിയേണ്ടതാണെന്നും, അതിനൊരു ശാസ്ത്രം ഇല്ലെന്നും വാദിക്കുന്നവരുണ്ടെങ്കിൽ അവരോടു [illegible] പറയുകയേ നിവൃത്തിയുള്ളു. [illegible] അനേകം സാമാന്യതത്വങ്ങളെ കണ്ടെത്തി [illegible] ശാസ്ത്രമായിത്തീരുന്നു. ശാസ്ത്രങ്ങളെല്ലാം [illegible]ണ്ടാകുന്നവയാണ്. വൈദ്യം, ജ്യോതിഷം, വ്യാകരണം എന്നിവയും സൃഷ്ടിയിൽത്തന്നെ, ഇപ്പോഴത്തെ [illegible] അവയെല്ലാം കാലക്രമേണ വികസിച്ചുവന്നതാണ്. കാരണവന്മാരുടെ വഴിക്കു [illegible] പഠിച്ചു കാര്യം നടത്തുന്നവർ [illegible] സംഗതിവശാൽ [illegible] കൃഷിശാസ്ത്രം [illegible] ശാസ്ത്രം [illegible]

[illegible] ശാസ്ത്രത്തിനു [illegible] ആണെങ്കിൽ [illegible] ശാസ്ത്രങ്ങളെ [illegible]ണ്ട്.

പ്രകൃതശാസ്ത്ര [illegible] പരിശ്രമം [illegible] പ്രകാരം [illegible] വിഷയങ്ങളുടെ വിഭാഗവും പ്രതിപാദനക്രമവും [illegible] പ്രശംസനീയമായിരിക്കുന്നു [illegible]ണ്ട്. മലയാളഭാഷയിൽ ഒരു ശാസ്ത്രഗ്രന്ഥം എഴുതുവാൻ [illegible] അറിവാൻ പാടുള്ളു. [illegible] കൃഷിശാസ്ത്രം [illegible] ഗ്രന്ഥകർത്താവിനോടു വലിയ കൃതജ്ഞതയാണ്. വിദ്യാർത്ഥികൾക്കു പാഠ്യപുസ്തകമാകത്തക്കവണ്ണം [illegible] കൃഷിശാസ്ത്രത്തെ [illegible] വിഷയങ്ങളെ [illegible] ചില [illegible] 'ഗ്ലോസറി' കൊടുത്തിട്ടുള്ളതും [illegible] ഉപകരിക്കുന്നതാണ്. [illegible] കൃഷിശാസ്ത്രം മലയാളഭാഷയ്ക്കു കിട്ടിട്ടുള്ള [illegible] പറയാവുന്നതാണ്. [illegible] ഇതാതിരി ഗ്രന്ഥങ്ങളെയാണ് [illegible]ന്നത്.

बौद्धवस्तुवादः।

अस्ति प्रकारद्वयं दार्शनिकानां सिद्धान्तसरणौ, बाह्यवस्तुवादो बौद्धवस्तुवादश्चेति। सर्वा एव शास्त्रसरणयः प्रकारयोरनयोरन्यतरमाश्रित्य प्रवृत्ता इति सूक्ष्मेक्षिकाशालिनां [illegible] विधेयम्। बाह्यवस्तुवादः समस्तमेव वस्तुजातं बहिरवतिष्ठमानमाकलयन्ति। अस्माभिरनुक्षणमनुभूयमानाः पदार्था बहिरासीना आत्मानमनुभवमङ्कुरयन्तीति

तेषां सिद्धान्तः । न हि कश्चिदपि पुमाननुन्मत्तः पदार्थं बहिरसन्तं ग्रहीतुं पारयति । गगनकुसुममपश्यमिति न कोऽपि प्रकृतिस्थः पुरुषः प्रत्येतीति पदार्थज्ञानं प्रति पदार्थानां बहिर्देशसत्ता समपेक्षितेति मन्यन्ते बाह्यवस्तुवादिनः । दार्शनिकानां मध्ये च नैयायिकाः सर्वत्रापि बाह्यवस्तुवादपक्षपातं सुदृढमवलम्बमाना अवलोक्यन्ते । अविद्यमानवस्तुविषये शब्दस्याप्यप्रवृत्तिमाचक्षाणा नैयायिका हि "मृगतृष्णाम्भसि स्नातः खपुष्पकृतशेखरः । एष वन्ध्यासुतो याति शशशृङ्गधनुर्धरः" इत्यादौ योग्यताज्ञानविरहादन्वयबोध एव नोत्पद्यत इति समुदघोषयन् । एतादृशेषु प्रदेशेषु विप्रकलितानां पदार्थानां स्मृतिमात्रं केवलमङ्गीक्रियते नैयायिकधुरन्धरैः । विप्रकलिततया समधिगतानां योग्यीकरणाय शक्नोति चेतनाशक्तिरिति तैरप्यकामैरभ्युपगन्तव्यं भवेत् ॥

अपरे पुनरनुभवानुरोधादन्यथा कल्पयन्ति । मृगतृष्णाम्भसीत्यादिपद्येऽपि चमत्कारविशेषोदयादितरवाक्यजन्यबोधादेतद्वाक्योदितान्वयबोधस्य वैजात्यानवगमादेदमपि वाक्यमर्थबोधं जनयत्येवेति मतान्तरावलम्बिनो मन्यन्ते । अमी पुनरन्वयबोधे योग्यताज्ञानस्यायोग्यताज्ञानविरहस्य वा कारणतां निराकुर्वन्ति । सर्वेषामपि ज्ञानानां विषयसापेक्षत्वमिति नियमं समर्थयितुं बौद्धं पदार्थमपि स्वीकुर्वन्त्येतन्मतानुयायिनः । अननुभूतचराणामपि पदार्थानां साक्षादनुभवदर्शनेन बौद्धपदार्थाङ्गीकार आवश्यक इति चैतन्मतानुयायिनां वाचोयुक्तिः । किं च घटादिकं वस्तु निर्मातुकामः पुरुषः प्रथमं संकल्पयति कम्बुग्रीवादिविशिष्टं व्यक्तिविशेषम् । अतो बहिरुत्पत्तेः पूर्वमपि मानसं वस्त्वस्तीत्यायाति । बहिरसतोऽपि शशशृङ्गादेर्मानसी सत्ताभ्युपगम्यत इति शशशृङ्गादिपदानामर्थबोधहेतुता न व्याहन्यते । 'शब्दज्ञानानुपाती वस्तुशून्यो विकल्पः' इति प्रतिपादयन् भगवान् पतञ्जलिरप्यत्र साहाय्यमादधाति । शून्यवस्तुविषयेऽपि शब्दस्य ज्ञानोत्पादनपाटवमस्तीति, तज्जन्यं ज्ञानं विकल्पव्यपदेशार्हमिति च पूर्वोक्तवाक्यनिष्कर्षः । बहिरसतामपि वस्तूनां बौद्धसत्तायां स्वीक्रियमाणायां किमु वक्तव्यं बहिः सतामपि सास्तीति । अतः सर्वोऽपि प्रपञ्चो बुद्धिमारूढश्चकास्तीति बौद्धवस्तुवादिनां राद्धान्तः । बौद्धस्यैव प्रपञ्चस्य सुखदुःखहेतुत्वमप्युपपद्यमानमवलोक्यते । असत्यपि पुरस्तात्सर्पे, येनाप्युरगभ्रान्त्या बिभेति जनता कम्पते च पलायते च । जीवत्यपि तनुजे मृत इति मृषावार्तामधिगत्य मुह्यतो मातापितरौ । तनुजे मृतेऽपि वा वार्तामविदित्वा मोदमानौ वर्तेते । एवमालोच्यमाने मानसस्यैव वस्तुतत्त्वस्य सुखदुःखहेतुता सम्भाव्यतेति पर्यवस्यति ॥

अपि चानुभवव्यतिरेकेण सत्तां नाम निरूपयितुं न शक्यते शक्रपुरोहितेनापि । यद्यदानुभूयते तत्तदा वर्तते । जाग्रति स्वप्ने चानुभवस्यानुवर्तनादस्ति वस्तुजातस्योपलभ्यमानस्य सत्ता । सुषुप्तौ पुनर्विज्ञानस्यैव विलयनान्नास्ति कश्चिदपि वस्तुव्यवहारः । अतोऽपि ज्ञानाधीनसत्ताकमेव समस्तं चराचरात्मकं जगत् । बाह्यानि वस्तूनि पुनरान्तरं विज्ञानं जनयितुमुपकुर्वन्तीति न तेषामेकान्तापलापप्रसङ्गशङ्काप्येतन्मते ॥

अन्ये तु दार्शनिका अस्मादपि मतात्पदमेकं पुरतो विन्यस्यन्ति, विलापयन्ति च लौकिकानपलापेन बाह्यवस्तूनाम् । प्रथते हि तेषां मतं विज्ञानवादनाम्ना । विज्ञानवादिनः किल सौगता बौद्धसत्तातिरिक्तां बाह्यसत्तां गगनकुसुमसोदरीमेव प्रतिपादयन्ति । न हि विज्ञानादन्यदस्ति किमपि वस्तुस्वरूपम् । विषयाः सर्वेऽपि विज्ञानानुरञ्जनया भासमाना

ज्ञानधर्मा एव । अथ कथमेतन्मते ज्ञानवैचित्र्यमुपपादयितुं शक्यमिति मा नाम भ्राम्यन्तु मनीषिणः । सर्वस्यापि ज्ञानस्य स्वप्नज्ञानसमानधर्मतया तथाविधज्ञानकारणभूता वासनाविचित्रतैव ज्ञानवैजात्यं प्रसुवते । विज्ञानवैचित्र्यप्रयुक्तं 'वासनावैचित्र्यं वासनावैचित्र्यप्रयुक्तं च विज्ञानवैचित्र्यमिति कथं वैलक्षण्यमुपपादनं कुतर्कीणामादरणीयं स्यादिति तु न साम्प्रतमुद्भावयितुम् । एतादृशान्योन्याश्रयदोषोन्मुक्तं न किमपि मतमद्यावधि कुतापतार्कं पश्यामः पृथ्वीतले । प्रपञ्चमिथ्यात्ववादिनोऽपि वेदान्तिनस्तदुपपादनाय बीजाङ्कुरवदनादित्वमेव समाधानमुद्भावयन्ति । कथमन्यथा तन्मतेऽपि पूर्वानुभवजन्यसंस्कारसापेक्षस्य प्रपञ्चभ्रमस्योपपादनं संघटेत । भ्रमो वासनामपेक्षत इत्यविवादम् । न हि सर्पवासनां विना सर्पभ्रान्तिरुदेति कदाचिदपि । तथा प्रपञ्चभ्रान्तिजनने प्रपञ्चवासना बीजभावं भजत एव । अतः पूर्वोत्तरीयान्योन्याश्रयः प्रतिक्षिप्तेष्वपि मतान्तरेषु सुतरां जागर्ति । अनादित्वे च वासनावैचित्र्ये परिकल्प्यमाने विज्ञानवैचित्र्यस्य सूपपादतया किमिति वृथा बाह्यं वस्तु कल्पयामः? इति सौगता निगदन्ति ॥

एवं बौद्धवस्तुवादः क्रमेणोन्नतिमवाप्य बाह्यवस्तुसत्तानिषेधायापि प्रवर्तते स्म सौगतसमये । अनुभवैकशरणानां लौकिकानामिदमत्यन्तं विस्मयं जनयेद्बौद्धवस्तुवादस्यैतद्वृत्तम् । स्वामिनमुपजीव्य समृद्धिं प्राप्तवतः किङ्करस्य स्वामिसमुन्मूलनोद्यम इवावभासते बाह्यवस्तुसत्तामपेक्ष्य लब्धात्मनो विज्ञानस्य तदुन्मूलनविजृम्भितमस्मादृशां यथाश्रुतग्राहिणाम् । वस्तुतस्तु विज्ञानं वा विषयो वा तदुभयमपि वा सत्यस्वरूपमित्येतत् को वेद? । एतादृशविषयविमर्श एव काकदन्तपरीक्षणप्रयास इवावभासते लौकिकानामस्मादृशानामिति साधारणा भणन्ति ॥

अनुभवानुरोधेन बौद्धोऽपि प्रपञ्चः स्वीकरणीयश्चेद्वास्तां नाम । बाह्यस्य प्रपञ्चस्यापलपनाय प्रवर्तमानाः सौगताः कथं वा स्युरुपेयवचनाः । समस्तापि जनता स्वप्नज्ञानानां जागरितज्ञानानां च वैजात्यं स्वत एवानुभवति । स्वाप्नं विज्ञानमनन्तरक्षण एव बाध्यते, न तथा जागरितज्ञानं बाध्यमानं दृश्यते । स्वप्नो विरुद्धानर्थान् प्रकाशयति सुप्ताविति संमन्यते सकलैः । बाह्यप्रपञ्चे केवलमपलप्यमाने कस्य केन विरोधः? । सर्वमपि मानवं विज्ञानमेकजातीयमेव तथा परिणमेदिति मिथ्याज्ञानव्यविवेकलोपः कथं वार्यताम्? । किं च गगनकुसुमज्ञानमुद्यानकुसुमज्ञानं च समानधर्मेवेति प्रलपतः पण्डितमानिन उन्मादचिकित्सा यदि विधीयते भिषग्वरैस्तर्हि को विसंवदेत? । अतो बुद्धिमात्रकल्पितानां बहिरुपलभ्यमानानां च वस्तूनां किमपि वैलक्षण्यमूरीकरणीयमेव ॥

अत एवाद्वैतवादिनो व्यावहारिकसत्ताविलक्षणां प्रातिभासिकीं सत्तामभ्युपागमन् । शशशृङ्गादीनां तु शुक्तिरजतादिभ्योऽपि वैलक्षण्यं सम्पादनीयमिति तेषां प्रातिभासिकसत्ता न स्वीक्रियते । तद्विषये विकल्पमात्रमङ्गीकुर्वन्ति वेदान्तिनः । साहसिकैरिह सौगतैः प्रवर्तितं बौद्धवस्तुवादं शतशः खण्डयन्ति शङ्करभगवत्पादा 'नाभाव उपलब्धेः' इत्यस्मिन् वैनाशिकेऽधिकरणे । संक्षिप्तेनानेन विवरणेन येषां विषयेऽत्र जिज्ञासा समुन्मिषति न च शाम्यति ते भगवतां पादमूलमेवोपसर्पन्तु । मार्गप्रदर्शनमात्रेण चरितार्था वयमल्पमेधसः ॥

൧൦൮൭ കന്നി

മംഗളോദയം

പുസ്തകം ൪
ലക്കം ൧൧

സാഹിത്യം മുതലായ
വിശിഷ്ടവിഷയങ്ങളെ പ്രതിപാദിക്കുന്ന
ഒരു മാസിക

വിഷയങ്ങൾ

കേരളകല്പദ്രുമം അച്ചുക്കൂടം
മംഗളോദയം കമ്പനി, ക്ലിപ്തം
തൃശ്ശിവപേരൂർ.

വരിസംഖ്യ
൨—൮—൦

കേരളത്തിന്റെ ശുക്രദശ

[illegible]

[illegible]

[illegible]

[illegible]

	പുസ്തകവിവരം		വിലവിവരം
1	[illegible]	...	1—1—0 വീതം
2	[illegible]	...	0—1—[illegible]
3	ടി	[illegible] ...	[illegible]—1—9
4	ടി	[illegible] ...	[illegible]—[illegible]—0
5	ടി	[illegible] ...	0—2—0
6	[illegible]	[illegible]	0—1—6
7	ടി	[illegible]	0—4—6
8	[illegible]		0—5—0

[illegible]

മംഗളോദയം കമ്പനി, ലിമിറ്റഡ്, തൃശ്ശിവപേരൂർ.

ആരോഗ്യസ്തവം

[illegible]

[illegible] മംഗളോദയം കമ്പനി മാനേജർ, തൃശ്ശിവപേരൂർ

മംഗളോദയം
മാസിക

പുസ്തകം ൩ | ചിങ്ങമാസം | ലക്കം ൧

മംഗളം

[illegible]
[illegible]
[illegible]
[illegible]

യോഗശാസ്ത്രം



ഈ ലോകത്തിലുള്ള, എല്ലാ പ്രാണികളും സുഖത്തിന്നായി പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ സുഖം സിദ്ധിക്കുന്നവർ എത്രയുണ്ട്? വളരെ ചുരുക്കം. കൊട്ടാരത്തിൽ വാഴുന്ന രാജാവിനും കുടിലിൽ കിടക്കുന്ന ഭിക്ഷുവിനും മനസ്സുഖമില്ലാത്ത എത്രയോ അവസരം സമാനമായി കണ്ടുവരുന്നുണ്ട്. നവംനവമായി അനേകം സുഖസാമഗ്രികളെ നിർമ്മിക്കുന്ന പുതിയ പ്രകൃതിശാസ്ത്രവും പ്രാണികളുടെ യഥാർത്ഥസുഖത്തെ പൂർത്തിയാക്കുവാൻ എത്രത്തോളം ഉപകരിച്ചിട്ടുണ്ടെന്നാലോചിക്കുമ്പോൾ ആ ശാസ്ത്രത്തിന്നു നമ്മുടെ ദൃഷ്ടിയിൽ വളരെ ലാഘവം വന്നുചേരുന്നു. പ്രകൃതിശാസ്ത്രത്തിന്നു വികാസവും പരിഷ്കാരവും കൂടിവരുന്തോറും ലോകത്തിൽ ആപത്തുകളും അനർത്ഥങ്ങളും കിടമത്സരവും കലഹവും വർദ്ധിച്ചുവരുന്നു എന്ന സംഗതി ഓർക്കുമ്പോൾ ഭയമാകുന്ന വസ്തുസ്ഥിതിയാകുന്നു. വിദ്യുച്ഛക്തിയും ആകാശയാനങ്ങളും ഒരു കാലത്തും മനുഷ്യന്നു യഥാർത്ഥസുഖം നൽകുന്നതല്ല. എന്നുതന്നെയല്ല ബാഹ്യമായ പ്രകൃതിയിലുള്ള എല്ലാ ശക്തികളും, മനുഷ്യന്നു ചൊല്പടിയിലായാലും സുഖമുണ്ടാക്കുവാൻ കഴിയുന്നതല്ല. സുഖം എ

നുന്ന് ആത്മധൎമ്മമാകുന്നു. നമ്മുടെ അന്തൎയ്യാമിയായ പരമാത്മാവ് ആനന്ദസ്വരൂപനായിരിക്കുന്നുവെന്നുള്ളതുപോലെതന്നെ, നാം സ്വഭാവത്തിനായി ആനന്ദത്തെ അന്വേഷിച്ചുനടക്കുന്നു. ത്രിഗുണങ്ങളിൽ ബദ്ധനായിപിടിക്കപ്പെട്ടിരുന്നു കാരാഗൃഹംപോലെ ജഡമായ പ്രകൃതിയിൽ സ്വയം കുടുങ്ങുമ്പോൾ പ്രാണിവൎഗ്ഗം ചാഞ്ചല്യം കല്പിക്കുന്നു. അന്തഃകരണത്തിന്റെ വികാരങ്ങളിലൊന്നായ കാമത്തെ ജയിച്ചുകഴിഞ്ഞാൽ ആത്മാവിനുള്ള പരമാനന്ദം അവനു ലഭിക്കുന്നതാണ്. എന്നാൽ അന്തഃകരണവികാരങ്ങളെ അടക്കിജയിക്കുവാൻ എന്താണുപായം? ആ ഉപായത്തെ ജനങ്ങൾക്കു പറഞ്ഞു ഉപദേശിപ്പാനാണു യോഗശാസ്ത്രം ഉണ്ടായിട്ടുള്ളത്.

പതഞ്ജലി(1)മഹൎഷിയാണു ഈ പരമവും ശ്രേഷ്ഠകരവുമായ മാൎഗ്ഗം പലരായി ഗുരുശിഷ്യന്മാൎക്കും ഉപദേശിച്ചു ലോകത്തെ അനുഗ്രഹിച്ച പതഞ്ജലിമഹൎഷി മനോമാലിന്യത്തിനു പ്രശമനമായി പരത്തുപാദമായി യോഗശാസ്ത്രത്തെ പ്രസിദ്ധിപ്പിച്ചു. ആ മഹത്തായ യോഗശാസ്ത്രത്തിന്റെ മൂലസൂത്രങ്ങളായ യോഗസൂത്രങ്ങളെ നിൎമ്മിച്ചു. യോഗസൂത്രത്തിന്മേൽ വേദവ്യാസൻ ഒരു ഭാഷ്യവും ഉണ്ടാക്കി. പിൽക്കാലങ്ങളിലുണ്ടായ യോഗശാസ്ത്രഗ്രന്ഥങ്ങളെല്ലാം യോഗസൂത്രങ്ങളുടെ അൎത്ഥത്തെ തന്നെ വിസ്തരിച്ചു വിശദമാക്കിയെഴുതപ്പെട്ടവയാണ്. മറ്റു ദർശനങ്ങളിലൊന്നായ യോഗശാസ്ത്രം വളരെ പുരാതനകാലത്തുണ്ടായതാണെന്ന് അതിന്റെ ഉൽപത്തിചരിത്രങ്ങളിൽ നിന്നുതന്നെ വെളിവാകുന്നതല്ലോ. മഹാഭാരതം വ്യാസനാൽ നിൎമ്മിക്കപ്പെട്ടതല്ലെന്നും, അതു പലരുംകൂടി ചമച്ചതാകയാൽ കെട്ടുകഥയാണെന്നും വാദിക്കുന്ന ചില ചരിത്രപണ്ഡിതന്മാർ യോഗസൂത്രങ്ങളെ അടുത്തകാലത്തിൽ ഉണ്ടായതായി വ്യവഹരിക്കുന്നതുകൊണ്ട്, അവരുടെ വാദത്തിനു ഈ വിഷയത്തിലും ശക്തിയില്ലെന്നു മനസ്സിലാക്കേണ്ടതാണ്. ചിലർ ഗ്രഹിച്ചിരിക്കുന്നതുപോലെ അവരുടെ വാദം യോഗസൂത്രങ്ങളുടെ പഴക്കത്തെ ബാധിക്കുന്നതല്ല.

യോഗശാസ്ത്രത്തെ സേശ്വരസാംഖ്യമെന്നുകൂടി പറയാറുള്ളതുകൊണ്ടു സാംഖ്യത്തിലെ സിദ്ധാന്തങ്ങളെ മിക്കതും യോഗശാസ്ത്രം സ്വീകരിക്കുന്നു എന്നു സിദ്ധിക്കുന്നു. യോഗസൂത്രങ്ങളിൽ മൂലതത്ത്വങ്ങളുടെ പരിഗണനം തുടങ്ങിയുള്ള പ്രധാനവിഷയങ്ങളെ വിട്ടുകളഞ്ഞാലും ഒട്ടുതന്നെ ഉദ്ധരിച്ചു സമാധാനിക്കുന്നു. ആയക സംശയങ്ങളിൽ സാംഖ്യന്മാരുടെ സിദ്ധാന്തം തന്നെയാണ് യോഗക്കാരും സ്വീകരിച്ചിട്ടുള്ളത്. പ്രപഞ്ചത്തിന്റെ സിദ്ധാന്തവും സ്വാത്മാനുഭവത്തിനുള്ളതായ ഉദ്ദേശ്യത്തെ യോഗികളെല്ലാം അനുവദിക്കുന്നുവെന്നുള്ള താംശത്തിൽ മാത്രമേ യോഗികൾ സാംഖ്യന്മാരിൽനിന്നു വേർതിരിയുന്നുള്ളൂ. വാസ്തവികമായ കൎത്തൃത്വത്തിന്റെ അന്വയങ്ങളിൽനിന്നു മാനസികമായ പരിപാലിപ്പാൻ കഴിയുമെന്നു സിദ്ധാന്തം നിൎവികാരതാപ്രാപ്തികൊണ്ടു നിരന്തരപ്രയത്നമായ സാംഖ്യമതത്തെ സമൎത്ഥിപ്പാൻ കഴിയാത്ത പ്രകാരം തന്നെ യോഗശാസ്ത്രത്തെ പറ്റി പറയുന്നതാണെന്നു വിചാരിപ്പാൻ ധാരാളം വഴിയുണ്ട്. അനന്തരഗ്രന്ഥങ്ങൾ കൂടാതെ അഭ്യാസത്താൽ സിദ്ധിക്കുന്നതല്ലെന്നുള്ള സംഗതിയുടെ പ്രതിപാദനം യോഗസൂത്രങ്ങളിൽ ഇതുപ്രകാരമായി പുറപ്പെട്ടതുതന്നെയാണ്.

പുരുഷനും പ്രകൃതിയും ആദിയിൽ

(1) മഹാഭാഷ്യനിൎമ്മിതാവായ പതഞ്ജലിയും ഇദ്ദേഹവും ഒരാളായിരുന്നുവെന്നു ചിലർ പറയുന്നുണ്ട്.

ന്ന്, പുരുഷൻ നിർഗ്ഗുണനും സ്വപ്രകാശരൂപിയുമാകുന്നു. ജഡമായിട്ടു പ്രകൃതിസത്വം, രജസ്സ്, തമസ്സ് എന്ന ഗുണങ്ങളുടെ കൂടിയതും മാറ്റമുള്ളതുമാകുന്നു. പുരുഷന്റെ പ്രകൃതിസംയോഗത്തിൽ ബന്ധമുണ്ടാകുന്നു. പ്രകൃതിപുരുഷന്മാരെ വേർതിരിച്ചറിയുമ്പോൾ മോക്ഷമുണ്ടാകുന്നു എന്ന തുടങ്ങിയുള്ള സാംഖ്യസിദ്ധാന്തങ്ങളെല്ലാം യോഗശാസ്ത്രത്തിലും സ്വീകരിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു ശരീരമൊന്നും ഭിന്നമാണെന്ന തരനായ യോഗശാസ്ത്രസിദ്ധാന്തവും ഇതുകൊണ്ടു യോഗശാസ്ത്രവും ഷൾദർശനങ്ങളുടെ കൂട്ടത്തിൽ പെട്ടതാണ്.

എന്നാൽ ജ്ഞാനസ്വരൂപിയായ പുരുഷന്റെ ബന്ധം ചിത്തവൃത്തിസംയോഗമൂലമായതാകകൊണ്ടു ചിത്തവൃത്തികളെ ഒതുക്കിയാൽ പുരുഷന്നു മോക്ഷം സിദ്ധിക്കുമെന്നു യോഗശാസ്ത്രം സമ്മതിക്കുന്നു. ചിത്തവൃത്തികളെ ഒതുക്കുവാനുള്ള ഉപായങ്ങളെ പ്രതിപാദിക്കുന്നതിലാണ യോഗസൂത്രങ്ങളുടെ അധികഭാഗവും വിനിയോഗിക്കപ്പെട്ടിരിക്കുന്നത്. യോഗം എന്ന ശബ്ദത്തിനു പല അർത്ഥങ്ങളിലും പ്രയോഗം കാണാറുണ്ടെങ്കിലും യോഗശാസ്ത്രത്തിൽ അതിന്നു ചിത്തവൃത്തിനിരോധം എന്ന പാരിഭാഷികാർത്ഥമാണ നിർദ്ദേശിച്ചിട്ടുള്ളത് (1) ചിത്തവൃത്തികളെ ഒതുക്കിക്കഴിഞ്ഞാൽ നിർവ്വികല്പമായ സമാധിയുണ്ടാകയും ജീവാത്മാവിനു പരമാത്മാവിനോട് ഐക്യം സിദ്ധിക്കയും ചെയ്യുന്നു. ജീവപരമാത്മാക്കളുടെ ഐക്യമാകുന്ന യോഗത്തിന്നു കാരണമായ ഉപായങ്ങളെ ഉപദേശിക്കുന്നതിനാലും യോഗശാസ്ത്രം എന്ന പേരിന്ന് അന്വർത്ഥത പറയാവുന്നതാണ്. സൂത്രങ്ങളുടെ പുറപ്പാടോടുകൂടിയാണ യോഗം ഒരു പ്രത്യേക ശാസ്ത്രമായി തിരിഞ്ഞതു. തുടങ്ങിയതെന്നിരുന്നാലും അതിന്റെ ബീജങ്ങളെല്ലാം ഉപനിഷത്തുകളിൽ അവിടവിടെയായി ചിതറിപ്പൊടിഞ്ഞുകിടക്കുന്നുണ്ടെന്നു കണ്ടെത്തുവാൻ സൂക്ഷ്മദൃക്കുകളുടെ പരിശോധനം തന്നെ മതിയാകുന്നതാണ്.(1)

യോഗസൂത്രങ്ങളെ സമാധിപാദം, സാധനപാദം, വിഭൂതിപാദം, കൈവല്യപാദം, എന്നിങ്ങനെ നാലായി വിഭജിച്ചിട്ടുള്ളതിൽ, സമാധിപാദത്തിൽ നിർവ്വികല്പമായ സമാധിയുടെ സ്വരൂപം, ഉപായം എന്നിവയും, സാധനപാദത്തിൽ യോഗം ശീലിപ്പാനാഗ്രഹിക്കുന്ന ഒരുവൻ അനുഷ്ഠിക്കേണ്ടതായ യമം മുതലായ സാധനങ്ങളുടെ സ്വരൂപവും, വിഭൂതിപാദത്തിൽ യോഗാഭ്യാസത്താലുണ്ടാകുന്ന ഐശ്വര്യങ്ങളുടെ സ്വരൂപവും, നാലാമത്തേതായ കൈവല്യപാദത്തിൽ മോക്ഷാവസ്ഥയുടെ ലക്ഷണവും പ്രധാനമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

വിഷയങ്ങളാകുന്ന വൃക്ഷശാഖകളിൽ ചാടിനടന്നുകൊണ്ടിരിക്കുന്ന മനോവാനരനെ പിടിച്ചു പാട്ടിലാക്കുവാൻ അഭ്യാസം വൈരാഗ്യം എന്ന രണ്ടു സൂത്രങ്ങളല്ലാതെ മറ്റൊരുപായവുമില്ലെന്ന യോഗസൂത്രകാരൻ സൂചിപ്പിച്ചിട്ടുള്ള സംഗതിയെത്തന്നെയാണ ഭഗവൽഗീതയിൽ

ചഞ്ചലംഹിമനഃകൃഷ്ണപ്രമാഥിബലവദ്ദൃഢം
തസ്യാഹംനിഗ്രഹംമന്യേവായോരിവസുദുഷ്കരം

എന്ന അർജ്ജുനചോദ്യത്തിന്റെ ഉത്തരമായ

അഭ്യാസേനതുകൌന്തേയവൈരാഗ്യേണചഗൃഹ്യതേ

എന്ന് തുടങ്ങിയുള്ള ഭഗവദ്വചനം വിശദമാക്കി പറയുന്നത്. അഭ്യാസം എന്നതു ചി

---

(1) യോഗശ്ചിത്തവൃത്തിനിരോധഃ (യോഗസൂത്രം) പാ 1- സൂ 2

1 കഠോപനിഷത്തിലെ ഷഷ്ഠവല്ലിയും ശ്വേതാശ്വതരോപനിഷത്തിലെ രണ്ടാമദ്ധ്യായവും നോക്കുക

ത്തതിന് ഐകാഗ്ര്യം വരുത്തുവാനുള്ള യത്നമാകുന്നു. ചിത്തത്തെ ഏതെങ്കിലും ഒരു വിഷയത്തിൽ സ്ഥിരമാക്കി കുറെ നേരത്തേക്ക് നിറുത്തുവാൻ ആദ്യത്തിൽ ശീലിക്കുക, പിന്നെ സമയത്തെ ദീർഘിപ്പിക്കുക ഇങ്ങിനെ അഭ്യസിച്ചു ക്രമത്തിൽ ഐകാഗ്ര്യം സമ്പാദിച്ചാൽ ചിത്തം നമുക്കു സ്വാധീനമായി തീരും. അപ്പോൾ അഭിമതമായ വിഷയത്തിൽ ചിത്തത്തെ നിലനിറുത്തുവാൻ ക്ലേശലേശമെങ്കിലും ഇല്ലാതാകും. പിന്നെ വിഷയങ്ങളിൽ നിന്നു പിന്തിരിഞ്ഞ് ആത്മസ്വരൂപത്തെ അനുസന്ധാനം ചെയ്വാനും നിർവ്വികല്പസമാധിയിലേക്കു കയറിച്ചെല്ലുവാനും വളരെ എളുപ്പമുണ്ടാകും. വൈരാഗ്യം എന്നതു ദൃഷ്ടങ്ങളായ ഭോഗങ്ങളിലും, ശ്രുതിമൂലമായി അറിവാൻ കഴിയുന്ന സ്വർഗ്ഗാദികളിലും ആസക്തിയില്ലായ്കതന്നെ. ഈ വൈരാഗ്യം ആദ്ധ്യാത്മികജ്ഞാനത്തിനുള്ള പ്രധാന സഹകാരിയാകുന്നു. അല്പമെങ്കിലും വൈരാഗ്യം വരാത്തവർക്ക് ആദ്ധ്യാത്മികവിഷയങ്ങളിൽ ആഗ്രഹം തന്നെ ഉണ്ടാകുന്നതല്ല.

അതുപോലെതന്നെ ക്ലേശം, കർമ്മം, വിപാകം, ആശയം (1) എന്നീ ജീവധർമ്മങ്ങളില്ലാത്തവനും പുരുഷോത്തമനുമായ ഈശ്വരന്റെ ധ്യാനവും സമാധിസിദ്ധിക്കു വേണ്ട മുഖ്യസാധനമായി ഗണിക്കപ്പെട്ടിരിക്കുന്നു. ഈശ്വരവാചകമായ പ്രണവത്തെ അനുസന്ധാനത്തോടുകൂടി ജപിക്കുന്നതു തന്നെയാണ് ഈശ്വരധ്യാനം. ധ്യാനശക്തികൊണ്ടു തിരോഭവിച്ചു തന്നെ വരുന്നതാകയാൽ ഏകാഗ്രതയുള്ള ഈശ്വരധ്യാനം ചിത്തപ്രസാദത്തിന്നു കാരണമായി തീരുന്നതാണ്. നിർവ്വികല്പമായ സമാധിയിൽ ബാഹ്യവിഷയങ്ങളുടെ സ്ഫുരണം തന്നെ ഉണ്ടാകുന്നതല്ല. കേവലമായ തത്വം മാത്രം ആ ദശയിൽ പ്രകാശിക്കുന്നു. ആ ഭാവവിശേഷം വാക്കുകളെക്കൊണ്ടു വിവരിപ്പാൻ കഴിയാത്തതാകുന്നു. ആ ദശയിലെത്തിയുള്ളവർ ജീവന്മുക്തന്മാരാണെന്നുതന്നെ പറയാം.

യമം, നിയമം മുതലായ അഷ്ടാംഗങ്ങൾ (2) ആത്മജ്ഞാനത്തിന് അനുഷ്ഠിപ്പാനുള്ളവയാണ്. ഈ അഷ്ടാംഗങ്ങളിൽ അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, ശൌചം, സന്തോഷം, സ്വാദ്ധ്യായം ഇത്യാദികളായ സദാചാരത്തിന്റെ ഭാഗങ്ങളെല്ലാം ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടു സദാചാരപ്രതിഷ്ഠയും യോഗശാസ്ത്രത്തിന്റെ പരമോദ്ദേശ്യങ്ങളിലൊന്നാണെന്നു സ്പഷ്ടമാകുന്നു. ചുരുക്കിപ്പറയുന്നതായാൽ സാത്വികവൃത്തിയെ പ്രബലപ്പെടുത്തി ചിത്തശുദ്ധിയുണ്ടാക്കുന്ന സമ്പ്രദായങ്ങളെല്ലാം അഷ്ടാംഗങ്ങളിൽ അന്തർഭവിച്ചിട്ടുണ്ടെന്നുതന്നെ പറയേണ്ടിവരും.

യോഗാഭ്യാസംകൊണ്ടു മോക്ഷത്തിനു പുറമെ അദ്ഭുതങ്ങളായ പല ഐശ്വര്യങ്ങളെയും പ്രാപിപ്പാൻ കഴിയുന്നതാണ്. അണിമ, ലഘിമ ഇത്യാദിയുള്ള പ്രസിദ്ധങ്ങളായ അഷ്ടൈശ്വര്യങ്ങളും യോഗത്തി

---

(1) ക്ലേശം = അവിദ്യ, അസ്മിതാ, രാഗം, ദ്വേഷം, അഭിനിവേശം എന്നിവ. കർമ്മം = പുണ്യപാപങ്ങൾ. വിപാകം = ജന്മം, ജീവിതകാലം, ഭോഗം എന്നിവ. ആശയം = സംസ്കാരങ്ങൾ. (2) യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവ. ഇവയിൽ ആദ്യത്തെ അഞ്ചെണ്ണം ബഹിരംഗസാധനങ്ങളും ബാക്കിയുള്ളവ അന്തരംഗസാധനങ്ങളുമാകുന്നു, സാധനങ്ങളുടെ കൂട്ടത്തിൽ പറയുന്ന സമാധി സവികല്പവുമാകുന്നു.

ന്റെ ഫലങ്ങളാകുന്നു. എന്നുമെങ്കിലും അകലെ കിടക്കുന്ന വിഷയങ്ങളെ ഗ്രഹിക്കുക, പലരാൽ ചെയ്യാനാകാത്ത കഠിനങ്ങളായ ആയ കാര്യങ്ങളെ അറിയുക, ഒരേ സമയത്ത് അനേകം ശരീരങ്ങളെടുക്കുക എന്നു തുടങ്ങിയുള്ള അത്ഭുതകർമ്മങ്ങളെല്ലാം യോഗികൾക്ക് അനായാസമായി ചെയ്യാൻ കഴിയും. പക്ഷെ നിർവ്വികല്പസമാധിയിലുള്ള പരമാനന്ദം കണ്ടിട്ടുള്ള യോഗിക്ക് ഇവ കേവലം നിസ്സാരങ്ങളായി തോന്നുന്നതിനാൽ അവർ ഇവകളിൽ ശ്രദ്ധ വെക്കാറില്ല. ഇന്ന് നാട്ടിലെങ്ങും പടർന്നു പിടിച്ചുവരുന്ന ബ്രഹ്മവിദ്യാമതത്തിന്റെ* പ്രതിഷ്ഠാപകന്മാർ അനുഷ്ഠിക്കാറുണ്ടെന്നു ഘോഷിച്ചു പറയുന്ന അല്പപ്രയോഗങ്ങളിൽ പലതും യോഗശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള അദ്ഭുതങ്ങളുടെ പൊട്ടും പൊടികളും മാത്രമാണ്, അവയെ നമ്മുടെ ദൃഷ്ടിയിൽ പെടുത്തുവാനെങ്കിലും പാശ്ചാത്യന്മാരുടെ പരിശ്രമം ആവശ്യകമായി വന്നിരിക്കുന്നു. എന്തൊരു നമ്മുടെ അലസതാവിലാസം!

എന്നാൽ ഉപനിഷദ്വാക്യങ്ങളെക്കൊണ്ടുതന്നെ അദ്വിതീയനായ പരമാത്മാവിന്റെ ജ്ഞാനവും അതിൽനിന്നുള്ള മോക്ഷവും സിദ്ധിക്കുന്നതാകയാൽ യോഗം കൊണ്ടുള്ള ഫലമെന്താണെന്ന ചോദ്യമുണ്ടായേക്കാം. ഈ ചോദ്യത്തിനും യോഗികൾ സമാധാനം പറഞ്ഞുവെച്ചിട്ടുണ്ട്. ഉപനിഷത്തുകളിൽ നിന്നുണ്ടാകുന്ന ആത്മജ്ഞാനം പരോക്ഷമാകുന്നു. കാശിയെന്നൊരു നഗരിയുണ്ടെന്നു ശ്രുതിയുന്ന കേൾക്കുന്നപോലെ ആത്മാവ് അദ്വിതീയനാണെന്ന് ഉപനിഷത്തുകളിൽനിന്നു നാം കേട്ടറിയുന്നതേയുള്ളൂ. ഇതിനെ ശബ്ദത്തിൽനിന്നു ഉണ്ടാകുന്ന ജ്ഞാനം സാക്ഷാത്കാരമെന്നു പറയാവുന്നതല്ല. ആത്മസാക്ഷാത്കാരം ഉണ്ടായാലല്ലാതെ സംസാരനിവൃത്തി വരികയില്ലെന്നുള്ളതിലേക്ക് ഉപനിഷത്തും കടുകട്ടിയാക്കി വെച്ചിട്ടുള്ള വേദവും വിദ്വാന്മാർ ഉപദേശമായിരിക്കുന്നതല്ലോ. സാക്ഷാത്കാരത്തിനുള്ള രാജമാർഗ്ഗമാണ് യോഗശാസ്ത്രം. ആത്മാവിന്റെ ശ്രവണത്തിനു ശേഷം മനനം, ധ്യാനം എന്നിവയും അപരിഹാര്യങ്ങളാണെന്നു ഘോഷിക്കുന്ന ഉപനിഷദ്വചനവും (1) ഈ പരമസിദ്ധാന്തത്തിനനുകൂലിക്കുന്നു. ആത്മസാക്ഷാത്കാരാവസ്ഥയിലെത്തിയിട്ടില്ലാത്തവർ യോഗംകൊണ്ട് മനസ്സിന്റെ ദുർബലത വരുത്തുകയല്ല. തടങ്കൽവെച്ച ഉതം കഴിഞ്ഞുപോകാതെ തടുക്കുക ബാധിക്കുന്ന ഇതുപോലെ അടക്കംകൊണ്ട് മാത്രം ഒതുങ്ങിനില്ക്കുന്ന ചിത്തവൃത്തികൾ വീണ്ടും ബാധിക്കാതിരിക്കണമെങ്കിൽ അജ്ഞാനത്തിന്റെ വേരറുക്കുന്ന ജ്ഞാനത്തിനു പ്രതിഷ്ഠ കിട്ടുകതന്നെ വേണം.

യോഗം അനാദ്യനാദ്യമായി കാണിച്ചു തരുന്ന ഒരു ശാസ്ത്രമാണ്. മറ്റുള്ള ശാസ്ത്രങ്ങൾ പ്രതിജ്ഞ ചെയ്തുപോയിട്ടുള്ള തത്ത്വങ്ങൾ ശരിയാണെന്നു ബോദ്ധ്യപ്പെടുന്നതു യോഗാഭ്യാസംകൊണ്ട് മാത്രമാകുന്നു. ഹിന്ദുക്കളുടെ ശാസ്ത്രങ്ങളെല്ലാം അനുഭവത്തിൽ മാത്രം കെട്ടുന്നവയാണെന്ന് അവരുടെ ജ്ഞാനപരമ്പരം അഭിമാനിച്ചു വരുന്നവർ പറഞ്ഞുവിടുന്ന മിഥ്യാപവാദം ഈ ശാസ്ത്രത്തിന് ഒട്ടും ഉതകയില്ലതന്നെ.

യോഗം ശീലിക്കുന്നവർ പല വിഘ്നങ്ങളും ദുഃഖങ്ങളും നേരിടുവാനെളുപ്പമാണ്.

* (Theosophy.)

(1) ആത്മാവാരേ ദ്രഷ്ടവ്യഃ ശ്രോതവ്യോ മന്തവ്യോ നിദിധ്യാസിതവ്യഃ (ബൃഹദാരണ്യകോപനിഷത്)

എന്തിലും അവയൊന്നും വകവെക്കാതെ മുന്നു പുറപ്പെട്ടാൽ കാലക്രമത്തിൽ മനോനിഗ്രഹവും ദുഃഖനിവൃത്തിയും കിട്ടാതിരിക്കയില്ല. ഇടക്കു നാശമാവുന്ന ഉദ്യമം യോഗിക്കു ദുർഗ്ഗതി വരുത്തുകയില്ലെന്നും, യോഗഭ്രഷ്ടർ ജന്മാന്തരത്തിലും പൂർവ്വവാസനകൊണ്ടു യോഗിയായി തീർന്ന സിദ്ധി സമ്പാദിപ്പാനിട വരുന്നതാണെന്നും ഭഗവാൻ അർജ്ജുനനെ ഉപദേശിക്കുന്നു.(2) അതുകൊണ്ടു യോഗമാർഗ്ഗം അപായം കുറഞ്ഞതും, യോഗസാധനങ്ങളായ യമാദികൾ കായക്ലേശം കൂടാതെ അനുഷ്ഠിപ്പാൻ സാധിക്കുന്നതിനാൽ സുഖസാദ്ധ്യവും കൂടിയാണെന്നു വരുന്നു. യോഗം ശരീരത്തിനു വളരെ ക്ലേശമുണ്ടാക്കുന്നതാണെന്നും, അതിൽ പലതരം അപായങ്ങൾ നേരിടുവാനെളുപ്പമാണെന്നും പൊതുവിൽ ഒരു ധാരണയുണ്ടാവാനിടവന്നതു 'ഹഠയോഗം' എന്നു പറയുന്ന അർവ്വാചീനസൃഷ്ടിയുടെ അപകടങ്ങൾ നിമിത്തമാണ്. രാജയോഗം പ്രകൃതിന്റെ ബലാൽക്കാരേണ നിഗ്രഹിപ്പാനുപദേശിക്കയോ കായക്ലേശത്തെ വിധിക്കയോ ചെയ്യുന്നില്ല. നേരെ മറിച്ചു രാജയോഗം കായക്ലേശത്തെ നിഷേധിക്കയാണു ചെയ്യുന്നത്. വൈദികങ്ങളായ ചില ശാസ്ത്രാഭാസങ്ങളെക്കൊണ്ടു പൃഥഗ്ജനങ്ങളുടെ കണ്ണിൽ പൊടിയിടുവാൻ മാത്രമായി ചിലർ നിർമ്മിച്ചുവെച്ചിട്ടുള്ള കർമ്മങ്ങളിൽ അനുഷ്ഠിക്കേണ്ടതാകുന്നതു സ്വാഭാവികവുമാണല്ലോ.

ആത്മജ്ഞാനം മാത്രമാണു മോക്ഷസാധനമെന്നു വാദിക്കുന്ന വേദാന്തികളും യോഗശാസ്ത്രത്തിൽ പറയുന്ന സമാധിസിദ്ധിമാർഗ്ഗങ്ങളെ അഭിനന്ദിച്ചു കൈക്കൊള്ളുന്നതേയുള്ളൂ.(1) ശാരീരികമീമാംസയിൽ പ്രതിപക്ഷികളെ ഖണ്ഡിക്കുന്ന ഘട്ടത്തിൽ 'ഏതേന യോഗഃ പ്രത്യുക്തഃ'(2) എന്ന സൂത്രംകൊണ്ടു യോഗത്തെയും നിരാകരിക്കുന്ന വ്യാസമഹർഷിക്കു യോഗശാസ്ത്രസിദ്ധാന്തങ്ങളെ അടിയോടെ തള്ളിക്കളയേണമെന്ന താല്പര്യമുള്ളതായി വിചാരിപ്പാൻ യാതൊരു ന്യായവും കാണുന്നില്ല. സാംഖ്യന്മാർ പുറപ്പെടുവിച്ചിട്ടുള്ളതും, യോഗികൾ ആരുമൊന്നു നോക്കാതെ കൈക്കൊണ്ടിട്ടുള്ളതുമായ പ്രധാനകാരണവാദത്തെ—പ്രകൃതി സ്വതന്ത്രമായി ജഗത്തിനെ ഉൽപാദിപ്പിക്കുന്നുവെന്ന മതത്തെ—ഖണ്ഡിക്കേണമെന്നു വ്യാസൻ വിചാരിക്കുന്നുള്ളൂവെന്നു ഭാഷ്യകാരൻ തുടങ്ങിയുള്ളവർ തുറന്നു പറഞ്ഞിട്ടുണ്ട്. യോഗസിദ്ധാന്തങ്ങളിൽ തനിക്കു തീരെ വിസമ്മതമുണ്ടായിരുന്നുവെങ്കിൽ വ്യാസൻ യോഗസൂത്രത്തിനു ഭാഷ്യം നിർമ്മിപ്പാൻതന്നെ തുനിയുമായിരുന്നില്ല.

അനേകം ശതാബ്ദങ്ങൾക്കു മുമ്പുതന്നെ ആദ്ധ്യാത്മികതത്വങ്ങളെ പരിശോധിച്ചറിഞ്ഞു കാലാന്തരത്തിലും നീക്കുപോക്കു വരാത്ത വിധം അവയെ ശേഖരപ്പെടുത്തി മോക്ഷം യഥാർത്ഥരൂപം സിദ്ധിപ്പാനുള്ള മാർഗ്ഗങ്ങളെ നിർമ്മിച്ചു സംസ്കരിച്ചുവെച്ച മഹാത്മാക്കളായ നമ്മുടെ പൂർവ്വപുരുഷന്മാർ അപരിഷ്കൃതന്മാരാണെന്നു ആലോചനയില്ലാതെ പറയുന്ന ഇന്നത്തെ പാശ്ചിമപരിഷ്കാരികളോട് എന്താണ് പറയേണ്ടത്? അഥവാ ഈ വകക്കാരെ എന്തിനു കാര്യമാക്കുന്നു? ഈ ആർഷബുദ്ധികളുണ്ടോ ആ മഹാത്മാക്കളുടെ മാഹാത്മ്യമറിയുന്നു?

2 ഭഗവദ്ഗീത ആറാം അദ്ധ്യായം നോക്കുക.

1 ബ്രഹ്മസൂത്രഭാഷ്യം 4 അദ്ധ്യായം 1 പാദം 6, 7 അധികരണങ്ങൾ നോക്കുക. 2 ബ്രഹ്മസൂത്രം അ 2 പാ 1 സൂ 3

വെള്ള

(മൂസ്സ്)

വെള്ള ഗൃഹത്തിലെ കാരണവന്മാരിൽ ൾക്കും ഇക്കാലംകൊണ്ടും പിന്നീടുണ്ടായി വീണ്ടും പല താവഴിപ്പിരിഞ്ഞുവന്നു. തെക്കേടത്തു, വടക്കേടത്ത്, നടുവിൽപ്പാട്ട്, മേൽപ്പുത്തൂർ എന്നിങ്ങനെ ചില ശാഖകൾ ഉണ്ടായിവന്നു. ഇവയിലുള്ള നമ്പൂതിരിപ്പാടന്മാരെല്ലാം പഠിപ്പു കൊണ്ടു നന്നായി വളരെക്കാലം സമുദായത്തിൽ ഭട്ടതിരിപ്പാടന്മാരായിട്ടാണ് അറിയപ്പെടുകയാൽ ഇവർ ഭട്ടതിരിസ്ഥാനം കല്പിക്കപ്പെട്ടവരായിത്തീർന്നു. വേദവും, ശാസ്ത്രങ്ങളും പഠിച്ച തെക്കേടം, വടക്കേടം, വാരാണസി എന്നും മറ്റും ചില വിഭാഗങ്ങളുണ്ടായി തീർന്നു. ഇവയിൽ ചെറുവർ നമ്പൂതിരിപ്പാടന്മാരായിത്തന്നെ ചേർക്കപ്പെട്ടുള്ളൂ. ഈ കാരണവരിൽ ഒരാൾ 'വെള്ളകാട്ട്' എന്ന മൂലഗൃഹദേവാലയത്തിന് പുറമേ, ചമ്രവട്ടത്ത് എന്നൊരു ഭഗവതിക്ഷേത്രവും പ്രത്യേകപരദേവതാലയമായിട്ടുണ്ട്. കാലാന്തരംകൊണ്ട് ഈ ക്ഷേത്രവും ഇവരുടെ ഊരാണ്മക്കൈവശം വിട്ടു മറ്റു ചില ഊരാളന്മാരുടെ അധീനത്തിലായിക്കഴിഞ്ഞിരിക്കുന്നു. കല്ലുക്കല്ലാകൂർ ഗൃഹത്തിന്റെ മൂന്നാം ശാഖയിൽപ്പെട്ടവരെന്നു പറയപ്പെടുന്ന പാക്കനാർ വഴിയോട് എതിരി മന്ത്രവാദി ഭട്ടതിരിപ്പാടന്മാർ ചമ്രവട്ടത്തെ ക്ഷേത്രത്തിലേക്കു പ്രതിഷ്ഠിച്ചതാണിപ്പോഴും കഴിയുന്നത്. ഈ കാരണവരി വള്ളക്കാരുടെ മാഹാത്മ്യം പറയുകയാണെങ്കിൽ പലതുമുണ്ട്. വളരെ ദീർഘകാലം ഒരു സകലം പഠിച്ചുതീർത്ത ശാസ്ത്രജ്ഞന്മാർ ചില രണ്ടാം സംവത്സരത്തിനിടയ്ക്കു നോക്കിയാൽത്തന്നെ, ഇവരിൽ മേൽപ്പുത്തൂർ ഭവനത്തിൽ നാരായണഭട്ടതിരിപ്പാട് എന്നൊരാളുടെ കഥമാത്രം എടുത്തുകാണിക്കുകയാണെങ്കിൽ കൂടി മതി. അദ്ദേഹം ഉണ്ടാക്കിയ പുസ്തകത്തിന്റെ വലുപ്പവും, അദ്ദേഹം സാഹിത്യവിഷയത്തിൽ ചെയ്തിട്ടുള്ള പരിശ്രമത്തിന്റെ ഫലങ്ങളായ ചില പുസ്തകങ്ങൾ മാത്രം വായിച്ചാൽകൂടി മലയാളികൾ ഇന്നു സംസ്കൃതഭാഷയിൽ നല്ല വ്യുൽപ്പന്നന്മാർ സാധിക്കും. വൈയാകരണന്മാർ കഴിയും, സാഹിത്യവിഷയം പഠിപ്പിപ്പാൻ പാകും; പക്ഷേ ഒന്നായി പലർ തി രേഖപ്പെടും കൂടും എന്ന മാത്രം പറഞ്ഞു നിർത്തുവാനേ ഇപ്പോൾ തരമുള്ളൂ. ഇവരിൽ ഇപ്പോൾ കാരണവന്മാരിൽ ഒരാൾ ഏതാണ്ടു ഭക്തിയിൽ ലയിക്കത്തക്കവിധം കഠിനമായി തപം ചെയ്തിരിക്കുന്നു. തെക്കേടത്തു ഭട്ടതിരിപ്പാട്ടിലെ വംശം, അമ്പലപ്പുഴ രാജാവിന്റെ സ്ഥാനം വഹിച്ചുവരുന്നു. തിരുവിതാംകൂർ മഹാരാജാവ് ആ രാജ്യം പിടിച്ചടക്കിയകാലത്ത് ആ സ്ഥാനം കല്പിച്ചുകൊടുത്തതാണെന്നും മറ്റും കേൾക്കുന്നുണ്ട്. അതിപ്രസിദ്ധനായ നടുവിൽപാട്ട് ഭട്ടതിരിപ്പാട്ടിലെ ജ്യോതിഷവും കേൾക്കാത്ത മലയാളികൾ ചുരുക്കം എന്ന പറയേണ്ടതില്ലല്ലോ. ആ മനയും കാലക്രമത്താൽ തെക്കേടത്തു മനയിലേക്കു ചേർന്നു. വടക്കേടത്തു ഭട്ടതിരിപ്പാട്ടിലെ മനയും അതുപോലെ തന്നെ തെക്കേടത്തു ഭട്ടതിരിപ്പാട്ടന്മാരായും ഇപ്പോൾ കക്കാട്ടു നമ്പൂതിരിപ്പാട്ടിലെ മനയ്ക്കു ചേർന്ന ദത്തെടുക്കപ്പെട്ടുമിരിക്കയാണ്.

ൻറുകൊണ്ടു മുൻപറഞ്ഞ കക്കാട്ടു രാജക്കന്മാരായി പൂർവ്വസംബന്ധവും വിടാതെനില്ക്കുന്നു.

പന്നിയൂർ കൂറകത്തിൽ വാഴുന്നമ്പിസ്ഥാനം വഹിച്ചുവന്നിരുന്ന കക്കാട്ടുഭട്ടതിരിപ്പാട്ടിലെ സ്ഥിതിയാണല്ലൊ സർവ്വോന്നതമായി നില്ക്കുന്നത്. ഈ നമ്പിയാതിരിപ്പാട്ടിലെ മേലന്വേഷണത്തിൽ തിരുനാവായിൽ വെച്ചു പന്തീരാണ്ടുതോറും നടത്തിവന്നിരുന്ന മാമാങ്കമഹോത്സവമദ്ധ്യത്തിൽ ഏർപ്പെട്ടുകഴിയുന്ന മഹാ ജനസഭയിൽ പലവക വ്യവസ്ഥകളും ചെയ്തുവന്നിരുന്നു. എല്ലാ മലയാളികളും മുമ്പിൽ കടമ കുമിക്കു, വെള്ളവസ്ത്രം മുതലായിട്ടുള്ള കേരളാചാരചിഹ്നങ്ങളെ സ്വീകരിച്ചു വരുന്നതും, പന്തീരാണ്ടുകൂടുമ്പോൾ ജന്മികുടിയാന്മാർ തമ്മിൽ അവകാശം സ്ഥിരപ്പെടുത്തി പൊളിച്ചെഴുത്തു കഴിച്ചുവരുന്നതും, പലജാതിക്കാർക്ക പരസ്പരാപേക്ഷാനടപടികൾ കാണുന്നതും, മറ്റുപലതും അന്നത്തെ മഹാ ജനസഭാനിശ്ചയങ്ങളുടെ നിലനില്പിന്റെ ലക്ഷ്യങ്ങളാകുന്നു.

ഇങ്ങിനെയൊക്കെയാണെങ്കിലും ഗ്രാമികലഹങ്ങൾ പുറപ്പെട്ടു. ഒരു കൂറുവ്യവസ്ഥകൊണ്ടു ശമിച്ചു. പിന്നെ ശുകപുരവും പന്നിയൂരും തമ്മിൽ മത്സരം ജനിച്ചു. തമ്പുരാക്കന്മാരുടെ അവരോധംകൊണ്ട് അതു ഒരുവിധം നശിച്ചു. പിന്നെയും നാലു കൂറുകക്കാർ തമ്മിൽ കിടമത്സരം ഉണ്ടായിട്ടുണ്ടു. ഇതിനും, മഹാ ജനസഭയിൽ സമാധാനമാർഗ്ഗം കണ്ടുപിടിച്ചു. ഇതുകൂടാതെയും തമ്പുരാക്കന്മാർപോലും ഭിന്നിച്ചുപോയ ഈ കലഹത്തിന്റെ സമാധാനമാർഗ്ഗം മലയാളത്തിൽ ഒരു വലിയ മാറ്റത്തിന്ന കാരണമായി തീർന്നു. നമ്പൂതിരിമാരുടെ സ്വാതന്ത്ര്യാധികാരത്തിന്ന് ഇവിടെ വെച്ചാണ് ഒരു ഭംഗം സംഭവിപ്പാനിടയായത്, ഇക്കാലത്താണ പെരുമാക്കന്മാരുടെ അവരോധത്തിന്റെ ഉത്ഭവം. കേരളത്തിന്റെ സർവ്വാധിപത്യം വഹിക്കുന്ന ഒരു ക്ഷത്രിയ (കോവിൽ) രാജാവിനെ പരദേശത്തുനിന്നുകൊണ്ടു വന്നു മലയാളിയാക്കി പന്തിരാണ്ടു മാത്രം അവരോധിക്കയായിരുന്നു ഈ നിശ്ചയത്തിന്റെ സമ്പ്രദായം. ഇപ്രകാരം ആദ്യത്തെ പെരുമാളെ അവരോധിച്ചകാലത്തെ കലിവർഷസംഖ്യ 'ഭൂമിർഭാഗം' എന്നാണ്. ഇതിൽകൊണ്ടു എന്നതിൽനിന്നുള്ള ഈ സംഖ്യപ്രകാരം കലിവർഷം ൨൯൨൨ ആകയാൽ ഇന്നേക്കു രണ്ടായിരത്തിരുപത്തിനാലു സംവത്സരം മുമ്പാണ് ഈ അവരോധം കഴിഞ്ഞതെന്നു സ്പഷ്ടമാകുന്നു. ഈ അവരോധത്തോടു കൂടിയാണ് മലയാളത്തിൽ ഇന്നുള്ള ക്ഷത്രിയകുലങ്ങൾ കടന്നുകൂടിയിട്ടുള്ളത്. ഇക്കാര്യത്തിൽ, കക്കാട്ടുഭട്ടതിരിപ്പാടായ പന്നിയൂർവാഴുന്നമ്പി, പ്രവർത്തകന്മാരിൽ ഒന്നാമനായിരുന്നു എന്നു മാത്രമല്ല, ഇങ്ങിനെ പന്തീരാണ്ടുതോറും വന്നുകൂടുന്ന ക്ഷത്രിയർക്ക് കുടിയിരിപ്പാൻ സ്വന്തം ഭൂമിയിൽ വന്നേരിനാട് എന്നൊരംശം വിട്ടുകൊടുത്തതും ഈ മഹാനന്മാർ തന്നെയാണ്. മലയാളത്തിൽ ഇന്നുള്ള സകല ക്ഷത്രിയർക്കും ഈ വന്നേരിനാട് മൂലസ്ഥാനമാണ്. കക്കാട്ടു ഭട്ടതിരിപ്പാട് ജന്മിയുടെ നിലയിലും കൂടി മാന്യനാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

പെരുമാക്കന്മാരെ അവരോധിക്കുന്നതിന്ന്, മുമ്പ് അവരോധിക്കപ്പെട്ട ഒരു തമ്പുരാക്കന്മാരോടുകൂടി നാലു കൂറകത്തിലെ വാഴുന്നമ്പിമാരായ നമ്പൂതിരിമാരും ഒത്തൊരുമിച്ചു മാമാങ്കമഹാജനയോഗത്തിൽ വെച്ചു 'പെരുമാളായി വാഴ്ക' എന്നു വിളിച്ചുപറയുകയാണ പതിവ്. 'പ്രചാരത്താം മേതി

ന്ദുപതിന്നായകോ രാജ്യവഷ്ട്യാഃ' എന്ന ഗ്രന്ഥസന്ദേശത്തിൽ പറഞ്ഞിട്ടുള്ളത് ഈ പെരുമാളുമാരുടെ ക്രമത്തെക്കുറിച്ചാകുന്നു. ആവരോധത്തോടു കൂടി പെരുമാക്കന്മാർ മറ്റു ജനസഭയിൽ വെച്ചു നാടുകളിൽ ഓരോ വർക്കാക്കി ചില വാഗ്ദാനങ്ങൾ ചെയ്തു കൊടുക്കണം എന്നും പതിവുണ്ട്. ഈ വക സത്യങ്ങൾക്കെപ്പോഴും ബ്രാഹ്മണവർഗ്ഗത്തിന്റെ സ്വാതന്ത്ര്യം പ്രവർത്തിച്ചിരുന്നു. ആനന്തരത്തെപ്പറ്റിയുള്ള ചെങ്ങപ്പെരുമാളുടെ കോണ്ടുപോകും സങ്കടത്തിന്നിടയായി. ആകാലത്തു തളിയാതിരിമാരുടെ ഉത്ഭവം പെരുമാക്കന്മാരുടെ പ്രമുഖന്മാർ കീഴടങ്ങി നിന്നിരുന്നതിനാൽ ഇവരുടെ ഐകമത്യം കൊണ്ടും പാരമ്പര്യം പാരമാർത്ഥമുണ്ടായില്ല. തമ്പുരാക്കന്മാരുടെയും രാജപാലന്മാരുടെയും മറ്റു ബ്രാഹ്മണരുടെയും ഒരു ഗുരുസന്നിധിയിൽ വെച്ച്, ഈ പെരുമാളെ എഴുന്നെള്ളിക്കുകയും ഇല്ലാത്തപക്ഷം പെരുന്നാളിനുള്ള ഭാരം പാറിയിൽ വാഴുന്നവരായ കക്കാട്ട് മൂത്തിരിപ്പാടന്മാരുടെ കയ്യിൽ കൊടുക്കേണ്ടിവന്നു. അങ്ങനെ ആ വീരപ്പെരുമാളെ ഗന്ധർവ്വക്ഷിപ്പാടിന്റെ ചതിയിൽ വെട്ടിക്കൊന്നു 'ചന്ദ്രനാറില്ല' എന്ന കലിവർഷസംഖ്യാകാലത്ത് ഇല്ലാതാക്കിക്കളയുകയും ചെയ്തു. തമ്പുരാക്കന്മാർ മുതലായ മഹാബ്രാഹ്മണന്മാർ പൂർവ്വാധികം ആദരിച്ചു എങ്കിലും, 'വഞ്ചനായാൻ വീരഹന്താ മഹാപാതകവും കഠിനമാണ്' എന്നല്ല വിചാരത്തിന്മേൽ കക്കാട്ടു മൂത്തിരിപ്പാടായ ഈ വാഴുന്നവർ സ്വന്തം ഇടത്തു 'നമ്പിടി'യായി വേറെ പിരിഞ്ഞിരിക്കാതെ ഉള്ളു. ഇങ്ങിനെ കക്കാട്ടു മൂത്തിരിപ്പാട്ടിലെ കലവും കരേറി നിരിഞ്ഞതിൽ ജ്യേഷ്ഠവംശം നമ്പിടിനിലയിൽ വാഴുന്നവർസ്ഥാനവും ചമഞ്ഞു വന്നു. ഈ ചരിത്രത്തിന്റെ സൂചനകൾ ഇന്നും കക്കാട്ടുകാരണവപ്പാട്ടിലെ സ്ഥാനാരോഹണത്തിലുള്ള ചടങ്ങുകൾകൊണ്ടു വ്യക്തമാകുന്നുണ്ട്. ഈ നമ്പിടിയായ കക്കാട്ടു വംശം കാലാന്തരംകൊണ്ട് എളിയതായ ഒന്നും, ആയനിക്കുറൊന്നും രണ്ടായിത്തിരിഞ്ഞു. അതിൽ വാഴുന്നവർസ്ഥാനം അപ്പെങ്കിൽ നമ്പിയാതിരിപ്പാട്ടുസ്ഥാനം എളിയതായുള്ളവർ, കക്കാട്ടു കാരണവപ്പാട്ടു സ്ഥാനം ആയനിക്കുറിലെക്കും സ്ഥാപിക്കപ്പെട്ടു. വളരെക്കാലം ഈ സ്ഥാനം രണ്ടും കാരണവപ്പാട്ടിലെക്കായിരുന്നു എങ്കിലും, കാലാന്തരംകൊണ്ടു വന്നുകൂടി ലയിപ്പിച്ചിരുന്നതായ 'എറാട്ടപെരുമ്പടപ്പ്' മന്ദത്തിൽ ഇവർ തിരിഞ്ഞ് പോരുമ്പോൾ രാജ്യത്തിൽ പക്ഷം കൊള്ളുകയാൽ, ഇങ്ങിനെ സ്ഥാനവും കൂടി പകിട്ടുവരാൻ എളുപ്പത്തിൽ സംഗതിയായിത്തീർന്നു. ഇതിൽ എളിയതായുള്ളവർക്കാർ ഇന്നും സാമൂതിരിപ്പാട്ടിലെക്കീഴിൽ 'മാലിയാൻ' വാങ്ങി വരുന്നതും, ആയനിക്കുറുകാർ കൊച്ചിരാജാവിന്റെ പ്രത്യേകം ആശ്രയിലായിൽ അന്നവും പാറിവരുന്നതും ഇതിന്നു സൂചകങ്ങളാകുന്നു എന്നു നിസ്സംശയം പറയാം. ഈ എളിയതായുള്ളവരിലും ആയനിക്കുറുകരിലും തമ്മിൽ പലപല കലഹങ്ങൾ നടത്തിയതായും പ്രസിദ്ധിയുണ്ട്. ഇവർ ഇരുവർക്കും ക്രമേണ പല ശാഖകളായിപ്പിരിഞ്ഞിട്ടുണ്ട്. എളിയതായുള്ളവർ, എളിയതായുള്ള, പുന്നത്തൂർ, മണക്കുളം, ചിറ്റാഞ്ഞൂർ എന്നിങ്ങിനെ പേർതിരിഞ്ഞു. ആയനിക്കുറുവർ, പെരുമ്പടപ്പ്, കരുവപ്പടി, ആന്ത്രാട്ട് എന്നും മറ്റുമായും പിരിഞ്ഞു. ഇവരെല്ലാം തെക്കെപാരമ്പര്യ സംബന്ധമുള്ളവരായും, മലമക്കത്തായസമ്പ്രദായം അനുഷ്ഠിക്കുന്നവരായും, ജാതിയിൽ അന്തരാളന്മാരായും കഴിഞ്ഞുവരുന്നു. ഇവരെ ചമ്പാതിനമ്പ്യാതിരിവംശക്കാരെന്നും, തലപ്പിള്ളിരാജവംശക്കാരെന്നും

[illegible] പറഞ്ഞു വരുന്നു.

കക്കാട്ട് ഭട്ടതിരിപ്പാട്ടിലെ [illegible] കക്കാട്ട് ഭട്ടതിരിപ്പാടായിത്തന്നെ കഴിയുന്നു. [illegible] കക്കാട്ട് ഭട്ടതിരിപ്പാട്ടിലെ [illegible] കക്കാട്ട് ഭട്ടതിരിപ്പാട്ടിലെ [illegible] കക്കാട്ട് ഭട്ടതിരിപ്പാടായിത്തന്നെ കഴിഞ്ഞുവരുന്നു.

ഈ വിധം പല [illegible]

[illegible] (ചിലപ്പതികാരം) ഗ്രന്ഥകാരനായ ഇളങ്കോവടികളും [illegible]

ററി ഉദ്ദണ്ഡശാസ്ത്രികൾ പ്രശംസിക്കുന്നു. ഈ മീമാംസാസിദ്ധാന്തം ബുദ്ധമതക്കാരോട് പൊരുതുന്നതിനു നമ്പൂതിരിമാർക്ക് നല്ലൊരായുധമായിത്തീർന്നു. ഈ വിഷയത്തിൽ വെള്ളഗ്രാമക്കാരായ ഭട്ടതിരിപ്പാടന്മാർ പാടുപെട്ടു പഠിച്ച പാണ്ഡിത്യം കാണിച്ചുവെന്നുള്ളതിന്ന് അവരുടെ കൂട്ടത്തിലായ ഭട്ടതിരിപ്പാട്ടുസ്ഥാനം തന്നെ ലക്ഷ്യമാകുന്നു. പാണ്ഡിത്യവിഷയത്തിൽ പന്നിയൂർ കഴകത്തിലുള്ള നമ്പൂതിരിമാർ മുമ്പിട്ടുനിന്നിരുന്നു. അതിലും വിശേഷിച്ച് പ്രഭാകരൻ എന്ന പുതിയ മീമാംസാപ്രസ്ഥാനത്തിന്റെ പ്രവർത്തകന്മാരായ ചൊവ്വരത്തുകാർ ഒപ്പം നേടിയിരുന്നു. പ്രത്യേകം പന്നിയൂർ ഗ്രാമക്കാർക്കു പാണ്ഡിത്യം ചൊവ്വരം ഗ്രാമക്കാർക്ക് എന്നതെന്ന പ്രായത്തിൽ നിലയിലായിരുന്നു. ഇവർ തമ്മിൽ വീണ്ടും മത്സരവും കുറഞ്ഞ വഴിക്കായിരുന്നില്ല. ശാസ്ത്രീയ വർക്കലാഭദ്രപ്പെരുമാളുടെ ഭൂപ്രത്യ സംവത്സരകാലത്തെ ഭാരതത്തിലായിരുന്ന പെരുമാൾഭരണത്തിന്റെ തുടക്കമില്ല. അതോടുകൂടി തന്നെ പെരുമാക്കന്മാരുടെ ഭരണാധികാര സമ്പ്രദായവും അവസാനിച്ചു. 'ദിവൊഗഃ' എന്ന കലിവർഷകാലത്താണ് അവസാനിച്ചത്. ഒരു ൪൪൪.൦ കലിവർഷത്തെ ഈ സംവത്സരത്തിൽ തന്നെയാണ മേഴത്തോൾ അഗ്നിഹോത്രിയുടെ ജനനവും. അദ്ദേഹം നാട്ടുവാണിരുന്ന എട്ട് പ്രഭുക്കന്മാരുടെ വൃ ത്തിയിൽ കാരണത്തോടുകൂടി ഇതി വിളമ്പിച്ചുകൊണ്ടായ ഈ കാലഘട്ടത്തിൽ, തമ്പുരാക്കന്മാരോടുകൂടിയ തളിയാതിരിമാർക്കായിരുന്ന പെരുമാളുഭരണാധികാരവും നിയമാധി എന്ന പ്രായത്തിലുള്ളത്. എന്നാൽ കൂട്ടുകാർക്കണ്ടായിരുന്ന പഴയ സിദ്ധാന്തത്തെ അനുസരിച്ച്, തിരുവായിൽ മാമാങ്കം നിശ്ചയിപ്പാനുള്ള

മുമ്പും കൂറ്റും മാത്രം നശിച്ചില്ല. അതു മാമാങ്കമഹോത്സവം നടന്നിരുന്ന കാലം മുഴുവനും നിലനിന്നിരുന്നു. ശുകപുരം ഗ്രാമക്കാരായ മേഴത്തോൾ അഗ്നിഹോത്രി മലയാളികളുടെ ഇടയിലും യാഗം ചെയ്യുന്ന സമ്പ്രദായം നടപ്പാക്കിയതോടുകൂടി മീമാംസാശാസ്ത്രത്തിനു വീണ്ടും പ്രകാശവും പ്രചാരവും സിദ്ധിച്ചു. മലയാളത്തിൽ പ്രധാനപ്പെട്ട ഗ്രാമങ്ങളിലുള്ള യോഗ്യരായ നമ്പൂതിരിമാരിൽ പലരും യാഗം ചെയ്തുവന്നു. എന്നുമാത്രമല്ല, ഇതിന് മുൻകാലങ്ങളും ഉദ്യോഗത്തോടുള്ള വിചാരത്താൽ ഉത്തമഗ്രാമങ്ങളിലെല്ലാം വെവ്വേറെ കഴകക്ഷേത്രങ്ങളും ഭാഗ്യം വരുമെ സത്രങ്ങളും ഉണ്ടായി. ഈ മഠങ്ങളും സത്രങ്ങളും ഇന്നും നശിച്ചുപോകാതെ നിലനില്ക്കുന്നുണ്ട്. ഈ വക വ്യവസ്ഥകളിൽ പന്നിയൂർ ഗ്രാമക്കാർ 'മുമ്പും കൂറ്റു'മുണ്ടായിരുന്നു എന്നതും പ്രസിദ്ധമാണ്. വെള്ളഗ്രാമക്കാർ ഇവയെല്ലാറ്റിലും എന്നാലും അവരുൾപ്പെട്ടിരുന്നു എന്നല്ലാതെ സ്വന്തം അഗ്നിഹോത്രികളായിരുന്നവരോ എന്നത് സംശയമാണ്. സാധാരണയായി അവരുടെ നമ്പൂതിരിപ്പാടന്മാർ യാഗം ചെയ്തിരിക്കുമെന്നല്ലാതെ ചെയ്തു പതിവില്ലാതെ കേവലം ശ്രൗതത്തിനെ മാത്രം പ്രമാണിച്ചു വരികയേയുള്ളൂ. ഇപ്പോഴത്തിൽ വെള്ളഗ്രാമക്കാരെ നിസ്സാരമായി വിചാരിപ്പാനാണ ന്യായം.

കഴകങ്ങളുടെ ഇടയിൽ പന്നിയൂർ ഗ്രാമക്കാർക്കുണ്ടായിരുന്ന 'മുമ്പും കൂറ്റും' അധികം കാലം നിലനില്പാൻ സംഗതിയായില്ല. അപ്പോഴേക്കും ആ ഗ്രാമത്തിന് ഒരു വലിയ ആപത്തു വന്നു പിടിപെട്ടു. പന്നിയൂർകാർ ചിലർ, പാണ്ഡിത്യത്തിൽ മുമ്പിട്ടുനില്ക്കുന്ന ചൊവ്വരത്തുകാരോട് മത്സരം നിമിത്തം പരദേശത്തു പോയി പഠിച്ചും,

[illegible] പട്ടരെ [illegible] ടികൊണ്ടുപാർപ്പിപ്പാൻ ശ്രമിച്ചതും, വരാഹമൂർത്തിയുടെ പഴയ ക്ഷേത്രത്തിന്നു വിരോധമായി കേരളാചാരം സ്വീകരിക്കാത്ത [illegible] ഇവിടെ പാർപ്പിച്ചുവരുകയും [illegible] ആ ഗ്രാമപരദേവതയായ വരാഹമൂർത്തിയുടെ ചൈതന്യം ക്ഷയിപ്പിപ്പാൻ പുറപ്പെട്ടതും ക[illegible]യിൽ വരാഹമൂർത്തിയെ തന്നെ ചുട്ടുപൊട്ടിച്ചതും പ്രസിദ്ധമായ ഐതിഹ്യമാണല്ലോ. 'ചിത്രചമ്പു' എന്ന കവി [illegible] കാലത്താണ് ഈ [illegible] നടന്നതു്. ഈ ഉപദ്രവത്തിന്നു പായിയൂർഗ്രാമത്തിലെ ചില ശ്രേഷ്ഠ ബ്രാഹ്മണ[illegible] [illegible] തന്നെ [illegible] [illegible] സാധിച്ചില്ല. [illegible] [illegible] അവഹേളനവും വിദ്വേഷവും ആയിരുന്നു താനും. ഇതിൽ [illegible] കഴികയില്ലെന്നു വന്നപ്പോൾ [illegible] നടക്കുന്ന ഈ ഗ്രാമം തന്നെ വിട്ടൊഴിഞ്ഞു പോകുവാൻ അധികപക്ഷം ആളുകളും തീർച്ചപ്പെടുത്തി. [illegible] കൂട്ടമായി കുടിയിരുത്തിപ്പാർപ്പും ചെയ്തു. ഇക്കൂട്ടത്തിൽ പായിയൂർഗ്രാമത്തിലുള്ള [illegible]ഗ്രാമത്തിലുൾപ്പെട്ട അഞ്ചു ഗ്രാമക്കാരും ഒഴിഞ്ഞു പോയി. [illegible]ഗ്രാമക്കാർ തമ്പുരാക്കന്മാരും കൂടി [illegible] ചൊവ്വരം ഗ്രാമത്തിൽ ചേർന്നു. [illegible] ഗ്രാമക്കാർ ചൊവ്വരത്തു തന്നെ ചേർന്നു. [illegible] ഗ്രാമക്കാർ [illegible] ഗ്രാമത്തു പോയി കൂടി. [illegible] ഗ്രാമക്കാർ [illegible] നാട്ടുഗ്രാമത്തിൽ ചേർന്ന് അധിവാസം പ്രാപിച്ചു. വെള്ളിഗ്രാമക്കാരും പലവഴിക്കു തിരിഞ്ഞുപോയി. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]. [illegible] ഇക്കാലത്തു [illegible] [illegible] [illegible]. [illegible] [illegible] [illegible] [illegible]. [illegible] ചില [illegible] [illegible] [illegible] [illegible] [illegible] [illegible], [illegible] [illegible] [illegible] [illegible] [illegible], കേവലം [illegible] [illegible] പായിയൂർഗ്രാമത്തിൽ തന്നെ [illegible] കൂടി. വെള്ള, [illegible] (കോട്ടയിലെ രാജാവ്) എന്നിങ്ങിനെ [illegible] ഇവരിൽ [illegible] പായിയൂർഗ്രാമം [illegible] വകയിൽ പെട്ടവരാണ്. ഇവരിൽ [illegible] [illegible] [illegible] [illegible] ഇരിപ്പായി പായൂർ ഗ്രാമത്തിൽ ചേർന്നു [illegible] ചെയ്തത്. [illegible] [illegible] ഇന്നും പ്രധാനമായി [illegible] ആയി ഗണിച്ചു വരുന്നത്. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] നടന്ന [illegible] [illegible] ഗ്രാമത്തെ [illegible] [illegible] പ്രാപിച്ചു [illegible]. [illegible], [illegible], [illegible] എന്നിവയിലും [illegible] ഗ്രാമങ്ങളിലും [illegible] കടന്നുകൂടിക്കഴിച്ചുകൂട്ടി എന്നായി [illegible]. പ്രസിദ്ധപ്പെട്ട പായിയൂർ ഗ്രാമ[illegible] [illegible] [illegible] സ്ഥിതി [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] എല്ലാം കൂടി [illegible] [illegible] [illegible] എന്നേ പറയേണ്ടൂ.

(ശുഭം).

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

ഹിന്ദുക്കളുടെ സത്യനിഷ്ഠ

[illegible] ശ്രദ്ധേയമായ ആത്മാഭിമാനത്തിനു ഹേതുവായ പൂർവ്വന്മാരെയും ഉപേക്ഷിക്കാനുള്ള തീർച്ചയായും വലിയകുറ്റമാണ്. ആത്മാഭിമാനം ഉദ്ബോധനവും, സ്വന്താഭിമാനത്തെയും വർദ്ധിപ്പിക്കുന്നതാണല്ലോ. അവന്റെ പ്രപിതാമഹന്മാർ [illegible] ദുഷ്ടന്മാരായിരുന്നു എന്നു കേൾക്കുമ്പോൾ ലജ്ജിക്കാത്ത[illegible]വൻ ഉണ്ടോ എന്നു സംശയമാണ്. നേരെ മറിച്ച്, അവരെല്ലാം ശിഷ്ടന്മാരായിരുന്നു എന്നാണ് കേട്ടതെങ്കിൽ, അവന്റെ ആഹ്ലാദത്തെ മുഖപ്രസാദവും കാണേണ്ടതുതന്നെ. കേൾവി നേരായാലും പൊളിയായാലും, ഫലത്തിൽ വ്യത്യാസമില്ല. ഇതിനെപ്പറ്റി ഒരു ചെറിയ കേൾവിയിൽ പോലും നമ്മുടെ [illegible] ഉപേക്ഷിക്കയാണെങ്കിൽ, അവ ഗൗരവമായി നമ്മുടെ ഹൃദയത്തിൽ പതിയത്തക്കവണ്ണം, നമ്മുടെ പൂർവ്വചരിത്രത്തെ പഠിച്ച് നിഷ്പക്ഷമായി തെളിയിക്കുന്നതിൽ നിന്നു നമുക്കു [illegible] ഉണ്ടാകാവുന്ന ഗുണം നിസ്സാരമെന്ന വെച്ചു തള്ളുവാൻ പാടുള്ളതല്ല. കുറച്ചു കാലം മുമ്പ് [illegible] 'കീസർപ്പിള' എന്നും മറ്റുമായ ഒരു സമ്പ്രദായം വെച്ചു പ്രാചീനഹിന്ദുക്കളുടെ സത്യനിഷ്ഠയെ അഭിനന്ദിച്ചു പറഞ്ഞതാണ് ഇപ്പോൾ എന്റെ ഓർമ്മയിൽ ഉദിക്കുന്നത്. അവന്റെ ബ്രിട്ടീഷ് ഇന്ത്യാ ചരിത്രത്തിൽ, ഹിന്ദുക്കളെ ദുഷിച്ചു പറയുന്നിടത്തു 'ബ്രാഹ്മണർ എന്നു പറഞ്ഞാൽ പൊളികളുടെ ഒരു കൂട്' എന്ന് ആത്മമാരെന്നു വിവരിച്ചിരിക്കുന്ന 'മിൽ' എന്ന പാശ്ചാത്യസാഹിത്യകാരനെ അപ്പോഴും അനുഭവപ്പെടുത്തിയത് ഒരു വിധത്തിൽ യുക്തമായിരിക്കാം. എന്നാൽ ഒരു ഭാരതപ്രതിനിധിയുടെ നിലയിൽ വിചാരിക്കുമ്പോൾ ഒരു ഭൂഖണ്ഡത്തിന്റെ ആ അഭിപ്രായപ്രകടനം തികച്ചും അന്യായമാണെന്നു പറയേണ്ടതില്ലല്ലോ. ഇത്തരം ആക്ഷേപങ്ങൾ ചാർത്തിക്കൊണ്ടു നിരാശപ്പെടുത്തിക്കൊണ്ടിരിക്കുന്ന യുവാക്കന്മാർ തങ്ങളുടെ പൂർവ്വികന്മാരുടെ കഥാ സദ്ഗുണങ്ങളെ അറിയുക, അതിനെ ചിന്തിക്കയും ചെയ്യുന്നതുകൊണ്ടു വളരെ പ്രയോജനമുണ്ടാവാനാണ്. ഹിന്ദുക്കളുടെ സത്യനിഷ്ഠയെപ്പറ്റി പ്രസ്താവിപ്പാൻ പുറപ്പെട്ടതിൽ എനിക്ക് ഈ ഉദ്ദേശം ഇവിടെ വ്യക്തമായല്ലോ.

ഹിന്ദുക്കൾ സർവ്വോപരി വിശ്വസിക്കയും, സ്തുതിക്കയും, ബഹുമാനിക്കയും ചെയ്തിരുന്ന പ്രമാണം 'സത്യമേവ ജയതി നാനൃതം' (സത്യംതന്നെ ജയിക്കുന്നു. അസത്യമല്ല) എന്നുള്ളതായിരുന്നു. അവരുടെ എല്ലാ ധർമ്മശാസ്ത്രങ്ങളിലും സത്യം പറയണം എന്ന വാക്യം മുന്നിട്ടു നില്ക്കുന്നു. ആയിരം അശ്വമേധയാഗങ്ങൾക്കു പരമായും, സത്യവും കൂടെ തുലാസിലാക്കിയാൽ സത്യത്തിന്റെ ഭാഗം അധികം കനം തൂങ്ങുമെന്ന് അവർ വിശ്വസിച്ചുവന്നു. 'ഞാൻ സത്യം പറയുന്നതിനാൽ മരണം അതുഭവനായി ഭവിക്കുന്നു.' * എന്നാണ് അവർ സിദ്ധാന്തിച്ചിരുന്നത്. ഒരു കറിയുടെ കൂട്ടിൽ വെ

* ശതപഥബ്രാഹ്മണം 3. 1. 2. 11

ച്ചിരിക്കുന്ന വാളിന്റെ വായ്ത്തലയിൽ നടക്കുമ്പോലെ അസത്യവാദം അത്ര ആപൽ

കർത്താവെന്നു തൈത്തിരീയാരണ്യകത്തിൽ പറഞ്ഞിരിക്കുന്നു. ശതപഥബ്രാഹ്മണത്തിൽ ഒരാൾ മറ്റൊരാളോട് 'ഭഗവാനിതു ഉപലിപ്പിക്കണം' എന്നു പറയുമ്പോൾ 'സംസാരിക്കയോ?' എന്നാണല്ലോ ഉദ്ദേശം അതുപദേശിച്ചത്' എന്നാണ് അതിന് ഉത്തരം ഉത്തരം പറയുന്നത്. എന്തുതന്നെ മനസ്സിലുണ്ടായാലും 'സംസാര'ത്തിൽ അസത്യസംഗം കൂടാതെ കഴിപ്പാൻ പ്രയാസമാണെന്നുള്ള തത്വമാണ് ഇതിൽ അന്തർഭവിച്ചിട്ടുള്ളത്. ഇതുകൊണ്ടാണല്ലോ ഇന്ത്യാരാജ്യത്തിൽ നിവൃത്തി നിരതന്മാരായ അത്ര വളരെ മുനിശ്രേഷ്ഠന്മാർ ഉണ്ടാകുവാൻ ഇട വന്നത്. 'സത്യായമിതഭാഷിണാം' എന്നു കാളിദാസമഹാകവി രഘുവംശരാജാക്കന്മാരെ വർണ്ണിച്ചിട്ടുള്ളതിന്റെ അർത്ഥവും മറ്റൊന്നല്ല.

ഭാരതയുദ്ധകാലത്തെ കഥപോലെയുള്ള ചരിത്രങ്ങളെപ്പോലും നിരീക്ഷിച്ചുവാൻ നിഷ്പക്ഷപാതമാരെന്ന തോന്നത്തക്കവണ്ണം പ്രാചീനഹിന്ദുക്കൾ അത്ര വളരെ സത്യനിഷ്ഠയുള്ളവരായിരുന്നു. ഗ്രീസ്ദേശത്തിന്റെ ഹെറഡോട്ടസ്, തസിഡൈഡ്സ്, സിനഫൻ മുതലായ ചരിത്രകാരന്മാരുടെയും ചരിത്രങ്ങളെപ്പോലെ, തങ്ങളുടെ പ്രിയതമരായ രാജാക്കന്മാരെ ആവശ്യപ്പെട്ടമട്ടിൽ സ്വരൂപിച്ചു കാണ്മാൻ വിചാരിക്കാത്ത ഒരു വകക്കാരാണ് ഹെറഡോട്ടസ് സത്യാദരണയുടെ കൊണ്ടു മാത്രം അനുവദിക്ക കൊടുത്തത്. 'പണ്ഡിതന്മാരുടെ വിചാരം ചെയ്യുന്നതിന്ന പകരം, രാജ്യതന്ത്രജ്ഞന്മാർ എന്തുതന്നെ കല്പിച്ചാലും വിരോധമില്ല അങ്ങിനെ ചെയ്യും' എന്നു പറഞ്ഞ ഹെറഡോട്ടസ് നിശ്ചയമായും തന്റെ അടുത്ത ഭാവിയെക്കുറിച്ച് ഒന്നും വിചാരിച്ചിട്ടുണ്ടായിരുന്നില്ല. തന്റെ ധനം, സ്വാതന്ത്ര്യം ജീവിതം എന്നിവയുടെ രക്ഷ, ഒരൊറ്റ അസത്യവചനത്തെ മാത്രം അവലംബിച്ചിരുന്നിട്ടും സത്യത്തെ ഉപേക്ഷിക്കാത്ത മനോവൃത്തി ഗ്രീസിൽ (ഇന്ത്യയിൽ) താൻ കണ്ടിട്ടുണ്ടെന്നു കഴിഞ്ഞ ആൾക്കാർ പറഞ്ഞതിൽ എന്താണുള്ളത്?

ഹിന്ദുക്കളുടെ സാമുദായികമായ പ്രത്യേകസ്വഭാവങ്ങളെ വിവരിപ്പാൻ ശ്രമിച്ചിട്ടുള്ള എല്ലാ വിദേശീയരും ഹിന്ദുക്കളുടെ സത്യനിഷ്ഠയെ പ്രത്യേകം ശ്ലാഘിക്കാതിരുന്നിട്ടില്ല. ചന്ദ്രഗുപ്തന്റെ സഭയിൽ ഗ്രീക്ക്സ്ഥാനപതിയായിരുന്ന 'മെഗസ്തനി സ്സ്' ഹിന്ദുക്കളുടെ ഇടയിൽ മോഷണം ഒരിക്കലും കാണാറില്ലെന്നും, അവർ സത്യത്തെയും സൽഗുണങ്ങളെയും ബഹുമാനിച്ചിരുന്നു എന്നും പറയുന്നു. 'എപ്പിക്ടീറ്റസ്സിന്റെ ശിഷ്യനായ അറിയൻ, മെഗ സ്തനീസ് 'ഹിന്ദുക്കളുടെമേൽ അസത്യമാരോപിക്കപ്പെടുവാനിടയില്ല' എന്നു പ്രസ്താവിച്ചിട്ടുണ്ട്. ചൈനാരാജ്യത്തെ ബൌദ്ധതീർത്ഥയാത്രക്കാരിൽവെച്ച് ഏറ്റവും കീർത്തിമാനും, ക്രിസ്ത്വബ്ദം ഏഴാം ശതാബ്ദത്തിൽ ഇന്ത്യയെ സന്ദർശിച്ച ഒരാളുമായ ഹിയാൻ സാങ്ങ് ഹിന്ദുക്കളെ കുറിച്ച് ഇങ്ങിനെയാണ് പറഞ്ഞിരിക്കുന്നത്. 'അവരുടെ സത്യസന്ധതയുടെ വിശേഷവിധിയായ ഒന്നാം ലക്ഷണമാണ്.' ഇദ്രിസി എന്ന ഒരാൾ പതിനൊന്നാംനൂററാണ്ടിൽ എഴുതിയ തന്റെ ഭൂമിശാസ്ത്രത്തിൽ ഹിന്ദുക്കളെക്കുറിച്ചുള്ള അഭിപ്രായം ഇങ്ങിനെ ചുരുക്കി എഴുതിയിരിക്കുന്നു. 'ഇന്ത്യക്കാർ സ്വതവേ നീതിയുള്ളവരാണ്, യാതൊരു പ്രവൃത്തിയിലും അവർ നീതിയിൽനിന്നു വ്യതിചലിക്കാത്തവരാണ്. അവരുടെ വിശ്വാസ്യത, സത്യനിഷ്ഠ എന്നിവകൾ സുപ്രസിദ്ധമാണ്. നാലുപുറത്തുനിന്നും ഇവരുടെ രാജ്യ

ങ്ങളെ വിദേശീയർ കൂട്ടംകൂട്ടമായി വന്നു കണ്ടിട്ടും ഇവർ ഒരു വക ഗ്രന്ഥങ്ങളൊക്കെ മാത്രം വളരെ കീർത്തിപ്പെട്ടിരുന്നു.' പതിനാലാം ശതാബ്ദത്തിൽ 'മാർക്കോപോളോ' എന്ന ഒരു സഞ്ചാരി താഴെ പറയുന്ന സംഗതിക്ക് സാക്ഷിയായി നില്ക്കുന്നു. 'ഇവർ (ഹിന്ദുക്കൾ) ലോകത്തിൽവെച്ച് എറ്റവും നല്ല കച്ചവടക്കാരും എറ്റവും സത്യമുള്ളവരുമാണ്' 'ഫ്രയർ ജോർഡാനസ്സ്' 'അയിനി അക്ബറി'യുടെ കർത്താവായ് അബുൾഫാസൽ തുടങ്ങിയ പല മഹാന്മാരും ഇതിനെത്തന്നെ പറഞ്ഞിട്ടുണ്ട്. ചുരുക്കിപ്പറകയാണെങ്കിൽ ഇന്ത്യയെ സന്ദർശിച്ചിട്ടുള്ള വിദേശസഞ്ചാരികളിൽ ആരുംതന്നെ ഇന്ത്യക്കാരുടെ മേൽ അസത്യവാദം എന്ന കുറ്റം ഒരിക്കലും ആരോപിച്ചിട്ടില്ലെന്നു മാത്രമല്ല, അവരുടെ സഞ്ചാരികഗ്രന്ഥങ്ങളിൽ ഇവിട്ടുനില്ക്കുന്ന സത്യതല്പരതയെ എല്ലാവരും കാണുകയും, പ്രത്യേകം സ്തുതിക്കയും ചെയ്തിട്ടുണ്ട്.

പ്രായേണ മനുഷ്യരുടെ എല്ലാ ഗുണങ്ങളും പ്രതികൂലസംഗതികളുടെ നിരന്തരസമ്മർദ്ദം നിമിത്തം കാലാന്തരത്തിൽ ക്ഷയമോ നാശംതന്നെയോ സംഭവിച്ചുകൂടെന്നില്ല. ഈ മാതിരി അവസ്ഥ ഹിന്ദുക്കളെ സംബന്ധിച്ച് മാത്രം ഒരൊറ്റ വിധത്തിലാകാൻ പാടില്ലല്ലോ. അതുകൊണ്ട് ഹിന്ദുക്കളുടെ സത്യനിഷ്ഠക്കും പൂർവ്വസ്ഥിതിയിൽ നിന്ന് ഇപ്പോൾ വല്ല ഹാനിയും സംഭവിച്ചിട്ടുണ്ടെങ്കിൽ അതൊരത്ഭുതമല്ല. സത്യാചാരം എന്ന ഈ സദാചാരം ഈ രാജ്യങ്ങളിൽ എന്നപോലെ തന്നെ ഇന്ത്യയിലും വേരൂന്നുവാൻ പല കാരണങ്ങളുമുണ്ടായിട്ടുണ്ട്. 'ഇംഗ്ലീഷുകാർ ഇന്ത്യയെ സ്വാധീനപ്പെടുത്തുകയും രാജ്യവർഗ്ഗത്തെ പൊതുവേ സംബന്ധിക്കുന്ന പ്രമാണങ്ങളും വീണ്ടും ഇന്ത്യയിൽ അടിക്കപ്പെടുകയും ചെയ്യുന്നവരെ, മുഹമ്മദീയാക്രമികളും ചെയ്ത കൃത്യങ്ങളെ ആലോചിച്ചാൽ, ഹിന്ദുക്കൾ പിശാചുക്കളായിത്തീരാതെ മാത്രം മനുഷ്യരായ ഒരു പാതാളത്തെ അതിലംഘിച്ചത് അത്ഭുതമത്രെ' എന്നാണ് പണ്ഡിതശ്രേഷ്ഠനായ മൺറോമൂളർ പറയുന്നത്.

കെ. എൻ.

വടതലെ നായർ

വിട്ടുപിരിഞ്ഞുകളഞ്ഞൂതെന്നെ
നാട്ടിനെല്ലാമിനിയില്ലിനിമേൽനാം
വടതലെനായർപിറന്നോർ
പട്ടിണിപ്പരിഷപോരപ്പന്തിയകലത്തിൽ.

വലിയൊരുകൂട്ടമായവർ
കലിയുഗതുല്യയോഗമിയറ്റിതേടി
ചെലിയപരമ്പരയെന്ന.
ഉലകിലെന്നിച്ചുനടന്നിതൊന്നവിടുന്ന്.

ഭൂവിൽപ്രഥിതയശസ്സൂർ-
ഭാവിപ്രവരെൻറദാസനായ്നായർ
ആവിർഭാവംചെയ്താരോ-
നാവിലനിലവിളയാത്തുള്ളമാനക്കളോൻ.

പരിചുകളോട്വെന്നും
പരിചിൽപ്രഥിവീസുരേന്ദ്രനുള്ളോർ
പരിതോഷംപരമോനി.
പുരിശോഭിച്ചാൽവീനിവിവരം....

ചെരികെത്തെളിവാന്നോരണ-
നരികെവിളിപ്പുവരനൊനിത്തിരിയൊയന്നാളിൽ
തിരിയുംപെടിബ്ബുധവരനി-
ത്തിരിയൊതീനപ്പുളുള്ളചലധർമ്മം,
കേശംകനിന്നടെജാതി.
കാശ്വവിധിപ്പുള്ളനപ്പധർമ്മത്തെ
നേക്കനടക്കകിലുത്തവ
ചേക്കംവിപ്രതാപഷേജ്ജനത്താൽ,
വള്ളുന്നശ്രുകധർമ്മത്തിൽ
കള്ളാവിത്തവവിപ്രസവത്താനല്ലോ
വിള്ളുന്നളുനീശരിയാം
വള്ളുംചെച്ചുന്നതെത്രയുംന്യകരം.
തിരിയണംവാക്കകളി-
ത്തിരിയേതെതിലുമവള്ളുപിഴവേണ്ടം
ശരിയേനിതെന്നകളോത
തരിയപ്പുന്നളളതൊഴികളോതാല്ലം,
ഇരാനത്തിൽക്കൊതിവിട്ടു.
ഇരാനത്തൊകീനിലുള്ളവരാണാൽനീ
ചാനത്തിൽപ്പോയ്പ്പെട്ടിട്ടു.
ചാനത്തൽചരാത്തനപ്പുഴികാണ്മം.
മാതേമതിലുംമാറും
ചാരംവെളിവാള്ളനമത്താരിധർമ്മം
ഇരുമാൽക്കനിവോടങ്ങളിതെട്ടാ-
മരണവരനോട്ടനായമരചെച്ചു,
'മേനിചടങ്ങുംപടിതിമ.
മോനിടെട്ടുള്ളിതെയിതന്നവ്വിതേറും
ധ്യാനിപ്പതെത്തുംവിപ്രര
മനിവെവടിട്ടെള്ളപ്പുവഴിയിട്ടില്ലേ?'
നാതിനാരന്നെനന്ദവാൻ ചൊല്ലാൻ
'ചൊതികനാകത്തിലല്ലുമോക്ഷത്തിന്;
മാതിവചെള്ളാമത്തെ.¶
പ്പതിവാഴിവനള്ളുനിത്തിരിയാക്കന.'
നായർപറഞ്ഞതു'അടിയൻ
കാതംകുളത്തിലിതൃവാടില്ലാ
ഇയനിനാൽമാറ്റപ്രദ-
മായത്തെരുമ്പുചരിവനോക്കാ,

പാട്ടിൽ കനിവിനൊരടക്കത്താൽ
മട്ടിലതെന്നമല്ലക്കെ'ന്നവർക്കവർക്കു
പൊട്ടിപ്പിളിപ്പുരപ്പാൻ
നാട്ടിൽപ്പുകഴന്നിളെവിശിവിലുസ്വന്നാൻ
'മാത്തിലെപ്പള്ളിപ്പാതിനെനാത
പോതിൻവാടിവാണ് നീയതിനിമേലിൽ
നെത്തിട്ടുകെ'ന്നു പറഞ്ഞു.
കിത്തിപ്പുരളുംദ്വിജൻഗ്രാമംപുക്കാൻ.
മായാപ്പുകമ്പിലമ്പിള്ളനിലമാ-
മായാനപ്പകാലമൊട്ടെപതിനാറാം
കനയകപ്പെനാതനരെ
കനകകരെപ്പൊഴ്ഗ്രാമത്തിൽവന്നാൾ.
പിടിയാത്തനാവർപതിവും-
പടിയലിനെപിന്നിലായടുത്തുള്ളാൻ
പടിവാതൽവിട്ടു,ബുധര-
പ്പടിവാഴ്ന്നെനാൻ ഗ്രാമങ്ങളെംചെന്നാൻ,
മാറാപ്പുകമ്പ്രമവിനിറ്റും-
മാറാപ്പുന്നുപെരുന്നവിപ്രന്മാർ
മാറാപ്പെട്ടടിയാൻപാര-
മാരാത് പ്പുരയനാവാക്കിതശകേട്ടു:—
'നന്നാനാച്ചാൽനീപോ-
ത്തെന്നങ്ങനെ പാർവതീനാവുംന്യകതര
ത്തിനമിഴിപ്പാതിനിനീ
യെന്നെചരിപ്പാവുമാള്ളുകൊമ്പുകളെ.'
തെന്തികളവിനിനായവ.
നെന്തിള്ളകമ്പകെറിപ്പതെന്നറിവാൻ
ചിന്തിമിയുംദ്വിജനോടായ്
ചന്തിവിലപ്പാമണർചിരിച്ചോതി:—
'മാത്തിലൊളിപ്പുകിടപ്പാത
പോത്തിനെമേയ്പുഴികാത്തന്നാപ്പുറമേ
പോത്തിനുകൊമ്പുചരിപ്പുക.
ഇത്തിരിത്തിപ്പടിന്നുൽനിപ്പുന്ന-
ത്തഞ്ചിയവിധാമടിയാർദ്വിജ
കത്തിപ്പാനിപ്പുകളുവേണ്ടപ്പോൾ
വത്താക്കിയപോത്തിതി.
നൊമ്പടിനെകെട്ടെവാൻചൊല്ലാ,

കറയുടെ മുകളിൽപ്പതിവായ്
കാര്യമിതിന്നിന്നുമുണ്ടായില്ലെന്നോ!
പറയണ'മെന്നുപറഞ്ഞു.
പ്രായപ്പെട്ടിൽപ്പിന്നവർതിരിഞ്ഞു,
നോക്കിനിന്നുപോയിതിന്നു.
ഉടനിൽക്കണ്ടൊരുകോപമെടുത്തുവിളിച്ചാൻ
'ചാക്കിരിനിന്നുഞ്ഞത്തിനെ
നോക്കിനമക്കിനിയാക്കയോയിതെ'ന്നായി.
ചിരിയാതതിന്നുംവില
ചിരിയാനാചരിച്ചുപായത്താരെല്ലാർ
ഞാനിയനങ്ങൾതൊട്ടു.
പ്പടിയുടനെ ഞാനറിനോക്കിനോതി.
അത്തുപോലെനോക്കിയപ്പോ.
ഗുരുവാലുതങ്കത്തിലാരെതൊട്ടുവിപ്പാർ
ഒരുകണിമാറാപ്പെട്ടിരമെയ
കുരുപോലൊപ്പടികപ്പെത്താനുണ്ട്.
'ശിവനെന്നുമെപൂതിരിനെ
യിവനെടമാറാപ്പെട്ടരികേനായാൽ
ഉവനപ്പടിത്തുണ്ണംചെട്ടു.

ഭിഷക്കോട്ടൊന്നു ചൊല്ലി താവിനില്ലാതം,
എന്നാൽ ഞാനവനോടു.
ഉടനിങ്ങിതിൽക്കേട്ടിരിക്കെ ഞങ്ങൾ
മന്നോതി 'നീചൊന്ന.
മിന്നാളും ഞാൻചിരിച്ചുചിരിയെല്ലാം.'
അതിനാൽ നായകനപ്പോൾ
'മതിയിപ്പോൾചാപല്യമെത്തുസാഹസങ്ങൾ
ഞങ്ങളിനിമേലമോ.
നന്നിനിയെല്ലാംവഴിയടച്ചുകേട്ടതു.'
ചിരിച്ചുഞാൻചൊല്ലുന്നവനോടുഞാനും
    തൊട്ടുകൊണ്ടായ്
വരിച്ചോരെ ന്യായവിപുലമുന്നവ-
    രാഗിച്ചിട്ടും
മരിച്ചാൽ ഞാൻ കവാടമതിനരികെ
    നൃത്തംവച്ചവർ
സ്ഥിതിച്ചാൽ ചൊന്നവർ ഞങ്ങളിവിടെ-
    ക്കെത്തിയപോലിന്നു.

കണ്ടൂർ നാരായണമേനോൻ ബി. എ.

രോഗകാരണങ്ങളായ ജീവികൾ*



ആകൃതിയിൽ വലിപ്പവും, പ്രകൃതിയിൽ ചാപല്യവും പ്രത്യക്ഷമായി കാണിക്കുന്ന സസ്യങ്ങളും ജീവികളും നമുക്കു കണ്ടും കേട്ടും പരിചയമാകുന്നു. എങ്കിലും, വലിപ്പത്തിൽ എത്രയോ കുറഞ്ഞവയും, ദോഷം ചെയ്വാൻ എത്രയോ ശക്തിയുള്ളവയും ആയ ഒരു കൂട്ടം സൂക്ഷ്മജീവികളെപ്പറ്റി വളരെ ആളുകൾ ധരിച്ചിട്ടുണ്ടായിരിക്കയില്ല. നമുക്കു കണ്ണുകൾ കൊണ്ടു ഇവയെ കാണുവാൻ കൂടി സാധിക്കുന്നതല്ല. ചക്ഷുരിന്ദ്രിയത്തിനു സൂക്ഷ്മവസ്തുക്കളെക്കാണുവാനുള്ള ശക്തി അതിരറ്റിരുന്നു എങ്കിൽ ഇവയിൽ ചിലതിനെ കണ്ടിപ്പു കാണാമായിരുന്നു. നാം ശ്വസിക്കുന്ന വായുവിൽ ഈ ജീവികൾ അനേകായിരക്കണക്കായി സഞ്ചരിക്കുന്നുണ്ടെന്നു പറഞ്ഞാൽ, അതു വിശ്വാസയോഗ്യമോ എന്നുകൂടി സംശയിക്കാനിടയുള്ളതാണ്. എന്നാൽ കണ്ണുകൊണ്ടു കാണുമാറാ

* പ്രസംഗമായി ചെയ്യപ്പെട്ടതാണ്.

കില്ലാത്ത അസംഖ്യം സൂക്ഷ്മപ്രാണികളെ ശാസ്ത്രജ്ഞന്മാർ ഉപകരണങ്ങൾകൊണ്ടു കണ്ടുപിടിച്ചതോടുകൂടി അവരുടെ ദൃഷ്ടി ഈ ജീവവസ്തുക്കളിലും എത്തിയിരിക്കുന്നു എന്നു മാത്രമല്ല, ഇവയെപ്പററി ഒരു ശാസ്ത്രവും അടുത്ത കാലത്തിനുള്ളിൽ വെളിപ്പെടുത്തിയിരിക്കുന്നു. 'സൂക്ഷ്മജീവങ്ങൾ' അല്ലെങ്കിൽ 'സൂക്ഷ്മജീവികൾ' എന്ന ധാത്വർത്ഥത്തോടുകൂടിയ 'മൈക്രോബ്സ്' (Microbes) എന്ന ഇംഗ്ലീഷുനാമംകൊണ്ടാണ് ശാസ്ത്രജ്ഞന്മാർ ഇവയെ വ്യപദേശിക്കുന്നത്.

'ബാധാരോഗം' എന്നു പറഞ്ഞാൽ, ധാരാളമായി സർവ്വസാധാരണമായി കണ്ടറിയാത്ത ലക്ഷണവും ഉദ്ഭവവും മനുഷ്യരെ ആക്രമിക്കുമ്പോൾ അവരിൽ പ്രത്യക്ഷമാകുന്ന ചില വികൃതചേഷ്ടകളെയാണ് ജനങ്ങളിൽ മിക്കവരും ധരിക്കുന്നത്. മനുഷ്യശരീരത്തിലേക്കുള്ള അദൃശ്യമായ പ്രവേശനംകൊണ്ടു ഈ ദുശ്ചേഷ്ടകൾക്കു പൈശാചികത്വം കല്പിച്ചിട്ടില്ലെങ്കിൽ, 'ബാധ' എന്ന സംജ്ഞ ഇതിലും ഉചിതമായ ഒരു സംഗതിക്കു യോജിക്കുമായിരുന്നു. പാശ്ചാത്യരിൽ പകർന്നുപിടിക്കുന്ന വ്യാധികൾക്കു 'ബാധ' എന്ന ധാതുവും പറയുന്നുണ്ട്. ഇങ്ങിനെ പകരുന്ന വ്യാധികൾ മേൽപ്രസ്താവിച്ച ജീവികൾ ഉണ്ടാക്കുന്നവയാണെന്നാണ് ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നത്. ജലദോഷം എന്നോ, നീർവീഴ്ച എന്നോ, വേനൽക്കാലം എന്നോ, അസംഗതിയായി വരുന്നു എന്നു നാമിപ്പോൾ വിചാരിക്കുന്ന മിക്ക രോഗങ്ങളും, മേൽപ്പറഞ്ഞ ജീവികൾ ശരീരത്തെ ബാധിക്കുന്നതുകൊണ്ടുണ്ടാകുന്നവയാണെന്നു സൂക്ഷ്മമായും കണ്ടറിഞ്ഞിരിക്കുന്നു.

'ബാധ' എന്നു പറയുന്ന സാംക്രമിക രോഗങ്ങളും, പകരുന്ന വ്യാധികളും തമ്മിൽ അല്പം വ്യത്യാസമുണ്ട്. മുമ്പിൽ പ്രസ്താവിച്ച ചെറിയ ജീവികൾ ശരീരത്തിൽ പ്രവേശിച്ചുണ്ടാകുന്ന രോഗങ്ങളെ 'ബാധ' എന്നു പറയാം. എന്നാൽ എല്ലാ ബാധകളും പകർച്ചവ്യാധികളല്ല. ടെട്ടനസ് ഒരു ബാധയാകുന്നു എങ്കിലും, അതു ബാധയുള്ള ദീനക്കാരനെ തൊട്ടു എന്നുള്ള ഏക സംഗതികൊണ്ടുമാത്രം മറ്റൊരുവന് ആ ദീനം ബാധിച്ചേക്കണം എന്നില്ല. വസൂരി, നേരെ മറിച്ച്, സ്പർശംകൊണ്ടു വളരെ വേഗത്തിൽ പകരാവുന്ന ഒരു ദീനമാകുന്നു. അതുകൊണ്ടു ടെട്ടനസ് ഒരു ബാധയായിട്ടും, വസൂരി ഒരു പകർച്ചവ്യാധിയായിട്ടും ഗണിക്കപ്പെടുന്നു.

രോഗകാരണങ്ങളായ ഈ ജീവികളിൽ മിക്കവയും സസ്യവർഗ്ഗത്തിൽ പെട്ടവയാണ്. ജന്തുവർഗ്ഗത്തിൽപെട്ട വകക്കാരും ഇല്ലെന്നില്ല. ആകൃതിയിൽ എത്രയോ ലഘുവായിരുന്നാലും ജീവികളാകകൊണ്ടു മറ്റുള്ള സസ്യജന്തുക്കളെപ്പോലെ തന്നെ ഇവയും ജീവധർമ്മങ്ങളാകുന്ന ആഹാരവിഹാരാദികളെ അനുസരിച്ചു പോരുന്നവയാകുന്നു തന്നെ. ചില മിശ്രണങ്ങളായിരിക്കുന്നു. സചേതനങ്ങളായ ജീവജാലങ്ങളുടെയുള്ളിൽ മാത്രമേ ഇവയിൽ ചില വകക്കാർക്കു വസിപ്പാൻ സാധിക്കയുള്ളു. മറ്റു ചില വകക്കാർ ചത്തു ചീഞ്ഞളിഞ്ഞു പോകുന്ന ശവശരീരങ്ങളിൽ മാത്രമേ ജീവിക്കുന്നുള്ളു. അവയുടെ സൂക്ഷ്മമായ ആകൃതിയും, മനുഷ്യന്റെ ശരീരത്തിൽ പ്രവേശിപ്പാൻ അവയ്ക്കുള്ള സ്വാതന്ത്ര്യവും, പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ ഉണ്ടാക്കിത്തീർക്കുന്ന കാരണവും, എല്ലാംകൂടി ആലോചിച്ചു നോക്കുമ്പോൾ ദേഹസ്ഥിതിക്ക് ഒരു ശത്രുസൈന്യത്തെ കൗശലത്തോടുകൂടി നിർമ്മിക്കേണമെന്നുള്ള എല്ലാകോപ്പുകളോടുകൂടിയതാ

ഈശ്വരൻ ഇവയെ നിർമ്മിച്ചത് എന്ന സംശയം തോന്നിപ്പോകും.

അണുപ്രായമായ ഈ ജീവികൾ, മനുഷ്യശരീരത്തിൽ കടന്നു കൂടുന്നതു പല മാർഗ്ഗമായിട്ടാണ്. മുറിവ്, ചെപ്പിൽ മുതലായ ദ്വാരങ്ങളിൽകൂടി അവക്കു ദേഹത്തിൽ കടന്നു കൂടുവാൻ സൌകര്യമായ ഒരു വഴിയാണ്. ശ്വാസം വലിക്കുന്ന കാറ്റിൽ കൂടിയും അവ ഉള്ളിൽ കടന്നുചെല്ലുന്നു. നാം കഴിക്കുന്ന ഭക്ഷണപദാർത്ഥങ്ങളിൽ കലർന്നു അശുദ്ധമായും അവ ശരീരത്തിൽ പ്രവേശിക്കുന്നുണ്ട്. വസൂരി, അഞ്ചാംപനി മുതലായ രോഗങ്ങളെ ഉണ്ടാക്കുന്ന വസ്തുക്കൾ പലപ്പോഴും ശ്വാസം വലിക്കായിരിക്കാം ഉള്ളിൽ കടക്കുന്നത്. നടപ്പുദീനത്തെ ഉണ്ടാക്കുന്ന ജീവി ഭക്ഷണദ്രവ്യങ്ങളിൽകൂടി മാത്രമാണ് മനുഷ്യരെ ബാധിക്കുന്നത്. ജാത്യാ തന്നെ തങ്ങളുടെ ആരോഗ്യസംരക്ഷണത്തെപ്പറ്റി ശ്രദ്ധയില്ലാത്ത ഈച്ചകളും, ഉറുമ്പുകളും ഭക്ഷണസാധനങ്ങളെ അശുചിയാക്കിത്തീർക്കുവാൻ എത്ര ഉത്സാഹിക്കുന്നുണ്ടെന്നു നമുക്കെല്ലാവർക്കും നിത്യപരിചയമാണല്ലോ.

ഈ സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിച്ചാൽ ഉടനെ തന്നെ രോഗചിഹ്നങ്ങൾ പ്രത്യക്ഷമാകുന്നില്ല. അല്പകാലം നിശ്ശബ്ദമെന്നു തോന്നത്തക്ക വിധത്തിൽ അവ അവിടെ കിടക്കുന്നു. ഈ കാലത്തിന് അവയുടെ 'ചയകാല'മെന്നാണ് പേർ പറയുന്നത്. ചയകാലത്തിന്റെ ഏറക്കുറച്ചിൽ പല സംഗതികളെയും ആശ്രയിച്ചിരിക്കുന്നു. ഓരോ ജീവികളുടെ സ്വാഭാവികമായ ശക്തിപോലെയും, സമ്പ്രദായത്തെപ്പോലെയും, ഈ സമയം ഒന്നോ രണ്ടോ മണിക്കൂറു മുതൽ നാലാഴ്ചവരെ നീണ്ടു എന്നു വരാം. അസംഖ്യം സൂക്ഷ്മജീവികൾ ഒരേസമയത്തു ശരീരത്തിൽ പ്രവേശിപ്പാൻ ഇടയായാൽ അവയുടെ ചയകാലം എത്രയോ കുറച്ചായിട്ടും കണ്ടുവരുന്നുണ്ട്. എന്നു മാത്രമല്ല, അവ പ്രവേശിക്കുന്ന ശരീരത്തിന്റെ ആരോഗ്യാവസ്ഥയും, ആക്രമണശക്തിക്ക് ഏറ്റക്കുറച്ചിൽ ചെയ്യുമെന്നു വേറെ ചില സംഗതികളെക്കൊണ്ടു ഊഹിക്കപ്പെട്ടിരിക്കുന്നു.

താരതമ്യപ്പെടുത്തി നോക്കുമ്പോൾ എത്രയോ വലുതായിരിക്കുന്ന മനുഷ്യശരീരത്തിൽ സൂക്ഷ്മങ്ങളായ ഒരു ജീവികൾ പ്രവേശിച്ചു എന്നുള്ളതുകൊണ്ട് ആ മനുഷ്യൻ രോഗപീഡിതനായി വരണമെന്നുണ്ടോ? പലതോ ആയിരമോ അണുപ്രായങ്ങളായ ജീവികൾ ഒരുതരം തന്നെ സ്വന്തം ശരീരത്തിൽ കടിയേറ്റിട്ടുള്ളത് അവയുടെ ആയുഷ്കാലം കഴിച്ചുകൂട്ടി അന്തരിച്ചുപോകുമായിരുന്നു എങ്കിൽ നമുക്കു വിശേഷമായി ഒന്നും തോന്നുകയില്ലായിരുന്നു. എന്നാൽ പ്രവേശിച്ച ഉടനെ സകല ജീവവസ്തുക്കളുടെയും മനസ്സാക്ഷ്യംപോലെ വിചാരിക്കപ്പെടുന്ന ഉത്പാദനശക്തിയെ അവ പ്രകടിപ്പിക്കുന്നതുകൊണ്ടാകുന്നു ഈ ഉപദ്രവമൊക്കെ നേരിടുന്നത്. പിടിയാന വളരെ കാലം കൂടുമ്പോൾ ഏകസന്താനത്തെ മാത്രമേ പ്രസവിക്കുന്നുള്ളു; മനുഷ്യർ എത്രതന്നെ ഉപദ്രവികളായിരുന്നാലും, രണ്ടോ മൂന്നോ സന്താനങ്ങളെ ഒരിക്കൽ പ്രസവിക്കുന്നുള്ളു എത്രയോ അപൂർവ്വമാണ്. എന്നാൽ ഉപദ്രവത്തിന് മാത്രം ജനിച്ചിരിക്കുന്ന ഈ ജീവവസ്തുക്കൾ മണിക്കൂറിനിടയിൽ ലക്ഷോപലക്ഷമായിട്ടാണ് വർദ്ധിക്കുന്നത്. അതിനെ പെരുത്തു വർദ്ധിക്കുന്നതോടുകൂടി ഒരു വിഷദ്രവ്യത്തെയും അവ നിർമ്മിക്കുന്നുണ്ട്. ഈ വിഷവസ്തു ശരീരത്തിൽ വ്യാപിക്കുന്നതാകുന്നു, രോഗത്തിന്റെ കാരണമായി വരുന്നത്.

ശരീരത്തിൽ എത്രയധികം ഒരു രോഗ

ത്തു സംക്രമിപ്പിച്ചു വർദ്ധിക്കയോ, അല്ലെങ്കിൽ രക്തക്കുഴലുകൾ വഴിയായി ദേഹമാസകലം വ്യാപിക്കയോ ചെയ്തു് അവ രോഗത്തെ ഉണ്ടാക്കിത്തീർക്കുന്നു. കുരു മുതലായ പഴുപ്പുകൾ അവ ഒരു സ്ഥലത്തു സംക്രമിക്കുന്നതു കൊണ്ടുണ്ടാകുന്നതാണു്. ന്യൂമോണിയ (Pneumonia) എന്നു പറയുന്ന ദീനത്തിൽ അവയുടെ മുഖ്യമായ ആവാസം ശ്വാസകോശങ്ങളിലാണു്. ടൈഫോയ്ഡ് (Typhoid) എന്നു പറയുന്ന രോഗത്തിൽ അവയുടെ ഉഗ്രത ദീർവൻ പക്വാശയത്തിലാണു് പ്രത്യക്ഷമായി കാണുന്നതു് എങ്കിലും, ക്രമേണ, ഈ ജീവികൾ ദേഹം ആസകലം വ്യാപിക്കയും ചെയ്യുന്നുണ്ടു്.

ഏകാലും സാംക്രമികരോഗങ്ങളുടെ പ്രാഥമികചിഹ്നം ജ്വരമാകുന്നു. എന്നാൽ ചിലപ്പോൾ ശരീരത്തിലേക്കുള്ള ഇവയുടെ പ്രവേശനം തീരെ നിഷ്ഫലമായിട്ടും കണ്ടുവരുന്നുണ്ടു്. ശരീരത്തിനു ഇവയെ നശിപ്പിക്കുവാനുള്ള ഒരു ശക്തി സ്വാഭാവികമായി സിദ്ധിച്ചിട്ടുണ്ടു്. ദേഹം എത്രയും ആരോഗ്യത്തോടുകൂടി ഇരിക്കുമ്പോഴാണു് ഈ ജീവികളുടെ ആക്രമം നിഷ്ഫലമായി വരുന്നതു. ശരീരത്തിൽ പ്രവേശിക്കുമ്പോൾ തന്നെ രക്തത്തിലുള്ള ചില വസ്തുക്കൾ ഈ വസ്തുക്കളോടു യുദ്ധം ചെയ്തു നില്ക്കുന്നു. രക്തത്തിലുള്ള മററു ചില അംശങ്ങൾ ഇവ നിർമ്മിക്കുന്നതായ വിഷവസ്തുവിനെ നശിപ്പിക്കാനും ഉത്സാഹിക്കുന്നു. ആരോഗ്യം വർദ്ധിച്ചിരിക്കുന്ന കാലത്തു രക്തത്തിനുള്ള മേൽപ്പറഞ്ഞ ശക്തി ഇവയെ ജയിപ്പാൻ വേണ്ടേടത്തോളം ഉണ്ടായിരിക്കും. എന്നാൽ ശരീരം ക്ഷയിച്ചിരിക്കുമ്പോൾ ഈ ശക്തി വളരെ കുറയുകയും, അതുകൊണ്ടു ദേഹം രോഗത്തിന്നധീനമായി വരികയും ചെയ്യുന്നു.

വിവിധങ്ങളായ ബാധകളെ തടുക്കുവാൻ മനുഷ്യർക്കുള്ള ശക്തി പലപ്രകാരത്തിലാണു്. ചിലരുടെ ദേഹപ്രകൃതിക്കു ചില ദീനങ്ങൾ പിടിപെടുവാൻ ഒരു 'വാസന'യുണ്ടെന്നാണു പറയുന്നതു്. മാതാപിതാക്കന്മാരിൽ ആരെങ്കിലും ക്ഷയരോഗിയായിരുന്നാൽ ഉണ്ടാവുന്ന സന്തതികളുടെ ശരീരപ്രകൃതിക്കു ആ രോഗം ബാധിപ്പാൻ ഒരു 'വാസന'യുണ്ടെന്നു ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. മനുഷ്യവർഗ്ഗത്തിൽ തന്നെ പ്രത്യേകം ചില ജാതിക്കാരുടെ ദേഹപ്രകൃതിക്കു് പ്രത്യേകം ചില ദീനങ്ങൾ പിടിക്കുവാൻ ഒരു 'വാസന'യുണ്ടത്രെ. ഇവർക്കു ക്ഷയരോഗത്തിനുള്ള വാസന മററുള്ളവരെക്കാൾ ഇരട്ടി അധികമാണു്. വാസനയുണ്ടായാലും ഇല്ലെങ്കിലും, പട്ടിണികൊണ്ടോ ക്ഷീണംകൊണ്ടോ ധനനഷ്ടംകൊണ്ടോ ശരീരത്തിനു ബലം കുറഞ്ഞവരായ അവസ്ഥാന്തരങ്ങളിൽ, ആരോഗ്യകാലങ്ങളിൽ കടക്കുവാൻ പ്രയാസമായ ഈ ജീവികൾ മനുഷ്യന്നു ആയുധവിഹീനമായ ജാതിയെയും, ബലഹീനരായും ഗണ്യമാക്കാതെ അതുപോലെ കയറിച്ചു ശരീരത്തിൽ വന്നുകൂടുമെന്നു നിസ്സംശയമായും പറയാം.

എന്നാൽ ചില രോഗങ്ങൾ തീരെ ബാധിക്കാതിരിപ്പാൻ ചിലക്കു് ഒരു ശക്തിയുണ്ടെന്നു ശാസ്ത്രം ബോധിക്കുന്നു. രോഗം പിടിപെടുവാനുള്ള പല സന്ദർഭങ്ങളിലും പെട്ടുമാറി, അരോഗദൃഢഗാത്രന്മാരായി കഴിച്ചു പോന്ന ജനങ്ങളും വളരെയുണ്ടു്. രോഗബാധയിൽ നിന്നു നിവൃത്തി പലപ്രകാരമാകാം. ചില രോഗങ്ങൾ ഒരുത്തന്നു ആയുഷ്കാലത്തിൽ ഒരിക്കലേ ഉണ്ടാകയുള്ളൂ. മററു ചിലതു പാരമ്പര്യമായി അനുഭവമാണെങ്കിലും സന്താനങ്ങളിൽ ഉറ്റ കാണാതെ ഒടുവിൽ ഒരു കാലത്തു അന്ത

വഴിക്കാരെ തീരെ ബാധിക്കാതെയും വരാം. കത്തിച്ചെടുക്കുന്നതുകൊണ്ടും ചില രോഗങ്ങളിൽനിന്നു കുറെ കാലത്തേക്കെങ്കിലും വിമോചനം സിദ്ധിക്കുന്നതാണ്.

മേൽപ്രസ്താവിച്ച സംഗതികളെക്കൊണ്ടു വൃത്തിയും, ശുചിയും, ശരീരശക്തിയും രോഗങ്ങളിൽനിന്നു രക്ഷപ്പെടുവാൻ എത്രമാത്രം ആവശ്യകങ്ങളായ സംഗതികളാകുന്നു എന്നു സ്പഷ്ടമാകുന്നു. ഒഴിച്ചാൽ മാറാത്തതായ ചില രോഗങ്ങൾ മനുഷ്യരെ ചിലപ്പോൾ ആക്രമിക്കുന്നില്ലെന്നു പറഞ്ഞുകൂടാ. എങ്കിലും ശുചിയും, വൃത്തിയും, ശക്തിയും പരിപാലിക്കേണ്ടുന്ന ധർമ്മങ്ങളാണെന്നു ജനങ്ങൾക്കു ബോദ്ധ്യമായിരുന്നു എങ്കിൽ ഈ ലോകത്തിൽ രോഗികളുടെ സംഖ്യ എത്രയും കുറവായിരുന്നു.

എം. രാമപ്പൊതുവാൾ, ബി. എ., എൽ. എം. എസ്സ്.

കമ്പിത്തപ്പാലും
രാജകീയരഹസ്യവും



ഗവർമ്മെണ്ടിനെസ്സംബന്ധിച്ചുള്ള സ്വകാര്യവർത്തമാനങ്ങളെ മുന്തിയിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർ കമ്പിയിലൂടെ അയച്ചു കൊടുക്കുമ്പോൾ, മറ്റുള്ളവർ അറിയാതെ കഴിപ്പാൻ വലുതായ മുൻകരുതലുകൾ ചെയ്യാതിരുന്നാൽ, കാര്യങ്ങൾ തകിടംമറിയുവാൻ വളരെ എളുപ്പമാണ്. യുദ്ധം നടക്കുമ്പോഴും മറ്റും യുദ്ധക്കളത്തിലെ ആലോചനകൾ ശത്രുപക്ഷക്കാരുടെ കയ്യിൽ പെട്ടുപോയാൽ വന്നുകൂടാവുന്ന ആപത്തുകളെ കണക്കാക്കുവാൻ പോലും സാധിക്കുന്നതല്ല. അതുകൊണ്ടു യുദ്ധകപ്പലുകൾ തമ്മിൽ വർത്തമാനങ്ങൾ അറിയിക്കുമ്പോൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ വെക്കേണ്ടിയിരിക്കുന്നു. അധികൃതന്മാർ ഈ വക വൈഷമ്യങ്ങൾക്കു പല പരിഹാരങ്ങളും കണ്ടുപിടിച്ചുവെച്ചിട്ടുണ്ട്.

മുന്തിയിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർ സാധാരണയായി കമ്പിയടിക്കുന്നത് ഒരു പ്രത്യേകലിപിയിലാണ്. വർത്തമാനം അറിയിക്കുന്നവർക്കും അറിയേണ്ടവർക്കും മാത്രം മനസ്സിലായിട്ടുള്ള സങ്കേതങ്ങളെ അവലംബിച്ചുകൊണ്ടാണ് അവർ ഇക്കാര്യം നിർവ്വഹിക്കുന്നത്. ഇന്നവിധം കമ്പിയടിച്ചാൽ ഇന്ന താൽപര്യമാണെന്ന് ഒരു പ്രത്യേക സങ്കേതം ചെയ്തിട്ടുണ്ടാകും. ആ സങ്കേതം ഇതരന്മാർക്ക് അറിവാൻ കഴിയുന്നതല്ല. പറഞ്ഞു മനസ്സിലാക്കുവാൻ മാത്രം കഴിയുന്ന ഇതരജനങ്ങൾക്കു കമ്പിയുടെ താൽപര്യത്തിൽ അണുമാത്രമെങ്കിലും അവഗാഹമുണ്ടാകയില്ല. 'പാലക്കാട്ടേക്കു വഴി ഏതാണ്?' എന്നു ചോദിക്കുന്നതിനു, 'പാണൻകാളക്കു പല്ലെത്ര?' എന്നാണു ചോദ്യമെങ്കിൽ മറ്റുള്ളവർക്ക് എങ്ങിനെയാണു മനസ്സിലാവുക? എന്നാൽ ഈ മാതിരി സങ്കേതങ്ങളിൽ യാതൊരു നിയമവും ഉണ്ടായിരിക്കയില്ലെന്നു പറഞ്ഞുകൂടാ. അതിലുള്ള നിയമം കണ്ടുപിടിപ്പാൻ അശക്യമാക്കുവാനായി അതിനെ പാടുള്ളേടത്തോളം ഗഹനമാക്കിത്തീർത്തിട്ടുണ്ടാവും എന്നിട്ടും

വളരെ പ്രയത്നം ചെയ്താൽ ചിലപ്പോൾ തുമ്പൽപ്പം കണ്ടുപിടിപ്പാൻ സാധിച്ചുവെന്നു വന്നേക്കാം. പക്ഷെ, അതു കണ്ടെത്തുവാനുള്ള ശ്രമം സഫലമാകുമ്പോഴേക്ക് അതിലടങ്ങിയിട്ടുള്ള ആവശ്യം തീരുക കഴിഞ്ഞിരിക്കുന്നു. മേല്പറഞ്ഞ ശ്രമത്തെ എത്രയോ പങ്ങൾ അക്ഷരങ്ങളുള്ള താഴുപൂട്ട് ഇട്ട പെട്ടിയിൽനിന്ന് പണം മോഷ്ടിക്കാനുള്ള ശ്രമത്തോട് ഏകദേശം ഉപമിക്കാവുന്നതാണ്. പൂട്ട് തുറക്കുമ്പോഴേക്ക് നേരം പുലർന്നുവെന്ന വരാവുന്നതായിരിക്കും. അധികം എളുപ്പം ഒരു സങ്കേതത്തെ ധരിച്ചുവെച്ചു ഫലം സമ്പാദിക്കുന്നതിനുവേണ്ടിയായി ആ സങ്കേതത്തിൽ ചില ഭേദഗതികൾ വരുത്തിക്കൊള്ളുന്നതിനാൽ അതിനെ തെറ്റുകൂടാതെ പ്രാവശ്യം പഠിക്കുവാൻ സാധിക്കുന്നതുമല്ല. നല്ല മസ്തിഷ്കനിപുണന്മാർ ഒരു സങ്കേതത്തെത്തന്നെ അധികകാലത്തേക്ക് ഉപയോഗപ്പെടുത്തിയിരിക്കയില്ല. ഈ സങ്കേതഭാഷയെയും വായിച്ചു മനസ്സിലാക്കുവാൻ അതിനുള്ള ശക്തിയുണ്ടെന്ന് അഭിമാനിക്കുന്ന ഒരു ശാസ്ത്രജ്ഞനുണ്ട്. ഇദ്ദേഹത്തിന്റെ പേര് മാർസിനി എന്നാണ്.

ഒരു കാലത്തു ബ്രിട്ടീഷ് ഗവൺമെന്റുകാർ ഉപയോഗിച്ചിരുന്ന സങ്കേതഭാഷ, എഴുതിക്കുറിക്കുന്നവർക്കും അറിയുന്നവർക്കും ഉണ്ടാകുന്ന പ്രയത്നത്തിനേക്കാൾ അവസ്ഥകളെ സംബന്ധിച്ച് കഠിനമായിരുന്നില്ല. എങ്കിലും കാര്യം ബുദ്ധിമാന്മാർ ഇതിനെ വായിക്കുന്നതു രചിക്കയായിരുന്നു. ആ ഭാഷയുടെ രീതി ഈ രീതി എഴുതിയുണ്ടാക്കുന്നവർക്കും വായിക്കുന്നവർക്കും ബുദ്ധിമുട്ടുണ്ടാക്കിത്തീർക്കുമെന്നല്ലാതെ ഇതിനെ വലുതായ ഗുണ്യമായി കാണാൻ പാടുള്ളതല്ല. വാക്കുകൾക്ക് പകരം ചില അക്കങ്ങളെ ഉപയോഗപ്പെടുത്തുന്ന ഒരു സങ്കേതഭാഷ നടപ്പിലുണ്ടായിരുന്നു. ഈ ഭാഷ വായിച്ചു മനസ്സിലാക്കേണമെങ്കിൽ ഒരു സങ്കേതപുസ്തകത്തിന്റെ സഹായം കഴിച്ചുകൂടാത്തതാണ്. ആ പുസ്തകം നോക്കി ഏത് അക്കം ഏതു വാക്ക് ഗ്രഹിക്കുന്നതിനു മനസ്സിലാക്കുകയല്ലാതെ അവയെ മുഴുവൻ ഓർമ്മയിൽ വെച്ചുകൊള്ളുക ധരിപ്പാനുള്ള ശക്തി സാധാരണ മനുഷ്യന് ഉണ്ടാവാത്തതാണ്. സങ്കേതത്തിലുള്ള സൂത്രപ്രയോഗങ്ങളെ ധാരണയിൽ വെച്ചു വായിച്ചറിവാൻ കഴിയുന്ന സങ്കേതഭാഷയാണ് ഉത്തമമായി ഗണിക്കപ്പെടുന്നത്.

യുദ്ധക്കപ്പലുകൾ തമ്മിൽ കാര്യങ്ങൾ അറിയിപ്പാനായി സങ്കേതപുസ്തകങ്ങളെയാണ് ഇതുവരെ ഉപയോഗിച്ചിരുന്നത്. അവക്ക് അന്യോന്യം അറിയിക്കേണ്ട സംഗതികൾ വളരെ കാര്യമാത്രമേ ഉണ്ടാകയുള്ളൂ. അതുകൊണ്ട് പുസ്തകം ചെറുതായിരുന്ന് അവർക്ക് സൗകര്യമായിരിക്കും. ഈ പുസ്തകത്തെ ഭദ്രമായി സൂക്ഷിക്കേണ്ട ചുമതല കപ്പലിലെ അധികാരിക്കാണ്. ഒരു സന്ദർഭത്തിലുള്ള വല്ല ഉദ്യോഗസ്ഥന്മാർക്കും കമ്പിയടിക്കേണ്ടി വന്നാൽ അവർ അടിക്കേണ്ട സംഗതിയെ സാധാരണ വാചകങ്ങളിൽ എഴുതി സങ്കേതപുസ്തകസൂക്ഷിപ്പുകാരന്റെ കയ്യിൽ കൊടുക്കും. എഴുതി കൊടുത്തിട്ടുള്ള വാക്കുകൾക്ക് അനുരൂപങ്ങളായ സങ്കേതശബ്ദങ്ങളെ അയാൾ പുസ്തകത്തിൽനിന്ന് തിരഞ്ഞു കണ്ടുപിടിച്ചു കൊടുക്കുന്നു അതിന്റെ പകർപ്പ് എടുത്ത് കൊടുക്കും. അയാൾ ആ വാക്കുകളെ കൊടികാട്ടി മറ്റുള്ളവരെ അറിയിക്കുകയും ചെയ്യും.

ഈ സങ്കേതപുസ്തകം സൂക്ഷിക്കുന്ന കാര്യത്തിൽ വളരെ ജാഗ്രത ചെയ്യുന്നുണ്ട്. പുസ്തകം ശത്രുപക്ഷക്കാരുടെ കയ്യിലകപ്പെടാ

ണ്ട രൂപമായി സൂക്ഷിപ്പാൻ കപ്പലിലെ തലയാളി ചുമതലപ്പെട്ടിരിക്കും. ശത്രുക്കൾ തങ്ങളുടെ കപ്പൽ പിടിച്ചടക്കുവാൻ ഇടയാകുമെന്നു തോന്നിയാൽ പുസ്തകം സമുദ്രത്തിലേക്ക് എറിഞ്ഞുകളയേണമെന്നാണ നിയമം. അങ്ങിനെ എറിയപ്പെടുന്ന പുസ്തകം വേഗം വെള്ളത്തിൽ മുങ്ങിപ്പോകുന്നതിന്നായി അതിന്റെ ചട്ടകളെ കനമുള്ള ലോഹംകൊണ്ടു നിർമ്മിച്ചിരിക്കയാകും. ഒരു നൂറു കൊല്ലങ്ങൾക്കിപ്പുറം ബ്രിട്ടീഷ് നാവികൈശ്വര്യത്തിലെ സ്വന്തം പുസ്തകം മറ്റുള്ളവർക്ക് കിട്ടുവാനിടവന്നിട്ടില്ലെന്നുള്ള സംഗതി അതിലെ ഉദ്യോഗസ്ഥന്മാർക്ക് അഭിമാനഹേതുവായിരിക്കുന്നു. ഒരിക്കൽ മറ്റുപ്രകാരം ചെയ്യു തീർച്ചയില്ലാതായ ഒരു പുസ്തകസൂക്ഷിപ്പുകാരൻ പുസ്തകം കടലിൽ കളഞ്ഞുവെങ്കിലും അതിന്റെ ഐശ്വര്യത്തിലെ വല്ല ഒരു ആളുകൾകൂടി മുങ്ങിത്തപ്പി വീണ്ടും കണ്ടെടുക്കയാൽ അത്തവണ പുസ്തകം നഷ്ടമാകാതെ തന്നെ കഴിഞ്ഞുകൂടി. ഒരു പുസ്തകം മാറുന്നതായാൽ അതിന്ന വളരെ അദ്ധ്വാനവും ചിലവും വേണ്ടിവരുന്നതാണ്.

കമ്പിയില്ലാക്കമ്പി കണ്ടുപിടിച്ചതോടുകൂടി യുദ്ധകപ്പലുകളിൽ വെക്കുന്ന പുസ്തകങ്ങളുടെ ആവശ്യം കുറഞ്ഞു തുടങ്ങിയിരിക്കുന്നു. കമ്പിയില്ലാക്കമ്പിമൂലം വർത്തമാനം അറിയിക്കുമ്പോൾ ആരെ അറിയിക്കേണമെന്നുദ്ദേശിക്കുന്നുവോ അവരല്ലാതെ മറ്റാരുംതന്നെ അതറിവാൻ പാടില്ലാത്ത വിധത്തിലാണ് കമ്പിയില്ലാക്കമ്പിയുടെ നിർമ്മാണം. അതുകൊണ്ടു വർത്തമാനം ഗൂഢമാക്കിത്തീർപ്പാൻവേണ്ടി ഓരോ മാതൃകകളിലുള്ള കൌശലപ്രയോഗങ്ങളൊന്നും കൂടാതെ കഴിപ്പാൻ സാധിക്കുന്നതാണ്. ഇതിനെ തൊട്ടറിയിപ്പാൻ യന്ത്രങ്ങളും കിട്ടുന്നതുകൊണ്ടു വളരെ ഗുണങ്ങളുണ്ട്. വർത്തമാനം അറിയിപ്പാൻ അധികം താമസം നേരിടുകയില്ലെന്നുള്ളത് അവയിൽ പ്രധാനമായിട്ടുള്ള ഒന്നാകുന്നു. ഒരു മിനിട്ടു നേരത്തേക്ക് ഒരു തൊട്ടംകൊണ്ടു കാര്യം തല കീഴ്മറിയുമാർ തങ്ങളുടെ അതു അതിവേഗത്തിൽ ലോകമാകെ തിരിഞ്ഞുകൊണ്ടിരിക്കുന്ന ഈ ഇരുപതാം നൂറ്റാണ്ടിൽ മെല്ലാത്ത ഗുണം എത്രമാത്രം അമൂല്യമായിരിക്കുന്നു. ഇതിന്നു പുറമെ പുസ്തകം സൂക്ഷിപ്പാനുള്ള ബുദ്ധിമുട്ടുകളും കരുതലുകളും മേലിൽ വേണ്ടിവരികയില്ലെന്നുള്ള സംഗതിയും മുഖ്യമായ ഒന്നുതന്നെയാണ്. പാശ്ചാത്യലോകം പുതിയ പുതിയ കല്പനാകൌശലങ്ങളെക്കൊണ്ടു ലോകത്തെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന കഥയെ നാം അറിഞ്ഞിരിപ്പാൻപോലും ഇടയാകാതിരിക്കുന്നതിൽ അത്രമാത്രം ആലോചനീയമായിട്ടില്ലയോ?

വിശ്വനാഥനായകൻ



ങ്ങളുടെ സ്വാതന്ത്ര്യപരിശ്രമ-കൊണ്ടു പ്രസിദ്ധി നേടിയ ഇന്ത്യയിൽ പലേടങ്ങളിലുമായി ഓരോ രാജ്യങ്ങൾ സ്ഥാപിച്ച പ്രശസ്ത പുരുഷന്മാരുടെ കൂട്ടത്തിൽ മധുരയിലെ നായകവംശസ്ഥാപകനായ വിശ്വനാഥൻ ഒരു ഉൽകൃഷ്ടസ്ഥാനത്തിന്ന് അർഹനാകുന്നു. ഐശ്വര്യങ്ങളുടെ ചാപല്യം നിമിത്തവും പ്രബലന്മാരായ ക്ക് ഭാഗ്യാന്വേഷകന്മാരുടെ നേരെയുള്ള രാജനീതി

യുടെ ശൈഥില്യംകൊണ്ടും രാജാക്കന്മാരുടെ ദൌർബ്ബല്യംകൊണ്ടും ഇന്ത്യാചരിത്രത്തിലെ മദ്ധ്യകാലീനരാജവംശങ്ങളിൽ ഏറവും അസ്ഥിരങ്ങളും ക്ഷണഭംഗുരങ്ങളും ആയിരുന്നു എന്നു് എല്ലാവർക്കും അറിയാവുന്ന സംഗതിയാണ്. രാജവംശങ്ങളുടെ ഉന്നതിയും അധോഗതിയും നിത്യസംഭവമായിരുന്ന കാലത്ത് ഒരു പുതിയ രാജവംശത്തിന്റെ സംസ്ഥാപനത്തെപ്പററി ഒരു പ്രത്യേകവിശേഷത്തോടുകൂടി വിചാരിപ്പാനില്ലെങ്കിലും വിശ്വനാഥന്റെ അനന്യസാധാരണങ്ങളായ അത്യത്ഭുതഗുണഗണങ്ങളെക്കൊണ്ടായ ചരിത്രകാരന്മാരുടെ ശ്രദ്ധയെ ആകർഷിക്കത്തക്കതായ ഒരു പ്രത്യേകവിശേഷമുണ്ടെന്നു നിസ്സംശയം പറയാം. വിശ്വനാഥനോളം യോഗ്യതയില്ലാത്തവർ പലരും തങ്ങളുടെ പരാക്രമംകൊണ്ടോ, അല്ലെങ്കിൽ പ്രബലന്മാരായ പാർശ്വജനങ്ങളുടെ സഹായംകൊണ്ടോ രാജാക്കന്മാരായിത്തീർന്നിട്ടുണ്ടെങ്കിലും അവർക്കും വിശ്വനാഥനെപ്പോലെ തങ്ങളുടെ പ്രവൃത്തിയുടെ സ്മാരകചിഹ്നങ്ങൾ നിലനിറുത്തുവാൻ സാധിച്ചിട്ടില്ല. തന്റെ കൃത്യതകൊണ്ടു തന്റെ കീഴിലുളള സൈന്യങ്ങളുടെ നിരതിശയമായ പ്രീതി സമ്പാദിക്കാൻ കഴിഞ്ഞ ഒരു യോദ്ധാവാണെന്നു കാണിച്ചതിനു പുറമെ ജനങ്ങളുടെ സ്വഭാവത്തെപ്പററി നല്ല പരിജ്ഞാനവും രാജ്യകാര്യവിചാരങ്ങളിൽ അസാമാന്യമായ നൈപുണ്യവും മഹത്തായ ഏർപ്പാടുകൾ ചെയ്യുന്നതിൽ നല്ല സാമർത്ഥ്യവും തനിക്കുണ്ടെന്നു വിശ്വനാഥൻ തെളിയിച്ചു. കാലോചിതമായ കാര്യങ്ങളും ആവശ്യങ്ങളും അദ്ദേഹം ശരിയായി അറിഞ്ഞു് അവയെ നിറവേററാനുളള ഉപായങ്ങളും വഴികളും കണ്ടുപിടിച്ചു; അവ്യക്തമായി കിടന്നിരുന്ന കാര്യങ്ങളെ ലേശം ചാഞ്ചല്യം കൂടാതെ വ്യവസ്ഥപ്പെടുത്തി. പ്രതാപമെല്ലാം നശിച്ചു രാജാക്കന്മാരെന്ന പേര മാത്രം ശേഷിച്ച പാണ്ഡ്യരാജാക്കന്മാരുടെ കീഴിലുണ്ടായിരുന്ന സാമന്തന്മാർ അവർക്കു കീഴടങ്ങാതെയും ജനങ്ങളെ ധിക്കരിച്ചും സ്വതന്ത്രരാജാക്കന്മാരെപ്പോലെ തങ്ങളുടെ മാത്രം വാണിരുന്നു. ഇപ്രകാരം പല ചെറുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്ന മധുരാരാജ്യത്തെ തന്റെ ഏകശാസനത്തിൻ കീഴിലാക്കി വിശ്വനാഥൻ അതിനെ ഒരു പ്രബലരാജ്യമാക്കിത്തീർത്തു. മധുരാരാജ്യത്തിലുണ്ടായിരുന്ന ചെറുരാജ്യങ്ങളെല്ലാം ഒന്നാക്കിച്ചേർത്തു് അതിനെ നല്ല സ്ഥിതിയിൽ വരുത്തുവാൻ വിശ്വനാഥൻ ചെയ്ത പ്രയത്നങ്ങളുടെ പരിപൂർത്തിനിമിത്തം രാജ്യപരിവർത്തനങ്ങൾ സർവസാധാരണമായിരുന്ന ആ കാലങ്ങളിൽകൂടി അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരിൽ വളരെ പേർ കൊളളരുതാത്തവരായിരുന്നിട്ടും ഈ വംശം സ്ഥാപിച്ചതുമുതൽ ഇരുനൂറുകൊല്ലത്തോളം നിലനിന്നുപോന്നു.

ക്രിസ്ത്വാബ്ദം 1530 മുതൽ 1567 വരെ വിജയനഗരത്തിൽ ചക്രവർത്തികളായി വാണിരുന്ന അച്യുതരായരുടെയും സദാശിവരായരുടെയും സേനാപതിയുടെ നിലയിൽ വളരെ പ്രസിദ്ധി നേടിയവനും തന്റെ സാമർത്ഥ്യംകൊണ്ടും പരിശ്രമംകൊണ്ടും വിജയനഗര രാജ്യത്തിലെ പ്രഭുക്കന്മാരുടെ ഇടയിൽവെച്ചു പ്രധാനിയായിത്തീർന്നവനുമായ നാഗപ്പനായക്കനാണ് വിശ്വനാഥന്റെ അച്ഛൻ. ചക്രവർത്തിയുടെ അധീനത്തിലുളള 40000 കുതിരപ്പടയാളികളുടെയും 4000 ആനപ്പടയാളികളുടെയും 10000 ഒട്ടകപ്പടയാളികളുടെയും നേതാവായിരുന്നതിനു പുറമെ നാഗപ്പനു സ്വന്തമായി 6000 കുതിരപ്പടയാളികളും 20000 കാലാൾപടയും ഉണ്ടായിരുന്നു. നാഗപ്പന്റെ സ്വന്ത

ക്ഷേസൈന്യത്തിന്റെ ചിലവിലേക്ക് വിജയനഗര ചക്രവർത്തികളുടെ കീഴിലുള്ള പാളയക്കാരായ പ്രമുഖന്മാരോടും ജനങ്ങളോടും കര ഉപ്പുകരി മുതൽ പിരിക്കാൻ ഗവൺമെന്റ് നാഗപ്പനെ അധികാരപ്പെടുത്തിയിരുന്നു. പാളയക്കാർക്കിടയിൽ മഹാസ്ഥാനമായ നാഗപ്പനായ്ക്ക് വിജയനഗരസാമ്രാജ്യത്തെ അതിന്റെ ശത്രുക്കളിൽ നിന്ന് രക്ഷപ്പൊഴും രക്ഷിച്ചുപോന്നു. വളരെ സമർത്ഥനായ തന്റെ കഴിവുകളെയും അതിന്റെ യശസ്സിനെയും നിലനിർത്തുന്നതിൽ നാഗപ്പന സമാധാനം ഉണ്ടായില്ല. അയാൾ വളരെ ക്ഷേത്രങ്ങളും ധർമ്മസ്ഥാപനങ്ങളും പ്രാർത്ഥനകളും കഴിച്ചിട്ടും സന്തതിയുണ്ടാവാതെ കഷ്ടം നാഗപ്പൻ കാശിയിൽപോയി വിശ്വനാഥസ്വാമിയെ വളരെ ഭക്തിയോടുകൂടി സേവിച്ചു. സ്വാമിയുടെ കൃപാകടാക്ഷംകൊണ്ട് നാഗപ്പന് ഒരു പുത്രൻ ഉണ്ടായി. കുട്ടിക്ക് അയാൾ വിശ്വനാഥസ്വാമിയുടെ പേരുതന്നെ ഇട്ടു. ക്രിസ്ത്വബ്ദം 1510-ാമാണ്ടിനടുത്താണ് വിശ്വനാഥന്റെ ജനനം. വിശ്വനാഥൻ തന്റെ അച്ഛന്റെ കീഴിൽത്തന്നെ ആയുധാഭ്യാസം മുതലായവ ശീലിച്ചു. വിജയനഗരത്തെ പലപ്പോഴും ആക്രമിച്ചിരുന്ന മുസ്ലീങ്ങളുമായി യുദ്ധം ചെയ്ത് അവരെ തോല്പിച്ചു ചെറുപ്പത്തിൽ തന്നെ വിശ്വനാഥൻ പ്രസിദ്ധനായിത്തീർന്നു. കാലക്രമംകൊണ്ട് വിശ്വനാഥൻ തന്റെ അച്ഛന്റെ കീർത്തിക്ക് തുല്യമായ കീർത്തി സമ്പാദിക്കുകയും ചക്രവർത്തിയുടെ ഒരു സൈന്യവിഭാഗത്തിന്റെ നേതാവായിത്തീരുകയും ചെയ്തു.

ക്രിസ്ത്വബ്ദം 1550-ാമാണ്ടിന് അടുത്ത കാലത്ത് ദക്ഷിണേന്ത്യയിൽ ഉണ്ടായ ഒരു കാര്യം നിമിത്തം വിശ്വനാഥന്റെ യോഗ്യതകൾ പ്രസിദ്ധമായിത്തീരുകയും കാലാന്തരത്തിൽ അദ്ദേഹത്തിനു രാജാവ് എന്ന സ്ഥാനം ലഭിച്ചിരുന്നില്ല. രാജയോഗ്യമായ പദവി സിദ്ധിക്കുകയും ചെയ്തു. ആ കാലത്ത് ചോളരാജ്യം ഭരിച്ചിരുന്ന വീരശേഖരൻ മധുരയിലെ പാണ്ഡ്യരാജാവായ ചന്ദ്രശേഖരപാണ്ഡ്യന്റെ രാജ്യത്തെ ആക്രമിക്കുകയും അദ്ദേഹത്തിന്റെ രാജധാനിയെയും രാജ്യത്തിന്റെ അധികഭാഗത്തെയും പിടിച്ചടക്കുകയും ചെയ്തു. പാണ്ഡ്യരാജാവ് ചോളരാജാവിന്റെ അക്രമമായ പ്രവൃത്തിയെപ്പറ്റി തന്റെ മേലധികാരിയും അധിപതിയുമായ സദാശിവരായന്റെ അടുക്കൽ ചെന്ന് ആവലാതി പറഞ്ഞു. ചോളരാജാവിന തക്കതായ ശിക്ഷകൊടുത്ത പാണ്ഡ്യരാജാവിന്റെ രാജ്യം തിരികെ കൊടുപ്പിക്കാനായി സദാശിവരായൻ ഉടനെ തന്റെ സേനാപതിയായ നാഗപ്പനായകിനെ അയച്ചു. നാഗപ്പൻ തഞ്ചാവൂർ പട്ടണത്തെ ആക്രമിക്കുകയും ചോളരാജ്യത്തിൽ പലേടങ്ങളിലും നാശം വരുത്തി ചോളരാജാവിനെ വധിച്ച് കാര്യസിദ്ധിയിലാക്കുകയും ചെയ്തതിനാൽ അദ്ദേഹം നാഗപ്പനെ കീഴടക്കി. നാഗപ്പൻ ഏറ്റെടുത്ത കാര്യങ്ങളിലും സഫലമായി. ചന്ദ്രശേഖരപാണ്ഡ്യന രാജ്യം തിരികെക്കൊടുക്കുന്ന കൃത്യം മാത്രമാണ് ബാക്കിയുണ്ടായിരുന്നത്. അതേവരെ ഒരിക്കലും ഇല്ലാത്ത സുപ്രസിദ്ധമായ മധുരാപട്ടണത്തെ കണ്ട മാത്രയിൽതന്നെ അതിനെ തന്റെ സ്വന്തമാക്കാനുള്ള മോഹം നാഗപ്പന്റെ മനസ്സിൽ ജനിച്ചു. വിജയനഗരം വളരെ ദൂരെയായിരുന്നതിനാലും അതിന്റെ കീഴുള്ള നായകനായി ഒരു സൈന്യത്തോ നാഗപ്പന്റെ നേരെ വളരെ ഭക്തിയുള്ളവരായിരുന്നതിനാലും വിജയനഗരം പ്രബലം തകർന്നുള്ള അന്തച്ഛിദ്രംകൊണ്ടും പന്തരംകൊണ്ടും സദാശിവരായന് സ്വന്തരാജ്യത്തിൽതന്നെ വളരെ ബുദ്ധിമുട്ടുകൾ ഉ

ജോലിയിലായിരുന്നതിനാലും നാഗപ്പൻ ഈ അവസരത്തിൽ ചക്രവർത്തിയുടെ ദേഹരക്ഷയുള്ള അങ്കിതി വെടിഞ്ഞ് ഒരു രാജദ്രോഹിയായിത്തീർന്ന് നിസ്സാരന്മാരായ പരദേശ്യന്മാരായിരുന്ന അടിവലിക്കാർ താൻതന്നെ മധ്യസ്ഥനായി വന്നു. ഗൗരവമായി ധൈര്യത്തോടുകൂടി ചക്രവർത്തിയുടെ അനുഗ്രഹത്തെ പ്രതീക്ഷിച്ചുകൊണ്ടു നാഗപ്പൻ മധുരയിൽ താമസിച്ചു.

തന്റെ സേനാധിപന്റെ വിജയത്തെയും അയാളുടെ രാജദ്രോഹകരമായ പ്രവൃത്തിയെയും പറ്റി സവിശേഷമായിട്ട് അറിവു കിട്ടിയപ്പോൾ, താൻ നാഗപ്പനു ചെയ്തിട്ടുള്ള ഉപകാരങ്ങളെല്ലാം അയാൾ വിസ്മരിച്ചു തന്റെ നേരെ ഇത്ര നന്ദികേടോടും അവമതിയോടുംകൂടി പ്രവൃത്തിച്ചതിനെപ്പറ്റി ചക്രവർത്തിക്കു വളരെ സ്വൈരക്കേടു തോന്നി. നാഗപ്പനെപ്പോലെ മറ്റുള്ളവരും പ്രവൃത്തിക്കാതിരിപ്പാൻ വേണ്ടി ചക്രവർത്തി ഉടനെതന്നെ തന്റെ മന്ത്രിമാരെയും പ്രമാണികളെയും സേനാധിപന്മാരെയും വിളിച്ചു വരുത്തി ഒരു സഭ കൂടി അതിൽ വെച്ചു നാഗപ്പന്റെ പ്രവൃത്തികളെ സംക്ഷിപ്തത്തിനു വരാൻ പോകുന്ന ആപത്തുകളെ സവിസ്തരം പ്രതിപാദിച്ചതിന്റെ ശേഷം അദ്ദേഹം അവിടെ കൂടിയിരുന്ന അനേകം പേരിൽ ആരെങ്കിലും ഈ രാജദ്രോഹിയുടെ ധിക്കാരത്തിനു തക്കതായ പ്രതിക്രിയ ചെയ്ത് അവന്റെ തല ജയഭേരിയോടുകൂടി രാജധാനിയിലേക്ക് കൊണ്ടു വരാൻ കഴിയുമോ എന്നു വളരെ സങ്കടത്തോടുകൂടി ചോദിച്ചു. ചക്രവർത്തിയുടെ സൈന്യങ്ങളോടു പട വെട്ടി വളരെ കാലം എതിർത്തു നില്പാനുള്ള സാമർത്ഥ്യവും ശക്തിയും ദ്രവ്യസാമഗ്രിയും നാഗപ്പനു ഉണ്ടെന്നു സർവ്വസമ്മതമായിരുന്ന എല്ലാവർക്കും നല്ലപോലെ അറിവുണ്ടായിരുന്നതുകൊണ്ട് അവിടെ കൂടിയിരുന്നവരിൽ ആരും ചക്രവർത്തിയുടെ ചോദ്യത്തിനു തക്ക മറുപടി പറവാൻ ധൈര്യപ്പെട്ടില്ല. ഒടുക്കം അവിടെ കൂടിയിരുന്നവരുടെ ഇടയിൽനിന്നു ശ്രീമാൻ ഒരു ആജാനുബാഹുവും നവയൗവനയുക്തനും ദൃഢഗാത്രനും ഒരു രാജകുമാരനെപ്പോലെ തോന്നപ്പെടുന്നവനും കാന്തികളുടെ വിസ്താരത്തിനു പാത്രീഭൂതനും ആയ ഒരാൾ എഴുന്നേറ്റുനിന്നു. ആ ആൾ വിശ്വനാഥനായിരുന്നു. തന്റെ അച്ഛന്റെ വിശ്വാസവഞ്ചനയെയും സ്വാമിദ്രോഹത്തെയും പറ്റി ഗൗരവമായി അധിക്ഷേപിക്കയും താൻ ആജീവനാന്തം ചക്രവർത്തിയുടെ നേരെ ഭക്തിയോടും വണക്കത്തോടുംകൂടി ഇരിക്കുന്നതാണെന്നു ശപഥം ചെയ്തതിന്റെ ശേഷം അച്ഛന്റെ നേരെ യുദ്ധത്തിനായി തന്നെ അയക്കണമെന്നു വിശ്വനാഥൻ ഗംഭീരശബ്ദത്തോടുകൂടി ചക്രവർത്തിയോടു പ്രാർത്ഥിക്കയും ചെയ്തു. ചക്രവർത്തിക്ക് ആദ്യം അയാളെപ്പറ്റി സംശയമുണ്ടായി എങ്കിലും അയാളുടെ നയധൈര്യത്തോടും സത്യമായുള്ള നടപടിയെയും അയാൾ വാക്കുകളുടെ ഗാംഭീര്യത്തോടും നിർവ്യാജതയോടും കൂടി ചെയ്ത പ്രാർത്ഥനയെയും അയാളുടെ പ്രസിദ്ധിയെയും ആലോചിച്ചപ്പോൾ അയാൾ വിശ്വാസയോഗ്യനാണെന്നും തന്റെ വിശ്വാസം അസ്ഥാനത്തിലാവില്ലെന്നും ചക്രവർത്തിക്കു ബോധ്യമായി.

ഇപ്രകാരം ആജ്ഞാനുസാരി നാഗപ്പൻ തന്റെ സ്വാതന്ത്ര്യത്തെ ബലി കഴിച്ചും ഒന്നുരണ്ടിനെ ദ്രോഹങ്ങളെയും അന്യായങ്ങളെയും ആരോപിക്കുകയുള്ള ജീവിതം ആരംഭിച്ചപ്പോൾ, ആ ആൾതന്നെ, മധുരവിട്ടുപോയി നിശ്ചിതം നാഗപ്പന്റെ ഉ

ൎക്ക് ഒക്കെയും നിറവേറ്റുന്നതിനു മുഖ്യപ്രതിബന്ധമായി തീൎന്നു. വിശ്വനാഥൻ അതിവേഗത്തിൽ ചക്രവൎത്തിയുടെ സൈന്യങ്ങളോടുകൂടി കൎണ്ണാടകരാജ്യം കടന്നു മധുരയിലെ അതിൎത്തിയിലെത്തി നാഗപ്പന്റെ സൈന്യങ്ങളോടു എതിരിട്ടു. ന്യായവും സത്യവും വിശ്വനാഥന്റെ ഭാഗത്തായിരുന്നതുകൊണ്ടും അയാളുടെ വ്യൂഹരചനയുടെ വിശേഷംകൊണ്ടും പരാക്രമംകൊണ്ടും വിശ്വനാഥൻ യുദ്ധത്തിൽ വിജയിയായി ഭവിച്ചു. നാഗപ്പൻ തടവുകാരനാക്കപ്പെടുകയും അയാളുടെ സൈന്യങ്ങളിൽ മിക്കവാറും വിശ്വനാഥന്റെ സൈന്യങ്ങളോടു യോജിക്കുകയും ബാക്കിയുള്ളവർ പോൎക്കളത്തിൽ നിന്നു ഓടിപ്പോവുകയും ചെയ്തു. ഈ സംഭവങ്ങൾക്കെല്ലാം കാരണഭൂതനായ ചന്ദ്രശേഖരപാണ്ഡ്യനെ ജേതാവായ വിശ്വനാഥൻ വളരെ ആഘോഷത്തോടുകൂടി മധുരയിലെ രാജാവാക്കി വാഴിച്ചു. വിശ്വനാഥന്റെ ഉദ്യമം ഇത്ര ജയഘോഷത്തോടുകൂടി കലാശിച്ചതുകൊണ്ട് 'ചക്രവൎത്തിക്ക്' അയാളുടെ നേരെ അളവറ്റ സംതൃപ്തിയുണ്ടായി. ചക്രവൎത്തിക്ക് തന്നെപ്പറ്റിയുള്ള നല്ല അഭിപ്രായത്തെ വിശ്വനാഥൻ വഴിപോലെ ഉപയോഗിക്കാതിരുന്നില്ല. തന്റെ അച്ഛന്റെ ജീവനെ എങ്ങിനെയെങ്കിലും രക്ഷിക്കണമെന്നായിരുന്നു അയാളുടെ മുഖ്യമായ ആഗ്രഹം. അച്ഛൻ കുറ്റക്കാരനാണെങ്കിലും മകന്റെ സ്വാമിഭക്തി വിചാരിച്ച് അച്ഛനു മാപ്പു കൊടുത്താൽ കൊള്ളാമെന്നു വിശ്വനാഥൻ നിരന്തരമായ ചക്രവൎത്തിയോട് അപേക്ഷിച്ചു. തന്റെ അച്ഛന്റെ പൂൎവ്വചരിത്രത്തെയും അച്ഛൻ മുമ്പു ചക്രവൎത്തിക്കു വേണ്ടി ചെയ്തിട്ടുള്ള പ്രവൃത്തികളെയും വിശ്വനാഥൻ സവിസ്തരമായി പ്രതിപാദിച്ചു. അച്ഛനെ രാജദ്രോഹകാരത്തിനു ശിക്ഷിക്കാതായാൽ അതു തന്റെ യശസ്സിനു ഹാനികരമായി തീരുന്നതാണെന്നും തന്റെ സ്വാമിഭക്തിയെപ്പറ്റി മററുലോകർ ശങ്കിക്കുമെങ്കിലും പിതൃഘാതിയാണെന്നുള്ള ദൂഷണം അവർ തന്റെ മേൽ ആരോപിക്കുന്നതാണെന്നും അദ്ദേഹം ചക്രവൎത്തിയോടു പറഞ്ഞു. അയാളുടെ നേരെയും അതിയായ പക കയറാത്ത ചക്രവൎത്തി, നാഗപ്പനെ ശിക്ഷിക്കുന്നതിനേക്കാൾ അധികം ഗുണം അവനെ മാപ്പു കൊടുക്കുന്നതാണെന്നു തീൎച്ചയാക്കി അപ്രകാരം ചെയ്തു. നാഗപ്പൻ അന്നു മുതല്ക്കു രാജ്യകാൎയ്യങ്ങളിൽനിന്നു വിരമിച്ചു. തന്റെ പുത്രന്റെ യോഗ്യതയിലുള്ള അഭിമാനത്തോടുകൂടി ശിഷ്ടകാലം കഴിച്ചുകൂട്ടി.

വിശ്വനാഥൻ ഒരു അവസരത്തിൽ തന്നെ തന്റെ രാജഭക്തിയും പിതൃഭക്തിയും പ്രദൎശിപ്പിച്ചതിന്റെ ശേഷം മധുരയിൽ തന്നെ ചന്ദ്രശേഖരപാണ്ഡ്യന്റെ രാജ്യകാൎയ്യങ്ങളെ ക്രമപ്പെടുത്തി നല്ല സ്ഥിതിയിലാക്കാൻ അദ്ദേഹത്തെ സഹായിക്കണമെന്നു ചക്രവൎത്തി വിശ്വനാഥനോടു കല്പിച്ചു. ശരിയായി നീതിന്യായം ചെയ്യാതിരുന്നതുകൊണ്ടും ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു തന്റെ പ്രജകളെ രക്ഷിപ്പാൻ കഴിയാതിരുന്നതുകൊണ്ടും ചന്ദ്രശേഖരപാണ്ഡ്യന്റെ നേരെ അദ്ദേഹത്തിന്റെ പ്രജകൾക്കലേശം തൃപ്തിയോ സ്നേഹമോ ഉണ്ടായിരുന്നില്ല. ഇതിനുപുറമെ അദ്ദേഹത്തിന്റെ അലസതയും നിമിത്തം ജനങ്ങളുടെ ഇടയിൽ അസംതൃപ്തിയും പ്രക്ഷോഭവും വൎദ്ധിച്ചു വന്നതിനാൽ അദ്ദേഹത്തിനു സ്ഥാനഭ്രംശം കൂടി വരുമോ എന്നു സംശയിക്കേണ്ടി വന്നു. ജനങ്ങളെ വശീകരിക്കത്തക്കതായ ഔദാൎയ്യം, വീൎയ്യം, മുതലായ അനേക സൽഗുണങ്ങളും വിശ്വനാഥ

ങ്ങളായിരുന്നു. പാണ്ഡ്യരാജാവിങ്കൽ പ്രത്യക്ഷമായി കാണപ്പെട്ടിരുന്ന ഗുണങ്ങളുടെ സാന്നിദ്ധ്യം നിമിത്തം വിക്രമാദിത്യന്റെ സൽഗുണങ്ങളും ശത്രുഗുണങ്ങളുമായി പ്രകാശിച്ചു. സൽഗുണസമ്പന്നനായ വിക്രമാദിത്യന്റെ സമ്പർക്കത്താൽ ചന്ദ്രശേഖരപാണ്ഡ്യന്റെ സ്വഭാവത്തിനു ചില ഗുണകരമായ മാററങ്ങളും ഉണ്ടാകാതിരുന്നില്ല. പാണ്ഡ്യരാജാവിന്റെ ശത്രുവായും ഉപകർത്താവുമായ വിക്രമാദിത്യൻ അനന്തരകാലത്തു ക്രമത്തിൽ അദ്ദേഹത്തിന്റെ മേലധ്യക്ഷനും ബന്ധുവുമായിതീർന്നു. രാജ്യവാസികളുടെ ക്ഷേമത്തിനുവേണ്ടി അന്യോന്യസഹായത്തോടുകൂടി പ്രവൃത്തിച്ചുപോന്നിരുന്ന വിക്രമാദിത്യൻ വിദ്വാന്മാരുടെ ആദരാതിശയത്തിനും ബ്രാഹ്മണരുടെ പ്രീതിക്കും പാത്രമായി ഉവിച്ചു. രാജ്യകാര്യസംബന്ധമായ ഏർപ്പാടുകളിലെല്ലാം അദ്ദേഹത്തിന്റെ ബുദ്ധിസാമർത്ഥ്യം കാണപ്പെട്ടിരുന്നു. അല്പകാലത്തിനുള്ളിൽ മധുരരാജ്യവാസികൾ നൃപരാജ്യഭരണത്തിന്റെയും അന്തിമമായി രാജ്യത്തിലുണ്ടായ സമാധാനത്തിന്റെയും പുഷ്ടിഫലം അനുഭവിച്ചു.

ഈ കാലത്തു ചന്ദ്രശേഖരപാണ്ഡ്യൻ കാലഗതിയെ പ്രാപിക്കയും ക്രിസ്ത്വബ്ദം 1582-ാമാണ്ടിൽ വിക്രമപാണ്ഡ്യൻ എന്നപേരായ അദ്ദേഹത്തിന്റെ ബാലനായ പുത്രൻ മധുരയിലെ രാജാവാകുകയും ചെയ്തു. വിക്രമപാണ്ഡ്യനും ഉടനെതന്നെ മരിച്ചുപോയതിനാൽ മധുരരാജ്യം ഭരിപ്പാൻ അവകാശികൾ ഇല്ലാതെ വന്നു.

(ശേഷം)

കെ. കുഞ്ഞുണ്ണിനായർ ബി. എ., ബി. എൽ.

അഭിജ്ഞാനശാകുന്തളം

(പരിഷ്കരിച്ച പതിപ്പ്)

ഈ പുസ്തകം അഭിപ്രായത്തിനു കിട്ടിട്ട് മാസം രണ്ടെല്ലു സമയത്തിന്റെ ദൗർലഭ്യം കൊണ്ട് ഒന്നു നന്നുടെ ഗണിതപ്രകാരം കണക്കാക്കാറായിട്ടില്ല. ഇക്കാലത്തിനുള്ളിൽ ഈ പുസ്തകത്തിന്റെ രണ്ടാം പതിപ്പിനും കൂടി പ്രചാരം വന്നിരിക്കുന്നു. അഭിപ്രായം പറവാൻ ഇത്ര വളരെ താമസം നേരിട്ടതിൽ ഞങ്ങൾക്കു ഒട്ടുവളരെ പരവശമുണ്ട്. ഈ പുസ്തകത്തിന്റെ ആവിർഭാവത്തോടുകൂടി പത്രക്കൂട്ടത്തിൽ വാക്കലഹകോലാഹലവും കണ്ടു തുടങ്ങിയതിനാൽ പല പണ്ഡിതന്മാരുടെയും സഹൃദയരുടെയും അഭിപ്രായങ്ങളെ അറിഞ്ഞുകൊണ്ടു സ്വാഭിപ്രായം പറയുന്നതായിരിക്കും അധികം യുക്തമെന്നു കരുതി ഞങ്ങളും ഞങ്ങളുടെ ക്ഷമയോടെ പ്രതീക്ഷിച്ചു. പൊതുവിലുള്ള അഭിപ്രായങ്ങളെ അറിഞ്ഞു ഗുണദോഷങ്ങളെ നിരൂപിക്കുകയാണല്ലോ പത്രാധിപന്മാരുടെ സ്വധർമ്മം. എന്നാൽ പലരുടെയും വാക്കുകളിൽ വിഷയത്തിന്റെ ഗുണദോഷങ്ങളെക്കാൾ അധികം പക്ഷപാതത്തിനു പ്രാധാന്യം കൊടുത്തു കണ്ടതുകൊണ്ടിരിപ്പാൻ ഞങ്ങളുടെ പ്രതീക്ഷണം നിഷ്ഫലമായെന്നു ഞങ്ങൾക്കു ബോദ്ധ്യമായി. ഇതിനാൽ വൃഥാ കാലതാമസം വന്നു പോയതിൽ വ്യസനിപ്പാനേ നിവൃത്തിയുള്ളൂ.

മൂലത്തിന്റെ അർത്ഥത്തിന് ഏറ്റ

ക്കാവ്യരസാസ്വാദനത്തിൽ ഭീമനായിരുന്നതിനാലോ
നിഷ്ഠയെയും പ്രതിപാദ്യവസ്തുവിനെ ക
ലാപര ഭാഷയിലേക്ക് പകർത്തുന്ന കാര്യം
ഒട്ടും എളുപ്പമായിട്ടുള്ളതല്ല. അതിലും വി
ശേഷിച്ച് പരിപൂർണ്ണതയിലെത്തിയുള്ള
ശാകുന്തളത്തിലെ സൗന്ദര്യങ്ങളെ
ഭാഷാന്തരാവസ്ഥയിൽ കിടന്ന കളിയാ
ക്കുകളിൽ മാറ്റപ്പെടുത്തുമ്പോൾ വാക്കി
ന്റെ ഭംഗിയും ചോരുകൂടാതെ കഴിവുള്ള
രുചന്മാർ ചിലർ മാത്രമേ കഴിയുന്നതുള്ളൂ.
സംസ്കൃതകൃതികളുടെ സൗന്ദര്യവും സാരള്യ
വും അധികമാകുന്ന ഭാഷാന്തരസമ്പ്രദായം ആ
ധുനിക ഭാഷാന്തരപ്പെടുത്തുന്നവരുടെ ഒരേ
ഒരു വഴിയായിരുന്നുവെന്ന്.

കാളിദാസകൃതികളെ ഭാഷാന്തരപ്പെ
ടുത്തിയവരിൽ വളരെപ്പേർ സാധിച്ചി
ട്ടുള്ളവർ തങ്ങളുടെ കൃതിയിൽ സ്ഥ
ാനീയമായ മലയാള കാവ്യസ്ഥാനങ്ങളെ
പോൻ വകയില്ല. കാളിദാസകവിതയെപ്പ
ററി മലയാളത്തിലും പറഞ്ഞുകേട്ടിട്ടുള്ളത് ഇ
തിലെ സാധകമായിരിക്കുന്നതാണ്. കാ
ളിദാസൻ രഘുവംശം നിർമ്മിച്ച് ഭോജസഭ
യിൽ കൊണ്ടുചെന്ന രാജാവിനെ വായിച്ചു
കേൾപ്പിക്കുന്നതിനിടയിൽ, അജവിലാപത്തി
ലെ,

അഭിഗാമിത്വാൽ ഉദയമെല്ലാം ...
സ്രഗിയം യദി ജീവിതാപഹാ ...
ഹൃദയേ നിഹിതാ കിമു നാ ഹന്തി മാം ...
വിഷമപ്യമൃതം ക്വചിദ്ഭവേത് ...

എന്ന ശ്ലോകം ചൊല്ലിക്കേൾപ്പിച്ചപ്പോൾ
സദസ്സിലുണ്ടായിരുന്ന കവിവരന്മാർ 'സ്രഗി
യം' എന്ന പദം സ്വതമായിട്ടി
ല്ലെന്നും 'സദിയം' എന്ന പാഠം മാത്ര
മേ ശരിയാകുന്നും അഭിപ്രായപ്പെട്ടു കാളിദാ
സൻ ഉടനെ മാറ്റിക്കൊള്ളുവാൻ സമ്മതി
ച്ചു. ആ കവി 'വന്ദ്യസ്തുതിസ്യ' എന്ന മാ

റി. അടിവരിയുള്ളതിന്റെ സമ്പ്രദായത്തെ
പ്പോലെ പ്രസാദഗുണത്തെ ദ്യോതിപ്പി
പ്പാൻ ശക്തിയില്ലെന്നായി മലയാള രസി
കർ. പ്രസാദത്തിന്റെ ശക്തിയില്ലെങ്കിൽ
കാവ്യാസ്വാദനം കരപായൽ ചെയ്യുന്ന നി
ലയിൽ ഞങ്ങൾ മാത്രമാണ്‌. എന്നാൽ പ്ര
സാദംകൂടി പ്രസംഗിച്ചുകൊണ്ടാണെന്നു
ള്ള 'പ്രസാദഗിരിശൃംഗങ്ങളുടെ
സ്യൂസ്തിസ്യ ഗമരാജ്ഞം' എന്ന മലയാള
കവി മാറി. ഇപ്രകാരം തിരിയിച്ചായി. 'ശി
ഖി'യാണ് ശബ്ദത്തിന്റെ ശക്തിയാകൃതിയെ
ദ്യോതിപ്പിക്കുന്നത്. എന്നാലതുപോലെ 'പ്ര
സാദഗിരിശൃംഗമഹോദധിയിൽ' എന്നാ
കിലെന്താ, അപ്രകാരം മതി പോകം. മറു
പ്പുറത്ത് ഇതിൽ ചേർക്കാം. ഇതിനെ മാറി
മാറി 'മഹാസാഗരവില' എന്നതുവരെ ഉട
ച്ചുമാറ്റപ്പോൾ, 'മകരകടിച്ചു അല്ല നി
ങ്ങളുടെ രഘുവംശം. എന്റെ രഘുവംശം മു
മ്പിലത്തെപ്പോലെ തന്നെ ഇരിക്കട്ടെ' എ
ന്ന കാളിദാസൻ മറുപടി പറഞ്ഞുവെന്ന
കേട്ടിട്ടുണ്ട്. പാഠം മാറിയെങ്കിലുംകൂടി
അനന്തനകൃതമായ കൃതിയെ ശ്ലോക
ത്തിന്റെ ശ്ലോകമായി ഭാഷാന്തരീകരിപ്പാൻ
എത്ര പ്രയാസമാണെന്ന് ഉദാഹരിക്കാവുന്ന
താണല്ലോ.

എന്നാൽ കാളിദാസകൃതികളിൽ വ്യാ
ഖ്യാതാക്കന്മാർ വലിച്ചിഴച്ചുകൊണ്ടുവന്ന ചാ
ത്തിട്ടുള്ള വ്യംഗ്യാർത്ഥമൊക്കെ മുഴുവനും തർജ്ജമ
യിൽ വരുത്തുവാൻ സാധിക്കാത്തതുകൊണ്ടു
തർജ്ജമക്കു ന്യൂനത കല്പിപ്പാൻ പാടുള്ളതല്ല.
'ശിവസായുജ്യമേനാകമനീയം' എന്ന പ്ര
യോഗിച്ചിട്ടുള്ള കാവ്യവസ്തുവിന്റെ കലാ
ശം മംഗളമായിട്ടാണെന്ന സൂചിപ്പിപ്പാൻ
വേണ്ടിയാണെന്നും 'പ്രാഗഭവി മകരനാൽ
സംഭവിച്ചതാം' എന്നതുകൊണ്ടു രാജാവി
ന്റെ സന്താനംകൂടി ധ്വനിക്കുന്നതെന്ന

ണം മാത്രം പോരുന്നു കവിയുടെ വിവക്ഷയിൽനിന്നു കടന്നുപോകുന്നുവെന്നാണു തോന്നിയേക്കുന്നതു്. ഈ മാതിരി വ്യംഗ്യാർത്ഥങ്ങളെ സ്ഫുരിപ്പിപ്പാൻ മറ്റൊരു ഭാഷക്കു ശക്തിയുണ്ടാകുന്നതല്ല. വാച്യത്തെ പ്രധാനമാക്കിവെച്ചുകൊണ്ടു രസഭംഗം വരാതെ തർജ്ജമചെയ്വാൻ മാത്രമേ നിപുണന്മാരായ തർജ്ജമക്കാരെക്കൊണ്ടും സാധിക്കയുള്ളു.

ഒരു ഗ്രന്ഥത്തിന് മലയാളത്തിൽ പല തർജ്ജമകളും ഉണ്ടാകുന്നതു സാധാരണയാണ്. ശാകുന്തളം മലയാളത്തിൽ തന്നെ ഒന്നിലധികം പ്രാവശ്യം തർജ്ജമചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, സാഹിത്യരംഗത്തിൽ പ്രവേശിച്ച കാലം മുതല്ക്കു പണ്ഡിതപാമരഭേദംകൂടാതെ കേരളീയരെയൊക്കെ ആഹ്ലാദിപ്പിച്ചുവന്നിരുന്ന കേരളകാളിദാസശാകുന്തളത്തിനു 'വേഷംമാറി' പുറപ്പെടേണ്ടി വരുവാനുള്ള കാരണമെന്തായിരുന്നു, ഇപ്പോഴത്തെ 'പരിഷ്കാരം' എത്രത്തോളം നന്നായിട്ടുണ്ടെന്നുമാണ് ഇനി ആലോചിപ്പാനുള്ളത്. ആദ്യത്തെ തർജ്ജമയിൽ സംസ്കൃതപ്രയോഗം കുറെ അധികമായിട്ടുണ്ടെന്നുള്ള ന്യൂനത ഗ്രന്ഥകർത്താവിനുതന്നെ സമ്മതമായിട്ടുള്ളതാണ്.

[illegible]
[illegible]
[illegible]
[illegible]

എന്ന തുടങ്ങിയുള്ള ശ്ലോകത്തിൽ കൂടുതൽ ഭാഗം അധികം അസ്പഷ്ടാർത്ഥങ്ങളായിട്ടുതന്നെ പോരാതെ നിവൃത്തിയില്ല. ഭാഷാകൃതികളിൽ സംസ്കൃതാധിക്യം ഭാഷക്കുണ്ടാവുന്ന പൊതുജനാഭിപ്രായത്തിന്റെ കാലക്രമത്തിൽ, കുറഞ്ഞു കൂടിക്കൊണ്ടാണ് വരുന്നത്. ആ സ്ഥിതിക്കു്, അന്നത്തെ ണം ശബ്ദത്തിനും ഒന്നിച്ചു വരുത്താതെ സംസ്കൃതപ്രയോഗങ്ങൾ കുറച്ചു വരുത്തുവാൻ സാധിക്കുമെങ്കിൽ അതിനു ശ്രമിക്കുന്നത് അനാവശ്യമാകയില്ല. അതിനു കുറവു ഒന്നും കൂടാതെ പ്രവർത്തിപ്പതിൽ ഞങ്ങൾ ഗ്രന്ഥകാരനെ അഭിനന്ദിക്കുന്നു.

പുതിയ ശാകുന്തളത്തെ പഴയതുമായി താരതമ്യപ്പെടുത്തി നോക്കിയതിൽ അധികഭാഗവും പുതിയ പരിഷ്കാരം നന്നായിട്ടുണ്ടെന്നു ഞങ്ങൾക്കു തോന്നിയത്. പുതിയ പരിഷ്കാരത്തിൽ സംസ്കൃതപ്രയോഗം വളരെ കുറഞ്ഞിട്ടുണ്ടെന്നു താഴെ കാണിക്കുന്ന ഉദാഹരണത്തിൽ നിന്നുതന്നെ തെളിയുന്നതാണ്.

[illegible]
[illegible]
(പഴയ തർജ്ജമ)

[illegible]
[illegible]
(പരിഷ്കാരം)

'മന്ദംകീർണ്ണാഗ്രം' എന്ന പഴയശ്ലോകത്തിനും 'പൊടിൽപാത്ത്' എന്ന പുതിയ ശ്ലോകത്തിനും തമ്മിൽ ഭാഷയുടെ കാര്യത്തിൽ വ്യത്യാസം ചില്ലറയല്ല. ആദ്യത്തെ തർജ്ജമയിൽ സംസ്കൃതഭാഗം മുഴുവനും ബാധിച്ചിട്ടില്ലാത്ത ശ്ലോകങ്ങളെ തർജ്ജമയിൽ തന്നെ ചെയ്തിട്ടുണ്ടെന്നുള്ളതിനാൽ 'നാലു കെട്ടിലധികാരസ്ഥനായ്' ഇത്യാദിയുള്ള പദ്യങ്ങൾ ശ്രദ്ധേയങ്ങളാകുന്നു. 'കം വൈരി വേ' എന്ന ശ്ലോകത്തിന്റെ തർജ്ജമയിൽ 'ആളിവാര്' എന്നാദ്യം പ്രയോഗിച്ചതുകൊണ്ട് ഔചിത്യത്തിനു പുഷ്ടി വന്നിട്ടുണ്ടെങ്കിലും 'ധൃഷ്ടനായ്' എന്നവസാനിച്ചതു ശബ്ദദൂഷണത്തിനിടയായിട്ടില്ല. 'തപസ്വികന്യാസു' എന്നതിനെ 'ഒരു തപസ്വികന്യയിൽ' എന്നാക്കി പ്രത്യേകപക്ഷപാതം കാണിച്ചതും ഉചിതമായില്ല. ഇങ്ങനെ നി

ശ്രദ്ധിച്ചു നോക്കുന്നതായാൽ പലേടത്തും ഒപ്പം നേടീട്ടുള്ളതിനു ചിലേടത്തു ചില്ലറനഷ്ടവും പററീട്ടുള്ളതായി കാണാം. 'കണ്ണുനാളുകഴികിൽ' എന്ന വാക്യത്തിനിടയിൽ 'ഒഴിവിട്ട്' പോരെങ്കിലും വസ്തുവിന്നു മാററം വരാതെ കഴിഞ്ഞു കൂടുന്നു, ഉള്ളം ചില്ലറനഷ്ടങ്ങളുടെ കൂട്ടത്തിലൊന്നാണെന്നു വിചാരിപ്പാനുള്ളൂ. ആകപ്പാടെ നോക്കുന്നതായാൽ പുതിയ ശാകുന്തളം പഴയതിനെക്കാളധികം നന്നായിട്ടുണ്ടെന്നതന്നെയാണ് പറയേണ്ടത്.

പലവക

അഭിപ്രായത്തിനായി അയച്ചുതന്ന സാഹിത്യസാഹ്യം, സമീചിനി, ഉത്തരരാമ (കന്നാംഭാഗം) എന്നീ പുസ്തകങ്ങൾ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. അഭിപ്രായം അടുത്തതിൽ.

* * * * *

ബ്രാഹ്മണസമുദായത്തിലെ (ദുസ്ഥിതി)ഒന്നിന്നിലും മറവുകളുള്ള കഴപ്പങ്ങൾ തീർപ്പാൻ വേണ്ടുന്ന വഴികളാലോചിപ്പാനായി ഇക്കഴിഞ്ഞ ചിങ്ങം 2-ാംനു- മീ. മാത്തിൽവെച്ചു ആകപ്പൂർ മനക്കൽ വലിയ നമ്പൂതിരിപ്പാട്ടിലെ അദ്ധ്യക്ഷസ്ഥാനാധിപത്യത്തിൽ ഒരു സഭ കൂടുകയുണ്ടായി. പ്രധാനപ്പെട്ട പല കേരളബ്രാഹ്മണരും ഇതിൽ ഹാജരായിരുന്നു. ൨൦ ത്തിലധികം ഇപ്പോഴത്തെ നിലയെയും പരിഷ്കരിക്കേണ്ട മാറ്റങ്ങളേയും വിശദമായി വിവരിക്കുന്ന ഒരു റിപ്പോർട്ടു തയ്യാറാക്കുന്നതിലേക്കായി ഒരു കമ്മിററിയെ നിയമിക്കേണ്ടതാണെന്നു തീരുമാനിക്കയും യോഗ്യന്മാരായ പല ആളുകളേയും കമ്മിററിയിലെ അംഗങ്ങളായി തിരഞ്ഞെടുക്കയും ചെയ്തിരിക്കുന്നു.

* * * * *

ബയസ്കോപ്പ് ഒരു വിനോദമായിട്ടാണല്ലോ നാമിപ്പോൾ വിചാരിച്ചു വരുന്നത്. ഇതു കച്ചവടം, വിദ്യാഭ്യാസം മുതലായ ആവശ്യങ്ങളിലേക്കു ഉപകരിക്കുന്നതാണ്. കച്ചവടക്കാർ സാമാനങ്ങളെ പ്രത്യക്ഷത്തിൽ കാണിച്ചു പരസ്യം ചെയ്യുന്നു, അദ്ധ്യാപകന്മാർ ചരിത്രം, ഇതിഹാസം മുതലായവ പഠിപ്പിക്കുമ്പോൾ ഓരോ രംഗങ്ങളേയും മററും കണ്ണിന്നുനേരെ കാണിച്ചുകൊടുത്തു മനസ്സിലാക്കുവാനും ബയസ്കോപ്പിനെ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു.

* * * * *

ഇളനീര് കൃമികളേയും, രോഗത്തെ ഉണ്ടാക്കുന്ന അണുപ്രാണികളേയും നശിപ്പിപ്പാൻ അസാമാന്യമായ ശക്തിയുള്ളതെന്നു പാശ്ചാത്യന്മാർ പരീക്ഷിച്ചറിഞ്ഞു തൃപ്തിപ്പെട്ടിരിക്കുന്നു. ഇളനീരു ധരിക്കുന്നതു തുടങ്ങിയുള്ള നമ്മുടെ പഴയ ഏർപ്പാടുകൾ നിരർത്ഥകങ്ങളാണെന്നു കണ്ടുപിടിച്ചു പറയുന്ന പരിഷ്കാരികൾ ഇനിയെങ്കിലും അവയുടെ വിലയറിഞ്ഞു തുടങ്ങുമായിരിക്കുമെന്നു വിചാരിക്കാം.

* * * *

विद्वच्छिरोमणिविरुदे।

"सर्वः कान्तमात्मानं पश्यतीति" कथयति कविशिखामणिः। सत्यमेवंविध एवावलोक्यते सकलोऽपि लोकः। तदिदमात्मनः कान्तत्वदर्शनमितरेषु केवलमसतीमपि विकृततां दर्शयति कदाचनेति हन्त शोचनीयमेवैतत्। आत्मनः सर्वोत्कृष्टतामभिमन्यमानो न परेषां गुणगणान् गृह्णाति। एवमात्माभिमानिता परावज्ञामपि कालेन कलयति। ईदृशीमात्माभिमानितां किंचिदिव विगलय्य परैः सह सम्यगारचितपरिचयः परेषामपि गुणानुरूपं पदमनुमन्येत। एतावता कालेन देशभाषाप्रचारणमनास्थारसकलुषितेन लोचनाञ्चलेन कटाक्षितवन्तः पाश्चात्यपण्डिता अपीदानीं देशभाषासु विशिष्य च तासां जननीपदकृताभिषेकायां सुरसरस्वत्यां सौहार्दमसृणं नेत्रकोणमर्पयन्तीति मोमुदीतितमां हृदयमस्माकम्। भारतीयस्य जनसामान्यस्य विद्याधानमनपेक्ष्य देशभाषामशक्यसंसाधनमेव पर्यवस्येत्। आङ्गलभाषाभ्यासायावश्यमपेक्ष्यमाणं परिश्रमं धनव्ययं च कथं नाम सहतां दारिद्र्यपरिपीड्यमानो भारतीयसमुदायः? । देशभाषापोषणेनैव जनसामान्यस्य दूरीकरणीयमज्ञानतिमिरम्॥

विद्याभ्यासापेक्षितानां स्वदेशभाषापरिपोषणौत्सुक्यं सुतरामभिव्यनक्ति संनिहितकाले मद्रपुरसर्वकलाशालया समुररीकृतो विद्वच्छिरोमणिपरीक्षानिर्वहणविनिर्णयः। १९१५ तमक्रैस्तवर्षादारभ्य प्रतिवर्षं परीक्षाद्वयमिदं निर्वर्त्यते। विद्वत्परीक्षायां प्रवेशमभिलषद्भिः संस्कृतद्राविडान्ध्रकर्णाटककेरलभाषास्वन्यतमं भाषाद्वितयमभ्यसनीयं भवेत्। तयोरेका प्रधानतयापरा पुनरङ्गतया समभ्युपगन्तव्या। प्रधानभाषायां पाटवप्रकटनमभ्यधिकमपेक्ष्यते परीक्षोत्तरणाय। तामेतामुत्तीर्णवन्तो विद्वद्विरुदेन संमान्येरन् सर्वकलाशालया॥

शिरोमणिपरीक्षा पुनः केवलं संस्कृतभाषायां न्यायवेदान्तादिशास्त्रेषु च निपुणतामात्मनो विषयीकरोति। तस्याश्चत्वारोऽवान्तरविशेषाः कल्पिताः। वेदशिरोमणिर्वेदान्तशिरोमणिर्न्यायशिरोमणिर्व्याकरणशिरोमणिरिति च यथाक्रमं चत्वारि विरुदानि तत्तद्विषयपरीक्षोत्तीर्णानां वितरणीयतया निरणायिषत। विद्वच्छिरोमणिपरीक्षयोरन्यतरस्यां प्रविविक्षुभिराङ्गलभाषायां प्राथमिकपरीक्षापि समुत्तरणीयेति सनिर्बन्धं निरचायीति यत्सत्यमिदमत्यन्तोचितमाकलयामः। आङ्गलपरीक्षायां तद्भाषामात्रविजय एव निर्बन्धेऽभिमतो भवतीति युक्तरूपमेतत्। कालोचितया रीत्या विद्याभ्यासं प्रचारयितुं लोकोपकारमपि बहुधा विधातुमनधीताङ्गलभाषाः प्रायेण न

प्रभवन्तीति मत्पक्षोऽयमंशः पक्षावताम् । एते परमेकोऽनधीत्यापि तां लोकव्यवहारपाटवं संपादयन्तीत्येतावता सर्वेषामप्याङ्ग्लभाषाविज्ञानमनावश्यकमिति प्रत्यवस्थानमस्थान एव भणिता । अतः कतिपयैर्विद्याप्रचारकैः कालानुरूपं प्रवर्तितुमीहमानैः समधिगन्तव्याङ्ग्लभाषेति निःसंशयं वयमभिप्रेमः । कालक्रमेण तामनपेक्ष्य कर्तव्यानि निर्वर्तयितुं पारयिष्यामश्चेत्तदा काममेनां हातुमपि प्रभविष्यामः। असाधारणमनीषाशालिनां पुनरनायासेन तस्यामपि नैपुण्यं सुसंपादमेव संजायेत । प्राथमिकपरीक्षामनुत्तीर्णा अपि परीक्षाप्रवर्तकसङ्घस्य प्रत्येकानुमत्या प्रवेशं प्राप्नुयुः । आङ्ग्ल्यां परीक्षोत्तरणं विना शिरोमणिपरीक्षासु प्रवेशमभिलषद्भिरप्यवश्यमाङ्ग्लभाषाज्ञानं संपादनीयमेव स्यादिति विषयस्वभावविमर्शने स्पष्टं प्रतीयते । अतः पाश्चात्यपरिपाट्या प्रवर्तमानानि भाषातारतम्यशास्त्रादीनि विषयपट्टिकायां प्रवेशितानि। न्यायशिरोमणिपरीक्षायां पाश्चात्यानां न्यायशास्त्रे परिचयोऽपरिहरणीयतया निर्णीतः । मध्वाचारिवादिविषयेऽपि परीक्षकाणां तृप्तिमाधातुं पाश्चात्त्यसरणिरवलम्बनीया भवेदिति मन्यामहे । सर्वथा परीक्षास्वेतासु समुत्तितीर्षन्तः संपादयेयुराङ्ग्लभाषापरिचयमपीति शुभोदर्कां तादृशां संस्कृतपण्डितानां संपत्तिरित्यत्र को विप्रतिपद्येत?। अनधीताङ्ग्लभाषाः संस्कृतपण्डिता न यावद्देशमुपकुर्वन्ति जनसमुदायस्येति बलीयसी दुर्व्यथा न केवलं निर्मूलेति च वयमाशास्महे । आङ्ग्लभाषाविषयिणीमनभिरुचिमितोऽपि वा त्यजन्तु संस्कृतपण्डिताः ॥

शिरोमणिपरीक्षायां वेदं विषयमङ्गीकुर्वाणैः श्रौत, धर्मशास्त्र, पूर्वमीमांसासु प्रत्येकं पाटवमासादनीयं, पाश्चात्यसरण्या भाषातारतम्यपरीक्षणनैपुणी, मन्त्रतारतम्यविमर्शनवैदुषी च विशेषतः संपादनीये । वैदिकग्रन्थसमुदयानुसार्यार्यपुरातनचरित्रमपि पठितव्यमेव । वेदान्तमाददानैर्योगसांख्ययोर्द्वैतविशिष्टाद्वैतवेदान्तत्रितयस्य* च सामान्यज्ञानं त्रयाणामन्यतमे निपुणतातिशयश्च प्रकाशनीयः। पाश्चात्यानां विमर्शनसरणिमनुसृत्य वेदान्तयोगयोः सात्त्विकमानसतत्त्वानि सम्यगवगन्तव्यानि । न्यायं स्वीकुर्वतां तर्कशास्त्रे पूर्वमीमांसायां चोत्कृष्टतमं वैचक्षण्यमपेक्ष्यते । पाश्चात्त्यपौरस्त्यान्यतरशास्त्रयोस्तारतम्यविज्ञानं व्युत्पत्तिवादवैदग्ध्यं चावश्यकम् । वैयाकरणशिरोमणिपदं लिप्समानैर्महाभाष्यहरिकारिकादिषु कुशलकर्म विज्ञानं भाषातारतम्यशास्त्रनैपुण्यं विमर्शनपरिपाटीतत्त्ववैदुष्यं च संपादनीयतया निरणायिषत । शिरोमणिपरीक्षासु सर्वास्वपि समनुरूपविषयेषु प्रबन्धलेखनं चापरिहरणीयमिति समुल्लसति नियमः । विषयविभागक्रमः सर्वतोऽपि रमणीयतम एवावलोक्यते। तत्तद्वर्षपरीक्षाप्रविविक्षुभिरध्येतव्यो ग्रन्थसमुच्चयः संवत्सरचतुष्टयात् प्रागेव प्रकाश्येत सर्वकलाशालया । आद्यमपरीक्षाप्रविविक्षूणां पाठ्यपुस्तकविषय आस्माकीनमभिप्रायमवसरान्तरे प्रकटयिष्यामः ॥

---

* Comparative Philology

* द्वैत, विशिष्टाद्वैत, अद्वैत ।

विद्वत्परीक्षाविषयेषु च प्रधानभाषायां व्याकरणच्छन्दःशास्त्रसाहित्यकला अध्येतव्यकोटावन्तरभाविषत । भाषासाहित्यचरित्रे भाषान्तरीकरणे च नैपुण्यमासादितवत एव विद्वत्परीक्षातरणं सुकरतामियात् । अप्रधानभाषायां पुनः सामान्यज्ञानमपि परीक्षोत्तरणाय पर्याप्नुयात् । यद्यपि विद्वत्परीक्षा शिरोमणिपरीक्षायाः कनीयसी गुणगुणैः, तथापि देशभाषापरिपोषणाय सा नितरामुपकरिष्यतीति तत्परीक्षाप्रवर्तनमनुमोदनीयमेव देशभाषाभिमानिभिः। कालक्रमेण देशभाषायां गैर्वाण्यां च सुशिक्षिता विद्वदुत्तंसा इदानीन्तनानां भाषापण्डितवेषधारिणां स्थानमधिरोक्ष्यन्तीति समाश्वसितुमस्त्येवावकाशः ॥

अयमेवान्तरायः स्वदेशभाषाभिवृद्धेर्भारतीयानां, यदधीतदेश्यभाषाः पण्डितायमाना अपि वृत्तिनिर्वहणाय क्लेशमनुभवन्तीति। एवं स्थिते देश्यभाषाभ्यसनपरिणामे कथंकारं वा मेधाविनो युवानः स्वदेशभाषाभ्यसनप्रयासेनायुष्काळमतिवाहयितुं प्रवर्तेरन्? । अतो वृत्तिनिर्वहणमार्गोऽपि यदा नाम सुलभो भविष्यति देश्यभाषापण्डितानां तदाप्रभृत्येव तासामप्रतिहतः प्रचारः समुदेष्यति। वस्तुस्थितिरियमधिकृतानामवगतचरीति च विश्वस्यतेऽस्माभिः । विद्वांसः शिरोमणयश्च यथोचितं वृत्तिमार्गवितरणेनाप्युपकृता भविष्यन्तीति चास्माकमस्ति बलीयसी प्रत्याशा ॥

परीक्षाप्रवर्तकसङ्कल्पेन समुररीकृते विद्यालये चतस्रः समाः समधीतवतामेव विद्यार्थिनां परीक्षाप्रवेशः सामान्यतोऽनुमन्यते साम्प्रतिकेन नियमेन । तादृशाश्च विद्यालयाः केरळेषु नैतावतापि सत्तामलभन्त । नचिरेण द्विजाः पाठशाला विद्वत्परीक्षाविषयाध्यापनायानुमतिमधिकृतानां प्राप्स्यन्तीति परमिदानीं जानीमहे । पाठशालास्वनधीतवतामप्यतीतपञ्चविंशवयस्कानां परीक्षाप्रवेशाय प्रत्येकानुमतिः सुलभैव भविष्यति । सर्वथापि विद्वच्छिरोमणिपरीक्षयोः प्रवर्तनं प्राप्तकालमत्यावश्यकं च नः प्रतिभाति । वृथैव कालं क्षिपन्तः कतिकति वर्तन्ते निशितमतयो युवानः केरळीयेषु। तेऽमी शुभोदर्कमवसरमेनं मा स्म हासिषुरिति सानुरोधं बोधयामो वयम् । “विवक्षितं ह्यनुक्तमनुतापं जनयति”इत्येतत्कविकुलतिलकवचनमेवास्मानियत्पर्यन्तमुपन्यसितुं मुखरयतीति विदाङ्कुर्वन्तु वाचकमहाशयाः ॥

മംഗളോദയം

൧൦൮൭

പുസ്തകം ൩	തുലാമാസം	ലക്കം ൧൨

മംഗളം

കണ്ണിനാനന്ദമരുളും കാട്ടുകമേറി,
മന്നുമാകൃതിയേറ്റുതൊട്ടുതന്നോരം
മണ്ണുരുവാനി മലമേനിയിലുദിച്ചു,
മന്തിയിനുള്ള കടവുള്ളിസഹായം,

റബ്ബർകൃഷി

ഒരു രാജ്യത്തിന്റെ ധനസമൃദ്ധി ആ രാജ്യക്കാരുടെ പരിശ്രമത്തെ ആശ്രയിച്ചാണിരിക്കുന്നത്. പരിശ്രമത്തെ ഉൽപാദകരെന്നും പ്രസാരകരെന്നും രണ്ടായി വേർതിരിക്കാവുന്നതാണ്. അതിൽ ഉൽപാദകന്മാരെ പ്രസാരകന്മാരെക്കാൾ പ്രധാനമായിട്ടുള്ളത്. ഉൽപത്തിക്കു ശേഷമാണല്ലോ പ്രസാരണം ആവശ്യമായി വരുന്നത്. എന്നാൽ ചില രാജ്യക്കാർ പ്രകൃതിസ്വഭാവംകൊണ്ട്, ഉൽപാദകമായ പരിശ്രമത്തിലേർപ്പെടുവാൻ സൌകര്യം അധികം സിദ്ധിച്ചകാരണമാണ്. ഇന്ത്യാരാജ്യം എല്ലാത്തരം കൃഷികൾക്കും അനുകൂലമായിരുന്നുള്ള കാരണം പ്രകൃതിദേവിയുടെ അനുഗ്രഹം തന്നെയാണ്. ഹിമവാൻ തുടങ്ങി കന്യാകുമാരിവരെ പരന്നുകിടക്കുന്ന ഭൂമിയിൽ പലപ്രകാരത്തിലുള്ള ശീതോഷ്ണസ്ഥിതികൾ കണ്ടുവരുന്നതുകൊണ്ട് ഈ ഭൂമിയിൽ മിക്കതും എല്ലാത്തരം കൃഷികളും അഭിവൃദ്ധിയായി വരുന്നതെന്നതന്നെ പറയാം. ഇന്ത്യക്കാരിൽ മൂന്നിൽ രണ്ടുഭാഗം ആളുകൾക്കു കൃഷി ഉപജീവനമാർഗ്ഗമായി തീരുവാനുള്ള മുഖ്യകാരണവും പ്രകൃതിസിദ്ധമായ ഭൂമിഗുണം തന്നെയാണ്.

ഇന്ത്യയുടെ ദക്ഷിണകോണത്തിൽ കിടക്കുന്ന കേരളരാജ്യം കൃഷിവിഷയത്തിൽ പണ്ടേതന്നെ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളതാണ്. പറങ്കിസ്സുകാർ, ഡച്ചുകാർ മുതലായ മററു രാജ്യക്കാർ കേരളത്തിൽ കാലെടുത്തുവെച്ചതുതന്നെ കൃഷിജന്യങ്ങളായ പദാർത്ഥങ്ങളെ സ്വദേശത്തു കൊണ്ടുപോയി കച്ചവടം ചെയ്യാനായിട്ടാണെന്നുള്ളതു പരിപ്രസിദ്ധമായ സംഗതിയാകുന്നു. ധാന്യങ്ങൾ, തെങ്ങ്, കുരുമുളക്, വാഴ എന്നീ കൃഷികൾ കേരളത്തിൽ വളരെക്കാലമായി മേന്മനി വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും, പാശ്ചാത്യന്മാർ കൊണ്ടുവന്നിട്ടുള്ള കാപ്പി, ചായ, റബ്ബർ മുതലായ പദാർത്ഥങ്ങളും മുക്കിലും മൂലയിലും സ്ഥാനംപിടിച്ചു കാലക്രമത്തിൽ പ്രതിഷ്ഠ സമ്പാദിച്ചുതുടങ്ങിയിരിക്കുന്നു. അന്യരാജ്യക്കാരുടെ പ്രവേശത്തിനുമുമ്പു പ്രയോജനരഹിതമായിട്ടില്ലാത്തതുകൊണ്ടു പാഴായിക്കിടന്നിരുന്ന മലപ്രദേശങ്ങളും കൂടി അസാമാന്യമായ പരിഷ്കൃതികൊണ്ടു രാജ്യത്തിന്റെ ധനസമൃദ്ധിയെ പോഷിപ്പിക്കുന്നതിൽ പങ്കുകൂടിയവയായത് ഏതുവിധം സന്തോഷകരമായതാണ്. എന്നാൽ നാട്ടുകാരുടെ ഔദാസീന്യം നിമിത്തം ലാഭത്തിലധികം ഭാഗവും അന്യരാജ്യക്കാരുടെ മണ്ഡലത്തിൽ ചെന്നുചേരുവാനിടയാകുന്നുവെന്നുള്ള സംഗതി നമുക്ക് ഒരുവിധത്തിലും ഗുണകരമായിട്ടുള്ളതല്ല. ഇപ്പോഴും നമ്മുടെ നാട്ടിലുള്ള മലകൃഷികൾ മിക്കതും യൂറോപ്യന്മാരുടെ അധീനത്തിലാണിരിക്കുന്നത്. നാട്ടുകാർ പുതിയ വ്യവസായങ്ങളിലേർപ്പെടുവാൻ വലിയ വൈമുഖ്യവും കണ്ടുവരുന്നുണ്ട്.

ഈ ദോഷത്തിനൊരു പരിഹാരമായി കൊച്ചിരാജ്യത്തിലെ നിവാസികൾക്ക റബ്ബർകൃഷിചെയ്യാൻ കൊച്ചിഗവർമ്മെന്റിൽനിന്നു താണനിരക്കിന് അനവധി സ്ഥലം ഈയിടയിൽ അനുവദിച്ചുകൊടുത്തിരിക്കുന്നു. നാട്ടുകാരെ വ്യവസായത്തിൽ പ്രോത്സാഹിപ്പിപ്പാനായി ഗവർമ്മെണ്ടിൽനിന്നു ചെയ്തിട്ടുള്ള ഈ ഉത്സാഹവൃത്തി ഫലവത്താകുന്നുവെങ്കിൽ, നാട്ടുകാരുടെ ഐകമത്യപൂർവ്വകമായ പ്രവൃത്തിയാണ് അത്യാവശ്യമായിരിക്കുന്നത്. ഇക്കാര്യത്തിൽ കൊച്ചിരാജ്യക്കാരായ ധനവാന്മാർ ഉത്സാഹത്തോടുകൂടി പ്രവർത്തിക്കുമെന്നു ഞങ്ങൾ [illegible] ഇപ്പോഴും വിശ്വസിക്കുന്നു. അതുകൊണ്ട് ഈ അവസരത്തിൽ കൊച്ചിയിലെ റബ്ബർകൃഷിയെപ്പററിയുള്ള ചില വിവരങ്ങൾ ചേർക്കുന്നതു യുക്തമായിരിക്കുമെന്നു വിചാരിക്കുന്നു.

*കൊച്ചിരാജ്യത്തിലെ കാടുകളിൽ റബ്ബർകൃഷി തുടങ്ങിയത് 1906-ലാണ്. റബ്ബർ കൃഷിക്കായി 8000 ഏക്രസ്ഥലം ഗവർമ്മെണ്ടിൽനിന്നു പതിച്ചുകൊടുത്തു കഴിഞ്ഞിട്ടുണ്ട്. അതിൽ 6000 ഏക്രയോളം സ്ഥലം മാത്രമേ ഇപ്പോഴും കൃഷിചെയ്തിട്ടുള്ളു. പാലപ്പിള്ളി, വെള്ളിക്കുളങ്ങര എന്നീ സ്ഥലങ്ങളിലുള്ള റബ്ബർതോട്ടങ്ങളാണ് പ്രധാനമായി ഗണിക്കേണ്ടത്. മേല്പറഞ്ഞ തോട്ടങ്ങളിൽ റബ്ബർചെടികളുടെ വളർച്ച വളരെ തൃപ്തികരമായിരിക്കുന്നുവെന്നും, അവിടങ്ങളിലെ ഭൂമി റബ്ബർകൃഷിക്കു വളരെ പിടിത്തമുള്ളതാണെന്നും അറിയുന്നു. പാലപ്പിള്ളിയിൽ അഞ്ചുകൊല്ലത്തെമാത്രം വളർച്ചയായിട്ടുള്ള മരങ്ങളിൽനിന്നു റബ്ബർ എടുത്തു

* ഇരിങ്ങാലക്കുട [illegible] വെച്ചു കൂടിയ റബ്ബർസമാജത്തിൽ വായിച്ച ഉപന്യാസത്തിന്റെ സാരം.

ളർത്തുന്നു. ഈ മരങ്ങളുടെ വിളവു സാധാരണ നിലയിലാണെന്നു കാണുന്നു. വെള്ളാനിക്കരത്തോട്ടത്തിലും റബ്ബർ ഏറ്റവും ഉടലെടുത്തിരിക്കുന്നു. ഇവിടെ ഏക്കറിന് 151 ചെടികൾ വീതം 1000 ഏക്കർ സ്ഥലം കൃഷിചെയ്തിട്ടുണ്ട്. ഇവിടെ റബ്ബർ ഉണ്ടാക്കാനുള്ള യന്ത്രശാലയും നിർമ്മിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്രകാരം റബ്ബർ ധാരാളമായി ഉണ്ടാക്കിവരുന്നുമുണ്ട്. പാലപ്പിള്ളിയിൽ റബ്ബർചെടികളുടെ വളർച്ച മറ്റുള്ള ദിക്കിലേക്കാളും അധികം തൃപ്തികരമായിരിക്കുന്നുവെന്നാണ് കൃഷിവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നത്. അടുത്തകാലത്ത് ഡില്ലി രാജ്യാന്തരം* ഉടമപ്പെടുത്തി നടത്തിയ പ്രദർശനത്തിൽ പല ദിക്കുകളിൽനിന്നും കൊണ്ടുവന്നിരുന്ന റബ്ബറുകളിൽവെച്ച് ഉന്നതമായി കണ്ടത് പാലപ്പിള്ളിയിലെ ട്രിച്ചിമലബാറിവൂ റബ്ബർകമ്പനിക്കാരുടെ റബ്ബറായിരുന്നു. വാണിജ്യവ്യാപാരത്തിൽ ഇപ്രകാരം കൃഷിചെയ്യാനാവശ്യമായിട്ടുള്ള ഉയിർ കരുതിയിരിക്കുന്ന വെള്ളാനിക്കരയിലെ ഉയിരു ട്രിച്ചിമലബാറിവൂളളിയിൽനിന്ന് ഉള്ള ഗുണം കുറഞ്ഞതല്ല. വാണിജ്യവ്യാപാരത്തിലെ ഉയിരും ട്രിച്ചിയും വെള്ളാനിക്കര എന്നീ സ്ഥലങ്ങളിലെ ഉയിരയെക്കാൾ അധികം മെച്ചമുള്ളതല്ലെങ്കിലും അതിലൊട്ടും താണുപോകുന്നതല്ലെന്നുതന്നെ വിചാരിക്കാം. കൊച്ചിയിലെ റബ്ബർതോട്ടങ്ങളുടെ സർക്കാർ ചാർജ്ജുകൾ തിരുവിതാംകൂറിലേക്കാൾ വളരെ കുറഞ്ഞിരിക്കുന്നുവെന്നുള്ള പ്രത്യേകഗുണം മറ്റൊരു ദിക്കുകളിലെ തോട്ടങ്ങൾക്കു കിട്ടീട്ടില്ലാത്ത ഒന്നാണ്. ഇപ്രകാരം കൃഷിചെയ്യാവുന്ന സ്ഥലം സർക്കാർവകയായി വളരെ ഒഴിഞ്ഞുകിടക്കുന്നത്, അതുകൊണ്ട് ഈ സ്ഥലങ്ങളെക്കുറിച്ചുള്ള ഗതാഗതസൗകര്യം പറയത്തക്കവണ്ണം ഉത്സാഹജനകമായി തീരേണ്ടതാണ്.


അടുത്തു കാലത്തെ റബ്ബർതോട്ടങ്ങളുള്ള കൊച്ചി വാണിജ്യവ്യാപാരത്തിൽ കൃഷി ചെയ്യാൻ പുറപ്പെടുന്നവർക്ക് പല ഗുണങ്ങളും സിദ്ധിപ്പാനുണ്ട്. കൃഷിവിഷയത്തിൽ പഠിപ്പും പരിചയവുമുള്ള തോട്ടക്കാരിൽനിന്ന് വേണ്ടപ്പെട്ട ഉപദേശങ്ങളും സഹായങ്ങളും സൗകര്യപ്രകാരം കിട്ടുന്നതാണ്. റബ്ബർകൃഷിയിൽ വളരെക്കാലമായി പരിചയിച്ചിട്ടുള്ള മിസ്റ്റർ റൂസ്‌വെൽറ്റ് എന്ന തോട്ടക്കാരൻ വേണ്ടപ്പെട്ട സഹായങ്ങളും ചെയ്യാമെന്നേറ്റിരുന്നു പറഞ്ഞിട്ടുള്ളതുതന്നെ വാണിജ്യവ്യാപാര റബ്ബർകൃഷിയിലേർപ്പെടുന്നവർക്ക് വലിയ സമാധാനകരമായിരിക്കും. മലയാ, ജാവ, സിലോൺ മുതലായ പ്രദേശങ്ങളിൽ റബ്ബർകൃഷി വളരെ അധികം പരന്നുപിടിച്ചു പുഷ്ടിയായിരിക്കയും, അവിടങ്ങളിലെ കൃഷിക്കാർക്ക് ഈ നാട്ടിലെ കൃഷിക്കാരെക്കാൾ അധികം പ്രതിഫലം കിട്ടുകയും ചെയ്തിട്ടുണ്ടെങ്കിലും, കൊച്ചിയിലുണ്ടാകുന്ന റബ്ബറിന്റെ ഗുണാധിക്യം നിമിത്തം ഇവിടുത്തെ റബ്ബർ കൃഷി വളരെ ഫലവത്തായി തീരുമെന്നാണ് മിസ്റ്റർ നോർമൻ അവർകളുടെ അഭിപ്രായം.

ഇപ്രകാരം ഈ രാജ്യത്തിലുള്ള റബ്ബർ കൃഷി മുഴുവനും അന്യദേശക്കാരുടെ അധീനത്തിലാണിരിക്കുന്നത്. ഈ രാജ്യത്തിൽ നാട്ടുകാരുടെ വകയായി ഒരു റബ്ബർതോട്ടമെങ്കിലും ഉണ്ടെന്നു പറവാൻ നിവൃത്തിയില്ല. എന്നാൽ നാട്ടുകാർ റബ്ബർകൃഷിയുടെ ഗുണങ്ങളറിഞ്ഞു ശ്രമിച്ചാൽ അവർ അതിൽ പ്രവേശിക്കുകയും അതിനെ വർദ്ധിപ്പിക്കുകയും ചെയ്യുമെന്നു വിശ്വസിക്കാവുന്നതാണ്.

---

* International Exhibition

നാട്ടുകാർ റബ്ബർകൃഷിയിൽ പ്രവേശിപ്പാനുള്ള ഒരു ഉദ്യോഗത്തോടുകൂടിയ ഇനിയുണ്ടാകയോ എന്നു സംശയമാണ്. ഏക്കർ ൩൦ ക. വീതം സാധാരണയായുള്ള ഇക്കാലത്ത് ഏക്കർ ൧൦ ക. വീതം താണനിരക്കിനു വിശാലമായ ഒരു കൃഷിസ്ഥലം നാട്ടുകാരുടെ ഉപയോഗത്തിനുമാത്രം ഉദ്ദേശിച്ചു ഗവർമ്മേണ്ടിൽനിന്ന് അനുവദിച്ചുകൊടുത്തിരിക്കുന്നു. ഇങ്ങനെ അനുവദിച്ചിട്ടുള്ള സ്ഥലം ൨൦൦൦ ഏക്കർ വിസ്താരമുള്ളതും ഇപ്പോഴും കാടായിക്കിടക്കുന്നതുമാണ്. കാടു വെട്ടിത്തെളിച്ചു ചെടികൾ നട്ടുവരാനുള്ള ചിലവ് വെട്ടിനീക്കുവാനുള്ള കാട്, ഭൂമിയുടെ സ്വഭാവം, കൂലിയുടെ നിരക്ക് ഇതുകളുടെ താരതമ്യംപോലെ അല്പാല്പം വ്യത്യാസപ്പെട്ടു കാണുന്നുണ്ട്. എന്നാൽ തെക്കെ ഇന്ത്യയിൽ റബ്ബർകൃഷി ചെയ്തിട്ടുള്ള പലരുടെയും കണക്കുകൾ പരിശോധിച്ചതിൽ, ഒരേക്ര സ്ഥലം കാടുവെട്ടിത്തെളിച്ചു ചെടികൾ നട്ട്, അഞ്ചുകൊല്ലം



റബ്ബർച്ചെടി

കഴിയുന്നതുവരെ നോക്കി രക്ഷിപ്പാൻ ൧൫൦ ക. യിൽ കുറയാത്തതും ൨൦൦ ക. യിൽ കൂടാത്തതുമായുള്ള സംഖ്യ വേണ്ടിവരുന്നതാണെന്നു കാണുന്നു. അഞ്ചുകൊല്ലം കഴിഞ്ഞാൽ റബ്ബർ എടുത്തു തുടങ്ങാം. പിന്നെ മരങ്ങൾ നോക്കി രക്ഷിപ്പാനുള്ള ചിലവു വരവിൽ നിന്നെടുത്തു നടത്തുവാൻ സാധിക്കുന്നതാണ്. മേല്പറഞ്ഞ കണക്കുകളിൽ ഏക്കർ സ്വന്തം ൩൦ ക. വീതം ഭൂമിവില കൂടി ഉൾപ്പെട്ടിട്ടുണ്ട്. ഈ നാട്ടുകാർ

ളിൽനിന്നുള്ള ൧൦ ക വീതം വിലക്കു കൂടി കിട്ടീട്ടുള്ളതുകൊണ്ടും, കാട്ടുവെട്ടിക്കിട്ടുന്ന മരം മുതലായവയുടെ വില കൂലിയുടെ വിലയിലേക്ക വകയാക്കുവാൻ തരമുള്ളതുകൊണ്ടും ഒരു സ്ഥലം കൃഷിചെയ്യാൻ സുമാർ ൨൦൦ കയിലധികം വേണ്ടിവരികയില്ലെന്നു ഗണിക്കാവുന്നതാണ്. ഈ സംഖ്യയിൽ കാട്ടുവെട്ടിത്തെളിക്കുക, കൃഷിസ്ഥലങ്ങൾക്കു വേലികെട്ടുക, പുര പണിയിക്കുക, തൈവെച്ചുപിടിപ്പിക്കുക മുതലായി സകലത്തിനും വേണ്ട ചിലവുകളും കഴിയാമെന്നുള്ളതാണ്. ആദ്യകൊല്ലങ്ങളിൽ പകുതിയോളം ഒന്നാമത്തെ കൊല്ലത്തിൽ ചിലവുചെയ്യേണ്ടിവരുന്നതാകയാൽ മൂലധനത്തിൽ പകുതി ആദ്യത്തെ കൊല്ലംതന്നെ പിരിച്ചെടുക്കേണ്ടിവരും.

സാധാരണയായി ൧൦൦൦ ഏക്കർ വിസ്താരമുള്ള ഒരു ഭൂമി കൃഷിചെയ്തുകഴിവാൻ മൂന്നു സംവത്സരം വേണ്ടിവരും. ഈ കണക്കിൽ കൊല്ലത്തിൽ ൬൦൦൦൦ ചെടി നട്ടുകൊണ്ടാണ് കൂട്ടിയിരിക്കുന്നത്. ആദ്യത്തെ കൊല്ലം നട്ടിട്ടുള്ള ചെടികളിൽ നിന്ന് ആറാമത്തെ കൊല്ലം റബ്ബറെടുപ്പാൻ കഴിയുമെങ്കിലുംതന്നെ രണ്ടാംകൊല്ലം വെച്ച ചെടികളിൽനിന്ന് ഏഴാം കൊല്ലവും, മൂന്നാംകൊല്ലം വെച്ച ചെടികളിൽനിന്ന് എട്ടാംകൊല്ലവും റബ്ബർ എടുത്തുതുടങ്ങാവുന്നതാണ്. എന്നാൽ രണ്ടുകൊല്ലംകൊണ്ടുതന്നെ ആയിരം ഏക്കർസ്ഥലം കൃഷിചെയ്യുന്ന കാര്യം ഒട്ടും അസാദ്ധ്യമല്ല. പത്താംകൊല്ലം തികയുന്നതുവരെ ഒരു മരത്തിൽനിന്നു കൊല്ലത്തിൽ ഒരു റാത്തലോളം ഉണങ്ങിയ റബ്ബർ കിട്ടുമെന്നു കാണാം. ഒരു റാത്തൽ ഉണങ്ങിയ റബ്ബറിന് ഇപ്പോൾ ൩ ഷില്ലിങ്ങ് — ഉറുപ്പികയാൽ ക ൨-൮ വിലയുണ്ട്. എന്നാൽ റബ്ബർ മരത്തിൽനിന്നെടുത്തു വില്ക്കുന്നതു മാതിരിയിലാക്കുവാനും, വില്പാൻ സ്ഥലത്തെത്തിപ്പാനും കൂടി റാത്തൽ ഒന്നിന്ന് സുമാർ ഒന്നുകാൽ ക വീതം ചിലവുചെയ്യേണ്ടിവരുന്നതാകും. ഈ ചിലവു തള്ളിക്കളഞ്ഞാൽ മരത്തിന്നു ൨ ക പ്രകാരം ഒരോ ആണ്ടിലും കിട്ടുന്നതാണെന്നു വന്നു. തിട്ടപ്പെടുത്തുകയാണെങ്കിൽ ൧൦൦൦ ഏക്കർ വിസ്താരമുള്ള തോട്ടത്തിൽനിന്ന സുമാർ മൂന്നുലക്ഷം ഉറുപ്പിക ആദായമായി കിട്ടുന്നതാണ്. ആദ്യാവശ്യച്ചിലവുകളിലേക്കു നീക്കിവെപ്പാനും, വിലയിടിച്ചിൽ ഉണ്ടാകുന്ന നഷ്ടങ്ങൾക്കും കൂടി ഒന്നര ലക്ഷം ഉറുപ്പിക കൂട്ടികഴിച്ചു ബാക്കി തന്നെ ഒന്നരലക്ഷം ഉറുപ്പിക ആദായമുണ്ടാകുമെന്നതിന്നു സംശയമില്ല. പത്താം കൊല്ലം കഴിഞ്ഞാൽ ഈ ആദായം ഇരട്ടിയായി വർദ്ധിക്കുന്നതാണ്. ഒരു മരത്തിൽനിന്നു കൊല്ലത്തിൽ പത്തു മുതൽ പതിനഞ്ചുവരെ റാത്തൽ റബ്ബർ കിട്ടിവരുന്നതായി വിശ്വാസയോഗ്യങ്ങളായ കണക്കുകൾകൊണ്ടു കാണുന്നു. മരങ്ങളുടെ വളർച്ചയും സ്ഥലത്തിന്റെ വിലയും സാധാരണനിലയിലായാൽതന്നെ പത്താംകൊല്ലം കൃഷിയാകുന്നതിന്നു മുമ്പായി ചിലവുചെയ്തിട്ടുള്ള പണം മുഴുവനും അതിലധികം പലിശയോടുകൂടി വീണ്ടെടുപ്പാൻ കഴിയുന്നതാണ്. ഒരു മരത്തിൽ നിന്ന് പത്തു കൊല്ലത്തിലധികം കാലം റബ്ബറെടുപ്പാൻ കഴിയുമെന്നും ഞാൻ അനുഭവംകൊണ്ടറിവാനിടയായിട്ടുണ്ട്. ഈ കണക്കിന്നു സാധാരണയായി വിചാരിക്കുന്നതായാൽതന്നെ ഈ വ്യവസായത്തിൽനിന്നുള്ള ധനലാഭം സ്വീകരണീയമാണെന്നു തന്നെയല്ല പ്രോത്സാഹകരവും കൂടിയാണെന്നു നിസ്സംശയമായി പറയാം.

ഇനി റബ്ബറിന്റെ ഉപയോഗത്തെക്കുറിച്ചാണ് ആലോചിപ്പാനുള്ളത്. ഒരു

ജ്ജർമാർ മുതലായ നാനാ പോകുന്ന വാഹനങ്ങളും യന്ത്രോപകരണങ്ങളും വർദ്ധിക്കുന്നതോടുകൂടി പാരാറബ്ബറി* ന്റെ ഉപയോഗം വളരെ അധികമായി വരുന്നുണ്ട്. ലോകത്തിൽ അധികം രാജ്യങ്ങളിലും എല്ലാത്തരം വാഹനങ്ങൾക്കും റബ്ബർ ഉപയോഗിച്ചുതുടങ്ങിയിരിക്കുന്ന സ്ഥിതിക്ക് റബ്ബറിന്റെ ആവശ്യം എത്രത്തോളം വർദ്ധിക്കുമെന്നു മുൻകൂട്ടി ഗണിപ്പാൻപോലും സാധിക്കുന്നതല്ല. പന്ത്, ബ്രേക്ക്, വസ്ത്രങ്ങൾ മുതലായതുണ്ടാക്കുവാൻ റബ്ബർ ഉപയോഗിക്കാറുണ്ടെന്നു നമുക്കറിയാമല്ലോ. ഷൂസിന്റെ അടിയിൽ പോലും പ്രത്യേകമായി റബ്ബർ ഉപയോഗിച്ചുവരുന്നുണ്ട്. അതുകൊണ്ട് അടുത്ത കാലത്തൊന്നും റബ്ബറിന്റെ ആവശ്യത്തെ വിലയെ കുറഞ്ഞുപോകയില്ലെന്നു ദൃഢമായി വിശ്വസിക്കാം. റബ്ബറിന്റെ ഉൽപത്തി അധികമാകനിമിത്തം വില ഇടിയുന്നതായാൽതന്നെ കൂലിച്ചിലവും കയറ്റി അയപ്പാനുള്ള ചിലവും കുറഞ്ഞിരിക്കുന്ന കൃഷിയുടമസ്ഥന്മാർക്ക് വേഗത്തിൽ നഷ്ടം വരുകയില്ല. ഈ സംഗതിയാലോചിക്കുമ്പോഴും വാണിജ്യമായി ഒരു റബ്ബർകൃഷിയുടെ സ്ഥിതി വളരെ അനുകൂലമായിട്ടാണ് കാണുന്നത്.

തെങ്ങിൽനിന്നുണ്ടാകുന്ന സാധനങ്ങൾ കാര്യമാണ് ഇപ്രകാരം ഈ നാട്ടിൽ നിന്ന് അന്യരാജ്യങ്ങളിലേക്കു വ്യാപാരത്തിനായി കയറ്റി അയക്കുന്നത്. ഇപ്രകാരം അടുത്തകാലത്തായി ആരംഭിച്ചുതുടങ്ങിയിരിക്കുന്ന റബ്ബർകൃഷിയും റബ്ബർകയറ്റുമതിയും ക്രമത്തിൽ വർദ്ധിച്ചുവരുവാൻ മാർഗ്ഗമുണ്ട്. ഈ കൃഷിയുടെ കാര്യത്തിൽ ഉൽപാദകന്മാരായ തൊഴിൽ മുഴുവനും നാട്ടുകാരുടേതായിട്ടാണിരിക്കുന്നത്. പ്രസാരണത്തിന്നുതകുന്ന കാര്യങ്ങൾ നടത്തിവരുന്നത് അന്യരാജ്യക്കാരാണ്. ഇപ്രകാരം റബ്ബറിന്റെ കാര്യത്തിൽ ഈ രണ്ടു ജാതി തൊഴിലുകളും അന്യരാജ്യക്കാർ നടത്തിവരുന്നു. നമ്മുടെ ഓട്ടുള്ള വിഭവങ്ങളും പലപ്രസിദ്ധിയുള്ളവയുമായ അസംസ്കൃതങ്ങളെ കടത്തിക്കൊണ്ടുപോയി വലിയ യന്ത്രശാലകളിലും നിർമ്മിച്ച് ഔദ്യോഗികമായി പ്രവൃത്തി നടത്തുന്ന വ്യവസായശീലന്മാരായ അന്യരാജ്യക്കാരെ നാം മാതൃകയാക്കി പ്രവർത്തിക്കേണ്ടതല്ലേ? അതിലത്തിൽനിന്നു മൂലധനം കൊണ്ടുവന്ന് ഇവിടെ കൃഷിചെയ്യുന്ന ഉത്സാഹികളായ അന്യരാജ്യക്കാർ റബ്ബർകൃഷിയിൽനിന്നു കിട്ടിവരുന്ന ഫലവും ഈ നാട്ടുകാരായ പണക്കാരെ മുന്നോട്ടു മുതിർക്കേണ്ടതാണ്. അവർക്കുള്ള ധൈര്യവും, ഉത്സാഹവും ഈ നാട്ടുകാർക്കില്ലായിരിക്കാം. എങ്കിലും, അവരുടെ പ്രവൃത്തിയിൽനിന്നു ഒരു പാഠം നാം പഠിക്കേണ്ടതാണ്.

നാട്ടുകാരെ ഉത്തേജിപ്പിച്ചു വ്യവസായങ്ങളിൽ പ്രവേശിപ്പിച്ച് രാജ്യത്തിന് അഭിവൃദ്ധി വരുത്തുവാനായി ശ്രമിക്കുന്ന ഗവൺമെന്റിൽനിന്നു കല്പിച്ചുണ്ടാക്കിയ ഈ ആദായമാർഗ്ഗംകൊണ്ടുണ്ടാകാവുന്ന ഗുണങ്ങളെ വിലവെപ്പാൻ വേണ്ട സാമർത്ഥ്യമുള്ള നാട്ടുകാരുണ്ടാകുമെന്നു വിശ്വസിക്കാവുന്നതാണ്. ഗവൺമെന്റിൽനിന്നു ചെയ്തിട്ടുള്ള ഈ സഹായം, പ്രത്യേകിച്ചും അത്യാവശ്യ

* പാരാറബ്ബറെന്നും സീലോൺറബ്ബറെന്നും റബ്ബറിൽ രണ്ടുതരമുണ്ട്. സീലോൺറബ്ബർ പാരാറബ്ബറോളം നന്നായിരിക്കയില്ല. റബ്ബർവർഗ്ഗത്തിൽ ഏറ്റവും നല്ലത് പാരാറബ്ബറാണ്. ഇതുതന്നെയാണ് നമ്മുടെ കാടുകളിൽ അധികമായി കൃഷിചെയ്തുവരുന്നത്. റബ്ബർകൃഷിയെപ്പറ്റിയുള്ള അധികവിവരം ഡാക്ടർ കമ്മത്ത് അവർകളുടെ കൃഷിശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുള്ളതിൽനിന്ന് ഗ്രഹിക്കാവുന്നതാണ്.

ടി. പി.

മാത്രം ഉദ്ദേശിച്ചു ഗവർമ്മെണ്ടിൽനിന്നു കുറേക്കാലമായി ആലോചനാപൂർവ്വം ചെയ്തുവരുന്ന കാര്യങ്ങളിൽവെച്ചു പ്രധാനമായ ഒന്നാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഇങ്ങിനെയൊരു നൽകാര്യം ചെയ്യുന്നകൊണ്ടുള്ള ചാരിതാർത്ഥ്യം ഗവർമ്മെണ്ടിന്നു സിദ്ധിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും, അതിന്നു സഫലമാക്കുവാനും അതിനർഷിക്ക തങ്ങൾക്കുള്ളതും നേടുവാനും വേണ്ടപ്പെട്ട ശ്രമങ്ങൾ ചെയ്യേണ്ടതു ചുമതല നാട്ടുകാർക്കുള്ളതാണിരിക്കുന്നത്.

കാര്യങ്ങൾ നടത്തുന്നതിലും മറ്റും യൂരോപ്യന്മാരെ അനുകരിച്ചാൽമാത്രമെ യഥാർത്ഥമായ പരിഷ്കാരവും അഭിവൃദ്ധിയും ഉണ്ടാകയുള്ളൂ. ആംഗ്ലേയന്മാരുടെ സംസർഗ്ഗംകൊണ്ടു നാട്ടുകാരുടെയിടയിൽ വ്യാപിച്ചുവരുന്ന ഉൽകൃഷ്ടജീവിതരീതിയെ നിലനിർത്തിക്കൊണ്ടുപോവാൻ നാട്ടുകാർ ആഗ്രഹിക്കേണ്ടതാകണം. എന്നാൽ യൂറോപ്യന്മാരുടെ നടവടികളെയും സമ്പ്രദായങ്ങളെയും അനുകരിക്കുന്ന നാട്ടുകാർ അവരുടെ അന്തഃസ്ഥമായ പരിഷ്കാരവും, അവരുടെ സമ്പാദിക്കുന്നതിലും മറ്റുമുള്ള മനോനാശിവൃദ്ധിയും തങ്ങൾക്കുണ്ടാവാൻ അധികം ശ്രദ്ധ വെക്കേണ്ടതാണ്. പാശ്ചാത്യവിദ്യാഭ്യാസം പല കാര്യങ്ങളിലും ഉണർച്ചയുണ്ടാക്കിട്ടുണ്ട്. പാശ്ചാത്യചരിത്രം പലകാര്യങ്ങളിലും മാതൃകകാട്ടിത്തന്നിട്ടുണ്ട്. എങ്കിലും നാട്ടുകാർ അനുഷ്ഠാനത്തിൽ പാശ്ചാത്യന്മാരെ അനുകരിച്ചുകാണുന്നതു ഭംഗ്യർത്ഥം ഒന്നു വിചാരിപ്പാൻ തരമുള്ളൂ.

കൊച്ചിക്കാർ തങ്ങൾക്കു സിദ്ധിച്ചിട്ടുള്ള ഈ അഭിവൃദ്ധിമാർഗ്ഗം വിട്ടുകളയുന്നത് ഒരു പ്രകാരത്തിലും ഉചിതമല്ല. പണമിടപെട്ടുള്ള വൻകാര്യങ്ങളെ മനസ്സിലാക്കി പഠിക്കേണ്ട സമയം വന്നിരിക്കുന്നു. പലരും കൂടിച്ചേർന്നുള്ള കമ്പനികളുടെ നടത്തിപ്പിന്നും നിലനില്പിന്നും വലിയ ധനാഭിവൃദ്ധിയും ഐകമത്യവും ആലോചനാശക്തിയും അത്യാവശ്യമാണ്. ഈ മാതിരി വലിയ കാര്യങ്ങളിലേർപ്പെട്ടാൽ മാത്രമെ അതിൽ പരിചയവും ജീവിതം സഫലമാണെന്നുള്ള ബോധവും ഉണ്ടാകയുള്ളൂ. വാണിയമ്പാറ റബ്ബർകമ്പനിയുടെ സാഫല്യം മറ്റുള്ള വ്യവസായങ്ങളിൽ പ്രവേശിക്കുന്നവർക്കു ഒരു ഉത്തേജനമായിത്തീരാവുന്നതാണ്.

വെള്ളം.

(ഇടച്ച്)



ഭാഷയുവെള്ളാ- പറവൂർഗ്രാമത്തിൽ ചേന്ദമംഗലത്തെ വെള്ളാളന്മാർ അധികം മനുഷ്യരായിരുന്നുവെ ളുതിൽ ഒരു വ്യത്യാസമുണ്ട്. ഒരു മനമാത്രമെ പറവൂർ ഗ്രാമത്തിൽ "ചേന്ദമംഗലത്തുള്ളു. അവിടെ വെച്ചാണ് അധികം മനുഷ്യരായി പിരിഞ്ഞത്, എന്നാണു സൂക്ഷ്മാന്വേഷണംകൊണ്ടു കാണുന്നത്. എന്നു തന്നെയല്ല, ഈ വെള്ള ഗ്രാമത്തിന് ഇവിടെവെച്ചു സമ്പാദിച്ചിട്ടുള്ളം വരികയും, ഒരു സ്ഥാനങ്ങളും മറ്റുവകം

ത്രത്തിൽ വീരാരാധ്യപ്രകരണത്തിലുൾപ്പെട്ട കല്ലൂർമനയിലെ ഒരു നമ്പൂതിരിപ്പാട് വേട്ടിരിക്കയും ചെയ്തുവെന്നും, ആ വംശവൽനയിൽ ചേർന്നിരുന്ന വെള്ളിയോടക്കാർ വെള്ളാട്ടുകാരായിത്തീർന്നുവെന്നും ഈ പ്രാമാണം ഇവരുടെ ഗോത്രസ്ഥിതികൊണ്ടും തെളിയുന്നു. ഇവർ എല്ലാംകൊണ്ടും വളരെ യോഗ്യന്മാരായി വർദ്ധിച്ച പന്നിയൂർഗ്രാമത്തിൽ തലവന്മാരായി തീരുകയും ചെയ്തു.

പെരുമാക്കന്മാരെ അവരോധിക്കുന്ന സമ്പ്രദായം നിന്നതിന്റെ ശേഷം, മലയാളത്തിലെ രാജ്യമെല്ലാം പല നാടുവാഴികളിലുമായി വിഭജിക്കപ്പെട്ടിരുന്നുവെങ്കിലും പഴയ പടി മാമാങ്കമഹോത്സവം നടന്നുവന്നിരുന്നു. ഒടുവിലത്തെ പെരുമാക്കന്മാരുടെ കാലത്ത് അവരുടെ കേരളീയസന്താനങ്ങളായ സാമന്തവീരന്മാരെ ഓരോ നാട്ടുപ്രദേശങ്ങളിലെ ഒന്നാധികാരികളാക്കിവെച്ചിരുന്നു. അക്കൂട്ടത്തിൽ ഒരാളായിരുന്ന വെള്ളാട്ടുതറവാട്ടുവായ വള്ളുവക്കോനാതിരി. തിരുനാവായ മാമാങ്കം നടക്കുന്ന പ്രദേശവും മറ്റും ആ രാജാവിന്റെ അധികാരാതിർത്തിയിൽപ്പെട്ടിരുന്നതിനാൽ, പെരുമാക്കന്മാരെ അവരോധിച്ചാൽ നിറുത്തിവന്നിരുന്ന സ്ഥാനത്ത് ഈ രാജാവു നില്ക്കുക പതിവായിരുന്നു. എന്നാൽ കടവിലെപ്പെരുമാക്കന്മാരുടെ മരുമക്കത്തായസന്താനമായ പെരുമ്പടപ്പിൽസ്വരൂപത്തിലെ മൂത്തകോവിൽ, പെരുമാൾപദം ധരിച്ചിരുന്ന കിരീടം ധരിച്ചുവന്നാൽ അവിടുത്തേക്ക് ഈ സ്ഥാനം കഴിഞ്ഞുകൊടുത്തും വന്നിരുന്നു. ആര്യക്കുന്നപ്പെരുമാളുടെ സോദരസന്താനമായിരുന്ന ഏറനാട്ടിലെ പ്രസ്താവന രാജാവിന്റെ (സാമൂതിരിയുടെ) അസൂയയും വെള്ളാട്ടുകാരിയുടെ ഈ നിലയ്ക്കു മാറാം പറിച്ചു. പുതിയതായി മലയാളത്തിൽ കടൽവഴിക്ക വന്നിറങ്ങിയ മൌവർ കച്ചവടക്കാരായ മഹമ്മദീയവ്യാപാരികളുടെ സഹായത്തോടുകൂടിയാണ സാമൂതിരി മാമാങ്കമഹോത്സവസ്ഥാനം കയ്യിലാക്കിയത്. ഈ രാജാവിൻ മുഖസ്തുതിക്കാരോടു ചേർന്ന് (സിദ്ധസംഘം) എന്ന സംഘത്തിലുൾപ്പെട്ടവരാണ് ഈ നില കൈവശപ്പെടുത്തിയത്. അന്നുമുതൽക്കാണ സാമൂതിരി കുന്നലക്കോനാതിരിയായി തീർന്നത്. അവിടുത്തെ ഉൾവിതം, പന്നിയൂർഗ്രാമത്തിൽ നില്ക്കുന്ന ശേഷിച്ച നമ്പൂതിരിമാരെത്തന്നെ ഒഴിച്ചിട്ടതോടുകൂടി പ്രബലന്മാരായ പന്നിയൂർഗ്രാമക്കാരോട് അസഹിഷ്ണുതയിനിന്ന ശുകപുരംഗ്രാമക്കാർ വിശേഷിച്ചും നശിപ്പിച്ചും കൊണ്ടാടുകയാണുണ്ടായത്. ഇതുപ്രകാരം പന്നിയൂർഗ്രാമക്കാരെ അടച്ച് എന്നൊരു ത്യാജന പന്നിയൂരിനെ ഉപേക്ഷിക്കയാണ ചെയ്തത്. പന്നിയൂർ കൂറുകാരുടെ തലവനായിരുന്ന സാമൂതിരിപ്പാട്ടിലെ സ്ഥാനാരോഹണത്തിൽ ശുകപുരംഗ്രാമക്കാരായ ആഴ്‌വാഞ്ചേരി തമ്പുരാക്കളും, കിടങ്ങൂർഗ്രാമത്തിൽ തലവനായ പതികാലൂർ നമ്പൂതിരിപ്പാട് മുതലായ മഹാബ്രാഹ്മണർ ഇന്നും ചെയ്തുവരുന്ന ക്രിയകൾ ഈ ദ്വേഷ്യത്തിന്റെ ലക്ഷ്യങ്ങളാകുന്നു. ഇതുപോലെ പെരുവനം ഗ്രാമക്കാരായ തെക്കിനിയേടത്തു കിഴക്കേട്ടു നമ്പൂതിരിപ്പാട്, ചിറങ്ങരവെണ്ണാവൂർ നമ്പൂതിരിപ്പാട് മുതലായ ബ്രാഹ്മണവീരന്മാർ, സാമൂതിരിപ്പാട്ടിലെ സ്ഥാനത്തെ ആക്ഷേപിക്കുക പതിവായിത്തീർന്നു. പന്നിയൂർഗ്രാമം വിട്ട പെരുവനത്തെ [ചേന്നാമംഗലത്തൂർ ഗ്രാമക്കാരിൽ പൂമുള്ളി നമ്പൂതിരിപ്പാട് കല്ലഞ്ചേരി തമ്പുരാക്കളും മറ്റും പ്രത്യേകിച്ചും അടിയന്തിരപ്പെടും. പന്നിയൂരിലെ നാശമാകയാൽ പന്നിയൂർ ഗ്രാമം വിടാത്തവരും, നാട്ടിൽ പ്രമാണികളായ കവളപ്പാറ തേരിയിൽ നമ്പൂതിരിപ്പാട് മുതലായവർ

സാമൂതിരിപ്പാട്ടിലെപ്പേരിൽ, ഗ്രാമക്കാരെ തരം താഴ്ത്തിയതുപോലും വകവെക്കാതെ, ഏററവും നാടിതന്നെയാണ് കാണിച്ചുവന്നിരുന്നതെന്നതിനും ഇന്നത്തെ നടപടിതന്നെ ലക്ഷ്യമായിരിക്കും.

'പെരുമാക്കന്മാരുടെ അവരോധക്രമം നിന്നതിനുശേഷം പെരുമാളായി വാണത് എറാടിപെരുമ്പടപ്പ്' എന്നു കേരളോല്പത്തിയിൽ പറയുന്നു. വന്നേരിനാട്ടിൽ പൃക്കൈതാമുക്ഷേത്രത്തിൽവെച്ച് പെരുമാളുടെ പഴയ കിരീടം ധരിച്ച് കാലത്തിനു മുമ്പ് പെരുമ്പടപ്പ് മൂത്തകോവിലകത്തിലെ പാരമ്പര്യസ്ഥാനം സാമൂതിരിപ്പാട്ടിലെ [illegible] എന്നായിരുന്നു മനോഭാവം സ്വരൂപക്കാർ. പഴയ കിരീടംവെക്കാനില്ലാതായതിനാൽ പന്നിയൂർകൂറുകാരായ അവരുടെ നേതാവായ സാമൂതിരിപ്പാട്ടിലെ കൗശലം ആണ്. പെരുമ്പടപ്പിലെത്തലവനായ പെരുമ്പടപ്പിലെ കിരീടം ധരിപ്പിച്ച് വെരിപ്പാൻ ആ കൂറുകാരും കൊണ്ടുപിടിച്ചു പ്രയത്നിക്കും. ഇതായിരുന്നു ആ കാലത്തെ സ്ഥിതി.

ഈ വിചാരത്തിൽ പന്നിയൂർഗ്രാമം വിട്ടന്ന വെള്ളഗ്രാമക്കാർ വിശേഷിച്ചും തിരുമല്ലിക്കോട്ടയിലെ രാജാവായ നമ്പൂതിരിപ്പാട്, സാമൂതിരിപ്പാട്ടിലെ സ്വാധീനത്തിൽ നിലനിന്നു. സ്വന്തം ഭൂമിയായിരുന്ന പൊന്നാനി എന്ന സ്ഥലം സാമൂതിരിപ്പാട്ടിലേക്ക് വിട്ടുകൊടുത്തു. ആ സ്ഥലം മാപ്പിളമാരുടെ ഒരു പ്രധാനസ്ഥാനമാക്കി ഒരു വലിയ പള്ളി സ്ഥാപിച്ചതും മററും സാമൂതിരിപ്പാട്ടിലെ പിൽക്കാലത്തെ കൗശലമായിരുന്നു. കോട്ടയത്തിൽ നമ്പിടിമാരായിരുന്ന നമ്പിയാതിരിമാരെക്കാൾ സാമൂതിരിപ്പാട്ടിലെപ്പക്ഷത്തിൽ പ്രത്യേകിച്ചും തലവരായിരുന്നവരെന്ന് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. കുന്നലക്കോനാതിരുടെ സ്ഥാനാരോഹണത്തിനനുസരിച്ചാണ് പുന്നത്തൂർനമ്പിയാതിരി ചെയ്യേണ്ടതായുള്ള കൃത്യങ്ങൾ ഇന്നും ഇതിനു ലക്ഷ്യങ്ങളാകുന്നു. ഉറിയെടുത്ത വെള്ളഗ്രാമക്കാരുടെ നില ഇങ്ങനെ ഇരിക്കട്ടെ.

ഇനി പാവൂർഗ്രാമത്തിൽ ചേർന്നവരെപ്പറ്റി നോക്കുക. അവർ അവിടെ ഗ്രാമപ്രമാണ്യത്തോടും വസിച്ചുവന്നിരുന്നു എന്നു പറഞ്ഞുവെച്ചിട്ടുണ്ടല്ലോ. അങ്ങനെ എത്രയോ കാലം കഴിഞ്ഞുവന്നു. പാവൂർ വാഴുന്നവരായിരുന്ന ഒരു ഇല്ലക്കാർ ക്രമേണ നമ്പിയാതിരിസ്ഥാനം എന്നപോലെ രാജാവെന്ന നിലയും വഹിച്ചുവന്നിരുന്നു. ഇങ്ങനെ എത്രയോ കാലം കൊണ്ട് ഒരു പാവൂർ രാജാവ് ആജ്ഞാതിക്രമങ്ങളായ ചില നടപടികൾ ഗ്രാമത്തിൽവെച്ച് ഗ്രാമത്തിലുള്ള ഉത്തമബ്രാഹ്മണന് [illegible] കഴിവില്ലാത്തതിനാൽ ചില കാര്യപ്രാപ്തികളും അനാവശ്യമാക്കിവന്നു. ഫലം ആ ഗ്രാമം വിട്ടുപോയി. ആ കൂട്ടത്തിൽ ഈ വെള്ളഗ്രാമക്കാർ ആ ഗ്രാമവും വെടിഞ്ഞു. ഇവരിൽ ചിലർ ഗ്രാമത്തിനു കിഴക്ക് കിടങ്ങൂർ എന്ന സ്ഥലത്തു ചെന്നുകൂടി. ഇന്നും അവിടെയുള്ള ആദ്യമ്പിള്ളി, ചെള്ളിപ്പള്ളി എന്നി മനക്കാരും [illegible]പ്പാടന്മാർ ഈ കൂട്ടത്തിൽപെട്ടവരാണ്. ആദ്യമ്പിള്ളിയുടെ ഒരു ശാഖ വെള്ളാനാട്ടുമ്പുകിൽ 'വെള്ളിനേഴി' എന്ന ദേശത്തും ഇപ്പോഴും പാർത്തുവരുന്നുണ്ട്.

ഈ വെള്ളഗ്രാമത്തിലെ അധികം മനക്കാർ ഇരിങ്ങാലക്കുടഗ്രാമത്തിന്റെ സങ്കേതഭൂമിയിൽപെട്ട കരുപ്പടന്ന (കരൂപ്പടന്ന) ത്തിന്റെ അടുത്തു വടക്കുവശം ചെന്നു കൂടുകയാണ് ചെയ്തത്. ഇവർ അവരുടെ

ബുധികം മനക്കാരുണ്ടായിരുന്നുവെന്നു പ്രസിദ്ധിയുണ്ട്. ഈ സ്ഥലത്തിനു വെള്ളാങ്ങല്ലൂർ എന്നാണിന്നും പേർ പറയുന്നത്. ഈ വെള്ളാങ്ങല്ലൂക്കാർ വളരെ പ്രസിദ്ധികളുവരായിരുന്നു. 'വെള്ളി' എന്നു പറഞ്ഞാൽ വെള്ളാങ്ങല്ലൂക്കാർമാത്രമാണെന്നുപോലും പലരും ധരിക്കത്തക്ക നിലയിൽ ഇവർ മാന്യസ്ഥാനം വഹിച്ചുവന്നിരുന്നു. ശ്രീശങ്കരാചാര്യസ്വാമികളുടെ കാലശേഷം കൊല്ലവർഷാരംഭത്തോടുകൂടി നമ്പൂരിമാരിൽ പലരും സന്യാസാശ്രമം സ്വീകരിച്ചുവന്നിരുന്നുവല്ലോ. ആ കൂട്ടത്തിൽ ഈ വെള്ളാങ്ങല്ലൂക്കാരും സന്യസിച്ചിട്ടുണ്ട്. തിരുനാവായയോഗമുണ്ടായതിനു മുമ്പുണ്ടായ ഊർയോഗത്തിന്റെ സ്ഥാപകനായ ഒരു പുലാശ്ശേരി യോഗിയാതിരിപ്പാട്ടിലെ കാലത്തു ജീവിച്ചിരുന്ന പ്രസിദ്ധപ്പെട്ട വില്വമംഗലത്തു സ്വാമിയാന്മാർ വെള്ളാങ്ങല്ലൂക്കാരിലുൾപ്പെട്ടവരായിരുന്നു. ഈ ദേശത്തിന്റെ കിഴക്കേ ഭാഗം ഇന്നു 'പുത്തൻചിറ' എന്നു പറയുന്ന സ്ഥലമാണ് ആ ശ്രീകൃഷ്ണഭക്തശിരോമണികളായ സ്വാമിയാന്മാരുടെ ജന്മഭൂമി. ആ ഇല്ലപ്പറമ്പും അതോടടുത്തുതന്നെ അവരുടെ ഒരു ക്ഷേത്രവും ഇപ്പോൾ ഊരാളനായ 'മേച്ചേരി'മനയ്ക്കൽനമ്പൂരിപ്പാട്ടിലെ അധീനത്തിൽ നില്ക്കുന്നു.

തൃക്കണാമതിലകത്തുകാരും ഇരിങ്ങാലക്കുടഗ്രാമക്കാരും തമ്മിൽ കലഹമുണ്ടായ കാലത്ത് ഇവർ ഇരിങ്ങാലക്കുടക്കാരോടു യോജിച്ചാണു നിന്നിരുന്നത്. ആ ഗ്രാമക്കാർ ജയിച്ചു മതിലകം ക്ഷയിച്ചതിന്റെ ശേഷം ഈ വെള്ളാങ്ങല്ലൂക്കാരെ അവർ പ്രധാനപ്പെട്ട സ്വന്തം ഓത്തമ്പലങ്ങളിൽ കടത്തുകൊടുത്തു അഗ്രമാനിക്കുകയും കൂട്ടത്തിൽ ചേർക്കുകയും ചെയ്തുവന്നു. ആ ഒരു ബാദ്ധ്യസ്ഥാനത്തെ അനുസരിപ്പാൻ വേണ്ടിയോ മറ്റു വല്ല കാരണത്താലോ എന്തോ ഇവരിൽ ചില മനക്കാർ (കരിങ്ങമ്പുള്ളിക്കാർ) ഗോത്രം മാറി ഉപനയിച്ചു ഇളയതുകളായി കാണപ്പെടുന്നുണ്ട്. ഇരിങ്ങാലക്കുടക്കാരിൽ പ്രമാണികളെപ്പോലെ ബാഹ്യവേഷാചാരങ്ങളും സ്വീകരിച്ചുവരുന്നു. ഇവർ ഇന്നും ഗ്രാമമായ മറ്റുള്ള ഗ്രാമക്കാരുമായി 'വെളിപെൺകൊട'കളും നടന്നുവരുന്നു. ഇരിങ്ങാലക്കുടഗ്രാമക്കാരുടെ ചില വിശേഷനിയമങ്ങളൊന്നും ഇവർ സ്വീകരിച്ചിട്ടില്ല. പെരുവനംഗ്രാമക്കാരുടെ ഇടയിലും ഇവർ വേദപ്രയോഗം ചെയ്തുവരാറുണ്ട്. തളിപ്പറമ്പ (പെരുഞ്ചെല്ലൂർ) മുതലായ മറ്റു മാന്യസ്ഥലങ്ങളിലും ഇവർക്കു പ്രവേശം അപ്രതിഹതമാകുന്നു.

ഇപ്പോൾ ഈ അംഗസംഖ്യയായ വെള്ളാങ്ങല്ലൂക്കാരുടെ മനകൾ മൂന്നു മാത്രമായി ശേഷിച്ചിരിക്കുന്നു. നാകരക്കരിങ്ങ്ളി, എളങ്കരിങ്ങ്ളി, ചേറ്റപ്പിള്ളി എന്നിവയാണു മൂന്നു മനയുള്ളത്. ഇതിൽ എളങ്കരിങ്ങ്ളിയും ചേറ്റപ്പിള്ളിയും തമ്മിൽ മാത്രം മൂന്നു പൂർവ്വബന്ധം വിട്ടിട്ടില്ല. നാകരക്കരിങ്ങ്ളിമനയ്ക്കു മറ്റതിൽനിന്നു ഏതാണ്ടു ദായാദ്യം കഴിഞ്ഞ തലമുറയിൽ ദത്തെ ഉണ്ടായിരുന്നു. ആ സ്ഥാനം ഇപ്പോൾ പാഴൂർഗ്രാമത്തിൽ തളിയിൽനമ്പൂരിപ്പാട്ടിലെ ഒരു കൊല്ലിയോടയിന്റെ തിട്ടപ്രകാരം സിദ്ധിച്ചിരിക്കുന്നു. ഈ മൂന്നു മനക്കാരായ ആഢ്യന്മാരി നമ്പൂരിപ്പാടന്മാരിൽ ചേറ്റപ്പിള്ളിമനക്കാർ വില്വമംഗലത്തുമനക്കലെ ഇസ്ഥലത്തിന്റെ ചില അംശങ്ങളും സിദ്ധിച്ചുകാണുന്നുണ്ട്. അതുകൊണ്ട് ആ മനയോട് ഇവർക്കേറ്റവും അധികമുണ്ടായിരുന്നതായി കാണുന്നു. ഇന്നും ഇതുപോലെയായിത്തന്നെ ഇരിക്കുന്ന മേച്ചേരിമനക്കലെ നമ്പൂരിപ്പാട് വില്വമംഗലത്തു സ്വാമിയാരുടെ യോഗീശ്വര

പൂജയും മററും ചെയ്യുവന്നതുകൊണ്ട് അധികം അടുപ്പം ആ മനക്കാർക്കായിരുന്നു എന്നും ഊഹിക്കണം. അല്ലെങ്കിൽ ആ വംശം മുടിയുന്ന കാലത്ത് ഇവർ ഇല്ലമനക്കാക്കു ഒരുവിധം തമ്മാ അടുത്തുനിന്നവരാണെന്നും വിചാരിക്കാം. പിന്നീടായിരിക്കാം ഒരു വകക്കാർ യാജമാനരായിത്തീർന്നത്.

ഗ്രാമപതികളായിത്തന്നെ നില്ക്കുന്ന വെള്ളാങ്ങല്ലൂക്കാരിൽ മേച്ചേരിമനക്കൽ നമ്പൂരിപ്പാട്ടമാത്രമെ ഇപ്പോഴെ ശേഷിച്ചുള്ളൂ. ആ മനയ്ക്കലെക്ക് ഇന്നും അയ്യൂർത്തിമംഗലംക്ഷേത്രത്തിലെ ഊരായ്മ നിലനിന്നുവരുന്നുണ്ട്. വെള്ളാങ്ങല്ലൂർ ഭട്ടതിരിപ്പാട് എന്ന പേരിട്ടോരു മനക്കാർ ഉണ്ടായിരുന്നു. ആ സ്ഥാനം കല്ലക്കണ്ടത്തൂർ കാട്ടൂർ മനയ്ക്കലെ കൊച്ചിരാജാവിന്റെ തിട്ടൂരപ്രകാരം കൈമാറിനില്ക്കുന്നു. ശേഷം മനകളെല്ലാം കാലംകൊണ്ടു നശിച്ചുപോയി മറഞ്ഞുതീർന്നു.

ഈ വിധമുള്ള വെള്ളാങ്ങല്ലൂക്കാർക്ക്, (വെള്ളഗ്രാമക്കാർക്ക്) പണ്ടേ ഉണ്ടായിരുന്ന ഒരു ക്ഷത്രിയപക്ഷപാതം ഇന്നും വെളിപ്പെടുന്നുണ്ട്. പ്രധാനപ്പെട്ട ചില ക്ഷത്രിയകുലങ്ങളിൽ ക്ഷത്രിയരെ ഉപനയിക്കുന്ന കർമ്മം ഇവർ ഇന്നും അനുഷ്ഠിച്ചുവരുന്നു. വെള്ളാങ്ങല്ലൂർഭട്ടതിരിക്കായിരുന്നു പെരുമ്പടപ്പുരാജവംശക്കാരെ ഉപനയനം കഴിപ്പാനുള്ള സ്വാതന്ത്ര്യം. ഇത് ഇന്നും കാട്ടൂർമനയ്ക്കൽ നമ്പൂരിപ്പാട്ടു നിർവ്വഹിച്ചുവരുന്നു. മേച്ചേരിമനയ്ക്കൽനമ്പൂരിപ്പാടായിരുന്നു കൊടുങ്ങല്ലൂർരാജാക്കന്മാരെ ഉപനയിപ്പിച്ചിരുന്നത്. അത് ഇന്നും ഈ വഴിക്ക് എളങ്കുറിശ്ശിമനക്കൽനമ്പൂരിപ്പാട്ട കഴിച്ചുകൂട്ടിപ്പോരുന്നു, വെള്ളാങ്ങല്ലൂർ വെള്ളഗ്രാമക്കാരുടെ നില ഇതിനൊക്കെയുള്ളതാകുന്നു.

നമ്പിടി, കക്കാട്, മാവേരി, പന്നിയൂർ വെള്ള, കിടങ്ങൂർ, വെള്ളാങ്ങല്ലൂർ എന്നിതിനെ ആറ്'വഴിക്ക പടർന്നുകിടക്കുന്ന വെള്ളഗ്രാമത്തിന്റെ ഒരു ചുരുങ്ങിയ സ്വരൂപം ഇതുമാത്രം. കേരളചരിത്രത്തിന്റെ ഉള്ളിൽകടന്നുനോക്കിയാൽ എതെല്ലാം കാലത്ത്, എതെല്ലാം ദിക്കിൽ, എതെല്ലാം വേഷത്തിൽ ഈ വെള്ളഗ്രാമക്കാരുടെ തലകൾ കാണാം. ഒന്നുള്ളു.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

പുനർജ്ജന്മം.

(അനുമാനം)



ന്തുജാലങ്ങളോടുകൂട്ടങ്ങളും കൂടി നിത്യചലിതങ്ങളായുംകൊണ്ടു നിസ്സാരങ്ങളായിരിക്കുന്നുണ്ട്. ഓരോ നിമിഷത്തിലും എത്ര വകയെ പ്രാണികളാണ ജനിക്കുന്നത്? എത്രയാണ മരിക്കുന്നത്? സൂക്ഷ്മമായാലോചിക്കുന്നതായാൽ പ്രാണികളുടെ ജനനമരണങ്ങളോളം ആശ്ചര്യകരമായ മറെറാരു സംഗതി ലോകത്തിലുണ്ടോ എന്നുതന്നെ സം

ണയമാണ്. എന്തിലും അവ നിത്യപരിചയംകൊണ്ടു സാധാരണമായിത്തീരുകയും അവയുടെ തത്വം കണ്ടെത്തുവാനുള്ള കൗതുകം ക്രമത്തിൽ മന്ദീഭവിക്കയും ചെയ്യുന്നു. അതിപരിചയംകൊണ്ട് അഗണ്യമാക്കിവെച്ചിട്ടുള്ള ജനനമരണങ്ങൾതന്നെ—പ്രത്യേകിച്ചും മരണം—സമീപിയാതെ നമ്മുടെ ഹൃദയത്തെ ബാധിക്കുന്ന ചില ഘട്ടങ്ങൾ ജീവിതകാലത്തിൽ പലപ്പോഴും സംഭവിക്കാറുണ്ട്. ആ വക സമയങ്ങളിൽ 'മരണാനന്തരം പ്രാണികളുടെ അവസ്ഥ എന്താണ്' എന്നുള്ള ജിജ്ഞാസ ജീവനങ്ങൾക്കും അതിന്നൊരു സമാധാനം കാണുന്നതുവരെ മനസ്സിന്നു സ്വാസ്ഥ്യമില്ലാതാവുകയും ചെയ്യുകപതിവാണ്. ഈ ജിജ്ഞാസ ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. ഈ ജിജ്ഞാസ മനുഷ്യരുടെ വിശേഷബുദ്ധിക്കുള്ളടത്തോളം കാലപ്പഴക്കമുണ്ടെന്നുതന്നെ പറയാവുന്നതാണ്. ഈ ജിജ്ഞാസയിൽനിന്നാണു മതത്തിന്റെ ഉൽപത്തിയെന്നു സാമൂഹികശാസ്ത്രകാരന്മാർ പറഞ്ഞിരിക്കുന്നു. എല്ലാ മതങ്ങളിലും പ്രാണികളുടെ മരണാനന്തരഗതിയെപ്പറ്റി എന്തെങ്കിലും ഒരു പ്രകാരത്തിൽ പ്രതിപാദിച്ചുകാണുന്നതുകൊണ്ട് ഈ വിഷയം മതപ്രവർത്തകന്മാരുടെ ശ്രദ്ധെക്കു പ്രത്യേകം പാത്രീഭവിച്ചിരുന്നുവെന്നുള്ളതു നിസ്സംശയംതന്നെ.

പ്രാണികളുടെ മരണാനന്തരഗതിയെപ്പറ്റി ശരിയായ ജ്ഞാനം ഇതേവരെ ഉണ്ടാവുക കഴിഞ്ഞിട്ടില്ലെന്നുതന്നെ പറയാവുന്നതാണ്. പൌരസ്ത്യന്മാർ പണ്ടുപണ്ടേ ഈ വിഷയത്തെപ്പറ്റി പല വിമർശനങ്ങളും വിചാരങ്ങളും നടത്തീട്ടുള്ളതായി ഉപനിഷദ്ഗ്രന്ഥങ്ങളിൽ നിന്നറിവാൻ കഴിയുന്നുണ്ട്. മൃത്യുനചികേതസ്സംവാദരൂപമായ കഠോപനിഷത്തിൽ ഈ വിഷയത്തിന്നു വളരെ പ്രാധാന്യം കല്പിച്ചുകാണുന്നു. നചികേതസ്സു മൃത്യുവിനോടു ചോദിച്ച മൂന്നു ചോദ്യങ്ങളിൽ ഒന്നു മരണാനന്തരസ്ഥിതിയെപ്പറ്റിയാകുന്നു. മരണാനന്തരഗതിയെപ്പറ്റി അന്നും അഭിപ്രായഭേദമുണ്ടായിരുന്നുവെന്നു നചികേതസ്സിന്റെ ചോദ്യത്തിൽനിന്നു വെളിവാകുന്നുണ്ട്. 'മനുഷ്യൻ മരിച്ചാൽ പിന്നെയും അവൻ ഉണ്ടെന്നു ചിലരും ഇല്ലെന്നു മറ്റു ചിലരും പറയുന്നു. ഇതിന്റെ തത്വം അറിഞ്ഞാൽക്കൊള്ളാമായിരുന്നു(1)' എന്നാണു നചികേതസ്സിന്റെ പ്രശ്നം. ഇത്രയും ഗഹനമായ ഒരു വിഷയത്തെ ചെറുതായ ഒരുപന്യാസംകൊണ്ടു നിരൂപണം ചെയ്വാൻ സാധിക്കുന്നതല്ലെങ്കിലും അതിന്റെ ചില ഭാഗങ്ങളെ പ്രതിപാദിക്കുകയാണ് ഈ ഉപന്യാസത്തിന്റെ ഉദ്ദേശം.

മരണാനന്തരഗതിയെപ്പറ്റി സാധാരണന്മാർക്കു പ്രത്യക്ഷമുണ്ടാവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു മറ്റുള്ള പ്രമാണങ്ങൾ ഇതിനെപ്പറ്റി എന്തു പറയുന്നുവെന്നാണു പരിശോധിക്കേണ്ടിയിരിക്കുന്നത്. ശേഷിച്ചിരിക്കുന്ന രണ്ടു പ്രബലപ്രമാണങ്ങളിൽതന്നെ ശബ്ദപ്രമാണം മറ്റുള്ളവയുടെ ഫലത്തെ ആശ്രയപ്പെട്ടിരിക്കുന്നതാണെന്നു സാമാന്യമായി വിചാരിപ്പാൻ വഴി കാണുന്നുള്ളൂ. എന്നാൽ മരണാനന്തരം പ്രാണികൾക്കു പുനർജ്ജന്മമുണ്ടെന്നു തീർച്ചയായി പറയുന്ന പ്രമാണങ്ങൾ, അസാധാരണമായ ജ്ഞാനശക്തി സിദ്ധിച്ചിട്ടുള്ളവരുടെ പ്രത്യക്ഷാനുഭവത്തിൽനിന്നു ജനിച്ചതോ അത

(1) യേയം പ്രേതേ വിചികിത്സാ മനുഷ്യേ ഽസ്തീത്യേകേ നായമസ്തീതി ചൈകേ. ഏതദ്വിദ്യാമനുശിഷ്ടസ്ത്വയാഹം വരാണാമേഷ വരസ്തൃതീയഃ (കഠോപനിഷത് 1, 1, 20.)

കല്പകിൽ സാധാരണമായ അനുമാനത്തിൽ നിന്ന പുറപ്പെട്ടതാം, എന്നുള്ള കാൎയ്യം ഏതു പ്രകാരത്തിൽ തീൎച്ചയാക്കുവാൻ കഴിയുന്നതല്ല. അതുകൊണ്ടു ശബ്ദപ്രമാണത്തെയും തൽക്കാലം നിൎത്തിവെച്ച് അനുമാനം— യുക്തി— ഈ വിഷയത്തിൽ ഏതു വഴിക്കാണ പോകുന്നതെന്ന പരിശോധിക്കുക തന്നെ.

പ്രാണികളുടെ ശരീരം എന്നതെല്ലാം തത്വങ്ങൾ കൂടിയതാണെന്നും, ആ തത്വങ്ങൾ മരണകാലത്ത് എന്തെല്ലാം വിധത്തിൽ രൂപഭേദം പ്രാപിക്കുന്നുവെന്നുമാണ് ഈ വിഷയത്തിൽ മുഖ്യമായി ആലോചിക്കേണ്ടിയിരിക്കുന്നത്. മരണകാലത്തും നശിക്കാത്ത ഒരു വസ്തു ശേഷിച്ചിരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്ന പിന്നെയും ശരീരപരിഗ്രഹമുണ്ടാകുന്നുണ്ടോ? ഈ ചോദ്യങ്ങൾക്ക സമാധാനം കണ്ടെത്തുവാൻ കഴിഞ്ഞാൽ പ്രകൃതവിഷയത്തെപ്പററി നിശ്ചിതമായ അഭിപ്രായം പുറപ്പെടുവിപ്പാൻ കഴിയുന്നതാണ്.

പാഞ്ചഭൗതികമായ ശരീരത്തിന്ന പ്രതിക്ഷണം മാററം വന്നുകൊണ്ടിരിക്കുന്നതായ തത്ത്വ നിശ്ചിതമാണ്. ബാല്യം, കൌമാരം, യൗവനം മുതലായുള്ള അവസ്ഥാന്തരങ്ങളിൽ ശരീരത്തിന്ന മാററം വരുന്നതിനെ നമുക്കു സ്ഥൂലദൃഷ്ടികൾക്കുപോലും അറിവാൻ കഴിയുന്നതാണല്ലൊ. ഇങ്ങിനെ ഭൌതികമായ ശരീരം മാറുന്നുണ്ടെങ്കിലും 'ഞാൻ' എന്നുള്ള ഏകത്വപ്രതീതി പ്രാണികൾക്ക് എല്ലാ അവസ്ഥകളിലും അനുഭവത്തിൽ വന്നുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ നമ്മുടെ പൂൎവ്വാനുഭവങ്ങളും മററും നശിച്ചുപോകാതെ സ്ഥായിയായി നില്ക്കുന്നുണ്ട്. ഭൌതികമായ ശരീരം ഇല്ലാതെയിരിക്കുമ്പോഴും സ്വപ്നാവസ്ഥകളിൽ നമ്മുടെ അന്തൎഭാഗത്തിൽ പല വ്യാപാരങ്ങളും നടന്നുവരുന്നതായി നമുക്കറിയാവുന്നതാണ്. ഈ സംഗതികളെക്കൊണ്ടാലോചിക്കുമ്പോൾ ശരീരവ്യതിരിക്തമായ ഒരു വസ്തു ശരീരത്തിനുള്ളിൽ പാൎത്തുവരുന്നുണ്ടെന്നുതന്നെ തീരുമാനിക്കേണ്ടിയിരിക്കുന്നു. ഇതിനെ ആത്മാവെന്നോ ജീവനെന്നോ പറയുന്നതിന്ന വിരോധമില്ല. നാശം കൂടാതെ എല്ലാററിലും അനുവൎത്തിച്ചുവരുന്ന ഈ വസ്തു ഭൗതികശരീരം നശിക്കുമ്പോഴും നശിക്കുന്നില്ലെന്ന വിചാരിപ്പാൻ ചില കാരണങ്ങളുണ്ട്.

ജനനാൽ തന്നെ പ്രാണികളിൽ കണ്ടുവരുന്ന ഇച്ഛാനിച്ഛകളാലും, പ്രത്യേകവിഷയപ്രവേശം എന്നിവക്ക യാതൊരു കാരണവുമില്ലെന്ന പറവാൻ നിവൃത്തിയില്ല. ഇപ്പോൾ കാണുന്ന ശരീരത്തിൽ ആ വക സംഗതികളെ ഉല്പാദിക്കുന്ന സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ലെന്ന നാം പ്രത്യക്ഷമായറിയുന്നുണ്ട്. ഈ വിധമുള്ള ഇച്ഛാനിച്ഛകൾ മുമ്പുണ്ടായിട്ടുള്ള അനുഭവത്തിന്റെ സംസ്കാരമായ സ്മരണമാണെന്നുതന്നെ കല്പിക്കേണ്ടിവരും. മുമ്പൊരു അനുഭവം ഉണ്ടെന്നു വരുമ്പോൾ ജന്മാന്തരം സിദ്ധിക്കുന്നു. ഒരു കാൎയ്യം പരിചയംകൊണ്ടു നമുക്കെളുപ്പമായിത്തീരുന്നു. അപ്പോൾ നമ്മുടെ മനസ്സിന് ആ കാൎയ്യത്തിൽ പ്രവേശിപ്പാൻ ക്ലേശമില്ലാതെയുമാകുന്നു. ഈ എളുപ്പത്തെ വാസനയെന്ന പറഞ്ഞുവരുന്നു. ജനനാ ചിലൎക്ക ചില പ്രത്യേകവിഷയങ്ങളിൽ വാസനയുണ്ടാകുന്നതു പൂൎവ്വജന്മപരിചയംകൊണ്ടല്ലെങ്കിൽ പിന്നെ എന്താണതിന്ന കാരണം? ഇതിനെ ആലോചിച്ചുനോക്കുമ്പോൾ ജന്മാന്തരീയങ്ങളായ അനുഭവങ്ങളെ ശേഖരിച്ചുവെച്ചിട്ടുള്ള ഒരു വസ്തുവാണ വീണ്ടും ജനിക്കുന്നതെന്ന വന്നുകൂടുന്നു.

അതുമല്ല; ലോകത്തിൽ ജനിച്ചിട്ടുള്ള ലക്ഷോപലക്ഷം ജീവികളുടെ സുഖദുഃഖങ്ങൾ ലക്ഷോപലക്ഷം പ്രകാരത്തിലായി കാണുന്നു. ചിലരുടെ ജീവിതം സുഖമയമായും മറ്റു ചിലരുടെ ജീവിതം ദുഃഖസങ്കലമായും കണ്ടുവരുന്നു. ചിലർ ജനനത്തിൽതന്നെ കുരുടന്മാരാണ്; വേറെ ചിലർ ആജന്മം കശ്മലന്മാരാണ്. ഈ വിധമുള്ള ഫലവൈഷമ്യം എങ്ങിനെ ഉണ്ടാകുന്നു? കർമ്മങ്ങളുടെ വ്യത്യാസംകൊണ്ടു ഫലത്തിനും വ്യത്യാസം വരാവുന്നതാണെന്നുള്ള സംഗതി പല കാര്യങ്ങളിലും പ്രത്യക്ഷമായിരിക്കുന്നതാണ്. അതുകൊണ്ട് ജന്മസിദ്ധങ്ങളായ അവസ്ഥാഭേദങ്ങൾ ജന്മാന്തരകർമ്മത്തിന്റെ പരിണാമങ്ങളാണെന്നു കല്പിക്കുന്നതിൽ യാതൊരു യുക്തിഭംഗവും ഇല്ല. എന്നാൽ ഫലവൈഷമ്യത്തിനുള്ള കാരണം കർമ്മവൈചിത്ര്യമാണെന്നു പറയുമ്പോൾ തൽക്കാലം സമാധാനം വരുമെങ്കിലും ഗാഢമായി നിരൂപിച്ചു നോക്കുന്നതായാൽ ഈ സമാധാനത്തിന്റെ ശൈഥില്യം വെളിവാകുന്നതാണ്. നമ്മുടെ ചോദ്യം ഒരു പടവുകൂടി കയറിച്ചെല്ലുമ്പോൾ ഈ സമാധാനത്തിനടിയുറപ്പുപോരാതെ വരും. ജന്മാന്തരത്തിലെ കർമ്മവൈചിത്ര്യത്തിന്നെന്താണു കാരണം? അതിനു മുമ്പുള്ള ജന്മത്തിലെ കർമ്മവൈചിത്ര്യം. ഇതിന്നവസാനമെവിടെയാണു? ജന്മമോ കർമ്മമോ ആദ്യമുണ്ടായത് എന്നുള്ള വിവാദം 'മരമിതോ മുന്നത്', കായോ മുന്നത്" എന്നുള്ള വാദംപോലെ ഒരു തീരാവഴക്കുതന്നെയാണ്. പക്ഷെ നമ്മുടെ ചോദ്യം ഒരു തീരാവഴക്കിൽ കലാശിച്ചതുകൊണ്ടു ചോദ്യം നിസ്സാരമാണെന്നോ സമാധാനം തൃപ്തികരമായിരിക്കുന്നുവെന്നോ പറവാൻ പാടില്ല. അതുകൊണ്ട് ഈ സമാധാനം പൂർവ്വന്മാരൊക്കെ പിടിച്ചുപോയിട്ടുണ്ടെങ്കിലും വിശ്വസിക്കാതെ ഉള്ളിൽ പുനശ്ചിന്താവിഷയമായി നടക്കുന്ന സംഗതിയായിരിക്കയേ ഉള്ളൂ. എന്തായാലും കർമ്മവൈചിത്ര്യവാദത്തെയും പുനർജ്ജന്മത്തിന്റെ സാധകയുക്തിയായി ഗണിക്കാമെന്നു വെക്കുക. മേല്പറഞ്ഞ യുക്തികളെക്കൊണ്ടു പ്രാണികൾക്കു പുനർജ്ജന്മം ഏതാണ്ടു സംഭാവ്യമാണെന്നു സിദ്ധിക്കുന്നു. ഇനി ഈ അനുമാനത്തിനു വല്ല ബാധകയുക്തികളും ഉണ്ടോ എന്നാണാലോചിപ്പാനുള്ളത്.

പുനർജ്ജന്മം ഉണ്ടെന്നു സിദ്ധാന്തിക്കുന്ന മതക്കാരെല്ലാം ശരീരവ്യതിരിക്തമായ ആത്മതത്വത്തെ അംഗീകരിക്കുന്നവരാണ്. എന്നാൽ ചില ദാർശനികന്മാർ ഈ വിഷയത്തിൽതന്നെ വിവാദം പുറപ്പെടുവിക്കുന്നു. ഇവരുടെ അഭിപ്രായത്തിൽ ശരീരംതന്നെയാണ് ആത്മാവെന്നു പറയപ്പെടുന്നതു. പൃഥിവ്യാദികളായ ധാതുക്കൾ പ്രത്യേകം അചേതനങ്ങളാണെങ്കിൽതന്നെ അവയുടെ സംയോഗത്തിൽ ചൈതന്യമുണ്ടാവുമെന്നു വിചാരിപ്പാൻ വിരോധമില്ല. പ്രത്യേകം തീപ്പിടിക്കാത്ത ചില വസ്തുക്കളെ കൂട്ടിച്ചേർക്കുമ്പോൾ തീയുണ്ടാകുന്നതായി നാം കാണുന്നുണ്ട്. അതുപോലെതന്നെ ശരീരധാതുക്കളുടെ സംയോഗവിശേഷത്തിൽ ചൈതന്യമുണ്ടാകുമെന്നു പറഞ്ഞുകൂടയോ? ആ സംയോഗം മരണകാലത്തിൽ നശിച്ചുപോകുന്നതുകൊണ്ടു മരണാനന്തരം അതാതു ധാതുക്കൾ അതാതുകളിൽ ലയിച്ചു കഴിഞ്ഞാൽ പിന്നെയൊന്നും ശേഷിച്ചിരിക്കുന്നില്ലെന്ന് ഇവർ വാദിക്കുന്നു. ചില ഔഷധങ്ങൾ സേവിക്കുമ്പോൾ ബുദ്ധി വർദ്ധിക്കുന്നു. മറ്റു ചില ഔഷധങ്ങൾ വിസ്മൃതിക്കു കാരണമായി തീരുന്നു. ഇങ്ങ്

മനോഗുണങ്ങളെ ആഹാരഭേദംകൊണ്ടും ദേശഭേദംകൊണ്ടും ബുദ്ധിസ്വഭാവത്തിനു ഭേദഗതി കണ്ടുവരുന്നതുകൊണ്ടു ചൈതന്യം ശരീരത്തെ ആശ്രയിച്ചിരിക്കുന്നതാണെന്നു പറയുന്നതാണ്. ശരീരത്തിന്റെ ബലാബലതാം ബുദ്ധിയേയും സംബന്ധിക്കുന്നതുകൊണ്ടും ചൈതന്യം ദേഹധർമ്മമാണെന്നു വരികാം. ഈവക കാരണങ്ങളെ ശരീരാത്മവാദികൾ സ്വപക്ഷം സ്ഥാപിപ്പാനായി കൊണ്ടുവരുന്നു. പുതിയ പ്രകൃതിശാസ്ത്രവും ശരീരാത്മവാദികൾക്കു സഹായമായിട്ടാണു കാണുന്നത്. ജ്ഞാനം തലച്ചോറിനെ ആശ്രയിച്ചിരിക്കുന്നുവെന്നാണ് ആധുനികരും പറയുന്നത്. ശരീരാതിരിക്തമായ ആത്മാവു തന്നെ ഇല്ലെന്നു വരുന്നതായാൽ എന്തിനാണ് പിന്നെ പുനർജ്ജന്മം?

ജനനാ കണ്ടുവരുന്ന ഇഷ്ടാനിഷ്ടങ്ങളും വാസനാഗതിയും ഇവരുടെ മതത്തിൽ യോജിക്കുന്നതല്ലെന്നായാണെന്നു നല്ല പൂർവ്വപക്ഷം ഈ വകക്കാരോടു ചോദിക്കാവുന്നതാണ്. അതിനും ഇവർ ചില സമാധാനങ്ങൾ പറയുന്നുണ്ട്. അഭ്യാസത്തിന് ഇരിമ്പിനെ ആകർഷിപ്പാൻ ശക്തിയുള്ളതുപോലെ ശരീരത്തിന് വസ്തുക്കളുടെ നേരെ പ്രവർത്തിപ്പാൻ സ്വതസ്സിദ്ധമായ ശക്തിയുണ്ട്. എന്നതന്നല്ല പൈതൃകങ്ങളായ അനേകഗുണങ്ങൾവഴിയായി സന്താനങ്ങളിൽ സംക്രമിക്കുന്നതുകൊണ്ടു മാതാപിതാക്കളുടെ ഇഷ്ടാനിഷ്ടങ്ങൾ സന്തതികൾക്കും ജനനാലുണ്ട്. എന്നാൽ പ്രത്യേകം കണ്ടുവരുന്ന കാര്യങ്ങളിൽ മാത്രമേ ഈ നിയമമുള്ളുവെന്ന് ഈ മതക്കാർക്കും പറയേണ്ടിവരുന്നതുണ്ട്. ആ വക കാര്യങ്ങളിൽ മാത്രമേ ജന്മാന്തരസംസ്കാരം സ്മരണയെ ജനിപ്പിക്കുന്നുവെന്നു മറ്റെ മതക്കാർക്കും പറയേണ്ടിവരുന്നതുകൊണ്ട് ഇതൊരാക്ഷേപമായി വക്കവെച്ചുകൂടാ. മാതാപിതാക്കളുടെ വാസനയിൽനിന്നു വ്യത്യസ്തങ്ങളായ വാസനകളും സന്തതികൾക്കു കാണുന്നുണ്ടെങ്കിൽ, അതിന് ഉൽപാദനകാലത്തിലെ ആഹാരാദിഭേദവും മനോഗതിയുടെ വ്യത്യാസവും തന്നെ കാരണമായിരിക്കുന്നതാണ്. ചുരുക്കിപ്പറയുന്നതായാൽ ഇവരുടെ മതത്തിൽ പുത്രൻ പിതാവിന്റെ ജന്മാന്തരമാണെന്നു പറയാവുന്നതാണ്. ആകൃതിയിലും പ്രകൃതിയും പിതാപുത്രന്മാർ സാദൃശ്യമുണ്ടായിട്ടാണധികം കാണുന്നതിനുള്ള സംഗതിയും ഈ വാദത്തിൽ സ്ഥിരീകരണമായിരിക്കുന്നു.

എന്നാൽ സുഖദുഃഖങ്ങൾ പലപ്രകാരത്തിലായി കാണുന്നതിന്നെന്താണുപപത്തി? ജന്മാന്തരമുണ്ടെന്നു സ്ഥാപിക്കുന്നവർ ഈ ചോദ്യത്തിനു പറയുന്ന സമാധാനം തന്നെ തൃപ്തികരമല്ലാതെയാണിരിക്കുന്നത്. അവരുടെ മതപ്രകാരം കർമ്മം അനാദിയാണല്ലോ. അനാദി എന്നു വെച്ചാൽ കാരണമില്ലാത്തത് എന്നർത്ഥം. കർമ്മം കാരണമില്ലാത്തതാണെന്നു പറയാമെങ്കിൽ സുഖദുഃഖങ്ങൾ യാദൃച്ഛികങ്ങളാണെന്നു പറവാനെന്തു വിരോധമാണ്? ശരീരാത്മവാദികളുടെ മതത്തിൽ പിതാവിന്റെ കർമ്മങ്ങൾ പുത്രന്റെ സുഖദുഃഖങ്ങൾക്കു കാരണമാണെന്നും പറവാൻ കഴിയും. പിതാവു പ്രയത്നം ചെയ്തു സമ്പാദിച്ചിട്ടുള്ള ധനം പുത്രൻ അനുഭവിക്കുന്നുണ്ട്. പിതാവിന്റെ അപഥ്യാചരണംകൊണ്ടുണ്ടാകുന്ന രോഗങ്ങൾ പുത്രനെയും ബാധിക്കുന്നു. ഇവിധം എല്ലാകാര്യങ്ങളും ഉപപാദിക്കാമെന്നവർ പറയും. ഈവക ചാർവ്വാകവാദങ്ങൾ ശിഷ്ടന്മാരാരും അംഗീകരിക്കാത്തവയാണെങ്കിലും നിഷ്പക്ഷപാതമായി വിചാരിക്കുമ്പോൾ അ

വഴയ്ക്കുപ്പുറവും ആലോചിക്കേണ്ടതാണല്ലോ.

ചുരുക്കം പറയുന്നതായാൽ ഒരു പക്ഷക്കാരുടെ സമാധാനവും കേവലം നിർദ്ദോഷമൊ മുഴുവൻ ഇഷ്ടികരമൊ ആകുന്നില്ലെന്ന സമ്മതിക്കേണ്ടിയിരിക്കുന്നു. യുക്തി ഒരു മാർഗ്ഗത്തിലും സഹായിക്കുന്നതാണ്. അതുകൊണ്ടു സാമാന്യബുദ്ധിക്ക് അഗോചരങ്ങളായ വിഷയങ്ങളിൽ യുക്തിയെമാത്രം അവലംബിച്ചാൽ യാതൊരു തീരുമാനവും കിട്ടാതെ സംശയാത്മാവായി കിടന്നു കുഴപ്പമെ നിവൃത്തിയുള്ളു. യുക്തിക്ക് ഒരവസാനവും ഇല്ല. മനുഷ്യബുദ്ധിയുടെ താരതമ്യംപോലെ യുക്തികളും ശാഖോപശാഖയായി പടന്നുപോകുന്നതാണ്. ഈ വക പാരോക്ഷകാര്യങ്ങളിൽ യുക്തിയെമാത്രം ശരണമാക്കരുതെന്നു പ്രാമാണികന്മാർ പറയുന്നു. 'അചിന്ത്യാഃ ഖലു യേ ഭാവാ ന താംസ്തർക്കേണ യോജയേൽ' എന്നും, 'തസ്മാച്ഛാസ്ത്രം പ്രമാണം തേ കാര്യാകാര്യവ്യവസ്ഥിതൌ' എന്നും ലോകഹിതത്തിന്നായി ഉപദേശിച്ചിട്ടുള്ള മഹാത്മാക്കളുടെ വചനത്തെ പ്രമാണിച്ച് ഈ വക കാര്യങ്ങളിൽ 'പരപ്രത്യയനേയബുദ്ധിതാ'ക്ക് വലംവെക്കുന്നതാണ ഉചിതമെന്ന വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. അലൌകികവിഷയങ്ങളെപ്പറ്റിയും കരതലാമലകംപോലെ കാണ്മാനുള്ള ശക്തിയുണ്ടായാൽമാത്രമെ മതതത്വങ്ങളുടെ യാഥാർത്ഥ്യം വെളിവാകയുള്ളു. ആ ശക്തിയാകട്ടെ വാക്സാമർത്ഥ്യംകൊണ്ടോ ശാസ്ത്രപാണ്ഡിത്യംകൊണ്ടോ ഉണ്ടാകുന്നതല്ല. ഇതു് അനുഭവമാത്രഗമ്യമായ ഒന്നാകുന്നുവെന്നല്ലേ ഛാന്ദോഗ്യത്തിന്റെ ചോദ്യത്തിന്നുത്തരമായ ഈ ഉപനിഷദ്വാക്യത്തിന്റെ താല്പര്യം?

നായമാത്മാ പ്രവചനേന ലഭ്യോ
ന മേധയാ ന ബഹുനാ ശ്രുതേന
യമേവൈഷ വൃണുതേ തേന ലഭ്യഃ
സ്തസ്യൈഷ ആത്മാ വിവൃണുതേ തനൂം സ്വാം

(കാ, 1, 2, 22)

എ. ബി.

രൂപാവരി

പണ്ടു മുഗളചക്രവർത്തികളുടെ വാഴ്ചകാലത്തു ഹിന്തുമതത്തിൽതന്നെ ജീവിച്ചിരിക്കേണമെന്നാഗ്രഹമുള്ളവരെല്ലാം 'ജസിയാ' എന്ന പേരായ ഒരു പ്രത്യേകനികുതി കൊടുക്കേണമെന്നും, അതു കൊടുപ്പാൻ നിവൃത്തിയോ മനസ്സോ ഇല്ലാത്തവരെല്ലാം ഇസ്ലാംമതം വിശ്വസിച്ചു കൊള്ളേണമെന്നും ഒരു കൂനിയമമുണ്ടായിരുന്നു. ഇതുരണ്ടും ചെയ്യാത്തവരെ(ഹിന്തുക്കളെ)മുഗളന്മാർ നിർബ്ബന്ധിച്ചു തങ്ങളുടെ മതത്തിൽ ചേർക്കയൊ ഹിംസിക്കയോ ചെയ്തു വന്നിരുന്നതായി കേട്ടിട്ടുണ്ട്. എന്നാൽ ഒരുകാലം ഇന്ത്യയിൽ —വിശേഷിച്ചു മലയാളത്തിൽ—മുഗളന്മാരുടെ പ്രതാപം അത്ര ബാധിച്ചിട്ടില്ലായ്കയാലുംകൊണ്ടു ജസിയയുടെ സമ്പ്രദായം നടപ്പിൽ വരേണ്ടതായി വന്നിട്ടുണ്ടായിരിക്കയില്ല. ഈ രാജ്യം അങ്ങിനെ സ്വസ്ഥമായി ഭരിച്ചുവന്ന കാലത്താണ് ടിപ്പുവിന്റെ അച്ഛനായ ഹൈദരാലി മലബാറിനെ ആക്രമിച്ചത്.

അനേകത്തെ സംസ്കൃതവിദ്യാഭ്യാസത്തിന്റെ ആരംഭത്തിൽ സിദ്ധരൂപം കൈവിട്ടിട്ടില്ലാത്ത സമ്പ്രദായത്തിൽ ബാലബോധനകോണിലുള്ള അറിവുകൾ തന്നെയാണ് ബാല്യത്തിൽ കൈരളിക്ക് കിട്ടിയ പഴയ മുദ്രകൾ. കൈരളിയുടെ ആത്മകത്തെ തട്ടിയുണർത്താൻ തനിക്കു കഴിവില്ലെന്ന കണ്ട് ആ സംസ്കൃതവിദ്യാർത്ഥികൾ കരതലത്തിലെ തിലക [illegible] അവരോട് ഭംഗിയായി തിരുത്തുകയും ചെയ്തു. ജീവകാലിയായ കൈരളി തനിക്ക് സിദ്ധിച്ച ഈ പുതുരാജ്യത്തിൽ ഭദ്രമായി വാണിരിക്കുന്നതെന്നാണുവൈ [illegible]. അവർ സ്വാതന്ത്ര്യമായ തെക്കേ [illegible] അയൽരാജ്യമായ മലയാളത്തിന്റെ ഒരു വലിയ ഭാഗം അനാഥമാക്കിത്തീർത്തത് അവിടെനിന്ന തന്നെ എത്തുന്ന ഒരു ശത്രു പുറപ്പെട്ടതിലെന്നതല്ല ഒരു സംഗതിയെയാണ് ഇക്കാര്യത്തിൽ [illegible] ഒരു ഭാഗമായി കണ്ടത്.

കൈരളി പ്രകൃത്യാ ഒരു മതഭേദക്കാരിയായിരുന്നില്ല. എങ്കിലും മലയാളത്തിലെ പ്ര [illegible] അന്യമതക്കാരുടെ [illegible] അനിതരസാധാരണമായ വൈദ [illegible] അവരുടെ മ [illegible] പുതിയതായി ഒരു മതഭേദം ജനി [illegible], താൻ പുതുതായി ജയിച്ചടക്കപ്പെട്ടതിലെ മലയാളക്കരയിൽ [illegible] സംസ്കാരത്തെ [illegible] രൂപാവലിതം ഒരു വഴി കൊടുക്കേണമെന്ന കല്പിക്കയും, അതു നിർബന്ധമായി പഠിപ്പിക്കുകയും ചെയ്തു. ഇതിന 'രൂപാവലി' എന്ന പേർ പറഞ്ഞുവരുന്നുണ്ടായിട്ടുള്ളതാണെങ്കിൽതന്നെ പുതു [illegible] ഒരു ചുമത്തുന്നതിൽ ജനങ്ങൾ

പഠിപ്പിക്കുന്നത് അന്നും ഇന്നും സാധാരണമാണ്. ഇതിനെ മതഭേദമായി നിഷേധിക്കപ്പെട്ട രൂപാവലിയെക്കുറിച്ച് — അല്ലാം പുതിയ രാജാവിനാൽ നിരോധിക്കപ്പെട്ടതിനെക്കുറിച്ച് — ജനങ്ങളുടെ ഇടയിൽ ഉണ്ടാകാവുന്ന സങ്കടവും ആവലാതിയും ഇത്രയെന്ന പറയേണമെന്നില്ലല്ലോ. താഴെ എഴുതുന്ന ശ്ലോകം ആ കാലത്ത് ഒരു നമ്പൂതിരിയാൽ ഉണ്ടാക്കപ്പെട്ടതാണെന്ന വെളിവായി നമ്പൂതിരിമാരുടെ ഇടയിൽ എന്നാട്ടു പറഞ്ഞുവരുന്നുണ്ട്. ഈ ശ്ലോകത്തിൽനിന്ന രൂപാവലിയുടെ ഏതാണ്ട് സ്വഭാവവും നിർബന്ധവും, അതിനെക്കുറിച്ചു മലയാളികളുടെ ഹൃദയത്തിലുണ്ടായിരുന്ന സങ്കടവും തെളിഞ്ഞുകാണുന്ന വെളിപ്പെടുത്തുന്നതാകയാൽ അതിനെ താഴെ കാണിക്കുന്നു:—

'രൂപായതാമ്പലസിന്ധു പനാട്ടിലെന്ന
രൂപായതിപ്പതിനമുമ്പു വരിക്കുവാൻ
രൂപായതാം തുടിയിടുന്ന പറഞ്ഞ കൃത്യം
രൂപായതെ നാകമൃതനായതാഗ്ഗ്' *

ചെറിയ ഇന്നാട്ടുകാർ 'നാമ' എന്നാണ് പറഞ്ഞുവന്നിരുന്നത് എന്നും ഇതിൽനിന്ന കാണാവുന്നതാണ്. നമ്മുടെ ഭാഗ്യവശാൽ, ഇതിനെ രൂപാവലി പഠിപ്പിക്കാതിരുന്ന [illegible], 'ബാലനി

* [illegible] രൂപാവലി [illegible] രൂപാവലി [illegible] രൂപാ [illegible] 'നാമ' എന്ന [illegible]

ഒ. പി.

ശ്രീ [illegible] പരമേശ്വരൻപിള്ള [illegible]

കാരന്റെ മകനെപ്പോലെ' ഒരൊറ്റയെ നന്നാക്കിവെച്ച മകൻ റിപ്പബ്ലിക്കന്നാ നമ്മെപ്പറ്റിയാൽ ഒരിപ്പൊൻ സംഗതിയിന്നില്ലെന്ന മാത്രമല്ല, യാതൊരു മതഭേദവും കൂടാതെ നിഷ്പക്ഷപാതമായി രാജ്യപരിപാലനം ചെയ്യുന്ന ബ്രിട്ടീഷുചക്രവർത്തിയുടെ കീഴിലിരിപ്പാനിടയായി എന്നുള്ള സൗഭാഗ്യത്തിൽനിന്നുണ്ടാകുന്ന സന്തോഷം തന്നെയാണ്. ഇങ്ങിനെയുള്ളയിലന്ന എങ്കിൽ ഇപ്പോഴത്തെ മലയാളത്തിൽ ഹിന്തുമതം നാമമാത്രംപോലുമില്ലാത്ത നിലയിലായിപ്പോകുമായിരുന്നു എന്നു നാം കണ്ടറിഞ്ഞു സന്തോഷിക്കേണ്ടതാകുന്നു.

ടി. സി. പരമേശ്വരൻ മൂസ്സത്.

കൊച്ചി

വലിയശക്തൻതമ്പുരാൻ

ചേരലോകപരിപാലകർക്കഹോ-
[illegible]
[illegible]
വൃത്തകർമ്മിവരൊട്ടുചൊല്ലിടാം. ൧

[illegible]
[illegible]
[illegible]
[illegible] ൨

[illegible]
[illegible]
[illegible]
[illegible] ൩

[illegible]
[illegible]
[illegible]
[illegible] ൪

[illegible]
[illegible]

[illegible]
[illegible] ൫

[illegible]
[illegible]
[illegible]
[illegible] ൬

[illegible]
[illegible]
[illegible]
[illegible] ൭

'[illegible]
[illegible]'
[illegible]
[illegible] ൮

[illegible]
[illegible]
[illegible]
[illegible] ൯

---

* [illegible]

[illegible]

[illegible]

ഒന്നാം സർഗ്ഗം കഴിഞ്ഞു.

പി. കെ. നാരായണൻനായർ

ലോകഗതി:



[illegible]

[illegible]

ത്തുപരിചയമായി വന്നിട്ടുണ്ട്. ശാസ്ത്രജ്ഞന്മാർ പ്രകൃതിയിലെ ഗൂഢശക്തികളെക്കണ്ടുപിടിച്ചു്, അവയെ മനുഷ്യന്റെ സ്വകാര്യത്തിന് ഉപയോഗിക്കത്തക്കവണ്ണം സ്വാധീനമാക്കുകയാലാകുന്നു നമുക്കിന്നു ഇതിന്റെ ഫലം അനുഭവിപ്പാൻ സംഗതി വന്നത്. ടിപ്പുവിന്റെ പടവെട്ടുകാലത്ത്, അക്രമികളുടെ ക്രൂരതയിൽനിന്നു രക്ഷ പ്രാപിക്കേണമെന്നോ, തങ്ങളുടെ ജീവകാലം വളരെ ആപത്തുകൂടാതെ കഴിച്ചുകൂട്ടി പോരണമെന്നോ അല്ലാതെ ആ കാലത്തു ജീവിച്ചിരുന്നവർ വിശേഷവിധിയായി ലോകപരിഷ്കാരരീതികളെപ്പറ്റി ഒരു വിചാരവും ഉണ്ടായിരുന്നുവെന്നു തോന്നുന്നില്ല. എന്നാൽ ആ മാതിരി കലഹങ്ങളിൽനിന്നു ഭീതി ലേശമില്ലാതെ ഈ കാലത്ത് സ്വാതന്ത്ര്യത്തിനു വേണ്ടുന്ന സകലസൗഭാഗ്യങ്ങളെയും ജനങ്ങൾ ഭുജിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ക്രമത്തിൽ അഭ്യുദയം ഉണ്ടായിവരുന്നുണ്ട്. ദേശത്തിനും കാലത്തിനും അനുസരിച്ചാകുന്നു ശാസ്ത്രത്തിനു സമ്പൂർണ്ണതയുണ്ടാകുന്നതെന്നുള്ള തത്വം ഇവിടെയും സ്പഷ്ടമാകുന്നു.

കഴിഞ്ഞ നൂറുകൊല്ലത്തിനിടക്കു ലോകത്തിൽ അപ്പോഴപ്പോഴായിട്ടു യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, ആ യുദ്ധങ്ങൾ പൊതുവിൽ ജനങ്ങളുടെ സമാധാനത്തെ മുമ്പെത്തെപ്പോലെ ഉപദ്രവിക്കുന്ന സമ്പ്രദായത്തിലായിരുന്നു. അതുകൊണ്ടു ശാസ്ത്രജ്ഞാനം ക്രമേണ വർദ്ധിച്ചുവന്നു. എന്നുമാത്രമല്ല, ഈ യുദ്ധങ്ങൾതന്നെ ജനങ്ങൾക്ക് അന്യരാജ്യത്തിലെ പ്രകൃതിസ്വഭാവങ്ങൾ പഠിക്കുവാൻ ഇടയാക്കിത്തീർത്തിട്ടുണ്ട്. ട്രാൻസ്‌വാൾ [illegible] യുദ്ധം കഴിഞ്ഞതോടുകൂടിയാണ് ആഫ്രിക്കയെന്ന 'അന്ധകാരഭൂഖണ്ഡ'ത്തിലെ ആ ഭാഗത്തെപ്പറ്റി നമുക്ക് ഇത്രത്തോളം അറിവു സിദ്ധിച്ചത്. ലോകത്തിലെ പ്രബലങ്ങളായ സാമ്രാജ്യങ്ങളോട് കിടപിടിക്കേണമെന്നുള്ള ഏകോദ്ദേശത്തിന്മേലാണ ജപ്പാൻകാർ റഷ്യാസാമ്രാജ്യമായി യുദ്ധം ചെയ്തത്. അവർക്ക് അല്പകാലംകൊണ്ടു സിദ്ധിച്ച മാഹാത്മ്യവും ഈ ഉദ്ദേശംകൊണ്ടുള്ള പ്രയത്നത്തിന്റെ ഫലംതന്നെയാകുന്നു.

കാലചക്രത്തിൽ ഒരു നൂറാണ്ട് എത്രയോ നിസ്സാരമായ ഒരു നിമിഷംപോലെയാണെങ്കിലും, ഭൂലോകത്തുണ്ടായിരിക്കുന്ന മാറ്റങ്ങൾ നോക്കുമ്പോൾ കഴിഞ്ഞ നൂറുകൊല്ലം എത്രയോ ദീർഘമായിത്തന്നെ വിചാരിക്കണം. ഇതിനു ദൃഷ്ടാന്തം നമുക്കുതന്നെ പ്രത്യക്ഷമാണല്ലോ. കഴിഞ്ഞ കാലത്തു ജീവിച്ചിരുന്ന നമ്മുടെ അടുത്ത പൂർവ്വികന്മാരിൽ ഒരുവൻ പെട്ടെന്നു നമ്മുടെ മുമ്പിൽ ജീവിച്ചുവരുന്നുവെന്നുതന്നെ വിചാരിക്കുക. അദ്ദേഹത്തിനു തന്റെ സ്വന്തമാണ്ടും തിരിച്ചറിയാൻതന്നെ സാധിക്കുമെന്നു തോന്നുന്നില്ല. നാം അവരുടെ സന്തതികളാണെന്നു പറഞ്ഞാൽ അദ്ദേഹം വിശ്വസിക്കയില്ല. തനിക്കറിവാൻ പ്രയാസമായ വിഷയങ്ങളെ അമാനുഷമായി കരുതിയിരുന്ന അദ്ദേഹം, ചവിട്ടുവണ്ടിയും തീവണ്ടിയും വല്ല ദുർദ്ദേവതകളുടെ പ്രയോഗമല്ലേ എന്നുകൂടി സംശയിച്ചുപോകും. അദ്ദേഹത്തിനു പരിചയമുള്ള സാധനങ്ങൾ എത്രയോ അപൂർവ്വങ്ങളായി തുടങ്ങി. നാട്ടുമ്പുറങ്ങൾ പോയി സൗധകവാടങ്ങളായി. മന്ത്രവാദികൾ ചില മുക്കിലും മൂലകളിലും കിടന്നു ചത്തുന്നതേയുള്ളൂ. കണിയാർപണിക്കർ അപൂർവ്വമായിട്ടു പട്ടണങ്ങളിൽ പ്രവേശിക്കുന്നുള്ളൂ. പണ്ടു ദിവാൻജിയെപ്പോലെ തന്നെ പ്രബലനായി വിചാരിച്ചുപോന്ന നാട്ടുകാര്യസ്ഥന് ഇപ്പോൾ സ്വന്തംവീട്ടിൽമാത്ര

ഒരു ദിവസമായി വാഴുവാൻ സാധിക്കുമെന്നു എന്നുമാത്രമല്ല, പരമ്പരയായി പാഠം പഠിച്ച പാടവവിശേഷംകൊണ്ട് ഒരു ശബ്ദം കൂടാതെ രാജാ തോട്ടിൽ കയറിച്ചെല്ലുന്ന ഒരു പൂർവ്വസ്വാമിയേയും ഇപ്രാവശ്യത്തെ കാണുമാറില്ല. പാശ്ചാത്യകാലത്ത് ഈ ശാസ്ത്രിയന്ത്രിയന്ന കല്പായുടെ സ്ഥാനത്ത് പരിഷ്കാരത്തിൽ ഒരു ബഹുമാനമാണ് കാണുന്നത്. ഉദ്യോഗികൾക്കുമായി രാജ്യഭാരങ്ങൾ താങ്ങുന്നതും നിരന്തരം നടന്നു. കയ്യിലുള്ളവൻ തന്റെ കാര്യങ്ങൾ കാട്ടിയാൽ നീതിന്യായക്കോടതികൾ കയറേണ്ടുന്ന നിലയായി. ശീലട്ടിക്കാരുടെയും കാലത്തു. ശാസ്ത്രനിബന്ധികൾക്ക് ആകപ്പാടെ വന്നുകൂടിയ ശ്രേയസ്സ് ഇന്നപ്രകാരമെന്ന് പറവാൻ പ്രയാസം.

'ഇതും പോരാ' എന്ന സദാ അതൃപ്തി കാണിക്കുന്ന മനുഷ്യസ്വഭാവത്തിന്ന ഒരു ഉത്രത്തെ ഫലസിദ്ധികൊണ്ട് ഒട്ടും മതിയായിട്ടില്ല. ഇതുവരെ അസാദ്ധ്യമാണെന്നു വിചാരിച്ചുപോന്ന സംഗതികളെ സാദ്ധ്യമാക്കേണ്ടുന്നതിലേക്ക് വേണ്ടുന്ന ഉത്സാഹം അനേകമായ പല യന്ത്രങ്ങളും മറ്റും കണ്ടുപിടിപ്പാൻ ഇടയാക്കിത്തീർന്നു. ആവിയന്ത്രങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ നമുക്ക് പരിചയമുള്ളവയാണല്ലോ. ആവിയന്ത്രംകൊണ്ടു സാധിക്കാത്ത ജോലികൾ വിദ്യുച്ഛക്തികൊണ്ടു സാധിപ്പിച്ചുതുടങ്ങി. കമ്പിവർത്തമാനം അറിവാൻ കമ്പി ആവശ്യമില്ലെന്നു ഉദാഹരണപ്പെടുത്തിക്കാണിക്കുന്ന പുതിയ ഒരു സൂത്രം വളരെ പ്രദേശങ്ങളിൽ ഇപ്പോൾ നടപ്പായിരിക്കുന്നു. ഭൂഗോളത്തിന്റെ കടലാസ്സിൽ അച്ചടിക്കുവാൻ സാദ്ധ്യമാണ്; എന്നാൽ മനുഷ്യരുടെ ശബ്ദത്തെ അതേമാതിരി പുറപ്പെടുവിക്കുന്ന ഒരു യന്ത്രത്തിലാക്കാമെന്ന് ഇരുപതു കൊല്ലത്തിനുമുമ്പിൽ നമുക്കാർക്കെങ്കിലും വിശ്വാസമുണ്ടായിരുന്നുവോ? അതും ഇപ്പോൾ സാദ്ധ്യമാണല്ലോ. കാലക്രമേണ യന്ത്രങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ എന്നുവേണ്ട എല്ലാം മതിയായതായിരിക്കുമെന്ന് ഊഹിക്കുകയും പറയേണ്ടതുണ്ടോ.

ഇനിയും ഭൂമിയിൽ വഴിയാത്ര നിശ്ചയിക്കുന്ന കപ്പലിലോ എന്ന സംശയം തോന്നത്തക്കവിധത്തിൽ, ആകാശസഞ്ചാരം ചെയ്യുവാനും യന്ത്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. നാം അധിവസിക്കുന്ന ഭൂമിവിട്ട് ചന്ദ്രൻ എന്ന ഗ്രഹത്തിലേക്ക് സഞ്ചാരമുണ്ടാക്കുവാനും ചിലർ ഉദ്യമിക്കുന്നുണ്ട്. ആകാശസഞ്ചാരം സാധാരണയായി വരുന്ന കാലത്തു പലരും ഇവർ വേറെ ഗ്രഹങ്ങളിൽ സ്വന്തമായ കയ്യേറ്റം ചെയ്യുവാനിടയുണ്ടെന്നും കൂടി പറയുന്നുണ്ട്. ഇപ്രകാരത്തെ പല ആളുകൾ മനുഷ്യവംശകാലത്തുണ്ടായിരുന്ന വാനരജാതികളുടെ സന്തതികളാണെന്ന സംശയം തോന്നിയ ചിലർക്ക്, പൂർവ്വകാലത്തിൽ ദിവ്യന്മാരായ വാനരന്മാർ മാത്രം സാധിപ്പിച്ചിരുന്ന ചില കാര്യങ്ങൾ ഇപ്പോൾ ഇവർക്കും സാധിക്കുന്നതുകൊണ്ടു വാനരപാരമ്പര്യം വാസ്തവമാണെന്ന സിദ്ധാന്തിക്കുവാൻ കൂടി ഒരു വഴിയായിത്തീർന്നു!

ചെറുതരികവിചാരങ്ങളിൽ ഇത്ര അത്ഭുതമുണ്ടെങ്കിലും, ആദ്ധ്യാത്മവിചാരങ്ങൾ ഇപ്പോഴും അഗാധമായിട്ടാണ കിടക്കുന്നത്. ആ വിഷയത്തിലുള്ള പ്രാചീനവിശ്വാസങ്ങൾ ഒന്ന മെച്ചപ്പെട്ട എന്നുള്ളതിന്ന സംശയമില്ല. നാസ്തികന്മാരും ആസ്തികന്മാരായിരുന്ന തുടക്കം ഇപ്പോഴും ശമിച്ചിട്ടില്ല. ഭൗതികമായി സങ്കല്പിക്കുന്ന കാര്യങ്ങളെ പ്രതിപാദിക്കാനായി സങ്കല്പിച്ചിരിക്കുന്നത്; പ്രകൃതിതത്വശാസ്ത്രജ്ഞന്മാർ ഉണ്ടാക്കുന്ന മതവിശ്വാസങ്ങൾ ഖണ്ഡിക്കാനായിരിക്കുന്നു. ഹിന്ദു എന്നും ക്രിസ്ത്യാനി എന്നും

ർദ്ധം ഇതിനെ അടിസ്ഥാനമാക്കീട്ടുള്ള സം
ഖ്യകൾ ഇപ്പോഴും നടപ്പുണ്ടെങ്കിലും, അ
ങ്ങനെയുള്ള വിശ്വാസം ഭാരതത്തിൽ മാ
ത്രമായിട്ടുമല്ല കണ്ടുവരുന്നത്. ആദി
കാരണം ഈശ്വരനാണെന്നും അല്ല ജഡപ
ദാർത്ഥം പ്രകൃതിയാണെന്നും ലോകം ഈശ്വ
രസൃഷ്ടിയാണെന്നും അല്ല പല പരിണാ
മംകൊണ്ടുണ്ടായതാണെന്നും നാനാവിധമാ
യി പലരും ഘോഷിക്കുന്നുണ്ടെങ്കിലും അവ
രൊക്കെ ആരംഭത്തിലെ ഇപ്പോഴും അതുപോലെ
വിശ്വസിക്കുന്നില്ല. ആദികാരണം എന്താ
യാലും ആയതു് അനാദിയായ ഒരു ചൈത
ന്യമാണെന്ന പ്രകൃതിശാസ്ത്രജ്ഞന്മാരും ആ
ത്മജ്ഞാനികളും ഒരുപോലെ സമ്മതി
ക്കുന്നു.

ഇതിന്റെ അവസാനം എന്താണ്?
ലോകത്തിന്റെ ഭാവി എങ്ങിനെ എന്നാണു
ഒരുത്തരം? ഇപ്പോഴത്തെ സമ്പ്രദായ
ത്തിൽ ഉപരി ഉപരിയായി വർദ്ധിച്ചുവരിക
യാണെങ്കിൽ രണ്ടു കല്പങ്ങൾക്കിടക്ക
ലോകത്തിൽ എന്തെല്ലാം മാറ്റങ്ങൾ വന്നു
സംഭവിക്കാം! ഇതു പ്രളയം അടുത്ത കാല
ത്തൊന്നുമില്ലെന്ന വിചാരിക്കുന്ന പക്ഷം
അതിനുള്ളിനിടക്ക് ഉണ്ടാകാവുന്ന
മാറ്റങ്ങളെപ്പറ്റി നമുക്കല്പം ആലോചിച്ചു
നോക്കാം.

എഡിസൻ എന്ന മഹാശാസ്ത്രജ്ഞൻ
ഈ സംഗതിയെപ്പറ്റി പറഞ്ഞിട്ടുണ്ട്.
ഒരു ലോകമല്ലെ സ്വർഗ്ഗമാക്കാമെന്ന മന
സ്സോടുകൂടി വാദിക്കുന്നതു നമുക്ക് പുല്ലു
കളാണു. ഇതു സാദ്ധ്യമാണെന്നു അ
ദ്ദേഹം പറയുന്നു. എന്നുമാത്രമല്ല, സ്വർഗ്ഗം
ഭൂമിയിൽ ഉണ്ടാക്കാവുന്ന ഒരു ലോക
മെന്നാണ് അദ്ദേഹം അഭിപ്രായ
പ്പെടുന്നത്. ഒരുകാലത്തുരുപ്പുകൾ ക്രമേണ
ഒഴിച്ചു, ആ മാതിരിയിലുള്ള ജോലി മുഴു
വൻ കാലക്രമേണ യന്ത്രംകൊണ്ടുമാത്രം
ചെയ്യാറാകുമത്രെ. വിദ്യുച്ഛക്തികൊണ്ടു ക
ണ്ടുപിടിക്കാവുന്ന ചില യന്ത്രങ്ങൾ ലോക
ത്തിനു നിർല്ലോഭമായി വരുത്തുവാൻ ശക്തി
യുള്ളവയായിത്തീരുകയും അതുകൊണ്ടു യു
ദ്ധം ലോകത്തിൽ അസാദ്ധ്യമായി വരിക
യും ചെയ്യും. ദാരിദ്ര്യവും അടിമത്വവും ക്രമേ
ണ നീങ്ങിവരികയും ലോകമാസകലം പ
രിപൂർണ്ണസന്തുഷ്ടിയോടുകൂടി വാഴുകയും ചെ
യ്യുമത്രെ. ഇതെല്ലാം ഇനിയത്തെ സംവത്സര
ങ്ങൾക്കിടക്ക സംഭവിക്കാമെന്നു എഡിസ
ന്റെ പക്ഷം? എഡിസന്റെ പല യന്ത്ര
ങ്ങളും നമുക്ക് പരിചയമുള്ളതാകകൊ
ണ്ടു് അദ്ദേഹം പറയുന്ന കാര്യങ്ങൾ തീരെ
നിസ്സാരമാക്കിത്തള്ളിക്കളയേണ്ടവയല്ലെന്നു
പ്രത്യേകം പറയേണമെന്നില്ലല്ലോ.

ഉപയോഗിക്കാത്ത അവയവങ്ങൾ
ക്രമേണ ക്ഷയിച്ചു വരികയും, ഉപയോഗി
ക്കുന്ന അവയവങ്ങൾക്ക ബലം കൂടിവരിക
യും ചെയ്യുമെന്നുള്ള സിദ്ധാന്തപ്രകാരം മ
നുഷ്യരാശിക്കിനിയിടക്ക കാഴ്ചയിൽ ആകൃതി
ക്കുകൂടി വ്യത്യാസം വന്നാൽ അതു അത്ഭുത
മല്ല. കൈകാലുകളുടെ ഉപയോഗം
കുറയും തലയുടെ ഉപയോഗം കൂടുമാ
ണ കാണുന്നത്. അതുകൊണ്ടു ദീർഘിപ്പി
ച്ചുള്ള കാലത്തിനിടക്ക്, ആകാശത്തിൽ ബ
ലൂണുകൾ പണിയിച്ചു, ആവിയന്ത്രം ഗ
താഗതവും ചെയ്തു, വിദ്യുച്ഛക്തിയെ തിരു
ട്ടിയായി കത്തി, കാലും കയ്യും ശോഷിച്ചു
തല വളരെ വലുതായ ഒരു കൂട്ടം ജനങ്ങൾ
നമ്മുടെ പാരമ്പര്യവും ഹാസ്യമായി പറ
ഞ്ഞുകൊണ്ടു പക്ഷികളെപ്പോലെ വായുമ
ണ്ഡലം ആവാസമാക്കി യഥേഷ്ടം അവി
ടെ സഞ്ചരിക്കുന്നതെങ്കിൽ അതിലും അത്ഭു
തപ്പെടുവാൻ യാതൊന്നുമില്ല. ആ കാല
ത്തു ഈ ലോകത്തിൽ പോയി താമസിപ്പാ


നായർ ഇപ്പോഴും ശീമയിൽ പോയിവന്നവരെപ്പോലെതന്നെ ധാരാളമാകുമെന്നു തോന്നുന്നു.

ഇനി ആയുസ്സിന്റെ കാര്യത്തെപ്പറ്റി മാത്രമെ ആലോചിപ്പാനുള്ളൂ. പരിഷ്കാരം വർദ്ധിക്കുന്തോറുംകൂടി രോഗങ്ങളും വർദ്ധിക്കുന്നുണ്ടെന്നു ചിലർ പറയുന്നു. എന്നാൽ രോഗകാരണങ്ങളെപ്പറ്റിയുള്ള അറിവും പണ്ടത്തെക്കാൾ ഇപ്പോൾ ഇരട്ടി അധികമാണ്. രോഗങ്ങൾക്കുള്ള പ്രതിവിധിയും കണ്ടുപിടിക്കാൻ എളുപ്പമായിത്തീർന്നു. അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന അസംഖ്യം വ്യാധികൾ ശസ്ത്രക്രിയകൊണ്ടു സാദ്ധ്യമായി കാണുന്നു. ദേവകൾ മുതലായ ദിവ്യന്മാർ മാത്രം ഉപയോഗിച്ചിരുന്ന വിമാനം ഇപ്പോൾ മനുഷ്യരും ഉപയോഗിപ്പാൻ ഇടയായ സ്ഥിതിക്ക് അവരുടെ 'ആയുസ്സും' വർദ്ധിക്കില്ലെന്നു വിചാരിപ്പാൻ പാടില്ല. 'എൽസായിർ' എന്നൊരു ദിവ്യൗഷധം ആഫ്രിക്കയിലെ വനപ്രദേശങ്ങളിൽനിന്ന് അപൂർവ്വമായി കിട്ടുന്നുണ്ടെന്നും അതു സേവിക്കുന്നവർ യൗവനാരോഗ്യത്തോടുകൂടി വളരെക്കാലം ജീവിച്ചിരിക്കാൻ സാധിക്കുമെന്നും ഒരു ഇംഗ്ലീഷുപത്രം പ്രസ്താവിക്കുന്നു. ഈ മരുന്നിന്റെ വർത്തമാനം കേട്ട് ആയുഷ്കാമികളായ വൃദ്ധന്മാർ ഇളകിപ്പോകേണ്ട. എന്തുകൊണ്ടെന്നാൽ ഇതു വാസ്തവമാണെങ്കിൽതന്നെ എളുപ്പത്തിൽ സമ്പാദിക്കാവുന്ന ഒരു മരുന്നല്ല. രാഗദ്വേഷാദികൾ നശിക്കുന്ന കാലത്തുമാത്രമേ ഈ ഔഷധം മനുഷ്യന് ഉപയോഗമായി ഭവിക്കയുള്ളൂ. ആ കാലംവരെ ഞാനോ വായനക്കാരിൽ ആരും ജീവിച്ചിരിക്കുമെന്നു തീരെ വിശ്വസിക്കുന്നില്ല.

എ. രാമപ്പൊതുവാൾ.
ബി. എ. എൽ. എം. എസ്സ്.

വിശ്വനാഥനായകൻ

(തുടർച്ച)



ഈ ചിത്രത്തിൽ വിശ്വനാഥന്റെ സത്യസന്ധതയായ യോഗ്യതയും, കൂടെയുള്ള രാജാക്കന്മാരുടെ ദോഷമുള്ള മാത്സര്യത്തിന്റെ ആരംഭത്തോടും വിശ്വസ്തതയോടും കൂടിയ നടവടിയും, അദ്ദേഹം മന്ത്രിയായിരുന്ന കാലത്തു മനോധർമ്മത്തിനനുസരിച്ചു ചെയ്ത പല പ്രവൃത്തികളും അദ്ദേഹത്തിനെ ഇന്നും ലോകർ മറന്നിട്ടില്ല. ജനങ്ങളുടെ ഇടയിൽ ഇപ്പോഴും പറഞ്ഞുപോരുന്നുണ്ട്. ഈ ഐതിഹ്യം വിശ്വസിക്കാമെങ്കിൽ —അതിൽ പറയുന്ന സംഗതികൾ വളരെ അസംഭവ്യവും അവിശ്വാസ്യവും അല്ലാത്തതുകൊണ്ട് അതിനെ വിശ്വസിക്കാതിരിക്കുവാൻ ഇതിലധികം യുക്തിയുണ്ടെന്നു തോന്നുന്നില്ല— മധുരയിലുള്ള ബ്രാഹ്മണരും, ശൂദ്രരും, ഭൗതികന്മാരും, നഗരവാസികളും, പുരോഹിതന്മാരും, കച്ചവടക്കാരും, മറ്റുള്ള എല്ലാ ജനങ്ങളും ഏകോപിച്ച് വിശ്വനാഥനെ മധുരരാജാവായി വാഴിക്കേണമെന്ന് തങ്ങളുടെ ചക്രവർത്തിയായ സദാശിവരായരോട് അപേക്ഷിച്ചുവെന്നു തന്നെ പറയണം. സ്വന്തം യഥാർത്ഥമായ യോഗ്യതകൊണ്ട് ഇ—

ജപ്പോവിക്ക് അർഹനായ വിശ്വനാഥനെ രാജാവാക്കി വാഴിക്കുന്നത് ഏറ്റവും ഉചിതമാണെന്നും, വിശ്വനാഥൻ എപ്പോഴും തനിക്ക് അനുകൂലിയും വിശ്വസ്തനും ആയിരിക്കുമെന്നും ചക്രവർത്തിക്ക് ബോധ്യമായതുകൊണ്ട് വിശ്വനാഥനെ രാജാവാക്കി വാഴിക്കാൻ ചക്രവർത്തി അനുവാദം കൊടുത്തു. ശകാബ്ദം 1481-ൽ സിദ്ധാർത്ഥിവർഷം കാർത്തികമാസം 15-ാംതീ- (ക്രിസ്ത്വാബ്ദം 1559-ാമാണ്ടിൽ) വിശ്വനാഥന്റെ പട്ടാഭിഷേകമഹോത്സവം കൊണ്ടാടാൻ തീർച്ചയാക്കി. കാശിയിൽനിന്നു കൊണ്ടുവന്ന ഗംഗാജലത്തിൽ കലർപ്പില്ലാത്ത ശുദ്ധജലസ്നാനത്തിന്റെശേഷം വിജയനഗരചക്രവർത്തികളുടെ കലവറയിൽനിന്ന് ആയ ദുർഗ്ഗാദേവിയുടെ തിരുമുമ്പിൽവെച്ച്, ഈ ആവശ്യത്തിനായി ചക്രവർത്തി പ്രത്യേകമായി അയച്ചിരുന്ന വിശിഷ്ടബ്രാഹ്മണരാൽ വിശ്വനാഥൻ അഭിഷേകം ചെയ്യപ്പെട്ടു. അഭിഷേകസമയത്തു വേദഘോഷങ്ങൾകൊണ്ടും, മംഗളവാദ്യങ്ങളുടെ ആർപ്പുവിളികൊണ്ടും, സേനകളുടെ ജയഘോഷങ്ങൾകൊണ്ടും, രാജ്യാഭിഷേകമഹോത്സവം കൊണ്ടാടാൻ വന്ന ജനങ്ങളുടെ ആർപ്പുവിളികൊണ്ടും രാജധാനിയെല്ലാം മുഴങ്ങി. ഈ പട്ടാഭിഷേകം നടത്തിയത് ഒരു രാജപ്രതിനിധിയുടെ നിലയിൽമാത്രമായിരുന്നു. വിശ്വനാഥനോ അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരോ രാജാവ് എന്ന സ്ഥാനം എടുത്തില്ല. അവർ എപ്പോഴും നായകൻ (രാജപ്രതിനിധി) എന്ന സ്ഥാനംമാത്രമേ എടുത്തുള്ളൂ. മധുരയിലെ നായകന്മാർ യഥാർത്ഥത്തിൽ രാജാവിനുള്ള അധികാരങ്ങളെല്ലാം നടത്തിയിരുന്നതുകൊണ്ട് പൊതുജനങ്ങളെ സംബന്ധിച്ചേടത്തോളം അവർ രാജാക്കന്മാർതന്നെ ആയിരുന്നു.

വിശ്വനാഥൻ മധുരയിലെ നായകനായി വാണുതുടങ്ങിയതുമുതൽക്ക് അവിടുത്തെ പ്രജകൾക്ക് പൂർവ്വാധികമായ ക്ഷേമവും ഐശ്വര്യവും ഉണ്ടായി. മുഹമ്മദീയരുടെ ഉപദ്രവംകൊണ്ടും രാജാക്കന്മാരുടെ ദുർന്നയങ്ങൾകൊണ്ടും ജനങ്ങൾ കഷ്ടപ്പെട്ടിരുന്ന കാലം അവസാനിച്ചു. അന്യരാജ്യക്കാരുടെ ആക്രമണങ്ങൾകൊണ്ടുള്ള ഉപദ്രവവും, നികുതി പിരിക്കുന്നവരെക്കൊണ്ടുള്ള കഠിനോപദ്രവവും ഇല്ലാതായി. മധുരരാജ്യം മുഴുവനും ജനങ്ങൾക്ക് ആശ്വാസവും മനസ്സമാധാനവും ഉണ്ടായി. സ്വല്പകാലത്തിനുള്ളിൽ ഇതിന്റെ ഫലമെല്ലാം രാജ്യമാസകലം കാണപ്പെട്ടു. ആത്മാഭിമാനപ്രകാരമുള്ള തങ്ങളുടെ ജോലികൾ വിട്ട് മറുനാടുകളിൽപോയി കാലക്ഷേപം ചെയ്തിരുന്ന അനേകായിരം കൃഷിക്കാരും നെയ്ത്തുകാരും കച്ചവടക്കാരും മടങ്ങിവന്നു തങ്ങളുടെ ജോലികളിൽ വീണ്ടും ഏർപ്പെട്ടു. കാടുകൾ വെട്ടിനീക്കി വളരെ സ്ഥലം കൃഷിക്കുപയോഗമുള്ളതാക്കിത്തീർക്കപ്പെട്ടു. വളരെ ജനങ്ങൾ കൈത്തൊഴിൽവേലകളിൽ ഏർപ്പെട്ടു. വളരെ ബ്രാഹ്മണർ മധുരയിൽവന്ന് അഗ്രഹാരങ്ങളും മറ്റും കെട്ടി താമസം തുടങ്ങി. മുമ്പ് ഇടിഞ്ഞുപൊളിഞ്ഞ കിടപ്പുകൾ ഉണ്ടായിരുന്ന സ്ഥലങ്ങളിൽ പ്രൌഢങ്ങളായ കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടു. മുമ്പു തരിശായികിടന്നിരുന്ന സ്ഥലങ്ങൾ നല്ലതിനി വിളയുന്ന വയലുകളായിത്തീർന്നു. രാജ്യത്തിലെല്ലാം സമാധാനമുണ്ടായതുകൊണ്ടു കൈവേലത്തൊഴിലുകളും കച്ചവടവും വർദ്ധിച്ചുവന്നു. വിശ്വനാഥന്റെ വാഴ്ചയുടെ ആരംഭത്തിൽ തന്നോടു വിശ്വനാഥനെ ചെയ്ത സഹായങ്ങൾക്കു ഏറ്റവും തക്കതായ പ്രതിഫലം കിട്ടണമെന്ന വിചാരം അദ്ദേഹത്തിനെ ബുദ്ധിമുട്ടിച്ചു. ഉദ്ദേശത്തോടുള്ള തങ്ങളുടെ 'നാടും നഗരവുമൊക്കെ' ഉപേക്ഷിച്ച് ഏറ്റവും സ്വാമിഭക്ത

യോടുകൂടി വിശ്വനാഥനുവേണ്ടി യുദ്ധം ചെയ്ത സൈനികന്മാർ തങ്ങൾക്ക് എന്നെന്നേക്കും കഴിഞ്ഞുകൂടുവാനുള്ള ഭൂസ്വത്തും ധാരാളം പണവും ഉദ്യോഗങ്ങളും കിട്ടുമെന്നു വിചാരിച്ചു. മുമ്പിലത്തെ രാജാക്കന്മാരായിരുന്ന പാണ്ഡ്യന്മാരുടെ ചില ബന്ധുക്കളേയും അവരുടെ ചില [illegible] ന്മാരേയും ഉദ്യോഗത്തിൽനിന്നു പ്രത്യു[illegible] കല്ലന്മാരെയും [illegible] ക്കാനും വിശ്വനാഥന്റെ നേരെ ലഹളക്കൊ ങ്ങി എങ്കിലും [illegible] രാജ്യതന്ത്രനിപുണനായ ആ വിശ്വനാഥൻ തന്റെ സൈന്യങ്ങളുടെ ആവശ്യങ്ങളെല്ലാം സാധിപ്പിച്ചുകൊടുപ്പാൻ ഒരു വഴി കണ്ടുപിടിക്കയും, തന്റെ [illegible] ഭരണാധികാരങ്ങളേയും മറ്റും പല [illegible] സമർപ്പിക്കുകയും ചെയ്തു. വിശ്വനാഥന് അരിയനായകൻ എന്ന പേരായ ഒരു മന്ത്രി ഉണ്ടായിരുന്നു. അയാൾ വളരെ സമർത്ഥനും, ഏറ്റവും സ്വാമിഭക്തിയുള്ളവനും, '[illegible]' ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ചുള്ള ഓരോ ഏർപ്പാടുകൾ ചെയ്യുന്നതിൽ നല്ല സമർത്ഥനുമായിരുന്നു. ഈ മന്ത്രിയുടെ സഹായത്തോടുകൂടി വിശ്വനാഥൻ മധുരാരാജ്യത്തെ 72 ഭാഗങ്ങളായി വിഭജിച്ച് ഓരോ ഭാഗത്തെ ഓരോ പ്രഭുക്കന്മാരെ ഏല്പിച്ചുകൊടുത്തു. ഇവരെ 'പോളിഗാർ' എന്നായിരുന്നു വിളിച്ചിരുന്നത്. ഈ പ്രഭുക്കന്മാർ ഒരു നിശ്ചിതസംഖ്യ കപ്പം കൊടുക്കേണ്ടതും, രാജാവു യുദ്ധത്തിനു പോകുമ്പോഴെല്ലാം അവർ യുദ്ധസന്നാഹങ്ങളോടുകൂടി രാജാവിന്റെകൂടി പോകേണ്ടതും, അവരെ ഏല്പിച്ചുകൊടുത്തിട്ടുള്ള രാജ്യങ്ങളിൽ ഗ്രാമങ്ങൾ സ്ഥാപിച്ചും ക്ഷേത്രങ്ങൾ നിർമ്മിച്ചും കൃഷിയുടെ ഉപയോഗത്തിനും മറ്റും വേണ്ടി അണക്കെട്ടുകൾ, ജലാശയങ്ങൾ മുതലായവ നിർമ്മിച്ചും [illegible] രേയും ഗ്രാമപാലന്മാരേയും നിയമിച്ചും പ്രജകൾക്ക് [illegible] സ്വയംഭരണം ചെയ്ത് അവരെ രക്ഷിക്കേണ്ടതാണെന്നും ഒരു നിയമം ഏർപ്പെടുത്തി. വിശ്വനാഥന്റെ സേനാനികളുടെ നേതാക്കന്മാരായിരുന്ന തെലുങ്കരും കർണ്ണാടകക്കാരും ഈ ചെറുരാജ്യങ്ങളുടെ പ്രഭുക്കന്മാരായിത്തീർന്നതുകൊണ്ട് [illegible] ത്തിനുള്ളിൽ അവർക്കു രാജാവിനുള്ള അധികാരങ്ങളെല്ലാം ഉണ്ടായിരുന്നു. ഈ പോളിഗാർമാരുടെ വംശത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള [illegible] [illegible], ഇവരെല്ലാം [illegible] എന്നു വിചാരിക്കപ്പെട്ടിരുന്നു. എങ്കിലും വിശ്വനാഥന്റെ ഈ ഏർപ്പാടിനു പല വിധമുള്ള പല ന്യൂനതകളും ഉണ്ടായിരുന്നു. ഈ പുതിയ പ്രഭുക്കന്മാർ വിശ്വനാഥന്റെ നേരെ അനുസരണയോടും ഭക്തിയോടും വർത്തിച്ചിരുന്നെങ്കിലും, അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരോടെല്ലാം അവർ [illegible] ആദരവോടുകൂടി പെരുമാറിയിരുന്നതെന്നു വിചാരിപ്പാൻ പാടില്ല. ഈ പോളിഗാർമാരെ വേണ്ടപോലെ അടക്കി ഭരിപ്പാൻ കഴിയാതിരുന്ന ദുർബ്ബലന്മാരായിട്ടുള്ള താഴത്തെ [illegible] രാജാക്കന്മാരുടെനേരെ ഇവർ പല സന്ദർഭങ്ങളിലും ധിക്കാരത്തോടുകൂടി പ്രവർത്തിച്ചതായി ചരിത്രത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഈ ഏർപ്പാടിന്റെ സ്വഭാവംകൊണ്ട് പോളിഗാർമാരും രാജാക്കന്മാരും തമ്മിൽ വൈരം ഉണ്ടാവുന്നതിനുപകരം അവർ തമ്മിൽ ഐക്യത്തിനും മൈത്രിക്കും ഇടയായി. മുസ്ലിമിന്റെ രാജശക്തിയുടെ [illegible]

ന്നിരുന്നു. മധുരരാജ്യത്തിന്റെ നിലനില്പിനും ക്ഷേമത്തിനും അന്യരാജ്യത്തിൽനിന്നു വരാവുന്ന ശത്രുക്കളെക്കാൾ അധികം ഈ പോളിഗാർമാർ പ്രതിബന്ധമായിത്തീർന്നു. ഈ വക ദൂഷ്യങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും വിശ്വനാഥന്റെയും അരിയനാഥന്റെയും ബുദ്ധിയുടെയും ആത്മവിശ്വാസത്തിന്റെയും ഫലമായി ഇരുനൂറു കൊല്ലത്തോളം യാതൊരു ഭംഗവും കൂടാതെ നിലനിന്നു പോന്നതു കാണുമ്പോൾ അവരുടെ യോഗ്യതയെപ്പറ്റി ആർക്കാണ് അത്ഭുതം തോന്നാത്തത്?

മേൽവിവരിച്ചപ്രകാരം വിശ്വനാഥൻ തന്റെ സൈന്യത്തെ തൃപ്തിപ്പെടുത്തി തിരിച്ചപ്പോഴേക്കും 'പഞ്ചപാണ്ഡ്യന്മാ'രെന്ന പേരും പറഞ്ഞു മാമൂലുകൊണ്ടുവരുന്ന ചില രാജപ്രതിയോഗികളെ ഒതുക്കുവാൻ ഉത്സാഹിച്ചു. ഇവർ എന്തുകൊണ്ടാണ് തങ്ങളെ 'പഞ്ചപാണ്ഡ്യന്മാ'രെന്നു വിളിച്ചിരുന്നത് എന്നതിന്റെ സ്വരൂപം ഇതുവരെ അറിയാൻ കഴിഞ്ഞിട്ടില്ല. ഇവർ തിരുനെൽവേലിജില്ലക്കാരായിരുന്നു. വിശ്വനാഥന്റെ സ്വഭാവം ഇവരുടെനേരെ പിടിച്ചില്ല. വിശ്വനാഥന്റെ സൈന്യത്തോട് ഏറ്റുമുട്ടുവാൻ അദ്ദേഹത്തിന്റെ എതിരാളികൾ ശക്തരായില്ല. വിശ്വനാഥനും സൈന്യവും തിരുനെൽവേലിക്കടുത്തായി താവളമടിച്ചു പാർത്തു. വിശ്വനാഥന്റെ സൈന്യത്തോട് ഏറ്റു യുദ്ധം ചെയ്താൽ തങ്ങൾക്കു തോല്വി നിശ്ചയം എന്ന് 'പഞ്ചപാണ്ഡ്യന്മാർ' ബോധ്യമായതിനാൽ വിശ്വനാഥനും തങ്ങളും തമ്മിൽ ദ്വന്ദ്വയുദ്ധം ചെയ്ത് അതിൽ ആർ ജയിക്കുന്നുവോ അവരാകും യുദ്ധത്തിൽ ജയിച്ചതായി വിചാരിക്കേണമെന്നുള്ള തങ്ങളുടെ ആഗ്രഹം അവർ വിശ്വനാഥനെ അറിയിച്ചു.

വിശ്വനാഥൻ അവരുടെ അഭിപ്രായപ്രകാരം ചെയ്യാൻ സമ്മതിച്ചു. ഇരുസൈന്യങ്ങളുടെയും മദ്ധ്യത്തുള്ള വിശാലമായ മൈതാനത്തിൽ വച്ചു വിശ്വനാഥനും അദ്ദേഹത്തിന്റെ എതിരാളികളായ 'പഞ്ചപാണ്ഡ്യന്മാ'രും കൂടി ദ്വന്ദ്വയുദ്ധം ചെയ്തു. ദ്വന്ദ്വയുദ്ധത്തിൽ വിശ്വനാഥൻ പഞ്ചപാണ്ഡ്യന്മാരെ തോല്പിക്കയും അവരുടെ പ്രധാനിയെ കൊല്ലുകയും ചെയ്തു. ബാക്കിയുള്ളവർ ആയുധംവെച്ചു വിശ്വനാഥനു കീഴടങ്ങി. അവർ തങ്ങളുടെ ആധിപത്യം നടത്തി കയ്യിലാക്കിയിരുന്ന പ്രദേശങ്ങളെ വിശ്വനാഥൻ തന്റെ രാജ്യത്തോടു കൂട്ടിച്ചേർത്തു. ഇങ്ങനെ തന്റെ ശത്രുക്കളെ തോല്പിച്ച് രാജ്യത്തിലെല്ലാം സമാധാനം ഉണ്ടാക്കിയതിന്റെശേഷം തന്റെ പ്രജകളുടെ ഇടയിലുള്ള സങ്കടങ്ങൾ തീർക്കാനും പൊതുജനക്ഷേമകരങ്ങളായ പ്രവൃത്തികളിൽ വിശ്വനാഥൻ ശ്രദ്ധാലുവായിത്തീർന്നു. ബ്രാഹ്മണരുടെ ക്ഷേത്രങ്ങൾക്കും അഗ്രഹാരങ്ങൾക്കും ധാരാളം സമ്പത്തുകൾ നീക്കിക്കൊടുത്തതിനുപുറമെ വേദജ്ഞന്മാരായ വിദ്വാന്മാരായ ബ്രാഹ്മണർക്ക് അഗ്രഹാരം ഭൂമികൂടാതെ ദ്രവ്യം കൊടുത്തു. വിശ്വനാഥന്റെ പ്രജാക്ഷേമതല്പരതയും പൊതുജനങ്ങളുടെ നേരെയുള്ള ദയയും ദാക്ഷിണ്യവും കണ്ടു പ്രജകൾക്ക് അദ്ദേഹത്തിന്റെ നേരെ പ്രീതിയുണ്ടായി. കൃഷിപ്രധാനമായ ഒരു രാജ്യത്തിന്റെ അഭിവൃദ്ധി ജലസേചനസൗകര്യത്തെ ആശ്രയിച്ചിരിക്കുന്നതാണെന്നു കണ്ടു വിശ്വനാഥൻ വൈഗനദിയിൽ വലിയ ഏതാനും ചിറകൾ തടഞ്ഞ് അണകൾ കെട്ടി വെള്ളം തിരിച്ച് ആ വെള്ളം പല തോട്ടുചാലുകളിൽകൂടി കൊണ്ടുവന്നു മധുരയുടെ ചുറ്റുമുള്ള വരണ്ടു കിടക്കുന്ന വയലുകളിലേക്ക് ഉപയോഗിക്കത്തക്കതാക്കിത്തീ

ന്നു. വീടില്ലാതെ അലഞ്ഞു നടന്നിരുന്ന അനേകായിരം ജനങ്ങൾക്കു പാർക്കാൻ സ്ഥലങ്ങളും കൃഷി ചെയ്യാൻ നിലങ്ങളും കൊടുത്തു് വിശ്വനാഥൻ അവരെയെല്ലാം സുഖികളാക്കിത്തീർത്തു. അദ്ദേഹത്തിന്റെ ഈ ഔദാര്യകൃത്യം അന്യരാജ്യക്കാരുടെ അക്രമംകൊണ്ടും യുദ്ധങ്ങൾകൊണ്ടും ജനങ്ങൾക്കു പലമാതിരി നേരിട്ടിരുന്ന കഷ്ടപ്പാടുകളെ വളരെ ലഘുവാക്കിത്തീർത്തു. ശ്രീരംഗം, രാമേശ്വരം മുതലായ പുണ്യസ്ഥലങ്ങളിലേക്കു പോയിരുന്ന അനേകം തീർത്ഥയാത്രക്കാർ നല്ല വഴികൾ ഇല്ലാത്ത നിമിത്തം കാട്ടുവഴികളിൽകൂടി സഞ്ചരിക്കേണ്ടിവന്നിരുന്നതുകൊണ്ടും, കവർച്ചക്കാരുടെ ഉപദ്രവംകൊണ്ടും, വഴിയമ്പലങ്ങളോ സത്രങ്ങളോ ഇല്ലാതിരുന്നതുകൊണ്ടും, രാജാക്കന്മാർ തമ്മിലുണ്ടായിരുന്ന യുദ്ധങ്ങൾകൊണ്ടുള്ള ബുദ്ധിമുട്ടുകൾകൊണ്ടും വളരെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടി വന്നിരുന്നു. ഈ കഷ്ടപ്പാടുകൾ ഇല്ലാതാക്കുവാൻവേണ്ടി വിശ്വനാഥൻ വല്ലം എന്ന കോട്ടയെ തഞ്ചാവൂർ രാജാവിനു കൊടുത്തു് അതിനു പകരം തൃശ്ശിനാപ്പള്ളി പട്ടണം വാങ്ങി. താൻ മധുരയിൽ ചെയ്തപോലെ തൃശ്ശിനാപ്പള്ളിയിലും ഇടിഞ്ഞുപൊളിഞ്ഞു കിടന്നിരുന്ന കോട്ടയെ പുതുതായി പണി ചെയ്യിച്ചു. അതിന്റെ നാലുപുറവും വളരെ ഉറപ്പോടുകൂടി രണ്ടുവരി മതിലുകളും തീർപ്പിച്ചു. മതിലുകളെ ചുററിയിരുന്ന കിടങ്ങുകളിലേക്കു കാവേരിയിലെ വെള്ളം കൊണ്ടുവന്നു നിറപ്പിച്ചു. പട്ടണത്തിലെ തെരുവീഥികളെല്ലാം നല്ല സ്ഥിതിയിലാക്കി. കാവേരിയുടെ തീരങ്ങളിലുണ്ടായിരുന്ന വനങ്ങളെല്ലാം വെട്ടി നീക്കി വഴിയാത്ര സുഗമമാക്കി ചെയ്തു. വഴിയാത്രക്കാരുടെയും മററും രക്ഷക്കും സുഖത്തിന്റെ രക്ഷക്കുംവേണ്ടി ശ്രീരംഗത്തേക്കു പോകുന്ന വഴിയിൽ ജാഗ്രതയോടുകൂടിയ പോലീസ്സുകാരെ നിർത്താൻ ചട്ടംചെയ്തു. ഏററവും ഗുണകരങ്ങളായ ഈ ഏർപ്പാടുകൾ മൂലം പാവനമായി തൃശ്ശിനാപ്പള്ളി പട്ടണം ക്ഷേമവർദ്ധകമായ നഗരങ്ങളെന്നു പേർപെട്ടിട്ടുള്ളതും സമൃദ്ധിയുള്ളതും ആയ നഗരമായി തീർന്നു. തൃശ്ശിനാപ്പള്ളി ദക്ഷിണേന്ത്യയിലെ പട്ടണങ്ങളിൽവെച്ചു് ഏററവും പ്രാധാന്യവും മുഖ്യതയും ഉള്ള പട്ടണമായിത്തീർന്നു.

ഈ പ്രകാരം ഏർപ്പെടുത്തിയ ഈ കൃത്യങ്ങളാൽ ... ബഹുജനങ്ങൾക്കിടയിൽ ... വിശ്വനാഥന്റെ ആരോഗ്യത്തിനു കുറവു കോട്ടം തട്ടി. അദ്ദേഹം 86-ാമത്തെ വയസ്സിൽ പരലോകം പ്രാപിച്ചു. അദ്ദേഹം തന്റെ നടപടിയുടെ ഗുണംകൊണ്ടു തന്റെ പ്രജകളുടെ പ്രീതി സമ്പാദിക്കയും അദ്ദേഹത്തിന്റെ മരണം അവർക്കു അപാരമായ വ്യസനത്തിനു കാരണമായി തീരുകയും ചെയ്തു. അദ്ദേഹം അസാമാന്യനായ ഒരു രാജ്യതന്ത്രനിപുണനും സൽഗുണസമ്പന്നനും മഹാനായ ഒരു യോദ്ധാവും ധീരനും ഔദാര്യനിധിയും ആയിരുന്നു. ഈ വിശ്വനാഥനു് അദ്ദേഹത്തിന്റെ ഗുണഗണങ്ങൾകൊണ്ടും സാമർത്ഥ്യംകൊണ്ടും തന്റെ പ്രജകളുടെ പ്രേമഭാജനമായി തീരാനും മധുരരാജ്യത്തിന്റെ ചരിത്രത്തിൽ എന്നെന്നും മായാതെ നിൽക്കുന്ന വിധത്തിലുള്ള ഒരു പ്രധാന സ്ഥാനം ലഭിക്കാനും കഴിഞ്ഞു. ഈ മഹാപുരുഷന്റെ സ്മാരകമായി മധുരയിലെ സുന്ദരേശ്വരക്ഷേത്രത്തിലുള്ള ... അദ്ദേഹത്തിന്റെ ഒരു പ്രതിമ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ആ പ്രതിമയെ അനേകം ജനങ്ങൾ ഇന്നും വന്ദിച്ചുപോരുന്നു. വിശ്വനാഥനെപ്പോലെയുള്ള മഹാന്മാരെ ഉദ്ദേശിച്ചായിരിക്കണം കവി താഴെ എഴുതുന്ന ശ്ലോകം നിർമ്മിച്ചിട്ടുള്ളതു്.

സ ജാതോ യേന ജാതേന
യാതി വംശഃ സമുന്നതിം
പരിവർത്തിനി സംസാരേ
മൃതഃ കോ വാ ന ജായതേ

കെ. കുഞ്ഞുണ്ണിനായർ ബി. ഏ. ബി. എൽ.

പലവക

അഭിപ്രായത്തിനായി അയച്ചുതന്ന 'ലഘുപാണിനീയം' ഒരുകൈപ്പുസ്തകമിറങ്ങിയിരിക്കുന്നു. സഹൃദയന്മാർ ഇതുവരെ പുസ്തകാഭിപ്രായമൊന്നും തന്നിട്ടില്ലെന്നറിയുന്നത് ഈ അവസരത്തിൽ ഖേദകരമാണ്.

* * * * *

മണിക്കൂറിന് 73 നാഴിക വീതം ഓടുന്ന തീവണ്ടിയിൽ കയറി യാത്രചെയ്യുന്നതായാൽ സൂര്യഗോളത്തിൽ ചെന്നെത്തുവാൻ 5 കൊല്ലം വേണ്ടിവരുന്നതാണ്. ഇതുപോലെ ചന്ദ്രികയിലേക്കാണെങ്കിൽ 15 ദിവസമേ വേണ്ടിവരികയുള്ളു.

* * * * *

മനോഹരങ്ങളായ മൈതാനങ്ങളുടെ ഭംഗി മാത്രമല്ല സുഖത്തെ നല്കുന്നത്. പ്രതിച്ഛായ കിട്ടിയതുകൊണ്ടു ദിവസവൃത്തികഴിച്ചിരിക്കുന്ന കർഷകന്മാരുടെ ഇഷ്ടാനിഷ്ടങ്ങളും ഇപ്പോൾ സമരായങ്ങളും സുഖം കൂട്ടുമാറുണ്ട്. പല ചെറിയ പാത്രവും വലിയ പാത്രവും കൂടി നിറഞ്ഞിരുന്നാലും അതുകളിൽ അടങ്ങിയിട്ടുള്ള സാധനം ഒപ്പമാകയില്ലല്ലോ.

* * * * *

കെ. എം. എന്ന പണ്ഡിതന്റെ പരിഭാഷയോടുകൂടിയ ഭഗവൽഗീതയുടെ ഒന്നാംപതിപ്പ് ഞങ്ങൾക്ക് സംഭാവനയായി ലഭിച്ചിരിക്കുന്നു. ഒന്നാംപതിപ്പ് മാസികയിലായിട്ടാണ് പ്രസിദ്ധപ്പെടുത്തിയിരുന്നത്. ഒന്നാംപതിപ്പിൽ പറയത്തക്ക ഭേദഗതികൾ ചെയ്തിട്ടില്ല. ലബ്ധപ്രതിഷ്ഠരായ ഗ്രന്ഥകർത്താവിനെപ്പറ്റി ഇപ്പോൾ അഭിപ്രായം പറഞ്ഞിട്ടാവശ്യം കാണുന്നില്ല. പരിശ്രമശീലരായ ഗ്രന്ഥകർത്താവു മലയാളഭാഷക്കു ചെയ്യുന്ന സഹായങ്ങൾ അമൂല്യങ്ങളാണെന്നുമാത്രം തൽക്കാലം പറഞ്ഞുകൊള്ളുന്നു. ഭഗവൽഗീതാഭാഷാവ്യാഖ്യാനമായി പുറപ്പെടുവാൻ വിചാരിക്കുന്നവർ ഭാരതവിലാസം അച്ചുക്കൂടം മാനേജരോട് (തൃശ്ശിവപേരൂർ) അന്വേഷിച്ചറിയേണ്ടതാണ്.

* * * * *

ഭാരതവിലാസം അച്ചുക്കൂടക്കാർ പ്രസിദ്ധപ്പെടുത്തുന്ന ഒരു പുതിയ 'ത്രൈമാസികപത്രം' ആണ് പാരമേശ്വരീവ്യാഖ്യാനത്തോടുകൂടിയ അമരകോശം. ഇതും ഞങ്ങൾ വായിച്ചുനോക്കി. പാരമേശ്വരി എല്ലാ പദങ്ങളുടെയും അവയവാർത്ഥങ്ങളെ വിശദപ്പെടുത്തുകയും, പാഠഭേദങ്ങൾ, ടിപ്പണി മുതലായവയിൽ പറഞ്ഞിട്ടുള്ള ശബ്ദവിശേഷങ്ങൾ എന്നിവയെ വിസ്തരിച്ചു പ്രതിപാദിക്കയും ചെയ്യുന്ന ഒരു വിസ്തീർണ്ണമായ വിവരണമാകുന്നു. ശബ്ദങ്ങളുടെ അവയവാർത്ഥങ്ങളെ വിശദമാക്കുന്ന ഒരു വ്യാഖ്യാനം അത്യാവശ്യമായിട്ടുള്ളതാണെന്നുള്ളതിൽ രണ്ടു പക്ഷത്തിനിടയില്ല. പര്യായങ്ങളെ മനസ്സിലാക്കുവാൻ ഏതൊരു വ്യാഖ്യാനം ഉപയോഗിച്ചാൽ വൈചിത്ര്യമുണ്ടെന്ന് മനസ്സിലാക്കിക്കൊള്ളുവാനും, ഭേദവും തന്നെയും പര്യായമാണെങ്കിലും അവയുടെ ഭേദം ഉപലക്ഷിപ്പാനും അവയവാർത്ഥവിവരണം അത്യാവശ്യമാണ്. ഒന്നുകൊണ്ട് ഈ വ്യാഖ്യാനം നന്നായിട്ടുണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഒരു ഗ്രന്ഥത്തിന്റെ നിലയിൽ നിരൂപണംചെയ്വാൻ ഗ്രന്ഥം പൂർത്തിയായിട്ടില്ലല്ലോ. വ്യാഖ്യാതാവായ പാരമേശ്വരൻമൂസ്സതവർകളുടെ പരിശ്രമം മലയാളികൾ അറിഞ്ഞു സഫലമാക്കേണ്ടതാണ്.

* * * * *

भाषैकीकरणम् ।

कति कति हि महानुभावा मेधाविनः कालेन कवलिताः? । तादृशैर्महात्मभिर्लोकोपकारमेव मनसि समाकलयद्भिरतिचिरपरिश्रमेण सम्पादितानि विज्ञानानि पुनर्नास्माकमलभ्यानि संवृत्तानि । किमत्र कारणम्? साहितीसंज्ञकेन सुमहता भागधेयेन समनुगृहीता मनुष्यजातिरितीदमेकमेव विज्ञानपरिपालने सौकर्यं ददाति मनुष्यलोकाय । भाषानामकमिदं महार्घं रत्नं न प्राकाशिष्यत चेत्तमोमय एवाभविष्यन्नरलोकस्य परिणामः । अनादेरनेहसः प्रभृति परःकोटिभिः पण्डितप्रकाण्डैः संचितानि विज्ञानधनानि भाषाकोशागार एव निराबाधं निक्षिप्तानि ।

एकमेव भाषारत्नं भानुबिम्बमिव समस्तं लोकं प्रकाशयितुमलं भवति यदि तदा पुनः कीदृशी स्याल्लोकस्योद्गतिरित्येतदपि विचिन्त्यमानमतिक्रामति मतिमतामपि मनोगोचरभूमिम् । सकलेऽपि लोकालोकान्तःपातिनि भूमण्डले यदि केवलमेका भाषा प्रचरिष्यति तदा नूनं सकलोऽपि मनुष्यवर्गः सोदर्यभावेन सुखमेधिष्यत एवेत्यपि वक्तुं शक्यते । "प्रतियोजनं भाषा भिद्यत" इति किलोद्घुष्यति लोकवादः । तदेवं सति वस्तुस्वभावे किमनेनाशक्यकार्ये मनोरथसोपानरचनेनेति परिहसेयुः परीक्षका अपीति सत्यमिदमाकलयाम्येव । परं तु भाषाभेदनिर्मूलनेन सम्पादनीयः सकललोकव्यापी सुखसौकर्यभूमा केवलमशक्यप्रायेऽपि वस्तुनि जनानिमं वाचालयति ।

सकला अपि भाषा विलेखितुं काचिदेका लिपिः कल्पनीयेति मन्यत एकलिपिविस्तारिणी परिषत् । नूनमनेन मार्गेण भाषाभ्यसनप्रयासो मुद्रापणक्लेशश्च सुतरां लघूक्रियेतेति काममभ्युपगच्छामि । भाषायाः पुनरेकत्वे सम्पादिते कियती भवेत्सौकर्यमिति किंचिदालोच्यताम् । एकस्यां भाषायामवतीर्णेन ग्रन्थेन समस्तोऽपि जनसमुदायस्तज्ज्ञानेनोपकृतः स्यात् । नानाभाषासु बहूनां ग्रन्थजातानां निर्माणाय विवर्तनाय च परःसहस्रं पण्डिताग्रेसराः परिक्लिश्यन्त इदानीम् । तेषां पृथक्पृथङ्मुद्रापणाय परोलक्षं प्रयस्यन्ति मानवाः । सुमहान् विनियुज्यते च धनराशिः । केवलमेकभाषात्वे जगति सम्पन्ने सर्वमिदं काकदन्तपरीक्षणसदृशमेव परिणंस्यति । किमितः परमाशास्यं सामान्यम् । एकस्य प्रयासेन समस्तो जनसमुदाय उपकरिष्यत इतीदृशे काले कियती भवेल्लोकस्याभिवृद्धिरिति चक्षुषी निमील्य संचिन्तयन्तु वाचकमहाभागाः ।

एकस्मिन् राज्येऽपि या यत्रोपलभ्यते भाषैक्यं तद्राज्यवासिनां सुमहानभ्युदयः समवलोक्यतेऽस्माभिः । अत्र च निदर्शनमाङ्ग्लेयसमुदाय एव । तेषां सकलविधमपि विज्ञानजातं राज्यव्यापिन्या भाषाया एकत्वेनैव सुलभप्रचारं

क्रियते । तेन च समृद्धिमेति तेषां समुदायः । पुरोगामितां चाकलयति सकलेष्वपि कृत्यजातेषु । सत्येवं राज्यमात्रभावैक्यगुणातिरेके लोककुटुम्बकस्य भाषैक्यं क्रियते गुणातिशयाय सम्पद्येतैतेषदाकोच्यतां सहृदयाग्रेसरैः । किंच तदानीमन्योन्यव्यवहारादिनिर्वहणकाष्ठं समुत्पद्येत? किंवात्र कलहः परस्परहृदयानवगममूलकः समुन्मूल्येत? ।

आस्तामेतत् । एकस्मिन् राज्ये निवसतामपि भारतीयानां नास्ति काचिदेका भाषैकतानीव मनस्तुदति मनीषावतां भारतीयानाम् । भारतीयानामुन्नतिप्रतिबन्धकेष्विदमेव प्राधान्यमावहति, यदेतेषां नास्ति काचिदेका भाषा व्यवहारक्षमेति । हिमवतः सानुषु निवसन्तः किमप्यन्यदाचरन्ति । सेतोः सन्निधिमावसन्तोऽन्यदेव किमपि कलयन्ति । न हि भारतीया अन्योन्यमवबोधयन्ति स्वेषामुपमसरणिम् । न चास्ति तेषामेकं सामान्यं शरण्यम् । यदेते एकाग्रेण हृदयेनानुविष्येयुः । अस्यास्य दशाविशेषस्य बीजं भाषाभेद एवेति को न संमन्येत मनीषी? । एवंविधमवस्थाविशेषं परावर्तयितुमभिलषन्ति कतिचन महोत्साहा देशाभिमानिनः । तेष्वपि यतन्ते बहुभिः प्रकारैरभिप्रयन्ति । केचन हिन्दीभाषां साम्प्रतमेव बहुषु प्रदेशेषु सिद्धप्रचारां समग्रेऽपि भारते प्रचारणीयां मन्यन्ते । मनोरथवशंवदाः केचिदितरे गीर्वाणगिरां प्रचारमावश्यकमामनन्ति । यद्यपि गाढालोचनमन्तरेण विषयेऽस्मिन् विनिश्चितः कश्चिदाशयो न शक्यते प्रकाशयितुम् ।

इदं पुनरधुना मे मनसि वर्तते । गैर्वाणी किल भारतीयानां मातृभाषेति सर्वसम्मतोऽयं विषयः । गैर्वाण्यां कतिपयानपि च पदसार्थानविदन्तो नोपलभ्येरन्नशिक्षिताक्षरेष्वपि भारतीयेषु । अतो गैर्वाणी तस्याः संनिकृष्टतमा वा काचन भाषैव भारतीयानां साधारण्येन सुगमा स्वादीयसी च भवेदिति नैसर्गिकमेतत् । तत्रापि बहुतरव्याकरणनियमजालजटिला जनसामान्यस्य दुरवरा च गैर्वाणी नार्हति प्रथमं प्रवेशम् । चक्रनेमिक्रमानुसारिणी हि लोकगतिः । कदाचन काले सर्वत्र प्रचरितापि गैर्वाणी यथा यथा विपदा क्रमेणाधोगतिमवाप्य तादृशीभिरेव कक्षाभिः प्रातिलोम्येन पुनरुन्नतिं सा प्रापयितव्या । न ह्येकपद एव पातालतलमधिवसन् स्वर्गसभामारोढुं प्रभवेत् । पालीहिन्दुस्थानीप्रभृतयो भाषा गैर्वाण्याः सन्निकृष्टतमा इति ता एव गैर्वाण्याः प्रथमपतनभूमिरित्यनुमातुं शक्यते । ताश्च भारतीयानां सर्वसाधारण्येन सुगमाश्च भविष्यन्ति । अतः कार्यसिद्धिमीहमानैः प्रथमं तादृशीनामन्यतमा कर्णीयसी काचिदाश्रयणीया प्रचारणाय । आशामोदकखादनेनापि ये तृप्तिमनुभवन्ति मनोरथमहासौधनिवासिनो महानुभावास्तेऽमी गैर्वाणीप्रथमप्रचारणमर्कटमुष्टिं मा स्म नाम परिहासिषुः । येषां पुनरिदं मदीयमाशयप्रकाशनमेवाशामोदकखादनप्रायं प्रतिभाति तेऽपि मा स्म मां परिहासिषुः । "आसन्निकासिद्धिविलम्बनिष्योः कार्यस्य सार्वस्य शुभा विभाती"तीदं महाकविसुभाषितमेव मादृशां समाश्वासनस्थानम् । अथवा तथ्यमाह महाकविर्निश्चितमपि "मनोरथानामतटाः प्रपाताः" इति ॥

कोकिलः ।

गुरुवायुपुरेशाष्टकम् ।

यज्ज्ञानाय विचारयन्ति सुधियो
मुक्त्वा विवेकादिभि-
र्द्वैतभ्रान्तिनिरासिने श्रुतिशिरां-
स्यद्वैतवादीन्यलम् ।
चित्ताऽऽलम्बिमलापनोदनपरान्
धर्मांश्च संचिन्वते
देवं तं गुरुवायुगेहनिलयं
तेजोमयं भावये ॥ १ ॥

यत्राध्यस्तमिदं जगत् स्थिरचरं
शुक्तौ च रूप्यं तथा
कृष्णं सत्यचतुष्कसत्यविदुषां
चेतस्युदञ्चन्मले ।
यत्पादाम्बुजसेवया च विदुषां
नैतत् भ्रमास्पदं
देवं तं .... भावये ॥ २ ॥

येनाभासा स्थिरजङ्गमं जगदिदं
चित्रं विभातं तथा
यं भान्तं ह्यनुभाति सर्वमपि तद्-
भास्वत्सहस्रोपमम् ।
वेदान्तार्थविचारनिर्मलधियो
ध्यायन्ति यं योगिनो
देवं तं .... भावये ॥ ३ ॥

अंहोदुग्धनिमण्डलोदितकथा
यस्येह संसारिणां
संसारभ्रमरोगभेषजमिति
प्रोक्ता विशुद्धाशयैः ।
नामापीय सकृत्कथाश्रुतनय-
ज्येष्ठाः परं पेदिरे
देवं तं .... भावये ॥ ४ ॥

ध्यान्ते यं रमणीयमूर्तिमपरे
कृत्वा रमन्ते चिरं
यः कालाम्बुदनीलकोमलतनु-
स्तान् रक्षयत्यन्वहम् ।
यद्भीत्या पवते मरुत्पतति यद्-
भीत्या च तिग्मद्युति-
देवं तं गुरुवायुगेहनिलयं
तेजोमयं भावये ॥ ५ ॥

मायेयं प्रलयावसानसमये
येनेक्षिता स्वल्पता
रूपं नाम च वाच्यं भ्रमिकरं
संभाव्य सर्वं जगत् ।
आविर्भावयति प्रतीतगगनो-
त्फुल्लप्रसूनार्चितं
देवं तं .... भावये ॥ ६ ॥

जिज्ञासीत जगज्जनिस्थितिलया
यस्मात्परस्माद्विभो-
रुद्भूतेति हि बोधयन्त्युपनिष-
त्सूक्त्यैः समुद्दिश्य यम् ।
स्फायद्बुद्ध्यम्बुजरूढदृश्यनिवह-
द्रष्टारमव्याजेक्षणं
देवं तं .... भावये ॥ ७ ॥

व्योम्नः कुड्यघटाद्युपाधिकलितः
शब्दश्च तत्प्रत्ययो
यद्वत्तद्वदखण्डसत्सुखचिदा-
कारस्य यस्यात्मनः ।
शब्दप्रत्ययभाक्त्वमौपधिकपदं
विज्ञायते योगिभि-
देवं तं .... भावये ॥ ८ ॥

वेङ्कटसुब्रह्मण्यक्षोणीदेवो मुरारिगुणनिरतः ।
अकरोदष्टकमिष्टप्राप्त्यै शिष्टोपकारि सुरवचसा ॥

വിഷയാനുക്രമണിക.

संस्कृतलेखनविषयाः ।

കേരള സാഹിത്യ
അക്കാദമി